PROCEEDINGS OF

THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

First Session—1953.

Thursday, the 5th March, 1953.

Vol. V-II — **OFFICIAL REPORT** — **No. 8**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Thursday, the 5th March, 1953, with, Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

ഭവനനിർമ്മാണപദ്ധതി.

* ൧൯൩. (൧) ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു ഭവനനിർമ്മാണപദ്ധതി ആരംഭിച്ചതു എന്ന്;

(ബി) ചിറയിൻകീഴ് താലൂക്കിൽ ഇതിനകം എത്ര ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൧൯൫൨ ഡിസംബർ മാസത്തിലാണ്.

(ബി) ഒന്നും നിർമ്മിച്ചിട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ: ചിറയിൻകീഴ് താലൂക്കിൽ ഈ ഭവന നിർമ്മാണപദ്ധതി അനുസരിച്ച് വീടുകൾ നിർമ്മിക്കാതിരുന്നതിനു വല്ല പ്രത്യേക കാരണവുമുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: സഹകരണസംഘങ്ങൾ വഴിക്കാണ് ഈ ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്നത്. ചിറയിൻകീഴ് താലൂക്കിൽനിന്നു സഹകരണസംഘങ്ങൾ ഒന്നും ഈ കാര്യത്തിനു ആവശ്യപ്പെട്ടു മുന്നോട്ടു വന്നിട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ: സഹകരണസംഘങ്ങൾ മുഖേനയല്ലാതെ വേറെ വല്ല താലൂക്കിലും ഭവനനിർമ്മാണം ചെയ്തുകൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ പദ്ധതിയനുസരിച്ചു വ്യക്തികൾക്കു ഭവനം നിർമ്മിച്ചുകൊടുക്കുവാൻ സാദ്ധ്യമല്ല. വ്യക്തികളുടെ സഹകരണ സംഘമുണ്ടാക്കി അവർ മുന്നോട്ടുവന്നു ആവശ്യപ്പെട്ടാൽ അതു ചെയ്തു കൊടുക്കുവാൻ സാദ്ധ്യമാകും.

ശ്രീ. ആർ. ഗംഗാധരൻ: വ്യക്തികളുടെ അപേക്ഷ അനുസരിച്ച് എവിടെയെങ്കിലും ഭവനം നിർമ്മിച്ചുകൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വ്യക്തികളുടെ അപേക്ഷയനുസരിച്ച് ഭവനം ഉണ്ടാക്കി കൊടുത്തിട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ: ഭവനം നിർമ്മിക്കുന്നതിനുവേണ്ടി പ്രത്യേകം സഹകരണസംഘങ്ങൾ സ്ഥാപിക്കണമെന്നാണോ പറയുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: നിലവിലുള്ള സംഘങ്ങൾവഴി ആവശ്യപ്പെടാം. സംഘങ്ങൾ ഇല്ലാത്ത സ്ഥലത്ത് പ്രത്യേകം സംഘം ഉണ്ടാക്കിയാലും തരക്കേടില്ല.

ശ്രീ. ആർ. ഗംഗാധരൻ: ചിറയിൻകീഴ് താലൂക്കിൽ കൊഴുന്തുരുത്തിലുള്ള അവശസമുദായക്കാരായ ആളുകളിൽനിന്നും സഹകരണസംഘാടിസ്ഥാനത്തിൽ വീടുകൾ പണിയിച്ചുകൊടുക്കണമെന്നു വല്ല അപേക്ഷയും ഗവണ്മെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ ഒരു അപേക്ഷ കിട്ടിയിട്ടുള്ളതായി അറിവില്ല. അവശസമുദായക്കാർക്ക് വീടുകൾ പണിയിച്ചുകൊടുക്കുന്നതിന് ഈ പദ്ധതി അനുസരിച്ച് സാദ്ധ്യമല്ല. അതിന് പ്രത്യേകമായി വേറെ പദ്ധതിയുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: പ്രത്യേകം ഉണ്ടെന്നു പറഞ്ഞ ആ സ്കീമിന്റെ അടിസ്ഥാനത്തിൽ വീടുകൾ പണിയിച്ചുകൊടുക്കുന്നതിന് അവരിൽനിന്നും അപേക്ഷ കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനെപ്പറ്റി പ്രത്യേകം ഒരു ചോദ്യം ചോദിച്ചാൽ ഉത്തരം പറയാം.

ശ്രീ. ആർ. ഗംഗാധരൻ: അങ്ങനെയുള്ള ഒരു അപേക്ഷയെപ്പറ്റി ശ്രീക്ക് നേരിട്ട് വല്ല അറിവും ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : എനിക്ക് നല്ല നിശ്ചയമില്ല.

ശ്രീ. ആർ. ഗംഗാധരൻ : മന്ത്രി ഇതിനെസംബന്ധിച്ച് ആ സ്ഥലത്ത് പോയിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വീടിനെസംബന്ധിച്ച് അന്വേഷിക്കുന്നതിന് ആ സ്ഥലത്തുപോയിട്ടില്ല. അവർക്ക് കുടിക്കുവാനുള്ള ശുദ്ധജലം കിട്ടുന്നില്ലെന്ന പരാതി ഉണ്ടായപ്പോൾ അതിനെപ്പറ്റി അന്വേഷിക്കുവാൻ പോയിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ : ആ അവസരത്തിൽ വീടിന്റെ കാര്യത്തെപ്പറ്റി അവർ മന്ത്രിയുടെ അടുത്ത് നിവേദനം ചെയ്തിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അന്ന് അവർ വല്ലതും വീടിനെപ്പറ്റി പറഞ്ഞിട്ടുണ്ടാകാം. പ്രത്യേകമായി അവരുടെ നിവേദനം ഒന്നും ഉണ്ടായിട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ : അന്ന് ഇതിനെസംബന്ധിച്ച് നിവേദനം നടത്തിയ ആളുകളോട് ഐക്യമുന്നണിയുടെ നേതൃത്വത്തിൽ ഈ വക കാര്യത്തിന് നിവേദനം കൊണ്ടുവന്നാൽ അതിന് പരിഗണന കൊടുക്കുവാൻ സാദ്ധ്യമല്ലെന്നും, കോൺഗ്രസ്സുകാരുടെ നേതൃത്വത്തിൽ ഈ വക കാര്യത്തിന് പ്രവർത്തിച്ചാലേ പരിഗണന കൊടുക്കുവാൻ സാദ്ധ്യമുള്ളു എന്നും ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല.

ശ്രീ. ആർ. ഗംഗാധരൻ : അങ്ങനെ നിവേദനം നടത്തിയ ആളുകളിൽനിന്ന്—

Mr. Speaker : Does the hon. Member assert that the Minister made such a statement in his presence?

Shri R. Ganagadharan : Yes, I assert.

ശ്രീ. ആർ. ഗംഗാധരൻ : നിവേദനം നടത്തിയ ആളുകളിൽനിന്നും ശരിയായ തെളിവ് ഞാൻ തരുവാൻ തയ്യാറാണ് എന്നു പറഞ്ഞാൽ അതു വിശ്വസിക്കാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : മന്ത്രി എന്തൊക്കെ പറഞ്ഞിട്ടുണ്ടെന്നു ചോദിച്ചാൽ ഈ ചോദ്യത്തിന് മറുപടി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ആർ. ഗംഗാധരൻ : ചിറയിൻകീഴിൽ കോൺഗ്രസ്സ് എം. എൽ. എ.—മാർ ഇല്ലാത്ത സ്ഥിതിക്ക് കോൺഗ്രസ്സ് എം. എൽ. എ. മാരുടെ നേതൃത്വത്തിൽ അല്ലാതെ വരുന്ന നിവേദനങ്ങൾക്ക് പരിഗണന കൊടുക്കുകയില്ലെന്നുവെച്ചാൽ അത് ആ താലൂക്കിനോട് ചെയ്യുന്ന ഒരു അപരാധമല്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നിവേദനങ്ങൾ കോൺഗ്രസ്സ് എം. എൽ. എ. മാരുടെ നേതൃത്വത്തിൽ വേണമെന്നില്ല. ഈ നിയമസഭയിലെ ഏതു മെമ്പർമാർ ആവശ്യപ്പെട്ടാലും ആ കാര്യത്തെക്കുറിച്ച് ആലോചിക്കുവാൻ ഗവണ്മെന്റ് തയ്യാറാണ്.

ശ്രീ. ആർ. ഗംഗാധരൻ : ഏതെല്ലാം കാര്യത്തെ സംബന്ധിച്ച്—

Mr. Speaker : That question may be closed. The hon. Member asserts and the Minister in charge denies. This House cannot go into that question and come to a decision one way or the other.

ശ്രീ. ആർ. ഗംഗാധരൻ : എന്തൊക്കെ പറഞ്ഞിട്ടുണ്ടെന്നു ബഹുമാനപ്പെട്ട മന്ത്രിക്കു അറിവില്ലെന്നു പറഞ്ഞ സ്ഥിതിക്കു് എനിക്കു വേറെ ഒരു ചോദ്യം ചോദിക്കുവാനുണ്ടു്.

Mr. Speaker: Only if that question arises from this question.

ശ്രീ. ആർ ഗംഗാധരൻ : അതെ; അസത്യം പറയുന്നതു് മന്ത്രിമാരായിരിക്കുവാനുള്ള മാനദണ്ഡമായി പരിഗണിക്കപ്പെട്ടിട്ടുണ്ടോ?

Mr. Speaker : The question is disallowed.

ശ്രീ. ടി. എ. മജീദ് : ഇനി മേലാലെങ്കിലും മന്ത്രി എന്തെങ്കിലും പറയുകയാണെങ്കിൽ അതു് ഓർമ്മയോടും ബോധത്തോടും കൂടി പറയുവാൻ നോക്കുമോ?

Mr. Speaker : That question is disallowed.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഭവനനിർമ്മാണപദ്ധതിയുടെ പ്രവർത്തനത്തിനു് ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറു ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഉണ്ടു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഏതു ഡിപ്പാർട്ടുമെൻറാണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : ജായിൻറു രജിസ്ട്രാറുടെ കീഴിലാണു് ഇതു്. പി. ഡബ്ളിയുടെ കീഴിലായിരുന്നു ഈ വീടുകൾ എല്ലാം നിർമ്മിച്ചിരുന്നതു്. പി. ഡബ്ളിയുടെ കീഴിൽ വീടുകൾ ഉണ്ടാക്കിയിരുന്നതുകൊണ്ടു് കാലതാമസം നേരിട്ടതിനാൽ ആ കാലതാമസം വരാതിരിക്കുന്നതിനു വേണ്ടി അടുത്തകാലത്തു പ്രത്യേകം ഒരു അസിസ്റ്റൻറു ഇഞ്ചിനീയരേയും അദ്ദേഹത്തിൻെറ കീഴിൽ ഓരോ ഡിസ്ട്രിക്റ്റിലും ഓരോ സെക്ഷൻ ആഫീസറന്മാരേയും ഈ വീടുകളുടെ പണിക്കായി വച്ചിട്ടുണ്ടു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ഭവനനിർമ്മാണപദ്ധതിയനുസരിച്ചു് വീടുകൾ പണിയുന്നതിനുള്ള വിദഗ്ദ്ധോപദേശം സെക്ഷൻ ആഫീസറാണോ കൊടുക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതാണു് ഞാൻ പറഞ്ഞതു് ഈ കാര്യത്തിനു് ഒരു അസിസ്റ്റൻറു ഇഞ്ചിനീയരും അദ്ദേഹത്തിൻെറ കീഴിൽ ഓരോ സെക്ഷൻ ആഫീസറും ഉണ്ടെന്നു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ടെൻഡർ കൊടുത്താണോ ഈ ഭവനങ്ങളും എല്ലാം നിർമ്മിക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഭവനസഹായസംഘങ്ങൾക്കാണ് വീട്ടുകൾ ഏല്പിച്ചുകൊടുക്കുന്നതു്. ഭവനസഹായസംഘങ്ങൾ വീടുപണി ഏറ്റെടുക്കുവാൻ തയ്യാറാകുമ്പോൾ അവർക്കു കൊടുക്കുകയാണ് ചെയ്യുന്നതു്. അതു് ഇല്ലാത്ത സ്ഥലങ്ങളിൽ ടെൻഡർ വിളിച്ചുകൊടുക്കും.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻഭട്ടതിരി: ഗവണ്മെന്റിന്റെ പ്ലാനിംഗ് അനുസരിച്ചുള്ള തുകകൊണ്ട് വീടുകൾ പണിയുവാൻ സഹകരണസംഘത്തിനു് സാദ്ധ്യമല്ലെങ്കിൽ പിന്നെ എന്താണ് നടപടി?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവണ്മെന്റിന്റെ പ്ലാനിംഗ് അനുസരിച്ചുള്ള സംഖ്യക്കു സഹകരണസംഘത്തിനു് പണിയുവാൻ സാദ്ധ്യമല്ലെങ്കിൽ സംഘത്തിൽനിന്നുള്ള അപേക്ഷ അനുസരിച്ചു ഗവണ്മെന്റ് അതു് റിക്കൺസിഡർ ചെയ്യും.

ശ്രീ. സി. കെ. വിശ്വനാഥൻ: ബഡ്ജറ്റിൽ എത്ര തുകയാണ് ഭവനനിർമ്മാണത്തിനു് ഉണ്ടായിരുന്നതു്?

Mr. Speaker : That is given in the budget.

ശ്രീ. സി. കെ. വിശ്വനാഥൻ: കഴിഞ്ഞ വർഷത്തിൽ ബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന തുക കൊണ്ട് എത്ര വീടുകൾ പണിയിച്ചിട്ടുണ്ടെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ ബഡ്ജറ്റ് വർഷത്തിൽ ൧൮൦ വീടുകൾ പണിയിക്കുന്നുണ്ട്.

ശ്രീ. കെ. വിശ്വനാഥൻ: കഴിഞ്ഞകൊല്ലത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന തുക കൊണ്ട് എത്ര വീടുകൾ പണിയിച്ചു എന്നാണ് ഞാൻ ചോദിച്ചതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ൧൯൫൨-൫൩-ലെ ബഡ്ജറ്റിൽ കൊള്ളിച്ചിരുന്നതു കൊണ്ട് ൧൮൩ വീടുകൾ പണിയിച്ചു.

ശ്രീ. കെ. കെ. കുമാരപിള്ള: ഈ വീടുകൾ പണിയിക്കുവാനുള്ള അധികാരം വില്ലേജ് പഞ്ചായത്തുകൾക്ക് കൊടുക്കുവാൻ പാടില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വില്ലേജ് പഞ്ചായത്തുകൾക്ക് ഈ അധികാരം കൊടുത്തിട്ടില്ല. കൊടുക്കാൻ പാടില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: ഏതൊരു സ്വകാര്യവ്യക്തിയിലുള്ള ഏജൻസിയിൽ കൂടിയാണ് പുളിങ്കുന്നു പകുതിയിൽ കുറെ വീടുകൾ പണിയിച്ചിട്ടുള്ളതു് എന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ ഭവനനിർമ്മാണപദ്ധതിയനുസരിച്ചു പുളിങ്കുന്നിൽ വീടുകൾ ഉണ്ടാക്കിയിട്ടില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: കഴിഞ്ഞ ചോദ്യത്തിനു് കുട്ടനാട്ടിൽ കുറെ വീടുകൾ ഉണ്ടാക്കിയിട്ടുണ്ടെന്നു മന്ത്രി മറുപടി പറഞ്ഞു. പുളിങ്കുന്നു കുട്ടനാട്ടിന്റെ ഒരു ഭാഗമായതുകൊണ്ടാണ് കുട്ടനാട്ടിൽ വീടുകൾ പണി

യിച്ചിട്ടുണ്ടെന്നു പറഞ്ഞതു്. കുട്ടനാട്ടിൽ പണിയിച്ചിട്ടുണ്ടെന്നു പറയുന്ന വീടുകൾ ഇരിക്കുന്നതു് പുളിങ്കുന്നിലാണു്. അതുകൊണ്ടാണു് ഞാൻ ചോദിച്ചതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: പുളിങ്കുന്നിൽ ഈ ഹൗസിംഗ് സ്കീം അനുസരിച്ചു് വീടുകൾ ഉണ്ടാക്കിയിട്ടില്ല. സെററിൽമെൻറ സ്കീം അനുസരിച്ചു് കുറെ വീടുകൾ അവിടെ ഉണ്ടാക്കിയിട്ടുണ്ടു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സെററിൽമെൻറ സ്കീം അനുസരിച്ചു് പണിതവീടുകൾ പലതും ഇപ്പോഴും താമസിക്കുവാൻ ആളില്ലാതെ വെറുതെ കിടക്കുകയാണെന്നു ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ആളുതാമസമില്ലാതെ കിടക്കുകയാണു് എന്നു് പറഞ്ഞതു് ശരിയല്ല.

Mr. Speaker: Next question please.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇടവിലങ്ങ, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ പണിയിച്ചിട്ടുള്ള വീടുകളിൽ പലതും ആൾ താമസമില്ലാതെ വെറുതെ കിടക്കുകയാണെന്നു ഗവണ്മെൻറിനു അറിയാമോ?

Mr. Speaker: We had enough discussion on this. I have called the next question, and next question has been put. Every member is expected to attend to what is taking place in the House.

Municipal Menials.

* 194. [2] **Shri K. Bhanu:** Will the Minister for Local Self Government be pleased to state:

(*a*) what are the basic salaries of municipal menials, namely, scavengers, cartmen, and sweepers working in different classes of municipalities;

(*b*) what are their dearness allowances;

(*c*) when were these scales of pay fixed; and

(*d*) whether they are given any annual increment and if so at what rates?

Minister for Local Self Government: (**Shri K. Kochukuttan**):

(*a*) A statement containing answers to (a), (*b*) and (*c*) is placed on the table. †

(*d*) The menials are on fixed pay and hence the question of increment does not arise.

Shri K. Bhanu: Is the basic salary uniform in all the municipalities?

† Please see appendix.

Shri K. Kochukuttan: At present, it is not.

Shri K. Bhanu: Was there a tripartite conference to settle these wages?

Shri K. Kochukuttan: Yes.

Shri K. Bhanu: What was the decision arrived at in that conference?

Shri K. Kochukuttan: That question was answered in detail, the day before yesterday.

Shri O. C. Ninan: When was their pay fixed?

ശ്രീ. കെ. കൊച്ചുകുട്ടൻ: പേയ് ഫിക്സ് ചെയ്തു കഴിഞ്ഞിട്ടില്ല.

Shri O. C. Ninan: Was there any revision of their pay during the last six years?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ട്. റിവിഷൻ പലപ്പോഴും എല്ലാം ഉണ്ടായിട്ടുണ്ട്.

Shri O. C. Ninan: When was the revision?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഓരോ മുനിസിപ്പാലിറ്റിയിലും പ്രത്യേകം പ്രത്യേകമായിട്ടാണ് റിവിഷൻ ഉണ്ടായിട്ടുള്ളത്. [illegible]-ൽ പല മുനിസിപ്പാലിറ്റികളിലെയും മീനിയൽസിന് ശമ്പളം കൂട്ടിയിട്ടുണ്ട്.

Shri O. C. Ninan: Was it a general revision that was made, or was it at the representation of individual municipalities that it was made?

Shri K. Kochukuttan: It is not a general revision but it was effected on the recommenadantion of certain municipalities.

Shri O. C. Ninan: Will the government consider the question of making a general revision and give the municipal menials an allowance in addition to their basic pay?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിന് ഒരു പ്രത്യേക കമ്മിറ്റിയെ വച്ച് അന്വേഷണം നടത്തിയിട്ടുണ്ട്. ആ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു തീരുമാനം ചെയ്തുകഴിഞ്ഞിട്ടില്ല. അതിനെപ്പറ്റി തീരുമാനം എടുക്കുന്നതിനുമുമ്പ് ഓരോ മുനിസിപ്പാലിറ്റിയുടെയും സാമ്പത്തികസ്ഥിതിയെക്കുറിച്ച് അറിയേണ്ടതുണ്ട്. അത് അറിഞ്ഞതിനു ശേഷം അതിന്റെ അടിസ്ഥാനത്തിൽ ഒരു തീരുമാനം ചെയ്യുന്നതാണ്.

Mr. Speaker: That question has been discussed at length in answer to another question in this House on a former occasion during this sesssion itself.

Shri A. A. D. Luiz: Are the wages in Ernakulam and Mattancherry Municipalities uniform?

ശ്രീ. കെ. കൊച്ചുകുട്ടൻ: എറണാകുളത്തെയും മട്ടാഞ്ചേരിയിലെയും സ്കാവഞ്ചേഴ്സിന്റെ ശമ്പളം ഒരേനിലയിൽ ഉള്ളതാണ്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: മുനിസിപ്പൽ മിനിയൽസിന് ശമ്പളം കൊടുക്കുവാൻ ശേഷിയില്ലാത്ത മുനിസിപ്പാലിററികൾ ഉണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: സാമ്പത്തികമായി കഴിവുള്ള മുനിസിപ്പാലിററികളും സാമ്പത്തികമായി കഴിവു കുറഞ്ഞ മുനിസിപ്പാലിററികളും ഉണ്ട്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: സാമ്പത്തികമായി കഴിവില്ലാത്ത മുനിസിപ്പാലിററികൾ നിറുത്തണമെന്ന് ആലോചനയുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ ഒരു ആലോചന ഇപ്പോൾ ഇല്ല.

പച്ചിലവളം.

* ഫൻ ൫. [൭] ശ്രീ. സി ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷികൃതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനങ്ങളിൽ നിന്നു കൃഷിക്കാർക്കു പച്ചിലവളം ലഭിക്കുന്നതിന് ഗവണ്മെൻറ ചെയ്തുകൊടുത്തിരിക്കുന്ന സൗകര്യങ്ങളും വ്യവസ്ഥകളും എന്തെല്ലാം;

(ബി) വനങ്ങളിൽ നിന്നു പച്ചിലവളം എടുക്കുന്നതിന് പാർവ്വത്യകാരുടെ പക്കൽനിന്നു ഒരു പാസ്സ് വാങ്ങിച്ചിരിക്കണമെന്നു നിബന്ധനയുണ്ടോ;

(സി) പാർവ്വത്യകാരുടെ പക്കൽ ഈ പാസ്സ് കിട്ടാൻ അപേക്ഷ കൊടുക്കുമ്പോൾ എന്തെങ്കിലും അപേക്ഷാഫീസ് കൊടുക്കണമെന്നു വ്യവസ്ഥയുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ): (എ) വനങ്ങളിൽ നിന്ന് കൃഷിക്കാർക്ക് പച്ചിലവളം ശേഖരിക്കുന്നതിന് സൗജന്യമായി പാസ്സ് കൊടുക്കുവാൻ ഫാറസ്റ്റ് ഡിപ്പാർട്ടുമെൻറിനെ നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) തിരുവിതാംകൂർ വിഭാഗത്തു പാർവ്വത്യക്കാരന്മാരുടെ പാസ്സു ആവശ്യമില്ല. കൊച്ചി വിഭാഗത്തിലെ വനങ്ങളിൽനിന്നും പച്ചിലവളം ശേഖരിക്കുന്നതിനു പാർവ്വത്യക്കാരൻെറയോ പഞ്ചായത്തു പ്രസിഡൻറിൻെറയോ പെർമിററ ആവശ്യമാണ്.

(സി) ഇല്ല.

ശ്രീ. സി. ജി. സദാശിവൻ: കുന്നത്തുനാട്ടു താലൂക്കിൽ ഇതിന് പാസ്സ് ആവശ്യമാണെന്നു പറഞ്ഞിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: പാസ്സ് വേണം. അതു സൗജന്യമായി കൃഷിക്കാർക്കു കൊടുക്കും.

ശ്രീ. സി. ജി. സദാശിവൻ: പച്ചിലകൾ ശേഖരിക്കുന്നതിനു പാസ്സ് കൊടുത്താൽ അതു് ഒററ ദിവസം കൊണ്ടു് എടുത്തുകൊള്ളണമെന്നു വ്യവസ്ഥയുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു് പാസ്സിൽ പറഞ്ഞിട്ടുള്ള ദിവസം തന്നെ എടുത്തു കൊള്ളണം. കൂടുതൽ ദിവസം ഇലകൾ ശേഖരിക്കണമെങ്കിൽ അതിനു് പ്രത്യേകം പാസ്സ് വാങ്ങിക്കണം.

ശ്രീ. സി. ജി. സദാശിവൻ: ഒരു ദിവസംകൊണ്ടു മാററാൻ സാധിച്ചില്ലെങ്കിലോ?

ശ്രീ. എ. ജെ. ജാൺ: ഒരു ദിവസംകൊണ്ടുവെട്ടി മാററാൻ സാധിക്കുകയില്ലെങ്കിൽ അതിലേക്കു ഇത്ര ദിവസം അനുവദിക്കണമെന്നു് കാണിച്ചു അപേക്ഷിച്ചാൽ അതനുസരിച്ചു പാസ്സു കിട്ടുമായിരിക്കും.

ശ്രീ. സി. ജി. സദാശിവൻ: അങ്ങനെ അപേക്ഷിക്കേണ്ടതു എവിടെയാണു്, അതിലേക്കു പ്രത്യേകം ഫീസു കൊടുക്കണോ?

ശ്രീ. എ. ജെ. ജാൺ: ഫീസു ഈടാക്കുന്നില്ല. ഫോറസ്റ്റ് അധികാരികളെ ഉടൻ തന്നെ അറിയിച്ചാൽ പ്രയോജനമുണ്ടാകും.

ശ്രീ. കെ. കെ. കുമാരപിള്ള: കുന്നത്തുനാടുതാലൂക്കു ഏതു ഡിസ്ട്രിക്ടിൽ പെട്ടതാണു്?

ശ്രീ. എ. ജെ. ജാൺ: ഇപ്പോൾ തൃശ്ശൂർ റവന്യൂ ഡിസ്ട്രിക്ടിൽ പെട്ടതാണു്.

ശ്രീ. കെ. കെ. കുമാരപിള്ള: റോഡിന്റെ രണ്ടു വശങ്ങളിലും വച്ചു പിടിപ്പിച്ചിട്ടുള്ള മരങ്ങളിൽ നിന്നും പച്ചില വെട്ടിമാററുന്നതിനു് അനുവദിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ലെന്നാണു തോന്നുന്നതു്.

ശ്രീ. കെ. കെ. കുമാരപിള്ള: അമ്പലപ്പുഴ-ആലപ്പുഴ റോഡരികിലുള്ള ചോലമരങ്ങളിൽ നിന്നു പച്ചില വെട്ടുന്നതിനു് പൂപ്പള്ളിൽ കുട്ടി എന്ന ഒരു ധനികനായ കൃഷിക്കാരനു് അനുവാദം കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇപ്പോൾ അതിനെപ്പററി അറിയാൻ പാടില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: എപ്പോഴെങ്കിലും പറയാമോ?

ശ്രീ. എ. ജെ. ജാൺ: അന്വേഷിച്ചു പറയാം.

Mr. Speaker: Answer to part (b) of the question has been already supplied. Now the question put by the Member relates to collection of manure from the road poramboke trees which has no relevancy to the question regarding the issue of passes for collection of manure from the forests.

ശ്രീ. കെ. കെ. കുമാരപിള്ള: അതിന്റെ പേരിൽ ഒന്നു രണ്ടു് ഉദ്യോഗസ്ഥന്മാരെ സ്ഥലം മാററിയിട്ടുണ്ടു്. അതുകൊണ്ടു് ഈ ചോദ്യം ചോദിച്ചതാണു്.

ഭൂമി പതിവ്.

* ൧൯൩ [൮] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് ഭൂനികുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

൧൫൦ ഏക്കർ വരുന്ന പൊതുസ്ഥലം, കുന്നത്തുനാട് താലൂക്കിൽ വെങ്ങോല പകുതിയിൽ ൪൧൫/൧ ആരെക്കെങ്കിലും പതിച്ചുകൊടുത്തിട്ടുണ്ടോ?

Minister for Revenue (**Shri A. Chidambaranatha Nadar**): For this question the details are being collected.

പിരിച്ചുവിടപ്പെട്ട പകുതി അക്കൗണ്ടന്മാരുടെ നിയമനം.

* ൧൯൬ [൯] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പു മന്ത്രി സദയം മറുപടി പറയുമോ :

(എ) തിരുവിതാംകൂറിൽ പകുതിക്കച്ചേരി അക്കൗണ്ടന്മാരായിരുന്ന ഏതാനും പേരെ ൧൯൪൯-ൽ പിരിച്ചുവിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്രപേർ;

(സി) ഇവരെ രണ്ടാമതും സർവ്വീസിൽ നിയമിക്കുന്നതിനുള്ള അധികാരം പബ്ലിക്ക് സർവ്വീസ് കമ്മീഷന് നൽകാതെ കളക്ടറന്മാർക്കു നൽകിയിരുന്നുവോ ;

(ഡി) ഈ അധികാരം ഉപയോഗിച്ച് കളക്ടറന്മാർ ആകെ എത്ര പേരെ നിയമിച്ചിട്ടുണ്ട്;

(ഇ) രണ്ടാമതു നടന്ന മേൽപറഞ്ഞ നിയമനങ്ങളിൽ കളക്ടറന്മാർക്ക് മാർഗ്ഗദർശനമായിരുന്നതു് പിരിച്ചുവിടപ്പെട്ടവരുടെ സീനിയാറിട്ടിയെക്കുറിച്ചുള്ള പരിഗണനയാണോ, അതോ ഡിവിഷൻ കച്ചേരിയിൽ നേരത്തെതന്നെ ഉണ്ടായിരുന്ന ഗ്രഡേഷൻ ലിസ്റ്റാണോ;

(എഫ്) ഗ്രഡേഷൻ ലിസ്റ്റനുസരിച്ചാണ് നിയമനങ്ങൾ കളക്ടറന്മാർ നടത്തിയതെങ്കിൽ സീനിയാറിട്ടി ഉണ്ടായിട്ടും നിയമനങ്ങൾ ലഭിക്കാതിരുന്നവരെ പ്രതികൂലമായി ബാധിച്ചിട്ടില്ലേ;

(ജി) ഉണ്ടെങ്കിൽ ഈ ക്രമക്കേടുകൾ പരിഹരിക്കുന്ന കാര്യത്തിൽ ഗവണ്മെൻറ് എന്തു ചെയ്യുവാൻ ഉദ്ദേശിക്കുന്നു?

ரெவன்யூ இலாகாமந்திரி (*ஸ்ரீ. ஏ. சிதம்பரநாத நாடார்*) :

(ஏ) உண்டு.

(பி) 212

(ஸி) இல்லை. ஆனால் பப்ளிக் ஸர்வீஸ் கமிஷன் நியமனம் நடத்துவதற்கு காலதாமதம் இருக்குமென்று முதலாவதாக ஒரு மாதத்திற்கு நியமனம் நடத்திக்கொள்ளலாமென்றும், அதற்குமேல்

பப்ளிக் ஸர்வீஸ் கமிஷன் மூலம் நியமனம் நடத்தப்பட வேண்டுமென்றும் பப்ளிக் ஸர்வீஸ் கமிஷனால் கலக்டர்களுக்கு அதிகாரம் அளிக்கப்பட்டிருந்தது.

(டி) 62.

(யி) டிஸ்ட்ரிக்ட் ஸீனியாரிட்டி மூலம் நியமனம் நடத்தப்பட்டது.

(எப்) டிஸ்ட்ரிக்ட் ஸீனியாரிட்டி மூலம் நியமனம் நடத்தப்பட்டது.

(ஜி) ஜி. பி. பிரவர்த்திகாருடைய ரிவிஷன் வருகிறபடியால் தற்காலிகமாக இந்த நியமனங்கள் நடத்தப்பட்டிருக்கின்றன.

Shri Chengarapalli P. Narayanan Potti: Will the Minister be pleased to translate the nswers into English for my information?

Mr. Speaker: The answers are:

(*a*) Yes.

(*b*) 212.

(*c*) Appointments are allowed to be made by the Public Service Commission for temporary vacancies.

(*d*) 62.

(*e*) For some seniority must have been affected.

(*f*) On District basis appointments have been made.

(*g*) When appointments to permanent posts are effected the matter will be looked into.

Shri Chengarapalli P. Narayanan Potti: May I know whether any of these people were re-entertained in service?

Shri A. Chidambaranatha Nadar: Yes.

Shri Chengarapalli P. Narayanan Potti: May I know how many?

ശ്രീ. എ. ജെ. ജാൺ: ഇതിനെക്കുറിച്ചു ഒരു പ്രസ്സ്നോട്ട് ഈ മാർച്ച് മാസം ൨-ാംതു ഇറക്കിയിട്ടുണ്ട്. അതിൽ ഇവരെ എടുക്കുന്നതിനുവേണ്ട നടപടികൾ നടത്തുന്നതിനു നിഷ്കർഷിച്ചിട്ടുണ്ട്. അതനുസരിച്ച് നടപടി എടുത്തിട്ടുണ്ടെന്നും തോന്നുന്നു.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻപോററി: അതിൻപ്രകാരം ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ എന്നു അറിഞ്ഞാൽ കൊള്ളാം.

ശ്രീ. എ. ജെ. ജാൺ: അതു് ഇപ്പോൾ പറവാൻ നിവൃത്തിയില്ല. അവരെ എല്ലാപേരെയും നിയമിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഗവണ്മെൻറ് അതിനെപ്പററി ആലോചിച്ച് വലിയ ധൃതഗതിയോടുകൂടി നടപടി നടത്തിവരുന്നതു്.

Sweepers and Scavengers of the Public Health Department.

✱ 198. [10] **Shri C. Sankar**: Will the Minister for Public Health be pleased to state:

(*a*) whether the Government have reduced the pay and allowances of the conservancy sweepers and scavengers of the Public Health Department of the State;

(*b*) if so, what percentage has been reduced, for what reasons and from which date; and

(*c*) the number of employees affected by this action of the Government throughout the State?

Minister for Medicine and Public Health (**Shri V. Madhavan**):

(*a*) The pay and allowances of conservancy sweepers have been reduced.

(*b*) As a measure of curtailment of expenditure under contingencies full time conservancy sweepers on a pay of Rs. 20 plus D. A. Rs. 22 p. m. have been made part time employees on Rs. 7 plus D. A. Rs. 7½ p. m. Subsequently it has been raised to a consolidated allowance of Rs. 20 p. m. instead of basic pay and D. A. with effect from 18-2-1953.

(*c*) 482.

Mr. Speaker : This very question was discussed at length on a prior occasion when it stood as questionNo. 6 in the name of Mr. T.S.Ramaswami.

Shri C. Sankar : Does the Minister know that the services have been affected on account of reduction of pay ?

Shri V. Madhavan : That was done on account of complaints having arisen on that score.

Shri C. Sankar : Does the Minister realise how on such low pay a family could be maintained ?

Shri V. Madhavan : That is a matter of opinion.

Mr. Speaker : There was a lot of discussion on this matter in the House.

Shri C. Sankar : This is also a very important question affecting the life of so many members.

Mr. Speaker : The question has been dealt with as elaborately as possible. Next question, please.

Uniforms for Hospital Staff

*199. (11) **Shri C. Sankar :** Will the Minister for Medicine be pleased to state :-

(*a*) whether any uniforms were supplied to the staff of the Government hospitals in the State in the year 1952 ; and

(*b*) if not, the reason for not supplying the same although the year has closed ?

Minister for Medicine & Public Health (**Shri V. Madhavan**) :

(*a*) Yes, to a few ; action has been taken to provide uniform to others before the close of this financial year ;

(*b*) Does not arise.

Shri C. Sankar : May I know what is the amount accounted for for the supply of uniforms ?

Shri V. Madhavan : It cannot be stated now.

Shri C. Sankar : For the last year what is the amount in that behalf ?

Shri V. Madhavan : I shall make enquiries on that matter.

ശ്രീ. ടി. കെ. ദിവാകരൻ : സ്റ്റാഫിലെ ഏതെല്ലാം വിഭാഗങ്ങളിൽപ്പെട്ട ആളുകൾക്കാണ് ഈ ആനുകൂല്യങ്ങൾ ചെയ്യുന്നത്?

Shri V. Madhavan : The different categories of the staff who are supplied with uniforms are nursing sisters, nurses, sister tutors, midwives, compounders, attenders, hospital attendants (male) and drivers, hospital attendants (female), weaving instructor, mechanics laboratory assistants and technicians.

മുനിസിപ്പൽ തെരഞ്ഞെടുപ്പ്.

* ൨൦൦. [൧൨] **ശ്രീ. കെ. കുട്ടപ്പൻ :** താഴെ പറയുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തു നടന്ന മുനിസിപ്പൽ തെരഞ്ഞെടുപ്പിൽ, വോട്ടുചെയ്ത വോട്ടർമാരുടെ കൈവിരലിൽ മഷിയടയാളപ്പെടുത്താതിരുന്നതിനുള്ള കാരണമെന്താണെന്നു പറയുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (**ശ്രീ. കെ. കൊച്ചുകുട്ടൻ**) : മുനിസിപ്പൽ തിരഞ്ഞെടുപ്പുചട്ടങ്ങളിൽ അപ്രകാരം ചെയ്യുന്നതിനു വ്യവസ്ഥകളില്ലാത്തതുകൊണ്ട്.

ശ്രീ. കെ. കുട്ടപ്പൻ : അടുത്തുവരുന്ന പഞ്ചായത്തു തെരഞ്ഞെടുപ്പുകളിൽ ഈ മഷി അടയാളം വേണം എന്നു ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോഠം അതിലേക്കുള്ള നടപടികഠം ഒന്നും എടുത്തിട്ടില്ല. വേണമെങ്കിൽ ആ സമയം വരുമ്പോഠം അതിനെ പ്പറ്റി ആലോചിക്കാം.

Shri A. A. D. Luiz: May I know, after the recent municipal elections, how many repesentations have been received by Government for this purpose?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവണ്മെൻറിന് പരാതികഠം ഒന്നും ലഭിച്ചിട്ടില്ല.

ஸ்ரீ. ஸி. சங்கர்: முனிசிப்பல் எலக்ஷனைக் குறித்து பராதிகள் எதாவது கவர்மெண்டுக்கு வந்ததுண்டா.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവണ്മെൻറിനു അറിഞ്ഞുകൂടാ.

വായനശാലകളും പയൽസ്കൂളുകളും.

*൨൦൧. [൧൩] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

൧൧൨൦-ൽ പിന്നോക്കസമുദായോദ്ധാരണ കമ്മീഷണരുടെ നിയന്ത്രണത്തിൽ എത്ര വായനശാലകളും പയൽസ്കൂളുകളും ഉണ്ടായിരുന്നു. ഇപ്പോഠം എത്ര ഉണ്ട്; വായനശാലകളും പയൽസ്കൂളുകളും അനുവദിക്കാൻ പിന്നാക്കസമുദായോദ്ധാരണ കമ്മീഷണർക്കധികാരമുണ്ടോ?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): ൧൧൨൦ മുതൽ ൧൧൨൧ വരെയുള്ള സാമ്പത്തിക വർഷത്തിൽ പിന്നാക്കസമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറിൻെറ നിയന്ത്രണത്തിൽ ൩൨ വായനശാലകളും, ൩൩ പയൽസ്കൂളുകളും ഉണ്ടായിരുന്നു. ഇപ്പോഠം പ്രസ്തുത ഡിപ്പാർട്ടുമെൻറിൻെറ അധീനതയിൽ ൪൨ പയൽസ്കൂളുകളുണ്ട്. വായനശാലകഠം ഇപ്പോഠം വയോജനവിദ്യാഭ്യാസ ബോർഡിൻെറ കീഴിലാണ്. ഗവണ്മെൻറ അനുവാദത്തോടുകൂടി പയൽസ്കൂളുകഠം തുടങ്ങുന്നതിനു പിന്നാക്കസമുദായോദ്ധാരണ കമ്മീഷണർക്ക് അധികാരമുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഈ വായനശാലകളെല്ലാം വയോജനവിദ്യാഭ്യാസ ബോർഡിൻെറ കീഴിലാക്കിയതു് ആരുടെ അപേക്ഷപ്രകാരമാണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അത്തു ഭരണപരമായ സൗകര്യത്തെമാത്രം അടിസ്ഥാനമാക്കി ചെയ്തിട്ടുള്ളതാണ്. വയോജനവിദ്യാഭ്യാസബോർഡിൻെറ കീഴിലും പിന്നാക്കസമുദായോദ്ധാരണവകുപ്പിൻെറ നിയന്ത്രത്തിലും വായനശാലകഠം നടത്തിവന്നു. കൂടുതൽ സൗകര്യത്തെ ഉദ്ദേശിച്ചു ഇവ ഒരു ബോർഡിൻെറ അധീനതയിലാക്കിയിട്ടുള്ളതാണ്.

Conservancy Sweepers.

*202. [14] **Shri A. Kunjan Nadar**: Will the Minister for Medicine and Public Health be pleased to state :-

(*a*) whether the pay of conservancy sweepers has been reduced ;

(*b*) if so, what are their previous and present salaries ;

(*c*) what are the reasons for such reduction ; and

(*d*) how many conservancy sweepers are there in the State ?

Minister for Medicine and Public Health **(Shri V. Madhavan) :** This question relates to sweepers which has already been answered in this House.

Mr. Speaker : Does the member want an answer ?

Shri A. Kunjan Nadar : On one point I want informaton. ഇതുനിമിത്തം ഗവണ്മെൻറിനു ആണ്ടിൽ എന്തു ലാഭം ഉണ്ടെന്നു കണക്കാക്കായിട്ടുണ്ടോ?

ശ്രീ. വി. മാധവൻ : അതിൻെറ കണക്കമാത്രം എത്രയാണെന്നു അറിയാൻ നിവൃത്തിയില്ല. അതിനെപ്പററി പ്രത്യേകം ചോദ്യം അയച്ചാൽ അന്വേഷിച്ചു പറയാം.

ശ്രീ. എ. കുഞ്ഞൻനാടാർ : ഈ സ്വീപ്പേഴ്സിൻെറ ശമ്പളം കുറച്ചതുകൊണ്ടു ഗവണ്മെൻറിനു എന്തുലാഭമുണ്ടെന്നാണു ഞാൻ ചോദിച്ചതു്?

ശ്രീ. വി. മാധവൻ : അതിൻെറ കണക്ക ഇപ്പോൾ പറയാൻ നിവൃത്തിയില്ലെന്നു പറഞ്ഞുകഴിഞ്ഞു.

ശ്രീ. എ. കുഞ്ഞൻനാടാർ : ഈ ജോലിക്കാക്ക് ശമ്പളം നിശ്ചയിക്കുന്നതു ജോലിചെയ്യുന്ന സമയത്തിൻെറ കണക്കനുസരിച്ചാണോ?

Mr. Speaker : Has not the member put this very same question on a former occasion ? I remember it has been answered already.

Shri P. S. Nataraja Pillai : No answer has been given so far to part (*d*) of the question in spite of my asking for it. May I know what it is ?

Shri V. Madhavan : 482.

ശ്രീ. എ. കെ. ചെല്ലയ്യാ : ഈ ൪൮൨ പേർ എവിടെയുള്ള പ്രജകളാണു്?

ശ്രീ. വി. മാധവൻ : ഈ രാജ്യത്തുള്ളവർ തന്നെ.

ശ്രീ. എ. കെ. ചെല്ലയ്യാ : അങ്ങനെയാണെങ്കിൽ ൪൨ രൂപയിൽനിന്നും ൧൮ രൂപയായിട്ടു അവരുടെ ശമ്പളം കുറവുചെയ്യാൻ കാരണമെന്തു്?

ശ്രീ. വി. മാധവൻ : ൧൮ രൂപയല്ല, ൨൦ രൂപയാണു്.

Harijan Hostel.

*203. [15] **Shri A. Samraj** : Will the Minister for Local Self Government be pleased to state :

(*a*) the number of Harijan Hostels run by Government aid in the whole of the State ;

(*b*) the number of the hostels stopped by the Government during the last year in S. Travancore ;

(*c*) the reason for their stopping ; and

(*d*) will the Government take steps to reopen them in the next academic year ?

Minister for Local Self Government (**Shri K. Kochukuttan**) :

(*a*) There are no Harijan hostels run by Government aid ;

(*b*) None.

(*c*) & (*d*) These do not arise in view to answer to part (*b*).

ஸ்ரீ. ஏ. ஸாம்ராஜ்: ஹாஸ்டல் சௌகரியக்குறைவினால் படிக்கும் பிள்ளைகளின் எண்ணிக்கை குறைந்துகொண்டு வருகிறதா? அல்லது கூடிக்கொண்டு வருகிறதா?

ശ്രീ. കെ. കൊച്ചുകുട്ടൻ: കുട്ടികളുടെ എണ്ണം കുറഞ്ഞിട്ടുള്ളതായി ഗവൺമെന്റിനു അറിവില്ല. നേരെമറിച്ച് അവരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ടെന്നാണറിവ്.

പഞ്ചായത്തുതെരഞ്ഞെടുപ്പുകൾ.

*൨൦൪. [൧൬] ശ്രീ. കമ്പിശ്ശേരിൽ കരുണാകരൻ†: താഴെ കാണുന്ന ചോദ്യത്തിനു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പഞ്ചായത്തുതെരഞ്ഞെടുപ്പുകൾ കൃത്യമായി എന്നു നടത്തുവാനാണ് ഗവൺമെന്റുദ്ദേശിക്കുന്നതു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): ൧൯൫൫ ഏപ്രിൽ, മേയ്, ജൂൺ ഈ മാസങ്ങളിലാണു നടത്താൻ തീരുമാനിച്ചിരിക്കുന്നതു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: എല്ലാ സ്ഥലത്തെയും നാമിനേഷൻ പേപ്പർ തരേണ്ടതീയതിയും തെരഞ്ഞെടുപ്പിനുള്ള തീയതിയും തീരുമാനിച്ചു കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഒരാഴ്ചയ്ക്കകം അതു തീരുമാനിച്ചു പ്രസിദ്ധപ്പെടുത്തുന്നതാണ്.

---

† As the Member was absent, the question was put by Shri P. Govinda Pillai, with the permission of the Chair.

ശ്രീ. പി. ഗോവിന്ദപ്പിള്ള: വോട്ടേഴ്സ് ലിസ്റ്റും മററ് ഏർപ്പാടുകളും ശരിയായി കഴിഞ്ഞോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ശരിയായി കഴിഞ്ഞു.

ശ്രീ. സി. അച്യുതമേനോൻ: പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ നടത്താൻ ഉദ്ദേശിക്കുന്നതു് ഏപ്രിൽ ൧-ാം തീയതിക്കും മേ ൩൧-ാം തീയതിക്കും മദ്ധ്യേയാണെന്നു ഒരു ഗവണ്മെൻറ പ്രസിദ്ധീകരണം കാണുകയുണ്ടായി. ഇപ്പോൾ മന്ത്രി പറഞ്ഞ ഉത്തരത്തിൽ ജൂൺകൂടി ഉൾപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവണ്മെൻറ അങ്ങനെ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. പേപ്പർകാർ അങ്ങനെ പത്രത്തിൽ റിപ്പോർട്ടു ചെയ്തിട്ടുള്ളതായി അറിയാം.

ശ്രീ. സി. അച്യുതമേനോൻ: ഈ തെരഞ്ഞെടുപ്പിനെപ്പററി റേഡിയോനിലയത്തിൽനിന്നും ഒരു പ്രക്ഷേപിണിപ്രസംഗം ചെയ്തതിലും ഈ വസ്തുത പറഞ്ഞിട്ടുണ്ടായിരുന്നു.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഏപ്രിൽ ൧-ാംനു മുതൽ തെരഞ്ഞെടുപ്പു നടത്തിയാൽ കൊള്ളാമെന്നു ഗവണ്മെൻറിനു ആഗ്രഹമുണ്ടായിരുന്നു. അസംബ്ലിയുള്ളതുകൊണ്ടു തീയതി കുറെക്കൂടിനീട്ടുന്നതു സൗകര്യമായിരിക്കുമെന്നുകരുതി ഏപ്രിൽ ൧൫-ാം തീയതിക്കുശേഷം നടത്താമെന്നാണു ഉദ്ദേശിക്കുന്നതു്.

ശ്രീ. സി. അച്യുതമേനോൻ: അപ്പോൾ മുൻപു വിചാരിച്ചിരുന്നതിനെക്കാൾ തെരഞ്ഞെടുപ്പു കുറച്ചു നീണ്ടുപോകുകയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കുറച്ചു ദിവസംകൂടി നീണ്ടുപോകും.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: അപ്പോൾ നാമിനേഷൻ കൊടുക്കുന്നതിനുള്ള തീയതിയും നീളുകയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: നാമിനേഷനുള്ള തീയതി തീർച്ചപ്പെടുത്തിയിട്ടില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഏപ്രിൽ ൧൫-ാംനു-ക്കുശേഷമാണോ നാമിനേഷനുള്ള തീയതിവരുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഏപ്രിൽ ൧൫-ാംനു-ക്കുശേഷം ഇലക്ഷൻ നടത്താമെന്നാണു വിചാരിക്കുന്നതു്. നാമിനേഷനു് അതിനു മുമ്പായി ഒരു തീയതി നിശ്ചയിക്കും.

Centage Charges levied to Works.

*205. [17] Shri R. Ponnappa Nadar : † Will the Minister for Local Self Government be pleased to state :

---

† The member being absent, the question was put by Shri A.K Chelliah, with the permission of the Chair.

(*a*) whether centage charges are levied to works done by the P.W.D. on behalf of the Municipalities ;

(*b*) what is the percentage ;

(*c*) whether this is levied on cost of materials like pipe, meter, etc. ;

(*d*) if so, will the Municipalities be allowed to buy and supply the materials so as to avoid centage on materials at least ; and

(*e*) whether the Government charges the establishment charges also over and above the centage ?

Minister for Local Self Government (**Shri K. Kochukuttan**) :

(*a*) Yes.

(*b*) 24 per cent.

(*c*) The centage is charged on the total estimated cost of the work which includes cost of materials also.

(*d*) The P.W.D. estimates are prepared inclusive of value of labour and materials. Splitting the estimates into two-one for labour and the other for materials—cannot be accepted in the interest of prompt execution with materials of standard specification and test.

(*e*) No.

ഭൂമിവിതരണം.

* ൫൦൩. [൫൨൨] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ പട്ടണത്തിലുള്ള സർക്കാർതോട്ടം അഞ്ചു സെൻറു വീതം ഭാഗിച്ച് പാർപ്പിടമില്ലാത്തവർക്ക് കൊടുക്കാൻ ചെയ്ത തീരുമാനം ഗവണ്മെൻറ് നടപ്പിൽ വരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്;

(ബി) പാർപ്പിടമില്ലാത്ത എത്രപേരുടെ അപേക്ഷ ഗവണ്മെൻറിലേക്കു കിട്ടിയിട്ടുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പ്രസ്തുത സ്ഥലത്തുണ്ടായിരുന്ന അനധികൃതമായ കൈയ്യേററങ്ങൾ ഒഴിപ്പിച്ചു സർവ്വെ ചെയ്തുകൊണ്ടിരിക്കുകയാണ്. ഈ പ്രകാരമുള്ള പ്രാഥമികനടപടികൾ പൂർത്തിയായാലുടൻതന്നെ സെററിൽമെൻറ പദ്ധതിയനുസരിച്ചു വീടും, ഭൂമിയും ഇല്ലാത്ത അപേക്ഷകർക്ക് വീതിച്ചുകൊടുക്കുന്നതാണ്;

(ബി) നിർദ്ദിഷ്ടസ്ഥലത്തിൽ ഇതുവരെ മൂന്നു അപേക്ഷകൾ മാത്രമേ ലഭിച്ചിട്ടുള്ളൂ.

ശ്രീ. ആർ. സുഗതൻ : അവിടെ അനധികൃതമായി ആരും കയ്യേററം നടത്തിയിട്ടില്ലെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിന്റെ ചുററുപാടും ആളുകൾ കുറേശ്ശെ കയ്യേററം നടത്തിയിരുന്നു.

ശ്രീ. ആർ. സുഗതൻ: അപേക്ഷകൾ വാങ്ങിക്കുന്നതിനു അവിടെ ഒരു ഉദ്യോഗസ്ഥനെ നിയമിച്ചിരുന്നുവോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവിടെ ഒരു കോവാപ്പറേററീവ് ഇൻസ്പെക്ടർ ഉണ്ടായിരുന്നു.

ശ്രീ. ആർ. സുഗതൻ: അദ്ദേഹത്തിന്റെ റിപ്പോർട്ടിലാണോ കയ്യേററം നടന്നിട്ടുള്ളതായി പറഞ്ഞിട്ടുള്ളത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അദ്ദേഹവും റവന്യൂആഫീസറും അങ്ങനെ പറഞ്ഞിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ ഭൂമി ഏതു ഡിപ്പാർട്ടുമെന്റിന്റെ അധീനതയിലാണിരിക്കുന്നത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: റവന്യൂഡിപ്പാർട്ടുമെന്റിന്റെ അധീനതയിലാണ് സർവ്വെ ചെയ്തുവരുന്നത്. അതു പൂർത്തിയായാലുടൻ കോവാപ്പറേററീവ് രജിസ്റ്റ്രാക്കു വിട്ടുകൊടുക്കും.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഈ സ്ഥലം പിന്നോക്കസമുദായക്കാർക്കു കോളനികൾ സ്ഥാപിക്കാൻവേണ്ടി പിന്നോക്കസമുദായ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ മാററിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനു ഒരു ആലോചന നടന്നു. മാററിയില്ല. മററു ആളുകളും അപേക്ഷിച്ചപ്പോൾ സെററിൽമെൻറ് സ്കീം അനുസരിച്ചു എല്ലാവർക്കുമായി കൊടുക്കാമെന്നാണ് തീരുമാനിച്ചത്.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: പിന്നോക്കസമുദായക്കാർ ആവശ്യപ്പെടുന്ന സ്ഥലത്തു മററാളുകൾകൂടി വേണമെന്നു അപേക്ഷിച്ചാൽ അവർക്കുകൂടി കൊടുക്കുന്നതിനുള്ള ഒരു തീരുമാനം ചെയ്യുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഓരോ സ്ഥലത്തിന്റെയും സ്ഥിതി അനുസരിച്ചു അതിനനുരൂപമായ തീരുമാനമാണ് ചെയ്യുന്നത്.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: അങ്ങനെ ചെയ്യുമ്പോൾ പിന്നോക്കസമുദായക്കാർക്കു ഒന്നും കിട്ടിയില്ലെന്നു വരികയില്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ വരികയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: അനധികൃതമായി അവിടെ പ്രവേശിച്ചവരെ ഇറക്കിക്കഴിഞ്ഞോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അനധികൃതമായി അവിടെ കയറി താമസിക്കുകയല്ലാ ചെയ്തിരുന്നത്. ചുററുപാടുമുള്ള സ്ഥലം ഉടമസ്ഥർ കുറെ ഇടം കൈവശപ്പെടുത്തിയിരിക്കുകയായിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: ആ തോട്ടത്തിനു എത്ര വിസ്തീർണ്ണമുണ്ടെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ൫ ഏക്കറിൽ കൂടുതലുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: അനധികൃതമായി അവിടെ കയ്യേറിയവരുടെ പേരിൽ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതിനെപ്പററി അന്വേഷിച്ചേ മറുപടി പറയാൻ കഴിയൂ.

കാണിപ്പാറ തരിശുഭൂമി.

*൨൦൧ [൨൦] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭൂനികുതിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) നെയ്യാററിൻകര താലൂക്കിലുള്ള കാണിപ്പാറ തരിശുഭൂമി എത്ര ഏക്കർ കുത്തകപ്പാട്ടത്തിനു് കൃഷിക്കു് ഏൽപ്പിച്ചുകൊടുത്തിട്ടുണ്ടു്;

(ബി) ഇങ്ങനെ കുത്തകപ്പാട്ടത്തിനു കൊടുത്തിട്ടുള്ളതു് ഏററവും കൂടുതൽ എത്ര കൊല്ലത്തേക്കാണു്;

(സി) ഒരാൾക്കു് എത്ര ഭൂമിവരെ കുത്തകപ്പാട്ടത്തിനു് കൊടുക്കാമെന്നുള്ളതിനു വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

Minister for Revenue (Shri A. Chidambaranatha Nadar):

(*a*) 4071 acres.

(*b*) 12 Years.

(*c*) Yes.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഒരാളിനു പരമാവധി എത്ര വരെ കൊടുക്കാമെന്നാണു വ്യവസ്ഥ ചെയ്തിട്ടുള്ളതു്?

ശ്രീ. എ. ചിദംബരനാഥനാടാർ: ൫ ഏക്കർ.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: മാത്തൂർ പണിക്കർ എന്നൊരാളിനു ൩൫൦ ഏക്കർവരെ പാട്ടത്തിനു് കൊടുത്തിട്ടുള്ളതായി അറിയാമോ?

Mr. Speaker: That is supplying information.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: മാത്തൂർപണിക്കർക്കു് ൩൫൦ ഏക്കർ ൯൦ കൊല്ലത്തേക്കു് പാട്ടത്തിനു കൊടുത്തിട്ടുണ്ടെന്നു പറഞ്ഞാൽ അതു വിശ്വസിക്കുമോ?

Shri A. Chidambaranatha Nadar: Yes.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കുത്തകപ്പാട്ടം കുടിശ്ശിക ഉണ്ടായിയെന്നു പറഞ്ഞു തഹശീൽദാർ കൈവശക്കാരനിൽനിന്നും വസ്തു ഒഴിപ്പിച്ചു തങ്ങൾക്കു ഇഷ്ടപ്പെട്ടവർക്കു കൊടുത്തുവരുന്നതായി പരാതിയുണ്ടെന്നറിയാമോ?

Shri A. Chidambaranatha Nadar: No.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : നെയ്യാർ ഡാമിന്റെ ആവശ്യത്തിലേക്ക് കൈവശക്കാരായ ആളുകളിൽനിന്നും സ്ഥലം ഒഴിപ്പിച്ചിട്ടുള്ളതായി അറിയാമോ?

Shri A. Chidambaranatha Nadar : I have no information.

Shri P. S. Nataraja Pillai : May I know whether in this area, there are unauthorised encroachments ?

Shri A. Chidambaranatha Nadar : Yes, there are.

Shri P. S. Nataraja Pillai : May I know whether the area so unauthorisedly occupied has been surveyed ?

Shri A. Chidambaranatha Nadar : Yes.

Shri P. S. Nataraja Pillai : May I know the extent of land ?

Shri A. Chidambaranatha Nadar : 4400 acres.

Shri P. S. Nataraja Pillai : May I know whether any steps have been taken by Government to evict them ?

Shri A. Chidambaranatha Nadar : Yes.

Shri P. S. Nataraja Pillai : May I know how many are occupying ?

Shri A. Chidambaranatha Nadar : I am not in a position to answer that now.

Shri P. S. Nataraja Pillai : What is the maximum area under a single individual who has encroached ?

Shri A. Chidambaranatha Nadar : That also I cannot answer now.

Shri A. Thanu Pillai : How old are these encroachments ?

Shri A. Chidambaranatha Nadar : One to two years.

Shri Chengarapalli P. Narayanan Potti : May I know the total number of persons involved ?

Shri A. Chidambaranatha Nadar : I have already said I am not in a position to say that now.

Bacteriological Test and X-ray in Hospitals

*208. [21] **Shri O. C. Ninan :** Will the Minister for Medicine be pleased to state :

(*a*) in how many hospitals in the State X-ray machine is fitted ;

(*b*) which are those hospitals ;

(*c*) are photos taken in all these hospitals free of cost to poor patients ;

(*d*) in how many hospitals there are arrangements for bacteriological tests ; and

(*e*) is any fee realised for the same from patients ?

Minister for Medicine and Public Health **(Shri V. Madhavan) :**

(*a*) 11.

(*b*) They are :

1. General Hospital, Trivandrum.
2. Tuberculosis Hospital, Nagercoil.
3. T. B. Centre, Trivandrum.
4. Hospital for Mental Diseases, Oolampara.
5. District Hospital, Quilon.
6. Do. Kottayam.
7. Do. Ernakulam.
8. T. B. Centre, Palluruthy.
9. Government Hospital, Trichur.
10. Kerala Varma Sanatorium, Mulakunnathukavu.
11. Government Hospital, Palluruthy.

(*c*) Yes.

(*d*) Three, namely,

General Hospital, Trivandrum.
Do. Ernakulam.
Government Hospital, Trichur.

(*e*) The tests are free for out-patients. In-patients with income of about Rs. 100 are charged for medical attendance as a whole which includes laboratory tests also.

<u>ശ്രീ. ക. സി. നൈനാൻ</u>: എല്ലാ ആശുപത്രികളിലും എക്സ്‌റേ ശരിയായി വർക്കുചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. മാധവൻ</u>: എല്ലാം വർക്കുചെയ്യുന്നുണ്ടെന്നാണ് അറിവ്.

<u>ശ്രീ. ക. സി. നൈനാൻ</u>: കോട്ടയം ആശുപത്രിയിലുള്ളതു ശരിയായി വർക്ക ചെയ്യുന്നില്ലെന്നു ഗവൺമെൻറിനു പരാതി ലഭിച്ചിട്ടുണ്ടോ?

<u>ശ്രീ വി. മാധവൻ</u>: പരാതികിട്ടിയിട്ടുള്ളതായി ഓർമ്മയില്ല.

<u>ശ്രീ. ക. സി. നൈനാൻ</u>: ബാക്ടീരിയോളജിക്കൽടെസ്‌റ്റ എല്ലാ ഡിസ്ട്രിക്ട് ആശുപത്രികളിലും ഏർപ്പെടുത്തുന്നതിന് ആലോചിക്കുമോ?

<u>ശ്രീ. വി. മാധവൻ</u>: ആലോചിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: കൊല്ലം ഡിസ്ട്രിക്ട് ആശുപത്രിയിലെ എക്സ്റേ വർക്ക് ചെയ്യുന്നില്ലെന്ന് ഗവണ്മെന്റിനറിയാമോ?

ശ്രീ. വി. മാധവൻ: അങ്ങനെ പ്രത്യേക അറിവ് ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഒരു എക്സ്റേ സെററിന് എന്തു വില വരുമെന്ന് പറയാമോ?

ശ്രീ. വി. മാധവൻ: അന്വേഷിച്ച് പറയാം.

ശ്രീ. എം. എം. അബ്ദുൽഖാദർ: ആലുവാ ആശുപത്രിയിൽ എക്സ്റേ വയ്ക്കുന്നതിന് വല്ല ആലോചനയുമുണ്ടോ?

ശ്രീ. വി. മാധവൻ: ഇല്ല.

ശ്രീ. പി. വി. അവിരാതരകൻ: എല്ലാം ആശുപത്രികളിലും എക്സ്റേ എടുക്കുന്നതിന് ആവശ്യമായ ഫിലിം ഉണ്ടോ?

ശ്രീ. വി. മാധവൻ: എക്സ്റേയുള്ള ആശുപത്രികളിലെല്ലാം ഉണ്ട്.

ശ്രീ. പി. വി. അവിരാതരകൻ: എറണാകുളം ആശുപത്രിയിൽ ഇല്ലെന്നറിയാമോ?

ശ്രീ. വി. മാധവൻ: അറിഞ്ഞുകൂടാ.

Shri A. A. D. Luiz: Are the charges for X-Ray performance uniform throughout the State?

ശ്രീ. വി. മാധവൻ: യൂണിഫാറം അല്ലെന്ന് അറിവില്ല.

പട്ടികജാതിക്കാർ.

* ൨൦൯. [൨൨] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിയിൽ ഇനിയും ഏതെങ്കിലും ജാതിക്കാരെക്കൂടി ഉൾപ്പെടുത്തുവാൻ ഗവണ്മെന്റ് വിചാരിക്കുന്നുണ്ടോ?

(ബി) ഉണ്ടെങ്കിൽ അവരാരെല്ലാമാണ്?

(സി) അവരുടെ അപേക്ഷകൾ കിട്ടിയിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇല്ല.
(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.
(സി) അപേക്ഷകൾ കിട്ടിയിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ആരുടെയെല്ലാം അപേക്ഷകളാണ് കിട്ടിയിട്ടുള്ളതെന്ന് പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന സമുദായക്കാരുടെ അപേക്ഷകളാണു കിട്ടിയിട്ടുള്ളതു്.

വീരശൈവർ,	ഗണകൻ,
ഓടൻ,	വണിക്‌വൈശ്യൻ,
വേളാൻ,	അരയൻ,
വാലൻ,	നായ്ക്കൻ.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ഇവരെ ആരെയും പട്ടികജാതിയിൽ ഉൾപ്പെടുത്താൻ വിചാരിക്കുന്നില്ലെന്നാണോ ധരിക്കേണ്ടതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: എന്നുതന്നെയാണു പറഞ്ഞതു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: എന്നിട്ടും വളരെ ആളുകൾ പട്ടികജാതിക്കാരാകുന്നതിനു അപേക്ഷ അയയ്ക്കുന്നതിന്റെ സാക്ഷാൽ ഉദ്ദേശമെന്താണു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവർക്കുകൂടി പട്ടികജാതിയിൽ ഉൾപ്പെടണമെന്നുള്ള ഉദ്ദേശംതന്നെയാണു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അങ്ങനെ അവർ അപേക്ഷ അയയ്ക്കുമ്പോൾ അവരെ ഉൾപ്പെടുത്താതെയിരിക്കുന്നതു ശരിയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: എല്ലാവരെയും ഉൾപ്പെടുത്താൻ സാദ്ധ്യമല്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പിന്നാക്കസമുദായക്കാർക്കു ലഭിക്കേണ്ട പങ്കുകൾ അവർക്കുംകൂടി കിട്ടുന്നതിനുവേണ്ടിയല്ലേ അപേക്ഷ അയക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേ.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അവശതകളെ പരിഗണിച്ചു അയയ്ക്കുന്ന അപേക്ഷകളെപ്പററി ഗവമെണ്ടു പര്യാലോചിക്കേണ്ടതല്ലേ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവരുടെ അവശതകൾ പരിഗണിച്ചു അവരെ മററ അവശസമുദായക്കാരുടെ ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. സി. സി. അയ്യപ്പൻ: എന്തെല്ലാം കാര്യങ്ങളെ അടിസ്ഥാനമാക്കിയാണു പട്ടികജാതിക്കാരായി തീരുമാനിക്കുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: സാമുദായികമായും സാമ്പത്തികമായും ഉള്ള അവശതകളെ അടിസ്ഥാനമാക്കിയാണു തീരുമാനിക്കുന്നതു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: പട്ടികജാതിക്കാർ ആരെല്ലാമാണെന്നു നിശ്ചയിക്കുന്നതു് ഈ ഗവമെണ്ടാണോ സെൻട്രൽ ഗവമെണ്ടാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇൻഡ്യൻ പ്രസിഡൻറാണു്.

ശ്രീ. എൻ. രാഘവക്കുറുപ്പു്: അതു് സ്റ്റേറ്റുഗവമെണ്ടിന്റെ അഭിപ്രായമനുസരിച്ചാണോ ചെയ്യുന്നതു്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവണ്മെൻറ ഇവിടെയുള്ള സമുദായക്കാരുടെയെല്ലാം സ്ഥിതിഗതികൾ എന്താണെന്നുള്ളതിനെപ്പററി പ്രസിഡൻറിനെ അറിയിക്കുമ്പോൾ അദ്ദേഹം അതിനെ ആസ്പദമാക്കി ഒരു തീരുമാനമെടുക്കും.

ശ്രീ. എൻ. രാഘവക്കുറുപ്പ്: പട്ടികജാതിക്കാരുടെ ലിസ്ററ് റിവൈസ് ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: ഇപ്പോൾ നിലവിലിരിക്കുന്ന പട്ടികജാതിക്കാരുടെ ലിസ്റ്റിൽതന്നെ യഥാർത്ഥത്തിൽ പട്ടികജാതിക്കാരല്ലാത്തവരായിട്ടുള്ളവരല്ലാം സമുദായങ്ങളെ ഉൾപ്പെടുത്തിയിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങിനെയുള്ളതായി ഗവണ്മെൻറിനറിവില്ല. അങ്ങിനെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽതന്നെ അവരെ പട്ടികജാതിയിൽ ഉൾപ്പെടുത്തണമെന്നു ഗവണ്മെൻറിനു ബോദ്ധ്യം വന്നിട്ടുള്ളതുകൊണ്ടാണു അവരെ ഉൾപ്പെടുത്തിയിട്ടുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ: ഗണകസമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉൾപ്പെടുത്തിയിട്ടില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള: ഈ വാത്തിസമുദായമെന്നു പറഞ്ഞതു ഈഴവാത്തിയോ അരയവാത്തിയോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈഴവാത്തിയും അരയവാത്തിയും ഉൾപ്പെടും.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഗണകസമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നു പറഞ്ഞു. എന്നാൽ കൊല്ലത്തു നടന്ന മുനിസിപ്പൽ ഇലക്ഷനിൽ സംവരണസീററിൽ ഗണകസമുദായത്തിൽപ്പെട്ട ഒരു സ്ഥാനാർത്ഥി ജയിച്ചിട്ടുണ്ട്. അതു എങ്ങിനെ സംഭവിച്ചു എന്നു അറിഞ്ഞാൽകൊള്ളാം.

ശ്രീ. കെ. കൊച്ചുകുട്ടൻ: പട്ടികജാതിക്കാരുടെ ലിസ്റ്റിൽ ഗണകസമുദായത്തെ ഉൾപ്പെടുത്തിയിട്ടില്ല.

ഫ്ളോട്ടിംഗ് ഡിസ്പെൻസറി.

* ഫ. ഫ. ൦. [ഫ൩] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യത്തിനു പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിൽ ഒരു ഫ്ളോട്ടിംഗ് ഡിസ്പെൻസറി, അവിടെ ഇന്നുള്ള ആസ്പത്രികളോടു സഹകരിച്ചു പ്രവർത്തിപ്പിക്കുന്നതിനു ഗവണ്മെൻറ ആലോചിച്ചിട്ടുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ): ഇല്ല. ഒരു ഡിസ്പെൻസറിയുടെ ആവശ്യം അവിടെ ഇല്ല. എന്നാൽ കൊയ്ത്തു കാലത്തു ഏകദേശം മൂന്നുമാസത്തേയ്ക്കു അങ്ങിനെ ഒരാസ്പത്രി അവിടെ നടത്തിപ്പോരുന്നുണ്ട്. അതു ആവശ്യത്തിനു മതിയാകുന്നതാണ്.

ശ്രീ. കെ. കെ. കുമാരപിള്ള : കൊയ്ത്തുകാലത്തുമാത്രം അങ്ങനെ ഒരാശുപത്രി നടത്തിക്കൊണ്ടുപോരുന്നതു എന്തു പരിഗണനെ അനുസരിച്ചാണ്.

ശ്രീ. വി. മാധവൻ : കൊയ്ത്തുകാലത്തു പല നാട്ടുകളിൽനിന്നും ആളുകൾ അവിടെ വരുന്നതാണ്. അവർക്കു വൈദ്യസഹായം ആവശ്യമായിരുന്നതുകൊണ്ടാണു അങ്ങനെ ഒരു ആശുപത്രി അവിടെ സ്ഥാപിച്ചു നടത്തിവരുന്നതു്. മുഴുവൻ കാലവും അവിടെ ഒരു ഡിസ്പെൻസറി നടത്തേണ്ടതായ ആവശ്യം ഇല്ലാത്തതുകൊണ്ടാണ് ഈ കൊയ്ത്തുകാലത്തു മാത്രം ഇങ്ങനെ ഒരു ഡിസ്പെൻസറി അവിടെ നടത്തിവരാറുള്ളതു്.

ശ്രീ. കെ. കെ. കുമാരപിള്ള : ഈ കൊയ്ത്തുകാലങ്ങളിലല്ലാതെ മററു കാലങ്ങളിലും കുട്ടനാട്ടിൽ പുഞ്ചപ്പാടങ്ങളിൽ ജനങ്ങൾ ജോലി ചെയ്യുന്ന പതിവുണ്ടെന്നറിയാമോ?

ശ്രീ. വി. മാധവൻ: കൊയ്ത്തുകാലങ്ങളിൽ കൊയ്ത്തു ജോലിക്കു അവിടെ ആളുകൾ പല സ്ഥലങ്ങളിൽനിന്നും വന്നുകൂടും. അപ്പോൾ അവർക്കു വൈദ്യസഹായമാവശ്യമാണ്. അല്ലാത്തുള്ള അവസരങ്ങളിൽ അവിടെ ഉള്ളവർക്കു പല സൗകര്യങ്ങളും അവിടെയുണ്ടു്. അങ്ങിനെയല്ല കൊയ്ത്തുകാലം. രണ്ടു മൂന്നു മാസത്തേയ്ക്കു പല സ്ഥലങ്ങളിൽനിന്നും അവിടെവന്നു താമസിക്കുന്ന ആളുകൾക്കുവേണ്ടി ഒരു മൊബൈൽ ഡിസ്പെൻസറി അവിടെ നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. കെ. കുമാരപിള്ള : ഗതാഗതസൗകര്യങ്ങൾ വളരെ കുറവുള്ളതുകൊണ്ടും വളരെ കുറച്ചു ഏറിയാ മാത്രമുള്ളതുകൊണ്ടും, സമീപപ്രദേശങ്ങളിൽ വൈദ്യസഹായത്തിനു സൗകര്യമില്ലാത്തതുകൊണ്ടും ഈമാതിരി ഒരു ഡിസ്പെൻസറി അവിടെ സ്ഥാപിച്ചുനടത്തുവാൻ ദയവുണ്ടാകുമോ?

ശ്രീ. വി. മാധവൻ : അതേപ്പററി ആലോചിക്കാം.

மருத்துவசாலை ஏற்படுத்தல்:

*211 [24] *ஸ்ரீ. எஸ். ஜி. தேவியப்பன்: கீழ் காணும் வினாவுக்கு மருத்துவ இலாகா மந்திரி அவர்கள் விடை பகர்வார்களாக:*

தேவிகுளம் தாலூக்கில் உடும்பஞ்சோலையில் இருந்த ஆஸ்பத்திரியை காலி செய்ததற்கு காரணமென்ன?

Minister for Medicine and Public Health (**Shri V. Madhavan**) : The people were not making use of this dispensary. The average daily attendance was only 3. So the dispensary was closed down.

ஸ்ரீ. எஸ். ஜி. தேவியப்பன்: இங்குள்ள டாக்டர் ஆஸ்பத்திரிக்கு வருவதில்லை என்றும் அவர் கோட்டயத்தில் தான் இருப்பார் என்றும் ஆவலாதி எதாவது கிடைத்ததுண்டா?

ശ്രീ. വി. മാധവൻ : അങ്ങനെ ഒരു പരാതിയുള്ളതായി അറിഞ്ഞുകൂടാ. ഉടുമ്പുംചോല ആശുപത്രിയിൽ മൂന്നുപേരിൽ കൂടുതൽ അററൻഡൻസു ഉണ്ടായിരുന്നില്ലായെന്നുള്ളതുകൊണ്ടും അങ്ങിനെ ഒരാശുപത്രിയുടെ ആവശ്യം അവിടെയില്ലെന്നു ഗവണ്മെൻറിനു ബോദ്ധ്യം വന്നതുകൊണ്ടും അങ്ങനെ ചെയ്തതാണ്.

ஸ்ரீ எஸ். ஜி. தேவியப்பன்: இங்கு ஒரு ஆஸ்பத்திரி அவசியம் வேண்டுமென்பது மந்திரி அவர்களுக்குத் தெரியுமா?

ശ്രീ. വി. മാധവൻ: രണ്ടാമതു ഒരാശുപത്രി അവിടെ സ്ഥാപിക്കുന്നതിനെപ്പററി അടുത്ത അവസരത്തിൽ ഞാൻ ദേവികുളത്തു ചെന്നിരുന്നപ്പോൾ മി. ഗണപതി എന്നെ അറിയിച്ചിട്ടുണ്ടു്. പിന്നീടു ഞാൻ ഇവിടെ വന്നു ഫയലുകൾ നോക്കിയപ്പോൾ ആ കാര്യം മനസ്സിലായതു്. അതേക്കുറിച്ചു ഗവൺമെൻറാലോചിച്ചുകൊണ്ടിരിക്കുകയാണു്.

ஸ்ரீ. என். கணபதி: மூன்றுபேர்கள் என்று சொன்னீர்களே இந்தக் கணக்கு உங்களுக்கு எப்படி கிடைத்தது, 1943, 44, 45 இந்த மூன்று வருஷங்களில் இந்த ஆஸ்பத்திரிக்கு வந்த நோயாளிகளின் ஆவரேஜ் என்ன?

ശ്രീ. വി. മാധവൻ: മുൻകൊല്ലങ്ങളിലെ അറെറൻഡൻസ് പരിശോധിച്ചപ്പോഴാണു അതു മനസ്സിലായതു്.

ஸ்ரீ. என். கணபதி: இப்பிரதேசத்தில் ஏராளமான ஜனங்கள் வசிப்பதாலும், உத்தேசம் 800 சதுர மைலுக்கு இது ஒரே ஆஸ்பத்திரி தான் உண்டென்றும், அது மிகவும் அவசியம் என்றும் மெம்பருக்குத் தெரியுமா?

ശ്രീ. വി. മാധവൻ: ൧൯൫൦-ൽ ആണു് ആവറേജ് അററൻഡൻസ് മൂന്നു് എന്നു് കണ്ടതു്.

ஸ்ரீ. என். கணபதி: நோயாளிகளுக்கு ஆஸ்பத்திரி மிகவும் அவசியமென்று மெம்பருக்குத் தெரியுமா? அப்படியானால் இந்த ஆஸ்பத்திரியை ஏன் எடுக்கவேண்டும்?

ശ്രീ. വി. മാധവൻ: പാപ്പുലേഷൻ കൂടുതലുള്ള സ്ഥലങ്ങളിലാണു ആശുപത്രി സ്ഥാപിക്കുന്നതു്. വളരെ ആളുകൾക്കു ഗുണമുള്ള കാര്യമാണു ഗവൺമെൻറു എപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നതു്. അതുമാത്രമല്ല; അവിടെ കണ്ണൻദേവൻ കമ്പനിയുടെ വകയായി ഒരാശുപത്രിയുള്ളതായി എനിക്കറിയാൻ കഴിഞ്ഞിട്ടുണ്ടു്.

ஸ்ரீ. என். கணபதி: 1950-க்கு முன் தேவிகுளம்-பீரிமேடு ரோடு இல்லாமலிருந்தது. தற்காலம் ஏராளமாக ரோடுகள் வெட்டப்படுகின்றன; ஜனங்கள் சஞ்சரிப்பதற்கு வசதிகள் உண்டு. அதனால் இந்த ஆஸ்பத்திரி அவசியமென்று மெம்பருக்குத் தெரியுமா?

ശ്രീ. വി. മാധവൻ: റോഡു് അടുത്തകാലത്തു ഉണ്ടായിട്ടുള്ളതാണു് ഗതാഗതസൗകര്യമുണ്ടാകുമ്പോൾ കുറച്ചുകൂടി ആളുകൾ അവിടെ താമസമാകുന്നതാണു്. അതെല്ലാം പരിഗണിച്ചു് തീരുമാനം ചെയ്യുന്നതാണു്. ഇതുവരെയും ഗവൺമെൻറു് അതേപ്പററി തീരുമാനമൊന്നുമെടുത്തിട്ടില്ല എന്നു ബഹുമാനപ്പെട്ട മെമ്പറെ ഞാൻ അറിയിച്ചുകൊള്ളുന്നു. ഇതേപ്പററി ഗവൺമെൻറു് ആലോചിക്കുന്നതാണു്.

ஸ்ரீ. கணபதி: இங்குள்ள டாக்டர் இந்த இடத்தில் இல்லாமல் கோட்டயத்தில் இருப்பதினாலும், அதனால் அங்கு அட்டன்டென்ஸ் குறைவு என்றும் ரிப்போர்ட் வந்திருக்கிறதா?

ശ്രീ. വി. മാധവൻ: അതല്ലായിരുന്നു എന്നു ഞാൻ പറഞ്ഞു. പ്രത്യേക കാരണങ്ങൾ വല്ലതുമുണ്ടായിരുന്നോ എന്നുള്ളതിനെപ്പററി അന്വേഷിച്ചില്ല, അതേപ്പററി പ്രത്യേകം ആലോചിച്ചു് തീരുമാനിക്കുന്നതാണു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഉടുമ്പുംചോല ആശുപത്രി സ്ഥാപിച്ചതു് ഏതു വർഷത്തിലാണു്?

ശ്രീ. വി. മാധവൻ: എന്നാണെന്നുള്ള കാര്യം അറിഞ്ഞുകൂടാ. വളരെ മുമ്പുതന്നെ അവിടെ ഒരാശുപത്രിയുണ്ടെന്നു കേട്ടിട്ടുണ്ടു്.

ശ്രീ. പി. എസ്. നടരാജപിള്ള: വളരെ പഴക്കമുള്ള ആശുപത്രിയിൽ ൧൧൨൦-ൽമാത്രം അറ്റൻഡൻസ് മൂന്നായതെന്തുകൊണ്ടാണെന്നുള്ള കാരണം അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: അറ്റൻഡൻസ് മൂന്നു് എന്നുള്ളതു് ആ ആണ്ടിൽ മാത്രമായിരിക്കയില്ല. അതിനു മുമ്പുള്ള അറ്റൻഡൻസ് കൂടി നോക്കി ആവറേജായിരിക്കാം. ഇതു സംബന്ധിച്ചു ഗവണ്മെന്റാലോചിച്ചു് അവസാന തീരുമാനം ൧൧൨൦-ൽ ആയിരിക്കണമെടുത്തിട്ടുള്ളതു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഏതു വർഷത്തിലാണു് ഇതു നിറുത്തണമെന്നു ശുപാർശചെയ്തതു് എന്നറിയാമോ?

ശ്രീ. വി. മാധവൻ: ആവറേജ് അറ്റൻഡൻസ് ഇത്ര മോശമായതു് ൧൧൨൧-ൽ ആണു്.

ശ്രീ. പി. എസ്, നടരാജപിള്ള: നിറുത്തണമെന്നു ൧൧൨൦-ൽ ആണോ മെഡിക്കൽ ഡിപ്പാർട്ടുമെന്റ് ശുപാർശചെയ്തതു്?

ശ്രീ. വി. മാധവൻ: ൧൧൨൧-ൽ ഇതു നിറുത്തിയിട്ടുണ്ടു്. അപ്പോഴും അതിനു മുമ്പായിരിക്കണം ശുപാർശ വന്നിട്ടുള്ളതു്.

ശ്രീ പി. എസ്സ്. നടരാജപിള്ള: പഴയ ആശുപത്രിയിൽ പെട്ടെന്നു അറ്റൻഡൻസ് കുറഞ്ഞുപോകാൻ വല്ല കാരണവുമുണ്ടോ?

ശ്രീ. വി. മാധവൻ: നാട്ടിന്‍പുറത്തുള്ളവർ രോഗമില്ലാത്തവരായതുകൊണ്ടായിരിക്കണം. അവർ കൂടുതൽ ആരോഗ്യമുള്ളവരാണെന്നാണു് വയ്പ്പ്. അതുകൂടാതെ കണ്ണൻ ദേവൻ കമ്പനി വക ഒരാശുപത്രിയും അവിടെയുണ്ടു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: രോഗികൾ അവിടെയില്ലാത്തതുകൊണ്ടാണെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. വി. മാധവൻ: അവിടെയുള്ള രോഗികളെ ചികിത്സിക്കാൻ വേറെ ഒരാശുപത്രിയുണ്ടു്. മാത്രമല്ല അവിടെ രോഗികൾ കൂടുതൽ ഉണ്ടാകുന്ന സ്ഥലവുമില്ല.

ஸ்ரீ. எ. ஸாம்ராஜ்: அங்கே ஸ்டாக் ரிஜிஸ்டர் மெயின்டெயின் செய்யப்பட்டிருக்கிறதா?

ശ്രീ. വി. മാധവൻ: മുമ്പേതന്നെ അതു നിറുത്തിപ്പോയി.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോറ്റി: കണ്ണൻദേവൻ കമ്പനിവക ആശുപത്രിയിൽ എത്ര രോഗികൾ വന്നിട്ടുണ്ടെന്നു നോക്കിയിട്ടുണ്ടോ?

Mr. Speaker: The question is about the closing of Udumpumchola Hospital.

ശ്രീ. പരീതു റാവുത്തർ: ഏതു ഡാക്ടരുടെ കാലത്താണ് ഈ ആശുപത്രി നിറുത്തിയതെന്നറിയാമോ?

ശ്രീ. വി. മാധവൻ: അതിനു പ്രത്യേകം ചോദ്യം അയച്ചിരുന്നെങ്കിൽ വിവരം ശേഖരിച്ച് അറിയിക്കാമായിരുന്നു.

ശ്രീ. പരീതു റാവുത്തർ: ഇപ്പോഴത്തെ മന്ത്രി വന്നതിനുശേഷമാണോ നിറുത്തിയതു്?

ശ്രീ. വി. മാധവൻ: അല്ല.

ശ്രീ. പി. വി. അവിരാതരകൻ: തമിഴ് മലയാളി പ്രക്ഷോഭണം മൂലം തമിഴന്മാരാരും ഈ ആശുപത്രിയിൽ പോകരുതെന്നു നിർദ്ദേശിച്ചിരുന്നതായി അറിയാമോ?

ശ്രീ. വി. മാധവൻ: അറിവില്ല.

ശ്രീ. കെ കരുണാകരൻ: ആശുപത്രിയിൽ അറ്റൻഡൻസ് കുറഞ്ഞതു് ഏതെങ്കിലും ഡാക്ടരുടെ കാലത്താണോ?

ശ്രീ. വി. മാധവൻ: കുറവു സംഭവിച്ചതു് ഏതെങ്കിലും പ്രത്യേക ഡാക്ടരുടെ കാലത്തല്ല. വളരെ ദീർഘകാലത്തെ അറ്റൻഡൻസ് നോക്കിയതിനുശേഷം അങ്ങനെ ഒരാശുപത്രി അവിടെ ആവശ്യമില്ലെന്നു് ഗവണ്മെന്റിനു് ബോദ്ധ്യംവന്നതുകൊണ്ടു് സാധാരണ ചെയ്യാറുള്ള നടപടി ഗവണ്മെന്റ് ചെയ്തു എന്നാണു് ഞാൻ വിചാരിക്കുന്നതു്.

Housing Scheme

*212. [25] **Shri E. Krishnan Nair :** Will the Minister for Local Self Government be pleased to state :

(*a*) whether the Government are in possession of any statistics with regard to the number of landless and houseless persons in the Kottarakkara Taluk ;

(*b*) if so, what is the number in each of the pakuthies of Kottarakkara, Kulakkada and Ezhucone ; and

(*c*) whether the Government have any proposal for putting up buildings in these pakuthies during 1953 to accommodate the houseless under the Government's Housing Scheme ?

Minister for Local Self Government (**Shri K. Kochukuttan**) **:**

(*a*) Certain statements were received by Government in the matter. As Government felt that the lists were not exhaustive and correct they have issued instructions to verify the figures in the lists with the help of non-official committees.

(*b*) This question does not arise.

(c) Government are examining the possibilities of providing the houseless and landless people with house sites under the Settlement Scheme. The Housing Scheme can be implemented only if competent Co-operative Societies come forward to take up the responsibility of repaying the cost of the houses.

Shri E. Krishnan Nair : May I know whether Government have put up any building in the current year ?

Shri K. Kochukuttan : No, Sir.

Shri E. Krishnan Nair : Was it because there were no applications from the landless from any part of the Taluk ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഞാൻ ഇതിനുമുൻപു ഒരു ക്വസ്റ്റ്യന് ഉത്തരം പറഞ്ഞതാണ്. അതായതു് ഇതിനുവേണ്ടി ഉത്തരവാദിത്വം എടുത്തു് വീടുകൾ ഉണ്ടാക്കുന്നതിനുവേണ്ടി കോപ്പറേറ്റീവ് സൊസൈററികൾ മുന്നോട്ടു വരണമെന്നുണ്ട്. അങ്ങനെ മുന്നോട്ടു വരാത്തതുകൊണ്ട് അവിടെയും അതു് ഉണ്ടായിട്ടില്ല.

ശ്രീ. അമ്പാട്ടു ഈശ്വര മേനോൻ: "കോപ്പറേറ്റീവ് സൊസൈററീസ്" എന്നു പറഞ്ഞാൽ എന്താണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: "കോപ്പറേറ്റീവ് സൊസൈററീസ്" എന്നു പറഞ്ഞാൽ സാമ്പത്തികമായ ഒരു നില ആ പരസ്പരസഹായസംഘത്തിനുണ്ടായിരിക്കണം. ഗവണ്മെൻറിൽനിന്നും പണം വാങ്ങി വ്യക്തികൾക്കു കടംകൊടുത്തു് അതു് അവരിൽനിന്നും മടക്കിവാങ്ങി ഗവണ്മെൻറിനെ ഏൽപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം ആ സൊസൈററിക്കുണ്ടെന്നു് ഗവണ്മെൻറിന് ബോദ്ധ്യമുണ്ടായിരിക്കണം. അങ്ങനെയുള്ളതാണ് "കോപ്പറേറ്റീവ് സൊസൈററീസ്" എന്നു പറയുന്നതു്.

WRITTEN ANSWERS

ഗാർഡുകളുടെ ശമ്പളം.

* ൨൯൩. [൨൩] ശ്രീ. പരീതു് റാവുത്തർ:

താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

എക്സൈസ് ഡിപ്പാർട്ടുമെൻറിലെ താഴ്ന്ന ജീവനക്കാരായ ഗാർഡുകൾക്ക് ശമ്പളം കൂട്ടിക്കൊടുക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

ഈ കാര്യം ഗവണ്മെൻറ് പര്യാലോചിച്ചുകൊണ്ടിരിക്കുകയാണ്.

കിസ്ത്.

* ൨൯൪. [൨൧] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) തിരുവിതാംകൂർ—കൊച്ചി അബ്കാരി കൺട്രാക്ടേഴ്സ് അസോസിയേഷൻ നിവേദനപ്രകാരമാണോ അവർക്ക് (കള്ളഷാപ്പ് കൺട്രാക്ടർമാർക്ക്) കിസ്റ്റ് ഇളവുചെയ്തുകൊടുത്തതു്?

(ബി) ഇതുപ്രകാരം എത്രലക്ഷം രൂപ ഗവണ്മെൻറിൽനിന്നും ഇളവു ചെയ്തിട്ടുണ്ട്;

(സി) ഈ ഇളവു ചെയ്യുന്നതിനു എന്തു്മാനദണ്ഡമാണ് ഗവണ്മെൻറ് സ്വീകരിച്ചിട്ടുള്ളതു്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) അതെ.

(ബി) തുക കണക്കാക്കപ്പെടുത്താൻ ഇപ്പോൾ നിവൃത്തിയില്ല. (സി)-യുടെ ഉത്തരം നോക്കുക.

(സി) കഴിഞ്ഞ യാണ്ടത്തെ ലേലത്തുകയിൽനിന്നും ൧൦ ശതമാനമെങ്കിലും കൂടുതലായ തുകയ്ക്കു് ഈയാണ്ടിൽ ഷാപ്പുകൾ ലേലം വിളിക്കേട്ടിട്ടുള്ള കള്ളഷാപ്പ് കൺട്രാക്ടർമാർ, ൧൱൩൰ മാർച്ച് ൧൦-ാം തീയതിയോ അതിനുമുമ്പോ അവരുടെ ഒൻപതു കിസ്റ്റുകളും കുടിശ്ശികയുണ്ടെങ്കിൽ പലിശസഹിതം മുഴുവനായി അടയ്ക്കുന്നപക്ഷം അവർ മുഴുവൻ തുകയും അടച്ചുതായിതന്നെ പരിഗണിക്കുന്നതാണ്. അതായതു് ൧൱൩൰ മാർച്ച് ൧൦-ാംതീയതിക്കുമുമ്പ് ഒൻപതു കിസ്റ്റുകൾ പലിശസഹിതം അടയ്ക്കുന്നപക്ഷം ഒരു കിസ്റ്റ് അവർക്ക് ഇളവുചെയ്തു കിട്ടുന്നതായിരിക്കും.

കോളനൈസേഷൻ പദ്ധതി.

※ ൧൱൩. [൧൬] ശ്രീ. പി. സദാശിവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറിൻെറ കോളനൈസേഷൻ പദ്ധതി ഇപ്പോൾ ഉഭർജ്ജിതത്തിലിരിക്കുകയാണോ;

(ബി) ആണെങ്കിൽ ൧൱൩൨-ൽ എത്ര കോളനികൾ സ്ഥാപിച്ചിട്ടുണ്ട്; എവിടെയെല്ലാം;

(സി) കോളനികളുടെ മേൽനോട്ടത്തിനും, അവയുടെ പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ സംവിധാനം ചെയ്യുന്നതിനും എന്തെങ്കിലും ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) അതെ.

(ബി) കോളനികൾ ഒന്നും സ്ഥാപിച്ചിട്ടില്ല. അതിന് ആവശ്യമായ പ്രാഥമികനടപടികൾ നടത്തിവരികയാണ്.

(സി) കോളനികൾ എല്ലാം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നതു്. കോളനൈസേഷൻ

പദ്ധതിയനുസരിച്ച് ഓരോ സ്ഥലത്തും ഭൂമി നൽകുന്നവരെ അംഗങ്ങളായി ചേർത്ത് ഒരു സഹകരണകോളനി രൂപീകരിക്കുന്നതും, അതിന്റെ സെക്രട്ടറിയായി ഒരു ഗവണ്മെന്റ് ഉദ്യോഗസ്ഥനെ നിയമിക്കുന്നതുമുണ്ട്.

ഡിസ്പെൻസറികൾ.

* ൨൧൬. [൩൪] ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തിൽ എത്ര ഡിസ്പെൻസറികൾ അനുവദിക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ട്;

(ബി) അവ എവിടെയെല്ലാം?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ൧൨ ഡിസ്പെൻസറികൾ തുടങ്ങണമെന്നാണ് ഉദ്ദേശം. കെട്ടിടവും സാമഗ്രികളും നിശ്ചിതതോതിൽ വിട്ടുകിട്ടിയാൽ ഉടനെ ഓരോന്നും തുറക്കപ്പെടുന്നതാണ്.

(ബി)

(൧) അഞ്ചുതെങ്ങ്
(൨) പൂരമറ്റം
(൩) കടമനിട്ട
(൪) വെളിനല്ലൂർ
(൫) പത്തനാപുരം
(൬) പുത്തൻചിറ
(൭) പോത്താനിക്കാട്
(൮) പുത്തൻവേലിക്കര
(൯) ഇലഞ്ഞി
(൧൦) കുമാരപുരം
(൧൧) പുല്ലംപാറ
(൧൨) മുനമ്പം.

UNSTARRED QUESTIONS

വർക്കല ആസ്പത്രി ഡാക്ടരെപ്പറ്റി പരാതി.

൯൫. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ഒന്നാംക്ലാസുമജിസ്ട്രേട്ടുകോടതിയിലെ ലറ്റർ അനുസരിച്ച് വർക്കല ആസ്പത്രിക്കുപോയ വക്കാലത്തുകാരൻ ഒരു വിശ്വനാഥനെ, വർക്കല ഡാക്ടർ ആസ്പത്രിയിൽ പ്രവേശിപ്പിക്കാതെ തിരിച്ചയച്ചതിന്മേൽ ടി വിശ്വനാഥൻ സർജൻ ജനറലിന് വല്ല പരാതികളും അയച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ ;

(സി) വർക്കല ആശുപത്രിയിൽനിന്നും തിരിച്ചയച്ചതിനുശേഷം ടി വിശ്വനാഥൻ സർജൻ ജനറൽ മുഖേന തിരുവനന്തപുരം ജനറലാശുപത്രിയിൽ ഒരു ഇൻപേഷ്യൻറായി പ്രവേശിപ്പിക്കപ്പെട്ടുവെന്നുള്ള കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം.

(എ) നേരിട്ടു പരാതിപ്പെട്ടിട്ടുണ്ട്.

(ബി) പരാതിക്കാരനെ പരിശോധനക്കായി ജനറലാശുപത്രിയിൽ പ്രവേശിപ്പിച്ചു. ഡാക്ടരുടെ പേരിൽ കുററം ഉള്ളതായി തെളിഞ്ഞില്ല.

(സി) ഉണ്ട്. ജനറലാശുപത്രിയിൽ പ്രവേശിപ്പിച്ചതു് വിദഗ്ദ്ധപരിശോധനയ്ക്കു മാത്രമാണ്.

മിഡ്വൈഫ്.

൯൬. [൩] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ തെക്കുംഭാഗത്തു് ഒരു മിഡ്വൈഫ് ആവശ്യമാണെന്നു കാണിച്ചു് നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടികൾ നടത്തി?

ഉത്തരം.

(എ) ഉണ്ട്.

(ബി) അവിടെ ഒരു മിഡ്വൈഫിനെ നിയമിച്ചിട്ടുണ്ട്.

ചവറ ആശുപത്രി.

൯൭. [൪] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ പുതിയ ആശുപത്രി കെട്ടിടത്തിന്റെ പണി എന്നത്തേക്ക് പൂർത്തിയാകും ;

(ബി) രോഗികളെ കിടത്തി ചികിത്സിക്കാൻ തക്ക സൗകര്യമുള്ള വിധത്തിലാണോ അതിന്റെ പ്ലാൻ തയാറാക്കിയതു്?

ഉത്തരം.

(എ) അടുത്തുതന്നെ പണി പൂർത്തിയാകും.

(ബി) അതെ.

Medical College

98. [6] **Shri R. Kesava Pillai :** Will the Minister for Medicine be pleased to state :

(*a*) the total number of students admitted into the Medical College to undergo course in the first year M.B., in the years 1951, and 1952 respectively ;

(*b*) the number of applications received for admission in the year 1951 and 1952 respectively ; and

(*c*) the number passed in the year 1952 ?

Answer

(*a*) 60 in 1951 and 60 in 1952.

(*b*) 636 in 1951 and 415 in 1952.

(*c*) Of the 60 students who were admitted in 1952, 16 students who are chemistry-graduates were exempted from appearing for part I of the 1st M.B.,B.S. Examination. All the other 44 students who appeared for the examination have passed.

Dispensary at Oyur

99. [7] **Shri R. Kesava Pillai :** Will the Minister for Health and Medicine be pleased to state :

When the new dispensary sanctioned at Oyur in Velianalloor Pakuthi will be opened?

Answer

The new dispensary will be opened when the buildings become available for the use of the Medical Department.

Midwives.

100 (8) **Shri A. Kunjan Nadar :** Will the Minister for Public Health be pleased to state :

(*a*) the number of midwives under the Health Unit, Neyyattinkara;

(*b*) the reason why the Health Unit is abolished;

(*c*) the number of midwive's places now abolished in Neyyattinkara taluk and the number transferred with the places of transfer;

(*d*) the number of representations received from the public for retaining the midwives now existing in the taluk and what action is taken on them;

(e) whether any midwife is sanctioned for Kulathoor pakuthy, Neyyattinkara taluk; and

(f) if so, when was it sanctioned and why not appointed till now?

Answer

(a) Seven.

(b) Neyyattinkara Health Unit is more or less a training and demonstration centre of the old type with the disadvantage that it does not attend to the curative side of the health work. It is, therefore, considered necessary to establish primary Health Units of the type envisaged in the Bhore Committee's report giving combined preventive and curative service. Neyyattinkara having a head-quarter hospital has to be developed into a secondary unit when primary units are organised in that taluk. The Health unit is, therefore, abolished and a primary health unit will be opened at Kattakada.

(c) Four. One was transferred to Karunagapally, two to Koothattukulam and one to Kumbalanghi.

(d) Two representations one each from the people of Kodangavila and Kanjiramkulam were received requesting to retain the midwifery centres there. The midwifery centre at Kodangavila is retained. Action is being taken on the question of restoring the same at Kanjiramkulam.

(e) No.

(f) Does not arise in the light of the answer to (e) above.

Waste Lands.

101 (9) **Shri A. Samraj :** Will the Minister for Revenue be pleased to state :

(a) the area of cultivable waste lands leased on Kuthagapattom in the taluks of Thovala, Agastiswaram, Kalkulam and Vilavancode; and

(b) how many landless agricultural labourers of the scheduled castes were given these lands?

Answer

(a) 76.41 acres in Vilavancode Taluk. No cultivable waste land has been leased out in Thovala, Kalkulam and Agastiswaram Taluks.

(b) 14 in Vilavancode Taluk. In the light of the answer to (a) the question does not arise in respect of Thovala, Kalkulam and Agastiswaram Taluks.

Ezhumattur Dispensary.

102 [10] **Shri O. C. Nainan :** Will the Minister for Medicine be pleased to state :

(*a*) how many days the doctor is visiting the dispensary at Ezhumattoor;

(*b*) what is the average number of patients in that dispensary;

(*c*) is there any other dispensary close by; and

(*d*) is it not at a backward area and at a place malaria very often prevails?

Answer

(*a*) Two days in a week.

(*b*) 42 per day.

(*c*) Yes. Mallapally Government Dispensary.

(*d*) Whether the area is backward or not has been investigated. Malaria is not often prevalent here.

Water Tax.

103 (11) **Shri R. Ponnappa Nadar :** Will the Minister for Local Self Government be pleased to state :

(*a*) whether water tax is levied in the extended area of the Nagercoil Town; and

(*b*) whether any protected water supply is given to that area.

Answer

(*a*) Yes.
(*b*) No.

Neriamangalom dispensary.

104 (12) **Shri N. P. Varghese :** Will the Minister for Medicine be pleased to state:

(*a*) whether Government had provided money for building a dispensary at Neriamangalam in the budget for 1124, or 25 or 26;

(*b*) did Government evict five families from their homestead to get a suitable site for the dispensary ;

(*c*) what is the reason for dropping the scheme after evicting hese five families; and

(*d*) was there a proposal for using the Neriamangalam camp shed for the dispensary?

Answer

(*a*) Yes—in the budget of 1124.

(*b*) The site selected is within the Reserve forest. Eight families who were in unauthorised occupation of the site were evicted.

(*c*) Subsequently Government were convinced that there was no necessity for a dispensary at this place.

(*d*) Yes.

കിണർ.

൧൦൫. [൧൫] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി, സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്കിൽ ലോകമലേശ്വരം വില്ലേജിൽ കോവിൽകടവിലെ നിവാസികൾക്കു കുടിക്കാൻ ശുദ്ധജലം കിട്ടുന്നതിനു ഒരു കിണർ കുത്തിക്കിട്ടണമെന്നുകാണിച്ചു് എന്തെങ്കിലും നിവേദനം ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു?

ഉത്തരം

(എ) ഉണ്ടു്.

(ബി) കിണർ കുഴിക്കുന്നതിനുള്ള സംഖ്യ ൧൧൨൫-ലെ ബഡ്ജററിൽ കൊള്ളിക്കുവാൻ തീരുമാനിച്ചിട്ടുണ്ടു്.

കിണർ.

൧൦൬. [൧൬] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുകുന്ദപുരംതാലൂക്കിൽ പടിയൂർവില്ലേജിൽ ഒലിയപ്പുറത്തുള്ള നിവാസികളുടെ ഉപയോഗത്തിനു ഒരു കിണർ കുഴിപ്പിച്ചുകിട്ടണമെന്നു കാണിച്ചു് അവിടെനിന്നും എന്തെങ്കിലും നിവേദനം ഗവണ്മെൻറിലേക്കു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവിടെ ഒരു കിണർ കുഴിപ്പിക്കുന്നതിനു എന്തെങ്കിലും നടപടിയെടുത്തിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ടു്.

(ബി) ഇല്ല.

പുറംപോക്കുസ്ഥലം.

൧൦൭. [൧൭] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭൂനികുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ റൂറൽ വ്യവസായവാണിജ്യ പരസ്പരസഹായ സംഘത്തിനു് ഒരാഫീസ്കെട്ടിടം ഉണ്ടാക്കുന്നതിലേക്കു് ലോകമലേശ്വരം വില്ലേജിൽ സർവ്വേ ൩൩൦/൯.൦൦ നമ്പരായി കിടക്കുന്ന ഒരു സെന്റ് പുറമ്പോക്കുസ്ഥലം പതിച്ചുകിട്ടണമെന്നു കാണിച്ചു് എന്തെങ്കിലും അപേക്ഷ സംഘത്തിൽനിന്നു ഗവണ്മെന്റിലേക്കു് കിട്ടിയിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

Water Supply in Towns.

108 (18) **Shri O. C. Ninan :** Will the Minister for Local Self-Government be pleased to state :

(*a*) In what all towns there are arrangement for water supply;

(*b*) Is the Government aware that there is difficulty for pure water in Thiruvalla town ;

(*c*) Is the Government or the Municipality doing anything for supply of pure water in the Thiruvalla Town ;

(*d*) Is the Mazhuvangadi tank kept in repair ; is the water in the tank fit for drinking purposes;

(*e*) Will the Government direct the Thiruvalla Municipality to improve the tank and keep the water in the tank fit for drinking purposes ;

Answer.

(*a*) Trivandrum, Nagercoil, Alleppey, Shencottah, Muttom, Ernakulam, Trichur, Mattancherry, Nemmara and Ayaloor.

(*b*) Yes.

(*c*) The question of taking up a scheme for the supply of drinking water to Thiruvalla is under consideration.

(*d*) Yes.

(*e*) Does not arise.

New Hospital.

109 (19) **Shri M. V. Cheriyan :** Will the Minister for Medicine and Public Health be pleased to state :

(*a*) the number of new hospitals constructed at Government expense in the last 3 years;

(*b*) the names of hospitals and wards for which timber was supplied from the Government at the following rates (i) free of cost (ii) Seigniorage rate (iii) tariff rate.

Answer

(*a*) Three.

(*b*) *Free Of cost.*

1. *Government Hospital, Parur*—construction of operation theatre and X-ray Ward by the Rotary club.

2. *Mission Leprosy Hospital, Shertallay*—Construction of additional wards.

3. *Government Hospital, Kanjirapally*—Construction of operation theatre by Sri K. Gopinatha Pillai.

4. *District Hospital, Kottayam*—Construction of payward by Pottenkulam family.

(ii) *Seigniorage rate plus working charges.*

1. *Government Hospital, Thiruvalla*—Construction of payward by Sri N. C. Chacko.

(iii) *Tariff rate.* Nil.

கண்ணன்தேவன் கம்பெனி

110 [20] ஸ்ரீ, எஸ். ஜி, தேவியப்பன்: கீழ் காணும் வினுக்களுக்கு பஞ்சாயத்து மந்திரி அவர்கள் விடை பகர்வார்களாக:

தேவிகுளம் தாலுக்கில், கண்ணன்தேவன் கம்பெனி கன்ஸஷன்ஏரியாவில் ஏர்ப்படுத்த வேண்டிய பஞ்சாயத்து போர்டு விஷயம் என்னவாயிற்று?

பதில்

ஒரு பஞ்சாயத்து ஏர்ப்படுத்தும் பிரச்னை தற்காலம் கைவிடப்பட்டிருக்கிறது.

സഹകരണസംഘം ഇൻസ്പെക്ടർ.

൧൧൧. [൨൨] ശ്രീ. കൊച്ചുകുഞ്ഞു്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) പിന്നാക്കസമുദായ സംരക്ഷണഡിപ്പാർട്ടുമെന്റിൽ എത്ര സഹകരണസംഘം ഇൻസ്പെക്ടറന്മാരുണ്ടു്?

(ബി) അവരുടെ ജോലിസ്ഥലം എവിടെയെല്ലാം;

(സി) ൧൯൫൦ മുതൽ അവർമുഖേന എത്ര സഹകരണസംഘങ്ങൾ പട്ടികജാതിക്കാർക്കുവേണ്ടി രജിസ്റ്റർചെയ്തു കൊടുത്തിട്ടുണ്ടു്?

ഉത്തരം

(എ) രണ്ടു്.

(ബി) ഒരാൾക്കു് തിരുവനന്തപുരം കൊല്ലം എന്നീ ഡിസ്ട്രിക്ടുകളിലും മറ്റെയാൾക്കു് കോട്ടയം തൃശ്ശൂർ എന്നീ ഡിസ്ട്രിക്ടുകളിലും.

(സി) ൨൨.

Adult Education

112 [26] **Shri O. C. Nainan :** Will the Minister for Local Self Government be pleased to state:

(*a*) what are the places where schools for adult education have been sanctioned by the Government in 1952;

(*b*) what is the amount spent for the same in 1952;

(*c*) is there any private agency engaged in this work; what are those agencies; and

(*d*) whether any grant was given in 1952 for this purpose; if so to what all agencies with the amount given?

Answer

(*a*) The places are given below:

1. Champakulam
2. Thazhakara
3. Eraviperoor
4. Nedumkunnam
5. Enathumangalam
6. Muthukulam
7. Kadapra
8. Veeyapuram
9. Muttathurai
10. Pulinkunnam
11. Kaviyoor
12. Anikade
13. Valvechagoshtam
14. Thirupuram
15. Cheruthana
16. Thrikkunnapuzha
17. Attipra
18. Kandalloor
19. Panmana
20. Keezhvaipur
21. Thiruvallam
22. Mavelikara
23. Kazhaikootam
24. Sooranadu
25. Ottasekharamangalam

26. Omalloor
27. Adoor
28. Vadakkekara
29. Pangapara
30. Madapally
31. Olathanni
32. Pallikal
33. Melthonnakal
34. Changanacherry
35. Thazhakara
36. Vallikode
37. Ala
38. Krishnapuram
39. Manikel
40. Vazhoor

(*b*) the amount spent during 1951-52 is Rs. 14,443-1-0.

(*c*) No.

(*d*) No.

Harijan Colony.

113. (27) **Shri E. Krishnan Nair :** Will the Minister for Local Self-Government be pleased to state :

(*a*) what is the total extent of land given to the Harijan colony at Kulakkada ;

(*b*) the number of families that reside in the colony ;

(*c*) how the land is distributed among the families—whether equally or in proportion to the number of inmates of the families;

(*d*) the maximum extent of land that is allotted to a family and the minimum ; and

(*e*) whether there has been any complaint from any of the residents of the colony that there is attempt going on to evict them from the colony?

Answer

(*a*) 35 acres.

(*b*) fifty families.

(*c*) & (*d*) The land was distributed at the rate 70 cents approximately.

(*e*) No.

Pathanamthitta Municipality

114 (28) **Shri P. S. Vasudevan Pillai :** Will the Minister for Local Self Government be pleased to state :

(*a*) whether representations have been received to constitute a municipality in Pathanamthitta ; and

(*b*) if so, whether any final orders have been passed on the same ?

Answer

(*a*) *Yes, from certain inhabitants of the place.

(*b*) The request has been declined as there is no scope for starting a municipality in the place.

തൂപ്പുകാരുടെ ശമ്പളം.

൧൧൫. (൨൯) ശ്രീ. പരീതു റാവുത്തർ : താഴെകാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ടതാലൂക്കിലുള്ള നോൺമുനിസിപ്പൽ ടൗണുകളിലെ തൂപ്പുകാരുടെ ശമ്പളം വെട്ടിക്കുറച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്തു് ;

(സി) പൊതുവെ ശമ്പളം പരിഷ്കാരം ചെയ്തുവരുന്ന ഈ കാലയളവിൽ സാധുക്കളായ തൂപ്പുകാരുടെ ശമ്പളം കുറയ്ക്കുന്നതിനു് വല്ല പ്രത്യേക കാരണവുമുണ്ടോ ;

(ഡി) ഇവരുടെ ശമ്പളം കൂട്ടിക്കൊടുക്കുവാൻ ഗവണ്മെന്റു് വിചാരിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ടു്. മുഴുവൻ സമയവും ജോലി ചെയ്തുകൊണ്ടിരുന്ന തൂപ്പുകാരെ ഏതാനുംസമയം മാത്രം ജോലി ചെയ്യുന്നവരാക്കിയതുമൂലം.

(ബി) വ്യയന്യൂനീകരണം.

(സി) ബി വിഭാഗത്തിനു നൽകിയ ഉത്തരത്തിൽ കുറിച്ചു് പ്രത്യേക കാരണമൊന്നുമില്ല. തൂപ്പുജോലിക്കു് ഏതാനും സമയംമാത്രം ജോലി ചെയ്യുന്നവർ മതിയാകുമെന്നു് ഗവണ്മെന്റു് കരുതുന്നു.

(ഡി) ൧൪ രൂപയായി നിശ്ചയിച്ചിരുന്ന ശമ്പളം ഇപ്പോൾ ൨൦ രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ടു്.

പുതിയ ഡിസ്പെൻസറികൾ.

൧൧൬. [൩൦] ശ്രീ. പരീതു റാവുത്തർ : താഴെകാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൧൨൮-ൽ പുതിയതായി തിരുവിതാംകൂർ-കൊച്ചിയിൽ എത്ര ഡിസ്പെൻസറികൾ സ്ഥാപിക്കാൻ ഗവമ്മെന്റ് ഉദ്ദേശിക്കുന്നു;

(ബി) പത്തനംതിട്ടതാലൂക്കിൽ വയലത്തല ഒരു ഡിസ്പെൻസറി സ്ഥാപിച്ചുകൊടുക്കുന്നതിന് പ്രസ്തുത സ്ഥലവാസികളുടെ ഒരു അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിലേക്ക് എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ?

ഉത്തരം

(എ) ൧൦.

(ബി) ഉണ്ട്.

(സി) കടമനിട്ട എന്ന സ്ഥലത്താണ് ഡിസ്പെൻസറി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്. വയലത്തലയെക്കാൾ കൂടുതൽ ആവശ്യം കടമനിട്ടയാണ്.

ഓപ്പറേഷൻ തീയേററർ.

൧൧൭. [൯൨] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പറവൂർ ആശുപത്രിയിലെ ഓപ്പറേഷൻ തിയേറററിന്റെ പണി തീർന്നുകഴിഞ്ഞിട്ടെത്രനാളായി; തീയേറററിനാവശ്യമായ സാമഗ്രികൾ എന്നത്തേക്ക് സപ്ലൈചെയ്യും;

(ബി) എക്സ്റേ വാർഡിനും, ഓപ്പറേഷൻ തീയേറററിനുംകൂടി ആകെ എന്തു ചിലവായിട്ടുണ്ട്; ഇതിൽ ഗവമ്മെന്റിൽനിന്നും എന്തു തുക ചിലവാക്കിയിട്ടുണ്ട്?

ഉത്തരം

(എ) രണ്ടരമാസത്തോളമായി. സാമഗ്രികൾ കഴിയുന്നതും വേഗം സപ്ലൈ ചെയ്യുവാൻ വേണ്ട ശ്രമങ്ങൾ ചെയ്യുന്നുണ്ട്.

(ബി) പറവൂർ റോട്ടറിക്ലബ് ആണ് പണി നടത്തുന്നത്. ൯൦,൦൦൦ രൂപ ഇപ്പോൾ ചിലവായിട്ടുണ്ടെന്നാണറിയുന്നത്. കെട്ടിടം പണിക്കാവശ്യമായ തടി മാത്രം ഗവമ്മെന്റ് വിലകൂടാതെ കൊടുത്തിട്ടുണ്ട്.

ഭവനനിർമ്മാണം.

൧൧൮. [൯൪] ശ്രീ. കുഞ്ഞിതൊമ്മൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണപദ്ധതിയനുസരിച്ച് എത്ര വീടുകൾ ഇതുവരെ ണ്ടിൽ പണികഴിപ്പിച്ചിട്ടുണ്ട്;

[ശ്രീ. കുഞ്ഞിതൊമ്മൻ]

(ബി) ഉണ്ടെങ്കിൽ അവ ഏതെല്ലാം സ്ഥലങ്ങളിൽ;

(സി) കുന്നത്തുനാട്ടുതാലൂക്കിൽ കോതകുളങ്ങര, മഞ്ഞപ്ര എന്നീ വില്ലേജുകളിൽ ഈ സ്കീം അനുസരിച്ച് ഏതെങ്കിലും വീടുകൾ പണികഴിപ്പിച്ചുകൊടുത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഉടനെ വീടുകൾ കെട്ടിക്കൊടുക്കുവാൻ വേണ്ട നടപടി നടത്തുമോ?

ഉത്തരം

(എ) ഈയാണ്ടിൽ ൧൪൦ വീടുകൾ പൂർത്തിയാകുമെന്ന് വിശ്വസിക്കുന്നു.

(ബി)	കുളച്ചൽ	൩൬.	ചിടങ്ങൂർ	൧൮.
	ഏനായം	൧൦.	വൈക്കം	൧൦.
	വള്ളക്കടവ്	൭.	തേവര	൧൪.
	പള്ളം	൧൭.	ഇരിങ്ങാലക്കുട	൩൨.

(സി) ഇല്ല.

(ഡി) വേണ്ട നടപടികൾ നടത്തുന്നതാണ്.

THE TRAVANCORE COCHIN APPROPRIATION (No. 1) BILL, 1953.

Mr. Speaker : The time for interpellations is over. We will now proceed with Legislative business. Introduction and further stages of The Travancore-Cochin Appropriation (No. 1) Bill, 1953.

12 Noon

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): Sir, I beg to introduce the Travancore-Cochin Appropriation (No. 1) Bill, 1953.

Chief Minister (**Shri A. J. John**): I second the motion.

Mr. Speaker : The Bill stands introduced.

Shri Panampilli Govinda Menon : I move that the Bill be taken into consideration at once.

ഈ സഭയിൽ രണ്ടുദിവസം മുമ്പ് പാസ്സാക്കിയ സപ്ലിമെന്ററി ഗ്രാന്റ്സിന് അപ്രോപ്രിയേഷൻ ആക്റ്റുപ്രകാരം നിയമസാധുത ഉണ്ടാക്കുകയെന്നുള്ളതാണ് ഇതിന്റെ ഉദ്ദേശം. അതു സഭ പാസ്സാക്കിത്തരണമെന്നു സഭയോട് ഞാനപേക്ഷിക്കുന്നു.

Shri A. J. John : I second it.

The motion that the Bill be taken into consideration was put and carried.

Clauses 2 and 3.

The question that Clauses 2 and 3 stand part of the Bill was put and carried.

The Clauses were added to the Bill.

Schedule

The question that the Schedule stand part of the Bill was put and carried.

The Schedule was added to the Bill.

Clause I

The question that Clause I stand part of the Bill was put and carried.

The Clause was added to the Bill.

Preamble and Title.

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

Shri Panampilli Govinda Menon : Sir, I move that the Bill be passed.

Shri A. J. John : I second the motion.

The question that the Travancore-Cochin Appropriation (No. 1) Bill, 1953, be passed was put and carried.

The Bill was passed.

THE TRAVANCORE-COCHIN APPROPRIATION (No. 2) BILL, 1953.

Shri Panampilli Govinda Menon : Sir, I beg to introduce the Travancore-Cochin Appropriation (No. 2) Bill, 1953.

Shri A. J. John : I second the motion.

Mr. Speaker : The Bill stands introduced.

Shri Panampilli Govinda Menon : I move that the Bill be taken into consideration at once.

ഇതു് ഒരു രൂപയുടെ ഒരു പിശകു്, പെൻഷൻ ഗ്രാററിവിററി എന്ന ഇനത്തിൽ നിക്ഷേപത്തിനെ റെഗുലറൈസ് ചെയ്യുന്നതിനു് ഈ സഭ അനുവദിച്ചതനുസരിച്ചു കൊണ്ടുവരുന്ന ബില്ലാണു്.

Shri A. J. John : I second the motion.

The motion that the Bill be taken into consideration was put and carried.

Clause 2

The question that Clause 2 stand part of the Bill was put and carried.

The Clause was added to the Bill.

Schedule.

The question that the Schedule stand part of the Bill was put and carried.

The Schedule was added to the Bill.

Clause 1

The question that Clause 1 stand part of the Bill was put and carried.

The Clause was added to the Bill.

Preamble and Title

The question that the Preamble and Title stand part of the Bill was put and carried.

The Preamble and Title were added to the Bill.

Shri Panampilli Govinda Menon : Sir, I move that the Bill be finally passed.

Shri A. J. John : I second the motion.

The question that the Travancore-Cochin Appropriation (No. 2) Bill, 1953 be passed, was put and carried.

The Bill was passed.

THE TRAVANCORE-COCHIN PUBLIC SERVICE COMMISSION (CONSULTATION) REGULATIONS 1952.

Mr. Speaker : We shall now proceed with the consideration of the amendments to the Travancore-Cochin Public Service Commission (Consultation) Regulations, 1952.

Shri M. M. Abdul Khader : Sir, I rise to a point of order. Article 320 (5) of the Constitution reads thus:

> "All regulations made under the proviso to Clause (3) by the President or the Governor or Rajpramukh of a State shall be laid for not less than fourteen days before

each House of Parliament or the House or each House of the Legislature of the State, as the case may be, as soon as possible, after they are made, and shall be subject to such modifications, whether by way of repeal or amendment, as both Houses of Parliament or the House or both Houses of the Legislature of the State may make during the session in which they are so laid."

The Regulations made under proviso to Clause (3) of Article 320 have been laid before this House only on the 26th February 1953 which means that they have not been before the House for 14 days as contemplated by Clause (5) of Article 320. Therefore, I submit that discussion on the Regulations before Clause (5) has been complied with, would not be in order. Alternatively also, even assuming that we discuss it to day, the matter would be closed to day itself which would also mean that it has not been before the House for 14 days, at any rate, even including the day for discussion. The provision in clause (5) is mandatory and non-compliance of the Clause could be impugned in a court of law. Therefore, I submit that it cannot be discussed by the House to day and such a procedure would not be in order.

Mr. Speaker : What has the Chief Minister to say ?

Shri A. J. John : I have no objection to postpone the discussion.

Shri P. S. Nataraja Pillai : The wording of the Article is "All Regulations made under the proviso........shall be laid not less than fourteen days before each House...." So, on the 15th day the jurisdiction ceases. The jurisdiction of the House over the Regulation extends only for 14 days from the date it is placed before the House. Till the 14th day it has jurisdiction. As I understand, that is what is meant. After the 14th day it is not subject to modification by the House.

Shri E. P. Varghese : Suppose we dispose of it to day. Then how will we be able to satisfy the condition "......shall be laid for not less than fourteen days" ?

Shri P. S. Nataraja Pillai : An Ordinance passed by the Rajpramukh is laid before the House and shall be valid for fourteen days. The Ordinance of the Rajpramukh will have validity till six weeks. In the same manner the Regulation is placed before the House for 14 days. After the 14th day the House will not have access to the Regulation. It will be outside the purview of the Legislature to deal with it on the 15th day. If any modification, alteration or repeal

[Shri P. S. Nataraja Pillai]

is to be done it must be done within 15 days. If that point is accepted the argument raised by the hon. Member for Alangad will not stand. After the 14th day the Regulation will not be before the House for discussion. It can be included in the agenda only by a notice within 14 days. I think that is the real purport of the wording. Therefore, there is absolutely nothing wrong in giving notice for amending or repealing a Regulation like this when it is placed for consideration by the House. I think the House is entitled to deal with it within 14 days.

Shri E. P. Varghese : I may make a few observations regarding the point of order. The hon. Member for Trivandrum was saying that the matter should be disposed of within 14 days. The words are "....shall be laid for not less than fourteen days". I do not think, if we read the whole article it is capable of such an interpretation. What the Article says is "....shall be laid for not less than fourteen days before each House of Parliament or the House of the Legislature of the State......and shall be subject to such modifications etc. both Houses of the Legislature of the State may make during the session in which they are so laid." So amendments may be made *during the session* in which they are so laid. So, we can discuss the whole thing even after the fourteenth day. The point that we have no jurisdiction after the fourteenth day is not correct. There should be time to give amendments. Members send up amendments at least two days before, that is, on the 12th or 11th day. If it is taken up for discussion before it is in the House for 14 days, time to send up amendments will be curtailed. The chance of giving amendments will be lost. The Chief Minister having said that there is no objection in postponing the consideration, I do not think we should insist on considering the Regulation to day itself. I do not think the Member for Trivandrum is correct in giving such an interpretation. The wording is "....shall be laid for not less than fourteen days...." It does not mean that it shall not be placed for more than 14 days. As I pointed out, the last words in the Section "....during the session in which they are so laid" are more important. So, I think it will be better to discuss it 14 days after it has been placed before the House. The reference to the analogy of the Ordinance too is not correct. It is not stated in the provision regarding Ordinances that an Ordinance shall be laid before the House for any particular number of days. It is only stated that the Ordinance shall cease to be in force if the House does not enact it into a law within 6 weeks of the meeting of the Legislature. I do not object to the consideration of the matter today. But as the point of order is raised we cannot but follow the provision in the Constitution.

Shri Panampilli Govinda Menon: The provisions in Article 320 (3) and (5) may be read together and understood. That is my submission. The proviso to Article 320 (3) says that in the first instance, the Rajpramukh will have powers to make Regulations for which it shall not be necessary for a Public Service Commission to be consulted. Article 320 (5) says that the decision of the Rajpramukh is not final in these matters and that the Legislature should be given the opportunity either to modify, repeal or amend the Regulations. The laying on the Table of the House is for that purpose. So, for a period of 14 days it shall be there. That provision means that any Member of the House may move amendments within that period. If, within that period the amendment is not moved, the Regulation made by the Rajpramukh becomes absolute and, as a matter of fact, this cannot be amended by the Legislature.

Now, Sir, on the first day of the Session, the Leader of the House presented the Regulation made by the Rajpramukh in this behalf. You, Sir, after consulting various sections of the House decided that the discussion shall be on a particular day. The House decided that the amendment for discussion shall come up for discussion on a particular day.

Shri A. Thanu Pillai: No.

Shri Panampilli Govinda Menon: That is what I understood. Even if the discussions are over, the only substantial point of order that the Member for Alwaye could raise is that every Member of the House should have enough notice to give amendments and make motions regarding the Regulations now before the House. But there is no substantial question involved in the Point of Order now before the House. It is only a question of procedure. Even if the House discusses the motion, for technical purposes the Regulation will be continued to be laid on the Table of the House. The question is when it shall be discussed.

Shri E. P. Varghese: It can be discussed tomorrow or the day after.

Shri Panampilli Govinda Menon: If it is convenient to the House to discuss it today, there is nothing under the Constitution which stands violated.

Shri T. K. Krishnan: Sir, it is a very mandatory provision that is given in the Constitution regarding this matter. We must have 14 days and unless that time is given, consideration of the question will be very premature. So, we are not competent to discuss it today.

Shri A. Thanu Pillai: Clause (5) of Article 320 to me appears to make it obligatory that these Regulations should be laid for not less than 14 days before this House. That expression may be capable of two interpretations. It may be that all that is to be done in connection with the Regulations will be completed within the period, or that the Regulations will be laid before the House for not less than 14 days so that the Members may have enough opportunity to deal with them after that. Now, the wording is "shall be laid for not less than 14 days". It does not limit the period by saying "it shall be laid for 14 days." That is obligatory. Now, taking those words into account, what is the interpretation we should place upon that? And, in that connection, I would also request the House to consider the closing words of the Clause: "and shall be subject to such modifications, whether by way of repeal or amendment, as both House of Parliament or the House or both Houses of the Legislature of the State may make during the session in which they are so laid." So, the Regulation should be before the House not less than 14 days and changes may be made during the session in which the Regulations are placed before the House. Why should we put a narrow interpretation? A member of my party has given notice of amendments. Whether those amendments can be considered today or on a later occasion, is purely a matter of procedure and I think every member here ought to express what he genuinely feels as the proper interpretation of this provision. Now, Sir, suppose somebody else brings forward an amendment during the 14 days. That amendment will have to be considered even though there may be nothing technically or procedurally wrong in our considering these amendments today. A further necessity may arise for considering other amendments becaue the Regulations should be before the House at least for 14 days, and if there is time for considering those amendments during this session, certainly, those amendments will have to be considered. Anyway, Sir, I do not want to be dogmatic on this. You have the right to decide how long these Regulations should be before the House,-only the period should not be shorter than 14 days. You may fix any period not shorter than 14 days. If amendments are given notice of before that, to me it appears that those amendments will have to be discussed, particularly in view of the words "during the session in which they are so laid." There is nohing in it obligatory. The consideration of the amendments should be within the period fixed by you, or not later than 14 days. Therefore, Sir, from a practical point of view, I should think that if the House or any section of the

House, even if a single member wants further time for the consideration of further amendments, further opportunity should be given to give notice of amendments. That position will have to be adopted.

Shri Panampilli Govinda Menon: That is why I said that it was a matter of convenience. That is to say, if the House thinks that there has not been sufficient notice, then it is a different matter. The matter for this House to see is whether it can be discussed today or not.

ശ്രീ. ടി. കെ. ദിവാകരൻ: പബ്ലിക്ക് സർവ്വീസ് കമ്മീഷൻ റഗുലേഷനെ സംബന്ധിച്ചിടത്തോളമുള്ള ഭേദഗതികൾ ഇത്ര ദിവസത്തിനകം അയച്ചിരിക്കണമെന്ന് ഒരു നിബന്ധനയുമില്ല. ൧൪ ദിവസത്തിനകം അയയ്ക്കുന്ന ഭേദഗതികൾ മാത്രമെ സ്വീകരിക്കയുള്ളു എന്നും തീരുമാനിക്കാവുന്നതല്ല. ഈ സെഷനിൽ ഈ റഗുലേഷനെപ്പററി ഡിസ്കഷൻ ചെയ്യാനുള്ള തീയതി ബഹുമാനപ്പെട്ട സ്പീക്കർ നിശ്ചയിക്കയും അതിനു നിശ്ചയിക്കുന്ന തീയതിക്കു മുൻപ് ഇത്ര ദിവസത്തിനകം ഭേദഗതികൾ അയക്കേണ്ടതാണെന്നു വ്യവസ്ഥ ചെയ്യുകയുമാണ് വേണ്ടതു്. അതല്ലാതെ ൧൪ ദിവസത്തിനകം തന്നെ ഭേദഗതികൾ അയച്ചിരിക്കണമെന്നും അല്ലാത്തവ സ്വീകരിക്കയില്ലെന്നും പറയുന്നതു ശരിയാണെന്നു തോന്നുന്നില്ല. ൧൪ ദിവസം ഏററവും കുറഞ്ഞതു് ഹൌസിന്റെ മുൻപാകെ ഉണ്ടായിരിക്കണമെന്നാണ് വ്യവസ്ഥയുള്ളതു്. അതിനു ശേഷവും ഭേദഗതി അയക്കാം.

ശ്രീ. ആർ. കേശവപിള്ള: സർ, ആർട്ടിക്കിൾ ൩൨൦ (൫) അനുസരിച്ചു പതിനാലു ദിവസത്തിൽ കുറഞ്ഞ ഒരു സെഷൻ ഉണ്ടെങ്കിൽ ഈ റഗുലേഷൻ അവിടെ പ്രതിപാദിക്കാൻ സാധിക്കുമോ എന്നുള്ള ഒരു സംശയമാണ് ഇവിടെ ഉള്ളതു്. അതായതു്, പതിനാലു ദിവസത്തിനു പകരം പന്ത്രണ്ടു ദിവസമെ ഉള്ളു എങ്കിൽ ഈ ഭേദഗതിയെപ്പററി ചർച്ച ചെയ്യാനുള്ള സൗകര്യം കിട്ടുമോ എന്നുള്ള കാര്യമാണ് എന്റെ സംശയം. ഈ ആർട്ടിക്കിളിനെ സംബന്ധിച്ചിടത്തോളം ഭേദഗതികൾ അവതരിപ്പിക്കുന്നതിനെപ്പററി ഇങ്ങനെയുള്ള ഒരു ഇന്റർപ്രട്ടേഷന് വിധേയമാകയില്ലേ എന്നുള്ള കാര്യം വളരെ ഗൗരവമായിട്ടു ചിന്തിക്കേണ്ടതാണ്. ഈ ആർട്ടിക്കിളിനെ ശരിയായി പരിശോധിക്കുന്നപക്ഷം അതായതു്; ഞാൻ ഇവിടെ വായിക്കാം, "it shall be laid before the House for not less than 14 days" ഇതനുസരിച്ചു് ഒരു ഇംപറേററീവായിട്ടുള്ള പ്രൊവിഷൻ ആണെന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എ. താണുപിള്ള: പതിനാലുദിവസമെങ്കിലും ഇല്ലാത്ത ഒരു സെഷനിൽ ഇവയെപ്പററിയുള്ള ഭേദഗതികൾ കൊണ്ടുവരാമെന്ന് എവിടെ പറഞ്ഞിരിക്കുന്നു?

Shri R. Kesava Pillai: "For not less than 14 days" by which a minimum period of 14 days is meant. If it is one day less, it is not going before the House.

Shri A. Thanu Pillai: Why should we presume that Government is not intelligent enough to extend the session in which this is placed before the House?

Shri Nedumangad R. Kesavan Nair: Sir, I have to make one suggestion. Sub-section 5 of Article 320 enjoins the regulations being placed before the House for a particular period, that is for a period of not less than fourteen days. Obviously that sub-section is intended to enable the members to study the regulations and to send in amendments to be discussed on the floor of this House. Nowhere has it been stated in Article 320, Sub Section (5), that the regulations should be laid on the table of this House. The regulations have to be placed before this House. I want to invite the attention of this House to this particular point that the word "placing on the table" has not been mentioned in Article 320 (5). On a perusal of the regulations, I find that these were published in the Gazette dated 6-1-53. Copies of these have also been circulated among hon. Members. I got a copy on the 7th of last month. At any rate nearly a month has elapsed since we got it. hon. Members might have seen the regulations published in the Government Gazette. hon. Members of this House are all getting Gazettes, I think, and the regulations were published in the Gazette dated 6—1—1953.

Shri A. Thanu Pillai: Does not the Superintendent of the Government Press get it even earlier?

Shri Nedumangad R. Kesavan Nair: With great respect to the hon. Member, I would like to tell that this question does not arise at present. At any rate every hon. Member must have got a copy of the regulations. Obviously the 14 days are intended for study if the regulations by hon. Members. It is a reasonable period within which every Member may study and send in his amendments. There must definitely be 14 days before it comes up for discussion before the Assembly. Nowhere is it stated that full clear 14 days' notice should be given before the regulations are taken up for discussion. According to me, the correct interpretation of sub-clause (5) of Article 320 is that members should be enabled to have previous intimation so that they may be prepared for the discussion.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഈ അസംബ്ലിയിലെ മെംബ്ര ന്മാർ, വിശേഷിച്ചും ട്രഷറി ബെഞ്ചുകളിലിരിക്കുന്ന ബഹുമാന്യമെംബ്ര ന്മാർ, ഈ റഗുലേഷനെ പരിശോധിച്ചു സംസാരിക്കുമ്പോൾ പ്രെസ്റ്റീജിന്റെ പേരിൽ

Mr. Speaker: It is, matter for the Speaker to decide.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇതിനെ എതിർത്തു സംസാരിച്ച ചില മാന്യന്മാർ ഏതോ പ്രെസ്റ്റിജിന്റെ പേരിൽ സംസാരിക്കുന്നതുപോലെ തോന്നി.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആരാണെതിർത്തു സംസാരിച്ചതു്?

ശ്രീ. എ. ജെ. ജോൺ: ഞാൻ പറഞ്ഞതു വേണമെങ്കിൽ ഏതെങ്കിലും ദിവസത്തേക്കു ഡിസ്കഷൻ മാററുന്നതിനും സമ്മതമാണെന്നാണു്. അതല്ല ഇന്നു വേണമെങ്കിലും വിരോധമില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ശ്രീ. കേശവൻനായർ പറഞ്ഞതിനെപ്പററിയാണു് ഞാൻ പറയുന്നതു്.

Mr. Speaker : You please say something that will be helpful to the Speaker to give a ruling.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: സർ, ഞാൻ എതിർത്തല്ല സംസാരിച്ചതു്. ഇവിടെ ഉന്നയിക്കപ്പെട്ട പോയിന്റ് ആഫ് ആർഡറിനെപ്പററി എനിക്കു തോന്നിയ ചില നിയമവശങ്ങൾ ഞാൻ പറഞ്ഞു എന്നേയുള്ളു.

ശ്രീ. എൻ. രാഘവക്കുറുപ്പ്: സർ, ഭരണഘടന ആക്ററ ൩൨൦-ാം വകുപ്പുപ്രകാരം റഗുലേഷന്റെ കാപ്പി പതിനാലുദിവസമെങ്കിലും കൗൺസിലിന്റെ മുമ്പാകെ സമർപ്പിച്ചിരിക്കണമെന്നു പറയുന്നതു് അതേപ്പററി മെംബറന്മാർക്കു പഠിക്കുവാനും ഭേദഗതികളുണ്ടെങ്കിൽ അയക്കുവാനും ഉള്ള സൗകര്യത്തെ ഉദ്ദേശിച്ചുമാത്രമായിരിക്കണം എന്നു പറയുന്നതു് സ്വീകാര്യമല്ലാ. ഭരണഘടനാ നിയമം നമുക്കു ഭേദഗതി ചെയ്യാവുന്നതല്ല. ഈ കാൺസ്റ്റിറ്റ്യൂഷൻ ആക്ററിൽ എഴുതിയിരിക്കുന്ന സംഗതികൾ അതേപടി അനുസരിക്കുക എന്നുള്ളതു മാത്രമേ നമുക്കു കർത്തവ്യമായുള്ളു. മെംബറന്മാർക്കു് പഠിക്കണമെന്നുള്ള ഉദ്ദേശത്തോടു കൂടിയാണു് പതിനാലു ദിവസമെന്നു പറഞ്ഞിരിക്കുന്നതെങ്കിൽ, അതായിരുന്നു ഈ ഭരണഘടന ഡ്രാഫ്റ്റ് ചെയ്തവരുടെ ഉദ്ദേശമെങ്കിൽ, ആ സംഗതിമാത്രം ഭരണഘടനാ നിയമത്തിൽ രേഖപ്പെടുത്തിയാൽ മതിയാകുമായിരുന്നു. ഇതിൽ ഉപയോഗിച്ചിരിക്കുന്ന വാക്കുകൾ "It shall be laid for not less than 14 days before the House of the Legislature" എന്നാണു്. ഹൗസ് ആഫ് ലജിസ്ലേച്ചർ എന്നു പറയുമ്പോൾ അതിലെ മെംബറന്മാരെ പ്രത്യേകം പ്രത്യേകം എടുക്കുന്നതിൽ നിന്നു് വിഭിന്നമായി ഒരു കാർപ്പറേററ് ബോഡി എന്ന നിലയിലാണു് ആ വാക്കു് ഉപയോഗിച്ചിരിക്കുന്നതു്. ഒരു ലജിസ്ലേററീവ് അസംബ്ലിയിലെ മെംബറന്മാർക്കെല്ലാവർക്കും ഏതെങ്കിലും ഒരു സംഗതിയെക്കുറിച്ചറിവുണ്ടെങ്കിൽ അസംബ്ലിക്കു് ആ സംഗതിയെപ്പററി അറിവുണ്ടെന്നു പറയാൻ സാദ്ധ്യമല്ല. അതിലെ മെംബറന്മാർക്കു് ഓരോരുത്തർക്കും അറിവുകൊടുത്തു എന്നുള്ളതുകൊണ്ടു് അസംബ്ലിക്കു് അറിവു കൊടുത്തതായി വരുകയില്ല. അതിനു് ചില പ്രത്യേക പ്രൊസീഡ്യൂർ അനുസരിച്ചുതന്നെ കാര്യങ്ങൾ നടക്കണം.

ശ്രീ. പി. സദാശിവൻപിള്ള: പതിനാലു ദിവസം കഴിഞ്ഞതിനു ശേഷം മാത്രമേ വാദപ്രതിവാദം നടത്താവൂ എന്നു ഭരണഘടനം ആക്ടിൽ എവിടെയെങ്കിലും പറയുന്നുണ്ടോ?

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ വകുപ്പു ശരിക്കു മനസ്സിലാകുന്ന പക്ഷം ആ അർത്ഥമാണുള്ളതു്. പതിനാലു ദിവസത്തിനു മുമ്പ് മേശപ്പുറത്തു വയ്ക്കണം, ആ കാലഘട്ടത്തിനുള്ളിൽ എന്തെങ്കിലും ഭേദഗതികൾ കൊണ്ടുവന്നാൽ അതുംകൂടി സ്വീകരിച്ചതിനു ശേഷമേ അതു റഗുലേഷൻ ആകൂ എന്നാണ് വകുപ്പിൽ പറയുന്നതു്. അതുകൊണ്ടു് ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ പറഞ്ഞതുപോലെ ഇതു് ഒരു നിയമം ആകണമെങ്കിൽ പതിനാലുദിവസം കഴിഞ്ഞേ വാദപ്രതിവാദത്തിനു് എടുക്കാവൂ എന്നാണ് എനിക്കു തോന്നുന്നതു്. അഥവാ ഇതു് പെട്ടെന്നു പാസ്സാക്കിയാൽ കാൺസ്റ്റിറ്റ്യൂഷനിലെ മാൻഡേററി പ്രൊവിഷനു് എതിരായി പാസ്സാക്കി എന്നു വരും. അതു നമ്മുടെ അജ്ഞതയെ വെളിപ്പെടുത്തുകയും അസാധുവായ നിയമങ്ങൾ സൃഷ്ടിച്ചു് ഹൈക്കോടതികൾക്കു കൂടുതൽ ജോലി ഉണ്ടാക്കിക്കൊടുക്കുകയും ആയിരിക്കും ചെയ്യുന്നതു്. അതുകൊണ്ടു് ബഹുമാനപ്പെട്ട ആലുവാ മെമ്പർ കൊണ്ടുവന്ന പായന്റാഫ് ആർഡർ സ്വീകാര്യമാണെന്നാണ് എനിക്കു പറയുവാനുള്ളതു്.

Shri A. Thanu Pillai : Sir, may I make a suggestion ?

Mr. Speaker : A point of order has been raised and before giving a ruling how can I consider that.

Shri A. Thanu Pillai: The suggestion is in regard to the point of order itself. There is no harm in putting off. this In the meanwhile the hon. Speaker may look into the whole thing and give a ruling.

ശ്രീ. ജി. ചന്ദ്രശേഖരപിള്ള: സർ, ഏററവും പ്രാധാന്യമുള്ള ഒരു പ്രശ്നത്തെപ്പററിയുള്ള ഒരു പായിന്റ് ആഫ് ആർഡർ ആണ് ഇപ്പോൾ ഉന്നയിക്കപ്പെട്ടിരിക്കുന്നതു്. ഭരണഘടന ൩൨൦-ാംവകുപ്പിൻപ്രകാരം പബ്ലിക്ക് സർവ്വീസ് കമ്മീഷനോടു് നിർബന്ധമായി കൺസൽട്ടു് ചെയ്യേണ്ട കാര്യങ്ങൾ ഏതെല്ലാം ആണെന്നു കാണാവുന്നതാണ്. ആ വകുപ്പിലെ 'പ്രൊവൈസോ' അനുസരിച്ചു് പബ്ലിക്ക് സർവ്വീസ് കമ്മീഷനോടു് കൺസൽട്ടു ചെയ്യാതെയുള്ള അതായതു് പബ്ലിക്ക് സർവ്വീസ് കമ്മീഷന്റെ അധികാരപരിധിയിൽനിന്നും ഒഴിവാക്കപ്പെടേണ്ടതായിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ചു് ഒരു റഗുലേഷൻ ഉണ്ടാക്കാമെന്നു പറഞ്ഞിട്ടുണ്ടു്. ൩൨൦-ാം വകുപ്പ് ൫-ാം ഉപവകുപ്പിൽ എങ്ങിനെയാണ് ആ റഗുലേഷനെപ്പററി നിയമനിർമ്മാണസഭ പര്യാലോചിക്കേണ്ടതെന്നു പറഞ്ഞിരിക്കുന്നു. പ്രസ്തുത റഗുലേഷൻ ഏററവും പ്രധാനപ്പെട്ട ഒരു റഗുലേഷനാണ്. അതിനാൽ ൫-ാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ളതു് "shall be laid for not less than fourteen days before each House of Parliament or the House of legislature."

ഭരണഘടനയിൽ വേറെ ഒരു റഗുലേഷനും ഇത്രയും കാലത്തേക്കു നിയമനിർമ്മാണസഭയുടെ മുൻപിൽ വയ്ക്കണമെന്നു പറഞ്ഞിട്ടില്ല.

കുറഞ്ഞതു ൧൪ ദിവസമെങ്കിലും സഭയുടെ മുമ്പിൽ വയ്ക്കണമെന്നാണ്. ൧൪ ദിവസത്തിൽ കൂടുതൽ കാലത്തേക്ക വയ്ക്കുന്നതിനു യാതൊരു പ്രതിബന്ധവും ഇല്ല. ബഹുമാനപ്പെട്ട ശ്രീ. താണുപിള്ള പറഞ്ഞതുപോലെ ഈ സഭയ്ക്ക് വേണമെങ്കിൽ മൂന്നാഴ്ചക്കോ നാലാഴ്ചക്കോ ഈ സഭയുടെ മുമ്പിൽ ഈ റഗുലേഷൻ വയ്ക്കണമെന്നു പറയാം. പക്ഷെ ൧൪ ദിവസത്തിൽ കുറഞ്ഞ കാലത്തേക്ക് വച്ചാൽ മതിയെന്നു പറയാൻ ബഹുമാനപ്പെട്ട സ്പീക്കർക്കോ ബഹുമാനപ്പെട്ട സഭക്കോ അധികാരമില്ല. അങ്ങിനെ ചെയ്യണമെങ്കിൽ ഭരണഘടന ൩൨൦(൫)-ാം വകുപ്പ് ഭേദഗതി ചെയ്യേണ്ടിയിരിക്കുന്നു. അതിനു ഈ സഭയ്ക്ക് അവകാശവും ഇല്ല. ബഹുമാനപ്പെട്ട മെമ്പർ ശ്രീ. കേശവപിള്ള ചോദിക്കുന്നതു് ൧൪ ദിവസത്തിൽ കുറഞ്ഞ ഒരു കാലത്തേയ്ക്കാണ് അസംബ്ലി സെക്ഷൻ വയ്ക്കുന്നതെങ്കിൽ എന്തു ചെയ്യുമെന്നാണ്. അതാണ് ൩൨൦(൫)-ാം വകുപ്പിൽ "as soon as possible after they are made" എന്നു പറഞ്ഞിരിക്കുന്നതു്. റഗുലേഷൻ ഉണ്ടാക്കി കഴിഞ്ഞാൽ കഴിയുന്നതും വേഗത്തിൽ അസംബ്ലിയുടെ മുമ്പിൽ വയ്ക്കണമെന്നാണ് വിവക്ഷിച്ചിരിക്കുന്നതു്. ൧൪ ദിവസത്തിൽ കൂടുതൽ കാലത്തേക്ക നടക്കുന്ന അസംബ്ലി സെക്ഷനിലേ വയ്ക്കാവൂ. ഈ വകുപ്പ് മാൻഡേറ്ററി ആണ്. ൩൨൦(൫)-ാം വകുപ്പിൽ പറയുന്നതു് ഏതു സെഷനിലാണോ പ്രസ്തുത റഗുലേഷൻ അസംബ്ലിമുമ്പാകെ വയ്ക്കുന്നതു്, ആ സെഷനിൽതന്നെ അതു വാദപ്രതിവാദത്തിന് എടുക്കണമെന്നാണ്. അല്ലാതെ ൧൪ ദിവസത്തിനകം വാദപ്രതിവാദത്തിനെടുക്കണമെന്നല്ലാ പറഞ്ഞിരിക്കുന്നതു്. അതും വളരെ പ്രധാനമായ ഒരു കാര്യമാണ്. not less than fourteen days എന്നു പറഞ്ഞാൽ less than fourteen days എന്ന് അർത്ഥമാകുമെന്നു പറയുന്നതു് അർത്ഥമില്ലാത്തതും ബുദ്ധിശൂന്യവുമാണ്. അതുകൊണ്ട് ൧൪ ദിവസം കഴിഞ്ഞു മാത്രമേ ഇതു് ചർച്ചക്കെടുക്കാവൂ. ൧൪ ദിവസം കഴിഞ്ഞു ഒരു ദിവസത്തേക്ക ഈ റഗുലേഷൻ ചർച്ചയ്ക്കു വയ്ക്കേണ്ടതും അപ്രകാരം ചർച്ചയ്ക്കു വയ്ക്കപ്പെടുന്ന ദിവസത്തിന് മൂന്നു ദിവസത്തിനു മുൻപുവരെ ഭേദഗതികൾ അയക്കാൻ മെമ്പറന്മാർക്ക് അവകാശമുള്ളതുമാണ്.

Mr. Speaker: I do not propose to postpone the ruling on the point of order raised. Article 320 (5) says: "All regulations made under the proviso to Clause (3) by the President or the Government or Rajpramukh of a State shall be laid for not less than fourteen days before each House of parliament or the House or each House of the Legislature of the State as the case may be, as soon as possible." Therefore, according to me, it is the duty of the Government to lay before the table of this House the regulations promulgated by the Rajpramukh for a period of fourteen days in full. There is no doubt about it. But the words 'as soon as may be possible' indicate that the regulations have to be laid before the House so that the House may be given the earliest opportunity to consider the regulations, to repeal or to modify them or to amend them. Therefore the purpose of the Clause i that as early as possible the Legislature ought to be given an oppor-

[Mr. Speaker.]

tunity to consider the regulations promulgated so that the Legislature may modify, repeal or amend these regulations. The House will kindly understand that these regulations have become already operative. It is in the interests of the House, to consider them as early as possible.

As a precedent, the community peroject regulation was placed on the table of the House on 1-7-1952, the amendments were discussed on 19-7-1952. And the modifications, repeal or amendments contemplated by Article 320, of the Constitution could be made any day during the session even after the expiry of 14 days. The most important point on which the House has to decide is whether even if the amendments are taken up before the full period of fourteen days, it would adversely affect this House, the powers of this House and the interests of the country. In this respect, I think since the regulations has already become operative, the House would be better advised to consider this regulation as early as possible.

On fixing the date for the discussion of these regulations I consulted the Leader of the House. I am bound only to consult the Leader of the House because it is a matter of Government business for fixing a full day discussion on this matter. I have consulted him, and I have given the hon. Members sufficient time. I have received amendments practically for every Clause. If it is a general sense of grievance on the part of the non-official Members that they did not get sufficient time to go through the Clauses of the regulations to consider them and to send amendments, I am prepared to put off the discussion of these regulations to some other day. What has the Leader of the House to say.

Shri A. J. John: We might discuss it today, but if the House wants the postponement of discussion, I am agreeable to that.

Mr. Speaker: What is the mind of the House?

Shri E. P. Varghese: It will be better to have it at least after fourteen days-sometime hence - so that there may not be any difficulty.

Mr. Speaker: No, no. I have explained the whole position. If the House wants this question to be taken up after some time, because the House thinks that it is prejudiced by placing this for discussion on this date, I am prepared to have it postponed to a subsequent date.

ശ്രീ. കെ. കരുണാകരൻ: സർ, ഇപ്പോഴത്തെ ടൈംടേബിൾ അനുസരിച്ച് ഇതു ആലോചനയ്ക്കു എടുക്കണമെങ്കിൽ ബെഡ്ഡുറവ കഴിയേണ്ടി വരും. അപ്പോഴും വളരെ അധികം താമസമായി പോകും.

Mr. Speaker: We will adjust it somehow.

Shri P. S. Nataraja Pillai: I would like to know whether these regulations—

Mr. Speaker: I have ruled on the point of order already raised. No other points can be raised.

Shri P. S. Nataraja Pillai: Whether it can be discussed after fourteen days is an important matter which raises a substantial point.

Mr. Speaker: That is already covered by my ruling. The discussion on the regulations is adjourned. We will proceed with legislative business now.

ശ്രീ. ആർ. ഗംഗാധരൻ: സർ, പോയിന്റ് ഓഫ് ഓർഡറിന്റെ റൂളിംഗ്—

Mr. Speaker: I am very sorry I cannot listen to anything more on the point of order. The discussion of this regulation stands adjourned.

Shri R. Gangadharan: On a point of elucidation.

പോയിന്റ് ഓഫ് ഓർഡറിനെ സംബന്ധിച്ച് റൂളിംഗ് പറഞ്ഞ അവസരത്തിൽ റഗുലേഷൻ ഈ ഹൌസിൽ വയ്ക്കുന്നതിനു പതിനാലു ദിവസത്തിൽ കൂടുതൽ...............

Mr. Speaker: Order, order. We will proceed to legislative business.

The Travancore-Cochin Medical Practitioners Bill
(cond.)

Clause 23

Minister for Medicial and Public Health **(Shri V. Madhavan):** We were considering the amendment to Clause 23. ഈ ക്ലാസ് ൨ നു (എ) യിൽ ഒരു അമെൻഡ്മെന്റ്.—

Mr. Speaker: I was suggesting to the hon. Member that because several amendments are there, and the House is not in a position to come to any decision regarding one particular amendment or other, he could move amendment No. 48. I am just requesting the hon. Member in charge of the Bill to move his amendment No. 48. Then I am going to call upon Mr. C. Achyutha Menon, Mr. Luiz, etc., to move their amendments.

[Mr. Speaker :]

All the amendments will be placed before this House, will be discussed together, and then voted upon in that order, if necessary.

ശ്രീ. കെ. കരുണാകരൻ : സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ അമൻഡ്മെൻറ് ഇവിടെ അവതരിപ്പിക്കുകയാണെങ്കിൽ അധികാരങ്ങൾ മുഴുവൻതന്നെ ഗവണ്മെൻറിലേക്കു കൊടുക്കേണ്ടിവരും.

Mr. Speaker: That is a quite different matter. Can I prevent him from moving his amendment?

Shri V. Madhavan: My first amendment is to Clause 23, is amendment No. 47 in the list I move:

> "In sub-Clause (4) of clause 23, for the words 'direct the registration of any practitioner,' the words 'direct the registration in part A or part B of a register of any practitioner' shall be substituted."

പാർട്ട് (എ) യിലും പാർട്ട് (ബി) യിലും ചേർക്കത്തക്കവിധമുള്ള ഒരു ഭേദഗതിയാണ് ഞാൻ ഇവിടെ ഹാജരാക്കിയിരിക്കുന്നത്. ക്ലാസ്സ് ൨൦-ം, ൨൩-ം ഒരുമിച്ചു നോക്കുകയാണെങ്കിൽ ഇങ്ങിനെയുള്ള ഒരു അമൻഡ്മെൻറിന്റെ ആവശ്യമുണ്ടെന്നു തോന്നുന്നതാണ്. ഈ ബില്ലിന്റെ സിലക്ട് കമ്മിററി സ്റ്റേജു കഴിഞ്ഞതിനുശേഷം ചില വിവരങ്ങൾ ഗവണ്മെൻറിനു ലഭിച്ചു. അതായതു് കൊച്ചീൻ സർവ്വീസ്സിൽ പരീക്ഷായോഗ്യതയില്ലാതെ വൈദ്യത്തിലുള്ള പരിചയംകൊണ്ടും വൈദ്യത്തിലുള്ള അറിവുകൊണ്ടും ചില ആളുകൾ വൈദ്യന്മാരായി ഇരിക്കുന്നുണ്ട്. ഇൻറിഗ്രേഷനുമുമ്പ് തിരുവിതാംകൂർ ഭാഗത്തു ഒരു മെഡിക്കൽ പ്രാക്ടീഷ്നേഴ്സ് ആക്ടും അതനുസരിച്ചുള്ള രജിസ്ട്രേഷനും ഉണ്ടായിരുന്നു. എന്നാൽ കൊച്ചി ഭാഗത്തു അങ്ങനെ ഒരു നിയമം ഉണ്ടായിരുന്നില്ല. കൊച്ചീൻ സർവീസിൽ പൂർവ്വകാലങ്ങളായി വൈദ്യത്തിലുള്ള പരിചയംകൊണ്ടും അറിവുകൊണ്ടും ചില ആളുകളെ നിയമിച്ചിട്ടുണ്ട്. അങ്ങനെയുള്ള ആളുകളെ സർവീസിൽ ഇരുത്തുന്നതിന് ഒരു പ്രത്യേക വ്യവസ്ഥ വേണ്ടിവന്നിരിക്കുന്നു. അതിനാണ് ഗവണ്മെൻറിനു ഡയറക്ട് ചെയ്യുവാനുള്ള ഒരു അധികാരം വേണമെന്നു പറഞ്ഞിട്ടുള്ളതു്. അതായതു് ഇന്നയിന്ന ആളുകളെക്കൂടി പാർട്ട് എ-യിലും ബി-യിലും ചേർക്കണമെന്ന് ഡയറക്ട് ചെയ്യുവാനുള്ള അധികാരം വേണമെന്നാണ് പറഞ്ഞിരിക്കുന്നതു്. ഇന്നത്തെ നിലയിൽ അതു് ഡമോക്രാററിക്കായിട്ടുള്ള ഒരു അധികാരമാണെന്നു എനിക്കു അഭിപ്രായമില്ല. അതിന് ഒരു ഭേദഗതി വരുത്തുവാൻവേണ്ടിയാണ് ഡിസ്കഷൻതന്നെ മാററിവച്ചതു്. ഇതിന് വേറൊരു അമൻഡ്മെൻറ ഇല്ലെങ്കിൽ എന്റെ അമൻഡ്മെൻറ പാസാക്കണമെന്നാണ് ഞാൻ അപേക്ഷിക്കുന്നതു്. അതുകൊണ്ട് ഞാൻ ഈ അമൻഡ്മെൻറ ഇവിടെ ഹാജരാക്കുന്നു.

അമൻഡ്മെൻറ ൪൭-ം ഞാൻ ഇവിടെ അവതരിപ്പിക്കുന്നു.

I meve :

"In sub-clause (4) of Clause 23, for the words 'managed by any corporate body', the words 'under the Government or managed by any corporate body' shall be substituted."

അതായത് ഗവണ്മെന്റിന്റെ കീഴിൽ ഉള്ള സ്ഥാപനങ്ങളിൽ ഇരിക്കുന്ന ആളുകളെ സംബന്ധിച്ച് ഇതിൽ ഒന്നും പറഞ്ഞിട്ടില്ല. ഇതിൽ പറഞ്ഞിരിക്കുന്നത് മാനേജ്ഡ് ബൈ കോർപ്പറേറ്റ ബോഡീ എന്നാണ്. ഗവണ്മെന്റിന്റെ മാനേജ്മെന്റിൽ ഇരിക്കുന്ന സ്ഥാപനങ്ങളെക്കൂടി ഈ ക്ലാസിന്റെ പരിധിയിൽ വരുത്തുന്നതിനാണ് ഈ അമൻറമെൻറ ഹാജരാക്കുന്നത്.

Shri O. C. Ninan: I move :

"In Clause 23, sub-clause (i) add the following after 'April 1953':

"and passes a test to be prescribed by the Council or by the Surgeon General."

ഈ അമൻറമെൻറിന്റെ ഉദ്ദേശം താഴെ പറയുന്നതാണ്. അതായത് ൨൩-ാം വകുപ്പിൽ രണ്ടുവിധത്തിലുള്ള ആളുകൾക്ക് പ്രാക്ടീസ് ചെയ്യാമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതായത് വ്യവസ്ഥാപിതമായിരിക്കുന്ന യോഗ്യതയുള്ളവരേയും, വിശേഷാൽ യോഗ്യതയില്ലെങ്കിലും ദീർഘനാൾ ചികിത്സിച്ചിരുന്നതായ പരിചയം ഉള്ള ആളുകളേയും ഈ ലിസ്റ്റിൽ ചേർക്കാമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ രണ്ടാമത്തെ ക്ലാസ്സിൽ പറഞ്ഞിരിക്കുന്നത് ഒരു കൊല്ലത്തിനകം അവർ രജിസ്ട്രേഷന് അപേക്ഷിക്കണമെന്നാണ്.

"Every person who, within the period of one year, applies"

എന്നാണ് പറയുന്നത്.

അതിനെ തുടർന്നു പറഞ്ഞിട്ടുണ്ട്,

"or such other longer period as may be fixed by the Government from the date on which this Act comes into force."

ഈ ഭാഗവും നമ്മുടെ ശ്രദ്ധയിൽപെടേണ്ടതാണ്. Such other longer period എന്നുള്ളതുകൊണ്ട് എത്രകൊല്ലം വേണമെങ്കിലും താമസിച്ചു അപേക്ഷ കൊടുക്കാം. അതായത് ൧൦ കൊല്ലം കഴിഞ്ഞതിനു ശേഷം ഒരാൾ അപേക്ഷ കൊടുക്കുവാൻ തുടങ്ങുകയും അതിനെ ഗവണ്മെൻറ് അനുവദിക്കുകയും ചെയ്താൽ ൧൦ കൊല്ലത്തിനുശേഷം അയാൾ അപേക്ഷ കൊടുത്താലും ൧൱൨൮ ഏപ്രിലിനുമുമ്പ് ൫ കൊല്ലം അയാൾക്കു ചികിത്സിച്ചു പരിചയമുണ്ടെന്നു മാത്രം തെളിയിച്ചാൽ, അയാളെ വേണമെങ്കിൽ രജിസ്ട്രേഷനിൽ ഉൾപ്പെടുത്താമെന്നാണ് ഇപ്പോൾ ഇരിക്കുന്ന വ്യവസ്ഥകൊണ്ടു വന്നിരിക്കുന്നത്. ൧൱൨൮ ഏപ്രിലിനുശേഷം ൧൦ കൊല്ലം പ്രാക്ടീസ് ഇല്ലാതിരിക്കുന്നവരും ൧൦ കൊല്ലത്തിനുശേഷം അപേക്ഷിക്കുന്നവരും ഈ വകുപ്പിന്റെ പരിധിയിൽ വരും. അതാണു ഉപദ്രവകരമായ വ്യവസ്ഥ. അതു പരിഹരിച്ചേ മതിയാകൂ.

Mr. Speaker: The House will now adjourn and meet again after lunch.

The House rose for lunch at 1. 2 P. M. and re-assembled at 2. 0. P. M. with Mr. Speaker in the Chair.

ശ്രീ. കെ. സി. നൈനാൻ (തുടർച്ച): ൨൩-ാമത്തെ ക്ലാസനുസരിച്ച്, പരീക്ഷായോഗ്യതസിദ്ധിച്ചിട്ടുള്ളവർക്കും പരീക്ഷായോഗ്യതയില്ലെ

2. P. M. ങ്കിലുംദീർഘകാലത്തെ പരിചയം ചികിത്സയിൽ സിദ്ധിച്ചിട്ടുള്ളവർക്കും ഈ ലിസ്റ്റിൽ ചേരാൻ അവകാശം ലഭിക്കുന്നുണ്ട്. പരീക്ഷായോഗ്യതയില്ലാത്തആളുകൾക്ക ഈ ആക്റ്റ പാസ്സായി ഒരു കൊല്ലത്തിനകമോ, അല്ലെങ്കിൽ ഗവണ്മെൻറ നിശ്ചയിക്കുന്ന കാലാവധിക്കുള്ളിലോ, ചികിത്സയിലുള്ള പരിചയത്തെ അടിസ്ഥാനപ്പെടുത്തി അപേക്ഷിക്കാം. ൧൯൫൨ഏപ്രിൽ ൧-ാം-ക്കുമുൻപ് അഞ്ചു വർഷത്തെ ചികിത്സാപരിചയമുണ്ടെന്നു തെളിയിച്ചാൽ അവരെ ഈ ലിസ്റ്റിൽ രജിസ്റ്റർ ചെയ്യും എന്നൊരു വ്യവസ്ഥയുണ്ട്. ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ച് ഗവണ്മെൻറിനു വേണമെങ്കിൽ ഈ കാലാവധി എത്ര വേണമെങ്കിലും നീട്ടാമെന്നു കാണുന്നുണ്ട്. ഇരുപതു കൊല്ലത്തേക്കു വേണമെങ്കിലും നീട്ടാം. അങ്ങനെ കാലാവധി നീട്ടുകയാണെങ്കിൽ, അയാൾ മുൻപു പഠിച്ചിരുന്നതെല്ലാം മറന്നിരിക്കും. അങ്ങനെയുള്ള ആളുകളെക്കൂടി ചേർക്കത്തക്കവിധത്തിൽ ഈ ബിൽ അയച്ചുവിടുന്നതു ശരിയാണെന്നു തോന്നുന്നില്ല. ഗവണ്മെൻറിനു അങ്ങനെയുള്ള ആളുകളെ ചേർക്കാനുള്ള അധികാരം ഉണ്ടായിരിക്കരുതു്. ഏതെങ്കിലും അയവു യോഗ്യതക്കു വച്ചാൽ അപ്രകാരമുള്ള ആളുകൾക്ക ഒരു പരീക്ഷ വച്ച് അവർ ഇതിനു പ്രാപ്തന്മാരാണെന്നു ബോദ്ധ്യപ്പെടുകയാണെങ്കിൽ അവരെക്കൂടി ഈ ലിസ്റ്റിൽ ചേർക്കണമെന്ന എനിക്കഭിപ്രായമുണ്ട്. പരീക്ഷായോഗ്യതയില്ലാത്തവരെ കാലക്രമേണ ഇല്ലാതാക്കാനാണല്ലോ ഉദ്ദേശിക്കുന്നതു്. തക്ക പരീക്ഷായോഗ്യതയില്ലെങ്കിലും അതിനു തക്ക യോഗ്യതയുണ്ടെന്നു കാണിക്കുന്നതിനുവേണ്ടി ഏതെങ്കിലും ഒരു പരീക്ഷയും നിയന്ത്രണവുംവച്ചു ക്രമപ്പെടുത്തണമെന്നാണു ഞാൻ പറയുന്നതു്. ഒന്നുമില്ലാത്തവരെ എപ്പോഴും ലിസ്റ്റിൽ ചേർക്കാമെന്നുള്ള വ്യവസ്ഥ യുക്തിപൂർവ്വകവും നീതിയായിട്ടുള്ളതുമല്ല. അതിനാൽ എൻെറ ഭേദഗതി സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. ജോസഫ് ചേഴപ്പിള്ളി: സർ, ഞാൻ ബഹുമാനപ്പെട്ട നെമ്മാറമെമ്പർ അവതരിപ്പിച്ചിരിക്കുന്ന ഈ ഭേദഗതിയെ അനുകൂലിക്കുന്നു. ഈ ഭേദഗതി പാസ്സാക്കുന്നപക്ഷം അതുകൊണ്ടുണ്ടാകുന്ന ഫലം എന്തായിരിക്കുമെന്നു നാം ആലോചിക്കേണ്ടതുണ്ട്. കൊച്ചീ ഗവണ്മെൻറ് സർവ്വീസിൽ വളരെ മുൻപേതന്നെ ഇവിടത്തെ ഈ ഷെഡ്യൂൾ അനുസരിച്ചുള്ള ക്വാളിഫിക്കേഷൻ ഇല്ലാത്തവരും മെഡിക്കൽപ്രാക്ടീസ് നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അവർക്കുകൂടി രജിസ്റ്റേർഡ്പ്രാക്ടീഷണേഴ്സ് ആകുന്നതിനുള്ള ഒരു വഴിയാണു ഇതുകൊണ്ട് കിട്ടുന്നതു്. മെഡിക്കൽമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതിയുടേയും ഉദ്ദേശം അതുതന്നെ ആയിരിക്കുമെന്നാണ് അദ്ദേഹം ഇവിടെ പറഞ്ഞതു്. ഈ ബില്ലിൻെറ ഷെഡ്യൂളിൽ പറയുന്ന ക്വാളിഫിക്കേഷൻ ഇല്ലാത്തതും, എന്നാൽ ഗവണ്മെൻറ്സർവ്വീസിൽ ഇരിക്കുന്നവരുമായ മെഡിക്കൽപ്രാക്ടീഷണേഴ്സിനും

കൂടി രജിസ്റ്റർചെയ്യുന്നതിനുവേണ്ടിയാണ് ഇരുകൂട്ടരും അവരുടെ ഭേദഗതികൾ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നു തോന്നുന്നു. പക്ഷെ ഗവൺമെൻറ് സർവ്വീസിലുള്ള മെഡിക്കൽപ്രാക്ടീഷണേഴ്സിനെക്കൂടി രജിസ്റ്റർ ചെയ്യാനുള്ള അവകാശം ഗവൺമെൻറിൽ നിക്ഷിപ്തമാക്കാനുള്ള ഒരു ഭേദഗതിയാണ് മന്ത്രിയുടേതു്. സർവ്വീസിൽ ഇരിക്കുന്ന മെഡിക്കൽ പ്രാക്ടീഷണേഴ്സിനെ രജിസ്റ്റർചെയ്യാനുള്ള അധികാരം ഗവൺമെൻറിനു വിട്ടുകൊടുക്കുന്നതു ശരിയാണെന്നു എനിക്കഭിപ്രായമില്ല. അതുകൊണ്ടു ഈ ഭേദഗതി ബഹുമാനപ്പെട്ട മന്ത്രി പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൂടാതെ നെന്മാറ മെംബർ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ഭേദഗതി സ്വീകരിച്ചു നടപ്പിലാക്കണമെന്നും എനിക്കു അഭിപ്രായമുണ്ടു്. അതുകൊണ്ടാണ് ഞാൻ അതിനെ അനുകൂലിച്ചതു്.

കൂടാതെ കല്ലൂപ്പാറമെംബർ കൊണ്ടുവന്നിരിക്കുന്ന ഭേദഗതിയെ എതിർക്കുകയും ചെയ്യുന്നു. അതിനുള്ള കാരണം, അദ്ദേഹത്തിനു് ഈ ഭേദഗതി ഇവിടെ അവതരിപ്പിക്കാനിടയാക്കിയിട്ടുള്ള ഭയാശങ്കകളൊന്നും ഈ ബിൽ പാസ്സാക്കുന്നതുകൊണ്ടു് ഉണ്ടാകുകയില്ല എന്നുള്ളതുകൊണ്ടാണ്. ൧൯൫൩ ഏപ്രിൽ ൧-ാംനു-ക്കു അഞ്ചു കൊല്ലം മുൻപേ മുതൽ പ്രാക്ടീസ് നടത്തിക്കൊണ്ടിരിക്കുന്ന ഒരു മെഡിക്കൽ പ്രാക്ടീഷണർക്കു ഇവിടെ രജിസ്റ്റർചെയ്യുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. അതു തുടന്നാൽ മാത്രം മതി എന്നാണ് എന്റെ അഭിപ്രായം. ഈ നിലയ്ക്കു ഈ ഭേദഗതിയെ ഞാൻ എതിർക്കുകയും നെന്മാറ മെംബർ അവതരിപ്പിച്ച ഭേദഗതിയെ അനുകൂലിക്കുകയും ചെയ്തുകൊള്ളുന്നു.

* **Shri E. P. Varghese :** In opposing the amendments except No. 48 I wish to say few words. If amendment No. 47 is passed the section will read :

> "The Government shall have power to direct the registration in Part A or Part B of a register of any practitioner who at the time of registration under this section is employed in a hospital, sanahospital, asylum, infirmary, clinic, surgery, lying-intorium, nursing home, dispensary, vaidyasala or dharmasala managed by any corporate body".

So, if amendment 47 is accepted the Government can make an unqualified practitioner a qualified one. There is the definition of 'qualified practitioner' in the bill as a medical practitioner who has undergone training in an institution and obtained a certificate which is recognised by Government. Those who have no such qualifications cannot be registered as qualified practitioners. But those who have experience as medical practitioners continuously for five years preceding the first day of April 1953 can also get themselves registered. So, there are two distinct classes, one class, those who are registered under part A and who have academic qualifications which are recognised by the Council, and the other those who have experience in the profession but who have not the academic qualifications. Whether an institution where instruction in medicine is given should

[Shri E. P. Varghese]

be recognised or not is a matter left to the Council concerned. Such institutions may be added on to the schedule of the bill. For obtaining certificates from institutions there are certain course of study to be complied with. Section 47 of this Bill gives power to the council to recognise an institution after going into the merits of the course of studies and other things conducted in that institution. There is nothing preventing persons in service who do not possess the requisite qualifications as per the schedule being considered as qualified afterwards by including in the schedule the institutions the certificates of which they hold. The Council after going into the status of the institution which issued the certificate and the instructions imparted therein may give them recognition. There is therefore no justification for being alarmed. Just to say that there are a number of medical practitioners in the State Service in erstwhile Cochin State who do not possess those academic titles mentioned in the Schedule and therefore they are not competent to issue certificates and the rest of it is not of great consequence. Such certificates which they hold can be recognised according to this bill after satisfying certain conditions. There is a provision for registering such persons too. Amendment No. 48 when passed will clear this issue. Government are very keen to see their officers are safeguarded. Government will direct that those persons shall be registered even if they do not possess the five years' experience which is prescribed. After getting themselves registered they can continue the medical profession. In regard to the amendment moved by the hon. Member for Kalloopara, if that is accepted, that will be going too far. Of course, this legislature is competent to do that, but should we do it ? When we legislate we may do it with some principle before us. Let us not deviate for giving convenience to individual coming from time to time. We must do things without much harm to individuals or institutions in the country. Those who are in Government service and who have no qualifications in the medical profession can very well get themselves registered according to the provision of the bill. I am sure there will be such persons in the erstwhile Travancore service as well. Even though they do not have the academic qualifications that simply by virtue of entry in Government service they are duly qualified does not stand to reason at all. That will be too much and we will be reducing ourselves to a ridiculous position. Suppose there are a number of undergraduates in the service of Government and tomorrow we say because they are in Government service they shall be considered as graduates for a particular purpose. Doing this will be something like that. They do not possess the qualifications

but they are in Government service. In respect of such cases all that I say is, let them be registered but not as qualified men. To say that a non-qualified man should be registered as qualified does not appeal to my reason much less to anybody's reason. Such men in the medical profession are allowed to be in service and practise provided they get themselves registered. The only point is such men will not have all the advantages of a qualified practitioner unless they are in a position to get themselves exempted. Simply because this Legislature has power to legislate the undergraduates should not be classed as graduates for a special purpose.

A qualified practitioner should have secured a qualification. Otherwise, how can we say that he is qualified, simply because he has been in Government service. It is something like saying that an undergraduate, because he has been in Government service, is a graduate.

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെയാകുമ്പോൾ കൊച്ചി ഗവൺമെന്റ സർവീസിലിരിക്കുന്ന ക്വാളിഫയിഡായിട്ടുള്ള ആളുകൾക്ക പോലും രജിസ്ട്രേഷൻ കിട്ടാതെയിരിക്കുന്ന ഒരു സ്ഥിതി വരുമെന്നറിയാമോ? ഉദാഹരണമായി കോട്ടക്കൽ ആര്യവൈദ്യശാലയിൽ പഠിച്ചു പാസായ ആളുകൾക്ക കൊച്ചി ഗവൺമെന്റിൽ ഉദ്യോഗമുണ്ട്. എന്നാൽ ആ കോട്ടക്കൽ ആര്യവൈദ്യശാലയെ ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

Shri E. P. Varghese : We are not professional men. This question must be left to the Medical Council. Let those men apply and let the Medical Council go into the question, go through the course of study given in that Vaidyasala and decide whether that should be an institution coming under the schedule. That is exactly why we have constituted the Medical Council. Otherwise, there will be people bringing in certificates from any institution. This Council has also the power to add to the schedule and to remove from the schedule any institution. So my submission is that we should not take up the functions which realy belong to the Council, for the very obvious reason that we are not professionals and are not competent to judge such things. We have to leave these to the Councils. That will be the proper procedure. Then there will be no injustice done to anybody. We have fixed certain qualifications now, if others have to be added, let the Council do it ; we should not take upon ourselves that duty. There will, certainly, be some delay. When some of these persons who have received certificates from institutions which are not now in the schedule, apply to the Medical Council it will take some time for the Council to look into the question and, come to a decision. Nevertheless, all of them will be in the B. Class. So they will be able to continue their practice.

ശ്രീ. സി. അച്യുതമേനോൻ: ബഹുമാനപ്പെട്ട മെംബർകൂടി ഉൾപ്പെട്ട സെലക്ട്കമ്മിറ്റിഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ളതെല്ലാം എന്ത് അന്വേഷണം നടത്തിയതിനുശേഷമാണെന്നു പറയാമോ?

ശ്രീ. ഇ. പി. വർഗ്ഗീസ്: അതിൽ രണ്ടെണ്ണം ഒഴികെ ബാക്കിയെല്ലാം മെഡിക്കൽ കൗൺസിലുകാർ ചേർക്കണമെന്നു പറഞ്ഞിട്ടുള്ളതാണ്. രണ്ടെണ്ണമാണ് കമ്മിറ്റി കൂടുതലായി ചേർത്തിട്ടുള്ളതു്. അതിലൊന്നു തൃപ്പൂണിത്തുറ സാൻസ്ക്രിറ്റ് കാളേജാണ്. അതു കൊച്ചി ഗവണ്മെന്റ് നടത്തിയിരുന്നതാണ്. അവിടെ ആയുർവേദഭൂഷണം എന്നൊരു ബിരുദം കൊടുത്തിരുന്നു.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: ആ പരീക്ഷ ഇപ്പോൾ നടക്കുന്നില്ലെന്നറിയാമോ?

ശ്രീ. ഇ. പി. വർഗ്ഗീസ്: കൊച്ചിയിലെ ബഹുമാനപ്പെട്ട മെംബറന്മാർ കൊച്ചി ഗവണ്മെന്റ നടത്തുന്ന ഒരു ഇൻസ്റ്റിട്യൂഷനെ അംഗീകരിക്കാൻ പാടില്ലയോ എന്നു ചോദിക്കുകയുണ്ടായി. അതുകൊണ്ടാണ് അതിനെ അംഗീകരിച്ചതു്. ഇപ്പോൾ അങ്ങനെയൊന്ന് ഇല്ലെന്നു അറിയുന്നുണ്ട്. മറ്റൊന്നു മാധവ ആയുർവേദ കാളേജാണ്. അതാണെങ്കിൽ ഇപ്പോൾ മദ്രാസ് ഗവണ്മെന്റ് റെക്കഗ്നൈസ് ചെയ്തിട്ടുള്ളതാണ്. സെലക്ട്കമ്മിറ്റി ആദ്യം സമ്മേളിച്ചകാലത്തു മദ്രാസ് ഗവണ്മെന്റ് അതിനെ അംഗീകരിച്ചിട്ടില്ലായിരുന്നു. എന്നാൽ അവസാനമായി സെലക്ട്കമ്മിറ്റി കൂടിയപ്പോൾ മദ്രാസ് ഗവണ്മെന്റിന്റെ അംഗീകാരം അവർക്കു ലഭിക്കുകയുണ്ടായി. മദ്രാസ് ഗവണ്മെന്റ് അംഗീകരിക്കുന്നതായ ഒരു ഇൻസ്റ്റിട്യൂഷനെ ഇവിടെയും അംഗീകരിക്കാമെന്നു നിലവിലിരിക്കുന്നതായ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ടിൽ വ്യവസ്ഥയുണ്ട്. അതനുസരിച്ചു ഈ ആക്ടിലും അവരെ അംഗീകരിക്കപ്പെട്ട ഒരു സ്ഥാപനമായി ചേർത്തിട്ടേയുള്ളു.

ശ്രീ. വി. ആർ. കൃഷ്ണൻ എഴുത്തച്ഛൻ: എൽ. ഐ. എം. കാരെ ഷെഡ്യൂളിൽപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ഇ. പി. വർഗ്ഗീസ്: ഇപ്പോൾ നിലവിലിരിക്കുന്ന ആക്ട് അനുസരിച്ചു അവർ ക്വാളിഫൈയിഡാണ്.

ശ്രീ. കെ. കരുണാകരൻ: ഈ ആക്ടിൽ അതു ചേർത്തിട്ടുണ്ടോ?

ശ്രീ. ഇ. പി. വർഗ്ഗീസ്: ഇല്ല.

That is because of reciprocity. The Madras Government does not recognise our registration. There it was thought that we too need not hereafter recognise their registration or recognition.

So my submission is that this House should not consider this question in any spirit fo parochialism. We are legislating for certain definite purpose. We want to avoid human lives being imperilled by being handled by unqualified people. Of course, we have gone

beyond safe limitations in our Act. I had some hesitation ; but at last I too agreed. It is because we should not oust those who are already in the profession.

Shri A.A.D. Luiz : What are the reasons why the Madras Government did not recognise our qualifications?

Shri E. P. Varghese : I do not know. Probably, they did not like the provision we have that a person, if he is in Government service, will be qualified even if he is really unqualified.

Shri A.A.D. Luiz : Then will the Member recollect my suggestion that some verification is necessary ? (*Laughter*).

Shri E. P. Varghese : It is not a question of verifying. So I appeal to all the Members of this House to look at this question dispassionately and purely from the standpoint of reason. We do not exclude anybody from getting registered; on the other hand, on the strength of their service in Government, we are allowing persons who have not even the prescribed period of experience in medical profession to get registered so that they may continue to practise. But over and above that, if it is said that they should also be considered as being qualified men, I think that will be absurd. We will be doing a great wrong to do a little good. That is not proper.

ശ്രീ. കെ. കരുണാകരൻ : അവർക്ക് ഏ ക്ലാസ്സ് കിട്ടുകയില്ലെന്നു അറിയാമോ ?

ശ്രീ. ഇ. പി. വർഗീസ് : അംഗീകൃത ക്വാളിഫിക്കേഷൻ ഉള്ളവർക്ക് ഉള്ളതാണ് ഏ ക്ലാസ്സ്. അംഗീകൃത ക്വാളിഫിക്കേഷനുള്ളവരാണെന്നു കണ്ടാൽ അവരെ ഏ ക്ലാസ്സിൽ രജിസ്റ്റർ ചെയ്യും. ഒരു നിയമമുണ്ടാക്കി ഗവണ്മെന്റിനു ആരെയും ഏ ക്ലാസ്സിൽ രജിസ്റ്റർചെയ്യാമെന്നു പറഞ്ഞാൽ അതിനു എന്തു് അർത്ഥമാണുള്ളതു്. അങ്ങനെയാണെങ്കിൽ ഒരു നിയമംതന്നെ ഉണ്ടാക്കേണ്ട ആവശ്യമില്ലല്ലോ. ഗവണ്മെന്റിനു ഇഷ്ടമുള്ളവരെയെല്ലാം രജിസ്റ്റർചെയ്യാമെന്നു പറഞ്ഞാൽ മാത്രം മതി.

We have decided that there should be a distinction between qualified and unqualified practitioners. And because these people in Government service have experience, we are exempting them from the period prescribed for others. Only they cannot be declared as being qualified. To do so will be absurd and ridiculous. So I say that if 47 is accepted, we will be in a ludicrous position. It will be equal to saying that a person whom Government likes may be considered qualified. Suppose the hon. Minister for Medicine were to say that because he has been dealing with the department of Medicine, he should also be registered in the A class. How will

[Shri. E. P. Varghese.]

the claim be considered ? This is something like that too. The Government servants do not suffer on account of this; only some privileges cannot be enjoyed.

Shri A. A. D. Luiz : During their tenure of service in Government they would acquire some knowledge in the profession. Should it not be recognised ?

Shri E. P. Varghese : But that will not be equal to obtaining qualification. If an undergraduate has been in Government service for a number of years, would you recommend to the University to declare him a graduate ? That is what I am saying. I am speaking so earnestly on this question, because I feel that if this is allowed, we will be making our position ridiculous. We do not want to harm anybody, to put anybody out of service. Let every man in Government service be registered and allowed to continue in the Government service with all the emoluments of that service. Only thing is, he shall not have the two privileges which are given to qualified medical practitioners in this Act, namely to stand for election to the Council and to issue medical certificates. These are the two things from which they will be excluded. Therefore what I ask is, why should we take up the absurd position of saying that unqualified persons shall be qualified persons. In these professional matters, Government should not interfere. A man might have reached the dizzy heights of Government service by spiral stairs. But that should not influence this House and influence the Government to take up any partial attitude. Let us eschew all extraneous considerations and consider this question dispassionately. Of course, I agree that some of the Ayurveda practitioners may not be able to qualify themselves as A Class practitioners. But that will be remedied in course of time. It may be that a few persons in the higher ranks of the Ayurveda Department may find themselves in an awkward position.

Shri A. Thanu Pillai : May I know from the Member whether he meant to say that there are, in the higher ranks of the Ayurveda departmental services, persons who have no qualifications whatsoever according to this Bill ?

Shri E. P. Varghese : May be, Sir. For the sake of argument I said there may be some persons, and there may be a little hardship in the case of persons who are occupying high positions in the Ayurveda profession and not having proper qualifications. That is a different matter. That is for the Government to decide. Here is a Medical Practitioner. Let him draw high salary and pass for a big man. He shall not be registered under the Act unless he comes within the conditions prescribed. We are concerned with the

principles which we have accepted when it was before the Select Committee. The provision is that persons with certain recognised academic qualifications alone shall be registered. Why should we undo it ? Should we legislate like that ?

Again regarding the amendment of the hon. Member for Nemmara I have to say that there must be some order in the whole legislation. If his amendment were added as sub-clause (*iii*) of sub-section (1) of section 23, and if it stood as a separate clause, it would have been all right. On the other hand, the hon. Member wants it to be tacked on to the first clause. Three classes of persons are eligible for registration—(1) every holder of a recognised qualification, (2) every person who has been in regular practice for a period of not less than five years and (3) every person who is in Government service. Unless we are clear when the interpretation comes in, it will be giving room for Government to do all sorts of things. This Government will not be in power always.

Shri V. R. Krishnan Ezhuthassan : No particular authority is given to Government by that amendment.

Shri E. P. Varghese : Of course, when we look at things through one angle of vision, there is difficulty to understand the other angle of vision. The only thing is that it may work hardship for a few for some time. Even they will be recognised. There is nothing which stands in the way of this Government recognising their qualification. The course of study and the syllabus may be gone into by the Council and the institutions which are found fit may be added and those which are found unfit may be excluded from the schedule. Ayurveda school too have good course and they may be recognised as we have recognised the Munchira School of Siddha system. We want to register persons with experience and experience alone as medical prctitioners. But the hon. Member for Kalloopara wants that over and above that he must sit for an examination and pass it. It is up to the House to impose any such thing. A number of perons are living on this profession. The provision of 5 years practsce may throw some out of employment and it will be hard. Perhaps my friend did not read sub-section (2). It says that he must have been in regular practice for 5 years. It is not enough if he says " I started practice some 20 years ago'. He must have a certificate that he was practising for 5 years previous to 1st April 1953. So, the purpose of this amendment will be properly served if the hon. Minister's amendment No. 48 is accepted. There is no difficulty about that. Nobody will be thrown out of employment. Every medical practitioner in the Ayurveda Department of our Government will be registered; he can continue to practise, he can continue in service and do all that. Why should we put unqualified men as qualified men ? That is a position to which we should not reduce ourselves.

ശ്രീ. കെ. കരുണാകരൻ : ഞാൻ ബഹുമാനപ്പെട്ട മെംബറന്മാരുടെ ഭേദഗതിയെ അനുകൂലിക്കുകയാണ്. ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രിയുടെ ഭേദഗതി സ്വീകരിച്ച് ഗവൺമെൻറിന് അധികാരം കൊടുക്കുന്നതു ആലങ്ങാട്ടു മെംബറുടെ വാദം വച്ചു നോക്കിയാൽത്തന്നെ, ഉചിതമായിരിക്കുകയില്ല.

ശ്രീ. ഈ. പി. വർഗ്ഗീസ്: ഈ ഭേദഗതി സ്വീകരിക്കുന്നപക്ഷം ഗവൺമെൻറ സർവ്വീസിലുള്ള എല്ലാവരേയും രജിസ്റ്റർചെയ്യേ തീരു.

ശ്രീ. കെ. കരുണാകരൻ : ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതി സ്വീകരിച്ചാൽ ഗവൺമെൻറ് സർവ്വീസിലുള്ള എല്ലാവർക്കും കൊടുക്കുകൊള്ളണമെന്നില്ല. അപ്പോൾ ക്വാളിഫൈഡ് എന്ന ഭാഗത്തിൽ ഗവൺമെൻറ സർവ്വീസിലുള്ള എല്ലാവരും ഉൾപ്പെടണം എന്നുള്ളതുകൊണ്ടാണ് ഞാൻ നെമ്മാറ മെംബറുടെ ഭേദഗതിയെ അനുകൂലിക്കുന്നതും മന്ത്രിയുടെ ഭേദഗതി പിൻവലിക്കണമെന്നും പറയുന്നതു്.

Mr. Speaker: Without any qualification ?

ശ്രീ. കെ. കരുണാകരൻ : അതെ. ആയുർവേദത്തിൻെറ ചരിത്രം നോക്കുകയാണെങ്കിൽ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള പരീക്ഷായോഗ്യത ഇല്ലാത്ത എത്രയോ വൈദ്യന്മാർ ഇന്നു ഗവൺമെൻറ സർവ്വീസ്സിലിരുപ്പുണ്ട്. അങ്ങനെയുള്ള വൈദ്യന്മാരുടെ സേവനം വാസ്തവത്തിൽ ആയുർവ്വേദത്തിനു നഷ്ടപ്പെടാതിരിക്കുവാൻ വേണ്ടിയാണ് ഈ ഭേദഗതി സ്വീകരിക്കേണ്ടതു ആവശ്യമാണെന്നു ഞാൻ പറയുന്നതു്.

ശ്രീ. ഈ. പി. വർഗ്ഗീസ് : അവരുടെ സേവനം വേണമെന്നുണ്ടെങ്കിൽ അവരെ എ ക്ലാസ്സിൽതന്നെ ചേർക്കണമെന്നുണ്ടോ? ബി ക്ലാസ്സിൽ ചേർത്താൽ പോരേ?

ശ്രീ. കെ. കരുണാകരൻ : എ ക്ലാസ്സിൽ ചേർത്താൽ അവർക്കു കൗൺസിലിൽ കൂടി വരാൻ എളുപ്പമുണ്ട്. മാത്രമല്ല, എ എന്നും ബി എന്നും രണ്ടു ക്ലാസ്സായിതിരിച്ച് രജിസ്റ്റർചെയ്യുന്നതുകൊണ്ട് ഭാവിയിൽ അവ എങ്ങനെ ബാധിക്കുമെന്നും കണ്ടറിയേണ്ടതാണ്. അതുകൊണ്ട് ഈ ഭേദഗതി സ്വീകരിച്ചാൽ പ്രശസ്തന്മാരും ആയുർവ്വേദ വൈദ്യത്തിൽ പരിജ്ഞാനമുള്ളവരുമായ വൈദ്യന്മാരെക്കൂടി എ ക്ലാസ്സിൽ ഉൾപ്പെടുത്തുവാൻ സാധിക്കും. ഈ ഭേദഗതിയിൽ തിരുവിതാംകൂറെന്നോ കൊച്ചി എന്നോ യാതൊരു പ്രാദേശിക ബുദ്ധിയും കൊണ്ടുവന്നിട്ടില്ല. നിയമത്തിൻെറ വ്യാപ്തിയോടൊപ്പംതന്നെ പ്രായോഗികതകൂടി ഇങ്ങനെയുള്ള നിയമനിർമ്മാണം നടത്തുമ്പോൾ നോക്കേണ്ടതാണ്. അങ്ങനെ നോക്കുമ്പോൾ ഇന്നു ഗവൺമെൻറ് സർവ്വീസ്സിലുള്ളവരും എന്നാൽ ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന പരീക്ഷായോഗ്യത ഇല്ലാത്തവരുമായ ആളുകളെക്കൂടി ഉൾപ്പെടുത്തുവാൻ ആവശ്യമായ ഒരു ഭേദഗതിയാണ് ഇതെന്നു കാണാം. കല്ലൂപ്പാറ മെംബറിൻെറ ഭേദഗതിക്കു വലിയ അർത്ഥമുണ്ടെന്നു തോന്നുന്നില്ല. നാലും അഞ്ചും കൊല്ലം പഠിച്ച് പരീക്ഷ എല്ലാം കഴിഞ്ഞു ട്രെയിനിംഗും കഴിഞ്ഞതിൻെറശേഷമാണ് ഇവർ പ്രാക്ടീസു ചെയ്യാൻ വരുന്നതു്. അങ്ങനെയുള്ളവർ വീണ്ടും പരീക്ഷയ്ക്കിരിക്കണമെന്നു പറയുന്നതിൽ വലിയ അർത്ഥമില്ല.

ശ്രീ. ഒ. സി. നൈനാൻ: പരീക്ഷ ഇല്ലാത്തവരുടെ കാര്യത്തെപ്പററിയാണ് ഞാൻ ഭേദഗതികൊണ്ടുവന്നതു്.

ശ്രീ. കെ. കരുണാകരൻ: അവരും വേണ്ട പരിശീലനവും പരിജ്ഞാനവും സിദ്ധിച്ചതിന്റെ ശേഷമാണ് പ്രാക്ടീസിനു വന്നിട്ടുള്ളതു്. അവക്കും വീണ്ടും ഒരു പരീക്ഷയുടെ ആവശ്യമില്ല. അതുകൊണ്ടു് ബഹുമാനപ്പെട്ട നെമ്പാറ മെംബറിന്റെ ഭേദഗതി സ്വീകരിക്കണമെന്നും ബഹുമാനപ്പെട്ട മന്ത്രിയുടെ ഭേദഗതി അദ്ദേഹം പ്രസ്സ് ചെയ്യരുതെന്നും ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. സി. സി. അയ്യപ്പൻ: ഇപ്പോഴ് ഗവണ്മെൻറ സർവീസിലിരിക്കുന്നവരിൽ എത്ര അഷ്ട വൈദ്യന്മാർ ഉണ്ടെന്നു പറയാമോ?

ശ്രീ. കെ. കരുണാകരൻ: ഒന്നു രണ്ടു പേരെ എനിക്കറിയാം.

ശ്രീ. ഈ. പി. വർഗ്ഗീസ്: ഇതിനു മുമ്പുള്ള അഷ്ട വൈദ്യന്മാരെ ഇതിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുണ്ടു്. അതുകൂടാതെ അഷ്ടവൈദ്യന്മാർ ഉണ്ടെങ്കിൽ അതിലേയ്ക്കു പ്രത്യേകം ഒരു ക്ലാസ്സുകൂടി ഇവിടെ ചേർത്തിട്ടുണ്ടല്ലൊ? It is stated in section 38: "Provided that the Government may by notification in the Gazette direct that this section shall not apply to any person or class of persons or to any specified area..." So, the amendment of Shri Krishnan Ezhuthassan is not necessary.

ശ്രീ. സി. അച്യുതമേനോൻ: സർ, ഞാൻ ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛന്റെ ഭേദഗതിയെ പിൻതാങ്ങുന്നു. ശ്രീ. ഈ. പി. വർഗ്ഗീസ് ഈ സഭമുമ്പാകെ അവതരിപ്പിച്ച വാദമുഖങ്ങൾക്ക് വളരെ അധികം ശക്തിയുണ്ടെന്നു ഞാനും സമ്മതിക്കുന്നു. ബില്ലിന്റെ തത്വംതന്നെ രണ്ടുതരത്തിലുള്ള മെഡിക്കൽ പ്രാക്ടീഷണേഴ്സിനേയും അംഗീകരിക്കണമെന്നുള്ളതാണ്. ഏതെങ്കിലും ഒരു വൈദ്യവിദ്യാലയത്തിൽ പഠിക്കുകയും പരിശീലനം നടത്തുകയും ചെയ്തശേഷം പരീക്ഷ പാസ്സായ ആളുകളെ ക്വാളിഫൈഡ് മെഡിക്കൽ പ്രാക്ടീഷണേഴ്സായി അംഗീകരിക്കണം. എന്നാൽ അപ്രകാരം ചെയ്യാത്ത ആളുകൾ അഞ്ചുവർഷമോ കൂടുതൽ വർഷമോ വൈദ്യവിഷയമായ പ്രായോഗികമായ പരിശീലനം സിദ്ധിച്ചവരായുണ്ടെങ്കിൽ അവരെയും രജിസ്റ്റർചെയ്യണം. പക്ഷെ അവരെ ബിയിൽ മാത്രമേ പെടുത്തുകയുള്ളു എന്നാണ് ബില്ലിൽ പറയുന്നതു്. ശ്രീമാൻ എഴുത്തച്ഛന്റെ ഭേദഗതി സ്വീകരിക്കുകയാണെങ്കിൽ ഒരു യുക്തിരഹിതമായ നില വന്നുചേരുന്നു; ഒരു റെക്കഗ്നൈസ്ഡ് മെഡിക്കൽ ക്വാളിഫിക്കേഷൻ ഇല്ലാത്ത ആളുകളെ സ്റ്റാറ്റ്യൂട്ടറിയായി ക്വാളിഫിക്കേഷനുള്ളതായി ഗണിക്കണമെന്നു വന്നുചേരുന്നു, എന്നാണ് ശ്രീ. വർഗീസ് ചൂണ്ടിക്കാണിക്കുന്നതു്. താത്വികമായി നോക്കുമ്പോൾ അദ്ദേഹം പറയുന്നതു ശരിയാണ്. അതേസമയത്തു തന്നെ ഈ ബിൽ ഇതേപടി അംഗീകരിച്ചാൽ ഇന്നത്തെ സ്ഥിതിക്ക യുക്തിരഹിതമായ മറെറാരു നിലയും കൂടി വന്നുചേരുന്നതാണ്. മുൻ കൊച്ചിഗവണ്മെൻറിന്റെ കീഴിൽ വൈദ്യഡിപ്പാർട്ടുമെൻറിൽ നിയമിക്കപ്പെടുന്ന ആളുകളുടെ യോഗ്യതയെസംബന്ധിച്ച് ചില തെററായ ധാരണകൾ ഉണ്ടാകാൻ ഈ സഭയിലല്ല ചില

[ശ്രീ. സി. അച്യുതമേനോൻ.]

അംഗങ്ങളുടെ പ്രസ്താവനകൾ ഇടയാക്കിയിട്ടുണ്ട്. ആ തെററിദ്ധാരണ ആദ്യമായി നീക്കേണ്ടിയിരിക്കുന്നു. എനിക്കു മനസ്സിലാക്കാൻ സാധിച്ചിടത്തോളം അങ്ങനെ യാതൊരു യോഗ്യതയും ഇല്ലാത്ത ആളുകളെ യഥേഷ്ടമായി കൊച്ചി ഗവണ്മെൻറിലോ അവിടത്തെ ഏതെങ്കിലും സ്ഥാപനങ്ങളിലോ ഇൻസ്റ്റിററ്യൂഷനിലോ നിയമിച്ചിട്ടുള്ളതായി തോന്നുന്നില്ല. എൻെറ അറിവു പറയുകയാണെങ്കിൽ മൂന്നുതരത്തിലുള്ള യോഗ്യതയാണ് കൊച്ചി ഗവണ്മെൻറ് ഇങ്ങനെയുള്ള നിയമനത്തിൽ മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളതു്. ഒരുകാലത്തു് ചെറുതുരുത്തിയിൽ കേരള ആയുർവേദ സമാജം എന്നു പറഞ്ഞ ഒരു വൈദ്യവിദ്യാലയം ഉണ്ടായിരുന്നു. അവർ ഒരു ആശുപത്രിയും നടത്തിക്കൊണ്ടുപോന്നു. ഈ വിദ്യാലയത്തേയും ആശുപത്രിയേയും ഗവണ്മെൻറ് അംഗീകരിക്കുകയും എൻെറ ഓർമ്മ ശരിയാണെങ്കിൽ അവക്കു് കൊല്ലംതോറും ഒരുലക്ഷം രൂപ ഗ്രാൻറ കൊടുത്തുകൊണ്ടിരിക്കുകയും ചെയ്തു. ആ വിദ്യാലയം കൊല്ലംതോറും പരീക്ഷ നടത്തുകയും പാസ്സാകുന്നവക്കു് സർട്ടിഫിക്കററുകൾ കൊടുക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. കുറെ കഴിഞ്ഞപ്പോൾ ആ വിദ്യാലയം ചെറുതുരുത്തിയിൽ നിന്നും ബ്രിട്ടീഷ് ഭാഗത്തേയ്ക്കു് മാററിസ്ഥാപിച്ചു. അതിനുശേഷം ഗവണ്മെൻറിൽനിന്നുതന്നെ "വൈദ്യഭൂഷണം" എന്നൊരു പരീക്ഷ നടത്തി അതിൽ പാസ്സായവക്കു സർട്ടിഫിക്കററ കൊടുത്തുകൊണ്ടിരുന്നു. 'വൈദ്യഭൂഷണം' പാസ്സായിട്ടുള്ളവരെ ഗവണ്മെൻറ വൈദ്യശാലകളിൽ വൈദ്യന്മാരായിട്ടു നിയമിക്കുകയുണ്ടായിട്ടുണ്ടു്. അതുപോലെ തിരുവിതാംകൂർ ആയുർവേദകാളേജിൽ നിന്നു 'വൈദ്യകലാനിധി' എന്ന പരീക്ഷ പാസ്സാകുന്നവക്കു് ഉദ്യോഗങ്ങൾ കൊടുക്കാറുണ്ടു്. ഇതല്ലാതെ യാതൊരു പരീക്ഷായോഗ്യതയുമില്ലാത്തവരെ കണ്ടമാനം സവ്വീസിലെടുത്തിട്ടുണ്ടു് എന്ന ധാരണ തെററാണു്.

<u>ശ്രീ. കെ. കെ. ചെല്ലപ്പൻ പിള്ള</u> : സർവീസിലിരിക്കുന്ന അത്തരം പരീക്ഷായോഗ്യതയില്ലാത്ത യോഗ്യന്മാരായ വൈദ്യന്മാരേയും അസാധാരണ നൈപുണ്യമില്ലാത്തതും അതേസമയത്തു പരീക്ഷായോഗ്യതയില്ലാത്തതുമായ ആളുകളേയും ഒരുമിച്ചു ചേക്കുന്നതു ബില്ലിൻെറ തത്വത്തിനു യോജിച്ചതാണെന്നു വിചാരിക്കുന്നുണ്ടോ ?

<u>ശ്രീ. സി. അച്യുതമേനോൻ</u> : ആ കാര്യത്തിൽ മെമ്പറിൻെറ അഭിപ്രായത്തോടു യോജിക്കുന്നതിൽ എനിക്കു വിരോധമില്ല. എന്നാൽ ശരിയായ പരീക്ഷായോഗ്യതകളെയെല്ലാം ഷെഡ്യൂളിൽ ഉൾക്കൊള്ളിച്ചിരുന്നെങ്കിൽ നിങ്ങൾ വഴക്കില്ലായിരുന്നു. പക്ഷെ അപ്രകാരം ചെയ്തിട്ടില്ല. അതുകൊണ്ടാണു് സർക്കാർ സവ്വീസിലിരിക്കുന്നവക്കെങ്കിലും രജിസ്ട്രേഷൻ കിട്ടണമെന്നുള്ള ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നതു്.

<u>ശ്രീ ഇ. പി. വർഗീസ്</u> : മെഡിക്കൽകൗൺസിലിൽ പരീക്ഷായോഗ്യതയല്ലാത്തുള്ള യോഗ്യതകളൊന്നും സ്വീകരിക്കാൻ പാടില്ലെന്നു പറയുമ്പോൾ മുമ്പ് കൊച്ചി ഗവണ്മെൻറ് സ്വീകരിച്ചുവന്നിരുന്ന യോഗ്യതകളെ ഉൾപ്പെടുത്താൻ പ്രത്യേകം വകുപ്പു ചേക്കേണ്ടിവരുമെന്നറിയാമോ ?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെ വരും.

Shri K. K. Chellappan Pillai : Sir, a question. Clause 32 (2)-ൽ ഇങ്ങനെ പറയുന്നു:

"No certificate required by law to be given by a medical practitioner shall be valid unless it is signed by a qualified registered practitioner."

ഈ സർട്ടിഫിക്കററുകൂടി കൊടുക്കാനുള്ള അധികാരംകൂടി വേണമെന്നല്ലേ ആവശ്യപ്പെടുന്നതു്?

ശ്രീ. സി. അച്യുതമേനോൻ: ക്വാളിഫൈഡ് മെഡിക്കൽ പ്രാക്ടീഷണർക്കു് എന്തൊക്കെ അധികാരങ്ങളും അവകാശങ്ങളുമാണോ ബില്ലിൽ പ്രതിപാദിച്ചിരിക്കുന്നതു് അതുകളൊക്കെ വേണമെന്നുതന്നെയാണുദ്ദേശിക്കുന്നതു്. വാസ്തവത്തിൽ ഞാൻ മനസ്സിലാക്കിയിടത്തോളം കൊച്ചി ഗവൺമെന്റിനെസംബന്ധിച്ചു പറയുകയാണെങ്കിൽ ഇടക്കാലങ്ങളിൽ പരീക്ഷായോഗ്യതയുള്ളവർക്കു തന്നെയാണു് ഉദ്യോഗങ്ങൾ കൊടുത്തിരിക്കുന്നതു്. കൊച്ചി ഗവൺമെന്റു് അംഗീകരിച്ചിട്ടുള്ള പരീക്ഷകൾ പാസ്സായിട്ടുള്ളവർക്കു് സർട്ടിഫിക്കററു കൊടുക്കുകയും അതിൻപ്രകാരം ഉദ്യോഗങ്ങൾ കൊടുക്കുകയും മററുമാണു ചെയ്തുവന്നിരുന്നതു്. എന്നാൽ ഈ ബില്ലു് ഇവിടെ കൊണ്ടുവന്നപ്പോൾ വാസ്തവത്തിൽ ഈ സംഗതി വിസ്മരിക്കുകയാണുണ്ടായതു്. നമ്മുടെ മെഡിക്കൽമന്ത്രി ശരിയായ ഒരു അന്വേഷണം നടത്തിയതിനുശേഷം ഒരു ബില്ലു് കൊണ്ടുവന്നിരുന്നുവെങ്കിൽ ഇത്രയും വാദപ്രതിവാദങ്ങൾക്കു് ഇടയാകുകയില്ലായിരുന്നു. വൈദ്യന്മാർക്കുള്ള പരീക്ഷായോഗ്യതയെ സംബന്ധിച്ചിടത്തോളം കൊച്ചി ഗവൺമെന്റു് എന്തു നടപടികളാണു കൈക്കൊണ്ടിട്ടുള്ളതെന്നും, അങ്ങനെ കൈക്കൊണ്ടിട്ടുള്ള നടപടികളിൽ ഇപ്പോൾ എന്തെങ്കിലും ഭേദഗതികൾ വരുത്തിയിട്ടുണ്ടോയെന്നും മററും ആരായേണ്ട ചുമതല ബഹുമാനപ്പെട്ട മന്ത്രിക്കുണ്ടായിരുന്നു. നിർഭാഗ്യവശാൽ ഈ കാര്യം മന്ത്രി വിസ്മരിച്ചുകൊണ്ടാണു് മുമ്പു് കൊച്ചി ഗവൺമെന്റു് അംഗീകരിച്ചിട്ടുള്ള പരീക്ഷകൾക്കു് ഒരു സ്ഥാനമില്ലാതായിത്തീർന്നതു്. തന്നിമിത്തം കൊച്ചിഗവൺമെന്റിൽ സേവനമനുഷ്ഠിക്കുന്ന വൈദ്യന്മാർക്കു് ഇപ്പോൾ വലിയ ഒരാശങ്കയ്ക്കു വകയുണ്ടായിരിക്കുകയാണു്. അതുകൊണ്ടു് ഈ ബില്ലു് അവർക്കുകൂടി ഗുണകരമായ ഭേദഗതികൾ വരുത്തി പാസ്സാക്കേണ്ടതാണെന്നാണു് ഞാൻ അഭിപ്രായപ്പെടുന്നതു്. ഇതുകൂടാതെ മറെറാരു സംഗതികൂടി ഷെഡ്യൂൾ സി. യിൽ പറയുന്നതു് എന്റെ അഭിപ്രായത്തിനു ഉപോൽബലകമാണു്. അതു ഞാൻ വായിക്കാം.

"Certificate or Diploma granted by:—

Schedule (c) His Highness the Maharaja's Ayurveda College, Trivandrum, or the Government of Travancore-Cochin."

ഈ ഖണ്ഡികയുടെ അർത്ഥം വിശകലനം ചെയ്തുനോക്കിയാൽ എ ക്ലാസ് രജിസ്ട്രേഷനിൽ കൊള്ളിക്കാനുള്ള പരീക്ഷായോഗ്യതകളുടെ കൂട്ടത്തിൽ തിരുവിതാംകൂർ—കൊച്ചി ഗവൺമെന്റു് നൽകുന്ന സർട്ടിഫി

ക്കറേറാ, ഡിപ്ലോമയോകൂടി ഉൾപ്പെടുമെന്നാണ്. അങ്ങനെ നോക്കിയാൽ ഗവണ്മെൻറിനാൽ നൽകപ്പെടുന്ന ബിരുദങ്ങൾക്ക് ശരിയായ വില കൽപ്പിക്കണമെന്നുള്ളതു് സ്പഷ്ടമായി സമർത്ഥിച്ചിരിക്കുകയാണു്. ഇന്നു് തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് നൽകുന്ന ബിരുദങ്ങൾ അംഗീകരിക്കണമെന്നു പറയുമ്പോൾ, മുൻകൊച്ചി ഗവണ്മെൻറ നൽകിയിട്ടുള്ള ബിരുദങ്ങൾ എന്തുകൊണ്ടാണു അംഗീകരിക്കാൻ പാടില്ലാത്തതെന്നു എനിക്കു മനസ്സിലാകുന്നില്ല. മുമ്പു് ഈ രണ്ടു ഗവണ്മെൻറുകളും പല കാര്യങ്ങളിലും പലതും ഒക്കെ ചെയ്തിട്ടുണ്ടു്. ഒരു ഗവണ്മെൻറ് ചെയ്തതു ശരിയാണെന്നും മറെറാരു ഗവണ്മെൻറ ചെയ്തതു തെററാണെന്നും ഈ കാര്യത്തിൽ പറയുന്നതു ശരിയല്ല. മുൻകാലത്തു ഈ ഗവണ്മെൻറുകൾ നിശ്ചയിച്ചുകൊടുത്തിട്ടുള്ള യോഗ്യതകൾ നമുക്കു് ഇന്നു മാററണ്ടയാവശ്യമില്ല.

ശ്രീ. ഇ. പി. വറുഗീസ്: ആയുർവേദവുമായി യാതൊരു ബന്ധവുമില്ലാം... ആളുകളെക്കൂടി രജിസ്റ്റർ ചെയ്യണമെന്നാണോ മെംബറിൻെറ അഭിപ്രായം?

ശ്രീ. സി. അച്യുതമേനോൻ: അങ്ങനെയല്ല ഞാൻ പറയുന്നതു്. ഈ അമെൻറമെൻറിൻെറ ഉത്തരവാദിത്വപ്പെററിയാണു് എനിക്കു പറയാനുള്ളതു്. ഞാൻ ഇപ്പോൾ നിസ്സഹായമായിട്ടുള്ള ഒരു അവസ്ഥയിലാണു് എത്തിയിരിക്കുന്നതു്. ആയുർവേദവുമായിട്ടു് യാതൊരു ബന്ധവുമില്ലാത്ത ആളുകളെ ക്വാളിഫൈഡു മെഡിക്കൽ പ്രാക്ടീഷണറായിട്ടു് രജിസ്റ്റർ ചെയ്യണമെന്നല്ല ഞാൻ പറയുന്നതു്. മുൻപു കൊച്ചി ഗവണ്മെൻറ പരീക്ഷായോഗ്യതയെ സംബന്ധിച്ചിടത്തോളം ചില വ്യതിയാനങ്ങൾവരുത്തി നിയമനങ്ങൾ നടത്തിയിട്ടുണ്ടു് എന്നു പറഞ്ഞാൽ, ആയുർവേദവുമായി ബന്ധമില്ലാത്ത ആളുകളെ നിയമിച്ചു എന്നല്ല അർത്ഥം. എൻെറ സ്നേഹിതൻ ശ്രീ. ഇ. പി. വർഗ്ഗീസ് തെററിദ്ധരിച്ചാണു് എതിർക്കുന്നതെന്നു എനിക്കു തോന്നുന്നു. അവിടെ എൻെറ അനുഭവത്തിൽ പരീക്ഷായോഗ്യതയുള്ള ആളുകളെയാണു ഇപ്പോൾ നിയമിച്ചിരിക്കുന്നതു്. പക്ഷെ തീയററിക്കലായിട്ടു് ഒരു സമയം ശ്രീ. വർഗ്ഗീസ് പറയുന്നപോലെ വരാൻ സാദ്ധ്യതയുണ്ടെന്നു ഞാൻ സമ്മതിക്കുന്നു—അതായതു് ഒരു യോഗ്യതയുമില്ലാത്തവർക്കു് രജിസ്ട്രേഷൻ കൊടുക്കുകയെന്നതു്. എന്നാൽ അതു തീയററിക്കലായിമാത്രം പ്രായോഗികമായി അങ്ങനെയൊന്നും ഉണ്ടാകാൻ പോകുന്നില്ല. കാരണം, കൊച്ചീസർവ്വീസിലുള്ളവർ യോഗ്യതയുള്ളവർ തന്നെയാണു്.

ശ്രീ ഇ. പി. വർഗ്ഗീസ്: മുൻപു കൊച്ചി ഗവണ്മെൻറ് കൊടുത്തിരുന്ന ഡിപ്ലോമയോ, സർട്ടിഫിക്കററോ ഒരു പരിശോധനയ്ക്കു വിധേയമാക്കുന്നതിൽ ബഹുമാനപ്പെട്ട മെംബർക്കു് അഭിപ്രായവ്യത്യാസമുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: സർ, അതുതന്നെയാണു് നാം ചെയ്യരുതെന്നു് ഞാൻ പറയുന്നതു്. മുൻ കൊച്ചിഗവണ്മെൻറചെയ്ത പ്രവൃത്തികളെ ചികഞ്ഞുനോക്കി നാം പരിശോധിച്ചു വിധികൽപ്പിക്കാൻ ഇരിക്കുന്നതു ശരിയായ ഒരു നടപടിയല്ല. സംയോജനത്തിനു മുമ്പു് രണ്ടു ഗവണ്മെൻറുകളും ചെയ്തിട്ടുള്ള പ്രവൃത്തികളെ അതേപടി

അംഗീകരിക്കുക എന്ന അടിസ്ഥാനത്തിലാണ് സംയോജനമുണ്ടായതു്. ഇന്നതു മറന്നു് പുനഃപരിശോധന തുടങ്ങിയാൽ അനാവശ്യമായ അസുഖങ്ങളും വഴക്കുകളും സൃഷ്ടിക്കുകയായിരിക്കും ഫലം. പണ്ടത്തെ കൊച്ചി ഗവൺമെൻറ കേരളആയുർവ്വേദവൈദ്യശാലയിൽനിന്നു പരീക്ഷകൾനടത്തി സർട്ടിഫിക്കററുകൾ കൊടുത്തിട്ടുണ്ടു്. അന്നത്തെ കൊച്ചിഗവൺമെൻറ കൊടുത്തിരുന്ന സർട്ടിഫിക്കററിനു്, ഇന്നത്തെ തിരുവിതാംകൂർ-കൊച്ചി ഗവൺമെൻറ അർഹിക്കുന്ന വില നൽകുന്നില്ലെങ്കിൽ അതുചിതമായിരിക്കുകയില്ല. കൊച്ചിയിലെ ചില ഉദ്യോഗസ്ഥന്മാർക്കും വൈദ്യന്മാർക്കുമാണു് ഈ ബില്ലുകൊണ്ടു ദോഷംനേരിടാൻ പോകുന്നതു്. അവരുടെ സംരക്ഷണത്തിനുവേണ്ടി ചില വ്യവസ്ഥകൾ കാലേതന്നെ ഈ ബില്ലിൽ വരുത്തേണ്ടതായിരുന്നു. അതിലേക്കു മെഡിക്കൽമന്ത്രി ശ്രദ്ധിച്ചിരുന്നുവെങ്കിൽ ഈ ബില്ലിനെ ഞാൻ സ്വാഗതം ചെയ്യുമായിരുന്നു. അതില്ലാത്ത സ്ഥിതിക്കു് ശ്രീ. എഴുത്തച്ഛൻെറ ഭേദഗതിയെ ഞാൻ എതിർക്കുകയാണെങ്കിൽ, കൊച്ചി വിഭാഗത്തു ഇന്നു അവശതയനുഭവിക്കുന്ന വൈദ്യന്മാരോടു ചെയ്യുന്ന ഒരു കടുംകയ്യായിരിക്കും അതു്. തത്വചിന്താപരമായി നോക്കിയാൽ ഷെഡ്യൂളിൽ ഭേദഗതിവരുത്തണമെന്നുള്ള എൻെറ ഭേദഗതിയാണു് ശരി. എന്നാൽ അതിനു ഭൂരിപക്ഷം കിട്ടുമെന്നു എനിക്കുറപ്പില്ല. അതുകൊണ്ടു് എൻെറ ഭേദഗതി തള്ളിപ്പോവുകയും ഞാൻ ശ്രീ. എഴുത്തച്ഛൻെറ ഭേദഗതി പിന്താങ്ങാതെ അതും തള്ളിപ്പോവുകയും ചെയ്താൽ കുഴപ്പമാണു്. അതുകൊണ്ടു് ഞാൻ ശ്രീ. എഴുത്തച്ഛൻെറ ഭേദഗതിയെ ബലമായി പിൻതാങ്ങുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : സർ, ഞാൻ ഈ ഭേദഗതിയെ എതിർക്കുകയാണു ചെയ്യുന്നതു്. ഇവരാരും പറയുന്ന കരവശത ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഉണ്ടാകുമെന്നു തോന്നുന്നില്ല. എത്രമാത്രം വൈദ്യപരിശീലനം നൽകാനുള്ള അവസരം കൊടുക്കാൻ സാധിക്കുമോ, അത്രമാത്രം അവസരം കൊടുക്കാനുള്ള സാദ്ധ്യതയുണ്ടെന്നു ബില്ലു നോക്കിയാൽ മനസ്സിലാകുന്നതാണു്.

ശ്രീ. എ. താണുപിള്ള : മെംബർ ഏതു ഭേദഗതിയെപ്പററിയാണു സംസാരിക്കുന്നതു്?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : അതായതു എത്രമാത്രം വൈദ്യന്മാർക്കു പരിശീലനം കൊടുക്കാൻ സാധിക്കുമോ, അത്രമാത്രം കൊടുത്തിട്ടുണ്ടെന്നുള്ളതു...........

ശ്രീ. എ. താണുപിള്ള : ഇവിടെ നാലു ഭേദഗതികൾ അവതരിപ്പിച്ചിട്ടുണ്ടു്. അതിൽ രണ്ടെണ്ണം ബഹുമാനപ്പെട്ട മന്ത്രിയുടേതും, ഒന്നു് ശ്രീ. എഴുത്തച്ഛൻേറതും, ഒടുവിലത്തേതു് ശ്രീ. നൈനാൻേറതും. ഇതിൽ ഏതിനെപ്പററിയാണു ബഹുമാനപ്പെട്ട മെംബർ സംസാരിക്കുന്നതു്?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള : സർ, ഞാൻ ശ്രീ. കൃഷ്ണനെഴുത്തച്ഛൻെറ ഭേദഗതിയെയാണു എതിർക്കുന്നതു്. വൈദ്യപരിശീലനം അല്ലെങ്കിൽ പ്രാക്ടീസു് ചെയ്യുന്നതിനു് ധാരാളം അവസരം ഈ ബിൽ മുഖേന നൽകുന്നുണ്ടെന്നു കാണാം. എന്നാൽ ശ്രീ. എഴുത്തച്ഛൻെറ ഭേദ

ഗതികൊണ്ടു അദ്ദേഹം ഉദ്ദേശിക്കുന്നതു സർവീസിലിരിക്കുന്ന കുറെപ്പേക്കു് ചില പ്രത്യേക പരിഗണനകൊടുക്കണമെന്നുള്ള വകുപ്പുകൾ ചേർക്കണമെന്നുള്ളതാണു്. ആ ഭേദഗതിയുടെ താൽപ്പര്യമനുസരിച്ചു ബില്ലിൽ വല്ല മാററങ്ങൾ വരുത്തിയാൽ തന്നെയും അതുകൊണ്ടു അൽപ്പം ചിലക്കു് ഗുണം കിട്ടുമെന്നല്ലാതെ പലർക്കും ദോഷമുണ്ടാകാൻ എളുപ്പമുണ്ടു്. ഈ ആക്ററ് ഉണ്ടാകുന്നതിനു വളരെ മുമ്പുതന്നെ വളരെപ്പേർ, ഇതുപോലെ പരിശീലനം സിദ്ധിച്ചിട്ടുള്ള വളരെ വൈദ്യന്മാർ സർവീസിൽ ഇരുന്നു് റിട്ടയർ ചെയ്തിട്ടുണ്ടു്. അവരിൽ ആർക്കും ഈ
3 P. M. പരിഗണന കൊടുക്കുവാൻ സാദ്ധ്യമല്ല. രണ്ടാമതായി ഗവണ്മെൻറുദ്യോഗത്തിലൊന്നും ഇരിക്കാതെ വെളിയിൽ ഇരിക്കുന്ന വൈദ്യന്മാരുണ്ടു്. അവക്കും ഈ അവകാശം കൊടുക്കുവാൻ സാധിക്കുന്നില്ല. ഗവണ്മെൻറ് സർവീസിൽ ഇരിക്കുന്ന വൈദ്യന്മാക്കു് ഈ അവകാശം കൊടുക്കണമെന്നേ ഇതിൽ പറഞ്ഞിട്ടുള്ളു. രണ്ടവകാശമാണു അവക്കു് കൊടുക്കണമെന്നു പറയുന്നതു്. ഒന്നു് എ ലിസ്റ്റിൽപ്പെടുത്തി അവരെ കൗൺസിൽ മെമ്പർമാർവരെ ആക്കുവാനുള്ള അവകാശം. രണ്ടാമത്തെ അവകാശം ൧൨-ാമത്തെ സെക്ഷൻ അനുസരിച്ചു് സർട്ടിഫിക്കററു കൊടുക്കുവാനുള്ള അവകാശം. ഇവരെക്കൊണ്ടു് വൈദ്യസേവനം ജനങ്ങൾക്കു ഉണ്ടാകണമെന്നാണു് വിചാരിക്കുന്നതെങ്കിൽ, ബി ലിസ്റ്റിൽ പെട്ടിട്ടുള്ളവക്കു് കിട്ടുന്ന അവകാശം അവക്കു കിട്ടുന്നുണ്ടു്. ആക്കെല്ലാം വൈദ്യപരിശീലനം ഉണ്ടായിട്ടുണ്ടോ അവരെയെല്ലാം എ ലിസ്റ്റിലോ ബി ലിസ്റ്റിലോ ഉൾപ്പെടുത്താം. അല്ലെങ്കിൽ ൨൫-ാം വകുപ്പനുസരിച്ചു് "The Registrar shall prepare and keep a list called' a list of persons in practice on the first day of April 1953'."

ഈ ലിസ്റ്റിൽപെടാതിരിക്കുന്ന ആളുകൾക്കെല്ലാം ലിസ്റ്റിൽപ്പെടുവാനുള്ള അവകാശം കൊടുത്തിട്ടുണ്ടു്. ഗവണ്മെൻറിലിരിക്കുന്ന ഒന്നോ രണ്ടോ ആളുകളുടെ കാര്യത്തിനാണു് ഈ അമെൻറുമെൻറു കൊണ്ടുവന്നിരിക്കുന്നതു്. ഇതുകൊണ്ടു് ബില്ലിൻെറ ഉദ്ദേശം സാധിക്കുന്നില്ല.

ശ്രീ. വാറുണ്ണി പുളിയ്ക്കൽ: സർ, ബഹുമാനപ്പെട്ട നെന്മാറ മെമ്പറുടെ ഭേദഗതിയെ ഞാൻ അനുകൂലിക്കുന്നു. ബഹുമാനപ്പെട്ട മാവേലിക്കര മെമ്പർ പറയുകയുണ്ടായി, ഈ ഭേദഗതികൊണ്ടു് എത്രത്തോളം വൈദ്യന്മാരെ ഈ ബില്ലിൻെറ പരിധിയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുമോ അത്രയും വൈദ്യന്മാരെ ഉൾപ്പെടുത്തുവാൻ ഉദ്ദേശിച്ചാണു് ഗവണ്മെൻറു ഭാഗത്തുനിന്നു ഈ ബില്ലു കൊണ്ടുവന്നിരിക്കുന്നതു് എന്നു്. ഈ ബില്ലിൽ ചില അപൂർണ്ണതകൾ ഉണ്ടെന്നു ബഹുമാനപ്പെട്ട ആലങ്ങാട്ടു് മെമ്പർ അദ്ദേഹത്തിൻെറ പ്രസംഗത്തിനിടയിൽ ചില ചോദ്യങ്ങൾക്കിടയ്ക്കുണ്ടായ ഒരു മറുപടി പറഞ്ഞതിൽനിന്നു തെളിഞ്ഞിട്ടുണ്ടു്. ശ്രീമാൻ കരുണാകരൻ അവർകൾ പറഞ്ഞതുപോലെ പ്രസിദ്ധന്മാരായ അഷ്ടവൈദ്യന്മാരേയും ഈ ബില്ലിൻെറ പരിധിയിൽ ചേർക്കുവാൻ നിവൃത്തിയില്ലാതാണിരിക്കുന്നതു്. ഈ ബില്ലിൻെറ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ചില കാളേജിലും, മദ്രാസിൽ എൽ. ഐ. എം. ഡിഗ്രി കൊടുക്കുന്ന കാളേജിലും എൽ. ഐ. എം. ഡിഗ്രിക്കു ചോദ്യക്കടലാസ്സ് ഇടുവാൻ ത്രാണിയുള്ളവരും ആ ചോദ്യക്കടലാസ്സ് വാല്യൂ ചെയ്യുവാനുള്ള

അധികാരവും അവകാശവും പ്രാപ്തിയും ഉള്ള അഷ്ടവൈദ്യന്മാരിൽ അഗ്രഗണ്യനായ ശ്രീമാൻ തൈക്കാട്ട നീലകണ്ഠൻ മൂസ്സിനെപ്പോലെയുള്ള വൈദ്യന്മാരെ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടുവന്നിട്ടുള്ള അമെൻറമെൻറ സ്വീകരിച്ചാൽപോലും, ഈ ബില്ലിലെ (ഹ) ലിസ്റ്റിൽപ്പെടുത്തുവാൻ സാദ്ധ്യമല്ലാതെയാണിരിക്കുന്നതു്. കൊച്ചിക്കാരുടെ ഒരു പ്രത്യേക പരോക്യൽ വാദമാണു് ഇതെന്നൊക്കെ ബഹുമാനപ്പെട്ട ആലങ്ങാട്ട മെംബർ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഉന്നയിക്കുകയുണ്ടായി. ഈ എൽ. ഐ. എം. ഡിഗ്രി ഒരു അംഗീകൃത ഡിഗ്രിയാണു്. ആ ഡിഗ്രി ഉള്ളവരായ പ്രസിദ്ധന്മാരായ ചില വൈദ്യന്മാർ കൊച്ചി സർവ്വീസിലുണ്ടു്. അപ്രകാരം പ്രസിദ്ധന്മാരായ ആളുകളെക്കൂടി ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്താത്ത വിധത്തിലുള്ള ഒരു പരോക്യലിസമാണു് ഈ ബില്ലിലുള്ളതു്. നമ്മുടെ ഡിഗ്രി മദിരാശിക്കാർ അംഗീകരിക്കാത്തതുകൊണ്ടാണു് എൽ. ഐ. എം. ഡിഗ്രി ഇവിടെയും അംഗീകരിക്കാത്തതു് എന്നു ആലങ്ങാട്ട മെംബർ പറഞ്ഞതു് ഒരു പരോക്യയൽ (Paroclhal) മനഃസ്ഥിതി അല്ലേ?

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അതിനു് ഷെഡ്യൂൾ മാററിയാൽപോരേ?

ശ്രീ. വാറുണ്ണി പുളിക്കൽ: ഈ ബില്ലിന്റെ ചില അപൂർണ്ണതകളെപ്പററിയാണു് ഞാൻ പറയുന്നതു്. ഷെഡ്യൂളിനെപ്പററി വഴിയെ പറയാം. ബഹുമാനപ്പെട്ട തൃശ്ശൂർ മെംബർ പറഞ്ഞതുപോലെ കൊച്ചിവിഭാഗത്തു് വളരെയധികം ആയുർവേദവൈദ്യന്മാരുണ്ടു്. പ്രായോഗികമായി അവരെയെല്ലാം വല്ലാതെ ബാധിക്കുന്ന തരത്തിലുള്ള ഒരു ബില്ലാണു് നമ്മുടെ മുമ്പിൽ ഇരിക്കുന്നതു്. തിരുവിതാംകൂറിൽ പഴമേയായി കാളേജുകൾ ഉണ്ടായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ അതുപോലെ കൊച്ചിവിഭാഗത്തുണ്ടായിരുന്നില്ല, അതുകൊണ്ടാണു് കൊച്ചി വിഭാഗത്തു് റിക്കഗ്നൈസ്ഡു് ക്വാളിഫിക്കേഷൻ ഉള്ളവർ ഇല്ലാതെപോയതു്. ഒരു ഗവണ്മെൻറിൽനിന്നാണു് അങ്ങനെ ക്വാളിഫിക്കേഷൻ ഇല്ലാത്ത കുറെ ആളുകളെ നിയമിച്ചിട്ടുള്ളതു് എന്നു പ്രത്യേകം ഓർക്കണം. അവരെ നിയമിച്ചിട്ടുള്ളതു് യാതൊരു പരിഗണനയും ഇല്ലാതെയാണെന്നും അവരുടെ ക്വാളിഫിക്കേഷൻ തീരെ നോക്കാതെയാണെന്നും ഊഹിക്കുന്നതു് ശരിയല്ല, മര്യാദയല്ല. കൊച്ചി ഗവണ്മെൻറ് ചില വൈദ്യന്മാരെ നിയമിച്ചിട്ടുണ്ടെങ്കിൽ അവരുടെ യോഗ്യതയ്ക്കു ചില റിക്കഗ്നിഷൻ ഉണ്ടെന്നു പ്രസ്തുതചെയ്യുകയാണു് വേണ്ടതു്. ഒരു കാളേജിൽചേർന്നു പഠിച്ചു് ഡിഗ്രിവാങ്ങി കൌൺസിലിൽ റപ്രസൻറ ചെയ്യുവാനുള്ള അധികാരവും സർട്ടിഫിക്കററ കൊടുക്കുവാനുള്ള അധികാരവും കിട്ടുന്ന ഒരാളിൽ കൂടുതലായി പ്രസിദ്ധിയും വൈദ്യത്തിൽ പരിചയവും പഠിപ്പും സിദ്ധിച്ചിട്ടുള്ള കുറെ ആളുകളെ കൊച്ചി ഗവണ്മെൻറ അവരുടെ ക്വാളിഫിക്കേഷൻ സ്വീകരിച്ചുകൊണ്ടു് അവരെ വൈദ്യന്മാരാക്കിയിട്ടുണ്ടു്. ഇപ്പോൾ കാളേജിൽ പഠിച്ചു് ബിരുദവുമായി വരുന്ന ചെറുപ്പക്കാരെക്കാളും കാലപരിചയംകൊണ്ടും വൈദ്യത്തിലുള്ള പരിചയംകൊണ്ടും അറിവുള്ള ആളുകളാണു് അവർ എന്നു കണക്കാക്കിയാണു് അവരെ സർവീസിൽ എടുത്തിട്ടുള്ളതു്. അങ്ങനെയുള്ളവർക്കു് കൌൺസിലിൽ റപ്രസൻറ ചെയ്യുവാനും സർട്ടിഫിക്കററ കൊടുക്കുവാനുമുള്ള അവകാശം കൊടുക്കണമെന്നാണു് പറയുന്നതു്. അതിനുള്ള ഒരു മഹാമനസ്കത ഇവിടെ കാണാത്തതിൽ ഞാൻ ഖേദിക്കുന്നു.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ഒരു ഗവണ്മെന്റുദ്യോഗസ്ഥനായതുകൊണ്ട് ഈ അവകാശം കൊടുക്കണമെന്നാണോ പറയുന്നതു്? അല്ലെങ്കിൽ ഇതുപോലെയുള്ള എല്ലാ ആളുകൾക്കും ഈ അവകാശം കൊടുക്കണമെന്നാണോ പറയുന്നതു്?

ശ്രീ. വാറുണ്ണി പുളിക്കൽ: കൊച്ചി ഗവണ്മെന്റു സർവീസിൽ ഇരിക്കുന്നതു് ഈ ബില്ലിൽ പറഞ്ഞിട്ടുള്ളതുപോലെയുള്ള റിക്കഗ്നൈസ്ഡ് ക്വാളിഫിക്കേഷൻ ഇല്ലാത്തവരാണ്. അവർക്കു് ഈ ഷെഡ്യൂളിന്റെ പരിധിയിൽ വരുവാനുള്ള അവകാശം കൊടുക്കണമെന്നാണ് ഞാൻ പറയുന്നതു്. ഈ ഷെഡ്യൂളിൽ പറഞ്ഞിട്ടുള്ള ക്വാളിഫിക്കേഷൻ ഇല്ലാതെ മററു പലവിധത്തിലുള്ള യോഗ്യത സമ്പാദിച്ചിട്ടുള്ളവരാണ് കൊച്ചിയിലുള്ളവർ.

ശ്രീ. ടി. എ. മജീദ്: അതിന്റെ അർത്ഥം അവർ പ്രത്യക്ഷമായ യോഗ്യതകൾ ഒന്നും ഇല്ലാത്തവർ ആണെന്നാണോ?

ശ്രീ. വാറുണ്ണി പുളിക്കൽ: അവർക്കു് ഉദ്യോഗം കൊടുത്തതു് അവർക്കു് വ്യക്തമായി ഉണ്ടായിരുന്ന ക്വാളിഫിക്കേഷനെ പരിഗണിച്ചാണ് എന്നാണ് ഞാൻ പറഞ്ഞതു്. അവർക്കു് റിക്കഗ്നൈസ്ഡ് ക്വാളിഫിക്കേഷൻ ഉണ്ടായിരുന്നെങ്കിൽ ഈ വാദത്തിന്റെ ആവശ്യം ഇല്ലായിരുന്നു. വൈദ്യത്തിലുണ്ടായിരുന്ന അവരുടെ പരിചയവും പഠിപ്പും മററും പരിഗണിച്ചാണ് അന്നു് അവർക്കു് ഉദ്യോഗം കൊടുത്തതു്. ഉദ്യോഗം കൊടുത്തകാലത്തു അവർക്കു് ഉണ്ടെന്നു പരിഗണിച്ച ആ യോഗ്യത ഈ ബില്ലിൽ പറയുന്ന റിക്കഗ്നൈസ്ഡ് ക്വാളിഫിക്കേഷനിൽ പെടുത്തണമെന്നാണ് ഞാൻ പറയുന്നതു്.

ശ്രീ. ഇ. പി. വർഗ്ഗീസ്: വില്ലേജ് കോർട്ടിൽ പ്രാക്ടീസ് ചെയ്യുന്ന സമർത്ഥനായ ഒരാളെ അഡ്വക്കേററായി പ്രാക്ടീസ് ചെയ്യുവാൻ അനുവദിക്കണം എന്നു പറഞ്ഞാൽ അതിനു് അനുവദിക്കാമോ?

ശ്രീ. വാറുണ്ണി പുളിക്കൽ: കൊച്ചിയിൽ പ്രാക്ടീസ് ചെയ്തിരുന്ന പ്ലീഡറന്മാരെയും ബി. എൽ. ഇല്ലാത്ത സമർത്ഥന്മാരായ പല വക്കീലന്മാരെയും മുൻ കാലങ്ങളിൽ ബി. എൽ. കാരോടൊപ്പം കൊച്ചി ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുവാൻ അനുവദിച്ചിട്ടുണ്ട്. അങ്ങനെയുള്ള ഒരു സമ്പ്രദായം അവിടെ മുമ്പുണ്ടായിരുന്നു. ത്രാണിയും കാലപരിചയവും അടിസ്ഥാനമാക്കിയാണ് അപ്രകാരം ചെയ്തിരുന്നതു്.

ശ്രീ. ഇ. പി. വർഗ്ഗീസ്: ബി. എൽ. ഇല്ലാത്ത ആളുകളെ ഹൈക്കോടതിയിൽ പ്രാക്ടീസ് ചെയ്യുവാൻ കൊച്ചിയിൽതന്നെയല്ല പല സ്ഥലത്തും പണ്ട് അനുവദിച്ചിരുന്നു.

ശ്രീ. കെ. കരുണാകരൻ: വില്ലേജ് കോടതിയിലും ഹൈക്കോടതിയിലും കേസുകൾ വാദിക്കുന്നതു് ഒരുതരത്തിലല്ലേ?

ശ്രീ. വാറുണ്ണി പുളിക്കൽ: ആണ്. ആലങ്ങാട്ടു മെമ്പർ [illegible]-ാം വകുപ്പിലെ പ്രൊവൈസോ ചൂണ്ടിക്കാണിച്ചു. [illegible]-ാം വകുപ്പിലെ പ്രൊവൈസോവിൽ ഇപ്രകാരം പറയുന്നു.

"Provided that the Government may, by notification in the Gazette, direct that this section shall not apply to any person or class of persons or to any specified area in the state where none of the three classes of practitioners mentioned above carries on medical practice :

"Provided further that this section shall not apply to a practitioner eligible for registration under this Act who, after having filed the application for registration, is awaiting the decision of the appropriate council or of the Government in case of appeal :

"Provided also that this section shall not apply to a practitioner eligible for registration under this Act until the period prescribed for applications under section 23 expires."

ഇപ്രകാരമാണ്. ഈ പ്രൊവൈസോ ഉള്ളതുകൊണ്ട് നെന്മാറ മെമ്പർ കൊണ്ടുവന്നിട്ടുള്ള അമെൻറമെൻറിൻെറ ആവശ്യമില്ലെന്ന ആലങ്ങാട്ടു മെമ്പറുടെ വാദം ശരിയല്ല. രണ്ടു ഗവണ്മെൻറുകൾ കൂടി യോജിക്കേണ്ടിവന്നതുകൊണ്ടാണ് ഈ അമെൻറമെൻറിൻെറ ആവശ്യം നേരിട്ടത്. ഒരു ഗവണ്മെൻറിൻെറ ഉദ്യോഗഗണത്തെ അപമാനിച്ച് അവർക്കു വളരെ ദോഷം വരത്തക്ക നിലയിൽ ഒരു നിയമം ഉണ്ടാക്കരുത് എന്നും അവർക്കു സങ്കടമോ ആക്ഷേപമോ ഉണ്ടാകാത്ത വിധത്തിൽ പ്രായോഗികമായി കൊണ്ടുവന്നിട്ടുള്ള ഈ അമെൻറമെൻറ മഹാമനസ്കതയോടുകൂടി എല്ലാവരും സ്വീകരിക്കണമെന്നുമാണ് എനിക്കു പറയുവാനുള്ളത്.

ശ്രീ. കുഞ്ഞിത്തൊമ്മൻ: ബഹുമാനപ്പെട്ട നെന്മാറ മെമ്പർ അവതരിപ്പിച്ച ഭേദഗതികൊണ്ടു അഷ്ടവൈദ്യന്മാർ ഉൾപ്പെടെ പല പ്രശസ്ത പാരമ്പര്യ ചികിത്സാവിദഗ്ദ്ധന്മാർക്കും പ്രയോജനം ഉണ്ടാകുവാൻ പോകുന്നില്ല. ഇവിടെ പറഞ്ഞ അഷ്ടവൈദ്യന്മാരും, മററുള്ളവരും പണ്ഡിതന്മാരും പ്രസിദ്ധന്മാരും ആണെന്നു ഈ സഭയിലുള്ളവർക്കും പുറത്തുള്ളവർക്കും "മൂരിക്കൽ നമ്പീശൻ വൈദ്യനെപ്പോലെതന്നെ" അറിയാം. പരീക്ഷായോഗ്യത ഇല്ലെങ്കിലും അഷ്ടവൈദ്യന്മാരെപ്പോലെ ആയുർവേദത്തിൽ യോഗ്യതയുള്ളവർ കുറവാണെന്നു എല്ലാവരും സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്. അവർക്കുള്ള പാണ്ഡിത്യത്തെ ഈ ബില്ലിൽ അംഗീകരിച്ചുകാണാത്തതിൽ എനിക്കു വളരെ ഖേദമുണ്ട്. കൊച്ചി എന്നോ തിരുവിതാംകൂർ എന്നോ വിചാരിക്കാതെ എല്ലാ അഷ്ടവൈദ്യന്മാർക്കും അതുപോലുള്ള വിദഗ്ദ്ധന്മാർക്കും ഇതു് പ്രയോജനപ്പെടുമായിരുന്നെങ്കിൽ ഈ ഭേദഗതി സ്വീകരിക്കുന്നതിന് വിരോധമില്ലായിരുന്നു. ഈ സഭയിലെ ഏതാനും മെമ്പറന്മാർക്കും അടുപ്പമുള്ള ചുരുക്കം ചിലർക്കും പ്രയോജനം ഉണ്ടാകുന്നതും അതുപോലെയുള്ള മററു പലർക്കും പ്രയോജനം ഇല്ലാതിരിക്കുകയും ചെയ്യുന്ന ഒരു നിയമനിർമ്മാണം ചെയ്യുന്നതു് ഒരിക്കലും ശരിയല്ല. ഇങ്ങനെയുള്ള ഒരു നിയമമാണ് ഈ നിയമസഭ ഉണ്ടാക്കുന്നതെങ്കിൽ ഈ സഭയെപ്പററി എന്തു് ആദരവാണ് പുറത്തുള്ളവർക്ക് ഉണ്ടാകുവാൻ പോകുന്നതെന്നു ഞാൻ ചോദിക്കുന്നു. നിയമജ്ഞന്മാരിൽനിന്ന് ഇങ്ങനെയുള്ള വാദമുഖങ്ങൾ ഉണ്ടാകുമെന്നു ഞാൻ ഒരിക്കലും പ്രതീക്ഷിച്ചില്ല. ഒരേവിധത്തിലുള്ള

ആളുകളിൽ ചിലർക്കുമാത്രം ഗുണവും മററുള്ളവർക്കു് ഗുണമില്ലാത്തതുമായ ഒരു നിയമം രാജ്യത്തുണ്ടാകുന്നതു് വളരെ സങ്കടകരമായ ഒന്നാണു്. നാം ഇവിടെ ഉണ്ടാക്കുന്നതായ നിയമം ഈ നിയമസഭസ്സു് അനുയോജ്യമായിട്ടുള്ള ഒന്നായിരിക്കണം. പ്രത്യേകിച്ചു് നിയമജ്ഞന്മാർ ഈ കാര്യത്തെപ്പററി അഭിപ്രായം പറയുന്നതു് അവരുടെ നിയമധിഗ്രിക്കു് അനുയോജ്യമായവിധത്തിലായിരിക്കണമെന്നു് ഞാൻ ഉൽബോധിപ്പിക്കുന്നു.

Shri A. Thanu Pillai : Sir, the difference of opinion, so far as I have been able to understand from the speeches made here is whether there should be a provision allowing certain practitioners who, in fact, had no recognised qualifications according to the provisions of the Bill and whether there should be a provision allowing such practitioners to be registered as practitioners having recognised qualifications. That is the simple issue before the House. All these amendments turn upon that question. Now, Sir, let us pause and consider what we are legislating. Ayurveda was being practised in our State for thousands of years. There was no law regulating that practice. There were advantages from that kind of practice. We used to get medical aid from Ayurveda practitioners who gained their knowledge from other practitioners and not in any recognised institutions—persons who did not hold any certificates. Much good came out of that and at the same time we began to feel that considerable harm was also being done. We want to get the benefit and at the same time prevent the harm. That is why we want registered practitioners. The simple issue is whether we should deviate from this. We provided certain qualifications for a practitioner to be recognised. At the same time practitioners who have no such recognised qualifications should not be prevented from practising. Persons who have had 5 years' practice even without any certificate from a recognised institution, even such persons who has had a practice for 5 years, should not be debarred from practice. This, according to me are the two main principles accepted in this Bill. Now, should we deviate ? That is the simple question.

We provide for certain qualifications being recognised. At the same time practitioners who have no recognized qualification should not be prevented from practising. Persons who have had 5 years' practice even without any certificate or any training in the recognized institution should not be prevented from practising. According to me there are two main principles accepted in this Bill. Let us allow all practitioners as far as practicable to continue. Let them all be registered medical practitioners. There is no provision for that in this Bill now. But the attempt here is to provide the registration for men who have no recognized qualifications. I

for one cannot agree to that opinion. There is a good deal of force in what Mr. Achutha Menon was saying. There are certificates issued by the Travancore-Cochin Government and recognised institutions in Cochin and Malabar. They have not been entered in the Schedule for forming basis for recognized qualification. That is really a matter for consideration. Without going into the niceties of things in regard to the sufficiency of certificates all of them may be brought under this schedule. There is an amendment given notice of by Mr. Achutha Menon to this effect. Let us bring in all those certificates. Why should they be excluded. I do not mean any disparagement to the members of the Select Committee. Probably these facts were not before the Select Committee when they examined the provisions of this Bill. Certain amendments seem to be very necessary. We can make those amendments. At the same time we are not to say that a person who cannot be reasonably considered to be a holder of recognised qualification should be registered as a person holding recognized qualification. We can be liberal. We can allow every practitioner to practise. Every kind of certificate that forms the basis for recognised qualification may be considered as sufficient. Now the position is beyond that. A person is to be recognized as a registered medical practitioner simply because he is in Government service. He is to be considered as a person holding recognised qualification. That is unreasonable. Then we can very well leave out the entire Bill. We want to make things regular hereafter. I do not understand how this idea was so vehemently brought forward.

There is another amendment, No. 47, moved by the hon. Minister. "In sub-clause (4) of clause 23 for the words 'direct the registration of any practitioner,' the words 'direct the registration in Part A or Part B of a register of any practitioner' shall be substituted." All that he can claim is to be employed in a hospital...... and so on. Without the requisite qualification why should he be given registration in part (A)? That question naturally arises. There are hundreds and probably thousands of practitioners who are really inefficient. I can concede there are practitioners without recognised qualifications who are much more efficient than most practitioners with recognised qualifications. But are they confined to these hospitals run by a corporate body or Government? Or are they outside such institutions? Is there any proposal to bring them alo in Part A? Is it feasible? No. If these practitioners outside these institutions have to be satisfied with being registered as practitioners why should then we merely advocate a different treatment to those who are employed in these institutions, I ask? There is absolutely no justification for that differential treatment. There

are certain advantages in being a person with a recognised qualification which the other section does not enjoy. He may become a member of the Council. Now, Sir, we want only men having recognition to become members of the Council. Why should we allow a certain set of people who have no recognized qualification to come in and shut out others ? We cannot say it is perfect. I do not see any reason why this amendment should be brought by the hon. Minister. Of course, suspicions will arise. It may be to help certain individuals to come in who cannot justly enter. Why should we be a party to that kind of procedure and action ? I have no hesitation to say that this amendment of Mr. Madhavan, the hon. Minister should be ruled out. There is an amendment of Nemmara member, 42 A. "To sub-clause (1) (*i*) of clause 23, the following words shall be added at the end, *viz.*, 'and every practitioner holding appointments under the Government at the commencement of this Act.'' There is no justification for that. Of course, here we allow persons in service to be enrolled as practitioners. That concession is given to them. There is no reason why we should go beyond that.

Then there is another amendment by Mr. Ninan. It says that those practitioners who have no recognized qualification could also be registered by passing a test to be prescribed by the Council or by the Surgeon-General. I think Mr. Ninan is one of those who hold that legal practitioners who passed a test got a lift. But let us not put all these *vaidyans* to that kind of difficulty. I am not for that amendment.

Then there is one amendment, and I think I may close this discussion by accepting that. That is amendment No. 48 — the hon. Minister's amendment.

It says :

> "In sub-clause (4) of clause 23, for the words 'managed by any corporate body,' the words 'under the Government or managed by any corporate body' shall be substituted."

If we can allow physicians employed in private *vaidyasalas* or dispensaries to be enrolled as practitioners, there is no reason why that concession should not be extended to persons employed in Government hospitals and dispensaries. Therefore, that amendment, according to me, can very well be accepted and all the other amendments must go. With this, I oppose the other three amendments and support amendment No. 48 moved by the Minister Sri V. Madhavan.

Shri V. R. Krishnan Ezhuthassan : I press my amendment

Mr. Speaker : Does the Minister press his amendments ?

ശ്രീ. വി. മാധവൻ: എല്ലാ അമെൻറ്മെൻറുകളും ഇവിടെ മൂവ് ചെയ്ത് ഒഴിച്ച് അതിനെപ്പററി സംസാരിക്കയാണ് ചെയ്തത്. സെലക്റ്റ്കമ്മിററിയ്ക്കയച്ചതിനുശേഷം കൊച്ചിവിഭാഗത്തുണ്ടായിരുന്ന ചില പ്രത്യേക പരിതഃസ്ഥിതികൾ ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവന്നതുകൊണ്ടാണ് ഗവണ്മെൻറുഭാഗത്തുനിന്നും രണ്ടു ഭേദഗതികൾ ഹാജരാക്കിയിട്ടുള്ളതെന്നു ഞാൻ ആദ്യമേതന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. കൊച്ചി വിഭാഗത്തുള്ള പ്രത്യേകപരിതഃസ്ഥിതികളെ പരിഗണിച്ച് ഇതു രണ്ടും നടത്തിക്കൊടുക്കേണ്ടതായിട്ടാണിരിക്കുന്നത്. അമെൻറ്മെൻറ് ൧൦, അതിനു അനുകൂലമായി ക്ലാസ് ൨. ൦—ാമത്തെ അമെൻറ്മെൻറും പാസാകുന്നപക്ഷം ഗവണ്മെൻറിനു ഒരു അനിയന്ത്രിതമായ അധികാരം കിട്ടുന്നു. അതുമൂലം വിചാരിക്കുന്നതുപോലെ രജിസ്റ്റർ ചെയ്യാമെന്നു വിചാരിക്കത്തക്ക ഒരവസ്ഥ ഉണ്ടാകുമെന്നു എനിക്കുതന്നെ അഭിപ്രായമുണ്ട്. ഇന്നത്തെ കൊച്ചിയിലുള്ള സ്റ്റേററസ്കോ മെൻറയിൻ ചെയ്യുന്നതിനാണ് അങ്ങനെയൊരു ഭേദഗതി ഇവിടെ കൊണ്ടുവന്നത്. അല്ലാതെ അങ്ങനെയുള്ള ഒരു അധികാരം ഒരു ജനകീയഗവണ്മെൻറിനു കൊടുക്കുന്നതു ശരിയല്ലെന്നു ഒരു ആക്ഷേപം വരാം. അതിനാൽ അതു കൂടാതെ ആവശ്യം നിർവഹിക്കത്തക്കവണ്ണം വേറെ ഒരു അമെൻറ്മെൻറ് വയ്ക്കണമെന്നു ആഗ്രഹിച്ചിരുന്ന അവസരത്തിലാണ് സന്ദർഭവശാൽ ശ്രീ കൃഷ്ണനെഴുത്തച്ഛനും ശ്രീ. കരുണാകരനും ഇവിടെ ഒന്നു രണ്ടു അമെൻറ്മെൻറുകൾ ഹാജരാക്കിയത്. ആ അമെൻറ്മെൻറുകൾ സ്വീകരിക്കുന്നപക്ഷം ഗവണ്മെൻറിനു കൂടുതൽ അധികാരം കൊടുക്കാതെതന്നെ ആവശ്യം നിർവഹിക്കാമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. മുഴുവൻ സംഗതികളും മനസ്സിലാക്കാതെ ബില്ല് അവതരിപ്പിച്ചതുകൊണ്ടുള്ള ദോഷമാണ് ഇത്രയധികം വാദപ്രതിവാദത്തിനു കാരണമായതെന്ന് ശ്രീ അച്യുതമേനോൻ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ഏതെല്ലാം പരീക്ഷായോഗ്യതകളെ അടിസ്ഥാനപ്പെടുത്തിയാണ് കൊച്ചി വിഭാഗത്തും തിരുവിതാംകൂർ വിഭാഗത്തും ആയുർവേദഡിപ്പാർട്ടുമെൻറിൽ വൈദ്യന്മാരെ നിയമിച്ചിട്ടുള്ളതെന്നും മററുമുള്ള സർവ്വവിവരങ്ങളും കിട്ടിയിട്ട് ആയിരിക്കയില്ല ഈ നിയമം എഴുതിയുണ്ടാക്കിയത്.

ശ്രീ. എ. താണുപിള്ള: എങ്ങനെയായാലും നിയമിച്ചിട്ടുള്ളവർക്ക് ഗവണ്മെൻറ സർവ്വീസിൽ തുടർന്നുകൊണ്ടുപോകുന്നതിനു ഈ ബില്ലുകൊണ്ടു തടസ്സമുണ്ടോ?

ശ്രീ വി. മാധവൻ: തടസ്സമില്ല. ഞാൻ ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പറുടെ നിർദ്ദേശങ്ങൾ വളരെ കാര്യമായി ശ്രദ്ധിച്ചുകൊണ്ടാണിരുന്നത്. കൊച്ചിയിലുള്ള ഒരു സ്റ്റാററസ്കോ മെൻറയിൻ ചെയ്യേണ്ട ബാദ്ധ്യത മററുള്ളവർക്കുണ്ടെന്നാണ് എനിക്ക് അദ്ദേഹത്തോടു പറയാനുള്ള മറുപടി. കൊച്ചിഗവണ്മെൻറുണ്ടായിരുന്ന കാലത്തു കൊച്ചിയിൽ വൈദ്യകുടുംബപാരമ്പര്യവും മററു സാഹചര്യങ്ങളുമെല്ലാം നോക്കി വൈദ്യന്മാരെ നിയമിച്ചിട്ടുണ്ട്. അങ്ങനെ നിയമിച്ചിരിക്കുന്ന ആളുകൾക്ക് (എ) ക്ലാസ്സിൽ രജിസ്റ്റർ ചെയ്യുന്നവർക്കുള്ള ആനുകൂല്യങ്ങളും അധികാരങ്ങളും കിട്ടിക്കൊണ്ടാണിരിക്കുന്നത്. ഇപ്പോൾ ഈ നിയമം സംയോജിപ്പിക്കുന്നതുകൊണ്ടു.....................

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: അവൎക്ക് കൗൺസിൽ മെംബൎഷിപ്പും സൎട്ടിഫിക്കററുകൊടുക്കാനുള്ള അധികാരവുമാണോ പ്രധാനമായി ഉദ്ദേശിച്ചിട്ടുള്ളതു്?

ശ്രീ. വി. മാധവൻ: അവർ സൎട്ടിഫിക്കററുകൊടുക്കാനുള്ള അധികാരം ഇപ്പോഴും ഉപയോഗിച്ചുകൊണ്ടാണിരിക്കുന്നതു്. അവൎക്കുണ്ടായിരുന്ന അധികാരം ഒരു നിയമം സംയോജിപ്പിക്കുന്ന അവസരത്തിൽ കുറവുചെയ്യത്തക്കവണ്ണം ഒരു നിയമനിൎമ്മാണം ചെയ്യുന്നതു ഒരിക്കലും ന്യായമായിരിക്കുകയില്ലെന്നാണു ഞാൻ വിചാരിക്കുന്നതു്. അതു എന്റെ മനസ്സിനെ വളരെ കുണ്ഠിതപ്പെടുത്തുന്ന ഒരു കാൎയ്യമാണു്. ആ നിലയ്ക്കു ഇപ്പോൾ നിൽക്കുന്ന നിലവാരം തുടൎന്നുകൊണ്ടുപോകേണ്ടതു വളരെ ആവശ്യമാണു്. ആ നിലയിൽ ആൎക്കും ദൂഷ്യമില്ലാത്ത ഒരു വ്യവസ്ഥിതിയാണു ശ്രീ കൃഷ്ണനെഴുത്തച്ഛന്റെ ഭേദഗതിമൂലം ഉണ്ടാകുന്നതെന്നു ഞാൻ വിചാരിക്കുന്നു. ആ അമെൻറമെൻറ സ്വീകരിക്കുന്നപക്ഷം കൊച്ചിവിഭാഗത്തു ഇന്നു സൎവ്വീസിലിരിക്കുന്ന പണ്ഡിതന്മാൎക്കു ഇപ്പോൾ അവർ അനുഭവിച്ചുവരുന്നതുപോലെയുള്ള അധികാരാവകാശങ്ങൾ കിട്ടുന്നതായിരിക്കും. അല്ലെങ്കിൽ തിരുവിതാംകൂറിൽമാത്രം ഏതാനും വൈദ്യന്മാർ സൎട്ടിഫിക്കററുകൊടുക്കാനുള്ള അധികാരത്തോടുകൂടി തുടരുന്നതായിരിക്കും.

ശ്രീ. എ. താണുപിള്ള: അങ്ങനെയാണെങ്കിൽ മെഡിക്കൽ കൗൺസിലിൽ അംഗമാകുന്നതിനും സൎട്ടിഫിക്കററുകൊടുക്കുന്നതിനും എല്ലാവൎക്കും അവകാശമുണ്ടെന്നു വച്ചാൽപോരെ?

ശ്രീ. വി. മാധവൻ: അത്രത്തോളം ഈ കാൎയ്യം പോകണമെന്നില്ല. കൊച്ചി വിഭാഗത്തു സൎവ്വീസിലിരിക്കുന്ന ആളുകൾ ഈ ഭാഗത്തു സൎവ്വീസിലിരിക്കുകയും, (എ) ക്ലാസ്സിൽ രജിസ്റ്റർചെയ്യുകയും ചെയ്തിട്ടുള്ള ആളുകൾക്കുള്ള എല്ലാ ആനുകൂല്യസാഹചൎയ്യങ്ങളും ഇപ്പോൾ അനുഭവിച്ചുകൊണ്ടാണിരിക്കുന്നതു്. അതുകൊണ്ടു ഈ അവസരത്തിൽ അവൎക്കു അതും നഷ്ടപ്പെടാവുന്ന ഒരു നില സ്വീകരിക്കുന്നതു ഒരിക്കലും ശരിയല്ലെന്നാണു എന്റെ അഭിപ്രായം. ശ്രീ. കൃഷ്ണനെഴുത്തച്ഛന്റെ അമെൻറമെൻറ സ്വീകരിക്കുന്നതുകൊണ്ടു യാതൊരു ദോഷവും വരാൻ പോകുന്നില്ല. കുറച്ചുപേൎക്കേ ഈ ആനുകൂല്യം ചെയ്യേണ്ടിവരികയുള്ളു. ഒരു അഡ്ജസ്റ്റ്മെൻറ എന്നുള്ളനിലയിൽ നാം അതു സമ്മതിച്ചില്ലെങ്കിൽ അതു ന്യായമായിരിക്കുമെന്നു ഞാൻ കരുതുന്നില്ല. ശ്രീ. കൃഷ്ണനെഴുത്തച്ഛന്റെ ഭേദഗതി സ്വീകരിക്കുന്നപക്ഷം ഗവണ്മെൻറുഭാഗത്തുനിന്നും എന്റെ പേരിൽ അവതരിപ്പിച്ചിട്ടുള്ള ഭേദഗതികളുടെ ആവശ്യമില്ല. അങ്ങനെയാണെങ്കിൽ ഞാൻ ആ ഭേദഗതികൾ പിൻവലിക്കുന്നതിനു സമ്മതിച്ചിരിക്കുന്നു. ശ്രീ. നൈനാൻ അവതരിപ്പിച്ചിട്ടുള്ള ഭേദഗതി അദ്ദേഹം പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ എ. താണുപിള്ള: ശ്രീ. എഴുത്തച്ഛന്റെ ഭേദഗതി പാസ്സാകുന്നതിനുമുമ്പു മററു രണ്ടു ഭേദഗതികൾ പിൻവലിക്കുന്നതു അബദ്ധമായിരിക്കും.

ശ്രീ. വി. മാധവൻ: ശ്രീ. എഴുത്തച്ഛൻെറ ഭേദഗതി സ്വീകരിച്ചുകൊണ്ടാണു എൻെറ ഭേദഗതികൾ പിൻവലിക്കുന്നതു്. അതുകൊണ്ടു ശ്രീ. എഴുത്തച്ഛൻെറ ഭേദഗതി സ്വീകരിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. ഇ. പി. വർഗ്ഗീസ്: ആ ഭേദഗതി സ്വീകരിച്ചതുകൊണ്ടുമാത്രം കാര്യം സാധിക്കുമോ?

ശ്രീ. വി. മാധവൻ: ക്ലാസ്സ് ഇരുപതിൽ ഇതിനു അനുയോജ്യമായ ഒരു അമെൻറ്മെൻറു വരുത്തണം. ഇതുരണ്ടും ഒരുമിച്ചു പര്യാലോചിക്കുന്നതിനാണു മാററിവച്ചിരുന്നതു്.

Mr Speaker: The two amendments moved by Shri V. Madhavan were, by leave withdrawn.

Shri O. C. Ninan : I do not press my amendment. The amendment was, by leave, withdrawn.

Mr. Speaker : The only remaining amendment is No. 42-A moved by Shri Krishnan Ezhuthassan, which has been accepted by the Minister.

The amendment was put and carried.

The question that clause 23, as amended, stand part of the Bill was put and carried.

Clause 23, as amended, was added to the Bill.

Clause 20.

Mr. Speaker : We will now proceed to consider clause 20 which has also been held over. Amendment No. 37-B by Shri Krishnan Ezhuthassan.

Shri V. R. Krishnan Ezhuthassan : Sir, I move :

In clause 20, sub-clause (2), after the words "Part A containing the names of practitioners holding recognised qualifications and," the words "the names of Practitioners holding appointments under the Government at the commencement of this Act, "and," shall be added.

സെക്ഷൻ ൨൩-നു ഞാൻ അവതരിപ്പിച്ച അമെൻറ്മെൻറിനെ സംബന്ധിച്ചു് ഇവിടെ നടന്ന വാദപ്രതിവാദങ്ങളുടെ വെളിച്ചത്തിൽ ഈ അമെൻറ്മെൻറിനെപ്പററി വളരെ വിശദീകരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. അതിൽ ആവശ്യപ്പെടുന്നതു രജിസ്റ്റർ തയ്യാറാക്കുമ്പോൾ ആ രജിസ്റ്ററിൽ പാർട്ടു (എ)-യിൽ ഗവണ്മെൻറിൻെറ കീഴിൽ പ്രാക്ടീഷണേഴ്സായി ഉദ്യോഗം വഹിച്ചുവരുന്ന ആളുകളെക്കൂടി ചേർക്കണമെന്നാണു്. ഇതു സംബന്ധിച്ചു ക്ലാസ്സ് ൨൦-ൽ സബ്ക്ലാസ്സ് ൨-ൽ പറഞ്ഞിരിക്കുന്നതിതാണു്.

[Shri V. R. Krishnan Ezhuthassan]

> "Each register shall be divided into two Parts, A and B. Part A containing the names of practitioners holding recognised qualifications and part B containing the names of those registered by virtue of clause (ii) of sub-setieon (1) of Section 23."

ഈ നിർദ്ദേശിക്കപ്പെടുന്ന അമെൻഡ്മെൻറുകൂടി ഇതിൽ ഉൾപ്പെടുത്തുമ്പോൾ ഈ വാചകം ഇങ്ങനെയിരിക്കും.

> "Each register shall be divided into two Parts, A and B. Part A contains the names of practioners holding recognised qualification and the names of practitioners holding appointments under the government at the commencement of this Act, and part B containing the names of those registered by virtue of clause (ii)...... Section 23"

ഇതിനുമുമ്പ് അവതരിപ്പിച്ച എൻെറ അമെൻഡ്മെൻറ സംബന്ധിച്ചു നടന്ന വാദപ്രതിവാദങ്ങളിൽ ഞാൻ ഈ പറഞ്ഞ കൂട്ടത്തിലുള്ള പ്രാക്ടീഷണേഴ്സ് യാതൊരു ക്വാളിഫിക്കേഷനും ഉള്ളവരല്ലെന്നു പലരും, അതിൽ വിശേഷിച്ചും ബഹുമാനപ്പെട്ട ആരോഗ്യമെംബറും ഉന്നയിക്കുകയുണ്ടായി

Mr. Speaker : I trust the House is closely following this,

ശ്രീ. പി. ആർ. കൃഷ്ണനെഴുത്തച്ഛൻ : എന്നാൽ യഥാർത്ഥത്തിൽ അങ്ങനെയല്ല. ഈ ബില്ലിൻെറ ഷെഡ്യൂളിൽ പറയുന്ന ക്വാളിഫിക്കേഷൻ അല്ല എന്നുമാത്രമേ ഉള്ളു. ക്ലാസ് ൨൨-ൽ ഞാൻ നിർദ്ദേശിക്കാൻ പോകുന്ന അമെൻഡ്മെൻറിൽ നിന്നും എൻെറ അമെൻഡ്മെൻറുകളുടെ ഉദ്ദേശം സ്പഷ്ടമാണ്. ഏതായാലും ഈ അമെൻഡ്മെൻറിൻെറ ഉദ്ദേശം പാർട്ട ( )-യിൽ തന്നെ സർക്കാർ സർവ്വീസിൽ പ്രവർത്തിച്ചുവരുന്ന ആളുകളുടെ പേരുകൂടി ഉണ്ടാകണമെന്നാണ്. ക്ലാസ് ൨൨-ൽ ഞാൻ നിർദ്ദേശിക്കുന്നതു സർട്ടിഫിക്കററ നൽകാനുള്ള അവകാശംകൂടി ഇപ്പോൾ സർവ്വീസിലുള്ള പ്രാക്ടീഷണർമാർക്കുണ്ടാകണം.

Mr. Speaker : What is the view of Government?

ശ്രീ. വി. മാധവൻ : അതു ഗവണ്മെൻറുഭാഗത്തുനിന്നും സ്വീകരിക്കുന്നു.

Shri V. Madhavan : I do not move my amendment to this clause.

Shri K. Karunakaran : I do not move my amendment to this clause.

Shri C. Achutha Menon : I also do not move my amendment to the clause.

Mr. Speaker : Is amendment No. 37 B moved by Sri V. R. Krishnan Ezhuthassan opposed by any member ?

Shri P. S. Nataraja Pillai : I oppose the amendment. The matter is now very clear. By adopting the amendment to clause 23, this House is committed to the view that people without any medical qualification whatsoever simply because they are in Government service are entitled to be classified as qualified medical men. In other words, persons in Government service practising medicine will be enrolled in Part A of the Register. That is the Government's position now. Hereafter such men will be recognized as duly qualified in law for medical profession, but remember they have no medical qualification as such.

Shri Nedumangad R. Kesavan Nair : Will the member be satisfied if the words—

Shri P. S. Nataraja Pillai : I am speaking on the amendment as it is before the House. At this juncture I am reminded of a Superintendent of the Government Press, who was a registered medical practitioner as well. Now he can come into class A. He can sit with qualified M. Ds. and *Ayurvedabhushanams* in judgment over qualified medical men and medical institutions.

Shri V. R. Krishnan Ezhuthassan : Is he the Superintendent of the Press or the Medical institution ?

Shri P. S. Nataraja Pillai : He was a registered medical practitioner and he was in Government service. I know of a particular gentleman who belongs to this category. I do not imagine a case of that kind, it is a fact. He is now a regular practitioner of medicine.

Shri Panampilli Govinda Menon : Can a Government servant who has no medical degree practise medicine ?

Shri P. S. Nataraja Pillai : With the permission of Government a man can practise medicine even now. A man engaged in any other activity if he is in the medical profession can continue that profession. He is a very useful man no doubt. Now we are discussing what the legal effect of the amendment would be. The effect of the provision of the bill is a Government servant who is regularly practising in medicine, if he has registered himself under the Act in force he can continue in the profession. That is a benefit which the Travancore practitioners are going to get. The people of the erstwhile Cochin State are also coming under that benefit. But the present provision is, they must be in some Government service, either as a peon, or proverthicar or conservancy overseer and the like and such a person can become a qualified medical practitioner and be in the medical council, discuss the qualifications of medical practitioners and of the syllabus of the medical colleges that

[Shri P. S. Nataraja Pillai:]

are included in the Act or of the institutions which may apply for it. A gentleman with no qualification can decide upon the suitability, the eligibility of the institutions that grant certificates, diplomas or degrees. That is the effect of the bill now. If the House considers that simply because there are certain personal factors and human elements involved in the bill-

Shri V. R. Krishnan Ezhuthassan : The amendments proposed by me do not entitle medical practitioners coming under that category to be elected to the council.

Shri P. S. Nataraja Pillai : Why not ? That can be the result of the amendment. We have no provision to prevent that effect at present.

Shri V. R. Krishnan Ezhuthassan : Qualifications of members is fixed under section 5.

Shri P. S. Nataraja Pillai : Now that clause 23 has been passed, the interpretation I give is to this effect. That is how I understand the matter.

Shri Nedumangad R. Kesavan Nair : Could not that difficulty be obviated by adding the words ' practising as such '.

Shri P. S. Nataraja Pillai : There are so many ways of doing that.

Mr. Speaker : I have no amendment before me to that effect now.

Shri P. S. Nataraja Pillai : This House has committed itself to this proposition. By accepting this amendment a man in Government service and if he is medical practitioner either in Travancore or Cochin, such a man can become a qualified medical practitioner and he will be entitled to get into the medical council with the privilage of setting syllabus and standards of medical institutions which give certificates, diplomas or degrees and so on. What the effect of it will be is a matter for the Government and the people of the country to think. Sir, in these matters of technical qualification it is highly necessary that the factor which ought to count much is the mutual recognition which this Government is able to get from other Governments. The medical certificates, diplomas or degrees granted by Travancore Government institutions must be recognised by other Governments in India. As far as I understand from one of the members of the select committee I gather that the Madras Government did not recongize the degree awarded by the Travancore Government in that respect which is a hard affair for us.

Now we propose to evolve a Travancore -Cochin Ayurveda College with the dignity and standard of University institutions. In the college we are envisaging we are authorising no qualifications or training to review persons with the syllabus and course of studies as a result of the acceptance of cluase 23 of the bill as amended. That is the standard we are fixing and prescribing for medical qualifications. That is to say, certificates will be granted not by qualified men, not by people who are entitled to it, but by people who are Government servants, simply because of certain environments and human elements involved in it as the hon. Minister pointed out to us. To what extent it will affect the future of the country is to be considered. Therefore, I oppose this amendment moved by Shri V. R. Krishnan Ezhuthassan.

The amendment was put to vote and carried.

The question that clause 20, as amended form part of the Bill was put and carried.

The cluase, as amended, was added to the bill.

Clause 32.

Shri V. R. Krishnan Ezhuthassan : I move that ' In clause 32, sub-clause (2) for the words " qualified registered practitioner ", the words "practitioner registered in Part A of the Register " shall be substituted.

4 P. M.

Mr. Speaker : That is a consequential amendment.

The amendment was put and carried.

Shri P. S. Nataraja Pillai : There is an amendment in my name, No. 65. It has been put down as an amendment to Cluase 33. But it cannot be a mistake. My amendment is to Clause 32. I may be allowed to move it.

Mr. Speaker : I note it. But it will come only after the next amendment of Shri V. Madhavan.

Shri V. Madhavan : I move.

In clause 32 in the proviso to sub-clause (3) for the word ' subsection', the word 'clause' shall be substituted.

The amendment was put and carried.

Shri P. S. Nataraja Pillai : I move (amendment No. 65).

That in clause 32, insert the following as sub-clauses (4) and (5) :—

[Shri P. S. Nataraja Pillai:]

"(4) Whoever contravenes the provisions of sub-section (3) shall be punishable with fine which may extend to fifty rupees;

(5) Whoever after having been convicted under sub-section (4) continues to contravene the provisions of sub-section (3) shall, on conviction be punished for each day after the previous date of conviction during which he continues so to contravene, with fine which may extend to twenty rupees."

When I read through the Bill, I found no penalty is fixed for being in charge of a hospital or for issuing certificates without the prescribed qualifications. According to sub-clause (3) no person other than a qualified registered practitioner shall be eligible to hold after one year from the commencement of this Act any appointment as a physician, surgeon, etc., in any dispensary, hospital etc. Provided that this sub-section shall not be deemed to operate against a registered practitioner not being the holder of a recognised qualification who at the commencement of this Act holds any such appointment. I put in this amendment because to my knowledge, certain dispensaries and hospitals are being run in the plantation areas by persons who have no qualifications. And here is a provision in the Act which prohibits that, exempting the present personnel. In other words new appointments are prohibited. My object is therefore to penalise such appointments. But I have some doubts now whether this position holds good after the amendments to some of the previous clauses where we have accepted the position namely, making registered practitioners as qualified practitioners. Anyway, having tabled the amendment, I just perform my duty of moving it.

ശ്രീ. വി. മാധവൻ: ഇതിൽ ൪-ാം ഉപവകുപ്പിൽ ൫൦ രൂപ എന്നു പറഞ്ഞിരിക്കുന്നതു ൨൦ രൂപ എന്നാക്കുന്നതിൽ വിരോധമുണ്ടോ?

ശ്രീ. പി. എസ്. നടരാജപിള്ള: തുക ഗവണ്മെന്റു നിശ്ചയിക്കുന്നതിൽ എനിക്കു വിരോധമില്ല. ഇഷ്ടമുള്ള തുക വയ്ക്കാം.

ശ്രീ. വി. മാധവൻ: അങ്ങനെയാണെങ്കിൽ ഈ ഭേദഗതി ഞാൻ സ്വീകരിക്കുന്നു.

The amendment was put and carried.

The question that Clause 32, as amended, stand part of the Bill was put and carried.

The Clause, as amended, was added to the Bill.

Cluase 42.

Shri V. Madhavan: Sir, I move (amendment Nos. 67 & 68) that "In sub-clause (1) of Clause 42, in clause (b) (iii), for the semicolon, a fullstop sha.. be substituted and the word 'or' shall be

omitted and that in sub-clause (i) of Clause 42, sub-clause (b) (iv) shall be omitted."

൪൦-ാം വകുപ്പനുസരിച്ചു് ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന അതോറിട്ടികൾക്ക മാത്രമേ സർട്ടിഫിക്കറ്റുകളോ ബിരുദങ്ങളോ കൊടുക്കാവൂ എന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടു്. ആ നിലക്കു് നാലാം ഉപവകുപ്പിന്റെ ആവശ്യമില്ല. നാൽപ്പതാം വകുപ്പു പാസ്സായ നിലയ്ക്കു് ഇതു് ഒരു കാൺസിക്വൻഷ്യൽ അമെൻഡ്മെൻറാണു്.

The amendments were put and carried.

The question that Clause 42, as amended, stand part of the Bill was put and carried.

The Clause was added to the Bill.

Cluases 43 to 46.

The question that Clauses 43 to 46 stand part of the Bill was put and carried.

The Clauses were added to the Bill.

Clause 47.

Shri C. Achyutha Menon : I move:

In Clause 47, omit the end of the para beginning from' to direct that the possession of any qualifications etc.,' and substitute the following :

' to alter the schedule in the necessary manner.'

Mr. Speaker : In view of these amendments, do you want to press your amendment ?

Shri C. Achyutha Menon : This has nothing to do with them.

സർ, ഈ ബില്ലു് ഇപ്പോൾ പാസ്സാകുന്ന അവസരത്തിൽ തന്നെ ഒരു ഷെഡ്യൂൾകൂടി ഇതിനോടു അനുബന്ധിച്ചിട്ടുണ്ടു്. അതെങ്ങിനെ ഭേദഗതി ചെയ്യുമെന്നാണു് ൪൭-ാം വകുപ്പു പറയുന്നതു്. ഞാൻ ആ ഭാഗം വായിക്കാം.

> "If it shall appear to the Government, on the report of the appropriate council or otherwise, that the course of study and examinations prescribed by any of the medical schools or colleges or bodies conferring the qualifications described in the schedule are not such as to secure the possession by persons obtaining such qualifications of the requisite knowledge and skill for the efficient practice of their profession, or if it shall appear to the Government, on

[Shri. C. Achyutha Menon.]

> the report of the appropriate council or otherwise, that the course of study and examinations prescribed by any medical school or college or body conferring a qualification not entered in the Schedule are such as to secure the possession by persons obtaining such qualification of the requisite knowledge and skill for the efficient practice of their profession, it shall be lawful for the Government, from time to time, by notification in the Gazette, to direct that the possession of any qualification entered in the Schedule shall not entitle any person to registration under this Act, or to direct that the possession of any qualification not entered in the Schedule shall, subject to the provisions of this Act, entitle a person to be so registered, as the case may be, and the Schedule shall thereupon be deemed for all purposes to be altered accordingly." ...

അതായത് ഈ ബില്ല് പാസ്സാക്കുമ്പോഴും ഷെഡ്യൂളിൽ ഉള്ള ഏതെങ്കിലും എൻട്രി അനുസരിച്ചുള്ള ക്വാളിഫിക്കേഷനോടുകൂടിയ ഒരു മെഡിക്കൽ പ്രാക്ടീഷണർക്ക് വാസ്തവത്തിൽ 'പ്രാക്ടീസ്' ചെയ്യുന്നതിന് മതിയായ യോഗ്യത ഇല്ലെന്നു തെളിയുകയാണെങ്കിൽ ഗവണ്മെന്റിന് അതനുസരിച്ചു ഇഷ്ടമായ ഭേദഗതി വരുത്താൻ അധികാരമുണ്ടായിരിക്കണം. അതുപോലെ ഈ ഷെഡ്യൂളിൽ പെടാത്ത മറ്റേതെങ്കിലും ക്വാളിഫിക്കേഷനുള്ള ആളിന് ഒരു ക്വാളിഫൈഡ് മെഡിക്കൽ 'പ്രാക്ടീഷണറായി അംഗീകരിക്കത്തക്ക യോഗ്യതയുണ്ടെന്നു ഗവണ്മെന്റിനു ബോധ്യപ്പെട്ടാൽ ആ ആളെക്കൂടി ഉൾപ്പെടുത്താനുള്ള ഒരു വ്യവസ്ഥ വേണം എന്നാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നതു്. പക്ഷെ എനിക്കു പ്രഥമദൃഷ്ടിയിൽ തോന്നുന്നതു്, ഷെഡ്യൂൾ ആവശ്യമായ രീതിയിൽ ഭേദപ്പെടുത്താനുള്ള അധികാരം തന്നെ ഈ ബില്ലുപ്രകാരം ഉണ്ടാക്കുകയായിരുന്നു വേണ്ടിയിരുന്നതെന്നാണ്. പക്ഷെ 8-ാംവകുപ്പ് അതല്ല. ഷെഡ്യൂൾ മാറുന്നില്ല. അതേ സമയത്തു ഷെഡ്യൂളിലുള്ള ക്വാളിഫിക്കേഷനുള്ള ആളിന് ആ ക്വാളിഫിക്കേഷൻ ഉണ്ടെങ്കിൽ തന്നെയും ക്വാളിഫൈഡ് മെഡിക്കൽ പ്രാക്ടീഷണർ ആകാനുള്ള യോഗ്യത ഉണ്ടായിരിക്കുന്നതല്ലെന്നു ഗവണ്മെന്റു ഗസറ്റിൽ നോട്ടിഫിക്കേഷൻ കൊടുക്കാമെന്നാണ് പറയുന്നതു്. അതുപോലെതന്നെ മറിച്ചും. ഷെഡ്യൂളിൽ പെടാത്ത യോഗ്യതയുള്ള ഒരാളിന് 'ക്വാളിഫൈഡ്' മെഡിക്കൽ പ്രാക്ടീഷണർ ആയിരിക്കുന്നതിന് ആവശ്യമായ യോഗ്യതയുണ്ടെന്നു തെളിഞ്ഞാൽ ഷെഡ്യൂളിൽ ആ ക്വാളിഫിക്കേഷൻകൂടി പെടുത്താതെ തന്നെ ഗസറ്റിൽ ഒരു നോട്ടിഫിക്കേഷൻ മുഖാന്തരം അയാളെ അത്തരം ഷെഡ്യൂളിൽ പറയുന്ന യോഗ്യതയുള്ള ആളായി ഗണിക്കാം എന്നാണ് 8-ാംവകുപ്പ് പറയുന്നതു്. ഇതെന്തിനാണ് ഇപ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഷെഡ്യൂൾ അങ്ങു ഭേദഗതി ചെയ്യുകയല്ലേ നേരായ മാർഗ്ഗമെന്നു ഞാൻ സംശയിക്കുന്നു.

സെക്ഷൻ ൪൧ അനുസരിച്ച് ഈ സംഗതികൂടി ബില്ലിൽ ഉൾപ്പെടുത്തുന്നതിനു വേണ്ടിയാണു ഞാൻ ഈ ഭേദഗതി കൊണ്ടുവന്നിട്ടുള്ളതു്.

ശ്രീ. ഒ. സി. മേനോൻ: ഇതു രണ്ടിന്റെയും ഇഫക്റ്റ് ഒരു പോലെയല്ലേ?

ശ്രീ. സി. അച്യുതമേനോൻ: ഇഫക്റ്റ് ഒന്നാണെങ്കിൽപിന്നെ എന്തുകൊണ്ട് ആക്ടിൽ അതുപ്രകാരംതന്നെ പറഞ്ഞുകൂടാ എന്നാണ് എന്റെ ചോദ്യം.

Mr. Speaker : Thereupon the schedule shall be deemed for all purposes to be altered accordingly.

ശ്രീ. സി. അച്യുതമേനോൻ: ഈയൊരു ചെറിയ ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തുന്നതുകൊണ്ടു യാതൊരു തകരാറും വരാനില്ലെന്നേ എനിക്കു പറയുവാനുള്ളു. അതിൽ എന്തു തടസ്സമാണുള്ളതെന്ന് എനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. വി. മാധവൻ: ബില്ലിലെ ഈ ക്ലാസ്സ് അതിന്റെ പർപ്പസ്സ് ശരിയായവിധം നിർവ്വഹിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു ഈ വകുപ്പു ഇവിടെ ഉൾക്കൊള്ളിച്ചിട്ടുള്ളതു്. ഗവണ്മെന്റിനു ആവശ്യമെന്നു തോന്നുന്ന അവസരത്തിൽ അതു നിർവ്വഹിക്കാനുള്ള ഒരു വ്യവസ്ഥ ഉൾക്കൊള്ളുന്ന ഒരു ഖണ്ഡികയാണിതു്. ഈ ഖണ്ഡികയിൽ ഒരു വ്യതിയാനം വരുത്തുക എന്നുള്ളതു അത്ര ശരിയായിരിക്കുമെന്നു എനിക്കു തോന്നുന്നില്ല. അതുകൊണ്ടു് എനിക്കു ഈ ഭേദഗതിയെ സ്വീകരിക്കാൻ നിവൃത്തിയില്ല.

Mr. Speaker : Do you press the amendment ?

Shri C. Achyutha Menon : I do not press it Sir.

The amendment was, by leave, withdrawn.

Shri R. Kesava Pillai : Sir, I move the following amendment.

"Instead of clause 47 as such, insert the original clause 84 of the Original Bill with the following changes :

"The Government may on the recommendation of the appropriate Council or appropriate Councils or otherwise by notification in the Gazette alter the schedules "

സർ, ക്ലാസ്സ ൪൧ (ഷെഡ്യൂൾ)-ൽ മെഡിക്കൽ കൗൺസിലിന്റെ ശുപാർശപ്രകാരം ഏതെങ്കിലും പട്ടികകൾ മാററുന്നതിനുള്ള അധികാരം കൊടുത്തിരിക്കുന്നു. കൗൺസിലിന്റെ ശുപാർശയനുസരിച്ച് ഷെഡ്യൂളിൽ ഇല്ലാത്തതു ചേർക്കുകയോ, ഉള്ളതു മാററുകയോ ചെയ്യാനുള്ള അധികാരം ഉണ്ടെന്നാണ് പറഞ്ഞിരിക്കുന്നതു്. ഇതു കൗൺസിലിന്റെ ഒരു റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കുന്നതുമാണ്. എന്നാൽ അങ്ങനെ കൗൺസിൽ ശുപാർശ ചെയ്യുന്ന റിപ്പോർട്ടിന്റെ സ്വഭാവം എന്താണെന്നു് ഉള്ളതു വ്യക്തമാക്കുന്നുമില്ല. ഏതെങ്കിലും മെഡിക്കൽ കാളേജോ, ഇൻസ്റ്റിറ്റ്യൂഷനോ ശരിയായവിധം പ്രവർത്തനം നടത്തുന്നില്ല എന്നു

[Shri. R. Kesava Pillai]

ഒരു കൗൺസിലിനു റിപ്പോർട്ടു ചെയ്യണമെന്നാണെങ്കിൽ അത്തരം കാളേജോ, ഇൻസ്റ്റിറ്റ്യൂഷനൊ പരിശോധിക്കാനുള്ള അധികാരം കൗൺസിലിന് ഉണ്ടായിരിക്കേണ്ടതാണ്. അക്കാര്യം ഇവിടെ വ്യക്തമാക്കുന്നില്ല. എൻെറ അഭിപ്രായത്തിൽ ഈ വകുപ്പു ബാംബെ, മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റിൽനിന്നും പകർത്തിയെടുത്തതാണെന്നു തോന്നുന്നു. മദ്രാസിൽ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്റ്റ് ൨൧-ാം വകുപ്പിൽ ഇവയെപ്പററി പ്രതിപാദിക്കുന്നുണ്ട്. കൗൺസിലിന് പരീക്ഷാ ഹാളിൽ പോകുന്നതിനും പരീക്ഷ ശരിയായ രീതിയിൽ നടത്തുന്നുണ്ടോ എന്നു പരിശോധിക്കുന്നതിനും മാത്രമല്ലാ, ഈവക സ്ഥാപനങ്ങളുടെ പ്രവർത്തനംതന്നെ കാര്യക്ഷമമായ വിധത്തിൽ നടത്തുന്നുണ്ടോ എന്നു അന്വേഷിക്കുന്നതിനും മററും ഉള്ള അധികാരം കൊടുത്തിട്ടുണ്ട്. എന്നാൽ നമ്മുടെ കൗൺസിലിന് ഈവക അധികാരങ്ങളൊന്നും കൊടുത്തിട്ടില്ലെങ്കിലും ഈ ഷെഡ്യൂൾ അനുസരിച്ച് എന്തൊക്കെ കൗൺസിലിനു പ്രവർത്തിക്കാൻ സാധിക്കും, ഇനിമേലാൽ കൂടുതലായിട്ടു എന്തെല്ലാം സ്ഥാപനങ്ങൾ ഷെഡ്യൂളിൽ ഉൾപ്പെടുത്താൻ സാധിക്കും എന്നുള്ള സംഗതികൾക്ക് അധികാരം കൊടുക്കുന്ന വ്യവസ്ഥ ഉൾപ്പെടുത്താൻ തയാറില്ലാത്തപക്ഷം ൧൧൧൯-ലെ ട്രാവൻകൂർ മെഡിക്കൽ ആക്റ്റ് അനുസരിച്ച് പ്രവർത്തിക്കുന്നതാണു ഉത്തമം. മദ്രാസിൽ ഈ വകുപ്പിനെ സംബന്ധിച്ച് പ്രതിപാദിക്കുന്നവകുപ്പ് എന്തെന്നാൽ:

"The Council shall have power to call on the governing body or authorities of any University, medical college or school included in or desirous of being included in the Schedule,—

(a) to furnish such reports, returns or other information as the Council may require to enable it to judge of the efficiency of the instruction given therein in medicine and surgery and midwifery ; and

(b) to provide facilities to enable any member of the Council deputed by the Council in this behalf to be present at the examinations held by such University, college or school.

If the said body or authorities refuse to comply with any such demand, the Governer-in-Council may upon report by the Council remove such University, college or school from the Schedule or refuse to include it in the Schedule."

കൗൺസിലിൻെറ അധികാരങ്ങളെ വിശദീകരിക്കുന്ന ഒരു വകുപ്പാണ് ഞാൻ ഇവിടെ വായിച്ചതു്. ഈ വകുപ്പു അനുസരിച്ച് പ്രവർത്തിക്കാത്തപക്ഷം ഞാൻ കൊണ്ടുവന്നിട്ടുള്ള അമൻറമെൻറ് സ്വീകരിക്കണമെന്നാണ് എൻെറ അപേക്ഷ.

Mr. Speaker : My question is this. The amendment is "instead of clause 47 as such, insert the original clause 84 of the original bill with the following changes etc. How the amended clause fits in with the original clause 84, I do not know.

ശ്രീ. ആർ. കേശവപിള്ള : സർ, ഞാൻ ഒരു ഭേദഗതിയുടെ രൂപത്തിൽ അവതരിപ്പിക്കുകയാണ് ചെയ്തിരിക്കുന്നത്.

Mr. Speaker : According to the amendment, does the old clause 84 stand ?

Shri R. Kesava Pillai : It does not stand.

ഹോമിയോപ്പതിക്കുവേണ്ടി കൗൺസിലുണ്ട്. അലോപ്പതിക്കും കൗൺസിലുണ്ട്. അതുപോലെതന്നെ ഇൻഡിജിനസ് മെഡിസിനുവേണ്ടി കൗൺസിലുണ്ട്. ഇങ്ങനെയുള്ളതുകൊണ്ടാണ് കൗൺസിലിന്റെ അധികാരത്തെ പരാമർശിക്കുന്ന ഒരു ഭേദഗതി ഞാൻ ഹാജരാക്കിയിട്ടുള്ളത്

Shri O. C. Ninan : On a point of order, whether an amendment is in order without giving the whole wording of the amendment ?

Mr. Speaker : That is just what I am asking. According to your amendment, do you want to retain the whole clause 47 or the whole clause 84, or to delete sections 47 and 84 and substitue your amendment ?

Shri R. Kesava Pillai : "The Government may, on the recommendation of the appropriate council or appropriate Councils or otherwise by notification in the Gazette alter the schedules." That is the amendment.

Mr. Speaker : That I can understand. The amendment can be moved independently. Then what happens to the existing clause and then to the old clause 84 ? That is what I do not know.

Shri R. Kesava Pillai : The original clause 84 with the changes that I have suggested will stand.

Mr. Speaker : How ? Therefore, if this amendment is accepted, can you eliminate the original clause 84 out of consideration ?

Shri R. Kesava Pillai : Yes. If this amendment is accepted, the original clause 84 is not necessary.

Mr. Speaker : Therefore, both clauses 47 and 84 will go.

ശ്രീ. ആർ. കേശവപിള്ള : സർ, ഞാൻ ഇവിടെ പറയുന്ന ൮൪-ം വകുപ്പ് പാസ്സാകുകയാണെങ്കിൽ കൗൺസിലിന് ഈവക ഇൻസ്റ്റിറ്റ്യൂഷനുകളുടെ മേൽ പരിശോധനാധികാരം ഉണ്ടായിരിക്കും. അത് സ്വീകരിക്കുന്നതിന് തയാറില്ലെങ്കിൽ ഞാൻ ഹാജരാക്കിയിരിക്കുന്ന ഭേദഗതി സ്വീകരിക്കണമെന്നു മാത്രമേ എനിക്ക് അപേക്ഷയുള്ളൂ.

ശ്രീ. വി. മാധവൻ : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു, ഈ ബില്ലിലെ ക്ലാസ് ൪൭-ന പകരം ഒരു പുതിയ ക്ലാസ് കൊണ്ടുവന്നു ബില്ലിൽ ചേർക്കുന്നതു ബില്ലിന്റെ തത്വത്തിനുതന്നെ യോജിച്ചതായിരിക്കുകയില്ല. അതുകൊണ്ടു ഞാൻ ഇതിനെ എതിർക്കുകയാണു ചെയ്യുന്നത്.

Mr. Speaker : The amendment is not free from doubt. It is better that it is not pressed. Do you press it ?

Shri R. Kesava Pillai : I do not press it.

The amendment was, by leave, withdrawn.

The question that Clause 47 stand part of the Bill was put and carried.

The Clause was added to the Bill.

Clause 48.

The question that Clause 48 stand part of the Bill was put and carried.

The Clause was added to the Bill.

Schedule—Part A.

The question that Schedule—Part A stand part of the Bill was put and carried.

Schedule—Part A was added to the Bill.

Schedule—Part B.

Shri V. Madhavan : Sir, I move :

In the entries in Part B of the Schedule, the words 'or the Medical Council of India' shall be omitted.

ഈ ഭേദഗതിയിൽ പറയുന്നതുപോലെ ആയുർവേദത്തെയും ഹോമിയോപ്പതിയെയും സംബന്ധിക്കുന്ന പരീക്ഷകളിൽ 'ഇൻഡ്യൻ മെഡിക്കൽ കൗൺസിൽ' എന്നുള്ള ഭാഗം എടുത്തുകളയണമെന്നാണ് എൻെറ അഭിപ്രായം.

Mr. Speaker : Is the House agreeable to that amendment to omit the words "or the Medical Council of India"?

The amendment was put and carried.

The question that Schedule—Part B, as amended, stand part of the Bill was put and carried.

The Schedule—Part B, as amended, was added to the Bill.

Schedule–Part C.

Shri C. Achutha menon : My amendment is as follows :

In the Schedule part C, add the following at the end of "1"-

" or the erstwhile Travancore or Cochin Goverments" .

ആതറൈസ്ഡ് മെഡിക്കൽ പ്രാക്ടീഷണരുടെ ക്വാളിഫിക്കേഷനെ സംബന്ധിച്ചിടത്തോളം തിരുവനന്തപുരം മഹാരാജാസ് ആയുർവ്വേദ കാളേജിൽനിന്നും കൊടുക്കുന്ന ഒരു സർട്ടിഫിക്കററ അംഗീകരിക്കുമെന്നാണ്. അതല്ലെങ്കിൽ തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറിൽനിന്നും കൊടുക്കുന്ന ഒരു സർട്ടിഫിക്കററൊ ഡിപ്ലോമയൊ അംഗീകരിക്കുമെന്നാണ്. അങ്ങനെയാണെങ്കിൽ മുൻപു കൊച്ചി ഗവണ്മെൻറ് കൊടുത്തിട്ടുള്ള ഡിപ്ലോമയൊ സർട്ടിഫിക്കററൊ ഇതിൽ ഉൾപ്പെടുത്തണമെന്നാണ് ഞാൻ എൻെറ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ ഭേദഗതി സ്വീകരിക്കണമെന്നു അപേക്ഷിക്കുന്നു.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: എൻെറ സ്നേഹിതൻ മി. അച്യുതമേനോൻ ഹാജരാക്കിയിരിക്കുന്ന ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു മാത്രമല്ല, ആ ഭേദഗതിയെ സ്വീകരിക്കണമെന്നും ഞാൻ അപേക്ഷിക്കുന്നു. മുൻപു കൊച്ചി ഗവണ്മെൻറും തിരുവിതാംകൂർ ഗവണ്മെൻറും അംഗീകരിച്ചിരുന്ന പരീക്ഷായോഗ്യതയെക്കൂടി ഇപ്പോൾ അംഗീകരിക്കാൻ ഈ ബില്ലിൽ വ്യവസ്ഥയുൾപ്പെടുത്തണമെന്നാണ് എൻെറ അഭിപ്രായം. മെഡിക്കൽ കൗൺസിലിൽ സ്ഥാനാർത്ഥികളായി നിൽക്കുന്നവർക്ക് ഈ ഒരു യോഗ്യതകൂടി, അല്ലെങ്കിൽ ഞാൻ മുൻപുപറഞ്ഞ വ്യവസ്ഥകൂടി പരീക്ഷായോഗ്യതയുടെ മാനദണ്ഡത്തിൽ ഉൾപ്പെടുത്തുന്നതുകൊണ്ടു മാത്രമെ കൊച്ചിവിഭാഗത്തിൽപെട്ട വൈദ്യന്മാർക്ക് പ്രയോജനമുണ്ടാകുകയുള്ളൂ. അതുകൊണ്ട് ഈ ഭേദഗതിയെ ഞാൻ പിൻതാങ്ങുന്നു.

ശ്രീ. വി. മാധവൻ: ഈ ബില്ലിൻെറ ഷെഡ്യൂൾ പാർട്ട് സി-യിൽ മെഡിക്കൽ കൗൺസിൽ അംഗങ്ങളായിരിക്കാൻ എന്തെല്ലാം പരീക്ഷായോഗ്യതകൾ വേണമെന്നുള്ളതു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ വ്യവസ്ഥയ്ക്കു യാതൊരു കാരണവശാലും അയവു വരുത്തുവാൻ പാടില്ലെന്നു ഞാൻ വിചാരിക്കുന്നതുകൊണ്ട് ഈ ഭേദഗതിയെ സ്വീകരിക്കാൻ നിവൃത്തിയില്ല.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ഈ ഭേദഗതികൊണ്ടു ഗവണ്മെൻറ സർവ്വീസിൽ ഇല്ലാത്ത പല ആളുകൾക്കും സർവ്വീസിൽ ഉള്ളവർക്കും മെഡിക്കൽ കൌൺസിലിലേക്കുള്ള തിരഞ്ഞെടുപ്പിനു സ്ഥാനാർത്ഥികളായി നിൽക്കുന്നതിനു യോഗ്യത ലഭിക്കുന്നതാണ്. അതുകൊണ്ടു ഈ ഭേദഗതി ആവശ്യമായിട്ടുള്ള ഒരു ഭേദഗതിയാണെന്നു ഞാൻ വിശ്വസിക്കുന്നു.

ശ്രീ. വി. മാധവൻ: ഷെഡ്യൂളിൽ ഇപ്രകാരം ഒരു ഭേദഗതി വരുത്തുവാൻ പാടില്ലെന്നാണ് എൻെറ അഭിപ്രായം. അതുകൊണ്ടു ഗവണ്മെൻറ ഈ ഭേദഗതിയെ എതിർക്കുകയാണ് ചെയ്യുന്നത്.

Mr. Speaker: Do you press your amendment, Mr. Achyutha Menon?

Shri A. Achyutha Menon: Yes.

The amendment was put and lost.

Mr. Speaker: Do you wish to move amendement No. 72, Mr. Ramaswami Pillai?

Shri P. Ramaswami Pillai: I do not move amendment No. 72, but I want to move amendment No. 73.

Shri E. Gopalakrishna Menon: No. 74, Sir, I move: "In the schedule, part (C), add as No. 7, The Arya Vaidyasala, Kottakkal"

സർ, കോട്ടയ്ക്കൽ പി. എസ്. വാര്യരുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള ഒരു വൈദ്യശാലയും അതിനോടു അനുബന്ധിച്ചു നടത്തപ്പെടുന്ന ഒരു വിദ്യാലയവും ഉണ്ട്. വാസ്തവത്തിൽ കേരളീയർക്കു വളരെ കൃതജ്ഞതയോടുകൂടി മാത്രമേ ആ സ്ഥാപനത്തെക്കുറിച്ചു സ്മരിക്കുവാൻ കഴിയുകയുള്ളു. കേരളത്തിനു വെളിയിൽ, മറുനാടുകളിൽ, ആയുർവ്വേദവൈദ്യത്തിനു പ്രശസ്തിയും പെരുമയും, ഉണ്ടാക്കുന്നതിനു ഈ സ്ഥാപനംപോലെ മറ്റൊരു സ്ഥാപനത്തിനും കഴിഞ്ഞിട്ടില്ലെന്നു നിസ്സംശയം പറയാവുന്നതാണ്. മറുനാടുകളിൽനിന്നും, വടക്കേ ഇൻഡ്യയിൽനിന്നും മററും വളരെ ആളുകൾ കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽവന്നു ചികിത്സിച്ചു സുഖമായി പോയിട്ടുണ്ട്. സോഷ്യലിസ്റ്റ് നേതാവായ ശ്രീ. ജയപ്രകാശ് നാരായൻ തന്നെ ഈ വൈദ്യശാലയിൽ താമസിച്ചു ചികിത്സ നടത്തി സുഖം പ്രാപിച്ചുപോയിട്ടുണ്ട്. അങ്ങനെ ആയുർവ്വേദത്തിനു കേരളത്തിനു വെളിയിൽ വളരെ പ്രശസ്തിയും പ്രചാരവും ഉണ്ടാക്കീട്ടുള്ള ഒരു സ്ഥാപനമാണ് കോട്ടയ്ക്കൽ ആര്യവൈദ്യശാല. ആ വൈദ്യശാലയോടു അനുബന്ധിച്ചു പി. എസ്. വാര്യരുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന വിദ്യാലയത്തിൽ നാലുകൊല്ലത്തെ കോഴ്സാണ് ഉള്ളതു്. അവിടെ പഠിച്ചു പരീക്ഷ പാസ്സാവുന്നവർക്കു ആര്യവൈദ്യൻ എന്ന ഡിപ്ലോമ നൽകപ്പെടുന്നു. അങ്ങനെ ഡിപ്ലോമ വാങ്ങിച്ചിട്ടുള്ള വളരെ ആളുകൾ കൊച്ചി വിഭാഗത്തിൽ ഗവണ്മെൻറു സർവ്വീസിലും പ്രൈവററുസർവ്വീസിലുമുണ്ട്. അവരുടെ ക്വാളിഫിക്കേഷൻ അംഗീകരിക്കാതിരിക്കുക എന്നുള്ളതു് അവരോടു ചെയ്യുന്ന കടുത്ത ഒരനീതിയും അങ്ങേഅററം തെററായിട്ടുള്ള ഒരു നടപടിയുമാണ്. അതുകൊണ്ടു അവരുടെ ക്വാളിഫിക്കേഷനും ഈ ബില്ലിൻെറ ഷെഡ്യൂളിൽ ചേർക്കണമെന്നാണ് ഞാൻ ഈ അമെൻറുമെൻറുകൊണ്ടു ആവശ്യപ്പെടുന്നതു്.

ശ്രീ. പി. മാധവൻ: സർ, മുമ്പ് ചില ഭേദഗതികൾ സ്വീകരിച്ചതു് ഇൻറഗ്രേഷൻകൊണ്ടു് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുന്നതിനു വേണ്ടിയാണ്. കോട്ടയ്ക്കൽ ഉള്ള ആര്യവൈദ്യശാലയിൽനിന്നു പഠിച്ചുവരുന്ന ആളുകളുടെ യോഗ്യത എന്താണെന്നു അറിയുവാൻ നമ്മുടെ ഗവണ്മെൻറിനു യാതൊരു നിവൃത്തിയുമില്ല. ആ വൈദ്യശാലയുമായിട്ടു ഗവണ്മെൻറിനു യാതൊരു കെട്ടുപാടുമില്ല. അതുകൊണ്ടു ഈ ഭേദഗതി സ്വീകരിക്കുവാൻ നിവൃത്തിയില്ല. കൊച്ചിൻ സർവ്വീസിൽ ഉണ്ടായിരുന്നവരുടെ യോഗ്യത അംഗീകരിച്ചതു് കൊച്ചിയിലുണ്ടായിരുന്നവരുടെയും തിരുവിതാംകൂറിൽ ഉണ്ടായിരുന്നവരുടെയും യോഗ്യതകൾ ഒരുപോലെ കണക്കാക്കണം എന്നുള്ള തത്വത്തിലാണ്. അതുകൊണ്ടു ഈ ഭേദഗതി സ്വീകരിക്കുവാൻ നിവൃത്തിയില്ല.

Mr. Speaker: Do you press your amendment Mr. Gopalakrishna Menon?

Shri E. Gopalakrishna Menon: Yes.

The amendment was put and lost.

Shri C. Achyutha Menon: Sir, I move:

"In the same part C of the Schedule add as item No. 7-
"7. The Keraleeya Ayurveda Samajam, Cheruthuruthi, up to the date of its shifting from the erstwhile Cochin state."

Mr. Speaker: You may move the next amendment also.

Shri C. Achyutha Menon: Sir, I move:

"In the same part C of the Schedule, add as item No. 8 the following:-

"8. The Madras Government, such as, L. I. M. Etc."

ഇതിൽ കേരളീയ ആയുർവ്വേദ സമാജത്തെ സംബന്ധിച്ച് ഞാൻ ഇതിനു മുമ്പുതന്നെ ഇവിടെ പറഞ്ഞിട്ടുള്ളതാണ്. കൊച്ചിരാജ്യത്ത് ഗവർണ്മെൻറ പ്രോത്സാഹിപ്പിക്കുകയും ഗ്രാൻറ നൽകുകയും ചെയ്തിരുന്ന ഒരു സ്ഥാപനമാണിതു്. അവർ അവിടെ പരീക്ഷകൾ നടത്തുകയും പരീക്ഷയിൽ പാസാകുന്ന ആളുകൾക്കു സർട്ടിഫിക്കററ കൊടുക്കുകയും ചെയ്യാറുണ്ടായിരുന്നു. അതുകൊണ്ടു ആ സ്ഥാപനം കൊച്ചിയിൽ നിലനിന്നിരുന്ന കാലത്തോളമെങ്കിലും, അവർ കൊടുത്തിരിക്കുന്ന സർട്ടിഫിക്കററ് ഒരു റിക്കഗ്നൈസ്ഡ് ക്വാളിഫിക്കേഷനായിട്ടു അംഗീകരിക്കണമെന്നാണ് ഞാൻ ഈ ഭേദഗതികൊണ്ടു് ആവശ്യപ്പെടുന്നതു്. കോട്ടയ്ക്കൽ ആര്യവൈദ്യശാലയിൽനിന്നു കൊടുക്കുന്ന ഡിപ്ലോമ അംഗീകരിക്കണമെന്നു പറഞ്ഞപ്പോൾ ഗവണ്മെൻറ് ഭാഗത്തുനിന്നു് പറഞ്ഞതു് അവിടെ കൊടുക്കുന്ന പരിശീലനത്തെ സംബന്ധിച്ചോ അവിടത്തെ പഠിപ്പിനെ സംബന്ധിച്ചോ ഗവണ്മെൻറിനു ഒന്നും അറിഞ്ഞുകൂടാ എന്നാണ്. എന്നാൽ ഈ കേരളീയ ആയുർവ്വേദ സമാജത്തെപ്പററിയോ അവിടെ കൊടുക്കുന്ന സർട്ടിഫിക്കററിനെപ്പററിയോ അങ്ങിനെ പറഞ്ഞുകൂടാ. പണ്ടു കൊച്ചി ഗവണ്മെൻറ ഗ്രാൻറും മററും കൊടുത്തു് പ്രോത്സാഹിപ്പിച്ചു് നടത്തിവന്നിരുന്ന ഒരു വിദ്യാലയമാണ് ഇതു്. അവിടെനിന്നു കൊടുത്തിരുന്ന സർട്ടിഫിക്കററ് കൊച്ചി ഗവണ്മെൻറ അംഗീകരിച്ചിരുന്നു. അവിടത്തെ സർട്ടിഫിക്കററുള്ള ആളുകൾ ധാരാളം കൊച്ചിൻ സർവീസിൽ ഉണ്ടു്. അതുകൊണ്ടു ബഹുമാനപ്പെട്ട മന്ത്രി മുമ്പു സ്വീകരിച്ച തത്വത്തിന്റെ അടിസ്ഥാനത്തിൽ ഈ ഭേദഗതിയും സ്വീകരിക്കേണ്ടതാണ്.

മറെറാരു ഭേദഗതി ഞാൻ ഹാജരാക്കുന്നതു് മദ്രാസ് ഗവണ്മെൻറ കൊടുക്കുന്ന എൽ. ഐ. എം. ഡിഗ്രിയും ഇവിടെ അംഗീകരിക്കണം എന്നുള്ളതിന്നാണ്. മദ്രാസ് ഗവണ്മെൻറ കൊടുക്കുന്ന മററു പലവിധത്തിലുള്ള ഡിഗ്രികളും ഇവിടെ അംഗീകരിച്ചിട്ടുണ്ടു്. ഈ ആക്ററിൽ എൽ. ഐ. എം. പോലെയുള്ള ഡിഗ്രി അംഗീകരിക്കുകയില്ലെന്നു വരുന്നതു് യുക്തിഹീനമാണ്. അതുകൊണ്ടു് ആ ഡിഗ്രിയും ഇതിൽ അംഗീകരിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. കെ. കരുണാകരൻ: ശ്രീമാൻ അച്ചുതമേനോൻ അവതരിപ്പിച്ചിരിക്കുന്ന ഭേദഗതികളെ ഞാൻ അനുകൂലിക്കുന്നു. കേരളീയ ആയുർവ്വേദസമാജം വളരെ പ്രശസ്തന്മാരായ വൈദ്യന്മാർ നടത്തിയിരുന്ന ഒരു സ്ഥാപനമാണ്. അവിടത്തെ പരീക്ഷതന്നെ നടത്തിയിരുന്നതു് കുട്ടൻ

ചേരി മൂസത്, തൈക്കാട്ട് മൂസത് എന്നിവരെപ്പോലെയുള്ള പ്രശസ്തന്മാരായ അഷ്ടവൈദ്യന്മാരുടെ നേതൃത്വത്തിലാണ്. ആ സ്ഥാപനം മാതൃകാപരമായ ഒരു സ്ഥാപനമായിരുന്നു എന്നു കേരളത്തിലുള്ള എല്ലാ ആയുർവേദപണ്ഡിതന്മാരും സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്. അതുകൊണ്ട് അവിടെനിന്ന് കൊടുത്തിട്ടുള്ള സർട്ടിഫിക്കേറ്റ് ഈ ബില്ലിൽ സ്വീകരിക്കുവാൻ വിരോധമുണ്ടാകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. L. I. M. മദ്രാസ് ഗവണ്മെന്റും മറ്റു ചില ഗവണ്മെന്റുകളും സ്വീകരിച്ചിട്ടുണ്ട്.

Shri V. Madhavan: I oppose the first amendment but accept the next amendment regarding the Madras L. I. M. Etc. moved by Mr. Achyutha Menon.

കോട്ടക്കൽ ആര്യവൈദ്യശാലയിൽനിന്ന് കൊടുക്കുന്ന ഡിപ്ലോമ സ്വീകരിക്കുവാൻ നിവൃത്തിയില്ലെന്നു പറഞ്ഞ കാരണങ്ങൾകൊണ്ടുതന്നെയാണ് കേരള ആയുർവേദസമാജത്തിൽനിന്നു കൊടുക്കുന്ന സർട്ടിഫിക്കേറ്റും അംഗീകരിക്കുവാൻ നിവൃത്തിയില്ലെന്നു പറയുന്നത്. അതുകൊണ്ട് അതിനെ ഞാൻ എതിർക്കുകയാണ്. എൽ. ഐ. എം. ഡിഗ്രി ഇവിടെ അംഗീകരിക്കണമെന്നുള്ള ഭേദഗതിയെ ഗവണ്മെന്റ് സ്വീകരിച്ചിരിക്കുന്നു.

ശ്രീ. ഓ. സി. നൈനാൻ : എൽ. ഐ. എം. എന്നുള്ളത് ഡിഗ്രിയാണോ? അത് യൂണിവേഴ്സിറ്റി കൊടുക്കുന്ന ഡിഗ്രിയാണോ?

Shri C. Achyutha Menon : That means it is a degree.

Mr. Speaker : Do you press your first amendment Mr. Achyutha Menon?

Shri C. Achyutha Menon : Yes.

The amendment was put and lost.

The next amendment of Shri C. Achyutha Menon, namely,

In the same part C of the Schedule, add as item No. 8 the following :

"8. The Madras Government, such as, L. I. M. etc."

was adopted.

Shri P. Ramaswami Pillai : Sir, I move (amendment No. 73) that "In the Schedule, Part C, add the following as clause 7.

"7. Diploma or Certificate on Siddha system recognized by the Madras Government or Madras Medical Council".

In Part A of the Schedule any medical degree or diploma granted by the Medical College, Madras is recognised. In part B all qualifications recognized by the Government, or the Government of any State in India or the Medical Council of India are recognised. We have got the L. I. M. degree. Therefore, I move that the Certificate or Diploma on Siddha system recognised by the Madras Government may be recognised by this Government.

Shri V. Madhavan : I accept the amendment.

The amendment was adopted.

Mr. Speaker : Amendment Nos. 73 and 76 are accepted. The other amendments are rejected.

The question that Schedule —Part C, as amended, do form part of the Bill was put and carried.

The Schedule —Part C was, as amended, added to the Bill.

Schedule—Part D

The question that Schedule—Part D do form part of the Bill was put and carried.

The Schedule—Part D was added to the Bill.

The question that Clause 1 do form part of the Bill was put and carried.

Clause 1 was added to the Bill.

The question that the Preamble and Title do form part of the Bill was put and carried.

The Preamble and Title were added to the Bill.

Mr. Speaker : Do you move for the Third Reading now, Mr. Madhavan ?

Shri V. Madhavan : The Third Reading may be postponed to a subsequent day.

Mr. Speaker : The House will now adjourn and meet again to-morrow at 11 A. M.

The Assembly adjourned at 4-43 P. M. to meet again at 11 A. M. on Friday, the 6th March 1953.

APPENDIX

[*Vide answer to Question No,* * 194 (2)]

Information regarding pay and D. A. of menials in Municipalities is shown in the table given below :—

	Name of Municipality	Scavengers.			Sweepers (including Cartmen if any)		
		Basic Pay	D. A.	When pay was fixed	Basic Pay	D. A.	When pay was fixed
		Rs.	Rs.		Rs.	Rs.	
1.	Alleppy ..	20	20	1-8-1951	17	18	1-4-1952
2.	Quilon ..	20	20	1-8-1951	8	16	1-1-1121
3.	Nagercoil ..	16	16	1-9-1951	12½	12½	1-9-1951
4.	Kottayam ..	20	20	1-8-1951	10	18	1-8-1951
5.	Parur ..	20	20	1-7-1951	12	13	1-7-1951
6.	Changanacherry	20	20	2-5-1952	9	9	2-5-1952
7.	Shencottah ..	14	21	1-2-1122	12	19	1-2-1122
8.	Kuzhithura ..	14	21	1-11-1951	10	15	1-11-1951
9.	Padmanabhapuram	14½	16½	1-4-1952	12	15	1-4-1952
10.	Neyyattinkara	No Scavengers.			11	16	1-12-1950
11.	Kayamkulam	20	20	8-1951	7	11	7-1951
12.	Tiruvalla ..	12	9	30-1-1953	10	7	30-1-1953
13.	Alwaye ..	20	20	16-7-1951	12	18	1-9-1119
14.	Vaikom ..	9	9	1-3-1122	No Sweepers.		
15.	Colachel ..	20	20	1-4-1952	15	15	1-4-1952
16.	Attingal ..	14	20	1-1-1952	10	16	1-1-1952
17.	Mavelikara ..	20	20	1-4-1952	12	18	21-8-1952
18.	Palai ..	20	20	1-11-1952	12	10	23-1-1950
19.	Trichur ..	22	20	1-1-1126	20	20	1-5-1122
20.	Ernakulam ..	22	20	1-1-1126	20	20	1-5-1122
21.	Kunnamkulam	20	22	1124	20	22	1124
22.	Mattanchery ..	22	20	1-4-1952	20	20	1-5-1122
23.	Irinjalakkuda ..	20	22	1-5-1122	20	22	1-5-1122
24.	Chittur-Thattamangalam	20	22	1-5-1122	20	22	1-5-1127

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

FIRST SESSION—1953.

Friday, the 6th March, 1953

Vol. VIII OFFICIAL REPORT No. 9

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Friday, the 6th March 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

കയർവ്യവസായസ്തംഭനം

* ൨൭൧. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർവ്യവസായസ്തംഭനംമൂലം എത്രപേർ തൊഴിലില്ലാത്തവരായിത്തീർന്നിട്ടുണ്ട്;

(ബി) അവർക്കു തൊഴിൽ നൽകാൻ എവിടെയെല്ലാം പൊതുമരാമത്തുപണികൾ ആരംഭിച്ചിട്ടുണ്ട്;

(സി) തന്മൂലം എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ ചോദ്യത്തിന് പലതവണയും ഉത്തരം പറഞ്ഞിട്ടുള്ളതാണ്. എങ്കിലും ഒരുതവണകൂടി ഉത്തരം പറയാം.

(എ) കയർമാറ്റ്സ്, മാറ്റിംഗ്സ് മുതലായവ ഉൽപാദിപ്പിക്കുന്ന ഫാക്ടറിസ്റ്റേജിലുള്ള കയർവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന

തിൽ ഉദ്ദേശം ൧൧,൦൦൦ പേർക്ക് ജോലിയില്ലാതായി തീർന്നിട്ടുണ്ട്. പച്ചത്തൊണ്ടിൽനിന്നും ചകിരിയും കയറും ഉൽപാദിപ്പിക്കുന്ന ഘട്ടംവരെയുള്ള കുടിൽവ്യവസായപരമായ കയർവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് തൊഴിൽ ഇല്ലാതായിട്ടൊന്നുമില്ല. എന്നാൽ കയറിനുണ്ടായ വിലക്കുറവുമൂലം ഇവർക്ക് ജീവിതാവശ്യങ്ങൾക്കുള്ള സാധനങ്ങൾ വാങ്ങിക്കാൻ കഴിവില്ലാതായിത്തീർന്നിട്ടുണ്ട്.

ഫാക്ടറിയിലുള്ള ജോലിക്കാർക്ക് ജോലിയില്ലാതായിട്ടുണ്ടെന്ന് പറഞ്ഞത് പൂർണ്ണമായി ഇല്ലാതായിട്ടുണ്ടെന്നുള്ള അർത്ഥത്തിലല്ല. ജോലി മുഴുവൻ ദിവസങ്ങളിലും കിട്ടാതായിട്ടുണ്ട്.

(ബി) ഈ കുഴപ്പം പരിഹരിക്കാൻ അമ്പലപ്പുഴ ചേർത്തല മുതലായ സ്ഥലങ്ങളിൽ പലമാതിരിയും താഴെപറയുന്ന പൊതുമരാമത്തു പണികൾ നടപ്പാക്കിയിട്ടുണ്ട്.

1. Deepening Varanad—Poothotta Canal
2. Improvements to Chandiroor Thodu
3. Improvements to Kalathil Thodu
4. Deepening 16th Mile Canal A. A. Road
5. Deepening 19th Mile Canal A. A. Road
6. Reclamation of Kayal Lands
7. Opening a road from T. D. Temple to Pallithodu 1st mile
8. Opening a road from Paravoor market to Beach.
9. Opening a road from Wadai Canal North bank east end to Punnams
10. Opening a road from 49/2 Quilon Alleppey road to Beach
11. Filling the tank and straightening in 15-7 A. A. Road to Sakheswaram temple
12. Widening A. A. Road Miles, 2, 3, 4, 5, 9, 10, 11, 12 & 13
13. Surfacing A. A. Road

(സി) ഇവയിൽ ചില ജോലികൾ ൧൯൫൨ ഒക്ടോബറിൽ ആരംഭിച്ചവയാണ്. ഇപ്പോൾ ദിവസേന ശരാശരി ൧൧,൦൦൦ പേർക്ക് ജോലി കിട്ടിക്കൊണ്ടിരിക്കുന്നുണ്ട്.

ഇതിനുപുറമെ കൊല്ലം-എറണാകുളം റയിൽവേ ജോലി തുടങ്ങിയിട്ടുള്ളതുകൊണ്ട് കുറെ ആളുകൾക്ക് ജോലി അവിടെ കിട്ടും. ഈ പ്രദേശത്തുള്ളവർക്ക് അതിൽ മുൻഗണനകൊടുക്കണമെന്ന് നിശ്ചയിച്ചിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: അമ്പലപ്പുഴ ചേർത്തല താലൂക്കുകളിൽ കയർവ്യവസായ സ്തംഭനംമൂലം ഉദ്ദേശം എത്ര ആളുകൾക്കു തൊഴിലില്ലാതായിത്തീർന്നിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : (൨) യുടെ ഉത്തരത്തിൽ അതു ഞാൻ പറഞ്ഞിട്ടുണ്ട്. ഫാക്ടറിജോലിക്കാൎക്കു പൂൎണ്ണമായി ജോലി കിട്ടുന്നില്ല. ബാക്കിയുള്ളവൎക്കു തൊഴിലില്ലാതെയായിട്ടില്ല. എന്നാൽ അവരുടെ സാമ്പത്തികസ്ഥിതിയ്ക്കു ഊനം തട്ടിയിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ : കഴിഞ്ഞ മാർച്ചുമാസത്തിൽ രാജപ്രമുഖൻ ഈ അസംബ്ളിയിൽ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെയാണു് പറഞ്ഞിരിക്കുന്നതു്: "The resultant unemployment of the labouring classes."

കഴിഞ്ഞ കൊല്ലത്തിൽ തന്നെ തൊഴിലില്ലായ്മയുണ്ടെന്നു രാജപ്രമുഖൻ പ്രസ്താവിച്ചതിനെ മന്ത്രി സമ്മതിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്. അതുതന്നെയാണു ഞാൻ പറഞ്ഞതു്. ഫാക്ടറി തൊഴിലാളികൾക്കു ആഴ്ചയിൽ ആറു ദിവസം ജോലികിട്ടിയിരുന്നതു ഇപ്പോൾ കുറച്ചുകുറവായിട്ടേ കിട്ടുന്നുള്ളു. കുടിൽവ്യവസായത്തിലേർപ്പെട്ടിരിക്കുന്നവൎക്കു സാമ്പത്തികമായി അധഃപതനം വന്നിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ : കയർവ്യവസായ സ്തംഭനംമൂലം തീരപ്രദേശങ്ങളിലുള്ള കയററുതൊഴിലാളികൾക്കും തൊഴിലില്ലായ്മ ഉണ്ടായിട്ടുണ്ടെന്നാണു രാജപ്രമുഖന്റെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതു്.

Mr. Speaker : Order, order, please. Are you going to give a different interpretation on the views of Rajapramukh's address ?

ശ്രീ. ആർ. ഗംഗാധരൻ : രാജപ്രമുഖന്റെ പ്രസംഗത്തിൽ അടുത്ത കൊല്ലത്തിൽ ചെയ്യുന്ന—

Mr. Speaker : Will it solve the unemployment question ? He has said that there is some unemployment. Leave it there.

ശ്രീ. ആർ. ഗംഗാധരൻ : ഫാക്ടറി തൊഴിലാളികൾക്കു മാത്രമല്ല, തൊഴിലില്ലായ്മയുള്ളതു്. എല്ലാ കയററുതൊഴിലാളികളും തൊഴിലില്ലാതെയിരിക്കുകയാണു്. അതിനെപ്പററി മന്ത്രിയുടെ അഭിപ്രായമെന്താണു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ശരിയാണു്. അതു സംബന്ധിച്ചു പൂൎണ്ണവിവരം ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

Mr. speaker : Order, order please. This question has already been answered.

ശ്രീ. ആർ. ഗംഗാധരൻ : കയറിന്റെ പ്രശ്നം അത്രത്തോളം പ്രാധാന്യമുള്ളതുകൊണ്ടാണു് അതുസംബന്ധിച്ചുള്ള ചോദ്യങ്ങൾ ചോദിക്കാൻ ആഗ്രഹിക്കുന്നതു് ?

മററു തീരപ്രദേശങ്ങളിൽ തൊഴിലില്ലായ്മ ഉണ്ടെങ്കിൽ ആ പ്രദേശങ്ങളിൽ പൊതുമരാമത്തുപണികൾ ഏർപ്പെടുത്താതെയിരിക്കുന്നതു് എന്തുകൊണ്ടാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കഴിവുള്ളിടത്തോളം ഇതിനൊക്കെ റിലീഫ് ഉണ്ടാക്കണമെന്നാണു ഗവണ്മെന്റിന്റെ ഉദ്ദേശം. അതിനു എടുത്തിട്ടുള്ള നടപടികൾ പലതവണ ഇവിടെ പറഞ്ഞിട്ടുള്ളതാണു്.

ശ്രീ. ആർ ഗംഗാധരൻ: ചിറയിൻകീഴ് താലൂക്കിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്. അവിടെയും പല പൊതുമരാമത്തുപണികൾ തുടങ്ങിയിട്ടുണ്ടെന്നാണു പൊതുമരാമത്തു വകുപ്പു മന്ത്രി എന്നോടു പറഞ്ഞതു്.

ശ്രീ. ആർ. ഗംഗാധരൻ: പൊതുമരാമത്തു പണികൾകൊണ്ടു് തൊഴിലില്ലായ്മ പരിഹരിക്കപ്പെടുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പൊതുമരാമത്തു പണി എടുത്താൽ ആളുകൾക്കു ധാരാളം ജോലി കിട്ടും.

ശ്രീ. ആർ. ഗംഗാധരൻ: തൊഴിലില്ലായ്മയ്ക്കു പരിഹാരമായി അവിടെ എന്തെങ്കിലും പണികൾ ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ ഉദ്ദേശത്തോടുകൂടി പണികൾ തുടങ്ങിയില്ലെങ്കിൽതന്നെയും പൊതുമരാമത്തുപണികൾ നടക്കുമ്പോൾ അത്രത്തോളം തൊഴിലില്ലായ്മ പരിഹരിക്കപ്പെടും.

Shri P. S. Nataraja Pillai: May I know whether the price of coir will be increased in proportion to the number of supplementary questions?

ശ്രീ. ഓ. സി. മേനോൻ: കയർവ്യവസായ സ്തംഭനവും തൊഴിലില്ലായ്മയും ഇപ്പോൾ മുമ്പിലത്തേക്കാൾ കൂടിയിരിക്കുകയാണോ കുറഞ്ഞിരിക്കുകയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ അതു ഭേദപ്പെട്ടിരിക്കുന്നുവെന്നാണ് അറിവ്.

ശ്രീ. ഇ. കൃഷ്ണൻനായർ: തീരപ്രദേശങ്ങളിൽ മാത്രമല്ല, ഉൾനാടുകളിലും കയറുപണി ഒരു കുടിൽവ്യവസായമായി നടത്തി ആളുകൾ ഉപജീവനംകഴിച്ചുവരുന്നതായി ഗവണ്മെന്റിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം.

ശ്രീ. കുഞ്ഞിത്തൊമ്മൻ: ചേർത്തലയും അമ്പലപ്പുഴയും ഉള്ള തൊഴിലില്ലാത്തവർക്കു റെയിൽവേപണിയിൽ മുൻഗണന കൊടുക്കുമെന്നു പറയുകയുണ്ടായി. മററു സ്ഥലത്തുള്ള തൊഴിലില്ലാത്തവർക്കും അവിടെ ജോലി കൊടുക്കാൻ കഴികയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കയർവ്യവസായത്തെപ്പററിയുണ്ടായ ശ്രീ. ഗംഗാധരന്റെ ഒരു ചോദ്യത്തിനാണു ഞാൻ അങ്ങനെ മറുപടി പറഞ്ഞതു്. തൊഴിലില്ലാത്തവർക്കായിരിക്കും അവിടെ ജോലി നൽകുന്നതു്.

ശ്രീ. കെ. മാധവനുണ്ണിത്താൻ: കിഴക്കൻപ്രദേശങ്ങളിലുള്ള കയർവ്യവസായത്തെ സഹകരണാടിസ്ഥാനങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഏതു ഭാഗത്തിലുള്ളതായാലും അതു സ്കീമിൽ വരുന്നതാണ്.

യൂഗോസ്ലേവിയൻ ഗുഡ്‌വിൽ മിഷൻ.

❋ ൨൧൮. [൨] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂഗോസ്ലേവിയൻ ഗുഡ്‌വിൽ മിഷൻ ഈ സംസ്ഥാനം സന്ദർശിച്ച് മന്ത്രിമാരുമായി സംഭാഷണങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ സംഭാഷണങ്ങളുടെ ഒരു വിവരം നൽകാൻ സാധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) യൂഗോസ്ലേവിയൻ ഗുഡ്‌വിൽമിഷൻ ൧൯൫൩ ഡിസംബർ മാസം ൨൧-ാം തീയതി മുതൽ ൨൩-ാം തീയതിവരെ ഈ സംസ്ഥാനം സന്ദർശിച്ചു. മുഖ്യമന്ത്രിയേയും പൊതുമരാമത്തുമന്ത്രിയേയും മാത്രമെ കാണുകയുണ്ടായുള്ളു.

(ബി) അവരുടെ കൂടിക്കാഴ്ച ഒരു ഔപചാരിക സന്ദർശനം മാത്രമായിരുന്നു.

ശ്രീ. ആർ. ഗംഗാധരൻ: ആ സംഭാഷണാവസരത്തിൽ ഈ സംസ്ഥാനത്തേയ്ക്ക് വല്ല സഹായവും ചെയ്യുന്ന കാര്യത്തെപ്പററി അവർ സംസാരിക്കുകയുണ്ടായോ?

ശ്രീ. എ. ജെ. ജാൺ: ഒന്നും സംസാരിച്ചില്ല.

Statistical Officers.

❋219 [4] **Shri K. Bhanu:** Will the Minister for Civil Supplies be pleased to state:

(*a*) The number of statistical officers appointed by the Government for collection of statistics with regard to fish catches;

(*b*) whether such statistics are separately collected for the coastal area.

Chief Minister (**Shri A. J. John**): (*a*) No Statistical Officers have been appointed by Government for collection of statistics with regard to fish catches.

(*b*) No.

Shri K. Bhanu: Is there any agency through which the catches may be increased during each season?

Shri A. J. John : There is no agency.

Shri A. A. D. Luiz : Is any survey being conducted with regard to various divisions?

Shri A. J. John : At present no survey is being conducted. The Government of India have appointed one man and he is working at Vizhinjam. He is sending reports to the Marine Fishing Station at Pantalam.

Tenancy Legislation.

*220 [5] **Shri K. Bhanu :** Will the Minister for Law be pleased to state :

whether the Government propose to bring tenancy legislation to secure fixity of tenure and if so by what time?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

The entire question of amending the law relating to tenancy and land policy is under the active consideration of the Government. The necessary Bill is being prepared and it will be introduced at an early date.

ശ്രീ. കെ. കരുണാകരൻ : എന്നത്തേക്കു അതു പൂർത്തിയാകുമെന്നു പറയാൻ കഴിയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതൊരു കോംപ്ലക്സ് സബ്ജക്റ്റാണ്. അതുകൊണ്ടു വ്യക്തമായി അതിനു ഒരു തീയതി പറയുക സാദ്ധ്യമല്ല. വളരെയേറെ ശ്രദ്ധ അക്കാര്യത്തിൽ പതിപ്പിച്ചുവരുന്നുണ്ട്.

ശ്രീ. കെ. കരുണാകരൻ : കാലതാമസംമൂലം കൃഷിക്കാരുടെയിടയിൽ വലിയ നിരാശയും വൈരാഗ്യവും ഉണ്ടായിട്ടുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വളരെ വേഗം ഇവിടെ ഒരു ലാന്റ് പാളിസി നിയമം വരണമെന്നു ആഗ്രഹമുള്ള ധാരാളം ആളുകളുണ്ട്. വേഗം വരാത്തതുകൊണ്ടു അവർക്കു കുറച്ചു അസുഖം ഉണ്ടായേക്കാം.

ശ്രീ. കെ. കരുണാകരൻ : ആ അസുഖം രാജ്യത്തിന്റെ ഭദ്രതയ്ക്കു ഹാനികരമാണെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു വളരെ വേഗത്തിൽ തന്നെയുണ്ടാകണം. അതിൽ അഭിപ്രായവ്യത്യാസമില്ല.

ശ്രീ. ഒ. സി. മേനോൻ : ഈ രാജ്യത്തുള്ള വിവിധതരം ടെനൻസികളെയും ഇതിൽ ഉൾപ്പെടുത്തണമെന്നാണോ ഉദ്ദേശിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേ.

ശ്രീ. പി. വി. അവിരാത്തരകൻ : ടെനൻസി സംബന്ധിച്ചു എന്തെങ്കിലും വ്യത്യാസം വരുത്തുമ്പോൾ ഭൂഉടമസ്ഥന്മാരുമായി ആലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പലരുമായി ആലോചിക്കേണ്ടി വരും.

ശ്രീ. പി. വി. അവിരാത്തരകൻ : അവർക്കു് ഒരു സംഘടനയില്ലാത്തതുകൊണ്ടു ആരോടാണു ഗവൺമെന്റു ആലോചിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏതു രീതിയിലാണു വേണ്ടതെന്നു പ്ലാനിംഗ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടു്.

Shri A. A. D. Luiz : According to the different land policies followed by Government, may I know whether it is necessary to make changes in the Constitution?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു പാപ്പുലർ ഡിമാൻസ് എന്താണെന്നുള്ളതിനെ അനുസരിച്ചിരിക്കും. ഭരണഘടനയിൽ എന്തെങ്കിലും ഭൂമി എടുക്കുകയാണെങ്കിൽ അതിനു കാമ്പൻസേഷൻ കൊടുക്കണമെന്നു പറയുന്നുണ്ടു്. കാമ്പൻസേഷൻ കൊടുക്കുന്നതു പാപ്പുലർ ഡിമാന്റു അല്ലെങ്കിലേ ആ പ്രശ്നം ഉദിക്കുകയുള്ളു.

ശ്രീ. ചെങ്ങരപ്പള്ളി പി. നാരായണൻപോറ്റി : ഗവൺമെന്റു ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ചു കൊണ്ടിരിക്കയാണെന്നു പറയുകയുണ്ടായി. അങ്ങനെ ശ്രദ്ധ പതിപ്പിക്കാൻ തുടങ്ങിയിട്ടു എത്ര നാളായിയെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വളരെക്കാലമായി.

Shri K. Balakrishna Menon : May I know what time the Government will take to introduce the legislation?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വ്യക്തമായി പറയാൻ സാധിക്കുകയില്ല. ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നല്ലാതെ കൂടുതലൊന്നും പറയാൻ നിവൃത്തിയില്ല.

Shri K. Balakrishna Menon : Will it be during the course of the Assembly's life time?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു തീർച്ചയായും അങ്ങനെയാണു്.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ : സ്റ്റേ ചെയ്തിട്ടുള്ള പ്രൊവിഷൻസിലെ ഏതെങ്കിലും വ്യവസ്ഥ റീ കൺസിഡർ ചെയ്യാൻ ഗവൺമെന്റിനു ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി ആലോചിക്കാം.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ : അതു സംബന്ധിച്ചു എന്തെങ്കിലും നടപ്പിൽ വരുത്താൻ എത്ര താമസമുണ്ടാകും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതാണല്ലോ ഞാൻ മുമ്പു പറഞ്ഞതു്. ഇതു് വളരെ ബുദ്ധിമുട്ടുള്ള ഒരു വിഷയമായതുകൊണ്ടു് നാളെയോ മറെറന്നാളോ കൊണ്ടുവരുന്നതിനു വിഷമമാണു്. ചോദ്യം ചോദിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാർ എത്രമാത്രം ഉൽക്കണ്ഠ പ്രകടിപ്പിക്കുന്നുണ്ടോ അതിൽ കൂടുതൽ ഉൽക്കണ്ഠ ഈ വിഷയത്തിൽ ഗവണ്മെന്റിനുണ്ടു്.

Shri K. Balakrishna Menon : Within the framework of the Report of the Planning Commission, Government will have to introduce some legislation. When will it be introduced?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നമ്മുടെ രാജ്യത്തിന്റെ പ്രാദേശികമായ ആവശ്യമനുസരിച്ചു ഒരു ലെജിസ്ലേഷൻ ഉണ്ടാക്കുന്നതിനു അല്പം ശ്രദ്ധവേണം.

ശ്രീ. ആർ. കേശവപിള്ള : ഈ വിഷയത്തിൽ ഈ രാജ്യത്തെ ജനങ്ങളുടെ അഭിപ്രായമറിയുന്നതിനു ഒരു കമ്മിററിയെ നിയമിച്ചു് ആ കമ്മിററിയുടെ റിപ്പോർട്ടു കിട്ടിയതിനുശേഷം ഒരു ലെജിസ്ലേഷൻ ഉണ്ടാക്കിയാൽ പോരേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയുള്ള കമ്മിററി നിയമനമെല്ലാം കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ : കഴിഞ്ഞ തവണത്തെ രാജപ്രമുഖന്റെ അഡ്രസിൽ ഇതിനൊരു ബിൽ അവതരിപ്പിക്കുമെന്നു പ്രസ്താവിച്ചിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ : അതിനുശേഷം കൊല്ലം ഒന്നു കഴിഞ്ഞിട്ടും ഇതുവരെ ബിൽ അവതരിപ്പിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു പ്രത്യക്ഷമായിട്ടുള്ള ഒരു കാര്യമാണു്.

ശ്രീ. പ്രാക്കുളം ഭാസി : ആ കമ്മിററി റിപ്പോർട്ടിനെ എന്തു ചെയ്തുവെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ റിപ്പോർട്ടു നിയമനിർമ്മാണത്തിലുള്ള ആധാരങ്ങളിലൊന്നാണു്.

ശ്രീ. പ്രാക്കുളം ഭാസി : ആ റിപ്പോർട്ടു എടുക്കാൻ എന്തു ചിലവായി എന്നു് ഓർമ്മയുണ്ടെങ്കിൽ പറഞ്ഞാൽ കൊള്ളാം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റിപ്പോർട്ടിനു എന്തു ചെലവായിട്ടുണ്ടെന്നു ഇതിനുമുമ്പു ഈ സഭയിൽ പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ ഓർമ്മയില്ല.

Price of Manure.

*221. [6] **Shri T. S. Ramaswami :** Will the Chief Minister be pleased to state :

(*a*) the date on which reduction of prices of manure was announced by the Government by way of concession to South Travancore; and

(*b*) was there any exemption to this reduction ?

Chief Minister (**Shri A. J. John**):

(*a*) 2nd December 1952.

(*b*) Yes. This reduction was not applicable to Ammonium Sulphate which is not being subsidised at all.

Shri T. S. Ramaswami : What is the percentage of reduction?

Shri A. J. John : In South Travancore it is 50 per cent as per the latest order.

Shri T. S. Ramaswami : May I know the kind of manure sold at reduced rates ?

Shri A. J. John : Bone-meal and ground-nut cake.

Shri T. S. Ramaswami : Are the Government aware that bone-meal and ground-nut cake were not suitable for paddy on the date these were given on concessional rates?

Shri A. J. John : I am not aware.

Shri T. S. Ramaswami : Are the Government aware that the said manure is useful only before the transplantation?

Shri A. J. John : It may be.

Shri T. S. Ramaswami : Was this concession given to all the cultivators?

Shri A. J. John : South Travancore was given this concession on account of the drought.

Shri T. S. Ramaswami : May I know the total quantity of manure sold at this rate ?

Shri A. J. John : My information is that 7 cwts. of bone-meal and 66 cwt. 14 lbs. of groundnut cake have been sold at this rate.

ശ്രീ. എ. കുഞ്ഞൻനാടാർ : ഒരേക്കർ കൃഷി ചെയ്യുന്നതിന് എത്ര ഹൺഡ്രഡ്വെയ്റ്റ് വളം വേണമെന്ന് പറയാമോ ?

Shri. A. J. John : I am not aware of that.

ശ്രീ. എ. കുഞ്ഞൻനാടാർ : തെക്കൻ തിരുവിതാംകൂറിലേക്ക എത്ര ടൺ വളം കൊടുക്കണമെന്നും, എത്ര കാലംവരെ കൊടുക്കണമെന്നും നിശ്ചയിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : അതാത് ക്രാപ്പിലേക്ക ആവശ്യപ്പെടുന്നതനുസരിച്ച് സപ്ലൈ ചെയ്യുന്നതിന് ഏർപ്പാടു ചെയ്തിട്ടുണ്ട്. എത്ര ടണ്ണാണെന്ന് അറിഞ്ഞുകൂടാ.

ശ്രീ. ജോസഫ് വാഴപ്പിള്ളി : തെക്കൻ തിരുവിതാംകൂർകാർക്കു മാത്രം ഇങ്ങനെ കൺസഷൻ റേറ്റിൽ വളം കൊടുക്കുന്നതിന് പ്രത്യേക കാരണം വല്ലതുമുണ്ടോ ?

ശ്രീ. എ. ജെ. ജോൺ : തെക്കൻ തിരുവിതാംകൂറിൽ നെൽകൃഷി ഉണക്കുകൊണ്ടു നശിച്ചുപോയതായി അറിവു കിട്ടിയതിനാൽ അവർക്കു എന്തെങ്കിലും കൺസഷൻ ചെയ്യണമെന്നു ഗവണ്മെന്റിനു ബോദ്ധ്യം വന്നതുകൊണ്ടാണു്.

Shri P. S. Nataraja Pillai : May I know the quantity of Ammonium Sulphate distributed in that area after this date?

Shri A. J. John : I have not got that information now.

Shri P. S. Nataraja Pillai : Are the Government aware that Ammonium Sulphate is not the manure that is to be supplied after transplantation ?

Shri A. J. John : I am not aware of that.

Shri P. S. Nataraja Pillai : Are the Government aware that in December all the transplantation of paddy will be over in South Travancore ?

Shri A. J. John : It may be so.

Shri P. S. Nataraja Pillai : Does the Government know that this reduction did not materially benefit the people affected by the drought in South Travancore ?

Shri A. J. John : Government do not think so.

Shri P. S. Nataraja Pillai : May I know whether there was any representation for reduction in the price of Ammonium Sulphate ?

Shri A. J. John : It is not sold at concessional rates.

Shri P. S. Nataraja Pillai : When the only manure suitable for the season is Ammonium Sulphate where is the justice in giving concession in the price of other kinds of manure ?

Shri A. J. John : The question will be considered.

ശ്രീ. പി. വി. അവിരാതരകൻ : തെക്കൻ തിരുവിതാംകൂറിൽ മാത്രം ഉണക്കുസംഭവിച്ചുവെന്നു ഗവണ്മെന്റു എങ്ങനെ മനസ്സിലാക്കി?

ശ്രീ. എ. ജെ. ജോൺ : അതു പലതരത്തിലും മനസ്സിലാക്കാം. അവിടെയുള്ള ആളുകളുടെ നിവേദനങ്ങൾവഴിയും, റവന്യൂ, അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റുകളുടെ റിപ്പോർട്ടുകൾവഴിയും മനസ്സിലാക്കാം.

ശ്രീ. പി. വി. അവിരാതരകൻ : വടക്കൻ തിരുവിതാംകൂറിലും ചില സ്ഥലങ്ങളിൽ ഉണക്കു ബാധിച്ചിട്ടുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. എ. ജെ. ജോൺ : അറിവു കിട്ടിയിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ : ആ കാര്യം പരിഗണിക്കാതിരിക്കാൻ എന്തെങ്കിലും പ്രത്യേകകാരണമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അവരുടെ കാര്യങ്ങളും പരിഗണിച്ചു എല്ലാ സൗകര്യങ്ങളും അ പക്ഷം ചെയ്തുകൊടുക്കുന്നുണ്ട്.

ശ്രീ. എ. കെ. ചെല്ലയ്യാ: തെക്കൻ തിരുവിതാംകൂറിലുള്ള കൺസഷൻറേറിൽ തിരുവനന്തപുരത്തു ആരെങ്കിലും വളം വാങ്ങിക്കുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂടാ.

ശ്രീ. അമ്പാട്ടു ഈശ്വരമേനോൻ: ചിററൂർ താലൂക്കിൽ ഉണക്കു ബാധിച്ചിട്ടുള്ള കൃഷിക്കാർക്കു എന്തെങ്കിലും സൗജന്യങ്ങൾ ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ആവശ്യം വേണ്ട കൺസഷൻസ് ചെയ്യാൻ ആലോചിക്കുന്നുണ്ട്. വെള്ളക്കരം ഇളവുചെയ്യുക, വിത്തുനൽകുക മുതലായ കാര്യങ്ങളെപ്പററി ഗവണ്മെൻറ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ചിററൂർ താലൂക്കിലുള്ളവർക്കു സൗജന്യമായി വിത്തു കൊടുക്കുന്നതിന് ഏർപ്പാടുചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പററി ആലോചിക്കുന്നുണ്ട്.

High Court.

* 222 (7) **Shri T. S. Ramaswami :** Will the Chief Minister be pleased to state the result of the State Government's consultation with the Central Government regarding the transfer of one bench of the High Court from Ernakulam to Trivandrum?

Chief Minister (**Shri A. J. John**): The Bill relating to the transfer of a Bench is included in the agenda of the current session of the Parliament and it will be introduced there.

Shri T. S. Ramaswami : May I know whether the State Government has given any recommendation in regard to the jurisdiction of this Act?

Shri A. J. John : Correspondence is going on between this Government and the Central Government about this matter.

Shri T. S. Ramaswami : Have the Government received any suggestion from the Quilon Bar Association regarding jurisdiction?

Shri A. J. John : I have seen that in newspapers. I do not know whether Government have received it.

Shri P. S. Nataraja Pillai : Has this Government any idea of the Bill introduced in the Council of States ?

Shri A. J. John : I have not received a copy of the Bill and so do not know the provisions.

Shri P. S. Nataraja Pillai : Has this question of jurisdiction also been included in the draft Bill that has been submitted by this Government?

Shri A. J. John : Yes.

Shri P. S. Nataraja Pillai : May I know whether Government had any occasion to see the draft of the Bill that is now being presented in the Upper House there ?

Shri A. J. John : I have not got a copy of the Bill.

Shri P. S. Nataraja Pillai : Was there any previous reference regarding this Bill to this Government?

Shri A. J. John : The case of jurisdiction was under reference.

Shri O. C. Ninan : Who is the authority to decide the territorial jurisdiction?

Shri A. J. John : The State Government may make a recommendation.

ശ്രീ എ. കുഞ്ഞൻ നാടാർ: ഈ ബില്ലിനെപ്പററി കാൺഗ്രസ്സ് പാർട്ടിയിലുള്ള പാർലമെൻറ് മെംബറന്മാർ എന്തു നില സ്വീകരിക്കണമെന്നു് ഈ ഗവണ്മെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതിനു് ഈ ഗവണ്മെൻറിനു് യാതൊരധികാരവുമില്ല.

Shri Nedumangad R. Kesavan Nair: Is provision made in the draft sent by this Government for opening a single Bench in Trivandrum?

Shri A. J. John: Yes.

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ കൊല്ലം ഡിസ്ത്രിക്ട്കോടതികൂടി തിരുവനന്തപുരം ഡിവിഷൻ ബെഞ്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു് ബില്ലിൻെറ കാപ്പി കിട്ടിയതിനു ശേഷമേ പറയുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. ടി. കെ. ദിവാകരൻ: ഇവിടെനിന്നും അയച്ച ബില്ലിൽ ഉൾപ്പെടുത്തിയാണോ അയച്ചതു്?

ശ്രീ. എ. ജെ. ജാൺ: ഒരു ഡിവിഷൻ ബെഞ്ചും ഒരു സിങ്കിൾ ജഡ്ജും തിരുവനന്തപുരത്തു് ഉണ്ടായിരിക്കണമെന്നാണു് ഇവിടെനിന്നും അയച്ച ഡ്രാഫ്ററ ബില്ലിലുള്ളതു്.

Travancore Sugars and Chemicals Ltd.

* 223 (9) **Shri T. S. Ramaswami :** Will the Minister for Finance be pleased to state :

(*a*) was any settlement arrived at before the then Labour Minister between the Management of the Travancore Sugars and Chemicals Ltd., and their workers on the closing of the Nagercoil Distillery and the consequent discharge of the workers; and

(*b*) what was the total amount of compensation paid to the discharged workers?

Minister for Finance and civil supplies (**Shri Panampilli Govinda Menon**) **:**

(*a*) Yes! The settlement was arrived at before the then Labour Minister between the Management of the Travancore Sugars and Chemicals Ltd., and their workers on the closing of the Nagercoil Distillery and the consequent discharge of the workers.

(*b*) The total amount of compensation paid to the discharged workers was Rs. 63,633.

Shri T. S. Ramaswami : May I know the number of workers benefited by this?

Shri Panampilli Govinda Menon : It is not seen from the records. I only see from the records that there was a tripartite conference and a settlement. The settlement has been implemented.

Shri T. S. Ramaswami : What is the principle followed in respect of this compensation?

Shri Panampilli Govinda Menon : I do not know. It is not an action taken by the Government. In a tripartite conference, the parties agreed that this shall be the compensation. And this happened long ago.

Shri T. S. Ramaswami : Who was the Labour Minister then ?

Shri Panampilli Govinda Menon : I do not remember. The settlement was in the month of May 1951. I do not remember who was the Labour Minister.

Shri T. S. Ramaswami : May I know whether the Government will be pleased to take this as an example for paying compensation to the discharged workers?

Shri Panampilli Govinda Menon : I do not know whether this is a good example. If this is good, it will be followed.

ശ്രീ. ഏ. കുഞ്ഞൻ നാടാർ: നാഗർകോവിൽ ഡിസ്റ്റിലറിയിൽ നിന്നും ജോലിയില്ലാതെ പിരിച്ചുവിടപ്പെട്ട തൊഴിലാളികൾക്കു് പുതിയ ഡിസ്റ്റിലറിയിൽ ജോലി കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അതിനു നോട്ടീസ് വേണം.

പ്രൈവററ് സെക്കണ്ടറിസ്കൂൾ പദ്ധതി.

*൨൨൪. [൧൦] ശ്രീ. ടി. ഏ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവററ്സെക്കണ്ടറിസ്കൂൾ പദ്ധതി ഗവണ്മെൻറ് അംഗീകരിച്ചിട്ട് എത്ര കാലമായി;

(ബി) ആ പദ്ധതി ഇതേവരെ നടപ്പിൽ വരുത്താത്തതെന്തുകൊണ്ട്;

(സി) ഈ പദ്ധതിയനുസരിച്ചുള്ള ശമ്പളവും മററും എപ്പോൾ നടപ്പിൽവരുത്താമെന്നാണ ഗവണ്മെൻറ് പ്രതീക്ഷിക്കുന്നതു്?

മുഖ്യമന്ത്രി (ഏ. ജെ. ജാൺ):

(എ) പഴയ പദ്ധതി ൧൯൫൦ മുതല്ക്കും, പരിഷ്കരിച്ച പദ്ധതി ൧-൧൨-൫൧ മുതല്ക്കും അംഗീകരിച്ചു.

(ബി) പദ്ധതി ഭാഗികമായി നടപ്പിൽ വരുത്തിയിട്ടുണ്ട്.

(സി) പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ എടുത്തുവരുന്നു.

ശ്രീ. ടി. ഏ. മജീദ്: പഴയ പദ്ധതിയും പുതിയ പദ്ധതിയുമെന്നു പറയുന്നതെന്താണ്?

ശ്രീ. ഏ. ജെ. ജാൺ: ഈ സംഗതി ഇവിടെ പല പ്രാവശ്യവും ഡിസ്കസ് ചെയ്തിട്ടുള്ളതാണ്. അതായതു് ആദ്യമേ രൂപീകരിച്ച പദ്ധതി പഴയ പദ്ധതി എന്നും, രണ്ടാമതു് ആ പദ്ധതിയിൽ ഏതാനും പരിഷ്കാരങ്ങൾ വരുത്തി രൂപീകരിച്ചിട്ടുള്ള പദ്ധതിക്ക് പുതിയ പദ്ധതി എന്നും പറയുന്നു എന്നുമാത്രമേയുള്ളു. ഇതിവിടെ പലപ്രാവശ്യവും പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ടി. ഏ. മജീദ്: ഈ ഭാഗികമായി നടപ്പിൽ വരുത്തിയിട്ടുണ്ട് എന്നു പറയുന്നതെന്താണ്?

ശ്രീ. ഏ. ജെ. ജാൺ: ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട് എന്നു പറഞ്ഞാൽ ഇപ്പോൾ അവരുടെ സേവനവ്യവസ്ഥകൾക്കുള്ള നടപടികൾ എടുക്കുകയും പിന്നെ അവരുടെ ശമ്പളം ഇന്നതാണെന്നു ക്ലിപ്തപ്പെടുത്തുകയും അതു തൽക്കാലത്തേക്ക് ഓരോ അദ്ധ്യാപകനും കിട്ടേണ്ടതായ മിനിമം ശമ്പളം പ്രൊവിഷണലായി കൊടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പിന്നീട് അദ്ധ്യാപകരുടെ സർവ്വീസ് കണക്കാക്കി അതു് നിശ്ചയിക്കുന്നതിനുള്ള റൂളുകൾ തയാറാക്കി ആയതു് അതനുസരിച്ച് ഓരോ അദ്ധ്യാപകനും കിട്ടേണ്ട ശമ്പളം ഇത്രയാണെന്നു കണക്കാക്കി അവർക്കു ചെല്ലാനുള്ള തുകകൾ എല്ലാം ഒരുമിച്ചു കൊടുക്കുന്നതാണ്.

ശ്രീ. ടി. ഏ. മജീദ്: പുതിയ പദ്ധതി അനുസരിച്ചും ഈ അദ്ധ്യാപകന്മാരുടെ പരാതികൾ പരിഹരിച്ചിട്ടില്ല എന്നറിയാമോ?

ശ്രീ. ഏ. ജെ. ജാൺ: പരിഹരിച്ചിട്ടുണ്ടെന്നറിയാം.

ശ്രീ. ടി. ഏ. മജീദ്: അദ്ധ്യാപകന്മാരുടെ എല്ലാം പരാതികളും പരിഹരിച്ചിട്ടുണ്ടെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജാൺ: കഴിയുന്നിടത്തോളം എല്ലാ പരാതികളും പരിഹരിച്ചിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: ഇപ്പോൾ ശേഷിക്കുന്ന പരാതികൾ ആദ്യം മുതൽ അവർക്കുള്ള പരാതികളാണെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: ആയിരിക്കാം.

ശ്രീ. ഇ. കൃഷ്ണൻ നായർ: അവരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച് പരാതിയുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂടാ.

അദ്ധ്യാപകരുടെ ശമ്പളക്രമം.

* ൨൨൭. [൧൧] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) 'തുല്യജോലിയ്ക്കു തുല്യവേതനം' എന്ന തത്വം വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഗവണ്മെന്റ് സെക്കണ്ടറി സ്കൂളിലെയും പ്രൈവറ്റ് സെക്കണ്ടറിസ്കൂളിലെയും അദ്ധ്യാപകർക്കുള്ള ശമ്പളവും അലവൻസും എത്ര;

(സി) ഈ വ്യത്യാസത്തിനുള്ള കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ട്; സേവനവ്യവസ്ഥകളും തുല്യമാണെങ്കിൽ.

(ബി) (൧) ഗവണ്മെന്റ് സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളം:—ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ൨൨൫ മുതൽ ൨൭൫ വരെ. ഗ്രാഡുവേററ് അദ്ധ്യാപകന്മാർ ൧൭൫—൨൨൫ വരെ. ഫസ്റ്റ്ഗ്രേഡ്-സെക്കൻഡ്ഗ്രേഡ് ൧൨൫— ൧൭൫ വരെ. തേർഡ്ഗ്രേഡ് ൫൦—൧൦൦ വരെ. ഭാഷാദ്ധ്യാപകന്മാർ സീനിയർ ൫൦—൧൦൦ വരെ. ഭാഷാദ്ധ്യാപകന്മാർ ജൂനിയർ ൩൦—൬൦ വരെ. മററദ്ധ്യാപകർ ൩൦—൬൦ വരെ.

(൨) ഗവണ്മെന്റ് സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ അലവൻസ് ൧൭൬ മുതൽ ൩൨൫വരെ ശമ്പളത്തിന്റെ ൨൦ ശതമാനം. ൧൬൧ രൂപാ മുതൽ ൧൭൫ വരെ ൩൫ രൂപാ. ൪൬ രൂപയിൽ കുറയാത്ത ശമ്പളത്തിന് ൩൩ രൂപ. ൨൬-ൽ കുറയാത്ത ശമ്പളത്തിന് ൨൭ രൂപ.

(൩) പ്രൈവററ് സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളം—ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ൧൫൦—൨൦൦ വരെ. ഗ്രാഡുവേററ് അദ്ധ്യാപകർ ൪൫—൧൫൦ വരെ. ഹൈസ്കൂൾ ഭാഷാദ്ധ്യാപകർ ൧൯൫൦-നു മുമ്പ് സർവ്വീസിൽ പ്രവേശിച്ചവർ ൪൫—൭൫ വരെ. ഹൈസ്കൂൾ ഭാഷാദ്ധ്യാപകർ ൧൯൫൦-നുശേഷം സർവ്വീസിൽ പ്രവേശിച്ചവർ ൪൫—൯൦ വരെ. ഗ്രാഡുവേററ് അദ്ധ്യാപകർ (സ്പെഷ്യൽ ടീച്ചേഴ്സ് ഉൾപ്പെടെ) ൩൦—൬൦ വരെ.

(൪) പ്രൈവററ് സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ അലവൻസ് ശമ്പളത്തിന്റെ പതിനഞ്ചു ശതമാനം, എന്നാൽ പതിനഞ്ചു രൂപയിൽ കുറയാൻ പാടില്ല.

(സി) സേവനവ്യവസ്ഥകൾ വ്യക്തമായതുകൊണ്ട്.

ശ്രീ. ടി. എ. മജീദ്: അദ്ധ്യാപകന്മാർ എല്ലാം ചെയ്യുന്ന ജോലി തുല്യമല്ലേ?

ശ്രീ. എ. ജെ. ജാൺ: ജോലി തുല്യമായിരിക്കും.

ശ്രീ. ടി. എ. മജീദ്: ഗവണ്മെന്റ് സ്കൂൾ അദ്ധ്യാപകന്മാർക്ക് പഠിപ്പിക്കുക അല്ലാതെ മററു ജോലികൾ വല്ലതുമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അവർക്ക് ൫൫ വയസ്സുവരെ ജോലിചെയ്യാൻ പാടുള്ളു. അതിനുശേഷം അവർ റിട്ടയർ ചെയ്യണം. പ്രൈവററ് സ്കൂളുകളിൽ അദ്ധ്യാപകർക്ക് ൬൦ വയസ്സുവരെ ജോലിയിലിരിക്കാം. അവക്കു പ്രാവിഡന്റഫണ്ട് (മാനേജ്മെന്റും ഗവണ്മെന്റും അദ്ധ്യാപകനും) കൂടി ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർ മിക്കവാറും സ്വദേശങ്ങളിൽ ജോലി ചെയ്യാൻ സാധിക്കുന്നവരാണ്.

ശ്രീ. ടി. എ. മജീദ്: ഈ അലവൻസ് എന്നു പറയുന്നത് വിലക്കൂടുതൽ അലവൻസ് അല്ലേ?

ശ്രീ. എ. ജെ. ജാൺ: ഡീയർനസ് അലവൻസ് എന്നാണു പറയുന്നത്.

ശ്രീ. ടി. എ. മജീദ്: അങ്ങനെയാണെങ്കിൽ പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർക്ക് സാമാനങ്ങൾക്കു വില കുറച്ചുകൊടുത്താൽ മതിയെന്നാണോ പറയുന്നത്?

ശ്രീ. എ. ജെ. ജാൺ: കുറച്ചു സാമാനം വാങ്ങിയാൽ കുറച്ചു വില കൊടുത്താൽ മതി.

ശ്രീ. ടി. എ. മജീദ്: ഈ അലവൻസ് നിശ്ചയിക്കുന്നതിൽ എന്തു മാനദണ്ഡമാണ് സ്വീകരിച്ചിരിക്കുന്നത്.

ശ്രീ. എ. ജെ. ജാൺ: ഒരു മാനദണ്ഡം വച്ചു എന്നേയുള്ളു.

ശ്രീ. ടി. എ. മജീദ്: സാമാനങ്ങൾക്ക് വിലക്കൂടുതൽ ഉള്ളതു കൊണ്ടല്ലേ ഡീയർനസ് അലവൻസ് വച്ചിരിക്കുന്നത്?

ശ്രീ. എ. ജെ. ജാൺ: അദ്ധ്യാപകരുടെ സേവനവ്യവസ്ഥകൾ വ്യത്യസ്തമായിരിക്കുന്നതുകൊണ്ടാണ് വ്യത്യസ്തമായ അലവൻസും നിശ്ചയിച്ചിരിക്കുന്നത്.

Shri P. S. Nataraja Pillai: May I know whether the Government will be pleased to consider the feasibility of granting a running scale for the graduate entrants in Government service?

Shri A. J. John: I don't think it is possible for the time being on account of financial commitments already incurred. It may not be possible to consider the question at present.

ശ്രീ. പി. ചാക്കോ: പ്രാവിഡന്റഫണ്ട് നിരക്കു എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: ശരിയാണെന്നാണു എന്റെ ഓർമ്മ. അതു മി. ചാക്കോയ്ക്കുതന്നെ അറിവുള്ളതാണല്ലോ.

ശ്രീ. പി. ചാക്കോ: പദ്ധതിയനുസരിച്ചു് ൯ സ. എന്നു നിശ്ചയിച്ചിട്ടു ൩ പൈസ വീതമാണു എടുക്കുന്നതെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയാണെങ്കിൽ അതേപ്പററി അന്വേഷിക്കാം.

ശ്രീ. അമ്പാട്ടു ഈശ്വര മേനോൻ: കമ്മേഴ്സ്യൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളപരിഷ്കരണത്തെപ്പററി നടപടിയെടുക്കുവാൻ ഭാവമുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: അതേപ്പററി ഗവണ്മെൻറാലോചിക്കാം.

ശ്രീ. ഇ. കൃഷ്ണൻ നായർ: പല സ്കൂളുകളിലും ഈ പുതിയ പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെയുണ്ടെങ്കിൽ അതേപ്പററി അന്വേഷിച്ചു് വേണ്ടതു ചെയ്യും.

ശ്രീ. കെ. ജെ. തോമസ്: ഗവണ്മെൻറ് ഫിക്സ് ചെയ്തിരിക്കുന്ന തുക അദ്ധ്യാപകന്മാർക്ക് കൊടുക്കാതിരിക്കുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ ഫിക്സ് ചെയ്ത തുക കൊടുക്കാമെന്നാണു സമ്മതിച്ചിരിക്കുന്നതു്. അതു കണക്കുനോക്കിവരുമ്പോൾ എത്രെല്ലാം തുക കിട്ടാനുണ്ടോ അതെല്ലാം കൊടുക്കുന്നതാണു്.

Shri T. S. Ramaswami : Was there any change made in the ratio of the number of teachers in the various grades?

Shri A. J. John : No substantial change is made. The existing practice is continued.

Shri T. S. Ramaswami : What is the present ratio?

Shri A. J. John : I think it is 1:2:7.

Shri T. S. Ramaswami : Was not the ratio fixed formerly as 1:2:3?

Shri A. J. John : Yes; afterwards some teachers were taken to the last grade.

Shri T. S. Ramaswami : When was that change made?

Shri A. J. John : I am not in a position to say.

Shri T. S. Ramaswami : What was the reason for the change?

Shri A. J. John : Financial consideration.

Shri T. S. Ramaswami : Are the Government aware that many of the graduate teachers are obstructed from promotions because of the change?

Shri A. J. John : May be. But on this specific condition, they are taken into service.

അദ്ധ്യാപികമാരുടെ പ്രസവാവധി.

✻ ൨൨൩. [൧൨] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗവണ്മെന്റ സെക്കണ്ടറിസ്കൂൾ അദ്ധ്യാപികൾക്ക് നാലുമാസം പ്രസവാവധി അനുവദിക്കുമ്പോൾ, പ്രൈവറ്റ സെക്കണ്ടറിസ്കൂൾ അദ്ധ്യാപികൾക്കു രണ്ടുമാസം മാത്രം പ്രസവാവധി അനുവദിച്ചിരിക്കുന്നതെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): സേവനവ്യവസ്ഥകൾ വ്യത്യസ്തമായതുകൊണ്ടു്.

ശ്രീ. ടി. എ. മജീദ്: അങ്ങനെ വ്യത്യസ്തമായ ഒരു വ്യവസ്ഥ സ്വീകരിച്ചിരിക്കുന്നതു തികച്ചും പരിഹാസ്യമാണെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അതു പരിഹാസ്യമായ ഒരു വ്യവസ്ഥയല്ല. ഇപ്പോൾ അവർക്ക് പകുതിശമ്പളം കൊടുക്കും. മുമ്പ് ഇതും ഇല്ലായിരുന്നു.

ശ്രീ. ടി. എ. മജീദ്: അദ്ധ്യാപികമാരുടെ ഗർഭകാലത്തിനു വ്യത്യാസമില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിയാം. അതുകൊണ്ടുതന്നെയാണ് രണ്ടു മാസം പകുതിശമ്പളത്തോടുകൂടിയുള്ള അവധി ഇതിനു വച്ചിരിക്കുന്നതു്.

ശ്രീ. ടി. എ. മജീദ്: അപ്പോൾ ഈ അദ്ധ്യാപികമാർ കുട്ടികളെക്കൂടി സ്കൂളിൽ കൊണ്ടുപോകണമെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജോൺ: എന്നല്ല. മുമ്പ് അവർക്കു ശമ്പളത്തോടുകൂടെ അവധി ഇല്ലായിരുന്നു. എക്സ്ട്രാ ആർഡിനറി ലീവെടുത്താൽ ശമ്പളം കിട്ടുകയില്ലായിരുന്നു. എന്നാൽ ഇപ്പോൾ പകുതി ശമ്പളത്തിൽ രണ്ടു മാസത്തെ അവധി ലഭിക്കുന്നതാണ്.

ശ്രീ. പി. ചാക്കോ: പ്രൈമറിസ്കൂൾ അദ്ധ്യാപികമാർക്ക് ഒരു മാസംപോലും അവധി അനുവദിക്കുന്നില്ലാ എന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിവില്ല.

ശ്രീ. ഇ. കൃഷ്ണൻ നായർ: പ്രസവകാലാവധി ഇത്രമാത്രം വ്യത്യസ്തമായി തീരുമാനിച്ചിരിക്കുന്ന സ്ഥിതിക്ക് ഈ സേവനവ്യവസ്ഥകൾ ഭേദപ്പെടുത്താൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജോൺ: അതേപ്പററി ആലോചിച്ചിട്ടില്ല. ഈ അടുത്തകാലത്താണ് പകുതിശമ്പളത്തോടുകൂടിയുള്ള അവധി അനുവദിച്ചതു്. ഉടൻതന്നെ ഇതേപ്പററി ആലോചിക്കാൻ ഒക്കുമോ എന്നു കണ്ടറിയേണ്ട സംഗതിയാണ്.

Mr. Speaker : Next question, please.

Shri K. Balakrishna Menon : There is an allied question-question No. 21, on the same subject standing in the name of Mr. Samraj. That may also be allowed to be put next so that we can have a comprehensive answer on the subject.

Mr. Speaker : Let us now proceed with question No. 13.

Community Development Projects.

* 227. [13] **Shri K. Bhanu :** Will the Chief Minister be pleased to state:

(a) what types of organization have been set up in our State for giving effect to the programme of community development projects; and

(b) the nature of work that has already been started in our State ?

Chief Minister **(Shri A. J. John):**

(a) The State organisation for the implementation of the community projects consists of the following:

I. The Headquarters establishment at the State level—Development Commissioner assisted by the Financial Assistant and his staff.

II. The Project establishment at the Project level—Project Executive Officers assisted by the Assistant Project Officers and their staff.

III. The following committees and Advisory Bodies:

(1) The State Development Committee consisting of the Chief Minister, Minister for Finance, Minister for Public Works and the Development Commissioner.

(2) The Advisory Board consisting of the Secretaries to Government concerned with the development schemes.

(3) The Committee of advisers consisting of the principal Heads of Departments concerned with the Development Schemes.

(4) Project Advisory Committees, one for each project, consisting of leading public workers, representative agriculturists, M. L. As., etc.

The first two committees are concerned with the policy and administrative aspects of the Community Project programme. The Committee of Advisers will share in the planning and execution of the programmes, visiting the project areas, inspecting the works and giving guidance, etc. The Project Advisory Committee is for advising the Project Executive Officer about the programme of work to be undertaken.

(b) Distribution of manures, pest control, digging of compost pits, irrigation, supply of improved paddy seeds and soil conservation, livestock improvement; construction of roads and bridges; and supply of drinking water are some of the works undertaken in the projects.

Shri K. Bhanu : May I know whether there is any provision to enlist non-official co-operation in the scheme ?

Shri A. J. John : There is sufficient non-official co-operation in the project scheme.

Mr. Speaker : Let me know whether the House is agreeable to get the answer to question No. 21 just now, because somebody else may say that his question may be reached and so on.

The House did not agree to take up question No. 21 immediately.

Mr. Speaker : I will proceed in the order. Question No. 14 please.

Awarding prices to producers of paddy.

❋ 228. [14] **Shri R. Kesava Pillai :** Will the Minister for Agriculture be pleased to state, whether any scheme for awarding prizes to producers of the largest quantity of paddy per acre or any other measurement has been introduced for encouraging cultivators to grow more food by the pursuit of scientific cultivation ?

Chief Minister **(Shri A. J. John) :** Yes.

ശ്രീ. ആർ. കേശവപിള്ള: അങ്ങനെ സമ്മാനം കൊടുത്തിട്ടുള്ളവരുടെ പേരുവിവരം പറയാമോ?

ശ്രീ. എ. ജെ. ജാൺ : അവരുടെ പേരുവിവരം എന്റെ കൈവശം ഇല്ല. ഓരോ താലൂക്കിലും ൨൦൦ രൂപായും ഓരോ ഡിസ്ട്രിക്റ്റിലും ൨൫൦ രൂപായും ആണ് സമ്മാനമായി കൊടുത്തിട്ടുള്ളത്.

ശ്രീ. ആർ. കേശവപിള്ള: ഓരോ ഡിസ്ട്രിക്റ്റിലും ഇതുപോലെ സമ്മാനങ്ങൾ കൊടുക്കാറുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ട്.

ശ്രീ. ആർ. കേശവപിള്ള: തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ എത്ര പേർക്ക് സമ്മാനങ്ങൾ കൊടുത്തു?

ശ്രീ. എ. ജെ. ജാൺ: ആർക്കെല്ലാം കൊടുത്തു എന്നറിഞ്ഞുകൂടാ.

ശ്രീ. ആർ. കേശവപിള്ള: ഒരേക്കറിൽ കൂടുതൽ വിളവായി എത്ര പറ നെല്ല് വിളയിച്ചിട്ടുണ്ട്?

ശ്രീ. എ. ജെ. ജാൺ: അയ്യായിരം റാത്തൽ മുതൽ ആറായിരം റാത്തൽവരെ വിളഞ്ഞിട്ടുണ്ട്.

ശ്രീ. ആർ. കേശവപിള്ള: ഇതിലേക്ക നിലം ഉടമസ്ഥന്മാർക്ക് എന്തെങ്കിലും സഹായധനം നൽകുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: സഹായധനം ഒന്നും നൽകുന്നില്ല. എന്നാൽ ഡിപ്പാർട്ടുമെന്റിൽ നിന്നും വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുന്നുണ്ട്.

ശ്രീ. ആർ. കേശവപിള്ള: വിളവു പരിശോധിക്കാൻ പോയ ഉദ്യോഗസ്ഥന്മാർക്ക് അലവൻസു കൊടുത്തില്ലെന്നു പരാതി ഉണ്ടായിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ പരാതിയുള്ളതായി അറിയുന്നില്ല.

ശ്രീ. കെ. ഭാനു: അഖിലേൻഡ്യാ അടിസ്ഥാനത്തിൽ ആർക്കെങ്കിലും സമ്മാനം കിട്ടിയിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: കിട്ടീട്ടുള്ളതായി അറിവില്ല.

ശ്രീ. ഇ. കൃഷ്ണൻ നായർ: ഗവണ്മെൻറിന് വിളവു വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സ്കീം ഉണ്ടെന്നു നാട്ടിലുള്ള ആളുകൾക്ക് അറിഞ്ഞുകൂടെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: ഇവിടെ സന്നിഹിതരായിരിക്കുന്ന നിയമസഭാമെംബറന്മാർ അവരവരുടെ നിയോജകമണ്ഡലത്തിലുള്ളവരോട് ഇപ്രകാരമുള്ള ഒരു സ്കീം ഉണ്ടെന്നു പറഞ്ഞു മനസ്സിലാക്കുന്നതു വളരെ പ്രയോജനകരമായിരിക്കും.

ശ്രീ. ഇ. കൃഷ്ണൻ നായർ: നിയമസഭാമെംബറന്മാർ നാട്ടിൻപുറത്തുള്ളവരുടെ അടുക്കൽ ചെന്നു പ്രചരണം നടത്തണമെന്നുള്ളതാണോ ആ സ്കീം?

ശ്രീ. എ. ജെ. ജാൺ: സ്കീം പലതും ഉണ്ട്. എന്നാൽ നിയമസഭാമെംബറന്മാർകൂടി നാട്ടിൻപുറത്തു ചെന്ന് പ്രചരണം നടത്തുന്നതു നന്നായിരിക്കും.

ശ്രീ. കെ. കരുണാകരൻ: ഇങ്ങനെയുള്ള കാര്യങ്ങൾ പൊതുജനങ്ങളെ പറഞ്ഞു മനസിലാക്കി ജനങ്ങളെക്കൊണ്ടു വേണ്ടതു പ്രവർത്തിപ്പിക്കേണ്ടതു നിയമസഭാമെംബറന്മാരുടെ ചുമതലയല്ലയോ?

ശ്രീ. എ. ജെ. ജാൺ: അതെ.

തിരുവനന്തപുരം 'സംസ്കൃതകാളേജ്'.

* ൨൨൩. [൧൭] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവനന്തപുരം സംസ്കൃതകാളേജ് യൂണിവേഴ്സിററി കാളേജിൽ ലയിപ്പിക്കുവാൻ എന്തെങ്കിലും ആലോചന നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്ങനെയൊരാലോചനയ്ക്കു പ്രേരകമായിത്തീർന്ന പരിഗണനകൾ എന്തെല്ലാമാണ്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

<u>ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി:</u> അതിനെക്കുറിച്ചു പത്രപ്രസ്താവനകൾ ഉണ്ടായിട്ടില്ലേ?

Mr. Speaker : You may put the question independently of newspapers, for no question should be based on newspaper reports.

<u>ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി:</u> സംസ്കൃത കാളേജുകൂടി യൂണിവേഴ്സിററി കാളേജിലേക്കു ലയിക്കുകയാണെന്നുള്ളതിനെക്കുറിച്ചു യൂണിവേഴ്സിററിയുടെ അഭിപ്രായം എന്തെങ്കിലും ഗവണ്മെൻറിനു കിട്ടീട്ടുണ്ടോ?

<u>ശ്രീ. എ. ജെ. ജാൺ:</u> ഇപ്പോൾ അതിനെക്കുറിച്ച് യാതൊരു ആലോചനയും ഇല്ല.

<u>ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി:</u> യൂണിവേഴ്സിററി കാളേജിലേക്കു ലയിപ്പിക്കരുതെന്നു പറഞ്ഞു ശ്രീ. കമ്പളത്തു ശംകുപ്പിള്ള എന്നു പറയുന്ന ആൾ പത്രത്തിലെഴുതിയിരുന്നതു ഗവണ്മെൻറു കണ്ടിട്ടുണ്ടോ?

Mr. Speaker : Nobody can guarantee that report.

Failure of crop.

* 230. [20] **Shri A. Kunjan Nadar :** Will the Chief Minister be pleased to state:

(*a*) whether the Government have done any relief work in South Travancore to relieve the ryots from the failure of the last Kanni crop; and

(*b*) if so, what is the nature and extent of work done?

Chief Minister **(Shri A. J. John):**

(*a*) Yes;

(*b*) Arrangements were made for the remission of water cess, remission of procurement levy, sale of manure at subsidized rates, issue of ration cards to labourers receiving wages in kind and to agriculturists who got no paddy owing to drought and execution of public works for providing work to the agricultural labour population. A remission of nearly 3,70,000 paras of paddy in the levy fixed was given in the entire area.

Mr. Speaker : This question has been discussed at length. So have you any more supplementary questions?

<u>ശ്രീ. എ. കുഞ്ഞൻനാടാർ:</u> അവിടെ എത്ര ഏക്കർ ഭൂമിക്കു വെള്ളക്കരം ഇളവുചെയ്തു കൊടുത്തിട്ടുണ്ട്?

<u>ശ്രീ. എ. ജെ. ജാൺ:</u> അതെപ്പററി അന്വേഷിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. റിപ്പോർട്ടു വന്നതിനു ശേഷമേ പറയുവാൻ നിവൃത്തിയുള്ളു.

ശ്രീ. ടി. എസ്സ്. രാമസ്വാമി: വെള്ളക്കരം ഇതിനുമുമ്പുതന്നെ ഇളവുചെയ്തു കൊടുത്തിട്ടുള്ളതല്ലേ?

Mr. Speaker: It has been stated that Government have ordered remission of water cess. To what extent of acreage that concession is to be given, that is being enquired into. The answer was given in this manner.

ശ്രീ. ടി. എസ്സ്. രാമസ്വാമി: സർ, അതു എട്ടുമാസത്തിനുമുമ്പ് ഇളവുചെയ്തുകൊടുത്തിട്ടുള്ളതാണ്.

Mr. Speaker: As a principle Government sanctioned relief in the matter of water cess. That alone has been done.

ശ്രീ. ടി. എസ്സ്. രാമസ്വാമി: ആ ഉത്തരവ് ഒന്നു മേശപ്പുറത്തു വയ്ക്കാമോ?

ശ്രീ. എ. ജെ. ജാൺ: അതിന്റെ കാപ്പി എന്റെ കൈവശം ഇല്ല.

ശ്രീ. ടി. എസ്സ്. രാമസ്വാമി: ആ ഉത്തരവ് ഏതെല്ലാം സ്ഥലങ്ങളെ ബാധിക്കുമെന്നു ഞങ്ങൾക്കറിയാൻ കഴിഞ്ഞില്ല.

ശ്രീ. എ. ജെ. ജാൺ: തെക്കൻതിരുവിതാംകൂറിനെ ബാധിക്കുന്നതാണ്.

ശ്രീ. ടി. എസ്സ്. രാമസ്വാമി: തെക്കൻതിരുവിതാംകൂറിലെ ഏതെല്ലാം പകുതികളെയാണ് അതു ബാധിക്കുന്നതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

Community Project.

*231. [21] **Shri A. Samraj:** Will the Chief Minister be pleased to state:

(a) the amount spent up till now for the various Community Projects in the State;

(b) what improvements in agriculture and industry are made in these regions;

(c) whether any new Community Project for fishermen are going to be started; and

(d) if so, what are the details?

Chief Minister **(Shri A. J. John):**

(a) Rs. 96,652-12-1

(b) The following measures have been adopted to effect improvement in agriculture, distribution of improved paddy seeds, manures and fertilizers to the ryots,

pest control, popularisation of compost pits, lift irrigation, improvements of tanks, soil conservation. Steps for the development of cottage industries are under way.

(*c*) Yes.

(*d*) The Project aims at bringing about (1) an increase in the return of fishermen's activity (2) efficient distribution of fish products (3) improvement of the health and sanitary conditions of the fishing population and (4) a higher standard of living for the community in the project area.

ஸ்ரீ. ஏ. ஸாம்ராஜ்: வித்து (பேடி ஸீட்ஸ்) தோவாளை-அகஸ்தீஸ்வரம் தாலுகாக்களில் எவ்வளவு கொடுக்கப்பட்டிருக்கிறது என்று சொல்லலாமா?

ശ്രീ. എ. ജെ. ജാൺ: വിത്തു കൊടുത്തതായി കാണുന്നില്ല. ൧൨ ടൺ വളം കൊടുത്തിട്ടുള്ളതായി കാണുന്നു.

ஸ்ரீ. ஏ. ஸாம்ராஜ்: காட்டேஜ் இன்டஸ்ட்ரிக்காக எவ்வளவு செலவு செய்யப்பட்டிருக்கிறது?

ശ്രീ. എ. ജെ. ജാൺ: അതിനുള്ള നടപടികൾ എടുത്തുവരുന്നതേ ഉള്ളൂ.

ശ്രീ. എ. കുഞ്ഞൻ നാടാർ: തൊണ്ണൂറായിരം രൂപാ ചെലവാക്കിയെന്നു പറഞ്ഞിട്ടുണ്ട്. അതു സ്കീമിനു വേണ്ടിയും ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനു വേണ്ടിയും ചെലവാക്കിയ മൊത്തം ചെലവാണോ?

ശ്രീ. എ. ജെ. ജാൺ: മൊത്തം ചെലവായ തുകയാണ്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഇതു സംബന്ധിച്ചുള്ള ജോലികൾക്ക് ഇത്ര കാലതാമസം വരുന്നതു് റെഡ്ടേപ്പിസം കൊണ്ടാണോ?

ശ്രീ. എ. ജെ. ജാൺ: റെഡ്ടേപ്പിസം ഒന്നും ഉണ്ടാകുകയില്ല. ഇതു സംബന്ധിച്ചുള്ള ജോലികൾ വളരെ വേഗത്തിൽ ചെയ്തുതീർക്കണമെന്നു ഗവണ്മെന്റ നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. എ. കുഞ്ഞൻ നാടാർ: സാംക്ഷൻ സമയത്തിനു കിട്ടുന്നില്ലെന്നു പരാതിയുണ്ടായിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ബഡ്ജററ സെൻട്രൽ ഗവണ്മെന്റിനയച്ചിരുന്നു. ബഡ്ജററ സാംക്ഷൻ ചെയ്തു വരുന്നതിനു കുറച്ചു കാലതാമസം വന്നു. ഇപ്പോൾ സാംക്ഷൻ കൊടുക്കുവാൻ യാതൊരു കാലതാമസവും വരുത്തുന്നില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: ൫൦൦ രൂപയുടെയും ൧൦൦ രൂപയുടെയും മററും വേലകൾ നടക്കുന്നതിനു ബഡ്ജററ് അനുവാദത്തിന്റെ ആവശ്യമെന്താണ്?

Mr. Speaker: Without the allotment of money how could the work be carried out ?

Shri A. Kunjan Nadar: In the budget lump sum allotments are included for different items. Hence the question.

ശ്രീ. എ. ജെ. ജാൺ: ബഡ്ജററ്സാംങ്ഷൻ ചെയ്യാതെ ൧൦൦ രൂപ പോലും അനുവദിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: ഇതിലേക്കുള്ള അഡ്മിനിസ്ട്രേററീവ് സാംങ്ഷൻ കൊടുക്കേണ്ടതാരാണ്? ടെക്നിക്കൽസാംങ്ഷൻ കൊടുക്കേണ്ടതാരാണ്?

ശ്രീ. എ. ജെ. ജാൺ: അഡ്മിനിസ്ട്രേററീവ് സാംങ്ഷൻ കൊടുക്കേണ്ടതു് അതു് കൈകാര്യം ചെയ്യുന്ന മിനിസ്റററും ഡവലപ്പ്മെൻറ് കമ്മീഷണരും ടെക്നിക്കൽ സാംങ്ഷൻ കൊടുക്കേണ്ടതു് അതിലേക്കുള്ള പ്രത്യേകം പ്രത്യേകം എക്സ്പേർട്ടുകളും ആണ്.

SHORT NOTICE QUESTION.

Shri C. C. Ayyappan: Sir, I am authorized to put the question standing in the name of Shri Achyutha Menon.

Mr. Speaker: Yes.

ഡിറെറൻഷൻ.

*൧. [൧] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ഗേൾസ് ഹൈസ്കൂളിൽ ഈ വർഷത്തിൽ എസ്സ്. എസ്സ്. എൽ. സി. പരീക്ഷയ്ക്കു ഏഴു വിദ്യാർത്ഥിനികളെ അനർഹമായി ഡിറെറയിൻ ചെയ്തുവെന്ന ഒരു പരാതി ഡയറക്ടർക്ക് ലഭിക്കുകയുണ്ടായോ;

(ബി) അതെ സംബന്ധിച്ചു അന്വേഷണം നടത്തി എന്തു നടപടി സ്വീകരിച്ചു;

(സി) ആ വിദ്യാർത്ഥിനികൾക്കു മാത്രമായി ഒരു പ്രത്യേക പരീക്ഷ നടത്തി അവരെ വീണ്ടും ഡിറെറയിൻ ചെയ്യുകയുണ്ടായോ;

(ഡി) സെലക്ഷൻ പരീക്ഷയും ഡിറെറൻഷനും ഒരു നയമായി ഗവൺമെൻറ് സ്വീകരിക്കാതിരിക്കെ, ഈ ഒരു പ്രത്യേക സ്കൂളിൽ മാത്രം ഏഴു വിദ്യാർത്ഥിനികളുടെ പേരിൽ ഇത്തരമൊരു നടപടിക്രമം അംഗീകരിക്കാൻ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ടു്.

(ബി) ഈ വിദ്യാർത്ഥിനികൾക്കുവേണ്ടി വീണ്ടും പരീക്ഷ നടത്തി പാസാകുന്നവരെ തിരഞ്ഞെടുക്കാൻ ഹെഡ്മിസ്ട്രസിനു ഉത്തരവു കൊടുത്തു.

(സി) രണ്ടാമത്തെ പരീക്ഷയിലും തോററതുകൊണ്ടു് ഡിറെറയിൻ ചെയ്തു.

(ഡി) കുട്ടികളുടെ പഠിത്തത്തിലുള്ള പുരോഗതിയും സ്വഭാവവും പരിഗണിച്ചു പരീക്ഷയ്ക്കു അയയ്ക്കുന്നതാണു് നയം. ഇതിനു വിരുദ്ധമായി ഈ സ്കൂളിലും ഒന്നും ചെയ്തിട്ടില്ല.

ശ്രീ. സി. സി. അയ്യപ്പൻ: സ്കൂൾഫൈനൽ ക്ലാസിൽ സാധാരണ ഡിററൻഷൻചെയ്ക പതിവുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: അവരുടെ കാണ്ടക്ററും പ്രോഗ്രസും അനുസരിച്ചാണു് അവരെ പരീക്ഷയ്ക്കു അയയ്ക്കുന്നതു്.

ശ്രീ. സി. സി. അയ്യപ്പൻ: മറെറവിടെയെങ്കിലും ഡിററൻഷൻ ചെയ്യുന്നുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: അതേപററി എനിക്കു നല്ല നിശ്ചയമില്ല. ഏതായാലും അങ്ങനെ ചെയ്യുവാൻ ഹെഡ്മാസ്റ്റർമാക്കു് അധികാരമുണ്ടു്.

ശ്രീ. സി. സി. അയ്യപ്പൻ: പരീക്ഷക്കയയക്കുന്ന കുട്ടികളുടെ ലിസ്റ്റിൽ ഇവരുടെ പേരുകൾ ഉൾപ്പെടുത്തിയിരുന്നു എന്നും എന്നാൽ ഫീസടച്ചിട്ടില്ല എന്ന കാരണത്താലാണു് അവരെ ഡിറെറയിൻ ചെയ്തതെന്നും അറിയാമോ?

ശ്രീ. ഏ. ജെ. ജാൺ: ആ അറിവു് ശരിയല്ല. അവർ ഇതിലേക്കു പ്രത്യേകം നടത്തിയ പരീക്ഷയിൽ തോററു. അതേസംബന്ധിച്ചു് പരാതികൾ ഉണ്ടായപ്പോൾ ഇവരെ ഡിററയിൻ ചെയ്യേണ്ടതാണെന്നും എന്നാൽ വീണ്ടും ഒരു പരീക്ഷ ഏർപ്പെടുത്തി അതിൽ ജയിക്കുന്ന പക്ഷം അവരെ പരീക്ഷക്കയയക്കുന്നതിൽ വിരോധമില്ലെന്നും ഡയറക്ററർ അഭിപ്രായപ്പെട്ടു. രണ്ടാമത്തെ പരീക്ഷയിലും അവർ തോൽക്കുകയാണു് ചെയ്തതു്.

ശ്രീ. സി. സി. അയ്യപ്പൻ: ഏതു മാനദണ്ഡം അനുസരിച്ചാണു് കുട്ടികളെ ഡിറെറയിൻ ചെയ്യുന്നതു്?

ശ്രീ. ഏ. ജെ. ജാൺ: അവരുടെ കാണ്ടക്ററും പ്രോഗ്രസും അനുസരിച്ചാണു്.

ശ്രീ. സി. സി. അയ്യപ്പൻ: ഈ വിദ്യാർത്ഥിനികളുടെ കാണ്ടക്ററ മോശമാണെന്നു വല്ല റിക്കാർഡും ഉണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: അതേപററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. സി. അയ്യപ്പൻ: ഈ സ്കൂളിൽ ഇതിനുമുമ്പു് വേറെ ഏതെങ്കിലും കുട്ടികളെ ഡിറെറയിൻ ചെയ്തിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: നിശ്ചയമില്ല.

WRITTEN ANSWERS.

കയർസഹകരണപ്രസ്ഥാനം.

*൨൩൨. [൨൨] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ കാണുന്ന ചോദ്യത്തിനു ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

സഹകരണാടിസ്ഥാനത്തിൽ കയർവ്യവസായം പുനരുദ്ധരിക്കുവാനുള്ള പരിപാടി ഗവണ്മെന്റുപേക്ഷിച്ചിരിക്കയാണോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

അല്ല.

Anglo Indians.

*233 [23] **Shri A. A. D. Luiz:** Will the Chief Minister be pleased to state the exact number of Anglo Indians entertained in Government service during 1950-51 and 1951-52?

Chief Minister **(Shri A. J. John:)**

1950-51	..	One
19 51-52	..	Nil

Anglo-Indians.

*234 [24] **Shri A. A. D. Luiz:**

Will the Chief Minister be pleased to state whether the Anglo Indians are considered by the Government as a distinct minority for the purposes of recruitment to Government service?

Chief Minister **(Shri A. J. John:)** No.

Handloom Weaving Factories.

*235 [26] **Shri C. Sankar:** Will the Minister for Industries & Commerce be pleased to state:

(*a*) Whether any handloom weaving factories have been given financial aid by the State Government;

(*b*) If so, the names of such Factories; and

(*c*) If not, will the Government take steps to aid such factories by advancing loans without interest?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(*a*) No.

(*b*) This question does not arise.

(*c*) This will be considered when such factories apply for loans according to the provisions of the Travancore-Cochin State Aid to Industries Act.

Arrest of Shri K. P. Prabhakaran M. L. A.

*236. [29] **Shri P. V. Avira Tharakan:** Will the Minister for Home Affairs be pleased to state:

(*a*) whether it is a fact that Mr. K. P. Prabhakaran, M. L. A., and some others who were arrested in January 1953 were not given food while they were in the custody of the Police at Trichur;

(*b*) whether the Government have noticed a statement issued by Mr. Prabhakaran about this?

Minister for Home Affairs **(Shri T. M. Varghese):**

(*a*) No.

(*b*) Yes.

Reserve Bank

*237. [30] **Shri P. V. Avira Tharakan:** Will the Minister for Finance be pleased to state:

(*a*) Whether the Government be pleased to place a copy of the agreement made between this Government and the Reserve Bank on 30th June 1952; and

(*b*) What is the advantage by the establishment of the currency chests of the Reserve Bank in the four district treasuries of the State?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(*a*) A copy of the agreement is placed on the table. (Placed in the Library.)

(*b*) *For Government* :

The currency chests serve to secure for Government an effective utilisation of their available resources and bring about considerable savings in remittance charges.

For banks and Public :

They provide remittance facilities to banks and the public at reasonable rates.

They enable treasuries to issue rupee coins in exchange for notes and notes in exchange for coin or to supply notes of lower denominations for those of higher denominations and vice versa.

They also enable treasuries to maintain purity of note circulation in as much as the availability of large stocks of new notes in the chests makes it possible for old and soiled notes to be withdrawn and replaced by fresh notes.

സംയോജനം.

*൨൩൮. [൩൩] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ആഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം സെൻട്രൽ പ്രിസണും വിയ്യൂർ സെൻട്രൽ ജയിലും തമ്മിലുള്ള സംയോജനം കഴിഞ്ഞോ;

(ബി) രണ്ടു ജയിലുകളിലും ഒരേതരത്തിലുള്ള നിയമങ്ങളാണോ ഇന്നു് നിലവിലുള്ളതു്;

(സി) തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ മൂന്നിൽ രണ്ടു ഭാഗം ശിക്ഷ അനുഭവിച്ചുകഴിഞ്ഞ തടവുകാരെ വിട്ടയയ്ക്കാൻ വ്യവസ്ഥയില്ലേ;

(ഡി) വിയ്യൂർ സെൻട്രൽജയിലിൽ ആ വ്യവസ്ഥ നടപ്പാക്കിയിട്ടുണ്ടോ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വറുഗീസ്):

(എ) തിരുവനന്തപുരം സെൻട്രൽ പ്രിസണും വിയ്യൂർ സെൻട്രൽ ജയിലും തമ്മിലുള്ള സംയോജനം നടന്നിട്ടില്ല.

(ബി) അല്ല. വിയ്യൂർജയിലിൽ കൊച്ചിൻ ജയിൽറൂൾസും, സെൻട്രൽപ്രിസനിൽ സെൻട്രൽ പ്രിസൺ റൂൾസും നിലവിലിരിക്കുന്നു.

(സി) ഉണ്ടു്.

(ഡി ഇല്ല.

Wholesale Depots.

*239. [34] **Shri O. C. Ninan:** Will the Minister for Finance and Civil Supplies be pleased to state:

(*a*) how many wholesale depots are run by the Government;

(*b*) does the Government get any profit out of them;

(c) is it the policy of the Government to run all the wholesale depots; and

(d) what is the number of wholesale depots run by private agencies and at what all places?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(a) 19 wholesale Depots (exclusive of sub depots) are run by Government in 18 taluks of the State.

(b) Yes.

(c) Yes.

(d) 127.

Agastheeswaram.	2
Kalkulam.	4
Vilavancode.	9
Neyyattinkara.	10
Nedumangad.	8
Kottarakkara.	8
Pathanapuram.	6
Shencottah.	1
Kunnathoor.	4
Pathanamthitta.	11
Vaikom.	16
Meenachil.	29
Muvattupuzha.	6
Thodupuzha.	5
Devicolam.	2
Peermade.	6
	127

Prosecuting Inspectors.

*240 [35] **Shri O. C. Ninan:** Will the Minister for Home Affairs be pleased to state:

(a) how many prosecuting Inspectors are there in this State;

(b) what is the minimum qualification fixed for that post;

(c) what is the scale of pay for the same ;

(d) is it a fact that there is a lot of delay for cases owing to the fact that there are not sufficient number of Prosecuting Inspectors ;

(e) is it a fact that ordinary police Inspectors have to conduct crminal cases in courts ;

(f) are head constables allowed to conduct criminal cases ; and

(g) are they doing it now.

Minister for Home Affairs **(Shri T. M. Varghese) :**

(a) 16.

(b) The minimum qualification fixed for the post of Prosecuting Sub-Inspectors of Police is graduation in law.

(c) Rs. 125-5-150.

(d) Government are not aware of this .

(e) Yes, to a limited extent.

(f) Yes, in certain cases of simple nature.

(g) Yes.

Cess for Lift Irrigation.

*241. [36] **Shri O. C. Ninan :** Will the Chief Minister be pleased to state :-

(a) is the Government levying any cess for lands which had the benefit for lift irrigation ;

(b) what is the amount of cess levied for one acre ;

(c) are the lands bensfited under the G.M.F. also included in the levy ;

(d) are there any lands which are benefited by the lift irrigation whether under the G.M.F. or otherwise which are exempted from the levy of cess ;

(e) what is the amount of cess realised in 1952 under this head ; and

(f) what is the amount which remains to be realised ?

Chief Minister **(Shri A. J. John) :**

(a) Yes.

(b) Rs. 25.

(c) Yes.

(d) No.

(e) Rs. 58,883—4—5.

(f) Rs. 92,258—15—6.

കശുവണ്ടിവ്യവസായം.

*൨൪൨. [൩൮] **ശ്രീ. കെ. കെ. കുമാരപിള്ള:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടിവ്യവസായത്തിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന വ്യവസായമാന്ദ്യത്തിനു എന്താണ് കാരണം;

(ബി) എത്ര കശുവണ്ടിഫാക്ടറികൾ ഈ സ്റ്റേറ്റിലുണ്ട്;

(സി) അതിൽ എത്രയെണ്ണം അടച്ചിട്ടിട്ടുണ്ട്;

(ഡി) ഈ ലോക്കൗട്ടുമൂലം തൊഴിലില്ലാതായിത്തീർന്നിട്ടുള്ള തൊഴിലാളികൾക്ക് എന്തു സഹായം തൊഴിൽ ഉടമകളും ഗവണ്മെന്റും നൽകുന്നുണ്ട്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (**ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ**):

(എ) സാമ്പത്തികവൈഷമ്യവും അസംസ്കൃതസാധനമായ തോട്ടണ്ടിയുടെ അഭാവവുമാണ് കാരണം.

(ബി) ൧൩൯

(സി) ൨൯.

(ഡി) ഫാക്ടറിആക്ട് പ്രകാരമുള്ള ശമ്പളത്തോടുകൂടിയ അവധിയും ബോണസും ഫാക്ടറികൾ അടച്ചിട്ടകാലത്ത് ചില ഫാക്ടറിഉടമകൾ കൊടുത്തിട്ടുണ്ട്. മറ്റുചിലർ പിരിച്ചുവിട്ടതൊഴിലാളികൾക്ക് അവരുടെ മറ്റുഫാക്ടറികളിൽ ജോലികൊടുത്തിട്ടുണ്ട്.

Supply of manure.

*243. [39] **Shri E. Krishnan Nair :** Will the Chief Minister be pleased to state :

(*a*) what arrangement the Government have made for the supply of manure to farmers ; and

(*b*) whether any concession is given to such farmers as are not in a position to purchase manure for ready cash ?

Chief Minister (**Shri A. J. John**) :

(*a*) Government have made arrangements through the Department of Agriculture to purchase different kinds of manures and to stock them in Central depots established by the Department in important centres of the State. From these central depots, manures are supplied to sub-depots and agency depots, 359 in number all over the State. Supply of manure to farmers is being carried out by these sub-depots and agency depots run by the Department, Co-operative Societies, Panchayats and individual agents.

(*b*) Such farmers are allowed to get manures on credit, on crop loan basis, subject to certain rules.

Judiciary.

*244. (40) **Shri M. William** : Will the Minister for Home Affairs be pleased to state :

(*a*) whether the High Court has sent in proposals for the re-organaisation of the Judiciary of the Travancore-Cochin State ;

(*b*) if so, when ; and

(*c*) whether any steps have been taken thereon ?

Minister for Home Affairs (**Shri T. M. Varghese**) :

(*a*) Yes,

(*b*) 1st August 1952,

(*c*) Yes,

ഐ. ഏ. എസ്സിലേക്കുള്ള ഉദ്യോഗങ്ങൾ.

* ൨൪൫. [൪൧] ശ്രീ എ. എൽ. ജേക്കബ്ബ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടിപറയുമോ :

(എ) തിരുവിതാംകൂർ—കൊച്ചിയിലെ ഉദ്യോഗസ്ഥന്മാരിൽനിന്നും പ്രമോഷൻമുഖേന ഐ. ഏ. എസ്സിലേക്ക് എടുക്കപ്പെടേണ്ട ഉദ്യോഗങ്ങൾ എത്ര ;

(ബി) അതിലേക്ക് ആരെഎങ്കിലും തിരഞ്ഞെടുത്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആരെല്ലാം ;

(സി) ഇങ്ങിനെ എടുക്കുന്നവരെപ്പററി ശുപാർശചെയ്യുവാൻ ഈ ഗവണ്മെൻറിന് അധികാരമില്ലേ ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) നാല്.

(ബി) തിരഞ്ഞെടുപ്പു കഴിഞ്ഞിട്ടില്ല. ശ്രീ ജ്ഞാനസുന്ദരമുതലിയാർ (മദ്രാസ് പ. സ. കമ്മീഷൻ മെംബർ) തിരുവിതാംകൂർ—കൊച്ചി പബ്ലിക്ക്സർവ്വീസ് കമ്മീഷൻ ചെയർമാൻ ചീഫ്സെക്രട്ടറി എന്നിവരടങ്ങിയ തിരഞ്ഞെടുപ്പുകമ്മററിയുടെ റിപ്പോർട്ടിന്മേലുള്ള നിർദ്ദേശങ്ങൾ ഇൻഡ്യാഗവണ്മെൻറിന് അയച്ചിരിക്കുകയാണ്.

(സി) ഉണ്ട്.

ഗവണ്മെൻറുപ്രസ്സ് പരിഷ്കാരം.

* ൨൪൬. [൪൨] ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറ് പ്രസ്സ് പരിഷ്കാരത്തിനുവേണ്ടി ൧൯൫൧-൫൨ മുതൽ ഇതുവരെ എത്ര സംഖ്യ അനുവദിച്ചിട്ടുണ്ട് ;

(ബി) ഗവണ്മെൻറിൻെറ അച്ചടിജോലികൾ മുഴുവൻ ഗവണ്മെൻറു പ്രസ്സിൽ നിർവഹിക്കാനുള്ള സൗകര്യസജ്ജീകരണങ്ങൾ പൂർത്തിയായിട്ടുണ്ടോ? ഇല്ലെങ്കിൽ എന്ന് പൂർത്തിയാകുമെന്നു പറയാമോ;

(സി) ഗവണ്മെൻറിൻെറ അച്ചടിവേലകൾ മുഴുവൻ ഗവണ്മെൻറ് പ്രസ്സിൽ നടത്താൻ സാധിക്കുമെന്നു ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഏഴ് ലക്ഷം രൂപ.

(ബി) ഇല്ല. ഏതാണ്ട് രണ്ടുവർഷംകൂടി വേണ്ടിവരും.

(സി) ഉണ്ട്.

ഗവണ്മെൻറ് പ്രസ്സ്.

❋ ൨൪൭. [൪൩] ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗവണ്മെൻറ് പ്രസ്സിൽ വെളിയിൽനിന്നു പല അച്ചടിവേലകളും ഏറെറടുത്തു നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതേസമയം ഗവണ്മെൻറിൻെറ അച്ചടിവേലകൾ പ്രൈവററുപ്രസ്സുകളെ ഏൽപ്പിക്കാനുള്ള കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഗവണ്മെൻറ് ജോലി കുറവുള്ള അവസരത്തിൽ പുറമേനിന്നും കിട്ടുന്ന ജോലി ചെയ്യാറുണ്ട്.

(ബി) വളരെ അധികം ജോലിത്തിരക്കുള്ളപ്പോൾ ചിലജോലികൾ കൃത്യസമയത്തിനു ചെയ്തുതീർക്കുവാൻ ഗവണ്മെൻറുപ്രസ്സിനു സാധിക്കാതെ വരും. ആ സന്ദർഭങ്ങളിൽ ചില ജോലികൾ പ്രൈവററുപ്രസ്സുകളെ ഏൽപ്പിക്കാറുണ്ട്.

Reserve Police.

❋248. (45) **Shri O. C. Ninan:** Will the Minister for Home Affairs be pleased to state;

(*a*) is the Reserve Police a separate unit as regards transfer and promotion;

(*b*) are transfers effected from the reserved force to the regular force and *vice versa*; and

(*c*) after recruitment is it necessary that all police officers are to serve in the reserve force for some time?

Minister for Home Affairs **(Shri T. M. Varghese):**

(*a*) Yes.

(*b*) Yes. When found necessary.

(*c*) All police constables recruited have to serve in the Reserve for some time.

കമ്മ്യൂണിററിപ്രോജക്റ്ററിൻെറ പ്രവൎത്തനങ്ങൾ.

❋ ൨൪൯. [൪൧] ശ്രീ. സി. പി. ശ്രീധരമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കമ്മ്യൂണിററി പ്രോജക്റ്ററിൻെറ കേന്ദ്രങ്ങളിൽ കഴിഞ്ഞ കൊല്ലം എവിടെയെല്ലാം പ്രവൎത്തനം നടത്തിയിട്ടുണ്ട്;

(ബി) കഴിഞ്ഞ (൫൨–൫൩) കൊല്ലം ഓരോ കേന്ദ്രത്തിലും എത്ര രൂപ വീതം ചെലവായിട്ടുണ്ട്;

(സി) ഇതിൽ സ്റ്റേററ ഗവണ്മെൻറ് എന്തു് ചിലവാക്കിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) നെയ്യാററിൻകര—വിളവൻകോട്ട് കമ്മ്യൂണിററിപ്രോജക്റ്ററിൽ മെതുക്കുമ്മൻ പകുതി, അതിയന്നൂർ പകുതി, കുളത്തൂർ, കോട്ടുകാൽ, പെരുങ്കുളം, കൊല്ലങ്കോട്ട്, തിരുപുറം, പാറശ്ശാല, ചെങ്കൽ എന്നീ സ്ഥലങ്ങളിലും. ചാലക്കുടി കുന്നത്തുനാട്ട് പ്രോജക്റ്ററിൽ മേലൂർ, കാരൂർ, വെളിയത്തുനാട്ട്, മററത്തൂർ, പുത്തൻചിറ, ചാലക്കുടി, വെള്ളകര, കൊടകര, മുതലായ സ്ഥലങ്ങളിലും പ്രവൎത്തനം നടത്തിയിട്ടുണ്ട്.

(ബി) ൩൧–൩–൫൩ വരെ നെയ്യാററിൻകര വിളവൻകോട്ട് പ്രോജക്റ്ററിലേയ്ക്കു്. രൂപ ൫൧൫൩൦ അണ ൧൦ കുന്നത്തുനാട്ട് ചാലക്കുടി പ്രോജക്റ്ററിലേക്ക് രൂപ ൪൦൦൪൯ അണ ൧൩ പൈസ ൧൦ ചിലവായിട്ടുണ്ട്.

(സി) നെയ്യാററിൻകര വിളവൻകോട്ട് പ്രോജക്റ്ററിലേയ്ക്കു് രൂപ ൧൯൨൦ അണ ൧ പൈസ ൩൦, കുന്നത്തുനാട്ട് ചാലക്കുടി പ്രോജക്റ്ററിലേക്ക് രൂപ ൧൭൭൭൪ അണ ൧൨൦ സ്റ്റേററ് ഗവണ്മെൻറ് ചെലവാക്കിയിട്ടുണ്ട്.

Community Project Scheme.

❋250. (52) **Shri K. V. Krishnankutty Warrier :** Will the Chief Minister be pleased to state :

(*a*) whether it is a fact that the community project officers at Chalakkudy have expressed their concern about lack of public co-operation in their area for the successful implementation of the schemes ; and

(*b*) is the Chief Minister in a position to assure this House that people in the community project areas are enthusiastically co-operating with the schemes ?

Chief Minister (**Shri A. J. John**) :

(*a*) No.

(*b*) Yes.

Aid to factories.

*251. (53) **Shri K. V. Krishnankutti Warrier :** Will the Chief Minister be pleased to state whether in the Chalakkudi Community Project area, there are any proposals under the project to aid the reopening of the Cashews, matches, potteries and plywood factories already closed down in this area in the course of the last one year ?

Chief Minister **(Shri A. J. John) :** No.

കൃഷിഡിപ്പാർട്ടുമെന്റ്.

* ൨൫൨. [൫൪] ശ്രീ. കുഞ്ഞിത്തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കൃഷിഡിപ്പാർട്ടുമെന്റ് ഒരു മേജർ ഡിപ്പാർട്ടുമെന്റായി ഉയർത്തുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇപ്പോഴത്തെ നിലയിൽ ഈ ഡിപ്പാർട്ടുമെന്റുകൊണ്ട് കാര്യമായ യാതൊരു പ്രയോജനവും രാജ്യത്തിനില്ലെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കൃഷി പ്രാധാന്യമുള്ള സ്ഥലങ്ങളിൽ അഗ്രികൾച്ചറൽ ആഫീസുകൾ സ്ഥാപിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇതിനെപ്പററി ഇപ്പോൾ ആലോചിച്ചിട്ടില്ല.

(ബി) ഇല്ല. ശാസ്ത്രീയമായ വളങ്ങൾ, നല്ലയിനം വിത്തുകൾ എന്നിവയുടെ വിതരണവും, ക്ഷുദ്രപ്രാണികളുടെ നിയന്ത്രണവും മൂലം കട്ടം കൃഷിക്ക് പ്രത്യേകിച്ച് നെൽകൃഷിക്ക് നല്ല അഭിവൃദ്ധി ഉണ്ടായിട്ടുണ്ട്.

(സി) ആലോചിക്കാം.

നെല്ലെടുപ്പ്.

* ൨൫൩. [൫൫] ശ്രീ. കുഞ്ഞിത്തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ എക്കറേജ് അടിസ്ഥാനത്തിൽ എത്ര പറ നെല്ല് ഇക്കഴിഞ്ഞ വിളവെടുപ്പിൽ സംസ്ഥാനത്തേയ്ക്കു് ലഭിച്ചിട്ടുണ്ട്;

(ബി) നെല്ലെടുപ്പു സംബന്ധിച്ചുള്ള ജോലിയിൽ സംസ്ഥാനത്ത് എത്ര പേർ ഉണ്ട്.

(സി) അവക്ക് ആകെ ശമ്പളവും, അലവൻസും വകയിൽ പ്രതിവർഷം എത്ര രൂപ വരുന്നുണ്ട്?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

എ) ൨൪,൬൩,൨൬൮ പറ.

(ബി) ൩൫ നെല്ലെടുപ്പ് തഹസീൽദാർമാരും, ൧൯ നെല്ലെടുപ്പ് അസിസ്റ്റൻറ് പർച്ചേസ് ആൻറ് റേഷനിംഗ് ആഫീസറന്മാരും, ൨൫൦ നെല്ലെടുപ്പ് പ്രവൎത്തികാരന്മാരുമുണ്ട്.

(സി) ഉദ്ദേശം ൪,൦൦,൦൦൦ രൂപ.

പോലീസ് ജീവനക്കാർ.

* ൨൫൪. [൫൭] ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് അഭ്യന്തരകാൎയ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ടുമെൻറു ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എത്ര സ്ഥലങ്ങളിൽ പോലീസ് സ്റ്റാഫിന് വേണ്ട ക്വാർട്ടേഴ്സുകളുണ്ട്?

അഭ്യന്തരകാൎയ്യവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) പോലീസ് ഡിപ്പാർട്ടുമെൻറിലെ ജീവനക്കാരുടെ ശമ്പളനിരക്ക് ൧൯൫൦ ജൂലായി മാസത്തിലാണ് പരിഷ്കരിച്ചത്. ഇനിയും പരിഷ്കരിക്കുന്നതു് ആവശ്യമെന്നു തോന്നുന്നപക്ഷം അതേപ്പററി ആലോചിക്കുന്നതാണ്.

(ബി) പോലീസ് സ്റ്റാഫിന് വേണ്ട ക്വാർട്ടേഴ്സ് ഇപ്പോൾ ൫൦ സ്ഥലങ്ങളിൽ ഉണ്ട്.

പെൻഷൻകാൎക്കു ക്ഷാമബത്ത.

* ൨൫൫. [൫൯] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യത്തിനു ധനകാൎയ്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

കൊച്ചിയിലെ പെൻഷൻകാൎക്ക് കൊടുക്കുന്നതുപോലെ തിരുവിതാംകൂർ പ്രദേശത്തേയും പെൻഷൻകാൎക്കു ക്ഷാമബത്ത കൊടുക്കേണ്ടതിൻെറ ആവശ്യകതയെക്കുറിച്ചു കഴിഞ്ഞ ബഡ്ജററു സമ്മേളനത്തിൽ ഉന്നയിച്ച ചോദ്യത്തിനു മറുപടിപറഞ്ഞതു ഈ പ്രശ്നം ഗവണ്മെൻറിൻെറ ആലോചനയിൽ ഇരിക്കുന്നുവെന്നാണ്. ഈ പ്രശ്നത്തിൽ ഗവണ്മെൻറിൻെറ നിലപാടു വ്യക്തമാക്കുമോ?

ധനകാൎയ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഈ ഘട്ടത്തിൽ കൊച്ചിയിലെ നിരക്കിൽ തിരുവിതാംകൂർ പെൻഷൻകാൎക്കും ക്ഷാമബത്ത കൊടുക്കാൻ നിവൃത്തിയില്ലെന്നു ഗവണ്മെൻറു തീർച്ചയാക്കിയിട്ടുണ്ട്.

പ്ലാൻേറഷൻ ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിററി.

* ൨൫൬. [൬൧] ശ്രീ. കെ. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാൎയ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇവിടെ ഒരു പ്ലാൻറേഷൻ ഇൻഡസ്ട്രിയൽ റിലേഷൻസു കമ്മിററി എന്നാണു് സംഘടിപ്പിച്ചതു്;

(ബി) പ്രസ്തുത കമ്മിററിയിൽ ആകെ എത്ര അംഗങ്ങളാണുള്ളതു്; അവരുടെ പ്രാതിനിദ്ധ്യസ്വഭാവമെങ്ങനെ;

(സി) പ്രസ്തുത കമ്മിററി നാളതുവരെ എത്ര പ്രാവശ്യം കൂടിയിട്ടുണ്ടു്?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൩-൧൨-൧൯൫൨.

(ബി) കമ്മിററിയിൽ ആകെ ൨൦ അംഗങ്ങളാണുള്ളതു്. ഇവരിൽ ൧൦ പേർ മാനേജ്മെൻറുകളുടെ പ്രതിനിധികളും ൧൦ പേർ തൊഴിലാളികളുടെ പ്രതിനിധികളുമാണു്.

(സി) രണ്ടു പ്രാവശ്യം.

UNSTARRED QUESTIONS

ഭക്ഷ്യോൽപ്പാദനം.

൧൧൯. [൧] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യോൽപാദനപദ്ധതികൾക്കായി ൧൯൫൨-ൽ അനുവദിച്ച തുക എത്ര്;

(ബി) തുക കൊടുത്ത ആളുകളുടെ പേരും, മേൽവിലാസവും;

(സി) പദ്ധതികളുടെ വിവരങ്ങൾ?

ഉത്തരം.

(എ) ൧൯൫൨-൫൩ ധനകാര്യവർഷത്തിലേയ്ക്കു് കേന്ദ്ര ഗവണ്മെൻറിൽനിന്നും ൧൨,൩൧,൭൭൫ രൂപ ഗ്രാൻറും, ൫ ലക്ഷം രൂപ വായ്പയും അനുവദിച്ചിട്ടുണ്ടു്.

(ബി) വായ്പത്തുക നൽകപ്പെട്ട ആളുകളുടെ പേരുവിവരത്തിനു് ലിസ്ററു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(സി) വായ്പ അനുവദിച്ചിട്ടുള്ളതു് വളം, കാർഷികോപകരണങ്ങൾ ഇവ വാങ്ങുന്നതിനും, കൃഷിസ്ഥലങ്ങൾ നന്നാക്കുന്നതിനുള്ള ജോലികൾക്കുമാണു്. ഗ്രാൻറു അനുവദിക്കപ്പെട്ടതും, ചെലവു ചെയ്യപ്പെട്ടതുമായ പദ്ധതികൾ താഴെ പറയുന്നവയാണു്.

൧. കരിനിലം കൃഷി.
൨. കിണർ കുഴിപ്പിക്കൽ.
൩. കടും വളം ചേർപ്പു്.
൪. പച്ചിലവളത്തിനുള്ള ചെടി വളർത്തൽ.

† Please see Appendix I,

൮. കൃഷി സംരക്ഷണജോലികൾ.

൯. പ്രസിദ്ധീകരണവും, പ്രചരണവും.

൰. പുഞ്ചകൃഷി വെള്ളംവററിക്കലിനുള്ള പമ്പിംഗ് സൗജന്യം.

Petition against P.C. 460. ...

120. (3) **Shri A. Kunjan Nadar :** Will the Minister for Home Affairs be pleased to state :

(*a*) whether the Government received a petition from one Mr. Govindan Krishnan against P.C. 460 (Krishnan) of Nemom Station on 22nd November, 1952 ; and

(*b*) if so, what action is taken on the petition ?

Answer.

(*a*) Yes.

(*b*) Enquiries were made by the Circle Inspector of Police, Neyyattinkara. The allegations against the Police Constable were found to be false.

വിളവുണക്കം.

൧൨൧. [൮] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് എത്ര താലൂക്കുകളിൽ വിളവുണക്കം ഉണ്ടായിട്ടുണ്ട്; അവ ഏതെല്ലാം;

(ബി) ഏതെല്ലാം താലൂക്കുകളിൽ വിളവുണക്കംകൊണ്ട് നഷ്ടം നേരിട്ട കൃഷിക്കാർക്ക് നഷ്ടപരിഹാരാർത്ഥം ഗവണ്മെൻറ് സഹായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; ഏതു വിധത്തിലുള്ള സഹായങ്ങളാണ് കൊടുത്തിട്ടുള്ളത്;

(സി) സംസ്ഥാനത്ത് ആകെ എത്രായിരം ഏക്കർ കൃഷി വിളവുണക്കം ബാധിച്ചിട്ടുണ്ട്;

(ഡി) ലിഫ്റ്റ് ഇറിഗേഷനും, മൈനർ ഇറിഗേഷനും പദ്ധതികൾകൊണ്ടുമാത്രം എത്രായിരം ഏക്കർ കൃഷി വിളവുണക്കത്തിൽനിന്ന് രക്ഷിക്കുവാൻ കഴിയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) മിക്കവാറും എല്ലാ താലൂക്കുകളിലും പ്രത്യേകിച്ച് തെക്കൻ തിരുവിതാംകൂറിൽ വിളവങ്കോട്, കൽക്കുളം, അഗസ്തീശ്വരം, തോവാള എന്നീ താലൂക്കുകളിലും, തൃശ്ശൂർ ഡിസ്ട്രിക്ടിൽ ചിററൂർ, തലപ്പിള്ളി എന്നീ താലൂക്കുകളിലും സാരമായി വിളവുണക്കം ഉണ്ടായിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ എല്ലാ താലൂക്കുകളിലും ലെവിയിൽ കുറവു വരുത്തുന്നതിനും, ചിററൂരിലും, തലപ്പിള്ളിയിലും കരം ഇളവു ചെയ്യുന്നതിനും, തോവാള, അഗസ്തീശ്വരം, കൽക്കുളം ഈ താലൂക്കുകളിൽ വെള്ള

ക്കരം കഴിവാക്കുന്നതിനും, കൃഷിയിൽ നെല്ലു് കിട്ടാത്തവർക്കു് റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനും ഏർപ്പാടു ചെയ്തു. കൂടാതെ ഉണക്ക ബാധിച്ച തെക്കൻ താലൂക്കുകളിലും, വളം സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിനും, കൃഷിത്തൊഴിലാളികളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് പി. ഡബ്ലിയു. ഡി. യിൽ നിന്നും ഏതാനും പണികൾ തുടങ്ങുന്നതിനും നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ടു്.

(സി) ശരിയായിട്ടുള്ള കണക്കുകൾ കിട്ടിയിട്ടില്ല.

(ഡി) അപ്രകാരം കണക്കാക്കിയിട്ടില്ല.

Sanskrit.

122. (6) **Shri R. Kesava Pillai :** Will the Minister for Education be pleased to state :

(*a*) the number of High schools in the State where Sanskrit is made a compulsory subject, to be taught in each class ;

(*b*) the number of applications received from individuals or institutions to remove such restrictions ; and

(*c*) the number of such applications allowed ?

Answer.

(*a*) 16.

(*b*) 11.

(*c*) Nil.

Undertrial prisoners.

123. (7) **Shri C. Shankar :** Will the Minister for Home Affairs be pleased to state :

(*a*) the total number of undertrial prisoners kept in custody in the police lock-ups of the State at the close of the year 1952 ;

(*b*) the respective number of undertrial prisoners that have been in police lock-ups for not less than (1) one year (2) two years (3) three years ; and

(*c*) what daily allowance and other amenities are sanctioned for each undertrial ?

Answer.

(*a*) 631 under-trial prisoners.

(*b*) (1) 96, (2) 19, and (3) 10.

(*c*) Daily allowance of Rs. 1—4—0 is sanctioned for each undertrial prisoner. Other amenities given are medical aid, oil bath once a week, supply of soap, mats and clothing, hair cutting and shaving once in a month.

Industrial disputes.

124.(9) **Shri A. Samraj :** Will the Minister for Finance and Civil Supplies be pleased to state :

(*a*) the number of industrial disputes that arose in 1952 to 1953 in the State ;

(*b*) how many were settled ; and

(*c*) how many were left for adjudication.

Answer.

(*a*) 4,065.

(*b*) 2,599.

(*c*) 51.

Special Commissioners in Courts.

125. (10) **Shri O. C. Ninan :** Will the Minister for Home Affairs be pleased to state :

(*a*) who appoints the so-called Special Commissioners in Courts ; and

(*b*) what are their qualifications ?

Answer.

(*a*) They are appointed by the District Judges in District Courts and by the Munsiffs in the Munsiffs Courts.

(*b*) The attention of the Member is invited to Rules 108 and 109 of the Civil Courts Guide.

Handloom weaving factories.

126. (11) **Shri C. Shankar :** Will the Minister for Labour be pleased to state :

(*a*) the number of handloom weaving factories registered in the years 1951 and 1952 respectively in the Agasteeswaram taluk and the total number of workers the licence had been given for ; and

(*b*) the number of factories that have renewed their registration in 1953 and the number of workers that have been given licence for ?

Answer.

(*a*) (*i*) No. of handloom weaving factories registered in 1951 ; 17.

(*ii*) Total No. of workers according to figures in the licence : 360.

(*iii*) No. of handloom weaving factories registered in 1952 : 3.

(*iv*) Total number of workers according to figures in the licence : 250.

(*b*) (*i*) No. of factories that have renewed their registration in 1953 : 1.

(*ii*) No. of workers for whom licence has been given : 250.

കൊച്ചിൻ പാട്ടറീസ്.

൫൨൧. [൫൩] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി-കൊച്ചിൻ പാട്ടറീസ് പൂട്ടിയിട്ടുള്ളത് എന്നുമുതൽ ; എത്ര കാലത്തേയ്ക്കു ;

(ബി) പൂട്ടുമ്പോൾ എത്ര തൊഴിലാളികൾ അവിടെ ജോലി ചെയ്തിരുന്നു ;

(സി) പൂട്ടാൻ കാരണമെന്തു് ;

(ഡി) പൂട്ടുമ്പോൾ തൊഴിലാളികൾക്ക് എന്തെങ്കിലും തൊഴിലില്ലായ്മ വേതനമോ മററാനുകൂല്യമോ അനുവദിച്ചിരുന്നോ ; ഉണ്ടെങ്കിൽ എന്തു് ;

(ഇ) കൊച്ചി ഗവണ്മെൻറും പാട്ടറീസ് മാനേജ്മെൻറ് തമ്മിലുള്ള കരാറിലെ വ്യവസ്ഥകൾ എന്തെല്ലാം ?

ഉത്തരം.

(എ) ൰-൫-൫൯൭൨ മുതൽ താൽക്കാലികമായി അനിശ്ചിതകാലത്തേയ്ക്കാണ് പൂട്ടിയിട്ടുള്ളതു്.

(ബി) ൫൦൭.

(സി) വ്യവസായമാന്ദ്യംമൂലം കമ്പനിയിൽ ഉണ്ടാക്കുന്ന സാധനങ്ങൾക്ക് ചെലവില്ലാതെ വന്നതുകൊണ്ടു്.

(ഡി) ഇല്ല.

(ഇ) കരാറിലെ വ്യവസ്ഥകൾ മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

പോലീസ് മർദ്ദനം.

൫൨൰. [൫൭] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† Please see Appendix II.

(എ) നെടുമങ്ങാട്ടുതാലൂക്കിലെ ഒരു പ്രധാന രാഷ്ട്രീയ പ്രവർത്തകനായ സഖാവ് കാട്ടാക്കട ബാലകൃഷ്ണൻ നായരെയും മററ ഏതാനും പൊതുജനപ്രവർത്തകരെയും കാട്ടാക്കട പോലീസ് സബ്ബ് ഇൻസ്പെക്ടർ ആത്മാറാമും ഏതാനും മററ പോലീസുകാരുംകൂടി കഠോരമായി മർദ്ദിച്ചതു സംബന്ധിച്ചു എന്തെങ്കിലും പരാതി ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി എടുത്തു?

ഉത്തരം

(എ) അങ്ങനെ മർദ്ദിച്ചതായി പരാതി കിട്ടിയിട്ടുണ്ട്.

(ബി) വേണ്ട അന്വേഷണങ്ങൾ നടത്തി. പരാതി അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞു.

Seed Bulls.

129. (16) **Shri O. C. Ninan :** Will the Chief Minister be pleased to state :

(*a*) how many good varieties of seed bulls are kept by the Government for public use ;

(*b*) what are the places where the seed bulls are kept by Government ;

(*c*) what is the total amount spent by Government for giving grants for seed bulls and at what places ;

(*d*) for what all varieties grants are given ;

(*e*) what is the maximum amount given as grant for keeping one stud bull ; and

(*f*) who approves these seed bulls ?

Answer.

(*a*) 50 bulls and 9 buffaloes.

(b) Seed bulls are stationed at the following places:

(1) Neyyatinkara.
(2) Trivandrum.
(3) Thirumala.
(4) Kodappanakunnu.
(5) Nedumangad.
(6) Attingal.
(7) Quilon.
(8) Mavelikkara.
(9) Kottayam.
(10) Perumpavoor.
(11) Wadakkancherry.

(12) Livestock Farm, Ollukkara.
(13) Panancherry.
(14) Vadavucode.
(15) Arthat.

Seed buffaloes are stationed at the following places :

(1) Ollukkara.
(2) Panancherry.
(3) Kattakampal,
(4) Ernakulam.
(5) Thirumala & Kodappanakkunnu.

(c) An amount of Rs. 5,000 is spent annually for this purpose. Grants are given to the owners of good bulls in different parts of the State who maintain the animals according to the rules prescribed by Government. The owners and localities are not the same every year and so the places cannot be specified.

(d) Grants are given for the following breeds and their cross breeds:

(1) Sindhi and Kangayam bulls.
(2) Murrah buffaloes.
(3) Surti and Jumnapari bucks.

(e) Rs. 150 for a stud bull of pure breed.

(f) The Director of Animal Husbandry.

Integration of Services.

130. (17) **Dr. P. T. Thomas :** Will the Chief Minister be pleased to state :

(a) why the integration of the services personnel is delayed ;

(b) why steps are not taken to finish this work immediately ; and

(c) when Government hope to get this work through ?

Answer.

(a) Due to the delicate and complicated nature of the problem.

(b) The work is in full swing. Some departments have been completed.

(c) As early as possible—probably in six months more.

Magistrate's Court at Kuthattukulam.

131. (18) **Shri M. V. Cheriyan :** Will the Minister for Home Affairs be pleased to state ;

(*a*) is there any proposal before the Government for establishing a Magistrate's Court at Kuthattukulam ;

(*b*) is there any recommendation from the District Magistrate, Kottayam, for the above ; and

(*c*) do the Government propose to implement the same ?

Answer.

(*a*) Yes.

(*b*) Yes.

(*c*) Yes.

Almanac and Directory.

132. (21) **Shri O. C. Ninan :** Will the Chief Minister be pleased to state :

(*a*) is the Government publishing Almanac and Directory ;

(*b*) who is responsible for the publication of the same ; and

(*c*) when was it last published ?

Answer.

(*a*) Government are not publishing a book titled "Alamanac and Directory." But the Malayalam Almanac is being published every year. No Directory is published at present.

(*b*) Government are responsible for the publication of the "Malayalam Almanac" and the Directory.

(*c*) Malayalam Almanac was last published in 1952. Part of the Travancore Directory was last published in 1949 and Part II in 1939.

<u>പോലീസ് സ്റ്റേഷൻ.</u>

൧൩൩. [൨൭] <u>ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള</u> : താഴെ പറയുന്ന ചോദ്യങ്ങൾക്ക് അഭ്യന്തരകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളത്തേയ്ക്കു ഒരു ചാർജിംഗ് പോലീസ് സ്റ്റേഷൻ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുമോ ?

<u>ഉത്തരം</u>

(എ) പന്തളം ഔട്ട്പോസ്റ്റ് ചാർജിംഗ് സ്റ്റേഷനാക്കുന്ന കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

(ബി) ഉത്തരം ആവശ്യമില്ല.

കയർവ്യവസായത്തകർച്ച.

൧൩൪൮. [ഫ. ൧] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ കയർ വ്യവസായത്തകർച്ച പരിഹരിക്കാനുള്ള ഗവണ്മെന്റിന്റെ പദ്ധതികളെന്തെല്ലാമാണ്;

(ബി) ഈ പദ്ധതികൾ എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്;

(സി) തിരുവിതാംകൂർ-കൊച്ചിയിൽ ആകെ എത്ര കയർ സഹകരണസംഘങ്ങൾ ഉണ്ട്; പറവൂർ താലൂക്കിൽ എത്ര; എത്ര തുക ഈ സംഘങ്ങൾക്ക് വായ്പകൊടുത്തിട്ടുണ്ട്; പറവൂർ താലൂക്കിലെത്ര;

(ഡി) ഈ വായ്പകൾ ഏതടിസ്ഥാനത്തിൽ എന്തു വ്യവസ്ഥയിലാണ് കൊടുത്തിരിക്കുന്നതു്?

ഉത്തരം

(എ) പച്ചത്തൊണ്ടിൽ നിന്നും ചകിരിയും കയറും ഉൽപ്പാദിപ്പിക്കുന്ന ഘട്ടംവരെയുള്ള കുടിൽ വ്യവസായപ്രാധാന്യമായ കയർ വ്യവസായത്തെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു വേണ്ട ധനസഹായം ചെയ്തു പ്രോത്സാഹിപ്പിക്കുക, ഫാക്ടറി വ്യവസായമായ കയർ മാററ്സ്, മാററിംഗ്സ് മുതലായ ഉൽപ്പാദനത്തെ ചെലവിനുതക്കതും തോതിനൊത്തുമായ വിധത്തിൽ നിയന്ത്രിക്കുക, ഇൻഡ്യയ്ക്കകത്തും വെളിയിലും കയറിനും കയറുൽപ്പന്നങ്ങൾക്കും കൂടുതൽ വിപണികൾ കണ്ടുപിടിക്കുക ഇവയാണ്.

(ബി) സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാനുള്ള പദ്ധതിപ്രകാരം കൊടുങ്ങല്ലൂർ, തൃശ്ശൂർ, മുകുന്ദപുരം, കൊച്ചി-കണയന്നൂർ, പറവൂർ, ചേർത്തല, അമ്പലപ്പുഴ, വൈക്കം, കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, കൊല്ലം, ചിറയിൻകീഴ്, തിരുവനന്തപുരം, നെയ്യാററിൻകര എന്നീ താലൂക്കുകളിൽ സഹകരണസംഘങ്ങൾ സ്ഥാപിച്ചു നടപ്പാക്കി വരുന്നു. മററു താലൂക്കുകളിലെ കയർ വ്യവസായ പ്രാധാന്യമായ സ്ഥലങ്ങളിലും ഈ പദ്ധതി തുടർന്നു നടത്തുന്നതാണ്. മററു രണ്ടു പദ്ധതിപ്രകാരം ഇൻഡ്യാ ഗവണ്മെന്റിനോട് വേണ്ടതു ചെയ്യാൻ അപേക്ഷിക്കുകയും തൽഫലമായി കയറിനെയും കയറുൽപ്പന്നങ്ങളേയും ഇററലി ഫിൽലണ്ട്, നാർവേ, ആസ്ട്രീയ, ജർമ്മനി, ബർമ്മ, ഹൻഗേറി മുതലായ വിദേശരാജ്യങ്ങളുമായുള്ള ഉടമ്പടികളിൽ കൊള്ളിക്കുകയും ചെയ്തു. ഒരു കയർ ബോർഡ് രൂപീകരിക്കുവാൻ വേണ്ട നടപടികൾ കേന്ദ്രഗവണ്മെന്റ് കൈക്കൊണ്ടുവരികയാണ്.

(സി) *൩൦. പറവൂർതാലൂക്കിൽ ഒരെണ്ണം. പദ്ധതിപ്രകാരം വായ്പ ഒരു സംഘത്തിനും കൊടുത്തിട്ടില്ല. ഗ്രാന്റു കൊടുത്തിട്ടുണ്ട്.

(ഡി) സിയുടെ ഉത്തരംകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

[12 Noon]

ADJOURNMENT MOTION *RE* EX-STATE EMPLOYEES OF THE INCOME-TAX DEPARTMENT.

Mr. Speaker : Order, order. I have received notice of an adjournment Motion. Has the Hon. Minister got to say anything on it?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിലെ ലോവർഗ്രേഡ് ഡിവിഷനിലുള്ള കുറെ ക്ലാർക്കന്മാരെ അന്യസ്ഥലങ്ങളിലേക്ക് സ്ഥലംമാററിയിരിക്കുന്നതുകൊണ്ടു് അവർക്ക് നേരിട്ടിട്ടുള്ള അസൗകര്യങ്ങളെ സംബന്ധിച്ച് ഈ ഗവണ്മെൻറ് ഉടനടി നടപടികൾ നടത്തണമെന്നുള്ളതാണ് ശ്രീ. കുഞ്ഞൻനാടാരുടെ അടിയന്തിരപ്രമേയം. ഈ ഗവണ്മെൻറിൽനിന്നും സെൻട്രൽ ഗവണ്മെൻറിലേക്ക് എടുത്തിട്ടുള്ള ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച് യാതൊരധികാരവും ഈ ഗവണ്മെൻറിനില്ല. ഇൻകംടാക്സ്, കസ്റ്റംസ് മുതലായ ഡിപ്പാർട്ടുമെൻറുകളിൽ ജോലി ചെയ്തിരുന്നവരെ സെൻട്രൽ ഗവണ്മെൻറ് എടുത്തതിനുശേഷം അവർക്ക് നേരിട്ടിട്ടുള്ള ബുദ്ധിമുട്ടുകൾ അതായതു്, ശമ്പളത്തിൽ കേന്ദ്രസ്കെയിൽ അനുസരിച്ചുവന്നിട്ടുള്ള സാരമായ കുറവ് പരിഹരിച്ചുകിട്ടേണ്ടതാണെന്ന പല നിവേദനങ്ങളും ഗവണ്മെൻറിനു കിട്ടിയതുകൊണ്ടു് ഈവക സംഗതികൾക്ക് ഒരു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി കഴിഞ്ഞ നിയമസഭയിൽ ഞാൻതന്നെ ഒരു മോഷൻ അവതരിപ്പിച്ചു വാദപ്രതിവാദം നടത്തുകയും അതിന്മേലുണ്ടായിട്ടുള്ള സകല നടപടികളും സെൻട്രൽ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. അതു കഴിഞ്ഞു് ഇവിടത്തെ മുഖ്യമന്ത്രിയും ഹോംമന്ത്രിയും ധനകാര്യമന്ത്രിയും ഡെൽഹിയിൽ പോയിരുന്നപ്പോൾ ഈ കാര്യത്തെ സംബന്ധിച്ച് ശുപാർശചെയ്യുകയും അതിൻെറ ഫലമായി സെൻട്രൽ ഗവണ്മെൻറിൽനിന്നും ഒരു മി. കൃഷ്ണമൂർത്തിയെ ഇങ്ങോട്ടയയ്ക്കുകയും, അദ്ദേഹം ഏകദേശം രണ്ടു മാസത്തിനുമുമ്പ് ഇവിടെ വരുകയും അദ്ദേഹവുമായി ഇതെപ്പററി വേണ്ടവണ്ണം ചർച്ച നടത്തുകയും ഉണ്ടായി. അദ്ദേഹം ഈ ജീവനക്കാർക്ക് നേരിട്ടിരിക്കുന്ന സങ്കടങ്ങൾക്ക് കഴിയുന്നത്ര പരിഹാരമുണ്ടാക്കാൻ ശ്രമിക്കാമെന്നു് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെ യാതൊരു നടപടികളും നടത്തിയിട്ടില്ലയെന്നുള്ളതു വാസ്തവം തന്നെ. ഇപ്പോൾ ൪൩ ക്ലാർക്കന്മാരെയാണ് മൈസൂർ, മദ്ധ്യപ്രദേശ് സൗരാഷ്ട്രം എന്നിവിടങ്ങളിലേക്ക് സ്ഥലം മാററിയിട്ടുള്ളതു്. പ്രതിമാസം ൫൫ രൂപ മാത്രമെ ശമ്പളം അവർക്ക് കിട്ടുന്നുള്ളു എന്നും അതു് തീരെ മതിയാകുന്ന ഒരു തുകയല്ലെന്നും അതുകൊണ്ടു് ഈ ഗവണ്മെൻറ് കാര്യമായ നടപടികൾ കൈക്കൊള്ളണമെന്നുമാണ് ഈ അടിയന്തിരപ്രമേയത്തിൻെറ ഉള്ളടക്കം. എന്നാൽ, ഇത്രയും നടപടികൾ ഈ കാര്യത്തെ സംബന്ധിച്ച് ഈ ഗവണ്മെൻറ് നടത്തിയിരിക്കെ അതിന്മേൽ യാതൊരു തീരുമാനവും എടുത്തിട്ടില്ലെന്നു മനസ്സിലായതിൻെറ ഫലമായി, ഇവിടത്തെ ചീഫ്സെക്രട്ടറി സ്റ്റേററ് മിനിസ്ട്രിയിലെ ഫിനാൻഷ്യൽ സെക്രട്ടറിക്ക് വിശദമായി ഒരു കത്തയയ്ക്കുകയുണ്ടായി. അതിനുശേഷം സ്റ്റേററമിനിസ്ട്രിയിലെ ശ്രീ. വെങ്കിടാചാരിയോടു് ഞാൻ

ഫോൺ മുഖേന ഇന്നലെ സംസാരിച്ചിട്ടും ഉണ്ട്. ഉടനടി അതിലേക്ക് വേണ്ട നടപടികൾ നടത്തണമെന്ന് നിർബന്ധമായി ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സെൻട്രൽ ഗവണ്മെൻറിനെക്കൊണ്ട് ചെയ്യാൻ സാധിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ചെയ്യുവാൻ ശ്രമിക്കാമെന്ന് അദ്ദേഹം ഉറപ്പുതന്നിട്ടുണ്ട്. ആ സ്ഥിതിക്ക് ഈ അടിയന്തിരപ്രമേയത്തിൻെറ ആവശ്യമുണ്ടോ എന്നു സംശയിക്കുന്നു. ഇത്രമാത്രമെ ഈ കാര്യം സംബന്ധിച്ച് എനിക്കു പറയുവാനുള്ളു.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഇതു സംബന്ധിച്ച് സെൻട്രൽ ഗവണ്മെൻറിന് ചെയ്യാൻ കഴിവുള്ള എല്ലാ സഹായങ്ങളും ഉടനടി ചെയ്യുമെന്നാണോ മനസ്സിലാക്കേണ്ടത്?

ശ്രീ. എ. ജെ. ജാൺ: ഇന്നലെയും ഈ കാര്യം സംബന്ധിച്ച് ശ്രീ. വെങ്കിടാചാരിയോട് ഫോൺമുഖാന്തിരം ഞാൻ സംസാരിക്കുകയുണ്ടായി. അദ്ദേഹം അതിനുവേണ്ടി പറഞ്ഞിട്ടുള്ളത് അനുകൂലമായ ഒരു മറുപടിയാണ്.

ശ്രീ. എ. കുഞ്ഞൻ നാടാർ: അന്യസ്ഥലങ്ങളിൽ ജോലിക്കു പോയിരിക്കുന്ന ഈ ജീവനക്കാർക്ക് കിട്ടുന്ന തുച്ഛശമ്പളംകൊണ്ട് ചിലവിനുപോലും മതിയാകാതെ വളരെ ബുദ്ധിമുട്ടുന്നു എന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: വളരെ ബുദ്ധിമുട്ടുന്നുണ്ട്.

ശ്രീ. നെടുമങ്ങാട്ട് ആർ. കേശവൻ നായർ: ഈ ഗവണ്മെൻറിൽ നിന്നും ഇവരെ സെൻട്രൽ ഗവണ്മെൻറിലേക്കെടുത്തിട്ടുള്ളത് അവരുടെ സമ്മതത്തോടുകൂടിയാണോ?

ശ്രീ. എ. ജെ. ജാൺ: സമ്മതത്തോടുകൂടിയാണെന്നു തോന്നുന്നില്ല. അതിൻെറ ഡീറ്റെയിൽസൊന്നും ഇപ്പോൾ പറയാൻ ഉദ്ദേശിക്കുന്നില്ല.

MESSAGE FROM H. H. THE RAJPRAMUKH

Mr. Speaker : I have to report to the House the message received from the Rajpramukh for the Motion of Thanks submitted by the Speaker under Rule 15 :

> *"I have great satisfaction for your resolution of Thanks for the Address with which I opened the present Session of the Legislature on the 25th February 1953."*

Shri A. Kunjan Nadar : A point of order, Sir.

എൻെറ അടിയന്തിരപ്രമേയത്തെസംബന്ധിച്ച എന്തവസാനതീരുമാനമാണ് കൈക്കൊണ്ടത് എന്നു പറഞ്ഞില്ലല്ലൊ.

Mr. Speaker : It has been disposed of.

Shri Nedumangad R. Kesavan Nair : Sir, we were not told who sent the adjournment motion.

Mr. Speaker : Shri A. Kunjan Nadar.

RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST

Resolution regarding Plantation Labour Act, 1951.

Shri Prakkulam Bhasi : I move :

"This House views with grave concern the inordinate delay shown by the Travancore-Cochin Government in implementing the Plantation Labour Act 1951 of the Government of India and resolves that the said Act be enforced in this State immediately."

Shri Panampilli Govinda Menon : I may point out to you, Sir, that I consider that this resolution in the form in which it is given, is one which ought not to be discussed in this House, because a resolution is a recommendation to the Government. Here it is stated that "this House views with grave concern the inordinate delay shown by the Travancore-Cochin Government in implementing the Plantation Labour Act, etc." This Act is one passed by the Central Legislature which is to come into force throughout India on such date as the Central Government may notify. It cannot be enforced in Travancore-Cochin alone. That is, you cannot enforce it in any particular area in India alone. Again it is for the Central Government to enforce it. I may state here for the information of the House that the Central Government have already published the rules under the Act and my information is that as soon as the rules are finalised, the Act will come into force. Therefore, I would respectfully submit to the House and the mover of the resolution that any resolution viewing with concern the conduct on the part of the Travancore-Cochin Government in connection with the matter is out of order, because there is nothing which this Government can do with respect to the subject of this resolution. As a matter of fact, when the Plantation Conference met recently in Calcutta, the question of the implementation of the Plantation Act was on the agenda and the views forwarded by this Government were that the plantation Act should be forthwith implemented. In these circumstances, Sir, I would respectfully submit that this resolution should not be discussed here.

Mr. Speaker : The latter part of the resolution urges that the said Act be enforced in this State immediately. That is the resolution. From the statement made by the hon. Minister, it is clear that it is no responsibility of this Government, either to enforce this Act or to get the censure contemplated under this resolution. In these circumstances, I find no purpose will be served by discussing this resolution. The resolution is ruled out of order.

Shri M. Gopalan Nair : A point of order was raised, and before the Speaker made his ruling, the other side should have been heard. That has not been done in this matter.

Mr. Speaker : I am glad that the hon. Member raised this question. I may make use of this opportunity to tell the House that the Speaker is not bound to hear any Member on any point of order. Of course the Leader of the House has certain rights which are not available to every back bench Member of the House. And out of courtesy and according to practice the Leader of the Opposition has been given certain liberty and privilege. These we have to establish by precedents. The Speaker on such occasions is not bound to listen to every Member of the House. The House is not a place where everybody is equal and everybody can talk on everything. So if the Speaker is clear about a point of order he can straightaway give the ruling on it without consulting or hearing any one.

The next resolution stands in the name of Shri Chengarapalli P. Narayanan Potti.

Resolution re. Communal Organisations

ശ്രീ. വാസുദേവൻപിള്ള : എനിക്ക് ശ്രീ. ചെങ്ങാരപ്പള്ളി നാരായണൻപോററിയുടെ റെസല്യൂഷനെ സംബന്ധിച്ച് ഒരു കാര്യം വ്യക്തമാക്കാനുണ്ട്. ഈ റെസല്യൂഷൻ ഇൻഡ്യൻ കോൺസ്റ്റിററ്യൂഷനെ സംബന്ധിച്ചിടത്തോളം അതിന്റെ ഫണ്ടമെൻറൽ റൈററ്സിനു വിപരീതമാണ്. എങ്ങനെയാണ് വിപരീതമാണെന്നുള്ളതു് ഞാൻ സ്പഷ്ടമാക്കാം. സെക്ഷൻ (൧൯)-ൽ പറയുന്നതു ഇപ്രകാരമാണ്:—

"19. (1) All citizens shall have the right:—

(a) to freedom of speech and expression ;

(b) to assemble peaceably and without arms;

(c) to form associations or unions"

ഈ വ്യവസ്ഥ പ്രകാരം ഈ സംസ്ഥാനത്തുള്ള ആളുകൾക്ക് സാമുദായികമായി സംഘടിക്കാനും സംബന്ധിക്കാനും ഉള്ള അവകാശം കൊടുത്തിട്ടുണ്ട്. അതിനെ നിയന്ത്രിക്കുന്നതിന് ഒരു സബ്ക്ലാസും ഉണ്ട്. അതാണു സബ്ക്ലാസ് ൪. ഈ ക്ലാസനുസരിച്ചും മുൻപു നിലവിലിരുന്നിട്ടുള്ള ഇൻഡ്യയിലെ സാമുദായികസംഘടനകളെ ഇല്ലാതാക്കാൻ നിയമം അനുവദിച്ചിട്ടില്ലെന്നു കാണാം. സബ്ക്ലാസ് ൪ അനുസരിച്ച് സംഘടിക്കാനുള്ള അവകാശം കൊടുത്തിട്ടുണ്ട്. പിന്നീട് അതിനെ അനുബന്ധിക്കുന്ന വേറൊരു സെക്ഷൻ ഉണ്ട്. അതു് സെക്ഷൻ ൨൬ ആണ്. അതിൽ പറയുന്നതു് ഇങ്ങനെയാണ്:—

"26. Subject to public order, morality and health, every religious denomination or any section thereof shall have the right:—

(a) to establish and maintain institutions for religious and charitable purposes;

(b) to manage its own affairs in matters of religion;

(c) to own and acquire movable and immovable property; and

(d) to administer such property in accordance with law."

ഈ വകുപ്പനുസരിച്ചു നോക്കുകയാണെങ്കിൽ ഈ സംഘടനകൾക്കു് വസ്തുക്കൾ സമ്പാദിക്കാനും അവയെ നിയന്ത്രിക്കാനും ഉള്ള അവകാശം കൊടുത്തിട്ടുണ്ടു്. അങ്ങനെ സമ്പാദിക്കുന്ന വസ്തുക്കളും സ്വത്തുക്കളും നിയന്ത്രിക്കാൻ മാത്രമല്ല, ഭരിക്കാനും ഉള്ള അവകാശം കൊടുത്തിട്ടുണ്ടു്. ഈ സംഘങ്ങളുടെ ഉത്ഭവംകൊണ്ടു രാജ്യത്താകമാനം പല ഗുണങ്ങളും ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത നമുക്കു വിസ്മരിക്കാൻ പാടുള്ളതല്ല. അങ്ങനെയിരിക്കെ, ഒരു നിയമംമൂലം ഈ സംഘടനകൾ ഇല്ലാതാക്കണമെന്നു പറയുന്നതു് ഔട്ട് ഓഫ് ആർഡറാണു്. നിലവിലിരിക്കുന്ന നിയമം ഈ റസലൂഷനു് വിരുദ്ധമാണു്. അതുകൊണ്ടു് ഈ റസലൂഷൻ ഒരു കാരണവശാലും ചർച്ചാവിഷയമാക്കാൻ പാടില്ലെന്നാണു് എന്റെ അഭിപ്രായം.

Mr. Speaker : Now, has any Member to contribute to the point of order raised ?

ശ്രീ. ചെങ്ങാരപ്പള്ളി നാരായണൻപോററി : സർ, ഈ പായിന്റ് ഓഫ് ഓർഡറിന്റെ സാങ്കേതികവശങ്ങളെക്കുറിച്ചു് എനിക്കു് അധികമൊന്നും സംസാരിക്കുവാനില്ല. പക്ഷെ പൊതുവായി നമ്മുടെ സമുദായത്തിൽ ജാതികളും ജാതിചിന്തകളും ജാതിവിഭാഗങ്ങളും മതചിന്തകളും വരുത്തിവെച്ച വിനകളെക്കുറിച്ചു് ചർച്ചചെയ്യണം എന്നു് ഉദ്ദേശിച്ചുകൊണ്ടാണു് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുവാൻ തയാറായതു്. ൧൯൪൮ ഫെബ്രുവരിയിൽ കോൺസ്റ്റിററ്യുവന്റ് അസംബ്ളിയുടെ ലജിസ്ലേറ്റീവ് സമ്മേളനത്തിൽ ശ്രീമാൻ. ആർ. ആർ. ദിവാകർ അവതരിപ്പിച്ച പ്രമേയം എന്റെ ഈ പ്രമേയത്തിനു് ആധാരഭൂതമായിട്ടുണ്ടു്. ആ പ്രമേയത്തിൽ അദ്ദേഹം ഉദ്ദേശിച്ചിരുന്നതു് ഗവണ്മെന്റ് റിക്കാർഡുകളിലും ആധാരങ്ങളിലും മതത്തിന്റെയോ ജാതിയുടേയൊ പേർ സംഘടിപ്പിക്കരുതു് എന്നായിരുന്നു. ആ ഉദ്ദേശമാണു് ഈ പ്രമേയത്തിന്റെ കർത്താവായ എനിക്കും ഉണ്ടായിരുന്നതു്. ഇതിന്റെ നിയമവശത്തേയും സാങ്കേതികവശത്തേയുംകുറിച്ചു് ഒരു തീരുമാനം കല്പിക്കേണ്ടതു് അങ്ങാണു്. അതിനെക്കുറിച്ചു് എനിക്കു ഒന്നും പറയുവാനില്ല. ഇത്രേ എനിക്കു പറയുവാനുള്ളു.

Mr. Speaker : Has the hon. Minister in charge of Law anything to say in the matter ?

Shri Panampilli Govinda Menon : I do not think that this resolution is out of order. This is a recommendation made to this Government to enact a certain legislation declaring certain kinds of organisations as illegal. The point raised by the hon. Member for Pathanamthitta will be an answer to this Government's inability to

enact the legislation on account of certain provisions in the Constitution. The resolution itself, I do not consider, will be out of order. But I feel that there would be some difficulty on account of certain provisions in the Constitution for Government to accept it, however good the views contained in the resolution are. That is my view.

Mr. Speaker : I do not think that the provisions in the Chapter on Fundamental Rights stand in the way of allowing this resolution being discussed in this House. Whether in view of the provisions contained in the Chapter Government would be in a position to enforce that resolution if adopted by this House, is quite a different matter. Anyhow, the resolution could be discussed. Therefore, I hold that the resolution is in order.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : സർ, താഴെ പറയുന്ന പ്രമേയം ഈ സഭയുടെ അംഗീകാരത്തിനായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

"തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ ഇന്നു നിലവിലുള്ളതും, ഏതെങ്കിലും ജാതിയുടേയോ, ജാതിവിഭാഗങ്ങളുടേയോ പേരിനോടു ഘടിപ്പിച്ചിട്ടുള്ളതുമായ സാമുദായികസംഘടനകളെയെല്ലാം നിയമനിർമ്മാണംമൂലം നിരോധിക്കേണ്ടതാണെന്നു ഈ സഭ അഭിപ്രായപ്പെടുന്നു."

സർ, ഈ പ്രമേയം അവതരിപ്പിക്കുമ്പോൾ നമ്മുടെ ഇടയിൽ ജാതിയിലും ജാതിസമ്പ്രദായത്തിലും വളരെനാൾ നീണ്ടുനിന്ന സാമൂഹ്യവും സാർവത്രികവുമായ ചരിത്രമാണ് നമ്മുടെ ഹൃദയത്തിൽ ആദ്യമായി ഓർമ്മയിൽ വരുന്നതു്. "ചാതുർവർണ്യം മയാ സൃഷ്ടം" എന്നുള്ള ഗീതയിലെ വാക്കുകളും ജാതികളെല്ലാം സൃഷ്ടിച്ചതു് പരശുരാമനാണ് എന്നുള്ള ഐതിഹ്യങ്ങളും വിശ്വാസങ്ങളും എല്ലാം ഈ സന്ദർഭത്തിൽ നമ്മുടെ മനസ്സിൽ ഉണ്ടാകുന്നുണ്ടു്. ഏതു വിധത്തിൽ പറഞ്ഞാലും

ശ്രീ. പി. സദാശിവൻപിള്ള : ഈ പ്രമേയംകൊണ്ടു് നിലവിലുള്ള സമുദായസംഘടനകൾമാത്രം നിരോധിച്ചാൽ മതിയെന്നാണോ ഉദ്ദേശിക്കുന്നതു് ? ഭാവിയിലുണ്ടാകുന്ന സമുദായസംഘടനകളെയും നിരോധിക്കണമെന്നു് ഉദ്ദേശമുണ്ടോ ?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : നിലവിലുള്ള സാമുദായിക സംഘടനകൊണ്ടു് ഉണ്ടായിട്ടുള്ള കുഴപ്പങ്ങൾ എന്തെല്ലാമാണെന്നു എനിക്കു അറിവുള്ളതു പറയാമെന്നല്ലാതെ ഭാവിയിൽ വരുന്ന കാര്യങ്ങളെപ്പററി ഞാൻ ഒന്നും പറയുന്നില്ല. അതു് നിയമനിർമ്മാണം ചെയ്യുമ്പോൾ നിയമവിദഗ്ദ്ധന്മാർ നോക്കേണ്ട കാര്യമാണ്.

ശ്രീ. പി. സദാശിവൻപിള്ള : ഭാവിയിലുണ്ടാകുന്ന സമുദായസംഘടനകളേയും നിരോധിക്കേണ്ടതല്ലേ ?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : എന്റെ അഭിപ്രായം പറയുവാനാണ് ഞാൻ ഇവിടെ നിൽക്കുന്നതു്. ബഹുമാനപ്പെട്ട മെംബർക്കു് സംസാരിക്കുന്നതിനു് സന്ദർഭം കിട്ടുമ്പോൾ ബഹുമാനപ്പെട്ട മെംബറുടെ അഭിപ്രായം പറയാവുന്നതാണ്.

വളരെ സങ്കീർണ്ണമായ ജാതിവ്യവസ്ഥകളും മതവ്യവസ്ഥകളും തിരുവിതാംകൂറിലും, കൊച്ചിയിലും, ഇപ്പോൾ തിരുവിതാംകൂർ-കൊച്ചിയിലും, കേരളത്തിലും എന്നല്ല ഇൻഡ്യയിൽ ആകമാനവും ഉണ്ടായിരുന്നു എന്നു് നമുക്കെല്ലാം അറിയാം. അതു് വലിയ ഒരു പ്രശ്നമായിട്ടു് വളരെവളരെ നൂററാണ്ടുകൾകാലം നമ്മെ അലട്ടിയിരുന്നുവെന്നുള്ളതു് നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണു്. എന്നാൽ ജാതിയെക്കുറിച്ചുള്ള വിചാരവും മതത്തെക്കുറിച്ചുള്ള വിചാരവും നമ്മുടെ ജീവിതപ്രശ്നത്തിൽ ഉൾപ്പെട്ടുതുടങ്ങിയതു് നമ്മേ വിദേശികൾ ഭരിച്ചുകൊണ്ടിരുന്ന കാലം മുതൽക്കാണു് എന്നുള്ളതു് ചരിത്രം വായിച്ചിട്ടുള്ള എല്ലാവർക്കും അറിയാവുന്നതാണു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഈ പ്രമേയത്തിൽ മതാടിസ്ഥാനത്തിലുള്ള സംഘടനകൾ ഉൾപ്പെടുമോ ; അതായതു് മുസ്ലീംലീഗ്, കത്തോലിക് അസോസിയേഷൻ മുതലായതു് ഉൾപ്പെടുമോ ?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : അതു് വളരെ ഡെലിക്കെററ് ആയിട്ടുള്ള ഒരു ചോദ്യമാണു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള : മുസ്ലീംലീഗ്, കത്തോലിക്ക് അസോസിയേഷൻ മുതലായ സംഘടനകൾ ജാതിസംഘടനകളാണെന്നു് വിവക്ഷിച്ചാൽ അതു് ഇതിൽ ഉൾപ്പെടുകയില്ലേ ?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : അതു് നിയമനിർമ്മാണം ചെയ്യുമ്പോൾ സംഘടനയെ സംബന്ധിച്ച ഡെഫിനിഷൻ കൊടുക്കുന്നതനുസരിച്ചിരിക്കും.

ശ്രീ. ഓ. സി. നൈനാൻ : പോററി എന്നുള്ളതു് ഒരു ജാതിനാമമാണോ ?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : ജാതിനാമമായിരിക്കാം.

ശ്രീ. ഓ. സി. നൈനാൻ: പോററി എന്നു ഉപയോഗിക്കുന്നതിനു് ഈ പ്രമേയം പാസായാൽ വിരോധമുണ്ടാകയില്ലേ ?

Shri E. P. Varghese : On a point of order, Sir. I would like to know whether this House can resolve that Government should enact a legislation which constitutionally they cannot do. By passing this resolution, this House will be asking the Government to enact a legislation which constitutionally they are prevented from doing. Can we pass such a resolution ?

Mr. Speaker : That point of order itself is vague. Whether this House can resolve to do a thing which it is not competent to do, the House will decide.

Shri E. P. Varghese : Can this House resolve like that ?

Mr. Speaker : To resolve what? Is it the religious organisation that is proposed to be prevented by this resolution, is it communal organisation, is it caste organisation I do not know. The resolution

itself is very vague. The points of orders are also vague. I am aware of the provision regarding the fundamental rights, the rights of citizens ; right to form associations, the right to form religious organisations, etc. But I am at loss to know what exactly is meant by this resolution. That is the reason why I allowed this resolution to be discussed. Let us know what its purpose is.

ശ്രീ. എം. ഗോപാലൻനായർ: സാമുദായികസംഘടനകൾ—

Mr. Speaker : Will you kindly allow him to make his speech ? When he concludes his speech, probably he will be able to make it clear.

ശ്രീ. ടി. കെ. രാമചന്ദ്രദാസ്: സർ, നിലവിലുള്ള ജാതിവിഭാഗങ്ങളുടെ—

Mr. Speaker : You made several attempts. The hon. Member who is in possession refuses to yield. What is the meaning of pressing him further ? Mr. Potti, you may proceed.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: സർ, ഞാൻ പറഞ്ഞുവന്നതു് നമ്മുടെ ജാതിവ്യവസ്ഥയും മതവ്യവസ്ഥകളും അനേക നൂററാണ്ടുകളായി നമ്മുടെ രാജ്യത്തു് നിലനിന്നിരുന്നു എന്നു വരികിലും അതു് ഇന്നത്തെപ്പോലെ നമ്മുടെ നിത്യജീവിതത്തിൽ കടന്നുകൂടിയിരിക്കുന്ന ഒരു പ്രശ്നമായിരുന്നില്ല എന്നാണു്. വളരെ വളരെ നൂററാണ്ടുകൾക്കു് മുമ്പു് അതായതു് ശ്രീകൃഷ്ണന്റെ കാലം മുതൽക്കും പരശുരാമന്റെ കാലംമുതൽക്കും വളരെ ജാതിവ്യവസ്ഥകൾ നമ്മുടെ രാജ്യത്തു് ഉണ്ടായിരുന്നുവെന്നുവരികിലും ഇന്നത്തെപ്പോലെ അതൊരു വലിയ പ്രശ്നമായി തീർന്നിരുന്നില്ല. ഇന്നു് എന്താണു് ഈ ജാതിവ്യവസ്ഥ നമ്മുടെ നിത്യജീവിതത്തിൽ ഒരു പ്രശ്നമായിതീരുവാൻ ഇടയായിട്ടുള്ളതു് എന്നുള്ളതിനു സമാധാനമായി എനിക്കു് പറയാവുന്ന ചില സംഗതികൾ പറയാം. രാഷ്ട്രീയമായിട്ടുള്ള അധികാരം വേറെ ഒരു ജനതയിൽ അടിച്ചേൽപ്പിക്കുന്നതിനു വേണ്ടി വിദേശികൾ ഇവിടെ ഭരിച്ചുകൊണ്ടിരുന്നപ്പോൾ ഇവിടെയുണ്ടായിരുന്ന ജനതയെ ഭിന്നിപ്പിക്കേണ്ടതു് ആവശ്യമായിവന്നു. 1857-ലെ ശിപായി ലഹളയെ അനുബന്ധിച്ചു് തുടങ്ങിയതാണു് ഇവിടത്തെ ഹിന്ദുമുസ്ലീം ഭിന്നിപ്പു്. അന്നു് ഈ രാജ്യം ഭരിച്ചുകൊണ്ടിരുന്ന ബ്രിട്ടീഷുകാരാണു് ഹിന്ദുക്കളേയും മുസ്ലീംകളേയും തമ്മിൽ ഭിന്നിപ്പിച്ചതു്. ആ ഭിന്നിപ്പു് പ്രത്യക്ഷത്തിൽ വരാത്തരീതിയിൽ വളരെ നിഗൂഢമായി മുന്നോട്ടുതുടർന്നുവന്നു് അതു ഏററവുംകൂടുതൽ രൂക്ഷമായി അനുഭവപ്പെട്ടതു് 1920-നു് ശേഷമാണു്. 1920-നു് ശേഷമുണ്ടായ ചരിത്രസംഭവങ്ങൾ നമുക്കു് ബോദ്ധ്യപ്പെട്ടിട്ടുള്ളതും നേരിട്ടറിയുവാൻ ഇടയായിട്ടുള്ളതുമാണു്. ഇൻഡ്യയിലെ സ്വാതന്ത്ര്യസമരം ഏററവും കൂടുതൽ ഉഗ്രമായിട്ടുവന്ന കാലങ്ങളിൽ ഇവിടത്തെ ജാതി വ്യവസ്ഥകളെക്കൊണ്ടും മതവികാരങ്ങളെക്കൊണ്ടും മുതലെടുക്കുവാൻ വിദേശഭരണാധികാരികൾ മുതിർന്നതായി നമുക്കറിയാം. 1923-ാമാണ്ടുവരെ മുസ്ലീംലീഗെന്നും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സെന്നും രണ്ടു വിഭിന്നസംഘടനകൾ ഇൻഡ്യയെ വിദേശീയഭരണത്തിൽനിന്നു മോചിപ്പിക്കുന്നതിനു് പ്രവർത്തിച്ചുകൊണ്ടിരുന്നുവെങ്ക

ലും അവ തമ്മിൽ സഹകരിച്ചു പോരുകയാണുണ്ടായത്, ഇങ്ങനെ ഇവർ പ്രവർത്തിച്ചാൽ ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഉദ്ദിഷ്ടലക്ഷ്യം വകവച്ചു കൊടുക്കേണ്ടിവരുമെന്ന് ഭയപ്പെട്ടിട്ടാണ് ശിഥിലീകരണതന്ത്രം പ്രയോഗിച്ചു മി. ജിന്നയേയും അദ്ദേഹത്തിന്റെ സംഘടനയായ മുസ്ലീംലീഗിനേയും കാൺഗ്രസ്സ് വിരുദ്ധപ്രസ്ഥാനങ്ങളാക്കാനുള്ള കൂടതന്ത്രം ബ്രിട്ടീഷു സാമ്രാജ്യവാദികൾ പ്രയോഗിച്ചതെന്ന് നമുക്കെല്ലാം അറിയാം. അതിന്റെ ഫലമായിട്ടാണ് മിസ്റ്റർ ജിന്നാ കാൺഗ്രസ്സിൽനിന്നുവിട്ട് മുസ്ലീംലീഗിൽ പോകുവാൻ കാരണമായത്. ഉത്തരേൻഡ്യയിൽ ൧൯൨൨ മുതൽ ൧൯൪൭ വരെ ഏതാണ്ട് ൨൫ കൊല്ലത്തോളം കാൺഗ്രസ്സിനേയും മുസ്ലീംലീഗിനേയും തമ്മിൽ അടിപ്പിക്കുവാൻ ബ്രിട്ടീഷുകാർക്ക് സാധിച്ചു. ഇങ്ങനെയുള്ള ഒരു ശ്രമം വിദേശഭരണാധികാരികളിൽനിന്ന് ഉണ്ടായി എന്നുണ്ടെങ്കിലും ഇൻഡ്യയുടെ സ്വാതന്ത്ര്യം എന്നുള്ള ലക്ഷ്യത്തിൽ ഇൻഡ്യയുടെ ജനങ്ങളെല്ലാം ഒരുപോലെ ജാതിവ്യത്യാസമോ മതവ്യത്യാസമോ ഇല്ലാതെ യോജിച്ചു പ്രവർത്തിച്ചുകൊണ്ടിരുന്നു. ഇൻഡ്യയെ സ്വതന്ത്രയാക്കുന്നതിനുവേണ്ടി ഹിന്ദുവെന്നോ, ക്രിസ്ത്യാനിയെന്നോ, മുസ്ലീം എന്നോ, ഉള്ള വ്യത്യാസംകൂടാതെ എല്ലാവരും യോജിച്ചുകൊണ്ട് നേതാജി സുബാഷ്ചന്ദ്രബോസിന്റെ നേതൃത്വത്തിൽ ഒരു ഐ. എൻ. ഏ. കിഴക്കൻഭിക്കിൽനിന്ന് ഇങ്ങോട്ടു നീങ്ങിയെന്ന വസ്തുത നമ്മുടെ സ്മരണയിൽനിന്ന് ഇന്നും വിട്ടുമാറിയിട്ടില്ല. ഐ. എൻ. ഏ. യിൽ ഹിന്ദുവെന്നോ ക്രിസ്ത്യാനിയെന്നോ, മുസ്ലീം എന്നോ, ഉള്ള വ്യത്യാസംകൂടാതെ എല്ലാവരും ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഒന്നായി നിന്നു. അതായത് ഇൻഡ്യയുടെ ശത്രു ബ്രിട്ടീഷുകാരാണ്. അവരെ ഇവിടെനിന്നു പറഞ്ഞയച്ചാലേ ഇൻഡ്യ സ്വതന്ത്രയാകയുള്ളു എന്ന ലക്ഷ്യത്തിൽ എല്ലാവരും ഒരുപോലെ യോജിച്ചുനിന്നിരുന്നു. ഇങ്ങനെ സ്വാതന്ത്ര്യമാണ് നമ്മുടെ ഏററവും വലിയ ലക്ഷ്യമെന്ന് സാധാരണക്കാരായ ജനങ്ങളുടെയിടയിൽപോലും ബോധമുണ്ടായിട്ടുണ്ട്. ഇൻഡ്യയുടെ വിമോചനസമരം നടന്ന കാലങ്ങളിൽ, ആ ലക്ഷ്യത്തിലെത്തുന്നതിനുള്ള പ്രവർത്തികളിൽ ഇവിടത്തെ മതവികാരമോ ജാതിവിചാരമോ ഉണ്ടായിരുന്നില്ല. സർ, അങ്ങനെയുള്ള സംഭവങ്ങൾ ബ്രിട്ടീഷ് ഇൻഡ്യാ എന്നു പറഞ്ഞിരുന്ന ഭൂവിഭാഗത്ത് നടന്നിരുന്ന ആ കാലത്ത് നമ്മുടെ രാജ്യത്തും അതായത് തിരുവിതാംകൂറിലും, കൊച്ചിയിലും, ഇന്നത്തെ തിരുവിതാംകൂർ-കൊച്ചിയിലും നമ്മുടെ സ്വതന്ത്ര്യത്തിനുവേണ്ടി, ഇൻഡ്യയുടെ വിമോചനത്തിനുവേണ്ടി, സമരം ഉണ്ടായത് നമുക്കെല്ലാം അറിയാം ആ കാലത്ത് നമ്മുടെയിടയിൽ ഉണ്ടായിരുന്ന മതവികാരവും ജാതിവികാരവും നമ്മിൽ കുത്തിച്ചെലുത്തുവാൻ അന്നത്തെ വിദേശഭരണാധികാരികൾ ഉത്സാഹിച്ചു. ഉത്തരേൻഡ്യയിൽ മുസ്ലീങ്ങളും ഹിന്ദുക്കളും തമ്മിലുള്ള സ്പർദ്ധയാണ് ബ്രിട്ടീഷുകാർ ശ്രമിച്ചതെങ്കിൽ ഇവിടെ അത് വേറെ ചില ചാലുകളിൽക്കൂടിയാണ് ഒഴുകിയത്.

Mr. Speaker : If the hon. Member would like to have some more time, he can continue his speech after lunch. The House will now rise and meet again after lunch at 2.30 p.m.

The House rose for lunch at 12.30 p.m. and reassembled at 2.30 p. m.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: (തുടർച്ച) രാജ്യത്തോടും ജനതയോടും സ്നേഹമില്ലാതിരുന്ന വിദേശഭരണാധികാരികൾ മതസ്പർദ്ധ ഇളക്കിവിട്ടതുകൊണ്ടു നമ്മുടെ രാജ്യത്തിന്റെ പുരോഗതി പലതരത്തിലും തടയപ്പെട്ടിട്ടുണ്ടെന്നാണല്ലോ ഞാൻ രാവിലെ പറഞ്ഞവസാനിപ്പിച്ചതു്. ഇൻഡ്യയെ ആകമാനമെടുത്തുനോക്കിയാലും കേരളത്തേയോ, തിരുവിതാംകൂർ-കൊച്ചിയേയോ, പ്രത്യേകമെടുത്തു നോക്കിയാലും അതു വളരെ വാസ്തവമാണെന്നു കാണാൻ കഴിയും. സ്വതന്ത്രതിരുവിതാംകൂറെന്നും പറഞ്ഞു, തിരുവിതാംകൂറിലുള്ള ജനങ്ങളുടെയിടയിൽ ഒരു കൃത്രിമ ആവേശം ജനിപ്പിക്കാൻ വിദേശിയദിവാനായിരുന്ന സർ, സി പി. രാമസ്വാമിഅയ്യർ നടത്തിയിരുന്ന ശ്രമങ്ങളെ, അന്നു രാജ്യത്തിലുണ്ടായിരുന്ന ആളുകളെല്ലാം ഒററക്കെട്ടായി നിന്നു എതിർത്തിരുന്നു. അന്നു അവരുടെ ആ എതിർപ്പിന്റെ ശുക്ഷതകൊണ്ടു ജനങ്ങളുടെ അഭിലാഷംതന്നെ സാധിക്കുന്നതിനിടയായി. ആ അവസരത്തിൽ അവരുടെ ആവശ്യമെന്താണെന്നു അറിയാമായിരുന്നതുകൊണ്ടു എല്ലാ ജാതിമതക്കാരും യാതൊരു സ്പർദ്ധയും അവരുടെ അണികളിൽ ഇടകലരാനിടവരുത്താതെ ശ്രമിച്ചിരുന്നുവെന്നുള്ളതും നമുക്കറിയാവുന്ന ഒരു കാര്യമാണു്. അതുവഴി നമ്മുടെ ദേശീയമോചനവും സാധിക്കയുണ്ടായി. നമ്മുടെ രാഷ്ട്രീയമായ അവകാശവാദങ്ങൾ എന്തെല്ലാമായിരുന്നോ അതെല്ലാം നമുക്കു സിദ്ധിച്ചു.

അവിടമെല്ലാം കഴിഞ്ഞു ശാന്തമായും സമാധാനമായും ജനങ്ങൾ മുന്നോട്ടു നീങ്ങുകയാണു്. ഇൻഡ്യയെപ്പററി പൊതുവെ പറയുകയാണെങ്കിൽ ഇൻഡ്യയെന്നൊരു രാജ്യം ൧൯൪൭ ആഗസ്റ്റിനുശേഷമാണു ഉണ്ടായിട്ടുള്ളതെന്നു സമ്മതിക്കാൻ ഞങ്ങൾ തയ്യാറാണു്. പലകാലങ്ങളായി രാജ്യത്തെ കയ്യടക്കിവച്ചിരുന്ന പലരും രാജ്യവിസ്തൃതി വർദ്ധിപ്പിക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും ഒരു സ്റ്റേറെറന്ന നിലയിലോ ഭരണപരമായി ഒരു യൂണിററ് എന്ന നിലയിലോ ഇൻഡ്യ ഒന്നാണെന്നുള്ള ചിന്താഗതിയിൽ ജനങ്ങൾക്കു പ്രവേശിക്കാനുള്ള അവസരം കിട്ടിയതു ഈ കഴിഞ്ഞ നാലുകൊല്ലത്തിനു മുമ്പു് മാത്രമാണു്. അശോകന്റെ കാലത്താണെങ്കിലും. അക്ബറുടെ കാലത്താണെങ്കിലും, മുകിലന്മാരുടെ കാലത്താണെങ്കിലും, രജപുത്രരുടെ കാലത്താണെങ്കിലും, ഇൻഡ്യ ഒന്നാണെന്നുള്ള ഒരു സങ്കല്പമുണ്ടായിരുന്നില്ല. അപ്പോഴൊന്നുംതന്നെ താൻ ഒരു ഭാരതീയനാണെന്നു ചിന്തിക്കാൻ ഒരുത്തനും സാധിച്ചിരുന്നില്ല. പ്രത്യേകം പ്രത്യേകം ഇന്ന ചക്രവർത്തിയുടെ അല്ലെങ്കിൽ, ഇന്ന ഭരണാധിപന്റെ പ്രജകൾ എന്ന നിലയിലാണു ആളുകൾ കഴിഞ്ഞിരുന്നതു്. ഇന്നു ഭരണപരമായി പല പരിവർത്തനങ്ങളും വന്നശേഷം പാകിസ്ഥാൻ ഒഴികെ ബാക്കിയുള്ള ഇൻഡ്യ ഒരു വിഭാഗമായി നിൽക്കുന്നുവെന്നുള്ളതു ഒരു സത്യമാണു്. അതു ഒരു യാഥാർത്ഥ്യമാണെന്നു സമ്മതിക്കുന്നതിനും ഞാൻ തയ്യാറാണു്. ഇങ്ങനെ ഒരവസ്ഥ ഉണ്ടായതിനുശേഷം നമ്മുടെയിടയിൽ മതപരമായും ജാതിപരമായുമുള്ള ചിന്ത നമ്മെ മുന്നോട്ടാണോ പിന്നോട്ടാണോ കൊണ്ടുപോയിരിക്കുന്നതെന്നു ഈ പ്രമേയത്തിന്റെ വെളിച്ചത്തിൽ പരിശോധിക്കുന്നതു വളരെ ആവശ്യമാണെന്നു എനിക്കു തോന്നുന്നു. ഇൻഡ്യ ഒട്ടാകെ നടന്ന രാഷ്ട്രീയപ്രക്ഷോഭണസമയത്തും

ഇവിടെ നടന്ന രാഷ്ട്രീയപ്രക്ഷോഭങ്ങൾ സമയത്തും നമ്മെ തീണ്ടിയിട്ടില്ലാതിരുന്ന ജാതിചിന്തകൾ ഇന്നു നമ്മെ ചുററപ്പെട്ടും വലയം ചെയ്യുന്നുണ്ട്. നമ്മുടെയിടയിൽ പിളർപ്പുണ്ടാക്കാൻ വിദേശ ഭരണാധികാരികൾ ശ്രമിച്ചുകൊണ്ടിരുന്ന കാലത്തെക്കാൾ ഇന്നു ഈ ബാധ സമാധാനപരമായി ജീവിച്ചുവരുന്ന ഗ്രാമാന്തരങ്ങളിലെ ജനങ്ങളുടെയിടയിൽ വളരെ ശക്തിയായി ആഞ്ഞടിച്ചുതുടങ്ങിയിട്ടുണ്ട്. ഇവിടെ ഒരു പൊതുതെരഞ്ഞെടുപ്പും മുനിസിപ്പൽ തെരഞ്ഞെടുപ്പും കഴിഞ്ഞു. പല സ്ഥലത്തും ജാതിയുടെയും മതത്തിന്റെയും അതുപോലെ സങ്കുചിതമായ ചിന്താഗതികളുടെയും പേരിൽ വോട്ടുപിടിക്കാനുള്ള ഒരു പ്രവണതയാണു ഇവിടെ പലരും കാണിച്ചിട്ടുള്ളതെന്നു നമുക്കറിയാമെന്നുള്ളതാണ്. ഞങ്ങളുടെ കക്ഷിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഞങ്ങൾ ജാതിപരമായ ചിന്ത വളർത്തുന്നതിനോ, സാമുദായികമനോഗതി ഉണ്ടാക്കുന്നതിനോ ഉതകുന്നതായ യാതൊരു പ്രചരണവും കൈക്കൊണ്ടിട്ടില്ലെന്നു തീർത്തുപറയാൻ കഴിയും. ഞങ്ങളെ എതിർത്തിരുന്ന ഭരണകക്ഷിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ മിക്കയാളുകളും അവരവർ ഉൾപ്പെടുന്ന സമുദായത്തിലുള്ള ആളുകൾ കൂടുതലുള്ള നിയോജകമണ്ഡലങ്ങളിൽ നിന്നാണു ജയിച്ചുവന്നിട്ടുള്ളതെന്നും വിദേശഭരണാധികാരികളെക്കാൾ കൂടുതലായും സമർത്ഥമായും സാമുദായികചിന്ത വളർത്തിയിട്ടുണ്ടെന്നും വളരെ വ്യക്തമായി കാണാൻ കഴിയും. ഇതു ഞങ്ങൾക്കു നേരിട്ട് അറിവുള്ള സംഗതിയാണ്. ഇന്നു നാം തെരഞ്ഞെടുപ്പു പ്രചരണത്തിനു പോകുമ്പോൾ, വോട്ടിനുവേണ്ടി ആളുകളുടെയിടയിൽ ഇറങ്ങി പ്രവർത്തിക്കുമ്പോൾ, നിഷ്പക്ഷമായ ഒരു നിലവേണം സ്വീകരിക്കേണ്ടതു്. കൂടുതൽ ആളുകൾക്കു നമ്മെ വേണ്ടെങ്കിൽ നാം എന്തിനാണു അസംബ്ലിയിലോ പാർലമെൻറിലോ പോകുന്നതെന്നാണു ഞാൻ ചോദിക്കുന്നതു്. പണം ചിലവാക്കിയും സാമുദായികമായി വോട്ടുപിടിച്ചും അസംബ്ലിമെമ്പർ സ്ഥാനമോ പാർലമെൻറ മെമ്പർ സ്ഥാനമോ കരസ്ഥമാക്കുന്നതിനുള്ള ഒരു സമരമാണോ നമുക്കിപ്പോൾ ഉള്ളതെന്നു നാം വളരെ കാര്യമായി ആലോചിക്കേണ്ടതാണ്. ആ നിലയിൽ ഒററക്കെട്ടായി നിന്നു ഭാരതീയനെന്നുള്ള ചിന്താഗതി എല്ലാവരുടെയും ഇടയിൽ വളർത്തുന്നതിനും ജനാധിപത്യത്തിൽ ജനങ്ങൾക്കു വിശ്വാസം വളർത്തുന്നതിനും വേണ്ടിയായിരിക്കണം നാം തെരഞ്ഞെടുപ്പിനെ ഉപയോഗിക്കേണ്ടതു്. ഇവിടെ ഈയിടെ ഒരു മുനിസിപ്പൽ തെരഞ്ഞെടുപ്പു കഴിഞ്ഞു. പലയിടത്തും ഇന്നു ഭരണാധികാരത്തിലിരിക്കുന്ന കക്ഷിക്കാണു ഭൂരിപക്ഷം കിട്ടിയിട്ടുള്ളതു്. കൊല്ലം നഗരം വളരെ ഭൂരിപക്ഷം കിട്ടിയ ഒരു സ്ഥലമാണ്. അവിടെ എത്രമാത്രം സാമുദായികമായിട്ടുള്ള നിലയിലാണ് ചെയർമാൻ ഇലക്ഷൻ നടന്നിട്ടുള്ളതെന്നുള്ളതു കാൺഗ്രസ്സുകക്ഷിയെ എന്നല്ല ഈ നാട്ടിലെ പൗരബോധമുള്ള യാതൊരു പൗരനെയും ലജ്ജിപ്പിക്കുന്ന ഒരു സംഗതിയാണ്. അതുപോലെയുള്ള ഒരു സംഗതി ചങ്ങനാശ്ശേരിയിലും നടന്നു. തിരുവല്ലായിലും അങ്ങനെ തന്നെ നടക്കാൻ പോകുന്നു.

ശ്രീ. പി. സദാശിവൻപിള്ള: സർ, ഒരു പോയിൻറ് ആഫ് ആർഡർ. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയം തിരുവിതാംകൂർ–കൊച്ചി സ്റ്റേററിൽ ഇന്നു നിലവിലുള്ളതും, ഏതെങ്കിലും ജാതിയുടെയോ

[ശ്രീ. പി. സദാശിവൻപിള്ള.]

ജാതിവിഭാഗങ്ങളുടെയോ പേരിനോടു ഘടിപ്പിച്ചിട്ടുള്ളതുമായ സാമുദായികസംഘടനകളെയെല്ലാം നിയമനിർമ്മാണംമൂലം നിരോധിക്കേണ്ടതാണെന്നു ഈ സഭ അഭിപ്രായപ്പെടുന്നു എന്നുള്ളതാണു്". അതിൽ ഇന്നു നിലവിലുള്ള സാമുദായികസ്ഥാപനങ്ങളെ നിരോധിക്കണമെന്നു മാത്രമേയുള്ളു. അതിനു ഉപോൽബലകമായ കാരണങ്ങളും അറിയിക്കാം. ഈ രാജ്യത്തെ സാമുദായികമനോഭാവത്തെ ഇല്ലാതാക്കണമെന്നും ആഗ്രഹിക്കുന്നതായി ഈ പ്രമേയാവതാരകനു ഉദ്ദേശമില്ലെന്നു പ്രമേയത്തിൽനിന്നും വ്യക്തമാകുന്നുണ്ടു്. ആ നിലയ്ക്കു സാമുദായികമനോഭാവത്തെപ്പററിയുള്ള ചർച്ച ഇവിടെ പ്രസക്തമാണെന്നു തോന്നുന്നില്ല. നിലവിലുള്ള സാമുദായികസ്ഥാപനങ്ങളെപ്പററി പറയുന്നതിനു മാത്രമേ പ്രസക്തിയുള്ളു.

Mr. Speaker : Do you press for a ruling ?

Shri P. Sadasivan Pillai : Yes.

Mr. Speaker : We cannot say that the present trend of the speech is irrelevant. It is the intention of the mover of the resolution that communal organisations must be put an end to by desirable legislation. It is within his province to point out the prevailing communal activities in support of his resolution. I expected the mover of the resolution to meet some points raised in the point of order, that is, how the hon. Member proposes to escape from Articles 15 and 19 of the Constitution dealing with Fundamental Rights. It is for him to say how the contemplated legislation is possible to solve this question. These are general matters which we can more or less understand.

ശ്രീ. ചെങ്ങരപ്പള്ളി പി. നാരായണൻപോററി: കേവലം സാങ്കേതികമായ കാരണങ്ങൾ പറയുന്നതിനുമുമ്പായി സാമുദായികചിന്താഗതി നമ്മുടെയിടയിൽ വളർന്നുകൊണ്ടുവരുന്നതിന്റെ വിപത്തുകളെപ്പററി സൂചിപ്പിക്കുന്നതിനാണു ഞാൻ ഇത്രയും ഇവിടെ പറഞ്ഞതു്. ഏതായാലും ഒരു പായിന്റു് ആഫ് ആർഡർ ഉന്നയിച്ചു പ്രസംഗത്തെ നിയന്ത്രിക്കുന്നതിനു ശ്രമിച്ചതു അത്രത്തോളം ശരിയാണെന്നു എനിക്കു തോന്നുന്നില്ല. അതിനെപ്പററി ബഹുമാനപ്പെട്ട സ്പീക്കർ റൂളു ചെയ്തു കഴിഞ്ഞസ്ഥിതിക്കു കൂടുതലായി എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഈ പ്രമേയം ഇവിടെ കൊണ്ടുവരാനുള്ള സാഹചര്യമെന്താണെന്നും അതിനു എന്നെ പ്രേരിപ്പിച്ച ചിന്താഗതി എന്താണെന്നും ഇവിടെ പ്രകടമാക്കണമെന്നുള്ളതായിരുന്നു എന്റെ പ്രാമുഖ്യമായ ഉദ്ദേശം. ഈ രാജ്യത്തു സാമുദായികചിന്താഗതിയില്ലെന്നും ഇവിടെയുള്ളവരെല്ലാം സ[illegible]ത്തിൽ ജീവിക്കുകയാണെന്നുമുള്ള ഭാവനയിൽ കഴിയുന്ന ആളുകളോടു എനിക്കു യാതൊരു പരാതിയുമില്ല. പക്ഷെ, ഇവിടെ ചില യാഥാർത്ഥ്യങ്ങളുണ്ടു്. അതു നാം മനസ്സിലാക്കണം, അംഗീകരിക്കണം. നമ്മുടെ യഥാർത്ഥ പ്രശ്നങ്ങൾ എന്തെല്ലാമെന്നു അറിഞ്ഞു അതിനു പരിഹാരം കണ്ടുപിടിക്കണമെന്നുള്ളതാണു എന്റെ പ്രധാന ഉദ്ദേശം. പ്രമേയത്തിന്റെ നിയമവശത്തെപ്പററി വലിയ ഭ്രമമോ വ്യാമോഹമോ എനി

ക്കില്ല. നിയമവശത്തെപ്പററിയും സാങ്കേതികവശത്തെപ്പററിയും നിയമപണ്ഡിതന്മാരും സാങ്കേതികവിദഗ്ദ്ധന്മാരുമാണു തീരുമാനിക്കേണ്ടതു്. ഈ പ്രമേയം പാസായി ഇവിടെ ഒരു നിയമനിർമ്മാണം ഉണ്ടായാലും ഇല്ലെങ്കിലും ഈ നാട്ടിലെ നൂറു ലക്ഷത്തിലധികം ആളുകളെ പ്രതിനിധീകരിച്ചുകൊണ്ടു ഇവിടെ ആഗതരായിട്ടുള്ള ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാരെല്ലാവരും നമ്മുടെ രാജ്യത്തുണ്ടാകാൻപോകുന്ന ഭയങ്കരമായ വിപത്തിനെ മനസ്സിലാക്കണമെന്നുമാത്രമെ ഞാൻ ഈ പ്രമേയം അവതരിപ്പിച്ചപ്പോൾ ഉദ്ദേശിച്ചുള്ളു. നമുക്കു നമ്മുടെകാര്യം എന്ന ചിന്താഗതി നമ്മുടെ സന്താനങ്ങളെ ഓർത്തെങ്കിലും മാററണമെന്നാണു എനിക്കു പറയുവാനുള്ളതു്. അങ്ങനെയൊരു ചിന്താഗതി വളർത്തി ഭാവിയെക്കൂടി വിഷയമാക്കണമെന്നാണു ഈ പ്രമേയംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്. ഇവിടെനടന്ന തെരഞ്ഞെടുപ്പിൽ സാമുദായിക ചിന്താഗതി ധാരാളം പ്രകടമായികണ്ടു. അതാരും നിഷേധിക്കുമെന്നു തോന്നുന്നില്ല. വേണമെങ്കിൽ ആർക്കും നിഷേധിക്കാമെന്നല്ലാതെ എല്ലാവരുടെയും മനസ്സിൽ അറിവുള്ള ഒരു കാര്യമാണതു്. അപരവരുടെ ദൈനംദിനകാര്യങ്ങളിൽ മാത്രം ശ്രദ്ധാപൂർവ്വമായി കഴിയുന്ന പട്ടിണിക്കാരും അർദ്ധപട്ടിണിക്കാരുമായ ആളുകളുടെയിടയിൽ ഇങ്ങനെയുള്ള ചിന്താഗതി വളർത്തിക്കൊണ്ടുവരുന്നതു നല്ലതല്ലെന്നുള്ളതിനു പുറമെ ഇവിടെ ഉദിച്ചുയർന്നുവരേണ്ട തലമുറയെക്കൂടി ഇങ്ങനെ വിഷയമാക്കുന്നതിനു ശ്രമിക്കുന്നതു വളരെ ഹൃദയവേദനയോടുകൂടി മാത്രമെ സ്മരിക്കാൻ സാധിക്കുന്നുള്ളു. ഇന്നിവിടെ ഓരോരുത്തരും ഈഴവനെന്നും, നായരെന്നും നമ്പൂരിയെന്നും, പോററിയെന്നും, ക്രിസ്ത്യാനിയെന്നും, മഹമ്മദീയനെന്നുമുള്ള പലപല ചിന്താഗതികളിൽ കൂടിയാണു ജീവിക്കുന്നതെന്നുള്ളതു വളരെ വ്യക്തമായ ഒരു പരമാർത്ഥമാണു്. ഓരോ ജാതിക്കാർക്കു ഓരോ പത്രങ്ങൾ. അതുപോലെതന്നെ ഓരോ ജാതിക്കാർക്കു ഓരോ പരാതികൾ. അതായതു എന്റെ ജാതിയിൽപ്പെട്ടവർ സെക്രട്ടറിയേററിൽ ഇല്ല, അല്ലെങ്കിൽ ഡിപ്പാർട്ടുമെന്റു അദ്ധ്യക്ഷന്മാരായില്ല, എന്നിങ്ങനെയുള്ള പരാതികൾ. ഈ മുറവിളികൾ കൂട്ടുന്നതിനല്ലാതെ രാജ്യത്തിന്റെ പൊതുവായ ക്ഷേമത്തിനുതകുന്ന യാതൊന്നുംതന്നെ, സമുദായ സംഘടനകളെന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘടനയും ചെയ്തിട്ടില്ലെന്നാണു ഞങ്ങളുടെ വിശ്വാസം. അതുകൊണ്ടാണു ഞങ്ങൾ അതിനെപ്പററി പറയുന്നതു്. ഈ രീതിയിൽ ഈ ചിന്താഗതി ഇവിടെ വളരാൻ അനുവദിച്ചാൽ ഈ സംഘടനകളെ ഒരായുധമാക്കി നേതാക്കന്മാർ പ്രചരണങ്ങൾ നടത്തി നമ്മുടെ ജനങ്ങളുടെയും ഭാവിതലമുറകളുടെയും ഭദ്രതയെതന്നെ നശിപ്പിക്കുന്നതിനു ഇടയാക്കുമെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. നേതാക്കന്മാർ ഇറങ്ങി പ്രസംഗിക്കുകയും പത്രത്തിലെഴുതുകയും ചെയ്താൽ മാത്രംപോരാ, വളരെ കർശനമായ ഒരു നിയമനിർമ്മാണംതന്നെ ഇവിടെ ആവശ്യമായിരിക്കുന്നു. അങ്ങനെയൊരു നിയമനിർമ്മാണം ചെയ്വാൻ ഈ സ്റ്റേററിനു അധികാരമില്ലെന്നു് ഒരുവാദം എൻ. എസ്. എസ് ജനറൽ സെക്രട്ടറിയായ എന്റെ സ്നേഹിതൻ ഇവിടെ ഉന്നയിക്കയുണ്ടായി. ഈസ്റ്റേററിനു അതിനധികാരമുണ്ടോയെന്നുള്ളതിനെപ്പററി പരിശോധിക്കാൻ ഇതിനകം തന്നെ ഞാൻ ഭരണഘടന നോക്കുകയുണ്ടായി. ഭരണഘടനയനുസരിച്ചു ഈ സ്റ്റേററിനു അങ്ങനെയൊരു നിയമനിർമ്മാണം ചെയ്യുന്നതിനു അധികാരമുണ്ടെന്നു വ്യക്ത

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി.]

മായി സഭയെ അറിയിക്കുന്നതിനു ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ആർട്ടിക്കിൾ ൧൯ (സി) യിൽ അധികാരമുണ്ടെന്നു പറയുന്നുണ്ടു്. അതിൽതന്നെ നാലാമത്തെ സബ്ക്ലാസിൽ ഇങ്ങനെയാണു പറഞ്ഞിരിക്കുന്നതു്.

"(4) Nothing in sub-clause (*c*) of the said Clause shall affect the operation of any existing law in so far as it imposes, or prevent the State from making any law imposing, in the interests of public order or morality, reasonable restrictions on the exercise of the right conferred by the said sub-clause."

സാമുദായികസംഘടനകൾ രാജ്യക്ഷേമത്തിനു വിപരീതമായി പ്രവർത്തിക്കുകയാണെന്നു് ഭരണാധികാരികൾക്കു് ഉത്തമാത്ഥമായ ബോദ്ധ്യമുണ്ടെങ്കിൽ അതിനു reasonable restriction കൊടുക്കാൻ അധികാരമുണ്ടു്. ഇനി ൨൫-ാം ആർട്ടിക്കിൾ വായിച്ചുനോക്കാം. അതിലും വ്യക്തമായി അധികാരമുണ്ടെന്നു മനസ്സിലാക്കാൻ കഴിയും.

"Article 25. (1) Subject to public order, morality and health and to the other provisions of this Part, all persons are equally entitled to freedom of conscience and the right freely to profess, practise and propagate religion".

പക്ഷെ, അടുത്തതായി ഇങ്ങനെയും പറയുന്നുണ്ടു്.

"Article 25. (2) Nothing in this article shall affect the operation of any existing law or prevent the State from making any law—

(*a*) regulating or restricting any economic, financial, political or other secular activity which may be associated with religious practice;"

മതത്തിന്റെയും സമുദായത്തിന്റെയും പേരിൽ എന്തു തോന്നിയവാസവും വിളിച്ചുകൊണ്ടുനടക്കാനുള്ള അവകാശമല്ല ഭരണഘടന നമുക്കു പ്രദാനം ചെയ്തിട്ടുള്ളതു്. അങ്ങനെ തോന്നിയവാസം വിളിച്ചുപറഞ്ഞു് അവരവരുടെ കാര്യങ്ങൾ സമുദായത്തിന്റെ പേരിൽ സാധിക്കാമെന്നു വിചാരിക്കുന്ന അവസരത്തിൽ അതിനെ നിയന്ത്രിക്കുന്നതിനുള്ള അവകാശം ഓരോ സ്റ്റേറ്റിനും കൊടുത്തിട്ടുണ്ടു്.

ശ്രീ. എം. പി. ചെറിയാൻ: മതത്തിന്റെയും സമുദായത്തിന്റെയും പേരിൽ സ്കൂളുകൾ നടത്തുന്നതിനെപ്പററി മെമ്പറുടെ അഭിപ്രായമെന്താണു്?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: സ്കൂളുകളും കാളേജുകളും നടത്തുന്നതു് സമുദായത്തിന്റെ ഗുണത്തിനോ ദോഷത്തിനോ എന്നുള്ള കാര്യത്തെപ്പററി ഞാനിപ്പോൾ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. ഏതായാലും അതു രാഷ്ട്രത്തിനു് ഒരു പ്രശ്നമായി തീർന്നുകൊണ്ടിരിക്കുകയാണു്. ആർട്ട്സ് കാളേജുകൾ നടത്തി അധികം

ആളുകൾ ബിരുദധാരികളായി വെളിയിലിറങ്ങുന്നതു് തീർച്ചയായും സമൂഹത്തിൻെറ ഒരു പ്രശ്നമായിരിക്കും. ഏതായാലും ആ കാര്യവും ഞാൻ പറഞ്ഞുകൊണ്ടുവന്നതുമായി കൂട്ടി കുഴക്കേണ്ടയാവശ്യമില്ല. നമ്മുടെ നാട്ടിൽ സാമുദായികമായിട്ടുള്ള ചിന്താഗതി ചില ഗുണങ്ങൾ ഉണ്ടാക്കിയിട്ടില്ലെന്നു ഞാൻ പറയുന്നില്ല. ആ ചിന്താഗതി എല്ലാം മണ്ഡലങ്ങളിൽനിന്നും ഉച്ചാടനം ചെയ്യണമെന്നും ഞാൻ പറയുന്നില്ല. സാമൂഹ്യമായും സാമ്പത്തികമായും അവശതയനുഭവിക്കുന്ന പട്ടികജാതിക്കാരുടെ പല പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ടു്. അവക്കെല്ലാം സാമുദായികമായ അടിസ്ഥാനത്തിലുള്ള സംഘടനകൾ ആവശ്യമാണു്. അവരുടെ അവശതകൾക്കു പരിഹാരമുണ്ടാകുന്നതുവരെ ആ സംഘടനകൾ പ്രവർത്തിക്കേണ്ടതാണു്. അതിനുള്ള സൗകര്യവും ഭരണഘടന അനുവദിക്കുന്നുണ്ടു്.

പേരിനോടുകൂടി പോററിയെന്നു വച്ചിരിക്കുന്നതുകൊണ്ടു് ഒരു സമുദായവാദിയാകുകയില്ലെയെന്നു് ഇവിടെ ഒരു ചോദ്യമുണ്ടായി. ഞാൻ ആ പേരു വേണമെങ്കിൽ മാററാം. പക്ഷെ, അതിൽ എനിക്കൊരു വിശ്വാസം തോന്നുന്നില്ല. എൻെറ പേരിൻെറ അററത്തുനിന്നു് ആ സ്ഥാനം മാററുകയോ വേറൊന്നു ചേർക്കുകയോ ചെയ്താൽ എൻെറ മനസ്സിലുള്ള നൈസർഗ്ഗികമായ ചിന്താഗതി മാറുമെന്നു എനിക്കു് വിശ്വാസമില്ല. വാലു മുറിച്ചു്, സമുദായങ്ങൾ നശിച്ചു്, മതങ്ങൾ ഏകീകരിച്ചുവെന്നെല്ലാം ഉച്ചത്തിൽ പ്രസംഗിച്ചുനടക്കുന്ന മനുഷ്യരാണു് ഇന്നു് ഏററവും വലിയ സാമുദായികവിപത്തു രാജ്യത്തു പ്രചരിപ്പിക്കുന്നതു്. എന്തിൻെറ പേരിലായാലും അടുത്ത തലമുറയെ മുഴുവൻ വിഷമയമാക്കുന്നതിനു് ഇന്നു തന്നെ കടിഞ്ഞാൺ പിടിച്ചു് ഓരോ വാട്ടർടൈററു് കമ്പാർട്ടുമെൻറിലിട്ടു് സമുദായത്തിൻെറ പേരും പറഞ്ഞു് പ്രവർത്തനം നടത്തുന്നവർക്കു് രാജ്യസ്നേഹമോ ജനസ്നേഹമോ അടുത്ത തലമുറയോടെങ്കിലും സ്നേഹമോ ഉണ്ടോയെന്നു ഗവണ്മെൻറു് ആലോചിക്കണമെന്നാണു് ഞാൻ പറയുന്നതു്.

ദേഹത്തിനു നല്ല സുഖമില്ലാത്തതുകൊണ്ടു വളരെയധികം സംസാരിക്കാൻ എനിക്കു നിവൃത്തിയില്ല. ഇന്നു കക്ഷിക്കാരനാണു പ്രമേയം അവതരിപ്പിച്ചതെന്നുള്ള ഒരു ഭേദബുദ്ധി പ്രകടിപ്പിക്കാതെ എല്ലാവരും പ്രമേയത്തെ അംഗീകരിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ: നിയമംകൊണ്ടു സാമുദായികചിന്താഗതി ഇല്ലാതെയാക്കാൻ കഴിയുമെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: നിയമം എഴുതിയുണ്ടാക്കുന്ന രീതിയനുസരിച്ചിരിക്കും. മോഷ്ടിക്കരുതെന്നു നിയമമുണ്ടു്. അതുകൊണ്ടു മോഷണം നടക്കാതിരിക്കുന്നുണ്ടോ? നിയമമുണ്ടായിട്ടും മോഷണം തടയാനാവുന്നില്ല എന്ന പരാതിയോ, അതിൻെറ പേരിൽ മോഷണം നിയമവിരുദ്ധമാക്കുന്ന നിയമം പിൻവലിക്കണമെന്ന വാദമോ ഉണ്ടായതായി നാം കേട്ടിട്ടില്ലല്ലോ. അതുപോലെയുള്ള ഒരു ചോദ്യമാണു ഈ ചോദ്യം.

ശ്രീ. എ. കുഞ്ഞൻനാടാർ: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. എന്നാൽ "തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ഇന്നു നിലവിലുള്ളതും, ഏതെങ്കിലും ജാതിയുടെയോ, ജാതി വിഭാഗങ്ങളുടെയോ പേരിനോടു ഘടിപ്പിച്ചിട്ടുള്ളതുമായ സാമുദായികസംഘടനകളെയെല്ലാം നിയമനിർമ്മാണംമൂലം നിരോധിക്കേണ്ടതാണെന്ന് ഈ സഭ അഭിപ്രായപ്പെടുന്നു" എന്നുള്ള ഈ പ്രമേയത്തിന്റെ താല്പര്യത്തെയാണ് പിൻതാങ്ങുന്നത്. ഈ പ്രമേയത്തിന്റെ ഘടന അത്ര ശരിയല്ല. ഇന്ന് ഇവിടെ നിലവിലുള്ള സാമുദായികസംഘടനകൾ പലതരത്തിലുള്ളവയാണ്. സമുദായത്തിന്റെ പേരിൽ ഘടിപ്പിച്ചിട്ടുള്ള സംഘടനകളുണ്ട്, അല്ലാത്ത സംഘടനകളുമുണ്ട്. സംഘടനകളുടെ പേര് മാററിയതുകൊണ്ടോ, നിയമംമൂലം അവ നിരോധിച്ചതുകൊണ്ടോ സാമുദായികമായി ഇപ്പോഴുള്ള കുഴപ്പങ്ങൾ പരിഹരിക്കപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇവിടത്തെ സാമുദായികസംഘടനകളെപ്പററിപ്പറയുകയാണെങ്കിൽ അവ ചില സമുദായങ്ങൾക്കു യാതൊരു ഗുണവും ചെയ്തിട്ടില്ലെന്നു പറയാൻ സാദ്ധ്യമല്ല. പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്ക്, സാമ്പത്തികമായും വിദ്യാഭ്യാസപരമായുമുള്ള അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന്, അവശതകൾ പരിഹരിക്കുന്നതിന് ഈ സാമുദായികസംഘടനകൾ ഒഴിച്ചുകൂടാൻപാടില്ലെന്ന അഭിപ്രായക്കാരനാണ് ഞാൻ. അതുകൊണ്ടു സാമുദായികസംഘടനകൾ പാടില്ലെന്നു പൊതുവെ പറയുന്നതു ശരിയല്ല. ഇവിടെ സാമുദായികസംഘടനകളല്ലാ മാററാനുള്ളത്, സമുദായവും, ജാതിയുമില്ലാതാക്കണം. ഇപ്പോൾ ഇവിടെയുള്ള ഓരോ രാഷ്ട്രീയസംഘടനകളും ഓരോ തരത്തിലുള്ള സാമുദായികസംഘടനകളാണെന്നു പറയാം. ഓരോ രാഷ്ട്രീയസംഘടനയും ൧൫ ശതമാനം അല്ലെങ്കിൽ ൨൦ ശതമാനം എന്ന വ്യത്യാസത്തോടുകൂടിയുള്ള സാമുദായികസംഘടനകളായിട്ടാണ് നമുക്കു അനുഭവമുള്ളത്. തെരഞ്ഞെടുപ്പിനെപ്പററി ഇവിടെ പ്രസ്താവിച്ചപ്പോൾ, ജാതിയുടെ പേരിലാണ് കാൺഗ്രസ്സുകാർ ഇവിടെ തെരഞ്ഞെടുപ്പു നടത്തിയതെന്നു പ്രമേയകർത്താവു പറയുകയുണ്ടായി. വളരെ പുരോഗമിച്ചിട്ടുണ്ടെന്ന് അവകാശപ്പെടുന്ന ഇടതുപക്ഷകക്ഷികളും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജാതിയെ അടിസ്ഥാനമാക്കിയാണു സ്ഥാനാർത്ഥികളെ നിറുത്തിയിട്ടുള്ളതെന്ന് എനിക്കറിയാം. ഉദാഹരണമായി എന്റെ താലൂക്കായ നെയ്യാററിങ്കരയിൽ കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ, നായന്മാർ ഭൂരിപക്ഷമുള്ള നിയോജകമണ്ഡലത്തിൽ നായർ കമ്മ്യൂണിസ്റ്റിനേയും ഈഴവർ ഭൂരിപക്ഷമുള്ള നിയോജകമണ്ഡലത്തിൽ ഈഴവകമ്മ്യൂണിസ്റ്റിനേയും, നാടാർ ഭൂരിപക്ഷമുള്ള നിയോജകമണ്ഡലത്തിൽ നാടാർ കമ്മ്യൂണിസ്റ്റിനേയും ആണ് സ്ഥാനാർത്ഥികളായി നിറുത്തിയിട്ടുള്ളതു. തെരഞ്ഞെടുപ്പുകൾ ജാതിയുടെ പേരിൽ നടത്തുന്ന പല പ്രവർത്തനങ്ങളും ഇടതുപക്ഷകക്ഷികൾ കാൺഗ്രസ്സുകാരെപ്പോലെ തന്നെ കൈക്കൊണ്ടിട്ടുണ്ട്. സാമുദായികമായി വോട്ടു ചെയ്യണമെന്ന് അപേക്ഷിക്കാനായി വേദശ്രേഷ്ഠനെ സമീപിച്ചിട്ടുള്ളതായി എനിക്കറിയാം. ജാതിയുടെ പേരിൽ വോട്ടു പിടിക്കുന്നതു പിന്നെയും ക്ഷമിക്കാം. എന്നാൽ അതിലും ഹീനമായ മാർഗ്ഗങ്ങളാണവർ കൈക്കൊണ്ടിട്ടുള്ളതു. ഉദാഹരണമായി എതിർസ്ഥാനാർത്ഥികളെപ്പററി നീചമായ അപവാദ

ങ്ങൾ പരത്തുകയും അവരുടെ നേർക്ക് അക്രമങ്ങൾ പ്രവർത്തിക്കയും ചെയ്യുകയെന്നുള്ളത് അവരുടെ ഒരു പ്രധാന പരിപാടിയാണ്. തിരുവിതാംകൂറിലെ രാഷ്ട്രീയചരിത്രം നോക്കിയാൽ, ദേശീയഗവൺമെന്റ് നടപ്പിൽവന്ന കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്തെ ചരിത്രം പരിശോധിച്ചാൽ, മൂന്നു പ്രബലസമുദായങ്ങൾ തമ്മിൽ നടന്നിട്ടുള്ള ഒരു വടംവലി, ഒരു ത്രികോണസമരമാണെന്നു നമുക്കു കാണാം. ഈ രാജ്യത്ത് ഇതിനകം നാലോ, അഞ്ചോ മന്ത്രിസഭാകുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ട്. അതൊന്നും രാജ്യശ്രേയസ്സിനെ പരിഗണിച്ചുണ്ടായ മാററങ്ങളോ, കുഴപ്പങ്ങളോ ആയിരുന്നില്ല. ഏതെങ്കിലും നയത്തിലോ തത്വത്തിലോ ഉണ്ടായവയുമല്ല. കേവലം സാമുദായികമാത്സര്യം മൂലം ഉണ്ടായിട്ടുള്ളതാണ്. ഇന്നും അതുതന്നെയാണ് ഇവിടെ നടക്കുന്നത്. നമ്മുടെ ഇടയിൽ ഉണ്ടായിട്ടുള്ള സാമുദായികമനഃസ്ഥിതി ഇപ്പോൾ വളരെ അധഃപതിച്ച് ഒരു പുതിയ അദ്ധ്യായത്തിലേക്കു പ്രവേശിച്ചിരിക്കുകയാണ്. കോൺഗ്രസ്സ് മന്ത്രിസഭയെ തകിടം മറിക്കാൻ ശ്രമിക്കുന്ന ആളുകൾ ഇവിടെയുണ്ട്, അതായത് കോൺഗ്രസ്സിനകത്തും പുറത്തുമുണ്ട്. കോൺഗ്രസ്സിനെ എതിർക്കുന്ന ആളുകൾ കോൺഗ്രസ്സ് മന്ത്രിസഭയെ എതിർക്കുന്നത് മനസ്സിലാക്കാം. എന്നാൽ കോൺഗ്രസ്സിനകത്തുള്ളവർ ഇതു പ്രവർത്തിക്കുന്നതെന്തിനാണ്? വെറും സാമുദായികമനഃസ്ഥിതിയാണതിനു കാരണം. സർ, ഈ രാജ്യത്തെ സാധാരണക്കാരെ ഏററവും വിഷമിപ്പിക്കുന്ന ഒരു സംഗതി ഇവിടെ നടക്കുന്നുണ്ട്. ആഹാരമില്ലെങ്കിലും സഹിക്കാം. ഉടുക്കാൻ തുണി ഇല്ലെങ്കിലും കിടക്കാൻ വീടില്ലെങ്കിലും സഹിക്കാം. അതിലും അസഹ്യമായിട്ടുള്ള ഒന്നാണ് ഈ രാഷ്ട്രീയപതിവ്രതകളുടെ പാതിവ്രത്യപ്രസംഗം. അതായത് ഏററവും അസഹ്യവും അരോചകവുമായ ഒന്നാണ് ഈ രാഷ്ട്രീയപതിവ്രതകളുടെ പ്രസ്താവനകളും പ്രസംഗങ്ങളും. ഇവർ കഴിഞ്ഞ അഞ്ചു കൊല്ലത്തിനിടയിൽ ഈ രാജ്യത്തെ അലങ്കോലപ്പെടുത്തിയവരും പാതാളത്തിന്റെ അടിത്തട്ടിലേക്കു താഴ്ത്തിയവരുമാണ്. ഏററവും ദുഷിച്ച മന്ത്രിസഭകൾക്കു കൂട്ടുനിന്നവരാണ് സർ, ഇവർ.

തമിഴ്നാട്ട് കോൺഗ്രസ്സുകാർ കോൺഗ്രസ്സിൽ ലയിക്കണമെന്നും, അല്ലാത്തപക്ഷം അവരുമായുള്ള ബന്ധം വിടുർത്തണമെന്നും ചിലർക്കഭിപ്രായമുണ്ട്. അവർ കോൺഗ്രസ്സിൽ ലയിക്കുകയോ, ലയിക്കാതിരിക്കുകയോ, അവരിൽ ഒരാളെ മന്ത്രിസഭയിൽ വച്ചുകൊണ്ടിരിക്കുകയോ, അല്ലാതിരിക്കുകയോ ചെയ്യുന്നതിൽ എനിക്കു നിർബന്ധമൊന്നുമില്ല.

Mr. Speaker : Is the Tamil Nad Congress Party a communal organisation. ?

Shri A. Kunjan Nadar : No, Sir. I don't think it is a communal organisation.

Mr. Speaker : You are wandering away from the main topic of the resolution.

<u>ശ്രീ. എ. കുഞ്ഞൻ നാടാർ:</u> ഞാൻ ഇവിടത്തെ സമുദായമനഃസ്ഥിതിക്കാരുടെ പ്രചരണരീതിയെപ്പററി പറയുകയാണ്. ഈ രാജ്യത്തെ ഏതു പാർട്ടിക്കാർ ഭരിക്കണമെന്ന് എനിക്കു താല്പര്യമില്ല. ഏതു

[ശ്രീ. എ. കുഞ്ഞൻനാടാർ.]

വ്യക്തികൾ ഭരിക്കണമെന്നുമെനിക്കു താല്പര്യമില്ല. രാമൻ ഭരിച്ചാലും രാവണൻ ഭരിച്ചാലും ഇവിടെ ഒരു നല്ല ഗവൺമെൻറുവേണം; നാട്ടിൽ സുഭിക്ഷതയുള്ള ഒരു പരിതഃസ്ഥിതിയുണ്ടാകണം. തമിഴ്നാട്ടുകാർ പറയുന്നതും പ്രവർത്തിക്കുന്നതുമെല്ലാം ശരിയാണെന്നു ഞാൻ പറയുന്നില്ല. ഞാൻ ഇതു പറയുന്നതു തമിഴ്നാട്ടുമന്ത്രി യോഗ്യനാണെന്നു സ്ഥാപിക്കാനല്ല.

കാൺഗ്രസ്സു മന്ത്രിസഭയെ മറിച്ചിടാൻ ഏററവും ഒടുവിൽ സ്വീകരിച്ചുകാണുന്ന മാർഗ്ഗം തമിഴ്നാടിനെ ഭിന്നിപ്പിക്കുക എന്നുള്ളതാണ്. അതിലേയ്ക്കു എന്തധഃപതിച്ച മാർഗ്ഗവും സ്വീകരിക്കാൻ ഈ ദേശീയക്കാർ തയ്യാറാണ്. സർ, അടുത്തകാലത്തു തെക്കൻതിരുവിതാംകൂറിൽ കൊല്ലംകോട്ട് എന്ന സ്ഥലത്തു ഒരു സംഭവമുണ്ടായി. അതു ഇന്നത്തെ രാഷ്ട്രീയ നേതാക്കന്മാരെന്നഭിമാനിക്കുന്നവരുടെ സാമുദായികമനഃസ്ഥിതിക്കു ഒരു ഉദാഹരണമായി ഞാൻ പറയുകയാണ്. അതായതു രാഷ്ട്രീയ മനഃസ്ഥിതിയും സാമുദായികമനഃസ്ഥിതിയും എത്രത്തോളം അധഃപതിച്ചു എന്നു കാണിക്കുന്നതിനാണ്, സമുദായമനഃസ്ഥിതിമൂലം അവർ എത്ര അധഃപതിച്ചുപോയി എന്നു തെളിയിക്കുവാനാണ് ഒരു സമുദായത്തിൽപ്പെട്ട ഒരു സ്ത്രീയെ വേറെ ഒരു സമുദായത്തിൽപ്പെട്ട ഒരു യുവാവു ബലാൽക്കാരമായോ വശീകരിച്ചോ സ്നേഹിച്ചോ കൊണ്ടുപോയി.

Mr. Speaker : Is not that matter *sub judice* ?

Shri A. Kunjan Nadar : No, Sir. It is not.

Mr. Speaker : What has happened to the case ?

ശ്രീ. എ. കുഞ്ഞൻ നാടാർ : ഞാൻ ആ കേസിനെപ്പററി പറയുന്നില്ല. സ്നേഹിച്ചോ, ബലം പ്രയോഗിച്ചോ കൊണ്ടുപോയി. ഇതുപോലുള്ള സംഭവങ്ങൾ മററ് അനേകം സ്ഥലങ്ങളിലും നടക്കുന്നുണ്ട്. ദേശീയം പ്രസംഗിക്കുന്ന ഇവിടത്തെ ചില രാഷ്ട്രീയനേതാക്കൾ ഈ സംഭവമൊരു രാഷ്ട്രീയായുധമാക്കി ഉപയോഗിച്ച് മാന്യന്മാരുടെ നേർക്ക് ചെളിവാരിയെറിയുവാൻ അവർ സാഹസപ്പെട്ടു. ഇങ്ങനെയുള്ളവരുടെ സാമുദായികമനസ്ഥിതി എത്രത്തോളം അധഃപതിച്ചിട്ടുണ്ടെന്നു കാണിക്കാനാണ് ഞാൻ ഒരുങ്ങിയതു്.

Mr. Speaker : Even during last session the matter was referred to.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഇത്തരം ഹീനമായ മാർഗ്ഗങ്ങൾ ആരും സ്വീകരിക്കാൻ പാടില്ല എന്നു ഞാൻ പറയുകയാണ്. സർ, ഈ സംഭവം വച്ചുകൊണ്ടു തെക്കൻ തിരുവിതാംകൂറിൽ ഒരു വർഗ്ഗീയലഹള ഉണ്ടാക്കാൻകൂടി ഈ ദേശീയക്കാർ ശ്രമിച്ചു. കഴിഞ്ഞ രണ്ടോ മൂന്നോ ദിവസങ്ങൾക്കു മുമ്പ് ഞാൻ പത്രങ്ങളിൽ വായിക്കുകയുണ്ടായി, പീരുമേട്ടിൽ ഐ. എൻ. ടി. യു. സി. പ്രവർത്തനങ്ങളിൽ നാടാന്മാർ ഭരിക്കുന്നു എന്ന്. തമിഴ്നാട്ടു മന്ത്രി അവിടെ പോയി അവരെ സഹായിക്കുന്നു എന്നെല്ലാം. അതു് ഈ സഭയിലെ ഒരംഗം പുറപ്പെടുവിച്ച ഒരു സ്റ്റേറ്റുമെൻറാണ്. പീരുമേട്ടിൽ നടക്കുന്നതെന്താണെന്നു എനിക്കു വ്യക്തമായി അറിയാവുന്നതുകൊണ്ടാണ് ഞാൻ ഇതു് പറയുന്നതു്.

Mr. Speaker : May I remind the hon. Member that this is a game in which both parties can play? That is one aspect of the matter.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ കാരണങ്ങൾകൊണ്ട് ഞാൻ പറയുന്നതാണ് സാമുദായികമനഃസ്ഥിതിമൂലം നാട്ടിൽ കലാപങ്ങൾക്കു കാരണമായിത്തീരുമെന്നുള്ള സംഗതി. പീരുമേട്ട സംഭവത്തെപ്പറ്റി പറയുകയാണെങ്കിൽ അതു കുട്ടിക്കുരങ്ങിനെക്കൊണ്ട് ചോരവാരിക്കുന്ന ഒരു സംഭവമാണെന്നും നമുക്കറിയാം. കുട്ടിക്കുരങ്ങിനെപ്പറ്റി എനിക്കു പരാതിയില്ല. എന്നാൽ അതിനെക്കൊണ്ട് ചോരമാന്തിച്ചിട്ട് അതിനെ ഭക്ഷിക്കുന്ന വലിയ കുരങ്ങിനെപ്പറ്റിയാണെനിക്കു പരാതി.

Mr. Speaker : May I tell the hon. Member to realise that the discussion is not at all relevant to the resolution before the House ?

ശ്രീ. എ. കുഞ്ഞൻ നാടാർ : അതുകൊണ്ടാണെനിക്കിത്ര സങ്കടം.

Mr. Speaker : I would go to the extent of preventing this. I cannot allow an hon. Member to be assaulted in this House.

ശ്രീ. എ. കുഞ്ഞൻനാടാർ : നമ്മുടെ സാമുദായിക മനസ്ഥിതി മൂലം നാം വളരെ അധഃപതിച്ച നിലയിൽ എത്തിച്ചേർന്നിരിക്കയാണെന്നുള്ളതു മാത്രമേ എനിക്കു പറയാനുള്ളു. ഇതിനു പരിഹാരമായി ജാതീയ സംഘടനകൾക്കു പൊതു പ്പേരു ആയതുകൊണ്ടോ സാമുദായിക സംഘടനകൾ പാടില്ല എന്നുള്ളതു നിയമംമൂലം നിരോധിച്ചതുകൊണ്ടോ ആയില്ല. മനുഷ്യർ നന്നാകണം.

ഇവിടത്തെ പത്രങ്ങളെ തന്നെ എടുക്കാം. ഞാൻ ഒരു പ്രത്യേക പത്രത്തെപ്പറ്റിയല്ല പറയുന്നതു്. ഇന്നു പത്രപ്രവർത്തനം ഓരോ ജാതിയുടെയും പേരിലാണ് നടത്തിവരുന്നതു്. ആ പത്രങ്ങൾ ഇന്ന് അതാതു ജാതിക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി മാത്രം എന്താഭാസവും പറയുന്നതിനു തയാറാണ്. ആ ഒരു നില മാറേണ്ടതാണ്. അതിനു ആദ്യമായി മനുഷ്യർ നന്നാകണം. സർ, ജാതി നിലനിൽക്കുന്നിടത്തോളം കാലം ഈ ജാതിമനഃസ്ഥിതിയും നിലനിൽക്കും. നമ്മുടെ സകല പ്രവർത്തന രംഗങ്ങളിലും അതു് ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ തലപൊക്കുകതന്നെ ചെയ്യും. മനുഷ്യർ നന്നായെങ്കിൽ മാത്രമേ ഡെമോക്രസി വളരുകയുള്ളു. ആദ്യമായി അതിനു നാം ജാതിയെ നശിപ്പിക്കുകയാണു വേണ്ടതു്. അതൊന്നുമാത്രമാണിതിനു പരിഹാരമായിട്ടുള്ളതു്. ഇവിടത്തെ ജാതിയുടെ ദുഷിച്ചവശത്തെപ്പറ്റി പറയുമ്പോൾ ഒരുദാഹരണംകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ.

ഇവിടത്തെ പൊതുപ്രവർത്തനങ്ങളിൽ ശേഷിമാനും യോഗ്യനും ഏററവും മിതവാദിയും പരിചയസമ്പന്നനുമായ ഒരു വ്യക്തിയാണ് ശ്രീ. പി. എസ്സ്. നടരാജപിള്ള. അദ്ദേഹത്തിനു 24 മണിക്കൂർ തികച്ച് ഇവിടെ മന്ത്രിയായിരിക്കാൻ സാധിച്ചില്ല. അതു ജാതിയുടെ പേരിൽ നടന്ന ഒരുജാതിപ്രവർത്തനമാണ്. സർ, ജാതി നിലനിൽക്കുന്നിടത്തോളംകാലം ജാതി സംഘടനകൾ ഉണ്ടെങ്കിലും ശരി ഇല്ലെങ്കിലും ശരി ജാതീയമനോഭാവങ്ങളും ജാതീയപ്രവർത്തനങ്ങളും..............

Mr. Speaker : To what caste does Mr. P. S. Nataraja Pillai belong ?

ശ്രീ. എ. കുഞ്ഞൻ നാടാർ : ജാതി ബലമില്ലാത്ത ഒരു വിഭാഗത്തിൽപ്പെട്ട ഒരാളായതുകൊണ്ടാണു് ഈ കുഴപ്പം വന്നതെന്നാണു് എന്റെ അറിവു്. അതുകൊണ്ടെനിക്കു പറയുവാനുള്ളതു ഈ ജാതിയുടെ ദുഷിച്ച പാരമ്പര്യങ്ങളും ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിൽ പ്രവർത്തനരംഗത്തിൽ തലപൊക്കുമെന്നുള്ളതാണു്. അതുകൊണ്ടു് ജാതി നശിപ്പിക്കണം. അതിനു ഒരേ ഒരു മാർഗ്ഗമേയുള്ളു. ഇന്റർമാര്യേജ്. മിശ്രവിവാഹം. അതിലേയ്ക്കുവേണ്ടി നാം പ്രവർത്തിക്കണം. അതിലേയ്ക്കു ഗവണ്മെന്റു് വേണ്ട നടപടികൾ എടുക്കേണ്ടതാണു്. ശ്രീമാൻ പോററിയോടും എനിക്കീ അപേക്ഷയുണ്ടു്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: മെംബറുടെ വിവാഹം കഴിഞ്ഞോ?

ശ്രീ. എ. കുഞ്ഞൻ നാടാർ: ഒന്നു കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. കുഞ്ഞിതൊമ്മൻ : ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. പ്രമേയത്തിൽ പറയുന്ന തത്വങ്ങൾ അനുസരിച്ചു ഒരു നിയമംമൂലം ഈ രാജ്യത്തെ സമുദായസംഘടനകൾ നിരോധിക്കണമെന്നാണു് ഇതിൽ പറയുന്നതു്. അതു അത്ര ശരിയാണെന്നു എനിക്കഭിപ്രായമില്ല. സമുദായസംഘടനകൾ ഉപയോഗപ്രദങ്ങളായ പല നല്ല കാര്യങ്ങളും ചെയ്തുവരുന്നുണ്ടു്. ജനങ്ങളുടെയിടയിൽ ഈശ്വരവിശ്വാസവും തൻമൂലം സമാധാനവും ഉണ്ടാക്കുന്നതിനു സഹായകമായിരിക്കുന്നതു ഈ സമുദായസംഘടനകളാണു്. അതേ സമയം വർഗ്ഗീയവിരോധമുണ്ടാക്കുന്നതും ഈ രാജ്യത്തിൽ രാഷ്ട്രീയ കുഴപ്പങ്ങൾക്കു കാരണമാകുന്നതും സമുദായസംഘടനകൾ വേണ്ട എന്നു പറയുന്ന പാർട്ടികളുടെ പ്രവർത്തനം മൂലമാണു്. രാഷ്ട്രീയ കാര്യങ്ങളും ഗവണ്മെന്റു കാര്യങ്ങൾ കുറെയെങ്കിലും വർഗ്ഗീയവിരോധമില്ലാതെ നടന്നുപോകുന്നതു മിക്കവാറും ഈ സമുദായനീതി പുലർത്തുന്നതുകൊണ്ടാണു്, ഈ മാതിരി സംഘടനകളെ നിയമംമൂലം നിരോധിക്കുന്നതുകൊണ്ടു മാത്രം സമുദായവിദ്വേഷം നാട്ടിൽ ഇല്ലാതാകുമെന്നു ഞാൻ കരുതുന്നില്ല. ഇപ്പോഴത്തെ നിലയിൽ (സമുദായസൌഹാർദ്ദം ഉണ്ടാകുന്നതുവരെ) സംഘടനകൾ ആവശ്യമാണെന്നു ഞാൻ കരുതുന്നു.

Mr. Speaker : The resolution deals only with communal organisations.

ശ്രീ. കുഞ്ഞിതൊമ്മൻ : സമുദായസംഘടനകൾ രാജ്യത്തില്ലാതാകുന്നതുകൊണ്ടോ നിരോധിക്കുന്നതുകൊണ്ടോ യാതൊരു പ്രയോജനവുമുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. പ്രമേയ അവതാരകൻ തന്റെ പാർട്ടിയിൽപ്പെട്ടവർ മാത്രം തിരഞ്ഞെടുപ്പുകളിലും മററും സമുദായചിന്തകൂടാതെ പ്രവർത്തിക്കുന്നു എന്നു പ്രസംഗിച്ചതായി കേട്ട പ്രസ്താവന തികച്ചും തെററാണെന്നു മാത്രമല്ല ഇവിടെ വന്നിട്ടുള്ള ആരുംതന്നെ സമുദായങ്ങളുടെ താൽപ്പര്യങ്ങൾ കൂടാതെ ജയിച്ചുവന്നിട്ടുള്ളവരല്ല. എന്റെ അടുത്ത നിയോജകമണ്ഡലത്തിൽനിന്നും നിങ്ങളുടെ പാർട്ടിയിൽ ജയിച്ചുവന്നിട്ടുള്ള ഒരാളുടെ കാര്യം എനിക്കു നേരിട്ടറിയാം. അദ്ദേഹം സഭയിൽ

ഹാജരില്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ പേരു ഞാൻ പറയുന്നില്ല. അക്കാര്യം എനിക്കു പരിപൂർണ്ണമായി അറിവുള്ള സംഗതിയാണ്. വർഗ്ഗീയതമൂലം ഇന്നു നാട്ടിലുണ്ടായിട്ടുള്ള കുഴപ്പങ്ങൾക്കു എത്ര തെളിവു വേണമെങ്കിലും തരാൻ കഴിയുന്നതാണ്. സമുദായസംഘടനകൾ നിരോധിച്ചതുകൊണ്ടു മാത്രം യാതൊരു ഗുണവും ഉണ്ടാകാൻപോകുന്നില്ല. ഇന്നു രാഷ്ട്രീയ സംഘടനകളിൽപ്പെട്ട നേതാക്കന്മാർ ജനങ്ങളുടെയിടയിൽ വർഗ്ഗീയസ്പർദ്ധയും ജാതിസ്പർദ്ധയും പ്രചരിപ്പിച്ചുവരുന്നുണ്ട്. ഈ ജാതിസ്പർദ്ധയും സമുദായസ്പർദ്ധയും അവസാനിപ്പിക്കുവാൻ അവർ ശ്രമിക്കണം.

സാമുദായിക മനോഭാവത്തെപ്പററി പറയുമ്പോൾ മന്ത്രിമാർ ഏതു സമുദായത്തിൽപ്പെട്ടവരായാലും അവരെ മന്ത്രിയായി തെരഞ്ഞെടുത്തുകഴിഞ്ഞാൽ ആ സമുദായത്തിൽപ്പെട്ടവർ മനസ്സുകൊണ്ടെങ്കിലും സന്തോഷിക്കും, തങ്ങളുടെ സമുദായത്തിൽനിന്നും ഒരു മന്ത്രി ഉണ്ടല്ലോ എന്ന്. എന്നാൽ എനിക്കിന്നീട്രഷറി ബഞ്ചിനോട് പറയാനുള്ളതു നമ്മുടെ രാജ്യത്തിന്റെ നന്മക്കായി ഒരു സമുദായത്തിൽപ്പെട്ട മന്ത്രിമാർ തന്നെയായാലും ഞാൻ അതിനെ അനുകൂലിക്കുവാൻ തയാറാണെന്നാണ്. രാജ്യം നന്നാകണമെന്നുള്ളതാണു ഞാൻ നോക്കുന്നതു്. രാഷ്ട്രീയ കാര്യങ്ങളിലും ഗവണ്മെൻറിന്റെ പ്രവർത്തനങ്ങളിലും സമുദായസ്പർദ്ധ കടന്നുകൂടാതിരിക്കത്തക്ക നിലയിൽ ഭരണം നടത്തിക്കൊണ്ടു പോകുകയും ചെയ്താൽ തീർച്ചയായും സമുദായസ്പർദ്ധ നശിക്കും. സമുദായസ്പർദ്ധ വിട്ടുമ്പോൾ രാഷ്ട്രീയകാര്യങ്ങളിലും ഗവണ്മെൻറുകാര്യങ്ങളിലും നീതി ലഭിക്കും. അപ്പോൾ രാജ്യത്തു സമാധാനമുണ്ടാകും. അതിനോടു ഏതു പാർട്ടിയിൽപ്പെട്ടവരായാലും മിക്കവാറും എല്ലാവരും തന്നെ യോജിക്കുകയും ചെയ്യും. അല്ലാതെ സമുദായസംഘടനകൾ നിരോധിക്കുന്നതിനു നിയമനിർമ്മാണമാവശ്യമാണെന്നോ, സംഘടനകൾ വളരാൻ അനുവദിച്ചാൽ സമുദായസ്പർദ്ധ വർദ്ധിക്കുമെന്നു പറഞ്ഞുകൊണ്ടു അതിലേക്കു ഒരു പ്രമേയം പാസ്സാക്കിയതുകൊണ്ടോ യാതൊരു പ്രയോജനവുമില്ല.

സമുദായസംഘടനകൾ ഇപ്പോഴത്തെ നിലയിൽ ആവശ്യമാണെന്നാണെന്റെ വിശ്വാസം. എന്നാൽ അതു നിയമംമൂലം നിരോധിക്കുന്നതിനു പകരം നമ്മുടെ പ്രവർത്തകന്മാർ ജനങ്ങളുടെയിടയിൽപോയി ആത്മാർത്ഥമായ പ്രചരണം നടത്തിയാൽ ഈ സമുദായസ്പർദ്ധയില്ലാതാക്കാൻ കഴിയും. നിരോധനംകൊണ്ടു അതില്ലാതാക്കാൻ കഴിയുകയില്ല. ഇന്നു സമുദായസംഘടനകളുടെപേരിൽ പണം പിരിച്ചുകൊണ്ടു പല അനാവശ്യങ്ങളും ചെയ്യുന്നുണ്ടെന്നു എന്റെ സ്നേഹിതൻ മി. പോററി പറഞ്ഞുകേട്ടു. സമുദായങ്ങളുടെപേരിൽ പലരും പണം പിരിച്ചു പല നല്ല കാര്യങ്ങളും ചെയ്തു വരുന്നതായി നമുക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. നേരെമറിച്ചു രാഷ്ട്രീയപാർട്ടികളിൽപെട്ടവർ വന്നു അവിടെ ദുരിതം, ഇവിടെ ദുരിതം എന്നെല്ലാം പറഞ്ഞു എന്റെ നാട്ടിലും കൂടിവന്നു പണം പിരിച്ചിട്ടുണ്ട്. ചേത്തല ദുരിതനിവാരണത്തിനെന്നും പറഞ്ഞ് ചേത്തലയിലെ സ്ഥിതികൾ അറിഞ്ഞുകൂടാത്തവർ നടന്നു പണം ആവശ്യപ്പെട്ടിട്ടുണ്ട്. ഇങ്ങനെ കിട്ടുന്നപണം ചീട്ടുകളിക്കും മററു സ്വന്തകാര്യങ്ങൾക്കും ഉപയോഗിക്കുന്നു. ഇതാണ് ഇന്നു നടക്കുന്നതു്. ഇതിനു സമു

[ശ്രീ. കുഞ്ഞിതൊമ്മൻ]

ദായസംഘടനകളെ കുററം പറഞ്ഞതുകൊണ്ടു പ്രയോജനമില്ല. അവ നിയമംമൂലം നിരോധിച്ചതുകൊണ്ടും പ്രയോജനമില്ല. മദ്യനിരോധനം തന്നെ ഉദാഹരണമാണ്. മദ്യം നിരോധിച്ചെങ്കിലും അതിനുപകരം എസ്സൻസ് ഉപയോഗിച്ച് ആളുകൾ അപകടത്തിൽപെടുന്നില്ലേ? ആദ്യമായി മനുഷ്യർ നന്നാകണം.

അതുപോലെ തന്നെ സമുദായസംഘടനകൾ കഴിയുന്നതും രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടാതെ സാമൂഹ്യപ്രവർത്തനങ്ങളിലും മററും ഇടപെട്ടു പ്രവർത്തിക്കേണ്ടതാണ്. സമുദായസംഘടനകൾ രാജ്യത്തിനു ആപത്തായി തീരുകയാണെങ്കിൽ അതിനെ നിരോധിക്കേണ്ടതാണ് സമുദായസ്പർദ്ധയുണ്ടാകാതിരിക്കുന്നതിനു പത്രങ്ങൾക്കും ഒരു പങ്കു വഹിക്കാനുണ്ട്. പത്രങ്ങളും വർഗ്ഗീയമായി പെരുമാറരുത്. അങ്ങിനെയുള്ളപത്രങ്ങളെ നിരുത്സാഹപ്പെടുത്തണം. സമുദായസ്പർദ്ധ ഉണ്ടാകത്തക്ക പലപല കാര്യങ്ങൾ ഈ രാജ്യത്തുണ്ടായിട്ടുണ്ട്. രാജ്യത്തിൻെറ നന്മക്കുവേണ്ടി നാം ആത്മാർത്ഥമായി പെരുമാറേണ്ടതാണ്.

ഇന്നു സമുദായസംഘടനകൾകൊണ്ട് ജനങ്ങൾക്കുണ്ടായിട്ടുള്ള ദോഷങ്ങൾ എന്താണ്, ഗുണങ്ങൾ എന്താണ് എന്നുള്ള കാര്യം എൻെറ സ്നേഹിതൻ ശ്രീ. നാരായണൻ പോററി വിശദീകരിച്ചു കാണുന്നില്ല. ഏതായാലും എനിക്കു പറയാനുള്ളതു ഈ സമുദായികസംഘടനകൾ രാജ്യത്തു ആവശ്യമില്ലെങ്കിൽ അവ ഇല്ലാതാകുന്നതിനു ജനങ്ങളുടെയിടയിൽ ആത്മാർത്ഥമായി പ്രചരണം നടത്തി വിശ്വാസം ജനിപ്പിക്കത്തക്കവണ്ണം പ്രവർത്തിക്കണം. ഈ ഒരു പരമാർത്ഥം മഹാത്മാഗാന്ധിതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇന്നു നമുക്കു ക്ഷമയില്ലാത്തതുകൊണ്ടാണ് ഇങ്ങനെയുള്ള കുഴപ്പങ്ങൾക്കിടയാകുന്നതു്. അതുകൊണ്ട് എനിക്കു പറയാനുള്ളതു് മാന്യസ്നേഹിതൻ ഉദ്ദേശിച്ചിട്ടുള്ള യാതൊരു ഗുണങ്ങളും ഇതുകൊണ്ടുണ്ടാകാൻ പോകുന്നില്ല എന്നാണ്. സമുദായസ്പർദ്ധനശിപ്പിക്കുന്നതിനു ജനങ്ങളുടെയിടയിൽ പ്രചരണം നടത്തണമെന്നും രാജ്യത്തിൻെറ നന്മയ്ക്കുതകുന്ന പ്രവർത്തനങ്ങൾ നടത്തണമെന്നും അഭിപ്രായപ്പെട്ടുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

<u>ശ്രീ. കെ. കരുണാകരൻ</u>: സർ, ഈ പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ചെങ്ങാരപ്പള്ളി നാരായണൻ പോററി തിരുമേനി ഉന്നയിച്ച വാദഗതിയോടു് ഞാനും യോജിക്കുന്നു. എന്നാൽ സാമുദായികമായ ചിന്താഗതികൾ ഒരു നിയമംമൂലം ഇല്ലാതാക്കാൻ കഴിയുമെന്നാണ് അദ്ദേഹം ഉദ്ദേശിച്ചതെങ്കിൽ അദ്ദേഹം കൊണ്ടുവന്ന വാദമുഖങ്ങൾതന്നെ അതിന് പ്രായോഗികമായി വരുന്നില്ലെന്ന് പറയേണ്ടിയിരിക്കുന്നു. എന്താണ് തിരുമനസ്സ് എന്നും പോററി എന്നും ഉള്ള പേരു നീക്കാത്തതെന്നു ചോദിച്ചപ്പോൾ ആ സ്ഥാനം നീക്കിയതുകൊണ്ടുമാത്രം ഈ ചിന്താഗതി പോകുന്നതല്ലെന്ന് അദ്ദേഹംതന്നെ സമ്മതിച്ചിട്ടുണ്ട്. അങ്ങനെയാണെങ്കിൽ സാമുദായികമായ ചിന്താഗതി ഇല്ലാതാക്കുന്നതിന് ഒരു നിയമം പാസ്സാക്കിയതുകൊണ്ടുമാത്രം യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നതല്ലെന്ന ശ്രീ. കുഞ്ഞിതൊമ്മൻെറ അഭിപ്രായത്തോടു ഞാൻ യോജിക്കുകയാണു ചെയ്യുന്നതു്.

സർ, ഈ പ്രമേയം ഞാനാണു അവതരിപ്പിച്ചിരുന്നതെങ്കിൽ അതിന് കുറെക്കൂടി പൊരുത്തമുണ്ടായിരുന്നു. കരുണാകരൻ എന്ന എന്റെ പേരുകൊണ്ട് ജാതി എന്താണ്, മതം എന്താണ് എന്ന് നിശ്ചയിക്കാൻ നിവൃത്തിയില്ല. ക്രിസ്ത്യാനിക്കും ഹിന്ദുവിനും ആ പേരുണ്ട്. പേരിന്റെ പിന്നാലെ ബാക്കിഭാഗം ഇല്ലാത്തതുകൊണ്ട് ഞാൻ നായരാണോ ഈഴവനാണോ, അല്ലെങ്കിൽ, എന്റെ ജാതി എന്താണ് എന്ന് പേരുകൊണ്ട് നിശ്ചയിക്കുവാൻ ഒക്കുകയില്ല. അതാതു വിഭാഗത്തിലുള്ള ആളുകൾ അവരുടെ മനസ്ഥിതികൊണ്ടു അവരവരുടെ സമുദായത്തിൽ മനംമാററം വരുത്തിയാൽ മാത്രമേ ഈ സാമുദായികചിന്താഗതിക്ക് കുറെയൊക്കെ ശമനം വരുത്തുവാൻ സാദ്ധ്യമാകുകയുള്ളു. എസ്സ്. എൻ. ഡി. പി. സംഘടനയുടെ അനുഭവം വച്ചുകൊണ്ട് എനിക്ക് ഒരു സംഗതി സ്പഷ്ടമാക്കുവാൻ കഴിയും. ഭഗവാൻ ശ്രീനാരായണഗുരുവിന്റെ സന്ദേശം അനുസരിച്ച്. ഉണ്ടാക്കിയ ആ സംഘടനയുടെ ലക്ഷ്യം ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്നും മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി എന്നും ആണ്. പക്ഷെ ഒടുവിൽ ആ സംഘടന കേവലം ഒരു സമുദായത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുന്ന ഒരു സംഘടനയായിത്തീർന്നു. അപ്പോൾ നിയമംകൊണ്ട് ഈ വക കാര്യം നിരോധിച്ചാൽ നാം ഉദ്ദേശിക്കുന്ന ഫലം അതുകൊണ്ട് ഉണ്ടാകാൻ പോകുന്നില്ല. ഈ സാമുദായിക ചിന്താഗതികൾ എത്രയും വേഗത്തിൽ അവസാനിപ്പിക്കുവാൻ സാധിക്കുമോ, അത്രയും വേഗത്തിൽ രാജ്യം നന്നാകുമെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നവനാണ് ഞാൻ. രാജ്യത്തിന്റെ ക്ഷേമകരങ്ങളായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു എന്നു പറയുന്നവർക്കെങ്കിലും അവരുടെ പരിപാടികളിലും പ്രവർത്തനങ്ങളിലും ഈ തത്വം സ്വീകരിച്ച് പെരുമാറുന്നതു് നന്നായിരിക്കും.

ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രസ്താവിച്ച കൂട്ടത്തിൽ പ്രമേയകർത്താവു പറഞ്ഞതു് എന്റെ പാർട്ടി തെരഞ്ഞെടുപ്പു കാലത്തു് യാതൊരു സാമുദായികക്കൂട്ടുകെട്ടും നടത്തിയിരുന്നില്ല, എന്നാണ്. ഞാൻ അദ്ദേഹത്തെ വെല്ലുവിളിക്കുന്നു. ചവറ തെരഞ്ഞെടുപ്പുകാലത്തു ഞാൻ അവിടെ ഉണ്ടായിരുന്നു. ശ്രീ. പ്രാക്കുളം ഭാസി ഒരു നായർ എന്ന നിലയിൽ ആ സമുദായത്തിലുള്ള ധാരാളം വോട്ടുകൾ സമ്പാദിച്ചിട്ടുള്ളതായി എനിക്കറിയാം. എവിടെയും, ഏതു പാർട്ടിയായാലും സാമുദായിക ചേരിയിൽ നിന്നുകൊണ്ട് തെരഞ്ഞെടുപ്പു കാലത്തു് കുറെ വോട്ടുകൾ പിടിച്ചെടുക്കുമെന്നുള്ളതു് സ്വാഭാവികമാണ്. ഇതിൽനിന്നും മോചനം ലഭിക്കണമെന്നുണ്ടെങ്കിൽ ഇത്തരം ഇടുങ്ങിയ സാമുദായിക ചിന്താഗതികളിൽ നിന്നും ജനങ്ങളെ ഉദ്ധരിക്കുന്നതിന് ശരിയായ ഉപദേശങ്ങൾകൊടുത്തു് അവരെ നല്ല വഴിക്കു നയിക്കുകയാണു വേണ്ടതു്. ഏതെങ്കിലും ഒരു സിദ്ധാന്തം അതെത്രതന്നെ നന്നായിരുന്നാലും സാർവത്രികമായി പ്രായോഗികമാക്കിത്തീർക്കണമെങ്കിൽ അതിനു കുറെക്കാലം പിടിക്കണം. ഇതു് സാമുദായികം എന്നു വേണ്ട രാഷ്ട്രീയ പരിപാടികൾക്കാണെങ്കിലും വേണം. എന്റെ ബഹുമാന്യസ്നേഹിതനായ പ്രമേയകർത്താവിന് ആദ്യത്തെ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടുന്നില്ലെന്നിരിക്കട്ടെ. അതുകൊണ്ട് അദ്ദേഹം നിരാശനാകേണ്ട കാര്യമില്ല. വീണ്ടും തന്റെ സ്വന്തം ആഗ്രഹത്തിൽതന്നെ ഉറച്ചുനിന്നുകൊണ്ട് പ്രവർത്തിക്കണം. പക്ഷെ ഒരിക്കലും ആദർശത്തിൽനിന്നും വ്യതിചലിക്കരുതു്. സാമുദായികചിന്താ

[ശ്രീ. കെ. കരുണാകരൻ]

ഗതികൾ നീക്കം ചെയ്യുന്നതിനു ശരിയായ പ്രവൎത്തനരീതിയിൽ തന്നെ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണു്. നല്ല രീതിയിൽ പ്രവൎത്തിച്ചാൽ എത്ര വിരസങ്ങളും വിമുഖങ്ങളുമായ സിദ്ധാന്തങ്ങൾപോലും വിജയിക്കുന്നതാണെന്നു നമുക്കനുഭവമുണ്ടല്ലോ. അഹിംസ, അക്രമരാഹിത്യം എന്നീ സിദ്ധാന്തങ്ങളെ രാഷ്ട്രീയ കാൎയ്യങ്ങളിൽ ഒരു പ്രായോഗിക ആയുധമാക്കാൻ കഴിയുമെന്നു നാം ആരും വിചാരിച്ചിരുന്നില്ല. എന്നല്ല അതൊരു പരാജയമായിരിക്കുമെന്നു 1948 ആഗസ്റ്റ് 15-ാം തീയതിവരെ ജനങ്ങൾ വിശ്വസിച്ചുപോന്നിരുന്നു. എന്നാൽ മഹാത്മാഗാന്ധി ആ ആദർശത്തിൽ മുറുകി പിടിച്ചുകൊണ്ടു് അനസ്യൂതമായി നിരന്തരമായി ശ്രമിച്ചു. ആദ്യം ആദ്യം കേവലം ഒരു ശതമാനം ജനങ്ങൾ പോലും ആ ആദർശത്തിൽ വിശ്വസിച്ചിരുന്നില്ല. എങ്കിലും അതു പ്രായോഗികമാക്കുവാൻതന്നെ അദ്ദേഹം പരിശ്രമിച്ചു. ഒടുവിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. ഏതൊരു കാൎയ്യവും നിയമംകൊണ്ടു് ശാസിക്കുന്നപക്ഷം മാത്രം വിചാരിക്കുന്ന പ്രയോജനം ഉണ്ടാകണമെന്നില്ല. വിശേഷിച്ചും, ഈ വക കാൎയ്യങ്ങൾ മനുഷ്യന്റെ മാനസികമായ ചിന്താഗതികൾക്കു മാററം വരുത്തുന്നതിനു പകരം നിയമംകൊണ്ടു് നിരോധിക്കുന്നതു് നിഷ്ഫലമായ ഒരു ഉദ്യമം ആയിരിക്കും. നല്ല ഒരു കാൎയ്യമാണെന്നുള്ള ബോധത്തോടുകൂടി പ്രവൎത്തിക്കുവാൻ ഒരു വാസന ജനിപ്പിക്കുകയായിരിക്കും ഏററവും ഫലപ്രദമായ പരിപാടി.

ജാതി തിരിച്ചിട്ടുള്ളതുതന്നെ, എനിക്കതിനെപ്പററി നല്ല നിശ്ചയമില്ല, ഞാൻ അതിനെപ്പററി അന്വേഷിക്കാറുമില്ല ഏതു ജാതിയായാലും മനുഷ്യൻ നന്നായാൽ മതി എന്നു വിശ്വസിക്കുന്നവനാണു ഞാൻ—തൊഴിലിനെ അടിസ്ഥാനപ്പെടുത്തിയാണു്. ഒരു ടെക്സ്റ്റൈൽ മിൽ തന്നെ എടുക്കുക, നൂൽ എടുക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരെ സ്പിന്നേഴ്സ് എന്നും നെയ്യുന്നവരെ വീവേഴ്സ് എന്നും പറയുന്നില്ലേ. അതുപോലെ ഓരോ ജോലിയിലും ഏർപ്പെട്ടിരിക്കുന്നവൎക്കു് ഓരോ പേരുണ്ടു്. ഇങ്ങനെ വന്നതാണു് ആശാരി, കരുവാൻ, തുടങ്ങിയ ജാതികൾ. അതുകൊണ്ടു് ഒരാൾ മേലാണു് അല്ലെങ്കിൽ കീഴാണു് എന്നു വരുന്നില്ല. എങ്കിലും ക്രമേണ ആ ഒരു മനോഭാവം ജനങ്ങളുടെ ഇടയിൽ വളൎന്നുവരാൻ തുടങ്ങി. ഇപ്പോൾ ഓരോ ഡിപ്പാർട്ടുമെന്റിലിരിക്കുന്നവർ തന്റെ ഡിപ്പാർട്ടുമെന്റാണു് ഏററവും പ്രാധാന്യം ഉള്ള ഡിപ്പാർട്ടുമെന്റ എന്നു വിചാരിക്കുന്നില്ലേ? അങ്ങനെ ഈ തൊഴിലാളികളും വിചാരിച്ചു. ഒടുവിൽ ജാതീയമായ ഉച്ചനീചത്വമനോഭാവം വളൎന്നുവന്നു. മനുഷ്യസമുദായം നന്നാകണമെന്നുള്ള മനഃസ്ഥിതിയോടുകൂടി ആ സന്ദേശം പ്രചരിക്കണമെന്നാഗ്രഹിക്കുന്ന ആളുകൾ തിരുമേനിയെപ്പോലെ പോററി എന്ന നാമധേയം വയ്ക്കാതെ ജാതീയ ചിന്താഗതികൾ പോകുവാൻവേണ്ടി ജനങ്ങളുടെ ഇടയിൽ ആത്മാൎത്ഥമായി പ്രവൎത്തിക്കയാണു വേണ്ടതു്. അല്ലാതെ കടലാസു പ്രമേയംകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകുവാൻ പോകുന്നില്ല.

ശ്രീ. കുഞ്ഞിരാത്തമ്മൻ: ഈ പേരുവച്ചുകൊണ്ടു തന്നെ എല്ലാപേരോടും സമഭാവനയായിട്ടു പ്രവൎത്തിച്ചാൽ പോരേ?

ശ്രീ. കെ. കരുണാകരൻ: പേരു മാററുന്നതുകൊണ്ടു് സൗകര്യം കൂടുകയെ ഉള്ളൂ.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: സർ, ഉന്നതമായ ആദർശങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രമേയമാണു് ശ്രീ. ചെങ്ങരാപ്പള്ളി പി. നാരായണൻ പോററി അവതരിപ്പിച്ചിട്ടുള്ളതു്. ഈ പ്രമേയം അവതരിപ്പിച്ച അവസരത്തിൽതന്നെ എന്റെ മാന്യസ്നേഹിതൻ ഒരു പായിൻറു് ആഫ് ആർഡർ കൊണ്ടുവരികയും ധനകാര്യമന്ത്രി ഇതു അവതരിപ്പിക്കാവുന്നതാണെന്നുള്ള വിധത്തിൽ ഒരഭിപ്രായം പുറപ്പെടുവിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ഈ പ്രമേയം ഇവിടെ ആലോചിക്കുന്നതിൽ കവിഞ്ഞു് യാതൊരു ഫലവും ഇല്ലെന്നു് വെളിവാകുന്നുണ്ടു്. അങ്ങനെയാണു് ഞാൻ മനസ്സിലാക്കിയതു്. ഇതിനെപ്പററി ഇവിടെ വേണമെങ്കിൽ കുറെ വാദപ്രതിവാദങ്ങൾ ചെയ്യാം. എന്നാൽ കാൺസ്റ്റിററ്യൂഷനിൽ ഉൾക്കൊണ്ടു് പ്രവൎത്തനത്തിൽ വരുത്തുവാൻ വളരെ പ്രയാസമുണ്ടു്; അങ്ങനെ യാതൊരു പ്രയോജനവും ഇല്ലാത്ത ഒരു പ്രമേയമായിരിക്കും ഇതു് എന്നു അദ്ദേഹം അനുമാനിച്ചതുപോലെയാണു എനിക്കും തോന്നിയതു് എങ്കിലും ഇതേപ്പററി ഒന്നുരണ്ടു് അഭിപ്രായങ്ങൾ പറയുന്നതു് കുറെക്കൂടി പ്രയോജനപ്പെടുമെന്നുള്ള വിചാരത്താൽ ഞാൻ എഴുന്നേററു നിൽക്കുകയാണു്.

സർ, ഈ പ്രമേയത്തെ എതിർക്കുന്നതു് രാഷ്ട്രീയമായ ഒരു കുറവാണെന്നു പറയാതെ നിവൃത്തിയില്ല. ഞാൻ ഏതെങ്കിലും മതത്തിൽ അല്ലെങ്കിൽ സമുദായത്തിൽ നിൽക്കുന്നു എന്നു പറയുന്നതു ഇന്നു രാഷ്ട്രീയമായി മുന്നോട്ടുവന്നിട്ടുള്ള ഒരുവക ആളുകൾക്കു് അത്ര ഇഷ്ടപ്പെടുകയില്ല. അതുകൊണ്ടു് രാഷ്ട്രീയമായി പുരോഗമിച്ചിട്ടുണ്ടെന്നു ഭാവിക്കുന്ന ആളുകളും രാഷ്ട്രീയമായി പ്രവൎത്തിക്കുന്നവരും ജാതിയേയും സമുദായത്തേയും വെറുക്കുന്നുണ്ടു്. പക്ഷെ പുരാതീനമായി നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന സംസ്കാരത്തെ പരിശോധിക്കുന്നപക്ഷം ഭാരതത്തിലും, വിശിഷ്യ, കേരളത്തിലും ഇന്നു എന്തെങ്കിലും കാര്യമായി സാധിച്ചിട്ടുണ്ടെങ്കിലും എന്തെങ്കിലും ഉന്നമനം ഉണ്ടായിട്ടുണ്ടെങ്കിലും അതിനു് ഇവിടത്തെ സാമുദായികപ്രവൎത്തകന്മാർ ഒരു വലിയ പങ്കു് വഹിച്ചിട്ടുണ്ടെന്നുള്ളതു് സമ്മതിക്കാതെ തരമില്ല. വിദ്യാഭ്യാസംതന്നെ എടുക്കുക. തിരുവിതാംകൂർ. കൊച്ചി സംസ്ഥാനത്തിൽ, അല്ലെങ്കിൽ കേരളത്തിൽ, വിദ്യാഭ്യാസസംബന്ധമായി എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ ഇവിടത്തെ സാമുദായികപ്രവൎത്തകരല്ലെ? ഒന്നാലോചിച്ചാൽ സമുദായം അത്യന്താപേക്ഷിതമാണെന്നു നമുക്കു മനസിലാക്കുവാൻ കഴിയും. നമ്മുടെ ഗവണ്മെൻറിനു വിദ്യാഭ്യാസത്തിൽ വേണ്ടിടത്തോളം പ്രവൎത്തിക്കുവാൻ സാധിക്കാതെ വരുന്ന സന്ദർഭങ്ങളിൽ ഓരോ സമുദായവും അവരുടെ സാമുദായികാടിസ്ഥാനത്തിൽ നിന്നുകൊണ്ടു് വിദ്യാഭ്യാസത്തിൽ വളരെ വളരെ വിലയേറിയ പ്രവൎത്തനങ്ങൾ നടത്തിയിട്ടുണ്ടു്. കഴിഞ്ഞ മൂന്നു നാലു വർഷങ്ങൾക്കുള്ളിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു എത്ര എത്ര കാളേജുകൾ ഉണ്ടാക്കിയിട്ടുണ്ടു്. ഏതെങ്കിലും രാഷ്ട്രീയ പാർട്ടി ഒരു കാളേജു് എങ്കിലും ഉണ്ടാക്കിയിട്ടുണ്ടോ? ഒരു പക്ഷെ അതിനൊരു പിൻബലം കൊടുക്കുന്നതിനു ഇവിടത്തെ രാഷ്ട്രീയ പാർട്ടിക്കു സാധിച്ചില്ലെന്നു വന്നേക്കാം. എല്ലാ കാളേജുകളും സാമുദായിക അടിസ്ഥാന

[ശ്രീ. കെ. പി. കൃഷ്ണമേനോൻ]

ത്തിലാണ് ഉണ്ടാക്കിയിട്ടുള്ളത്. എന്റെ ബഹുമാന്യസ്നേഹിതനും എന്റെ സമുദായത്തിലെ ഉന്നതനേതാവുമായ ശ്രീ. മന്നത്തു പത്മനാഭനെ ഈ അവസരത്തിൽ സ്മരിക്കാതെ നിവൃത്തിയില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: അദ്ദേഹം ഏതു സമുദായത്തിന്റെ നേതാവാണ്?

ശ്രീ. കെ. പി. കൃഷ്ണമേനോൻ: എന്റെ സമുദായത്തിലെന്നപോലെ ബഹുമാനപ്പെട്ട മെമ്പറുടെ സമുദായത്തിലെയും നേതാവാണ്.

ശ്രീ. കെ. കെ. കുമാരപിള്ള: പിന്നെ എന്തുകൊണ്ടാണ് പത്മനാഭൻ എന്നു മാത്രം പറഞ്ഞത്?

ശ്രീ. കെ. പി. കൃഷ്ണമേനോൻ: അതിനെപ്പറ്റി ഇപ്പോൾ പറയണമെന്നു വിചാരിക്കുന്നില്ല.

അദ്ദേഹം അദ്ദേഹത്തിന്റെ ജീവിതംപോലും അർപ്പിച്ച് ഈയിടെ ഉണ്ടാക്കിയിട്ടുള്ള കാളേജുകൾ സമുദായത്തിന്റെ പേരിലല്ലെങ്കിൽ ഉണ്ടാകുമായിരുന്നില്ല. അതുകൊണ്ട് സാമുദായിക അടിസ്ഥാനത്തിൽ ഉള്ള ചിന്താഗതികൾക്ക് രാഷ്ട്രീയ പരിഗണനകളിൽ എന്തെല്ലാം കുറവുകൾ കണ്ടിരുന്നാലും കാര്യനടത്തിപ്പിനും സാംസ്കാരികവും സാമ്പത്തികവുമായ നമ്മുടെ വളർച്ചയ്ക്കും ആ ചിന്താഗതി തീരെ ഇല്ലാതെ വരുന്നതുകൊണ്ട് വിഘാതം നേരിടുമെന്നു തീർത്തു പറയേണ്ടിയിരിക്കുന്നു. ഒരു കാര്യത്തിൽ പ്രമേയകർത്താവിനോട് ഞാൻ യോജിക്കുന്നു. രാജ്യനന്മയെ ആദ്യം മാനിക്കുക. സമുദായത്തെ അതിനുശേഷം നോക്കുക. രാജ്യത്തോടുള്ള കടപ്പാടു ആദ്യം കാണുക. പിന്നെ സമുദായത്തോടും അല്ലെങ്കിൽ മതത്തോടും ഉള്ള കടപ്പാടു കാണുക. ഇന്നു കുറ്റക്കാരുടെ ലിസ്റ്റു എടുത്തു നോക്കുന്ന പക്ഷം സമുദായചിന്ത ഉള്ളവരുടെ ഇടയിൽ, ദൈവത്തെ വിശ്വസിക്കുന്നവരുടെ ഇടയിൽ, കുറ്റങ്ങൾ ചെയ്തിട്ടുള്ളവരുടെ സംഖ്യ കുറഞ്ഞുവരുന്നുണ്ട്. അതുകൊണ്ട് സാന്മാർഗ്ഗികമായ നിലയിൽ നോക്കിയാലും സാമുദായികചിന്തയും സമുദായസംഘടനകളും ആവശ്യമാണെന്നു കാണാം. അതിനാൽ ഈ പ്രമേയത്തിലെ തത്വത്തോട് ഞാൻ ആത്മാർത്ഥമായി യോജിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രായോഗികമായ വിഷമതകളെ പരിഗണിക്കുമ്പോൾ എനിക്ക് ഈ പ്രമേയത്തെ എതിർക്കേണ്ടതായിട്ടാണിരിക്കുന്നത്.

ശ്രീ ഒ. സി. നൈനാൻ: സർ, ഞാൻ പ്രമേയകർത്താവിന്റെ പ്രസംഗം ആദ്യവസാനം വളരെ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം പ്രമേയത്തെ ആസ്പദമാക്കി ചെയ്യുന്ന പ്രസംഗത്തിന്റെ ആശയം ആർക്കും സ്വീകാര്യയോഗ്യമാണെന്നാണെന്റെ അഭിപ്രായം. എന്നാൽ, പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന ആശയം മറ്റൊന്നാണ്. ഇവ തമ്മിൽ ഒരു പൊരുത്തവും ഇല്ല. അങ്ങനെ പ്രസംഗം ഒരുവിധത്തിൽ, പ്രമേയം മറ്റൊരുവിധത്തിൽ. സമുദായ സംഘടനകൾ നിയമംമൂലം നിരോധിക്കണമെന്നുള്ളതാണ പ്രമേയത്തിന്റെ ഉള്ളടക്കം. പ്രസംഗവും പ്രമേയത്തിന്റെ ഉള്ളടക്കവുമായിട്ടു യാതൊരു ചേർച്ചയുമില്ലാതിരിക്കുന്നതു. അദ്ദേഹം പറയുന്നതു, സമുദായങ്ങളുടെ

എല്ലാം കൂടിയതുകൊണ്ടാണ് സാമുദായികവൈരുദ്ധ്യമുണ്ടാകുന്നതെന്നും, അഭിപ്രായവ്യത്യാസമുണ്ടാകുന്നതെന്നും ആണ്. രാഷ്ട്രീയമായി പലവിധ പ്രത്യാഘാതങ്ങളും സാമുദായികചിന്തകളും ഇതിൽനിന്നുമാണ് ഉത്ഭവിക്കുന്നതെന്നും അതുകൊണ്ട്, ഒരു നിയമംമൂലം സമുദായസംഘടനകളെ നിരോധിക്കണമെന്നും മററുമാണ്. സാമുദായികമനോഭാവത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ ചിലപ്പോൾ രാഷ്ട്രീയമായ പല കുഴപ്പങ്ങൾക്കും ഇടകൊടുക്കുമെന്നുള്ളതു് ഞാൻ സമ്മതിക്കാം. എനിക്കതിൽ അഭിപ്രായവ്യത്യാസവുമില്ല. എങ്കിലും സമുദായ സംഘടനകളെയെല്ലാം ഒരു നിയമംമൂലം നിരോധിക്കണമെന്നു പറയുന്നതിനോട് എനിക്കു ഒരുവിധത്തിലും യോജിക്കുവാൻ നിവൃത്തിയില്ല. നമ്മുടെ രാജ്യത്തിന്റെ ചരിത്രപരമായ സംഗതികളിലേക്ക് നാം ഒന്നു കണ്ണോടിക്കുകയാണെങ്കിൽ സാംസ്കാരികമായും, സാമൂഹ്യമായുംമററും രാജ്യശ്രേയസ്സിനുതകുന്ന പല നന്മകളും സമുദായ സംഘടനകൾ മൂലമാണ് നാം ആർജ്ജിച്ചിട്ടുള്ളതെന്നു മനസ്സിലാക്കാവുന്നതാണ്. മിസ്റ്റർ. ഡെപ്യൂട്ടിസ്പീക്കർ പ്രസ്താവിച്ചതുപോലെ സാമുദായികസംഘടനകൾ രാജ്യത്തിൽ വിദ്യാഭ്യാസപരമായി ചെയ്തിട്ടുള്ള നന്മകൾ ആർക്കും ഒരിക്കലും ലഘുവാക്കിയോ ചെറുതാക്കിയോ പറയാവുന്നതല്ല. വിദ്യാഭ്യാസപരമായിട്ടുള്ള കാര്യങ്ങളിൽ മാത്രമല്ല, കാരുണ്യപരമായും ഓരോ സമുദായങ്ങൾ ചെയ്തതും ചെയ്യുന്നതുമായ നന്മകളെ നാം ഓർക്കേണ്ടതാണ്. മാത്രമല്ല; ആവിധ സമുദായസംഘടനകളോടും അതിന്റെ പ്രവർത്തകരോടും നാം എന്നെന്നും നന്ദിയുള്ളവരായിരിക്കേണ്ടതുമാണ്. ഓരോ സമുദായസംഘടനകൾ രാജ്യത്തിനകത്തു് ഇന്നും വിദ്യാഭ്യാസപരമായും, കാരുണ്യപരമായും, പല കാര്യങ്ങൾ വളരെ ജാഗ്രതയോടുകൂടി പ്രവർത്തിച്ചുവരുന്നുണ്ട്. ഇങ്ങനെ പ്രവർത്തിക്കുന്നവരുടെ പ്രവർത്തനങ്ങളെ, അല്ലെങ്കിൽ ഉദ്ദേശങ്ങളെ വിഘാതപ്പെടുത്തുകയും അവരുടെ സംരംഭങ്ങളിൽനിന്നും അവരെ നിരുത്സാഹപ്പെടുത്തുകയും മററും ചെയ്യുന്നതായ വിധത്തിലുള്ള ഒരു നിയമം കൊണ്ടുവരണമെന്നുള്ള അഭിപ്രായം ഒരിക്കലും രാജ്യത്തിന്റെ അഭിവൃദ്ധിക്ക് യോജിച്ചതാണെന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല. പിന്നെ, എന്താണ് ഇങ്ങനെയൊരു പ്രമേയം കൊണ്ടുവരുന്നതിനു എന്റെ സ്നേഹിതൻ ശ്രീ. പോററിയെ പ്രേരിപ്പിച്ചതെന്നു നോക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ സമുദായത്തിൽ പെട്ടവർ സങ്കുചിതമനസ്ഥിതിയോടുകൂടി രാഷ്ട്രീയകാര്യങ്ങളിൽ ഇടപെട്ടതുകൊണ്ടാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. അല്ലെങ്കിൽ രാഷ്ട്രീയകാര്യങ്ങളിൽ പ്രവർത്തിക്കുന്ന ആളുകളിൽ ചിലർ സമുദായത്തെക്കൊണ്ടു മുതലെടുക്കുന്നതിനു ശ്രമിക്കുന്നുവെന്നുള്ളതാണ് അതിന്റെ മറെറാരുവശം. ഉദാഹരണമായി പറയുകയാണെങ്കിൽ നായർ സമുദായത്തിൽ ഉള്ള ഒരാൾ നിയമസഭയിലേക്ക് ഒരു സ്ഥാനാർത്ഥിയായി നിൽക്കുമ്പോൾ, "ഞാൻ നായർസമുദായത്തിലുള്ള ആളായതുകൊണ്ട് എല്ലാം നായന്മാരും എനിക്കു വോട്ടു തരണമെന്നും എന്നെ ജയിപ്പിക്കണമെന്നും, എന്നെ ജയിപ്പിച്ചെങ്കിൽമാത്രമെ ആ സമുദായത്തിന്റെ അഭ്യുന്നതിക്കുവേണ്ടി പ്രവർത്തിക്കാൻ സാധിക്കുകയുള്ളു എന്നുംമററും പ്രസംഗിച്ചിട്ടാണ് സ്ഥാനാർത്ഥിയായി തുടരുന്നതു്. എന്റെ നിയോജകമണ്ഡലത്തിൽ മറെറാരു ജാതിയിൽപ്പെട്ട ആൾ കൂടുതൽ വോട്ടുകിട്ടിസ്ഥാനാർത്ഥിയായിപോകാൻഇടയായാൽനമ്മുടെ സമുദായത്തിനു ദോഷമുണ്ടാകുമെന്നും മററുമാണ് സാധാരണ പ്രസംഗം",

[ശ്രീ. ഓ. സി. നൈനാൻ]

ഇങ്ങനെയുള്ള വഴിപിഴച്ച പ്രസംഗത്തിന്റെ ഫലമായിട്ടാണ് അനർഹമായ സമുദായസ്നേഹവും അന്യസമുദായവിദ്വേഷവും മററും ഉണ്ടാകുന്നതും, ഉണ്ടായിട്ടുള്ളതും. അങ്ങനെ പൊതുജനങ്ങളിൽ ഒരു ഭാഗം ഈവിധം ദുഷിച്ച വശങ്ങളിലേക്ക് പോകുന്നുവെന്നുള്ള കാര്യം നാം ഒരിക്കലും വിസ്മരിക്കാവുന്നതല്ല. ശ്രീമാൻ പോററിയുടെ പ്രമേയത്തിൽ ഉൾക്കൊണ്ടിട്ടുള്ള തത്വത്തെ ഞാൻ മുൻപറഞ്ഞ കാരണങ്ങളാൽ സ്വീകരിക്കത്തക്കതാണോ അതോ സ്വീകരിക്കത്തക്കതല്ലയോ എന്നാണ് ഇനിയും നോക്കേണ്ടതു്. അദ്ദേഹത്തിന്റെ പ്രസംഗത്തിലെ ആശയപ്രകടനം എന്താണെന്നു ചെച്ചാൽ അതിന്റെ തത്വം അംഗീകരിച്ചു ഈ പ്രമേയം ഈ നിയമസഭ പാസാക്കിക്കൊടുക്കണമെന്നുള്ളതാണ്. അങ്ങനെ പാസാക്കിക്കൊടുത്താലുണ്ടാകുന്ന ഗുണമെന്താണ്? അല്ലെങ്കിൽ ദോഷമെന്താണ് എന്നു നമുക്ക് ഒന്നു പരിശോധിക്കാം. അദ്ദേഹത്തിന്റെ ഉദ്ദേശപ്രകാരം അതിലെ വാചകത്തിൽ ഈ പ്രമേയം പാസ്സായാൽതന്നെയും ഒരു ഗുണവുമുണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. തിരുവിതാംകൂർ-കൊച്ചിയിൽ നിലവിലുള്ള ഏതെങ്കിലും ജാതിയുടെയോ ജാതി വിഭാഗത്തിന്റെയോ പേരിൽ സംഘടിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളെല്ലാം നിയമനിർമ്മാണംമൂലം നിരോധിക്കണമെന്നാണ് അദ്ദേഹം പറയുന്നതു്. അതായതു്, നിയമപ്രകാരം ഈ സ്ഥാപനങ്ങളെല്ലാം അസാധുവാക്കണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അല്പനിമിഷത്തേക്ക് അദ്ദേഹത്തിന്റെ പ്രമേയം ഈ സഭ അനുവദിച്ചുകൊടുത്തു എന്നു വിചാരിക്കുക. ജനകീയ ഗവണ്മെൻറ് ആകയാൽ നിലവിലുള്ള ഗവണ്മെൻറ് ഒരു നിയമംമൂലം ഉടനെ ഇതുനടപ്പിൽവരുത്തേണ്ടതാണ്. അതിന്റെ ഫലം എന്തായിരിക്കും എന്നുകൂടി ഒന്നു ചിന്തിക്കേണ്ടതാണ്. ഇവിടെ ചിലർ എസ്സ്. എൻ. ഡി. പി. യോഗത്തെപ്പററി സംസാരിച്ചു, നായർ സർവ്വീസ് സൊസൈററിയെപ്പററി സംസാരിച്ചു മാത്രമല്ല, ക്രൈസ്തവവിഭാഗത്തിൽപ്പെട്ട അനേകം സംഘടനകളെപ്പററി സംസാരിക്കാനും ഉണ്ട്. അങ്ങനെയിരിക്കെ ഈ സംഘടനകളും പ്രവർത്തകരും ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പല സംഘടനകളേയും പ്രവർത്തനങ്ങളേയും നിയമം മൂലം തടഞ്ഞിട്ട് അവരെ അതിൽനിന്നും വിരമിപ്പിക്കണം. അങ്ങനെ അവർ ഉടനെ സ്വയം വിരമിച്ചില്ലെങ്കിൽ അവരെല്ലാം ശിക്ഷാർഹരാണ്. ഒരു സംഘടന ഒരു ആശുപത്രി നടത്തുന്നുവെങ്കിൽ ആ ആശുപത്രി ഉടൻതന്നെ അടച്ചുപൂട്ടണം. ആരെങ്കിലും ഒരു രോഗിയെ അവിടെ കൊണ്ടുചെന്നാൽ സംഘടന നിരോധിച്ചതിന്റെ പേരിൽ രോഗിയെ അവിടെ കയററാൻ പാടില്ല; മാത്രമല്ല, കൊണ്ടുവന്ന ആളിനെക്കൂടി ശിക്ഷിക്കണം. വാദ്ധ്യാന്മാരെയും സ്കൂൾനടത്തിപ്പുകാരെയും ശിക്ഷിക്കണം ഇതൊക്കെയാണ് ഈ പ്രമേയം പാസ്സാക്കിവിട്ടാലുള്ള ദോഷം.

ശ്രീ. എ. താണുപിള്ള: സാമുദായസംഘടനാപ്രവർത്തകർ കാൺഗ്രസ് കമ്മിററിയിൽ അംഗമായിരിക്കാൻ പാടില്ലെന്നു വല്ല വ്യവസ്ഥയുമുണ്ടോ?

ശ്രീ. ഓ. സി. നൈനാൻ: രാഷ്ട്രീയഉദ്ദേശമുള്ള സാമുദായികസംഘടനകളിൽ പ്രവർത്തനം നടത്തുന്നവർ ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ അംഗമായിരിക്കാൻ പാടില്ലെന്നു വ്യവസ്ഥയുണ്ട്. രാഷ്ട്രീയ

ലാക്കോട്ടുകൂടിയ ഒരു സമുദായ സംഘടന പ്രവർത്തനം നടത്തുന്നു എങ്കിൽ അതിനെ തടയണമെന്നുണ്ടെങ്കിൽ വേറെ ഒരു പ്രമേയം ഇവിടെ കൊണ്ടുവരണം. അതും നിയമം മൂലം തടയുന്നതു ശരിയല്ലെന്നാണെന്റെ അഭിപ്രായം. എന്നാൽ ഈ അസംബ്ലിയുടെ മുമ്പിലിരിക്കുന്ന ഈ പ്രമേയം പാസ്സാക്കിയാലുണ്ടാകുന്ന വിപത്തിനെപ്പററിയാണു് ഞാൻ മുമ്പു് ചൂണ്ടിക്കാണിച്ചിട്ടുള്ളതു്. അനവധി ധർമ്മസ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ മുതലായവ ഓരോ സമുദായങ്ങൾ നമ്മുടെ നാട്ടിൽ നടത്തിവരുന്നതുകൊണ്ടു ഗവണ്മെന്റിനുള്ള ആ ചുമതലയെ അവർ ലഘൂകരിക്കുകയാണു് ചെയ്യുന്നതെന്നു അല്പം ചിന്തിച്ചാൽ മനസ്സിലാകും.

ശ്രീ. ടി. കെ. ദിവാകരൻ: ഈ പ്രമേയമനുസരിച്ചു് ഒരു നിയമം ഉണ്ടാകുകയാണെങ്കിൽ ആ നിയമത്തിൽ സ്കൂളുകളും ആശുപത്രികളും എന്തു ചെയ്യണമെന്നുള്ളതിലേക്കു് വ്യവസ്ഥ കാണുകയില്ലേ?

ശ്രീ. ഓ. സി. മേനോൻ: ഈ പ്രമേയത്തിലടങ്ങിയിരിക്കുന്ന കാര്യങ്ങൾക്കു് ആവശ്യമായ രൂപത്തിലുള്ള ഒരു നിയമനിർമ്മാണമാണു് ഉണ്ടാകേണ്ടതെന്നു് പ്രത്യേകം പറയുന്നുണ്ടു്. അങ്ങനെ പ്രമേയത്തിന്റെ ആശയത്തിനു വിധേയമായി ഒരു നിയമനിർമ്മാണം ഉണ്ടാക്കണമെന്നു പറയുന്നതിനോടു എനിക്കു യോജിക്കാൻ നിവൃത്തിയില്ലെന്നേ ഞാൻ പറയുന്നുള്ളു. എന്നുമാത്രമല്ല, നിയമനിർമ്മാണം ഉണ്ടായാൽ തന്നെയും മേലാലുണ്ടാകുന്ന കാര്യങ്ങളെ സംബന്ധിച്ചല്ലാതെ ഒരു റിട്രാസ്പെക്ടീവ് ഇഫെക്ററുകൂടി കൊടുക്കണമെന്നു പറയുന്നതു ഒരു കാരണവശാലും ശരിയാണെന്നു തോന്നുന്നില്ല. നമ്മുടെ രാജ്യത്തു പല സമുദായങ്ങളും മതവിഭാഗങ്ങളും ഉണ്ടു്. എല്ലാ മതവിഭാഗങ്ങളും ഒരേ സമുദായമായിട്ടു് പരിഗണിക്കണമെന്നാണു ഇവിടെ പറഞ്ഞിരിക്കുന്നതു്. അതു ശരിയല്ല. ഒരേ വിഭാഗക്കാരെന്നു പറഞ്ഞാൽ, നമ്മുടെ സംസ്ഥാനത്തു പല മതങ്ങൾ ഉണ്ടു് എന്നു ഓർക്കണം. പല കമ്മ്യൂണിററികൾ ഉണ്ടു്, ഇതിൽ ഏതു മതക്കാർ ഏതു സമുദായമാണെന്നു ശ്രീമാൻ പോററി പ്രമേയം കൊണ്ടുദ്ദേശിക്കുന്നതെന്നു പ്രമേയത്തിൽ സ്പഷ്ടമാകുന്നില്ല. പഴയ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം രാജ്യത്തുള്ള പല നല്ല സ്ഥാപനങ്ങളെയും തകർക്കാൻ തക്കവണ്ണം ഒരു നിയമനിർമ്മാണം ചെയ്യണമെന്നു പറയുന്നതിന്റെ ഔചിത്യം തന്നെ എന്താണെന്നാണു് ഞാൻ ചോദിക്കുന്നതു്? പ്രമേയത്തിന്റെ വെളിച്ചത്തിൽ നോക്കിയാൽ ഓരോ സമുദായക്കാരും വളരെ വളരെ ധനം ചെലവുചെയ്തു ഉണ്ടാക്കിയിരിക്കുന്ന പള്ളിക്കൂടങ്ങളും ആശുപത്രികളും മററും കണ്ടുകെട്ടണമെന്നാണു ഉദ്ദേശിക്കുന്നതെന്നു തോന്നുന്നു. അവരെ അറസ്റ്റു് ചെയ്യണ്ടാ എങ്കിൽ underground ആക്കണം. എന്നാൽ മതവിദ്വേഷങ്ങളും സമുദായവിദ്വേഷങ്ങളും നാട്ടിൽ കുഴപ്പമുണ്ടാകാതിരിക്കാൻ ഉതകുന്നതായ ഏതെങ്കിലും നിയമനിർമ്മാണം ഉണ്ടാക്കണമെന്നു പറഞ്ഞിരുന്നുവെങ്കിൽ എനിക്കു കുറെക്കൂടി മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. നേരെ മറിച്ചു് ഈ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നിയമവിരുദ്ധമാക്കുന്നതിനു ഒരു നിയമം കൊണ്ടുവരണമെന്നു പറയുന്നതു് അംഗീകരിക്കത്തക്കതല്ല. തീരെ ആലോചനാരഹിതമാണു്.

ശ്രീ. ടി. കെ. ദിവാകരൻ: നിയമവിരുദ്ധമായി പ്രഖ്യാപിക്കുന്ന പ്രമേയത്തിൽ പറഞ്ഞിട്ടുണ്ടോ?

ശ്രീ. ഓ. സി. നൈനാൻ: നിരോധിക്കണമെന്നു പറഞ്ഞാൽ നിയമവിരുദ്ധമാക്കണമെന്നല്ല അർത്ഥം. ആശുപത്രി മുതലായ സംഘടനകൾ നിരോധിക്കണമെന്നു പറഞ്ഞാൽ നിയമവിരുദ്ധമാണെന്നാണ് അർത്ഥമാക്കേണ്ടതു്.

ശ്രീ. ഇ. പി. വർഗീസ്: ആശുപത്രി ഒരു സംഘടനയാണോ?

ശ്രീ. ഓ. സി. നൈനാൻ: സംഘടനയല്ലെങ്കിൽ സമുദായപരമായ സംഘടനയുടെ ഒരു ഘടകമാണ്. സംഘടനകൾ നടത്തുന്നതാണ്. സംഘടനകൾ എന്നു പറഞ്ഞാൽ കാൺസ്റ്റിറ്റ്യൂഷൻ എന്നാണ് ഇംഗ്ലീഷു വാക്കു്. ഈ കാൺസ്റ്റിറ്റ്യൂഷൻ നിരോധിക്കണമെന്നു പറഞ്ഞാൽ മുഴുവൻപോകും. വൃക്ഷം വെട്ടണമെന്നു ഉത്തരവിട്ടാൽ അതിന്റെ ശിഖരം നിൽക്കണമെന്നു അർത്ഥമാകുമോ? ഒരിക്കലും ഇല്ല.

ഒരു വൃക്ഷത്തിന്റെ തടിവെട്ടി അതിന്റെ ശിഖരം നിൽക്കണമെന്നു പറഞ്ഞാൽ നിൽക്കുമോ? നിൽക്കുകയില്ല. സംഘടനകളാണ് ഈ ആശുപത്രികളും പള്ളിക്കൂടങ്ങളും നടത്തിക്കൊണ്ടിരിക്കുന്നതു്. ആ സംഘടനകളെ നിരോധിച്ചാൽ പിന്നെ എങ്ങനെ അതിന്റെ ഭാഗങ്ങളായ ഈ സ്ഥാപനങ്ങൾ നടക്കും?

ശ്രീ. ടി. എ. മജീദ്: ഈ സ്ഥാപനങ്ങളെ സംരക്ഷിക്കുവാനുള്ള വ്യവസ്ഥയിലാണ് സംഘടനകളെ നിരോധിക്കുന്നതെങ്കിൽ അതിനു വിരോധമുണ്ടോ?

ശ്രീ. ഓ. സി. നൈനാൻ: ആ സംഘടനകളെയെല്ലാം സംരക്ഷിച്ചുകൊള്ളാം സംഘടനകൾ നടത്തുന്ന ധർമ്മസ്ഥാപനങ്ങളും പള്ളിക്കൂടങ്ങളും എല്ലാം പുലർത്തിക്കൊള്ളാം എന്നുള്ള തരത്തിൽ ഒരു പ്രമേയം കൊണ്ടുവരുമ്പോൾ അതിനെപ്പറ്റി ആലോചിക്കാം. ഈ പ്രമേയത്തിൽ അതൊന്നും ഇല്ല. നേരെമറിച്ചാണുള്ളതു്.

ശ്രീ. കുഞ്ഞിത്തൊമ്മൻ: അദ്ദേഹത്തിനു് ഈ സ്ഥാപനങ്ങളെയെല്ലാം നശിപ്പിക്കണം എന്നു് ഉദ്ദേശമുണ്ടെന്നാണോ മെമ്പറുടെ വിചാരം?

ശ്രീ. ഓ. സി. നൈനാൻ: പ്രമേയകർത്താവിനു അങ്ങനെ ഒരു ഉദ്ദേശമുണ്ടെന്നു എനിക്കു വിചാരമില്ല. എന്നാൽ ഈ പ്രമേയം പാസ്സാക്കിയാൽ ഉണ്ടാകുന്നതു് അതായിരിക്കും. എന്നുതന്നെയല്ല ഇതിൽ മേലാലുള്ള കാര്യങ്ങളെ സംബന്ധിച്ചു് ഒന്നും തന്നെ പറയുന്നില്ല.

Mr. Speaker : If the existing things are to be penalised does it mean that things which will come hereafter will be legalised?

Shri O. C. Ninan : It is an arguable point.

ഇപ്പോൾ ഉള്ളതിനെ നിരോധിച്ചാൽ തന്നെ മേലാൽ ഉള്ളതിനെപ്പറ്റി ഒന്നും ഇതിൽ പറയുന്നില്ലല്ലോ?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : സർ, ഒരു പായിൻറ് ഓഫ് ആർഡർ, ഈ പ്രമേയം പാസായാൽതന്നെയും പള്ളികളേയും ധർമ്മാശുപത്രികളേയും നിയന്ത്രിക്കണം എന്ന് അർത്ഥമില്ല.

ശ്രീ. ഒ. സി. നൈനാൻ : അദ്ദേഹത്തിൻെറ ഉദ്ദേശം ഏതായിരുന്നാലും ഈ നിയമസഭയിൽ പാസാകുന്ന പ്രമേയം ഇന്നതാണെന്ന് നിയമസഭയുടെ പ്രൊസീഡിംഗ്സിൽ കാണും. പത്രങ്ങളിലും കാണും. എൻെറ സ്നേഹിതൻ ഇവിടെയിരുന്നു ഇങ്ങനെയൊന്നും വരികയില്ലെന്നു പറഞ്ഞാൽ അതിന് എന്തുവിലയാണ് ഉള്ളത്? അദ്ദേഹത്തിന് സാമുദായിക സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളെ സംരക്ഷിക്കണമെന്നുണ്ടെങ്കിൽ അദ്ദേഹം ഈ പ്രമേയം പിൻവലിച്ച് വേറെ ഒരു പ്രമേയം കൊണ്ടുവന്നാൽകൊള്ളാം. ഈ പ്രമേയംമൂലം സ്ഥാപനങ്ങളെ സംരക്ഷിക്കാൻ ഒരിക്കലും സാദ്ധ്യമല്ല. അതുകൊണ്ട് ഞാൻ ഈ പ്രമേയത്തെ വളരെ ശക്തിയായി എതിർക്കുന്നു.

ശ്രീ. പി. സദാശിവൻപിള്ള : സർ, ഈ പ്രമേയത്തെ ഇന്നിവിടെ അവതരിപ്പിച്ച രീതിയിൽ സ്വീകരിക്കുന്നതിന് നിവൃത്തിയില്ലാത്തതിൽ ഖേദിക്കുന്നു. ഇന്ന് നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയം തികച്ചും അപൂർണ്ണവും അതു് പറയുന്ന പ്രവൃത്തി നിഷ്പ്രയോജനവും ആയതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നതു്. നമ്മുടെ മുമ്പിൽ ഇരിക്കുന്ന പ്രമേയം നാം അപഗ്രഥിച്ചുനോക്കുകയാണെങ്കിൽ നമുക്ക് കാണാം ഇന്ന് നിലവിലുള്ള ഏതെങ്കിലും ജാതിയുടേയോ ജാതിവിഭാഗങ്ങളുടേയോ പേർ സംഘടിപ്പിച്ചിട്ടുള്ള സാമുദായിക സ്ഥാപനങ്ങളെ മാത്രമേ ഈ പ്രമേയം ബാധിക്കുകയുള്ളു എന്ന്. അങ്ങനെ നോക്കുകയാണെങ്കിൽ ഇന്ന് ഈ രാജ്യത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സാമുദായിക സംഘടനകളെ മുഴുവൻ നിരോധിക്കുന്നതിനോ അവയുടെ പ്രവൃത്തി പ്രതിബന്ധപ്പെടുത്തുന്നതിനോ പ്രമേയപ്രയോക്താവ് ആഗ്രഹിക്കുന്നില്ലെന്നു കാണാം. ശ്രീനാരായണധർമ്മപരിപാലനയോഗം എന്നു പറയുന്നതു് ഒരു ജാതിയുടേയോ ജാതിവിഭാഗങ്ങളുടേയോ പേരു നോട് ഘടിപ്പിച്ചിട്ടുള്ള ഒരു സാമുദായിക സംഘടനയല്ല. അതുപോലെ നമ്പൂതിരിമാരുടെ ഒരു സംഘടനയായ ലോകക്ഷേമസഭ ഒരു സാമുദായിക സംഘടനയല്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : അതിന് നമ്പൂതിരി യോഗക്ഷേമസഭ എന്നാണ് പേർ.

ശ്രീ. പി. സദാശിവൻപിള്ള : ഇങ്ങനെ നോക്കുകയാണെങ്കിൽ ഈ രാജ്യത്ത് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ സാമുദായിക സംഘടനകളേയും നിരോധിക്കണമെന്ന് പ്രമേയപ്രയോക്താവിന് ഉദ്ദേശമില്ലെന്നു തോന്നിപ്പോകും. പക്ഷെ അദ്ദേഹത്തിൻെറ പ്രസംഗം കേട്ടുകൊണ്ടിരുന്നപ്പോൾ അദ്ദേഹം ഉദ്ദേശിക്കുന്നതു് ഈ രാജ്യത്തു് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന സാമുദായികമനോഭാവത്തിന് ഒരു അറുതിയുണ്ടാക്കുന്നതിന് എന്തെങ്കിലും ഒരു പ്രവൃത്തി ഈ രാജ്യത്തു് ഗവണ്മെൻറിൽ നിന്നും ഉണ്ടായി കാണുന്നതിനാണെന്ന് എനിക്ക് മനസിലാക്കുവാൻ കഴിഞ്ഞു. ആ അഭിലാഷം വിലമതിക്കത്തക്കതുതന്നെയാണ്. പക്ഷെ

[ശ്രീ. പി. സദാശിവൻ പിള്ള]

ആ കാര്യത്തിൽ ഗവണ്മെൻറിനു് എന്തുചെയ്യുവാൻ കഴിയുമെന്നുള്ളതു് അദ്ദേഹം ശാന്തമായി ഒന്നു ആലോചിച്ചുനോക്കണം. നിലവിലുള്ള സാമുദായിക സംഘടനകളെ നിരോധിക്കുന്നതിനു് ഇന്നു് നിയമപ്രകാരം നമുക്കു് കഴിയുമോ എന്നു് ഒന്നു പരിശോധിക്കേണ്ടതാണു്. എന്റെ ബഹുമാന്യ സ്നേഹിതൻ ഈ പ്രമേയം അവതരിപ്പിച്ചപ്പോൾതന്നെ ഒരു പായിൻറ ഓഫ് ഓർഡർ ഇവിടെ ഉന്നയിക്കുകയുണ്ടായി. അതിൽ ൧൯-ാം വകുപ്പു (സി) ഉപവകുപ്പു പ്രകാരം ഈ രാജ്യത്തുള്ള എല്ലാ പൗരന്മാൎക്കും അസോസിയേഷനും യൂണിയനും ഉണ്ടാക്കുന്നതിനുള്ള പരിപൂൎണ്ണമായ സ്വാതന്ത്ര്യം ഭരണഘടന കൊടുത്തിട്ടുണ്ടെന്നും അതിനെ ലംഘിക്കുന്ന എന്തെങ്കിലും ഒരു പ്രവൃത്തി നടപ്പിലാക്കുന്നതിനു് നിവൃത്തിയില്ലെന്നുമാണു് Point of order ഉന്നയിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞതു്. സെക്ഷൻ ൧൩ (൨)-ൽ പറഞ്ഞിട്ടുള്ളതു് ഇപ്രകാരമാണു്:

"13 (2) The State shall not make any law which takes away or abridges the rights conferred by this Part and any law made in contravention of this clause shall, to the extent of the contravention, be void."

അതനുസരിച്ചു് നോക്കുമ്പോൾ ഇന്നു നിലവിലുള്ള സാമുദായിക സംഘടനകളെ നിരോധിക്കുമ്പോൾ ഈ രാജ്യത്തെ ഏതെങ്കിലും ഒരു പൗരന്റെ മൗലികാവകാശത്തിൽ ധ്വംസനം വരുമോ എന്നാണു് നാം ആലോചിക്കേണ്ടതു്.

ശ്രീ. പി. എസ്. നടരാജപിള്ള: ൧൯-ാമത്തെ സെക്ഷനിൽ ഉള്ള (സി) പ്രൊവൈസോ ഒന്നു വായിച്ചുനോക്കുക.

ശ്രീ. പി. സദാശിവൻപിള്ള: അതു് യൂണിയൻ ഫാറം ചെയ്യുന്നതിനെപ്പററിയുള്ളതാണു്. ഇപ്പോൾ നോക്കേണ്ടതു് ൧൯ (൪)-ാം സെക്ഷൻ അനുസരിച്ചാണു്.

Article 19 (4)

"Nothing in sub-clause (c) of the said clause shall affect the operation of any existing law in so far as it imposes, or prevent the State from making any law imposing, in the interests of public order or morality, reasonable restrictions on the exercise of the right conferred by the said sub-clause.

ഇതനുസരിച്ചു് ഇന്നു് നിലവിലുള്ള സമുദായികസംഘടനകളിൽ ഏതെങ്കിലും ഒന്നിനെ നിരോധിക്കണമെന്നുണ്ടെങ്കിൽ ആ സംഘടനയുടെ പ്രവൃത്തി ഈ രാജ്യത്തെ പബ്ളിക്കു് ഓർഡറിനും മൊറാലിററിക്കും അപകടകരമാണെന്നു ഈ സംസ്ഥാനത്തെ നിയമസഭ ഒരു വിധി കല്പിക്കണം. ഈ രാജ്യത്തു് ഇന്നു പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന സാമുദായിക സംഘടനകളുടെ പ്രവൃത്തി നമ്മുടെ രാജ്യത്തെ പബ്ളിക്കു് ഓർഡറിനു അല്ലെങ്കിൽ മൊറാലിററിക്കു് അപകടകരമാണെന്നു വിശ്വസിക്കുന്ന ഒരുത്തനല്ല ഞാൻ.

ശ്രീ. എ. താണുപിള്ള: ഏകദേശം ഒന്നര കൊല്ലത്തിനു മുമ്പ് ഇവിടത്തെ ചില സാമുദായികസംഘടനകളുടെ പ്രവൃത്തികൾ പബ്ളിക്ക ഓർഡറിന് അല്ലെങ്കിൽ മൊറാലിററിക്ക് അപകടമായ വിധത്തിൽ അതിരു കടന്നിരുന്നില്ലേ?

ശ്രീ. പി. സദാശിവൻപിള്ള: കുറച്ചുകാലംമുമ്പ് ഇവിടത്തെ സാമുദായിക സംഘടനകളുടെ പ്രവൃത്തി കുറെ അതിരുകവിഞ്ഞ നിലയിൽ എത്തിയെന്നുള്ളത് എന്നോടു ചോദിക്കാതെതന്നെ എല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണ്. എന്തായാലും ഈ രാജ്യത്ത് ഒരസമാധാനം ഉണ്ടാകത്തക്ക രീതിയിൽ അതിന്റെ പ്രവർത്തനം എത്തി എന്ന് എനിക്ക് അറിഞ്ഞുകൂടാ. സാമുദായികപ്രവർത്തികളിൽ ഏർപ്പെട്ടിരുന്ന ചിലർ ചില പ്രേരണകളുടെ ഫലമായി ചില പ്രവൃത്തികളിൽ, അതായത് സാമുദായികമായി വിദ്വേഷമുളവാക്കുന്ന ചില പ്രവൃത്തികളിൽ ഏർപ്പെട്ടു. പക്ഷേ അന്ന് ഈ രാജ്യത്തുള്ള സാമുദായിക സംഘടനകളൊന്നും ഈ രാജ്യത്തെ പബ്ളിക്ക് മൊറാലിററിയെ ബാധിക്കുന്ന തരത്തിൽ പ്രവർത്തിച്ചിട്ടുള്ളതായി എനിക്കു അറിഞ്ഞുകൂടാ. ഇന്നു ഈ രാജ്യത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും സാമുദായികസംഘടനകളെ നിരോധിക്കത്തക്കവിധം ഒരു നിയമം നമുക്കു പാസാക്കുവാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. അങ്ങിനെ നിഷ്പ്രയോജനമായ ഒരുകാര്യം ഈ സഭയിൽ കൊണ്ടുവന്നു ഈ സഭയുടെ സമയത്തെ വെറുതെ കളയത്തക്കവിധത്തിൽ ചർച്ച ചെയ്യുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഒരു കാര്യം നാം വളരെ നിഷ്പക്ഷമായി അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇന്ന് ഈ രാജ്യത്തുള്ള സാമുദായികമനോഭാവങ്ങളുടെ ചരിത്രം എന്തെന്നു നാം ഒന്നു തിരിഞ്ഞുനോക്കുകയാണെങ്കിൽ വളരെ വലുതായ ഒരു പാരമ്പര്യം അതിന്റെ പിന്നിലുണ്ടെന്ന് നമുക്കു മനസ്സിലാക്കുവാൻ കഴിയും. ഭാരതമൊട്ടുക്ക് ദേശീയപ്രവൃത്തികളിൽ ആദ്യം ഏർപ്പെട്ടുകൊണ്ടിരുന്നപ്പോൾ ഈ രാജ്യത്തുള്ള ആളുകളെയെല്ലാം പല വിഭാഗങ്ങളായി സംഘടിപ്പിക്കുന്നതിനും അങ്ങനെ സാമുദായികചിന്ത ആളുകളിൽ ഉളവാക്കുന്നതിനും നാം ശ്രമിച്ചുകൊണ്ടിരുന്നു. അങ്ങനെ വിഭാഗീയ സംഘടനകൾ ഏർപ്പെടുത്തി ആ സംഘടനകളുടെ പ്രവൃത്തിയിൽ നാം അഭിമാനംകൊണ്ടും ഇരുന്നു. അങ്ങനെ ഒരു പാരമ്പര്യവും ചരിത്രവും ഈ സമുദായസംഘടനകളുടെ പിന്നിലുണ്ട്. ഈ സംഘടനകളെയെല്ലാം ഒരു ചിന്താഗതിയിലേക്ക് തിരിച്ചുകൊണ്ടുപോകണമെന്നുണ്ടെങ്കിൽ അതു് വളരെ വലുതായ ഒരു പ്രവൃത്തിയിൽക്കൂടി മാത്രമേ സാധിക്കുകയുള്ളു. ഒരു നിയമം ഏർപ്പെടുത്തിയതുകൊണ്ടോ വിപ്ളവാത്മകമായ കാര്യങ്ങൾ പറഞ്ഞുനടക്കുന്നതുകൊണ്ടോ അങ്ങനെ ഒരു മാററം എളുപ്പത്തിൽ വരുത്തുവാൻ സാധിക്കുകയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: മെംബർ ആ പഴയ പാരമ്പര്യം നല്ലതാണെന്നു പറയുകയാണോ?

ശ്രീ. പി. സദാശിവൻപിള്ള: ആ പാരമ്പര്യം നല്ലതല്ലെന്നാണ് ഞാൻ പറഞ്ഞതു്. അതു് സാവധാനത്തിൽ മാത്രമേ ഈ രാജ്യത്തുനിന്നു തുടച്ചുനീക്കുവാൻ കഴിയുകയുള്ളു. തിരഞ്ഞെടുപ്പു നടക്കുമ്പോൾ സാമുദായികമനോഭാവം ഇല്ലെന്നു പറയുന്ന ആളുകൾ സാമുദായികസംഘടന

[ശ്രീ. പി. സദാശിവൻ പിള്ള]

കളെ സമീപിച്ച് അവരുടെ വോട്ടു പിടിച്ചുനടക്കുന്ന ഒരു ഏർപ്പാട് ഈ രാജ്യത്ത് നാമൊക്കെ കാണുന്നതാണ്. അങ്ങനെ സാമുദായികസംഘടനയുടെ വോട്ട് ചോദിക്കുന്ന ആളുകൾ സാമുദായികമനോഭാവം അകലെ വച്ചുകൊണ്ട് സമുദായമില്ലെന്നു പറഞ്ഞുകൊണ്ട് നടക്കുന്നതു കാണുമ്പോൾ എനിക്ക് അത്ഭുതം തോന്നുന്നു. ഈ രാജ്യത്തെ സാമുദായികമനോഭാവത്തെ ഉടച്ചുനീക്കുന്നതിന് ഈ രാജ്യത്തെ എല്ലാവരുടെയും സഹകരണപൂർവ്വമായ പ്രവൃത്തിയാണ് ആവശ്യമായിരിക്കുന്നതു്. അങ്ങനെ നൂതനമായ ഒരു വീക്ഷണകോണിൽക്കൂടി പ്രവൃത്തിക്കുവാൻ തയാറാണെങ്കിൽ അതിന് നിങ്ങൾ മുന്നോട്ടുവരിക. അതിന് സഹകരണാത്മകമായ സേവനം ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും പ്രമേയപ്രയോക്താവിന് പ്രതീക്ഷിക്കാവുന്നതാണ്.

ஸ்ரீ. கெ. சட்டநாத கரயாளர்: ஸர், நான் இந்தத் தீர்மானத்தை ஆதரித்துக்கொண்டு ஒரு சில வார்த்தைகள் பேச விரும்புகிறேன். இந்தத் தீர்மானம் இங்கு சர்ச்சைக்கு வந்ததிலிருந்து நடந்த சொற்பொழிவுகளை மிகவும் மனவேதனையோடு கேட்டுக்கொண்டிருந்தேன். இன்று நமது தேசத்தில், ஜாதி மத அடிப்படையில் ஒன்றல்ல, இரண்டல்ல பற்பல கட்சிகள் இருக்கின்றன. எந்தத் தலைவர்கள் எல்லாம் ஜாதிக்கு எதிராகவும், மதத்திற்கு எதிராகவும் பிரசாரம் செய்தார்களோ அவர்கள் அத்தனைபேர்களும், அவர்கள் எந்தக் கட்சியிலிருந்தபோதிலும், ஜாதியின் அடிப்படையிலும், மதத்தின் அடிப்படையிலும் தான் வோட் பிடித்தார்கள் என்று எனக்கு முன் பேசிய பல நண்பர்களும் சொன்னார்கள். அது உண்மையே என்று நான் மிகவும் வருத்தத்துடன் ஒப்புக்கொள்கிறேன். அவர்கள் காங்கிரஸ்கார்களாய் இருந்தாலும் சரி, தமிழ்நாடு காங்கிரஸ்காரர்களாயிருந்தாலும் சரி, சோஷ்யலிஸ்ட் கட்சியைச் சார்ந்தவர்களாய் இருந்தாலும் சரி, அல்லது கம்யூனிஸ்ட் கட்சியைச் சார்ந்தவர்களாய் இருந்தாலும் சரி, தேர்தலில் போட்டியிடுவதில் ஓரளவிற்கு ஜாதியை மனதில் வைத்துக்கொண்டுதான் போட்டியிடுகிறார்கள். தேர்தலைப் பொறுத்த மட்டில் அப்படியிருக்கிறது என்றால் மந்திரிசபை அமைக்கும்போது கூட கிறிஸ்தவருக்கு, நாயருக்கு, ஈழவருக்கு, ஒதுக்கப்பட்ட தொகுதியைச் சார்ந்தவர்களுக்கு என்றெல்லாம் சமுதாய அடிப்படையில் ஸ்தானம் கொடுக்கப்படுகிறது என்று நான் இந்த இடத்தில் எடுத்துச் சொல்ல ஆசைப்படுகிறேன். நாடார் சமுதாயத்தைச் சார்ந்தவர்கள் இருக்கிறார்கள்; ஆகவே ஒரு நாடார் மந்திரி சபையில் வேண்டுமென்று தீர்மானித்தார்கள். நாடார் சமுதாயத்தைச் சார்ந்தவர்களல்லாதவர்கள் கூறுகிறார்கள், அவர்கள் சமுதாயத்தைச் சார்ந்த ஒருவருக்கு ஸ்தானம் கொடுக்கவேண்டுமென்று. எனக்கு முன்பு பேசிய நண்பர் ஸ்ரீ. குஞ்சன் நாடார் அவர்கள் கூறினார்கள்—இந்த சபையில் நீண்ட நாட்களாக அங்கத்தினராய் இருக்கும் ஒருவருக்கு மந்திரி சபையில் பிரதிநிதித்துவம் கிடைக்காமல் இருந்தது ஜாதியின் அடிப்படையின் பேரில்தான் என்று கூறினார்கள். அது, ஓரளவிற்கு உண்மையாய் இருக்கலாம். இந்த சமஸ்தானத்தைப் பொறுத்தமட்டில், ஒரு முஸ்லீமோ அல்லது பிராமண சமூகத்தைச் சார்ந்த ஒருவரோ ஒரு மந்திரி பதவியை கனவில்கூட காண முடியாது என்பது உண்மையானதொரு விஷயமாகும். சாமர்த்தியக் குறைவோ அல்லது திறமையின்மையோ அல்ல அதற்குக் காரணம். இப்படிப்பட்டதொரு நிலைமை நம் நாட்டில் வந்தது வருத்தப்படவேண்டியதொரு விஷயமாகும். நமது தேசம் சுதந்திரம் அடைந்து, மூவர்ண கொடியை நமது தேசீயக் கொடியாகக் கொண்டு நமது லட்சியத்தை அடைந்து விட்டோம் என்று எண்ணும்போது நாம் பண்டை நாட்களில் செய்த உறுதிமொழிகளை ஞாபகப்படுத்திக்கொள்ள வேண்டும். அன்று, நாம் வந்தேமாதரம், வந்தேமாதரம் என்று தெருத் தெருவாக கோஷமிட்டோம். தாயின் மணிக்கொடியை தாழ்ந்து வணங்குவோம் என்றெல்லாம் பாடினோம்.

''வந்தேமாதரமென்போம்-எங்கள்
மாநிலத் தாயை வணங்குது மென்போம்

ஜாதிமதங்களைப் பாரோம்-உயர்
ஜன்மமித்தேசத்தி லெய்தினராயின்
வேதியராயினும் ஒன்றே-அன்றி
வேறு குலத்தின ராயினுமொன்றே''

என்ற வந்தேமாதரகீதத்தை இச்சபையிலுள்ள பல கட்சியில் உள்ள நண்பர்களும் அன்று பாடினோம்; ''ஜாதிமதங்களைப் பாரோம்....உயர் ஜென்மமித் தேசத்திலெய்தினராயின் வேதியராயினும் ஒன்றே--அன்றி வேறு குலத்தினராயினும் ஒன்றே'' என்று நாம் அன்று சொன்னதை இன்று நாம் அமுலில் கொண்டுவந்துவிட்டோமா என்று கேட்க நான் ஆசைப்படுகிறேன். விடுதலை விடுதலை என்று நாம் கதறினோம்.

''விடுதலை! விடுதலை! விடுதலை!
பறையருக்கு மிங்கு தீயர்
புலையருக்கும் விடுதலை!
பரவரோடு குறவருக்கு
மறவருக்கும் விடுதலை.''

என்று நாம் அன்று கூறினோம். அந்த அடிப்படையில் பார்த்தாலும், இன்று ஒவ்வொரு ஜாதியாருக்கும், ஒவ்வொரு மதக்காரர்களுக்கும், தாழ்த்தப்பட்டவர்களுக்கும், எல்லோருக்கும் விடுதலை கிடைத்துவிட்டதா என்று பார்த்தால் இல்லை என்றுதான் சொல்லவேண்டியிருக்கிறது. ஏனெனில், ஜனநாயக அடிப்படையில் நாம் இங்கு பேசும்போது, ஜனநாயக அடிப்படையில் தேர்தல்கள் நடத்தும்போதுகூட ஜாதிதான் எல்லாவற்றிற்கும் முன்பாக வந்து நிற்கிறது. இங்ஙனம் தேர்தல்கள்கூட ஜாதி மத அடிப்படையில் நடந்தால், நாம் இந்த ஜாதியின் பிடிப்பிலிருந்து எப்படி விடுபட முடியும் என்று நாம் ஆலோசித்துப் பார்க்கவேண்டும். அப்படிப் பார்க்கும்போது எனக்குமுன் பேசிய ஸ்ரீ. கருணாகரன் அவர்கள் சொன்னார்கள், சரித்திரத்தின் ஆதி காலகட்டத்தில் ஜாதி எப்படி வந்தது என்று பார்க்கவேண்டுமென்று சொன்னார்கள். அது உண்மை. ஒரு பிணிக்கு மருந்து தேடும்போது, டாக்டர், அந்தப் பிணி எப்படி ஆரம்பமாயிற்று என்று பார்க்கிறார். அதேமாதிரி நாமும் முன்கால சரித்திரத்தைப் பார்க்கவேண்டியிருக்கிறது. ஆகவே சரித்திர ஏடுகளைப் புரட்டிப் பார்க்க இந்த சபையைக் கேட்டுக்கொள்கிறேன். கிறிஸ்து பிறப்பதற்கு சுமார் 2000 ஆண்டுகளுக்குமுன்பு இந்த தேசத்தில் முதன் முதலாக ஆரியர்கள் வர ஆரம்பித்தார்கள். அந்தக் காலத்தில், அடிமைப் பழக்கம் நம் நாட்டு மக்களின் மனதில் புகவில்லை. அப்பொழுது ஆரியர்கள் நாடு நாடாக ஊர் ஊராகச் சென்று தங்களது வாழ் நாட்களைக் கழிக்கக்கூடிய ஒரு நிலை இருந்தது. அவர்களை பின்தொடர்ந்துதான் சற்றேறக்குறைய 3500 ஆண்டுகளுக்குமுன்பு வேதகால ஆரியர்கள் என்ற ஒரு கட்டம் வருகிறது. அப்பொழுதுதான், முதன்முதலாக உபனிஷத், வேத அடிப்படைகளில் பிரிவுகள் ஏற்பட்டன. அதற்குப் பிற்பாடுதான் விசுவாமித்திரர், வசிஷ்டர், பாரத்வாஜர் இவர்களுடைய காலம் வருகிறது. அந்தக் காலத்தில் இருந்த சமுதாய அடிப்படை என்னவென்று நாம் பார்க்கவேண்டும். நான் இதைப்பற்றி ஏன் கூறுகின்றேன் என்றால் அக்காலத்தில் இருந்த சமுதாய அடிப்படையையும், அன்று இருந்த ஜாதி மத அடிப்படையையும் தாரதம்மியப்படுத்திப் பார்க்கவேண்டும். அன்று, மகரிஷிகள் முதன் முதலாக ரிக்வேதத்தை கொண்ட காலம். அக்கட்டத்தில் அன்று இருந்த சமுதாயத்தில், இன்று உள்ளதைப் போன்று உள்ள பிரிவுகள் இருக்கவில்லை. ஆரிய புரோகிதர்கள், வேத கால புரோகிதர்கள் மாதிரி இருக்கவில்லை. அவர்கள் சேனைகளையும் படைகளையும் தலைமை தாங்கி நடத்தக்கூடிய வீரர்களாக இருந்தார்கள். தங்கள் தேசத்தை எதிரிகளிடமிருந்து காப்பாற்ற தங்கள் தங்கள் அரசர்களுக்கு உற்ற துணைவர்களாக இருந்திருக்கிறார்கள். அக் காலந்தான், குறிப்பாக பாரதநாட்டில் ஒரு சமுதாயம் வேறொரு சமுதாயத்தை அடிமைப்படுத்தி அடக்கி ஒடுக்கி ஆள எத்தனித்த காலம். அது, இந்தியாவில் சுமார் 3500 ஆண்டுகளுக்கு முன்பாக, அதாவது கிறிஸ்து பிறப்பதற்கு சுமார் 1500 ஆண்டுகளுக்குமுன்பு நடந்ததொரு காரியமாகும். ஐரோப்பிய சரித்திரத்தை எடுத்துப் பார்த்தால் இதேமாதிரிப்பட்ட நிகழ்ச்சி அங்கும் நடந்ததாக நமக்குக் காணமுடியும். இதேபோல்தான் ஒவ்வொரு தேசத்திலும் ஒவ்வொரு சமயத்திலும் நடந்தது என்பதைத் தான் நான் சுட்டிக்காட்ட

[ஸ்ரீ. கெ. சட்டநாத கரயாளர்]

விரும்புகிறேன். ஐரோப்பாவில் எத்தனையோ Religious Crusades மத யுத்தங்கள் நடந்திருக்கின்றன என்று நமக்கு சரித்திர வாயிலாகக் காண முடியும். கிறிஸ்து பிறப்பதற்கு சுமார் 500 ஆண்டுகளுக்கு முன்பு உபனிஷத், வேதம் இவைகள் வருவதற்கு முன்பு, இரும்பு ஆயுதங்கள் உபயோகப்படுத்தப்பட்டன. அக்காலத்தில், வேதபாராயணம் செய்தவர்கள் படைகளை தலைமை தாங்கி முன் நின்று நடத்தக்கூடிய யுத்த வீரர்களாயும் இருந்தார்கள். அதற்குப் பிறகுதான் ஒரு பகுதியினர் அடிமைகளாகவும் ஒரு பகுதியினர் அவர்களை அடக்கி ஆளப்படுபவர்களாகவும் உள்ள நிலை ஏற்பட்டது. அந்த காலகட்டத்தில்தான் ஜாதி வேரூன்ற ஆரம்பித்துவிட்டது என்று சரித்திரம் சொல்கிறது. அதற்கு முன்புள்ள காலத்தில், குஞ்சன் நாடார் அவர்கள் குறிப்பிட்டது போல ஒரு ஜாதியைச் சேர்ந்தவர் வேறொரு ஜாதியில் சேருவதற்குள்ள அனுமதி, இருந்தது. அச்சமயத்தில்தான் ஒவ்வொரு பகுதியினரும் ஒவ்வொரு இடங்களில் குடியேறி தாமதித்துவரத் தொடங்கினார்கள். ஒவ்வொரு அரசர்களும் மற்றுள்ள அரசர்களை அடக்கியாளப் புறப்பட்டார்கள். பிறகு, அதாவது கிறிஸ்து காலத்தை எடுத்துப் பார்ப்போமேயானால், பயங்கரமான ஜாதிமத வேற்றுமைகளும், ஒருவருக்கொருவர் விரோத மனப்பான்மை கொள்வது போன்றவைகளும் இந்தியாவில் மலிந்து யிருந்தன. அப்போதுதான் வியாபாரவர்க்கம் முதன் முதலாக தலைதூக்கியது, முதன் முதலாக நான் மேற்சொன்ன கால கட்டத்தில் தான் வியாபாரம் அல்லது வியாபாரிகள் ஒரு பிரதான பங்கு அடைய ஆரம்பித்தார்கள். அன்று கிராமாந்தரங்களில் இருந்த மக்கள் அங்கிருந்து நகரங்களுக்குச் செல்லவும், நகரங்கள் முக்கியத்துவம் அடைந்ததும், இந்த காலகட்டத்தில்தான் என்று உங்களை ஞாபகப்படுத்திக்கொள்கிறேன்.

Mr. Speaker: You have been placing all these facts, but you are not speaking on the resolution.

Shri K. Sattanatha Karayalar: Especially in the present context, all these facts are necessary I am coming to the resolution.

கழிந்த காலங்களில் நடந்ததை நாம் ஞாபகப்படுத்திக்கொண்டு பார்த்தால் நம் நாட்டில் இந்தப் பிரிவை வேரூன்ற வைத்தது, முதல் முதலாக Communal Representation கொடுத்தபோதுதான் என்று தெரியவரும். பிரித்தாளும் கொள்கையுடைய வெள்ளையர்கள் முதன் முதலாகக் கையாண்ட தந்திரமாகும் அது. குறிப்பாக தமிழ்நாட்டை எடுத்துக்கொண்டால் பிராமணர்கள், பிராமணரல்லாதவர்கள் என்ற பாகுபாடு ஆரம்பித்தது இந்த Communal Representation வந்த காலத்தில்தான் என்று கூறிக்கொள்ள விரும்புகிறேன். இது சமீபத்தில் நடந்த முனிஸிப்பல் தேர்தல்வரை ஜாதி அடிப்படையில் போட்டியிட வைத்தது. இவைகளை எல்லாம் இங்கு ஏன் சுட்டிக்காட்டுகிறேன் என்று கேட்டால் இந்த ஜாதிமத வித்தியாசங்கள் போகவேண்டுமானால், இங்கே சொல்லப்பட்டதுபோல் ஒரு ஜாதியைச் சேர்ந்தவர் வேறொரு ஜாதியை சேர்ந்த ஆட்களை மணம் செய்துகொள்வதாலோ அல்லது ஒரு போற்றி தமது போற்றி என்ற ஸ்தானப் பெயரை எடுத்துவிட்ட காரணத்தினாலோ அல்லது ஒரு ஐயர் தமது ஐயரென்ற பெயரை எடுத்துவிட்ட காரணத்தினாலோ ஜாதி வித்தியாசம் மாறப்போவதில்லை. இந்த ஜாதிக்கு எல்லாம் அடிப்படை ஒன்று காணலாம். அதாவது ஜாதி இரண்டொழிய வேறில்லை என்றதொரு நிலையை காணலாம். நம் நாட்டில், ஒன்று உழைப்பவர்கள், மற்றவர், உண்பவர்கள்; ஒன்று, சுரண்டுப்பவர்கள், மற்றவர்கள் அச்சுரண்டலுக்கு ஆளாகுபவர்கள் என்ற நிலை இருக்கிறது. இந்நிலை மாறுவதுவரை நம்மால் எதுவும் சாதித்துவிட முடியாது. இன்றைய அரசியல் சூழ்நிலையில் இதை நாம் இலேசாக கருதிவிடக்கூடாது. மகாகவி பாரதியார்,

''ஏழையென்றும் அடிமையென்றும்
எவருமில்லை ஜாதியில்
இழிவுகொண்ட மனிதரென்ப
திந்தியாவில் இல்லையே.''

என்று கூறியிருக்கிறார். அதேபோல், ஏழை, பணக்காரன் என்ற பாகுபாடு ஒழிந்து, எல்லோரும் ஓர் குலம், எல்லோரும் இந்நாட்டு மக்கள் என்று கருதும் நிலை வந்தால் மட்டுமே ஜாதி மத பேதம் ஒழியும். அந்நன்னாள் வருவதற்கு இத் தீர்மானம் ஒரு கருவியாக இருக்கும்.

<u>ശ്രീ. പി. ചാക്കോ:</u> സർ, ഈ പ്രമേയത്തെ എതിർത്തുകൊണ്ടു് ചില സംഗതികൾ പ്രസ്താവിക്കണമെന്നു് ഞാനാഗ്രഹിക്കുന്നു. തിരുവിതാംകൂർ കൊച്ചിയിൽ കഴിഞ്ഞകാലത്തു് സാമുദായികസംഘടനകൾ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലം ഈ ദേശവാസികൾക്കെല്ലാം നേരിട്ടു് അറിവുള്ള സംഗതിയാണു്. ഉദാഹരണമായി പറയുകയാണെങ്കിൽ, നായർസർവ്വീസ് സൊസൈററിയും, എസ്. എൻ. ഡി. പി. യോഗവും വിവിധ ക്രിസ്തീയ സംഘടനകളും വിദ്യാഭ്യാസപരമായി ഈ രാജ്യത്തു് കഴിഞ്ഞകാലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളതിന്റെ ഫലമായിട്ടാണു് നമ്മുടെ രാജ്യം ഇൻഡ്യയിലുള്ള മററൊരു ദേശത്തെക്കാളും വിദ്യാഭ്യാസവിഷയത്തിൽ മുന്നണിയിൽ നിൽക്കുന്നതെന്നു കാണാൻ കഴിയും.. ഈ നാട്ടിൽ വളരെയധികം അവശതകൾ അനുഭവിച്ചു് പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾ ഈയിടെമാത്രമാണു് സംഘടിതമായി പ്രവർത്തനം നടത്തിവരുന്നതു്. ഈ നാട്ടിൽ ജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി സംഘടിതമായ ശ്രമങ്ങൾ ആവശ്യമാണെന്നുകരുതി കഴിഞ്ഞ രണ്ടുമൂന്നുവർഷങ്ങൾക്കുമുമ്പു് പിന്നോക്ക സമുദായങ്ങളെല്ലാംതന്നെ ഗവണ്മെൻറിന്റെ പ്രത്യേക പരിരക്ഷണത്തിൻ കീഴിൽ സംഘടിച്ചു് പ്രവർത്തിക്കുന്നതിനു ഗവണ്മെൻറുതന്നെ തയാറാക്കിയ നിയമാവലിയനുസരിച്ചു് പല പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ടു്. ആ സംഘടനകൾ അതാതു സമുദായത്തിന്റെ ഉയർച്ചയ്ക്കു് പല പ്രവർത്തനങ്ങളും ചെയ്തുവരുന്ന ഒരു കാലഘട്ടത്തിൽ ഈ പ്രമേയം ഇവിടെ പാസ്സാക്കുകയാണെങ്കിൽ അവയുടെ പ്രവർത്തനങ്ങൾ നശിക്കുകയും ആ സമുദായങ്ങളുടെ അഭിവൃദ്ധി എന്നേക്കുമായി നിലയ്ക്കുകയും ചെയ്യും. എസ്. എൻ. ഡി. പി. യോഗത്തിനെപ്പോലെ സാമുദായികമായപേരിൽ—

<u>ശ്രീ. കെ. ഐ. വേലായുധൻ:</u> എസ്. എൻ. ഡി. പി. യോഗം വെറും ഒരു സാമുദായികസംഘടന മാത്രമാണോ?

<u>ശ്രീ. പി. ചാക്കോ:</u> അതൊരു സാമുദായികസംഘടനയാണെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്.

<u>ശ്രീ. കെ. ഐ. വേലായുധൻ:</u> അവശതയും ബുദ്ധിമുട്ടും അനുഭവിക്കുന്ന ഏതു മതത്തിലുൾപ്പെട്ടവർക്കും എസ്. എൻ. ഡി. പി. യോഗത്തിൽ ചേരുന്നതിനു് തടസ്സമില്ലെന്നറിയാമോ?

<u>ശ്രീ. പി. ചാക്കോ:</u> അങ്ങനെയാണെന്നുവരികിലും ഈഴവസമുദായത്തിന്റെ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു സംഘടനയാണെന്നാണു് ഇതുവരെയുള്ള യോഗത്തിന്റെ പ്രവർത്തനത്തിൽനിന്നും മനസ്സിലാക്കുന്നതു്.

[ശ്രീ. പി. ചാക്കോ]

അവശസമുദായസംഘടനകൾ ഇന്നു നാമമാത്രമായി സ്വത്തുക്കളോ സ്ഥാപനങ്ങളോ ഇല്ലാത്ത നിലയിൽ കഴിയുന്നുവെന്നുള്ളതു് പരിതാപകരമായ ഒരവസ്ഥയാണു്. അങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടാക്കുന്നതിനു് വ്യക്തിപരമായ കഴിവുകൾ ഇല്ലാതിരിക്കുന്ന ആ സമുദായങ്ങളിലെ ആളുകൾ അല്പാല്പമായിട്ടെങ്കിലും ധനസഹായം തേടി ഗവർമ്മെന്റിന്റെ സഹായസഹകരണത്തോടുകൂടി പുരോഗമിക്കുന്ന ഈ കാലത്തു് ഇങ്ങനെയൊരു നിരോധനം ഏർപ്പെടുത്തുന്നതു് കേവലം പരിതാപകരമായിട്ടുള്ള ഒരു സംഗതിയാണു്. ഈ നാട്ടിലെ അവശസമുദായങ്ങളുടെ സംഘടനകൾ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നില്ലെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. ഏതൊരു ഗവർമ്മെന്റു വന്നാലും ആ ഗവർമ്മെന്റിന്റെ തണലിലും താങ്ങിലും പുരോഗമിക്കുന്നതിനുള്ള ഒരു കഴിവുമാത്രമേ അവശസമുദായങ്ങൾക്കുള്ളു. അങ്ങനെയുള്ള സംഘടനകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആളുകളെ കാൺഗ്രസ്സ് സംഘടനയിൽ ചേർക്കുന്നതിനു് യാതൊരു നിയമവും ബാധകമായിട്ടില്ല. ഈ പ്രമേയം അവശസമുദായങ്ങളുടെ നേർക്കുള്ള ഒരു വെല്ലുവിളിയാണെന്നാണു് എനിക്കു തോന്നുന്നതു്.

സമുദായത്തിന്റെ പേരിലുള്ള സംഘടനകളെല്ലാം നിരോധിക്കണമെന്നു പ്രമേയം ആവശ്യപ്പെടുന്നു. പേരു മാറിയതുകൊണ്ടുമാത്രം സാമുദായികചിന്ത മാറുമെന്നുള്ള വിശ്വാസം എനിക്കില്ല. ഈ നിരോധനം കൊണ്ടു് സാമുദായികവ്യവസ്ഥകളാൽ മർദ്ദിതരായ തിരുവിതാംകൂർകാർക്കു് യാതൊരു മാററവും വരുമെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഇന്നു നിലവിലുള്ളതും ഏതെങ്കിലും ജാതിയുടെയോ, ജാതിവിഭാഗങ്ങളുടെയോ പേരിനോടു് ഘടിപ്പിച്ചിട്ടുള്ളതുമായ സാമുദായികസംഘടനകളെല്ലാം നിയമനിർമ്മാണംമൂലം നിരോധിക്കണമെന്നുള്ളതു് ഒരിക്കലും സ്വീകരിക്കാൻ പാടില്ല. ഇതിലേക്കു് വ്യവസ്ഥാപിതമായ മറെറന്തെങ്കിലും ഒരു മാർഗ്ഗം കണ്ടുപിടിച്ചു് നടപ്പാക്കണമെന്നും ഈ സഭയിലുള്ള എല്ലാ രാഷ്ട്രീയപ്രവർത്തകന്മാരുംകൂടി ആലോചിച്ചു് സാമുദായികമനഃസ്ഥിതി ഇല്ലാതാക്കാൻ പ്രവർത്തിക്കണമെന്നുമാണെന്റെ അഭിപ്രായം.

പ്രത്യേകിച്ചും തിരഞ്ഞെടുപ്പുകാലത്തു് ജാതിയുടെ പേരിൽ പ്രചരണങ്ങളും വോട്ടിംഗ്സമ്പ്രദായവും നമ്മുടെ രാജ്യത്തു് വളരെയധികം ഉണ്ടായിരുന്നു. നായന്മാർ നായർക്കുതന്നെ വോട്ടുചെയ്യണം, ക്രിസ്ത്യാനി ക്രിസ്ത്യാനിക്കുതന്നെ വോട്ടു ചെയ്യണം, എന്നൊരു നയമാണു് കണ്ടുവന്നതു്. ഇങ്ങനെ ജാതി തിരിച്ചുള്ള വോട്ടിംഗ്സമ്പ്രദായങ്ങൾ മാറേറണ്ടിയിരിക്കുന്നു. അതുകൊണ്ടു് ഈ നാട്ടിൽ സാമുദായികാടിസ്ഥാനത്തിൽ സംഘടിച്ചു് പുരോഗമിച്ചുകൊണ്ടിരിക്കുന്ന അവശസമുദായാംഗങ്ങളായ ജനങ്ങൾക്കു് തടസ്സമായി നില്ക്കുന്ന ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

Shri P. S. Nataraja Pillai : Sir, I wish to make one or two observations on the resolution before the House. I was patiently following the debate in the House. What gave me surprise was the speeches from the other side. Much more so since reading the speeches of the Prime Minister of India and Leader of the Congress

who controls the destinies of India as its representative. In almost all his speeches we find reference being made about communalism that is growing in the country. He exhorts congressmen to drive it out of the country and to take every step to keep up to the ideal of a secular State. One of the fundamental basis of the liberation movement started under Mahatma Gandhi was that caste must be eliminated as far as possible from politics. He wanted to spiritualise politics to build up a secular State. In later days, emphasis is only on secularism. In spite of all these facts, my friends who represent the Congress in this House are approaching the problem from a purely technical point of view and hair-splitting arguments. I was a little pained at that. I expected that the Members in this House would have realised the spirit behind the resolution. Not only that. My honourable friends would have also realised the extent to which communalism and casteism, if I may use that word, which is in vogue, has created disharmony and disunion in our country. Not only the public life of the country, but even the ideals of administration is being vitiated by communal approach to state problems. That is a fundamental fact which no citizen on the country can deny or forget. Public life is permeated by a spirit of communal mentality and day by day disunion is growing greater and greater. Is it not the duty of a democratic State, a State which proclaims that it is based on secularism, and the duty of the Legislature to view the question from that standpoint? The ideal of loyalty of the citizen is the fundamental basis on which the secular State can function. If we owe allegiance to different loyalties and differeent authorities that must sooner or later lead to a clash. What, after all, is this communal organisation ? There is self-interest in communal organisations. If the population of a State is divided on communal basis, if the society is allowed to divide itself as communal organisations and it is for communal interest. Mutual conflict and mutual animosity are bound to come in and affect the harmonious development of the citizenship. Will it lead to proper administration in the country ? While these organisations are decried or envisaged as a danger to democracy and proper administration, groups of people are organising for different loyalties and if there is a clash between the ideals of the Government and the particular interests of that community, where will be the loyalty of the citizen ? Will the loyalty to the organisation be greater or the loyalty to the State ? That is a question which I would humbly request my hon. Members to consider and ponder over. Sir, we have had experience of allowing communal organisations to thrive, strengthen and become powerful based upon communal allegiance. We know what it has brought to India. Let us not think that it is a slight matter, that it is incidental in our life and in the present condition of our society. If we want to

[Shri P. S. Nataraja Pillai]

evolve as a secular State, if we want our country to be a powerful one, if we want harmonious relationship between all groups, the people as a whole must work to wipe out these differences and bring about communal harmony.

Shri N. P. Varghese : If there is conflict between loyalty to religion and loyalty to State, what will be the stand of the hon. Member ?

Shri P. S. Nataraja Pillai : I feel I am a religious man and even orthodox. I believe in God. That is my creed. As a religious man there are certain observances which I must adhere to. But that is a personal code of life and not a code to be observed as a citizen. I can be a Hindu in a State ruled by a Mussalman. I must have liberty to practise my religion as enjoined by it. I can understand the freedom of worship but that does not clash with my loyalty to the State.

Shri A. Thanu Pillai : If any religious group organises itself against the State then what will be the answer of the member ?

Shri P. S. Nataraja Pillai : I have no hesitation in saying that that group must be eliminated. It must have no place in the State. It has no right to butt in or encroach upon the field of the secular State.

Shri K. Madhavan Unnithan : Cannot the same thing be said about communal loyalty also ?

Shri P. S. Nataraja Pillai : If communal loyalty is allowed to grow, it may even challenge the authority of the State.

Shri A. A. D. Luiz : Do you concede that communalism will cease to exist if the theory of one nation that now exists only in the lips of the leaders gets into their hearts ?

Shri P. S. Nataraja Pillai : I do not think that our leaders say one thing with their lips while there is another thing in their hearts. It is startling to my mind. I believe every man speaks what he feels. If communal organisations are allowed to function without restraint that may lead to a situation—

ശ്രീ. എ. വി. ചെറിയാൻ : കമ്മ്യൂണൽ ഓർഗനൈസേഷൻ രാജ്യത്തിന് നന്മയുള്ള കാര്യങ്ങളും ചെയ്യുകയും സെക്യുലർ സ്റ്റേറ്റിൽ കോൺഫ്ളിക്റ്റ് ഉണ്ടാക്കാതിരിക്കുകയും ചെയ്യുക ആണെങ്കിലോ?

Shri P. S. Nataraja Pillai : I would not call it a communal organization by itself. It will be a social organization or a welfare organization. But based upon the principle of communalism, to

group together a certain section of the public under a communal flag and make it an organization deriving its power by feeding on the lower instincts of human beings and ultimately becoming so powerful as to challenge the secular authority of the State is one of the most dangerous things for a secular State to face.

Mr. Speaker : Does the member wish to speak something more on this ?

Shri P. S. Nataraja Pillai : Yes, Sir.

Mr. Speaker : Now, the House will adjourn and meet again tomorrow at eleven o'clock.

The Assembly adjourned at 4.32 p. m. to meet again at 11 A.M. on Saturday, the 7th March 1953.

APPENDIX I

[*Please see answer to question No.* 119 (1)]

List of persons to whom G. M. F. loan has been sanctioned during 1952-53 (Up to 28-2-53)

Sl. No.	*Name and address*	*Amount sanctioned* Rs.
1.	Shri Cherian Chacko, Thuruthithara Arakkal Veedu, Neelamperoor, Changanacherry.	3,000
2.	Shri C. N. Gopalan, Chakkalayil Veedu, Kollaka Muri, Panmana Pakuthy, Karunagapally.	3,000
3.	Shri R. Chellappan Pillai, Punakottu Veedu, Poovathoor, Nedumangad	500
4.	Shri Chacko Varkey, Karikkampallil, Cheekidikadu, Thakazhi.	4,000
5.	Shri Ittan Kuruvilla, Nauvallil, Kallathil, Chennankari.	5,000
6.	Shrimati L. Janaki Amma, Sreevilasom House, N. Paroor.	4,700
7.	Shri P. V. Varghese, Kolathu House, Kaviyoor.	1,500
8.	Shri A. Ramachandra Panicker, Edavana House, Kakkazham Muri, Ambalapuzha.	1,000
9.	Shri G. G. John, Olikkara House, Thottakattu Kara, Puthupally Pakuthy, Changanacherry.	4,000
10.	Shri G. Janardhanan Pillai, Kallettu Veedu, Padinjattumcheri, Kaviyoor, Thiruvella.	5,00
11.	Shri Ouseph Joseph, Puthenpurayil House, Chennankari Pakuthy, Changanacherry.	10,000
12.	Shri P. Abdul Aziz, Kottavilakathu House, Athiyara, Aryanad P. O.	3,000
13.	Shri Uthuppan Kuriakose, Pazhayakalathil, Neelamperoor, Changanacherry.	6,000
14.	Shri Uthuppan Uthuppan, Pazhayakalathil, Neelamperoor, Changanacherry.	4,000
15.	Shri C. K. Narayana Kurup, Cherukara House, Kozhimukku, South Edavana, Ambalapuzha.	2,000
16.	Shri Pandavathu Sankara Pillai, Amritha Bhavanam, Pallana.	5,000
17.	Shri Velumban Nanoo, Pathinettuparathoppil Veedu, Vararikkavu, Kumarapuram, Karthigapalli.	3,000
18.	Shri Thomman Thomas, Puthenpurackel Paliyath, Veliyanad, Changanacherry.	9,500
19.	Shri P. Kunjan Nair, Harihara Bhavanam, Ooruttambalam, Neyyattinkara.	3,500
20.	Shri V. M. Abdul Rehiman Vaidyan & Shri A. Mydeen Picha, Vadakke Panayil Veedu, Vembayam, Nedumangad.	12,000
21.	Shri R. Vasudevan Nair, Shroff House, Thycaud, Trivandrum.	3,000

22.	Shri P. Punnoose & Mrs. Punnoose, Pattassri, Chingavanam, Kottayam.	10,0000
23.	Shri Thomas J. Kottiparamban, Kalapurakkal, Lalithamahal, Thalayazham Pakuthy, Vaikom.	25,000
24.	Shri N. Sasthankutty Pillai & Shri K. Muthuperumal Pillai, Chittezhathu Veedu, Kumarakom, Kottayam.	3,000
25.	Shri Punnuse Chacko & Rev. Fr. N. P. Philipose, Nadamel House, Neelamperoor, Changanacherry.	4,000
26.	Shri Mathai John, Konnayil House, Mundukavu, Chengannur.	3,000
27.	Shri Uthuppu Chacko, Punnachirayil House, Veloor, Kottayam.	2,500
28.	Shri Thomman Joseph, Murukkummoottil, Kavalam.	10,000 (to be paid in two equal instalments.)
29.	Shri Joseph Thomas, Karukayil House, Neelamperoor.	8,000
30.	Shi Mathulla Eyo, Karikeezhu Malayikal House, Changanacherry	9,000
31.	Shri K. M. Joseph & Mrs. Thresia Joseph, Karikeezhil House, Cherukara, Kavalam.	4,000
32.	Shri Joseph Varghese, Vattaparambil House, Kainadi, Neelamperoor.	8,000
	Total Rs.	2,64,7000

APPENDIX II

[*Please see Answer to question No.* 127 (13)]

Copy of the Lease Deed dated 13-6-1118 executed by the Cochin Potteries, Chalakudy.

THIS INDENTURE made this the 13th day of Makaram 1118 corresponding to the 26th day of January 1948 between H. H. Ramavarma, 2nd Thampuran of Cochin aged 42 years, son of Ikkavu Thampuran, Nadama village, Cochin-Kanayannur Taluk, Kshatriya by caste, Secretary to the Government of Cochin for and on behalf of the Government of His Highness the Maharaja of Cochin hereinafter called the lessor of the one part and Messrs. The General Mercantile Corporation Ltd., Cochin, represented by its Managing Director Shri S. Rm. Ct. Pl. Palaniappa Chettiar, son of Chidambaram Chettiar, Non-brahmin by caste, aged 34 years residing at Mowbray's Road, Mylapore, Madras, Managing Director, General Mercantile Corporation Ltd., Cochin for and on behalf of the General Mercantile Corporation Ltd., Cochin herein after called the lessees on the other part witnesseth that in cosideration of the rent hereinafter reserved and of the lessees agreement hereinafter contained the lessor hereby grants to the lessees the lease of all those premises with compound, buildings, outhouses, machinery and plant and other accessories and more particularly described in the schedules hereunder annexed and situate at

Kizhakkey Chalakudy village, Mukundapuram Taluk to hold the same for a term of *Seventeen years from 1st Thulam* 1118 at the yearly rent of Rs. 2,400 (Rupees two Thousand and Four hundred only) from 1st Thulam 1118 and Rs. 3000|—(Rupees three thousand only) from 1st Thulam 1123 till the expiry of the aforesaid period of this lease and the lessor hereby agrees with the lessees as follows :—

1. The lessees agree to take the buildings, plant and machinery and other articles of furniture etc., as per Schedule attached belonging to the lessor at the Cochin Government Storeware Works. Chalakudi for a period of seventeen years from 1st Thulam 1118 corresponding to 17th October 1942 and pay the lessor an annual rental of Rs. 2,400 (Rupees two thousand and four hundred) only thereafter till the expiry of the lease period; payable in advance in two instalments on the 1st Thulam and 1st Medom of every year and if any default is made in any instalment, interest at 6 per cent (six per cent) will be paid by the lessees to the lessor from date of default.

2. The lessor agrees to allow the lessees proportionate remission of rent if the work in the factory has to be suspended for over a month due to the breakdown of the important machineries or other causes beyond the control of the lessees. Stoppage of works due to strike or accumulation of stocks, will not entitle the lessees for any remission of rent. The decision of the Dewan of Cochin as to whether the circumstances which have caused the stopping of the work are beyond the control of lessees or not shall be final.

3. The lessees agree that at least three seats on the Board of Directors of the lessees company shall be reserved for election from among Cochinite shareholders eligible for election thereto. If, however, Cochinite shareholders with the requisite qualification are not available for election as Directors, the Board of Directors shall nominate Cochinite shareholders though not possessed of the necessary share qualification to satisfy the condition that there shall be at least three Cochinite shareholders on the Directorate of the Comapny.

4. The lessees agree to raise their paid up share capital to Rs. 75,000 (Rupees Seventy five thousand) only and to reserve and keep open new shares of all kinds to the value of Rs. 29,000 (Rupees Twentynine thousand) only for subscription by bonafide Cochinites for a period of six months from the date on which applications for the new shares are invited and to throw open such shares to public subcription without any restriction only in the event of such shares not being subscribed for by bonafide Cochinites within the period aforesaid.

5. The lessees agree to keep with them the articles as per Schedule II attached as the property of the lessor and sell them and pay for them and when the lessees receive orders for similar articles at rates to be approved by the lessor from time to time.

6. The lessees agree to insure the buildings and plant and machinery for Rs. 50,000 against damage by fire and pay the annual premium on this fire insurance and surrender, the policy and the premium receipts to Government and to return the articles remaining unsold mentioned in Schedule II and the articles mentioned in Schedule I to the lessor on the termination of the lease in state of good condition and repair respectively. But the lessees are not responsible for any deterioration or breakage of articles mentioned in Schedule II. In the case of any compulsory insurance of the buildings and machineries by the owner of the factory like the War Risks (Factories) insurance, the lessor agrees to pay the extra premium, if any, that may have to be paid, over the premium, that the lessees have to pay as stipulated in the first sentence of this clause.

7. The lessor agrees to allow the lessees to take as much fuel as is required for the working of the Factory from the forests belonging to the lessor on payment by the lessees of the usual seigniorage and to take clay from Government Poramboke lands on payment by the lessees of rental on the same scale allowed to private individuals. But the lessees will be at liberty to make their own arrangements for the supply of fuel in future, if they so desire.

8. The lessor agrees to pay the lessees on the termination of the lease any capital expenditure that the lessees might have incurred with the specific and previous sanction of the lessor for the replacement of engines and major repairs to buildings etc., which would be found necessary for the proper working of the factory. The value to be given to the lessees of such machinery, repairs etc., will be arrived at after deducting proportionate depreciation and taking into account the condition of the machinery at the time and is to be decided by the Dewan whose decision shall be final. A committee consisting of the Chief Engineer to the Government, the Director of Industries and Commerce and a representative of the lessees shall examine all proposals for capital expenditure and make representations to the Government.

9. The lessees agree that at least seventy-five per cent of the non-labour-staff and ninety per cent of the labourers engaged in the factory shall be bonafide Cochinites.

10. The lessees agree to place at the disposal of the lessor any convenient place in the Storeware Factory building for keeping the records and other articles of the factory belonging to the lessor until such time as the lessor deems it necessary and to allow access to the lessor or his deputies to the place thus reserved during he working hours.

11. The lessees agree to deposit a sum of Rs. 5,000 (Rupees Five thousand only,) with the lessor within a fortnight from this date as security for the fulfilment of the obligations heretobefore mentioned which along with other interests of the lessees in the factory will be forfeited if any of the conditions of this lease are not entirely fulfilled. The lessor will pay the lessees an interest of 2½% per annum on this amount. The sum of Rs. 3,000 already deposited by the lessees in pursuance of the lease dated 19-2-1115 shall be deemed one part of the deposit payable and in this lease deed the balance of Rs. 2,000 shall be deposited within a fortnight from the date of this lease.

12. If any dispute arises in the interpretation of any of the terms of this agreement the decision of the Dewan of Cochin shall be final.

13. The lessees further agree that all amounts, if any, due to the lessor under this agreement shall be recovered from them in the manner provided for the recovery of arrears of land revenue under the Cochin Revenue Recovery Act.

IN WITNESS whereof the parties have hereunto set their hands and seal this day and year first above written.

Sd. *Secretary to Government of Cochin.*

For General Mercantile Corporation Ltd.,

Sd. *Managing Director.*

PROCEEDINGS OF THE

TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1953

Saturday, the 7th March 1953.

Vol. VIII | Official Report | No. 10

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Saturday, the 7th March 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

വർക്ക്സ് കമ്മിറ്റികളിലേയ്ക്കുള്ള നാമിനേഷൻ.

* ൨൮൧. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) വർക്ക്സ് കമ്മിറ്റികളിൽ അംഗങ്ങളെ നാമിനേറ്റ ചെയ്യുന്നത് ഏതടിസ്ഥാനത്തിലാണ്;

(ബി) നിയമസഭാ മെംബറന്മാരൊഴികെ പ്രസ്തുത വർക്ക്സ്കമ്മിറ്റികളിൽ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയിലെ പ്രവർത്തകന്മാരെ നാമിനേറ്റ ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): (എ) പൊതുമരാമത്തുമന്ത്രിക്കും ഔദ്യോഗികമെംബറന്മാർക്കും പുറമെ സെൻട്രൽകമ്മിറ്റിയിൽ ഓരോ പി. ഡബ്ലിയു. ഡി. ഡിവിഷൻ പ്രതിനിധീകരിക്കുന്ന ഏഴ് അസംബ്ലിമെംബറന്മാരും മൂന്നു അനൗദ്യോഗസ്ഥമെംബറന്മാരുമുണ്ട്. സബ്ഡിവിഷൻ കമ്മിറ്റിയിൽ ഔദ്യോ

[ശ്രീ. കളത്തിൽ വേലായുധൻ നായർ.]

ധികമെംബറന്മാർക്കു പുറമെ രണ്ടു അനൗദ്യോഗസ്ഥമെംബറന്മാരും സബ് ഡിവിഷൻ പ്രതിനിധീകരിക്കുന്ന അസംബ്ലിമെംബർമാരും നാമിനേററു ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) സബ് ഡിവിഷൻ കമ്മിററികളിൽ അസംബ്ലി മെംബറല്ലാത്തവരും എന്നാൽ അതാതു സബ്ഡിവിഷനിലെ പൊതുമരാമത്തു ജോലികളെ പ്രോത്സാഹിപ്പിക്കുന്നതിൽ താൽപ്പര്യമുള്ളവരുമായ അനൗദ്യോഗസ്ഥമെംബർമാരെ നാമിനേററുചെയ്യപ്പെട്ടിട്ടുണ്ട്. അപ്രകാരം നാമിനേററു ചെയ്യുന്നതു രാഷ്ട്രീയ പരിഗണനകൾ ഒന്നുംകൂടാതെയാകുന്നു.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ: ആററിങ്ങൽ സബ്ഡിവിഷൻ വർക്ക്സ് കമ്മിററിയിൽ എം. എൽ. എ. മാരെ കൂടാതെ രണ്ടുപേരെ നാമിനേററ ചെയ്തിട്ടുള്ളവർ രണ്ടുപേരും കാൺഗ്രസ്സിലെ പ്രവർത്തകന്മാരാണെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആയിരിക്കാം. ആരെല്ലാമാണെന്നു് ഇപ്പോൾ ഓർമ്മയില്ല.

ശ്രീ. ആർ. ഗംഗാധരൻ: അനൗദ്യോഗികഅംഗങ്ങളെ തെരഞ്ഞെടുക്കുന്നതു ഏതടിസ്ഥാനത്തിലാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സ്ഥലത്തു പ്രധാനപ്പെട്ട ആളുകളേയും ഇക്കാര്യങ്ങളിൽ താൽപ്പര്യമുള്ള ആളുകളേയും നോക്കിയായിരിക്കും നാമിനേററ ചെയ്യുന്നതു്.

ശ്രീ. ആർ. ഗംഗാധരൻ: ആററിങ്ങൽ സബ്ഡിവിഷൻ വർക്ക്സ കമ്മിററിയിൽ കാൺഗ്രസ് പ്രവർത്തകന്മാരായ രണ്ടുപേർക്കുമാത്രമേ പൊതുമരാമത്തുപണികളിൽ താൽപ്പര്യമുള്ളു എന്നാണോ പറയുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: താൽപ്പര്യമുള്ളവരെ എല്ലാം നാമിനേററ ചെയ്തിട്ടില്ല അതുകൊണ്ടു് ഈ നാമിനേററചെയ്തിട്ടുള്ളവർ മാത്രമേതാൽപ്പര്യമുള്ളവരുള്ളു എന്നർത്ഥമില്ല.

ശ്രീ. ആർ. ഗംഗാധരൻ: അവർ രണ്ടുപേരുംമാത്രമേ ഇതിൽ താൽപ്പര്യമുള്ളവരായിട്ടുള്ളു എന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: രണ്ടുപേരെമാത്രമേ തെരഞ്ഞെടുക്കാൻ പ്രൊവിഷനുള്ളു. അതുകൊണ്ടു രണ്ടുപേരെ എടുത്തു.

ശ്രീ. ആർ. ഗംഗാധരൻ: അവരിൽ ഒരാൾ അവിടത്തെ കാൺഗ്രസ്സ് കമ്മിററി പ്രസിഡൻറും മറെറാരാൾ കാൺഗ്രസ് ടിക്കററിൽ തെരഞ്ഞെടുപ്പിനു സ്ഥാനാർത്ഥിയായിനിന്നു മത്സരിച്ചു തോററയാളുമാണെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെയുള്ളവരായിരിക്കുമോ എന്നു നല്ല നിശ്ചയമില്ല.

ശ്രീ. ആർ. ഗംഗാധരൻ: അങ്ങിനെയുള്ളവർ ഈ വർക്ക്സ് കമ്മിററിയിൽ ഇല്ലെന്നാണോ പറയുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അവർ കാൺഗ്രസ്പ്രവർത്തകരും കാൺഗ്രസ് സ്ഥാനാർത്ഥിയായിനിന്നു തോററവരുമായിരിക്കാം. രണ്ടു പേരെ തെരഞ്ഞെടുത്തു എന്നുമാത്രമേയുള്ളു.

ശ്രീ. ആർ. ഗംഗാധരൻ: കാൺഗ്രസ്പാർട്ടീയിൽ പെടാത്ത ആരെയെങ്കിലും ഈ വർക്ക്സ്കമ്മിററിയിൽ തെരഞ്ഞെടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ചില സ്ഥലത്തു അഞ്ചിനെയും എടുത്തിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: ഈ അനൗദ്യോഗികമെംബറന്മാരെ എടുക്കുന്നതു കാൺഗ്രസ് സ്ഥാനാർത്ഥികളായിനിന്നു തോററവരെ മാത്രമാണോ? മററ പാർട്ടികളിൽനിന്നും എടുക്കാതിരിക്കുന്നതു എന്തുകൊണ്ടാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കാൺഗ്രസ് സ്ഥാനാർത്ഥികളായിനിന്നു തോററവരെയും മററ പാർട്ടികളിൽനിന്നു തോററവരേയും ഉൾപ്പെടുത്തും.

ശ്രീ. എ. താണുപിള്ള: തിരുവനന്തപുരത്തു കാൺഗ്രസ് സ്ഥാനാർത്ഥിയായിനിന്നു തോററവരെ ഈ വർക്ക്സ്കമ്മിററിയിൽ എടുക്കുകയും മററ പാർട്ടികളിൽനിന്നും തോററവരെ എടുക്കാതിരുന്നിട്ടുള്ളതായും അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മററ പാർട്ടികളിൽനിന്നു ജയിച്ചിട്ടുള്ളവരേയും ഈ കമ്മിററികളിൽ എടുത്തിട്ടുണ്ട്.

ശ്രീ. എം. എം. അബ്ദുൽഖാദർ: ഇതു നാമിനേററചെയ്യുന്ന കമ്മിററിയാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേ.

ശ്രീ. ജോസഫ് വാഴപ്പിള്ളി: അനൗദ്യോഗികമെംബറന്മാരെ തെരഞ്ഞെടുപ്പുമൂലമാണോ എടുക്കുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അല്ല.

ശ്രീ. കുഞ്ഞിത്തൊമ്മൻ: വർക്ക്സ്കമ്മിററിയിൽ ചെയർമനായി നാമിനേററ ചെയ്യുന്നതു കാൺഗ്രസ് സ്ഥാനാർത്ഥിയായിനിന്നു തോററിട്ടുള്ളവരെയാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: സ്ഥാനാർത്ഥിയായി നിന്നു ജയിച്ചിട്ടുള്ളവരും കാണും.

ശ്രീ. കുഞ്ഞിത്തൊമ്മൻ: അങ്ങനെയല്ലാതെ നാമിനേററ ചെയ്തിട്ടുണ്ടെങ്കിൽ അതു ജനപ്രതിനിധികളോടും ജനങ്ങളോടും ചെയ്യുന്ന ഒരു അനീതിയല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെയല്ല.

ശ്രീ. കുഞ്ഞിത്തൊമ്മൻ: ജനപ്രതിനിധികൾ ഈ കമ്മിററിയിലിരിക്കുമ്പോൾ ആ കമ്മിററിയുടെ ചെയർമാനായി മറെറാരു തോററ സ്ഥാനാർത്ഥിയെ ആ കമ്മിററിയിൽ വയ്ക്കുന്നതു ശരിയാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കമ്മിററിയെ നാമിനേററു ചെയ്യുകയാണു പതിവു്. അങ്ങിനെ നാമിനേററു ചെയ്യു എന്നു പറഞ്ഞാൽ ജനങ്ങളുടെ അഭിപ്രായമറിഞ്ഞു ചെയ്യു എന്നർത്ഥമില്ല.

ശ്രീ. കുത്തിരാമൻ: വളരെ ഉത്തമവിശ്വാസത്തോടുകൂടി ഞാൻ പറയുന്നു ജനപ്രതിനിധികൾ ഉൾപ്പെട്ട കമ്മിററിയിൽ ജനപ്രതിനിധികളല്ലാത്തവരെ അതിന്റെ ചെയർമാനായി വച്ചിരിക്കുന്നെന്നു്. അതു ജനപ്രതിനിധികളുടെ താൽപ്പര്യത്തിനു ഹാനികരമല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു മെമ്പറുടെ അഭിപ്രായമാണു്. ഗവണ്മെന്റിനങ്ങനെ അഭിപ്രായമില്ല.

ശ്രീ. അമ്പാട്ടു ഈശ്വരമേനോൻ: സാധാരണ നാമിനേററു ചെയ്യുന്നതു പല ലിസ്ററനുസരിച്ചാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതേ. ഒരു ലിസ്റ്റിൽ നിന്നാണു എടുക്കുന്നതു്.

ശ്രീ. അമ്പാട്ടു ഈശ്വരമേനോൻ: അങ്ങനെയുള്ള ലിസ്റ്റിൽ അവിടെയുള്ള കാംഗ്രസ്സുകാരും, കമ്മ്യൂണിസ്ററും, സോഷ്യലിസ്ററും മററു പാർട്ടിയിൽപ്പെട്ടവരും കാണുകയില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ലിസ്റ്റു് പരിശോധിച്ചു യോഗ്യന്മാരായിട്ടുള്ളവരെ എടുക്കുകയുള്ളു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: പഴയ പൊതുതിരഞ്ഞെടുപ്പുകാലത്തുണ്ടായിരുന്ന വക്ക്സ് കമ്മിററി ഇന്നു നിലവിലുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: കാൺഗ്രസ്സുകാരല്ലാത്തവരെ വക്ക്സ് കമ്മിററി മെമ്പറന്മാരായി നാമിനേററുചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടു്. നാഗർകോവിൽ, മൂവാററുപുഴ മുതലായ സ്ഥലങ്ങളിൽ നാമിനേററുചെയ്തിട്ടുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: കാൺഗ്രസ്സുകാർമാത്രമേ വക്ക്സ് കമ്മിററി ചെയർമാനായി ഇരിക്കാവൂ എന്നു നിർബന്ധമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: കാൺഗ്രസ്സുകാരല്ലാത്ത ചെയർമാന്മാരുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: അതു എവിടെയാണെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ശ്രീ. രാമസ്വാമിപ്പിള്ളയുണ്ടു്.

ശ്രീ. ടി. കെ. ദിവാകരൻ: തമിഴ്നാടുകാൺഗ്രസിനെ കാൺഗ്രസ്സായി പരിഗണിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഇല്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള : മൂവാററുപുഴനിന്നും കാൺഗ്രസ്സുകാരനല്ലാത്ത ഒരു മെംബറെ തിരഞ്ഞെടുത്തു എന്നു പറഞ്ഞുവല്ലോ അതു ആരാണെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ശ്രീ. വി. പി. ഗോവിന്ദൻ നായരാണ്.

ശ്രീ. പി. ഗോവിന്ദപ്പിള്ള : ഈ വി. പി. ഗോവിന്ദൻ നായർ അവിടത്തെ ഒരു പ്രധാന കാൺഗ്രസ്സ് പ്രവർത്തകനും എൻ. എസ്സ്. എസ്സ്. പ്രവർത്തകനുമാണെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : മന്നന്മാരായിട്ടുള്ളവർ കാൺഗ്രസ്സിലും എൻ. എസ്സ്. എസ്സ്. ലും കാണും.

ശ്രീ. പി. വി. അവിരാ തരകൻ : ഈ കാൺഗ്രസ്സ്കാരായിട്ടുള്ളവർ വക്ക്സ് കമ്മിററിയിൽ എടുത്താൽ അവക്ക് ഇൻറലക്ച്വലായും economical ആയോ വല്ല സഹായവും പ്രതീക്ഷിക്കാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : സാമ്പത്തികമായ സഹായം പ്രതീക്ഷിക്കുന്നില്ല. കാൺഗ്രസ്സുകാരായിട്ടുള്ളവരിൽനിന്നും സാധാരണ ഇൻറലക്ച്വൽ ആയ സഹായം പ്രതീക്ഷിക്കാം.

ശ്രീ. ആർ. കേശവപിള്ള : വാഴൂർനിന്നും കാൺഗ്രസ്സുകാരനല്ലാത്ത ഒരാളെ കോട്ടയം സബ ഡിവിഷനിൽ വക്ക്സുകമ്മററി അംഗമായി എടുത്തിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഉണ്ടായിരിക്കണം.

ശ്രീ. ടി. എ. മജീദ് : ആററങ്ങൽ വക്ക്സുകമ്മിററി ചെയർമാൻ ഇവിടത്തെ ഡി. സി. സി. പ്രസിഡൻറ് അല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഡി. സി. സി. പ്രസിഡൻറല്ല

വില്ലേജുറോഡുകൾ.

* ൨ ൭ ൮. [൨] ശ്രീ. ആർ. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറനുവാദം കൂടാതെ വില്ലേജുറോഡുകൾ പൊതുജനങ്ങൾ വെട്ടാൻ പാടില്ലെന്നു വ്യവസ്ഥയുണ്ടാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്ത്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) :

(എ) ഉണ്ട്.

[കളത്തിൽ വേലായുധൻ നായർ]

(ബി) പൊതുജനങ്ങൾ റോഡുവെട്ടുന്നതായാൽ റോഡിനുവേണ്ടതായ വീതിയുണ്ടായിരിക്കുന്നതിനു ശ്രദ്ധിക്കുന്നില്ല. എന്നുമാത്രമല്ല പഞ്ചകൊല്ലംകൊണ്ട് എല്ലാ ഗ്രാമങ്ങളിലും റോഡുണ്ടാക്കുന്നതിനുള്ള ഒരു സ്കീം ഗവണ്മെൻറ് തയാറാക്കിയിരിക്കുന്നതുകൊണ്ടുമാണ്.

<u>ശ്രീ. ആർ. ഗംഗാധരൻ</u> : പൊതുജനങ്ങൾക്കു ആവശ്യമുണ്ടെന്നു കണ്ടാൽ അതു വെട്ടുന്നതിലുള്ള ദോഷം എന്താണ്?

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ</u> : പൊതുജനങ്ങൾ വെട്ടുന്ന റോഡിനു ആവശ്യമുള്ള വീതി വരുത്താത്തതുകൊണ്ടു ഗവണ്മെൻറനുവാദം കൂടാതെ അങ്ങനെ ചെയ്യരുതെന്നാണ് ഉദ്ദേശിച്ചിരിക്കുന്നത്. അതിലേക്കു ഗവണ്മെൻറിനോടപേക്ഷിച്ചാൽ ഗവണ്മെൻറിൽനിന്നും അതിന്റെ അലയിൻമെൻറ് എല്ലാം ചെയ്തുകൊടുക്കും.

<u>ശ്രീ. ആർ. ഗംഗാധരൻ</u> : ഗവണ്മെൻറിൽനിന്നും അനുവാദത്തോടുകൂടി ചെയ്യുകയാണെങ്കിൽ വളവുകളും വീതിയും ശരിപ്പെടുത്താൻ കഴിയുമോ?

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ</u> : അതാണു ഗവണ്മെൻറിന്റെ അഭിപ്രായം.

Investigation of minor ports.

* 259. [3] **Shri K. Bhanu** : Will the Minister for Public works be pleased to state : whether the Government have received the report of the Special Officer for the investigation of minor Ports appointed by the Ministry of Transport, Government of India, in so far as it affects minor ports in our State and if so, the action taken thereon ?

Minister for works and Transport **(Shri Kalathil Velayudhan Nair)** : Yes. A statement showing the recommendations contained in the report of the Special Officer and the action taken by Government thereon is placed on the table †

Shri K Bhanu : How many of the minor ports are included at present ?

Shri Kalathil Velayudhan Nair : Trivandrum, Quilon and Koilthottom.

Shri K. Bhanu : Is it possible to attend to some other minor ports as Kolachal ?

Shri Kalathil Velayudhan Nair : Government cannot say that definitely.

Shri K. Bhanu : What is the basis for cla sifying these ports into minor and major ?

---

* Please See Appendix

Shri Kalathil Velayudhan Nair : If a separate question is put I shall try to get the information.

<u>ശ്രീ. ടി. കെ. ദിവാകരൻ</u> : കൊല്ലം പോർട്ടിനെസംബന്ധിച്ചു ഗവണ്മെൻറ എന്താണു ശുപാർശ ചെയ്തിരിക്കുന്നതു്?

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ</u> : മൈനർ പോർട്ടായിരിക്കുന്നതു ഇൻറർമീഡിയററ് പോർട്ടാക്കണമെന്നാണു ശുപാർശ ചെയ്തിരിക്കുന്നതു്.

Shri O. C. Ninan : May I know whether the views of Government have been sought for on the matter ?

Shri Kalathil Velayudhan Nair : No. Government were consulted after getting the report.

<u>ശ്രീ. എ. കെ. ചെല്ലയ്യാ</u> : മൈനർപോർട്ട് എന്നും ഇൻറർമീഡിയററ്പോർട്ട എന്നും പറയുന്നതെന്താണ്?

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ</u> : അതു അവിടത്തെ കയററുമതിയുടെയു ഇറക്കുമതിയുടെയും തോതു് അനുസരിച്ചാണു തീരുമാനിക്കുന്നതു്.

<u>ശ്രീ. എ. കെ. ചെല്ലയ്യാ</u> : അതു നിശ്ചയിക്കുന്നതു് ആരാണ്?

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ</u> : തോതു നിർദ്ദേശിച്ചതു സ്പെഷ്യലാഫീസറാണു്.

<u>ശ്രീ. എ. കെ. ചെല്ലയ്യാ</u> : കുളച്ചലും കൊല്ലവും മൈനർപോർട്ടാണെന്നു ആരാണു നിശ്ചയിച്ചതു്.

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ</u> : സ്പെഷ്യലാഫീസരുടെ നിർദ്ദേശമനുസരിച്ചാണു് നിശ്ചയിച്ചിരിക്കുന്നതു്.

<u>ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ</u> : ചരിത്രാതീതകാലം മുതൽ കച്ചവടപ്രാധാന്യമുണ്ടായിരുന്ന ഒരു പോർട്ടല്ലേ കൊടുങ്ങല്ലൂർ?

<u>ശ്രീ. കളത്തിൽ വേലായുധൻ നായർ</u> : കച്ചവടസംബന്ധമായ പ്രാധാന്യമൊന്നും ഇപ്പോൾ കാണുന്നില്ല.

Ayurvedic medicines.

*260. [4] **Shri K. Bhanu** : Will the Minister for Public Works be pleased to state :

(*a*) whether the preparation of Ayurvedic medicines is exempted from the Laws of prohibition ; and

(*b*) if so, the reasons for the same ?

Minister for Medicine and Public Health (**Shri V. Madhavan**) :

(*a*) No.

(*b*) In view of the above answer the question does not arise.

Shri K. Bhanu : Are the Government aware that the sale of Ayurvedic medicines has considerably increased ?

Shri V. Madhavan : No.

Nagercoil Electric Supply.

*261. [5] **Shri T. S. Ramaswami :** †Will the Minister for Works and Transport be pleased to state :

(*a*) whether notices of discharge were issued to the workers of the Nagercoil Electric Supply Corporation ;

(*b*) when was it issued ; and

(*c*) for what reasons ?

Minister for Works and Transport **(Shri Kalathil Velayudhan Nair) :**

(*a*) Yes.

(*b*) 29th December 1952.

(*c*) It was considered that the Ex-Licensee's staff need not be retained for the efficient maintenance of the Electric Supply system at Nagercoil and consequently notice of likely discharge was issued to the staff.

ശ്രീമതി കെ. ആർ. ഗൗരി: പിരിച്ചുവിടപ്പെട്ടവർക്ക് എത്രകൊല്ലത്തെ സർവീസുണ്ടെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആരെയും പിരിച്ചുവിട്ടിട്ടില്ല. നോട്ടീസു കൊടുത്തിട്ടുള്ളതേ ഉള്ളൂ.

ശ്രീമതി കെ. ആർ. ഗൗരി: എന്തെന്നാണ് നോട്ടീസു കൊടുത്തിട്ടുള്ളത്? പിരിച്ചുവിടുമെന്നാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അല്ല. പിരിച്ചുവിടേണ്ടി വരുമെന്നാണ്.

ശ്രീ. ടി. കെ. ദിവാകരൻ: എലക്ട്രിക്ക് സപ്ലൈ കാർപ്പൊറേഷനും ഗവണ്മെന്റുമായിട്ടുള്ള എഗ്രിമെന്റിൽ തൊഴിലാളികൾക്ക് കാംപെൻസേഷൻ കൊടുക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: കാംപെൻസേഷൻ കൊടുക്കേണ്ടി വന്നാൽ കൊടുക്കേണ്ടതാരാണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതൊരു നിയമപ്രശ്നമാണ്.

---

† As the Member was absent, the question was put by Shri Prakkulam Bhasi, with the permission of the Chair.

ശ്രീ. ടി. കെ. ദിവാകരൻ: ചവറ മിനറൽക്കമ്പനി ഏറെറടുത്തപ്പോൾ അവിടത്തെ തൊഴിലാളികൾക്ക് കോംപെൻസേഷൻ കൊടുക്കണമെന്നുകൂടി എഗ്രിമെൻറിൽ ഉണ്ടായിരുന്നില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇവിടെ ഗവണ്മെൻറുമായി യാതൊരു എഗ്രിമെൻറും ഉണ്ടാക്കിയിട്ടില്ല. കാർപ്പൊറേഷൻെറ ലൈസൻസ് ക്യാൻസൽ ചെയ്കയാണുണ്ടായതു്.

ശ്രീ. ടി. വി. താമസ്സ്: കമ്പനികൾ ഗവണ്മെൻറ് ഏറെറടുക്കുമ്പോൾ അവിടെയുള്ള തൊഴിലാളികളെ പിരിച്ചുവിടുന്നതു ശരിയായ ഒരു നയമായി ഗവണ്മെൻറു വിചാരിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ പിരിച്ചുവിടുന്നില്ല. അവരെ എടുക്കുകയാണു ചെയ്യുന്നതു്.

ശ്രീ. ടി. വി. തോമസ്സ്: പിന്നെ എന്തുകൊണ്ടാണു നാഗർകോവിൽ ഇലക്ട്രിക്ക് കാർപ്പൊറേഷൻ ഏറെറടുത്തപ്പോൾ അവിടത്തെ തൊഴിലാളികളെ പിരിച്ചുവിട്ടതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പിരിച്ചുവിട്ടേയ്ക്കാൻ ഇടയുണ്ടെന്നു് നോട്ടീസുകൊടുത്തതു് രണ്ടു കാരണങ്ങളാലാണു്. ഒന്നാമതു അതു് ഒരു തെർമൽ സ്റ്റേഷൻ ആണു്. അങ്ങനെ ഉള്ള സ്റ്റേഷനിൽ ജോലി ചെയ്യുന്ന ആളുകളെ ഗവണ്മെൻറിനു് എടുക്കാൻ നിവൃത്തിയില്ല. രണ്ടാമതു് ക്വാളിഫിക്കേഷൻ ഇല്ലാത്ത ആളും അവിടെ ജോലിചെയ്യുന്നുണ്ടു്. ഗവണ്മെൻറു നിശ്ചയിക്കുന്ന ക്വാളിഫിക്കേഷൻ ഉള്ളവരെ മാത്രമേ ഗവണ്മെൻറിനു നിയമിക്കുവാൻ നിവൃത്തിയുള്ളു. ക്വാളിഫിക്കേഷൻ ഉള്ളവരെ നിവൃത്തിയുള്ളിടത്തോളം നിയമിക്കുകയും ചെയ്യും.

ശ്രീ. ടി. വി. താമസ്സ്: ഒരു കമ്പനി ഏറെറടുക്കുമ്പോൾ അവിടെ ജോലിചെയ്തുകൊണ്ടിരുന്ന തൊഴിലാളികളെ പട്ടിണി ഇല്ലാതെ ഇരിക്കുവാൻ ശ്രദ്ധിക്കേണ്ടതല്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ശ്രദ്ധിക്കാം. പക്ഷെ ക്വാളിഫിക്കേഷൻ ഇല്ലാത്തവരെ നിയമിക്കുന്നതു ശരിയായിരിക്കുകയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ക്വാളിഫിക്കേഷൻ ഇല്ലാതെ സർവ്വീസിലിരിക്കുന്ന മെഡിക്കൽ പ്രാക്ടീഷണർമാരെ ക്വാളിഫൈഡ് ആക്കിയിരിക്കുന്ന സ്ഥിതിക്കു് ക്വാളിഫിക്കേഷൻ ഇല്ലാത്ത തൊഴിലാളികളെ നിയമിക്കുന്നതിൽ എന്താണു വിരോധം?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഒരു സർട്ടിഫിക്കററു കൊടുത്താൽ മതി എങ്കിൽ ഒരു വിരോധവും ഇല്ല. പക്ഷെ ഉദ്യോഗത്തിൽ നിയമിക്കുന്നതിനെസംബന്ധിച്ചിടത്തോളം ക്വാളിഫിക്കേഷൻ ഇല്ലാതെ ഒക്കുകയില്ല.

Nagercoil Electric Supply.

* 262. [6] **Shri T. S. Ramaswami:** † Will the Minister for Works and Transport be pleased to state :

(a) the amount of compensation fixed to be paid by the Government to the former licensee of the Nagercoil Electric Supply Corporation ;

(b) was it paid ;

(c) if not, why not ; and

(d) the principle under which the amount of compensation was fixed ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) :

(a) Rs. 7,66,879.

(b) No.

(c) The licensee has stated that the amount is too low and so not acceptable.

(d) The compensation was fixed based on the provisions contained in the Indian Electricity Act, 1910 and the Electricity (Supply) Act, 1948.

ശ്രീ. പ്രാക്കുളം ഭാസി : കാമ്പെൻസേഷൻ കൊടുത്തപ്പോൾ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കാംപെൻസേഷൻ തീർച്ചപ്പെടുത്തിയപ്പോൾ കണക്കാക്കിയിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ഇപ്പോഴത്തെ വിലവച്ചോ, പഴയ വിലവച്ചോ ഡിപ്രീസിയേഷൻ കണക്കാക്കിയിട്ടുള്ളത് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഏതു വിലവച്ചാണെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. എ. ഡി. ലൂയിസ് : പുസ്തകത്തിൽ കാണുന്ന വിലക്കല്ലേ ഡിപ്രീസിയേഷൻ കണക്കാക്കുന്നത് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതെ.

Shri O. C. Ninan : Who is the Officer that advises Government in fixing the compensation ?

Shri Kalathil Velayudhan Nair : The Chief Engineer and his subordinate officers.

---

† As the Member was absent the question was put by Shri Prakkulam Bhasi, with the permission of the Chair.

ശ്രീമതി കെ. ആർ. ഗൌരി : മുതലാളി അതിൽ എത്ര പണം മുടക്കിയിട്ടുണ്ടെന്നു ഗവണ്മെൻറിനു നിശ്ചയമുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : മുതലാളിക്കു കണക്കുണ്ട്. അല്ലാതെ ഗവണ്മെൻറിനു കണക്കില്ല.

ശ്രീമതി കെ. ആർ. ഗൌരി : മുതലാളി മുടക്കിയിട്ടുള്ള പണത്തിനു് എത്ര ലാഭം കിട്ടിയിട്ടുണ്ടെന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അറിയാൻ പാടില്ല.

ശ്രീമതി കെ. ആർ. ഗൌരി : മുതലാളിക്കു ലാഭം കിട്ടിയിട്ടുണ്ടെങ്കിൽ അതു് അവിടെ ജോലിചെയ്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്കല്ലേ കൊടുക്കേണ്ടതു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ലാഭം മുഴുവനും തൊഴിലാളികൾക്കാണു കൊടുക്കേണ്ടതെന്നു തോന്നുന്നില്ല.

ശ്രീമതി കെ. ആർ. ഗൌരി : ഗവണ്മെൻറു കാമ്പൻസേഷൻ കൊടുക്കുമ്പോൾ തൊഴിലാളിക്കുകൂടി കൊടുക്കേണ്ടതല്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഗവണ്മെൻറു് പണം കൊടുക്കുന്നതു മുതലാളിക്കാണു്.

ശ്രീ. പ്രാക്കുളം ഭാസി : കാമ്പൻസേഷൻ കൊടുക്കുമ്പോൾ ഇതെല്ലാം കണക്കാക്കുകയില്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : സാധനങ്ങളുടെ വിലയ്ക്കാണു കാമ്പെൻസേഷൻ എന്നു പറഞ്ഞതു്.

ശ്രീ. ടി. വി. തോമസ് : ഗവണ്മെൻറു ഒരു കമ്പനി വിലയ്ക്കുവാങ്ങുമ്പോൾ അവിടെ ജോലിചെയ്യുന്ന തൊഴിലാളികൾ ഉൾപ്പെടെയല്ലേ വാങ്ങിക്കുന്നതു് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അങ്ങനെയൊരു കച്ചവടം ഇവിടെയുണ്ടോ എന്നു നിശ്ചയമില്ല.

N. M. R. Workers.

❋263. [7] **Shri T. S. Ramaswami :** † Will the Minister for Works be pleased to state ;

(*a*) the number of N. M. R. Workers retrenched during the last 5 months in the whole of Travancore :

(*b*) in the Nagercoil Division ; and

(*c*) the reasons for their retrenchment ?

---

† As the Member was absent, the question was put by Shri Prakkulam Bhasi, with the permission of the Chair.

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) 709 workers.

(*b*) 168.

(*c*) (i) Due to paucity of funds; and

(ii) No substantial work could be done on the roads during this dry season.

ശ്രീ. പ്രാക്കുളം ഭാസി: തിരുവനന്തപുരത്ത് തൊഴിലാളികളെ പിരിച്ചുവിട്ടിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: അവരെ എന്നാണു തിരിച്ചു എടുക്കുന്നത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അടുത്ത ബഡ്ജററ വർഷത്തിൽ കൂടുതൽ ജോലിയുണ്ടാകുമ്പോൾ അവരെ എടുക്കും.

ശ്രീ. ടി. കെ. ദിവാകരൻ: എൻ. എം. ആർ. വർക്കേഴ്സിൽ പിരിച്ചു വിട്ടവർക്ക് എത്രകൊല്ലത്തെ സർവീസു കാണും?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അവരെ സർവീസിൽ ഉൾപ്പെടുത്തിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: അവർ എത്ര കൊല്ലമായി മസ്റ്റ്രോളിൽ ജോലിചെയ്യുന്നു എന്നുള്ളതിനെപ്പററി വിവരമില്ലെന്നാണോ പറയുന്നത്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: വിവരം ഇല്ലെന്നല്ല, അതെപ്പററി നോക്കീട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: വളരെനാളായി പി. ഡബ്ളിയു. ഡി.യിൽ ജോലിചെയ്തശേഷം പിരിച്ചുവിടുന്ന തൊഴിലാളികൾക്ക് എന്തെങ്കിലും ഗ്രാററുവിററി കൊടുക്കുന്നതിന് ഗവണ്മെൻറ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അവരെ പിരിച്ചുവിട്ടിട്ടില്ല. അടുത്തവർഷവും എടുക്കാൻ പോകുകയാണ്. എല്ലാവർഷവും കുറെനാളത്തേയ്ക്കു അവർക്ക് ജോലിയില്ലാതെവരും. അതു കഴിഞ്ഞു ജോലി ഉള്ളപ്പോൾ റൊട്ടേഷൻ അനുസരിച്ച് എല്ലാവർക്കും ജോലികൊടുക്കും. പിരിച്ചുവിടുന്നു എന്നു പറയുന്നതു സാങ്കേതികമായി ശരിയല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഇവർ തൊഴിലില്ലാതെ നിൽക്കുന്ന കാലത്ത് എന്തെങ്കിലും വേതനം കൊടുക്കുവാൻ സാധിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൊടുക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല.

ശ്രീ. ഒ. സി. നൈനാൻ: തൊഴിലില്ലാതെ വരുന്നവർക്ക് നിയമന കാര്യത്തിൽ മുൻഗണന നൽകുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇപ്പോഴും അങ്ങനെയാണു ചെയ്യുന്നതു്.

ശ്രീ. ഒ. സി. നൈനാൻ: അതുസംബന്ധിച്ചു് എന്തെങ്കിലും പരാതി ഉണ്ടായിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇതുവരെ ഉണ്ടായിട്ടില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: ൯൦ൽ പേരെ പിരിച്ചുവിട്ടു എന്നു പറഞ്ഞല്ലോ. ഇവർക്കെല്ലാവർക്കും റൊട്ടേഷൻ അനുസരിച്ചു ജോലി കൊടുക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടു്.

ശ്രീ. കെ. കെ. കുമാരപിള്ള: റിട്രെഞ്ച്മെൻറ നടത്തിക്കൊണ്ടിരിക്കുമ്പോഴും ഇവർക്കെങ്ങനെയാണു വീണ്ടും ജോലി കൊടുക്കുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: റിട്രെഞ്ച്മെൻറ എന്നു പറയുന്നതു് മുഴുവനും ശരിയല്ല. ജോലി ഉള്ളപ്പോഴും ജോലി ഇല്ലാതെ നിൽക്കുന്നവരെ നോക്കി കൊടുക്കും.

ശ്രീ. കെ. കെ. കുമാരപിള്ള: അങ്ങനെ കൊടുക്കുമ്പോഴും എത്ര ആളുകൾക്കു കൊടുക്കാൻ കഴിയും?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പല സ്ഥലത്തും പല രീതിയിലാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ജോലി ഏൽപ്പിക്കുന്ന കൺട്രാക്ടറേഴ്സിനെ തൊഴിലില്ലാതെ ഇരിക്കുന്ന തൊഴിലാളികൾക്കു് ജോലി കൊടുക്കണമെന്നു നിർബന്ധിക്കുവാൻ സാധിക്കുകയില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇപ്പോഴത്തെ വ്യവസ്ഥയനുസരിച്ചു് കൺട്രാക്ടറേഴ്സിനെ അങ്ങനെ നിർബന്ധിക്കുവാൻ സാദ്ധ്യമല്ല.

കുഴൽക്കിണറുകൾ.

Shri Prakkulam Bhasi: Question No. 9.

ശ്രീ. എ. സി. ചാക്കോ: സർ, ഒരു പോയിൻറ് ഓഫ് ആർഡർ. ശ്രീ. ടി. എസ്സ്. രാമസ്വാമിയുടെ മൂന്നു ചോദ്യങ്ങളും ചോദിച്ചതു് ശ്രീ. പ്രാക്കുളം ഭാസിയാണു്. ആ നിലയ്ക്കു് ശ്രീ. ഭാസിക്കു് ഈ ചോദ്യം ചോദിക്കാമോ?

Mr. Speaker: The other questions were put on behalf of Mr. T. S. Ramaswami. Mr. Bhasi has been authorised to put the questions on behalf of Mr. Ramaswami. This question stands in the name of Mr. Prakkulam Bhasi himself.

ശ്രീ. എ. കെ. ചെല്ലയ്യ: ശ്രീ. ടി എസ്സ്. രാമസ്വാമി, ബഹുമാനപ്പെട്ട മെമ്പറെ ചോദ്യം ചോദിക്കുവാൻ അധികാരപ്പെടുത്തിയിട്ടുണ്ടോ ഇല്ലയോ എന്നു് എങ്ങനെ അറിയാം?

Mr. Speaker: Permission has already been granted to Mr. Bhasi to put the questions standing in the name of Mr. T. S. Ramaswami. The Chair was satisfied that there was the requisite authorisation.

Shri P. S. Nataraja Pillai: Has any hon. Member the right to question the assurance of hon. Members of this House?

Mr. Speaker: Hon. Members are entitled to clear their doubts anyway.

*൨൱൪. [൰] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) കുഴൽക്കിണറുകൾ സ്ഥാപിക്കാൻ ഗവണ്മെൻറുവക എത്ര യന്ത്രങ്ങൾ ഉണ്ട്;

(ബി) രണ്ടെണ്ണം പ്രവർത്തനയോഗ്യമല്ലാതിരുന്നതു് നന്നാക്കിയോ;

(സി) എത്ര കുഴൽക്കിണറുകൾ ഇതുവരെയായി നിർമ്മിച്ചിട്ടുണ്ട്;

(ഡി) കൂടുതൽ യന്ത്രങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) യന്ത്രങ്ങൾക്കു ആവശ്യമുള്ള പൈപ്പുകൾ, കേസിംഗുകൾ ഇവ കിട്ടുവാനുള്ള ബുദ്ധിമുട്ടുകൾ മാറിയോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ൩.
(ബി) ഉവ്വ്.
(സി) ൧൦.
(ഡി) ഉണ്ട്.
(ഇ) മാറിവരുന്നു.

ശ്രീ. പ്രാക്കുളം ഭാസി: തീരപ്രദേശങ്ങളിൽ കുഴൽക്കിണറുകൾ സ്ഥാപിക്കുന്നുണ്ടെങ്കിലും ചിലപ്പോൾ അത്തരം കിണറുകളിൽ വെള്ളം ഇല്ലെന്നു് ബഹുമാനപ്പെട്ട മന്ത്രി തന്നെ മുമ്പൊരു അവസരത്തിൽ പറഞ്ഞിട്ടുണ്ട്. പൻമന സ്ഥാപിച്ചിട്ടുള്ള കുഴൽക്കിണറിൽ വെള്ളം ഇല്ലെന്നു മുമ്പു പറഞ്ഞു. ഇപ്പോൾ അതു് എങ്ങനെ ഇരിക്കുന്നു?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനെപ്പററിയുള്ള വിവരം ഇപ്പോൾ കിട്ടിയിട്ടുണ്ട്. അവിടെ വെള്ളം കുറച്ചു കുറഞ്ഞിട്ടുണ്ട്. സാധാരണയായി കുഴൽക്കിണറുകൾ കുഴിച്ചാൽ കുറെക്കാലം കഴിഞ്ഞാൽ വെള്ളം നിന്നുപോകും. രണ്ടാമതു പമ്പുചെയ്തു് അതു ശരിയാക്കണം.

ശ്രീ. പ്രാക്കുളം ഭാസി: തീരപ്രദേശങ്ങളിൽ കുഴൽക്കിണറുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതി ഗവണ്മെൻറിനുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: ആണ്ടുതോറും എത്ര എണ്ണം സ്ഥാപിക്കണമെന്നാണു് ഉദ്ദേശിക്കുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കഴിയുന്നിടത്തോളം. ഇപ്പോൾ ൧൧ കുഴൽക്കിണറുകൾ സ്ഥാപിക്കാൻ ഉദ്ദേശിച്ചിട്ടുണ്ടു്. അതിന്റെ പ്രയാറിററി ലിസ്ററ ഞാൻ വായിക്കാം.

൧. തറയിൽകടവു് (വടക്കു്).
൨. പുറക്കാട്ടു്.
൩. പല്ലന.
൪. കനകക്കുന്നു്.
൫. കള്ളിക്കാട്ടു്.
൬. മൺട്രോത്തുരുത്തു്.
൭. കായംകുളം.
൮. കുമരകം.
൯. കൈനകരി.
൧൦. അഴീക്കൽ.
൧൧. പണ്ടാരത്തുരുത്തു്.

ഇനി ഒന്നുകൂടി ഉണ്ടു്. അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പ്രാക്കുളം ഭാസി: അതു നീണ്ടകരയാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നല്ല ഓർമ്മയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഈ പ്രയാറിററി ലിസ്റ്റിനു വല്ല മാററവും വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇപ്പോൾ ഉദ്ദേശമില്ല, വല്ലമാററവും വരുത്താൻ ഉദ്ദേശമുണ്ടെങ്കിൽ മാററാം.

ശ്രീമതി. കെ. ആർ. ഗൗരി: വെള്ളം ഇല്ലാത്ത സ്ഥലങ്ങളിലല്ലേ കുഴൽക്കിണറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതെ.

ശ്രീമതി കെ. ആർ. ഗൗരി: എന്നിട്ടു് ചേർത്തലയിലെ കടലോരപ്രദേശങ്ങൾ അതിൽ ഉൾപ്പെടുത്താതിരുന്നതു എന്തുകൊണ്ടു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനുള്ള കാരണം ഗവണ്മെൻറു് മുമ്പുതന്നെ പറഞ്ഞിട്ടുണ്ടു്. അവിടെ കുഴൽക്കിണറുകൾ ഉപയോഗപ്പെടുകയില്ല എന്നു കണ്ടതുകൊണ്ടു് വീണ്ടും ഒരു പരീക്ഷകൂടി നടത്തുവാൻ ഗവണ്മെൻറു് ഉദ്ദേശിക്കുകയാണു്.

ശ്രീമതി കെ. ആർ. ഗൗരി: ഇതിനുമുമ്പു് ആരാണു് അവിടെ പരീക്ഷണം നടത്തിയതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ആരാണു് എന്നു് ഓർമ്മ ഇല്ല.

ശ്രീമതി കെ. ആർ. ഗൗരി: അവിടെ കുഴൽക്കിണറുകൾ ഉപയോഗപ്പെടുകയില്ലെന്നു എങ്ങനെ അറിഞ്ഞു?

ശ്രീ കളത്തിൽ വേലായുധൻ നായർ: ജിയോളജിക്കൽ സർവ്വേ റിപ്പോർട്ടിൽ അങ്ങനെയാണു് കണ്ടതു്.

ശ്രീമതി കെ. ആർ. ഗൗരി: പരീക്ഷണാർത്ഥം ഈ പ്രയാറിറ്റി ലിസ്റ്റിൽ ചേർത്തലകൂടി ഉൾപ്പെടുത്താമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ലിസ്റ്റിൽ ഉൾപ്പെടുത്താതെ തന്നെ അടുത്തവർഷത്തിൽ അതു നടത്താവുന്നതാണു്.

ഭവനനിർമ്മാണം.

* ൨൩൬. [൭൦] ശ്രീ പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്തു് അടിസ്ഥാനത്തിലാണു് ഹൗസിംഗ് സ്കീമിനു പ്രയാറിട്ടി കൊടുത്തതു്;

(ബി) വ്യവസായത്തൊഴിലാളികളും കൃഷിത്തൊഴിലാളികളും ധാരാളമുള്ള ചവറ ഹൗസിംഗ് സ്കീമിൽപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഉടനടി ഉൾപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഭവനങ്ങളുടെ ആവശ്യം, പദ്ധതിയുടെ ചുമതല വഹിക്കുവാൻ തയ്യാറുള്ള സഹകരണസംഘങ്ങളുടെ സന്നദ്ധത, അതാതു സ്ഥലത്തു് ഭൂമിയുടെ ലഭ്യതമുതലായവയാണു് ഹൗസിംഗ്സ്കീമിനു് പ്രയാറിട്ടി കൊടുക്കുന്നതിനു് സാമാന്യേന സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ.

(ബി) ഉണ്ടു്.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി: ബിയിൽ പന്മനതറ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതും ഉൾപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: എലക്ഷൻ തെരഞ്ഞെടുപ്പു യോഗത്തിൽ, അവിടെ വീടുകൾ ഉണ്ടാക്കി കൊടുക്കാമെന്നു് ബഹുമാനപ്പെട്ട മന്ത്രി പ്രസംഗിച്ചില്ലേ?

മി. സ്പീക്കർ: മന്ത്രിയുടെ പ്രസംഗം കൂടാതെതന്നെ അവിടെ വീടു് ആവശ്യമുണ്ടല്ലോ?

ശ്രീ. പ്രാക്കുളം ഭാസി: അവിടെ വീടു് ഉണ്ടാക്കി കൊടുക്കേണ്ട ആവശ്യകതയെക്കുറിച്ചു് ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പുത്തൻതറയിൽ മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന സ്ഥലത്തു് വീടുകൾ കെട്ടിക്കൊടുക്കുന്നുണ്ടു്. മററുള്ളിടത്തും ആവശ്യമുണ്ടെന്നു കണ്ടാൽ കെട്ടി കൊടുക്കുന്നതാണു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: സഹകരണ സംഘങ്ങൾ മുഖേന കെട്ടുന്ന വീടുകളുടെമേൽ ഗവണ്മെൻറിനു് എന്തെങ്കിലും നിയന്ത്രണാധികാരം ഉണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല. സൊസൈററികൾതന്നെയാണീ വീടുകൾ കെട്ടുന്നതു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : വീടുകൾ കെട്ടിയതുതന്നെ വിട്ടുകൊടുക്കാതെ ഉണ്ടെന്നു ഗവണ്മെൻറിനറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിവില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : കുടിപാർപ്പിനു ഇടമില്ലാതെ വിഷമിക്കുന്ന ആളുകൾ ആ സ്ഥലത്തു് കുടികെട്ടി താമസിക്കുകയും, ഹൗസിംഗ് സ്കീമിന്റെ പേരിൽ ഗവണ്മെൻറ് അവരെ അവിടെനിന്നും ഇറക്കിവിട്ടതായും മററും ചെയ്തിട്ടുള്ളതിനു് അവരിൽനിന്നും പരാതികൾ ലഭിച്ചിട്ടില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ചില സ്ഥലങ്ങളിൽനിന്നും ചില പരാതികൾ ലഭിച്ചിട്ടുണ്ടു്. അന്വേഷണത്തിൽ, ഹൗസിംഗ് സ്കീമിനു സ്ഥലമെടുക്കുന്നു എന്നു പ്രസിദ്ധം ചെയ്തപ്പോൾ ആ തക്കംനോക്കി ബലാൽ കുടിയേറി താമസിച്ചിട്ടുള്ളവരാണു് ഇവർ. അങ്ങനെ ഉള്ളവരെ ഇറക്കിവിടേണ്ടി വന്നിട്ടുണ്ടു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഹൗസിംഗ് സ്കീം വരാൻ പോകുന്നു എന്നുള്ള കാരണത്താലല്ല അവർ അവിടെ താമസിച്ചിട്ടുള്ളതു് എന്നറിയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അന്വേഷണത്തിൽ മറിച്ചാണു് ബോദ്ധ്യമായിട്ടുള്ളതു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : ഹൗസിംഗ് സ്കീം വരുന്നതിനു മുമ്പാണു് അവർ അവിടങ്ങളിൽ വീടുകെട്ടി താമസിച്ചതെന്നു് ബോദ്ധ്യമായാൽ അവക്കുതന്നെ അവിടെ താമസിക്കാൻ അനുവാദം കൊടുക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതിനെപ്പററി ആലോചിക്കാം.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ : മുമ്പു മുതൽക്കു് ആ സ്ഥലങ്ങളിൽ താമസിച്ചിരുന്നവക്കാണു് ഹൗസിംഗ്സ്കീം അനുസരിച്ചു് ആനുകൂല്യം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്നതെന്നു കേൾക്കുന്നതിൽ വല്ല വാസ്തവവും ഉണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : സ്ഥലവും വീടും ഇല്ലാത്തവക്കുവേണ്ടിയാണു് ഹൗസിംഗ്സ്കീംകൊണ്ടു് നന്മയുണ്ടാകാൻ പോകുന്നതു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ഞാൻ ചോദിച്ചതു് അതല്ല, മുമ്പു് അവിടെ താമസിച്ചിരുന്നവർക്കുവേണ്ടി അനുകൂലമായ നടപടി എടുക്കാൻ സാധിക്കുമോ എന്നാണെന്റെ ചോദ്യം.

ശ്രീ. കെ. കൊച്ചുകുട്ടൻ: മുമ്പു് അവിടെ താമസിച്ചിരുന്നവർ അനധികൃതമായിട്ടാണു് സ്ഥലം കൈവശപ്പെടുത്തിയിട്ടുള്ളതെന്നു തെളിഞ്ഞാൽ അവർക്കുവേണ്ടി വീടു കെട്ടിക്കൊടുക്കുന്നതിനും മററും സാദ്ധ്യമല്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: അനധികൃതമായിട്ടല്ല താമസിച്ചിട്ടുള്ളതെന്നറിഞ്ഞാൽ കൊടുക്കാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെയാണെങ്കിൽ ആ സംഗതിയെപ്പററി ആലോചിക്കാം.

മലംനിക്ഷേപകേന്ദ്രം

* ൨൩൩. [൧൧] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം മുനിസിപ്പാലിററിയുടെ മലംനിക്ഷേപകേന്ദ്രം കരിപ്പുഴയിൽനിന്നു മാററണമെന്നു തദ്ദേശവാസികളുടെ നിവേദനം കിട്ടിത്തുടങ്ങിയിട്ടു എത്രകാലമായി;

(ബി) ഇതേവരെ എത്ര തവണ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്;

(സി) അതു് അവിടെനിന്നു മാററാൻ ഒരിക്കൽ ഉത്തരവുണ്ടായിട്ടുണ്ടോ;

(ഡി) നിവേദനങ്ങൾക്കു് എന്തു മറുപടിയാണു കൊടുത്തതു്;

(ഇ) അവിടെനിന്നും ഉടനെയിടെ മാററാൻ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) ഇല്ലെങ്കിൽ, അടുത്തു താമസിക്കുന്ന ആളുകളുടെ വിഷമതകൾ കരുതി, ദുർഗന്ധം ഉണ്ടാകാതിരിക്കുന്നതിനു വേണ്ട നടപടികൾ നടത്തുമോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ൧൧൨൨-ൽ ആണു് ആദ്യത്തെ നിവേദനം കിട്ടിയതു്.

(ബി) അനേകം നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടു്.

(സി) ഉണ്ടു്. പിന്നീടു വേണ്ട എന്നുംവെച്ചു.

(ഡി) ഖണ്ഡിതമായ തീരുമാനം ചെയ്യിട്ടില്ലാത്തതിനാൽ നിവേദനങ്ങൾക്കു് മറുപടി കൊടുത്തിട്ടില്ല.

(ഇ) ഉദ്ദേശിക്കുന്നില്ല.

(എഫ്) അതു് മുനിസിപ്പൽ കൗൺസിലിന്റെ ചുമതലയാണു്. എന്നാൽ കൗൺസിലിനു് വേണ്ട നിർദ്ദേശം കൊടുക്കാവുന്നതാണു്.

ശ്രീ. പ്രാക്കുളം ഭാസി: മലംനിക്ഷേപകേന്ദ്രം മാററുന്നതിനു് മുനിസിപ്പാലിററിക്കു് എന്തെങ്കിലും സഹായധനം കൊടുക്കാമെന്നു ഗവണ്മെൻറു വാഗ്ദാനം ചെയ്തിട്ടുണ്ടോ?

ശ്രീ കെ. കൊച്ചുകുട്ടൻ : സഹായധനമല്ല, ലോൺ കൊടുക്കാമെന്നു സമ്മതിച്ചിട്ടുണ്ടായിരുന്നു.

ശ്രീ. പ്രാക്കുളം ഭാസി : എപ്പോഴാണു സമ്മതിച്ചിട്ടുള്ളത് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇതിനെപ്പററിയുള്ള ൧൯൪൧-ലെ നിവേദനത്തിന്റെ ഫലമായി മലംനിക്ഷേപകേന്ദ്രം പള്ളിയാത്തുരുത്തിലേക്ക് മാററുന്നതിനുള്ള ചെലവുകൾക്കായി ൧൨൫,൦൦൦ രൂപാ മുനിസിപ്പാലിററിക്ക് ലോൺ കൊടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. എന്നാൽ അതുവാങ്ങി ഡിപ്പോ മാററാൻ മുനിസിപ്പാലിററി തയാറായില്ല.

ശ്രീ. പ്രാക്കുളം ഭാസി : പിന്നീട് എന്തു കാരണത്താലാണ് വേണ്ടെന്നു വെച്ചത്?

ശ്രീ. കെ. കൊച്ചുകുട്ടൻ : അന്വേഷണത്തിൽ തക്കതായ മറെറാരു സ്ഥലം കിട്ടാത്തതുകൊണ്ടാണ്. എന്നാലും ഈ കാര്യത്തിനുവേണ്ടി മറെറാരു മാർഗ്ഗം അവലംബിച്ചിട്ടുണ്ട്. അതായത്, ഇപ്പോഴത്തെ സ്ഥലത്തിനു തൊട്ടടുത്ത് കുറെ സ്ഥലംകൂടി പൊന്നുംവില കൊടുത്തെടുത്തു ഇവ കഴിച്ചുമൂടാനായി ആലോചിച്ചുവരികയാണ്. അങ്ങിനെ ചെയ്താൽ നാററവും ഈച്ചയും കൂടാതെ ഇതു കഴിച്ചുമൂടാൻ കഴിയും. Acquire ചെയ്യുന്ന സ്ഥലത്തിന്റെ വില കൊടുക്കാൻ മുനിസിപ്പാലിററി തയ്യാറാകുകയാണെങ്കിൽ സ്ഥലം എടുത്തു കൊടുക്കാമെന്ന് ഗവണ്മെൻറ് മുനിസിപ്പാലിററിയെ അറിയിച്ചിട്ടുണ്ട്. മുനിസിപ്പാലിററിയുടെ മറുപടി കിട്ടിയിട്ടില്ല.

Bridge at Aroor.

*267. [12] **Shri R. Kesava Pillai :** Will the Minister for Works and Transport be pleased to state :

(*a*) whether any steps have been taken to construct a bridge at Aroor ; and

(*b*) whether it is the Central or the State Government that is to construct the bridge ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) **:**

(*a*) Yes ; investigation is in progress.

(*b*) The proposed bridge being on the National Highway, the work is financed by the Government of India. It is proposed to be carried out by the Chief Engineer, Cochin Harbour, after the investigation is over.

ശ്രീ. ആർ. കേശവപിള്ള : ൧൯൫൮-൫൯-ൽ ഈ പാലത്തിന്റെ ജോലി തുടങ്ങും എന്നുള്ളതിലേയ്ക്ക് വല്ല അറിവും ഗവണ്മെൻറിനു കിട്ടിയിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അടുത്ത വർഷം പാലത്തിന്റെ പണി തുടങ്ങുമെന്നാണ് ഗവണ്മെൻറിന്റെ അറിവ്. എന്നാൽ അതിലേയ്ക്കുള്ള ഇൻവെസ്റ്റിഗേഷൻ ഇനിയും പൂർത്തിയായിട്ടില്ല.

ELECTRIC CORPORATIONS.

✻ 268. [13] **Shri K. Sattanatha Karayalar:** Will the Minister for Works and Transport be pleased to state at what stage is the nationalising scheme of the electric coraporations of Nagercoil and Shencotta?

Minister for works and Transport **(Shri Kalathil Velayudhan Nair) :** The licence granted to the Nagercoil Electric Supply Corporation has been revoked and the distribution system at Nagercoil has been taken over by Government from 1-12-1952. The question of nationalising the Electric corporation of Shencotta is under consideration.

Shri K. Sattanatha Karayalar: At least this year, will the Government take over the Shencotta Electric Corporation?

Shri Kalathil Velayudhan Nair: It is not possible to say that now. We have to pass legislation for that. Only after that, this can be done.

Municipal Elections.

✻ 269. [14] **Shri A. Samraj :** Will the Minister for Local Self Government be pleased to state:

(*a*) are the Government aware of the fact of official pressure on the services by the Members of the ruling party during the Municipal Elections;

(*b*) have the Government received any complaints to this effect; and

(*c*) if so, from where ?

Minister for Local self Government **(Shri K. Kochukuttan):**

(*a*) No.

(*b*) No.

(*c*) Does not arise.

ട്രാൻസ്പോർട്ട് ജീവനക്കാരുടെ പെൻഷൻ കാര്യം

✻ ൨൭൦. [൧൫] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സ്റ്റേററ് ട്രാൻസ്പോർട്ട് നാൺപെൻഷണബിൾ സർവ്വീസുകാരെ പെൻഷനബിൾ സർവ്വീസുകാരാക്കുവാനുള്ള നടപടികൾ പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ ഈ താമസത്തിനു കാരണമെന്ത്;

(സി) എന്നത്തേയ്ക്കു പൂർത്തിയാക്കാൻ സാധിക്കുമെന്നാണു പ്രതീക്ഷ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ:

(എ) ഇല്ല.

(ബി) വിശദവിവരങ്ങൾ മുഴുവനും സംഭരിച്ചുകഴിഞ്ഞിട്ടില്ലാത്തതുകൊണ്ട്.

(സി) കഴിയുന്നത്തും വേഗം.

ശ്രീ. ടി. കെ. ദിവാകരൻ: ട്രാൻസ്പോർട്ടിലെ നാൺപെൻഷനബിൾ സർവ്വീസുകാരെ പെൻഷനബിൾ ആക്കണമെന്നു കാണിച്ച് ഒരു മെമ്മോറാണ്ടം അയയ്ക്കുകയും ആ മെമ്മോറാണ്ടത്തിൽ വേണ്ടിവന്നാൽ ഒരു സമരംതന്നെ നടത്തുമെന്നും കാണിച്ചിട്ടില്ലായിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മെമ്മോറാണ്ടം അയയ്ക്കുന്നതിനുമുമ്പുതന്നെ ഈ കാര്യം ഗവണ്മെൻറിൻെറ ആലോചനയിൽപ്പെട്ടിട്ടുള്ളതാണ്.

ശ്രീ. ടി. കെ. ദിവാകരൻ: കഴിഞ്ഞ സെഷനിൽതന്നെ ഈ ചോദ്യം ഉന്നയിക്കുകയും അതിനുവേണ്ടി യാതൊരു ഉറപ്പും കൊടുത്തിട്ടില്ലെന്നും അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെ ഒരു ഉറപ്പു കൊടുക്കാൻ സാധിച്ചിട്ടില്ല എന്നറിയാം.

ശ്രീ. ടി. വി. താമസ്സ്: ട്രാൻസ്പോർട്ടിലെ ഇത്തരം ജീവനക്കാരെ പെൻഷനബിൾ ആക്കുന്നതിനുവേണ്ടി ഉടൻതന്നെ വേണ്ട നടപടികൾ കൈക്കൊള്ളാമെന്നു പറഞ്ഞിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ; പറഞ്ഞിട്ടുണ്ടായിരിക്കണം അതുകൊണ്ടാണല്ലോ ഇവയുടെ വിവരങ്ങൾ മുഴുവൻ ശേഖരിക്കാൻ ഗവണ്മെൻറ് സത്വരനടപടി കൈക്കൊണ്ടിട്ടുള്ളത്.

ജലവിതരണപദ്ധതി.

* ൨൧൫. [൧൩] ശ്രീ. സി. ജി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ടൗണിൽ ജലവിതരണപദ്ധതിക്കായി വേണ്ടിവരുന്ന ചെലവു പകുതി ഗ്രാൻറായും പകുതി കടമായും നൽകാമെന്നു മുൻകൊച്ചി ഗവണ്മെൻറ് സമ്മതിച്ചിരുന്നതാണോ; ഇപ്രകാരം മുനിസിപ്പാലിററിയും ഗവണ്മെൻറും തമ്മിൽ ഒരു ധാരണയുണ്ടായത് ഏതു കൊല്ലത്തിലാണ്;

(ബി) ഇപ്പോൾ തൃശ്ശൂർ ടൗണിൽ വെള്ളം കൊടുക്കുന്നതിനു് ഏതു പദ്ധതിയാണ് ആലോചനയിൽ ഇരിക്കുന്നത്; അതിനു് എന്താണ് എസ്റ്റിമേററ്;

(സി) എസ്റ്റിമേററപ്രകാരമുള്ള ചെലവിൽ ഏതെങ്കിലും അംശം ഗ്രാൻറായോ കടമായോ ഗവണ്മെൻറ കൊടുക്കാമെന്നു സമ്മതിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) തൃശ്ശൂർ ടൌണിൽ ശുദ്ധജലം വിതരണം ചെയ്യുന്നതിനു പീച്ചിയിലെ വെള്ളം സംഭരണം ചെയ്യുവാൻ പെരിങ്ങാവിൽ ഒരു സ്റ്റോറേജ് റിസർവായർ നിർമ്മിക്കുന്ന പദ്ധതിയാണ് ആലോചനയിലുണ്ടായിരുന്നതു്. ഈ പദ്ധതിക്കു് മൂന്നുലക്ഷം ഉറുപ്പിക ചെലവാകുമെന്ന് കണക്കാക്കിയിരുന്നു. അതിലേയ്ക്കു് ഒന്നരലക്ഷം ഉറുപ്പിക ഗ്രാൻറായി കൊടുക്കാമെന്നു് ഗവണ്മെൻറ് സമ്മതിക്കുകയും ബാക്കിവരുന്ന ചെലവ് തൃശ്ശൂർ മുനിസിപ്പാലിററി വഹിക്കണമെന്നാവശ്യപ്പെടുകയും ഉണ്ടായി. ഇതു് ൧൱൯൫ നവംബർ മാസത്തിലാണ്.

(ബി) ഇപ്പോഠം മേൽപ്പറഞ്ഞ പദ്ധതി ഉപേക്ഷിച്ചു് മുനിസിപ്പാലിററിയുടെ ആവശ്യപ്രകാരം പീച്ചി റിസർവായറിലെ വെള്ളം പൈപ്പുവഴി തൃശ്ശൂർ പട്ടണത്തിലേയ്ക്കു് കൊണ്ടുവരുന്ന ഒരു പദ്ധതിയാണ് ആലോചിക്കുന്നതു്. ഈ പദ്ധതിക്കു് ഉദ്ദേശം ൩൯ ലക്ഷം രൂപ ചെലവു വരുന്നതാണ്.

(സി) ഈ പുതിയ പദ്ധതിക്കു് ഗ്രാൻേറാ, വായ്പ്പയോ കൊടുക്കാമെന്നു ഗവണ്മെൻറ് സമ്മതിച്ചിട്ടില്ല.

ശ്രീ. സി. അച്യുതമേനോൻ: തൃശ്ശൂറിൽ വെള്ളം കിട്ടുന്നതിനു വേണ്ടി പീച്ചിയിൽ നിന്നും വെള്ളം ചാനൽവഴി കൊണ്ടുവരുന്നതിനൊ അതോ പൈപ്പുവഴി കൊണ്ടുവരുന്നതിനോ ആലോചനയുണ്ടായിരുന്നതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ചാനൽവഴി വെള്ളം കൊണ്ടുവന്നു പെരിങ്ങാവിൽ ഒരു സ്റ്റോറേജ് റിസർവായർ നിർമ്മിക്കുന്ന പദ്ധതിയാണ് ആദ്യം ആലോചനയിൽ ഉണ്ടായിരുന്നതു്.

ശ്രീ. സി. അച്യുതമേനോൻ: അന്നു് അതിലേയ്ക്കു വേണ്ടിവരുന്ന ചെലവുകഠം പകുതി വീതം എടുക്കാമെന്നു ഗവണ്മെൻറും മുനിസിപ്പാലിററിയുമായി ഒരു കരാർ ഉണ്ടായിരുന്നോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൧൱൯൫-നു മുമ്പു് ചെലവുകളെ സംബന്ധിച്ചു് ഒരു കരാർ ചെയ്തിട്ടുള്ളതായി റിക്കാർഡിൽ കാണുന്നില്ല. എന്നാൽ ൧൱൯൫ നവംബറിൽ പകുതി ചെലവു് മുനിസിപ്പാലിററിവഹിക്കണമെന്നാവശ്യപ്പെടുകയുണ്ടായിട്ടുണ്ട്. ഇപ്പോഴുള്ള പദ്ധതി മുനിസിപ്പാലിററിയുടെ ചെലവിൽ വെള്ളം കൊണ്ടുവരുന്നതിലേയ്ക്കാണ്.

ശ്രീ. എ. താണുപിള്ള: ഈ പദ്ധതികളിൽ മുനിസിപ്പാലിററിയും ഗവണ്മെൻറും തമ്മിൽ ഒരേ രീതിയിലുള്ള നയം തുടരുന്നതിനു എന്താണു തടസ്സമുള്ളതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പല മുനിസിപ്പാലിററികളിലും പലതരത്തിലുള്ള സ്കീമുകളാണുള്ളത്. പല സ്കീമുകളെപ്പററിയും ഒരേ തരത്തിലുള്ള നയംതന്നെ വേണമെന്നുണ്ടെങ്കിൽ അതേപ്പററി ആലോചിക്കാം.

ശ്രീ. കുഞ്ഞിത്തൊമ്മൻ: ഇതു് ഇങ്ങനെ നീട്ടിക്കൊണ്ടുപോകാതെ കഴിയുന്നതും വേഗത്തിൽ പണി പൂർത്തിയാക്കാനുള്ള കാര്യം ആലോചിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ വക ജോലികളുടെ ചുമതലകൾ മുഴുവനും വഹിക്കേണ്ടതു് ഇപ്പോൾ മുനിസിപ്പാലിററിയാണു്.

ശ്രീ. കുഞ്ഞിത്തൊമ്മൻ: പെട്ടെന്നു പണിതീർക്കുന്നതിലേക്കു് അവരെ പ്രേരിപ്പിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പ്രേരിപ്പിക്കാം.

Employment of workers.

✱ 272. [17] **Shri P. V. Avira Tharakan:** Will the Minister for Works be pleased to state:

(a) whether the Government have issued any instructions to the Railway authorities not to entertain workers from Shertalai and Ambalapuzha taluks;

(b) if so, why; and

(c) whether the Government have received any complaint about this?

Minister for works and Transport (**Shri Kalathil Velayudhan Nair**):

(a) No.

(b) The question does not arise.

(c) No.

ശ്രീ. പി. വി. അവിരാത്തരകൻ: റെയിൽവേപ്പണിക്കുവേണ്ടി ചേർത്തല-അമ്പലപ്പുഴ ഈ സ്ഥലങ്ങളിലെ തൊഴിലാളികൾക്കു് വല്ല പ്രത്യേക പരിഗണനകളും കൊടുക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഗവണ്മെൻറിനു് കഴിവുള്ള എല്ലാ നടപടികളും ഈ കാര്യത്തിൽ എടുക്കാം.

ശ്രീ. പി. വി. അവിരാത്തരകൻ: ഈ കാര്യത്തിനു് വേണ്ടതരത്തിലുള്ള പ്രേരണ ചെലുത്താൻ ദയവുണ്ടാകുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ ചെയ്യാം.

ശ്രീ. ടി. കെ. ദിവാകരൻ: ഈവക ജോലികൾക്കു് ആളുകളെ എടുക്കുന്നതു് ആരാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ ജോലികൾ മൂന്നു കൺട്രാക്റ്റർമാർക്ക് കൊടുത്തിരിക്കയാണ്. അവരാണു ജോലിക്കാരെ നിയമിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: ജോലിക്കാരെ എടുക്കുന്നതു് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി വേണമെന്നു വ്യവസ്ഥയില്ലെ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: നിശ്ചയമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഈ ഗവണ്മെൻറിനു് കൺട്രാക്റ്റർമാരുടെ പേരിൽ യാതൊരു അധികാരവുമില്ലെ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ പണി സംബന്ധിച്ച് കൺട്രാക്റ്റർമാരിൽ ഈ ഗവണ്മെൻറിനു് യാതൊരു അധികാരവുമില്ല. അതെല്ലാം റെയിൽവേ മിനിസ്ട്രിയ്ക്കാണ്.

ശ്രീ. ടി. കെ. ദിവാകരൻ: റെയിൽവേ മിനിസ്ട്രിയുമായിട്ട് എന്തെങ്കിലും വ്യവസ്ഥപ്പെടുത്താൻ സാധിക്കയില്ലെ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ശ്രമിച്ചുനോക്കാം.

ശ്രീമതി കെ. ആർ. ഗൌരി: ഈവക ജോലികൾക്ക് ആളുകൾ വേണ്ടായെന്നു ബോർഡു് എഴുതിവച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിഞ്ഞുകൂടാ.

ശ്രീമതി കെ. ആർ. ഗൌരി: അങ്ങനെയുണ്ടെങ്കിൽ അതു് തടയാൻ വേണ്ടതായ നിർദ്ദേശം കൊടുക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ജോലിക്കാർ ആവശ്യമില്ലാത്തപ്പോൾ ആവശ്യമില്ലെന്നു് എഴുതിവയ്ക്കുന്നതിനെ തടയേണ്ട ആവശ്യമില്ല.

ആശുപത്രി അററൻഡർമാർ.

* ൧൩൨. [൧൮൫] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രി അററൻഡർമാരുടെ ജോലിസമയത്തിനു് കണക്കുതയുണ്ടോ; ഉണ്ടെങ്കിൽ എന്തു്;

(ബി) അവരിൽ ആർക്കെങ്കിലും ൩൬ മണിക്കൂർ തുടർച്ചയായി ജോലിചെയ്യേണ്ടിവരുന്നുണ്ടോ; രാത്രി ഡ്യൂട്ടിക്ക് വല്ല പ്രത്യേക അലവൻസും കൊടുക്കുന്നുണ്ടോ;

(സി) തൃശ്ശൂർ മെറേർണിററി ആസ്പത്രിയിൽ മേൽപ്രകാരം ഒന്നരാടൻ ദിവസങ്ങളിൽതന്നെ ൩൬ മണിക്കൂർ വേലചെയ്യേണ്ടിവരുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ട്. ദിവസം എട്ടു മണിക്കൂർ മുതൽ ൧൨ മണിക്കൂർ വരെ.

(ബി) മൂന്നു മണിക്കൂർ തുടർച്ചയായി ഒരു ദിവസം ജോലി നോക്കേണ്ടിവരുന്നില്ല. രാത്രിയിൽ ഡ്യൂട്ടിയ്ക്കുവേണ്ടി പ്രത്യേക അലവൻസൊന്നുമില്ല.

(സി) ഇല്ല.

ശ്രീ. സി. അച്യുത മേനോൻ: എട്ടു മണിക്കൂർ മുതൽ ൧൨ മണിക്കൂർവരെ എന്നു പറയുന്നു. എട്ടു മണിക്കൂറോ, അതോ പന്ത്രണ്ടു മണിക്കൂറോ എന്നു നിശ്ചിതപ്പെടുത്തിയിട്ടില്ലേ?

ശ്രീ. വി. മാധവൻ: ചിലദിവസം എട്ടു മണിക്കൂറും, ചിലദിവസം പന്ത്രണ്ടുമണിക്കൂറും ജോലി ചെയ്യേണ്ടതായി വരും. ഇതിൽക്കൂടുതൽ സമയം ജോലി ചെയ്യേണ്ടിവരികയില്ലെന്നാണറിയുന്നതു്.

ശ്രീ. സി. അച്യുത മേനോൻ: എത്ര മണിക്കൂർ (മിനിമം) അററൻഡർമാർ ജോലി ചെയ്യണമെന്നു വ്യവസ്ഥയുണ്ടോ?

ശ്രീ. വി. മാധവൻ: വ്യവസ്ഥയെപ്പററിയാണു് ഞാൻ മുൻപു പറഞ്ഞതു്. മിനിമം എട്ടു മണിക്കൂറാണു്.

ശ്രീ. സി. അച്യുത മേനോൻ: തൃശ്ശൂർ ആശുപത്രിയിൽ അററൻഡർമാർ പകൽ മുഴുവനും, വീണ്ടും ആ രാത്രി മുഴുവനുംകൂടി ജോലി ചെയ്യേണ്ടിവരുന്നു എന്നു വല്ല പരാതിയുമുണ്ടായിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: എല്ലാ അററൻഡർമാക്കും രാത്രിയും പകലും ഒരുപോലെ ജോലി ചെയ്യേണ്ടതുണ്ടോ എന്നു പ്രത്യേകം ഒരു ചോദ്യമായി ചോദിക്കേണ്ടതാണു്.

ശ്രീ. ടി. കെ. ദിവാകരൻ: അററൻഡർമാർ രാവിലെമുതൽ തുടർച്ചയായി ഇരുപത്തിനാലുമണിക്കൂർ ജോലിചെയ്തുവരുന്നതായി അറിയാമോ?

ശ്രീ. വി. മാധവൻ: അതിനെപ്പററി എനിക്കറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ: അങ്ങനെ ബോദ്ധ്യമായാൽ അവക്കു് കൂടുതൽ സമയം ജോലിചെയ്യുന്നതിനുവേണ്ടി വല്ല അലവൻസും കൊടുക്കുമോ?

ശ്രീ. വി. മാധവൻ: അതിനെപ്പററി ആലോചിക്കാം.

റെയിൽവേക്കെടുക്കുന്ന സ്ഥലങ്ങൾ.

※ ൨൧൪. [൧൬] ശ്രീ. ഇ. ഗോപാലകൃഷ്ണ മേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം—എറണാകുളം റെയിൽവെയുടെ ആവശ്യത്തിനു് എടുക്കപ്പെടുന്ന സ്ഥലങ്ങൾക്കു് ശരിയായ പ്രതിഫലം ഉടമസ്ഥന്മാക്കും കൈവശക്കാക്കും കൊടുക്കുന്നില്ലെന്നു പരാതി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി) ഇങ്ങനെ സ്ഥലമെടുക്കുന്നതുമൂലം താമസത്തിന് സ്ഥലമില്ലാതായിത്തീരുന്നവർക്ക് അതിനു സ്ഥലം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ?

മരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഇല്ല.

(ബി) അതിന് പ്രത്യേകിച്ച് പദ്ധതി ഒന്നും ആസൂത്രണം ചെയ്തിട്ടില്ല.

ശ്രീ. ഈ. ഗോപാലകൃഷ്ണ മേനോൻ: ഇങ്ങനെ സ്ഥലം എടുക്കുമ്പോഴും വസ്തു കൈവശക്കാരായിരിക്കുന്ന കുടിയാന്മാർക്ക് പ്രതിഫലം കൊടുക്കുവാൻ എന്തെങ്കിലും വ്യവസ്ഥ ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: വസ്തുവിന് കാമ്പൻസേഷൻ കൊടുക്കുന്ന അവസരത്തിൽ അത് കുടിയാനും ജന്മിയും അവകാശപ്പെട്ടതനുസരിച്ച് കൊടുക്കത്തക്കവിധത്തിലാണ് ലാൻഡ് അക്വിസിഷൻ ആക്ടിൽതന്നെ പ്രൊവിഷൻ ഉള്ളത്.

Pass for quarrying rubble from P. W. D. quarry.

*275. [20] **Shri R. Ponnappa Nadar:** Will the Minister for Local Self Government be pleased to state:

(a) whether any letter has been received from Nagercoil Municipality for giving free pass for quarrying rubble from P. W. D. quarry;

(b) if not whether any requisition has been received for giving a portion of P. W. D. quarry under Municipal control;

(c) whether any free pass has been issued to private institutions; and

(d) whether the Government will think of giving free pass to Municipalities?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(a) No.

(b) No.

(c) Yes.

(d) Government cannot give any assurance in the matter in the interest of State revenue.

Sales Tax.

*276. [21] **Shri R. Ponnappa Nadar:** Will the Minister for Public Works be pleased to state:

(a) whether sales tax is realised from P. W. D. contractors;

(b) whether any provision is made in the estimate prepared by the department for sales tax ; and

(c) if there is no provision is it reasonable to realise sales tax from contractors?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(a) Yes; sales tax is realised from P. W. D. contractors as provided under the sales tax law.

(b) No.

(c) It is reasonable to realise sales tax since such a tax is levied according to law.

Shri R. Ponnappa Nadar: May I know whether sales tax is not realised twice, once when the materials are actually purchased and the other at.........

Mr. Speaker: That is a controversial question which has been heard by the Court and judgment is reserved.

Shri Panampilli Govinda Menon: When materials are sold to the contractors sales tax is realised.

Medical Aid.

*277. [24] **Shri E. Krishnan Nair:** Will the Minister for Medicine be pleased to state:

(a) what arrangement the Government have made for rendering medical aid to people in the village parts;

(b) whether it is a fact that there are many villages in this State in which there are no hospitals, dispensaries or Vaidyasalas within a radius of ten miles; and

(c) if so, will the Government be pleased to open hospitals or Vaidyasalas in such places and relieve the villagers from their sufferings through want of proper medical aid?

Minister for Medicine and Public Health **(Shri V. Madhavan):**

(a) Medical aid is rendered through Government owned or grant-in aid - medical institutions.

(b) There are very few places like this except perhaps the High Ranges where population is very sparse.

(c) The number of medical institutions is increased year by year and any application for opening new hospitals or dispensaries will be considered on the merits.

ശ്രീ. ഇ. കൃഷ്ണൻ നായർ : ഏകദേശം ൨൫ ഗ്രാമങ്ങളോളമുള്ള കൊട്ടാരക്കര താലൂക്കിൽ എത്ര ഡിസ്പെൻസറികൾ ഉണ്ടെന്നു പറയാമോ?

ശ്രീ. വി. മാധവൻ : കൊട്ടാരക്കര താലൂക്കിൽ എത്ര ഡിസ്പെൻസറികൾ ഉണ്ട് എന്നുള്ളതിനെ സംബന്ധിച്ച് പ്രത്യേകം ഒരു ചോദ്യം ഇവിടെ വന്നിട്ടില്ല. അതുകൊണ്ട് അതിന് ഇപ്പോൾ മറുപടി പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ഈ. കൃഷ്ണൻ നായർ : ഈ ചോദ്യത്തിന്റെ (ബി) പിരിവിൽ ഗ്രാമപ്രദേശങ്ങളിൽ വൈദ്യസഹായം ചെയ്യുവാനുള്ള മാർഗ്ഗങ്ങളില്ലാതെയും ൨൦ മൈൽ അകലത്തിൽ ഒരു വൈദ്യശാലയോ ഡിസ്പെൻസറിയോ ഇല്ലാതെയും ഇരിക്കുന്നുണ്ടോ എന്ന് ചോദിച്ചിട്ടുണ്ട്. അപ്പോൾ കൊട്ടാരക്കര താലൂക്കിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി അന്വേഷിച്ചിരിക്കും എന്നു വിചാരിച്ച് ഞാൻ ചോദിച്ചതാണ്.

ശ്രീ. വി. മാധവൻ : ആശുപത്രി ഉള്ള സ്ഥലങ്ങളെപ്പറ്റി ചോദിച്ചിട്ടുണ്ട്. അതിന് മറുപടിയും പറഞ്ഞിട്ടുണ്ട്. കൊട്ടാരക്കര താലൂക്കിൽ എത്ര ആശുപത്രികൾ ഉണ്ടെന്നും ആ ആശുപത്രികൾ തമ്മിൽ എത്ര മൈൽ ദൂരമുണ്ടെന്നും അന്വേഷിച്ച് മറുപടി പറയത്തക്ക ഒരു ചോദ്യം വന്നാൽ അതിനെക്കുറിച്ച് അന്വേഷിച്ച് മറുപടി പറയാം.

ശ്രീ. ഈ. കൃഷ്ണൻ നായർ : (ബി) യുടെ മറുപടി ഒന്നുകൂടി ആവർത്തിക്കുവാൻ ദയവുണ്ടാകുമോ ?

Shri V. Madhavan : There are very few places like this except perhaps the High Ranges where population is very sparse.

ശ്രീ. ഈ. കൃഷ്ണൻ നായർ : ഇങ്ങനെയുള്ള സ്ഥലങ്ങളിൽപ്പെട്ടതാണോ കൊട്ടാരക്കര താലൂക്കിലുള്ള ഗ്രാമങ്ങളെന്ന് മന്ത്രി അന്വേഷിക്കുമോ ?

ശ്രീ. വി. മാധവൻ : അതിനെപ്പറ്റി അന്വേഷിക്കാം.

ശ്രീ. പി. കെ. രാമചന്ദ്രദാസ് : അനേകായിരം ജനങ്ങളും വളരെ അധികം പകർച്ചവ്യാധികളും ഉള്ള ചെങ്ങന്നൂർ താലൂക്കിൽ ൨ ൨ ഡിസ്പെൻസറികളേ ഉള്ളൂ എന്നു ഗവണ്മെന്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അവിടെ ഒരു ലേഡി ഡാക്ടരെ നിയമിക്കുമോ ?

ശ്രീ. വി. മാധവൻ : അവിടെ എത്ര ഡിസ്പെൻസറികൾ ഉണ്ടെന്നു ഞാൻ ഓർക്കുന്നില്ല.

Shri A. A. D. Luiz : May I know why the request is confined to Lady Doctors ?

ശ്രീ. കെ. മാധവൻ ഉണ്ണിത്താൻ : മൊബയിൽ ഹാസ്പിറ്റൽ സിസ്റ്റം ഏർപ്പെടുത്തുവാൻ ഗവണ്മെന്റിന് ആലോചനയുണ്ടോ ?

ശ്രീ. വി. മാധവൻ : ഇല്ല.

ശ്രീ. കെ. മാധവൻ ഉണ്ണിത്താൻ : അതിനെക്കുറിച്ച് ഈ സഭയിലുള്ള ആരെങ്കിലും വല്ല ഡീറ്റെയിൽസും ഗവണ്മെന്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ ?

ശ്രീ. വി. മാധവൻ: ഒരിക്കൽ മെമ്പർ എന്നോട് ഇതിനെപ്പററി സംസാരിച്ചിട്ടുണ്ട്.

ശ്രീ. കെ. മാധവൻ ഉണ്ണിത്താൻ: മൊബയിൽ ഹാസ്പിററൽ സിസ്റ്റം നടപ്പാക്കുകയാണെങ്കിൽ അതിന് ഡാക്ടറന്മാർ കുറവല്ലേ വേണ്ടി വരികയുള്ളു?

ശ്രീ. വി. മാധവൻ: ബഹുമാനപ്പെട്ട മെമ്പർ ഗവണ്മെൻറിൻെറ ശ്രദ്ധയിൽ അതു് പെടുത്തിയിട്ടുണ്ട്.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: അനേകായിരം ജനസംഖ്യയും ധാരാളം പ്രകൃതിയും ഉള്ള ചെങ്ങന്നൂർ താലൂക്കിലുള്ള ആശുപത്രിയിൽ ഒരു ലേഡി ഡാക്ടരെ നിയമിക്കുമോ?

ശ്രീ. വി. മാധവൻ: അതിനെപ്പററി ആലോചിക്കാം.

V. R. D. Section.

*278. [26] **Shri E. Krishnan Nair:** Will the Minister for Works and Transport be pleased to state:

(*a*) whether the V. R. D. Section is entirely responsible for the improvement of village roads included in the Ten-year Plan;

(*b*) whether there is any limit as to the maximum amount that the V. R. D. canspend for a single work in a year; and

(*c*) if so, what is the reason for setting such a limit?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) Improvements to village roads are carried out through special V. R. D. sub divisions formed for the purpose under the P. W. D.

(*b*) No limit; but the amounts are allotted in the budget for the work;

(*c*) Does not arise in view of the answer to (*b*)

ശ്രീ. ഇ. കൃഷ്ണൻ നായർ: വി. ആർ. ഡി. സെക്ഷനിൽ വില്ലേജ് റോഡുകളെ എല്ലാം തന്നെ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: വി. ആർ. ഡി. സ്കീമിൽ എല്ലാ വില്ലേജ് റോഡുകളേയും ഉൾപ്പെടുത്തിട്ടില്ലെന്നു പല ഹർജികളും ഗവണ്മെൻറിന് കിട്ടിയിട്ടുണ്ട്. വി. ആർ. ഡി. സ്കീം തയാറാക്കിയപ്പോൾ രാജ്യത്തുള്ള എല്ലാ പ്രധാനപ്പെട്ട വില്ലേജ് റോഡുകളും അതിൽ ഉൾപ്പെടുത്തിട്ടുണ്ടായിരിക്കും എന്നാണ് വിചാരിക്കേണ്ടതു്.

ശ്രീ. ഇ. കൃഷ്ണൻ നായർ: ചില റോഡുകൾ വി. ആർ. ഡി. സെക്ഷനിൽ ഉൾപ്പെടുത്തിട്ടില്ലെന്നു ബഹുമാനപ്പെട്ട മന്ത്രിയെ ധരിപ്പിച്ചാൽ അതിന് അദ്ദേഹം എങ്ങനെ നടപടി എടുക്കും?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിന് നടപടി എടുക്കാം.

ശ്രീ. ഇ. ക്യഷ്ണൻ നായർ : വി. ആർ. ഡി. സെക്ഷനിൽ ചേർക്കാതെ വിട്ടുകളഞ്ഞ ഗ്രാമപ്രദേശങ്ങളിലെ ചില റോഡുകളിൽ സഞ്ചാരത്തിന് അസൗകര്യമുണ്ടെന്ന് ഗവൺമെൻറിന് അറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : റോഡ് നന്നാക്കിട്ടില്ലെങ്കിൽ അതുകൊണ്ട് സഞ്ചാരത്തിന് അസൗകര്യമുണ്ടാകും.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : വില്ലേജ് റോഡുകൾ ഏതൊക്കെയാണെന്ന് തീരുമാനിക്കുന്നതിന് എന്തെങ്കിലും പരിഗണന ഉണ്ടായിരുന്നോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ഏതെല്ലാം മാനദണ്ഡം വച്ചുകൊണ്ടാണ് അതു് തീരുമാനിച്ചതെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : അതു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർമാത്രം തീരുമാനിക്കുന്നതാണോ എന്നു അറിയുവാൻ വേണ്ടിയാണ് ചോദിക്കുന്നതു് ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ഉദ്യോഗസ്ഥന്മാരാണ് അതു തീരുമാനിക്കുന്നതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : കഴിഞ്ഞ കൊല്ലം എത്ര മൈൽ വില്ലേജ് റോഡുകൾ തീർന്നിട്ടുണ്ട് ?

ശ്രീ. കളത്തിൽ വേലായുധൻനായർ : ൧൪൨ മൈൽ റോഡു തീർന്നിട്ടുണ്ട്.

ശ്രീ. ഒ. സി. നൈനാൻ : വി. ആർ. ഡി. റിപ്പോർട്ടു തയാറാക്കുന്നതിൽ രണ്ടു മൂന്നു കൊല്ലത്തിനുമേൽ മെയിൻറനൻസ് ചെയ്യേണ്ടി വരുന്ന റോഡുകൾ ഉൾപ്പെടുത്താതിരിക്കുന്നുണ്ടെന്ന് ഗവൺമെൻറിന് അറിയാമോ ?

Mr. Speaker : Is it the view of the hon. Member that the roads included are unnecessary ?

Shri O. C. Ninan : I referred to the omission in the V. R. D.

ശ്രീ. കളത്തിൽ വേലായുധൻനായർ : അതിൽ ചില ഒമിഷൻ ഉണ്ടെന്ന് ഗവൺമെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ട്.

ശ്രീ. ഒ. സി. നൈനാൻ : അതിനെപ്പററി അന്വേഷണം നടത്തുവാൻ ഗവൺമെൻറിന് ദയവുണ്ടാകുമോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അന്വേഷണം നടത്താം.

ശ്രീ. പ്രാക്കുളം ഭാസി : നാഗപ്പൂർ സ്കീം അനുസരിച്ചാണോ വി. വി. ആർ. ഡി. സ്കീം എന്നു പേർ കൊടുത്തിട്ടുള്ളതു് ?

ശ്രീ. കളത്തിൽ വേലായുധൻനായർ : അതു് നാഗപ്പൂർ സ്കീം അനുസരിച്ചാണോ എന്നു് അറിഞ്ഞുകൂടാ.

Shri M. William : Is there no reference in the five Year Plan about this ?

ശ്രീ. കളത്തിൽ വേലായുധൻനായർ : വി. ആർ. ഡി. സ്കീം ഒരു ദശവത്സരപദ്ധതിയാണ്.

ഭവനനിർമ്മാണപദ്ധതി.

* ൨൧൯. [൨൧] ശ്രീ. സി. പി. ശ്രീ വല്ലഭമേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഭവനനിർമ്മാണപദ്ധതിയനുസരിച്ച് ൧൯൬൧-൬൨-ൽ എത്ര ഭവനങ്ങൾ നിർമ്മിച്ചിട്ടുണ്ട് ; എവിടെയെല്ലാം ; ഈ ഭവനങ്ങൾ ഏതേതു തൊഴിൽ വിഭാഗത്തിൽപ്പെട്ടവർക്കാണു കൊടുത്തിട്ടുള്ളതു് ;

(ബി) ഈ ഭവനങ്ങൾക്ക് വാടക കൊടുക്കാറുണ്ടോ ; എത്ര തോതിൽ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) : (എ) ഭവനനിർമ്മാണപദ്ധതിയനുസരിച്ച് ൧൯൬൧-൬൨-ൽ താഴെ പറയുന്ന സ്ഥലങ്ങളിലായി ൧൪൦ ഭവനങ്ങളുടെ പണി പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു. ഇരിഞ്ഞാലക്കുട ൩൨; വൈക്കം ൧൦; കിടങ്ങൂർ ൧൭; പള്ളം ൧൯; വഴപ്പാക്കാവ് ൯; എനയം ൧൦, കുളച്ചൽ ൩൬, തേവര ൧൪, ഇരിഞ്ഞാലക്കുട, കിടങ്ങൂർ, പള്ളം, വഴപ്പാക്കാവ് ഈ സ്ഥലങ്ങളിലെ വീടുകൾ കർഷക തൊഴിലാളികൾക്കും, വൈക്കത്ത് മുൻസിപ്പൽ തൊഴിലാളികൾക്കും, കുളച്ചൽ, തേവര ഈ സ്ഥലങ്ങളിൽ മത്സ്യ തൊഴിലാളികൾക്കുമാണ് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതു്.

(ബി) മുനിസിപ്പൽ തൊഴിലാളികൾക്കുള്ള വീടുകൾക്ക് വാടക കൊടുക്കേണ്ടതാണ്. ആകെ ഒരു വീടിന് ചിലവായ തുകയുടെ ൨൯ ശതമാനത്തിൽ കവിയാത്ത തുക പ്രതിവർഷം വാടകയായി കൊടുക്കേണ്ടതാണ്. കർഷകതൊഴിലാളികളും മത്സ്യതൊഴിലാളികളും വീടിന് ചിലവായ തുക മുഴുവൻ പലിശ കൂടാതെ ൨൦ വർഷംകൊണ്ടു് തുല്യ തവണകളിലായി അടച്ചുതീർക്കേണ്ടതും അപ്രകാരം തുക അടച്ചുതീർക്കുന്ന മുറയ്ക്കു വീടിന്റെ സ്വത്താവകാശവും അവർക്ക് ലഭിക്കുന്നതാകുന്നു.

ശ്രീ. പി. കെ. രാമചന്ദ്രദാസ് : ഈ പദ്ധതിയിൽ കർഷകതൊഴിലാളി എന്ന വിഭാഗത്തിലാണോ പട്ടികജാതിക്കാരെ ഉൾപ്പെടുത്തിയിരിക്കുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഈ പദ്ധതിയനുസരിച്ച് വീടുണ്ടാക്കിയാൽ കൊടുക്കുന്നതു് പട്ടിക ജാതിക്കാർക്കല്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഈ വീടുകൾ എല്ലാം ൨൫ കൊല്ലക്കാലം വീണുപോകാതെ നിൽക്കുമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ൨൦ കൊല്ലത്തിലധികം ഈ വീടുകൾ കേടുകൂടാതെ നിൽക്കുമെന്നാണ് ഗവണ്മെന്റിന്റെ ബോദ്ധ്യം.

ശ്രീ. പി. കെ. രാമചന്ദ്രദാസ്: ഇവിടെ പറഞ്ഞ വീടുകളിൽ ഒന്നും പട്ടികജാതിക്കാർക്ക് ഇല്ലെന്നാണോ അർത്ഥമാക്കേണ്ടത്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേ. അങ്ങനെതന്നെയാണ് അർത്ഥമാക്കേണ്ടത്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: ഇരിങ്ങാലക്കുടയിൽ ൫൦ വീടുകളുടെ പണി പൂർത്തിയായിക്കാണും എന്നു പറഞ്ഞു. ആ വീടുകൾ പണിയുന്നതിനുള്ള സ്ഥലം ഇതുവരെ അവിടെ എടുത്തു കഴിഞ്ഞിട്ടില്ലെന്നു ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അറിഞ്ഞുകൂടാ. അവിടെ വീടുപണി തുടങ്ങി പൂർത്തിയായി വരുന്നുണ്ടെന്ന് അറിയാം.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: അവിടെയുള്ള വീടുകൾ ഈ സ്കീമിൽപെട്ട വീടുകളല്ലെന്ന് ഗവണ്മെന്റിന് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ സ്കീം പ്രകാരം ഉള്ള വീടുകൾ അവിടെ പണിയുന്നുണ്ട്.

ശ്രീ. ടി. വി. തോമസ്: ൨൫ കൊല്ലത്തിനകം ഈ വീടുകൾ വീണുപോകയാണെങ്കിൽ വീടിന് ചിലവായ സംഖ്യ തവണകളിലായി അടക്കുന്നതിൽനിന്നു അവരെ ഒഴിവാക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ൨൫ കൊല്ലത്തിനുള്ളിൽ വീടു നശിച്ചുപോകയോ അതിനുള്ളിൽ ഉള്ളവർ മരിച്ചുപോകയോ ചെയ്താൽ എന്തു ചെയ്യും എന്നുള്ളത് അപ്പോൾ തീരുമാനിക്കേണ്ട ഒരു കാര്യമാണ്. അത് ഇപ്പോൾ തീരുമാനിക്കേണ്ട ഒരു കാര്യമല്ല.

ശ്രീ. ടി. വി. തോമസ്: കൊട്ടാരക്കരയിൽ ഇങ്ങനെയുള്ള കുറെ വീടുകൾ വീണുപോയിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അത് ഈ സ്കീമിൽപെട്ട വീടല്ല.

WRITTEN ANSWERS.

Acquisition of lands.

*280. [8] **Shri T. S. Ramaswami:** Will the Minister for Local Self-Government be pleased to state the policy of Government in the matter of acquisition of lands for colonisation?

Minister for Local Self-Government (**Shri K. Kochukuttan**): Since Government have not so far taken up the acquisition of any lands for Colonisation purposes, the question of policy regarding such acquisition does not arise.

മിഡ്‌വൈഫ് പരിശീലനം.

* ൨൮൧. [൨൮] ശ്രീ. എം. കെ. മത്തായി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ കഴിഞ്ഞ പ്രാവശ്യം എത്ര കുട്ടികളെ മിഡ്‌വൈഫ പരിശീലനത്തിനായി തിരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ Stipend ഉള്ളവർ എത്ര; ഇല്ലാത്തവർ എത്ര ;

(ബി) ഇവർ എവിടെ പരിശീലനം നടത്തുന്നു ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ) :

(എ) ൩൯ പേരെ തിരഞ്ഞെടുത്തു. Stipend ഉള്ളവർ ൧൦. Stipend ഇല്ലാത്തവർ ൨൯.

(ബി) (൧) കുട്ടികളുടെയും, സ്ത്രീകളുടെയും ആശുപത്രി, തിരുവനന്തപുരം.

(൨) കുട്ടികളുടെയും സ്ത്രീകളുടെയും ആശുപത്രി മട്ടാഞ്ചേരി.

(൩) പ്രസവാശുപത്രി, തൃശ്ശൂർ.

(൪) വിക്ടോറിയാ ഹോസ്പിററൽ, കൊല്ലം.

Transport Service to Chengannur.

*282. [29] **Shri P. Sadasivan Pillai:** Will the Minister for Works and Transport be pleased to state:

(*a*) whether the Government intend to extend all transport bus operations to Mavelikkara up-to Chengannur; and

(*b*) if, not, why?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) No.

(*b*) The question of further extensions of service will have to wait rehabilitation of existing routes.

മെഡിക്കൽ വകുപ്പിലെ ശമ്പളപരിഷ്ക്കാരം.

* ൨൮൩. [൩൨] ശ്രീ. സി. കെ. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) ൧൯൫൦-ൽ മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ ശമ്പള നിരക്ക് പരിഷ്ക്കരിച്ചുകൊണ്ട് ഗവണ്മെൻറ് പ്രൊസീഡിംഗ്സ് ഉണ്ടായിരുന്നോ ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ എന്തുകൊണ്ട് ആ പരിഷ്ക്കരിച്ച നിരക്കിൽ ശമ്പളം കൊടുക്കുവാൻ ഗവണ്മെൻറ് തയ്യാറാകുന്നില്ല.

(സി) ഗവണ്മെന്റിൽനിന്നു് ദയവായി ൧൯൫൦-ലെ പരിഷ്ക്കാരം ഉടനെ നടപ്പിലാക്കുവാൻ ശ്രദ്ധിക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഉണ്ടായിരുന്നു.

(ബി) സർവ്വീസ് സംയോജനം ഇതുവരെ നടപ്പിലാക്കാത്തതുകൊണ്ടു് ഓരോ ഗ്രേഡിലുമുള്ള നാമിനേഷൻ ലിസ്റ്റ് തയാറാക്കുവാൻ സാധിച്ചിട്ടില്ല. അതിനാലുള്ള താമസമാണു്.

(സി) ഇതിനു് വേണ്ട നടപടികൾ എടുത്തുവരികയാണു്.

UNSTARRED QUESTIONS.

ഹരിജനങ്ങൾക്കു് വിതരണം ചെയ്തിട്ടുള്ള ഭൂമികൾ.

൧൨൫. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഹരിജനങ്ങൾക്കു കൊടുക്കുന്നതിനായി ചിറയിൻകീഴ്താലൂക്കിൽ എവിടെയെല്ലാം സ്ഥലങ്ങൾ ഒഴിച്ചിടപ്പെട്ടിട്ടുണ്ടു്;

(ബി) അതിൽ ആർക്കെല്ലാം എത്രവീതം വിതരണം ചെയ്തിട്ടുണ്ടു്;

(സി) ബാക്കി എവിടെയെല്ലാം എത്ര സ്ഥലങ്ങൾ കിടപ്പുണ്ടു്?

ഉത്തരം.

(എ) പള്ളിക്കൽ, പുളിമാത്തു്, നാവായിക്കുളം, കിഴ്‌വലം, മടവൂർ, ചെമ്മരുതി, കരവാരം, വെള്ളല്ലൂർ എന്നീ പകുതികളിൽ.

(ബി)	കുറവർക്കു്	൪൦ ഏക്കർ
	വേടർക്കു്	൨൦ ഏക്കർ ൧൬ സെന്റ്
	പറയർക്കു്	൧൦ ഏക്കർ ൯ സെന്റ്
	പുലയർക്കു്	൨൯ ഏക്കർ ൫൮ സെന്റ്.

(സി)	പള്ളിക്കൽ പകുതിയിൽ	൯൦ ഏക്കർ ൧൭ സെന്റ്.
	പുളിമാത്തു്	൪൨ ഏക്കർ ൮൮ സെന്റ്.
	നാവായിക്കുളം	൧൨൯ ഏക്കർ ൪൯ സെന്റ്.
	കിഴ്‌വലം	൧൭ ഏക്കർ ൯൮ സെന്റ്.
	മടവൂർ	൨൧ ഏക്കർ ൩൦ സെന്റ്.
	ചെമ്മരുതി	൫൦ ഏക്കർ ൩൯ സെന്റ്.
	കരവാരം	൩൦ ഏക്കർ ൧൨·൭൫൦ സെന്റ്.
	വെള്ളല്ലൂർ	൧൩ ഏക്കർ ൬൮ സെന്റ്.
	ആകെ	൪൫൦ ഏക്കർ ൧൧·൭൫൦ സെന്റ്

കിടപ്പുണ്ടു്.

തിരുവല്ലാ—അമ്പലപ്പുഴ റോഡ്.

൧൩൩. [൩] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

തിരുവല്ലാ—അമ്പലപ്പുഴ റോഡിന്റെ തകഴി എടത്വാ ഭാഗത്തിൽ ഇതേവരെയായി എത്ര നീളം പണിതീർത്തിട്ടുണ്ട്;

(ബി) ഇതിലേക്കായി ഇതേവരെയായി എത്ര രൂപ ചെലവു ചെയ്തിട്ടുണ്ട്; ൧൧൨൮-ൽ എത്ര രൂപയായി;

(സി) ഒരിടത്തുനിന്നും മറെറാരിടത്തേക്ക് ചെന്നെത്താൻ കരമാർഗ്ഗമായി മററു യാതൊരു ബന്ധവും (ലാൻഡ്‌ലിങ്ക്) ഇല്ലാത്ത ഈ സ്ഥലങ്ങൾ തമ്മിൽ യോജിപ്പിക്കാനുള്ള പണി ത്വരിതപ്പെടുത്താത്തതുകൊണ്ട് നാട്ടുകാർക്ക് പല ബുദ്ധിമുട്ടുകളും ഉണ്ടെന്നുള്ള വിവരം ഗവൺമെന്റിനറിയാമോ?

ഉത്തരം.

(എ) ൧,൨൨൫ അടി നീളത്തിൽ മൺവേല മിക്കവാറും പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) ഇതേവരെ ൨൪,൩൮൩ ക. ൧൧൨൮-ൽ ൨൩,൬൮൫ ക.

(സി) അറിയാം.

ആലപ്പുഴ—ചങ്ങനാശേരി റോഡ്.

൧൩൪. [൮] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴനിന്നും ചങ്ങനാശേരിക്കുള്ള റോഡിന്റെ പണി ഏതുകൊല്ലമാണ് ആരംഭിച്ചത്;

(ബി) രണ്ടുസ്ഥലത്തുനിന്നും യഥാക്രമം എത്രദൂരംവീതം റോഡു പണി തീർന്നിട്ടുണ്ട്;

(സി) ഈ പണി സംബന്ധിച്ച് ഇതേവരെ എത്ര രൂപ ചെലവായിട്ടുണ്ട്; ൧൧൨൮-ൽ എത്ര രൂപ ചെലവായി?

ഉത്തരം.

(എ) ഒരു ദുരിതനിവാരണനടപടിയായി പ്രസ്തുത റോഡിന്റെ പണി ൧൧൨൮-ൽ ആരംഭിച്ചു. എന്നാൽ പണി ഇടക്കാലത്തു നിറുത്തിവക്കുകയും, വീണ്ടും കുട്ടനാട് ഡെവലപ്പ്മെൻറ് സ്കീമിൽപ്പെട്ട റോഡു പണി ൧൧൨൯ ജൂലൈമാസത്തിൽ തുടങ്ങുകയും ചെയ്തു.

(ബി) ആലപ്പുഴനിന്നും ഒരു മൈൽ ഏഴു ഫർലാംഗും, ചങ്ങനാശേരിയിൽനിന്നും ഏഴു മൈലും റോഡ്-ചിറ പണിതീർന്നിട്ടുണ്ട്.

(സി) ൧൯൫൨ ജനവരി അവസാനം വരെ മൊത്തം ൩൪,൭൯,൩൫൪ രൂപ, ൨ ണ. ൯ സ. ചെലവായി. ൧൯൫൧ൽ മാത്രം (തന്നാണ്ടു് ജനവരി മുതൽ ഡിസംബർ അവസാനം വരെ) ൭,൯൩,൦൧൪ രൂ. ൧൨ ണ. ൮ സ. ചെലവായി.

പിരിച്ചുവിടൽ.

൱൩൮. [൫] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി. ഡബ്ലിയു. ഡി. എൻ. എം. ആർ. തൊഴിലാളികളിൽ കഴിഞ്ഞ മൂന്നുമാസത്തിനിടയ്ക്കു് ആരെയെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേരെ;

(സി) അതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ൯൮൧.

(സി) ൧. ആവശ്യമുള്ള ഫണ്ടില്ലായ്മ.

൨. ഇത്ര വലിയ സ്റ്റാഫിനുള്ള ജോലിയില്ലായ്മ.

ധനസഹായം.

൱൩൯. [൬] ശ്രീ. കെ. കുട്ടപ്പൻ : താഴെ പറയുന്ന ചോദ്യത്തിനു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളത്തു് ഒരു ടൗൺഹാൾ പണിയുന്നതിനു് സർക്കാരിൽനിന്നു ധനസഹായം ആവശ്യപ്പെട്ടിരുന്നോ; ആവശ്യപ്പെട്ടിരുന്നെങ്കിൽ എന്തു തുക അനുവദിച്ചുകൊടുത്തു?

ഉത്തരം.

ഇല്ല.

Neyyar left Bank Channel.

140. [7] **Shri A. Kunjan Nadar :** Will the Minister for Public Works be pleased to state:

(*a*) whether any investigation is begun for the Neyyar Left Bank Channel and Right Bank Channel, respectively;

(*b*) If so, when will the investigation be complete; and

(*c*) will a copy of the investigation report be made available to the public.

Answer.

(*a*) The preliminary investigation for right bank and left bank channels are completed. The cutting open of R. B. C. is in progress in miles 1 to 5.

(*b*) Does not arise in view of answer to sub-division (a)

(*c*) The investigation reports are not generally made available to the public.

T. B. Survey.

141. [8] **Shri A. Kunjan Nadar:** Will the Minister for public Health be pleased to state:

(*a*) Whether any T. B. survey was conducted in the Municipal town of Nagercoil;

(*b*) if so, when and how many are affected by T. B.;and

(*c*) if not, will the Government take a survey immediately?

Answer.

(*a*) No.

(*b*) Does not arise.

(*c*) There is a scheme for conducting State-wide T. B. survey. The case of Nagercoil town will also be taken up under the scheme.

Extension of Electricity.

142. [10] **Shri E. P. Varghese:** Will the Minister for Works be pleased to state:

(*a*) Whether the extension of the electricity from parur to Varapuzha is completed;

(*b*) Whether any house connection is given in the Places where the line is completed.

(*c*) When was the extension work started;

(*d*) What is the length of the time; and

(*e*) What is the cost so far incurred and what is the total estimated cost.

Answer.

(*a*) Construction of 11 K. V. line from Parur to Varapuzha has been completed.

(*b*) No.

(*c*) In June 1951.

(*d*) 1. 11 K. V. line - 5 miles

2. L. T. 3 phase 2 miles

3. L. T. single phase 2 miles.

(*e*) 1. Rs. 60, 428

2. Rs. 90,810

മുനിസിപ്പാലിററിജോലിക്കാർ.

൧൪൯. [൧൧] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സമയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മുനിസിപ്പാലിററിയിൽ മലം ലോറിയിൽ കയററി ഇറക്കു പണിക്കു പത്തു തൊഴിലാളികളെക്കൂടി കൂടുതൽ നിയമിക്കണമെന്നു മുനിസിപ്പൽ കൗൺസിൽ തീരുമാനിക്കുകയും അനുമതിക്കായി ഗവണ്മെൻറിലേക്ക് അപേക്ഷിക്കുകയും ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നാണ് ആദ്യമായി അപേക്ഷിച്ചതു്;

(സി) ഇതേവരെയും അതു് അനുവദിക്കാതിരിക്കാൻ കാരണമെന്തു്?

ഉത്തരം.

(എ) ചെയ്തിട്ടുണ്ട്.

(ബി) ൧൯൫൧ ആഗസ്റ്റ്മാസം ൧൧-ാംനു

(സി) അനുവദിച്ചുകഴിഞ്ഞു.

കൊക്കാല ഓവർബ്രിഡ്ജ്.

൧൫൪. [൧൨] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി സമയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ റെയിൽവേസ്റ്റേഷനിൽ കൊക്കാല ഓവർബ്രിഡ്ജ് കെട്ടുന്നതിന് എസ്റ്റിമേററ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എസ്റ്റിമേററ് എത്രസംഖ്യക്കാണ്;

(ബി) ഈ സംഖ്യയിൽ പകുതി സതേൺ റെയിൽവേ വഹിക്കാമെന്നു സമ്മതിച്ചിട്ടുണ്ടോ;

(സി) ഈ പാലം കെട്ടുന്നതിനെപ്പററി മുനിസിപ്പാലിററിയും ഗവണ്മെൻറും തമ്മിൽ എഴുത്തുകുത്ത് തുടങ്ങിയിട്ട് എത്ര കാലമായി?

ഉത്തരം.

എ ഉണ്ട്. ൧൯൫൧-ൽ ഓവർബ്രിഡ്ജിന് ൯൧, ൫൯൪ കയും അപ്രോച്ച്റോഡിന് ൧൯,൦൦൦ കയുമായിരുന്നു എസ്റ്റിമേററചെയ്തി

രുന്നു്. അതിനുശേഷം ൧൯൫൧-ൽ ഓവർബ്രിഡ്ജിനുമാത്രം ൩൦,൦൦൦ രൂ. കണക്കാക്കിയിട്ടുണ്ടു്. അപ്രോച്ചു്റോഡു്, ഫുട്ട്ബ്രിഡ്ജ് മുതലായവക്കു എസ്റ്റിമേററു തയ്യാറാക്കിട്ടില്ല.

(ബി) ഓവർബ്രിഡ്ജിന്റെ ചെലവു മുഴുവനും സതേൺറെയിൽവേ വഹിക്കാമെന്നു സമ്മതിച്ചിട്ടുണ്ടു്. ഫുട്ട്ബ്രിഡ്ജ്, അപ്രോച്ചു്റോഡു് മുതലായവയുടെ ചെലവു് തൃശ്ശൂർ മുനിസിപ്പാലിററി വഹിക്കേണ്ടതാണു്.

(സി) ഏകദേശം ഇരുപതുകൊല്ലമായി.

ചുമട്ടുതൊഴിലാളികൾ.

൧൪൫. [൧൨] ശ്രീ. പി. വി. അവിരാതരകൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂറിലെ എല്ലാ ചന്തകളിലും ചരക്കു കയററിയിറക്കുന്നതിനു് ശമ്പളത്തിനു് ആളുകളെ നിയമിച്ചിരുന്നുവോ;

(ബി) ശമ്പളത്തിനുമാത്രം നിയമിച്ചിരുന്നതു് ഏതെല്ലാം സ്ഥലങ്ങളിൽ;

(സി) ചരക്കുടമസ്ഥന്മാരിൽനിന്നും കയററിയിറക്കിൽ ഇനത്തിൽ ഈടാക്കിയിരുന്ന തുകയിൽ എത്രരൂപ ശമ്പളമായി കൊടുത്തിട്ടുണ്ടു്;

(ഡി) അരൂക്കുററി, വെള്ളത്തുള്ളി ചന്തകളിൽനിന്നും ൧൯൪൬ മുതൽ ൧൯൪൯ വരെ ചരക്കുടമകളിൽനിന്നും കയററിയിറക്കിനത്തിൽ എത്ര രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ടു്;

(ഇ) ൧൯൪൬ മുതൽ ൧൯൪൯ വരെ പ്രസ്തുത ചന്തകളിൽ എത്ര ഉറപ്പിക ശമ്പളമായി കൊടുത്തിട്ടുണ്ടു്?

ഉത്തരം.

(എ) ഇല്ല. എന്നാൽ അരൂക്കുററി, വെള്ളത്തുള്ളി എന്നീ രണ്ടു ചന്തകളിൽമാത്രം ചരക്കു കയററിയിറക്കുന്നതിനു ശമ്പളത്തിനു ആളുകളെ നിയമിച്ചിരുന്നു.

(ബി) അരൂക്കുററി, വെള്ളത്തുള്ളി എന്നീ ചന്തകളിൽ.

(സി) ചോദ്യം വ്യക്തമല്ലാത്തതിനാൽ ഉത്തരം നൽകുവാൻ നിവൃത്തിയില്ല.

(ഡി) അരൂക്കുററി ചന്തയിൽനിന്നും ൧,൧൭,൭൧൨-൧൪-൦ രൂപയും, വെള്ളത്തുള്ളി ചന്തയിൽനിന്നു് ൪൩,൨൯൯-൪-൦ രൂപയും പിരിഞ്ഞുകിട്ടിയിട്ടുണ്ടു്.

(ഇ) അരൂക്കുററി ചന്തയിലെ തൊഴിലാളികൾക്കു ശമ്പളവും അലവൻസും ഇനത്തിൽ ൧൯൪൬—൪൯ എന്നീ വർഷങ്ങളിലേക്കു് ൭൩൪൯൯-൧൨-൦ രൂപയും വെള്ളത്തുള്ളി ചന്തയിലെ തൊഴിലാളികൾക്കു ൨൯൨൦൦-൨-൦ രൂപയും കൊടുത്തിട്ടുണ്ടു്.

ആസ്പത്രിജീവനക്കാർ.

൨൪൩. [൨൪] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിലെ ആസ്പത്രിജീവനക്കാരിൽ ഏതെങ്കിലും വിഭാഗത്തെ കണ്ടിജൻസി ജീവനക്കാരാക്കിയിട്ടുണ്ടോ;

(ബി) അതിനുള്ള ഉത്തരവു പുറപ്പെടുവിച്ചതു് എന്നാണു്;

(സി) അതുപ്രകാരം കണ്ടിജൻസിജീവനക്കാരാക്കപ്പെട്ടവരുടെ എണ്ണമെത്ര;

(ഡി) ഇതുകൊണ്ടു് സർക്കാരിനുള്ള ലാഭമെന്തു്;

(ഇ) ഇപ്രകാരം കണ്ടിജൻസിയിലേക്കു് തള്ളപ്പെട്ടവരിൽ ഏററവും കൂടുതൽ സർവ്വീസുള്ളവരുടെ സർവ്വീസെത്ര; ഏററവും ചുരുങ്ങിയ സർവ്വീസെത്ര?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ൯—൩—൧൧൨൮-ൽ.

(സി) ൨൧൭.

(ഡി) പെൻഷൻ തുകയും, അവധിഅലവൻസും.

(ഇ) ചുരുങ്ങിയ സർവ്വീസ് ൩ മാസം. കൂടിയ സർവ്വീസ ൩൫ വർഷം.

സർവ്വീസ്‌സംയോജനം.

൨൪൪. [൨൩] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുവകുപ്പിൽനിന്നും തയ്യാറാക്കിയിട്ടുള്ള സർവ്വീസ് സംയോജനലിസ്റ്റിൽ ഇന്ന സർവ്വീസിലുള്ള ആരെയെങ്കിലും ഉൾപ്പെടുത്താതെ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര ആളുകൾ;

(സി) അതിൽ കൊച്ചിക്കാരെത്ര; തിരുവിതാംകൂറുകാരെത്ര;

(ഡി) ഇതിൽ സ്ഥിരക്കാരെത്ര; ടെമ്പററിക്കാരെത്ര?

ഉത്തരം.

(എ) ഇല്ല.

(ബി) മുതൽ (ഡി) വരെ 'എ'യുടെ ഉത്തരംകൊണ്ടു് ഈ ചോദ്യങ്ങൾ ഉദിക്കുന്നില്ല.

പഞ്ചായത്ത് ഇൻസ്പെക്ടർ.

൧൪൮. [൧൭] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുഡിപ്പാർട്ടുമെൻറിൽ ഇൻസ്പെക്ടരായി നിയമിതനായിട്ടുള്ള ശ്രീ. പി. സി. ജോർജ്ജിന് എത്ര കൊല്ലത്തെ സർവ്വീസ് ഉണ്ട്;

(ബി) ഈ ഉദ്യോഗത്തിന് അർഹതയുള്ളവരായി ഇദ്ദേഹത്തെക്കാൾ കൂടുതൽ സർവ്വീസുള്ള ആളുകൾ ഡിപ്പാർട്ടുമെൻറിൽ ഉണ്ടായിരുന്നില്ലേ;

(സി) ഉണ്ടെങ്കിൽ ജൂനിയറായ ഒരാൾക്ക് ഇങ്ങനെ അനർഹമായി കയററം കൊടുക്കാൻ കാരണമെന്ത്?

ഉത്തരം.

(എ) ശ്രീ. പി. സി. ജോർജ്ജിന് ആറുകൊല്ലത്തെ സർവ്വീസുണ്ട്.

(ബി) സർവ്വീസിനെ ആസ്പദമാക്കിയല്ല ശ്രീ. ജോർജ്ജിനെ ഇൻസ്പെക്ടരായി നിയമിച്ചത്. പഞ്ചായത്തുഡിപ്പാർട്ടുമെൻറിലെ സർവ്വീസ് സംയോജനം പൂർത്തിയാകാത്തതുകൊണ്ട് തിരുവിതാംകൂർ വിഭാഗത്തിലും, കൊച്ചിവിഭാഗത്തിലും സീനിയറായിട്ടുള്ള രണ്ടുപേരെവീതം ഇൻസ്പെക്ടറന്മാരായി പഞ്ചായത്ത് തെരഞ്ഞെടുപ്പു പരിഗണിച്ച് താൽക്കാലികമായി നിയമിക്കുകയാണുണ്ടായത്. സംയോജനം പൂർത്തിയായശേഷം ഇൻറഗ്രേററഡ് സീനിയോറിട്ടി അനുസരിച്ച് ഈ നിയമനങ്ങൾ പുനഃപരിശോധന ചെയ്യുന്നതാണ്.

(സി) 'ബി' യുടെ ഉത്തരംകൊണ്ട് 'സി' ഉദിക്കുന്നില്ല.

Congestion of traffic.

149. [18] **Dr. P. T. Thomas:** Will the Minister for Works & Transport be pleased to state:

(*a*) whether it is a fact that there is great congestion of traffic and inconvenience to the public from the private buses operating from and around Thirunakkara in the Kottayam Municipal town;

(*b*) if so why Government is not taking steps to move the bus stand to some convenient place without causing obstruction and inconvenience to the public;

(*c*) whether Government will take steps to remove the bus stand to a convenient place; and

(*d*) if so, when?

Answer.

(a) Yes.

(b) (c) & (d) urgent steps are being taken to move the bus stand to a suitable place.

ഡിസ്പെൻസറി.

൧൫൦. [൧൯] ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശേരി കുറിച്ചി സർക്കാർഡിസ്പെൻസറിയിലെ സ്ഥലസൗകര്യക്കുറവുകൾ പരിഹരിക്കുന്നതിനും, ഉപകരണങ്ങൾ നൽകി സഹായിക്കുന്നതിനും അഭ്യർത്ഥനകൾ കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ എടുക്കാൻ സാധിച്ചു?

ഉത്തരം.

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

വിദ്യുച്ഛക്തി നീട്ടുന്നതിനുള്ള ആലോചന.

൧൫൧. [൨൦] ശ്രീ. കെ. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണയന്നൂർതാലൂക്കിൽ തൃപ്പൂണിത്തുറയിൽനിന്നും കാഞ്ഞിരമറ്റംവരെ വിദ്യുച്ഛക്തി നീട്ടുന്നതിനുള്ള ആലോചന മന്ത്രിയുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര കാലംകൊണ്ടു പൂർത്തിയാകും?

ഉത്തരം.

(എ) ഉണ്ട്.

(ബി) ഈ സംഗതി ആലോചനയിൽ ഇരിക്കുന്നതിനാൽ ഇപ്പോൾ തീർച്ച പറയുവാൻ നിവൃത്തിയില്ല.

Poramboke limits in Nagercoil Town.

152. [21] **Shri R. Ponnappa Nadar:** Will the Minister for Local Self-Government be pleased to state:

(a) Whether the Nagercoil Municipality requested for the appointment of special staff for demarcating poramboke limits within town limit;

(*b*) If so the action taken on it;

(*c*) Are the Government aware that there is encroachment by the side of west coast road within Nagercoil Town limits; and

(*d*) If so, is there any action taken to evict the same?

Answer.

(*a*) Yes.

(*b*) Proposals for the conduct of survey work have been called for from the Superintendent of Survey, Trivandrum.

(*c*) No encroachment has been detected and reported so far.

(*d*) Does not arise.

Vishasari Irrigation scheme.

153. [25] **Shri M. William:** Will the Minister for Works and Transport be pleased to state whether investigation of the Vishasari Lift Irrigation Scheme in Pacode pakuthi, Vilavancode taluk has been completed?

Answer.

Investigation for the electrical portion of the work has been completed. The civil portion of the scheme is being investigated.

വാടകക്കെട്ടിടങ്ങളിലുള്ള സർക്കാരാഫീസുകൾ.

൧൫൪. [൨൬] ശ്രീ. എ. എൽ. ജേക്കബ്: താഴെ കാണിച്ചിട്ടുള്ള ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) എറണാകുളത്ത് ഏതെങ്കിലും സർക്കാരാഫീസുകൾ വാടകക്കെട്ടിടങ്ങളിൽ നടത്തുന്നുണ്ടോ: ഉണ്ടെങ്കിൽ പ്രതിമാസം എത്ര രൂപാ വാടക നൽകപ്പെടുന്നുണ്ട്;

(ബി) എറണാകുളത്ത് ഏതെങ്കിലും ഗവണ്മെൻറുകെട്ടിടം സ്വകാര്യവ്യക്തികൾക്ക് വാടകക്ക് കൊടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു കെട്ടിടം; എന്തു വാടകയ്ക്കു്;

(സി) എറണാകുളം ടി. ഡി. റോഡിൽ കൊച്ചിയിലെ മണി മന്ദിരമായി ഉപയോഗിച്ചുവന്ന കെട്ടിടം ഇപ്പോൾ എന്താവശ്യത്തിനായി ഉപയോഗിക്കുന്നു?

ഉത്തരം.

(എ) ഉണ്ട്.

ആഫീസിൻെറ പേര്	മാസംവാടക.
സ്കൂൾ ഇൻസ്പെക്ടറുടെ ആഫീസ്	രൂ. ൧൨൫

ആഫീസിന്റെ പേരു്		മാസം വാടകം
ഫിഷറീസ് സബ് ഇൻസ്പെക്ടർ ആഫീസ്	രൂപ	൧
തേവര പോലീസ് സ്റ്റേഷൻ ടി	,,	൩൦
തേവര ഡിസ്പെൻസറി	,,	൬൩
കയർ ഡെവലപ്പ്മെൻറ് ഇൻസ്പെക്ടർ	,,	൫൦
ഫുഡ് സപ്ലൈ ഡിപ്പോ	,,	൮൪
ടി	,,	൪൬
ടി	,,	൪൫/൮
ടി	,,	൨൦൦
ടി	,,	൬൬
ടി	,,	൯൦
ടി	,,	൩൦
കാർഷികാദായനികുതിയും വിൽപ്പന നികുതിയും ആഫീസ്	,,	൮൦
സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടർ ആഫീസ്	,,	൨൦൦

(ബി) ഉണ്ട്.

കെട്ടിടം		മാസം വാടക.
രവിവർമ്മ മന്ദിരം	രൂ.	൨൧൬
Sepoys Line	,,	൩൦
ഫിഷർമെൻ സങ്കേതം	,,	൬
ഹൈക്കോടതി കൻറീൻ	,,	൬൦
രവിമന്ദിരത്തോടു് ചേർന്ന ചെറിയ കെട്ടിടം	,,	൯൮
റിക്രൂട്ടിംഗ് ആഫീസിനോടു് ചേർന്ന കെട്ടിടം	,,	൨൬
രാമമന്ദിരം	,,	൨൬൦
ചീഫ് ജസ്റ്റിസ് താമസിക്കുന്ന കെട്ടിടം	,,	൫൦൦

(സി) മണിമന്ദിരമായി മുൻപു് ഉപയോഗിച്ചുവന്നിരുന്ന ഒരു കെട്ടിടം ടി. ഡി. റോഡിൽ ഉള്ളതായി അറിവില്ല.

എറണാകുളത്തു് കായൽ നികത്തി എടുത്ത സ്ഥലം.

൨൬●. [൫൮] ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തും ഗതാഗതവും വകുപ്പു മന്ത്രി സദയം മറുപടി പറയുമോ :

(എ) എറണാകുളത്തു രാജേന്ദ്രമൈതാനത്തിനു് തെക്കുവശം കായൽ നികത്തിയെടുത്ത സ്ഥലം ഇപ്പോൾ എന്തിനുവേണ്ടി ഉപയോഗിക്കുന്നു;

(ബി) ആ സ്ഥലം നികത്തിയെടുക്കുന്നതിനു് എന്തു് ചെലവായിട്ടുണ്ടു്;

(സി) നികത്തിയ കാലത്തു അതുകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരുന്ന ഉപയോഗം എന്തായിരുന്നു;

(ഡി) ആ ഉപയോഗം പിന്നീട് വേണ്ടെന്നുവെയ്ക്ക ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) ഇപ്പോഴും ഒന്നിനും ഉപയോഗിക്കുന്നില്ല.

(ബി) ൨൪,൨൨, ൫൭൧ ക.

(സി) കായലോരത്തുകൂടി ഒരു റോഡ് നിർമ്മിക്കുവാൻ.

(ഡി) ഇല്ല; ഉദിക്കുന്നില്ല.

Nagercoil Municipal Park.

156. [30] **Shri R. Ponnappa Nadar:** Will the the Minister for Local Self - Government be pleased to state:

(*a*) when was the flush -out latrine in the Nagercoil Municipal park completed;

(*b*) why is it not opened to the public;

(*c*) If water connection is not given, why water connection is delayed; and

(*d*) whether the Municipality remitted the cost of water connection?

Answer.

(*a*) On 20-12-1952.

(*b*) It is not merely a flush-out latrine but a comfort station. The latrine portion was completed on 20-12-1952. Work regarding the bath room section is in progress. It will be opened to the public when the whole work is completed.

(*c*) Orders have been issued to give water connection, and it is expected that connection will be given in the course of one or two weeks.

(*d*) Yes.

ശുദ്ധജലവിതരണം.

൧൫൭. [൩൧] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ തീരപ്രദേശങ്ങളിൽ ശുദ്ധജലക്ഷാമമുള്ള പ്രദേശങ്ങൾ ഏതെല്ലാമാണ്;

(ബി) അതിൽ എവിടെയെല്ലാം ശുദ്ധജലവിതരണത്തിന് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്;

ഉത്തരം.

(എ) തിരുവിതാംകൂർ-കൊച്ചിയിലെ തീരപ്രദേശങ്ങളെല്ലാം തന്നെ ശുദ്ധജലക്ഷാമം ഉള്ളതാണ്.

(ബി) താഴെ പറയുന്ന സ്ഥലങ്ങളിൽ ശുദ്ധജലവിതരണത്തിനു പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(൧) നാഗർകോവിൽ.
(൨) മുട്ടം (കടിയപട്ടണം.)
(൩) കരിംകുളം (പൂവാർ.)
(൪) പൂന്തുറ.
(൫) കഠിനംകുളം.
(൬) മേനംകുളം.
(൭) ശക്തികുളങ്ങര.
(൮) തോട്ടപ്പള്ളി (വണ്ടാനം.)
(൯) കോഴിത്തോട്ടം (അഴീക്കൽ)
(൧൦) ആലപ്പുഴ.
(൧൧) പൊൻമന.
(൧൨) മഹാദേവിക്കാട്.
(൧൩) ചെല്ലാനം.
(൧൪) വൈപ്പിൻ ദ്വീപ്.
(൧൫) വല്ലാർപ്പാടം.
(൧൬) പനമ്പുകാട്ടി ദ്വീപ്.

(സി) ഉണ്ട്.

മാർക്കറ്റിംഗ് സൊസൈറ്റികളും പരസ്പരസഹായസംഘങ്ങളും.

൧൫൮. [൩൬] ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്ത് എത്ര പരസ്പര സഹായസംഘങ്ങളും എത്ര മാർക്കറ്റിംഗ് സൊസൈറ്റികളും ഉണ്ട്;

(ബി) ഇതിൽ ഏതെങ്കിലും സൊസൈറ്റികൾക്ക് ഗവണ്മെൻറ് ധനസഹായം ചെയ്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാം, എത്ര സംഖ്യകൾ വീതം?

ഉത്തരം.

(എ) ൨,൮൧൫ പരസ്പരസഹായസംഘങ്ങൾ; ൪ മാർക്കറ്റിംഗ് സംഘങ്ങൾ

(ബി) ഉണ്ട്;

(സി) തിരുവിതാംകൂർ കേന്ദ്രകുടിൽവ്യവസായസഹകരണസംഘത്തിന ൧൱൪൫ മുതൽ ൧൱൫൨ വരെ രൂപാ ൨൭,൧൨൫ ഗ്രാൻറും, ൧൱൪൬-൪൭-ൽ രൂപാ ൧൭,൫൦൦ വായ്പയും കൊച്ചി കുടിൽവ്യവസായസഹകരണസംഘത്തിന് രൂപാ ൫൦,൦൦൦ വായ്പയും കൊടുത്തിട്ടുണ്ട്.

ഹെൽത്തു സെൻററുകൾ.

എ ഒ ൻ. [നം. ൧] ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നല്കുമോ:

(എ) ഈ രാജ്യത്തു് ഇപ്പോൾ എത്ര ഹെൽത്തുസെൻററുകൾ സ്ഥാപിച്ചിട്ടുണ്ടു്;

(ബി) അവ എവിടെയെല്ലാം?

ഉത്തരം.

(എ) ആറു്.

(ബി) തൃശ്ശൂർ, അഴിക്കോട്ട്, കുമ്പളങ്ങി, കുത്താട്ടുകുളം, കരുനാഗപ്പള്ളി.

12 NOON.

Mr. Speaker: The time for interpellations is over.

Reference to the demise of M. Stalin.

Mr. Speaker: I regret to inform this House, as hon. Members already know, of the sudden and unexpected death of Comrade Stalin, the head of the U. S. S. R. State. Whatever may be the different approach by different nations to the political philosophy of Comrade Stalin, there is no doubt it was this mighty figure that made the Russia of today. This great man of modern history had a giant's strength. It is idle to think that he did not realise that he had a giant's strength. He realised that he had a giant's strength, but he also realised after the II World War that it would be tyrannous to use that strength like a giant. Peace or War in this world, for some years, was depending upon how Comrade Stalin swayed his little finger. There is no doubt that he wanted peace in the world. Millions of people so mourn this great loss; and I desire on behalf of this House to express our sense of the loss the world has sustained and our sympathy to the Government and the people of Russia.

As a mark of respect to the memory of the deceased, the House will now adjourn and meet again at 11 a. m. on Monday, the 9th March, 1953.

The Assembly adjourned at 12-2 P.M. to meet again at 11 A.M. on Monday, the 9th March, 1953.

APPENDIX

[*Please see answer to Question No.* *259 (3)]

Statement regarding investigation of minor ports.

Recommendations contained in the report of the Special Officer (Shri S. Nanjundiah) 1	*Action taken by Government* 2
PART I—GENERAL.	
1. The existing minor Ports in India may be classified into Intermediate, Minor and Sub-Ports.	Accepted. Alleppey has been classified as an Intermediate Port ; Quilon, Koilthottam and Trivandrum as minor ports and Coalchel and Manakudy as sub-ports.
2. Defunct ports should be declared closed and Ministry of Transport should be consulted before new ports are opened.	Accepted. The Ports of Rajakkamangalam, Sreemoolapuram and Malipuram have been removed from the list of Ports.
3. Improvement of communications, roads and facilities for customs examination, etc., should be taken up as per a plan to be prepared by the State Governments.	Improvements to approach roads to the Trivandrum and Quilon Ports have been provided in the five year programme of port development works. Facilities for customs examination are not required at the ports in the State as there is no passenger traffic at any of the State Minor Ports. As regards communication facilities, it is proposed to provide wireless at Alleppey and Trivandrum Ports.
4. A certain measure of uniformity in Port dues may be brought about.	Port dues which was 9 ps. per ton has been raised to 3 as. per ton.
5. Capital and depreciation reserve fund Accounts should be maintained separately from Revenue accounts of Port and Pilotage funds.	The maintenance of capital account and Plant and Craft replacement Fund have been sanctioned from 1-4-1953.
6. Landing and shipping fees may be levied in ports other than Alleppey.	Landing and shipping fees have been introduced at Trivandrum, Quilon, Colachel and Koilthottam Ports also.
7. A Port fund may be started by Travancore-Cochin Government.	Government have ordered that a Port Fund will be created for all the minor ports of the State together from 1-4-1953.
8. The Principal Port Officer should preferably be a marine officer or a Civil Engineer.	Government have decided to take up this question when the post of Principal Port Officer becomes vacant.

Recommendations contained in the report of the Special Officer (Shri S. Nanjundiah)	Action taken by Government
1.	2.

PART II—IMPROVEMENTS TO INDIVIDUAL PORTS.

I. Trivandrum. 1. Provision for cranes and lighting. 2. Lighters and tug for facilitating transport of cargo. 3. Provision of trolley lines and trolleys. 4. Construction of an additional storage shed. 5. Improvement of approach road. 6. Appointment of a more responsible Officer as Port Conservator.	Item 2 is not necessary as the shores are subject to violent currents. Item 6 has been done. The Customs Officer of the Central Government of the Port has been appointed as Port Conservator. The expenditure for the pier cranes, approach road and transit cargo shed is estimated at Rs. 19.00 lakhs and the works are being attended to.
II. Quilon. 1. Construction of Pier. 2. Appointment of a Port Conservator.	The expenditure for the pier is estimated at Rs. 6.52 lakhs (including approach road, shed, cranes etc). The Customs Officer of the Central Government has been appointed Port Conservator.
III. Alleppey. 1. Extension of Pier by 200 ft. 2. Repairs to the existing Pier. 3. Provision of two additional cranes and the replacement of existing cranes by electric or diesel cranes. 4. Improvement of lighting on the pier. 5. Supply of twelve more trolleys. 6. Improvement of Port workshop. 7. Concrete flooring of storage sheds. 8. Tugs may be docked at Cochin annually for maintenance and repairs and may be inspected by a Cochin Port or Marine Officer.	The cost of the improvement works excepting items 5 and 8 is estimated at Rs. 14.9 lakhs. Items 2, 3 and 4 are being attended to. Item 5 is not considered necessary as there are 11 dozen trolleys in good condition. Tugs (item No. 8) are even now dry-docked at Cochin.
	The total anticipated expenditure for the improvement suggested to the three

Recommendations contained in the report of the Special Officer (Shri S. Nanjundiah)	*Action taken by Government*
1	2
	ports is Rs. 53.43 lakhs. Of this, expenditure of Rs. 9.5 lakhs has already been incurred up to and inclusive of 1951-52. The expenditure yet required is Rs.40.93 lakhs of which Rs. 14.50 lakhs is for the Trivandrum Pier included in the State Five Year Plan. So funds to the tune of Rs. 26.43 lakhs more have to be provided. In view of the heavy commitments of Government in connection with the Five Year Plan, it has been decided to undertake only that part of the Port development work included in the Five Year Plan leaving the remaining items to be taken up after the consummation of the Five Year Plan Government have, however, requested the Government of India for financial assistance for the port development works and if such assistance is forthcoming these works also will be taken up during the quinquennium of the Five Year Plan

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY.

FIRST SESSION - 1953.

Monday, the 9th March, 1953.

Vol. VIII OFFICIAL REPORT No. 11

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Monday, the 9th March, 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

സംസ്കൃതകാളേജ്.

*൧൨൪൮. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവനന്തപുരം രാജകീയസംസ്കൃതകാളേജ് യൂണിവേഴ്സിറ്റി കാളേജിൽ ലയിപ്പിക്കുവാൻ തിരുവിതാംകൂർ യൂണിവേഴ്സിറ്റി തീരുമാനിച്ചിരിക്കുന്ന വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യൂണിവേഴ്സിറ്റിയുടെ ഈ സംരംഭം ഇവിടത്തെ സംസ്കൃതവിദ്യാഭ്യാസത്തെ സാരമായി ബാധിക്കുമെന്നു ഗവണ്മെൻറു മനസ്സിലാക്കിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാണ്):

(എ, ബി) സംസ്കൃതകാളേജു നിറുത്തുന്നതിനായി ഇപ്പോഴും ആലോചനയില്ല

ശ്രീ. ആർ. ഗംഗാധരൻ: ഹിന്ദിക്കും സംസ്കൃതത്തിനും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെപ്പററി ഗവണ്മെൻറിനറിയാമോ?

Mr. Speaker ; How does that come in here ?

ശ്രീ. എ. ജെ. ജാൺ: എനിക്കു നിശ്ചയമില്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : സംസ്കൃതവും മലയാളവുമായിട്ടുള്ള ബന്ധത്തെപ്പററിയറിയാമോ?

ശ്രീ. എ. ജെ. ജാൺ : അതിനെപ്പററി പ്രത്യേകം ചോദ്യം അയച്ചാൽ ആലോചിച്ചു മറുപടി പറയാം.

ശ്രീ. സി. കെ. വിശ്വനാഥൻ : പ്രത്യേകം ഭാഷകൾക്കുവേണ്ടി പ്രത്യേകം ഏർപ്പെടുത്തിയിട്ടുള്ള വിദ്യാശാലകൾ തുടർന്നുകൊണ്ടുപോകണമെന്നാണോ ഗവണ്മെൻറിൻെറ അഭിപ്രായം?

ശ്രീ. എ. ജെ. ജാൺ : തൽക്കാലം സംസ്കൃതകോളേജു തുടർന്നുകൊണ്ടുപോകണമെന്നാണു ഗവണ്മെൻറിൻെറ നിശ്ചയം.

ബോർണ്യോയിലേയ്ക്കുള്ള കുടിയേററം.

*൨൭൬. [൨] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) "ബോർണ്യോയിലേയ്ക്കുള്ള കുടിയേററത്തെ സംബന്ധിച്ചു സ്ഥലം സന്ദർശിച്ചു വേണ്ട അന്വേഷണങ്ങൾ നടത്താൻ കേന്ദ്രഗവണ്മെൻറിൽ നിന്നും നിയുക്തമായിരിക്കുന്ന കമ്മിററിയിൽ ഇവിടെനിന്നും ആരെയെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരെയാണു?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉൾപ്പെടുത്തിയിട്ടുള്ളതായി ഈ ഗവണ്മെൻറിനു യാതൊരറിവുമില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ : കേന്ദ്രഗവണ്മെൻറിൽനിന്നും പ്രസ്തുത ആവശ്യത്തിലേയ്ക്കു ഒരു കമ്മിററിയെ നിയമിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ ഉദ്ദേശിക്കുന്നുവെന്നും, അതിലേയ്ക്കു രണ്ടുപേരുടെ പേരു എഴുതി അയയ്ക്കണമെന്നും ആവശ്യപ്പെട്ടതനുസരിച്ചു രണ്ടുപേരുടെ പേരു എഴുതി അയച്ചിട്ടുണ്ടു.

ശ്രീ. ആർ. ഗംഗാധരൻ : അവരുടെ പേരു പറയാമോ ?

ശ്രീ. എ ജെ. ജാൺ : പേരു ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്നതു ശരിയാണെന്നുതോന്നുന്നില്ല. കേന്ദ്രത്തിൽനിന്നും സ്വീകരിച്ചതിനുശേഷം പേരു പ്രസ്താവിക്കാം.

ശ്രീ. ആർ. ഗംഗാധരൻ : കേന്ദ്രഗവണ്മെൻറിൽനിന്നും നിയമിച്ച കമ്മിററി ബോർണിയോവിൽപോയി വിവരങ്ങൾ അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടോ എന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: ഗവണ്മെൻറിന് യാതൊരറിവുമില്ല.

ശ്രീ. ആർ. ഗംഗാധരൻ: ബോർണിയോയിലേയ്ക്കു പാസ്പോർട്ടു കൊടുക്കുന്നുണ്ടോ?

Mr. Speaker ; That again is a central subject. It is the Central Government which issues passports.

ശ്രീ ആർ. ഗംഗാധരൻ: ഈ ഗവണ്മെൻറിൽനിന്നും പാസ്പോർട്ടു കൊടുക്കുന്നുണ്ടോ എന്നാണു ചോദിച്ചതു്.

Mr. Speaker ; It is already answered. This Government has nothing to do with the issue of passports. There is the Chief Secretary who does that as an agent of the Government of India.

ശ്രീ. ഒ. സി. നൈനാൻ: ബോർണിയോ കുടിയേററത്തെപ്പററി ഈ ഗവണ്മെൻറിനു അനുകൂലമാണോ, പ്രതികൂലമാണോ ഉള്ളതു്?

ശ്രീ. എ. ജെ. ജാൺ: അനുകൂലമാണു്. ബോർണിയോയിലേയ്ക്കു അയയ്ക്കണമെന്നുദ്ദേശിക്കുന്ന ൧൦,൦൦൦ കുടുംബങ്ങളും ഈ സ്റ്റേററിൽനിന്നായിരിക്കണം എന്നു് അറിയിച്ചിട്ടുണ്ടു്.

ശ്രീ. ഒ. സി. നൈനാൻ: ഇതിനു എന്തെങ്കിലും സഹായങ്ങൾ ചെയ്യണമെന്നു ഗവണ്മെൻറു ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ എ. ജെ. ജാൺ: അതു മററു സംഗതികളെല്ലാം തീരുമാനിച്ചതിന്റെ ശേഷം ആലോചിക്കുന്നതാണു്.

സദാനന്ദന്റെ മരണത്തെപ്പററിയുള്ള അന്വേഷണം.

*൨൯൬. [൩] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) വെട്ടൂർ പുന്നവിള വീട്ടിൽ സദാനന്ദൻ സംശയാസ്പദമായ നിലയിൽ മദ്രാസിൽവച്ചു് മരണമടഞ്ഞതിനെക്കുറിച്ചു് മദ്രാസു് ഗവണ്മെൻറുമായി വേണ്ട എഴുത്തുകുത്തുകൾ നടത്തണമെന്നു് കാണിച്ചു് വല്ല അപേക്ഷകളും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തെങ്കിലും നടപടികൾ നടത്തിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) പരാതികൾ കിട്ടിയിട്ടുണ്ടു്.

(ബി) സംഭവം നടന്നതു മദ്രാസിലായതിനാൽ അതിനെ സംബന്ധിച്ചു കിട്ടിയിട്ടുള്ള ഹർജികൾ മദ്രാസ് ഗവണ്മെൻറിന് വേണ്ട നടപടിക്കായി അയച്ചുകൊടുത്തിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: അയച്ചിട്ടുള്ള പരാതികളിന്മേൽ മദ്രാസ് ഗവണ്മെൻറ് എടുത്തിട്ടുള്ള നടപടികളെസംബന്ധിച്ചു ഈ ഗവണ്മെൻറിനു എന്തെങ്കിലും അറിയാമോ?

ശ്രീ. ഏ. ജെ. ജാൺ: അറിഞ്ഞുകൂടാ.

ശ്രീ. ഏ. താണുപിള്ള: ഈ ഗവണ്മെൻറു് വല്ലനടപടിയും പ്രതീക്ഷിക്കുന്നുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: കാളുറാമുലാം മരിച്ചുവെന്നു് പോലീസു് റിപ്പോർട്ടു ഉണ്ടെന്നു് അറിവുകിട്ടിയിട്ടുണ്ടു്.

ശ്രീ. ഏ. താണുപിള്ള: കിട്ടിയ പരാതിയുടെ സ്വഭാവം എന്താണെന്നു പറയാമോ?

ശ്രീ. ഏ. ജെ. ജാൺ: കഠിനമായി ദേഹോപദ്രവമേല്പിച്ചു് തല്ലിക്കൊന്നു എന്നാണു പരാതി.

ശ്രീ. ഏ. താണുപിള്ള: എവിടെവച്ചായിരുന്നു?

ശ്രീ. ഏ. ജെ. ജാൺ: മദ്രാസ്സിൽവച്ചായിരുന്നു.

ശ്രീ. ഏ. താണുപിള്ള: ഈ പരാതികളുടെ ഒരു കാപ്പി അല്ലെങ്കിൽ അതിൻെറ ഒരു സംഗ്രഹം ഇവിടെ മേൽ നടപടികൾക്കായി സൂക്ഷിച്ചുവച്ചിട്ടാണോ, അതോ അവരുടെ ഡിസ്പ്പോസലിനായിട്ടാണോ ഈ പരാതികൾ അങ്ങോട്ടു് അയച്ചതു്?

ശ്രീ. ഏ. ജെ. ജാൺ: അതിൻെറ സംഗ്രഹം ഇവിടെ കാണും. ഇപ്പോൾ അതു് എൻെറ കൈവശമില്ല.

ശ്രീ. ടി. ഏ. മജീദ്: ഇതിനെ സംബന്ധിച്ചു് ഒരു കേസ്സു ചാർജ്ജുചെയ്തിട്ടുള്ളതായി അറിയാമോ?

ശ്രീ. ഏ. ജെ. ജാൺ: ന്യൂസ് പേപ്പറുകളിൽ കണ്ടു് അറിയാം.

ശ്രീ. ടി. ഏ. മജീദ്: ഈ ഗവണ്മെൻറിനു് ഈ കേസ്സു് സംബന്ധമായി മരിച്ചുപോയ ആളിൻെറ ബന്ധുക്കൾക്കു് എന്തെങ്കിലും സഹായം ചെയ്യാൻ കഴിയുമോ?

ശ്രീ. ഏ. ജെ. ജാൺ: ഈ ഗവണ്മെൻറിനു് ഒന്നും ചെയ്യാൻ സാധിക്കുകയില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: നമ്മുടെ ഗവണ്മെൻറിനു് ഒന്നും സഹായിക്കുവാൻ സാധിക്കുകയില്ലാ എന്നു പറഞ്ഞതു് എന്താണു്?

ശ്രീ. ഏ. ജെ. ജാൺ: അതു് ഈ സംഭവം നടന്നതു് വേറെ ഒരു സ്റ്റേറ്റിൽ വച്ചാണു്. വേണ്ട നടപടി നടത്തണമെന്നു് ആവശ്യപ്പെടാമെന്നല്ലാതെ വേറെ യാതൊന്നും ചെയ്യാൻ നമുക്കു് അധികാരമില്ല.

ശ്രീ. മാധവൻ ഉണ്ണിത്താൻ: ഇൻഡ്യയിലെ പൗരന്മാർ എന്നല്ലാതെ ഇപ്പോൾ വേറെ ഒരു സ്റ്റേറ്റിലെ പൗരന്മാർ എന്നുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: ഇൻഡ്യയിലെ പൗരന്മാർ എന്നേയുള്ളു. വേറെ ഒരു സ്റ്റേറ്റിൽവച്ചാണു് ഈ സംഭവം നടന്നതു് എന്നാണു് പറഞ്ഞതു്.

Unauthorised Encroachments.

*287. [4] **Shri T. S. Ramaswami :** Will the Minister for Revenue be pleased to state :

(a) the area of unauthorisedly encroached upon lands in the State under (i) revenue poramboke (ii) reserve forests ;

(b) what action the Government have taken to evict the wholesale encroachers ; and

(c) the name of one person on whom the maximum number of encroachment cases were taken in South Travancore during the last 6 years ?

Minister for Revenue **(Shri A. Chidambaranatha Nadar) :**

(a) Revenue porambokes—34,861 acres 45.09 cents.

Reserve forests—17,000 acres.

(b) Government have been issuing stringent orders to the Revenue Officers to take strong action to evict encroachers on Government lands.

(c) Shri S. Kumaraswami, Proprietor, Pioneer Motor Coy., Nagercoil.

Shri T. S. Ramaswami : May I know from the Minister the area under reserve forests ?

Shri A. Chidambaranatha Nadar : 17,000 acres.

Shri T. S. Ramaswami : Was there not a Press Note about this during the last year ?

Shri A. Chidambaranatha Nadar : Yes.

Shri T. S. Ramaswami : May I know the purport of that Press Note ?

Shri A. Chidambaranatha Nadar : To evict the encroachers.

Shri T. S. Ramaswami : May I know whether there was not a time limit given to these encroachers to go away ?

Shri A. Chidambaranatha Nadar : Every encroacher will be evicted under law.

Shri T. S. Ramaswami : Was any prohibitory assessment imposed on these people till last December ?

Shri A. Chidambaranatha Nadar : Yes.

Shri T. S. Ramaswami : May I know the amount so collected ?

Shri A. Chidambaranatha Nadar : For that, if a separate question is asked, I will answer.

Shri T. S. Ramaswami : May I know whether there was not a warning given to these people that they would be forcibly evicted after November 1952 ?

Shri A. Chidambaranatha Nadar : Yes.

Shri T. S. Ramaswami : Was any action taken after that date ?

Shri A. Chidambaranatha Nadar : Yes, steps are being taken.

Shri T. S. Ramaswami: Was any one evicted after December 1952 ?

Shri A. Chidambaranatha Nadar : The District Collectors will take the strongest possible action against all the encroachments on Government lands and evict them without mercy. The Inspector-General of Police will give the Collectors the necessary assistance in the matter.

Shri T. S. Ramaswami : With regard to part (*c*) of the answer, what is the number of cases taken against Shri S. Kumaraswami ?

Shri A. Chidambaranatha Nadar : Ten cases.

Shri T. S. Ramaswami : Was he evicted ?

Shri A. Chidambaranatha Nadar : Steps are being taken to evict him.

Shri T. S. Ramaswami : What are the results of those cases ?

Shri A. Chidambaranatha Nadar : He will be evicted.

Shri T. S. Ramaswami : When was the decision given on those cases ?

Shri A. Chidambaranatha Nadar : I want notice.

Shri A. Thanu Pillai : At what stage is the eviction proceedings now ? Can any general information be given now ?

Shri A. Chidambaranatha Nadar : Ten cases.......

Shri A. Thanu Pillai : That is against Shri S. Kumaraswami. want to know whether some information cannot be given generally on these cases. What is the stage of the evictions in regard to these ? How far have they come ? What are the steps taken ? I heard the Minister replying that instructions have been issued. But may I know the present stage of the proceedings ?

Shri A. Chidambaranatha Nadar : Various cases are in various stages.

Shri A. Thanu Pillai : In regard to the revenue porambokes, 34,800 odd acres, what is the information which the hon. Minister can given us now ?

Shri A. Chidambaranatha Nadar: That is a very broad question. If the Member will send in a definite question on that, a definite answer can be given with all the details.

Shri A. Thanu Pillai : I wish to know how many acres have now been surveyed by the Special Survey Staff that was sanctioned during the course of the year ?

Shri A. Chidambaranatha Nadar : A separate staff was sanctioned only for the forest lands.

Shri A. Thanu Pillai : Only the forest lands ? Well, how far have they proceeded ? What is the total area surveyed thus far? Is there any report made to the Government regarding the progress of the work done so far ?

Shri A. Chidambaranatha Nadar : So far no report has been made.

Shri A. Thanu Pillai : When did the survey staff begin their work ?

Shri A. Chidambaranatha Nadar : Last October.

Shri A. Thanu Pillai : Am I to take it that the Government are not in possession of any report in regard to the work of the survey staff, which has been working during the last five months or so ?

Shri A. Chidambaranatha Nadar : So much information can be given on this that the survey has not yet been completed.

Shri A. Thanu Pillai : Has the survey begun ?

Shri A. Chidambaranatha Nadar : Yes.

Shri A. Thanu Pillai : What area has now been surveyed approximately ?

Shri A. Chidambaranatha Nadar : I cannot give a definite answer to that now.

Shri A. Thanu Pillai : What were the instructions issued to the survey staff when it was appointed? Did the Government ask for periodical reports ?

Shri A. Chidambaranatha Nadar : I want notice.

ശ്രീ. കെ. ജെ. തോമസ്സ്: അനധികൃതമായി പ്രവേശിച്ചിട്ടുള്ളവരിൽ സ്വന്തഭൂമി ഇല്ലാത്തവരായി കാണുന്ന പാവപ്പെട്ട കൃഷിക്കാർക്ക് അവർ പ്രവേശിച്ചിട്ടുള്ള സ്ഥലം പതിച്ചുകൊടുക്കാൻ ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ടോ ?

Mr. Speaker : That has been answered several times.

Shri N. Rajagopalan Nair : Is any encroacher being evicted from the revenue puramboke or reserve forests ?

Shri A. Chidambaranatha Nadar : There are cases taken on such.

Shri N. Rajagopalan Nair : Out of the 34'861 acres of revenue poramboke lands, from how many acres of lands approximately at least have encroachments been cleared ?

Shri A. Chidambaranatha Nadar : I want notice.

Shri N. Rajagopalan Nair : It was stated in answer to part (*c*) of the question, that Shri S. Kumaraswami is one of the encroachers against whom ten cases have been registered. How many acres has he encroached on the whole ?

Shri A. Chidambaranatha Nadar : I want notice.

Shri N. Rajagopalan Nair : The Minister was able to give the information that ten cases have been registered against Shri. S. Kumaraswami. Now this question relates to that. So, can he not give us the number of acres encroached upon in both the reserve forests and the revenue porambokes ?

Shri A. Chidambaranatha Nadar : I want notice.

ஸ்ரீ, ஸி. சங்கர்: பயோனியர் முதலாளி, மற்றுமுள்ள ஆட்களின் பேரில் எடுக்கப்பட்ட புறம்போக்கு கேஸ்கள் என்னவாயின, எந்த ஸ்டேஜில் இருக்கின்றன என்று சொல்லலாமா?

Minister for Revenue (**Shri A. Chidambaranatha Nadar) :** For that also there is no information. I want notice.

ஸ்ரீ. ஸி. சங்கர்: கேஸ்கள் தொடர்ந்த பின் என்குரோச்மென்ட்கள் நடந்திருக்கின்றனவா?

ஸ்ரீ, ஏ. சிதம்பரநாத நாடார்: இல்லை.

ஸ்ரீ, ஸி. சங்கர்: யாரெல்லாம் புறம்போக்கு "நிலங்களிலிருந்து தள்ளப்பட்டிருக்கிறார்கள் என்று சொல்லலாமா?

ஸ்ரீ, ஏ. சிதம்பரநாத நாடார்: பலபேர்கள் வெளியில் தள்ளப்பட்டிருக்கிறார்கள்,

Shri P. S. Nataraja Pillai : May I know the number of persons involved in these encroachments on poramboke lands and reserve forests separately ? Is there any record ?

Shri A. Chidambaranatha Nadar : No record has been kept so far. That kind of information will be supplied to this House if a separate question is put.

Shri P. S. Nataraja Pillai : May I know whether the Revenue Minister has any idea of the longest period of encroachment in these cases ?

Shri A. Chidambaranatha Nadar : I am not in a position to give that information .

Shri P. S. Nataraja Pillai : May I know the shortest period of encroachment in these cases ?

Shri A. Chidambaranatha Nadar : I claim notice.

Shri P. S. Nataraja Pillai : Is there any system of getting reports from the Revenue Department ?

Mr. Speaker : That has been put already by the Trivandrum Member.

Shri P. S. Nataraja Pillai : That was regarding the survey. I put the question whether in regard to encroachments there is any periodical return from the Revenue Officers .

Shri A. Chidambaranatha Nadar : There is a system like that. Necessarily, Tahsildars must report that fact to the District Collectors and District Collectors to the Revenue Board and the Revenue Board to the Government.

Shri P. S. Nataraja Pillai : Has the Revenue Minister gone through those returns and is he in a position to give me the latest period of the encroachments ?

Shri A. Chidambaranatha Nadar : If such a question is put on the floor of the House, I am not in a position to answer. I am, after all, a human being like the Trivandrum Member.

ശ്രീ. കെ. കരുണാകരൻ : മററുഭൂമിയില്ലാത്തവരും സ്വന്തമാവശ്യത്തിനു ചുരുങ്ങിയനിലയിൽ ഭൂമി കൈവശം വച്ചിട്ടുള്ളവരും ആയവരെ ഒഴിച്ചുവിടാതിരിക്കാൻ ദയവുണ്ടാകുമോ ?

Mr. Speaker : That does not arise from this question. It is a matter of policy.

ശ്രീ. കെ. കരുണാകരൻ : അങ്ങനെയുള്ള ആളുകളെ എവിക്ട് ചെയ്യാതെയിരിക്കാൻ ദയവുണ്ടാകുമോ എന്നാണ് ഞാൻ ചോദിക്കുന്നത്?

Mr. Speaker : It involves a policy.

Coupe Contractors.

*288. [5] **Shri T. S. Ramaswami :** Will the Minister for Revenue be pleased to state :

(*a*) whether petitions were received by the Government regarding the trespass of coupe contractors outside their coupes in the reserve areas ; and

(*b*) removal of valuable timber from Azhakiapandipuram and Kuzhithurai ranges ?

Minister for Revenue (**Shri A. Chidambaranatha Nadar**) : Sir, I have answered this question twice on the floor of the House.

Mr. Speaker : That has been answered. I do not see any difference in wording also.

Shri T. S. Ramaswami : I would like to get the information in regard to (*b*).

Mr. Speaker : Is that information available ?

Shri A. Chidambaranatha Nadar :

(*a*) & (*b*) An anonymous petition was received regarding smuggling of timber by a contractor.

Shri T. S. Ramaswami : Was only one anonymous petition received by Government ? Was any petition received from T. C. Thankappa Pillai a coupe contractor ?

Shri A. Chidambaranatha Nadar : No.

Shri T. S. Ramaswami : Was any report received from the Departmental Head that smuggling is going on?

Shri A. Chidambaranatha Nadar : No report has been received.

Shri T. S. Ramaswami : Was there any report from the Forest Officers of South Travancore requesting sanction for the formation of a patrol party ?

Shri A. Chidambaranatha Nadar : No, Sir.

Hindu Mutts.

*289. [7] **Shri T. S. Ramaswami :** Will the Chief Minister be pleased to state :

(*a*) whether there was written agreement by the heads of Hindu Mutts of Thiruvaduthurai, Thiruppananthazh (in Madras State) with the erstwhile Travancore Government regarding their income and expenses within the State ;

(*b*) if so, when was the agreement signed ; and

(*c*) what was the purport of the agreement ?

Chief Minister (**Shri A. J. John**) :

(*a*) There was an agreement with Thiruvaduthurai Mutt, but none as regards Thiruppananthazh.

(*b*) 31st July, 1941.

(*c*) In the agreement the Head of the Mutt has consented to the following :-

(1) to lease out the properties in the Travancroe State in public auction after notifying the time and place of the auction in the Gazette and after giving timely intimation to the Devaswom Commissioner who will arrange for an officer being present.

(2) After meeting all unavoidable expenditure estimated at Rs. 7,777—10—7 and the collection expenses which have to be charged to the above, 45 per cent of the net income for 6 years from the date of agreement and 50 per cent thereafter to be spent for religious purposes, religious propaganda and Maheswara Pooja in the Travancore State.

(3) To submit the budget estimates of receipts and expenditure and also consolidated receipts and expenditure relating to the properties in the Travancore State to the Devaswom Commissioner.

(4) To keep open the accounts of the Adheenam for inspection by an auditor or nominee appointed by the Accountant-General of the Government.

Shri T. S. Ramaswami : May I know whether this agreement is being adhered to now ?

Shri A. J.John : The terms of the agreement have not yet been implemented.

Shri T. S. Ramaswami : Did the Government take any action to see that this agreement is implemented ?

Shri A. J. John : The agreement was entered into in 1941 and I do not know whether the Government can take action at present. Government will have to consult legal advisers and then decide the question.

Shri T. S. Ramaswami : Will the Government decide the question soon ?

Shri A.J. John : Not now.

Shri T. S. Ramaswami : Are the Government aware that income of more than Rs. 10,000 has been taken away from this State to that Mutt ?

Shri A. J. John : May be so.

Shri T. S. Ramaswami : May I know whether the Government is aware of the fact that there is a lot of mismanagement and misappropriation of the funds ?

Shri A. J. John : Complaints have been received about the mismanagement of this Mutt.

Shri T. S. Ramaswami : Will the Government take adequate steps to see that the accounts are audited and that a major portion of the income is spent here for public purposes ?

Shri A. J. John : The Devaswom Board has ordered an enquiry into the matter under the Hindu Religious Instituions Act of 1950 and the enquiry is now in progress.

Shri P. S. Nataraja Pillai : Has the Government any idea of the extent of lands owned by this Mutt ?

Shri A. J. John : At present, I have not got the information.

Shri P. S. Nataraja Pillai : Will the Government initiate proceedings under the Hindu Religious Institutions Act to have the management of this Mutt by Government ?

Shri A. J. John : The Board is enquiring into the matter. The question will be finally decided after getting the report of the Board.

തോട്ടം തൊഴിലാളികളുടെ പ്രൈമറിസ്കൂളുകൾ.

*൨൬൦. [വ്യ] ശ്രീ. പ്രാക്കുളം ഭാസി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ തേയിലത്തോട്ടങ്ങളിലെ തൊഴിലാളികളുടെ കുട്ടികൾക്ക് വേണ്ടി നടത്തപ്പെടുന്ന പല പ്രൈമറി സ്കൂളുകളിലും ക്ലാസ്സുകൾ പ്രത്യേകം തിരിച്ചിട്ടില്ലെന്നും, അഞ്ചു ക്ലാസ്സുകളിലുംകൂടി ഒരു അദ്ധ്യാപകനാണ് പഠിപ്പിക്കുന്നതെന്നുമുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ ദുഃസ്ഥിതി മാററാൻ ഉടനടി വേണ്ട സത്വര നടപടികൾ എടുക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഡിപ്പാർട്ടുമെന്റിന്റെ അനുവാദത്തോടുകൂടി തുടങ്ങിയിട്ടുള്ള സ്കൂളുകളിൽ വേണ്ടത്ര അദ്ധ്യാപകന്മാരുണ്ട്. മററു സ്കൂളുകളുടെമേൽ ഡിപ്പാർട്ടുമെന്റിനു നിയന്ത്രണാധികാരമില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പ്രാക്കുളം ഭാസി: ഡിപ്പാർട്ടുമെന്റു നിയന്ത്രണാധികാരമില്ലാതെ സ്കൂളുകൾ നടത്തുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ട്.

ശ്രീ. പ്രാക്കുളം ഭാസി: അങ്ങനെ നടത്താൻ ഗവൺമെന്റ് അനുവദിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഗവൺമെന്റ് അനുവാദമില്ലാതെയാണ് അങ്ങനെയുള്ള സ്കൂളുകൾ നടത്തുന്നത്.

ശ്രീ. പ്രാക്കുളം ഭാസി: പ്രൈമറി വിദ്യാഭ്യാസപദ്ധതി ഗവൺമെന്റ് സ്റ്റേററു മുഴുവൻ നടപ്പിലാക്കിയിരിക്കയല്ലേ?

ശ്രീ. എ. ജെ. ജാൺ: മുഴുവൻ നടപ്പിലാക്കിയിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: പദ്ധതി സാർവ്വത്രികമാക്കിയിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ: സാർവ്വത്രികമാണെങ്കിലും എല്ലാ താലൂക്കുകളിലും നടപ്പിലാക്കിയിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: എല്ലാ സ്കൂളുകൾക്കും ഗവണ്മെന്റ അംഗീകാരം നൽകാതെയിരിക്കുന്നതു എന്തുകൊണ്ടാണു്?

ശ്രീ. എ. ജെ. ജാൺ: സ്കൂളുകൾ അംഗീകരിക്കുന്നതിനു ചില വ്യവസ്ഥകളെല്ലാമുണ്ടു്. ആ വ്യവസ്ഥകൾ സമ്മതിച്ചു ഗവണ്മെന്റിനെ അറിയിക്കുകയാണെങ്കിൽ ആ സ്ഥലത്തു സ്കൂൾ ആവശ്യമാണെന്നു തോന്നുന്നപക്ഷം ഗവണ്മെന്റ് അതിനു അംഗീകാരം കൊടുക്കുകയാണു ചെയ്യുന്നതു്. ഇപ്പോൾ ഗവണ്മെന്റ് അംഗീകാരമുള്ള ഏതു സ്കൂളുകൾ നടക്കുന്നുണ്ടു്.

ശ്രീ. പ്രാക്കുളം ഭാസി: ഈ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളിൽ നിന്നും വ്യക്തമായ വീതം ഈടാക്കിവരുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അംഗീകാരം ഇല്ലാത്ത സ്ക്കൂളുകളിൽ ആയിരിക്കാം അങ്ങനെ ചെയ്യുന്നതു്. ഗവണ്മെന്റിനു അങ്ങനെയുള്ള സ്ക്കൂളുകളിൽ നിയന്ത്രണാധികാരമില്ലെന്നു നേരത്തെതന്നെ പറഞ്ഞിട്ടുള്ളതാണു്.

ശ്രീ. പ്രാക്കുളം ഭാസി: അംഗീകാരമില്ലാതെ സ്ക്കൂളുകൾ നടത്താൻ പാടില്ലെന്നു പറഞ്ഞുകൂടെ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ പറയാൻ സാധിക്കുകയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: തോട്ടം തൊഴിലാളികളുടെ കുട്ടികൾക്കു വിദ്യാഭ്യാസം നൽകുന്നതിനു പള്ളിക്കൂടം ഉണ്ടാക്കണമെന്നു ഗവണ്മെന്റ പറഞ്ഞിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ: തോട്ടക്കാർക്കു ഇഷ്ടമുണ്ടെങ്കിലെ പള്ളിക്കൂടം ഉണ്ടാക്കാൻ നിവൃത്തിയുള്ളു. പള്ളിക്കൂടം ഉണ്ടാക്കണമെന്നുപറഞ്ഞാൽ അവർക്കു അതു സാദ്ധ്യമല്ലെന്നു പറയുന്നപക്ഷം ഗവണ്മെന്റിനു അവരെ നിർബന്ധിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: എല്ലാ സ്ഥലത്തും തോട്ടം തൊഴിലാളികളുടെ കുട്ടികൾക്കു വിദ്യാഭ്യാസം നൽകുന്നതിനു് സ്ക്കൂളുകൾ നടത്താൻ ഏർപ്പാടു ചെയ്തിട്ടുണ്ടെന്നു വിദ്യാഭ്യാസവകുപ്പുമന്ത്രി കഴിഞ്ഞ അസംബ്ളിയിൽ പ്രസ്താവിച്ചിട്ടുള്ളതായറിയാമോ?

ശ്രീ. എ. ജെ. ജാൺ: എല്ലാ തോട്ടങ്ങളിലും ഉണ്ടായിരിക്കും. അഞ്ചു ഏക്കറും പത്തു് ഏക്കറും ഉള്ള തോട്ടങ്ങളിൽ സ്ക്കൂളുകൾ ഇല്ലായിരിക്കാം.

ശ്രീ. എൻ. രാജഗോപാലൻ നായർ: സർക്കാരിന്റെ ചുമതലയായ വിദ്യാഭ്യാസകാര്യം ചിലർ ഒരു ബിസിനസ്സ് എന്നപോലെ കുട്ടികളിൽനിന്നും ൨ അണ വീതം വാങ്ങി നടത്തിവരുന്നതായറിയാമോ?

ശ്രീ. എ. ജെ. ജാൺ: അതു ഒരു ക്രിമിനൽകുറ്റമാണെന്നു എനിക്കു തോന്നുന്നില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: അംഗീകാരമില്ലാതെ സ്കൂളുകൾ നടത്തുന്നതായി ഗവൺമെന്റിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിയാം.

ശ്രീ. എൻ. രാജഗോപാലൻ നായർ: അംഗീകാരമില്ലാതെ സ്കൂളുകൾ നടത്തുന്നതു കുറ്റകരമല്ലേ?

ശ്രീ. എ. ജെ ജാൺ: കുറ്റകരമല്ല.

Shri P. S. Nataraja Pillai : May I know, Sir, whether in Taluks where the Compulsory Education Act is in force and in plantations, Government have instituted any enquiry whether there are private schools ?

Shri A. J. John : I am not in a position to answer that question now.

Shri P. S. Nataraja Pillai : Have the Government made any enquiries or the Educational authorities made any report to Government that there are unrecognised private schools in the plantations situated at Thenmala where complusory education is in vogue ?

Shri A. J. John : I am not in a position to answer that question.

Shri P. S. Nataraja Pillai : May I request the Government to make an enquiry into the matter ?

Shri A. J. John : The Government will consider.

Shri P. S. Nataraja Pillai : Is it a fact that schools are being run as 'recognised' in plantation areas at Thenmala where fees are being collected ?

Shri A. J. John : There may be such schools.

Shri P. S. Nataraja Pillai : Is it not an offence under the law ?

Shri A. J. John : I am not in a position to answer that question now,

ശ്രീ. എ. താണുപിള്ള : നിർബന്ധിതപ്രാഥമികവിദ്യാഭ്യാസം നടപ്പാക്കീട്ടുള്ള പ്രദേശങ്ങളിലുള്ള തോട്ടങ്ങളിലെ സ്കൂളുകളിൽ തന്നെ നിർബന്ധിത പ്രാഥമികവിദ്യാഭ്യാസം ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഉണ്ടെന്നാണെനിക്കു തോന്നുന്നതു്. മിക്കവാറും ആവശ്യമുള്ള സ്കൂളുകളിലെല്ലാം തുടങ്ങീട്ടുണ്ടെന്നാണെനിക്കു തോന്നുന്നതു്.

Shri A. A. D. Luiz : When do Government propose to extend compulsory education to other areas ?

Shri A. J. John : Even without compulsory education, about 99 per cent of children of school-going age are having education in schools.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : തേയില തോട്ടങ്ങളിലുള്ള തൊഴിലാളികളുടെ കുട്ടികളെ പഠിപ്പിക്കുന്ന സ്കൂളുകൾക്കു ഗ്രാൻറു കൊടുക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഗവണ്മെൻറ് റെക്കഗ്നൈസ് ചെയ്തിട്ടുള്ള സ്കൂളുകൾക്കു ഗ്രാൻറു കൊടുക്കുന്നുണ്ടു്.

ശ്രീ. ഗണപതി : തോട്ടങ്ങളിലെ പ്രൈമറിസ്കൂളുകളിൽ നിർബന്ധിത പ്രാഥമിക വിദ്യാഭ്യാസം നടപ്പാക്കാതെയിരിക്കുന്നതിനു പ്രത്യേക കാരണംവല്ലതുമുണ്ടോ?

Mr. Speaker : An answer has been given to the previous question. Because 99 per cent of the school going-children are having education in schools.

ശ്രീ. [illegible] ഗോപാലൻ നായർ : അൺറെക്കഗ്നൈസ്ഡ് പ്രൈമറിസ്കൂളുകളിൽ ഫീസു പിരിക്കുന്നതു നിയമവിരുദ്ധമാണോ?

Mr. Speaker ; The Minister said that he is not in a position to answer that legal question now.

Shri A. A. D. Luiz : Is there not a provision in the Constitution that compulsory education must be introduced throughout the State ?

Shri A J John : Yes, There is a provision like that in the Constitution.

Integration of Services.

*291 [9] **Shri K. Bhanu** : Will the Chief Minister be pleased to state :

(*a*) whether the integration of services in the State has been completed; and

(*b*) if not, the reasons therefor ?

Chief Minister **(Shri A. J. John:)**

(*a*) and (*b*) No, it has been done in several Departments. The problem is very complicated and requires much care and labour.

Shri K. Bhanu : May I know the Departments in which integration has been effected ?

Shri A. J. John : Integration has been completed in the following Departments:—P. W. D.; Education, Teaching Department; Agriculture; Jails; Stationery; Co-operative; Registration; and Industries and Commerce. The Schemes in respect of the remaining Departments are also being considered by the Government.

Shri T. K. Krishnan : Have the Government received any directive from the Central Government about the integration of services ?

Shri A. J. John : Some suggestions have been received.

Shri T. K. Krishnan : Did the Government require the services of any outside official for the integration of services ?

Shri A. J. John : Yes.

Shri T. K. Krishnan : What was the report of that officer ?

Shri A. J. John : He has submitted a report. Government have considered that report also in finalising the integration.

<u>ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ :</u> സെൻട്രൽജയിലിലെ സംയോജനം കഴിഞ്ഞിട്ടുണ്ടെന്നാണോ പറയുന്നതു്?

<u>ശ്രീ. എ. ജെ. ജാൺ :</u> കഴിഞ്ഞു.

<u>ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ :</u> ഞാൻ ഇന്നലെ എഴുതി ചോദിച്ച ഒരു ചോദ്യത്തിനു കഴിഞ്ഞിട്ടില്ല എന്നാണു് മറുപടി കിട്ടിയതു്.

<u>ശ്രീ. എ. ജെ. ജാൺ :</u> ആൻസർ തയ്യാറായിട്ടുള്ളതു രണ്ടാഴ്ച മുമ്പായിരിക്കണം. എന്നാൽ ജയിലിലെ ഇന്റഗ്രേഷൻ നടപ്പിലായതു് അടുത്തദിവസമാണു്.

<u>ശ്രീ. പ്രാക്കുളം ഭാസി :</u> സംയോജനം പൂർത്തിയാക്കിയിട്ടുള്ള ഡിപ്പാർട്ടുമെന്റുകളിൽ ഉദ്യോഗസ്ഥന്മാർക്കു പരാതിയുള്ളതായി അറിയാമോ?

<u>ശ്രീ. എ. ജെ. ജാൺ :</u> അറിവില്ല. രണ്ടുകൂട്ടർക്കും പരിപൂർണ്ണമായി തൃപ്തിവരുന്നതിലേക്കു കഴിവുള്ളതെല്ലാം ശ്രമിച്ചിട്ടുണ്ടു്. ഒഫിഷ്യലായിട്ടു പരാതികൾ ലഭിച്ചിട്ടില്ല.

<u>ശ്രീ. പ്രാക്കുളം ഭാസി :</u> അതുസംബന്ധിച്ചു പരാതിയുണ്ടെങ്കിൽ വേണ്ട നടപടി നടത്തുമോ?

മിസ്റ്റർ സ്പീക്കർ: വന്നിട്ടില്ലാത്ത പരാതികൾ എങ്ങനെയാണു് നടപടി നടത്തുന്നതു്?

ശ്രീ. പ്രാക്കുളം ഭാസി: പരാതികൾ വന്നിട്ടുണ്ടു്, സാർ.

ശ്രീ. അമ്പാട്ടു് ഈശ്വരമേനോൻ: ഇൻറഗ്രേഷൻ നടപ്പാക്കിയതു് കടലാസ്സിലാണോ?

ശ്രീ. എ. ജെ. ജാൺ: കടലാസ്സിലാണു് എഴുതുന്നതു്. പിന്നീടു് അതനുസരിച്ചു നടപ്പിൽ വരുത്തും.

ശ്രീ. കെ. കരുണാകരൻ: കേന്ദ്രത്തിൽ നിന്നും വന്നിട്ടുള്ള നിർദ്ദേശമനുസരിച്ചാണോ ഇൻറഗ്രേഷൻ നടത്തിയതു്?

ശ്രീ. എ. ജെ. ജാൺ: നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടു്. അതിനു് ആവശ്യമുള്ള ഭേദഗതികൾ എല്ലാം ചെയ്യേണ്ടതായിട്ടുണ്ടു്. അതിനു ശേഷമാണു് ഇൻറഗ്രേഷൻ നടത്തിയിരിക്കുന്നതു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: മററുള്ള ഡിപ്പാർട്ടുമെൻറുകളിലും വളരെവേഗം ഇൻറഗ്രേഷൻ നടത്താൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജാൺ: വളരെ വേഗം നടത്താനാണു് തീരുമാനിച്ചിരിക്കുന്നതു്.

വയോജനവിദ്യാഭ്യാസം.

* ൨൯൨. [൧൦] ശ്രീ സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാഡൽ വയോജനവിദ്യാഭ്യാസകേന്ദ്രത്തിൽ നിന്നും എത്ര ബാച്ചുകൾക്കു് പരിശീലനം പൂർത്തിയായിട്ടുണ്ടു്;

(ബി) ആകെ ഇതേവരെ പരിശീലനം സിദ്ധിച്ചവരെത്ര;

(സി) പരിശീലനത്തിനു എടുക്കുമ്പോൾ അവരോടു് എന്തെങ്കിലും ഉറപ്പുകൾ വാങ്ങാറുണ്ടോ;

(ഡി) പരിശീലനം സിദ്ധിച്ചവർ എത്ര കേന്ദ്രങ്ങൾ ആരംഭിച്ചിരുന്നു; ഇപ്പോൾ എത്രയെണ്ണം പ്രവർത്തനത്തിലുണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ൩.

(ബി) ൯൭.

(സി) ഉണ്ടു്. ഗവണ്മെൻറുത്തരവുകൾക്കു വിധേയമായി വയോജനവിദ്യാഭ്യാസബോർഡു് ആവശ്യപ്പെടുന്നപക്ഷം ഒരു കൊല്ലക്കാലം പ്രവർത്തനം അനുഷ്ഠിച്ചു കൊള്ളാമെന്നു് ഉറപ്പുവാങ്ങാറുണ്ടു്.

(ഡി) ൪൦ കേന്ദ്രങ്ങൾ ൧൯൫൧-൫൨-ൽ ആരംഭിച്ചു. അവയിൽ മുപ്പത്തിരണ്ടു കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ടു്. ൧൯൫൨-൫൩-ൽ അൻപത്തിരണ്ടു കേന്ദ്രങ്ങൾ പുതിയതായി ആരംഭിച്ചിട്ടുണ്ടു്.

ശ്രീ. സി. ജി. സദാശിവൻ: ഓരോ ബാച്ചിലും പാസ്സായിട്ടുള്ളവർക്കു ജോലി കൊടുക്കാമെന്നു പറഞ്ഞിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: ഇല്ല. നേരെമറിച്ച് ആരംഭകാലത്തുതന്നെ അവരോടു പറഞ്ഞിട്ടുള്ളതു് ഈ കേന്ദ്രങ്ങൾ സൗജന്യമായി നടത്തുന്നതാണെന്നും ഉദ്യോഗങ്ങൾ ലഭിക്കുമെന്നുള്ളതിനു യാതൊരു ഉറപ്പുമില്ലെന്നുമാണു്.

ശ്രീ. സി. ജി. സദാശിവൻ: പരിശീലനം കഴിഞ്ഞവർക്കു് ജോലി കൊടുക്കാതെ പിന്നെയും ഇങ്ങനെ കേന്ദ്രങ്ങൾ സ്ഥാപിച്ചു പ്രവർത്തനം നടത്തുന്നതു് എന്തിനാണു്?

ശ്രീ. ഏ. ജെ. ജാൺ: അതേപ്പററി ഗവണ്മെൻറു വളരെ ഗൗരവമായി ആലോചിക്കണമെന്നു ഉദ്ദേശിച്ചിട്ടുണ്ടു്. അക്കാര്യം ആലോചനയിൽ ഇരിക്കുകയാണു്.

ശ്രീ. സി. ജി. സദാശിവൻ: കേന്ദ്രങ്ങൾ തുടങ്ങിയവർതന്നെ ഇടയ്ക്കുവച്ചു രാജിവച്ചുപോയിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ: കുറച്ചുപേർ പോയിട്ടുണ്ടു്.

ശ്രീ. സി. ജി. സദാശിവൻ: അവർക്കെന്തു ശമ്പളമാണു് കൊടുക്കുന്നതു്?

ശ്രീ. ഏ. ജെ. ജാൺ: അലവൻസ് ൪൦ രൂപയാണെന്നു തോന്നുന്നു. ഹൗസ് അലവൻസും കൊടുക്കുന്നുണ്ടു്.

ശ്രീ. സി. ജി. സദാശിവൻ: ശമ്പളത്തിന്റെ കുറവുമൂലം അല്ലേ അവർ രാജിവച്ചു പോയിട്ടുള്ളതു്?

ശ്രീ. ഏ. ജെ. ജാൺ: അങ്ങനെയും ആയിരിക്കാം.

ശ്രീ. പി. ഗോവിന്ദപ്പിള്ള: കമ്മ്യൂണിററി പ്രോജക്ടിൽ അവരെ നിയമിക്കരുതോ?

ശ്രീ. ഏ. ജെ. ജാൺ: ഇതിനു രണ്ടുമൂന്നു പ്രാവശ്യം ഇവിടെ ഉത്തരം പറഞ്ഞിട്ടുള്ളതാണു്. ആവശ്യമുള്ള യോഗ്യതകൾ ഉണ്ടെന്നു കണ്ടവർക്കു ഉദ്യോഗങ്ങൾ കൊടുത്തിട്ടുണ്ടു്.

ശ്രീ. ഇ. കൃഷ്ണൻനായർ: കേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്നു പറയാമോ?

Mr. Speaker: It has already been answered on the floor of this House.

ശ്രീ. എം. ഗോപാലൻ നായർ: കേന്ദ്രങ്ങൾ നടത്തുന്നവർ ഗവണ്മെൻറ സ്ഥലങ്ങൾ കുത്തകപ്പാട്ട വ്യവസ്ഥയിൽ പതിച്ചുകൊടുക്കണമെന്നു അപേക്ഷകൾ അയച്ചിട്ടുണ്ടോ?

Mr. Speaker: Hon. Members are receiving reports every week about these 'Kendrams'. Is it from individuals?

ശ്രീ. എം. ഗോപാലൻനായർ : No, from centres.

ശ്രീ. എ. ജെ. ജാൺ : എനിക്കു നിശ്ചയമില്ല.

ശ്രീ. എൻ. രാജഗോപാലൻനായർ : വയോജനവിദ്യാഭ്യാസകേന്ദ്രങ്ങൾ എന്നും നിലനിൽക്കണമെന്നാണോ ഗവൺമെന്റിന്റെ ഉദ്ദേശം.

ശ്രീ. എ. ജെ. ജാൺ : അതു ഗവൺമെന്റു നിറുത്തുന്നതുവരെ നിലനിൽക്കും.

ശ്രീ. എൻ. രാജഗോപാലൻനായർ : ഈ രാജ്യത്തെ വയോജനങ്ങളെല്ലാം വിദ്യാഭ്യാസമുള്ളവരായിത്തീരുന്നതുവരെ എക്കാലത്തേക്കും ഇതിന്റെ പ്രവർത്തനം നടത്തിക്കൊണ്ടുപോകണമെന്നാണോ ഗവൺമെന്റിന്റെ ഉദ്ദേശം. എത്ര കാലത്തിനകം അവരെ മുഴുവൻ വിദ്യാഭ്യാസമുള്ളവരാക്കിത്തീർക്കാം.

ശ്രീ. എ. ജെ. ജാൺ : ഈ കേന്ദ്രങ്ങളുടെ ഉദ്ദേശം അതാണ്.

ശ്രീ. കെ. മാധവൻ ഉണ്ണിത്താൻ : ഈ കേന്ദ്രങ്ങളുടെ ഉദ്ദേശം എഴുത്തുപഠിപ്പിക്കാനാണോ?

ശ്രീ. എ. ജെ. ജാൺ : അതിനുതന്നെയല്ല.

Community Projects.

*293 (11) **Shri R. Kesava Pillai :** Will the Minister for General Administration be pleased to state :

(*a*) the total sum allotted for the two Community Projects for the year 1952-1953; and

(*b*) the total sum expended till 31-1-'53 and the purposes for which the amount has been spent ?

Chief Minister (**Shri A. J. John**):Total sum for the whole Community Project for the year 1952-1953 is Rs. 19.16 lakhs. Total sum expended till 31-1-'53 is Rs. 98,652-1-1.

Mr. Speaker : This question also has been answered in detail on a previous occasion.

ശ്രീ. ആർ. കേശവപിള്ള : യു. എസ്സ്. ഗവൺമെന്റിന്റെ വല്ല സഹായങ്ങളും കമ്മ്യൂണിറ്റി പ്രോജക്ടിനു ലഭിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ എല്ലാം യു. എസ്സ്. ഗവൺമെന്റിൽനിന്നുമാണ് ചെലവാക്കുന്നത്. കൂടാതെ ഇംപ്ലിമെന്റും അവർ സപ്ലൈ ചെയ്യുന്നുണ്ട്. രണ്ടു കമ്മ്യൂണിറ്റി പ്രോജക്ടുകൾ അനുവദിച്ചിട്ടുണ്ട്.

ശ്രീ. എ. കുഞ്ഞൻനാടാർ : എത്ര കൊല്ലംകൊണ്ടാണു ഈ പണം ചെലവാക്കേണ്ടത്?

ശ്രീ. എ. ജെ. ജാൺ : മൂന്നുകൊല്ലം കൊണ്ടാണ് പണം ചെലവാക്കേണ്ടതു്.

Mr. Speaker : All these questions were answered more than once in this House.

ശ്രീ. കുഞ്ഞിത്തൊമ്മൻ : ഈ ജീപ്പുകൾ ആരാണുപയോഗിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ : രണ്ടു കമ്മ്യൂണിററി പ്രോജക്ററുകളിലെ ആവശ്യങ്ങൾക്കു്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : ഈ തൊണ്ണൂററായിരംരൂപ ചെലവു ചെയ്തതിൽ അവിടെ ജോലിചെയ്യുന്ന തൊഴിലാളികളുടെ കൂലികൂടി ഉൾപ്പെടുമോ ?

ശ്രീ. എ. ജെ. ജാൺ : മിക്കസ്ഥലത്തും ഫ്രീലേബറാണു നടന്നതു്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : ആരാണു ഇതേപ്പററി റിപ്പോർട്ടു ചെയ്യുന്നതു്?

ശ്രീ. എ. ജെ. ജാൺ : അവിടത്തെ ആഫീസറായിരിക്കും.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ : പന്തീരായിരം രൂപായ്ക്കു് അവിടെ പ്രവർത്തനം നടത്തിയതായി ചാലക്കുടി കമ്മ്യൂണിററി പ്രോജക്ടിലെ ഒരുപഞ്ചായത്തു പ്രസിഡൻറു ബില്ലയച്ചിട്ടുണ്ടോ?

Mr. Speaker : That is supplying information.

ശ്രീ. എം. ഗോപാലൻനായർ : കമ്മ്യൂണിററി പ്രോജക്ടിലെ ഈ ജീപ്പുകൾ ഉദ്യോഗസ്ഥന്മാർക്കു അവരുടെ വീടുകളിൽ പോകാനാണോ?

ശ്രീ. എ. ജെ. ജാൺ : അതേപ്പററി അന്വേഷിച്ചിട്ടില്ല.

ശ്രീ. എം. ഗോപാലൻനായർ : അവർ ഈ ജീപ്പുകൾ പ്രൈവററായിട്ടുള്ള ഷാപ്പിംഗിനുവേണ്ടി കൊണ്ടുപോയിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അവർ കൊണ്ടുപോയി എന്നു വന്നേക്കാം.

ശ്രീ. എ. കുഞ്ഞൻനാടാർ : ജീപ്പുകളിൽ ‘മന്ത്യാർ’ മുതലായവ കൊണ്ടുപോകുന്നതായറിയാമോ ?

Mr. Speaker : For the purpose of the community project?

Shri A. Kunjan Nadar : Yes.

ശ്രീ. എ. ജെ. ജാൺ : അങ്ങിനെയുള്ള ആവശ്യങ്ങൾക്കുവേണ്ടിയാണു് ജീപ്പുകൾ സപ്ലൈ ചെയ്തിരിക്കുന്നതു്.

ശ്രീ. എ. കുഞ്ഞൻനാടാർ : അതിൽ സ്ഥലമുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഉണ്ടെന്നാണു തോന്നുന്നതു്.

ശ്രീ. ഏ. താണുപിള്ള : മൊത്തം അനുവദിച്ചിട്ടുള്ള ൨൦ ലക്ഷം രൂപയിൽനിന്നും ൧൯൫൨-൫൩-ൽ തൊണ്ണൂറായിരം രൂപ മാത്രമാണോ ചെലവാക്കിയിരിക്കുന്നത്. അതു എത്രനാളുകൊണ്ടാണ് ചെലവാക്കിയതു്?

ശ്രീ. ഏ. ജെ. ജാൺ : ൩൧-൫-൫൩ വരെയുള്ള മൂന്നുമാസത്തെക്കൊണ്ടു ഈ തൊണ്ണൂറായിരം രൂപ ചെലവാക്കിയിരിക്കുന്നതു്.

ശ്രീ. ഏ. താണുപിള്ള : എത്രമാസംകൊണ്ടാണ് ഈ തുക ചെലവാക്കിയതു്.

ശ്രീ. ഏ. ജെ. ജാൺ : രണ്ടോ മൂന്നോ മാസംകൊണ്ടായിരിക്കാം. പ്രവർത്തനം തുടങ്ങിയിട്ടു അധികം കാലമായിട്ടില്ല.

ശ്രീ. ഏ. താണുപിള്ള : ഈ മൂന്നുകൊല്ലംകൊണ്ടു ൨൦ ലക്ഷം രൂപ മുഴുവൻ ചെലവാകുമോ?

ശ്രീ. ഏ. ജെ. ജാൺ : ൧൫ ലക്ഷം രൂപായും ചെലവാകുമെന്നാണു ദ്ദേശിച്ചിരിക്കുന്നതു്.

Scheme for Fishing.

294 (12) **Shri R. Kesava Pillai :** Will the Minister for Agriculture and Fisheries be pleased to state :

(*a*) when will the scheme for fishing be started at Neendakara ;

(*b*) which are the agencies that have undertaken the expenses; and

(*c*) has any preliminary investigation been made of the scheme ?

Chief Minister **(Shri A. J. John) :**

(*a*) Date has not been fixed.

(*b*) The Government of Norway and the State Government. Whether the Government of India will share the expenditure, and, if so, to what extent, has not been settled.

(*c*) Yes.

ശ്രീ. ആർ. കേശവപിള്ള : നാർവീജിയൻ സ്കീമിൽ നീണ്ടകര പദ്ധതികൂടി ഉൾപ്പെടുമോ ?

ശ്രീ. ഏ. ജെ. ജാൺ : നോർവീജിയൻ സ്കീം നീണ്ടകര ആരംഭിക്കണമെന്നാണ് ഉദ്ദേശിക്കുന്നതു്.

ശ്രീ. സി. ജി. സദാശിവൻ : ൧൯൫൧-ൽ ഇൻഡ്യാഗവൺമെൻറിൻെറ നിർദ്ദേശമനുസരിച്ചു് മറയിൻ ഫിഷറീസ്സ് പഠിക്കാൻ ഒരു ഉദ്യോഗസ്ഥനെ അയച്ചിരുന്നോ ?

ശ്രീ. ഏ. ജെ. ജാൺ : അയച്ചിരുന്നു എന്നാണു തോന്നുന്നതു്.

ശ്രീ. സി. ജി. സദാശിവൻ : നമ്മുടെ തീരപ്രദേശങ്ങളിൽ മരയിൻ ഫിഷറിസ് എത്രത്തോളം പ്രായോഗികമാണെന്നുള്ളതിനെപ്പററി ഗവ ണ്മെൻറ് അന്വേഷിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതിന് പ്രത്യേകം നോട്ടീസു കിട്ടാതെ പറ യാൻ നിവൃത്തിയില്ല.

കമ്മ്യൂണിററിപ്രോജക്ററ് പ്രവൎത്തനങ്ങൾ.

* ൨൯൭. [൫൩] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യവികസനപദ്ധതികൾക്കായി ഇസ്റ്റേററിൽ തെരഞ്ഞെടുത്തിട്ടുള്ള രണ്ടു കേന്ദ്രങ്ങളിലും അവയുടെ ഉൽഘാടനം മുതൽ ൩൫-൫-൭൩ വരെ എന്തെല്ലാം പ്രവൎത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടെന്ന് ഈ സഭയെ അറിയിക്കുമോ ;

(ബി) ഇവയ്ക്കു നോമിനേററു ചെയ്യപ്പെട്ടിട്ടുള്ള ഉപദേശക സമിതി എത്ര പ്രാവശ്യം വീതം കൂടിയിട്ടുണ്ടെന്നും, സംക്ഷിപ്തമായി ഈ സഭയെ അറിയിക്കുമോ ;

(സി) ഇവയുടെ പ്രവൎത്തനം സംബന്ധിച്ച് ഉൽഘാടനം മുതൽ ൩൫-൫-൭൩-വരെ യു. എസ്. എ. ഗവണ്മെൻറും ഇൻഡ്യാഗവണ്മെൻറും, തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറും, യഥാക്രമം എത്ര രൂപാ വീതം ചെലവാക്കിയിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) വിത്തും വളവും കർഷകൎക്ക് വിതരണം ചെയ്യുക, കമ്പോസ്ററുവളക്കുഴി നിൎമ്മിക്കുക, നിലവിലിരിക്കുന്ന കുളങ്ങൾ നന്നാക്കുക, പുതിയ കിണറുകൾ വെട്ടുക, റോഡു വെട്ടുക, ഗ്രാമോദ്ധാരണ കേന്ദ്രം സ്ഥാപിക്കുക, പാലങ്ങൾ പണിയുക, വിത്തുകാളകളെ നിറുത്തുക മുതലായ പ്രവൎത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

(ബി) ഓരോ പ്രോജക്ററിലും ഉള്ള ഉപദേശകസമതി ഇതേവരെ അഞ്ചുപ്രാവശ്യംവീതം കൂടിയിട്ടുണ്ട്.

(സി) ഇവയുടെ പ്രവൎത്തനംമുതൽ ൩൫-൫-൭൩-വരെ ഇൻഡ്യാഗവണ്മെൻറ ൭൪,൦൭൭ രൂപയും തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ ൩൧,൫൭൭-൩-൪ രൂപയും ചെലവാക്കീട്ടുണ്ട്. യു. എസ്. എ. ഗവണ്മെൻറ ൯൨,൦൦൦ രൂപയും ചെലവാക്കീട്ടുണ്ട്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : മുമ്പ ഇതിലേക്ക് തൊണ്ണൂററാറായിരം രൂപ ചെലവാക്കീട്ടുണ്ടെന്നു പറഞ്ഞല്ലോ ഈ മൂന്നു ഗവണ്മെൻറുംകൂടിയാണോ ഈ തുക ചെലവാക്കീട്ടുള്ളത് ?

ശ്രീ. എ. ജെ. ജാൺ : അല്ല. യു. എസ്സ്. എ. ഗവണ്മെൻറ മാത്രം തൊണ്ണൂററിരണ്ടായിരംരൂപ ചെലവാക്കീട്ടുണ്ട്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: ഇതിന്റെ പ്രവർത്തനത്തിനു് എന്തു ചെലവായി എന്നും സ്റ്റാഫിന്റെ ശമ്പളത്തിനു എന്തു ചെലവു വന്നു എന്നും പ്രത്യേകം കണക്കു ഉണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ടു്. ഞാൻ അതു ഇവിടെ വായിക്കാം

KUNNATHUNAD-CHALAKUDY PROJECT.

Statement of shares between State and Centre of Expenditure iucurred up to 31-1-1953.

Recurring.		*Non-Recurring.*
Salary, Establishment, T. A., Contingencies and other Allowances.	28,868.8-2	
Maintenance of Jeep	1,605-11-9	
Survey and Investigation charges.	1,014-15-6	
Total	Rs. 31,489-3-5	8,560-9.8
Total	Rs. 40,049-13-1.	

Allocations.

State	15,744-9-8·5	2,140-2-5
Centre	15,744-9-8-5	6,420-7-3

Total State's Share.	Total Centre's Share.
15-744-9-8.5	15-744-9-8.5
2,140-2-5	6,420-7-3
17,884-12-1.5	22,165-0-11.5

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : ഉപദേശക സമിതികളുടെ പ്രവർത്തനത്തെ നിയന്ത്രിക്കുന്നതിനു് വല്ല ബൈലായോ രൂളുകളൊ ഉണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഉണ്ടു്. മുഴവൻ പൂർത്തിയായിട്ടില്ലെന്നാണു് തോന്നുന്നതു്.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി : ഇതിന്റെ മാസാമാസം ഉള്ള പ്രവർത്തനങ്ങളെപ്പററി വെളിയിലുള്ളവക്കു് മനസ്സിലാക്കുവാൻവേണ്ടി വല്ല പ്രതിമാസ പ്രസിദ്ധീകരണങ്ങളുമുണ്ടോ ?

ശ്രീ. എ. ജെ. ജാൺ: ഇതുവരെ ഒന്നും തുടങ്ങീട്ടില്ല.

ശ്രീ. എം. ഗോപാലൻ നായർ: നെയ്യാററിൻകര ഉപദേശകസമിതിയിൽനിന്നും ഇത്തരത്തിൽ ഒരു പ്രസിദ്ധീകരണം തുടങ്ങുവാൻ അനുവാദം വേണമെന്നു കാണിച്ചു് ഗവണ്മെൻറിനു് വല്ല അപേക്ഷയും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഗവണ്മെൻറിനു് അപേക്ഷ കിട്ടിയിട്ടുണ്ടോ എന്നു ഇപ്പോൾ നിശ്ചയമില്ല.

ശ്രീ. എം. ഗോപാലൻ നായർ: ഈ സെൻററുകളിൽ വെൽഫെയർ ആഫീസറന്മാരും ഫിനാൻഷ്യൽ അസിസ്റ്റൻറന്മാരും വേണം എന്നു ഗവണ്മെൻറ നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല, അങ്ങനെ വന്നാൽ അവിടെ ഒരു ജോലിയും ചെയ്യാൻ ഒക്കുകയില്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: ഈ സംസ്ഥാനത്തെ വ്യവസായങ്ങളെ പുനരുദ്ധരിക്കുവാൻ ഈ കമ്മ്യൂണിററി പ്രോജക്ററ സ്കീമിൽ എന്തെങ്കിലും പദ്ധതികൾ ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: കുടിൽവ്യവസായ പുനരുദ്ധാരണത്തിനു് വേണ്ട പരിപാടികളോടുകൂടിയാണു് ആ സ്കീം നടത്തുന്നതു്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: ഞാൻ കുടിൽവ്യവസായത്തെപ്പററി അല്ല ചോദിച്ചതു്. ചാലക്കുടിക്കടുത്തുള്ള പല ഫാക്ടറി വ്യവസായങ്ങളും, പോട്ടറീസ്, ക്യാഷ്യൂനട്ട്സ് മുതലായ വ്യവസായങ്ങളും, ഇപ്പോൾ വളരെ അധഃപതിച്ചു കിടക്കുകയാണു്. അങ്ങനെ നിന്നുപോയതും അധഃപതിച്ചതുമായ വ്യവസായങ്ങളെ കൂടി ഉദ്ധരിക്കുവാൻ ഈ സ്കീമിൽ വല്ല പദ്ധതികളും ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഫാക്ടറിവ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നുള്ളതു് കമ്മ്യൂണിററി പ്രോജക്ററസ്കീമിൻെറ പരിധിയിൽ വരുന്നതല്ല. കുടിൽവ്യവസായങ്ങളുടെ അഭിവൃദ്ധിയെമാത്രം അതു പരിഗണിക്കുകയുള്ളു.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: ഈ സ്കീമിനു് ഫ്റീലേബറാണു് ഗവണ്മെൻറ ഉദ്ദേശിക്കുന്നതെന്നു പറഞ്ഞു. അതു കിട്ടുന്നതിനു് ഈ നയം സഹായകമാണെന്നു ഗവണ്മെൻറ വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടു്.

ശ്രീ. സി. അച്യുതമേനോൻ: ഉപദേശകസമിതിയുടെ നിർദ്ദേശങ്ങളെ അവഗണിച്ചുകൊണ്ടു് ഉദ്യോഗസ്ഥന്മാർ പ്രവർത്തിച്ചിട്ടുള്ളതായി ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ ചെയ്തിട്ടുള്ളതായി എൻെറ അറിവിൽ പെട്ടിട്ടില്ല.

ശ്രീ. സി. അച്യുതമേനോൻ: കേന്ദ്രഉപദേശകസമിതിക്കും പുറമെ ജില്ലതോറും ഉപദേശകസമിതികളുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇല്ല. ഇനി വല്ല അനൗദ്യോഗിക സമിതികളും ഉണ്ടോ എന്നു നിശ്ചയമില്ല.

ശ്രീ. ടി. വി. തോമസ്: പതിനൊന്നാം നമ്പർ ചോദ്യത്തിനു നൽകിയ ഉത്തരത്തിൽ തൊണ്ണൂറായിരം രൂപ ചെലവാക്കി എന്നാണു കാണുന്നതു്. ഇപ്പോൾ തൊണ്ണൂറ്റിരണ്ടായിരം രൂപ എന്നു പറഞ്ഞിരിക്കുന്നതെന്താണു്?

ശ്രീ. എ. ജെ. ജാൺ: ൧൧-൨-൫൭-വരെ ഉള്ള ചെലവാണു് ൯൦,൦൦൦ രൂപ എന്നു പറഞ്ഞതു്. അമേരിക്കൻ ഗവണ്മെന്റു ഇതുവരെ ചെലവാക്കിയ രൂപയാണു് ൯൨,൦൦൦ രൂപ.

Failure of Crops.

※ 296 (14) **Shri C. Sankar :** Will the Minister for Agriculture be pleased to state :

(*a*) whether any relief was given to those agriculturists of South Travancore who had suffered heavy losses in the Kanni crop owing to large scale failure of crops due to water scarcity ;

(*b*) if so, the kind of relief so given and the number of persons for whom relief was given in each taluk ?

Chief Minister **(Shri A. J. John):**

(*a*) Yes.

(*b*) (1) Remission of water cess and procurement levy. (2) Issue of ration cards to agriculturists who lost their crops on account of drought and to labourers receiving wages in kind. (3) Opening of additional ration depots in drought affected aveas affected areas. (4) Issue of manure at concessional rates and seed on crop loan basis. The approximate number of persons so far benefited by these concessions in the taluks of Thovala, Agasteeswaram, Kalkulam and Vilavancode is reported to be 452, 1,957, 2,296 and 360 respectively.

ஸ்ரீ. ஸி. சங்கர்: தோவாளை தாலூகாவில் எவ்வளவு உரம் கொடுக்கப்பட்டது?

Mr. Speaker : That question has been asked and answered already.

Shri K. Sattanatha Karayalar : May I know whether Shencotta taluk has been given any relief ?

Mr. Speaker : But the question refers only to South Travancore.

Shri A. J. John : Shencotta is in Central Travancore.

Tanks.

✻ 297 [15] **Shri C. Sankar :** Will the Minister for Agriculture be pleased to state :

(*a*) whether any tanks which are useful for agriculture have been deepened in South Travancore in 1952; and

(*b*) if so, the number of tanks so deepened in each taluk and the respective expenditure incurred thereby?

Chief Minister (**Shri A. J. John**):

(*a*) 85 tanks were improved in South Travancore in 1952.

(*b*) The number of tanks improved in each taluk and the expenditure incurred are given below:

(1)	Thovala taluk	16 Tanks	Rs.	58,109
(2)	Agasteeswaram	19 Tanks	Rs.	52,944
(3)	Kalkulam	16 Tanks	Rs.	44,486
(4)	Vilavancode	34 Tanks	Rs.	1,22,690

ஸ்ரீ. ஸி. சங்கர்: இந்த வேலையை டிபார்ட்மெண்டு நேரடியாக நடத்தியதா அல்லது காண்ட்ராக்ட் மூலமா?

ശ്രീ. എ. ജെ. ജാൺ: കൺട്രാക്റ്റം കാണുമായിരിക്കും.

ശ്രീ. എം. ഗോപാലൻ നായർ: നെയ്യാററിൻകര താലൂക്കിൽ ഇങ്ങനെ എത്ര കുളം കുഴിച്ചിട്ടുണ്ട്?

ശ്രീ. എ. ജെ. ജാൺ: ചോദ്യം തെക്കൻ തിരുവിതാംകൂറിനെപ്പററി ആണ്. അവിടെ ഉള്ള നാലു താലൂക്കുകളിലെയും കാര്യംപറഞ്ഞുകഴിഞ്ഞു.

ശ്രീ. എ. കുഞ്ഞൻ നാടാർ: തെക്കൻ തിരുവിതാംകൂറിലുള്ള എല്ലാം കുളവും നന്നാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: കഴിവുള്ളിടത്തോളം നന്നാക്കിയിട്ടുണ്ട്.

ശ്രീ. ജെ. രാഘവൻ പിള്ള: ഇങ്ങനെ നന്നാക്കിയ കുളങ്ങൾ ആർക്കെങ്കിലും പതിച്ചുകൊടുത്തിട്ടുണ്ടോ?

Mr. Speaker : That question need not be answered as it bears no relation to the main question.

ശ്രീ. എ. ജെ. ജാൺ: ഇറിഗേഷന് ആവശ്യമില്ലാത്ത കുളങ്ങൾ പതിച്ചുകൊടുത്തു കാണുമായിരിക്കും.

ശ്രീ. ജെ. രാഘവൻ പിള്ള: കരുനാഗപ്പള്ളിയിൽ ഒരു കുളം പതിച്ചുകൊടുത്തതിനെപ്പററി ഗവണ്മെൻറിനു വല്ല പരാതിയും കിട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: പല പരാതികളും വന്നുകാണും. ഇങ്ങനെ ഒരു പരാതി വന്നിട്ടുണ്ടോ എന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഇങ്ങനെ കുളം കോരുന്ന ഏർപ്പാട് ഊർജ്ജിതപ്പെടുത്തണമെന്ന് ഗവണ്മെൻറ് വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: കുളം നന്നാക്കുന്ന ഏർപ്പാട് ഊർജ്ജിതപ്പെടുത്തണമെന്നാണ് ഗവണ്മെൻറ് വിചാരിക്കുന്നത്.

ശ്രീ. എൻ. രാജഗോപാലൻ നായർ: കരുനാഗപ്പള്ളി താലൂക്കിൽ ഒരു കുളം പതിച്ചുകൊടുത്തതിനെപ്പറ്റി—

Mr. Speaker : The question refers only to the four taluks of Thovala, Agastheeswaram, Kalkulam and Vilavancode.

Shri N. Rajagopalan Nair : May I know whether there will not be failure of crops any more ?

Mr. Speaker : The hon. Member must understand that we are at question No 15 now.

Shri N. Rajagopalan Nair : I am sorry, Sir.

Failure of Crops

* 298 [16] **Shri C. Sankar** : Will the Minister for Agriculture be pleased to state :

(*a*) whether any precautionary steps were taken by the Government in 1952 with a view to prevent failure of crops any more owing to scarcity of water; and

(*b*) if so, the details of steps taken so far?

Chief Minister **(Shri A. J. John)**:

(*a*) Yes.

(*b*) Pump sets were arranged to be kept ready for issue to the ryots by the P. W. D. and the Agriculture Department for pumping water from available sources. The programme of tank improvement works under Minor irrigation scheme was also continued. Arrangements were also made to supply water from the Government storages like Mukkadal, Pechipara and Trivandrum Water Works etc.

ശ്രീ. എ. കുഞ്ഞൻ നാടാർ: മുക്കടൽ അണയിൽ ഒരു പമ്പ സ്ഥാപിച്ചാൽ അത് കൂടുതൽ കൃഷിക്കാർക്ക് ഉപയോഗപ്രദമായിരിക്കുമെന്ന് അറിയാമോ ?

Mr. Speaker : If the Public Works Minister has got any information on this he can furnish the answer.

ശ്രീ. കുളത്തിൽ വേലായുധൻ നായർ: പമ്പ സ്ഥാപിക്കാതെതന്നെ അണയിലെ വെള്ളംകൊണ്ട് ഉപയോഗമുണ്ട്.

ശ്രീ. എ. കുഞ്ഞൻ നാടാർ: അണയുടെ കീഴുള്ള സ്ഥലങ്ങളിലേയ്ക്ക് വെള്ളം പമ്പ ചെയ്താലേ കൃഷിക്ക് ഉപയോഗപ്പെടുകയുള്ളൂ എന്നറിയാമോ ?

Mr. Speaker : The hon. Member is forgetting the fact that it is a reservoir to supply drinking water to the Nagercoil town.

Shri P. S. Nataraja Pillai : Will the drawing of water from the Mukkadal affect water supply in Nagercoil ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ആവശ്യത്തിൽ കവിഞ്ഞെടുത്താൽ വെള്ളം കുറയും.

Shri P. S. Nataraja Pillai : Is the hon. Minister aware that there will be protests against diversion of water for irrigation purposes ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : വളരെ കുറച്ചു എടുത്താൽ പ്രൊട്ടസ്റ്റില്ല. കൂടുതൽ എടുത്താൽ പ്രൊട്ടസ്റ്റുണ്ടു്.

Shri P. S. Nataraja Pillai : Are there not protests against the diversion of water ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതറിയാൻ പാടില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ : അങ്ങനെ പ്രൊട്ടസ്റ്റു ചെയ്തിട്ടില്ലെന്നു ഗവണ്മെന്റിനറിയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതു് മററ മെംബറെ അറിയിച്ചാൽ മതിയല്ലോ ?

Mr. Speaker : The provision under the rule is that every question has to be put through the Chair.

WRITTEN ANSWERS.

യൂണിവേഴ്സിററി ഹോസ്റ്റൽ.

* ൨൯൯. [൨൭]. ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി പറയുമോ ;

(എ) ൧൯൫൨-൫൩-ൽ തിരുവനന്തപുരത്തുള്ള ഗവണ്മെന്റു യൂണിവേഴ്സിററി ഹോസ്റ്റലിൽ താമസക്കാരായ വിദ്യാർത്ഥികളിൽ ആരെയെങ്കിലും ഹോസ്റ്റലിൽനിന്നും പുറംതള്ളിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രപേരെ ;

(സി) അതിനുള്ള കാരണം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) ഉണ്ടു്.

(ബി) ഇരുപതു വിദ്യാർത്ഥികളെ.

(സി) ഹോസ്റ്റൽ ചാർജ്ജു കൊടുക്കാതിരിക്കുവാൻ മററുള്ളവരെ പ്രേരിപ്പിക്കുകയും അതിനുവേണ്ട അക്രമങ്ങളിലേർപ്പെടുകയും ചെയ്ത ഇരുപതു വിദ്യാർത്ഥികളെ ഹോസ്റ്റലിലെ ശിക്ഷണനിയമങ്ങൾ പാലിക്കാൻ വേണ്ടി ബഹിഷ്കരിക്കേണ്ടതായിവന്നു.

കണ്ണൻദേവൻ കമ്പനി.

*൩൦൦. [൧൯] ശ്രീ. കെ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റെവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൻദേവൻ കമ്പനിക്ക് എത്ര ഏക്കർ സ്ഥലമുണ്ടെന്നു പറയുമോ;

(ബി) പ്രസ്തുത കമ്പനി ഭൂനികുതി തരുന്നുണ്ടോ; ഉണ്ടെങ്കിൽ എത്രതുക?

റെവന്യൂവകുപ്പുമന്ത്രി (ശ്രീ. എ. ചിദംബരനാഥ നാടാർ):

(എ) ൧,൩൭,൯൯൩ ഏക്കർ ൯൬ സെൻറ് ഭൂമിയുണ്ട്.

(ബി) ഉണ്ട്. ൨,൧൨,൩൧൯ രൂപ ൯ അണ ൬ പൈസ.

Census—Anglo-Indian Community.

*301. [21] **Shri A. A. D. Luiz**: Will the Chief Minister be pleased to state:

Why the Anglo-Indian Community is not included in the list of communities published by the Government for the purposes of statistics, etc.?

Chief Minister **(Shri A. J. John)**: The number of Anglo-Indians has been separately shown in the fly-leaf to Census Table D III Scheduled Castes and Scheduled Tribes.

ശമ്പളം കണക്കാക്കപ്പെട്ടിട്ടില്ലാത്ത സ്കൂളുകൾ.

*൩൦൨. [൨൩] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യത്തിന് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി. പി. ഇ. ഡി. ൧-൪൬൫൦൦-൫൦ ഇ. എച്ച്. എൽ. ഡി. (സി. ഡി.) ൪൦-൩-൫൪ അനുസരിച്ച് തിരുവിതാംകൂർ വിഭാഗത്തിലെ എത്ര സ്കൂളുകളിലെ ശമ്പളം ഡയറക്ടർ കണക്കാക്കപ്പെടുത്തിക്കഴിഞ്ഞു; കൊച്ചിവിഭാഗത്തിലെ എത്ര സ്കൂളുകളിലെ കണക്കാക്കപ്പെടുത്തി?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

ശമ്പളം കണക്കാക്കപ്പെടുത്തിയ സ്കൂളുകളുടെ എണ്ണം തിരുവിതാംകൂർ വിഭാഗം ൪൨൦. കൊച്ചി വിഭാഗം, പ്രൈവറ്റ് സെക്കൻഡറിസ്കൂൾ പദ്ധതിയുടെ ആവിർഭാവത്തിനുമുൻപുതന്നെ കൊച്ചി വിഭാഗത്തിലെ സ്ഥിരാദ്ധ്യാപകർക്ക് പുതിയ സ്കെയിലുകളെക്കാൾ മെച്ചമായ അടിസ്ഥാനശമ്പളത്തോടുകൂടിയ സ്കെയിലുകളും അതിൻപ്രകാരമുള്ള അടിസ്ഥാനശമ്പളവും ലഭിച്ചുവന്നിരുന്നു. നൂതനമായി സർവ്വീസിൽ പ്രവേശിച്ചവർക്ക് സ്കീമനുസരിച്ചുള്ള മിനിമം ശമ്പളവും ലഭിച്ചു. ശമ്പളം കണക്കാക്കപ്പെ

ടുത്തുന്നതുനിമിത്തം പ്രയോജനപ്പെടുന്ന അദ്ധ്യാപകരുടെ സംഖ്യ തുലോം പരിമിതമാണെന്നു കണ്ടതുകൊണ്ടും കൊച്ചീവിഭാഗത്തിലെ ശമ്പളം കണക്കപ്പെടുത്തുന്നതിന് പ്രത്യേകം നിയമങ്ങൾ തയ്യാറാക്കേണ്ടിയിരിക്കുന്നതുകൊണ്ടും തിരുവിതാംകൂർ വിഭാഗത്തോടൊപ്പം കൊച്ചീവിഭാഗത്തിലേയും ശമ്പളം കണക്കപ്പെടുത്തുന്നതു യുക്തമല്ലെന്നുകണ്ടും എന്നാൽ പ്രസ്തുത നിയമങ്ങൾ ഇപ്പോൾ പൂർത്തിയായികഴിഞ്ഞിട്ടുള്ളതും അതനുസരിച്ചു ശമ്പളം കണക്കപ്പെടുത്തുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ ആരംഭിച്ചുകഴിഞ്ഞിട്ടുള്ളതും ആകുന്നു. ഇതുസംബന്ധിച്ചുള്ള ജോലി ഉടനെ പൂർത്തിയാവുന്നതാണ്.

കൃഷിനാശം.

* ൩൦൩. [൨൯] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

Agricultural pest കളുടെ ഉപദ്രവത്തിൽനിന്നും നെൽകൃഷിയെ രക്ഷിക്കാൻ എന്തുമാർഗ്ഗം ഗവണ്മെന്റ് സ്വീകരിച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

കീടശല്യം ബാധയുള്ളതായി റിപ്പോർട്ടുചെയ്യപ്പെടുന്ന സ്ഥലങ്ങളിലെ ഉപദ്രവങ്ങൾ തീർക്കുന്നതിനായി അതാതുസ്ഥലങ്ങളിലെ കൃഷി ഇൻസ്പെക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ ഉദ്യോഗസ്ഥന്മാരുടെ ആഫീസുകളിൽ വേണ്ടപോലെ insecticides സംഭരിച്ചു സൂക്ഷിച്ചിട്ടുണ്ട്. പ്രാണികളുടെ ഉപദ്രവമുള്ള സ്ഥലങ്ങളിലെ കൃഷിക്കാർക്ക് insecticides സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. കൂടാതെ ഇവയുടെ ഉപയോഗക്രമങ്ങൾ പ്രദർശനങ്ങൾ മുഖേന കൃഷിക്കാരെ മനസ്സിലാക്കിക്കൊടുക്കുന്നുണ്ട്. എല്ലാററിനുംപുറമേ പ്രാണികളുടെ ഉപദ്രവത്തിൽനിന്നും കൃഷിയെ രക്ഷിക്കുന്നതിനായി കൃഷിഡിപ്പാർട്ടുമെന്റിൽ ഇപ്പോൾ ഒരു പുതിയ വിഭാഗം ഏർപ്പെടുത്തി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

സംസ്കൃതഹൈസ്കൂൾ.

* ൩൦൪. [൩൦] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലുള്ള സംസ്കൃതഹൈസ്കൂളുകൾ അക്കാഡമിക്ക ഹൈസ്കൂളുകൾ ആക്കണമെന്നു നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ?

(ബി) അടുത്തവർഷത്തിലെങ്കിലും അപ്രകാരം അക്കാഡമിക്ക ഹൈസ്കൂളുകൾ ആക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഉണ്ട്.

(ബി) ഇതു ആലോചനയിൽ ഇരിക്കുകയാണ്.

ഡർബാർഹാൾ.

✱ നം ൧൫൯. [൧൫] ശ്രീ. എ. എൽ. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവനന്തപുരം സെക്രട്ടറിയേററിന് മദ്ധ്യത്തിലുള്ളതും ഗവണ്മെൻറധീനതയിലേക്ക് വിട്ടുകിട്ടിയതുമായ ഡർബാർഹാൾ ഒരു പുരാണവസ്തുവായി സംരക്ഷിക്കുവാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

(ബി) ഇല്ലെങ്കിൽ പ്രസ്തുത ഹാൾ യാതൊന്നിനും ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുന്നതെന്തുകൊണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഗവണ്മെൻറ് അങ്ങിനെ ഉദ്ദേശിക്കുന്നില്ല.

(ബി) സാധാരണ ആഫീസ് ആവശ്യങ്ങൾക്ക് ഉപയോഗയോഗ്യമല്ലാത്തതുകൊണ്ട്.

UNSTARRED QUESTIONS.

Famine Relief.

160 [1] **Shri K. Bhanu :** Will the Minister for Land Revenue be pleased to state the number of public works for famine relief started and actually under execution in Karthikapalli and Karunagapalli Taluks and the number of persons engaged in each of the public works ?

Answer

Nil.

Complaints against the Special Land ACquisition Officer.

161. [3] **Shri Chengarappally P. Narayanan Potti :** Will the Minister for Land Revenue be pleased to state :

(*a*) has the Government received any complaints against the actions of the Special Land Acquisition Officer, Changanacherry, with reference to the acquisition of lands for the construction of the Thottappally Spillway and the Alleppey-Changanacherry Road ;

(*b*) if so, how many were received and their respective dates of receipt ;

(*c*) has any action been taken on them ; and

(*d*) if so, what are they ?

Answer.

(a) Yes.

(b) Three. 11-7-1952, 19-12-1952 and 23-12-1952 respectively.

(c) Yes.

(d) Necessary enquiries have been conducted and the matter is under consideration.

Area registered or leased out.

162. [5] **Shri A. Kunjan Nadar :** Will the Minister for Land Revenue be pleased to state :

(a) the total area registered or leased out in the years 1950-51 1951-52 and 1952-53 respectively in the taluks of Devicolam and Peermade ; and

Chief Minister (**Shri A. J. John**):

(*a*) 17.

(*b*) (1) 3. (2) 1. (3) Nil.

Shri K. Bhanu: May I know where those stations are situated?

Shri A. J. John: In the Agricultural Department the following re the institutions:

Regional Cocoanut research station,	Neyyattinkara
do.	Thodupuzha
do.	Kumarakom
Arecanut research station,	Ollukara
Paddy breeding station,	Moncompu
do.	Adoor
Clove cultivation station,	Konni

Central farm, Ollukara (doing chemical, botanical and entomolo- research).

Under the Research Department the following come :

Tapioca and sweet potato research station,	Trivandrum
do	Tiruvalla
do	Ollukara
Rice swarming caterpillar station,	Pallom
Paddy breeding station,	Kayankulam
Paddy research station,	Kuttanad
Cardamom research station,	Vattayar
Mycological research laboratory,	Kayankulam

Industries Department is having the lemon grass breeding station at Odakali.

Shri K. Bhanu : May I know whether these stations are working satisfactorily ?

Shri A. J. John : Yes.

ശ്രീ. പി. സദാശിവൻ പിള്ള : കരിമ്പിനെപ്പററി ഗവേഷണം നടത്തുന്നതിന് ഏതെങ്കിലും സ്റ്റേഷൻ ഉണ്ടോ ?

ശ്രീ. ഏ. ജെ. ജാൺ : ഇവിടെയുള്ളതായി അറിവില്ല.

ശ്രീ. പി. സദാശിവൻ പിള്ള : ഉടനെ അങ്ങനെയൊന്നുണ്ടാക്കുന്നതിന് ആലോചനയുണ്ടോ ?

ശ്രീ. ഏ. ജെ. ജാൺ : അതിനെപ്പററി ആലോചിക്കാം.

ശ്രീ. പി. സദാശിവൻ പിള്ള : ഇൻഡ്യാഗവണ്മെൻറ് ഒരു തുക കരിമ്പിൻെറ ഗവേഷണം നടത്തുന്നതിലേയ്ക്കു് നീക്കിവച്ചിട്ടുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഏ. ജെ. ജാൺ : ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. ചെറിയാൻ ജെ. കാപ്പൻ : ഈ റിസർച്ച് സ്റ്റേഷനുകൾ നടത്തുന്നതിലേയ്ക്കു് എന്തു ചെലവുവരുന്നുണ്ട് ?

ശ്രീ. ഏ. ജെ. ജാൺ : ചെലവിൻെറ ഒരു കണക്ക് എടുത്തിട്ടില്ല. ഒരു നല്ല തുക ചെലവുവരും. ഈ സ്റ്റേഷനുകൾ എല്ലാം ഒരു ഡിപ്പാർട്ടുമെൻറിൽനിന്നല്ല നടത്തുന്നതു്.

ശ്രീ. എം. ഗോപാലൻ നായർ : നെയ്യാററിൻകരയിലുള്ള റിസർച്ച് സ്റ്റേഷൻ എവിടെയാണെന്നു പറയാമോ ?

ശ്രീ. ഏ. ജെ. ജാൺ : അതു് ഏതു പകുതിയിലാണെന്നു അറിഞ്ഞുകൂടാ. നെയ്യാററിൻകരയിലാണെന്നു അറിയാം.

ശ്രീ. ഏ. കുഞ്ഞൻ നാടാർ : അങ്ങനെയൊരു സ്റ്റേഷൻ ഉള്ളതായി നെയ്യാററിൻകരക്കാർക്ക് അറിഞ്ഞുകൂടായെന്നറിയാമോ ?

ശ്രീ. ഏ. ജെ. ജാൺ : അങ്ങനെയാണെങ്കിൽ അതു് വളരെ സങ്കടകരമായ ഒരവസ്ഥയാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: കോക്കനട്ട് റിസർച്ച് നടത്തുന്ന കോക്കനട്ട് പ്ലാൻേറഷൻസ് ഗവണ്മെൻറുവകയാണോ?

ശ്രീ. എ. ജെ. ജാൺ: അതെ.

Shri P. S. Nataraja Pillai: May I know whether the research stations do issue bulletins as a result of the research conducted by them?

Shri A. J. John: Information of a general character about research can be gleaned from the Administration Reports of the different departments. I believe the Research Department is issuing bulletins about the result of the researches done by them.

Shri P. S. Nataraja Pillai: Am I to understand from the Minister that the results of research are being published in the Administration Report of the Agricultural Department?

Shri A. J. John: I am not quite sure of the point.

Shri P. S. Nataraja Pillai: So then, will the Government be pleased to enquire whether the results of the research officers are published in the Departmental Reports?

Shri A. J. John: I will seriously look into it.

ശ്രീ. ജെ. രാഘവൻ പിള്ള: കായംകുളം റിസർച്ച് സ്റ്റേഷനിലുള്ള തെങ്ങുകൾക്കെല്ലാം രോഗമുണ്ടെന്നുള്ളകാര്യം ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ ഗവണ്മെൻറിൻെറ ദൃഷ്ടിയിൽ പെട്ടിട്ടില്ല. രോഗം ഉണ്ടാകാതെയിരിക്കാനുള്ള മാർഗ്ഗങ്ങളെപ്പററി അന്വേഷിക്കുന്നതിനാണ് റിസർച്ച് സ്റ്റേഷൻ സ്ഥാപിച്ചിട്ടുള്ളത്.

ശ്രീ. ജെ. രാഘവൻ പിള്ള: റിസർച്ച് സ്റ്റേഷൻ സ്ഥാപിച്ചതിനു ശേഷമാണ് അവിടെയുള്ള തെങ്ങുകൾക്കെല്ലാം രോഗം വന്നിട്ടുള്ളതെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ അറിവില്ല. രോഗം ഇല്ലാതാക്കുന്നതിന് ഗവേഷണം നടത്തുകയെന്നുള്ളതാണ് റിസർച്ച് സ്റ്റേഷൻെറ തന്നെ ഉദ്ദേശം.

ശ്രീ. ജെ. രാഘവൻ പിള്ള: ഇതുവരെയും ഫലപ്രദമായി അവിടെ യാതൊന്നുംതന്നെ നടന്നിട്ടില്ലായെന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: ഫലപ്രദമായ ഒരു റെമഡി കണ്ടുപിടിക്കുന്നതിനാണ് റിസർച്ച് സ്റ്റേഷൻ ഉണ്ടാക്കിയിരിക്കുന്നത്.

ശ്രീ. [illegible]. പി. വർഗ്ഗീസ്: പെപ്പറിന് അടിക്കടി ഉണ്ടാകുന്ന സുഖക്കേടിനെ പരിഗണിച്ച് ഒരു റിസർച്ച് സ്റ്റേഷൻ ഉണ്ടാക്കാൻ ആലോചിക്കുമോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പററി ആലോചിക്കാം.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: റിസർച്ച് സ്റ്റേഷനിൽ മരച്ചീനിയെപ്പററി എന്തു് ഗവേഷണമാണു് നടത്തുന്നതു്?

ശ്രീ. എ. ജെ. ജാൺ: നല്ല ഇനം മരച്ചീനിതണ്ടു് ഏതാണെന്നു നോക്കി അവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എടുക്കുന്നുണ്ടു്.

Shri E. Krishnan Nair: May I know whether sufficient research is being done by the Agricultural Department at Kottarakara ?

ശ്രീ. എ. ജെ. ജാൺ: ഞാൻ വായിച്ചതിൽ ഉണ്ടെങ്കിൽ ഉണ്ടു്.

ശ്രീ. സി. അച്യുതമേനോൻ: ഒല്ലൂക്കര അരക്കനട്ടു് റിസർച്ച് സ്റ്റേഷൻ എന്നാണു് തുടങ്ങിയതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: ഈ അടുത്തകാലത്തു് തുടങ്ങിയിട്ടുള്ളതാണു്. This is located at the Government Central Farm, Ollukara. This has been started only very recently. The experimental works proposed to be done are cultural experiments, manurial experiments, irrigation experiments, harvesting trials, study of inter and associated crops, control of diseases and pests. Hon. Members would kindly bear in mind that this has been started only recently.

ശ്രീ. എം. പി. വർഗ്ഗീസ്: ഓടക്കാലി റിസർച്ച് സ്റ്റേഷനിൽ ലെമൺഗ്രാസിനെപ്പററി ഫലപ്രദമായ എന്തെങ്കിലും ഗവേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: നടത്തിയിട്ടുണ്ടു്. ലെമൺഗ്രാസ് ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്യുന്നതിനു് എന്തെല്ലാമാണു് ചെയ്യേണ്ടതു് എന്നതിനെപ്പററി ഗവേഷണം നടത്തിക്കൊണ്ടിരിക്കയാണു്.

ശ്രീ. ടി. കെ. കൃഷ്ണൻ: അരക്കനട്ട് റിസർച്ചിന്റെ ഫലങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനു വല്ല ഏർപ്പാടും ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു് ഈയിടെ തുടങ്ങിയതേയുള്ളു.

Shri M. K. Mathai: May I know whether there is a research station opened at Kunnatnad ?

Shri A. J. John: I have already given out the names of research stations conducted by the Agriclutural Department, Industries Department and the Research Department.

Punishment of Conductors.

*310. [5] **Shri K. Bhanu**: Will the Minister for Transport be pleased to state how many cases have occurred where the conductors' passes have been cancelled or suspended by a mere executive order of the District Superintendents of Police during the year 1952 ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) **:** There were 192 instances of suspension of conductors' pass books (conductors' certificates) by the District Superintendents of Police as Licensing Authorities, during the year 1952. There was no instance of cancellation of the Pass Books of conductors.

Shri K. Bhanu : May I know for what all offences they were punished by the police authorities ?

Mr. Speaker : That is too big a question to be answered. That may relate to several offences under the Motor Vehicles Regulation.

Shri K. Bhanu : May I know how many pass books of the conductors' were cancelled ?

Shri Kalathil Velayudhan Nair : In no instance the pass book of the conductors was cancelled.

ശ്രീ. കെ. എം. ചാണ്ടി : ഇതിൽ സ്റ്റേറ്റ്ട്രാൻസ്പോർട്ടിൽപ്പെട്ടവർ എത്രപേരുണ്ടെന്നു പറയാമോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

Industrial Loans.

*311. [6] **Shri T. S. Ramaswami †:** Will the Minister for Finance and Civil Supplies be pleased to state :

(*a*) the amount of industrial loans granted during the financial year 1952-53 ;

(*b*) the names of firms and persons to whom granted ;

(*c*) the purpose for which granted ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) **:**

(*a*) Rs. 9,14,050—9—0.

(*b*) 1. West Coast Fisheries (Travancore) Ltd.
 2. Alagappa Textiles (Cochin) Ltd.
 3. Travancore-Cochin Chemicals Ltd.

(*c*) 1. For the expenses for purchasing refrigerators and also for working capital.
 2. For working capital, and to clear up arrears in wages, etc.
 3. For working capital.

---

† As the Member was absent, the question was put by Shri P. S. Nataraja Pillai, with the permission of the Chair.

Shri P. S. Nataraja Pillai : May I know the respective amounts ?

Shri Panampilli Govinda Menon : The amount given to the West Coast Fisheries, Ltd., is Rs. 1,14,050—9—0, to the Alagappa Textiles Rs. 6,00,000 and to the Travancore-Cochin Chemicals, Rs. 2,00,000.

Shri P. S. Nataraja Pillai: May I know the amount that has been due to the Government from the West Coast Fisheries ?

Shri Panampilli Govinda Menon : I have not got the figures with me now.

Shri P. S. Nataraja Pillai : Has not the West Coast Fisheries been taken over by the Government, or the management changed according to the direction of Government because that Company was not functioning well ?

Shri Panampilli Govinda Menon : The loan was granted after the Company was taken over by Government in order that it may be worked more properly.

Shri P. S. Nataraja Pillai : Was it taken over after receiving any report from any qualified auditor on the assets of the Company ?

Shri Panampilli Govinda Menon : There has been a report.

Shri P. S. Nataraja Pillai : I would like to know whether the report is from any qualified auditor who has examined the assets.

Shri Panampilli Govinda Menon : Yes, there has been a report from a duly qualified auditor.

Shri P. S. Nataraja Pillai : May I know the results of the audit ? May I know whether the assets of the Company are sufficient to cover its debts ?

Shri Panampilli Govinda Menon : This loan has been sanctioned as against good assets.

Shri P. S. Nataraja Pillai : According to the report, are the liabilities greater than its assets ?

Shri Panampilli Govinda Menon : No. That is my recollection.

Shri P. S. Nataraja Pillai : I am putting these questions because the past history of this firm was not very happy.

Shri Panampilli Govinda Menon : That is why it was taken over by Government.

Shri P. S. Nataraja Pillai : Then we should not throw good money on a bad venture.

Shri Panampilli Govinda Menon : After this loan was granted, the ships belonging to the West Coast Fisheries have been reconditioned. The services of two Japanese experts have been requisitioned and they are now working under the Company. The reports are that good catches are being made and that the Company is doing good work now.

Shri P. S. Nataraja Pillai : May I know whether there are any reports about its working and the profits which it might make ?

Shri Panampilli Govinda Menon : The ships have begun to go into the high seas, and catch fish only since about two months now.

Shri P. S. Nataraja Pillai : As regards the Alagappa Textiles, where was the necessity for Government to advance the loan ? Is the policy of Government to advance loans to capitalist concerns as working capital ?

Shri Panampilli Govinda Menon : In this particular case, on account of the want of working capital, the factory remained closed and in order to help the workmen particularly, this loan was advanced against good assets.

Shri P. S. Nataraja Pillai : I want to know whether it is the policy of Government to advance loans as working capital to established industries.

Shri Panampilli Govinda Menon : The policy of Government is to aid industries when they are suffering.

Shri P. S. Nataraja Pillai : May I know whether any dividend was declared by this Mill during the last year ?

Shri Panampilli Govinda Menon : I want notice.

Shri P. S. Nataraja Pillai : May I know whether the Government have enquired about the reserve capital of this Company ?

Shri Panampilli Govinda Menon : Yes. Every relevant fact was enquired into and ascertained.

Shri P. S. Nataraja Pillai : May I know whether it is the conclusion of Government that without this loan the factory would not have run ?

Shri Panampilli Govinda Menon : That was the conclusion which the Government came to.

Shri P. S. Nataraja Pillai : Have the Government any control over the production of this firm ?

Shri Panampilli Govinda Menon : Yes, there is a Director on the Board of Directors.

Shri P. S. Nataraja Pillai : I want to know whether there is any control over the articles produced.

Shri Panampilli Govinda Menon : No.

Shri P. S. Nataraja Pillai : When the Government has not even the control over the articles produced, is it in the interests of Government to advance money to a capitalist for working his concern?

Shri Panampilli Govinda Menon : The interests of Government are well secured.

Shri P. S. Nataraja Pillai : Was it only a banking transaction or an aid to industry for the welfare of the State ?

Shri Panampilli Govinda Menon : It was an aid to industry for the welfare of the State.

Shri P. S. Nataraja Pillai : Is it not the duty of the Government to see that the articles produced in the factory are being utilised in the country itself ?

Shri Panampilli Govinda Menon : The article produced in that factory is cotton yarn ; it comes under the control of the Textile Commissioner of the Government of India and it is allotted to this State also according to the Textile Control Order.

Shri P. S. Nataraja Pillai : When we are importing yarn from outside, will it not be more profitable to the weavers of this country to get the yarn produced in their country itself ?

Shri Panampilli Govinda Menon : They are getting yarn from this factory.

Shri P. S. Nataraja Pillai : From this Factory ?

Shri Panampilli Govinda Menon : Yes.

Shri P. S. Nataraja Pillai : May I know the quantity ?

Shri Panampilli Govinda Menon : I have no idea.

Shri P. S. Nataraja Pillai : What is the quantity exported ?

Mr. Speaker : I want the hon. Member to realise that these questions are far-fetched.

Shri P. S. Nataraja Pillai: As regards (3) what is the paid-up capital ?

Shri Panampilli Govinda Menon : My recollection is that it is somewhere about Rs. 75 lakhs.

ശ്രീ. എ. കുഞ്ഞൻനാടാർ: ഇൻഡസ്ട്രിയൽ ലോൺസ് കൊടുക്കുന്നതു സംബന്ധിച്ച് കസ്തൂരിബായി റിപ്പോർട്ടിൽ എന്തെങ്കിലും നിർദ്ദേശം ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നിർദ്ദേശം എന്തെങ്കിലും ഉള്ളതായി തോന്നുന്നില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: ഇൻഡസ്ട്രിയൽ ലോൺ കൊടുക്കുന്നതു സംബന്ധിച്ച് പൊതുവേ ആ റിപ്പോർട്ടിൽ എന്തെങ്കിലും നിർദ്ദേശമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്തെങ്കിലും നിർദ്ദേശമുള്ളതായി ഓർക്കുന്നില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: ഈ കമ്പനികളുടെ മാനേജിംഗ് ഏജൻറന്മാർ എന്തു തുക ഇൻവെസ്റ്റ് ചെയ്തിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓരോ കമ്പനിയിലും ഉള്ള തുക ഇത്രയെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. അച്യുതമേനോൻ: അളകപ്പാ ടെക്സ്റ്റയിൽ കമ്പനിക്കു ലോൺ കൊടുക്കുന്ന അവസരത്തിൽ അവരിൽനിന്നും എന്തെങ്കിലും തുക ഗവണ്മെൻറിനു ഈടാകുവാനായി ഉണ്ടായിരുന്നുവോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. സി. അച്യുതമേനോൻ: ഇലക്ട്രിക്സപ്ലൈ ഇനത്തിൽ അവരിൽനിന്നും ഒരു തുക ഈടാകുവാനായി ഉണ്ടായിരുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല. എന്നാൽ ഒരു ലക്ഷം രൂപ എൻഡോമെൻറായി നൽകിയിരുന്നതിൻെറ പലിശ അവർ തന്നു കൊണ്ടാണിരുന്നതു്. ആ ഇനത്തിൽ ഗവണ്മെൻറിനു ഈടാകുവാനുണ്ടായിരുന്ന തുക ഈടാക്കിയിട്ടുണ്ടു്.

ശ്രീ. സി. അച്യുതമേനോൻ: അളകപ്പാ ടെക്സ്റ്റയിൽസിൻെറ കണക്കുകൾ പരിശോധിച്ചതിൻെറ ശേഷമാണു ലോൺ കൊടുത്തതെന്നു പറയുകയുണ്ടായി. തൊഴിലാളികൾക്കു കൂലി കൊടുക്കുവാൻ സാധിക്കാത്തവണ്ണം അത്ര അധികം ദയനീയമായിരുന്നുവോ അളകപ്പാ ടെക്സ്റ്റയിൽസിൻെറ ധനസ്ഥിതി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്നാണു ഗവണ്മെൻറിനു കിട്ടിയ റിപ്പോർട്ടു്.

ശ്രീ. സി. അച്യുതമേനോൻ: അതോ, തൊഴിലാളികൾക്കു കൂലി ഒന്നും കൊടുക്കാതെ ലാക്കൌട്ടു ചെയ്തശേഷം ലോൺ വാങ്ങിക്കാൻ വേണ്ടി ഒരു മെഷർ ആയിട്ടു് ഗവണ്മെൻറിനെ അപ്രകാരം ധരിപ്പിച്ചതാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല.

ശ്രീ. സി. അച്യുതമേനോൻ: അളകപ്പാ ടെക്സ്റ്റയിൽസിൻെറ പ്രവർത്തനച്ചെലവിനും എസ്റ്റാബ്ലിഷ്മെൻറ ചെലവിനുംകൂടി അല്ലേ ലോൺ കൊടുത്തിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. എം. ഗോപാലൻനായർ: ഈ ലോൺ കൊടുത്തിട്ടുള്ളതു തിരികെ കിട്ടുമെന്നുള്ള ഉറപ്പിന്മേലല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. എം. ഗോപാലൻനായർ: എന്തു വ്യവസ്ഥയിന്മേലാണ് ഈ ഉറപ്പു വാങ്ങിയിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ അസറ്റ്സുകൾ മുഴുവൻ ജാമ്യം നിറുത്തി ഒരു മോർട്ട്ഗേജ് ബോണ്ട്, പണം തിര്യെ അടക്കാതിരിക്കുന്നപക്ഷം വ്യവഹാരം കൂടാതെ അതു് ഈടാക്കത്തക്ക വ്യവസ്ഥയിൽ എഴുതിവാങ്ങിയിട്ടുണ്ട്?

ശ്രീ. എം. ഗോപാലൻനായർ: അളകപ്പാ ടെക്സ്റ്റയിൽസിലെ ഷെയറുകൾ ഭൂരിപക്ഷവും ചെട്ടിയാരുടെ വകയല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആയിരിക്കാം.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: കടം കൊടുക്കുന്നതിനുമുമ്പ് അതിനെപ്പറ്റി ആർക്കെങ്കിലും ആക്ഷേപമുണ്ടോ എന്നു കാണിച്ച് ഗസറ്റിലോ പത്രങ്ങളിലോ പരസ്യപ്പെടുത്താറുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ചെയ്യാറില്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: അങ്ങനെ പരസ്യപ്പെടുത്തുന്നതു് ഗവണ്മെന്റിന്റെ കാര്യത്തിന് അത്യന്താപേക്ഷിതമാണെന്നു തോന്നുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ വേണമെന്നു നിർബന്ധമില്ല.

Shri J. Raghavan Pillai : What are the terms on which the loan was granted ?

Mr. Speaker : That has already been answered. An agreement was taken under the Indian Companies Act, etc.

ശ്രീ. എൻ. രാജഗോപാലൻനായർ: അളകപ്പാ ടെക്സ്റ്റയിൽസിൽനിന്നും എന്തെല്ലാം സെക്യൂരിറ്റികളാണ് ഗവണ്മെന്റ് വാങ്ങിയിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവരുടെ മൂവബിൾ ആന്റ് ഇമ്മൂവബിൾ പ്രോപ്പർട്ടീസ്, ഫ്ളോട്ടിംഗ് അസറ്റ്സ്, ഇതൊക്കെയാണ് സെക്യൂരിറ്റിയായി വാങ്ങിട്ടുള്ളതു്.

Shri T. K. Krishnan : Are the Government aware that the Income Tax Department has—

Mr. Speaker : We are at the Industrial Loans; so are we not straying away from the point ?

Shri T. K. Krishnan : When I have put the question, it will be found relevant. Are the Government aware that, while they were granting this loan, the Income Tax Department was proceeding against this firm for realising Income Tax ?

Shri Panampilli Govinda Menon : Government are not aware.

Shri T. K. Krishnan : Was the loan granted after taking advice from the State Aid to Industries Board ?

Mr. Speaker : That is yet to take place. The House will soon elect three Members to the Industries Board. But it will function so far as future transactions are concerned, but past is past.

<u>ശ്രീ. ടി. ടി. കേശവൻശാസ്ത്രി</u> : വായ്പ സംഖ്യകൾ തിരികെ അടക്കേണ്ട സമയം കണക്കാക്കപ്പെടുത്തിട്ടുണ്ടോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : മുതലിൽ പതിനായിരം രൂപ അഞ്ചു ശതമാനം പലിശയോടുകൂടി പ്രതിമാസം അടക്കണമെന്നുള്ള വ്യവസ്ഥയോടുകൂടിയാണ് ലോൺ കൊടുത്തിട്ടുള്ളത്.

<u>ശ്രീ. ഇ. കൃഷ്ണൻനായർ</u> : അളകപ്പാടെക്സ്റ്റയിൽസ് കമ്പനിയുടെ അസററസ് ശരിയായിട്ടുള്ളതാണോ എന്നു ഗവൺമെൻറ പരിശോധിച്ചിട്ടുണ്ടോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : അവ വേണ്ടപോലെ പരിശോധിച്ച് ശരിയായിട്ടുള്ളതാണെന്നു റിപ്പോർട്ടു കിട്ടിയതിനു ശേഷമാണ് ലോൺ കൊടുത്തിട്ടുള്ളത്.

<u>ശ്രീ. ഇ. കൃഷ്ണൻനായർ</u> : ഈ കമ്പനിക്ക് എന്തു ലാഭം കിട്ടിയിട്ടുണ്ട്?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u> : അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

Cement Supply.

* 312. [7] **Shri T. S. Ramaswami** † : Will the Minister for Finance and Civil Supplies be pleased to state :

(*a*) is there any order of Government prohibiting transport of cement from outside into the State ; and

(*b*) if so, why ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) :

(*a*) There is no order of Government prohibiting Transport of cement from outside the State into the State.

(*b*) The question does not arise.

---

† As the Member was absent, the question was put by Shri P. S. Nataraja Pillai, with the permission of the Chair.

Shri P. S. Nataraja Pillai : May I know whether the Government have contracted for the cement manufactured at the Cement Factory, Travancore, at a higher rate than of cement available in the market?

Shri Panampilli Govinda Menon : That was long ago, not now.

ശ്രീ. എ. കുഞ്ഞൻനാടാർ : ഇപ്പോഴും ഗവൺമെൻറിനാവശ്യമുള്ള സിമൻറ് തിരുവിതാംകൂർ സിമൻറ് ഫാക്ടറിയിൽ നിന്നല്ലേ വാങ്ങിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നമ്മുടെ രാജ്യത്തിന്റെ ആവശ്യം മുഴുവൻ സിമൻറ്ഫാക്ടറിയിലുള്ള സിമൻറുകൊണ്ടു് നിർവഹിക്കുകയില്ല. സിമൻറിനു ഇപ്പോഴും ഇൻഡ്യാഗവൺമെൻറിന്റെ കൺട്രോളുണ്ടു്. അതനുസരിച്ചു് നമ്മുടെ രാജ്യത്തേയ്ക്കു മൂന്നു മാസം കൂടുമ്പോഴും വേണ്ട സിമൻറ് അലാട്ടു ചെയ്തിട്ടുണ്ടു്. അതിലേക്കു് ഈ കമ്പനിയിൽ ഉണ്ടായിരുന്ന സിമൻറു മുഴുവൻ അലാട്ടുചെയ്തു. അതു് ഏകദേശം നാലായിരം ടൺ വരും. പോരാത്തതു് മററിടങ്ങളിൽനിന്നും അലോട്ടുചെയ്യും.

ശ്രീ. എ. കുഞ്ഞൻനാടാർ : മററിടങ്ങളിലുള്ള സിമൻറിനും ഇവിടത്തെ സിമൻറിനും ഉള്ള വിലക്ക തമ്മിൽ വ്യത്യാസം ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വ്യത്യാസമുള്ളതായി തോന്നുന്നില്ല.

Shri A. A. D. Luiz: Have the Government received any complaint regarding the quality of the cement produced there?

Shri Panampilli Govinda Menon: No.

Salt Industry.

※ 313. [8] **Shri T. S. Ramaswami :** † Will the Minister for Finance and Civil Supplies be pleased to state :

(*a*) are the Government aware of the difficulties of the salt industry in the State because of competition from outside ; and

(*b*) what steps are the Government prepared to take to protect this only major industry from outside competition in South Travancore ?

Minister for Medicine and Public Health **(Shri V. Madhavan) :**

(*a*) Yes.

(*b*) As the salt administration is now under the control of the Centre, this Government is not in a position to regulate the

† As the Member was absent, the question was put by Shri P. S. Nataraja Pillai, with the permission of the Chair.

imports or sale of salt as was done previously. It is for the Licensees concerned to move the Central Government for redressing their grievances.

Shri P. S. Nataraja Pillai : May I know whether the production of salt in the country is sufficient for the country ?

Mr. Speaker : It is a well-known fact.

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഈ രാജ്യത്തുണ്ടാകുന്ന ഉപ്പ് ഈ രാജ്യത്തിന്റെ ആവശ്യത്തിനു മുഴുവൻ മതിയാകുകയില്ലേ?

ശ്രീ. വി. മാധവൻ : മതിയാകുമായിരിക്കും.

ശ്രീ. പി. എസ്സ്. നടരാജപിള്ള ; മുമ്പ് ഉപ്പളങ്ങളിൽ പ്രൈവററായി ഉപ്പ് ഉണ്ടാക്കിക്കൊണ്ടിരുന്ന കാലത്ത് ഒരാണ്ടേക്കു ആവശ്യമുള്ളതിൽ അധികം ഉല്പാദനം ഉണ്ടായിക്കൊണ്ടിരുന്നില്ലേ?

ശ്രീ. വി. മാധവൻ : ഉണ്ടായിക്കൊണ്ടിരുന്നു.

ശ്രീ. പി. എസ്സ്. നടരാജപിള്ള : തിരുവിതാംകൂറിലെ ഉപ്പിനും തൂത്തുക്കുടിയിൽനിന്നും വരുത്തുന്ന ഉപ്പിനും തമ്മിൽ വിലവ്യത്യാസമുണ്ടോ?

ശ്രീ. വി. മാധവൻ : തിരുവിതാംകൂറിലെ ഉപ്പിന് അല്പം വിലക്കൂടുതലുണ്ടെന്നാണ് ഗവണ്മെന്റ മനസ്സിലാക്കിയിരിക്കുന്നത്.

ശ്രീ. പി. എസ്സ്. നടരാജപിള്ള ; അവിടുന്നു ഇറക്കുമതിചെയ്യുന്ന ഉപ്പിന്റെ വിലക്കുറവുകൊണ്ട് ഇവിടത്തെ ഉപ്പുവ്യവസായത്തിനു അധഃപതനം ഉണ്ടാകാതിരിക്കാൻ വല്ല പ്രത്യേക നടപടികളും ഗവണ്മെന്റ എടുക്കുന്നുണ്ടോ?

ശ്രീ. വി. മാധവൻ : തൂത്തുക്കുടിയിലെ ഉപ്പുനിർമ്മാണം ഇൻഡ്യാ ഗവണ്മെന്റിന്റെ അധീനതയിലാണ് നടത്തുന്നത്. ആ സ്ഥിതിക്കു നമുക്കു അതിൽ പ്രവേശിച്ച് അതിനെ തടയുന്നതിനോ, വില നിയന്ത്രിക്കുന്നതിനോ അവകാശമില്ല. വല്ല നഷ്ടവും നമ്മുടെ ഉപ്പുനിർമ്മാണത്തിനെ സംബന്ധിച്ച് ഉണ്ടാകുകയാണെങ്കിൽ വിവരം ഇൻഡ്യാ ഗവണ്മെന്റിനെ അറിയിക്കുകയല്ലാതെ മറെറാന്നും സാധ്യമല്ല.

ശ്രീ. പി. എസ്സ്. നടരാജപിള്ള : ഉപ്പുനിർമ്മാണവ്യവസായം രാജ്യത്തെയും പൊതുജനങ്ങളെയും ഒരുപോലെ സാമ്പത്തികമായി ബാധിക്കുന്ന ഒന്നാകയാൽ അതിൽ വച്ചുണ്ടാകുന്ന നഷ്ടമോ അധഃപതനമോ മൂലം വ്യവസായം അധഃപതിച്ചുപോകുകയാണെങ്കിൽ അതിനെ തടയുന്നതിനു ഈ ഗവണ്മെന്റിനു അവകാശമില്ലെന്നാണോ വിചാരിക്കേണ്ടത്?

ശ്രീ. വി. മാധവൻ ; വളരെ മുൻപുതന്നെ ഈ കാര്യം ഇൻഡ്യാ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്.

ശ്രീ. പി. എസ്സ്. നടരാജപിള്ള ; ഉപ്പുനിർമ്മാണത്തിൽ കൂടുതൽ ചെലവു ഇവിടത്തെ വ്യവസായികൾക്ക് ഉണ്ടാകുന്നുണ്ടെന്നും തന്മൂലം വലിയ നഷ്ടം ഉണ്ടാകുന്നുണ്ടെന്നുമുള്ള വിവരം അറിയിച്ചിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ഉപ്പുനിർമ്മാണത്തിൽ കൂടുതൽ ചിലവു ഇവിടത്തെ വ്യവസായികൾക്കു് ഉണ്ടാകുന്നുണ്ടെന്നും മററും ഇൻഡ്യാഗവണ്മെൻറിനെ അറിയിച്ചിട്ടുണ്ടു്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: അവയ്ക്കു വേണ്ടി എന്തു പരിഹാരമാണു് കൈക്കൊള്ളേണ്ടതെന്നു ആ ഗവണ്മെൻറുമായി ആലോചന നടത്തിയിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: ആലോചന നടത്തിയിട്ടുണ്ടെന്നു ഞാൻ മുൻപുതന്നെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ആലോചനയുടെ ഫലമായി വല്ല നിർദ്ദേശവും തന്നിട്ടുണ്ടോ?

ശ്രീ. വി. മാധവൻ: പ്രത്യേകമായി നിർദ്ദേശങ്ങളൊന്നുമില്ല. ഉപ്പുവ്യവസായികൾ സെൻട്രൽ ഗവണ്മെൻറിൽ നേരിട്ടു പരാതിപ്പെടുകയാണെങ്കിൽ ഒരു പക്ഷെ പെട്ടെന്നു ഒരു തീരുമാനമുണ്ടായേക്കും.

ശ്രീ. എൻ. രാജഗോപാലൻ നായർ: നഷ്ടമുണ്ടാകുന്നതിനെപ്പററി പരാതി പറയുവാൻ ഇവിടത്തെ ഉപ്പുവ്യവസായികൾ കേന്ദ്രഗവണ്മെൻറിനെ സമീപിക്കണമെന്നു പറയുന്നു. ഉപ്പിനെ സംബന്ധിച്ചിടത്തോളം തൂത്തുക്കുടിയിൽ നിന്നും വരുന്ന ഉപ്പു വില കുറവായതുകൊണ്ടു് പൊതുജനങ്ങൾക്കു് ലാഭമല്ലേ ഉണ്ടാകുന്നതു്?

ശ്രീ. വി. മാധവൻ: ഈ സംഗതിയിൽ രണ്ടു വശങ്ങളുണ്ടു്. തൂത്തുക്കുടിയിൽ നിന്നും ഇവിടെ വരുന്ന ഉപ്പു വില കുറവായതുകൊണ്ടു് പൊതുജനങ്ങൾക്കു് ലാഭമുണ്ടാകുന്നു. ഇവിടത്തെ വ്യവസായികൾക്കു് തന്നിമിത്തം നഷ്ടമുണ്ടാകുന്നു. ഇവരുടെ നഷ്ടം പരിഹരിക്കണമെങ്കിൽ കേന്ദ്രഗവണ്മെൻറിനെ സമീപിച്ചാൽമതിയെന്നാണു് ഞാൻ പറഞ്ഞതു്.

കയർമിനിമംവേജസ് കമ്മിററി റിപ്പോർട്ടു്.

* ൩൭൪. [൨൭] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർമിനിമം വേജസ് കമ്മററിയുടെ റിപ്പോർട്ടു് ഗവണ്മെൻറിലേക്കു് സമർപ്പിച്ചോ;

(ബി) ഉണ്ടെങ്കിൽ, എന്തു നടപടികൾ എടുത്തു? എടുത്തില്ലെങ്കിൽ ഉടനെ എന്തെങ്കിലും ചെയ്യാൻ ഗവണ്മെൻറു് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഈ കമ്മററിയെ നിയമിച്ചിട്ടു് എത്ര കാലമായി;

(ഡി) കമ്മററിയെ നിയമിച്ചതിനുശേഷം തൊഴിലാളികളുടെ കൂലി പല സ്ഥലങ്ങളിലും കുറച്ചിട്ടുള്ളതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എന്തു നടപടികൾ നടത്തി?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) കയർമിനിമം വേജസ്സ് കമ്മിററിയുടെ റിപ്പോർട്ട് ഗവൺമെൻറിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

(ബി) അതിൻപ്രകാരം തുടർച്ചയായി ഗവൺമെൻറ വേണ്ട നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

(സി) കമ്മിററിയെ നിയമിച്ചിട്ട് ഒരു വർഷവും മൂന്നു മാസവും കഴിഞ്ഞു.

(ഡി) ഉണ്ട്.

(ഇ) ചില തർക്കങ്ങൾ അഡ്ജൂഡിക്കേഷനു വിട്ടുകൊടുക്കകയും മററ ചില തർക്കങ്ങൾ ഒരു അന്വേഷണത്തിനു വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനും പുറമെ വ്യവസായമാന്ദ്യമാണ് ഈ കൂലികുറയ്ക്കലിനു കാരണമായതെന്നു മനസ്സിലാക്കി വിൽപ്പനനികുതി ഇളവുചെയ്യുകയും വ്യവസായത്തിൻെറ ഉന്നമനത്തിനു വേണ്ടുന്ന നടപടികൾ നടത്തുകയും ചെയ്തു.

ശ്രീ. പ്രാക്കുളംഭാസി: വേജസ്കമ്മിററിയുടെ റിപ്പോർട്ട് പരസ്യപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സാധാരണ റിപ്പോർട്ടുകൾ വന്നാൽ അവ അഡൈ്വസറി കമ്മിററിയുടെയക്കുകയാണു പതിവ്. റിപ്പോർട്ടിന്മേൽ അഡൈ്വസറിക്കമ്മിററിയുടെ അവസാന തീരുമാനം ഉണ്ടായതിനുശേഷമെ പരസ്യപ്പെടുത്താറുള്ളു.

ശ്രീ. പ്രാക്കുളം ഭാസി: അപ്പോൾ ഇതുവരെ പരസ്യപ്പെടുത്തിയിട്ടില്ലെന്നാണോ വിചാരിക്കേണ്ടതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: റിപ്പോർട്ടു വന്നാലുടനെ അവ അംഗീകരിച്ചു പ്രസിദ്ധപ്പെടുത്തുകയല്ല ചെയ്യുന്നതു്. ചില നടപടികൾ അതിലേക്ക് കൈക്കൊള്ളണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആ വ്യവസ്ഥപ്രകാരം പ്രവർത്തിക്കുകയാണ് സാധാരണ പതിവ്.

ശ്രീ. ടി. കെ. ദിവാകരൻ: മിനിമംവേജസ്കമ്മിററിയുടെ റിപ്പോർട്ട് എന്നു കിട്ടിയെന്നു പറയാൻ ഭയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളിഗോവിന്ദമേനോൻ: കഴിഞ്ഞ ജനവരിയിലാണ്.

ശ്രീ. ടി. കെ. ദിവാകരൻ: റിപ്പോർട്ടു കിട്ടിയാൽ അവ രണ്ടു മാസത്തിനകം പ്രസിദ്ധപ്പെടുത്തണമെന്നു വ്യവസ്ഥയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടെങ്കിൽ അതനുസരിച്ചു പ്രവർത്തിക്കാം.

ശ്രീ. ടി. കെ. ദിവാകരൻ: കയർ വ്യവസായത്തെ പ്രതിനിധീകരിക്കുന്നവരെക്കൂടി അഡൈ്വസറിക്കമ്മിററിയിൽ നോമിനേററുചെയ്യാൻ ഗവൺമെൻറ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉദ്ദേശിക്കുന്നുണ്ട്.

Cement Factories.

*315. [12] **Shri K. Bhanu :** Will the Minister for Civil Supplies be pleased to state :

(a) how many Cement Factories are working at present in our State ;

(b) the total capital invested in this industry ;

(c) the total number of labourers employed in this industry at present ; and

(d) what control Government exercise over cement industry?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) **:**

(a) There is only one cement factory working in this State.

(b) The total capital invested in this industry is Rs. 1,27,00,000.

(c) the number of labourers employed is 392.

(d) Government exercise control over the procurement and distribution of cement through the honorary Cement Controller.

Shri K. Bhanu : Is there any investment by our Government in this industry ?

Shri Panampilli Govinda Menon : Yes.

ബസ്സ് പെർമിററുകൾ.

*൩൧൬. [൧൪] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവററു ബസ്സ് റൂട്ടുകളിലുള്ള ബസ്സ് പെർമിററുകൾ കൈമാററാൻ പാടില്ലെന്നുള്ള നിയമം ഈ സംസ്ഥാനത്തു ഇപ്പോൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അങ്ങനെ കൈമാററം നടത്തിയിട്ടുള്ള പെർമിററുകളുടെ മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട് ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ) : (എ) ഇല്ല.

(ബി), (സി) ഉദിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ : ബസ്സ് പെർമിററുകൾ കൈമാററംചെയ്യുവാൻ പാടില്ല എന്നുള്ളതിലേക്ക് എന്തെങ്കിലും നിയമം കൊണ്ടുവരാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൈമാററം ചെയ്യാൻ പാടില്ലെന്നുള്ളത് ഒരു നിയമംമൂലം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നില്ല. നിലവിലിരിക്കുന്ന വ്യവസ്ഥ മതിയാകുമെന്നാണു ഗവണ്മെൻറിൻെറ വിശ്വാസം.

ശ്രീ. വി. ശ്രീധരൻ: ബസ്സ്റൂട്ടുകളുടെ പെർമിററുകൾ കൈമാററം ചെയ്തിട്ടുണ്ടെങ്കിൽ അവ ഗവണ്മെൻറിൻെറ മുൻകൂട്ടിയുള്ള അനുവാദത്തിനു ശേഷമാണോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മിക്കവാറും അനുവാദത്തോടു കൂടിയായിരിക്കും.

ശ്രീ. വി. ശ്രീധരൻ: അനുവാദമില്ലാതെ കൈമാററം ചെയ്തിട്ടുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെയുണ്ടെന്നു വല്ല പരാതികളും ഗവണ്മെൻറിനു കിട്ടിയാൽ അന്വേഷണം നടത്താം.

ശ്രീ. എ. സാംരാജ്: അനുവാദമില്ലാതെ ബസ്റൂട്ട് പെർമിററുകൾ മേലാൽ കൊടുക്കാൻ പാടില്ലെന്നും ആ പെർമിററുകൾ ഞങ്ങളുടെ പേരിൽ തരണമെന്നും മററും കാണിച്ചു വല്ലവരും അപേക്ഷകൾ അയച്ചാൽ ഗവണ്മെൻറ സ്വീകരിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അനുവാദമില്ലാതെ പെർമിററ കൈമാററം ചെയ്തിട്ടുള്ളവക്ക് മേലാൽ പെർമിററ കൊടുക്കുന്നതു ദോഷകരമാണെന്നു ബോദ്ധ്യപ്പെട്ടാൽ ഗവണ്മെൻറ് ആ കാര്യം ആലോചിക്കുന്നതാണ്.

കളിമൺ ഫാക്ടറികൾ.

✻ നം. ൧൭. [൧൫] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തുള്ള കളിമൺ ഫാക്ടറികളിൽ വല്ലതും ൧൧൨൮-ാം വർഷത്തിൽ നിറുത്തലാക്കിയോ; നിറുത്തലാക്കിയിട്ടുണ്ടെങ്കിൽ ഏതാണെന്നും അതിനുള്ള കാരണമെന്താണെന്നും പറയുമോ?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഉവ്വ്.

ഇത്തിക്കരയിലുള്ള ട്രാവൻകൂർ പോട്ടറീസ്, ചാലക്കുടിയിലുള്ള കൊച്ചിൻ പോട്ടറീസ് ഇവകൾ തൽക്കാലം പ്രവർത്തനം ചെയ്യാതെ കിടക്കുന്നു. ട്രാവൻകൂർപോട്ടറീസ് ൨-൧-൨൮ മുതൽ അടച്ചിട്ടിരിക്കയാണ്. ഇതിൻെറ കാരണം അതിൻെറ പ്രവർത്തനത്തിനു വേണ്ടത്ര പണമില്ലെന്നുള്ളതാണ്. കൊച്ചിൻപോട്ടറീസ് ൫-൧൧-൨൭ മുതൽ പൂട്ടിയിട്ടിരിക്കുകയാണ്. അവിടെയുണ്ടാക്കുന്ന സാധനങ്ങൾക്ക് വേണ്ടത്ര കച്ചോളം കിട്ടാത്തതാണ് പ്രധാന കാരണം.

ശ്രീ. കെ. കുട്ടപ്പൻ: ൧൯൪൯ മുതൽ മാവേലിക്കരയുള്ള ഒരു കളിമൺ ഫാക്ടറി അടച്ചുപൂട്ടിയിട്ടിരിക്കുന്ന വിവരം അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: ചാലക്കുടിയിലെ പോട്ടറീസ് ഫാക്ടറി പൂട്ടിയിട്ടതിനുശേഷം തൊഴിലാളികൾക്കുവേണ്ടി വല്ലതെങ്കിലും റിലീഫ് വ്യവസ്ഥ നൽകുകയുണ്ടായോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: ഈ ഫാക്ടറി പൂട്ടുന്നതിനെ സംബന്ധിച്ച് ൧൪ ദിവസത്തെ നോട്ടീസ് കൊടുത്തിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: കഴിഞ്ഞ സെപ്റ്റംബർ ൭-ാംനു-യാണു ഈ ഫാക്ടറി പണിമുടക്ക് ചെയ്തിട്ടുള്ളതെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഔദ്യോഗികമായി പണിനിറുത്തിയിട്ടുള്ളതു് കഴിഞ്ഞ നവംബർ ൨-ാംനു- മുതൽക്കാണു്. ആ സ്ഥിതിക്ക് ഒരു മാസത്തെ നോട്ടീസു കൊടുത്തിരിക്കാൻ ഇടയുണ്ടു്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടിവാര്യർ: ചാലക്കുടിയിലെ പോട്ടറീസ് ഫാക്ടറി അടയ്ക്കാൻ ഇടയായതു് പാരി ആൻഡു് കമ്പനിയുടെ കാമ്പറ്റിഷൻകൊണ്ടാണെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയാണെന്നു തോന്നുന്നില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: അടച്ചിട്ടിരിക്കുന്ന വ്യവസായ ഫാക്ടറി ഉടമസ്ഥന്മാർ മൂലധനത്തിന്റെ കുറവാണെന്നു കാണിച്ചു് ധനസഹായത്തിനു അവർ അപേക്ഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇത്തിക്കരയുള്ള ഫാക്ടറി ഉടമയിൽനിന്നും അപേക്ഷ വന്നിട്ടുണ്ടു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: അതിന്മേൽ ധനസഹായം ചെയ്യേണ്ടതാണെന്നു തോന്നുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെ സംബന്ധിച്ചിടത്തോളം അന്വേഷണത്തിലിരിക്കുന്നു.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: പൂട്ടിയിട്ട ഫാക്ടറിയിൽ എന്തെല്ലാം സാമാനങ്ങളാണു് ഉണ്ടാക്കിവന്നിരുന്നതെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഭരണി, പിഞ്ഞാണം മുതലായ സാധനങ്ങളാണു്.

Rice Mill Committee.

* 318. [16] **Shri A. Kunjan Nadar :** Will the Minister for Industries be pleased to state :

(*a*) whether the Rice Mill Committee has published its report ;

(*b*) if so, whether it would be made available to the public, and when ; and

(*c*) what is the total amount spent by the Government for the Committee and its report till this date ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) :

(*a*) The Rice Mill Committee have not published their report.

(*b*) This will be considered after Government have examined the report.

(*c*) The total amount spent by the Government till the 4th of March 1953 is Rs. 1,557-2-0.

ശ്രീ. എ. കുഞ്ഞൻനാടാർ: ഈ റിപ്പോർട്ട് പരസ്യപ്പെടുത്തണമെന്നോ അതോ വേണ്ടെന്നോ ഗവണ്മെന്റ നിശ്ചയിച്ചിരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പരസ്യപ്പെടുത്തേണ്ടി വന്നാൽ പരസ്യപ്പെടുത്തുന്നതാണ്. അല്ലെങ്കിൽ ഇല്ല.

ശ്രീ. കെ. കെ. കുമാരപിള്ള: ഈ മിൽ കമ്മററി തന്നെയാണോ റിപ്പോർട്ടു സമർപ്പിച്ചിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. കെ. കെ. കുമാരപിള്ള: അതിന്റെ തീയതി എന്നാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ നല്ല ഓർമ്മയില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: കമ്മററിയുടെ റിപ്പോർട്ടിനെപ്പററി അന്വേഷണം നടത്തുന്നതിനുമുമ്പു് ചില റൈസ്മില്ലിലെ പ്രവർത്തനം അനധികൃതമായി അനുവദിച്ചിട്ടില്ലേ?

Mr. Speaker : Mr. Kumara Pillai, this has been answered on a prior occasion. It has been stated here that the report has not been published, and in answer to (b) that it will be considered after the report is examined by Government.

ശ്രീ. കെ. കെ. കുമാരപിള്ള: അനധികൃതമായി അനുവദിച്ചിട്ടുണ്ടോയെന്നാണെന്റെ ചോദ്യം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, ആ ചോദ്യം പരസ്പരവിരുദ്ധമായിട്ടുള്ള ഒന്നാണ്. അനധികൃതമായി എങ്ങനെയാണനുവദിക്കുന്നതു്? അതെനിക്കു മനസ്സിലാകുന്നില്ല.

ശ്രീ. കെ. കെ. കുമാരപിള്ള : ചില സ്ഥലങ്ങളിൽ പോലീസ് ഇടപെട്ടു റൈസ്മില്ലിന്റെ പ്രവർത്തനം നിരോധിക്കുകയും മററു ചില സ്ഥലങ്ങളിൽ റൈസ്മിൽ തുടന്നു പ്രവർത്തിക്കുകയും ചെയ്തിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഗവണ്മെൻറിന്റെ ഉത്തരവിനെതിരായി ചില സ്ഥലങ്ങളിൽ റൈസ്മില്ലുകൾ പ്രവർത്തിക്കുന്നു എന്നറിവു കിട്ടിയതിന്റെ ഫലമായിട്ടാണ് അവകളെ തടഞ്ഞതു്. നിയമവിരുദ്ധമായി പ്രവർത്തിക്കുന്നു എന്നറിവു കിട്ടിയാൽ ഉടൻ ഗവണ്മെൻറ് ആ കാര്യത്തിൽ ഇടപെടും.

ശ്രീ. ആർ. കേശവപിള്ള : ഈ റിപ്പോർട്ടിന്മേൽ തീരുമാനം എടുക്കാണ്ടായെന്നാണോ ഗവണ്മെൻറ വിചാരിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എന്തെങ്കിലും ഒരു തീരുമാനം എടുക്കാതിരിക്കുകയില്ല.

Sales Tax on Jaggery.

※ 319. [17] **Shri A. Kunjan Nadar :** Will the Minister for Finance be pleased to state :

(*a*) whether the Government received any representation for the abolition of sales tax on jaggery ; and

(*b*) if so, what action is taken by the Government ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*) Yes.

(*b*) The matter was considered and recorded by the Government as it was found not feasible to grant such exemption.

ശ്രീ. എ. കുഞ്ഞൻനാടാർ : ഏതെല്ലാം സ്ഥലങ്ങളിൽ നിന്നാണ് റെപ്രസെന്റേഷൻ കിട്ടിയിട്ടുള്ളതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ട്രാവൻകൂർ സെൻട്രൽ കോവാപ്പറേറ്റീവ് സൊസൈററിയിൽനിന്നു്.

ശ്രീ. എ. കുഞ്ഞൻനാടാർ : മറെറതെങ്കിലും കാട്ടേജ് ഇൻഡസ്ട്രിയിൽ നിന്നും റെപ്രസെന്റേഷൻ കിട്ടിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടായിരുന്നിരിക്കും.

ശ്രീ. എ. കുഞ്ഞൻനാടാർ : ഈ സെയിൽസ് ടാക്സ് മൂലം പഞ്ചസാരവ്യവസായവുമായി മത്സരിക്കുവാൻ കരുപ്പട്ടി വ്യവസായികൾക്കു് സാദ്ധ്യമല്ലെന്നുള്ളതു് ഗവണ്മെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉള്ളതായി അറിവില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: ഉണ്ടെങ്കിൽ അതിനെപ്പററി അന്വേഷിക്കാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്വേഷിച്ചിട്ടുള്ളതാണു്, ഇനിയും അന്വേഷിക്കാൻ വിരോധമില്ല.

ശ്രീ. എം. ഗോപാലൻനായർ: കുടിൽ വ്യവസായമായ കരുപ്പട്ടി ഒരു ആഹാരസാധനം കൂടിയല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആഹാരമായിട്ടല്ലാതെ മററൊരുതരത്തിലും ഉപയോഗിക്കുന്നതായി ഞാൻ മനസ്സിലാക്കിയിട്ടില്ല.

ശ്രീ. സി. അച്യുതമേനോൻ: മദ്യനിരോധനംമൂലം തൊഴിലില്ലാതായിതീർന്നിട്ടുള്ള മേഖലകളിലെ ചെത്തുതൊഴിലാളികളെ പ്രോത്സാഹിപ്പിക്കുന്ന നയം ഗവണ്മെൻറ് അംഗീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്.

ശ്രീ. സി. അച്യുതമേനോൻ: സെയിൽസ് ടാക്സ് കൊടുക്കുവാൻ നിവൃത്തിയില്ലാത്ത കരുപ്പട്ടിവ്യവസായികളുടെ ടാക്സ് നിറുത്തൽ ചെയ്യേണ്ടതാണെന്നു് ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ആ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനു് ആവശ്യമായ ഒരു കാരണമാണെന്നു് ആതോന്നുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ: കുന്നംകുളത്തുള്ള ഒരു കരുപ്പട്ടി വ്യവസായസ്ഥാപനത്തിനു് സെയിൽസ് ടാക്സ് കൊടുക്കുവാൻ സാധിക്കാതെ വരുന്നുണ്ടെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിഞ്ഞുകൂടാ.

ശ്രീ. സി. അച്യുതമേനോൻ: സെയിൽസ്ടാക്സ് കൊടുക്കുവാൻ ബുദ്ധിമുട്ടാണെങ്കിൽ അതു് എടുത്തുകളയുവാൻ ഗവണ്മെൻറാലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: തീർച്ചയായിട്ടും.

Shri T. K. Krishnan : Are the Government aware that the industry is running at a loss ?

Mr. Speaker : What industry ?

Shri T. K. Krishnan : Jaggery industry.

Mr. Speaker : Are you speaking about the industry in a particular place ?

Shri T. K. Krishnan : We are dealing with jaggery.

Mr. Speaker : Yes, I am aware of it.

Shri T. K. Krishnan : Are the Government aware that the jaggery industry is running at a loss ?

Shri Panampilli Govinda Menon : Government are not aware of it.

Shri T. K. Krishnan : Do the Government consider it as a cottage industry ?

Shri Panampilli Govinda Menon : Yes, it has been selected as one of the industries that require encouragement from Government.

Sales Tax on Medicine

*320. [18] **Shri K. Sattanatha Karayalar:** Will the Minister for Finance and Civil Supplies be pleased to state :

(*a*) whether the Government propose to exempt the levy of sales-tax for Medicine ; and

(*b*) what is the income to the State from this head ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon) :**

(*a*) No.

(*b*) The figure for 1951-52 is Rs. 1,87,206—5—7.

Shri K. Sattanatha Karayalar : Will the Government consider about it ?

Shri Panampilli Govinda Menon : Government do not consider it would be desirable to give that exe mption now.

ശ്രീ. ടി. എ. മജീദ്: ഏതെങ്കിലും മരുന്ന് വിൽപ്പനനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്.

ശ്രീ. ടി. എ. മജീദ്: വല്ല കടകളേയും മരുന്ന് വിൽപ്പനനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല.

ശ്രീ. ടി. എ. മജീദ്: ഇവിടെ ഒരു കോഓപ്പറേറ്റീവ് സൊസൈറ്റിയെ വിൽപ്പനനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നോട്ടീസ് വേണം.

Handloom Cloth

*321. [19] **Shri K. Sattanatha Karayalar :** Will the Minister for Finance and Civil Supplies be pleased to state :

(*a*) the value of handloom cloth so far purchased and sold from the weavers by the agencies appointed by the Government under the new scheme ; and

(*b*) what is the approximate value of handloom products that remain with the weavers and their societies ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon) :** (*a*) Government have appointed no agencies to buy cloth from weavers and to sell it. But Government have sanctioned a scheme under which handloom weavers' co-operative socities may buy cloth from weavers and sell it to the Central Societies at Trichur and Trivandrum at specified prices. This is a matter of agreement between the weavers, the primary societies and the Central Societies.

(*b*) Rs. 3 lakhs approximately.

Shri K. Sattanatha Karayalar : May I know the number of weavers benefited so far ?

Shri Panampilli Govinda Menon : I cannot give the number.

Vehicle . Tax.

*322 [20] **Shri A. Samraj :** Will the Minister for Works and Transport be pleased to state the total amount of vehicle tax collected from the whole State in the year 1952-53 ?

Minister for Works and Transport (**Shri Kalathil Velayudhan Nair) :** Up to the end of January 1953-Rs. 53,68,799-4-5.

ஸ்ரீ. ஏ, ஸாம்ராஜ்: வெஹிக்கள் டாக்ஸ் வாங்கப்படுகிறதே, வீதியில்லாத ரோடுகளை எல்லாம் இப்பணத்தினால் வீதியாக்கக்கூடாதா?

Mr. Speaker : We are dealing with vehicle tax and not the construction of roads.

ஸ்ரீ. ஏ. ஸாம்ராஜ்: இந்தப் பணம் ரோடுகளை அகலமாக்குவதற்கு உபயோகப்படுத்துவதுண்டா?

Mr. Speaker : That is an argument.

Shri A. Samraj : May I know whether the Government spend the amount collected as tax for the construction of roads ?

Shri Kalathil Velayudhan Nair : The whole amount is not used for the construction of roads.

ശ്രീ. എ. കുഞ്ഞൻനാടാർ: വെഹിക്കിൾടാക്സ് ഈടാക്കുന്നതിൽ നിന്ന് ഇനിയും ചില കുറവുകൾ വരുത്തേണ്ടതുണ്ടെന്ന് ബസ്സുടമസ്ഥന്മാർ ആവശ്യപ്പെടുന്നതായി ഗവൺമെൻറിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാം.

ശ്രീ. എ. കുഞ്ഞൻ നാടാർ: അതിനെപ്പററി ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ എടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കംസ്യൂവാനായിട്ട നടപടികൾ ഒന്നും എടുത്തിട്ടില്ല.

Shri A. A. D. Luiz : Just as in Madras and other places, will the Government consider the desirability of receiving cheques or drafts for tax on vehicles ?

Shri Kalathil Velayudhan Nair : Government will consider about it.

Shri P. S. Nataraja Pillai : Is there any difference between the Madras and Travancore-Cochin rates?

Shri Kalathil Velayudhan Nair : There is no difference.

Rice and Milk Powder.

*323 [21] **Shri A. Samraj :** Will the Minister for Medicine be pleased to state :

(*a*) the amount of rice and milk powder distributed by the Public Health Department during the year 1952-53 ;

(*b*) from where are these supplied to the department and on what conditions ; and

(*c*) through which agencies the milk powder is distributed ?

Minister for Medicine and Public Health (**Shri V. Madhavan**) :

(*a*) 146,463 lbs. of rice and 77,985 lbs. of skim milk powder were distributed by the Public Health Department during the year 1952-53. A quantity of 58,500 lbs. of skim milk powder has been received in January 1953. The distribution of this stuff is in progress.

(*b*) The skim milk powder received so far is a gift donated by the United Nations International Children's Emergency Fund (UNICEF) and the Swiss Government for free distribution to infants, to children up to 12 years of age and to nursing and expectant mothers irrespective of caste, race or creed.

Rice is also a gift donated by the UNICEF for free distribution to orphan children under the age of 12 years. The transport charges of the stock of rice and milk powder from the port of landing to the storing places should be met by the State Government. Monthly stock and beneficiary reports *re* : rice and skim milk distribution scheme should be sent up to the Administrative Officer, UNICEF, New Delhi, and to the Director General of Health Services, New Delhi.

(*c*) the free gift of skim milk powder is distributed to the major hospitals, maternity and child welfare centres, most deserving charitable and social organisations, Municipalities, Primary, Pial and Nursery schools of the State.

ஸ்ரீ. ஏ. ஸாம்ராஜ்: நாகர்கோவில் உட்பட தோவாளை அகஸ்தீஸ்வரம் தாலூகாக்களில் எவ்வளவு டன் பால்பொடி செலவாகிறது?

ശ്രീ. വി. മാധവൻ: അതിന് ഒരു പ്രത്യേക ചോദ്യം വന്നല്ലാതെ ഓരോ താലൂക്കിലേക്കും ഇത്രവീതം കൊടുക്കുന്നുവെന്ന് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ஸ்ரீ. ஏ. ஸாம்ராஜ்: உத்தேசம் எவ்வளவு என்று சொல்லலாமா?

ശ്രീ. വി. മാധവൻ: അതും പറയുവാൻ നിവൃത്തിയില്ല.

Shri A. Samraj: At least the quantity supplied?

ശ്രീ. വി. മാധവൻ: ഒരു പ്രത്യേക ചോദ്യം വന്നാലെ അതു പറയുവാൻ നിവൃത്തിയുള്ളു.

Shri E. Krishnan Nair; May I know how many children and how many pregnant women were benefited by this supply in the year 1951-52?

ശ്രീ. വി. മാധവൻ: അതിനും മറുപടി പറയുവാൻ പ്രത്യേക ചോദ്യം വേണം.

Shri N. Rajagopalan Nair: May I know who is supervising this distribution?

ശ്രീ. വി. മാധവൻ: പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ടുമെന്റ്.

Shri N. Rajagopalan Nair: Is there any other agency to supervise this work?

ശ്രീ. വി. മാധവൻ: അവിടവിടെയുള്ള ഓരോ സ്ഥാപനങ്ങൾ വഴിയായിട്ടും, ആശുപത്രി വഴിയായിട്ടും, മുനിസിപ്പാലിറ്റിവഴിയായിട്ടും ആണ് കൊടുക്കുന്നത്.

Shri N. Rajagopalan Nair; Is there a special officer in each locality to look after these things?

Shri V. Madhavan: Yes.

ബസ്സുകൾ ഇൻഷ്വർ ചെയ്യുന്ന കാര്യം.

* ൩൨൪. [൨൨] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റേറ്റ് ട്രാൻസ്പോർട്ടുബസ്സുകൾ ഇൻഷ്വർ ചെയ്യുന്ന ഏർപ്പാടുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): ഇല്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: അപകടം പററിയാൽ കോമ്പൻസേഷൻ കൊടുക്കാറുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഉണ്ടു്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: അതിനു വല്ല നിയമവും നിലവിലുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇൻഷ്വറൻസു നിയമമനുസരിച്ചാണു കൊടുക്കുന്നതു്. അല്ലാതെ അതിനു് പ്രത്യേക നിയമമൊന്നുമില്ല.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: അങ്ങനെ കൊടുക്കുന്നതു്, ഇൻഷ്വർ ചെയ്യാത്തതിനുംകൂടി കൊടുക്കുന്നുണ്ടു് എന്നു പരാതി ഉണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇൻഷ്വർ ചെയ്യാത്തതിനും ഇൻഷ്വർ ചെയ്യുവാനുള്ള നടപടികൾ നടത്തി വരുന്നുണ്ടു്.

നാൺപെൻഷനബിൾ സ്റ്റാഫ്.

* ൩൨൫. [൨൩] ശ്രീ. ടി. കെ. ദിവാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്റ്റേററ് ട്രാൻസ്പോർട്ടു സർവ്വീസിൽ ആകെയുള്ള നാൺപെൻഷനബിൾ സ്റ്റാഫ് എത്ര;

(ബി) ഇവരെ പെൻഷനബിൾ ആക്കുന്നതിനു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിലേക്കുള്ള നടപടികൾ എന്നു പൂർത്തിയാകും?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ൨,൧൧൦.

(ബി) ആലോചനയിൽ ഇരിക്കുന്നു.

(സി) കഴിയുന്നതും വേഗം തീരുമാനിക്കുന്നതാണു്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ ൨൧൧൦ പേർ മാത്രമാണോ നാൺപെൻഷനബിൾ ആഫീസറന്മാരായിട്ടുള്ളതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അത്രേയുള്ളു.

ശ്രീ. ടി. കെ. ദിവാകരൻ: അവരെയുംകൂടി പെൻഷനബിൾക്കാർ ആക്കണമെന്നു നിശ്ചയിച്ചിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: റൂൾസ് അടിസ്ഥാനപ്പെടുത്തിയാണു് അതിനെപ്പററി ആലോചിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: പെൻഷനബിൾ ആക്കുവാനുള്ള അവസാന തീരുമാനം കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. കെ. കെ. കുമാരപിള്ള: അതിനെ സംബന്ധിച്ചുള്ള സ്റ്റാറ്റിസ്റ്റിക്സ് കളക്റ്റ് ചെയ്യുവാനുള്ള ആലോചന തുടങ്ങിയിട്ട് എത്ര കാലമായി?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കുറച്ചുകാലമായി തുടങ്ങിയിട്ട്. തീരാറായിട്ടില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: നാൺപെൻഷനബിൾ ആയിട്ടുള്ള ആളുകളെ പെൻഷനബിൾ ആക്കിത്തീർക്കുവാൻ ഉള്ള വല്ല നടപടികളും നടക്കുവാൻ സാദ്ധ്യതയുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഈ സ്റ്റേറ്റ്മെൻറിൻെറ അടിസ്ഥാനത്തിൽ എങ്ങനെയാണെന്നുള്ളത് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: സ്റ്റേറ്റ്മെൻറിൻെറ അടിസ്ഥാനത്തിലല്ലാതെ പെൻഷനബിൾ ആക്കിത്തീർക്കുവാൻ ഇടയുണ്ടെന്ന് വരികയില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പെൻഷനബിൾ ആക്കുവാനാണ് ഇടയുള്ളത്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ട്രാൻസ്പോർട്ട് യൂണിയനുമായുണ്ടായ തർക്കത്തിൽ നാൺപെൻഷനബിൾ ഉദ്യോഗസ്ഥന്മാരെ പെൻഷനബിൾ ആക്കുവാനുള്ള വല്ല എഗ്രിമെൻറും ഉണ്ടായിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

Employees of the State Transport Department.

*326. [24] **Shri C. Sankar**: Will the Minister for Transport be pleased to state:

(*a*) whether the Government have made the non-pensionable employees of the State Transport Department pensionable; and

(*b*) if not, the reasons for the same?

Minister for Works and Transport **(Shri Kalathil Velayudhan Nair)**:

(*a*) No.

(*b*) The question is being examined.

Chassis for Transport Department.

*327. [25] **Shri C. Sankar**: Will the Minister for Works and Transport be pleased to state:

(*a*) the number of new chassis purchased for the State Transport Department in the year 1952 ; and

(*b*) the names of the firms which have supplied the chassis with the respective number of the same supplied by each firm ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(*a*) 88.

(*b*) Messrs. General Motors, Ltd., Bombay, Chevrolet Chassis with all-steel bus body 12.

Messrs. Ashok Motors Ltd., Diesel Austin vehicles 30.

Messrs. Peninsular Motor Corporation, Ltd., International vehicles 30.

Messrs. Automobile Products of India, Ltd., Commer Chassis 16.

Shri C. Sankar : What is the procedure to purchase them ?

Shri Kalathil Velayudhan Nair : The matter will be considered by the Transport Department. Then they make recommendation to the Transport Board. The Transport Board makes a decision and that decision is sent on to Government and it is finally decided by them.

ஸ்ரீ. ஸி. சங்கர் : பஸ்கள் வருத்துவது டெண்டர் பிரகாரமா அல்லது கொட்டேஷன் பிரகாரமா ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : കൊട്ടേഷൻ ലഭിക്കും; ടെൻഡർ അല്ല. ഇന്ന ബസ്സാണ് വാങ്ങുന്നതെന്ന് തീരുമാനിക്കുന്നതിനു മുമ്പ് ആവശ്യമുള്ള ബസ്സുകൾക്ക് കൊട്ടേഷൻ വരുത്തി അതനുസരിച്ചാണ് വാങ്ങുന്നതു്.

Shri Nedumangad R. Kesavan Nair : Are not these purchases against the spirit of the Collin's report ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : അല്ല.

Shri Nedumangad R. Kesavan Nair : Has not Mr. Collins recommended standardisation ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : ശിപാർശ ചെയ്തിട്ടുണ്ട്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ : ആ റെക്കമെൻറേഷന് വിരുദ്ധമായി ബസ്സുകൾ വരുത്തുവാൻ കാരണമെന്താണ് ?

ശ്രീ. കളത്തിൽ വേലായുധൻ നായർ : മുൻപിനാലെ കൊടുത്തിരുന്ന ആർഡർ അനുസരിച്ചുള്ള ബസ്സുകളാണ് ഈ വർഷം ആദ്യം വന്നു ചേർന്നു്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ : കാളിൻസ് റിപ്പോർട്ട് ഫൈനൽ ആയിരുന്നില്ലേ ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: 1949-ൽ ആണ്.

ശ്രീ. നെട്ടമങ്ങാട്ട് ആർ. കേശവൻ നായർ: ബസ്സുകൾ വാങ്ങുന്നതു് ഇന്നപ്രകാരത്തിൽ വേണമെന്നു് റിപ്പോർട്ടിൽ പറഞ്ഞിട്ടില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെയൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. നെട്ടമങ്ങാട്ട് ആർ. കേശവൻ നായർ: സെ്റ്റർലിംഗ് ഏരിയായിൽനിന്നും ഡാളർ ഏരിയായിൽനിന്നും ബസ്സുകൾ വാങ്ങണമെന്നല്ലേ കാളിൻസ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെയല്ല പറഞ്ഞിട്ടുള്ളതു്.

ശ്രീ. നെട്ടമങ്ങാട്ട് ആർ. കേശവൻ നായർ: ഫോർഡും ആസ്റ്റിനും ബസ്സുകൾ വാങ്ങുന്നതിന്റെ കാര്യത്തിൽ എന്തെങ്കിലും സ്റ്റാൻഡർഡൈസേഷൻ ഉണ്ടായിരിക്കണമെന്നു് കാളിൻസ് റിപ്പോർട്ടിൽ പറഞ്ഞിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇന്ന രീതിയിൽ വേണമെന്നു് പറഞ്ഞിട്ടുണ്ടോ എന്നു് റിപ്പോർട്ടുനോക്കിയേ പറയാൻ തരമുള്ളു.

ശ്രീ. നെട്ടമങ്ങാട്ട് ആർ. കേശവൻ നായർ: റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതിനു വിപരീതമായി ബസ്സുകൾ വാങ്ങുവാൻ പ്രത്യേക കാരണമെന്താണ്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതിന് വിപരീതമായി ബസ്സുകൾ വരുത്തിയിട്ടില്ല. അവസാനമായി medium heavy duty vehicles standardise ചെയ്യുകയായിരിക്കും നല്ലതു് എന്നഭിപ്രായപ്പെട്ടിട്ടുണ്ട്. അപ്രകാരം standardise ചെയ്യുന്നതിനു മുമ്പുള്ള ഒരു അന്തരാളഘട്ടത്തിലാണ് മുൻഗവണ്മെന്റ ചില light duty vehicles വരുത്തുന്നതിന് തീരുമാനിച്ചതു്.

WRITTEN ANSWERS.

വെയിററിംഗ് ഷെഡ്ഡുകൾ.

* നമ്പ്ര. [വ ൭] ശ്രീ. എം. പി. വർഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതികൾ, രജിസ്റ്റർകച്ചേരികൾ, പകുതിക്കച്ചേരികൾ മുതലായ പൊതുസ്ഥാപനങ്ങളിൽ പൊതുജനങ്ങൾക്ക് ഇരിക്കുവാനുള്ള വെയിററിംഗ് ഷെഡ്ഡുകൾ ഇല്ലെന്നതു് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ വെയിററിംഗ് ഷെഡ്ഡുകൾ ഉണ്ടാക്കാൻ ആലോചിക്കുന്നുണ്ടോ?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) എല്ലായിടത്തും വെയിററിംഗ് ഷെഡ്ഡുകൾ ഇല്ലെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) ആലോചിക്കാം.

പഞ്ചവത്സരപദ്ധതി.

❋ ൩൨൯. [൨൮] ശ്രീ. എം. പി. വർഗ്ഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രത്തിൽ നിന്നും തയ്യാറാക്കിയിട്ടുള്ള പഞ്ചവത്സര പദ്ധതി അനുസരിച്ച് ഈ സംസ്ഥാനത്തേക്ക് എന്തെങ്കിലും തുക സഹായ ധനമായി കേന്ദ്രത്തിൽനിന്നും തരാമെന്ന് ഏററിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര;

(സി) ഇവിടത്തെ ഗവണ്മെൻറ ഈ പദ്ധതി അനുസരിച്ചുള്ള പ്രവൎത്തനങ്ങൾ നടപ്പിലാക്കുന്നതിന് എത്ര സംഖ്യ ചിലവാക്കാൻ ഉദ്ദേശിക്കുന്നു?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ഏഴുകോടി രൂപ.

(സി) ൨൦,൩൪,൯൦,൦൦൦ രൂപ.

Food Production Board.

❋ 330 [29] **Shri P. V. Avira Tharakan**: Will the Minister for Food Production be pleased to state whether the Food Production Board is functioning in the State?

Chief Minister (**Shri A. J. John**): Yes.

ഇഞ്ചിപ്പുൽതൈലം.

❋ ൩൩൧ [൩൦] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇഞ്ചിപ്പുൽതൈലത്തിൻെറ ക്രമാതീതമായ വിലയിടിവിനെ തടയുന്നതിനുവേണ്ടി ഗവണ്മെൻറിൽനിന്ന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എന്താണ്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ ആൻഡ് ബി) പുൽതൈലത്തിൻെറ വില മുഖ്യമായും ലോക വിപണിയെ ആശ്രയിച്ചാണ് സ്ഥിതിചെയ്യുന്നത്. തൈലത്തിൻെറ ഗുണക്കുറവ്, തരവ്യത്യാസം ഇവയും വിലയിടിവിനു കാരണമാണ്.

പുൽതൈലത്തിൽ മായം ചേർക്കുന്നതിനെ തടയുന്നതിന ഇൻഡ്യൻ സ്റ്റാൻേറഡ് ഇൻസ്റ്റിററ്യൂഷനുമായി ആലോചിച്ച തൈലത്തിൻെറ സ്റ്റാൻേറഡ് നിജപ്പെടുത്തുന്നതിനും ഈ നാട്ടിൽ ഉണ്ടാക്കുന്ന പുൽതൈലം മറുനാടുകളിൽ പ്രചരിപ്പിക്കുന്നതിന ഇൻഡ്യൻ ട്രെയിഡ് ഏജൻേറന്മാരെ നിർദ്ദേശിക്കുന്നതിനും വിദേശവാണിജ്യ ഉടമ്പടികളിൽ പുൽതൈലം കൂടി ഉൾപ്പെടുത്തുന്നതിനും കേന്ദ്രഗവണ്മെൻറിനോട് അപേക്ഷിച്ചിട്ടുണ്ട്.

G. P. Proverthicars.

❋332. [32] **Shri C. Achyutha Menon :** Will the Minister for Finance and Civil Supplies be pleased to state :

(*a*) how many G. P. Proverthicars have been discharged from service recently ;

(*b*) what is the maximum and minimum number of years of service put in by any one of them ; and

(*c*) have the Government taken any steps to provide them with alternative employment ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon) :**

(*a*) The posts of 291 G. P. Proverthicars were retrenched from 1-3-1953. These hands were not discharged from service. But they were reverted to the Revenue Department.

(*b*) & (*c*) Do not arise in view of answer to (*a*) above.

റബ്ബർ.

❋ ൩൩൩. [൩൩] ശ്രീ. സി. അച്ച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ കൊല്ലം തോറും ഉൽപ്പാദിപ്പിക്കുന്ന റബ്ബർ എത്ര;

(ബി) ഇതിൽ എത്ര ഇൻഡ്യക്കു പുറത്തേക്കു കയററി അയക്കുന്നു. എത്ര ഇൻഡ്യയുടെ മററു ഭാഗങ്ങളിലേക്കു കയററി അയക്കുന്നു

(സി) ഈ സ്റ്റേററിലെ റബ്ബർ പ്രധാനമായും വാങ്ങിക്കുന്നത് ആരാണ്, (ഏതെല്ലാം കമ്പനിക്കാർ);

(ഡി) ഇപ്പോൾ ഈ സ്റ്റേററിൽ റബ്ബർ ചെലവില്ലാതെ കെട്ടിക്കിടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര; അതിന കാരണമെന്ത്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ശരാശരി ൧൮വ്വ ൧വ്വ ടൺ.

(ബി) ൧൯൫൦-ൽ ൧൦൩൭ ടണ്ണും ൫൧-ൽ ൧൪൪൪ ടണ്ണും ൫൨-ൽ ൯൪ ടണ്ണും റബ്ബർ വീതം ഇൻഡ്യയ്ക്കു വെളിയിലേയ്ക്കു് കയററി അയച്ചിട്ടുണ്ടു്. ബാക്കിയുള്ള റബ്ബർ ഇൻഡ്യയുടെ മററു ഭാഗങ്ങളിലേക്കു കയററി അയയ്ക്കുന്നു.

(സി) ൧. ഡൺലപ്പ് റബ്ബർ കമ്പനി, ൨. ഫയർസ്റ്റോൺടയർ റബ്ബർ കമ്പനി, ൩. ബാററാഷ്ക്കമ്പനി ഈ മൂന്നു കമ്പനികളാണ് ഇവിടത്തെ റബ്ബർ പ്രധാനമായും വാങ്ങുന്നതു്.

(ഡി) ഉണ്ടു്. തോട്ടം ഉടമകളുടെയും വ്യാപാരികളുടെയും കൈവശം ൧൯൫൨ ജനുവരി അവസാനവാരത്തിൽ ഉദ്ദേശം ൩൭൦൦ ടൺ റബ്ബർ ഇരിപ്പുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ടു്. നവംബർമുതൽ ഫെബ്രുവരിവരെ സ്റ്റാക്കു കൂടുതൽ ഉണ്ടാകുക സാധാരണയാണ്. എന്നാൽ താരതമ്യേന ഈ കൊല്ലം അതു് കുറെ അധികം വർദ്ധിച്ചിട്ടുണ്ടു്. ഉപഭോക്താക്കൾ കുറവായി റബ്ബർ ഉപയോഗിച്ചതുകൊണ്ടും തന്നാണ്ടിൽ ഉൽപ്പാദനം വളരെ വർദ്ധിച്ചതുകൊണ്ടുമാണ് ഇപ്രകാരം റബ്ബർ ഇരിപ്പു വന്നതു്.

ഫാർവേഡ് കാൺട്രാക്റ്റ ബിൽ.

✻ ൩൩൪. [൩൪] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യത്തിനു ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇൻഡ്യൻ പാർലിമെൻറിൽ ഫാർവേഡ് കാൺട്രാക്റ്റ ബിൽ പാസാകുന്നതിനു് മുമ്പ് പ്രസ്തുത ബില്ലിനെപ്പററി തിരുവിതാംകൂർ-കൊച്ചി ഗവണ്മെൻറ് വല്ല അഭിപ്രായവും കേന്ദ്രഗവണ്മെൻറിനെ അറിയിക്കുകയുണ്ടായിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്താണതു്? അതിനു ലഭിച്ച മറുപടി എന്തു്?

ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇല്ല.

ശുദ്ധജലവിതരണം.

✻ ൩൩൫. [൩൫] ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയ്ത്തുകാലങ്ങളിൽ കുട്ടനാട്ടിലെ കർഷകതൊഴിലാളികൾക്കു് പബ്ലിക്ക്ഹെൽത്തു ഡിപ്പാർട്ടുമെൻറു മുഖേന ശുദ്ധജലവിതരണം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ൧൯൫൧-൫൨-ലേയ്ക്കു് എത്ര ഉറുപ്പിക ചെലവായി;

(സി) ഈ ജലവിതരണരീതി ഇപ്പോൾ തുടർന്നു വരുന്നുണ്ടോ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഇല്ല.

(ബി), (സി) എന്നുള്ള ഉത്തരത്തിൽ നിന്നും (ബി)-ം, (സി)-ം ചോദ്യങ്ങൾ ഉദിക്കുന്നില്ല.

ട്രാൻസ്പോർട്ട് ബസ്സുകൾ.

✻ ൩൩൬. [൩൬] ശ്രീ കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റിൽ ആകെ എത്ര ബസ്സുണ്ടെന്നും, ഇപ്പോൾ സർവ്വീസിൽ എത്രയുണ്ടെന്നും പറയുമോ;

(ബി) സർവ്വീസ് ബസ്സുകളുടെ ബ്രേക്ക്ഡൗൺ കുറയ്ക്കുന്നതിന് പ്രത്യേക നിഷ്കർഷ വല്ലതും ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണതു്; ഇപ്പോൾ പ്രതിദിനം എത്ര ബ്രേക്ക്ഡൗണാകുന്നു?

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) ഇപ്പോൾ ഡിപ്പാർട്ടുമെന്റിൽ ൪൩൩ ബസ്സുകൾ ഉണ്ട്. അതിൽ ശരാശരി മുന്നൂറോളം ദിവസവും സർവ്വീസിൽ അയയ്ക്കുന്നുണ്ട്.

(ബി) ഉണ്ട്. ബസ്സുകൾ സർവ്വീസിനു അയയ്ക്കുന്നതിനു മുൻപേ വേണ്ട അററകുററപ്പണികൾ ചെയ്യുക എന്നുള്ളതു്; ൨൦.

Welfare and Labour Officers.

✻337 [37] **Shri O. C. Ninan**: Will the Minister for Finance and Civil Supplies be pleased to state:

(*a*) with reference to question No (17) answered on 28th October, 1952, is it not necessary to appoint welfare or labour officers in the Estates under the Act;

(*b*) what is the rule with reference to the same; and

(*c*) could not Government insist that welfare officers should be appointed in all Estates?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(*a*), (*b*), (*c*) It is not clear to which Act the Member refers.

Fare System.

✻338 [38] **Shri E. Krishnan Nair**: Will the Minister for Works and Transport be pleased to state:

(*a*) why different fares are fixed for the same distance for journeys in (1) Kottarakara-Chengannoor Shuttle service and (2) Kottarakara-Kottayam through service;

(*b*) whether this different fare system for the same distance exists in all other Government Transport routes ; and

(*c*) whether the Government will kindly fix the same rate of fare for all the buses excluding Express ?

Minister for Works and Transport (**Shri Kalathil Velayudhan Nair**) :

(*a*) Fares in shuttle service are less than those in through service routes. The intention is to discourage short distance travellers from boarding long distance 'through buses'.

(*b*) Yes.

(*c*) No. In view of answer to (*a*) this is not possible.

ആശുപത്രിയിലെ കന്യാസ്ത്രീകൾ.

* നമ്പർ. [൪൦] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിലെ നേഴ്സിംഗ് വൃത്തികളിൽ ഏർപ്പെട്ടിരിക്കുന്ന കന്യാസ്ത്രീകളെ നിയോഗിക്കുന്നത് ആരാണ്;

(ബി) അങ്ങിനെ നേഴ്സിംഗിലേർപ്പെട്ടിട്ടുള്ളവർ എല്ലാംതന്നെ ട്രെയിനിംഗോ, നേഴ്സിംഗ് കോഴ്സോ പാസായിട്ടുള്ളവരാണോ;

(സി) അവർക്ക് എന്തെങ്കിലും സൗകര്യങ്ങൾ ഗവണ്മെന്റിൽ നിന്നു ചെയ്തുകൊടുക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അവ എന്തെല്ലാം ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. പി. മാധവൻ):

(എ) അതാതു വിഭാഗത്തിലുള്ള കന്യാസ്ത്രീ മഠാധിപതികൾ.

(ബി) എട്ടുപേർ ഒഴിച്ച് ബാക്കിയുള്ളവരെല്ലാം നേഴ്സിംഗ് കോഴ്സ് പാസായിട്ടുള്ളവരാണ്.

(സി) ഉണ്ട്.

(ഡി) (൧) ഗ്രേഡും നാഷനാലിററിയും അനുസരിച്ച് ൧൦൦ രൂപാ മുതൽ ൧൨൫ വരെ ഓണറേറിയം.

(൨) മൂന്നു ജോടി ഉടുപ്പും, ൩൦ യാർഡ് തുണിയും.

(൩) പ്രതിവർഷം ൨൦ രൂപ ഷൂസ് മുതലായവയ്ക്കും ൩ രൂപ അലക്കുകൂലിക്കും.

(൪) താമസത്തിനുള്ള കെട്ടിടവും, ഓരോ കെട്ടിടത്തിലേയ്ക്കു രണ്ടു ജോലിക്കാരും, പ്രതിവർഷം ൧൦ രൂപ വീട്ടുസാമാനങ്ങൾ വാങ്ങുന്നതിനായി അലവൻസും.

(൫) Contributory provident fund നുള്ള വ്യവസ്ഥ,

Share in Central Revenue.

*340 [42] **Shri P. Sadasivan Pillai:** Will the Minister for Finance and Civil Supplies be pleased to state :

(*a*) the share in income tax, excise duties and grants-in-aid this State is entitled to get from the Centre in 1952-53 ;

(*b*) whether the recommendations of the Finance Commission have helped to augment the revenue obtained thus by the State in previous years ; and

(*c*) whether this State is entitled to get its share of income-tax collected by backward assessment in respect of the period before August 15, 1947 ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) :

(*a*) According to the proposals of the Finance Commission, the State is entitled to get the following from the Centre in 1952-53 :

(i)	Income-tax	2.5 of the net proceeds.
(ii)	Excise duties	2.68 of the net proceeds of the union duties on tobacco (including cigars, cigarettes, etc.,) matches and vegetable products.
(iii)	Grant-in-aid (under Art. 275 (1) of the Constitution)	Rs. 45 lakhs per annum.

(*b*) Yes.

(*c*) No.

പ്രസവവാർഡുകൾ.

* ൩൪൧ [൪൩] (ശ്രീ. പി. സദാശിവൻപിള്ള): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തിരുവിതാംകൂർ-കൊച്ചിയിൽ ൧൯൫൧-ൽ പുതുതായി എത്ര മെറേറർനിററി സെൻറർ അനുവദിച്ചിട്ടുണ്ട്;

(ബി) അവ ഏതെല്ലാം ;

(സി) അനുവദിച്ച സ്ഥലങ്ങളിലെല്ലാം മിഡ്വൈഫിനെ നിമിച്ചുകഴിഞ്ഞോ;

(ഡി) ഇല്ലെങ്കിൽ കാരണമെന്ത് ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ഇരുപത്.

(ബി) (൧) ഇളംകുളം (൨) ബ്രഹ്മമംഗലം (൩) മുത്തേടത്തുകാവ് (൪) വാകത്താനം (൫) വാഴൂർ (൬) അയിരാപുരം (൭) മുനമ്പം (൮) മണരി (൯) അരകുഴ (൧൦) ഏഴോലി (൧൧) ഇലന്തൂർ (൧൨) പിറവന്തൂർ (൧൩) പരുമല (൧൪) കൈതോട്ട് (൧൫) വയയ്ക്കൽ (൧൬) പത്ത്യൂർ (൧൭) മണ്ണൂർക്കോണം (൧൮) കോട്ടുകാൽ (൧൯) പുന്നാവൂർ (൨൦) ഈന്താംവഴി.

(സി) ഇല്ല.

(ഡി) പുതിയ സെൻററുകൾ അനുവദിച്ചത് ൨൦-൨-൬൩-ൽ ആണ്. മിഡ്‌വൈഫുകളെ താമസിയാതെ നിയമിക്കുന്നതാണ്.

Kuttanad Development Scheme.

*342 [44] **Shri P. Sadasivan Pillai :** Will the Minister for Works and Transport be pleased to state :

(a) what are the salient features of the Kuttanad Development Scheme and the amount set apart for it ;

(b) what are the electrical extensions contemplated in the scheme ; and

(c) whether there will be an electrical extension to Edathua and Mankotta *via* Thevery and Vattady from Paippad ?

Minister for Works and Transport (**Shri Kalathil Velayudhan Nair**):

(a) The Kuttanad region comprising an area of 340 square miles is an important paddy producing centre in the State with about 1,21,130 acres under cultivation. But being subject to monsoon floods and tidal influx during crop seasons, damage to cultivation occurs. The Kuttanad Development Scheme envisages: (1) the construction of a road cum canal through the heart of Kuttanad connecting Alleppey and Changanacherry; (2) cutting open a spillway for flood discharges into the sea at Thottappalli ; and (3) constructing a salt water barrier across the Vembanad lake at Thanneermukhom to prevent tidal inflow into Kuttanad. Thus the main benefits envisaged by the scheme include facility for extension of a paddy cultivation by more land reclamation in the Vembanad lake area, maintenance of fresh water all round the year in the Kuttanad area, freedom from submergence of garden lands and dwellings thereon and easy means of communication between the coastal area and the interior.

The first two items of work have been started and are in progress. The estimated costs are Rs. 35,90,800 and Rs. 57,23,000 respectively. The cost for the third item of work is estimated at Rs. 43,58,000. This has not been started.

(b) None.

(c) The question does not arise in view of the answer to part (b).

ആയുർവ്വേദവൈദ്യന്മാരുടെ ശമ്പളം.

❋ ൩൪൩. [൪൭] ശ്രീ. ആർ. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവ്വേദഡിപ്പാർട്ടുമെൻറിലെ വൈദ്യന്മാരുടെ ശമ്പളത്തോതു് ഉയർത്തുന്നതിനു് ഗവണ്മെൻറ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നടപടികൾ എന്താണെന്നു വ്യക്തമാക്കുമോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) വൈദ്യന്മാരുടെ ശമ്പളത്തോതു് ഉയർത്തുന്നതിനുള്ള ചില നിർദ്ദേശങ്ങൾ ഡിപ്പാർട്ടുമെൻറ ഡയറക്ടറിൽ നിന്നു ലഭിച്ചിട്ടുണ്ടു്.

(ബി) അതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽ ഇരിക്കുന്നു.

ദുരിതനിവാരണഫണ്ടു്.

❋ ൩൪൪. [൪൮] ശ്രീ. കെ. പി. പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ചീഫ്മിനിസ്റ്റർ ദുരിതനിവാരണഫണ്ടിൽ നിന്നും തൃശ്ശൂർ ഡിസ്ട്രിക്ടിലേയ്ക്കു പണം അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഓരോ താലൂക്കിനും നൽകിയിട്ടുള്ള തുക എത്ര ;

(സി) പ്രസ്തുത തുകകൾ ആരെയെങ്കിലും ഏൽപ്പിക്കുകയുണ്ടായോ ;

(ഡി) അതു എങ്ങനെ ചെലവഴിക്കണമെന്നാണു് ഗവണ്മെൻറ് ഉദ്ദേശിക്കുന്നതു് ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) ;

(എ) ൩൬,൦൦൦ രൂപ അനുവദിച്ചിട്ടുണ്ടു്.

(ബി) പറവൂർതാലൂക്കിനു ൧൩,൦൦൦ രൂപ
കൊച്ചി-കണയന്നൂർ താലൂക്കിനു ൪൦൦൦ രൂപ
കൊടുങ്ങല്ലൂർ താലൂക്കിനു ൩൦൦൦ രൂപ
തൃശ്ശൂർ താലൂക്കിനു ൩൦൦൦ രൂപ
ചിററൂർതാലൂക്കിനു ൩൦൦൦ രൂപ

(സി) ഓരോ താലൂക്കിലും താലൂക്കുകമ്മററികൾ ഉണ്ടു്. തഹശീൽദാരന്മാർ താലൂക്കുകമ്മററികളുടെ കൺവീനറും ഖജാൻജിയുമാണു്. താലൂക്കുകമ്മററികളാണു് അതാതുതാലൂക്കുകളിലെ ദുരിതാശ്വാസപ്രവർത്തനം നടപ്പിൽ വരുത്താൻ ചുമതലപ്പെട്ടവർ. ഫണ്ടിൽനിന്നും അനുവദിച്ച തുക ഓരോ താലൂക്കുകമ്മററികളെയും തഹശീൽദാരന്മാർവഴി ഏൽപ്പിച്ചിട്ടുണ്ടു്.

(ഡി) എങ്ങനെ ചെലവഴിക്കണമെന്നു നിശ്ചയിക്കേണ്ടതു് അതാതു താലൂക്കുകളിലെ താലൂക്കുകമ്മററികളാണു്.

UNSTARRED QUESTIONS.

ബോട്ടുജെട്ടി.

൫൬൨ [൫] ശ്രീ. പ്രാക്കുളം ഭാസി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചവറ കോഴിത്തോട്ടം ബോട്ടുജെട്ടിയിൽ ഗവണ്മെൻറിൽ നിന്നു വെയിററിംഗ്ഷെഡ്ഡ് അനുവദിച്ചിട്ടുണ്ടോ ;

(ബി) ഇപ്പോൾ ആ വെയിററിംഗ്ഷെഡ്ഡ്കൊണ്ട് പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവും ഉണ്ടാകുന്നില്ലെന്നുള്ളത് ഗവണ്മെൻറിനറിയാമോ ?

ഉത്തരം.

(എ) ചവറയിലും കോഴിത്തോട്ടത്തും വെയിററിംഗ് ഷെഡ്ഡുകൾ പണിയുന്നതിനു ബഡ്ജററിൽ തുക കൊള്ളിച്ചിട്ടുണ്ട്.

(ബി) ഇപ്പോൾ കോഴിത്തോട്ടത്തു ഒരു വെയിററിംഗ്ഷെഡ്ഡുള്ളത് അനധികൃതമായി ഒരാൾ കൈവശം വച്ചിരിക്കയാണ്. കൈവശക്കാരനെ ഒഴിപ്പിക്കുവാൻ വേണ്ട നടപടി നടത്തുന്നുണ്ട്.

സീതാറാം മിൽസ്.

൫൬൩. [൬] ശ്രീ. സി. അച്യുതമേനോൻ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് സിവിൽസപ്ലൈസും ധനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) തൃശ്ശൂർ സീതാറാംമില്ലിൽ തൊഴിലാളികളുടെ ഏതു യൂണിയനെയാണ് മാനേജ്മെൻറ് അംഗീകരിച്ചിട്ടുള്ളത്;

(ബി) ഇന്ന യൂണിയനെയാണ് അംഗീകരിക്കേണ്ടതെന്നു ഗവണ്മെൻറ മാനേജുമെൻറിനോട് നിർദ്ദേശിക്കുകയോ അവരിൽ പ്രേരണ ചെലുത്തുകയോ ഉണ്ടായിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു മാനദണ്ഡം വച്ചുകൊണ്ടാണ് ഒരു പ്രത്യേകയൂണിയനെ അംഗീകരിക്കണമെന്നു മാനേജുമെൻറിനോട് ഗവണ്മെൻറ് നിർദ്ദേശിക്കുന്നത്?

ഉത്തരം.

(എ) സീതാറാം ടെക്സ്റ്റയിൽ ലേബർ കാൺഗ്രസ്സ്.

(ബി) മാനേജുമെൻറ യാതൊരു യൂണിയനെയും അംഗീകരിക്കാതിരിക്കുകയും തൊഴിലാളികളുമായി നേരിട്ടു ഇടപെടുകയും ചെയ്യുന്നത് അനഭിലഷണീയമാണെന്നു ഗവണ്മെൻറ് മാനേജുമെൻറിനെ അറിയിക്കുകയും തൊഴിലാളികളുടെ ഭൂരിപക്ഷമുള്ള യൂണിയനായ സീതാറാം ടെക്സ്റ്റയിൽ ലേബർ കാൺഗ്രസ്സിനെ അംഗീകരിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത യൂണിയനെ അംഗീകരിച്ചിട്ടുള്ളത് മാനേജുമെൻറും യൂണിയനും തമ്മിലുള്ള പരസ്പരധാരണയും കരാറും അനുസരിച്ചാണ്.

(സി) മേൽപ്പറഞ്ഞ ഉത്തരത്തിൽ ഈ ചോദ്യത്തിന്റെ ഉത്തരം അടങ്ങിയിട്ടുണ്ട്.

തൊഴിൽത്തക്കം.

*൮൧൦ [൬] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ സീതാറാംമിൽ തൊഴിലാളികളും മുതലാളിയും തമ്മിലുള്ള ഒരു തൊഴിൽത്തക്കം ആർബിട്രേഷനു വച്ചിട്ടുണ്ടോ;

(ബി) ആർബിട്രേഷൻ ബോർഡിൽ തൊഴിലാളി പ്രതിനിധിയായി ആരെയാണു നാമിനേറ്റുചെയ്തിട്ടുള്ളത്; പ്രസ്തുത ആളെ നാമിനേറ്റ ചെയ്യാൻ കാരണമെന്ത്;

(സി) സീതാറാം ടെക്സ്റ്റൈയിൽ വർക്കേഴ്സ് യൂണിയൻ തങ്ങൾക്ക് ആർബിട്രേഷൻ ബോർഡിൽ പ്രാതിനിധ്യം കിട്ടണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ; ആ അപേക്ഷ നിരസിക്കുവാനുള്ള കാരണമെന്ത്?

ഉത്തരം.

(എ) ഉണ്ട്.

(ബി) ശ്രീ. കെ. കരുണാകരൻ എം. എൽ. എ. ആണ് ആർബിട്രേഷൻ ബോർഡിൽ തൊഴിലാളികളുടെ പ്രതിനിധി. അദ്ദേഹത്തെ പ്രതിനിധിയായി നാമിനേറ്റുചെയ്തിട്ടുള്ളതു തൊഴിലാളികൾ തന്നെയാണ്.

(സി) ഉണ്ട്. ആർബിട്രേഷൻബോർഡു രൂപീകരിക്കുവാൻ തീരുമാനിച്ചകാലത്തു സീതാറാം ടെക്സ്റ്റയിൽ വർക്കേഴ്സ് യൂണിയൻ രജിസ്റ്റർചെയ്തിട്ടില്ലാത്തതിനാലും സീതാറാം ലേബർകാൺഗ്രസ്സും മാനേജുമെന്റുമായിട്ടുണ്ടായിട്ടുള്ള ഒരു കരാറനുസരിച്ചാണ് ആർബിട്രേഷൻബോർഡു രൂപീകരിച്ചിട്ടുള്ളതെന്നതിനാലും സീതാറാം ടെക്സ്റ്റയിൽ വർക്കേഴ്സ് യൂണിയന്റെ പ്രാതിനിധ്യത്തിനുള്ള അപേക്ഷ നിരസിച്ചു. പക്ഷെ യൂണിയനു ആർബിട്രേഷൻ ബോർഡിനെ സമീപിച്ചു അഭിപ്രായങ്ങൾ മനസ്സിലാക്കുവാൻ വിരോധമില്ലെന്നു യൂണിയനെയും ബോർഡിനെയും ഗവമെന്റു അറിയിച്ചിട്ടുണ്ട്. സീതാറാം ലേബർകാൺഗ്രസ്സിലാണ് സീതാറാം വീവിംഗ് ആൻഡ് സ്പിന്നിംഗ്മിൽസിലെ തൊഴിലാളികളുടെ ബഹുഭൂരിപക്ഷം അംഗങ്ങളുമുള്ളതും.

ഭക്ഷ്യധാന്യം.

൮൧ (എ). [൧] ശ്രീ. ടി. കെ. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു നിലവിലിരിക്കുന്ന റേഷൻകാർഡുകൾ പ്രകാരം റേഷൻ അനുവദിച്ചിട്ടുള്ള പ്രായപൂർത്തിയായ ആളുകൾ എത്ര;

(ബി) പ്രായപൂർത്തിയായിട്ടില്ലാത്തവരെത്ര;

(സി) ഇവർക്ക് മൊത്തക്കാലത്തേക്ക് എത്ര യൂണിററ് ധാന്യം നൽകണം?

ഉത്തരം.

(എ) ൩൪,൯൨,൮൩൭.

(ബി) ൨൫,൮൦,൨൩൬.

(സി) ൫,൦൬,൧൬,൨൦൭.

Bonus to Transport Employees.

171 [8] **Shri C. Sankar :** Will the Minister for Transport be pleased to State :

(*a*) the percentage of bonus that bears in proportion to the total annual earned income of the non-pensionable employees of the State Transport Department that has been paid to the workers during the past five years respectively;

(*b*) whether the whole amount of bonus that is entitled to the workers of the State Transport Department for 1951 was paid to them ; and,

(c) if not, what per cent of the total bonus has been paid already and the reason for the non-payment as yet of the balance?

Answer.

1) 1122 M. E.—18.75 per cent
1123 M. E.— 9.89 per cent
1124 M. E.— 9.47 per cent
1125 M. E.—10.15 per cent (for 7 1/2 months for the period ending March 1950).
1950—51—8.33 per cent.

(*b*) No.

(c) 75 per cent of she estimated bonus arrived at on a provisional basis; the profit and loss account of the Department was not finalised at the time of disbursement. The final balance sheet has now been sent to the Comptroller and as soon as it is audited and returned, the balance due will be disbursed.

Supply of Electricity.

172. [9] **Shri P. V. Avira Tharakan :** Will the Minister for Works be pleased to state :

(*a*) whether the Government intend to supply electricity to the paddy cultivators of Shertalai and Kanayannur taluks for the purpose of pumping; and

(*b*) if so, when do the Government intend to start work?

Answer.

(*a*) Yes.

(*b*) During the next financial year.

തോട്ടറപുഞ്ച.

൧൭൩. [൧൧] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി-കണയന്നൂർ താലൂക്കിൽ തോട്ടറപുഞ്ച ഇരുപ്പൂകൃഷി ചെയ്യുന്നതിനു പഴയ കൊച്ചി ഗവണ്മെന്റ തയ്യാറാക്കിയിരുന്ന തോട്ടറ പുഞ്ചസ്കീം പിന്നീട് ഉപേക്ഷിക്കുകയുണ്ടായോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്?

ഉത്തരം.

(എ) ഉണ്ടായി.

(ബി) തോട്ടറപുഞ്ചസ്കീം വളരെ ചെലവുള്ള ഒരു പദ്ധതിയാണ്. പുഞ്ചനിലങ്ങളെ ഇരുപ്പൂകൃഷിയാക്കുന്നതിനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിച്ചിരുന്നത്. എന്നാൽ ഇപ്പോൾ നടന്നുവരുന്ന പുഞ്ചകൃഷിയെ സംരക്ഷിക്കാൻ കുറഞ്ഞ ചെലവുള്ള ഒരു പദ്ധതിമതിയാകുമെന്നു പിന്നീട് മനസ്സിലായി. അതിനാൽ തോട്ടറ പുഞ്ചസ്കീം ഉപേക്ഷിച്ചു.

Thiruvalla-Kozhencherry Road.

174. [12] **Shri O. C. Ninan :** Will the Minister for Works and Transport be pleased to state :

(*a*) is the Government aware that the Thiruvalla Kozhencherry road is one of the roads which has very heavy traffic;

(*b*) will the Government consider the question of concreting the above road; and

(*c*) how many buses are running through this road on regular traffic?

Answer.

(*a*) Yes.

(*b*) Yes, according to the availability of funds.
(*c*) 7.

Estimates for Culverts.

175. [13] **Shri O. C. Ninan :** Will the Minster for Works be pleased to state :

(*a*) for how many culverts estimates have been sent up from the Vennikulam P. W. D. Section during 1949, 1950, 1951 and 1952;

(*b*) how many of them are pending with the Chief Engineer, and what are they;

(*c*) how many estimates have been sanctioned during these years by the Government;

(*d*) for how many work has been started; and

(*e*) for how many work has been finished?

Answer.

(*a*) 36

16 in 1949;	5 in 1951 and
8 in 1950;	7 in 1952.

(*b*) Nil.
(*c*) Two.
(*d*) 17.
(*e*) 17.

Vennikulam Keezhvaipur Electric Line.

176. [14] **Shri O. C. Ninan :** Will the Minister for Works be pleased to state:

(*a*) what is the estimated amount necessary for this work;

(*b*) is there budget sanction for the whole or any portion of this work;

(*c*) for how many acres of paddy land the lift irrigation connected with this line will be able to give water; when was this estimate prepared; and

(*d*) will the Government consider the question of completing this work during this financial year itself?

Answer.

(*a*) Rs. 1,08,600

(*b*) Yes; there is a provision of Rs. 60,000.

(*c*) For 155 acres. The estimste was prepared in 1949.

(*d*) Due to shortage of materials, it will not be possible to complete this work during this financial year itself.

Culverts in Valankara-Ayirur road.

177. [15] **Shri O. C. Ninan :** Will the Minister for works be pleased to state :

(*a*) for how many culverts in the Valankara-Ayirur road estimates have been sent from the Vennikulam Section;

(*b*) whether those estimates have been sanctioned by the Chief Engineer;

(*c*) is the Government aware that traffic is closed owing to the non-completion of these culverts;

(*d*) will the Government be pleased to take steps for the completion of these works ?

Answer.

(*a*) 19.
(*b*) No.
(*c*) Yes.
(*d*) Yes.

Fare Stage.

178. [19] **Shri E. Krishnan Nair :** Will the Minister for Works and Transport be pleased to state :

(*a*) whether there was any representation for a fare stage at Kulakkada for all Transport buses including Express;

(*b*) if so, what action the Government have taken in the matter; and,

(*c*) whether the Government will be pleased to enquire into the matter and grant the request of the people at an early date?

Answer.

(*a*) Yes.

(*b*) Action is being taken for declaring Kulakada as a fare stage for Kottarakara —Chengannoor shuttle but not for through services.

(*c*) Does not arise in view of answer to (b).

Kumbazha Bridge.

179. [21] **Shri P. S. Vasudevan Pillai :** Will the Minister for Works and Transport be pleased to state ;

(*a*) whether sanction has been accorded for the construction of Kumpazha bridge in Pathanamthitta Taluk; and

(*b*) whether construction work would be commenced in 1953—54 ?

Answer.

(*a*) No.

(*b*) Investigation of the work is being taken up.

Maruthancode Idacode Trace.

180. [22] **Shri M. William :** Will the Minister for Works be pleased to state :

(*a*) whether investigation of the Maruthancode Idacode Trace in Vilavancode Taluk has been completed ;

(*b*) whether any estimate has been prepared; and

(*c*) when do the Government intend taking up the work?

Answer.

(*a*) No.

(*b*) No.

(*c*) After the Central Works Committee approves to take up the work.

Construction of a Causeway.

181. [23] **Shri M. William :** Will the Minister for Works be pleased to state :

(*a*) whether any estimate has been prepared regarding the construction of a causeway in Kuzhithurai River, Vilavancode Taluk;

(*b*) what is the cost of estimate; and

(*c*) whether the work is included in this year's budget.

Answer.

(*a*) Yes.

(*b*) Rs. 19,800 as estimated in 1942.

(*c*) Not included in 1952-53 Budget.

Maternity Aid.

182. [24] **Shri O. C. Ninan :** Will the Minister for Medicine and Public Health be pleased to state :

whether any charge is realised for maternity aid given in hospitals and dispensaries ?

Answer.

Maternity aid is free for patients whose income is below Rs. 100. Patients whose income is above Rs. 100 are charged for diet, medical attendance and nursing. Those whose income is Rs. 200 and above will be charged for obstetric operations at scheduled rates. Government servants are charged in General Wards only for diet irrespective of income.

ടൈൽവർക്സ് കമ്പനിയിൽ പണിമുടക്ക്.

൧൨൭൦. [൨൯] (ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ): താഴെ പറയുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവായ്ക്കു സമീപം ചെങ്ങമനാം യൂനിയൻ ടൈൽവർക്സ് കമ്പനിയിൽ പണിമുടക്കു തുടങ്ങിയിട്ട് എത്രദിവസമായി; പണിമുടക്കു തുടങ്ങുവാനുള്ള കാരണമെന്താണ്;

(ബി) തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാം;

(സി) ഈ തൊഴിൽത്തർക്കം ഒത്തുതീർപ്പിനെത്തിക്കാൻ ഗവമെൻറിൽ നിന്നു എന്തു ശ്രമം നടത്തി?

ഉത്തരം.

(എ) ൧-൧൨-൨൮ മുതൽ തൊഴിലാളികൾ പണിമുടക്കി ൨൨-൧൨-൨൮ മുതൽ തൊഴിൽ ഉടമ ഫാക്ടറി അടച്ചുപൂട്ടി.

(ബി) സ്വഭാവദൂഷ്യംമൂലം സർവീസിൽ നിന്നും ഡിസ്മിസ് ചെയ്ത എം. ആർ. ശങ്കരൻ നായർ എന്ന തൊഴിലാളിയെ നിരുപാധികമായി തിരിയെ സർവീസിൽ പ്രവേശിപ്പിക്കണം.

(സി) തൊഴിൽക്കുഴപ്പത്തെപ്പററി അറിഞ്ഞ ഉടനെതന്നെ ലേബർ ഡിപ്പാർട്ടുമെൻറ് അഞ്ജനരന നടപടികൾ സ്വീകരിച്ചു അനന്തരജ്ഞന നടപടികൾ വിഫലമായതിനാൽ ഗവണ്മെൻറ് ഈ തൊഴിൽത്തർക്കം വ്യവഹാരകോടതിയുടെ തീരുമാനത്തിനു വിടുകയും പണിമുടക്കു പിൻവലിക്കുന്നതിനും കമ്പനി തുറന്നു പ്രവർത്തനം നടത്തുന്നതിനും ഉത്തരവു നൽകുകയും ചെയ്തിട്ടുണ്ട്.

പെരുമ്പാവൂർ ഡിസ്പെൻസറി.

൧൨൭൮. [൩൧] (ശ്രീ. പി. ഗോവിന്ദപ്പിള്ള): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂരിലുള്ള ഡിസ്പെൻസറി ഒരു ഹോസ്പിററലാക്കി ഉയർത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു് ഏതെങ്കിലും വ്യവസ്ഥയിന്മേലാണോ;

(സി) ആണെങ്കിൽ ആ വ്യവസ്ഥകളെന്തു്?

ഉത്തരം.

(എ) ഇല്ല.

(ബി) (സി) ഉദിക്കുന്നില്ല.

12 Noon]

Mr. Speaker : The time for interpellations is over.

Adjournment Motion re Rise in the Price of Tapioca.

Mr. Speaker : I have received notices of Adjournment Motions about the sudden rise in the price of tapioca. Has the Minister received notice of the motions? Has he got anything to say on the motions?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**): I have received notice of motions from two hon. Members regarding the rise in price of tapioca in certain areas of the State I can assure the House that the matter will be looked into and arrangements made to counter the rise in price and remove the difficulties, if any.

The motions were not admitted.

GENERAL DISCUSSION OF THE BUDGET FOR 1953-54.

Mr. Speaker : Now, we will begin the General Discussion of the budget. May I call upon the Deputy Speaker to start the discussion?

ശ്രീ. കെ. പി. കൃഷ്ണമേനോൻ: അടുത്ത സാമ്പത്തികവർഷത്തിലേയ്ക്കുള്ള ബഡ്ജററു നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുകയാണു്. ഈ നിയമസഭ തുടങ്ങിയതിനു ശേഷം നമ്മുടെ മുമ്പിൽ വരുന്ന രണ്ടാമത്തെ ബഡ്ജററു് ആണു് ഇതു്. ആയതുകൊണ്ടു് കഴിഞ്ഞ ബഡ്ജററിലെ കുറവു് പരിചയംകൊണ്ടു് തീർച്ചയായും മാററിയിട്ടുള്ള ഒരു ബഡ്ജററു് ആണു് ഇതെന്നു നമുക്കു പ്രതീക്ഷിക്കാവുന്നതാണു്. വരവിനെക്കാൾ ൧൪,൦൯,൦൦൦ രൂപാ കൂടുതൽ ചിലവുള്ള ഒരു ബഡ്ജററാണു് നമ്മുടെ മുമ്പിൽ വച്ചിട്ടുള്ളതു്. ഇപ്രകാരമുള്ള ഒരു കമ്മിബഡ്ജററു് ഹാജരാക്കുമ്പോൾ രാഷ്ട്രനിർമ്മാണപരമായ കാര്യങ്ങൾക്കു് കൂടുതൽ പണം വിനിയോഗിച്ചിട്ടുണ്ടെന്നു് പറയാതെ നിവൃത്തിയില്ല. കഴിഞ്ഞ കൊല്ലത്തിൽ രാഷ്ട്രനിർമ്മാണപരമായ കാര്യങ്ങൾക്കു് വിനിയോഗിച്ചിട്ടുള്ള സംഖ്യയും അടുത്ത കൊല്ലത്തിൽ വിനിയോഗിക്കുവാൻ ഉദ്ദേശിക്കുന്ന സംഖ്യയും തമ്മിൽ ൨ കോടിയിൽ ചില്വാനം രൂപയുടെ വ്യത്യാസം കാണുന്നുണ്ടു്. അതു് ഏതാണ്ടു് പ്രോത്സാഹജനകമാണെന്നു പറയാതെ ഗത്യന്തരമില്ല. ധനകാര്യമന്ത്രിയുടെ ബഡ്ജററുപ്രസംഗത്തിൽ ഇവിടുത്തെ

[ശ്രീ. കെ. പി കൃഷ്ണമേനോൻ.]

എല്ലാവിധകാര്യങ്ങളെക്കുറിച്ചും ഏതാണ്ട് ഒന്നു വിമർശിച്ചിട്ടുണ്ട്. ഈ ബഡ്ജററ് നോക്കുന്ന ഏതൊരു സാധാരണക്കാരനും, അടുത്തകൊല്ലത്തിൽ എന്തെല്ലാം കാര്യങ്ങളാണ് ഇവിടെ നടക്കുവാൻ പോകുന്നതെന്നും നമുക്കു എന്തെങ്കിലും ആശക്കു വഴിയുണ്ടോ എന്നും നോക്കുന്ന ഏതൊരാൾക്കും, ഒററനോട്ടത്തിൽ സമാധാനിക്കുന്നതിനുള്ള പല പദ്ധതികളും ഈ ബഡ്ജററിൽ ഉണ്ടെന്നു പറയാതെ യാതൊരു നിവൃത്തിയുമില്ല. ഈ ബഡ്ജററു നല്ലൊരു ശുഭമായ പ്രതീക്ഷയോടുകൂടിയാണ് തുടങ്ങുന്നത്. ഏതാണ്ട് ൨൨൧.൭൫ ലക്ഷം രൂപായുടെ നീക്കിയിരിപ്പോടുകൂടിയാണ് അടുത്ത കൊല്ലത്തേയ്ക്കു നാം പുറപ്പെടുന്നത്. അതും ശുഭമായ ഒരു സംഗതിയാണ്.

നമ്മുടെ വ്യവസായ നിലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി ഒരു പുതിയ ഇൻഡസ്ട്രിയൽ ഫൈനാൻസ് കാർപ്പറേഷൻ രൂപീകരിക്കുവാൻ പോകുന്നു എന്ന സന്തോഷവാർത്തയും ഈ ബഡ്ജററു മുഖേന നാം അറിയുന്നുണ്ട്. ഈ അവസരത്തിൽ ഒരു ഇൻഡസ്ട്രിയൽ ഫൈനാൻസ് കാർപ്പറേഷൻെറ ആവശ്യത്തെപ്പററി യാതൊന്നും ഇവിടെ പറയേണ്ട ആവശ്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ഇവിടത്തെ പല വ്യവസായങ്ങളും മൂലധനത്തിൻെറ അഭാവംകൊണ്ട് ദൈനംദിനം നിൽക്കുവാൻ അല്ലെങ്കിൽ ശ്വാസം അടയുവാൻ തുടങ്ങുകയാണ്. ഈ അവസരത്തിൽ ഈ മാതിരിയുള്ള ഒരു കാർപ്പറേഷൻ ഇവിടെ ഏററവും അത്യന്താപേക്ഷിതമാണ്. ഇൻഡ്യയിൽ സെൻട്രൽ ഗവണ്മെൻറിൽ നിന്നും ഈ മാതിരിയുള്ള ഒരു ഫൈനാൻസ് കാർപ്പറേഷൻ തുടങ്ങുകയുണ്ടായിട്ടുണ്ട്. അതിൽ നിന്നു നമുക്ക് വേണ്ടിടത്തോളം സഹായസഹകരണം ലഭിക്കാതിരിക്കുന്ന സ്ഥിതിക്ക് ആ മാതിരിയുള്ള ഒരു ഫൈനാൻസ് കാർപ്പറേഷൻ നമുക്ക് സ്വന്തമായിട്ടു തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളതു വളരെ സന്തോഷകരംതന്നെയാണ്. എന്നാൽ ഈ അവസരത്തിൽ ഫൈനാൻസ് കാർപ്പറേഷൻെറ രൂപീകരണത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ എനിക്ക് ഇവിടെ പറയുവാനുണ്ട്. ഇതിലേയ്ക്കു ൩൦ ലക്ഷം രൂപായാണ് നമ്മുടെ ഗവണ്മെൻറിൽ നിന്നും മൂലധനമായി മുടക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നതു. കൂടാതെ ൩൦ ലക്ഷം രൂപ റിസർവ് ബാങ്കിൽ നിന്നും ഓഹരി എടുക്കുവാനും പിന്നീടു ൪൦ ലക്ഷം രൂപ തിരുവിതാംകൂർ-കൊച്ചിയിലുള്ള ജനവിഭാഗങ്ങളിൽ നിന്നു പിരിക്കുവാനുമാണ് നിശ്ചയിച്ചിട്ടുള്ളതു. എൻെറ എളിയ അഭിപ്രായത്തിൽ ഈ ഒരുകോടി രൂപ ഇവിടത്തെ വ്യവസായത്തെ പുനരുദ്ധരിക്കുവാൻ ഏററവും അപര്യാപ്തമാണെന്നു പറയാതെ നിവൃത്തിയില്ല. കൂടാതെ ഫൈനാൻസ് കാർപ്പറേഷൻെറ ഭരണത്തെപ്പററി ഒന്നുരണ്ടു സംഗതികൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ധനസഹായം ചെയ്യുന്നതിനു പര്യാപ്തരായ പല കമ്പനികളും സ്റ്റാററ്യൂട്ട് അനുസരിച്ചു ധനസഹായം ചെയ്യുവാൻ ഉദ്ദേശിക്കുന്ന രൂപത്തിലുള്ള പല സ്ഥാപനങ്ങളും ഇവിടെ തുടങ്ങിയിട്ടുണ്ട്. എന്നാൽ ഈ പുതിയ സ്ഥാപനങ്ങൾക്കൊന്നിനുംവേണ്ടിടത്തോളം വ്യവസായങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനു സാധിച്ചിട്ടില്ല. അവിടെയെല്ലാം സ്വാർത്ഥപരമായും പക്ഷപാതപരമായും അസംഖ്യ അഡ്വാൻസും ചെയ്യുകയും അവസാനം അതു നഷ്ടത്തിലായി പര്യവസാനിക്കുകയുംചെയ്യുന്നതായിട്ടാണ് കാണുന്നതു. അതുകൊണ്ട് ഈ

ഇൻഡസ്ട്രിയൽ ഫൈനാൻസ് കോർപ്പറേഷൻ തുടങ്ങുന്ന അവസരത്തിൽ തന്നെ ഈമാതിരി വിഷമതകൾ ഉണ്ടാകാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. കഴിഞ്ഞ ബഡ്ജററു വേളയിൽ ഇവിടത്തെ വലിയ വലിയ കമ്പനികളിൽ ഗവണ്മെൻറിനെ പ്രതിനിധീകരിക്കുന്നതിന് ഉദ്യോഗസ്ഥന്മാരെ നിയോഗിക്കുന്നതുകൊണ്ട് ഉണ്ടാകുന്ന വിഷമങ്ങളെപ്പററി ഞാൻ ഇവിടെ പറയുകയുണ്ടായിട്ടുണ്ട്. ഈ അവസരത്തിൽ എനിക്കു അതിനെപ്പററി പറയുവാനുള്ളതു് ഫൈനാൻസു കോർപ്പറേഷൻെറ പ്രയോഗത്തിൽ, പരിജ്ഞാനം സിദ്ധിച്ചിട്ടുള്ള വിദഗ്ദ്ധന്മാരായിട്ടുള്ള ആളുകളെ എടുക്കുകയും അവർ ഈവിധ കാര്യങ്ങളിൽ വേണ്ടിടത്തോളം വ്യവസായങ്ങളെപ്പററി അന്വേഷണം നടത്തി ആവശ്യമെന്നു തോന്നുന്ന ഘട്ടങ്ങളിൽ മാത്രം പണം ശരിയായ സെക്യൂറിററി വാങ്ങി അഡ്വാൻസായി നൽകുകയും അതു തിരിച്ചു് അടയ്ക്കാത്തപക്ഷം അതു് ഈടാക്കുകയും ചെയ്യുന്നതു കോർപ്പറേഷൻെറ നടത്തിപ്പിനു പ്രയോജനകരമായിരിക്കും എന്നാണ്. ഞാൻ ഈ സംഗതിയെപ്പററി ഇത്രയും പറയുന്നതു് ഇവിടത്തെ ചില വ്യവസായ ശാലകളിൽ ഗവണ്മെൻറിനെ പ്രതിനിധീകരിച്ചുപോകുന്ന ചില ആളുകളെപ്പററി എനിക്കു ചിലതെല്ലാം നേരിട്ട് അറിയുവാൻ ഇടയായതുകൊണ്ടാണ്. ആലുവായിലെ എഫ്. ഏ. സി. ററി. കമ്പനിയെയാണ് ഞാൻ ഉദ്ദേശിക്കുന്നതു്. അതു് ഇപ്പോഴത്തെ പ്രതിനിധിയെപ്പററിയല്ല എന്നു ഞാൻ തീർത്തു പറയുന്നു. ഇതിനു മുമ്പിലത്തെ പ്രതിനിധിയെപ്പററിയാണ് ഞാൻ പറയുന്നതു്. ഇവിടത്തെ ചില ഭേദപ്പെട്ട ഗവണ്മെൻറ് ഉദ്യോഗസ്ഥന്മാർ അവിടെ ചെന്നു കമ്പനി മീററിംഗിൽ സംബന്ധിച്ചാൽ മിനിട്ടിൽ ഒപ്പിടുന്നതിനു രണ്ടുകുപ്പി വിസ്കി കാഴ്ചവയ്ക്കണമെന്നാണ് വ്യവസ്ഥ. ഒരു കുപ്പി കൊണ്ടുവന്നു് ആലുവായിൽ കൊട്ടാരത്തിൽവച്ചു കുടിക്കുകയും ഒരു കുപ്പി തിരുവനന്തപുരത്തു കിട്ടാത്തതുകൊണ്ടു് തിരുവനന്തപുരത്തു കൊണ്ടുവന്നു കുടിക്കുന്നതിന് തിരുവനന്തപുരത്തേക്കു കൊണ്ടുപോരുകയുമാണ് ചെയ്യുന്നതു് ഈ സംഗതി ഞാൻ തുറന്നു പറയുന്നതു് പൊതുജനങ്ങളോടു് ഉത്തരവാദിത്വബോധമുള്ള ആളുകളെ ഈ മാതിരി കാര്യങ്ങളിൽ തെരഞ്ഞെടുക്കുകയും മൂന്നുനാലുകൊല്ലം കൂടുമ്പോൾ ഇങ്ങനെയുള്ള സംഗതികൾ ഉണ്ടാകാതിരിക്കുന്നതിനു വേണ്ടി വേറെ ആളുകളെ തെരഞ്ഞെടുക്കുകയും ചെയ്യേണ്ടതു് ഏററവും അത്യന്താപേക്ഷിതമാണെന്നു ഗവണ്മെൻറിനെ ഉൽബോധിപ്പിക്കുവാൻ മാത്രമാണ്. ഒരു കുപ്പി വിസ്കിയ്ക്കു് ഒപ്പുവയ്ക്കുന്ന ആളെ ഫൈനാൻസ് കോർപ്പറേഷനിലേയ്ക്കു തെരഞ്ഞെടുക്കുന്നതു് ഈ രാജ്യത്തോടു ചെയ്യുന്ന ഒരു മഹാപാതകമായിരിക്കുമെന്നു പറയാതെ നിവൃത്തിയില്ല. നമ്മുടെ വ്യവസായത്തിൻെറ അഭിവൃദ്ധിയ്ക്കായി ഉണ്ടാക്കുന്ന ഫൈനാൻസ് കോർപ്പറേഷനിലേയ്ക്കു തെരഞ്ഞെടുക്കുന്ന ആളുകൾ ഈ വിധത്തിലുള്ളവരായിരിക്കരുതെന്നു് ചൂണ്ടിക്കാണിക്കുവാനാണ് ഞാൻ ഈ സംഗതി ഇവിടെ പ്രത്യേകം എടുത്തുപറഞ്ഞതു്.

ദുരിതനിവാരണത്തിനായി പലതും ബഡ്ജററിൽ ഉണ്ട്. സഹകരണാടിസ്ഥാനത്തിലും അല്ലാതെയും ഇവിടത്തെ തൊഴിലില്ലാത്ത ആളുകൾക്ക് തൊഴിൽ ഉണ്ടാക്കിക്കൊടുക്കുന്നതിന് ഈ ബഡ്ജററിൽ പല പദ്ധതികളും ഉണ്ട്. തൊഴിലില്ലാത്ത എല്ലാപേർക്കും ഒരു സുപ്രഭാതത്തിൽ തൊഴിലുണ്ടാക്കി കൊടുക്കുവാൻ ഒരു ഗവണ്മെൻറിനെക്കൊണ്ടും സാദ്ധ്യ

[ശ്രീ. കെ. പി. കൃഷ്ണമേനോൻ.]

മല്ല. കൊല്ലംതോറും ൧൦൦൦-ന ൧൨ വീതം ജനസംഖ്യ പെരുകിക്കൊണ്ടിരിക്കുന്ന ഒരു രാജ്യത്തു് നിശ്ചയമായും എല്ലാപേർക്കും തൊഴിലുണ്ടാക്കി കൊടുക്കുവാൻ സാദ്ധ്യമല്ല. എങ്കിലും ഈ കാര്യത്തിൽ ഗവണ്മെൻറ വേണ്ടിടത്തോളം ശ്രദ്ധപതിപ്പിക്കുന്നില്ലെന്നു പറയാതെ നിവൃത്തിയില്ല. ഇന്നത്തെ ചോദ്യോത്തരവേളയിലും കൈത്തറിനെയ്ത്തിനു വേണ്ടിടത്തോളം പ്രോൽസാഹനം ഈ ഗവണ്മെൻറ് ചെയ്യുന്നില്ലെന്നു നമുക്കു് കാണുവാൻ കഴിഞ്ഞിട്ടുണ്ടു്. കൈത്തറിനെയ്ത്തിൽ ഏർപ്പെട്ടിരിക്കുന്ന വളരെ തൊഴിലാളികൾ ഇപ്പോൾ വലിയ വിഷമതകളിൽ എത്തിച്ചേർന്നിട്ടുണ്ടു്. ഏതാണ്ടു് ഒരു ലക്ഷം രൂപയുടെ ചില ചില്ലറ ആശ്വാസങ്ങൾ അവക്കു നൽകുന്നുണ്ടെന്നുള്ളതിനെപ്പററി ഞാൻ ഈ അവസരത്തിൽ വിസ്മരിക്കുന്നില്ല. ഇതൊരു പ്രധാന കാര്യമായി എടുക്കുകയും ഇവിടത്തെ കൈത്തറി തൊഴിലാളികൾക്കു വേതനം കൂട്ടിക്കൊടുക്കുന്നതിനും അവരുടെ തുണികൾ കാലാകാലങ്ങളിൽ വിററഴിക്കുന്നതിനും പര്യാപ്തമായ നടപടികൾ എടുക്കുകയും ചെയ്യണമെന്നു് ഞാൻ ഈ അവസരത്തിൽ സവിനയം ഗവണ്മെൻറിനെ അറിയിച്ചുകൊള്ളുന്നു.

ഈ ബഡ്ജററിൽ രാഷ്ട്രനിർമ്മാണപരമായ കാര്യങ്ങൾക്കു വളരെ സംഖ്യ കഴിഞ്ഞകൊല്ലത്തേക്കാൾ കൂടുതൽ കൊള്ളിച്ചിട്ടുണ്ടെന്നു് ഞാൻ നേരത്തെ ഇവിടെ പറയുകയുണ്ടായി. എന്നാൽ ഈ ബഡ്ജററിൽ വലിയൊരു കുറവു വന്നുപോയിട്ടുണ്ടു്. നമ്മുടെ അരിക്കച്ചവടത്തിൽ ൩ കോടി രൂപയുടെ നഷ്ടം നാം കൊല്ലംതോറും സഹിച്ചുകൊണ്ടിരിക്കുകയാണു്. എന്നാൽ ഈമാതിരിയുള്ള വൻ തുക നഷ്ടം സഹിക്കാതിരിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കത്തക്കവിധത്തിൽ ഇവിടെ വൻകിട പദ്ധതികളും, ലിഫ്ററ് ഇറിഗേഷൻ പദ്ധതികളും പ്രോത്സാഹിപ്പിക്കുന്നതിനു് ഈ ഗവണ്മെൻറ യാതൊരു ശ്രദ്ധയും കൈക്കൊണ്ടിട്ടില്ലെന്നുള്ളതു് വളരെ വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. കഴിഞ്ഞകൊല്ലത്തിൽ ഏതാണ്ടു് ൨-ൽ ചില്വാനം ലക്ഷം രൂപ ലിഫ്ററ ഇറിഗേഷൻ പദ്ധതികൾക്കുവേണ്ടി കൊള്ളിച്ചിരുന്നു. എന്നാൽ ഇക്കൊല്ലം അതിൽ കുറഞ്ഞ ഒരു സംഖ്യയാണു് അതിനുവേണ്ടി കൊള്ളിച്ചിട്ടുള്ളതു്. കഴിഞ്ഞകൊല്ലത്തിൽ എന്റെ അറിവു് ആലുവാ ഡിവിഷനിൽനിന്നു് ലിഫ്ററ ഇറിഗേഷൻ മെയിൻറനൻസിനുവേണ്ടി ൩-ൽ ചില്വാനം ലക്ഷം രൂപയുടെ വക്കുകൾക്കുള്ള എസ്റ്റിമേററുകൾ അയച്ചിരുന്നുവെന്നാണു്. എന്നാൽ ഇവിടെ അനുവദിച്ചതു് ൨-ൽ ചില്വാനം ലക്ഷം രൂപയുടെ വക്കുകളാണു്. എന്നാൽ ഈ കൊല്ലത്തിൽ അതിലും കുറവായിട്ടാണു് കൊള്ളിച്ചിട്ടുള്ളതു് എന്നു പറയേണ്ടിയിരിക്കുന്നു. അതേ അവസരത്തിൽതന്നെ പുതിയ ലിഫ്ററ് ഇറിഗേഷൻ വക്കുകൾക്കു് കൂടുതൽ പണം ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ടു്. നാട്ടിന്റെ നാനാഭാഗങ്ങളിലും പുതിയ ലിഫ്ററ ഇറിഗേഷൻ വക്കുകൾ നടത്തി തുടങ്ങിയിട്ടു് അടുത്ത അവസരത്തിൽ അതു് തുടർന്നു നടത്താതിരിക്കുന്നുണ്ടു്. ഇങ്ങനെ വക്കുകൾ നടത്തുന്നതുകൊണ്ടു് യാതൊരു പ്രയോജനവും ഇല്ല. ഈ ലിഫ്ററ ഇറിഗേഷൻവക്കുകൾ പ്രയോജനകരമായ വിധത്തിൽ ആവിഷ്കരിച്ചു് ജനങ്ങളുടെ ഉത്തരവാദിത്വത്തോടുകൂടി നടത്തത്തക്കവിധത്തിൽ, ഒരു കോടി രൂപ അടുത്ത ഭാവിയിൽ ഉണ്ടാക്കി

നമ്മുടെ ലിഫ്ററ് ഇറിഗേഷൻ പദ്ധതികളെല്ലാം പൂർണ്ണമാക്കണമെന്നാണ് ഞാൻ പറയുന്നത്. ഈ കാര്യം പറയുമ്പോഠം ഇന്ന് ഞങ്ങഠംക്കുള്ള ചില വിഷമതകളെക്കുറിച്ച് തുറന്നുപറയാതെ നിവൃത്തിയില്ല. ഇപ്പോഠം ഉദ്യോഗസ്ഥന്മാക്ക് സംപൂർണ്ണമായ വിട്ടുകൊടുത്തിരിക്കുന്ന ഒരു പദ്ധതിയാണ് ലിഫ്ററ് ഇറിഗേഷൻ. പൊതുജനങ്ങളുടെ സഹായ സഹകരണത്തോടുകൂടി ചെയ്യുന്ന ഒരു കാര്യമാണ് ലിഫ്ററ ഇറിഗേഷൻ എന്നും പൊതുജനങ്ങഠം അതിനോട് സഹകരിക്കണമെന്നും ഗവണ്മെൻറ അഭ്യർത്ഥിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ പൊതുജനങ്ങളുടെ സഹകരണത്തിന് ഗവണ്മെൻറ വേണ്ടിടത്തോളം വില കൊടുക്കുന്നില്ല എന്നു പറയാതെ നിവൃത്തിയില്ല. മദ്രാസിൽ ഒരു കമ്മ്യൂണിററി പ്രൊജക്ററിൻെറ ചുമതല വഹിച്ചിരിക്കുന്നത് ഒരു അനുദ്യോഗസ്ഥനാണെന്നാണ് എൻെറ അറിവ്. അവിടെ കമ്മ്യൂണിററി പ്രൊജക്ററിൻെറ ചുമതല ഒരു അനുദ്യോഗസ്ഥനെ ഏൽപ്പിച്ചിട്ട് കുഴപ്പം ഒന്നും ഉണ്ടായതായി കേട്ടിട്ടില്ല. ആ മാതിരി പൊതുജനങ്ങഠംക്കു ആവശ്യമുള്ള ലിഫ്ററ ഇറിഗേഷൻ, കമ്മ്യൂണിററി പ്രൊജക്ററ മുതലായ പ്രവർത്തനങ്ങഠം പൊതുജനങ്ങഠംക്കു പ്രയോജനകരമായ വിധത്തിൽ ചെയ്യുന്നതിനു ഒരു അനുദ്യോഗസ്ഥനെ ഏർപ്പെടുത്തുന്ന കാര്യത്തിൽ ഗവണ്മെൻറ കൂടുതൽ ശ്രദ്ധിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

ഇപ്പോഠം വലിയ വലിയ തുകകഠം പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലേക്ക് പൊതുമരാമത്തു പണികഠംക്കായി ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. ഇതിനു മുൻപുള്ള ഈ രാജ്യത്തെ നടപടികഠം നോക്കുകയാണെങ്കിൽ ഒരു കൊല്ലത്തിൽ ഒരു ലക്ഷം രൂപ പൊതുമരാമത്തു പണികഠംക്കു കൊള്ളിച്ചിട്ടുണ്ടെങ്കിൽ പരമാർത്ഥത്തിൽ അതിൽ പതിനായിരം രൂപയെങ്കിലും ചെലവു ചെയ്യാൻ സാദ്ധ്യമല്ലാതെയാണ് വന്നിട്ടുള്ളതെന്നുകാണാം. ഇതു പുനരാവർത്തിക്കാൻ പാടില്ലെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ബഡ്ജററിൽ എസ്റ്റിമേററ ചെയ്തിട്ടുള്ള വക്കുകളെല്ലാററിനും തുക കൊള്ളിക്കുമെങ്കിലും, എസ്റ്റിമേററ സാംഗ്ഷൻ ചെയ്തിട്ടുള്ളതിലും. കുറച്ചുജോലികഠം മാത്രമേ ചെയ്തുതീക്കാൻ സാധിക്കുന്നുള്ളു എന്നു കാണാം. എസ്റ്റിമേററനുവാദം ലഭിക്കുകയും ടെക്കനിക്കൽ അഡൈ്വസു കിട്ടുകയും ചെയ്തിട്ടുള്ള വേലകളെങ്കിലും അതാതു കൊല്ലത്തിൽതന്നെ നടത്തിത്തീക്കാൻ വേണ്ട ഏർപ്പാടുകഠം ചെയ്യണം. ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള പുതിയ വക്കുകഠം നടത്തുന്നതിന് നമ്മുടെ ഗവണ്മെൻറ ശരിയായി ശ്രദ്ധ പതിപ്പിക്കുകയും വേണം. കഴിഞ്ഞ കൊല്ലത്തിൽ ഇവിടെ ടോക്കൺ ബഡ്ജററ കൊണ്ടുവന്നു പാസ്സാക്കിയെടുത്ത അവസരത്തിൽ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലെ പണികളെ സംബന്ധിച്ചിടത്തോളം, ഒരു കാൺഫിഡൻഷ്യൽ സക്കുലർ എല്ലാ ഗവണ്മെൻറ ഉദ്യോഗസ്ഥന്മാക്കും അയച്ചിട്ടുണ്ടെന്നു എനിക്കു അറിവു കിട്ടിയിട്ടുണ്ട്. അതായതു് പുതിയതായി അനുവദിച്ചിട്ടുള്ള വേലകഠം ചെയ്യാൻ പണം ചെലവാക്കരുതു് എന്ന്. അതു് ശരിയാണെന്നു് എനിക്കു തോന്നുന്നില്ല. പൊതുമരാമത്തുവേലകഠം നടത്തുന്ന കാര്യങ്ങളിൽ കൂടുതൽ ഉത്സാഹം പ്രദർശിപ്പിക്കണം. ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുകകഠം ചെലവാക്കിയാൽ മാത്രമെ നമുക്കു സന്തോഷത്തിനു അവകാശമുള്ളു. അതുകൊണ്ട് ഈ വകയ്ക്കു അതായതു് പൊതുമരാമത്തുപണികഠംക്കായിട്ട് ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുകകഠം കലാ

[ശ്രീ. കെ. പി. കൃഷ്ണമേനോൻ.]

കാലങ്ങളിൽ വിനിയോഗിക്കണം. സാധാരണയായി ഈ പൊതുമരാമത്തു ഡിപ്പാർട്ടുമെൻറിലേക്ക അനുവദിച്ചിട്ടുള്ള തുകകൾ ഫെബ്രുവരി, മാർച്ച് ഈ മാസങ്ങളിലാണ ചെലവാക്കുന്നതെന്നു നമുക്കു തെളിഞ്ഞു കാണാം. ഇതിനെപ്പററി ഞാൻ അന്വേഷിച്ചപ്പോൾ, ആണ്ടിൻെറ അവസാനകാലമായ ഈ മാസങ്ങളിലാണ് പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാരുടെ കൊയ്ത്തുകാലംഎന്നും, ഓരോരോ ജോലിക്കും ഓരോരോ ഉദ്യോഗസ്ഥന്മാൎക്കും ഇത്ര ഇത്ര തുക വീതം കൊടുക്കണമെന്നു നിശ്ചയിച്ചിട്ടുണ്ടെന്നും, ഈ തുകകൾ അവരുടെ പോക്കററിലാക്കാനുള്ള കാലം ഇതാണെന്നും അതുകൊണ്ടാണ് ഈ മാസങ്ങളിൽതന്നെ ചെയ്യുന്നതെന്നും മനസ്സിലായി. ഇതിലേയ്ക്കു ഒരു പദ്ധതി അവർതന്നെ ഉണ്ടാക്കിയിട്ടുണ്ട്. തെരഞ്ഞെടുപ്പു കഴിഞ്ഞശേഷം ഈ പുതിയ മന്ത്രിസഭ വന്നതിനുശേഷമെങ്കിലും ഈ വക കാൎയ്യങ്ങൾക്കു ഒരു മാററം ഉണ്ടാകുമെന്നു വിചാരിച്ചിരുന്നു. അതു് ഇപ്പോൾ നിരാശയാണുണ്ടാക്കിയിരിക്കുന്നതു്. വില്ലേജു റോഡുകളുടെ പണികൾക്കും ഇതുപോലെതന്നെ അനുവദിക്കുന്ന തുകകളുടെ ഇരുപത്തഞ്ചു ശതമാനത്തിലും കറവായിട്ടാണ് അവയ്ക്കുവേണ്ടി ചെലവാക്കുന്നതു് എന്നാണ് എൻെറ അറിവ്. ബാക്കിയുള്ള എഴുപത്തഞ്ചു ശതമാനത്തിൽനിന്നുമാണ് അവരുടെ ശമ്പളത്തിൻെറ കുറവ് പരിഹരിക്കുന്നതിന് വേണ്ടതു വിനിയോഗിച്ചുവരുന്നതു്. അതിലേക്ക് അതതു റോഡുപണികളിലേക്കുള്ള ഇൻററസ്ററഡ് പാർട്ടികളെക്കൊണ്ടു് ആ വേലകൾ നടത്തിക്കാമെങ്കിൽ, അനുവദിച്ചിട്ടുള്ള സംഖ്യയുടെ എഴുപത്തഞ്ചോ എൺപതോ ശതമാനമെങ്കിലും വില്ലേജുറോഡുകളുടെ പണികൾക്കായി ചെലവാക്കാൻ സാധിക്കുന്നതാണ്. ഈ വക കാൎയ്യങ്ങളിൽ ഗവണ്മെൻറ് നിസ്സാരകാൎയ്യങ്ങളാണെന്നു തള്ളാതെ ഒരു വിശാലമായ മനഃസ്ഥിതിയോടുകൂടി പെരുമാറണമെന്നും വില്ലേജുറോഡുകളുടെ മെയിൻറനൻസു കാൎയ്യത്തിൽ ഒരു ഏജൻസിവെച്ച് പണികൾ നടത്തണമെന്നും എനിക്കപേക്ഷയുണ്ടു്.

രണ്ടാമതു് എനിക്കു പറയുവാനുള്ളതു് ഏലക്ട്രിക് ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചാണ്. ചില സ്ഥലങ്ങളിൽ ഒരു ലൈൻ അനുവദിച്ചുകിട്ടാൻ, അതായതു് അരമൈൽ നീളമുള്ള ഒരു ലൈൻ ആയാൽ പോലും ഒരു വർഷം കഴിഞ്ഞശേഷമാണ അനുവാദം കിട്ടുന്നതു്. അനുവാദം കിട്ടിക്കഴിഞ്ഞതിനുശേഷം, ജോലി നടത്താൻ ഒരു കൊല്ലത്തെ കാലതാമസം വരുന്നുണ്ടെന്നെനിക്കറിയാം. അതിനുള്ള കാരണം അന്വേഷിച്ചതിൽ, അതിലേക്കാവശ്യമുള്ള സാധനസാമഗ്രികൾ ലഭ്യമല്ലാത്തതുകൊണ്ടാണെന്നു മനസ്സിലാക്കാൻ സാധിച്ചു. ഓരോ വേലയ്ക്കും ആവശ്യമുള്ള മെററീരിയൽസ് എവിടെ ഉണ്ടു് എന്നു അന്വേഷിച്ചു പിടിച്ചു കാലതാമസം വരുന്നതാണ്. അയ്യായിരമോ പതിനായിരമോ രൂപയുടെ ഒരു വേല ഉപകരണങ്ങളുടെ കുറവുനിമിത്തം താമസിച്ചു നടത്തുന്നതിനും ഇടവരുന്നു. അതിനു പല പല ഉദാഹരണങ്ങളും എനിക്കറിയാം. ഇന്നു് ഏതെങ്കിലും ഒരു ഇലക്ട്രിക്കൽ സബ് ഡിവിഷനിൽ ചെന്നു്, ഒരു മൈൽ നീളം വേല ചെയ്യുന്നതിനാവശ്യപ്പെട്ടാൽ, അതിലേക്കാവശ്യമുള്ള സാധനസാമഗ്രികൾ അവിടെയുണ്ടോ എന്നു് ഒന്നു് പരീക്ഷിക്കണം. തിരുവിതാംകൂർ-കൊച്ചിയിലുള്ള ഏതു് സബ് ഡിവിഷനിലും,

പരിശോധിച്ചാൽ അതിന്റെ സൂക്ഷ്മം നമുക്കറിയാൻ സാധിക്കും. നമുക്ക് ഇതിനെല്ലാം ഒരു പൊതു തത്വം അടിസ്ഥാനമാക്കി അതിനെ അനുസരിച്ച് നടത്തണമെന്നും, നല്ല ഉദ്ദേശത്തോടുകൂടി, നല്ല വിചാരത്തോടുകൂടി നടത്തണമെന്നും മന്ത്രിസഭ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നും ആണ് എനിക്കു പറയുവാനുള്ളതു്. അതുപോലെ തന്നെ ഫൈനൽ ബിൽ പാസ്സാക്കികൊടുക്കുന്ന കാര്യത്തിലും വളരെ കാലതാമസം വരുന്ന പല സംഗതികളും നമുക്കറിയാം. അതിലേയ്ക്കുള്ള കാരണക്കാരായ ഉദ്യോഗസ്ഥന്മാരെ എല്ലാം ശരിയായി ശിക്ഷിക്കുകയും ഇവിടെ എല്ലാവർക്കും പ്രയോജനപ്രദമായ ഭരണം നിലനിർത്തുകയും ചെയ്യണം.

എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റിനെക്കുറിച്ചുകൂടി ഒരു വാക്കു പറയേണ്ടിയിരിക്കുന്നു. ഇവിടെ കാളേജു തുറന്ന് ഒന്നോ രണ്ടോ മാസം കഴിഞ്ഞതിനുശേഷവും, അവിടെ ആവശ്യമുള്ള പ്രൊഫസർമാരെയോ ലക്ചറർമാരെയോ നിയമിക്കുന്നതിനു ഗവണ്മെന്റിനു സാധിച്ചിട്ടില്ല. അതുപോലെതന്നെ കളമശേരിയിലെ പോളിടെക്ക്നിക്കൽ കാളേജിലും, അവിടത്തെ ഉദ്യോഗസ്ഥന്മാരെ നിയമിക്കാൻ ഉണ്ടായ താമസംകൊണ്ടു്, രണ്ടു മാസത്തേയ്ക്കു കാളേജു് അടച്ചിടേണ്ടിവന്നു. അതിനാൽ കാലാകാലങ്ങളിൽ കാളേജുകളിലും സ്കൂളുകളിലും ആവശ്യമുള്ള ഉദ്യോഗസ്ഥന്മാരെ നിയമിക്കുന്ന കാര്യത്തിലും ഗവണ്മെന്റ് കൂടുതൽ ശ്രദ്ധ പതിപ്പിക്കണം.

ഇനി ആഫീസുകളിലെ ഫയൽ വച്ചു താമസിപ്പിക്കുന്നതിനെപ്പററിയാണ് എനിക്കു പറയുവാനുള്ളതു്. ഇവിടെ, ഈ സഭയുടെ നാനാഭാഗങ്ങളിലുംനിന്നു ഇതിനെസംബന്ധിച്ചു പല ആക്ഷേപങ്ങളുമുണ്ടായി. എങ്കിലും യാതൊരു മാററവും ഉണ്ടായിട്ടുള്ളതായി അറിഞ്ഞുകൂടാ. കൂടാതെ കഴിഞ്ഞ ഒന്നു രണ്ടു കൊല്ലമായിട്ടു ഈ വിഷമങ്ങൾ പരിഹരിക്കുന്നതിന് എന്ന മട്ടിൽ അനേകം പോസ്ററുകൾ ആഫീസുകൾ കൂടുതലായി സൃഷ്ടിച്ചിട്ടുണ്ടു്. യാതൊരാവശ്യവുമില്ലാതെ എലക്ട്രിക്കൽ ഡിപ്പാർട്ടുമെന്റിലും, പി. ഡബ്ലിയു. ഡിപ്പാർട്ടുമെന്റിലും ധാരാളം ഉദ്യോഗങ്ങൾ സൃഷ്ടിച്ചിട്ടുണ്ടു്. സൂപ്രണ്ടിംഗ് എൻജിനീയർ എന്നൊരു ഉദ്യോഗം, ചീഫ് എൻജിനീയരുടെ സ്റ്റാഫിലുള്ള ഒരു ഉദ്യോഗം, സൃഷ്ടിച്ചിട്ടുള്ളതു ഇതിനുദാഹരണമാണ്. പൂർണ്ണമായ യാതൊരധികാരവുമില്ലാത്ത ഇങ്ങനെയുള്ള ചില ഉദ്യോഗ സൃഷ്ടികൾ കൊണ്ടു കാലതാമസത്തിനു യാതൊരു കുറവും വരാൻപോകുന്നില്ല. എസ്റ്റിമേററാ, ബില്ലോ വന്നുകഴിഞ്ഞാൽ അതു മുകളിലോട്ടു അയയ്ക്കുമെന്നല്ലാതെ ഫൈനലായി ആർഡർ പാസാക്കാൻ ഡിപ്പാർട്ടുമെന്റു മേധാവികൾക്കെ സാധിക്കുകയുള്ളു. ഇതിനൊരു പരിഹാരം ഉണ്ടാക്കണം.

സഹകരണപ്രസ്ഥാനത്തെപ്പററിയും ഒരു സംഗതി പറയാനുണ്ടു്. സഹകരണപ്രസ്ഥാനത്തെപ്പററി പല മെംബറന്മാരും മന്ത്രിമാരും എല്ലാ അവസരങ്ങളിലും പ്രസംഗിക്കാറുണ്ടു്. അതിനെപ്പററി ഗവണ്മെന്റിന് വലിയ സന്മനോഭാവമുണ്ടെന്നു എനിക്കറിയാം. ട്രാവൻകൂർബാങ്കിൽ രണ്ടുകോടി രൂപാ നിക്ഷേപിച്ചിട്ടുള്ള ഈ ഗവണ്മെന്റ് എല്ലാ സഹകരണപ്രസ്ഥാനങ്ങൾക്കും, സഹകരണ ബാങ്കുകൾക്കും ചെറിയ ചെറിയ

തുകകൾ നൽകുന്നതു ഗവണ്മെൻറിനും പൊതുജനങ്ങൾക്കും കൂടുതൽ സൗകര്യപ്രദമായിരിക്കും. സഹകരണകാളേജു ഇവിടെ തുടങ്ങിയിട്ടു രണ്ടുമൂന്നു കൊല്ലമായി. അതു് ഇപ്പോൾ നിറുത്താൻ പോകുന്നതായി കേൾക്കുന്നു. അങ്ങനെയാണെങ്കിൽ വളരെ കഷ്ടമാണു്. അവിടത്തെ ചുമതല വഹിച്ചിരുന്ന ഉദ്യോഗസ്ഥന്റെ പേരിലുള്ള തകരാറു നിമിത്തം കാളേജു നിറുത്തുന്നതു ശരിയല്ല. മററു സംസ്ഥാനങ്ങളിൽ ഇല്ലാത്തതും, സഹകരണത്തെ സംബന്ധിച്ചു ഡിഗ്രി കൊടുക്കുന്നതുമായ ഈ കാളേജു നിറുത്തരുതെന്നും തുടന്നു നടത്തിക്കൊണ്ടുപോകേണ്ടതു് നമുക്കാവശ്യമാണെന്നും എനിക്കഭിപ്രായമുണ്ടു്. ഈയിടെ ഒരു ഹൈലവൽ കോവപ്പറേററീവു കാൺഫ്രൻസു ഗവണ്മെൻറിൽനിന്നും വിളിച്ചുകൂട്ടുകയും, ബഹുമാനപ്പെട്ട മന്ത്രിമാർ അതിൽ പങ്കുകൊള്ളുകയും ചെയ്തിരുന്നു. ആ കാൺഫ്രൻസിൽ പല തീരുമാനങ്ങളും ചെയ്തിട്ടുണ്ടു്. പക്ഷെ അവയൊന്നും തന്നെ ഇവിടെ നടപ്പിൽ വരുത്തിയിട്ടില്ല. കൊച്ചിയിലെയും തിരുവിതാംകൂറിലെയും കോവപ്പറേററീവു ഇൻസ്റ്റിററ്യൂട്ടുകൾ തമ്മിൽ സംയോജിപ്പിക്കാതെ മുന്നോട്ടു പോകുന്നതു കൊച്ചിയിലെ സഹകരണസംഘങ്ങൾക്കു് വളരെ വിഷമമുള്ള ഒരു സംഗതിയാണു്. ഈ കാര്യത്തിൽ ഗവണ്മെൻറു ശ്രദ്ധ പതിപ്പിക്കണം. മുതലാളിമാരും കമ്മ്യൂണിസ്ററുകളും സഹകരണപ്രസ്ഥാനത്തെ എതിക്കുന്നവരാണു്. ഏഴുകൊല്ലത്തിനു മുൻപു് പതിനായിരം രൂപാ റിസർവ്വു ഫണ്ടായിട്ടു ഗവണ്മെൻറിൽനിന്നും ഇൻസ്റ്റിററ്യൂട്ടിലേക്കു കൊടുക്കുകയുണ്ടായിട്ടുണ്ടു്. ഇപ്പോൾ അറുപതിനായിരമൊ എഴുപതിനായിരമൊ രൂപാ സൂപ്പർവിഷൻഫണ്ടായി പിരിക്കുന്നുണ്ടെങ്കിലും അതിൽ കുറഞ്ഞ ഒരു സംഖ്യയാണു ഗ്രാൻറായിട്ടു ഇപ്പോഴും കൊടുക്കുന്നതു്. അതു ശരിയല്ല. നല്ല ഒരു സംഖ്യ ഗ്രാൻറായി കൊടുക്കണം.

കമ്മ്യൂണിററി പ്രാജക്ടിനെ സംബന്ധിച്ചു ഇവിടെ ചോദിച്ച ചോദ്യങ്ങൾക്കുത്തരം പറഞ്ഞ അവസരത്തിൽ അതിലേക്കു കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള തുകയിൽ ഒരു ചെറിയ ഭാഗം മാത്രമേ ചിലവാക്കാൻ സാദ്ധ്യമായിട്ടുള്ളു എന്നു പറയുകയുണ്ടായി. കമ്മ്യൂണിററിപ്രാജക്ടു് ജനങ്ങൾക്കു വളരെ ഉപകാരങ്ങൾ ചെയ്യുന്നതിനു സാദ്ധ്യതയുള്ള ഒരു പ്രാജക്ടാണു്. എന്നാൽ ഇന്നു അതിന്റെ പ്രവത്തനം വളരെ ഉപയോഗയോഗ്യമായ വിധത്തിലല്ല നടത്തിപ്പോരുന്നതു്. ഇത്തരത്തിൽ ഇതു മുമ്പോട്ടു പോയാൽ അവസാനത്തിൽ ഇതൊരു പരാജയത്തിൽ വരാൻ പോകുകയാണെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു. ഇന്നു നൂറു രൂപാ ചെലവു ചെയ്യേണ്ട ഒരു കാര്യത്തിനു നൂററിഅൻപതും ഇരുനൂറും അതിൽ കവിഞ്ഞതുമുള്ള തുക ചെലവു ചെയ്യേണ്ടിവരുന്നുണ്ടു്. അതേസംബന്ധിച്ചു് എനിക്കു പറയാനുള്ളതു ഇന്നുള്ള ഉദ്യോഗസ്ഥന്മാരെക്കൊണ്ടു കൂടുതൽ പ്രവത്തനം നടത്തിയെങ്കിൽമാത്രമേ കമ്മ്യൂണിററിപ്രാജക്ടു് തീർച്ചയായും ക്ഷേമകരമായി പ്രവത്തിക്കാൻ സാദ്ധ്യമാകയുള്ളു എന്നാണു്. ഇന്നു രണ്ടോ മൂന്നോ വിഭാഗങ്ങളായി അതിനെ തിരിച്ചിരിക്കുകയാണു്. അതിൽ ആദ്യത്തെ വിഭാഗം എടുത്തുകളയാം, പിന്നീടൊരവസരത്തിൽ എല്ലാ വിഭാഗങ്ങളുംകൂടി പ്രവത്തിക്കാം എന്നു വിചാരിക്കുന്നതുകൊണ്ടു അതിന്റെ ക്യാപ്പിററൽ എക്സ്പെൻറിച്ചർ കൂടുതലാകും എന്നു നമുക്കു് മനസ്സിലാക്കാൻ സാധിക്കുന്നതാണു്. ഇന്നു ഇവിടെ ശമ്പള

ഇനത്തിൽ വലിയ ഒരു തുക ചിലവാകുന്നുണ്ട്. എന്നാൽ ശമ്പളത്തിനു തനുസരിച്ച് അവിടത്തെ എക്സ്പെൻറിച്ചർ നോക്കുന്ന പക്ഷം അവിടെ പ്രവൃത്തനം നടക്കുന്നില്ല എന്നുള്ളതു് പ്രത്യക്ഷമായ ഒരു സംഗതിയാണ്. അതിലേക്ക് ഏററവും വേഗത്തിൽ ഒരു പരിഹാരം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

ഒരു സംഗതികൂടി പറഞ്ഞുകൊള്ളട്ടെ. എൻെറ സമയച്ചുരുക്കം കൊണ്ടും വടക്കോട്ടുള്ള സംഗതിയെപ്പററി പറയാതിരുന്നാൽ അതൊരു പോരായ്മയായി വച്ചിരിക്കുന്നതുകൊണ്ടും അതുകൂടി പറഞ്ഞുകൊള്ളട്ടെ. എന്നെ ഒരു സീനിയർ മെമ്പറായിട്ടാണ വച്ചിരിക്കുന്നതു്. വടക്കോട്ടുള്ള സംഗതികളെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറ വളരെ അനാസ്ഥയാണ കൈക്കൊണ്ടിട്ടുള്ളതു്. അതേപ്പററി എത്ര പ്രാവശ്യം പറഞ്ഞാലും ഗവണ്മെൻറ് അതു മനസ്സിലാക്കുന്ന ഒരു പ്രകൃതം കാണുന്നില്ല. അതു ഇവിടത്തെ നിയമസഭാസാമാജികന്മാർ പ്രസ്താവിച്ചിട്ടുള്ളതാണ്. അതായതു കോട്ടയംമുതൽ പറവൂർവരെ ഉള്ള പി. ഡബ്ളിയു. ഡിപ്പാർട്ടുമെൻറ വക്കുകളെ സംബന്ധിച്ചും മററും വളരെ ബുദ്ധിമുട്ടുകറം നേരിടുന്നുണ്ടെന്നും ആ ഭാഗങ്ങളെ സംബന്ധിച്ച് ഒരു വ്യത്യസ്തനടപടിയാണ ഗവണ്മെൻറ കൈക്കൊണ്ടുവരുന്നതെന്നുമാണ പറയേണ്ടിയിരിക്കുന്നതു്. അവിടെയുള്ള വക്കുകറംക്കായി വളരെ വളരെ തുച്ഛമായ സംഖ്യകളാണ ചെലവാക്കിവരുന്നതു്. ഈ മാതിരി വ്യത്യസ്തമനസ്ഥിതി വരുന്നതു വളരെ കഷ്ടമാണ്. പറവൂർ താലൂക്കിനെ സംബന്ധിച്ചിടത്തോളം ഈ ബഡ്ജററിൽ മെഡിക്കൽ എയിഡിനുവേണ്ടി ഒരു തുകയും കൊള്ളിച്ചിട്ടില്ല. അവിടെ ഏതെങ്കിലും ചില്ലറ കാര്യങ്ങറംക്ക പണം ആവശ്യമാണെങ്കിൽ തന്നെയും അതിലേക്ക ഒന്നും ഈ ബഡ്ജററിൽ കാണുന്നില്ല. രണ്ടിൽചില്വാനമോ മൂന്നുലക്ഷമോ ജനസംഖ്യയുള്ള ആ താലൂക്കിൽ മെഡിക്കൽ എയിഡിനുവേണ്ടിപോലും ഒരു തുക കൊള്ളിക്കാത്ത ഈ ബഡ്ജററിൽ എറണാകുളത്തു് ഹൈക്കോടതിയുടെ മുമ്പിൽ പതാക പാറിക്കുന്നതിനു ആയിരംരൂപാ ഒരു റെക്കറിംഗ് എക്സ്പെൻറിച്ചറായി കൊള്ളിച്ചിട്ടുണ്ട്. തീർച്ചയായും നമുക്ക കൊടിവേണം. അതുകൊണ്ടല്ല ഞാൻ പറഞ്ഞതു്. എന്നാൽ ഈ സന്ദർഭത്തിൽ മററുള്ള കാര്യങ്ങളിലും ഗവണ്മെൻറിൻെറ ശ്രദ്ധ ചെലുത്തണമെന്നു ഗവണ്മെൻറിനെ ഞാൻ ഓമ്മപ്പെടുത്തുന്നു. അവസാനമായി ഞാൻ, സാധാരണ ജനങ്ങറംക്കും വിദ്യാഭ്യാസമില്ലാത്തവർക്കുപോലും മനസ്സിലാകത്തക്കവിധത്തിൽ ധനകാര്യമന്ത്രി സരളമായ ഭാഷയിൽ എല്ലാക്കാര്യത്തെയും പരാമർശിച്ചുചെയ്തിട്ടുള്ള ഈ പ്രസംഗത്തെപ്പററി വളരെ സന്തോഷിക്കുകയും ഈ ബഡ്ജററ് ഈ മാതിരി തന്നെ പാസ്സാക്കണമെന്ന് അഭിപ്രായപ്പെടുകയും ചെയ്യുന്നു.

ശ്രീ. ടി. വി. താമസ്: സർ, ഇവിടെ ധനകാര്യമന്ത്രി എൻഅയ്യർ ഈ വർഷത്തേക്ക അവതരിപ്പിച്ചിട്ടുള്ള ബഡ്ജററിനെ അനുകൂലിക്കാൻ സാദ്ധ്യമല്ലാത്തതിൽ ഞാൻ സന്തോഷിക്കുന്നു. ദുഃഖിക്കുന്നു എന്നു പറയാത്തതു് ഞങ്ങളുടെ പ്ലാൻ അനുസരിച്ച് ഗവണ്മെൻറിൻെറ ചെയ്തികളെ തകിടംമറിക്കാൻ സാധിക്കാത്തതിൽ നിരാശകൊണ്ടാണെന്നു മുഖ്യമന്ത്രിയും അദ്ദേഹത്തിൻെറ അനുയായികളും ദുർവ്യാഖ്യാനിക്കുമെന്നതു കൊണ്ടാണ്.

[ശ്രീ. ടി. വി. താമസ്.]

ഈ ബഡ്ജററ് നമ്മുടെ ന്യായമായ എല്ലാപ്രതീക്ഷകളേയും നിരുത്സാഹപ്പെടുത്തിക്കൊണ്ടുള്ള ഒരു ബഡ്ജററാണെന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ൫൪ ലക്ഷത്തിൽപരം രൂപാ കമ്മിയായിട്ടുള്ള ഒരു ബഡ്ജററ് ആണ് ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. വെറും കമ്മിയായിട്ടുള്ള ബഡ്ജററായതുകൊണ്ടുമാത്രമല്ല. ഇതിനെ ഞാൻ അനുകൂലിക്കാത്തതു്. ചില പരിതഃസ്ഥിതികളിൽ കമ്മി ബഡ്ജററും നാട്ടിൻപുരോഗതിയെ സൂചിപ്പിക്കുമെന്നുള്ളവസ്തുതയും ഞാൻ വിസ്മരിക്കുന്നില്ല. ഈ ബഡ്ജററിനെ ഞാൻ എതിർക്കുന്നതിനു വ്യക്തവും അടിസ്ഥാനപരവുമായ ചില കാരണങ്ങളുണ്ടു്.

അതായതു നമ്മുടെ നാട്ടിലെ സജീവവും അടിയന്തിരവുമായ ജീവൽപ്രശ്നങ്ങളെ നേരിടുന്നതിനു യാതൊരു ഉൽക്കണ്ഠയും ധനകാര്യമന്ത്രി പ്രദർശിപ്പിച്ചിട്ടില്ല എന്നുള്ളതുകൊണ്ടാണ്. ചില പ്രശ്നങ്ങളെ ചിത്രീകരിക്കുന്നതിനു ഡെപ്യൂട്ടിസ്പീക്കരുടെ പ്രസംഗത്തിൽ പറഞ്ഞതുപോലെ ചിത്രീകരിക്കുന്നതിന് അദ്ദേഹം ശ്രമിച്ചിട്ടുള്ളതല്ലാതെ ഫലപ്രദമായോ സത്യസന്ധമായോ ആ പ്രശ്നങ്ങളെ നേരിടുന്നതിനു അദ്ദേഹം ശ്രമിച്ചിട്ടില്ല എന്നുള്ളതു ദുഃഖകരമായ ഒരു പരമാർത്ഥമാണ്.

സർ, എന്താണു ഈ നാട്ടിലെ സ്ഥിതി. കർഷകനെപ്പററി പറയുകയാണെങ്കിൽ, അതെല്ലാവരും സമ്മതിച്ചിട്ടുള്ള ഒരു പരമാർത്ഥമാണ്. കഴിഞ്ഞ നാലഞ്ചുവർഷക്കാലംകൊണ്ടു കൃഷിക്കാർ പാപ്പരായിക്കൊണ്ടിരിക്കുകയാണ്. പാട്ടംകൊണ്ടും പലിശകൊണ്ടും സാർവത്രികമായ വിളവുനക്കകൊണ്ടും അവർ പാപ്പരായിക്കഴിഞ്ഞിരിക്കുന്നു. ഇന്നു സാർവ്വത്രികമായ വിളവുനക്ക തെക്കൻ തിരുവിതാംകൂറിലും വടക്കൻ കൊച്ചിയിലും ഉണ്ടായതുമൂലം വമ്പിച്ച വിളവുനാശം ഉണ്ടായിട്ടുണ്ടു്. ഈ വസ്തുത ഈ സെഷനിൽപോലും ചോദ്യോത്തരവേളയിൽ മന്ത്രിമാർ സമ്മതിച്ചിട്ടുള്ളതാണ്. ഇങ്ങനെ സാർവ്വത്രികമായ വിളവുനക്കമൂലവും, മററ സാഹചര്യങ്ങളിലും, അതിലുമുപരിയായി കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുകൊണ്ടും നാട്ടിന്റെ നട്ടെല്ലായ കർഷകർ വിഷമിച്ചുകൊണ്ടിരിക്കുകയാണ്.

അതുപോലെതന്നെ വ്യവസായങ്ങളുടെ സ്ഥിതി എന്താണ്. ഇന്നു നാട്ടിലുള്ള പല വ്യവസായങ്ങളും സ്തംഭിച്ചിരിക്കുകയാണ്. മാത്രമല്ല അനേകം വ്യവസായശാലകൾ അടച്ചുപൂട്ടിയിട്ടിരിക്കുന്നു. നാട്ടിലെ പ്രധാനപ്പെട്ട വ്യവസായങ്ങളായ കയർ, കൈത്തറി, കരുപ്പെട്ടി മുതലായ വ്യവസായങ്ങളെല്ലാം ഇന്നു് അധഃപതിച്ചിരിക്കുകയാണ്.

ഇനി തൊഴിലില്ലായ്മയെപ്പററി പ്രത്യേകമായി ഒന്നും പറയേണ്ട കാര്യമില്ല. ഇന്നു നിലവിലുള്ള വ്യവസായങ്ങളെല്ലാം അധഃപതിച്ചുകൊണ്ടിരിക്കുന്നതുമൂലവും എത്രയോ വ്യവസായശാലകൾ അടച്ചുപൂട്ടിയതുകൊണ്ടും തൊഴിലാളികൾക്ക തൊഴിലില്ലാതായിത്തീർന്നിട്ടുണ്ടു്. അതിനു പകരം അതിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികൾക്ക ജോലി കൊടുക്കുന്നതിനുപയുക്തമായ മററ വ്യവസായങ്ങൾ സ്ഥാപിക്കാതിരിക്കുകയുമാണ് ചെയ്തിരിക്കുന്നതു്. തൻമൂലം ഇന്നു തൊഴിലാളികളുടെയിടയിൽ രൂക്ഷതരമായ തൊഴിലില്ലായ്മ ഉണ്ടായിരിക്കുന്നു. കഴിഞ്ഞ നാലോ അഞ്ചോ കൊല്ലമായി ഇന്നധികാരത്തിലിരിക്കുന്ന കക്ഷി ഭരണം നടത്തിവരികയാണ്.

അവർ അധികാരത്തിൽ വന്നതിനുശേഷം നോക്കുകയാണെങ്കിൽ സാമാന്യജനങ്ങളുടെ സാമ്പത്തികസ്ഥിതി വളരെ ശോഷിച്ചുപോയി എന്നു കാണാവുന്നതാണ്. അവരുടെ ക്രയശക്തി നശിച്ചിരിക്കുന്നു. ഈ വസ്തുതകൾ ഞങ്ങൾ ഇവിടെ പരസ്യമായി പറയുകയാണ്. ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽനിന്നുതന്നെ ഇതു കാണാവുന്നതാണ്. എന്നാൽ അദ്ദേഹം സാമ്പത്തികാധഃപതനത്തെപ്പററി ഒരു സ്ഥലത്തു മാത്രമേ സൂചിപ്പിക്കുന്നുള്ളു. ആ ബഡ്ജററ് പ്രസംഗം മുഴവൻ നോക്കി അതേപ്പററി എന്തെങ്കിലും അദ്ദേഹം പറയുന്നുണ്ടോ എന്ന്. ഒരു സ്ഥലത്തുമാത്രം, അതായതു മദ്യഷാപ്പലേലത്തുക ഇളച്ചുകൊടുക്കുന്നതിനെ സംബന്ധിച്ചു പറയുന്ന കൂട്ടത്തിൽമാത്രം നാട്ടിൽ സാമ്പത്തികാധഃപതനം ഉണ്ട് എന്നു അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ അതിനെ നേരിടുന്നതിനുള്ള യാതൊരു നടപടികളും എടുത്തിട്ടുള്ളതായോ എടുക്കാനുദ്ദേശിക്കുന്നതായോ സൂചിപ്പിക്കുകപോലും അദ്ദേഹം ചെയ്തിട്ടില്ല. സാമ്പത്തികാധഃപതനത്തിന്റെ ആഴം എന്താണെന്നുള്ളതു Principal heads of Revenue-ൽ നിന്നുതന്നെ കാണാവുന്നതാണ്. നമ്മുടെ സാമാന്യജനങ്ങളുടെ നിലയെ സംബന്ധിച്ചും അവക്കു നേരിടേണ്ട വിഷമങ്ങളെക്കുറിച്ചും മറെറാരു സന്ദർഭത്തിൽ ഞാൻ വിശദമായി പ്രസ്താവിക്കുന്നതാണ്. സാമാന്യജനങ്ങളുടെ സാമ്പത്തികകഴിവു മെച്ചപ്പെടുത്തുന്നതിനുതകത്തക്കവിധം തൊഴിലില്ലായ്മയെ നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുകയും, അതേ അവസരത്തിൽ അവരുടെ അവശതകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും പ്രവർത്തനം എതിർപക്ഷത്തുള്ളവർ നടത്തിയാൽ അവക്കെതിരായി മർദ്ദനനടപടികൾ സ്വീകരിക്കുകയുമാണ് ഗവണ്മെൻറ ചെയ്തുകൊണ്ടിരിക്കുന്നതു്.

രാജപ്രമുഖന്റെ പ്രസംഗത്തിനു കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ടുള്ള പ്രമേയത്തിന് ഒരു ഭേദഗതി അവതരിപ്പിച്ചുകൊണ്ടു ഞാൻ അന്തിക്കാട്ടെ കാര്യങ്ങൾ ഇവിടെ പറയുകയുണ്ടായി അതായതു അന്തിക്കാട്ടെ തൊഴിലാളികൾക്കു കിട്ടുന്ന കൂലി പോരാ എന്ന് അവർ പറഞ്ഞതിന് അവരുടെ പേരിൽ മർദ്ദനനടപടികൾ സ്വീകരിച്ചതിനെപ്പററി. അടുത്ത ദിവസം ഞാൻ ആററിങ്ങൽ പോയിരുന്നു. അവിടെ നെടുങ്ങണ്ടയിൽ കയർപിരി തൊഴിലിലേർപ്പെട്ടിരുന്നവക്കു കിട്ടിക്കൊണ്ടിരുന്ന കൂലി മുപ്പത്തിഅഞ്ചുശതമാനം കുറവുചെയ്തതിന് ഒരു പണിമുടക്കു നടത്തി. അവിടത്തെ സ്ത്രീതൊഴിലാളികൾ പിക്കററിംഗു നടത്തുകയുണ്ടായി. പിക്കററിംഗു ചെയ്ത സ്ത്രീകളെ പോലീസുകാർ വഴിനീളെ മർദ്ദിക്കുകയുണ്ടായി. തൊഴിലാളികളായ സ്ത്രീകളെ റോഡിൽകൂടി വലിച്ചുകൊണ്ടുപോയി പരസ്യമായി മർദ്ദിക്കുകയും സ്റ്റേഷനിൽവച്ചു മാനഹാനി വരുത്തുകയും ചെയ്തു. സാമാന്യജനങ്ങളുടെ അവശതകൾ പരിഹരിച്ചുകൊടുക്കാൻ സാദ്ധ്യമല്ലാത്ത ഈ ഗവണ്മെൻറ്, ബഹുജനങ്ങൾതന്നെ അവശതകൾക്കു പരിഹാരം കാണാൻ നടത്തുന്ന സംരംഭത്തിനെതിരായി ഗവണ്മെൻറ സ്വീകരിക്കുന്ന നടപടികളുടെ മാതൃക ഇതൊക്കെയാണ്.

ഇതിനുംപുറമെ ഇവിടെ പോലീസ്സും ഗുണ്ടാകളും ആണ് നാടിനെ ഭരിക്കുന്നതു്. പോലീസുകാക്കു ഇന്നു് എന്തുവേണമെങ്കിലും ചെയ്യാം. ഇതേ സംബന്ധിച്ചു പരാതിപ്പെടുന്നപക്ഷം ഒടുവിൽ പോലീസുകാർ പറയും ഇയാൾ ഒരു കമ്മ്യൂണിസ്റ്റാണ് അല്ലെങ്കിൽ കമ്മ്യൂണിസ്ററുകാ

[ശ്രീ. ടി. വി. തോമസ്.]

രുടെ അനുഭാവിയാണ് എന്നു്. അതു കേൾക്കുമ്പോൾ പോലീസുമന്ത്രി തൽക്കാലം ആ കാര്യം അങ്ങു മാററിവയ്ക്കും. അങ്ങിനെ പോലീസും ഗുണ്ടാകളുംകൂടി ഭരണം നടത്തുകയാണ്; ജനങ്ങളുടെ ജീവനുപോലും രക്ഷയില്ലാതിരിക്കുകയാണ്.

ഞാൻ കഴിഞ്ഞയാഴ്ച ഇവിടെ പ്രസംഗിച്ച കൂട്ടത്തിൽ ഒരുത്സവത്തിനു് ഒരു ഇൻസ്പെക്ടറുടെ അറിവോടുകൂടി ഏതാനും ഗുണ്ടാകൾ ആ ഉത്സവം അലങ്കോലപ്പെടുത്തുകയും ജനങ്ങളെ ഭീഷണിപ്പെടുത്തുകയും ചെയ്ത വിവരം പ്രസ്താവിക്കുകയുണ്ടായി. അതേ സംബന്ധിച്ച പരാതികളും ഉണ്ടായിട്ടുണ്ടു്. എന്നാൽ ആ പോലീസ് ഇൻസ്പെക്ടർ ഇന്നും അവിടെ ജോലിയിൽ കഴിഞ്ഞുകൂടുന്നു. മാത്രമല്ല അവിടെ സാധുക്കളായിട്ടുള്ളവരെ അറസ്ററുചെയ്യുകയും മർദ്ദിക്കയും ചെയ്തുവരുന്നു. ഞാൻ അവിടെ ചെന്നപ്പോൾ എനിക്കറിയാൻ കഴിഞ്ഞതു് ആ ഇൻസ്പെക്ടർ നാട്ടനീളെ നടന്നു പറയുന്നു നിൻെറ നേതാവിനോടു പറയണം, ഞാൻ ഭീരുവല്ലാ എന്നും ഞാൻ ഇതിനുപകരം ചെയ്യുന്നുണ്ടു് എന്നും. ആ 'ധീരനായ' ഇൻസ്പെക്ടർ എന്നോടു പകരം ചെയ്യുന്നതിനുപകരം നാട്ടുകാരോടു ചെയ്യുകയാണ്.

ഇന്നു നാട്ടുകാരുടെ സാമ്പത്തികസ്ഥിതി വളരെ മോശമായിരിക്കുകയാണ്. നാട്ടുകാരുടെ അവകാശങ്ങൾ മുഴുവൻ ഇന്നു ചവിട്ടി മെതിക്കപ്പെട്ടിരിക്കുകയാണ്. ഇന്നു പോലീസും ഗുണ്ടാകളുംകൂടി നാടു ഭരിക്കുകയാണ്. ഈ പരിതഃസ്ഥിതിയിൽ ജനങ്ങളുടെ ജീവൻ സംരക്ഷിക്കുന്നതിനും ജനങ്ങളുടെ അടിയന്തിരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കാര്യമായി ഒന്നുംതന്നെ ഈ ബഡ്ജററിൽ കാണുന്നില്ല. തൊഴിലാളികൾക്കു തൊഴിലുണ്ടാക്കിക്കൊടുക്കുക എന്നുള്ളതാണ് ഒരു ഗവണ്മെൻറിൻെറ കടമ.

അടുത്തതായി എനിക്കു പറയാനുള്ളതു പോലീസ് ഡിപ്പാർട്ടുമെൻറിനെപ്പററിയാണ്. ഈ ബഡ്ജററിൽ അവക്കുവേണ്ടി അനുവദിച്ചിരിക്കുന്ന തുക ൯൮·൧൨ ലക്ഷം രൂപായാണ്. ഏകദേശം ഒരുകോടി രൂപായാണ് പോലീസ് ഡിപ്പാർട്ടുമെൻറിലേക്കു മാററിവച്ചിരിക്കുന്നതു്. ൧൯൫൨-൫൩-ലെ റിവൈസ്ഡ് എസ്റ്റിമേററനുസരിച്ച് ൮൧·൩൩ ലക്ഷം രൂപായാണ് പോലീസ് ഡിപ്പാർട്ടുമെൻറിലേക്ക് മാററിവച്ചിരിക്കുന്ന തുക. സിവിൽ അഡ്മിനിസ്ട്രേഷനു ൧൫൩·൯൮ ലക്ഷം മാത്രം നീക്കിവച്ചിരിക്കുമ്പോൾ ഏകദേശം ഒരുകോടി രൂപാ പോലീസ് ഡിപ്പാർട്ടുമെൻറിലേക്ക് മാററിവയ്ക്കുക എന്നു പറഞ്ഞാൽ പോലീസ് ഡിപ്പാർട്ടുമെൻറാണ് ഇവിടെ പരമപ്രാധാന്യമർഹിക്കുന്ന ഒരു വകുപ്പ് എന്നു കണക്കാക്കിയിരിക്കുന്നുവെന്നു മനസ്സിലാക്കേണ്ടതാണ്. സിവിൽ അഡ്മിനിസ്ട്രേഷനു നീക്കി വച്ചിരിക്കുന്നതിൽ ഏകദേശം പന്ത്രണ്ടുശതമാനം പോലീസ് ഡിപ്പാർട്ടുമെൻറിലേക്കുവേണ്ടി മാററിവച്ചിരിക്കുകയാണ്.

സർ, ഇവിടത്തെ ജനങ്ങളുടെ സാമ്പത്തികശക്തിയും ക്രയശക്തിയും അധഃപതിക്കുന്നതിനെപ്പററി നമ്മുടെ principal heads of Revenue-ൽ ഉള്ള വരുമാനം നോക്കിയാൽ മതി. ൧൯൫൧-൫൨-ലെ ആക്ച്വൽസു അനുസരിച്ചു ൧൦൫൩·൮൩ ലക്ഷമുണ്ടായിരുന്നതു ഇപ്പോൾ ൯൧൫·൨൩

ലക്ഷമായിരിക്കുകയാണ്. മോട്ടോർ വെഹിക്കിൾസ് ടാക്സ് രജിസ്ട്രേഷൻ മുതലായ ഇനങ്ങളിൽനിന്നും വരവു കുറഞ്ഞിട്ടില്ല. ഇതു സാമാന്യജനങ്ങളോടു ഈടാക്കുന്ന തുകയാണ്. ഇതു കുറഞ്ഞുവരുന്നതു ജനങ്ങളുടെ ക്രയശക്തിയും സാമ്പത്തികശക്തിയും കുറഞ്ഞു വരുന്നതുകൊണ്ടാണെന്നു മനസ്സിലാക്കേണ്ടതാണ്.

ഒരു കാര്യത്തിൽ ഈ മന്ത്രിസഭയെ അനുമോദിക്കേണ്ടതാണ്. എല്ലാകാര്യത്തിലും വരുമാനം കുറവാക്കിത്തീർത്തിട്ടുണ്ടെങ്കിലും ഒരു കാര്യത്തിൽ വരുമാനം വർദ്ധിപ്പിക്കാൻ അവർ ശ്രമിച്ചിട്ടുണ്ട്. അതു ഫലപ്രദമായി സാധിച്ചിട്ടുണ്ടെന്നും പറയാൻ കഴിയും. വിദ്യാഭ്യാസ റവന്യൂയിനത്തിൽ ഒരു വമ്പിച്ച വരുമാനം ഉണ്ടാക്കിയിട്ടുണ്ട്. ൧൯൫൦–൫൧ൽ വരുമാനം ൪൦ ലക്ഷത്തിൽ ചില്വാനമായിരുന്നു. എന്നാൽ ഇപ്പോൾ അതു ൭൨ ലക്ഷമായി വർദ്ധിപ്പിച്ചിട്ടുണ്ട്. മററു പല ഇനത്തിലുമുള്ള വരുമാനം കുറവായിരിക്കുമ്പോൾ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൻെറ വരുമാനം വർദ്ധിപ്പിക്കാൻ സാധിച്ചതു മഹാകാര്യം തന്നെയാണ്. ഇതു സംബന്ധമായി പറയുന്നതു എക്സാമിനേഷൻ ഫീസും ട്യൂഷൻഫീസും കൂട്ടുന്നുണ്ടെന്നാണ്. എഡ്യൂക്കേഷൻ സംബന്ധിച്ച ഗവണ്മെൻറ സ്വീകരിച്ചിരിക്കുന്ന നയം ഇതാണ്. എഡ്യൂക്കേഷനുവേണ്ടി ൧൯൫൦–൫൧ൽ ആകെ കൂടി ചെലവാക്കുന്നതിനു മാററിവച്ചിരുന്നതു ൨൨൫ ലക്ഷത്തിൽ ചില്വാനം രൂപയായിരുന്നു. ഈ വർഷം അതു ൨൧൮ ലക്ഷത്തിൽ ചില്വാനമായി കുറയുന്നു.

എല്ലാ പ്രാവശ്യവും ഞങ്ങൾ ആക്ഷേപിച്ചിട്ടുള്ള മൾട്ടിപ്പായിൻറ സെയിൽസ്ടാക്സ് ഇപ്പോഴും നിലനിൽക്കുകയാണ്. വാസ്തവത്തിൽ അതിൽനിന്നും പ്രതീക്ഷിച്ചിരുന്നതുപോലെ വരുമാനം കിട്ടുന്നില്ല. ഈ നികുതി ഇങ്ങനെ ഈടാക്കുന്നതിൽ എവിടെയോ ഒരു തകരാറുണ്ടെന്നു വേണം അതിൽനിന്നും നാം മനസ്സിലാക്കുവാനുള്ളതു്. ഈ മൾട്ടിപ്പായിൻറ സെയിൽസ്ടാക്സ് ഈടാക്കുന്നതിൽ വരുന്ന ദോഷം എന്താണെന്നു ഗവണ്മെൻറ മനസ്സിലാക്കിയിട്ടുണ്ടോയെന്നാണു ഞാൻ ചോദിക്കുന്നതു്. ആലപ്പുഴ ഈ മൾട്ടിപ്പായിൻറ ടാക്സു കുരുമുളകിനും മററും ഈടാക്കുന്നതിനുതന്നെ ഇടയായിട്ടുണ്ട്. ഈ സെഷനിൽ ചോദിച്ച ഒരു ചോദ്യത്തിനു മറുപടിയായി ധനകാര്യമന്ത്രിതന്നെ പറയുകയുണ്ടായി പല കച്ചവടക്കാരും അവരുടെ കച്ചവടം നിറുത്തി നിവേദനം നടത്തുകയുണ്ടായെന്നും അതിനെപ്പററി ആലോചിക്കുന്നുണ്ടെന്നും. എന്നാൽ യാതൊരു പ്രയോജനവുമില്ലാത്ത ഒരു ദ്രോഹമായിട്ടാണ് അതിപ്പോൾ വന്നു ചേർന്നിരിക്കുന്നതു്. അതുകൊണ്ടു യാതൊരു പ്രയോജനവും സർക്കാരിനു കിട്ടുന്നില്ല. പ്രൊഡ്യൂസേഴ്സിനേയും എക്സ്പോർട്ടേഴ്സിനേയും ആ നികുതിയിൽനിന്നും ഒഴിവാക്കിയിരിക്കുകയാണ് സുപ്രീംകോടതിയിൽനിന്ന് അങ്ങനെയൊരു വിധിയുണ്ടായിട്ടുണ്ട്. പിന്നെയെന്തിനാണു ഈ നികുതി തുടർന്നുകൊണ്ടു പോകുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. ഇടനിലക്കാരൻ കച്ചവടം ചെയ്യുകയാണെങ്കിൽ മാത്രമെ ആ നികുതി കൊടുക്കേണ്ടതുള്ളു. ഇടനിലക്കാരൻ കച്ചവടം ചെയ്യുന്നതു ഇങ്ങനെയാണ്. എക്സ്പോർട്ടേഴ്സിൻെറ അടുത്തുചെന്ന് ഒരു പ്രൊഡ്യൂസറുടെപേരിൽ കണക്കെഴുതുക. അതുപോലെതന്നെ പുകയിലയുടെ നികുതിയെപ്പററിയും എനിക്കു പറയാനുണ്ട്. പുകയിലയ്ക്കു് ഇവിടെ സെയിൽസ്ടാക്സ് ഉണ്ട്. കൂടാതെ ഒരു

[ശ്രീ. ടി. വി. താമസ്.]

ഉറുപ്പ്യക്കു രണ്ടര അണ നികുതിയും കൂടുതലായി ഈടാക്കുന്നുണ്ടു്. അതു മൂലം എന്താണു ഇവിടെ സംഭവിക്കുന്നതെന്നു് ഈ സഭ അറിഞ്ഞിരിക്കേണ്ടതാണു്. ഫോർട്ടുകൊച്ചിയിൽനിന്നും മററും ഇപ്പോൾ സ്മഗിളിംഗ് നടക്കുന്നുണ്ടു്. സ്മഗിളിങ്ങിനുള്ള ഒരു സാഹചര്യം നിലനിത്തിക്കൊണ്ടു നിയന്ത്രണംമൂലം കാര്യങ്ങൾ സാധിക്കാമെന്നു വ്യാമോഹിക്കരുതെന്നാണു് എനിക്കു പറയുവാനുള്ളതു്. സെയിൽസ്ടാക്സിനെപ്പററിയുള്ള എതിർപ്പുകൾ ഇവിടെ മുമ്പുതന്നെ രേഖപ്പെടുത്തിയിട്ടുള്ളതാണു്. അതു ഏററവും അസാന്മാർഗ്ഗികമായ ഒരു നികുതിയാണു്. പ്രോഹിബിഷൻ നടപ്പിലാക്കിയപ്പോൾ അതുമൂലം നികുതിയിൽ ഉണ്ടാകാവുന്ന വിടവു നികത്തുന്നതിനുവേണ്ടിയാണു സെയിൽസ്ടാക്സ് ഏർപ്പെടുത്തിയതു്. പ്രോഹിബിഷൻ തുടന്നു നടപ്പാക്കാതിരിക്കുമ്പോൾ ഈ നികുതി തുടന്നുകൊണ്ടുപോകുന്നതു് ആത്മവഞ്ചനയല്ലേയെന്നാണു് ഞാൻ ചോദിക്കുന്നതു്.

രാഷ്ട്രനിർമ്മാണപദ്ധതികൾക്കുവേണ്ടി മാററി വച്ചിട്ടുള്ള സംഖ്യകളെപ്പററി ധനകാര്യമന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി. ആ വിഷയത്തിൽ അദ്ദേഹം യാതൊരു അനുമോദനവും അർഹിക്കുന്നില്ലെന്നാണു് എനിക്കു പറയുവാനുള്ളതു്. രാഷ്ട്രനിർമ്മാണപദ്ധതികൾക്കും സിവിൽഅഡ്മിനിസ്ട്രേഷനുമായി രണ്ടിനുംകൂടി മാററി വച്ചിട്ടുള്ള തുകകൾ റെവന്യൂ എക്സ്പെൻഡിച്ചറിൽ ഒരു ഉറുപ്യക്കു എഴ് അണ എന്നുള്ള അടിസ്ഥാനത്തിൽ വരുമെന്നാണു മെമ്മോറാണ്ഡത്തിൽ ഒരിടത്തു പറഞ്ഞിരിക്കുന്നതു്. ഈ എഴു അണയിൽ എന്തെല്ലാംവരുമെന്നു നമുക്കുനോക്കാം. ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും എസ്റ്റാബ്ളിഷ്മെൻറ ചാർജ്ജും ഇതിലുൾപ്പെടും. ഏകദേശമായി കണക്കാക്കിയാൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും എസ്റ്റാബ്ളിഷ്മെൻറ ചാർജ്ജും ൫൦ ശതമാനം വരുമെന്നു കാണാം. അതു കഴിഞ്ഞു ജനങ്ങളുടെയിടയിലേക്കു പകരുന്നതു ഒരു ഉറുപ്യക്കു മൂന്നണാ എന്ന നിരക്കിൽക്കൂടുതൽ വരികയില്ലെന്നാണു് എൻെറ അഭിപ്രായം. അതേയവസരത്തിൽ പോലീസിലേക്കു മാററിവച്ചിരിക്കുന്നതു ഒരു ഉറുപ്യക്കു ൨ അണയും.

സർ, ഭക്ഷ്യപ്രശ്നത്തെപ്പററിയും രണ്ടുവാക്കു പറയേണ്ടതുണ്ടു്. അക്കാര്യത്തെപ്പററി ധനകാര്യമന്ത്രി വളരെയധികം പ്രസ്താവിക്കുകയുണ്ടായി. ഗവമ്മെൻറിനു് അക്കാര്യത്തിൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകളെപ്പററി വളരെ വിസ്തരിച്ചിട്ടുണ്ടു്. ജനങ്ങളെ സജീവമായി ബാധിക്കുന്ന ഒരു വശം ഈ പ്രശ്നത്തിനു് ഉണ്ടെന്നുള്ളതു് അദ്ദേഹം മറന്നുപോയിയെന്നു എനിക്കു തോന്നുന്നു. കഴിഞ്ഞവർഷം ൬ ഔൺസുറേഷൻ കൊടുക്കാൻ സാധിച്ചതിൽ അദ്ദേഹം ആശ്വാസം കൊള്ളുന്നു. ൬ ഔൺസുറേഷൻ കൊടുക്കാൻ സാധിച്ചതു് അത്ര വലിയ കാര്യമായി കണക്കാക്കുന്നുണ്ടെങ്കിൽ അതിൽ എനിക്കു് അദ്ദേഹത്തോടു പരിതാപമേ തോന്നുന്നുള്ളു. ൬ ഔൺസുറേഷൻ നമ്മുടെ നാട്ടുകാർ അനുഭവിച്ചു ആശ്വസിച്ചുകൊള്ളണമെന്നു പറഞ്ഞാൽ ജനങ്ങൾ ഇന്നു അല്ലെങ്കിൽ നാളെ ഇദ്ദേഹത്തെപ്പററി വിധി കൽപ്പിച്ചുകൊള്ളും. ഈ ൬ ഔൺസുറേഷൻതന്നെ അന്യരാജ്യങ്ങളെ ആശ്രയിച്ചാണിരിക്കുന്നതു്. ആഹാരപ്രശ്നം ഇങ്ങനെ അന്യരാജ്യങ്ങളെ ആശ്രയിച്ചിരിക്കുന്നതു ഏററവും വലിയ ഒരു അപകടമാണു്. ഇതു ജനങ്ങളെ ഉൽക്കണ്ഠാകുലരാക്കുന്ന ഒരവസ്ഥയാണു്. ഇതിനു ശാശ്വത

മായ ഒരു പരിഹാരം കാണുന്നതിനു ഈ കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്തിനിടയ്ക്കു ഗവണ്മെൻറ് എന്തെങ്കിലും ഫലപ്രദമായ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു നാം നോക്കേണ്ടതാണ്. ഇറിഗേഷനുവേണ്ടി ധാരാളം പണം ചെലവാക്കുന്നുണ്ട്. വളം സബ്സിഡിയും കൃഷിക്കാർക്കു നൽകുന്നുണ്ട്. അതുപോലെതന്നെ കൃഷിക്കാർക്കു കടം കൊടുക്കുന്നതിനുവേണ്ടി തുകകൾ പലപ്പോഴും മാററിവയ്ക്കുന്നതായും പറയുന്നുണ്ട്. ഇതുകൊണ്ടൊന്നും ഭക്ഷ്യപ്രശ്നത്തിനു സ്ഥായിയായ ഒരു പരിഹാരം കാണാൻ സാദ്ധ്യമേയല്ല. ഈ കാര്യത്തിലാണു അധികാരത്തിലിരിക്കുന്ന പാർട്ടിയും ഞങ്ങളും തമ്മിൽ മൗലികമായ അഭിപ്രായവ്യത്യാസമുള്ളതു്. കൃഷിക്കാരനെ ഈ ഫ്യൂഡൽ വലയത്തിൽനിന്നും കടത്തിൽനിന്നും മോചിപ്പിക്കാതെ ഒരു സ്ഥായിയായപരിഹാരം ഈ വിഷയത്തിൽ കാണാൻ ഒക്കുകയില്ല. സമൂലമായ ഒരു കാർഷികപരിഷ്കരണം വരുത്തിയാലേ എന്തെങ്കിലും ഫലപ്രദമായ പരിഹാരമാകുകയുള്ളൂവെന്നാണു ഞങ്ങൾ വിശ്വസിക്കുന്നതു്. അതു സംബന്ധമായി യാതൊരു സൂചനയും ഈ ബഡ്ജററിൽ ഇല്ലെന്നുള്ളതു വളരെ നിർഭാഗ്യകരമായ ഒരു കാര്യമാണ്. സമൂലമായ ഒരു കാർഷിക പരിഷ്കരണം ഇവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവെന്നു പലപ്പോഴും ഗവണ്മെൻറ് പറയുന്നുണ്ടെങ്കിലും അതിനാസ്പദമായ യാതൊന്നും സ്വീകരിച്ചിട്ടുള്ളതായി ബഡ്ജററിൽ കാണുന്നില്ല. ബഡ്ജററ് അവതരിപ്പിച്ചപ്പോൾ ഞങ്ങൾക്കുണ്ടായിരുന്ന ആ പ്രതീക്ഷ അവസാനിച്ചു കഴിഞ്ഞു. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിൽ ഗവണ്മെൻറ് വമ്പിച്ച ഒരു നഷ്ടം സഹിക്കുന്നുണ്ട്. അതു സമ്മതിക്കാതെയിരിക്കാൻ നിവ്വാഹമില്ല. എന്നാൽ അതുതന്നെയാണു ഏററവും വലിയ ദ്രോഹമെന്നു ഞാൻ പറയുന്നതു്. ഭക്ഷ്യപ്രശ്നത്തിനു സ്ഥായിയായ പരിഹാരം കാണുന്നതിനുവേണ്ടി ഗവണ്മെൻറ് നടപടികൾ സ്വീകരിക്കാതെ രാജ്യത്തെ വരുമാനത്തിൽനിന്നു് ഇങ്ങനെ ഒരു വമ്പിച്ച തുക ചെലവാക്കുന്നതു് ഏററവും വലിയ ദ്രോഹകരമായ ഒരു നടപടിയാണ്. അങ്ങനെയൊരു തുക ഈയവസരത്തിൽ പെട്ടെന്നു നഷ്ടപ്പെടാത്തതരത്തിൽ പ്രവത്തിക്കണമെന്നല്ല പറയുന്നതു്. ഇങ്ങനെ ചെലവാകത്തക്ക ഒരു പരിതഃസ്ഥിതി നിലനിറുത്തിക്കൊണ്ടുപോകുന്നതു രാജ്യത്തോടു ചെയ്യുന്ന ഏററവും വലിയ ദ്രോഹമാണെന്നാണു ഞാൻ പറയുന്നതു്. രാഷ്ട്രനിർമ്മാണപരമായ കാര്യങ്ങൾക്കു ഉപയോഗിക്കുന്നതിനു പകരം കാർഷികപരിഷ്കാരം നടപ്പിലാക്കാതെ ഇങ്ങനെ പണം ചെലവാക്കാൻ ഇടയാക്കുന്നതു ഒരു വലിയ ദ്രോഹംതന്നെയാണ്. ഇപ്പോഴത്തെ രാജ്യത്തിൻെറ സ്ഥിതിതന്നെ എന്താണെന്നു ഓക്കണം. വികസനത്തിനു സാദ്ധ്യതയുണ്ടായിരുന്ന എല്ലാ വരുമാനങ്ങളും കേന്ദ്രഗവണ്മെൻറിനു അടിയറ വച്ചിരിക്കുകയാണ്. ഇൻറഗ്രേഷനോടുകൂടി എട്ടു ഒൻപതുകോടി രൂപ വരുമാനം കിട്ടുന്നതിനു സാദ്ധ്യതയുണ്ടായിരുന്ന ഒൻപതു അയിററങ്ങൾ കേന്ദ്രത്തിനു വിട്ടുകൊടുത്തിട്ടുണ്ട്. ആ നിലയിൽ രാജ്യത്തെ വരുമാനം വർദ്ധിപ്പിക്കാനുള്ള സൗകര്യം നഷ്ടപ്പെട്ടിരിക്കുകയാണു ചെയ്യുന്നതു്. ഉള്ള വരുമാനം ഇങ്ങനെ നഷ്ടപ്പെടുത്തുകയും ചെയ്യുന്നു. ഇപ്പോൾ കടം വാങ്ങാനുള്ള അവകാശംപോലും ധനകാര്യമന്ത്രി കേന്ദ്രത്തിനു അടിയറവച്ചിരിക്കുകയാണ്. മൂന്നാലുദിവസങ്ങൾക്കു മുമ്പു് അദ്ദേഹം ഒരു പ്രമേയം ഇവിടെ പാസ്സാക്കിയെടുത്തു. നമുക്കു കടം വാങ്ങാനുള്ള അവകാശംപോലും നഷ്ടപ്പെടുത്തിയിരിക്ക

[ശ്രീ. ടി. വി. താമസ്.]

യാണു്. ഇൻറഗ്രേഷൻമൂലം യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല എന്നും പാർട്ട (എ-യും ബി-യും) തമ്മിലുള്ള വ്യത്യാസത്തെപ്പററിയും ഒരിക്കൽ ഇവിടെ പറയുകയുണ്ടായി. അതു കേട്ടപ്പോൾ എനിക്കു രസവും നാണവും ഒന്നുപോലെ തോന്നി. ഇൻറഗ്രേഷൻവഴി നമ്മുടെ നാട്ടിൻെറ താൽപ്പര്യം ഒററികൊടുക്കുന്ന മിർജാഫർമാരെ ഭാവി ചരിത്രകാരന്മാർ ചിത്രീകരിച്ചുകൊള്ളും. ഇതു് ഒരു താക്കീതായി കരുതുക. നമ്മുടെ വരുമാനങ്ങൾ മുഴുവൻ കേന്ദ്രത്തിനു അടിയറവയ്ക്കുകയും, കടം വാങ്ങാനുള്ള അവകാശംപോലും വിട്ടുകൊടുത്തശേഷം ഇപ്പോൾ ഖേദം പ്രകടിപ്പിക്കുന്നതു താൽക്കാലിക രക്ഷയ്ക്കുവേണ്ടി മാത്രമാണെന്നല്ലാതെ യാതൊരു ആത്മാർത്ഥതയും അതിലുള്ളതായി ഞാൻ കരുതുന്നില്ല. ജനങ്ങളുടെ രക്ഷയ്ക്കു സമൂലമായ ഒരു കാർഷികപരിഷ്കരണപദ്ധതിയും ഒരു ധീരമായ വ്യാവസായികപദ്ധതിയും ആവശ്യമാണെന്നുള്ള കാര്യത്തെ ആരും നിഷേധിക്കുമെന്നു് എനിക്കു തോന്നുന്നില്ല. വ്യവസായീകരണത്തെ സംബന്ധിച്ചു സ്വീകരിച്ചിട്ടുള്ള നിലപാടു എന്താണെന്നു നോക്കാം, കഴിഞ്ഞ ബഡ്ജററിൽ ഒരു തുക കൊള്ളിച്ചിരുന്നു. അതിൽ ഒരുകാശുപോലും ചെലവാക്കിയില്ല. ഈ ബഡ്ജററിലും ഏഴുലക്ഷം രൂപ കടം കൊടുക്കാനായി മാററിവച്ചിട്ടുണ്ടു്. ഇപ്പോൾ ഒരു ഇൻഡസ്ട്രിയൽ ഫിനാൻസ് കാർപ്പറേഷൻ സ്ഥാപിക്കാൻ പോകുന്നുവെന്നു പറയുന്നുണ്ടു്. ഈ കാർപ്പറേഷൻസ്ഥാപിക്കുന്ന വിഷയത്തിലും കേന്ദ്രത്തിൻെറ അടിമയാകുന്ന ഒരു നയമാണു തുടരാൻ ആലോചിക്കുന്നതു്. പത്തുലക്ഷം രൂപാ റിസർവ്വ് ബാങ്ക് കൊടുക്കുമെന്നു പറയുന്നുണ്ടു്. ഈ നിസ്സാരസംഖ്യയ്ക്കുവേണ്ടി ഈ കാർപ്പറേഷനെ കേന്ദ്രത്തിനു വിട്ടുകൊടുക്കുന്നതു ശരിയാണോയെന്നു നാം ആലോചിക്കണം. നമ്മുടെ താൽപ്പര്യങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി സ്വതന്ത്രമായ നടപടികൾ നമുക്കു സ്വീകരിക്കേണ്ടിവരും. ആ സ്ഥിതിയിൽ പത്തുലക്ഷം രൂപയ്ക്കുവേണ്ടി കേന്ദ്രത്തിൻെറ നിയന്ത്രണത്തിനു ഈ സ്ഥാപനത്തെ വിധേയമാകുന്നതു ശരിയായിരിക്കുമോ എന്നു പ്രത്യേകം ആലോചിക്കേണ്ടതാണു്. കൂടാതെ ഈ ഇൻഡസ്ട്രിയൽ ഫിനാൻസ് കാർപ്പറേഷൻെറ നടപടികളെപ്പററിയും ഞങ്ങൾക്കു ആശങ്കയുണ്ടു്. കേന്ദ്രത്തിലും ഇങ്ങനെയൊരു കാർപ്പറേഷൻ ഉണ്ടു്. അവിടെ നടന്ന കുംഭകോണങ്ങളെപ്പററി നാം ഈയിടെ പത്രങ്ങളിൽ കണ്ടു. ഇവിടെയും അങ്ങനെയുള്ള കുംഭകോണങ്ങൾക്കു രംഗമായിതീരരുതെന്നു ഞങ്ങൾ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

വ്യവസായത്തെ സംബന്ധിച്ചു പറയുമ്പോൾ നിലവിലിരിക്കുന്ന വ്യവസായങ്ങളുടെ സ്ഥിതിയും ആ വ്യവസായങ്ങളോടു ഗവൺമെൻറു സ്വീകരിക്കുന്ന നയവും എന്താണെന്നു എടുത്തു പറയേണ്ടതുണ്ടു്. പ്രധാന വ്യവസായങ്ങളായ കൈത്തറിനെയ്ത്തു്, കയറുവ്യവസായം, കരുപ്പുകട്ടി വ്യവസായം മുതലായവയെല്ലാം ഒരു സ്തംഭനാവസ്ഥയിൽ എത്തിയിരിക്കുകയാണു്. കയറുവ്യവസായത്തെപ്പററി ബഡ്ജററുപ്രസംഗത്തിൽ വളരെയൊക്കെ പറഞ്ഞിട്ടുണ്ടു്, കയറുവ്യവസായത്തെ സ്തംഭനാവസ്ഥയിൽനിന്നും രക്ഷിക്കുന്നതിനുവേണ്ടി ഗവൺമെൻറു സ്വീകരിച്ചിട്ടുള്ള നടപടികൾ യാതൊരു വിധത്തിലും ഫലപ്രദമായിട്ടുള്ളവയല്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു. ആ വ്യവസായസ്തംഭനം നിവാരണം ചെയ്യുന്നതിനും അതി

ലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ രക്ഷിക്കുന്നതിനുവേണ്ടി ഗവണ്മെൻറ സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്താണെന്നു നോക്കാം. ആ വ്യവസായത്തിന്റെ അധഃപതനം ൮ ലക്ഷംപേരെ സാരമായി ബാധിച്ചിട്ടുണ്ടെന്നു പറയുന്നു. ൨൦,൦൦൦ പേക്കു പരിപൂർണ്ണമായ തൊഴിലില്ലായ്മയും അതിൽ ൫൭൦൦ പേക്ക് റിലീഫ് വക്കുകൾ കൊടുക്കുന്നുണ്ടെന്നും സ്കൂൾകുട്ടികൾക്കു ഉച്ചഭക്ഷണം കൊടുക്കുന്നുണ്ടെന്നും പറയുന്നു. അന്യനാട്ടുകളിൽ കയറുൽപ്പന്നങ്ങൾ കയററി അയക്കുന്നതിലേക്കു കേന്ദ്രത്തിനോടു ശുപാർശ ചെയ്തിട്ടുള്ളതായും പറയുന്നു. ഇതല്ലാതെ മററു ചുമതലയൊന്നും ഗവണ്മെൻറിനില്ലേയെന്നാണു ഞാൻ ചോദിക്കുന്നതു്? കയർ കോവാപ്പറേററീവു് സംഘങ്ങൾ സ്ഥാപിക്കുന്നതുമൂലം കയർപിരി വ്യവസായത്തിനു ഉണ്ടായിട്ടുള്ള സ്തംഭനം കുറെയൊക്കെ മാറിയെന്നുവരാം. കയർ ഉൽപ്പാദിപ്പിക്കുന്ന മുതലാളികളെ അമിതമായ ചൂഷണത്തിൽ നിന്നും മോചിപ്പിക്കാൻ കഴിഞ്ഞേയ്ക്കും. ഇവിടെനിന്നും കയർ കയറായിത്തന്നെ കയററി അയക്കുന്നുണ്ടു്.

The House adjourned for lunch at 1 P. M. and reassembled at 2 P. M, with Mr. Speaker in the Chair.

ശ്രീ. ടി. വി. തോമസ് (തുടച്ചു) : സർ, കാലത്തു് കയർ വ്യവസായത്തെസംബന്ധിച്ചു് ഈ ഗവണ്മെൻറു് സ്വീകരിച്ച നയത്തെപ്പററി ഞാൻ സംസാരിക്കുകയായിരുന്നു. ഈ വ്യവസായം, ഗവണ്മെൻറ കണക്കുവച്ചുതന്നെ, ഗവണ്മെൻറ വക്താക്കൾ സമ്മതിച്ച കണക്കുവച്ചുതന്നെ നോക്കുമ്പോൾ അഞ്ചു ലക്ഷം ആളുകളെ സാരമായി ബാധിച്ചിട്ടുണ്ടു്. ഇരുപതിനായിരത്തിൽപരം തൊഴിലാളികൾ ഇതുമൂലം പണിയില്ലാതെയായി തീർന്നിട്ടുണ്ടു്. ഇവരിൽ ഭൂരിപക്ഷവും കയർ കൊണ്ടു സാധനങ്ങൾ ഉണ്ടാക്കുന്ന പണിയിൽ ഏർപ്പെട്ടിട്ടുള്ളവരാണു്. കയർ കോവാപ്പറേററീവു സ്കീം നടപ്പിൽ വരുത്താമെന്നു ഗവണ്മെൻറ തീരുമാനിച്ചിട്ടുണ്ടു്. ആ തീരുമാനത്തെ ഞാൻ സ്വാഗതം ചെയ്യുന്നു. അതു കൊണ്ടു കയർ സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന രംഗത്തു പണിചെയ്യുന്ന തൊഴിലാളികൾക്കു ഉണ്ടായിട്ടുള്ള തൊഴിലില്ലായ്മ തീക്കുന്നതിനും ആ രംഗത്തുണ്ടായിട്ടുള്ള അധഃപതനം തീർക്കുന്നതിനും സാദ്ധ്യമല്ലെന്നു വ്യക്തമാക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ഇവിടെ നിന്നും കയർ കയററി അയക്കുന്നതു നിരോധിക്കണമെന്നു ഞങ്ങൾ പറയുന്നില്ല, നിയന്ത്രിക്കണമെന്നു ഞങ്ങൾ പറയുമ്പോൾ ഞങ്ങൾ അതുകൊണ്ടുദ്ദേശിക്കുന്നതു കയർ അന്യനാട്ടിൽ കൊണ്ടുപോയി അതുകൊണ്ടു സാധനങ്ങൾ ഉണ്ടാക്കുന്നതിനെ നിരുത്സാഹപ്പെടുത്തണമെന്നു മാത്രമാണു്. അതുകൊണ്ടുമാത്രമെ ഇവിടത്തെ കയർ വ്യവസായമാന്ദ്യത്തിനു അല്പമെങ്കിലും ശമനം ഉണ്ടാകുകയുള്ളു.

സർ, ഇക്കാര്യത്തിൽ പലർക്കും അഭിപ്രായവ്യത്യാസമുണ്ടെന്നു എനിക്കറിയാം. ഇവിടെ നിന്നും പ്രധാനമായി കയർ കയററി അയക്കപ്പെടുന്നതു മററ സാധനങ്ങൾ, പ്രത്യേകിച്ചു ചെറിയ വടംപോലെയുള്ള സാധനങ്ങൾ, ഉണ്ടാക്കുന്നതിനു വേണ്ടിയാണെന്നു ചിലർ പറയുന്നുണ്ടു്. ഈയിടെ ഞങ്ങൾക്കു കിട്ടിയ അറിവു വച്ചുനോക്കുകയാണെങ്കിൽ ഹാളൻറു്, ബൽജിയം, ഇററലി മുതലായ സ്ഥലങ്ങളിൽ ഇവിടെ നിന്നും കയററി അയക്കുന്ന കയർ കൊണ്ടു കയററപ്പായും തടുക്കും നിർമ്മിക്കുന്നുണ്ടെന്നു മനസ്സിലാക്കുവാൻ കഴിയും. അതിനു പരിഹാരം കാണണം; അതാണു്

ഞങ്ങൾ ആവശ്യപ്പെടുന്നത്. കയർ കയറായി കൊണ്ടുപോകുന്നതിനെ നിയന്ത്രിക്കാൻ ഈ ഗവണ്മെന്റിനു അധികാരമില്ലെങ്കിൽ അധികാരം സൃഷ്ടിക്കുന്നതിനുവേണ്ട നടപടികൾ ഗവണ്മെന്റ സ്വീകരിക്കണം. ഇതു സംബന്ധിച്ചുള്ള എല്ലാ നടപടികളും കേന്ദ്രഗവണ്മെന്റ സ്വീകരിച്ചുകൊള്ളും, ഒരു കയർ ബോർഡു കേന്ദ്രഗവണ്മെന്റ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടു്, എന്നെല്ലാം പറഞ്ഞൊഴിയുന്നതു അപകടകരമാണെന്നു മാത്രമെ എനിക്കു ധനകാര്യമന്ത്രിയെ അറിയിക്കുവാനുള്ളു. ഒരു വ്യവസായത്തിനു് മാർക്കററു നഷ്ടപ്പെടുകയും ആ മാർക്കററിൽ മററുള്ളവർ കയറി സ്ഥാനം പിടിക്കുകയും ചെയ്താൽ, വിശേഷിച്ചും കയർവ്യവസായംപോലെയുള്ള ഒരു വ്യവസായത്തിനു്, നഷ്ടപ്പെട്ടുപോയ മാർക്കററു വീണ്ടും പിടിച്ചെടുക്കുക എന്നുള്ളതു വളരെ ബുദ്ധിമുട്ടുള്ള ഒരു കാര്യമാണു്. സർ, കയർ ബോർഡു് ഉണ്ടാക്കാമെന്നു പറയുന്നു. എന്നാണു ഈ കയർ ബോർഡുണ്ടാകുക? ഉണ്ടായാൽതന്നെയും കോക്കനട്ട് ബോർഡു്, കാഫി ബോർഡു, മുതലായ സ്ഥാപനങ്ങളെപ്പോലെ ഈ ബോർഡും വെറും ഒരലങ്കാരവസ്തു ആകുകയില്ലേ എന്നു ഞങ്ങൾ ബലമായി സംശയിക്കുന്നു. തിരുവിതാംകൂർ-കൊച്ചി ഗവണ്മെന്റിനു് ഈ കയർ വ്യവസായത്തെ സംബന്ധിച്ചു തീരെ ഉൽക്കണ്ഠയില്ലാതായി കാണുന്നതിൽ ഞങ്ങൾക്കു് സങ്കടമുണ്ടു്. ഈ രാജ്യത്തെ ഏററവും പ്രാധാന്യം അർഹിക്കുന്ന ഒരു വ്യവസായമാണു കയർ വ്യവസായം. അതിന്റെ അഭിവൃദ്ധിക്കുവേണ്ടി നിരന്തരം പ്രയത്നിക്കേണ്ടതു ഗവണ്മെന്റിന്റെ അടിയന്തിരമായ കർത്തവ്യമാണു്. അതിൽ ഗവണ്മെന്റ വേണ്ടത്ര ശ്രദ്ധിക്കുന്നില്ലെന്നു ഞങ്ങൾക്കു പരാതിയുണ്ടു്.

കയർ ഇവിടെനിന്നും കൊണ്ടുപോയി കയററുപായും തടുക്കും നിർമ്മിക്കുകയാണെങ്കിൽ അതിനു ഒരു നിരോധനം തീർച്ചയായും ഏർപ്പെടുത്തേണ്ടതാണു്. അങ്ങനെ ഏർപ്പെടുത്തപ്പെടുന്ന നിരോധനംകൊണ്ടു കയർപിരി തൊഴിലാളികൾക്കാകട്ടെ, കയററു സാധനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മുതലാളികൾക്കാകട്ടെ സ്ഥായിയായ യാതൊരു ദോഷവും ഉണ്ടാകുന്നതല്ലെന്നു ധൈര്യമായി പറയാൻ കഴിയും.

സർ, ഇനി മുതലാളികളെ സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ നയത്തെപ്പററിയും എനിക്കു രണ്ടുവാക്കു പറയുവാനുണ്ടു്. തൊഴിലില്ലായ്മയുടെ പരിഹാരത്തിനായി ധനകാര്യമന്ത്രി ഒരു നിർദ്ദേശം നമ്മുടെ മുൻപിൽ വച്ചിട്ടുണ്ടു്. കേന്ദ്രപ്ലാനിംഗ് കമ്മിഷൻ അതിനു ആവശ്യമായ നടപടികൾ സ്വീകരിക്കാനുള്ള ഒരു ശുപാർശ. സർ, തിരുവിതാംകൂർ-കൊച്ചിയിലുള്ള തൊഴിലില്ലായ്മക്കു പരിഹാരം കാണാൻ കേന്ദ്രപ്ലാനിംഗ് കമ്മിഷൻ ശ്രമിച്ചുകൊള്ളുമെന്നു പറഞ്ഞുകൊണ്ടു ഗവണ്മെന്റ തൃപ്തിപ്പെട്ടിരിക്കുന്നതു ജനങ്ങളെ സംബന്ധിച്ചിടത്തോളം ഒട്ടും തന്നെ ആശ്വാസജനകമല്ല. തൊഴിലില്ലായ്മക്കു ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ ഗവണ്മെന്റ തയ്യാറാകുന്നില്ലെന്നു മാത്രമല്ല, മറെറാരു പരാതികൂടി ഉണ്ടുതാനും. കൂടുതൽ തൊഴിലില്ലായ്മ സൃഷ്ടിക്കുന്നതിനു പര്യാപ്തമായ നടപടികൾ ഈ സർക്കാർ സ്വീകരിക്കുന്നുണ്ടു്. പോർട്ട്സ് ആന്റ് പൈലററ്സ് എന്ന സെക്‌ഷനിൽ ടണ്ണേജ് ഒൻപതു പൈസയിൽനിന്നും മൂന്നണയാക്കി വർദ്ധിപ്പിക്കുമെന്നു പറയുന്നു. [illegible]

മാനം വർദ്ധിപ്പിച്ചിരിക്കുകയാണ്. ആലപ്പുഴയിൽ ഇന്നു കപ്പൽ അടുക്കാനുള്ള സൗകര്യംതന്നെ വളരെ കുറഞ്ഞിരിക്കുകയാണ്. ഇതിനുമുൻപു പലപ്പോഴും അവിടെ കപ്പൽ അടുക്കുവാൻ വേണ്ട സൗകര്യമുണ്ടാക്കിത്തരണമെന്നു കാണിച്ച് പല പല നിവേദനങ്ങൾ നടത്തിയിട്ടുണ്ട്. അതിനു കപ്പൽ അവിടെ അടുപ്പിക്കണമെന്നും, അതിനുവേണ്ട ഒത്താശകൾ ഗവണ്മെൻറ ചെയ്യണമെന്നും ഗവണ്മെൻറിനോടു പലവുരു ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത്രയും കാലമായിട്ടും ഗവണ്മെൻറ അതു സംബന്ധിച്ചു യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല. തുറമുഖത്തുള്ള പണിക്കു ചെലവു വളരെ കൂടുതലായി പോകുന്നുവെന്നാണു ഗവണ്മെൻറുഭാഗത്തുനിന്നും പറയുന്ന സമാധാനം. അതു ശരിയല്ല. അഥവാ ശരിയാണെങ്കിൽതന്നെയും ഒൻപതു പൈ ഉണ്ടായിരുന്ന ടണ്ണേജു മൂന്നണയാക്കി വർദ്ധിപ്പിക്കുന്നതുകൊണ്ടു വല്ലപ്പോഴും കപ്പൽ അടുക്കുവാൻ ഉണ്ടായിരുന്ന സാദ്ധ്യതകൾ തന്നെ നഷ്ടപ്പെട്ടുപോകാനാണിടയുള്ളതു്. സർ, ഈ ടണ്ണേജു വർദ്ധിപ്പിച്ചതെന്തിനാണെന്നു ഞാൻ ചോദിക്കുന്നു. റവന്യൂവിനുവേണ്ടിയാണോ ഇതു്? എങ്കിൽ ഒരുലക്ഷത്തിൽ താഴെ വരുന്ന ഒരു തുക മാത്രമേ ഈ ഇനത്തിൽ ഗവണ്മെൻറിനു കിട്ടുകയുള്ളു. ഇങ്ങനെ ടണ്ണേജു കൂട്ടിയാൽ കൂടുതൽ വരുമാനം ഉണ്ടാകുമെന്നാണു ഗവണ്മെൻറ കണക്കാക്കുന്നതെങ്കിൽ അതു വിഡ്ഢിത്തരമാണ്. ടണ്ണേജു ഒൻപതു പൈസയായിരിക്കുമ്പോൾതന്നെ കപ്പൽ അടുക്കുന്നില്ല. മൂന്നണയാക്കിയാലത്തെ കഥ പിന്നെ പറയേണ്ടതുണ്ടോ? ഇതുമൂലം തൊഴിലാളികൾക്കു വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടതായി വരും. തുറമുഖത്തൊഴിലാളികൾക്കു ഇപ്പോൾതന്നെ പണിയില്ലായ്മ ഉണ്ട്. കൂടുതൽ കൂടുതൽ രൂക്ഷമായി തൊഴിലാളികളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ടണ്ണേജു വർദ്ധിപ്പിച്ചാൽ തൊഴിലില്ലായ്മപ്രശ്നം കൂടുതൽ രൂക്ഷതരമായിത്തീരുമെന്നുള്ളതു തീർച്ചയാണ്.

സർ, തൊഴിലാളിനയത്തെപ്പററി എനിക്കു ഇനിയും പറയുവാനുണ്ട്. തൊഴിലില്ലായ്മ, കൂലിയില്ലായ്മ, പിരിച്ചുവിടൽ; ഇതിനെതിരായി ആരു എന്തെങ്കിലും ശബ്ദമുയർത്തിയാൽ, സമരം ചെയ്താൽ അതിനെ ചോരയിൽ മുക്കിക്കൊല്ലാൻ ഗവണ്മെൻറ നിശ്ചയിച്ചിരിക്കുകയാണ്. ഗവണ്മെൻറതന്നെ നിശ്ചയിച്ചിട്ടുള്ള കരാറുകളുടെ തീരുമാനങ്ങൾ നടപ്പിലാക്കാൻ ഗവണ്മെൻറ തയ്യാറാകുന്നില്ല. പറവൂരിലെ ചെത്തുതൊഴിലാളി സമരത്തിൻെറ ഫലമായി കൺസിലിയേഷൻ നടപടികൾ ആരംഭിക്കുകയും, റവന്യൂബോർഡിലെ ഫസ്റ്റ് മെമ്പർ, അതിലേക്കു ഒരു കമ്മിററിയെ നിയമിക്കുവാൻ ശുപാർശ ചെയ്യുകയും ചെയ്തു. ഒരു റിട്ടയാർഡു ഹൈക്കോടതി ജഡ്ജി, കോൺഗ്രസ്സു പാർട്ടിയിലെ വിപ്പായ മി. വർഗ്ഗീസ്, ഇവരെയും എന്നെയും കൂടിച്ചേർത്തു ഒരു കമ്മിററി രൂപവൽക്കരിച്ചു. ആ കമ്മിററി റിപ്പോർട്ടു സമർപ്പിക്കുകയും ചെയ്തു. എട്ടുമാസക്കാലമായിട്ടും ഈ തീരുമാനം നടപ്പാക്കിയിട്ടില്ല, മാത്രമല്ല, നടപ്പാക്കാൻ സാദ്ധ്യമല്ലെന്നും പറഞ്ഞു. എത്രയോ തൊഴിലാളികളെ പിരിച്ചുവിട്ടുകൊണ്ടിരിക്കുന്നു. സർ, ടാററാ കമ്പനിയിലെ സ്റ്റാഫിനെ പിരിച്ചുവിട്ടതുസംബന്ധിച്ച് നമ്മുടെ ഗവണ്മെൻറും ശ്രീ. പനമ്പിള്ളിയും ധീരമായ നടപടികൾ എടുത്തിട്ടുണ്ട്. അതിൽ ഞാൻ അവരെ അഭിനന്ദിക്കുന്നു. എങ്കിലും അതിൽ സ്വാർത്ഥതയും സ്ഥാപിതതാല്പര്യവും കാണാം. ആ കമ്പ

നിയിലെ തൊഴിലാളി യൂണിയൻ പ്രസിഡൻറാണു ശ്രീ. പനമ്പിള്ളി. അതിനാൽ അവരുടെ കാര്യം അദ്ദേഹത്തിൻെറ സ്വന്തകാര്യംപോലെയാണ്. അവിടെ ഗവണ്മെൻറു സ്വീകരിച്ച നടപടികൾ ശ്രീ. പനമ്പിള്ളിയുടെ സ്വാർത്ഥത കൊണ്ടല്ലായിരുന്നു എങ്കിൽ എന്തുകൊണ്ടു അതിനെക്കാൾ കൂടുതൽ പിരിച്ചുവിടുന്ന സ്ഥിതിഗതികളെ അദ്ദേഹം നേരിടുന്നില്ല എന്നു ഞാൻ ചോദിക്കുന്നു. ഇവിടെ കൺസിലിയേഷനുവേണ്ടി ഉദ്യോഗസ്ഥന്മാരുണ്ടോ? ലേബർ ഡിപ്പാർട്ടുമെൻറ ഇപ്പോഴും ഒരു മൈനർ ഡിപ്പാർട്ടുമെൻറായി ശേഷിച്ചിരിക്കുകയാണു. ഉദ്യോഗസ്ഥന്മാർ അവധിയെടുത്തുപോകുകയോ, പിരിഞ്ഞുപോകുകയോ ചെയ്താൽ പിന്നെ പകരം ആരെയും നിയമിക്കുകയില്ല. ഏഴുമാസക്കാലമായി കൊല്ലത്തെ കൺസിലിയേഷൻ ആഫീസർ ഇല്ലാതിരിക്കുന്നതിനാൽ അവിടത്തെ കൺസിലിയേഷൻ നടപടികളെല്ലാം നിറുത്തിവച്ചിരിക്കുകയാണ്. അതുകൊണ്ടു ലേബർ ഡിപ്പാർട്ടുമെൻറിനെ ഒരു മേജർ ഡിപ്പാർട്ടുമെൻറായി ഉയർത്തുന്നതിനും കൺസിലിയേഷൻ ആഫീസർമാക്കു കൂടുതൽ അധികാരം നൽകുന്നതിനും ഗവണ്മെൻറിൻെറ സത്വരശ്രദ്ധ പതിയേണ്ടതാണ്.

സർ, ഗവണ്മെൻറ ലയബിലിററിയെ സംബന്ധിച്ചുള്ള സ്റ്റേററുമെൻറ വായിച്ചുനോക്കിയതിൽ ഞങ്ങൾക്കു വലിയ സംശയങ്ങൾ ഉണ്ടു്. ഇതു സംബന്ധിച്ച് യാതൊരു വിശദീകരണങ്ങളും ബഡ്ജററിൽ കൊടുക്കുന്നില്ല. ഉദാഹരണമായി പോസ്ററവാർ റീ കൺസ്ട്രക്ഷൻ ഡവലപ്പ്മെൻറ് ഫണ്ടു് എന്നൊരു ഐററമുണ്ടു്. അതു് റിവൈസ്ഡ് എസ്റ്റിമേററനുസരിച്ചു് ൩൦൭.൩൧ ലക്ഷം രൂപയാണെന്നുകാണുന്നു. ഈ വഷത്തെ ബഡ്ജററിൽ ഇരുനൂററിഅൻപതുലക്ഷം രൂപ മാത്രമേ കൊള്ളിച്ചിട്ടുള്ളു. ഈ കറവിനു് ഒരു വിശദീകരണം ഇല്ല. അതുപോലെ തന്നെ Interest on loans and advances എന്ന ഐററം കാണുന്നുണ്ടു്. അതിൽ ൧൨.൪൨ ലക്ഷം രൂപാ ഗവണ്മെൻറിൻെറ കമേഴ്സ്യൽ കൺസേൺസിലേക്കു് ട്രാൻസ്ഫർ ചെയ്തിരിക്കുകയാണെന്നു പറയും. ആ ട്രാൻസ്ഫറിൻെറ അടിസ്ഥാനമായി പറയുന്നതു്.

"Interest paid on the overdraft accommodation afforded by the Reserve Bank of India and the Central Bank of India accounts for the increase in the Revised Estimate. The decrease anticipated in the Budget Estimate for 1953-54 is due to the transfer-debit of larger amounts to commercial concerns in proportion to Capital Outlay contemplated."

എന്നാണ്. ഉദ്ദേശിച്ചിരിക്കുന്ന ക്യാപിററൽ ഔട്ട്ലേയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്തിരിക്കുകയാണ്. ഇതൊരു സത്യസന്ധമായ നടപടിയാണോ എന്നു സംശയമുണ്ടു്. എഴുപത്തിരണ്ടു ലക്ഷം രൂപാ സംശയകരമായ അടിസ്ഥാനത്തിൽ ട്രാൻസ്ഫർ ചെയ്യുക, ഇതിൻ പ്രകാരം ട്രാൻസ്ഫർ ചെയ്തതുകൊണ്ടാണ് ൭൩.൭൧ ലക്ഷം രൂപയായി കുറഞ്ഞിരിക്കുന്നതു്.

സർ, ചുരുക്കിപറഞ്ഞാൽ, ഈ ബഡ്ജററിനെപ്പററി അനുകൂലമായ ഒരഭിപ്രായം രേഖപ്പെടുത്തുവാൻ ഞങ്ങൾക്കു സാദ്ധ്യമല്ല; പൊതുജനങ്ങളുടെ താൽപര്യങ്ങൾ, സജീവമായ പ്രശ്നങ്ങൾ അവഗണിക്കപ്പെട്ടിരിക്കു

കയാണ്, ധിക്കരിച്ചിരിക്കുകയാണ്, വീണ്ടും ജനങ്ങളോടുള്ള ഒരു വെല്ലുവിളി നടത്തിയിരിക്കുകയാണ്, അതിനാൽ ബഡ്ജററിനെ ഞാൻ എതിർക്കുന്നു. ബഡ്ജററ പാസ്സാക്കികൊടുക്കരുതെന്നു ഞാൻ ഇവിടെയുള്ള ബഹുമാനപ്പെട്ട അംഗങ്ങളോടു അഭ്യർത്ഥിക്കുന്നു.

ശ്രീ. അമ്പാട്ട് ഈച്ചരമേനോൻ: സർ, ഒരു ജനക്ഷേമസംസ്ഥാനത്തിന് ഏററവും അനുയോജ്യമായ രീതിയിൽ ൧൯൫൮-൫൯-ലെ ബഡ്ജററ അവതരിപ്പിച്ചതിൽ ഞാൻ ധനകാര്യമന്ത്രിയെ അഭിനന്ദിച്ചുകൊള്ളുന്നു. വിപുലമായ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കാലാനുസൃതം അവയെ നടപ്പിലാക്കുന്നതിനും ഏററവും സതപരമായ ശ്രദ്ധ ഗവണ്മെൻറ പതിപ്പിച്ചിട്ടുണ്ടെന്നു ഈ ബഡ്ജററുനോക്കുന്ന പക്ഷം ആർക്കും മനസ്സിലാകുന്നതാണ്. അതുകൊണ്ട് യാതൊരു ക്വാളിഫിക്കേഷനും കൂടാതെ ഈ ബഡ്ജററ പാസ്സാക്കണമെന്നാണ് എനിക്കു പറയുവാനുള്ളതു. എങ്കിലും നമ്മുടെ സംസ്ഥാനത്തെ ഭക്ഷ്യനിലയെ സംബന്ധിച്ചിടത്തോളം ആശാസ്യമായ ഒരഭിപ്രായമല്ല എനിക്കുള്ളതു. സംസ്ഥാനത്തു അനുഷ്ഠിച്ചുവരുന്ന റേഷൻവിതരണസംപ്രദായം ചിലപ്പോൾ വ്യത്യസ്ഥപ്പെട്ട രീതികളിലാണു നടത്തിവരുന്നതു. മററു ചിലപ്പോൾ ചില സ്ഥലങ്ങളിൽ അരി ഒട്ടുംതന്നെ കിട്ടുന്നില്ലെന്നുംകൂടി പറയാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ഭക്ഷണകാര്യത്തെ സംബന്ധിച്ചുള്ള നടപടികൾ തൃപ്തികരമല്ലാത്ത ഒരു വ്യവസ്ഥയിൽ കൂടിയാണ് നടത്തുന്നതെന്നു എന്റെ ബഹുമാന്യസ്നേഹിതൻ സോഷ്യലിസ്ററ പാർട്ടി നേതാവ് ഇവിടെ പ്രസ്താവിച്ചതിനെ ഞാൻ ഒന്നുകൂടി അനുസ്മരിപ്പിച്ചുകൊള്ളുന്നു. ഭക്ഷ്യധാന്യങ്ങളുടെ വിതരണസംഭരണവിഷയത്തിൽ പ്രായോഗികമായ നിർദ്ദേശങ്ങളും ഉപദേശങ്ങളും ലഭിക്കുന്നതിനുവേണ്ടി ഗവണ്മെൻറ, സംസ്ഥാനത്തെ പ്രതിനിധികളുമായി തക്കസമയത്തു ആലോചനകൾ നടത്തിയതിനുശേഷം പ്രവർത്തിക്കുന്നതായിരിക്കും ഉത്തമമെന്നാണ് എനിക്കു തോന്നുന്നതു. ഗവണ്മെൻറാകട്ടെ ഈ കാര്യത്തിൽ കാര്യമായി യാതൊരു നിർബന്ധവും അനുഷ്ഠിച്ചു വരുന്നതായി കാണുന്നില്ല. ജനകീയഭരണസമ്പ്രദായം അക്ഷരംപ്രതി അനുഷ്ഠിക്കണമെന്നു താൽപ്പര്യം പ്രകടിപ്പിക്കുന്ന ഗവണ്മെൻറിലെ പല ഡിപ്പാർട്ടുമെൻറുകളുടേയും പ്രവർത്തനങ്ങൾ വളരെ മന്ദീഭവിച്ചുകൊണ്ടിരിക്കുകയാണ്. ഉദാഹരണമായി പറയുകയാണെങ്കിൽ കൊച്ചിക്കാർക്ക് സംയോജനത്തിനുശേഷം എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറുകളെ സംബന്ധിച്ചിടത്തോളം മുമ്പ് അവർക്ക് കിട്ടിക്കൊണ്ടിരുന്ന നന്മകൂടി ഇല്ലാതാകയാണു ചെയ്യുന്നതു. കൊച്ചിക്കാരേയും തിരുവിതാംകൂർകാരേയും പ്രത്യേകം പ്രത്യേകമായി കരുതുന്നില്ലയോ എന്നുകൂടി ഞാൻ സംശയിക്കുന്നു. ശമ്പളസംബന്ധമായി നോക്കുകയാണെങ്കിൽ സംയോജനം ഇതുവരെ നടപ്പിലാക്കാത്തതുകൊണ്ട് പലർക്കും അവരർഹിക്കുന്ന പ്രമോഷൻ കിട്ടാൻ ഇടയായിട്ടില്ലെന്നുമാത്രമല്ല, സംയോജനത്തിനുമുമ്പ് വളരെ അധികം ആളുകളും പെൻഷൻപററി പിരിയേണ്ടിവരുന്നതാണ്. ഈവിധം ഗവണ്മെൻറിനെ നിസ്വാർത്ഥതയോടുകൂടി സേവിച്ച കൊച്ചിയിലെ ഉദ്യോഗസ്ഥന്മാർക്ക് കൊച്ചി–തിരുവിതാംകൂർ സംയോജനത്തിന്റെ പേരിൽ സാമ്പത്തികമായി നോക്കിയാൽ നഷ്ടമാണുണ്ടായിട്ടുള്ളതു. ഈ കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നു ഞാൻ വിശ്വ

[ശ്രീ. അമ്പാട്ടു ഈച്ചരമേനോൻ.]

സിക്കുന്നു. ഈ സംയോജനം മൂന്നു മാസത്തേയ്ക്കു് എന്നെ ഏൽപ്പിക്കുകയാണെങ്കിൽ യാതൊരാൾക്കും ആക്ഷേപംകൂടാതെ നടത്തിത്തരാമെന്നു പറഞ്ഞു ശ്രീമാൻ പട്ടം താണുപിള്ള വെല്ലുവിളിച്ചുവല്ലോ. ആ വെല്ലുവിളിപ്രകാരമെങ്കിലും ശ്രീ. പട്ടത്തിനേയും എതിർകക്ഷി നേതാവിനേയും കൂട്ടി സംയോജനത്തെപ്പററി ഒരു വട്ടമേശസമ്മേളനം നടത്തിയിരുന്നുവെങ്കിൽ എത്ര യോഗ്യമായേനെ. ഈ സംയോജനം നടക്കാത്തതു് ഇതിന്റെ ഉള്ളിൽ പ്രാദേശികവാദം, അവസരസേവകത്വം, വർഗ്ഗീയചിന്ത ഇതുകൾ നടമാടുന്നതുകൊണ്ടാണു്. ഉദാഹരണം ആയി ശ്രീ. നായിഡു വിദ്യാഭ്യാസഡയറക്ടരായിപോയപ്പോൾ ആ സ്ഥാനത്തു് ഒരാളെ വെപ്പാൻ പി. എസ്സ്. സി.-ക്കു കൊടുക്കാതെ നിങ്ങൾ യോഗ്യതയിൽ ഒട്ടും കുറയാത്ത മൂന്നാംകമ്മിററിയെ നിശ്ചയിക്കുകയല്ലേ ചെയ്തതു്? അവർ മൂന്നുപേർ ഒത്തു് ഒരു പിള്ളയുടെ നാമനിർദ്ദേശം ചെയ്തപ്പോൾ ആയതു് നിങ്ങളുടെ ആളല്ലാതെ വന്നു. അദ്ദേഹത്തിനു പിൻബലവും ഉണ്ടായിരുന്നില്ല. നിങ്ങളുടെ ആളെ തൽക്കാലത്തേക്കു് വെച്ചു് വേണ്ട യോഗ്യതയുണ്ടാകുന്നതുവരെ നീട്ടി, അയാളെ സ്ഥിരപ്പെടുത്തി. ഇതിൽ എത്ര ആളുകളെ അവമാനിച്ചു? എത്രയാളുകളുടെ യോഗ്യതകൾ ത്യജിച്ചാണു് നിങ്ങളുടെ സേവകനെ വെച്ചതു്? എന്തു യോഗ്യതയാണു ഇതിൽനിന്നു തെളിയുന്നതു്?

സംയോജനത്തിനു നിങ്ങളുടെ പോളിസി, ബ്ലാക്ക്മാർക്ക് ഇല്ലാത്തവർക്കു് സർവ്വീസ്പോലെ കൊടുക്കാമെന്നായിരുന്നില്ലേ? വിദ്യാഭ്യാസഡിപ്പാർട്ടുമെന്റ് എടുത്തുനോക്കിയപ്പോൾ കൊച്ചി ഉദ്യോഗസ്ഥന്മാരെയാണു വെക്കേണ്ടതായി കണ്ടതു്. മടികൂടാതെ പാളിസി മാററി. കൊച്ചിക്കാരുടെ കൊച്ചിക്കാർക്കെന്നും തിരുവിതാംകൂർ ഒഴിവു് തിരുവിതാംകൂർകാർക്കെന്നും ആക്കി. തിരുവിതാംകൂർ വിഭാഗക്കാർക്കു് അങ്ങനെ രണ്ടുമൂന്നെണ്ണം കൊടുക്കുകയും ചെയ്തു. എന്നാൽ കൊച്ചി ഒഴിവിൽ ഇൻസ്പെക്ടർ ജനറൽ ആഫ് രജിസ്ട്രേഷൻ എന്ന വലിയ നാമധേയം കൊച്ചിക്കാർക്കു് കൊടുക്കാൻ ആലോചിക്കാതെ അസിസ്റ്റന്റ് സെക്രട്ടറിമാരിൽ സർവ്വീസു നോക്കികൊടുക്കാൻ തീർച്ചയാക്കി. നോക്കിയപ്പോൾ അതു കൊച്ചിക്കാരനായി കണ്ടതുകൊണ്ടു് തൽക്കാലത്തേക്കു് എന്നു പറഞ്ഞു ഒരു തിരുവിതാംകൂർകാരനെ വെച്ചു. ഇങ്ങനെയായാൽ ഭരണം എങ്ങിനെ ശരിയായി നടക്കും?

സംയോജനം കഴിഞ്ഞു, കഴിഞ്ഞു എന്നു പറയുന്നുണ്ടു്. കൊച്ചി കാളേജിലെ ലക്ചററന്മാർക്കു് ശമ്പളത്തോതു് കൂട്ടിയെന്നു കേൾക്കുന്നുണ്ടു്. അതു കേട്ടുതുടങ്ങിയതു മുതൽ അവരുടെ ഇൻക്രിമെന്റ് നിർത്തി. പുതിയ വ്യവസ്ഥയിൽ കൊടുത്തിട്ടുമില്ല. "ഇല്ലത്തുനിന്നു പുറപ്പെട്ടു. അമ്മാത്തു എത്തിയതുമില്ല" എന്നു നമ്പൂരി പറഞ്ഞതു പോലെയായി.

'മറെറാരു കാര്യം എനിക്കു പറയാനുള്ളതു്', പഞ്ചവത്സരപദ്ധതിയെപ്പററിയാണു്. സംസ്ഥാനമൊട്ടുക്കു അനവധി ലക്ഷം രൂപാ ചെലവു ചെയ്തു നടത്തുന്ന ഈ പഞ്ചവത്സരപദ്ധതിമൂലം ഉണ്ടാകുന്ന നന്മകൾ അനുഭവിക്കുന്നതിൽനിന്നും എന്തുകൊണ്ടാണു ചിററൂരിലുള്ളവരെ ഒഴിച്ചിരിക്കുന്നതെന്നു എനിക്കു മനസ്സിലാകുന്നില്ല. സംയോജനത്തിനു ശേഷം,

പഞ്ചവത്സരപദ്ധതികൂടാതെ പല സ്ഥാപനങ്ങൾക്ക വേണ്ടിയും ഗവണ്മെൻറ് ധാരാളം മുതൽ മുടക്കിയിട്ടുണ്ട്. എന്നാൽ ഈ പണം മുടക്കിൻെറ ഒരംശം എങ്കിലും ചിററൂർ താലൂക്കിനുവേണ്ടി ചെലവാക്കിയിട്ടുണ്ടോ എന്നുള്ളതു് എനിക്കിപ്പോഴും സംശയമാണ്. പഞ്ചവത്സര പദ്ധതിയെന്താണെന്നും അതിൻെറ ആവിഷ്കരണത്തിൽ ഉൽഭൂതമാകുന്ന പൊതുനന്മകൾ എന്തെല്ലാമാണെന്നും അറിഞ്ഞിട്ടുള്ളവർ ചിററൂരിൽമാത്രമല്ല, സംസ്ഥാനത്തിൻെറ പല ദിക്കിലും വളരെ ചുരുക്കമാണ്. നാട്ടുകാരുടെ സഹായം ഈ മാതിരിയുള്ള ഏതു പദ്ധതിക്കും അത്യന്താപേക്ഷിതമാണെന്നു ഇതിനുമുമ്പുതന്നെ ഈ അസംബ്ലിയിൽ പറഞ്ഞിട്ടുള്ളതിനെ ഒന്നുകൂടി ഞാനാവർത്തിക്കുന്നു.

വിദ്യാഭ്യാസത്തിൻെറ കാര്യം നോക്കുകയാണെങ്കിൽ വിദ്യാഭ്യാസപരമായി എന്തൊക്കെയോ ഈ മിനിസ്റ്റ്രി ചെയ്യുന്നു. വിദ്യാഭ്യാസം സാർവത്രികമായി പ്രചരിപ്പിക്കേണ്ടതു് ജനകീയഭരണസിദ്ധാന്തത്തിൻെറ ഏററവും പ്രധാനമായ ഒരു തത്വമാണ്. ഈ കാര്യത്തിനും ഗവണ്മെൻറ് പ്രതിനിധികളുടെ മനോഭാവം ആരാഞ്ഞിട്ടല്ല പ്രവർത്തിക്കുന്നതു്. എല്ലാം ക്യാബിനററിൻെറ ഇഷ്ടംപോലെയാണു പ്രവർത്തിച്ചുവരുന്നതു്. ഈ ക്യാബിനററിലിരിക്കുന്നവർ ദേവലോകത്തുനിന്നുംമററും വന്നിട്ടുള്ളവരല്ലെന്നു പ്രത്യേകം ഓർക്കേണ്ടതാണ്. പഞ്ചവത്സരപദ്ധതിഒരു വലിയ പദ്ധതിയാണെന്നും അതിലേക്ക് ഭീമമായ ഒരു സംഖ്യയാണ് ചെലവാക്കാൻ പോകുന്നതെന്നും മററും പറഞ്ഞു് ധനകാര്യമന്ത്രി കൃതാർത്ഥനായിരിക്കുകയാണ്. അതായതു്, പീച്ചി, ചാലക്കുടി മുതലായ പദ്ധതികൾ പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയതിനെ സംബന്ധിച്ചാണ് അദ്ദേഹം പറഞ്ഞതു്. എന്നാൽ ഈ രണ്ടു പദ്ധതികളുടേയും പണി പഞ്ചവത്സര പദ്ധതി തുടങ്ങുന്നതിനു മുമ്പുതന്നെ ഏർപ്പാടു ചെയ്തുകഴിഞ്ഞിരുന്നു. അതിൽപിന്നിടാണു പഞ്ചവത്സരപദ്ധതി വന്നിട്ടുള്ളതു്. പക്ഷെ, ഏതു പണി വന്നാലും ചിററൂർ പട്ടണവാസികൾക്ക് കുടിക്കാൻകൂടി നല്ല പച്ചവെള്ളം കിട്ടുമോയെന്നുള്ള കാര്യം സംശയമാണ്. ചിററൂരിൽ വെള്ളം കിട്ടുന്നില്ലെന്നുള്ള പല പരാതികളും ഗവണ്മെൻറിലേയ്ക്കു് സമർപ്പിച്ചിട്ടുണ്ടു്. ഞാൻതന്നെ ചീഫ്മന്ത്രിയോടു പരാതിപ്പെട്ടിട്ടുണ്ടു്. അതിനാലാണ് പീച്ചിയുടെയും മററും കാര്യം പറയുന്നതിൽ ധനകാര്യമന്ത്രിക്ക്, പ്രധാനമന്ത്രി ഒരു ചോദ്യത്തിനുത്തരമായി പറഞ്ഞ ധാടിയോടുകൂടി പറയാൻ സാധിക്കാതെ വന്നതു്. മനസ്സാക്ഷി തീരെ നശിച്ചിട്ടില്ല. പീച്ചിയുടെ പദ്ധതിയോടൊപ്പം ചിററൂർ തുടങ്ങിയ ജോലികൾ ഏതാനും പണി കഴിച്ചിട്ടിരിക്കുകയാണ്. അതു മുഴുവനും കഴിഞ്ഞിരുന്നുവെങ്കിൽ ഇക്കൊല്ലത്തെ ഉണക്കിനു എത്രയും വളരെ ശാന്തിയുണ്ടാകുമായിരുന്നു. ഇതിനിടയിൽ സർക്കാർവക കിണറുകളും സ്വന്തംവക കിണറുകളും വററിയതിനാൽ കുടിക്കാൻ വെള്ളമില്ലാതെ ജനങ്ങൾ വളരെ ബുദ്ധിമുട്ടുകയാണ്. ഇതിൻെറ നിവാരണത്തിനായി മുമ്പു കൊച്ചിയിൽ തന്നിരുന്നതുപോലെ ഒരു ബോറിംഗ് യന്ത്രം അയച്ചുതരണമെന്നു പറഞ്ഞു് പ്രധാനമന്ത്രിക്കും മരാമത്തുമന്ത്രിക്കും മുനിസിപ്പൽമന്ത്രിക്കും എഴുതിയിരുന്നു. ഞാൻ അവരെ നല്ലവണ്ണം മനസ്സിലാക്കിയിരുന്നതിനാൽ അവർ ഒന്നും ചെയ്യുകയില്ലെന്നു

[ശ്രീ. അമ്പാട്ട ഈച്ചരമേനോൻ.]

എനിക്ക് അറിയായിരുന്നു. അതിനാൽ ചീഫ് സെക്രട്ടറിക്കും ഒരെഴുത്തയച്ചിരുന്നു. അദ്ദേഹം അതു കൈപ്പററി എലക്ട്രിക്കൽ ചീഫ് എൻജനിയർക്ക് എഴുതിയിട്ടുണ്ടെന്നു പറഞ്ഞതല്ലാതെ ആരും അതിനെപ്പററി ഒന്നും ചെയ്തതായി അറിവില്ല. കുടിക്കാൻ വെള്ളംകൂടി കൊടുക്കാൻ കഴിവില്ലാത്ത ഗവണ്മെൻറ് ഗവണ്മെൻറാണോ?

സാമൂഹ്യപദ്ധതിയെപ്പററി ഒരു വാക്കുകൂടി പറഞ്ഞവസാനിപ്പിക്കാം. ചിററൂരിലാണു തിരുവിതാംകൂർ-കൊച്ചിയിൽവെച്ചു പഠിപ്പു കുറഞ്ഞ രാജ്യം. ആറോ, ഏഴോ ശതമാനമേ പഠിപ്പുള്ളവർ ഉള്ളൂ. ഇങ്ങിനെയുള്ള സ്ഥലത്തല്ലേ സാമൂഹ്യപദ്ധതി നടപ്പിൽ വരുത്തേണ്ടതു്? അറിവില്ലാത്തവർക്ക് നടപടികൾ പറഞ്ഞുകൊടുത്തു അവരെക്കൂട്ടി പദ്ധതി നടപ്പിൽവരുത്തുന്നതല്ലേ നല്ലതു്. അതോ നിങ്ങൾ പറഞ്ഞുകൊടുക്കാതെ ചെയ്യുവാൻ സാധിക്കുന്നവരുടെ ഇടയിൽ ഈ പദ്ധതി പ്രതിഷ്ഠിച്ചു സമാധാനിക്കുകയോ വേണ്ടതു് എന്നു മേലാലെങ്കിലും ആലോചിച്ചുചെയ്യുവാൻ ആഗ്രഹിക്കുന്നു.

ഭക്ഷ്യകാര്യത്തെ സംബന്ധിച്ചും ജയിൽഭരണം സംബന്ധിച്ചും ഗവണ്മെൻറു സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. ഈ രണ്ടു കാര്യങ്ങളെ മാത്രമല്ല, മററു പലകാര്യങ്ങളിലും ഗവണ്മെൻറു താല്പര്യം പ്രകടിപ്പിച്ചിരുന്നെങ്കിൽ ഇങ്ങനെ ഒരു കമ്മി ബഡ്ജററു ഇപ്പോൾ അവതരിപ്പിക്കേണ്ടിവരികയില്ലായിരുന്നു. ഇപ്പോഴത്തെ കമ്മിബഡ്ജററു ഇനിയും ആവർത്തിക്കാതിരിക്കാനും മേലാൽ ഒരു മിച്ച ബഡ്ജററുതന്നെ അവതരിപ്പിക്കാൻ ഇടവരികയും ചെയ്യുന്നതിനുവേണ്ടി ഗവണ്മെൻറിൻെറ സത്വരദൃഷ്ടി ഭരണപരമായ എല്ലാ കാര്യങ്ങളിലും പതിയണമെന്നു ഉൽബോധിപ്പിച്ചുകൊണ്ടു ഞാൻ ഗവണ്മെൻറിനെ അഭിനന്ദിക്കുന്നു.

Shri K. Balakrishna Menon : Mr. Speaker, the Finance Minister has stated in the concluding part of his speech that a Welfare State is the ideal which the Government have placed before them and that the Government's activities are directed towards that. I do not know, Sir, what exactly the Finance Minister means by or what according to him would be the definition of a welfare State. I take it that it is a State where there is social, economic and political justice meted out to one and all alike. If that is so, that is the same thing that we find under the Constitution; so that, so far as this point is concerned, there is no point of variance between the Minister and myself. I agree so far. But when the Minister states that all the activities are directed towards this ideal, I believe it is too tall a talk for me to take it as such. Now, Sir, the activities whether of an individual or of a State, are primarily directed towards the realisation of a certain objective. Now, for the purpose of my argument, I would say, that is from the point of view of the State, that that objective is the laying down of a well co-ordinated policy; and so far as the present activities as embodied in the Budget are concerned, we may call them as programmes towards the consummation of this end.

Now, Sir, I have scanned the speech of the Finance Minister to see whether this Government has got any co-ordinated policy or well-planned policy and then a well-defined programme also for the consummation of this policy. I regret to say that so far as the Budget speech is concerned, there is nothing to suggest that. Probably, I take it that the Minister might refer me to the Five Year Plan, a copy of which has been distributed amongst us. If that is so, that again would according to me, be too tall a reference. Sir, for instance, at page 48 of the Planning Commission's Report, there is this significant passage which I would like to read to the hon. Members of the House:—

> "The future of land ownership and cultivation is perhaps the most fundamental issue of national development. The pattern of economic and social organisation will depend upon the manner in which the land problem is resolved."
>
> "It is necessary, on the one hand, to achieve agricultural targets in the Five Year Plan and on the other, the land policy should be such as will reduce disparities in wealth and income, eliminate exploitation, provide security for tenant and worker, and finally, promise equality of status and opportunity to different sections of rural population. The achievement of these aims is an essential part of the purpose of the Five Year Plan."

It is also stated in the course of this report that subject to local variations, it is the duty of every state to bring necessary legislation for this purpose. So far as this most important question of land policy is concerned, I do not find in any way the budget has been integrated. Probably the Minister had in view only one section of the land policy; that is the production aspect of it. Presumably on that assumption, he has referred to the various facilities which this Government have an idea to bring into existence—such as various irrigations schemes, improved seeds and subsidisation of manure. Even from this point of view, it is my submission that it is not so much the want of these facilities that give the maximum headache to the farmer or cause the biggest problem to the State, as the presence of what I may call the rural credit or purchasing power of the farmer. Assuming that there is plenty of water for irrigation, assuming that there is improved seed at the disposal of the farmer and assuming that there is manure, where is the purchasing capacity of the farmer? Where is the money for it in times of need? The pivot point would be the extension of the

rural credit. I would like to know what Provision has been made in the budget so far as extension of rural credit is concerned. What agency has been set up for the advancement of this rural credit? So far as this agency in other countries is concerned, it is the co-operative movement. As I once submitted in this House, the co-operative movement here functions more for performing the funeral obsequies of the societies than giving them any fillip.

If it is true with regard to agriculture, that the inquality between one farmer and other is not removed, that the earning power of the farmer is not improved in any way which the Planning Commission says is the most important phase in the national development, what is it that this State Government propose to do or has done? The fact that there are irrigation facilities, the fact that there is subsidisation of manure or the fact that there is improved seed supply, according to me, only touches the fringe of the problem. The crux of the problem is the land policy about which there was so much talk but no action. If this is true so far as agriculture is concerned, the other important problem, that is, unemployment, presents a sadder story. Evidently this Government is going to follow the policy of the Planning Commission, but in a country where agriculture is the primary concern of the major portion of the population, to develop it still further at the expense of industry is likely to attract criticism at the hands of critics. In the Planning Commission's Report we find that only 8 per cent of the total outlay is allotted for industry. When it is distributed to the various States, what do we find? It comes to only something like one per cent or so. Even with regard to this have you got any statistics regarding the availability of the raw material, the possibility of large scale industry, scope for small scale industry etc., in order to ascertain which is best for us both to improve the standard of life, and to solve unemployment? As far as I know, Japan and China are the two important countries which have attempted to solve these problems by developing cottage industries. But what is the provision made for cottage industries here? Probably this Government is expecting the grant likely to be got from the Central Government. But that does not solve the problem without again a well-planned policy. Industrial development is the only solution for unemployment. A well-thought-out policy is absolutely necessary. Regarding other aspects of national development and absence of policy, I do not propose to take up the time of the House, as others after me belonging to my party will take them up and deal.

Once again I desire to comment upon another passage of the hon. Minister. He says that the success of Government depends

to a very large extent on the existence of a contented and efficient public service. I would add one more, i. e. public co-operation. Regarding the Public Service, even a casual observer will note that there is split between the so-called Cochin service section and the Travancore section. Each section views the other with distrust, suspicion and ill-feeling. Each thinks the other responsible for all the miseries. I am only stating a bare fact, that is, on the light of this fact, you cannot get their best efforts. If it is true in general of the State Public Service, it is more apparent particularly among the rank and file of the entire population. These subordinates are getting only a pittance as salary which is not sufficient to make both ends meet. It is true the Minister has given certain amenities in terms of the dearness allowance. He has also constructed a number of buildings for them in Trivandrum but Trivandrum is not the last place in the geography of Travancore-Cochin. These are good to the extent to which they go. But they do not go far. If you want to go far you have to tackle his basic salary with which he has to support his family consisting of four or five members. That alone would ensure contentment. I say, therefore, those touch only the fringe of the problem and not the kernel.

Now, what about the public co-operation? So far as the territory of Travancore-Cochin which stretches from Shoranoor to Cape Comorin is concerned, it can be divided into three distinct areas: Cochin area, Central Travancore and Tamil Nad area. The Tamilnad area has organised itself with one avowed object in view, that is, separation from this State and merger in Madras. Their prosperity is the prosperity of Tamilnad and not of this State. That is the centre and circumference of their activities.

Of Cochin area, it has to be said an unwanted alliance has been forced upon them without ascertaining their wishes and in consequence there is a strained feeling among them. That is aggravated by the behaviour of the Government. I heard Mr. Velayudhan Nair the other day observing that Cochin people think that everything good belonging to Cochin has been taken over to Travancore. That is a fact. I am not concerned now with the why and wherefore of that feeling. As a fact the feeling is there. And to what extent? To the extent of having brought into existence an organisation known as the Cochin Party for separation if necessary. You might take solace in the fact that that Party got routed in the last General Election. But Mr. Ayyappan is here in the House to remind you of the existence of that party still. It may be only a smouldering fire now, but may flare up into a conflagaration.

I heard Mr. Panampilli Govinda Menon saying that the Government are in the habit of reading the writings on the wall. But I would like the hon. Minister to read, before the writing is completed; because when once it is written, neither your piety nor wit could efface half a line.

Now, Sir, take Central Travancore. The people there feel that you have literally sold your soul for a mess of pottage by this alliance with the Tamilnad Congress.

Thus the entire picture that we get on public co-operation is very very disappointing. If I had power like Mr. Sankar to draw a cartoon I would draw the picture of a cart as representing Central Travancore with Cochin at one end drawing in one direction, and Tamilnad at the other end drawing in the opposite direction as two horses. If anything more is wanted to make this picture ugly, there is the communal rancour in all its virulence. Tamilians do not like Malayalees; and among the Malayalees in Central Travancore the Christians do not like the Ezhavas, the Ezhavas the Nayars, the Nayars the Christians.

It is all a matter of currents with cross currents; of wheels within wheels. It is a sort of witches' cauldron which emits a stinking smell. It is a pandemonium, where each section fights the other more virulently than the Kilkenny Kitten.

Thus, Sir, in the present set up, that co-operation so needed, the Government are not going to get.

Somebody from the House is asking me, why not Cochin leave Travancore, if she is so disappointed. Well, if Travancore cannot behave like an elder brother to small Cochin, if this step-motherly attitude is not abandoned, I believe, Cochin will be only glad to leave and merge in Malabar. I dislike being parochial but one gets no option, in the light of the callous treatment accorded to us. Sir, we had a terrible drought in these parts this year; and what had the Government done? In 1123, the same thing happened and you would do well to understand what we then did. We commandeered all pumping sets and distributed them free to the farmers. We made remission in the tax; and with a view to save tenants from unnecessary litigation, issued a proclamation to stay all suits. And now! The Chief Minister condescends to say, that he has received a report of such a famine.

These things apart, it might be asked what constructive suggestions I have to make. Public co-operation is necessary. If Tamilians

cannot co-operate, send them away, and go in for other parts. My party is not enamoured of even linguistic provinces; we are for economic, geographical units. It is however up to the Ministry to devise ways and means whereby they could bring into existence a prosperous and contented State.

I have done.

ശ്രീ. ആർ. ഗംഗാധരൻ: സർ, ബഡ്ജറ്റ എന്നു പറയുന്നതു് ഒരു വർഷക്കാലത്തേയ്ക്കു ഭരണം നടത്തുന്നതിനു് ആവശ്യമായ ധനം എന്നാണു്. ഈ ധനത്തിന്റെ പരിമാണം ഭരണം നടത്തുന്ന കക്ഷിയുടെ സ്വഭാവത്തെ ആശ്രയിച്ചാണു് ഇരിക്കുന്നതു്. ഒരു ഫാസിസ്റ്റ ഭരണകൂടമാണെങ്കിൽ അവിടെ പോലീസിനേയും ജയിലുകളേയും ക്രിമിനൽകോടതികളേയും സംരക്ഷിക്കുന്നതിനു് പര്യാപ്തമാകത്തക്കവിധത്തിലുള്ള പണം മാത്രം ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചാൽ മതിയാകുന്നതാണു്. എന്നാൽ ഒരു ജനകീയഭരണമാണു് നടക്കുന്നതെങ്കിൽ ബഡ്ജറ്റിൽ കൊള്ളിക്കേണ്ട തുക വേറെ ചില പരിഗണനകളെ അടിസ്ഥാനമാക്കിയാണു്. ജനകീയഭരണമാണെങ്കിൽ ആ രാജ്യത്തെ ജനങ്ങളുടെ സാമ്പത്തികവും സാമൂഹ്യവും വ്യാവസായികവുമായ ഉന്നമനത്തിനു് പര്യാപ്തമായ പദ്ധതികൾ നടപ്പാക്കുന്നതിനു വേണ്ടിയുള്ള ചിലവാണു് ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതു്. ഈ പശ്ചാത്തലത്തിൽ ഇവിടെ ഇപ്പോൾ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിനെ ഒന്നു് വിമർശനംചെയ്തുനോക്കാം. ഇപ്പോഴത്തെ മന്ത്രിസഭ ഇവിടെ ഭരണം ഏറ്റപ്പോൾ അവസാനിച്ച ആ ബഡ്ജറ്റുവർഷത്തിൽ ൧൯൫൧-൫൨-ൽ ഇവിടത്തെ ക്യാഷ്ബാലൻസ് ൩൧൨ ലക്ഷം രൂപ ആയിരുന്നു. ഇപ്പോഴത്തെ ബഡ്ജറ്റ അനുസരിച്ചു് കണക്കാക്കപ്പെട്ടിട്ടുള്ള ക്യാഷ്ബാലൻസ് ൧൪൨ ലക്ഷം രൂപയാണു്. അതിൽനിന്നും വ്യക്തമാണു് ക്യാഷ്ബാലൻസിൽ ൧൭൦ ലക്ഷം രൂപ കുറവു വരുന്നുഎന്നുള്ളതു്. ഈ രാജ്യത്തിന്റെ പൊതു കടങ്ങളേയും ആസ്തികളേയും പരിശോധിച്ചു് നോക്കുമ്പോൾ ഈ ഭരണകാലത്തു് അവിടേയും ചില കുറവുകൾ സംഭവിച്ചിട്ടുണ്ടെന്നു മനസ്സിലാക്കുവാൻ കഴിയും. ൧൯൫൨ മാർച്ച് ൩൧-ാം തീയതി ഈ രാജ്യത്തെ പൊതു കടം ൩൧൨൧ ലക്ഷം രൂപയായിരുന്നു. ഇവിടത്തെ ആസ്തി ൪൧൩൯.൧ ലക്ഷം രൂപയുമായിരുന്നു. എന്നാൽ ൧൯൫൪ മാർച്ച് ൩൧-ാം തീയതി ഇവിടത്തെ പൊതുകടം ൩൯൫൧ ലക്ഷം രൂപയും ആസ്തി ൪൯൧൧ ലക്ഷം രൂപയും ആണു് ഈ കണക്കിൽനിന്നു ഇവിടത്തെ പൊതു കടം വർദ്ധിക്കുന്ന അനുപാതം അനുസരിച്ചു് ആസ്തി വർദ്ധിക്കുന്നില്ലെന്നു മനസ്സിലാക്കുവാൻ കഴിയും. അതായതു് പൊതുകടം വർദ്ധിച്ചുകൊണ്ടുവരുമ്പോൾ മന്ത്രിസഭ ഭരണം ഏറ്റ കാലത്തിനുമുമ്പുണ്ടായിരുന്ന അനുപാതമനുസരിച്ചു് ആസ്തികൾ വർദ്ധിക്കുന്നില്ല എന്നു മനസ്സിലാക്കുവാൻ കഴിയും. ഇതിൽനിന്നു വെളിവാകുന്നതു് ഈ മന്ത്രിസഭ ഭരണം ഏറ്റതിനുശേഷം ഇവിടത്തെ സാമ്പത്തികഭദ്രതക്കു ഹാനി തട്ടിയിട്ടുണ്ടെന്നാണു്. ഇപ്പോഴത്തെ ബഡ്ജറ്റപ്രകാരം ൧൪ ലക്ഷം രൂപ കമ്മിയുണ്ടാകുമെന്നാണു് കണക്കാക്കപ്പെട്ടിരിക്കുന്നതു്. ഇങ്ങനെ കണക്കാക്കപ്പെട്ടിരിക്കുന്ന കമ്മി ഈ ബഡ്ജറ്റുവർഷം അവസാനിക്കുമ്പോഴും ഇതേപടിതന്നെ നില്ക്കുമെന്നു് പറയുവാൻ നിവൃത്തിയി

ല്ലെന്നു് അനുഭവങ്ങൾ തെളിയിക്കുന്നുണ്ടു്. കഴിഞ്ഞ ബഡ്ജററ അവതരിപ്പിച്ചതിനുശേഷം രണ്ടുതവണ ഉപധനാഭ്യർത്ഥനകൾ ഇവിടെ അവതരിപ്പിക്കുകയുണ്ടായിട്ടുണ്ടു്. സപ്ലിമെൻററി ഡിമാൻറ എന്നു പറയുന്നതു് നെസസറി ഈവിൾസ് (necessary evils) ആണെന്നാണു് പരിഗണിക്കപ്പെട്ടിരിക്കുന്നതു്. മാത്രമല്ല ബഡ്ജററ രൂപീകരിക്കുന്നതിൽ ദീക്ഷിക്കേണ്ട തത്വങ്ങൾപ്രകാരം, ഒഴിച്ചുകൂടാൻപാടില്ലാത്ത ചില തത്വങ്ങൾപ്രകാരം സപ്ലിമെൻററി ഡിമാൻറ അവതരിപ്പിക്കുക എന്നുള്ളതു് ഒരു ശരിയായ നടപടിയായി പരിഗണിക്കപ്പെട്ടിട്ടില്ല. ഇങ്ങനെ തുടർച്ചയായി കമ്മി ബഡ്ജററുകൾ വരുന്നതു് രാജ്യത്തിൻെറ ധനസ്ഥിതിയെ സംബന്ധിച്ചു് നോക്കുമ്പോൾ അത്ര സന്തോഷപ്രദമായ ഒരു കാര്യമല്ലെന്നു പറയുവാൻ എനിക്കു് ആഗ്രഹമുണ്ടു്. ഇപ്പോഴത്തെ ബഡ്ജററിൽ ൫൪ ലക്ഷം രൂപ കമ്മിവരുമെന്നു പറയുന്നതു് അതേപടി വിശ്വസിക്കുവാൻ സാദ്ധ്യമല്ലെന്നു ഞാൻ പറഞ്ഞുകഴിഞ്ഞു. ഇനിയും അതിനു് ചിലകാരണങ്ങൾ ഉണ്ടു്. അതായതു് ഇപ്പോൾ വരവിനങ്ങളായി കണക്കാക്കപ്പെട്ടിരിക്കുന്നവയിൽ നിന്നു് പ്രതീക്ഷിക്കപ്പെട്ടിരിക്കുന്ന വിധത്തിൽ വരുമാനം ഉണ്ടാകുകയില്ലെന്നുള്ളതിനു് തെളിവുണ്ടു്. ഇപ്പോഴത്തെ ബഡ്ജററിൽ സിവിൾ വർക്ക്സ് ഇനത്തിൽ ൪൦ ലക്ഷം രൂപയും ഇലക്ട്രിസിററി സ്കീംസിൽ ൫൯ ലക്ഷം രൂപയും എക്സ്ട്രാ ആർഡിനറിറിസീപ്ററിൽ ൩൯ ലക്ഷം രൂപയും വരവുണ്ടാകുമെന്നു് പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു. ഈ വരവു ഇതേനിലയിൽ ഉണ്ടാകുമെന്നു വിശ്വസിക്കുവാൻ വലിയ തെളിവൊന്നും ഇല്ല. ഈ രാജ്യത്തെ ഉൽപ്പന്നങ്ങളുടെ വിലയിടിവുകൊണ്ടും കയർ, നെയ്ത്തു മുതലായ വ്യവസായങ്ങളുടെ സ്തംഭനംകൊണ്ടും രാജ്യം ഒരു സാമ്പത്തിക തകർച്ചയിലേക്കു ഇന്നു നീങ്ങിക്കൊണ്ടിരിക്കുകയാണു്. ഉദാഹരണമായിട്ടു് സെയിൽസ്ടാക്സ് ഇനത്തിൽ ൫൭ ലക്ഷം രൂപ കുറവുണ്ടാകും എന്നു ബഡ്ജററിൽ പറഞ്ഞിട്ടുണ്ടു്. എക്സൈസിൽ ൨൦ ലക്ഷം രൂപ കുറവുണ്ടാകുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു. ഇതിൽനിന്നും വ്യക്തമാകുന്നതു് ഈ രാജ്യത്തെ സാമാന്യജനങ്ങളുടെ ധനസ്ഥിതിയും ക്രയശക്തിയും വളരെ താണുപോയിരിക്കുന്നു എന്നാണു്. ഈ പരിതസ്ഥിതിയിൽ ഈ ബഡ്ജററിൽ വലിയ വരുമാനം സിവിൾവർക്ക്സിൽ നിന്നും പ്രതീക്ഷിക്കുന്നതു് ശരിയായ ഒരു പ്രതീക്ഷയല്ല. ഇങ്ങനെ നോക്കുമ്പോൾ ഈ ൫൪ ലക്ഷം കമ്മിയുള്ളതു് ൫൪ ലക്ഷത്തിൽതന്നെ നിൽക്കുകയില്ലാ അതിനും അപ്പുറം കടന്നുപോകും എന്നുള്ളതിനു് യാതൊരു സംശയവുമില്ല. ക്യാഷ്ബാലൻസിനെ സംബന്ധിച്ചു് ഞാൻ പറഞ്ഞതു് ഈ ബഡ്ജററ അവസാനിക്കുമ്പോൾ ൫൬ ലക്ഷം രൂപ ക്യാഷ്ബാലൻസ് ഉണ്ടാകയില്ല എന്നാണു്. പക്ഷെ ഒരു ഗവമ്മെൻറിനു് ഭരണം ശരിയായി മുടക്കംകൂടാതെ നടന്നുപോകുന്നതിനുള്ള ധനസ്ഥിതിമാത്രം ഉണ്ടായാൽമതി എന്ന തത്വത്തെ ഞാൻ അംഗീകരിക്കുന്നതിനോടൊപ്പം ഇങ്ങനെ ആണ്ടുതോറും ക്യാഷ്ബാലൻസ് കുറയുകയും ബഡ്ജററ കമ്മിവരികയും ചെയ്യുന്നതായ പതിവു് ആശാസ്യമായ ഒരു അവസ്ഥയല്ല എന്നു പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇങ്ങനെ കമ്മി ബഡ്ജററുകൾ വരുന്നതു് ചില അവസരങ്ങളിൽ സാധൂകരിക്കപ്പെടാവുന്നതാണു്. ജനങ്ങളുടെ സാമ്പത്തികമായും സാമൂഹ്യമായും വ്യാവസായികമായും പുരോഗമനത്തിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതിനുവേണ്ടിയാണു

ഇങ്ങനെ ബഡ്ജററിൽ കമ്മി വരുന്നതെങ്കിൽ അതിനെ സാധൂകരിക്കാവുന്നതാണു്. എന്നാൽ ഈ ബഡ്ജററ പരിശോധിച്ചാൽ അങ്ങനെയുള്ള യാതൊരു പദ്ധതികൾക്കുവേണ്ടിയും തുകകൊള്ളിച്ചതുകൊണ്ടല്ല കമ്മി വന്നിരിക്കുന്നതു്. ഇവിടത്തെ ഒരു പ്രധാന കുടിൽവ്യവസായമായ കയററുവ്യവസായത്തിന്റെ അധഃപതനംകൊണ്ടു് ൧൦ ലക്ഷത്തോളം തൊഴിലാളികൾ പട്ടിണിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണു്. അതിനെ സംബന്ധിച്ചു് വളരെ അധികം ശബ്ദം ഈ അസംബ്ലിക്കു് അകത്തും പുറത്തും ഉണ്ടായിട്ടുണ്ടു്. എന്നാൽ ഈ വ്യവസായത്തെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനു് ൧ ലക്ഷം രൂപയാണു് ഈ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു്. സഹകരണസംഘം സെക്രട്ടറിമാരുടെ ശമ്പളം ൧൦-ം ൧൪-ം മാസത്തെ കുടിശ്ശികയായി കിടക്കുന്നുണ്ടു്. ആ കുടിശ്ശികകളെല്ലാം തീർത്തു കഴിഞ്ഞാൽ ൧ ലക്ഷം രൂപയിൽനിന്നും ഇപ്പോൾ ഉണ്ടെന്നു പറയപ്പെടുന്ന ൨൩ സംഘങ്ങൾക്കും ഗ്രാൻറും ലോണും കൊടുക്കുവാൻ എത്രവീതം ഉണ്ടാകുമെന്നു ആലോചിക്കുമ്പോൾ കയററുവ്യവസായത്തിൽ സ്തംഭനമില്ലാതാക്കുന്നതിനു് ഗവമെൻറു എടുത്തിരിക്കുന്ന നില എന്താണെന്നു മനസ്സിലാക്കാവുന്നതാണു്. ഇങ്ങനെ നോക്കുമ്പോൾ സാമാന്യജനങ്ങളുടെ നന്മയ്ക്കു പര്യാപ്തമായ യാതൊരു പരിപാടിയും ഉൾക്കൊള്ളിച്ചിട്ടില്ലാത്ത ഒരു ബഡ്ജററാണു് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു് എന്നു മനസ്സിലാക്കുവാൻ പ്രയാസമില്ല. ബഡ്ജററ എന്നു പറയുന്നതു് വെറും കണക്കുകൂട്ടലുകൾമാത്രമല്ല. ആ നിലയിലേയ്ക്കു പോകുന്നതു് ആപൽക്കരമാണു്. ഇന്നത്തെ ബഡ്ജററ പരിശോധിച്ചാൽ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഒരു കണക്കപ്പിള്ള എന്നുള്ള നിലയിലേക്കു താഴുകയാണു് ചെയ്തിട്ടുള്ളതു്. ബഡ്ജററ രണ്ടുവിധമാണു്. അതായതു് ഒന്നു് പ്രൊഡക്റ്റീവ് മറെറാന്നു് നാൺ പ്രൊഡക്റ്റീവ്. ഇതിൽ പ്രൊഡക്റ്റീവ് ബഡ്ജററാണു് സാമാന്യജനങ്ങളുടെ പ്രശ്നങ്ങൾക്കു പരിഹാരം നേടുന്നതിനായിട്ടുള്ള ഒരു ബഡ്ജററായി പരിഗണിക്കപ്പെട്ടിരിക്കുന്നതു്. എന്നാൽ ഈ ബഡ്ജററിൽ ഉൽപ്പാദനപരമായ യാതൊരു പദ്ധതിയും ആവിഷ്കരിച്ചിട്ടില്ലാത്തതുകൊണ്ടാണു് ഇതു് ഭരണം പഴയപടി തുടർന്നുകൊണ്ടുപോകുന്നതിനു് കുറെ കണക്കുകൾക്കൊക്കൂട്ടി ആഡിററുചെയ്തു കൊണ്ടുവന്നിട്ടുള്ള ഒരു ബഡ്ജററ ആണെന്നു ഞാൻ പറഞ്ഞതു്. എന്നാൽ ഒരു കണക്കപ്പിള്ളയുടെ സാമർത്ഥ്യവും ഇതിൽ കാണുവാൻ പ്രയാസമായിരിക്കുന്നു. ബുദ്ധിയുള്ള ഒരു കണക്കപ്പിള്ളയാണെങ്കിൽ വരവു ചുരുങ്ങുന്തോറും ചെലവു ചുരുക്കുകയും അല്ലെങ്കിൽ വരവു വർദ്ധിപ്പിക്കുവാൻ ശ്രമിക്കുകയും അതിനു ചില നടപടികൾ എടുക്കുകയും ചെയ്യാറുണ്ടു്. എന്നാൽ ഇതിൽ വരവു ചുരുങ്ങിയിരുന്നിട്ടും ചിലവു കുറയ്ക്കുവാൻ ശ്രമിച്ചിട്ടില്ലെന്നു മാത്രമല്ല വരവു വർദ്ധിപ്പിക്കുവാനുള്ള പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്തിട്ടില്ല.

ചിലവു ചുരുക്കുന്നതിനെപ്പററി പറയുകയാണെങ്കിൽ വരവു ചുരുങ്ങിയിരിക്കുന്ന സ്ഥലങ്ങളിലുള്ള ബഡ്ജററുകളിൽ വലിയ ശമ്പളക്കാരുടെ ശമ്പളം ചുരുക്കുന്ന ഒരു പദ്ധതി സ്വീകരിച്ചിട്ടുള്ളതായി

3 P. M.

കാണാം. അതു ചെയ്തില്ലെങ്കിൽ വരവു വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ മാർഗ്ഗങ്ങൾ ആരായേണ്ട ചുമതല ധനകാര്യമന്ത്രിയ്ക്കു ഉണ്ടു്. പുതിയ നികുതികളൊന്നും ചുമത്തുന്നില്ലെന്നു പറയുന്നതുകൊണ്ടുമാത്രം അതൊരു സാമർത്ഥ്യമായി പരിഗണിക്കാൻ

സാദ്ധ്യമല്ല. ജനങ്ങളുടെ ആവശ്യത്തിനു പരിഹാരം നേടുന്നതിനു പുതിയ നികുതികൾ ഉണ്ടാക്കിയാൽ മാത്രമേ സാദ്ധ്യമാവുകയുള്ളുവെങ്കിൽ അങ്ങിനെനികുതിയുണ്ടാക്കുന്നതിനെ ആരും അപലപിക്കാൻ സാധിക്കുകയില്ല. പുതിയ നികുതികളെന്നു പറഞ്ഞാൽ ഇവ സാമാന്യജനങ്ങളെ ബാധിക്കാത്തതും വലിയ ധനികരെമാത്രം ബാധിക്കുന്നതുമായിരിക്കണം. വെറും കണക്കുകൾ എഴുതിക്കൂട്ടുന്നതുകൊണ്ടുമാത്രം ഒരു ധനകാര്യമന്ത്രിയുടെ ചുമതല അവസാനിക്കുന്നില്ല. ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾക്കു് പരിഹാരം കാണുക എന്നുള്ളതും ധനകാര്യമന്ത്രിയുടെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ചുമതലയാണു്. ഈ ബഡ്ജററു് ഒരു മുതലാളിയുടെ നാൾവഴി പേരേട് എന്നുള്ളതിനെക്കാൾ കൂടുതലായ യാതൊരു പരിഗണനയും അർഹിക്കുന്നില്ലെന്നുമാത്രമെ ചുരുക്കത്തിൽ ഞാൻ പറയുന്നുള്ളു. ഇങ്ങനെയുള്ള ഈ ബഡ്ജററിനെ ഒരിക്കലും അനുകൂലിക്കുവാൻ സാദ്ധ്യമല്ല.

പ്രശ്നത്തിന്റെ വക്കപോലും സ്പർശിക്കുവാൻ പര്യാപ്തമല്ല. കയറിന് ഓർഡർ കിട്ടിയിട്ടുണ്ടെന്നല്ല, വിദേശരാജ്യങ്ങളുമായുള്ള കച്ചവടക്കരാറുകളിൽ കയറിനെ ഉൾപ്പെടുത്തിയെന്നേ ഇപ്പോഴും പറയുന്നുള്ളു. കരാറു ചെയ്ത രാജ്യങ്ങളുടെ ലിസ്റ്റിലാവട്ടെ സോവിയററുയൂണിയനോ, ചൈനയോ മററു ജനാധിപത്യരാജ്യങ്ങളോ ഉൾപ്പെടുത്തി കാണുന്നില്ലെന്നതു് ശ്രദ്ധാർഹമാണു്. മററുവ്യവസായങ്ങളുടെ തൊഴിലില്ലായ്മയ്ക്കു് യാതൊരു് പരിഹാരവും നിർദ്ദേശിച്ചുകാണുന്നില്ല. തിരുവിതാംകൂർ-കൊച്ചിയിലെ ഡെൻസിററി ഓഫ് പോപ്പുലേഷനാണു് തൊഴിലില്ലായ്മയ്ക്കു് ബുദ്ധിമാനായ മന്ത്രി കണ്ടുപിടിച്ച കാരണം. ഇൻഡ്യയിലെ പ്ലാനിംഗ് കമ്മീഷന്റെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ട ഒരു വസ്തുതയാണിതെന്നു പറഞ്ഞു ഗവണ്മെൻറു സ്വന്തം ഉത്തരവാദിത്വം കൈയ്യൊഴിക്കുയാണു ചെയ്തിട്ടുള്ളതു്.

തൊഴിലില്ലായ്മയുടെ നേരെകാണിക്കുന്ന ഇതേ അവഗണന കുറെക്കൂടി പക്ഷപാതപരമായ നിലയിലാണു് മററു തൊഴിൽ രംഗങ്ങളിലും ഈ ഗവണ്മെൻറു അനുവർത്തിക്കുന്നതു്. തൊഴിലാളികളുടെ സംരക്ഷണത്തിനെന്നു പറഞ്ഞു നിയമമുണ്ടാക്കലല്ലാതെ അതു നടപ്പിലാക്കിക്കുന്നതിൽ യാതൊരു ശുഷ്കാന്തിയും ഈ ഗവണ്മെൻറ് പ്രകടിപ്പിച്ചിട്ടില്ല. ഫാക്ടറീസ് ആക്ററും ഷാപ്സ് ആൻറ എസ്റ്റാബ്ലിഷ്മെൻറ് ആക്ററും എല്ലാസ്ഥലത്തും ഇന്നേവരെ നടപ്പിലാക്കിയിട്ടില്ല. ഈ നിയമങ്ങൾ ലംഘിച്ചുകൊണ്ടാണു മട്ടാഞ്ചേരിയിൽ സ്ത്രീകളെക്കൊണ്ടു രാത്രിയിൽ പാണ്ടികശാലകളിൽ പണിയെടുപ്പിക്കുന്നതു്. പലപ്പോഴും രാത്രിയും പകലും അടുപ്പിച്ചു ൨൪ മണിക്കൂർ തൊഴിലാളികൾ പണിയെടുക്കേണ്ടിവരുന്നുണ്ടു്. മിനിമം വേജസ്സ് ആക്ററപ്രകാരം തോട്ടം തൊഴിലാളികൾക്കും ബീഡിത്തൊഴിലാളികൾക്കും ചുരുങ്ങിയകൂലി നിജപ്പെടുത്തിയെങ്കിലും അതു നടപ്പാക്കാനുള്ള ഉദ്യോഗസ്ഥനെ ഇന്നേവരെ നിയമിച്ചിട്ടില്ല. മിനിമം വേജ് കണക്കാക്കിയതിനെസംബന്ധിച്ചും ആക്ഷേപമുണ്ടു്. സ്ത്രീകൾക്കു പുരുഷന്മാരോടൊപ്പമുള്ള തുല്യാവകാശത്തിനു ഉറപ്പുനൽകുന്ന ഇൻഡ്യൻ ഭരണഘടനയിലെ മൗലികാവകാശത്തിനെതിരായിട്ടാണു് തോട്ടം തൊഴിലാളികൾക്കു പുരുഷനു ക. ൧-൯-൬ യും, സ്ത്രീകൾക്കു ക. ൧-൩-൬ യും എന്ന വ്യത്യസ്ത നിരക്കു് നിശ്ചയിച്ചിരിക്കുന്നതു്. മറെറാന്നു ജോലിക്കു യാതൊരു ഗാരൻറിയുമില്ലാതെ മിനിമം വേജ് നിശ്ചയിക്കുന്നതിൽ വലിയ പ്രയോജനമൊന്നുമില്ല. തൊഴിലില്ലെങ്കിൽ പിന്നെ എത്ര വലിയ കൂലിയും നിയമത്തിൽ എഴുതിവച്ചിട്ടു എന്തു പ്രയോജനം? ബീഡി വ്യവസായത്തിൽ പലടത്തും അതിന്റെ ആപത്തു അനുഭവപ്പെട്ടതാണു്. ഉദാഹരണമായി പെരിങ്ങോട്ടുകരയിൽ പൈലററു ബീഡിക്കമ്പനിയിൽ മിനിമം വേജ് പ്രകാരമുള്ള കൂലി തൊഴിലാളികൾ ആവശ്യപ്പെട്ടപ്പോൾ മുതലാളി കമ്പനി പൂട്ടുകയാണു ചെയ്തതു്. ൭൮ ദിവസം തൊഴിലാളികൾ സത്യാഗ്രഹം അനുഷ്ഠിച്ചിട്ടും ഗവണ്മെൻറിൽനിന്നും യാതൊരു പരിഹാരവുമുണ്ടാക്കിയിട്ടില്ല. മിനിമം വേജ് നടപ്പാക്കുന്നതിനുള്ള ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ നിയമിക്കാത്തതിന്റെ ഫലമായി ഇതു തൊഴിലാളികൾക്കു പലപ്പോഴും ദോഷമുണ്ടാക്കുന്നുണ്ടു്. മിനിമം വേജിനെക്കാൾ ഉയർന്നകൂലി നിലവിലുള്ളിടത്തു അതു മിനിമം വേജാക്കി കുറയ്ക്കാനാണു മുതലാളിമാർ അതിനെ ഉപയോഗപ്പെടുത്തുന്നതു്.

ലേബർ ഡിപ്പാർട്ടുമെൻറിൻെറ അനുരഞ്ജന നടപടികൾ ഏററവും പരിഹാസ്യമാംവിധം വെറും പ്രഹസനങ്ങളായിത്തീർന്നിരിക്കുകയാണ്. പലപ്പോഴും ത്രികക്ഷിസമ്മേളനങ്ങൾ വിളിച്ചാൽ മുതലാളിമാർ പങ്കെടുക്കാറില്ല. തൊഴിലാളി പ്രതിനിധികൾമാത്രം കൃത്യസമയത്തു ചെന്നിരിക്കും. മുതലാളിമാരെ നിർബ്ബന്ധമായി പങ്കെടുപ്പിക്കുന്നതിനുള്ള യാതൊരധികാരവും ലേബർ അധികാരികൾ ഉപയോഗിക്കാറില്ല. ഇനി മുതലാളിമാർ ത്രികക്ഷിസമ്മേളനങ്ങളിൽ പങ്കെടുത്തുവെന്നിരിക്കട്ടെ. ലേബർ അധികാരികൾ അവരുടെ വാദങ്ങൾക്കു എസ്സ് മൂളുന്നതല്ലാതെ ഇരുകക്ഷികളുടെയും വാദംകേട്ടു ന്യായമായ ഒരു തീരുമാനം അംഗീകരിപ്പിക്കാൻ ഒന്നുംതന്നെ ചെയ്യാറില്ല. 'മുതലാളിമാർ അങ്ങനെയാണ് പറയുന്നതു്, ഞാൻ എന്തുചെയ്യാനാണ്" എന്നു പറഞ്ഞുകൊണ്ടു് ആലുവാ ഡിവിഷനിലെ അസിസ്റ്റൻറ ലേബർ കമ്മീഷണർ ത്രികക്ഷിസമ്മേളനങ്ങളിൽ കൈമലർത്തിയിട്ടുള്ളതു എനിക്കുതന്നെ പലപ്പോഴും നേരിട്ടനുഭവമുണ്ടു്. എന്നാൽ ഒരു അനുരഞ്ജന നടപടി പരാജയപ്പെടുകയാണെങ്കിൽ അതിനെപ്പററി പതിനാലു ദിവസത്തിനകം അനുരഞ്ജനോദ്യോഗസ്ഥൻ ഗവണ്മെൻറിലേക്കു റിപ്പോർട്ടു സമർപ്പിക്കണമെന്നും റിപ്പോർട്ടു കിട്ടിയാൽ കഴിയുംവേഗം ഗവണ്മെൻറ അതു അഡ്ജൂഡിക്കേഷനോ, ട്രിബ്യൂണൽ കോടതിക്കോ റഫർചെയ്യേണ്ടതാണെന്നും അങ്ങനെ ചെയ്യുന്നില്ലെങ്കിൽ അതിൻെറ വ്യക്തമായ കാരണം കക്ഷികളെ അറിയിക്കണമെന്നും ൧൯൪൭-ലെ ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്സു ആക്ററ് ൧൨-ാം വകുപ്പിൽ നാലും അഞ്ചും ഉപവകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. എന്നാൽ അധികംകേസുകളും അങ്ങനെ റിപ്പോർട്ടു ചെയ്യാറില്ലെന്നുമാത്രമല്ല, റിപ്പോർട്ടു ചെയ്താൽതന്നെ അഡ്ജൂഡിക്കേഷനു മിക്കതും റഫർചെയ്യാറില്ല. അതിൻെറ കാരണം അറിയിക്കാറുമില്ല.

ത്രികക്ഷി സമ്മേളനങ്ങളിൽ തൊഴിലാളികളുടെ അങ്ങേയററത്തെ സംഘടിതമായ നിർബ്ബന്ധശക്തികൊണ്ടു എന്തെങ്കിലും തീരുമാനങ്ങൾ ഉണ്ടായാൽതന്നെ ഒത്തുതീർപ്പു് വ്യവസ്ഥകൾ എഴുതിയ മഷി ഉണങ്ങുന്നതിനുമുൻപുതന്നെ അതു ലംഘിക്കൽ ഇന്നു മുതലാളിമാർ ഒരു പതിവാക്കിയിരിക്കുകയാണ്. ഒത്തുതീർപ്പുണ്ടാക്കിയ ലേബർ അധികാരികൾ നിസ്സഹായത അവലംബിച്ചുകൊണ്ടു അതിനു കൂട്ടുനിൽക്കുകയും ചെയ്യും. പറവൂരെ ചെത്തു തൊഴിലാളികളുടെ കൂലിയെസംബന്ധിച്ചു് ഗവണ്മെൻറ നിയമിച്ച ഡിസൈഡിംഗ് കമ്മിററിയുടെ തീരുമാനം അതു എഴുതിയ കടലാസിൻെറ വിലപോലും മുതലാളിമാർ കല്പിച്ചില്ല. പിന്നീടു തൊഴിലാളികൾ സത്യാഗ്രഹംനടത്തി; ഉണ്ടാക്കിയ ഒത്തുതീർപ്പും നടപ്പാക്കിയില്ല. അതുപ്രകാരമുള്ള ബോണസ്സ് ചോദിച്ച തൊഴിലാളികളെ കൺട്രാക്ടർമാർ തല്ലുകകൂടി ചെയ്തു. മുകുന്ദപുരം ചെത്തു തൊഴിലാളികളുടെ ഒത്തുതീർപ്പു നടപ്പാക്കിയില്ല. ട്രാൻസ്പോർട്ടു തൊഴിലാളികളുടെ കാര്യത്തിൽ സഖാവു ടി. വി. തോമസ്സുമായി ഉണ്ടാക്കിയ ഒത്തുതീർപ്പിനെ ഈ സഭയിൽവച്ചുതന്നെ മന്ത്രി നിഷേധിക്കുകയുണ്ടായി. അന്തിക്കാട്ടെ ഒത്തുതീർപ്പിനെയും അധികാരികൾ നിഷേധിക്കുകയാണു ചെയ്തതു്.

സർ, ഇങ്ങനെ ലേബർ ഡിപ്പാർട്ടുമെൻറിൽനിന്നും ഗവണ്മെൻറിൽ നിന്നും തങ്ങളുടെ തൊഴിൽ പ്രശ്നങ്ങൾക്ക യാതൊരു പരിഹാരവും ലഭിക്കാതെ ഗത്യന്തരമില്ലാതെ എല്ല പോംവഴികളും മുട്ടുമ്പോൾ ആണ് തൊഴിലാളികൾ പണിമുടക്കിനു ഒരുമ്പെടുന്നതു്. അങ്ങനെ പണിമുടക്കുന്ന തൊഴിലാളികളെ തോക്കുകൊണ്ടും ലാത്തികൊണ്ടുമാണു ഈ ഗവണ്മെൻറ നേരിടുന്നതു്. പത്തുമലയിലെ വെടിവയ്പും ആലുവായിലെ ലാത്തിച്ചാർജ്ജും ഈ സഭയിൽ തന്നെ വലിയ ആക്ഷേപത്തിനു വിഷയമായിട്ടുള്ളതാണ്. അടുത്തുകഴിഞ്ഞ അന്തിക്കാട്ടെ ചെത്തുതൊഴിലാളിപണിമുടക്കിലും ഈ നയംതന്നെയാണു ആവർത്തിക്കപ്പെട്ടതു്. ഏററവും ന്യായമായ അടിയന്തിരാവശ്യങ്ങൾക്ക വേണ്ടി ഏഴുമാസത്തെ നിരന്തരമായ പ്രക്ഷോഭണത്തിനുശേഷം എല്ലാ അനുരഞ്ജനനടപടികളും പരാജയപ്പെട്ടതിൽ പിന്നീടാണു അന്തിക്കാട്ടെ ചെത്തു തൊഴിലാളികൾ പണി മുടക്കിയതു്. അവിടത്തെ കാൺഗ്രസ് കമ്മിററി അടക്കമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും പൊതുജനങ്ങളും തൊഴിലാളികളുടെ ആവശ്യത്തെ ശരിവയ്ക്കുകയും പണിമുടക്കിനു ഇടയാക്കാതെ ആവശ്യങ്ങൾ അനുവദിച്ചു കൊടുക്കുവാൻ ഗവണ്മെൻറിനോടു ഏകകണ്ഠമായി ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ഈ ജനകീയാവശ്യത്തെ ധിക്കരിച്ചുകൊണ്ടാണു ജനാധിപത്യത്തിൻെറ കുത്തകക്കാരായ കാൺഗ്രസ്സ സർക്കാർ പണിമുടക്കിനെതിരായി പോലീസ്സ്, എക്സൈസ്സ മർദ്ദനം അഴിച്ചുവിട്ടതു്. പണിമുടക്കിൻെറ തലേദിവസം തന്നെ യാതൊരു കാരണവുംകൂടാതെ ഞാനടക്കം എട്ടു പ്രവർത്തകരെ അറസ്ററ ചെയ്തു. പണിമുടക്കിയ നിമിഷംമുതൽ ഒരു വലിയസംഘം പോലീസുകാരും എക്സൈസുകാരുംകൂടി വില്ലേജുതോറും നടന്നു തൊഴിലാളികളെ മർദ്ദിക്കാൻ തുടങ്ങി. തൊഴിലാളികളെ തല്ലി തെങ്ങിൽ കയററി. മൂന്നൂറോളം തൊഴിലാളികളെ ഇങ്ങനെ മർദ്ദിച്ചിട്ടുണ്ടു്. പലർക്കും അപായകരമായ പരുക്കുകൾ ഏററിട്ടുണ്ടു്. സഖാവു സർദാർ കൊച്ചുകുട്ടനെ അറസ്ററു് ചെയ്തു ലാക്കപ്പിൽനിന്നു താങ്ങിയെടുത്താണു ജനറൽ ആശുപത്രിയിൽ കൊണ്ടാക്കിയതു്. രണ്ടാഴ്ചകഴിഞ്ഞാണ് നെഞ്ചിൽ മുഴുവൻ പ്ലാസ്റ്റർ ഒട്ടിച്ചുകൊണ്ടു സഖാവു ജനറൽ ആശുപത്രിയിൽനിന്നു പുറത്തു വന്നതു്. ഇന്നു അനങ്ങാൻകഴിയാതെ കിടപ്പാണ്. മുപ്പതു പ്രവർത്തകരുടെപേരിൽ നല്ല നടപ്പിനു കേസ്സ ചാർജ്ജുചെയ്തിരിക്കുകയാണ്. പണിമുടക്കിനുമുൻപും അതിനുശേഷവും അറസ്ററ ചെയ്തവരെയെല്ലാം ൧൦൯-ാം വകുപ്പനുസരിച്ചു നല്ലനടപ്പിനാണു ചാർജ്ജ ചെയ്തിട്ടുള്ളതെന്ന വസ്തുതതന്നെ, യാതൊരുവിധ അക്രമപ്രവർത്തനവും അവിടെ നടന്നിട്ടില്ലെന്നുള്ളതിനു തെളിവാണ്. സമാധാനഭംഗമുണ്ടാക്കിയതിനാണു അന്തിക്കാട്ടു അറസ്ററ നടത്തിയതെന്നു പറഞ്ഞ പോലീസുമന്ത്രിയെയും, സമാധാനപരമായ പണിമുടക്കിനു സ്വാതന്ത്ര്യമുണ്ടെന്നു പ്രഖ്യാപിച്ച മുഖ്യമന്ത്രിയെയും അന്തിക്കാട്ടു എന്തു സമാധാനഭംഗമാണു ഉണ്ടായതെന്നു തെളിയിക്കുവാൻ ഞാൻ വെല്ലുവിളിക്കുന്നു. പണിമുടക്കിനു രണ്ടുമാസം മുൻപു തൊഴിലാളികളുടെ അടിയന്തിരാവശ്യങ്ങളെ സംബന്ധിച്ചു ഞാൻ നിവേദനം നടത്താൻ ചെന്നപ്പോൾ ഇതൊക്കെ പ്രചരണത്തിനു കൊള്ളാം, യാതൊന്നും ഞാൻ ചെയ്യുകയില്ല' എന്നു പറഞ്ഞു മെമ്മോറാണ്ടം വലിച്ചെറിഞ്ഞ തൊഴിൽകാര്യമന്ത്രിയുണ്ടു ഈ

ഇരിക്കുന്നതു്. പോലീസിനെയും എക്സൈസിനെയും വിട്ടു് തൊഴിലാളികളെ മർദ്ദിച്ചതിനു് അദ്ദേഹമാണുത്തരവാദി.

Shri Nedumangad R. Kesavan Nair: Is it not *Sub judice*?

ശ്രീ. കെ. പി. പ്രഭാകരൻ: യാതൊരു സമാധാനവും അതിനുണ്ടായില്ല എന്നാണു ഞാൻ പറയുന്നതു്. വാസ്തവത്തിൽ ഇങ്ങനെ തൊഴിലാളികൾക്കെതിരെ പോലീസിനെ കൊണ്ടുമാത്രമല്ല, മർദ്ദനം നടത്തുന്നതു്. എല്ലാ തൊഴിലാളിരംഗത്തും ഐ. എൻ. ടി. യു. സി. എന്ന പേരിൽ എതിർസംഘടനകളുണ്ടാക്കി അതുവഴി ഗുണ്ടാ ആക്രമണങ്ങൾ അഴിച്ചുവിടുന്നതിനു ഈ ഗവൺമെന്റു പ്രേരണ നൽകുന്നുണ്ടു്. ഇതു തെളിയിക്കാൻ പ്രയാസമാണെങ്കിലും കറകളഞ്ഞ ഒരു യാഥാർത്ഥ്യമാണു്. ചെറുവള്ളി എസ്റ്റേറ്റിലെ ഒരു ട്രെയിഡു യൂണിയൻ പ്രവർത്തകനായ സഖാവു വർഗ്ഗീസിനെ ഈ ഗുണ്ടാകൾ മൃഗീയമായി കൊലപ്പെടുത്തിയതു അടുത്ത അവസരത്തിലാണു്.

Shri Panampilli Govinda Menon: Sir, I aise to a point of order. I understand from the statement of the hon. Member that he is an accused in one of those cases. These arguments should be addressed in the court rather than here.

Mr. Speaker: The hon. Member will please conclude his speech.

ശ്രീ. കെ. പി. പ്രഭാകരൻ: ഇത്തരത്തിലുണ്ടായിട്ടുള്ള അക്രമങ്ങൾക്കു സമാധാനമുണ്ടാകണമെന്നുദ്ദേശിച്ചാണു് ബഹുമാനപ്പെട്ട സ്പീക്കറുടെ മുൻപിൽവച്ചു് ഞാൻ പറയുന്നതു്.

സർ, ഞാൻ ഉപസംഹരിക്കുകയാണു്. ഇങ്ങനെ തൊഴിലാളികളോടുള്ള ഈ ഗവൺമെന്റിന്റെ നയം അങ്ങേയററം ആക്ഷേപാർഹമാണു്. ഈ നയം മാററാതെ തൊഴിലില്ലായ്മയ്ക്കു ന്യായമായ പരിഹാരം കാണാതെ, തൊഴിൽചെയ്യുന്നവരുടെ കൂലിക്കും അവകാശങ്ങൾക്കും പരിരക്ഷണം നൽകാതെ, അതുവഴി തൊഴിലാളികളുടെ ആത്മാർത്ഥമായ സഹകരണം നേടാതെ യാതൊരു അഭിവൃദ്ധി പദ്ധതിയും ഈ രാജ്യത്തു വിജയിക്കുവാൻ പോകുന്നില്ല. അതു വെറും തട്ടിപ്പുമാത്രമായിരിക്കും.

Mr. Speaker: The House will now rise and meet again at 11 oclock to-morrow.

The Assembly adjourned at 4. 30 P. M. to meet again at 11 A. M. on Friday, the 13th March, 1953.

PROCEEDINGS OF THE

TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1953.

Friday, the 13th March, 1953.

Vol. VIII | **OFFICIAL REPORT** | **No. 13**

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Friday, the 13th March, 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for day.)

ORAL ANSWERS.

മത്സ്യവ്യവസായം.

* ൩൪൭. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) മത്സ്യവ്യവസായത്തെ സംബന്ധിച്ച് കേന്ദ്രഗവണ്മെന്റും ടെക്നിക്കൽ കോവാപ്പറേഷൻ അഡ്മിനിസ്ട്രേഷനും (റ്റി. സി. ഏ.) കൂടിച്ചേർന്ന് ഇവിടെ എന്തെങ്കിലും പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ): (എ) കേന്ദ്രഗവണ്മെന്റും ടെക്നിക്കൽ കോവാപ്പറേഷൻ അഡ്മിനിസ്ട്രേഷനും ചേർന്ന് ഇവിടെ മത്സ്യവ്യവസായവിപുലീകരണത്തിനായി ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം വരുന്ന സെപ്റ്റംബറിനുശേഷം മാത്രമേ തുടങ്ങുകയുള്ളു.

(ബി) ഉദിക്കുന്നില്ല.

ശ്രീ. ആർ. ഗംഗാധരൻ: ടെക്നിക്കൽ കോവാപ്പറേഷൻ അഡ്മിനിസ്ട്രേഷൻ എന്നു പറയുന്നത് എവിടെയുള്ള സംഘടനയാണ്?

ശ്രീ. എ. ജെ. ജാൺ: ഇൻഡ്യാഗവൺമെൻറും യുണൈറ്റഡ് സ്റ്റേറ്റ്സ് ഗവൺമെൻറും തമ്മിൽ ഉണ്ടായിട്ടുള്ള കരാർ അനുസരിച്ചുള്ള ഒരു സംഘടനയാണ്.

ശ്രീ. ആർ. ഗംഗാധരൻ: ഇൻഡ്യാഗവൺമെൻറ് ഈ പ്രവൎത്തനത്തിന് എത്ര രൂപയാണ് അനുവദിച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ: ഫിഷറിയെ സംബന്ധിച്ചാണോ ചോദിക്കുന്നതു്?

ശ്രീ. ആർ. ഗംഗാധരൻ: അതേ.

Shri A. J. John: Both the State Government and the Central Government jointly carry on the administration. The State is spending Rs. 7 lakhs.

ശ്രീ. ആർ. ഗംഗാധരൻ: സ്റ്റേററ ഗവൺമെൻറ ചിലവാക്കേണ്ടതു് എത്ര രൂപയാണ്?

ശ്രീ. എ. ജെ. ജാൺ: ൧൬,൦൦൦ രൂപാ; മൂന്നു കൊല്ലത്തേക്കു ൩,൭൫,൭൦൦ രൂപയാണ്.

ശ്രീ. ആർ. ഗംഗാധരൻ: ഇതിൻെറ പ്രവൎത്തനം ആരംഭിച്ചിട്ടില്ലേ?

ശ്രീ. എ. ജെ. ജാൺ: ഇതിൻെറ സാധനസാമഗ്രികൾ വാങ്ങുന്നതിലേക്ക് അമേരിക്കയിലേക്ക് പോയിരിക്കുകയാണ്. സാധനസാമഗ്രികൾ എല്ലാം വാങ്ങിക്കൊണ്ടു് ഇവിടെ വന്നതിനുശേഷമേ പ്രവൎത്തനം തുടങ്ങുകയുള്ളു.

ശ്രീ. ആർ. ഗംഗാധരൻ: ഇതിൻെറ പ്രവൎത്തനപരിപാടികളെ സംബന്ധിച്ചു് വല്ല വ്യവസ്ഥകളും ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: വെസ്റ്റ് കോസ്റ്റ് പ്രൊജക്റ്റ്സ് എന്നാണ് ഇതിനു് പേരിട്ടിരിക്കുന്നതു്. മീൻ പിടിക്കുന്നതിനുള്ള വലകളും മററും പുതിയരീതിയിലുള്ളതു് ഉണ്ടാക്കണം. മീൻപിടിക്കുന്നതിലേക്ക് സൗകര്യമായ സ്ഥലങ്ങൾ ഏതാണെന്നു് സർവ്വേ ചെയ്തു കണ്ടുപിടിക്കണം. പുതിയ രീതിയിൽ മീൻപിടിക്കുന്നതിനു് സ്ഥാപനങ്ങൾ ഉണ്ടാക്കി ആളുകൾക്ക് പരിശീലനം കൊടുക്കണം. മീൻ സൂക്ഷിക്കുന്നതിനും മററു പ്രദേശങ്ങളിലേയ്ക്കു കൊണ്ടുപോകുന്നതിനും ഏർപ്പാടു് ചെയ്യണം. ഇതൊക്കെയാണു് പ്രധാനവ്യവസ്ഥകൾ.

ശ്രീ. ആർ. ഗംഗാധരൻ: ഇപ്പോൾ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് എന്തെങ്കിലും സഹായം ചെയ്യുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇപ്പോൾ ഉപയോഗിക്കുന്ന വള്ളങ്ങൾക്കു പകരം മോട്ടോർ ഉപയോഗിച്ചു് പുതിയ രീതിയിലുള്ള വള്ളങ്ങൾ മീൻപിടിക്കുന്നതിനു് അവൎക്കു് ഉണ്ടാക്കി കൊടുക്കുന്നുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: മോട്ടോർവച്ചു് ഫിററ ചെയ്യുന്ന വള്ളങ്ങൾ ഉപയോഗിച്ചു് മീൻപിടിക്കുന്നതിനു് അതു്, മീൻപിടിത്തക്കാർക്കു് സൗജന്യമായി കൊടുക്കുമെന്നാണോ പറയുന്നതു്; അല്ലെങ്കിൽ അതു് അവർക്കു വിലയ്ക്കുകൊടുക്കുമെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജാൺ: ഒന്നുകിൽ വാടകയ്ക്കു കൊടുക്കും. അല്ലെങ്കിൽ വിലയ്ക്കു് അവർക്കു കൊടുക്കും. ഇതിന്റെ സൂക്ഷ്മവിവരങ്ങൾ ഒന്നും പറയാറായിട്ടില്ല

ശ്രീമതി കെ. ആർ. ഗൗരി: നമ്മുടെ നാട്ടിൽ ആവശ്യമുള്ള സാധനങ്ങൾ വാങ്ങുന്നതു് പുറംരാജ്യങ്ങളിൽ ആളുകൾ പോയിട്ടാണു് എന്നാണോ പറഞ്ഞതു്?

ശ്രീ. എ. ജെ. ജാൺ: അതേ.

ശ്രീമതി കെ. ആർ. ഗൗരി: അമേരിക്കയിൽ ഈ സാധനങ്ങൾ വാങ്ങാൻ പോയിട്ടുള്ളവർക്കു വല്ല പ്രത്യേക പരിശീലനവും കൊടുക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അവർ അവിടെനിന്നു് ഈ സ്ഥലങ്ങൾക്കു് ഉപയോഗമുള്ള സാധനങ്ങൾ ഇവിടെ ആവശ്യമുള്ളതനുസരിച്ചു വാങ്ങണം. പരിശീലനത്തിന്റെ ആവശ്യമില്ല.

ശ്രീമതി കെ. ആർ. ഗൗരി: ഈ കമ്മ്യൂണിററി പ്രാജക്ററ് എന്നു പറയുന്നതിൽ കമ്മ്യൂണിസ്ററ വിരുദ്ധമുന്നണി ഉണ്ടാക്കുവാൻ നോക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: എഗ്രിമെൻറിൽ അതു് ഒരു വ്യവസ്ഥയായി ചെയ്തിട്ടില്ല.

Housing and Colonisation Schemes.

✻ 346 [2] **Shri T. S. Ramaswami:** Will the Minister for Local Self-Government be pleased to state:

(*a*) the total amount of funds allotted for the Housing and Colonisation schemes during the financial year 1952-53;

(*b*) the amount spent in the taluks of Thovala and Agastiswaram, Kalkulam and Vilavancode;

(*c*) how many colonisation schemes were commenced in these taluks during this period; and

(*d*) what are the difficulties in going ahead with the scheme?

Minister for Local Self Government **(Shri K. Kochukuttan):**

(*a*) 1. Housing scheme - Rs. Ten lakhs.

2. Colonisation scheme - Rs. Two lakhs.

(*b*) The amount spent in the taluks of Thovala, Agastiswaram, Kalkulam and Vilavancode is approximately Rs. 40,000.

In addition to the above, a sum of nearly Rs. 1,50,000 has already been sanctioned for the Housing Scheme at Colachal which has been taken up for execution.

(*c*) None.

(*d*) The difficulty in going ahead with the schemes in the above taluks is the non-availability of suitable lands and competent Co-operative Societies which could be entrusted with the responsibility of working the scheme.

Shri T. S. Ramaswami: May I know whether the Minister has made any enquiry in regard to any site?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ കാളനൈസേഷൻ സ്കീം അനുസരിച്ച് തോവാള, അഗസ്തീശ്വരം ഈ പ്രദേശങ്ങളിൽ സ്ഥലം അന്വേഷിക്കുകയോ അക്വയർ ചെയ്യുകയോ ഉണ്ടായിട്ടില്ല.

Shri T. S. Ramaswami: May I know whether any enquiry has been conducted in the Neendakara pakuthy?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ കാളനൈസേഷൻ സ്കീമിന് സ്ഥലം അക്വയർ ചെയ്യുക എന്നു പറഞ്ഞാൽ അതു് സാദ്ധ്യമല്ല.

Shri T. S. Ramaswami: I am not asking about acquisition; I want to know whether any land has been selected for surveying?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതെ. അതിന്റെ അന്വേഷണംതന്നെ നടത്തേണ്ട ആവശ്യമില്ല. ഈ കാളനൈസേഷൻ സ്കീം അനുസരിച്ച് സ്ഥലം അക്വയർ ചെയ്യുവാൻ സാദ്ധ്യമല്ല. അത്രയും സ്ഥലങ്ങൾ എടുക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടു് അതിന് സ്ഥലമുള്ള വേറെ സ്ഥലങ്ങളിൽ എടുക്കും.

ശ്രീ. ടി. എസ്. രാമസ്വാമി: ഹൗസിംഗ് സ്കീം അനുസരിച്ച് വല്ല എൻക്വയറിയും ചെയ്തിട്ടുണ്ടോ?

Mr. Speaker: The answer is quite evident.

Shri T. S. Ramaswami: I wanted to know whether any enquiry was made. The Minister has understood my point.

ശ്രീ. കെ. കൊച്ചുകുട്ടൻ: അപേക്ഷകൾ വന്നാൽ പലേടത്തും സ്ഥലം ഉണ്ടോ എന്നു അന്വേഷിക്കും. അങ്ങനെ അന്വേഷിക്കുന്നതുകൊണ്ടു് സ്ഥലം എടുത്തു എന്നു് അർത്ഥമില്ല.

ശ്രീ. ടി. എസ്. രാമസ്വാമി: അവിടെയെങ്കിലും അന്വേഷിച്ചിട്ടുണ്ടോ എന്നാണു് ചോദ്യം.

ശ്രീ. കെ. കൊച്ചുകുട്ടൻ: എവിടെയെല്ലാം അന്വേഷിച്ചിട്ടുണ്ടെന്നു് ഇപ്പോൾ പറയുവാൻ നിവൃത്തിയില്ല.

Shri A. A. D. Luiz : May I know whether colonisation scheme is being unduly delayed as a result of the non-availability of suitable lands ?

Shri K. Kochukuttan : Y es, to a certain extent.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : വിളവംകോട്ട താലൂക്കിൽ ഒരു മലയാളബ്രാഹ്മണൻ ൨൦൦ ഏക്കർ സ്ഥലം ഹൗസിംഗ് സ്കീമിനു ഗവൺമെൻറിലേക്കു തരാൻ തയ്യാറാണെന്നു ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതേപ്പററി അറിവില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : അതിനെ സംബന്ധിച്ചു വല്ല എഴുത്തുകുത്തുകളും നടന്നിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അറിഞ്ഞുകൂടാ.

ശ്രീ. ടി. വി. താമസ് : ഈ ഹൗസിംഗ് ആൻറ് കോളനൈസേഷൻ സ്കീംസ് തെക്കൻ തിരുവിതാംകൂറിനു മാത്രമുള്ളതാണോ അതോ തിരുവിതാംകൂർ-കൊച്ചിക്കു മുഴുവനമായി ഉള്ളതാണോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : തിരുവിതാംകൂർ—കൊച്ചി മുഴുവനും ഉള്ളതാണു്.

ശ്രീ. ടി. വി. താമസ് : ചങ്ങനാശേരി—ആലപ്പുഴ റോഡ് തോടിൻെറ ഇരുവശങ്ങളിലുമുള്ള സ്ഥലത്തു വീടുപണിയുന്നതിനുള്ള സ്കീം ഈ സ്കീമിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആലപ്പുഴ—ചങ്ങനാശേരി റോഡിൻെറയും തോടിൻെറയും ണി കഴിഞ്ഞിട്ടില്ല. അതു കഴിഞ്ഞതിനു ശേഷമേ അവിടെ വീടുകൾ പണിയുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. ടി. വി. താമസ് : അവിടെ വീടുകൾ പണിയുന്ന കാര്യം നിറുത്തിവച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : നിറുത്തിവച്ചതായി അറിഞ്ഞുകൂടാ.

ശ്രീ. ടി. വി. താമസ് : ആ സ്കീം ഉപേക്ഷിക്കപ്പെട്ടതായി തോന്നുന്നു. അതു ശരിയാണോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആ സ്ഥലം ആർക്കും കൊടുത്തിട്ടില്ല. റോഡും തോടും പണികഴിഞ്ഞതിനുശേഷം തോടിൻെറ ഇരു ഭാഗത്തുമുള്ള സ്ഥലം സെററിൽമെൻറ സ്കീം അനുസരിച്ചു എടുക്കണമെന്നാണു നിശ്ചയിച്ചിരിക്കുന്നതു്,

ശ്രീ. ടി. വി. താമസ് : ആ സ്കീം നിറുത്തിവയ്ക്കണമെന്നു ഒരു അവസാനതീരുമാനം ഉണ്ടായിട്ടില്ലേ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഇല്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ : ഹൗസിംഗ് സ്കീമിനു ഇക്കൊല്ലം ബഡ്ജററിൽ നീക്കിവച്ചിട്ടുള്ള സംഖ്യയിൽ എത്ര ചെലവായി എന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ൧൯൫൨–൫൩ വർഷത്തിലുള്ള പണികൾ തീർന്നുകൊണ്ടിരിക്കുന്നു. ഇതെല്ലാം അവസാനിച്ചു കഴിഞ്ഞാലേ അതു് പറയുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. പി. സദാശിവൻ പിള്ള : എവിടെയെങ്കിലും കാളനി സ്ഥാപിച്ചിട്ടുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : വെങ്കോലയിൽ സ്ഥാപിച്ചിട്ടുണ്ടു്.

ശ്രീ. ആർ. കേശവപിള്ള : ഓരോ ഡിസ്ട്രിക്റ്റിലും എത്ര തുക വീതം ചെലവാക്കി എന്നു പറയാമോ ?

Mr. Speaker : Hon. Members have put a lot of questions demanding information re: the total amount that has been spent during 1952-53. How can that be given ? The year has not fully run out.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറയിൽ : ഓരോ പ്രത്യേക ജാതി വിഭാഗങ്ങൾക്കു് കാളനി ഉണ്ടാക്കി കൊടുക്കാറുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ചില സമുദായക്കാരെ സംബന്ധിച്ചിടത്തോളം അവർക്കു് പ്രത്യേകം കാളനി കൊടുക്കാറുണ്ടു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറയിൽ : അതു് വല്ല അനുപാതവും നോക്കിട്ടാണോ കൊടുക്കുന്നതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : താമസിക്കുവാൻ സ്ഥലം കിട്ടാനുള്ള ബുദ്ധിമുട്ടു്, സ്ഥലം ഉണ്ടാക്കുവാനുള്ള സാമ്പത്തിക കഴിവുകേടു്, ഇങ്ങനെയുള്ളവർക്കു് കാളനി കൊടുക്കുന്നുണ്ടു്.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറയിൽ : അങ്ങനെയുള്ള ആളുകൾക്കു വേണ്ടി സ്ഥലം എടുക്കുമ്പോൾ ആ സ്ഥലത്തു് താമസക്കാരായ സ്ഥലമില്ലാത്തവർക്കു് താമസിക്കുന്നതിനു സ്ഥലം കൊടുക്കാറുണ്ടോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെയുള്ളവരെ എടുക്കുന്ന സ്ഥലത്തുനിന്നു് ഒഴിവാക്കാറില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ : ആകെ എത്ര വീടുകൾ പണിയിച്ചിട്ടുണ്ടു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ഹൗസിംഗ് സ്കീം അനുസരിച്ചു് ൨൭ വീടുകൾ പണിചെയ്തു കഴിഞ്ഞിട്ടുണ്ടു്. ൧൯൫൨–൫൩-ൽ ൧൪൪ വീടുകളുടെ പണിയാണു് നടന്നുവരുന്നതു്.

ശ്രീ. ടി. കെ. കൃഷ്ണൻ : ൧൦൦൦ വീടുകൾ പണിയണമെന്നായിരുന്നില്ലേ പ്ലാൻ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അങ്ങനെ ഖണ്ഡിതമായ ഒരു തീരുമാനം ഉണ്ടായിട്ടില്ല.

Colonisation and Housing Schemes.

✱ 347. [3] **Shri T. S. Ramaswami :** Will the Minister for Revenue be pleased to state :

(a) How many acres under how many housing and colonisation schemes were enquired by the Revenue Department and acquired for the purpose of the above schemes during the year 1952-53 in the taluks of Thovala and Agastiswarm ; and

(b) The area under poramboke and private lands thus enquired and acquired and the names of localities ?

Minister for Local Self Government **(Shri K. Kochukuttan):**

(a) None.

(b) Only private lands are acquired. No poramboke land has been acquired and hence the question does not arise.

Shri T. S. Ramaswami : My question is how many acres have been *enquired*, not *acquired* ?

Shri K. Kochukuttan : Information is available regarding places that have been acquired.

Shri T. S. Ramaswami : Was any enquiry made ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അപേക്ഷ കിട്ടിയതനുസരിച്ചു് അന്വേഷിച്ചിട്ടുണ്ടാകും. എത്രയിടത്തു് അന്വേഷിച്ചു എന്നു ചോദിച്ചാൽ അതു പറയുവാൻ നിവൃത്തിയില്ല.

ശ്രീ. ടി. എസ്സ്. രാമസ്വാമി : എവിടെയെല്ലാമാണു് സ്ഥലം അന്വേഷിച്ചിട്ടുള്ളതു് ?

ശ്രീ. കെ. കൊച്ചുകുട്ടൻ : തോവാള, അഗസ്തീശ്വരം ഈ താലൂക്കുകളിൽ പലേടത്തും അന്വേഷിച്ചിട്ടുണ്ടു്.

ശ്രീ. ടി. എസ്സ്. രാമസ്വാമി : എത്ര ഇടങ്ങളിൽ അന്വേഷിച്ചിട്ടുണ്ടു് എന്നു പറയാമോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അതു് നോട്ടീസ്സുകൂടാതെ പറയുവാൻ സാദ്ധ്യമല്ല.

Mr. Speaker : The hon. Member has some particular instance in his mind. You can plainly put it.

Shri T. S. Ramaswami : Was any enquiry made in the Pakuthy between Neendakara and Dharmapuram ?

ശ്രീ. കെ. കൊച്ചുകുട്ടൻ : അന്വേഷിച്ചിട്ടുണ്ടു്. സർ, ഇതിൽ എൻക്വയേഡ് ഓർ അക്വയേഡ് എന്നു പറഞ്ഞിരുന്നുവെങ്കിൽ അക്വിസിഷനും എൻക്വയറിയും സംബന്ധിച്ചുള്ള വിവരങ്ങളും പറയാമായിരുന്നു. ഈ ചോദ്യമനുസരിച്ചു് അക്വിസിഷൻ കഴിഞ്ഞിട്ടുള്ള കാര്യമേ പറയാൻ നിവൃത്തിയുള്ളു.

ശ്രീ. ടി. എസ്സ്. രാമസ്വാമി : ബഹുമാനപ്പെട്ട മിനിസ്റ്റർ ആ സ്ഥലം നോക്കാൻ പോയിരുന്നോ ?

മി. സ്പീക്കർ : ഇതു നേരത്തെ ചോദിക്കാമായിരുന്നല്ലോ ?

ശ്രീ. കെ. കൊച്ചുകുട്ടൻ : ആ സ്ഥലത്തുപോയിട്ടുണ്ടു്.

ശ്രീ. ടി. എസ്സ്. രാമസ്വാമി: സ്ഥലം അക്വയർ ചെയ്തോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അക്വയർ ചെയ്തിട്ടില്ല.

ശ്രീ. ടി. എസ്സ്. രാമസ്വാമി: അതു സംബന്ധിച്ചുള്ള ഗവണ്മെന്റിന്റെ അവസാനതീരുമാനമെന്താണ്?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതു് സംബന്ധിച്ചു യാതൊരു തീരുമാനവും ചെയ്തിട്ടില്ല.

ശ്രീ. ടി. എസ്സ്. രാമസ്വാമി: സ്ഥലമെടുക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും അബ്ജക്ഷൻ വന്നിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ട്.

ശ്രീ. ടി. എസ്സ്. രാമസ്വാമി: ആ അബ്ജക്ഷന്റെ സ്വഭാവമെന്താണെന്നു് പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: സ്ഥലം അക്വയർ ചെയ്യരുതെന്നുള്ളതാണ്.

ശ്രീ. എ. കെ. ചെല്ലയ്യാ: നീണ്ടകര പകുതിയിൽ അക്വയർ ചെയ്യുന്നതു് പുറമ്പോക്കുസ്ഥലമോ പ്രൈവററ സ്ഥലമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പ്രൈവററ സ്ഥലമാണ്.

ശ്രീ. ആർ. പൊന്നപ്പ നാടാർ: സാധുക്കൾക്കു് വീടുകെട്ടാനല്ലേ അപേക്ഷ കൊടുത്തിട്ടുള്ളതു്?

Mr. Speaker: Everybody knows that.

ശ്രീ. കമ്പിളേരിൽ കരുണാകരൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ അഭ്യർത്ഥനയനുസരിച്ചു ഭവനനിർമ്മാണപദ്ധതിയിലേയ്ക്കു് ഭൂമി കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: പലരിൽനിന്നും ഭൂമി കിട്ടിയിട്ടുണ്ട്.

ശ്രീ. കമ്പിളേരിൽ കരുണാകരൻ: നമ്മുടെ ആവശ്യത്തിനു് മതിയാകത്തക്കവണ്ണം കിട്ടിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കുറെ ആളുകളുടെ ആവശ്യത്തിനു് മതിയാകത്തക്കവണ്ണം കിട്ടിയിട്ടുണ്ട്.

Grow More Food Campaign.

✻ 348. [4] **Shri T. S. Ramaswami:** Will the Chief Minister be pleased to state:

(*a*) the amount of aid from the Central Government for the purpose of Grow More Food Campaign got by the State Government during the last three years;

(*b*) the amount spent to the taluks of Thovala, Agastiswaram, Kalkulam and Vilavancode;

(c) for what purpose spent in above taluks; and

(d) whether it will be spent for the speedy renovation of tanks in future ?

Chief Minister **(Shri A. J. John):**

(a) Rs. 41,72,000.

(b) Rs. 27,03,832.

(c) For (1) Minor Irrigation works
(2) Electric line extension
(3) Intensive manuring
(4) Paddy seed multiplication and distribution
(5) Well sinking, and
(6) Paddy crop competition.

(d) Yes. Tanks also will be improved.

Mr. Speaker : There has been sufficient discussuion about the question.

Shri T. S. Ramaswami : Yes. Regarding tanks I want some information.

Shri A. J. John : I shall read the details.

Year.	*No. of Minor Irrigation works taken up.*	*No. of works completed.*	*Cost involved.*
1949-50	480	204	9,80,212
50-51	190	141	4,04,922
51-52	255	108	11,28,461
Total	925	453	25,13,595

INTENSIVE MANURING.

Under this item the amount spent in 3 years is Rs. 1,58,520-1-0.

For paddy seed multiplication and distribution(3 years)Rs. 3,571.

For sinking of wells (3 years) Rs. 7,375.

For paddy prize competition'' Rs. 1,250.

Shri T. S. Ramaswami : May I know whether any tanks have been renovated in S. Travancore ?

Mr. Speaker : About 400 tanks were repaired or made uitable for irrigation in South Travancore. If you want you can ask about any particular tank.

Shri T. S. Ramaswami: May I know whether any one was renovated?

Shri A. J. John: 937 tanks have been taken. 453 have been completed. If the hon. Member wants information regarding each and every taluk I am prepared to place the list on the table.

Shri P. S. Nataraja Pillai: May I know whether any tank completed in 1949 was taken up for renovation in '50-51?

Shri A. J. John: Every year they must be given some attention.

Shri P. S. Nataraja Pillai: May I know whether any tank was again recommended by departmental authorities for renovation in 1950-51 which was completed in 1949?

Shri A. J. John: I am not in a position to give that answer.

Shri P. S. Nataraja Pillai: Will the Government be pleased to verify the case? That is the way in which works are being done.

Shri A. J. John: Yes.

ശ്രീ. കുഞ്ഞിത്തൊമ്മൻ: കുളങ്ങളിൽ വെള്ളമില്ലാതാകുമ്പോൾ കൃഷിക്കാർ കുളം കുഴിച്ചിട്ടുള്ളതിന് തഹശീൽദാരന്മാരെ റവന്യൂ ഉദ്യോഗസ്ഥന്മാരൊ പി. ഡബ്ല്യു. ഡി. ഉദ്യോഗസ്ഥന്മാരോ കേസെടുത്തിട്ടുള്ളതായി അറിയാമോ?

ടെക്സ്റ്റുബുക്കുകളുടെ വില.

*നം. ൪൯. [൫] ശ്രീ. കെ. സദാനന്ദൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്റ്റുബുക്കുകളുടെ വില ഏതെങ്കിലും ട്രഷറികളിൽ അടച്ചു് രസീതുവാങ്ങുന്നതിനു മുൻപു് ഹോൾസെയിൽ കച്ചവടക്കാർക്ക് പുസ്തകങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ;

(ബി) ഹോൾസെയിലുകാർ ചില്ലറ വില്പനക്കാർക്കു നൽകുന്ന ബില്ലു പരിശോധിച്ച അവസരത്തിൽ ഇതുസംബന്ധിച്ചു് എന്തെങ്കിലും ക്രമക്കേടുകൾ ഗവണ്മെന്റിനു ബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഇല്ല.

(ബി) ഇല്ല.

ശ്രീ. കെ. സദാനന്ദൻ: ഹോൾസെയിൽ കച്ചവടക്കാർ ചില്ലറ വില്പനക്കാർക്ക് കൊടുത്തിട്ടുള്ള ബില്ലുകൾ ഗവണ്മെന്റു പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: പരിശോധിക്കാറുണ്ടു്.

ശ്രീ. കെ. സദാനന്ദൻ : ആ അവസരത്തിൽ ഏതെങ്കിലും ക്രമക്കേട ഗവണ്മെൻറ കണ്ടിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : ഇല്ലെന്നു നേരത്തെ ഉത്തരം പറഞ്ഞു.

ശ്രീ. കെ. സദാനന്ദൻ: ഹോംസെയിൽ കച്ചവടക്കാർ ആരെല്ലാമാണെന്നു പറയാമോ ?

ശ്രീ. എ. ജെ. ജാൺ : ഇതിനു മുമ്പുതന്നെ ഈ സഭയിൽ അതു പറഞ്ഞിട്ടുള്ളതാണ്. കുറെയാളുകൾ ഉണ്ടെന്നുള്ളതിൽ കവിഞ്ഞു ഇപ്പോൾ ഒരു ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. സദാനന്ദൻ : ചില്ലറ വില്പനക്കാരുടെ ബില്ല് എന്നാണു പരിശോധിച്ചതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : പല പ്രാവശ്യവും പരിശോധിച്ചിരിക്കും. അതിൻെറ തീയതി പറയാൻ സാദ്ധ്യമല്ല. പത്തുനാലായിരം കച്ചവടക്കാരുണ്ട്.

ശ്രീ. കെ. സദാനന്ദൻ : ഹോംസെയിൽ കച്ചവടക്കാർക്കു ബുക്കു കൊടുത്തദിവസവും ചില്ലറ കച്ചവടക്കാർക്കു ബുക്കുകൊടുത്തദിവസവും പറയാൻ സാധിക്കുമോ ?

Mr. Speaker : The hon. Member could have put a definite question on that.

ശ്രീ. കെ. സദാനന്ദൻ : ചില്ലറ വില്പനക്കാർക്കു പുസ്തകം വിതരണം ചെയ്തതിനുശേഷം മാത്രമാണു ഹോംസെയിൽ കച്ചവടക്കാർ ട്രഷറിയിൽ പണം അടച്ചതെന്നു പറയുന്നതു ഗവണ്മെൻറ വിശ്വസിക്കുമോ?

ശ്രീ. എ. ജെ. ജാൺ : വിശ്വസിക്കുന്നില്ല. പണം അടച്ചശേഷമാണു പുസ്തകം കൊടുക്കുന്നത്.

ശ്രീ. ടി. കെ. ദിവാകരൻ: ഈ കണക്കു പരിശോധിക്കുന്നതു ആരാണെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : അതിലേയ്ക്കു ഒരു സ്പെഷ്യലാഫീസർ ഉണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ : സ്പെഷ്യലാഫീസർ നേരിട്ടുപോയി ബില്ലുകൾ പരിശോധിക്കുകയാണോ ചെയ്യുന്നത്?

ശ്രീ. എ. ജെ. ജാൺ : സ്പെഷ്യലാഫീസർ എപ്പോഴും സർക്കീട്ടുചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ആരുടെയെങ്കിലും കംപ്ലെയിൻറ ഉണ്ടെങ്കിൽ അതിനെപ്പററി അപ്പോഴപ്പോൾ അന്വേഷണം നടത്തിവന്നിരുന്നു.

ശ്രീ. എൻ. രാജഗോപാലൻനായർ : ഹോംസെയിൽക്കാർക്കു പുസ്തകം കടം കൊടുക്കാറുണ്ടോ?

Mr. Speaker : How is it practicable to say all these things without previous notice.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : ഹോംസെയിൽ കച്ചവടക്കാർക്കു പുസ്തകം കൊടുക്കുന്നതിനു മുമ്പു അവരിൽനിന്നും ഒരു പ്രത്യേക നിക്ഷേപം വാങ്ങിക്കാറില്ലേ ?

ശ്രീ. എ. ജെ. ജാൺ: ഉണ്ട്.

ശ്രീ. എൻ. രാജഗോപാലൻനായർ: പണം അടച്ചവർക്കു പുസ്തകം കൊടുക്കുന്നതിനു മുമ്പായി ചില്ലറ കച്ചവടക്കാർ സാധാരണക്കാർക്കു പുസ്തകം വിററിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിഞ്ഞുകൂടാ.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി.

*൧൭൦. [൩] ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്കു ഇതിനകം എത്ര രൂപ പിരിഞ്ഞിട്ടുണ്ട്;

(ബി) ഇതിൽനിന്നു ഏതെല്ലാം താലൂക്കിലേക്കു എത്ര രൂപവീതം നീക്കിവച്ചിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ൨൧-൨-൭൧ വരെ പിരിഞ്ഞിട്ടുള്ള തുക രൂ. ൫,൪൫,൩൭൦-൫൦-൫൫.

(ബി)	അമ്പലപ്പുഴ	൧൨,൦൦൦	രൂപ.
	ചേർത്തല	൮൫,൦൦൦	,,
	ചിറയിൻകീഴ്	൬൧,൦൦൦	,,
	കൊല്ലം	൫൫,൦൦൦	,,
	കരുനാഗപ്പള്ളി	൫൫,൦൦൦	,,
	കാർത്തികപ്പള്ളി	൭,൦൦൦	,,
	വൈക്കം	൩,൦൦൦	,,
	പറവൂർ	൫൧,൦൦൦	,,
	കൽക്കുളം	൧,൦൦൦	,,
	തിരുവനന്തപുരം	൮,൦൦൦	,,
	കൊച്ചി—കണയന്നൂർ	൮,൦൦൦	,,
	കോട്ടയം	൫,൩൦൦	,,
	കൊടുങ്ങല്ലൂർ	൧,൦൦൦	,,
	തൃശ്ശൂർ	൧,൦൦൦	,,
	ചിററൂർ	൧,൦൦൦	,,
	ആകെ	൫,൩൫,൩൦൦	,,

ശ്രീ. ആർ. ഗംഗാധരൻ: ഈ അനുവദിച്ചിട്ടുള്ള സംഖ്യകൾ ഫണ്ട് പിരിച്ച അവസരത്തിൽ അനുവദിച്ചതാണോ അതല്ല ഇപ്പോൾ ചെലവാക്കുന്നതിനു അനുവദിച്ചതാണോ?

ശ്രീ. എ. ജെ. ജാൺ: എല്ലാം ഉണ്ട്. ഓരോ പ്രാവശ്യവും ആവശ്യമുള്ള തുകകൾ അനുവദിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിലേക്കു ഒരു കമ്മിററിയും ഉണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: ആദ്യംമുതൽ ഓരോ തവണയായി അനുവദിച്ചതിന്റെ ആകെ തുകയാണോ പറഞ്ഞിട്ടുള്ളത്?

ശ്രീ. എ. ജെ. ജാൺ: അതെ.

ശ്രീ. ആർ. ഗംഗാധരൻ: ഓരോ താലൂക്കിലേയ്ക്കും തുക അനുവദിക്കുന്നതു ആ താലൂക്കുകളിലുള്ള തൊഴിലാളികളുടെ സംഖ്യയെ അടിസ്ഥാനമാക്കിയാണോ?

ശ്രീ. എ. ജെ. ജാൺ: മററു കാര്യങ്ങളോടൊപ്പം അതും നോക്കും. അതാതു താലൂക്കിലുള്ള സ്കൂൾ കുട്ടികൾക്കു ഉച്ചഭക്ഷണം കൊടുക്കുന്നതിനാണ് ഉദ്ദേശിച്ചിരിക്കുന്നതു്. അധികം തൊഴിലാളികൾ ഉള്ള താലൂക്കുകളിൽ കൂടുതൽ തുക അനുവദിച്ചിട്ടുള്ളതായി കാണാം.

ശ്രീ. ആർ. ഗംഗാധരൻ: അങ്ങനെയാണെങ്കിൽ ചിറയിൻകീഴ് താലൂക്കിലേയ്ക്കു താരതമ്യേന കുറഞ്ഞ ഒരു തുക അനുവദിക്കാനുള്ള കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൺ: അവിടെ അമ്പലപ്പുഴ–ചേർത്തലപോലെയുള്ള ക്ഷാമം ഇല്ലെന്നു തോന്നിയതുകൊണ്ടാണു തുക കുറഞ്ഞിട്ടുള്ളതു്. പിരിഞ്ഞിട്ടുള്ള തുക എല്ലാ സ്ഥലത്തുമായി വിതരണം ചെയ്യുകയാണ് ചെയ്യതു്.

ശ്രീ. ആർ. ഗംഗാധരൻ: ചിറയിൻകീഴ് താലൂക്കിലുള്ള കയററു തൊഴിലാളികളുടെ അവസ്ഥയെ പരിഗണിക്കുമ്പോൾ ആ താലൂക്കിലേയ്ക്കു അനുവദിച്ചിട്ടുള്ള തുക കുറവാണെന്നു കാണാം. അതിനുള്ള കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൺ: പിരിഞ്ഞുകിട്ടിയ തുക ഓരോ സ്ഥലത്തും ഇത്രവീതം കൊടുക്കണമെന്നു കമ്മിററിക്കു ബോദ്ധ്യം വന്നതു അനുസരിച്ചു വിതരണം ചെയ്യുകയാണു ചെയ്തിട്ടുള്ളതു്.

ശ്രീ. ആർ. ഗംഗാധരൻ: ഈ ഫണ്ടിലേക്കു ഇപ്പോഴും സംഭാവന പിരിഞ്ഞുകിട്ടുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഉണ്ടു്. ഇപ്പോൾ എല്ലാംകൂടി രണ്ടുലക്ഷത്തിൽ കൂടുതലായിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: ഈ ഫണ്ടിലേയ്ക്കു് സംഭാവനകൾ ആദ്യത്തെപോലെതന്നെ ഇനിയും തുടർന്നുകിട്ടുമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ. അങ്ങനെയൊന്നും ഉദ്ദേശിക്കുന്നില്ല. കിട്ടുന്നതു വാങ്ങാമെന്നാണു വിചാരിക്കുന്നതു്.

ശ്രീ. ആർ. ഗംഗാധരൻ: ഫണ്ടിലെ തുക കുറയുമ്പോൾ നൽകുന്ന സഹായവും കുറയുമോ?

ശ്രീ. എ. ജെ. ജാൺ: അതിനെപ്പററി ഒന്നും ആലോചിച്ചിട്ടില്ല, അതെല്ലാം കമ്മിററി ആലോചിക്കേണ്ടതാണ്.

ശ്രീ. പ്രാക്കുളം ഭാസി: ഈ കമ്മിററിയിൽ അതാതു സ്ഥലത്തെ നിയമസഭാസാമാജികന്മാരെ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജാൺ : അതാതുസ്ഥലത്തെ തഹശീൽദാരന്മാരാണ കമ്മിററിയുടെ കൺവീനർമാർ.

ശ്രീ. പ്രാക്കുളം ഭാസി : ആദ്യത്തെ കമ്മിററിയിൽ നിയമസഭാ സാമാജികന്മാരെ ഉൾപ്പെടുത്തിരുന്നു. പിന്നീട് അവരെ കമ്മിററികളിൽ ചേർക്കാതെയിരുന്നതു ഇടതുപക്ഷക്കാരായതുകൊണ്ടാണോ ?

ശ്രീ. ജെ. ജാൺ : ഫണ്ട സംബന്ധമായി രൂപീകരിച്ച കമ്മിററിയിൽ ഉണ്ടായിരുന്നവരെല്ലാം ഇപ്പോഴും ഉണ്ട്. അവരെ ആരെയും പിരിച്ചയച്ചിട്ടില്ല. ചില താലൂക്കുകളിൽ നിയമസഭാ മെംബറന്മാരെ ഉൾപ്പെടുത്തിയും കമ്മിററി ഉണ്ടാക്കിയിരിക്കാം. ഏതായാലും ഇതുവരെ കമ്മിററിമെംബറന്മാർ ആരെയും പിരിച്ച് അയച്ചിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി : ഈ കമ്മിററി രൂപീകരിച്ചതിൻെറ ചുമതല ആർക്കായിരുന്നു?

ശ്രീ. ഏ. ജെ. ജാൺ : മുഖ്യമന്ത്രി മററ മന്ത്രിമാരുമായി ആലോചിച്ചാണ ചെയ്തതു്.

ശ്രീ. പ്രാക്കുളം ഭാസി : നിയമസഭാ സാമാജികന്മാരെ കമ്മിററിയിൽ ഉൾപ്പെടുത്തേണ്ടെന്നു തീരുമാനിച്ചിരുന്നോ?

ശ്രീ. ഏ. ജെ. ജാൺ : അങ്ങനെ തീരുമാനിച്ചിരുന്നില്ല. ചില സ്ഥലങ്ങളിൽ നിയമസഭാ സാമാജികന്മാരും കമ്മിററിയിലുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ചില സ്ഥലങ്ങളിൽ കാൺഗ്രസ്സുകാർ മാത്രമെ കമ്മിററിയിൽ ഉള്ളുവെന്നറിയാമോ?

ശ്രീ. ഏ. ജെ. ജാൺ : അങ്ങനെയും വന്നിരിക്കാം.

ശ്രീമതി കെ. ആർ. ഗൗരി : മുഖ്യമന്ത്രി ചേർത്തലവന്നു ഒരു റിലീഫ് കമ്മിററി സംഘടിപ്പിച്ചപ്പോൾ ഞങ്ങളെയെല്ലാം അതിൽ ഉൾപ്പെടുത്തിയില്ലേ?

ശ്രീ. ഏ. ജെ. ജാൺ : അവിടെ സ്കൂൾ കുട്ടികൾക്കു ഉച്ചഭക്ഷണം കൊടുക്കുന്നതിനു ഒരു കമ്മിററി ഉണ്ടാക്കിയിരുന്നു. ആ കമ്മിററിയാണ ബഹുമാനപ്പെട്ട മെംബർ ഇപ്പോൾ പ്രസ്താവിച്ച കമ്മിററി. അന്നു മുഖ്യമന്ത്രിയുടെ ഫണ്ട ഇല്ലായിരുന്നു. അതിനു ശേഷമാണ ഫണ്ട തുടങ്ങിയതു്.

ശ്രീമതി കെ. ആർ. ഗൗരി : ഒരുലക്ഷത്തി മുപ്പതിനായിരം രൂപ കഞ്ഞികൊടുക്കുന്ന വകയ്ക്കു ചെലവാക്കിയെന്നു ഗവർണ്ണറുടെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതു ശരിയാണോ?

ശ്രീ. ഏ. ജെ. ജാൺ : അതു ശരിയായിരിക്കാം.

ശ്രീമതി കെ. ആർ. ഗൗരി : അന്നു രൂപീകരിച്ച കമ്മിററി കഞ്ഞി കൊടുക്കുന്നതിനുവേണ്ടി ഏർപ്പെടുത്തിയതാണെന്നു പറയുകയുണ്ടായി. ആ കമ്മിററിയിലുള്ള മെംബറന്മാരെ പിന്നെയുണ്ടാക്കിയ കമ്മിററിയിൽനിന്നും മാററാനുള്ള കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൺ : ചേർത്തല മുഖ്യമന്ത്രി വന്നയവസരത്തിൽ മുഖ്യമന്ത്രിയുടെ ഫണ്ട് തുടങ്ങിയിട്ടില്ലായിരുന്നു. അതിനുശേഷമാണ ഫണ്ട ശേഖരിക്കുന്നതിന തീരുമാനിക്കുകയും അതനുസരിച്ചു ഓരോ താലൂക്കിലും കമ്മിററി ഉണ്ടാക്കുകയും ചെയ്തതു്.

ശ്രീമതി കെ. ആർ. ഗൗരി : ആ കമ്മിററി രണ്ടാമതു പുനഃസംഘടിപ്പിച്ചില്ലേ? അപ്പോഠം ആദ്യത്തെ കമ്മിററിയിലുള്ളവരെ എടുക്കാതെയിരിക്കുവാൻ കാരണമെന്താണ്?

ശ്രീ. എ. ജെ. ജാൺ : പുനഃസംഘടിപ്പിച്ചില്ല. ഒരു കമ്മിററിയെ പുതുതായി രൂപീകരിക്കുകയായിരുന്നു ചെയ്തതു്.

ശ്രീമതി കെ. ആർ. ഗൗരി : ബാക്കിയുള്ള തുകകഠം എന്തിനുവേണ്ടിയാണ മുടക്കിയിരിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ : അമ്പലപ്പുഴ, ചേർത്തല മുതലായ സ്ഥലങ്ങളിൽ വീടുമേയാതിരുന്നവരുടെ വീടു മേഞ്ഞുകൊടുക്കുന്നതിന ചെലവുചെയ്തു. പല സ്ഥലങ്ങളിലും അഴുക്കതൊണ്ടു വാങ്ങി ഓരോ കുടുംബങ്ങഠംക്കും കൊടുത്തു. വസ്ത്രങ്ങളും കൊടുത്തിട്ടുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ഈ ഫണ്ടിൽനിന്നു ചേർത്തല എത്ര പുര മേഞ്ഞുകൊടുത്തിട്ടുണ്ട്?

ശ്രീ. എ. ജെ. ജാൺ : അതിപ്പോഠം തീർച്ചപറയാൻ നിവൃത്തിയില്ല. പത്തുനൂറ പുര മേഞ്ഞുകൊടുത്തിരിക്കും.

ശ്രീമതി കെ. ആർ. ഗൗരി : തൊണ്ടു വാങ്ങികൊടുത്തതു ഏതടിസ്ഥാനത്തിലായിരുന്നുവെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ : ഓരോ കുടുംബത്തിന്റെയും ആവശ്യം നോക്കി കമ്മിററിക്കാർ നിശ്ചയിക്കുന്ന റേററനുസരിച്ചു് കൊടുക്കുകയാണ ചെയ്തതു്.

ശ്രീമതി കെ. ആർ ഗൗരി : ഫണ്ടിൽനിന്നു സഹായം അർഹിക്കുന്നവരുടെ ഒരു ലിസ്റ്റ് കമ്മിററിയുടെ പക്കലുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ലോക്കൽ കമ്മിററിക്കു അങ്ങനെയൊരു ലിസ്ററുണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : ആ ലിസ്ററപ്രകാരമല്ല കാൺഗ്രസു കമ്മിററിയ്ക്കു ഇഷ്ടമുള്ള ആളുകഠംക്കാണ പണംകൊടുത്തും മററും സഹായം ചെയ്തിട്ടുള്ളതെന്നു ബഹുമാനപ്പെട്ട മന്ത്രിക്കറിയാമോ?

ശ്രീ. എ. ജെ. ജാൺ : അറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. ദിവാകരൻ : ദുരിതാശ്വാസഫണ്ടിന ഒരു കേന്ദ്ര കമ്മിററിയുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ; ഇടതുപക്ഷ പാർട്ടിയിൽപ്പെട്ട എതെങ്കിലും അംഗം ആ കമ്മിററിയിലുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതെനിക്ക നിശ്ചയമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: നിയമസഭയിലെ ഏററവും പ്രധാനപ്പെട്ട പ്രതിപക്ഷകക്ഷിയിലെ ഏതെങ്കിലും അംഗം കേന്ദ്രക്കമ്മിററിയിൽ അംഗമാണോ?

ശ്രീ. എ. ജെ. ജാൺ: അതു നോക്കിയേ പറയാൻ നിവൃത്തിയുള്ളു.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കൊടുങ്ങല്ലൂരിൽനിന്നും തെരഞ്ഞെടുത്ത അംഗം മരിച്ചുപോയിട്ടു പത്തുകൊല്ലത്തിലധികമായെന്നറിയാമോ?

Mr. Speaker: I am afraid it is a frivolous question.

ശ്രീ. പി. വി. അവിരാതരകൻ: ഈ ഫണ്ടിലേക്ക സംഭാവന കൾചെയ്യുന്നതു പണമായിട്ടാണോ, വല്ല സാധനങ്ങളുമായിട്ടാണോ?

ശ്രീ. എ. ജെ. ജാൺ: പണമായിട്ടാണ്.

ശ്രീ. പി. വി. അവിരാതരകൻ: പല താലൂക്കുകളിലേയും റവന്യൂ ഉദ്യോഗസ്ഥന്മാർ, അതായത് തഹശീൽദാർ, മജിസ്ട്രേട്ട് മുതലായവർ ഈ ഫണ്ടിനു കളക്ഷനുവേണ്ടി നടക്കുന്നതായിട്ടറിയാമോ?

ശ്രീ. എ. ജെ. ജാൺ: നടന്നിട്ടുണ്ടാകും. സാധുക്കളെ സഹായിക്കുവാനുള്ള കാര്യങ്ങൾക്കായി തഹശീൽദാരോ, മജിസ്ട്രേട്ടോ പോവുകയാണെങ്കിൽ അതു് ശിക്ഷാർഹമാണെന്നു പറഞ്ഞുകൂടാ.

ശ്രീ. പി. വി. അവിരാതരകൻ: പല കേസുകളിലേയും പ്രതികളോട് ഇവർ പണം പിരിച്ചിട്ടുള്ളതായി അറിയാമോ? അതായതു് കേസിനുവേണ്ടി കോടതിയിൽ ഹാജരാകുന്നസമയം അവിടെ വച്ചുതന്നെ പണം പിരിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിയാവുന്ന വിവരങ്ങളെല്ലാം ഞാൻ ഇവിടെ നേരത്തെ പറഞ്ഞുകഴിഞ്ഞു.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ഇതിലേക്ക ഗവണ്മെൻറ് രൂപീകരിച്ചിട്ടുള്ള കമ്മിററിയിൽ ഞങ്ങളുടെ കക്ഷിയിൽനിന്നും ആരെയും എടുത്തിട്ടില്ലെന്നു മാത്രമല്ല, ഞങ്ങളോട് സംഭാവന പോലും ചോദിച്ചിട്ടില്ലെന്നറിയാമോ?

Mr. Speaker: Does the hon. Member want to forward that amount now? (*Laughter*)

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇതിലേക്ക ഗവണ്മെൻറുദ്യോഗസ്ഥന്മാർ പണപ്പിരിവു നടത്തി ആ പണം കാൺഗ്രസ്സ് പാർട്ടിയുടെ ആവശ്യങ്ങൾക്ക ചിലവുചെയ്യു വരുന്നു എന്നു പരാതികൾ വല്ലതും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: യാതൊരു പരാതിയും കിട്ടിയിട്ടില്ല. മാത്രവുമല്ല അതു് അടിസ്ഥാനരഹിതവുമാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: കോൺഗ്രസ്സിന്റെ ഒരു പ്രചരണയന്ത്രമായിട്ടാണ് ഈ കമ്മിറ്റി പ്രവർത്തനം നടത്തുന്നതെന്നു പറയുന്നതു ശരിയാണോ?

ശ്രീ. എ. ജെ. ജാൺ: ശരിയല്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ അസംബ്ലിയിലെ മെംബറന്മാർ ഇതിനെപ്പറ്റി പരാതിപ്പെട്ടാൽ അന്വേഷണം നടത്തുമോ?

Mr. Speaker: That is a hypothetical question. It is disallowed.

ശ്രീ. ആർ. കേശവപിള്ള: നല്ല കാര്യങ്ങൾ നടത്തുന്നതിന് ഇത്ര വളരെ എതിർപ്പുണ്ടെങ്കിൽ അതു നിവർത്തിക്കളയരുതോ?

Mr. Speaker: That is another aspect of the question.

Indian Registration Act.

*351. [7] **Shri Chengarappalli P. Narayanan Potti:** Will the Minister for Revenue and Registration be pleased to state:

(*a*) has it come to the notice of this Government that after the Indian Registration Act was applied to this State, greater difficulties are being experienced by parties in the matter of getting their documents registered in time;

(*b*) is it a fact that most of the Sub-Registrars in the State are at a loss to find out the exact extent and application of the Act; and

(*c*) will the Government consider some method to see that the process of preparation and registration of documents are simplified to a minimum ?

Minister for Revenue (**Shri A. Chidambaranatha Nadar**) : (*a*) It has not come to the notice of the Goverment that after the Indian Registration Act was applied to this State, greater difficulties are being experienced by parties in the matter of getting their documents registered in time.

(*b*) No.

(*c*) The process now applied is working smoothly. If any improvements are suggested, Government are prepared to consider them.

Shri Chengarapalli P. Narayanan Potti : May I know whether the Government know that the Sub-Registrars are ordinnarily invested with high discretionary powers in the matter of accepting or refusing to accept documents?

Shri A. Chidambaranatha Nadar: No.

ഹോസ്റ്റൽ ഫീസ്

*൨൧൭. [വ്യ] ശ്രീ. കെ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

൧൧൨൭-൨൮ വർഷത്തിൽ യൂണിവേഴ്സിററി ഹോസ്റ്റൽഫീസു വർദ്ധിപ്പിച്ചുവോ; ൧൧൨൬-൨൭-ലെ ഫീസെന്തായിരുന്നു; ഫീസു വർദ്ധിപ്പിക്കുവാനുള്ള കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

൧൧൨൭-൨൮-ൽ യൂണിവേഴ്സിററി ഹോസ്റ്റൽ ഫീസു വർദ്ധിപ്പിച്ചു.

൧൧൨൬-൨൭-ൽ മുറി വാടക	൯ രൂ.
എസ്റ്റാബ്ലിഷുമെൻറ്	൧ രൂ.
അഡ്മിഷൻ ഫീസ്	൨ രൂ.

വെള്ളത്തിനും ലൈററിനും ചെലവാകുന്ന മൊത്തത്തുക ഹോസ്റ്റലിലെ വിദ്യാർത്ഥികൾ എല്ലാപേരും സമമായി വീതിച്ച് കൊടുത്തിരുന്നു.

ഹോസ്റ്റൽ എസ്റ്റാബ്ലിഷ്മെൻറ ചാർജ്ജ് പ്രതിവർഷം ൨൪,൭൦൦ രൂപയാണ്. ഇതിന്റെ ഒരംശമെങ്കിലും വിദ്യാർത്ഥികളിൽനിന്നും ഈടാക്കേണ്ടതു ആവശ്യമാണെന്നു തോന്നുകയാൽ ഹോസ്റ്റൽഫീസ് വർദ്ധിപ്പിക്കുവാൻ ഇടയായി. ഈ വർദ്ധിപ്പിച്ച നിരക്കും തിരുവനന്തപുരത്തെ സാധാരണരീതിയിൽ കുറവാണ്.

ശ്രീ. കെ. കുട്ടപ്പൻ : ഈ വർദ്ധിപ്പിച്ച ഫീസ് കുറച്ചു കിട്ടണമെന്ന് വിദ്യാർത്ഥികളോ അവരുടെ രക്ഷകർത്താക്കളോ അപേക്ഷിച്ചിട്ടുണ്ടോ?

Mr. Speaker : The very same question has been put and answered in this House and the very same supplementary questions were also put and answered. Fresh supplementaries may well be put

ശ്രീ. കെ. കുട്ടപ്പൻ : റെൻറ് കൂട്ടുന്നതിന് റെൻറ് കൺട്രോൾ ആക്ററ് അനുസരിച്ച് എന്തെങ്കിലും വ്യവസ്ഥയുണ്ടോ?

ശ്രീ. എ. ജെ. ജാൺ : റെൻറ്കൺട്രോൾ ആക്ററ് ഇതിനു അപ്ലൈചെയ്യുകയില്ല.

ശ്രീ. കെ. കുട്ടപ്പൻ : ആകെക്കൂടിലും ഈ കൂടിയ ഫീസ് തിരിച്ചു കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ : കഴിഞ്ഞ കൊല്ലത്തിൻെറ മദ്ധ്യത്തിലാണ് ഇങ്ങനെ ഫീസ് വർദ്ധിപ്പിച്ചതു്. അപ്പോൾ ചിലർ ഫീസു കുറയ്ക്കണമെന്നു അപേക്ഷിക്കുകയും, യൂണിവേഴ്സിററി അധികൃതന്മാരായി ആലോചിച്ചപ്പോൾ, വർഷത്തിൻെറ മദ്ധ്യത്തിൽ ആയതുകൊണ്ടു തിരിച്ചുകൊടുക്കുവാൻ തീരുമാനിക്കുകയും അതനുസരിച്ച് തിരിച്ചുകൊടുക്കുകയും

ചെയ്തിട്ടുണ്ട്. അതിനുശേഷം ഫീസ് വർദ്ധിപ്പിച്ചിട്ടുള്ള വിവരം പരസ്യപ്പെടുത്തുകയും കാളേജു തുറന്നപ്പോൾ ഈ ഫീസ് കൊടുക്കാമെന്നു വിദ്യാർത്ഥികളും രക്ഷകർത്താക്കളുംകൂടിച്ചേർന്നു ഒരു സ്റ്റേറ്റുമെൻറു എഴുതിക്കൊടുക്കുകയും ചെയ്തതിനുശേഷമാണ് ഇപ്രകാരം ഫീസ് ഈടാക്കിക്കൊണ്ടിരിക്കുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി: എക്സ്ട്രാർഡിനറി ചിലവുകൂടിയുണ്ടെന്നു പറഞ്ഞുവല്ലോ, അതെന്താണ്?

Mr. Speaker: It is not "extraordinary" charges; It is "establishment" charges.

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോൾ മുറിയുടെ വാടക കൂട്ടിയിട്ടുണ്ടെന്നു പറഞ്ഞു. മുൻപു ഒരു മുറിയിൽ രണ്ടുകുട്ടികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ഇപ്പോൾ മൂന്നു കുട്ടികൾ വീതം ഇല്ലേ? പിന്നെ വാടക വർദ്ധിപ്പിച്ചതെന്തിനാണ്?

ശ്രീ. എ. ജെ. ജാൺ: കുട്ടികളും അവരുടെ രക്ഷകർത്താക്കളുംകൂടി ചേർന്നു സ്റ്റേറ്റുമെൻറു എഴുതി ഒപ്പിട്ടുകൊടുത്തതിനുശേഷമാണു കൂട്ടിയിട്ടുള്ളതു്.

ശ്രീമതി കെ. ആർ. ഗൗരി: ഇപ്പോൾ എത്ര രൂപയാണു കൂട്ടിയിട്ടുള്ളതു്?

ശ്രീ. എ. ജെ. ജാൺ: ഫ്രൻഡ് ഫ്ലോറിൽ ആറു രൂപയായിരുന്നു, ഇപ്പോൾ അതു ഏഴു രൂപയാക്കിയിട്ടുണ്ടു്.

ശ്രീമതി കെ. ആർ. ഗൗരി: കുട്ടികളും രക്ഷകർത്താക്കളുംകൂടി സ്റ്റേറ്റുമെൻറു എഴുതിത്തന്നതിനു ഒരു ശിക്ഷയായിട്ടാണോ ഇങ്ങനെ ഫീസു കൂട്ടിയതു്?

ശ്രീ. എ. ജെ. ജാൺ: ശിക്ഷ എന്നു പറഞ്ഞതിൻെറ അർത്ഥം എന്താണെന്നു എനിക്കു മനസ്സിലാകുന്നില്ല.

Kandukrishi Lands.

*353. [9] **Shri A. Kunjan Nadar:** Will the Minister for Land Revenue be pleased to state:

(*a*) whether Kandukrishi land is now Government land;

(*b*) whether any money is paid or being paid to the Crown by the Government ; and

(*c*) if so, what is the nature of the payment and the amount paid?

Minister for Revenue **(Shri A. Chidambaranatha Nadar):**

(*a*) Yes.

(*b*) No money is paid or being paid as compensation for the surrender of kandukrishi lands.

(*c*) Does not arise...

ശ്രീ. എ. കുഞ്ഞൻനാടാർ : കാമ്പൻസേഷൻ അല്ലാതെ ഈ ഗവ ണ്മെന്റ് എന്തെങ്കിലും പണം കൊടുക്കുന്നുണ്ടോ ?

Shri A. Chidambaranatha Nadar: Money is not paid, but 4,000 paras of paddy and 100 paras of gnavara rice, and 1 paras of "Oora" rice are being supplied to them.

ശ്രീ. എ. കുഞ്ഞൻനാടാർ : അതു് എന്തിനായിട്ടാണു് കൊടുക്കുന്നതു് ?

Shri A. Chidambaranatha Nadar: It is being supplied free of compensation.

ശ്രീ. എ. കുഞ്ഞൻനാടാർ : അതായതു് പാട്ടമായിട്ടാണോ, മിച്ചവാരമായിട്ടാണോ കൊടുക്കുന്നതു് എന്നാണു് ഞാൻ ചോദിച്ചതു്.

(No answer.)

ശ്രീ. എ. കുഞ്ഞൻ നാടാർ : അങ്ങിനെ കൊടുക്കണമെന്നു വ്യവസ്ഥ വല്ലതുമുണ്ടോ ?

Shri A. Chidambaranatha Nadar: The rules governing this have not yet been finalized.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഈ വസ്തുക്കളിലുള്ള പ്രൊപ്രൈറ്ററി റൈറ്റ്സ് മുഴുവനും ഗവണ്മെന്റിനാണോ ?

Mr. Speaker: The answer says that now kandukrishi lands are Government lands. Therefore, is it the intention of the hon. Member to put supplementary questions and elicit information whether kandukrishi lands are somthing else?

ശ്രീ. എ. കുഞ്ഞൻ നാടാർ : ഈ ബില്ല് എങ്ങിനെയാണു് ഗവ ണ്മെന്റ് സ്വീകരിക്കുന്നതു് ? എന്തടിസ്ഥാനത്തിലാണെന്നാണു്.

Mr. Speaker: From the cultivators. **(Laguhter)**

Shri P. S. Nataraja Pillai: The answer to part (a) of the question is 'yes'. May I know whether any taxation in kind is enforced on these lands?

Shri A. Chidambaranatha Nadar : At present we collect tax in kind from the lands in question .

Shri P. S. Nataraja Pillai : Then may I know under what provisions of law tax is collected on Government land ?

Shri A. J. John : Under the original agreement already entered into, that is being done.

Shri P. S. Nataraja Pillai : Am I to understand then that the holders of Kandukrishi lands are the lease holders ?

Shri A. J. John : That matter has not been finalised by Government.

Shri P. S. Nataraja Pillai: May I know then, when the land is acquired by Government, who gets the land compensation for that?

Shri A. J. John: Government have not decided that question yet.

Shri P. S. Nataraja Pillai: So far as the lands acquired by Government are concerned, may I know who gets that compensation under the law existing today?

Shri A. J. John: I am not quite sure on that point. As said Government have not yet finalised the matter.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : കണ്ടുകൃഷിലാൻഡ് ഗവണ്മെൻറിലേക്ക വിട്ടുകൊടുത്തതിന കാമ്പൻസേഷൻ കൊടുത്തിട്ടില്ലെന്നാണോ മനസ്സിലാക്കേണ്ടതു്?

Mr. Speaker : The Minister has said already that the point has not been finalised.

Shri E. Gopalakrishna Menon : It was answered by Government at one time that somewhere near two lakhs of rupees have been awarded as compensation and now we hear a different answer. How are we to reconcile that position?

ശ്രീ. എ. ജെ. ജാൺ: രണ്ടുലക്ഷം രൂപാ അതിന കാമ്പൻസേഷൻ വകയ്ക്കായി ഗവണ്മെൻറിൽനിന്നും കൊടുത്തിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ : ഇനിയും ഏതെങ്കിലും തുക കാമ്പൻസേഷനായി കൊടുക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്.

ശ്രീ. എ. താണുപിള്ള : ആകെ രണ്ടുലക്ഷം രൂപാ മാത്രമാണോ കാമ്പൻസേഷനായി കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളതു്, അതോ ആണ്ടുതോറും രണ്ടുലക്ഷം രൂപാ കൊടുക്കണമെന്നാണോ തീരുമാനിച്ചിരിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ : ആണ്ടുതോറും രണ്ടുലക്ഷം രൂപാ.

ശ്രീ. എ. താണുപിള്ള : അതിനുംപുറമെയാണോ നെല്ലും കൊടുക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ : അതേ.

ശ്രീ. എ. താണുപിള്ള : ഗവണ്മെൻറിലേക്ക വിട്ടുകിട്ടിട്ടുള്ള ലാൻറിന്റെ അവകാശമായിട്ടാണോ ഇത്രയും കൊടുക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ: അതേ.

ശ്രീ. എൻ. രാഘവക്കുറുപ്പ് : ഇങ്ങനെ കൊടുക്കേണ്ടതു എത്ര വർഷത്തേക്ക് അല്ലെങ്കിൽ എത്ര നാളത്തേക്കാണ്?

ശ്രീ. ഏ. ജെ. ജാൺ : അതിനു വ്യവസ്ഥ ഒന്നുമില്ല.

ശ്രീ. ചെങ്ങാരപ്പിള്ളി പി. നാരായണൻ പോററി : ഈ രണ്ടു ലക്ഷം രൂപാ കമ്പെൻസേഷൻ കൊടുക്കുന്നതു് ആദായത്തിന്റെ കണക്കമായിട്ടു എങ്ങനെ പൊരുത്തപ്പെടുമെന്നു പറയാമോ?

ശ്രീ. ഏ. ജെ. ജാൺ : ഇപ്പോൾ കിട്ടാവുന്ന ആദായത്തിന്റെ ഒരു ഭാഗം മാത്രമേ ആകുന്നുള്ളു.

ശ്രീ. അമ്പാട്ടു ഈശ്വരമേനോൻ : ഈ രണ്ടു ലക്ഷം രൂപാ കമ്പൻസേഷൻ കൊടുക്കുന്നതു എന്തിനാണ്?

ശ്രീ. ഏ. ജെ. ജാൺ : കണ്ടുകൃഷി ലാൻറു മുഴുവനും മഹാരാജാവിന്റെ കൈവശമിരിക്കുകയായിരുന്നു. അതിന്റെ ആദായം മുഴുവനും മഹാരാജാവുതന്നെ വാങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. എന്നാൽ ആ ഭൂമികൾ ഗവണ്മെൻറിലേക്കെടുത്തപ്പോൾ പാട്ടത്തിന്റെ ഒരു ഭാഗം മഹാരാജാവിനു കൊടുക്കണമെന്നു ഗവണ്മെൻറു തീരുമാനിച്ചതാണ്.

ശ്രീ. ജെ. രാഘവൻപിള്ള : ഇങ്ങനെ കാമ്പൻസേഷനായി എത്ര തുക വരുമെന്നാണു കണക്കാക്കിയിരിക്കുന്നതു്?

ശ്രീ. ഏ. ചിദംബരനാഥനാടാർ : ൨,൭൦,൭൭൫-൧൪-൧.

ശ്രീ. ജെ. രാഘവൻപിള്ള : അതു എത്ര ഏക്കർ ഭൂമിക്കു വേണ്ടിയാണ്?

ശ്രീ. ഏ. ചിദംബരനാഥനാടാർ : ൧൬,൦൦൦ൽ ചില്വാനം ഏക്കർ.

Municipal Elections.

*354. [10] **Shri K. Sattanatha Karayalar**: Will the Minister for Local Self Government be pleased to State :

(a) whether the Government have received complaints regarding foul practices in the municipal elections; and

(b) if so, what steps are taken to rectify them ?

Minister for Local Self Government **(Shri K. Kochukuttan)** :

(a) No;

(b) In view of answer to part (a) the question does not arise.

Shri K. Sattanatha Karayalar : May I know whether any complaint has been received by Government ?

Shri K. Kochukuttan : That is exactly what I said. No complaint has been received by Government from any municipality.

Failure of crops.

*355. [12] **Shri A. Samraj:** Will the Minister for Revenue be pleased to state the area of paddy fields in South Travancore in which total failure of crops occurred during the last season according to the departmental enquiry ?

Chief Minister **(Shri A. J. John) :** The report from the Revenue Board is to the effect that 7063 acres were badly affected by droughts.

Shri T. S. Ramaswami : On a previous occasion there was a different answer from Government on this matter. Originally it was said that 200 acres were very badly affected, then it came to 7 thousand acres or so, then again 8 thousand acres or near about, then again the answer was being prepared and so on, and now the prepared answer is a different one. My point is whether this answer at least is correct or not.

Shri A. J. John : That is the report of the Revenue Board.

Shri T. S. Ramaswami : Will this answer change ?

Shri A. J. John : The information has been given in the House.

Shri T. S. Ramaswami : May I know then whether water cess concession was given to these 7 thousand acres ?

Shri A. J. John : Orders of Government were to grant remission in cases of total failure of crops and not for partial failure. Whether there was a complete failure is not known.

Shri T. S. Ramaswami : Can I take it that these 7 thousand acres were totally affected ?

Mr. Speaker : The answer is that the lands were badly affected.

Shri T. S. Ramaswami : That is the very reason why I put the question whether there is any indication of total failure of crops.

Shri A. J. John : On that the report is that only two hundred acres have been totally affected.

Shri T. S. Ramaswami : But the question enquires about the area of paddy fields in which total failure of crops occurred during the last season. What is the 200 acres referred to ?

Mr. Speaker : It relates to total failure.

Shri T. S. Ramaswami : My question was about the area of paddy fields in South Travancore in which total failure of crops occurred during the last season and the answer given was........

Mr. Speaker : Does it follow that you do not want the 7,000 acres given as answer ?

Shri T. S. Ramaswami : I want to know the exact figure. I want to know whether the 7,000 acres were affected ?

Shri A. J. John : The report from the Board of Revenue says that 7,000 acres were badly affected. But the total failure refers to 200 acres only. If the hon. Member challenges that statement Government will make further enquiries in the matter.

Shri T. S. Ramaswami : Will the Government expedite the enquiry ?

Shri A. J. John : Yes.

Shri T. S. Ramaswami : Not only that but they should come to aconclusion. Will they do it ?

Shri A. J. John : Yes.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ വിളവുണക്കംമൂലം പ്രൊക്യൂവർ ചെയ്യേണ്ടതായ എത്ര പറ ഗവണ്മെന്റിനു നഷ്ടപ്പെട്ടിട്ടുണ്ട്?

ശ്രീ. എ. ജെ. ജാൺ: ൩,൧൦,൦൦൦ പറ നെല്ലു കുറച്ചേ പ്രൊക്യൂവർ ചെയ്യാൻ സാധിച്ചിട്ടുള്ളൂ.

Drought in South Travancore.

*356. [13] **Shri A. Samraj :** Will the Chief Minister be pleased to state :

(*a*) the areas most affected by drought conditions during last season in South Travancore ; and

(*b*) measures taken by Government to relieve distress, unemployment and hunger in those areas ?

Chief Minister **(Shri A. J. John) :**

(*a*) Answer to part (a) of the question is the same as given to Q. 355 just now answered;

(*b*) A statement showing the relief measures taken by Government is laid on the table.† It is a long one; if the member is desirous of hearing it, I shall read it.

Mr. Speaker : It is enough if the statement is placed on the table.

† Please see Appendix I.

ശ്രീ. എ. കുഞ്ഞൻനാടാർ: ചോദ്യം ൧൩–ൽ "വഴ്സ്റ്റ് അഫക്ടഡ് ഏരിയാസ്" എന്നു പറഞ്ഞിരിക്കുന്നതു ഏതു പ്രദേശത്താണെന്നു പറയാമോ?

Mr. Speaker: How does that arise?

Shri A. Kunjan Nadar: The question refers to areas and hence my point regarding the locality.

Mr. Speaker: That is what is intended. Probably it has to be understood like that.

Shri A. J. John: Yes, Sir.

ശ്രീ. എ. കുഞ്ഞൻനാടാർ: ഏതെല്ലാം പ്രദേശത്താണു് "വഴ്സ്റ്റ് അഫക്ടഡ് ഏരിയാ" എന്നു അറിഞ്ഞാൽ കൊള്ളാം.

ശ്രീ. എ. ജെ. ജാൺ: വിവരങ്ങൾ അന്വേഷിച്ചു പറയാം.

Educational concessions to Anglo-Indians.

*357 [15] **Shri A. A. D. Luiz:** Will the Chief Minister be pleased to state whether the Anglo-Indians are receiving any educational concessions in this State and the exact nature of such concessions?

Chief Minister **(Shri A. J. John):** Yes. The Anglo - Indians are given the following educational concessions.

(*a*) Half fee concession on production of poverty certificates;

(*b*) one merit scholarship at Rs. 8 - for senior University classes and one at Rs. 6 - for junior University classes for the best Anglo-Indian student (boy or girl) in the college classes in the State;

(*c*) One merit scholarship for boys and one for girls in the U. S. D. at Rs. 3 each;

(*d*) One merit scholarship for boys and one for girls in the L. S. D. at Rs. 2 each;

(*e*) Half fee concession according to rank and poverty in some of the private colleges in Cochin area where concession places have been fixed.

Shri A. A. D. Luiz: May I ask the Minister the criterion for the granting of half fee concession?

Shri A. J. John: The condition is that poverty certificate has to be produced by the candidates in question.

Shri A. A. D. Luiz: Will the Minister be pleased to state the number of poor students who have received half fee concession during the last academic year?

Shri A. J. John: In colleges the number is 11 Anglo-Indians.

Shri A. A. D. Luiz : And in schools ?

Shri A. J. John : I am not in a position to say that now.

ഇങ്ങിനെ നാനാവിധത്തിലും ആത്മാർത്ഥമായ ആവശ്യത്തിനുതകുന്ന വൈദ്യസഹായം നാട്ടുകാർക്കെത്തിക്കുവാൻ ഈ ഡിപ്പാർട്ടുമെൻറ് പര്യാപ്തമല്ല.

[ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ.]

ഗ്രാമങ്ങളിൽനിന്നും പട്ടണത്തിൽ വന്നു ചികിത്സനടത്തിയും മരുന്നുകൾ വാങ്ങിച്ചും പോകുവാനുള്ള യാത്രാസൗകര്യങ്ങൾപോലും കാര്യക്ഷമമായി ഉണ്ടാക്കുവാൻ ഈ ഗവണ്മെൻറ് ആത്മാർത്ഥമായി പരിശ്രമിച്ചിട്ടില്ല.

സർ, ഒരു മുൻ ആരോഗ്യമന്ത്രിയുടേയും ഒരു മുൻ മുഖ്യമന്ത്രിയുടെയും നാടാണു് പറവൂർതാലൂക്കു്. അവിടെ എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട മൂത്തകുന്നത്തുനിന്നു് ഒരാളെ അത്യാവശ്യമായി പറവൂർ ആശുപത്രിയിൽ കൊണ്ടുവരണമെങ്കിൽ ഇന്നു നിവൃത്തിയില്ല. ഒരു പാലം പണിതിട്ടു മാസം ആറുകഴിഞ്ഞു. അപ്രോച്ചു് റോഡു് ശരിയാകാത്തതുകാരണം ഏണിവഴി കയറിയിറങ്ങിവേണം യാത്രചെയ്യാൻ. ഈയിടെതന്നെ റോഡുപണി ആരംഭിക്കുന്നതുകൊണ്ടു് ചങ്ങാടം നിർത്തൽ ചെയ്തതായി ഒരു നോട്ടിഫിക്കേഷൻ കഴിഞ്ഞമാസത്തെ ഗസററിൽ കണ്ടു. എന്തിനാണിങ്ങനെ ഗസററിറക്കുന്നതു്. കടത്തുകൂലിയും കൂട്ടാൻ പോകുന്നത്രെ.

പറവൂർ-ചാത്തനാട്ടു റോഡിൽ പെരുമ്പടന്നക്കു സമീപം ഒരു തോടുണ്ടു്. അവിടെ ഒരു കലുങ്കു് കെട്ടുന്നകാര്യം ബഡ്ജററിൽ കണ്ടുതുടങ്ങിട്ടു് കുറെ നാളുകളായി.

മുനമ്പംപള്ളിപ്രം റോഡാണെങ്കിൽ കലുങ്കുകൾ തകർന്നും റോഡു് തോടായും കിടക്കുകയാണു്.

ചേന്ദമംഗലം വ സെക്ഷൻ റോഡിനു സ്ഥലം അക്വയർ ചെയ്തു കഴിഞ്ഞു. ഇന്നതു് സർക്കാർ തെങ്ങുകയറിച്ചു് ആദായമെടുക്കുകയാണു്.

ഗോതുരുത്താണെങ്കിൽ സഞ്ചാരയോഗ്യമായ ഒരിടവഴിപോലും ഇല്ലാതെ നാലുവശവും വെള്ളത്താൽ ചുററപ്പെട്ടു് ഒരുമിച്ചായി കിടക്കുകയാണു്.

സർക്കാർ റോഡുവെട്ടിയില്ലെങ്കിൽ വേറെയുള്ള നാട്ടുകാർ സ്ഥലം സംഭാവനചെയ്തു റോഡുവെട്ടിയാൽ അതു ഗവണ്മെൻറിനു് വേണ്ടാതാനും.

ഇതിനെപ്പററി പരാതിപ്പെട്ടിട്ടൊരു ഫലവുമില്ല. അത്രയാണവരുടെ ഉത്തരവാദിത്വം.

റൂറൽസാനിട്ടേഷൻേറയും ശുദ്ധജലവിതരണത്തിൻേറയും കാര്യം പരിതാപകരമാണു്.

മററു പലയിടങ്ങളിലുമെന്നപോലെ പറവൂർ ടൗണിലും ജനങ്ങൾ ഇടതിങ്ങിപ്പാർക്കുന്ന ഒരു വാർഡിൻെറ മദ്ധ്യത്തിലാണു് മലനിക്ഷേപകേന്ദ്രം. അതിൻെറ ചുററും ഒരു വേലിപോലും കെട്ടുവാൻ അധികൃതർ ശ്രദ്ധിച്ചിട്ടില്ല. പബ്ലിക്കു് ആഫീസുകളുടെ മുൻപിലുള്ള കച്ചേരിതോട്ടു് വെള്ളം കെട്ടികിടന്നു് ഒരു കൊതുകുവളർത്തൽ കേന്ദ്രമായിരിക്കുകയാണു്. ടൗണിലെ ഇടവഴികളെല്ലാം പബ്ലിക്കു് ലട്രീനുകളായി തീർന്നിട്ടുണ്ടു്. ടൗണിലും ഗ്രാമങ്ങളിലും പബ്ലിക്കു്കക്കൂസുകൾപോലുമില്ല.

ശുദ്ധജലംകിട്ടാതെ വിഷമിക്കുന്ന വടക്കേക്കര, മുനമ്പം, കടക്കര, പെരുമ്പടന്ന തുടങ്ങിയ പ്രദേശങ്ങളിൽ കുഴൽകിണറുകളോ സാധാരണ പൊതുകിണറുകളോ ഇല്ല. പൈപ്പ്ലൈൻ നീട്ടുന്ന കാര്യത്തിൽ ഈ ഗവണ്മെൻറ് കാണിക്കുന്ന കുററകരമായ അനാസ്ഥ ക്ഷന്തവ്യമല്ല.

ഒരു രാജ്യത്തിന്റെ പൊതുജനാരോഗ്യപ്രവർത്തനത്തിന്റെ അടിസ്ഥാനം സാധാരണക്കാരന്റെ ജീവിതനിലവാരം ഉയർത്തുകയാണ്. സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുകയാണ് എന്ന തത്വം ഈ ബുദ്ധിരാക്ഷസന്മാർക്ക് അറിഞ്ഞുകൂടായിരിക്കും. തൊഴിലില്ലായ്മയിലും പട്ടിണിയിലും കൂടി നീങ്ങി വിലക്കയററത്തിൽ അടിപ്പെട്ട് വാങ്ങാനുള്ള കഴിവ് നശിച്ച് ഭക്ഷണക്ഷാമത്തിൽ മുങ്ങി കഴിയുന്ന ഒരു ജനത ആരോഗ്യം നിലനിറുത്തണമെന്ന് പറയുന്നതിൽ അർത്ഥമില്ല.

നാട്ടുകാരുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുവാൻ ഇവർ എന്തു ചെയ്തു സർ. സാധാരണക്കാരന്റെ ജീവിതനിലവാരം ഉയർത്തുവാൻ ഇവർക്ക് എന്തു പദ്ധതിയാണുള്ളത്? ഈ നാട്ടിലെ തൊഴിലാളികളുടെ സാമ്പത്തികനില അഭിവൃദ്ധിപ്പെടുത്തുവാൻ ഈ പട്ടംമലയിലെ ഘാതകർക്ക് കഴിവില്ല. ഈ രാജ്യത്തിന്റെ വരുമാനത്തിന്റെ നല്ല ഒരു ശതമാനം നേടികൊടുക്കുന്ന ചെത്തു തൊഴിലാളികളുടെ അവകാശവാദങ്ങളുടെ നേരെ ഇവർ എടുത്തനില, കാണിച്ച അനാസ്ഥ, പ്രയോഗിച്ച മൃഗീയമായ മർദ്ദനമുറകൾ ഇതു് വിളിച്ചു പറയുന്നുണ്ട്. ഒത്തുതീർപ്പുകൾ ലംഘിച്ചാൽ ഇവർ ഇടപെടുകയില്ല. തൊഴിലാളികളെ മുതലാളികളും ഗുണ്ടാകളും മർദ്ദിച്ചാൽ ഇവർ ഇടപെടുകയില്ല. ഒരധികാരവുമില്ലാത്ത ലേബർഡിപ്പാർട്ടുമെൻറും തൊഴിലാളികളുടെ അവശതകളുടെ നേരെ "മുതലക്കണ്ണുനീരു" ഒഴുക്കുന്ന ഈ മഹാമനസ്കരുംകൂടി ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുമെന്നു കരുതുന്നതു് മൗഢ്യമാണ്. "തൊഴിലാളികൾ അവകാശങ്ങൾക്ക് ഡയറക്ട് ആക്ഷനിലേക്ക് നീങ്ങിയാൽ അതു് അവരുടെ കാര്യമാണെന്ന് കരുതി മിണ്ടാതെയിരിക്കുകയേ നിവൃത്തിയുള്ളു," എന്ന അർത്ഥത്തിൽ തൊഴിൽവകുപ്പുമന്ത്രി പറഞ്ഞ വാക്കുകൾ ഞാൻ ഓർക്കുകയാണ് സർ. എന്തൊരു ധിക്കാരമാണിതു്, സർ. തൊഴിലാളിവർഗ്ഗത്തോടു എന്തൊരു പുച്ഛമാണ് സർ.

മുനിസിപ്പൽ തൊഴിലാളികൾക്ക് ഒരു മിനിമംവേജസ് കമ്മിററി വന്നു. റിപ്പോർട്ടു് സമർപ്പിച്ചു. കയർ മിനിമം വേജസ് കമ്മിററി റിപ്പോർട്ടു സമർപ്പിച്ചു. ബീഡിതൊഴിലാളികളുടെ മിനിമംവേജസ് നിശ്ചയിച്ചു. വ്യവസായം ഇന്ന് തകർന്നിരിക്കുകയാണ്. മിനിമംവേജസ് നിശ്ചയിച്ച് കടലാസിലെഴുതി തൊഴിലാളിയെ കാണിക്കാനല്ലാതെ ഇതൊന്നും നടപ്പിൽവരുത്താൻ ഇവർക്കു പദ്ധതിയില്ല,

കയർസഹകരണസംഘങ്ങൾ ഈ നാട്ടിൽ ഉണ്ട്. ഇന്ന് നിലവിലുള്ള കൂലിയെങ്കിലും നിലനിറുത്തുവാനോ ജോലിസ്ഥിരത നൽകുവാനോ ഉള്ള യാതൊരു പദ്ധതിയുമില്ലാത്ത ഈ സഹകരണസംഘങ്ങൾകൊണ്ട് യാതൊരു നേട്ടവുമുണ്ടാകയില്ല. ശരിയായ പ്രചാരം നൽകി മാർക്കറ്റ് കണ്ടുപിടിക്കാനോ നൂലിന്റെ ഇന്നത്തെ വിലക്കൂടുതൽ സബ്സിഡൈസ് ചെയ്യാനോഉള്ള പദ്ധതികൾ ഒന്നുമില്ലാത്ത കൈത്തറിവ്യവസായപ്രോത്സാഹനത്തിൽ അർത്ഥമില്ല. അങ്ങിനെ ജനങ്ങളുടെ ജീവിത നിലവാരം അഭിവൃദ്ധിപ്പെടുത്താതെ അവരുടെ ആരോഗ്യം നിലനിറുത്താമെന്നുള്ള വ്യാമോഹവും അതിനുള്ള നെടുങ്കൻ പദ്ധതികളും വെറും പൊള്ളത്തരങ്ങളാണ്, വീമ്പു പറച്ചിലാണ്.

[ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ.]

രണ്ടും മൂന്നും വയസ്സുള്ള പിഞ്ചുകുഞ്ഞുങ്ങൾ മുതൽ ആബാലവൃദ്ധം കുടുംബാംഗങ്ങളും കൂടി മടൽതല്ലിയും കയർ പിരിച്ചും നൂൽ ചുററിയും മുണ്ടു നെയ്തും കഠിനാധ്വാനം ചെയ്തു പട്ടിണി കിടക്കേണ്ടിവരുന്ന ഈ പരിതഃസ്ഥിതിയിൽ കുടിയിറക്കപ്പെട്ടു ഭവനരഹിതരായി പീടികത്തിണ്ണകളിലും പെരുവഴിയിലും സംസ്കാരവും സന്മാർഗ്ഗവും വിററതിനു ജീവിക്കേണ്ടിവരുന്ന ഒരു വിഭാഗം ആളുകളുള്ളപ്പോൾ ആരോഗ്യത്തെപ്പററിയുള്ള മായാദീപപ്രസംഗങ്ങൾ കൊണ്ടൊന്നും ഫലമില്ല സർ.

രാഷ്ട്രീയമായ മുതലെടുപ്പിനും വോട്ടുപിടിത്തത്തിനും ചിലരുടെ കാര്യലാഭത്തിനും വേണ്ടിയുള്ള ദുരിതാശ്വാസനിധിയും ആത്മാർത്ഥതയില്ലാത്ത ദുരിതനിവാരണപ്രവർത്തനവും ഇതിന് പരിഹാരമല്ല.

പട്ടുമല സൃഷ്ടിച്ച ഇവർക്ക്, നാടെങ്ങും മർദ്ദനം അഴിച്ചുവിട്ട ഇവർക്ക് നാടെങ്ങും നടക്കുന്ന ഗുണ്ടാഭരണത്തിനു കൂട്ടുനില്ക്കുന്ന ഇവർക്ക് സ്വകാര്യതാൽപര്യങ്ങൾ മാററിവെച്ച്, ജനങ്ങളോടുള്ള ഉത്തരവാദിത്വം ആദ്യം മനസ്സിലാക്കണം. വളർന്നുവരുന്ന സാമ്പത്തികക്കുഴപ്പവും വ്യാവസായിക തകർച്ചയും പരിഹരിക്കേണ്ടതു തൊഴിലിനും ജോലി സ്ഥിരതയ്ക്കും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനും അത്യന്താപേക്ഷിതമാണെന്നു ബോദ്ധ്യംവരണം. ആത്മാർത്ഥതയോടെ അതിനുവേണ്ട വ്യക്തമായ പരിപാടികൾ രൂപീകരിച്ച് ആത്മധൈര്യത്തോടെ നട്ടെല്ലോടുകൂടി അതു നടപ്പിൽ വരുത്തുവാൻ പരിശ്രമിക്കണം. അതിനു ഇവർക്കു കഴിവുണ്ടോ, സമയമുണ്ടോ, മനസ്സുണ്ടോ എന്നാണു നോക്കേണ്ടതു്.

പട്ടുമല സൃഷ്ടിച്ച ഇവർക്ക്, നാടെങ്ങും മർദ്ദനം അഴിച്ചുവിട്ട ഇവർക്ക്, നാടെങ്ങും നടക്കുന്ന ഗുണ്ടാഭരണത്തിനു കൂട്ടുനില്ക്കുന്ന ഇവർക്ക് ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴികയില്ല. അവരുടെ നേരെ സമരം പ്രഖ്യാപിക്കുന്ന ഈ ബഡ്ജററ് അവതരിപ്പിച്ച മന്ത്രിസഭയ്ക്കു അതിനു കഴിവില്ല, മനസ്സില്ല, സമയവുമില്ല.

ഇവർക്കു ഈ നാട്ടിലെ ജനങ്ങളെ പ്രതിനിധീകരിക്കാൻ എന്തർഹതയാണുള്ളതെന്നു ഞാൻ ചോദിക്കുന്നു. ജനങ്ങൾ അതിന് ഉത്തരം പറയാൻ തയാറെടുക്കുന്നുണ്ട്.

''വീട് ഇടിഞ്ഞു പൊളിഞ്ഞു വീണാലൊ, അതിനകത്തുള്ളവർ മരിച്ചാലൊ എന്താണു ചെയ്യേണ്ടതെന്നു അപ്പോഴാണു ആലോചിക്കേണ്ടതെന്നു'' പ്രഖ്യാപിച്ച ഒരു മന്ത്രിസഭയാണിതു്.

ഇതു ഇടിഞ്ഞു പൊളിഞ്ഞു വീഴും. എന്താണു ചെയ്യേണ്ടതെന്നു ആലോചിക്കാൻ സമയം കിട്ടുന്നതിനുമുൻപു അതു തീരുകയും ചെയ്യും. അത്രമാത്രം. ഈ ബഡ്ജററിനെ എതിർക്കുന്നു.

Shri A. A. D. Luiz : Sir, cataloguing of grievances is never a pleasant task but it becomes inevitable for a member nominated to represent a particular minority community.

Before starting with a chain of complaints it is worth conveying to this House a piece of information.

I am now in possession of information with regard to amounts disbursed by various States in India for promoting Anglo-Indian education. The figures for the years 1951-52 are as follows :—

The United Provinces with a population of 6062 Anglo-Indians have spent Rs. 7,02,171. Orissa with a population of 485 spent Rs. 50,579. Punjab with a population of 935 spent Rs. 81,628. Madras with a population of 27,253 spent Rs. 11,01,772. Hyderabad with a population of 2634 spent Rs. 1,37,814. Bombay with a population of 7,327 spent Rs. 5,37,933. Delhi with a population of 812 and with just two Anglo-Indian institutions spent Rs. 14,614. The above population figures are from the Census of India 1951. The States in India have been generous to this community because they are poor not only financially but also in progress and in education, their charity being founded on the fact that they are a backward class. If one group can receive consideration and concessions at one latitude within India, why should they be denied assistance at another latitude and that too within India ? The Government now engaged in nation building will take cognizance of the information furnished and do something for the betterment of this community.

Coming to the catalogue of complaints the first that should be mentioned is the recent G. P. S2-15238/50/CS dated 17th September 1952, whereby this Government has overlooked the privileges which existed for this community in erstwhile Cochin State and has clubbed them with the Latin Catholics in this State for the purpose of Government appointment. In erstwhile Cochin State where the greater part of Anglo-Indians even now have their homes, it was an established fact right from July 1925 that this community was treated as a distinct minority community. It was in recognition of this privilege that the Government was pleased to create a nominated seat for this community in the Cochin Legislative Council. Order No.9 in Appendix 3, page 233 of the Standing Orders (Edition IV), gives the rules of the Staff Selection Board and from this it is quite clear that the Anglo-Indians were not only treated as a distinct minority but were also entitled to two per cent of the public appointments. The Order of rotation is stated in Schedule II of the Rules and this too clearly indicates the distinction between Anglo-Indians and Latin Catholics. The community that received appointments in this State feel most unhappy to realise that a privilege that once existed for them has been totally destroyed. Surely, in the Covenant of Integration of the two States there are ample provisions to protect the privileges that were enjoyed by the citizens of both States. The Government may seek shelter under the

[Shri. A. A. D. Luiz.]

provisions of Article 16 (1) but remember that by sub-section (4) of the same Article the Government is given the freedom to declare communities as backward classes. If you have the authority to declare afresh, you have the right to retain the declaration that this community is a backward class. The Government of India has in Articles Nos. 336 and 337 deviated from the provisions of Article 16 for the sake of this backward community and I fail to understand why this State Government cannot use the provisions of Article 16 (4) to permit the continuance of the privilege that existed. A Committee was constituted in this State for advising the Government with regard to rules to be made for recruitments in Government Service. This Committee submitted a report to the Government on 21st March, 1952. This Committee has made a report without considering the past and present backwardness of Anglo-Indians. There is nothing in this report about this Community. I will be perfectly justified in using the word "careless". Reference has to be made to the provisions in sub-Clauses 1 and 2 of Article 336 of the Constitution of India where it is clearly stated that the privileges enjoyed by Anglo-Indians as on the 15th August 1947, shall continue for a period of ten years. Reference should also be made to the Constituent Assembly Debates —Minority Community Report—Appendix A of report in Volume V, No. I-XI-1947 (pages 267-272) from where it is clear that the Anglo-Indians have not been classed with Indian Catholics for appointments etc. It is also worth bringing to your attention that in the Anglo-Indian community there are followers of the Church of England, the Scottish Church and many other non-Catholic and non-Roman institutions. The classification "Latin Catholic" only includes those who come within the Latin Hierarchy as administered by His Holiness the Pope of Rome. Religion is just an accident of birth and a democratic Government cannot make religion the basis for denying an Anglo-Indian's appointment in the State Services. The new Proceedings merging this Community with Latin Catholics indicate that the Government concedes that this Community is backward. Now all that remains is to give it a separate entity.

The next matter of complaint is the directions contained in the G. P. D. Dis. 6419 dated the 18th August 1952, cancelling the existing arrangement for the issue of a Community Certificate for an Anglo-Indian by the Anglo-Indian Union of Associations and vesting that authority with the State Legislative Assembly members and Gazetted Officers. There is no intention whatsoever to cast any aspersion against any of the members in this Legislature or the

Gazetted Officers of this State. However, a strong protest against an order revoking an existing arrangement and a privilege of a recognized Association of this Community has to be lodged. Here again please refer to G. P. E. Did.38114/21 dated 31st July 1946 of the erstwhile Cochin Government approving the authority of the Association to issue a Community Certificate for Anglo-Indians. The Community Certificate is the basis on which a member of the community becomes entitled to services reserved for the community as per the provisions of Articles 336 and 337 of the Constitution. This is the only community that has been specifically described in the Constitution of India, and in this connection I would refer to provisions contained in Part XIX, sub-clause 2 of Article 366 of the Constitution of India. Very definitely the Union of Anglo-Indian Associations is the organization that should certify as to who is an Anglo-Indian as provided under law. Please refer to the Madras Government Notification incorporated in pages 436 and 437 of the Fort St. George Gazette Notification, Part (1) B dated 18th June 1952 where it is stated that the authority for issuing a Community Certificate for an Anglo-Indian vests with the Anglo-Indian Associations. By generalising this Authohrity for issuing a Community Certificate, there is every danger that the limited concessions provided for this Minority Community by the Governments of States and Centre and the provisions made by great charitable personages for education may be availed of by persons who are not Anglo-Indians. In a recent communication No. ED8-11421/52/EHL dated 16-2-1953 this Government describes the original order of 18-8-1952 as an extension, but here again it refuses to acknowledge the authority of the Association which existed right along. This House may be rightly informed that it is the accepted policy of the Government of India to recognize the Community Certificates issued by the recognized Associations.

The next complaint is the information gathered from the answer dated 5th July 1952, to question No. 49 when the Minister for Public Works and Transport Department stated that out of a total of 3,653 employees in the Transport Department there is only one Anglo-Indian . Anglo-Indians are about 20,000 in number and if the mathematical comparison between 20,000 and ninety lakhs is to be the basis for appointment this community is definitely entitled to more than one appointment in this particular Department which has been in existence for several years. This, I suppose, is more or less the state of affairs in other Departments as well.

Reference has also to be made to answer to question No, 50, dated 8th July 1952, when the Minister for Education stated that

[Shri A. A. D. Luiz]

twenty-four candidates were sent for overseas training and no Anglo-Indian has been included. This is not a pleasant factor. Remember this community when future occasions arise for sending students for overseas training.

Reference has to be made to the reply received to question No. 34, dated the 5th June 1952, when the Minister for Employment admitted that no Anglo-Indian had been provided with employment by the Employment Exchanges functioning in this State. This tantamounts to a rather malicious omission specially because several thousands and thousands have been provided for by the Employment Exchanges functioning in this State. The Employment Exchanges were specifically organized to provide ex-service men with appointments but now there is every reason to presume that this community has been totally neglected. Reference should be made to G. P. P. 8-4997/29 dated the 8th March 1944, wherein there is the positive assurance of the erstwhile Cochin Government to give priority of employment for ex-service personnel. The new State which is the outcome of the integrated States has completely ignored the positive assurance of the erstwhile Cochin State. It would be more or less correct to say that the Anglo-Indian ex-service men have received absolutely no attention in the post-war days. The solemn promise of the great men of India that every attempt will be taken to absorb the ex-service men should be respected and fulfilled.

The great and eminent Statesman of India, Shri Sardar Vallabhai Patel, declared on the 25th August 1947, that safeguards for this community has to be continued in the same form for some years to come, failing which the community will be subjected to a sudden economic strain which it may not be able to bear. He has made this remark in the capacity of the Chairman of the Minorities Committee just before he could recommend the safeguards for acceptance of the Parliament.

In the erstwhile Cochin State we had the assurance to quote the very reply of the Government in answer to question No. 130, on the 20th July 1938 " that special consideration will be shown to the students of the community wherever necessary ". Nothing in the nature of a special consideration exists in the persent days. Government may be anxious to protect the provisions of Article 16 of the Constitution of India but there is every justification to implement the provisions of Articles 45 and 46 especially in view of the backwardness of this community. A request to introduce compulsory education for the youth of this community has been

turned down by the Government for the reason that the Act cannot be made applicable to one community alone. Well, the genuineness of this excuse is not being challenged at the moment, but I request that the Government can indicate genuineness by enforcing compulsory education in the Cochin Kanayannur Taluk where there is at present about eighty percent of the Anglo-Indian population of this State.

On working out Democracy some method should be found by which the minorities are not ignored or swamped. This presumably was the pre-occupation on the minds of the eminent men who introduced provisions for communal representation in this country. It is true that the sooner we get rid of communal representation, the quicker we approach healthy Nationalism for a happier India. The Anglo-Indian community, be assured, shall be the first to drop their prefix provided the philosophy of ONE NATION which is now confined to the lips of the leaders of the major communities moves into their hearts and gives proof of their love for a country without communal classification. It is not so much on the written word of the printed Constitution that will ultimately depend whether we reach full status but it is the spirit in which the leaders and administrators of the country implement the Sacred Constitution of ours and in the spirit in which they approach the vast problems that confront India.

3 P. M.]

ശ്രീ. കെ. സദാനന്ദൻ: സർ, ഇവിടെ വലിയ ശമ്പളം പററുന്നവരും ചെറിയ ശമ്പളം പററുന്നവരുമായി ഒരു വലിയ സംഖ്യ ഉദ്യോഗസ്ഥന്മാരുണ്ട്. വലിയ ശമ്പളം പററുന്നവരാണെങ്കിൽ വളരെ കുറച്ചു പേർ മാത്രമെയുള്ളു. ബഹുഭൂരിപക്ഷവും ചെറിയ ശമ്പളം പററുന്നവരാണ്. അവരെ സംബന്ധിച്ചിടത്തോളം ഗവണ്മെൻറ വളരെയധികം ദയാദാക്ഷിണ്യങ്ങൾ കാണിച്ചിട്ടുണ്ടെന്നു ധനകാര്യമന്ത്രി അദ്ദേഹത്തിൻെറ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. അതു് എന്തൊക്കെയാണെന്നു നാം അറിയേണ്ടതാണ്. അഞ്ചുവർഷമോ അതിൽ കൂടുതലോ സർവീസുള്ള ഉദ്യോഗസ്ഥന്മാക്കു് സ്റ്റഡിലീവു അനുവദിച്ചിട്ടുണ്ട്. ക്ഷാമബത്തയുടെ ഒരംശം ശമ്പളത്തോടുകൂടി കൂട്ടിച്ചേക്കുന്നതിനും തീരുമാനിച്ചിരിക്കുന്നു. സ്റ്റഡിലീവു് അനുവദിക്കുന്ന അവസരത്തിൽ ക്ഷാമബത്ത മുഴുവനും കിട്ടാനുള്ള അവകാശവും ഉണ്ടായിരിക്കുമെന്നു പറഞ്ഞിട്ടുണ്ട്. ക്ഷാമബത്ത ശമ്പളത്തോടുകൂടി കൂട്ടിച്ചേക്കുമ്പോൾ ചെറിയ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ഏതാണ്ടു അഞ്ചു രൂപയാണു ശമ്പളത്തോടുകൂട്ടിച്ചേക്കാൻ പോകുന്നതെന്നും പറഞ്ഞിട്ടുണ്ട്. അങ്ങനെ വരുമ്പോൾ സ്റ്റഡിലീവു് എടുക്കുന്ന അവസരത്തിൽ ക്ഷാമബത്തയിൽ അഞ്ചു രൂപാ കുറയുമെന്നുള്ള കാര്യം നാം പ്രത്യേകം ഓക്കേണ്ടതാണ്. ഒരു മൂന്നുനാലു വർഷത്തിനു മേൽ പെൻഷൻപററിപ്പോകുന്ന പത്തോ നൂറോ ഉദ്യോഗസ്ഥന്മാക്കു്

[ശ്രീ. കെ. സദാനന്ദൻ]

പെൻഷനിൽ രണ്ടരരൂപാ കൂടുതൽ കിട്ടുന്നതിനുമാത്രമെ, ഈ ക്ഷാമബത്തയിൽ ഒരംശം ശമ്പളത്തോടു ചേർക്കുന്നതുകൊണ്ടു ഇടവരികയുള്ളു. മറെറാന്നു പറഞ്ഞിട്ടുള്ളതു് എൻ. ജി. ഒ. മാരുടെ കുഞ്ഞുങ്ങൾക്കു മിഡിൽസ്കൂൾ ക്ലാസ്സുകളിൽ മുഴുവൻ ഫീസുസൗജന്യവും ഹൈസ്കൂൾ ക്ലാസ്സുകളിൽ പകുതി ഫീസുസൗജന്യവും അനുവദിക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടെന്നുള്ളതാണു്. ഇതു സംഭവിക്കാൻ പോകുന്നതാണെന്നു വിശ്വസിക്കാൻ യാതൊരു നിർവാഹവുമില്ല. ഇവിടത്തെ ചെറിയ ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ചിടത്തോളം ഇന്നു അവർക്കു് കിട്ടിക്കൊണ്ടിരിക്കുന്ന ശമ്പളം അവരുടെ ജീവസന്ധാരണത്തിനു തികച്ചും അപര്യാപ്തമായിട്ടാണിരിക്കുന്നതു്. അങ്ങനെയുള്ളവർക്കു ഫീസുസൗജന്യവുംമററും കൊടുക്കാൻപോകുന്നുവെന്നു പറഞ്ഞു പരത്താൻവേണ്ടിമാത്രമല്ലേ ഇങ്ങനെ ബഡ്ജററ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതെന്നു് ഞാൻ സംശയിക്കുന്നു. അതു് എത്രകണ്ടു പ്രയോഗത്തിൽ വരുമെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ലാതെയാണിരിക്കുന്നതു്. അബ്കാരി ഇനത്തിൽ ഏതാണ്ടു ഇരുപതുലക്ഷത്തോളം രൂപാ വരവു കുറഞ്ഞിരിക്കയാണു്. അതുപോലെതന്നെ വിൽപ്പനനികുതിയിനത്തിലും ഏഴു ലക്ഷത്തോളം വരുമാനത്തിൽ കുറയുവാനാണു പോകുന്നതു്. പുറരാജ്യങ്ങളിൽനിന്നും കിട്ടുന്ന അരിയുടെ വിലക്കൂടുതൽനിമിത്തം വ്യ. ഠ വ്യ കോടിരൂപാ ഇവിടത്തെ ഗവണ്മെൻറിനു് നഷ്ടമുണ്ടാകാൻ പോകുകയാണു്. അതിൽ രണ്ടുകോടി രൂപമാത്രമെ കേന്ദ്രഗവണ്മെൻറിൽനിന്നും സഹായധനമായി കിട്ടുകയുള്ളുവെന്നും ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. ഇങ്ങനെ ഏതാണ്ടു എട്ടുപത്തുകോടിയോളം രൂപയുടെ നഷ്ടംവരുന്ന ഒരു പരിതഃസ്ഥിതിയിൽ ഇവിടത്തെ എൻ. ജി. ഒ. മാർക്കു് കൂടുതൽ സൗജന്യങ്ങൾ നൽകുമെന്നു പറയുന്നതിനെ പരിപൂർണ്ണമായി വിശ്വസിക്കുന്നതിനു എനിക്കു കഴിയുകയില്ല. ഇവിടത്തെ എൻ. ജി. ഒ. മാർ ജീവസന്ധാരണത്തിനു് ആവശ്യമായ ശമ്പളം കിട്ടുന്നതിനു മുറവിളികൂട്ടിത്തുടങ്ങിയിട്ടു് വളരെ വർഷങ്ങളായി. ആ വിഷയത്തിൽ ഗവണ്മെൻറ യാതൊന്നും ഇതുവരെ പ്രവർത്തിച്ചിട്ടില്ല. കണ്ടിജൻസി ജീവനക്കാരായ തൂപ്പുകാരുടെ ശമ്പളം വെട്ടിക്കുറച്ചതായി ഒരു വലിയ പരാതി ഇപ്പോഴുണ്ടായിട്ടുണ്ടു്. അതിനു ഇവിടത്തെ എക്സ്‌സൈസ്‌മന്ത്രി പറയുകയുണ്ടായി അവരെല്ലാം പാർട്ടുടൈം ജോലിക്കാരാണെന്നു്. അവർക്കു് ഒന്നോ രണ്ടോ മണിക്കൂർ ജോലിചെയ്യുന്നതിനു് പതിമൂന്നുരൂപാ ശമ്പളംകൊടുത്താൽ മതിയെന്നും അദ്ദേഹം ഇവിടെ പ്രസ്താവിക്കയുണ്ടായി. ആ കാര്യത്തെപ്പററി നാം ഗാഢമായി പര്യാലോചിക്കേണ്ടതാണു്. ഏതെങ്കിലും ഒരു ആഫീസിൽപോയി രണ്ടുമണിക്കൂർ പണിയെടുത്തശേഷം തിരിച്ചുപോയി അവർക്കു എന്തു ജോലിയാണു് ചെയ്യാൻ സാധിക്കുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല. അങ്ങനെയുള്ള ഈ പാവപ്പെട്ട ജോലിക്കാരുടെ ശമ്പളത്തിൽക്കൂടി ഗവണ്മെൻറ് കൈവച്ചിരിക്കയാണു്.

നമ്മുടെ രാജ്യം ഒരു ക്ഷേമരാജ്യമാണെന്നാണു് പറയുന്നതു്. ഒരു രാജ്യം ക്ഷേമസമ്പൂർണ്ണമായിത്തീരണമെങ്കിൽ തീർച്ചയായും കാർഷികകാര്യത്തിൽ ഒരു പരിഷ്കരണം ഏർപ്പെടുത്തണം. അതുപോലെ തന്നെ

വ്യവസായീകരണവും നടപ്പിലാക്കേണ്ടതാണ്. ഈ രാജ്യത്തിനു അങ്ങനെ ഏതെങ്കിലും ഒരു പദ്ധതിയുണ്ടോയെന്നു സൂക്ഷിച്ചുനോക്കിയാൽ യാതൊരു പദ്ധതിയും ഇല്ലെന്നു മനസ്സിലാക്കാൻ കഴിയും. ഭൂനയത്തെ സംബന്ധിച്ചിടത്തോളം എന്തെങ്കിലും നിയമസഭയിൽ വയ്ക്കുന്നതിനോ അതുസംബന്ധിച്ച് എന്തെങ്കിലും പ്രസ്താവിക്കുന്നതിനോ ഇവിടത്തെ മന്ത്രിസഭയ്ക്ക് ധൈര്യമുണ്ടായിട്ടില്ലെന്നാണ് എനിക്കു പറയുവാനുള്ളതു്. വർദ്ധിച്ചുവരുന്ന ഒരു ജനസമൂഹവും വർദ്ധിക്കാത്ത കൃഷിഭൂമിയുമുള്ള ഒരു രാജ്യത്തിനെ വ്യവസായീകരണപദ്ധതിമൂലം മാത്രമെ സംരക്ഷിക്കുന്നതിന് കഴിയുകയുള്ളു. ഈ കാര്യത്തിൽ ഗവണ്മെന്റ കണ്ണടച്ചിരിക്കയാണ് ചെയ്യുന്നതു്. വളരെ പ്രാധാന്യം അർഹിക്കുന്ന ഒരു കാര്യമാണിതു്.

ഇന്നു സെക്രട്ടറിയേററിൽ നിയമനം നടത്തുന്നതു സംബന്ധിച്ചും പ്രമോഷൻ കൊടുക്കുന്നതു സംബന്ധിച്ചും വളരെയധികം ആക്ഷേപങ്ങൾ നാട്ടിന്റെ നാനാഭാഗത്തും ഉണ്ടായിട്ടുണ്ടു്. ശുപാർശയും സേവയും സ്വജനപക്ഷപാതവും നോക്കിയാണ് ഇവിടത്തെ മന്ത്രിസഭ ഉദ്യോഗനിയമനങ്ങൾ നടത്തുന്നതെന്നും ഉദ്യോഗകയററം നൽകുന്നതെന്നും വളരെയധികം ആക്ഷേപങ്ങൾ കേൾക്കുന്നുണ്ടു്. അതു വളരെ പരമാർത്ഥവുമാണ്. അനേകം തെളിവുകൾ അതു സംബന്ധിച്ചു എനിക്കു ഹാജരാക്കാനുണ്ടു്. തീർച്ചയായും ഇതു യഥാർത്ഥമായിരിക്കുമ്പോൾ വലിയ ഉദ്യോഗസ്ഥന്മാക്കായിരുന്നാലും ചെറിയ ഉദ്യോഗസ്ഥന്മാക്കായിരുന്നാലും പൊതുജനങ്ങളെ സേവിക്കുന്നതിനുള്ള താൽപര്യം ഉണ്ടായിരിക്കയില്ല. ശുപാർശയും സ്വജനപക്ഷപാതവുമാണ് പ്രമോഷനുള്ള മാനദണ്ഡമെങ്കിൽ പൊതുജനങ്ങളെ സേവിക്കാനുള്ള താൽപ്പര്യം എങ്ങനെയാണ് ഉദ്യോഗസ്ഥന്മാക്ക് ഉണ്ടാകുന്നതെന്നാണ് ഞാൻ ചോദിക്കുന്നതു്. ഇതു പറയുമ്പോൾ മറെറാരു കാര്യം എന്റെ ഓർമ്മയിൽ വരുന്നുണ്ടു്. സെക്രട്ടറിയേററിന്റെ പരിപൂർണ്ണമായ നിയന്ത്രണം ഇവിടത്തെ ചീഫ്സെക്രട്ടറിയിലാണുനിക്ഷിപ്തമായിരിക്കുന്നതു്. ചീഫ്സെക്രട്ടറിയാണെങ്കിൽ തിരുവിതാംകൂർ-കൊച്ചി സംയോജനം മൂലമുണ്ടായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ അപ്രാപ്തനായിട്ടാണു കാണുന്നതു്. സംയോജനത്തോടു കൂടിയുണ്ടായ കുഴപ്പങ്ങൾ പരിഹരിക്കുന്നതിന് അദ്ദേഹത്തിന് ഇതുവരെ കഴിഞ്ഞിട്ടില്ല. അദ്ദേഹം അതിനു അപ്രാപ്തനാണെന്നാണ് എനിക്കു പറയുവാനുള്ളതു്. സെക്രട്ടറിയേററിന്റെ കാര്യക്ഷമതയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ അവിടെയുള്ള പ്രവർത്തനങ്ങൾ തീരെ കാര്യക്ഷമമല്ലാത്ത തരത്തിലാണു നടക്കുന്നതെന്നു് കാണാൻ കഴിയും. ഈയവസരത്തിൽ മറെറാരുകാര്യം കൂടി എനിക്കു ചൂണ്ടിക്കാണിക്കാനുണ്ടു്. ഇവിടെ ഐ. എ. എസ്സ്. ലേക്ക് ഒരു തെരഞ്ഞെടുപ്പ് നടക്കുകയുണ്ടായി. ആ തെരഞ്ഞെടുപ്പ് നടത്തിയതു് എന്തു മാനദണ്ഡത്തിലായിരുന്നുവെന്നു ഇതുവരെ വ്യക്തമായിട്ടില്ല. പക്ഷെ, ആ തെരഞ്ഞെടുപ്പിൽ സ്വജനപക്ഷപാതം ഇവിടത്തെ ക്യാബിനററ് സ്വീകരിച്ചിട്ടുണ്ടെന്നു് പൊതുജനങ്ങളുടെ ഇടയിൽ സാർവത്രികമായ ഒരു ആക്ഷേപം പരന്നിട്ടുണ്ടു്. അതിനു അനുകൂലമായ ഒരു രീതിയിലാണ് ഇവിടത്തെ ചീഫ്സെക്രട്ടറിയും കഴിഞ്ഞുകൂടുന്നതു്. അദ്ദേഹത്തിന്റെ ഉദ്യോഗകാലാവധി നീട്ടിക്കൊടുത്തിട്ടുണ്ടെന്നു കേൾക്കുന്നു. അതു പര

[ശ്രീ. കെ. സദാനന്ദൻ]

മാത്രമാണോയെന്ന് എനിക്കറിവില്ല. ഏതായാലും അങ്ങനെയൊരു വർത്തമാനം നാട്ടിൽ പരന്നിട്ടുണ്ട്. ഇതിൽനിന്നും മനസ്സിലാകുന്നതു സ്വജനപക്ഷപാതത്തിന്റെയും സേവയുടെയും അടിസ്ഥാനത്തിൽ മന്ത്രിസഭ നടത്തുന്ന എല്ലാ കൊള്ളരുതായ്മകളെയും ഇവിടത്തെ സെക്രട്ടറിയേററിന്റെ മേലധികാരിയായ ചീഫ്സെക്രട്ടറി അനുകൂലിക്കുന്നുണ്ടെന്നാണ്. അതുകൊണ്ടാണ് അദ്ദേഹത്തിന് ഉദ്യോഗകാലാവധി നീട്ടിക്കൊടുക്കുന്നതിനു ഇടയായിട്ടുള്ളതെന്നു വിശ്വസിക്കുന്നു. സർ. സി. പി. യുടെ കിരാതഭരണം ഇവിടെ നിലവിലിരുന്ന കാലത്തുപോലും ഗവണ്മെൻറ്, സർവ്വീസിൽ പ്രാതിനിധ്യം കുറഞ്ഞ അവശസമുദായക്കാരെ സംബന്ധിച്ചിടത്തോളം വളരെ ആനുകൂല്യങ്ങൾ നൽകിയിരുന്നു. ഇന്നു ഇവിടത്തെ യഥാർത്ഥമന്ത്രിമാർ ഒന്നിച്ചു ഒരു കെട്ടായി നിന്നുകൊണ്ട് അവശസമുദായങ്ങളോട് വളരെ പക്ഷപാതപരമായ ഒരു നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്നു ചൂണ്ടിക്കാണിക്കാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ഇവിടത്തെ യഥാർത്ഥമന്ത്രിമാരായി ഞാൻ വീക്ഷിക്കുന്നതു് ധനകാര്യമന്ത്രിയും ചീഫ്മന്ത്രിയും പോലീസുമന്ത്രിയുമാണ്. ആ മന്ത്രിമാർ ഒന്നിച്ചുചേർന്നാണ് ഈ നടപടിയെടുത്തുവരുന്നതു്. ഞാൻ ഈ വസ്തുത പറയുമ്പോൾ എന്നെ ഒരു കമ്മ്യൂണലിസ്റ്റായി ചിത്രീകരിച്ചേക്കാം. ഈ മാതിരി ഭരണ കാര്യങ്ങളിൽ നടക്കുന്ന കൊള്ളരുതായ്മകൾ ചൂണ്ടിക്കാണിക്കുമ്പോൾ എന്നെ ഒരു കമ്മ്യൂണലിസ്റ്റായി ചിത്രീകരിക്കുന്നെങ്കിൽതന്നെയും എനിക്കതിൽ ഖേദമില്ല. ഇങ്ങനെയുള്ള നടപടികളും പെരുമാററങ്ങളുമാണ് ഇവിടെ നടക്കുന്നതെങ്കിൽ ഇവിടെ വർഗ്ഗീയത കുത്തിപ്പൊക്കുന്നതു് ഇവിടത്തെ മന്ത്രിസഭയാണെന്നു വ്യക്തമായി എനിക്കു പറയാൻ കഴിയും. ഈഴവർ തുടങ്ങി താഴോട്ടുള്ള എല്ലാ ആളുകളും അർഹിക്കുന്ന ഉദ്യോഗകയററവും മററു സൗകര്യങ്ങളും ചെയ്തുകൊടുത്തിട്ടില്ലെന്നാണു എനിക്കു ഇവിടെ പ്രസ്താവിക്കാനുള്ളതു്. പക്ഷെ, ഇവിടെ ഒന്നു രണ്ടു അയഥാർത്ഥമന്ത്രിമാരും ഉണ്ട്. അതായതു് ശ്രീ. മാധവനും ശ്രീ. കൊച്ചുകുട്ടനുമാണ് അവർ. അവരെ രണ്ടുപേരെയും മാപ്പുസാക്ഷികളാക്കിക്കൊണ്ടു അങ്ങനെ അവശസമുദായങ്ങളുടെ—

Mr. Speaker : Do not make such discriminations.

ശ്രീ. കെ. സദാനന്ദൻ: സർവ്വീസിൽ പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു പരിഗണനകളും ഇവിടത്തെ ഗവണ്മെൻറ വാസ്തവത്തിൽ നൽകിയിട്ടില്ലെന്നുള്ള ആക്ഷേപം എനിക്കു ഇവിടെ അറിയിക്കേണ്ടതുണ്ട്. ഇതാണ് ഇവിടത്തെ ഭരണപരമായ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം മററു കാര്യങ്ങളിൽ കടക്കുന്നതിനു മുമ്പായി എനിക്കു പ്രസ്താവിക്കാനുള്ളതു്.

ഭക്ഷണസംബന്ധമായ കാര്യത്തിൽ വളരെയധികം വൈഷമ്യങ്ങൾ ഇവിടത്തെ ഗവണ്മെൻറിന് നേരിട്ടിട്ടുണ്ടെന്നും അതുപോലെ തന്നെ കേന്ദ്രഗവണ്മെൻറിനും വളരെയധികം വൈഷമ്യങ്ങൾ നേരിട്ടിട്ടുണ്ടെന്നും പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ആളുകൾക്ക് ചോറരുട്ടി കൊടുക്കുന്ന കാര്യത്തിലുള്ള ബുദ്ധിമുട്ടുകളുടെ ഒരു നിലവിളിയാണു പ്രതിധ്വനിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ ആ

നിലവിളിയോട് എനിക്കു യാതൊരു അനുകമ്പയും തോന്നുന്നില്ല. വിദേശരാജ്യങ്ങളെ ആശ്രയിച്ചുമാത്രമേ നമ്മുടെ ഭക്ഷ്യകാര്യം നിർവഹിച്ചുപോകാൻ നിവർത്തിയുള്ളുവെന്ന യാഥാർത്ഥ്യം അദ്ദേഹത്തിനും എനിക്കും ഒരുപോലെ അറിയാൻ കഴിയുന്ന ഒരു കാര്യമാണ്. കേന്ദ്രഗവണ്മെന്റിൽനിന്നും കിട്ടുന്ന സഹായങ്ങളെ സംബന്ധിച്ചിടത്തോളം വളരെ ശോചനീയമായ ഒരു നിലയാണ് ഉള്ളതെന്ന് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ നിന്നും തന്നെ മനസ്സിലാക്കാൻ കഴിയും. ഈ വൈഷമ്യങ്ങളിൽനിന്നെല്ലാം ഒരു രക്ഷ നമുക്കു കിട്ടുമോയെന്നാണ് നോക്കേണ്ടിയിരിക്കുന്നതു്. പണ്ഡിറ്റ്നെഹ്റുവിന്റെ പഞ്ചവത്സരപദ്ധതി മൂലം വമ്പിച്ച ജലസേചന പദ്ധതികൾ ആരംഭിക്കാൻ പോകുന്നുവെന്നൊരു മധുരഭാഷണവും പ്രസംഗത്തിലുണ്ട്. ഇവിടത്തെ ജലസേചനപദ്ധതികൾ മൂലം വൻകിടകൃഷിക്കാർക്കു മാത്രമെ ആനുകൂല്യം കിട്ടുകയുള്ളു. വ്യ ശതമാനത്തോളം ആളുകൾക്കുമാത്രമെ ഇവിടെ വൻകിടകൃഷിഭൂമികൾ ഉള്ളുവെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. അത്ര പരിമിതമായിട്ടുള്ള ഒരു വിഭാഗത്തിനു മാത്രം ആനുകൂല്യം ലഭിക്കുന്ന ഒരു പദ്ധതിയാണ് ഇവിടത്തെ പഞ്ചവൽസരപദ്ധതിയെന്നു നമുക്കു കാണാൻ കഴിയും. ഇവിടത്തെ കഷ്ടപ്പെടുന്ന ജനവിഭാഗത്തെ മുഴുവൻ സംരക്ഷിക്കുന്നതിനുള്ള ഒരു പദ്ധതിയാണ് പഞ്ചവൽസരപദ്ധതിയെന്നു എനിക്കു വിശ്വസിക്കാൻ കഴിയുന്നില്ല. ഒരു ചെറിയ ശതമാനം ആളുകൾക്കു അതുകൊണ്ട് ആനുകൂല്യമുണ്ടാകയുള്ളു.

൧൨ ഔൺസായിരുന്ന റേഷൻ ൧൯൫൧ അവസാനത്തിലും ൧൯൫൨ ആദ്യവും നാലരഔൺസായി പരിമിതപ്പെടുത്തേണ്ടിവന്നുവെന്ന് പ്രസംഗത്തിൽ പറയുന്നുണ്ട്. ഇതോടുകൂടിത്തന്നെ ഇപ്പോൾ ൯ ഔൺസായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നും പറഞ്ഞിട്ടുണ്ട്. പന്ത്രണ്ട് ഔൺസു റേഷൻ കിട്ടിക്കൊണ്ടിരുന്ന ആളുകൾക്ക് ൯ ഔൺസു കൊടുത്തപ്പോൾ ഒരാശ്വാസം അവർക്കുണ്ടായിട്ടുണ്ടെന്ന് അദ്ദേഹം പ്രസ്താവിക്കുന്നു. അതല്ല പരമാർത്ഥം. ൯ ഔൺസുകൊണ്ട് ഇവിടത്തെ ജനത തൃപ്തിപ്പെടുമെന്നു വിചാരിക്കുന്നതിൽ യാതൊരു അർത്ഥവും ഞാൻ കാണുന്നില്ല. ൯ ഔൺസെങ്കിലും കൃത്യമായി കിട്ടുകണമെന്നാണ് അവരഭ്യർത്ഥിക്കുന്നതു്. ൯ ഔൺസുമാത്രമുള്ള വിതരണസമ്പ്രദായംകൊണ്ട് ജനങ്ങൾ തൃപ്തിപ്പെടുന്നുവെന്നും വൻകിടജലസേചനപദ്ധതികൾ മൂലം കൂടുതൽ ഭക്ഷ്യസാധനങ്ങൾ ഉൽപ്പാദിപ്പിക്കുമെന്നും വിശ്വാസമുണ്ടാകുമ്പോൾ കേന്ദ്രഗവണ്മെന്റ് ധനസഹായം നൽകുന്ന കാര്യത്തിലും ഉദാസീനതകാട്ടിയേക്കും. അതോടൊപ്പം നിലമുടമസ്ഥന്മാർക്ക് അവരുടെ നെല്ലും അരിയും കരിഞ്ചന്തയിൽ വിൽക്കുന്നതിനുള്ള ഒരവസരവും കിട്ടും.

വ്യവസായീകരണത്തെ സംബന്ധിച്ചിടത്തോളം തീരെ ആനുകൂല്യമല്ലാത്ത ഒരു നിലയാണു കേന്ദ്രഗവണ്മെന്റു സ്വീകരിച്ചിട്ടുള്ളതു്. പണ്ഡിറ്റ്നെഹ്റു കൊല്ലം-എറണാകുളം റയിൽവേ ഉൽഘാടനം ചെയ്തുകൊണ്ടു പ്രസംഗിച്ചു കൂട്ടത്തിൽ, ഈ രാജ്യത്തെ പെട്ടെന്നു വ്യവസായീകരിക്കയാണെങ്കിൽ ഈ രാജ്യത്തിനുള്ള മനോഹാരിത നഷ്ടപ്പെട്ടുപോകുമെന്നു സൂചിപ്പിക്കയുണ്ടായി.

[ശ്രീ. കെ. സദാനന്ദൻ.]

തിരുവിതാംകൂർ-കൊച്ചി സംസ്ഥാനം അതിസുന്ദരമായ ഒരു രാജ്യമായിരിക്കണമെന്നു അദ്ദേഹത്തിന് ആഗ്രഹമുണ്ട്. ഇതൊരു രത്നമാണെന്നാണ് അഭിപ്രായം; വടക്കൊരു കാഷ്മീരം. അപ്പോൾ വ്യവസായീകരണത്തെ സംബന്ധിച്ച് എന്തുണ്ടാകാൻ പോകുന്നുവെന്ന് വ്യക്തമാണ്.

മറ്റൊരു കാര്യം പറയാനുള്ളത്, ഇവിടെ ഒരു ഇൻഡസ്ട്രിയൽ ഫൈനാൻസ് കോർപ്പറേഷൻ രൂപീകരിക്കാൻ പോകുന്നതിനെപ്പററിയാണ്. ഒരു വലിയ മൂലധനത്തോടുകൂടിയാണ് അതാരംഭിക്കാൻ പോകുന്നത്.

Mr. Speaker : When you are at a topic, I will give you some time to finish it, but if you exceed your time and begin a new topic I will have to stop you.

ശ്രീ. കെ. സദാനന്ദൻ : ഇവിടെ ഗവണ്മെൻറ് സ്ഥാപിച്ചിട്ടുള്ളതും, ഗവണ്മെൻറ് നേരിട്ടു എടുത്തിട്ടുള്ളതുമായ എല്ലാ ഫാക്ടറികളും പരാജയത്തിലാണ് കലാശിച്ചിട്ടുള്ളത്. ആ സ്ഥാപനങ്ങൾക്ക് കൂടുതൽ സഹായധനം നൽകുന്നതിനല്ല, ഇപ്പോൾ ഇവിടെ കൊണ്ടുവന്നിട്ടുള്ള ഈ പദ്ധതി കൊണ്ടു് ഉദ്ദേശിക്കുന്നത്. സ്വകാര്യവ്യക്തികളെ പുതുതായി കൂടുതൽ മൂലധനം കൊടുത്തു സഹായിക്കാനായിട്ടാണ്. സർ, ഈ ബഡ്ജററ് ഈ നാട്ടിലെ സാമാന്യജനങ്ങൾക്ക് യാതൊരാനുകൂല്യവും ചെയ്യുന്നില്ലെന്നുള്ള കാര്യം അനുസ്മരിപ്പിച്ചുകൊണ്ടു് ഇതു് പാസ്സാക്കരുതെന്നു അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. എ. സി. ചാക്കോ : സർ, ധനകാര്യമന്ത്രി സഭയുടെ മുമ്പാകെ ഹാജരാക്കിയിരിക്കുന്നതു് പതിനാലു ലക്ഷം രൂപയുടെ ഒരു കമ്മി ബഡ്ജററാണ്. എന്നിരുന്നാലും രാജ്യത്തെ വ്യാവസായികവും കാർഷികവുമായ പുരോഗമനത്തെ ലാക്കാക്കി ആസൂത്രണം ചെയ്തിട്ടുള്ള ഒരു ബഡ്ജററാണ് ഇതെന്നുള്ളതിൽ ധനകാര്യമന്ത്രിയെ അനുമോദിക്കേണ്ടിയിരിക്കുന്നു. യുദ്ധാനന്തരപരിതഃസ്ഥിതികളോടുകൂടി ഇവിടെ സംജാതമായ ഭക്ഷ്യദൌർലഭ്യം പരിഹരിക്കുന്നതിനുവേണ്ടി നമ്മുടെ ഗവണ്മെൻറ് ആണ്ടുതോറും ഒരു വലിയ സംഖ്യ നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. എങ്കിലും ചുരുങ്ങിയ വരുമാനം വച്ചുകൊണ്ടു തന്നെ ഈ രാജ്യത്തെ പുരോഗമിപ്പിക്കുന്നതിനുവേണ്ടി വളരെ അധികം രൂപാ ചെലവാക്കാൻ നിശ്ചയിച്ചിരിക്കുന്നുവെന്ന് ഈ ബഡ്ജററ് പരിശോധിച്ചാൽ നമുക്കു കാണാം. ഒരു മെഡിക്കൽ കാളേജു സ്ഥാപിക്കും, രാജ്യത്തിൻെറ നാനാഭാഗങ്ങളിലായി എട്ടു പത്തു് ഡിസ്പെൻസറികൾ സ്ഥാപിക്കും. ഇരുപതു മിഡ് വൈഫറി കേന്ദ്രങ്ങൾ സ്ഥാപിക്കും, കൂടാതെ എൻ. ജി. ഓ. മാരുടെ വൈഷമ്യങ്ങൾ പരിഹരിക്കാൻ വേണ്ടി അവരുടെ സന്താനങ്ങൾക്കു ഫീസ് സൌജന്യവും സൌജന്യവിദ്യാഭ്യാസവും നൽകും, അവർക്കു താമസിക്കാൻ കെട്ടിടങ്ങൾ ഉണ്ടാക്കും, ജലസേചനപദ്ധതികളും കൃഷിയും വികസിപ്പിക്കും എന്നു വേണ്ട നമ്മുടെ രാഷ്ട്രനിർമ്മാണത്തിനുവേണ്ട അനേകം കാര്യങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള ഒരു ബഡ്ജററാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. അതിൻെറ ഫലമായിട്ടു പതിന്നാലു ലക്ഷത്തിൽ ചില്വാനം

രൂപ കമ്മി വരികയും ചെയ്തു. പതിനാലു ലക്ഷം രൂപ കമ്മിക്കു പകരം അതു് ഒരു മിച്ചമായി വരികയും ചെയ്യാവുന്നതാണു്. എത്ര നല്ല ഉദ്ദേശത്തോടുകൂടിയാണു ഈ ബഡ്ജറ്റ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെങ്കിലും ഈ തുക മുഴുവനും ചെലവു ചെയ്യുമെന്നു ഉദ്ദേശിക്കുവാൻ കഴിഞ്ഞ കാലങ്ങളിലെ അനുഭവം നമ്മെ ബോദ്ധ്യപ്പെടുത്തുന്നില്ല. ഈ രാജ്യത്തെ പുരോഗമനപരമായ പന്ഥാവിൽക്കൂടി ചരിപ്പിക്കുന്നതിനുവേണ്ടിയുള്ള ഒരു ബഡ്ജറ്റാണു് ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്നതെന്നു കാണുന്നതിൽ ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു.

ഒന്നു രണ്ടു കൊല്ലങ്ങളായി ഈ നിയമസഭയിൽ ചില പ്രത്യേക വാദഗതികൾ കാണുന്നുണ്ടു്. ഒരു പക്ഷെ ഇവിടെ സംബന്ധിച്ചിട്ടുള്ള എല്ലാവർക്കും ബോദ്ധ്യപ്പെട്ടിട്ടുള്ളതുപോലെ ചില പ്രാദേശികവാദഗതിയും, അവരെ തൃപ്തിപ്പെടുത്താൻ ഗവണ്മെന്റിനു തൽപ്പരതയും ഉള്ളതായി തോന്നിപ്പോകുന്നു. ഞാൻ ഇവിടെ ഉദ്ദേശിക്കുന്നതു് രാജ്യത്തിന്റെ തെക്കും വടക്കും ഉള്ള കാര്യങ്ങളെ സംബന്ധിച്ചാണു്. ഇവിടെ കൂടുതൽ ശബ്ദം ആവർത്തിച്ചാവർത്തിച്ചു് ഉയർത്തുന്നവർക്കു കൂടുതൽ സൗകര്യം ചെയ്തു കൊടുക്കുന്നതായി കാണുന്നുണ്ടു്. ഈ ബഡ്ജറ്റ് നോക്കുമ്പോൾ മൂവാററുപുഴ, തൊടുപുഴ, മീനച്ചൽ എന്നീ താലൂക്കുകൾക്കുവേണ്ടി അർഹിക്കുന്നവിധത്തിലുള്ള തുക നീക്കിവച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഇൻഡ്യയുടെ ഡാളർ ക്രെഡിററിനു വൻപിച്ച നേട്ടം ഉണ്ടാക്കിക്കൊടുക്കുന്ന കുരുമുളകു്, ഇഞ്ചി, ഏലം മുതലായ മലംചരക്കുകൾ വിളയിച്ചുകൊണ്ടിരിക്കുന്ന വടക്കൻ താലൂക്കുകളോടു ഈ പക്ഷപാതം കാണിക്കുന്നതു ശരിയാണെന്നു എനിക്കു തോന്നുന്നില്ല. മലയോടും മലമ്പനിയോടും മല്ലിട്ടുകൊണ്ടു് മുന്നോട്ടുപോകുന്ന കർഷകരുടെ അഭിവൃദ്ധിക്കും നിലനിൽപ്പിനും വേണ്ടി ഈ ഗവണ്മെന്റ് കാര്യമായി യാതൊന്നും ചെയ്യുന്നില്ലെന്നു പറയേണ്ടിവന്നതിൽ ഖേദമുണ്ടു്. വൈദ്യസഹായത്തിലും, മരാമത്തുപണികളിലും ഈ താലൂക്കുകളെ അവഗണിച്ചിട്ടുണ്ടെന്നു കാണാം. എട്ടുപത്തു കൊല്ലങ്ങൾക്കു മുൻപുവരെ കർഷകർ കടബാദ്ധ്യതകൊണ്ടു വിഷമിച്ചതും യുദ്ധാപരിതഃസ്ഥിതിയോടുകൂടി അവരുടെനില സ്വൽപ്പം ഭേദപ്പെടുവാൻ ഇടയായി എന്നുള്ളതും ഒരു പരമാർത്ഥമാണു്.

ഉൽപ്പന്നങ്ങൾക്കുണ്ടായിരിക്കുന്ന വിലക്കുറവുമൂലം കർഷകരുടെനില വീണ്ടും നാൾക്കുനാൾ അധഃപതിച്ചുകൊണ്ടിരിക്കുകയാണു്. തൊടുപുഴ, മൂവാററുപുഴ മീനച്ചിൽ എന്നീ സ്ഥലങ്ങളിൽ കൃഷിക്കാർക്കു പണം ഉണ്ടാക്കിക്കൊടുത്തുകൊണ്ടിരുന്ന കമുകു്, തെങ്ങു്, നല്ലമുളകു് മുതലായ കൃഷികൾക്കു ക്രമാതീതമായി വർദ്ധിച്ചുവരുന്ന രോഗംകൊണ്ടു കർഷകനു മുന്നോട്ടുപോകാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. കൃഷിപ്പിഴകൊണ്ടും, ഉൽപ്പന്നങ്ങളുടെ വിലക്കുറവുകൊണ്ടും കർഷകർ വളരെ ക്ലേശിക്കുന്നുണ്ടു്.

<u>ശ്രീ. കെ. കരുണാകരൻ</u>: കഴിഞ്ഞ രണ്ടു കൊല്ലമായിട്ടു വർക്കിനു ആ ഭാഗങ്ങളിൽമാത്രമേ, പണം ചെലവുചെയ്യുന്നുള്ളുവെന്നു മെംബർക്കറിയാമോ?

<u>ശ്രീ. ഏ. സി. ചാക്കോ</u>: അതു ബഡ്ജറ്റു വായിച്ചു നോക്കിയാൽ മനസ്സിലാകുന്നതാണു്. ഈ രാജ്യത്തെ സാധാരണക്കാരായ കർഷകർ ദൈനംദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന നികുതിഭാരത്തെ ഭയന്നു്, അതായതു ആദായനികുതി, വിൽപ്പനനികുതി മുതലായവയെ

[ശ്രീ. ഏ. സി. ചാക്കോ]

കയന്നു് ആവക്കുള്ള പ്ലാസ്റ്റികൾ വിററു്, മലബാറിലും മററും പോകുന്നതായി അറിയാം. ഇപ്രകാരം നമ്മുടെ നാട്ടിൽനിന്നും കർഷകർ ജീവിതമാർഗ്ഗം അന്വേഷിച്ചുപോകുന്നതിനെ ഗവണ്മെൻറു മനസ്സിലാക്കുകയോ, അതിനൊരു പ്രതിവിധി ആരായുകയോ ചെയ്തു കാണുന്നില്ല. സാധാരണക്കാരായ കർഷകരെ സഹായിക്കുവാൻ യാതൊന്നുംതന്നെ ഈ ബഡ്ജററിൽ കൊള്ളിച്ചിട്ടില്ല. കുറെ മുൻപു ഒരു ലാൻറു മോർട്ടുഗേജു ബാങ്കു് ഇവിടെ നടത്തിയിരുന്നു. അവിടെ നിന്നും ആയിരം രൂപ കടമെടുക്കണമെങ്കിൽ, ആയിരം രൂപവരെ ചെലവാക്കി, രണ്ടുകൊല്ലം മിനക്കെട്ടാൽ ഒരു പക്ഷെ കിട്ടും. ഇക്കൊല്ലത്തെ ബഡ്ജററിൽ അഗ്രിക്കൾച്ചർലോൺ കൊടുക്കാൻ രണ്ടരലക്ഷം രൂപയാണു കൊള്ളിച്ചിരിക്കുന്നതു്. അതുകൊണ്ടു മതിയാകുകയില്ല. ഈ ലോണിനെപ്പററി സാധാരണ കർഷകക്കറിവില്ല. കർഷകനാണു നാട്ടിൻെറ നട്ടെല്ലെന്നു എല്ലാവക്കും അറിയാം. നമ്മുടെ ഗവണ്മെൻറു ഈ നയം മനസ്സിലാക്കിയിട്ടില്ലെന്നു് ഈ ബഡ്ജററു നോക്കിയാൽ ബോദ്ധ്യപ്പെടും. അമേരിക്ക മുതലായ സ്ഥലങ്ങളിൽ നിന്നും കോടിക്കണക്കിനു രൂപ ഈ രാജ്യത്തു വരുത്തുവാൻ പ്രയത്നിച്ചുകൊണ്ടിരിക്കുന്ന തൊടുപുഴ, മീനച്ചിൽ മുതലായ താലൂക്കുനിവാസികളെ അഭിവൃദ്ധിപ്പെടുത്തുവാൻ ഗവണ്മെൻറ് എന്തു ചെയ്തു? കമുകു്, തെങ്ങു്, ഏലം, കുരുമുളകു ഈവക കൃഷികൾക്കു അടിക്കടി വർദ്ധിച്ചുവരുന്ന രോഗനിവാരണത്തിനുവേണ്ടി ഗവണ്മെൻറു എന്തുചെയ്തു? പല റിസർച്ചുകൾ നടത്തിയിട്ടും ഇതിനൊരു പരിഹാരവുമുണ്ടായിട്ടില്ലെന്നാണു എൻെറ അറിവു്. വിദേശരാജ്യങ്ങളിൽനിന്നും ആണ്ടുതോറും അനേകലക്ഷം രൂപ ഇവിടെ വന്നുചേരുന്നതിനു പര്യാപ്തമായ ഈ കൃഷിക്കുവേണ്ടി ശ്രദ്ധപതിപ്പിക്കണമെന്നാണു് എൻെറ അപേക്ഷ.

മറെറാരുകാര്യം എനിക്കു പറയാനുള്ളതു്, ഇവിടെ പ്രാദേശികമായ കാര്യങ്ങൾ സാധിക്കുന്നതിനുവേണ്ടി പണം ചെലവാക്കുന്നതുകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ലെന്നാണു്. ഈ ഗവണ്മെൻറു ചെലവാക്കുന്ന പണത്തിനു അനുസരിച്ചുള്ള കൃഷിവികസനമോ ഭക്ഷ്യപ്രശ്നപരിഹാരമോ ഈ രാജ്യത്തുണ്ടാകുന്നില്ല. ചില പ്രത്യേക പദ്ധതികൾകൊണ്ടു് പ്രയോജനമില്ലെന്നു ഒരു ബഹുമാനപ്പെട്ട മെംബർ പറയുകയുണ്ടായി. അതുകൊണ്ടു് വേറൊരു പദ്ധതി എടുക്കേണ്ടതാണു്, പ്രവർത്തിക്കേണ്ടതാണു് എന്നു്. തൊടുപുഴ, മൂവാററുപുഴ മുതലായ താലൂക്കുകളിലെ വനങ്ങളിൽ അനേകം ഏക്കർ സ്ഥലം നെൽക്കൃഷിക്കു പററിയതായിട്ടുണ്ടു്. വനം നശിപ്പിക്കുന്നതുമൂലം ഇവിടെ മഴ കുറയുമെന്നും, ഫാറസ്ററു ഡിപ്പാർട്ടുമെൻറിലെ ആദായം കുറയുമെന്നും കരുതി, വനം കൃഷിക്കുവേണ്ടി വിട്ടുകൊടുക്കാതിരിക്കുകയാണു്. അതിനെപ്പററി അഭിപ്രായവ്യത്യാസമുണ്ടു്. അങ്ങനെയാണെങ്കിൽത്തന്നെ വനമില്ലാതെ കിടക്കുന്ന അനേകായിരം ഏക്കർസ്ഥലം കൃഷിക്കു ഉപയുക്തമായിട്ടുണ്ടു്. വനത്തിൻെറ അതിർത്തിപ്രദേശങ്ങളിൽ സ്ഥിതിചെയ്യുന്ന ഈ സ്ഥലങ്ങളിലെ വൃക്ഷങ്ങൾ മുഴുവൻതന്നെ വെട്ടി നശിപ്പിച്ചുകഴിഞ്ഞു. ഫാറസ്ററു ഉദ്യോഗസ്ഥന്മാരുടെ അറിവോടും, അല്ലാതെയും ഈ സ്ഥലങ്ങളിലെ തടികൾ നശിപ്പിച്ചുകഴിഞ്ഞു. ആക്കും ഉപകാരമില്ലാതെ ഈ സ്ഥലങ്ങൾ

ഇട്ടുകൊണ്ടു ആളുകൾ പട്ടിണി കിടക്കുന്നതു കഷ്ടമാണ്. കിടപ്പാടമില്ലാത്തവർക്കും കൃഷിചെയ്യാൻ കഴിവും ആഗ്രഹവും ഉള്ളവർക്കുംവേണ്ടി ഈ സ്ഥലങ്ങൾ വിട്ടുകൊടുക്കേണ്ടതാണ്.

മറ്റൊരു കാര്യംകൂടി എനിക്കു ഇവിടെ പറയാനുള്ളതു്, വളരെ കൊല്ലമായി ആലോചനയിലിരിക്കുന്ന കാളിയാർ എന്ന സ്ഥലത്തുള്ള തൊമ്മൻകുത്തു പദ്ധതിയെപ്പറ്റിയാണ്. പല നിരീക്ഷണങ്ങളും പരീക്ഷണങ്ങളും നടത്തിയതിനുശേഷം അതു ഇപ്പോൾ നിറുത്തിവച്ചിരിക്കുകയാണ്. വലിയ മുടക്കുകൂടാതെ നടത്താവുന്ന ഈ പദ്ധതികൊണ്ടു അനേകായിരം ഏക്കർ സ്ഥലം കൃഷിക്കു ഉപയുക്തമാക്കാവുന്നതും, തന്മൂലം അനേകം ആളുകൾക്കു കൃഷിക്കു സൗകര്യം ലഭിക്കുന്നതുമാണ്. ഈ ഗവൺമെന്റ് ഇതിനു വേണ്ട നടപടി എടുക്കണമെന്നു അഭ്യർത്ഥിക്കുന്നു.

Mr. Speaker: The member would please reserve some criticism for the voting of demands and not exhaust the whole at this juncture. The time is already exceeded.

ശ്രീ. എ. സി. ചാക്കോ: ഇൻഡ്യാ ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുള്ളതും, വളരെ മെച്ചമായതുമായ ഇടുക്കി സ്കീമിനെക്കുറിച്ചുകൂടി രണ്ടുവാക്കു പറയേണ്ടിയിരിക്കുന്നു. ആ പദ്ധതിയുടെ ഗുണത്തെക്കുറിച്ച് ആ സ്ഥലത്തുപോയി അന്വേഷിച്ചിട്ടുള്ളവരുമായി ചർച്ച നടത്തി അതിനാവശ്യമായ ഒരു രൂപം കൊടുക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. എം. പി. വർഗ്ഗീസ്: സർ, തിരുവിതാംകൂർ-കൊച്ചിയിലെ ൧൯൫൫-൫൬-ലെ ബഡ്ജറ്റിനെ പൊതുവായി ഒന്നു വിമർശനം ചെയ്യുമ്പോൾ രാജ്യക്ഷേമം പുലർത്തുന്നതിനു നമ്മുടെ കഴിവിന്റെ പരമാവധി ഈ ബഡ്ജറ്റിൽ ശ്രമിച്ചിട്ടുണ്ടോ എന്നാണു പ്രധാനമായി നാം ആലോചിക്കേണ്ടതു്. ഈ മാനദണ്ഡംവച്ചു നോക്കുകയാണെങ്കിൽ ഇന്നു നമ്മുടെ മുൻപിൽ സമർപ്പിച്ചിരിക്കുന്ന ബഡ്ജറ്റിൽ ഈ രാജ്യത്തെ ജനങ്ങളുടെ ക്ഷേമം പുലർത്തുന്നതിനു നമ്മുടെ കഴിവിന്റെ പരമാവധി നാം വിനിയോഗിച്ചിട്ടില്ല എന്നാണു എനിക്കു തോന്നുന്നതു്. ഞാനീ അഭിപ്രായം പറയുമ്പോൾ അതിനെ സാധൂകരിക്കേണ്ടതു് എന്റെ ധർമ്മമാണ്. അപ്രകാരം ഒരാരോപണം കൊണ്ടുവരുമ്പോൾ എന്തുകൊണ്ടാണ് ഞാൻ ഇങ്ങനെ പറയുന്നതു് എന്നു വ്യക്തമാക്കേണ്ടതു് എന്റെ ചുമതലയാണെന്നും ഞാൻ വിചാരിക്കുന്നു.

സർ, ഇന്നു തിരുവിതാംകൂർ-കൊച്ചി അഭിമുഖീകരിച്ചിരിക്കുന്ന പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനമായതു് ഇവിടത്തെ ഭക്ഷണദൗർലഭ്യമാണ്. ഈ ഭക്ഷണദൗർലഭ്യം പരിഹരിക്കാനുള്ള ഏകമാർഗ്ഗം ജലസേചനപദ്ധതികൾമൂലം ഭക്ഷ്യധാന്യങ്ങൾ വർദ്ധിപ്പിക്കുകയാണെന്നു ഈ സഭയിലെ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളെയുംപോലെതന്നെ ഞാനും സമ്മതിക്കുന്നു. എന്നാൽ ഇവിടത്തെ ഭക്ഷണദൗർലഭ്യവും ജലസേചനപദ്ധതികളും തമ്മിലുള്ള ബന്ധത്തെപ്പറ്റിയാണു എനിക്കാരോപണമുള്ളതു്. ഒന്നുകൂടി വ്യക്തമാക്കുകയാണെങ്കിൽ ഈ രാജ്യത്തെ ഭക്ഷണദൗർലഭ്യം പരിഹരിക്കുന്നതിനു തക്ക തോതിൽ ജലസേചനപദ്ധതികൾ

[എം. പി. വർഗ്ഗീസ്]

നടപ്പിലാക്കുവാൻ നമുക്കു കഴിവുണ്ടായിരുന്നിട്ടും നാം ആ കഴിവിനെ വിനിയോഗിച്ച് ഇവിടത്തെ ജലസേചനപദ്ധതികൾ വിപുലപ്പെടുത്തിയിട്ടില്ലെന്നാണ് എന്റെ ആരോപണം. ഈ കമ്മി നികത്തുവാൻ എത്രമാത്രം പര്യാപ്തമാണ് ഈ ജലസേചനപദ്ധതി എന്നുള്ളതാണ് എനിക്കുള്ള ആക്ഷേപം.

സർ, ഞാൻ നമ്മുടെ കഴിവുകളെപ്പറ്റിയും കഴിവുകളെ വിനിയോഗിക്കാത്തതിനെപ്പറ്റിയും ഒരു ആരോപണം കൊണ്ടുവരുമ്പോൾ അതിനെ സാധൂകരിക്കുന്നതിനു ഇവിടത്തെ ഭക്ഷ്യധാന്യകമ്മിയേയും തൻമൂലം ഗവൺമെന്റിനുവരുന്ന നഷ്ടത്തേയും ഇവിടെ പ്രവർത്തനത്തിലിരിക്കുന്ന പുതിയ ജലസേചനപദ്ധതികളുടെ ചെലവിനേയും അവയിൽനിന്നും കൂടുതലായി പ്രതീക്ഷിക്കപ്പെടുന്ന ഭക്ഷ്യധാന്യങ്ങളുടേയും ചില കണക്കുകൾ ഈ സഭയുടെ മുൻപിൽ ഹാജരാക്കേണ്ടതു് ആവശ്യമാണ്.

ബഹുമാനപ്പെട്ട ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ ഇവിടെ ൧൨ ഔൺസ് അരി റേഷൻ കൊടുക്കണമെങ്കിൽ ഈ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന രണ്ടേമുക്കാൽ ലക്ഷം ടൺ അരി കൂടാതെ അഞ്ചരലക്ഷം ടൺ അരികൂടെ ആവശ്യമാണെന്നും എന്നാൽ ൫൧–൫൨-ൽ നാലര ഔൺസും, ൫൨–൫൩-ൽ ൬ ഔൺസും മാത്രമേ കൊടുക്കാൻ സാധിച്ചിട്ടുള്ളു എന്നും പ്രസ്താവിച്ചിട്ടുണ്ട്. ൧൨ ഔൺസ് കൊടുക്കുന്നതിനു ഇവിടെ ഉൽപ്പാദിപ്പിക്കുന്ന രണ്ടേമുക്കാൽലക്ഷം ടൺ അരിയും അതിനു പുറമേ വേണ്ട അഞ്ചരലക്ഷം ടൺ അരിയും കൂടി എട്ടേകാൽ ലക്ഷം ടൺ അരി വേണമെങ്കിൽ ൬ ഔൺസു കൊടുക്കുന്നതിനു പകുതിയായ നാലേഅരയ്ക്കാൽ ലക്ഷം ടൺ അരി വേണം. ഇതിൽ ഇവിടെ ഉൽപ്പാദിപ്പിക്കുന്ന രണ്ടേമുക്കാൽ ലക്ഷം ടൺ അരി കഴിച്ച് ഒന്നേകാലേഅരയ്ക്കാൽ (൧·൩൭൫) അല്ലെങ്കിൽ സൗകര്യത്തിനായി ഒന്നരലക്ഷം ടൺ അരിയാണ് നമുക്കാവശ്യം. അതായത് ൬ ഔൺസ് റേഷൻ കൊടുക്കുമ്പോൾ ഈ ഒന്നരലക്ഷം ടൺ അരിയാണ് ഇവിടെ ഭക്ഷ്യധാന്യകമ്മി. ഈ കമ്മി നികത്തുന്നതിനു വേണ്ടി ആണ്ടിനാൽ ചെലവു വരുന്ന തുക ൬ കോടി അല്ലെങ്കിൽ ൬൦൦ ലക്ഷം രൂപയാണ് (ഞാൻ ഈ തുകയുടെ കണക്കെടുത്തിട്ടുള്ളതു ഇവിടത്തെ ഇൻഫർമേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള "മാർച്ച് ഓഫ് ട്രാവൻകൂർ-കൊച്ചിൻ" എന്ന ലഘുലേഖയിൽ നിന്നാണ്.) ഇനി ഇവിടത്തെ പുതിയ ജലസേചനപദ്ധതികളെപ്പറ്റി പറയുകയാണെങ്കിൽ അവയുടെ മൊത്തം ചെലവു ൨൨൬·൧൨ അഥവാ ൨൨൬ ലക്ഷം രൂപയും അവയിൽനിന്നും കിട്ടുന്നതു ഏറ്റവും കൂടിയതു ൨൫൦൦൦ അല്ലെങ്കിൽ ഒരുലക്ഷം ടൺ അരിയുമായിരിക്കുമെന്നാണ് കണക്കാക്കിയിരിക്കുന്നതു്. (ഈ കണക്കും ഇൻഫർമേഷൻ ഡിപ്പാർട്ടുമെന്റിൽനിന്നും കിട്ടിയിട്ടുള്ള 'ഗ്രോ മോർ ഫുഡ് പ്രോഗ്രാം' എന്ന ലഘുലേഖയിൽനിന്നാണ്.) ഈ കണക്കുകൾവച്ചു നോക്കുന്നപക്ഷം ഈ പുതിയ പദ്ധതികളെല്ലാം നടപ്പിലായി കഴിയുമ്പോൾ അരലക്ഷം ടൺ അരി പിന്നെയും കമ്മിയായിരിക്കുമെന്നും ഈ കമ്മി നികത്തുന്നതിനു ഇന്നത്തെ ഭക്ഷ്യ സബ്സിഡിയുടെ നിരക്കനുസരിച്ച് ആണ്ടിൽ ഉദ്ദേശം ൨൦൦ ലക്ഷം രൂപ വേണമെന്നും എന്നാൽ പുതിയ ജലസേചനപദ്ധതികൾ മുഖേന ഈ കമ്മി പരിഹരിക്കുകയാണെങ്കിൽ ഇപ്പോൾ പ്രവർത്തനത്തി

ലിരിക്കുന്ന പദ്ധതികളുടെ ചെലവും അവയുടെ ഉൽപ്പാദന കഴിവും വച്ചു നോക്കുന്നപക്ഷം ഉദ്ദേശം ൪൪൩ ലക്ഷം രൂപ വേണമെന്നു കാണാവുന്നതാണ്. ഇതിൽനിന്നും ഇപ്പോൾ പ്രവൎത്തനത്തിലിരിക്കുന്ന ജലസേചന പദ്ധതികൾ നടപ്പിലായി കഴിയുമ്പോഴും ബാക്കി വരുന്ന അരലക്ഷം ടൺ അരി ഉൽപ്പാദിപ്പിക്കുന്നതിനു ഇന്നു പ്രവൎത്തനത്തിലിരിക്കുന്നതുകൂടാതെ ൪൪൩ ലക്ഷം രൂപ ആവശ്യമെങ്കിൽ കടം വാങ്ങിച്ച് ചെലവുചെയ്തെങ്കിലും ജലസേചനപദ്ധതി നാം ആരംഭിക്കുകയാണെങ്കിൽ ഈ പദ്ധതി പൂൎത്തിയാകുന്ന അന്നുവരെ ആണ്ടിനാൽ ഭക്ഷ്യധാന്യസബ്സിഡിയിനത്തിൽ നമുക്കുണ്ടാകുന്ന നഷ്ടം ൨൩൩ ലക്ഷം രൂപ അന്നുമുതൽ മിച്ചമായിതീരുന്നതും ഈ മിച്ചംകൊണ്ട് രണ്ടുകൊല്ലത്തിനകമായി നാം പുതുതായി ജലസേചനപദ്ധതിക്കായി കടംവാങ്ങിച്ചു ചെലവാക്കുന്ന ൪൪൩ലക്ഷം രൂപ തിരിയെ കൊടുക്കാവുന്നതാണെന്നും മനസ്സിലാക്കാവുന്നതാണ്. സർ, ഇതാണ് എനിക്ക് ഈ സഭയുടെ മുൻപിൽ വയ്ക്കുവാനുള്ള കണക്കുകൾ. ഇതിൽ കാണിച്ചിട്ടുള്ള സംഖ്യകൾ സംബന്ധിച്ച് വല്ലതെങ്കിലും തെറ്റുണ്ടെങ്കിൽ മാന്യസഭാംഗങ്ങൾ അതു തിരുത്തുമെന്നു ഞാൻ വിശ്വസിക്കുന്നു. ഏതായാലും ഈ കണക്കുകൾ ശരിയാണെങ്കിൽ പഞ്ചവത്സരപദ്ധതിക്കു വിരുദ്ധംകൂടാതെതന്നെ ഉദ്ദേശം നാലരക്കോടി രൂപ കടമായിട്ടെങ്കിലും എടുത്ത് ഏതെങ്കിലും ജലസേചനപദ്ധതികളാരംഭിച്ച് ഇവിടത്തെ ഭക്ഷണദൗൎലഭ്യത്തെ പരിഹരിക്കാമായിരുന്നു എന്നും അതു ചെയ്യാത്തിടത്തോളം കാലം ഈ രാജ്യത്തിന്റെ ക്ഷേമത്തിനുവേണ്ടി ഈ ഗവണ്മെന്റിനു ചെയ്യാവുന്നിടത്തോളം ചെയ്തിട്ടില്ലെന്നു ഞാൻ പുറപ്പെടുവിച്ച ആരോപണം സാധൂകരിക്കപ്പെട്ടുമെന്നും ഞാൻ വിശ്വസിക്കുന്നു.

സർ, ഈ സന്ദൎഭത്തിൽ ജലസേചനപദ്ധതികൾ മുതലായ പബ്ലിക്ക് ഇൻവെസ്റ്റുമെന്റു പദ്ധതികൾക്കു ഈ രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള സുപ്രധാനമായ പങ്കിനെപ്പററിയും രണ്ടുവാക്കു പറഞ്ഞുകൊള്ളട്ടെ. ആധുനിക സാമ്പത്തിക തത്വങ്ങൾ അനുസരിച്ചു ഒരു രാജ്യത്തെ തൊഴിൽ വൎദ്ധിപ്പിക്കുന്നതിനു പ്രധാനമായി മൂന്നു മാൎഗ്ഗങ്ങളാണുള്ളത്. (൧) പലിശനിരക്കു കുറയ്ക്കുക; (൨) ആദായത്തെ, അഥവാ വരവിനെ പുനൎവിതരണം ചെയ്യുക; (൩) പബ്ലിക്കു ഇൻവെസ്റ്റുമെന്റു വൎദ്ധിപ്പിക്കുക. ഈ മാൎഗ്ഗങ്ങളിലൂടെ പിന്നിലുള്ള സാമ്പത്തികതത്വങ്ങളെപ്പററി വിശകലനത്തിനു ഞാൻ ഒരുങ്ങുന്നില്ല. എന്നാൽ തിരുവിതാംകൂർ-കൊച്ചിയെപ്പോലെയുള്ള ഒരു രാജ്യത്തെ ഗവണ്മെന്റിനു കറൻസിമാനിപ്പുലേഷൻമുഖേന പലിശനിരക്കു കുറക്കുന്നതിനോ ആദായനികുതിമുഖേന ആദായ പുനൎവിതരണത്തിനോ കഴിവില്ലാത്തതിനാൽ ഇവിടെ തൊഴിൽ വൎദ്ധിപ്പിക്കുന്നതിനുള്ള ഏകമാൎഗ്ഗം ഇവിടത്തെ പബ്ലിക്ക് ഇൻവെസ്റ്റുമെന്റിന്റെ തോതു് അല്ലെങ്കിൽ വാള്യം വൎദ്ധിപ്പിക്കുക എന്നുള്ളതാണ്. ഇവിടെയും ഗവണ്മെന്റിനാവശ്യമെന്നു തോന്നുന്നപക്ഷം ആവശ്യമുള്ള മൂലധനം കടമായെടുക്കാവുന്നതാണ്. ഇങ്ങു പറയുമ്പോഴും ഇതിൽ അടങ്ങിയിരിക്കുന്ന അല്ലെങ്കിൽ പബ്ലിക്കു ഇൻവെസ്റ്റുമെന്റിനായി ആവശ്യമെങ്കിൽ പണം കടമെടുക്കുന്നതിനെ സാധൂകരിക്കുന്ന തത്വങ്ങളും ന്യായങ്ങളുമുണ്ട്. പക്ഷെ അവയെ വിശകലനം ചെയ്യുവാൻ ഞാൻ ഒരുമ്പെടുന്നില്ല. ഇവിടെ ഇന്നു നിലവിലുള്ള പബ്ലിക്കു

[ശ്രീ. എം. പി. വർഗ്ഗീസ്]

ഇൻവെസ്റ്റ്മെൻറ് മൊത്തത്തിൽ എടുത്താലും വേണ്ടത്ര മൂലധനമില്ലെന്നാണു സൂചിപ്പിക്കുന്നതു്. ഈ നിലവച്ചു നോക്കുകയാണെങ്കിൽ ഇവിടെ തൊഴിൽ വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യങ്ങൾ വളരെ അപര്യാപ്തമാണെന്നു കാണാം. അതു പരിഹരിക്കുന്നതിനു ബഹുമാനപ്പെട്ട ധനകാര്യമന്ത്രി വേണ്ട ശ്രമം നടത്തുമെന്നു ഞാനാഗ്രഹിക്കുന്നു.

ഈ അവസരത്തിൽ എനിക്കു മറെറാരു കടപ്പാടുകൂടിയുണ്ടെന്നു ഞാൻ ധരിക്കുന്നു. അതായതു് ഈ രാജ്യത്തു വളരെ ശബ്ദമുണ്ടാക്കിയ ഭൂതത്താൻകെട്ടുപദ്ധതിയെപ്പററിയാണു ഞാൻ പറയണമെന്നു വിചാരിക്കുന്നതു്. അതേ സംബന്ധിച്ചു ഈ സഭയിലെ മിക്ക അംഗങ്ങൾക്കും ചില തെററിദ്ധാരണകൾ ഉള്ളതു നീക്കുവാൻ ഞാനാഗ്രഹിക്കുന്നു. സർ, ഞാൻ ഭൂതത്താൻകെട്ടുപദ്ധതിയെപ്പററിയും അതിനു വേണ്ടിവരുന്ന ചെലവിനെപ്പററിയും അതുമൂലമുണ്ടാകുന്ന വിളവു വർദ്ധനവിനെപ്പററിയും അതുപോലെ ഇന്നു പ്രവർത്തനത്തിലിരിക്കുന്ന മററ പദ്ധതികളെക്കുറിച്ചുമുള്ള കണക്കുകൾ വായിക്കാം.

Mr. Speaker : Where are the figures from?

Shri M. P. Varghese : There is a report issued by the Director of Public Relations. The figures are culled out of that.

ഇപ്പോൾ പ്രവർത്തനത്തിലിരിക്കുന്ന ചാലക്കുടി പദ്ധതിക്കു് ചെലവുവരുമെന്നു് പ്രതീക്ഷിക്കുന്നതു ൨.൧൦. ൭൫ ലക്ഷവും കിട്ടുമെന്നു പ്രതീക്ഷിക്കുന്ന വിളവു് ൦.൧൫ ലക്ഷം ടണ്ണുമാണ്. അതുപോലെ തന്നെ നെയ്യാർ പദ്ധതിയും. ചെലവാകുമെന്നു് ഉദ്ദേശിക്കുന്ന തുക ൨.൨൫.൦൦ ലക്ഷം രൂപയും അതിൽ നിന്നും വരുന്ന വിളവു ൦.൧൨ ലക്ഷം ടണ്ണുമാണ്. എന്നാൽ ഭൂതത്താൻകെട്ടുപദ്ധതിയനുസരിച്ചു് തയ്യാറാക്കിയ റിപ്പോർട്ടിൽ നിന്നും കണക്കുകളിൽ നിന്നും അതായതു ഞാൻ പറയുന്നതു ബഹുമാനപ്പെട്ട മന്ത്രി കളത്തിൽ വേലായുധൻ നായർ ഈ നിയമസഭയിൽ പ്രസ്താവിച്ചവിവരങ്ങൾ അടിസ്ഥാനപ്പെടുത്തി അതിൻെറ ചെലവ് ൪൧൦.൪൩ ലക്ഷം രൂപയും അതുമൂലം ജലസേചനം ചെയ്യാവുന്ന സ്ഥലം ൩൫൪൭൦ ഏക്കറുമാണ്. മററുള്ള ജലസേചനപദ്ധതികൾ കൊണ്ടു് ഒരു ടൺ ഭക്ഷ്യധാന്യം ഉൽപ്പാദിപ്പിക്കുന്നതിനുള്ള കണക്കു് നോക്കുന്ന പക്ഷം ചാലക്കുടി പദ്ധതി അനുസരിച്ചു് ഒരു ടൺ ഭക്ഷ്യം വർദ്ധിപ്പിക്കുന്നതിനു ൧൪൧൭ രൂപയും നെയ്യാർ പദ്ധതി അനുസരിച്ചു് ൧൪൭൪ രൂപയും അതേസമയം ഈ ഭൂതത്താൻകെട്ടു പദ്ധതി നടപ്പിൽ വരുത്തുകയാണെങ്കിൽ ഒരു ടൺ ഭക്ഷ്യധാന്യം ഉൽപ്പാദിപ്പിക്കുന്നതിനു ൧൫൨൫ രൂപയും ആണു് ചെലവു വരുന്നതു് എന്നുള്ള സംഗതി മാന്യസാമാജികന്മാർ മനസ്സിലാക്കണമെന്നും ഞാൻ വിചാരിക്കുന്നു.

സർ, ഞാൻ ഇതു ഇവിടെ പ്രസ്താവിച്ചതോടുകൂടിത്തന്നെ ഒരു കാര്യം എനിക്കിവിടെ അറിയിക്കുവാനുള്ളതു് ഇന്നലെ ഇവിടെ പ്രസംഗിച്ച ശ്രീ. കുഞ്ഞൻ നമ്പ്യാർ പറഞ്ഞ ഒരു സംഗതിയാണ്. അതായതു്, നെയ്യാർ പദ്ധതിയുടെ പിന്നിൽ ഒരു മന്ത്രിയുണ്ടെന്നുള്ള ഒരു വാസ്തവം അദ്ദേഹം പ്രസ്താവിച്ചതായി ഞാൻ ഓർക്കുന്നുണ്ടു്. എന്നാൽ വടക്കൻതിരുവിതാംകൂറിൽ നിന്നു് ഒരു മന്ത്രിയില്ലാത്തതാണ്, ചാലക്കുടി

പദ്ധതിയും നെയ്യാർ പദ്ധതിയും ആരംഭിച്ചപ്പോൾ താരതമ്യേന വളരെ ആദായകരമായ കുതിരാൻകെട്ടുപദ്ധതി ഉപേക്ഷിക്കാൻ കാരണമെങ്കിൽ അതിൽ ഞാൻ ഖേദിക്കുന്നു.

ശ്രീ. എ. കുഞ്ഞൻ നാടാർ : തെക്കൻതിരുവിതാംകൂറിൽ മുൻപുണ്ടായിരുന്ന ഒരു മന്ത്രിയെപ്പററിയാണു ഞാൻ പറഞ്ഞതു്.

ശ്രീ. എം. പി. വർഗ്ഗീസ് : മുൻപാണെങ്കിലും ഇപ്പോഴാണെങ്കിലും വലിയ വ്യത്യാസമില്ല. ഞാൻ ഇവിടെ ചെയ്തിട്ടുള്ള പ്രസംഗത്തെ ക്രിട്ടിസൈസ്സു് ചെയ്യുകയല്ല.

Mr. Speaker : You can have that kind of criticism as well.

ശ്രീ. എം. പി. വർഗ്ഗീസ് : ഏതായാലും ഇവിടത്തെ ഭക്ഷ്യധാന്യകമ്മി നികത്തുന്നതിനു ഏററവും ആവശ്യമായ ജലസേചനപദ്ധതികൾ പുതുതായി ഇനിയും ആരംഭിക്കുന്നതിനു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ആവശ്യമായ നടപടികൾ സ്വീകരിക്കുകയും അതിനു മദ്രാസിലും ബാംബെയിലും ഹൈദ്രബാദിലും ലോൺ ഫ്ളോട്ടുചെയ്തതുപോലെ ഇവിടെയും ലോൺഫ്ളോട്ടു ചെയ്തു് ജലസേചനപദ്ധതികൾ മുഖേന ഈ കമ്മി നികത്തുവാൻ വേണ്ടതു ചെയ്യണമെന്നു് കർമ്മധീരനായ ധനകാര്യമന്ത്രിയെ അനുസ്മരിപ്പിച്ചുകൊണ്ടും അദ്ദേഹം അതു ചെയ്യുമെന്നുമുള്ള വിശ്വാസത്തിലും ഞാൻ നിറുത്തുന്നു.

ശ്രീ. കെ. കെ. കുമാരപിള്ള : കഴിഞ്ഞ ബഡ്ജററ അവതരിപ്പിച്ചുകൊണ്ടു് അധികാരത്തിലേയ്ക്കു കയറിയതിന്റെ ശേഷം കാര്യമായ രീതിയിൽ ഈ രാജ്യത്തെ സ്ഥിതിഗതികളെക്കുറിച്ചു് ചിന്തിക്കുവാനും പഠിക്കുവാനും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതികൾ രൂപീകരിക്കുവാനും വേണ്ടത്ര സമയം കിട്ടാത്തതുകൊണ്ടാണു് കഴിഞ്ഞ പ്രാവശ്യത്തെ ബഡ്ജററിൽ വല്ല പാകപ്പിഴയും വന്നിട്ടുണ്ടെങ്കിൽ അതിനുള്ള കാരണമെന്നു് ധനകാര്യമന്ത്രി പറയുകയുണ്ടായി. അദ്ദേഹവും അദ്ദേഹം ഉൾപ്പെട്ട ക്യാബിനററും അധികാരത്തിൽ വന്നിട്ടു് കുറെക്കാലമായി. ഈ രാജ്യത്തെ കാര്യങ്ങൾ ശരിയായി പഠിക്കുവാനും മനസ്സിലാക്കുവാനും ഉള്ള സമയം മന്ത്രിസഭയ്ക്കു് ഇതിനകം ഉണ്ടായിട്ടുണ്ടെന്നുള്ളതു് തീർച്ചയാണു്. ഇന്നത്തെ ധനകാര്യമന്ത്രിയുടെ ബുദ്ധിപരമായ കഴിവിനെപ്പററി ഞങ്ങൾക്കു് വളരെ മതിപ്പുണ്ടു്. ആ അടിസ്ഥാനത്തിൽ ഇപ്പോൾ കൊണ്ടുവരുന്ന ബഡ്ജററിനെക്കുറിച്ചു് ഞങ്ങൾക്കു് വളരെ പ്രതീക്ഷ ഉണ്ടായിരുന്നു. പക്ഷെ നിരാശയാണു് അനുഭവം. സാർ, ഇൻഡ്യൻ പാർലമെൻറിൽ ബഡ്ജററ അവതരിപ്പിച്ചുകൊണ്ടു, എന്റെ അറിവു് ശരിയാണെങ്കിൽ, നമ്മുടെ ധനകാര്യമന്ത്രിയേയും അതുപോലെയുള്ള സ്റ്റേററുകളിലെ മററ മന്ത്രിമാരെയും നിയന്ത്രിക്കുന്നതിനുള്ള നിർദ്ദിഷ്ടമായ നിർദ്ദേശങ്ങൾ അവിടത്തെ ധനകാര്യമന്ത്രിയായ ശ്രീ. ദേശ്മുഖ് നൽകുകയുണ്ടായി. "I am one who believes in Capitalism" എന്നു് പാർലമെൻറിൽ വച്ചു് അദ്ദേഹം പറഞ്ഞു. അതല്ലാതെ മറെറാന്നും അദ്ദേഹത്തിനു പറയാൻ ഉണ്ടായിരുന്നില്ല.

Mr. Speaker : Where was it said?

ശ്രീ. കെ. കെ. കുമാരപിള്ള: പാർലിമെൻറിൽ ബഡ്ജററ് അവതരിപ്പിച്ചുകൊണ്ട് ധനകാര്യമന്ത്രി ശ്രീ. ദേശമുഖ് ചെയ്ത പ്രസംഗത്തിൽ ഇങ്ങനെ പ്രസ്താവിച്ചു എന്നാണ് എനിക്കു കിട്ടിയിട്ടുള്ള അറിവ്, തെററുണ്ടെങ്കിൽ തിരുത്തണം.

സർ, ഈ വീക്ഷണഗതിയെങ്കിലും നമ്മുടെ ധനകാര്യമന്ത്രി സ്വീകരിച്ചിരുന്നു എങ്കിൽ അങ്ങനെ എങ്കിലും നമുക്കു സന്തോഷിക്കാമായിരുന്നു. എന്നാൽ ശരിയായ ഒരു പരിപാടിയും അദ്ദേഹം സ്വീകരിച്ചിട്ടുള്ളതായി തോന്നുന്നില്ല. നാട്ടുംപുറത്തു ഒരു ചൊല്ലുണ്ട്; "തെങ്ങിനും കമുകിനും ഒരുപോലെ തളപ്പു കെട്ടരുതെന്ന്." ധനകാര്യമന്ത്രിയുടെ പ്രസംഗത്തിനുശേഷവും പ്രാധാന്യം കൊടുക്കേണ്ടിടത്തു വേണ്ടത്ര പ്രാധാന്യം കൊടുക്കാതെയും വേണ്ടതുപോലെ വേണ്ട കാര്യങ്ങൾ ശ്രദ്ധിക്കാതെയും ഗവണ്മെൻറു മുന്നോട്ടു പോകുകയാണെന്നു മനസ്സിലാക്കുവാൻ വിഷമമില്ല. ഏററവും കൂടുതൽ തരിശായി കിടക്കുന്ന സ്ഥലങ്ങളിൽ ജലസേചന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കി, കൂടുതൽ ധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുവാനും അങ്ങനെ രാജ്യത്തിനു ആവശ്യമായ ഭക്ഷണസാധനങ്ങൾ ഉണ്ടാക്കുവാനും കഴിയുന്ന പ്രദേശങ്ങളും ഡസ്റ്ററുകളും ഇൻഡ്യയിൽ ഉണ്ട്. പക്ഷെ, തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൻെറ കാര്യം ആ ഒരു വീക്ഷണഗതിയിൽക്കൂടി കാണുകയാണെങ്കിൽ ഉണ്ടാകാവുന്ന അപകടവും ആപത്തും എത്രമാത്രമാണെന്നു ഈ ബഡ്ജററ് തയാറാക്കുന്ന അവസരത്തിൽ നമ്മുടെ ധനകാര്യമന്ത്രി ധരിച്ചിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ഇവിടെ ചെലവാക്കിയിട്ടുള്ള തുകകളിൽ ഏററവും കൂടുതൽ ചെലവാക്കിയിട്ടുള്ളതു," ധനകാര്യമന്ത്രി സ്ഥാനത്തും അസ്ഥാനത്തും, അവസരത്തിലും, അനവസരത്തിലും പൊന്തിച്ചു കാണിക്കാറുള്ള, പഞ്ചവത്സരപദ്ധതിയിലും മുഖ്യമായി ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുള്ള, കൃഷിയുടെ ആവശ്യത്തിലേയ്ക്കും ആണെന്നു കാണുവാൻ സാധിക്കും. വളരെ ശരിയാണ്. ഈ രാജ്യത്തെ ഏററവും വിപുലമായ ഒരു പ്രശ്നം—നമ്മെ ഏററവും രൂക്ഷമായി തുറിച്ചുനോക്കിക്കൊണ്ടിരിക്കുന്ന പ്രശ്നം—ആഹാരപ്രശ്നമാണ്. ഇതിൻെറ യഥാർത്ഥമായ പരിഹാരത്തിനു വേണ്ടിയായിരുന്നു ഇത്രയധികം പണം ചെലവാക്കുന്നതെങ്കിൽ അതു സാധൂകരിക്കാമായിരുന്നു. പക്ഷെ ബഡ്ജററ് പരിശോധിച്ചുനോക്കുന്ന പക്ഷം ഈ നാട്ടിലെ ഒരുപിടി ധനികകൃഷിക്കാർക്കും ജന്മിമാർക്കും ലാഭം ഉണ്ടാക്കുന്നതിനു വേണ്ടി മാത്രമാണ് ഇത്ര ഏറെ പണം ചെലവാക്കുന്നതെന്നു കാണാൻ കഴിയും.

സർ, ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ പ്രൊക്യൂർമെൻറിനെ പററിയും മററും പറയുന്നുണ്ട്. ഞാൻ ഇവിടെ ഒരു കണക്കും ഉദ്ധരിക്കുവാൻ വിചാരിക്കുന്നില്ല. എന്നാൽ ഓരോ വർഷം കഴിയുംതോറും പ്രൊക്യൂർമെൻറു യഥാർത്ഥത്തിൽ താഴോട്ടു താഴോട്ടു പോകുകയാണെന്നുള്ളതിനു സംശയമില്ല. ഇവിടെ നു ഔൺസ് അരി മാത്രമേ കൊടുക്കുവാൻ സാധിക്കുന്നുള്ളു എന്നും അതിനുവേണ്ടിവന്ന ക്ലേശങ്ങളും ബുദ്ധിമുട്ടുകളും വളരെ ആയിരുന്നു എന്നും അദ്ദേഹം പറഞ്ഞു. കാൺഗ്രസ് അധികാരത്തിൽ വരുന്നതിനു മുൻപും, സർ സി. പി. രാമസ്വാമി അയ്യരുടെ കാലത്തും ഈ രാജ്യത്തു ഭക്ഷ്യധാന്യങ്ങളുടെ ദൗർലഭ്യം ഉണ്ടായി

രുന്നു. പുറത്തുനിന്നായിരുന്നു ഇവിടെ ഭക്ഷ്യ സാധനങ്ങൾകൊണ്ടുവന്നുകൊണ്ടിരുന്നതു്. അന്നുപോലും ഇതു സംബന്ധിച്ചു് ഇത്ര അധികം പരാതികൾ ഉണ്ടായിരുന്നില്ല. ഇവിടെ സംസാരിച്ച ഒരു മാന്യ സ്നേഹിതന്റെ ഭാഷയിൽ പറഞ്ഞാൽ ഇന്നു് "കരുണാനിധികളായ ആളുകൾ" ഭരിക്കുന്ന ഈ കാലത്തു്, മററു രാജ്യങ്ങളിൽ പന്ത്രണ്ടും പതിനാലും ഔൺസു് ഭക്ഷ്യ സാധനങ്ങൾ നൽകിക്കൊണ്ടിരിക്കുന്ന ഈ കാലത്തു്, ആറു് ഔൺസു് റേഷൻ കൊടുത്തൊപ്പിക്കുവാൻ നമ്മുടെ ധനകാര്യമന്ത്രിയും അദ്ദേഹത്തിന്റെ മന്ത്രിസഭയും എത്രമാത്രം ക്ലേശിക്കുന്നു എന്നു നോക്കുക. ഈ രാജ്യത്തു് കിട്ടാവുന്ന അരിയും നെല്ലും ഫ്രീ മാർക്കററിൽ വിൽക്കുവാൻ അദ്ദേഹം അനുവദിച്ചിരിക്കുകയാണു്. ൧൧൨൬-ൽ അൻപതിനായിരം ടൺ അരിയാണു് പ്രൊക്യൂർ ചെയ്തതു്. അതിനു മുൻ വർഷത്തിലെ അതായതു ൧൧൨൫-ലെ പ്രൊക്യുർമെൻറു് അറുപതിനായിരം ടൺ ആണു്. അങ്ങനെ ആണ്ടോടാണ്ടു് പ്രൊക്യുർമെൻറു് കുറഞ്ഞുവരികയും കൂടുതൽ അരി പുറത്തുനിന്നും വരുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്നതോടൊപ്പം ധനികവർഗ്ഗക്കാർക്കു് അരി ഫ്രീ മാർക്കററിൽ വിൽക്കാൻ അനുവദിക്കുന്നതു് എത്രമാത്രം അയഥാർത്ഥികമായിരിക്കുമെന്നുള്ളതിനെപ്പററി ഞാൻ പറയണമെന്നില്ലല്ലോ. നെല്ലു വിൽക്കുവാൻ അനുവദിക്കുകയും പ്രൊക്യുർമെൻറു ഡിപ്പാർട്ടുമെൻറിൽ കൈക്കൂലിയും അഴിമതിയും വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തിരിക്കുന്നതുകൊണ്ടു് പ്രൊക്യുർമെൻറു നാൾക്കുനാൾ കുറഞ്ഞുവരുന്നു. അതേ അവസരത്തിൽ ഈ നാട്ടിലെ ധനികന്മാരായ കൃഷിക്കാർക്കും ജന്മിമാർക്കും അവരുടെ കൈവശമുള്ള നെല്ലു് വിററഴിച്ചു ലാഭം ഉണ്ടാക്കുവാൻ അവസരം കൊടുക്കുകയും ചെയ്യുന്നു.

കഴിഞ്ഞ ഒരു വർഷത്തിൽ ഇവിടെ ഭക്ഷണത്തെക്കുറിച്ചുള്ള യാതൊരു മുറവിളിയും ഉണ്ടായിട്ടില്ലെന്നു് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കാണുന്നു. ഇതു പരമാർത്ഥത്തിനു വിരുദ്ധമല്ലേ എന്നു ഞാൻ ചോദിക്കുന്നു. ഈ വർഷത്തിൽ അമ്പലപ്പുഴ-ചേർത്തല താലൂക്കുകളിൽ ജനങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന ക്ലേശങ്ങളെ പററിയും ഭക്ഷണക്ഷാമത്തെപ്പററിയും ഗവണ്മെൻറിനു അറിവുണ്ടായിരുന്നില്ലേ? അവിടത്തെ അവശതയുടെ നിവാരണാർത്ഥം നമ്മുടെ ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ ഒരു ഫണ്ടു് തന്നെ രൂപീകരിക്കുകയും അവിടെ അവശതകളുടെ പേരിൽ അതു വിതരണം ചെയ്യുകയും ചെയ്തതിനു ശേഷവും യാതൊരു പരാതിയും ഉണ്ടായിട്ടില്ലെന്നാണു് ധനകാര്യമന്ത്രി പറയുന്നതു്. ആഹാര സാധനങ്ങൾ ജനങ്ങൾക്കു് പരാതികൂടാതെ ലഭിക്കുവാനുള്ള ഒരു പരിതഃസ്ഥിതി ഈ രാജ്യത്തുണ്ടായിട്ടാണോ ഇങ്ങനെ ഒരു ഫണ്ടു് ചീഫ് മിനിസ്റ്റർ ഏർപ്പെടുത്തിയതു്? ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽ തന്നെ ഈ ഫണ്ടിന്റെ കാര്യവും പറഞ്ഞിട്ടുണ്ടു്. ഇങ്ങനെ പരസ്പരവിരുദ്ധങ്ങളായ കാര്യങ്ങൾ പറയുമ്പോൾ അദ്ദേഹത്തിന്റെ ബുദ്ധിയെ തന്നെ ചോദ്യം ചെയ്യേണ്ടതായിട്ടില്ലേ എന്നു തോന്നിപ്പോകുന്നു.

സർ, തിരുവിതാംകൂർ-കൊച്ചിയെപ്പോലെയുള്ള ഒരു രാജ്യത്തു് എത്ര ജലസേചനപദ്ധതികൾ ഉണ്ടാക്കിയാലും, കൂടുതൽ ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾ ഏർപ്പെടുത്തിയാലും, മററു സൗകര്യങ്ങൾ ഉണ്ടാക്കിയാലും, കൃഷിയുടെ വികസനംകൊണ്ടുമാത്രം പുരോഗതി സാദ്ധ്യമല്ല. ഇവിടത്തെ ക്രമാതീതമായ ജനസംഖ്യാവർദ്ധനവു നോക്കുമ്പോൾ പരിമിതമായ

[ശ്രീ. കെ. കെ. കുമാരപിള്ള]

സ്ഥലസൗകര്യമുള്ള ഈ രാജ്യത്തു കൃഷി വികസനംകൊണ്ടുമാത്രം ജനങ്ങൾക്കു ജീവിക്കുവാൻ സാദ്ധ്യമല്ലാതായിരിക്കുന്നതു്. ഇങ്ങനെയുള്ള ഒരു രാജ്യത്തു ആളുകളുടെ ക്രയശക്തിയെ വർദ്ധിപ്പിക്കുക എന്നുള്ളതാണു് ഏററവും കൂടുതൽ ആവശ്യം. ഈ രാജ്യത്തു് ആറു് ഔൺസ്സ് അരി കൊടുക്കുവാനേ ഗവണ്മെൻറിനു കഴിയുന്നുള്ളു എന്നു സങ്കടപ്പെടുന്ന അതേ അവസരത്തിൽ തന്നെ വിവിധ ഡിപ്പോകളിലായി അരി ചെലവാകാതെ കുന്നുകൂടികിടക്കുന്നു എന്നു ഗവണ്മെൻറു പരാതിപ്പെടുന്നുണ്ടു്. ആളുകളുടെ കൈയ്യിൽ പണമില്ല. പിന്നെ അവർ റേഷൻ എങ്ങനെ വാങ്ങിക്കും. നാട്ടനീളെ റോഡുനീളെ തൊഴിൽതിരഞ്ഞു നടക്കുന്ന തൊഴിലാളികൾക്കു് തൊഴിൽചെയ്യുന്നതിനുള്ള സൗകര്യം ഇവിടെയുണ്ടോ? സർക്കാരിൽ നിന്നു വളരെ മൂലധനം ചെലവാക്കി നടത്തിക്കൊണ്ടിരിക്കുന്ന വ്യവസായങ്ങൾ ഇവിടെയുണ്ടു്. ഈ തരം വ്യവസായങ്ങളുടെ ഇന്നത്തെ ശോച്യാവസ്ഥയെയും അധഃപതനത്തെയും തകരാറുകളേയും പററി ശ്രീ. ററി. കെ. ദിവാകരൻ സമഗ്രമായി ഇവിടെ പറയുകയുണ്ടായി. അതുകൊണ്ടു് അതിലേയ്ക്കു കടക്കുവാൻ ഞാൻ വിചാരിക്കുന്നില്ല, ഒരു ഉദാഹരണം മാത്രം പറയാം. ഇവിടത്തെ സർക്കാരിൻെറ കഴിവുകേടു, അല്ലെങ്കിൽ മനഃപൂർവ്വമായ അലസതകൊണ്ടാണു് ഈ വക വ്യവസായങ്ങൾ അഭിവൃദ്ധിയിൽ വരാത്തതെന്നുള്ളതിനു് തിരുവനന്തപുരത്തു മുടങ്ങിക്കിടക്കുന്ന ടൈററാനിയം വർക്ക്സ് ഒരു പ്രത്യക്ഷ തെളിവാണു്. അവിടെ പണിയെടുക്കുന്ന ആളുകൾ ഈ നാട്ടുകാരാണു്. എന്നാൽ ഭാരിച്ച വളരെ ഭാരിച്ച, ശമ്പളം കൊടുത്തു് രണ്ടു യൂറോപ്യൻമാരെ മാനേജരന്മാരായി വച്ചിട്ടുണ്ടു്. ഇവിടെ ഉണ്ടാക്കുന്ന മണൽ കപ്പലിൽ കയററി പുറരാജ്യങ്ങളിൽ കൊണ്ടുപോയി പെയിൻറുണ്ടാക്കി ഇവിടെ കൊണ്ടുവന്നു വിൽക്കുന്നതു്, ഇവിടത്തന്നെ പെയിൻറുണ്ടാക്കി വിൽക്കുന്നതിനെക്കാൾ ലാഭകരമായതുകൊണ്ടാണു് ഇപ്പോൾ ടൈററാനിയം വർക്ക്സ് അടച്ചിട്ടിരിക്കുന്നതെന്നു പറയുന്നു. ഗവണ്മെൻറിൻെറ കഴിവുകേടിനു് ഇതിൽ കൂടുതൽ ഒരു തെളിവാവശ്യമുണ്ടോ? ചവറയിൽനിന്നും മണൽ അന്യരാജ്യങ്ങളിൽ കൊണ്ടുപോയി പെയിൻറുണ്ടാക്കി ഇവിടെ വിപണിയിൽ വിററാൽ ലാഭം ഉണ്ടു്. നേരെമറിച്ചു്, അതേ മണൽകൊണ്ടു് ഇവിടെ പെയിൻറുണ്ടാക്കി ഇവിടത്തെ വിപണിയിൽ വിററാൽ നഷ്ടമാണു്. നമ്മുടെ വ്യവസായങ്ങൾ അധഃപതിക്കാതെ നിവൃത്തിയുണ്ടോ? സർ, മന്ത്രിസഭ ഇതേപ്പററി കാര്യമായി ആലോചിക്കുകയും അതിനുള്ള കാരണങ്ങൾ കണ്ടുപിടിച്ചു് നിവൃത്തിമാർഗ്ഗം ഉണ്ടാക്കുകയും ചെയ്യണം. ഇല്ലെങ്കിൽ അവർ എത്രയും വേഗം അധികാരത്തിൽനിന്നും ഒഴിഞ്ഞുപോകുകയാണു നല്ലതു്.

ഇവിടത്തെ വ്യവസായങ്ങളുടെ നേരെ കാണിച്ചിട്ടുള്ള മനോഭാവം പോലെതന്നെ കുററകരമായ അനാസ്ഥ ഇവിടത്തെ പാവപ്പെട്ടവരുടെ നേരെയും സാധാരണക്കാരൻെറ നേരെയും ഗവണ്മെൻറു് കാണിച്ചിട്ടുണ്ടു്. ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ തന്നെ പറയാറുണ്ടു്, ഞങ്ങൾ ഒരു ബില്ലു കൊണ്ടുവരുന്നുണ്ടു് എന്നു്. ഭൂപരിഷ്ക്കരണബിൽ. ഞങ്ങളുടെ നാട്ടിൽ ഒരു കഥ പറയാറുണ്ടു്. തള്ളക്കോഴി സ്വന്തം കുഞ്ഞുങ്ങളോടു പറയും, അവർക്കു് ഇന്നു പാലു തരാം, നാളെ പാലുതരാം എന്നു്,

ഈ നാട്ടിൽ സ്വന്തം ഭൂമി ഇല്ലാതെ, ജോലിചെയ്യുവാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്ന കൃഷിക്കാരെയും സാധാരണക്കാരെയും നോക്കിക്കൊണ്ടു് ഇതാ കൊണ്ടുവരുന്നു ഭൂനയബിൽ എന്നു ഗവണ്മെൻറു പറയാൻ തുടങ്ങിയിട്ടു് നാൾ കുറെയായി. ഇതുവരെ ബില്ല കണ്ടില്ല. അതങ്ങനെ നീണ്ടു നീണ്ടു പോകുകയാണു്. ഈ നാട്ടിലെ സാധാരണക്കാരായ കൃഷിക്കാർക്കു് കൃഷിചെയ്യുവാനുള്ള ഭൂമിപോലും കൊടുക്കാതെ ധനികന്മാരുടെ കീശ വീർപ്പിക്കുവാനുള്ള പരിപാടിയുമായിട്ടാണു് ഗവണ്മെൻറു് മുമ്പോട്ടു പോകുന്നതു്. ആഹാരവും തൊഴിലും ഇല്ലാതെ പട്ടിണികൊണ്ടു ചത്തു അടിയുന്ന ശവങ്ങളുടെമേൽ ചവുട്ടിക്കൊണ്ടുള്ള ഒരു ജൈത്രയാത്രയാണു് ഗവർണ്മെൻറു നടത്തുന്നതു്. സർ, മററു രാജ്യങ്ങളിലുണ്ടായിട്ടുള്ള രക്തരൂഷിതമായ വിപ്ലവങ്ങളുടെ സാഹചര്യങ്ങളെ പററി സ്മരിക്കുമ്പോൾ ഗവണ്മെൻറിൻെറ ഈ നിലപാടിൽ പൊറുതിമുട്ടുന്ന ഇവിടത്തെ ജനങ്ങളെ വളരെ രൂക്ഷമായ ഒരു വിപ്ലവത്തിൻെറ അടുക്കലേയ്ക്കു നീക്കിക്കൊണ്ടുപോകുന്ന ഒരു പരിതഃസ്ഥിതി ഇവിടെ ഉണ്ടാകുകയില്ലേ എന്നു ഞാൻ ഭയപ്പെടുന്നു. തൊഴിലില്ലായ്മയും പട്ടിണിയും ഇവിടെ നടമാടുന്നുണ്ടു്. ഭക്ഷണത്തിനുള്ള മുറവിളി ഇവിടെ ഇല്ലെന്നു പറയുന്നു. ഒരുപക്ഷെ, പാവപ്പെട്ടവൻെറ പിച്ചച്ചട്ടിയിൽനിന്നും സമ്പാദിക്കുന്ന കാശുകൊണ്ടു് മേടപ്പുറത്തു കയറിയിരുന്നു വിഹരിക്കുന്നവർക്കു പട്ടിണിയുടെ മുറവിളി കേൾക്കുവാൻ കഴിയുകയില്ലായിരിക്കാം. പക്ഷെ പാവങ്ങളുമായും കഷ്ടപ്പെടുന്ന ആളുകളുമായും നിത്യവും സമ്പർക്കപ്പെട്ടു കൊണ്ടിരിക്കുന്ന ഞങ്ങൾക്കു് ആ മുറവിളി നല്ലപോലെ കേൾക്കുവാൻ കഴിയും. സർ, ഇവിടെ ആറു ഔൺസ് അരികൊണ്ടു് ഒരു സാധാരണക്കാരനു് ജീവിക്കുവാൻ സാദ്ധ്യമല്ലല്ലോ. ആ നിലയിൽ അത്ര ദുർലഭമായി ഇവിടെ കൊണ്ടുവരുന്ന അരിപോലും ചെലവാകാതെ ഡിപ്പോകളിൽ തങ്ങിക്കിടക്കുന്നതു എന്തുകൊണ്ടാണെന്നു ആലോചിക്കണം. ആ അരിപോലും പണമുള്ളവർക്കു് ഓപ്പൺ മാർക്കററിൽ ലാഭം ഉണ്ടാക്കത്തക്ക നിലയിൽ വിററഴിക്കാൻ കച്ചവടക്കാർക്കു് സാധിക്കുന്നതു് ഇവിടത്തെ ജനങ്ങളുടെ ക്രയശക്തി നശിച്ചുപോയതുകൊണ്ടുമാത്രമാണു്.

ഈ ആണ്ടിൽ യാതൊരു പുതിയ നികുതിയും ചുമത്തുന്നില്ലെന്നു ധനകാര്യമന്ത്രി പറയുന്നു. അതും ശരിയാണെന്നു തോന്നുന്നില്ല. ഇവർ പറയാത്ത പല പുതിയ പുതിയ നികുതികളും ഏർപ്പെടുത്തിക്കൊണ്ടിരിക്കുന്നുണ്ടു്. പള്ളിക്കൂടം, ആസ്പത്രി മുതലായ ജനോപയോഗയോഗ്യപ്രദമായ സ്ഥാപനങ്ങൾ സ്ഥാപിക്കണമെന്നുണ്ടെങ്കിൽ അതിനുള്ള സ്ഥലം, കെട്ടിടങ്ങൾ മുതലായവ മുഴുവൻ നാട്ടുകാർതന്നെ ഉണ്ടാക്കണം എന്നു പറയുന്നതു് പരോക്ഷമായ ഒരു നികുതി ചുമത്തലല്ലേ എന്നു ഞാൻ ചോദിക്കുന്നു? ഗവണ്മെൻറിനെക്കൊണ്ടു് ആകുന്നത്ര വിധത്തിൽ ടാക്സ് ചെയ്യുന്നുണ്ടു്. മൾടിപ്പായിൻറു് സെയിൽസ് ടാക്സിൻെറ കാര്യം പറയേണ്ട. ഗവണ്മെൻറു ഇപ്പോൾ പറയും അതിലേയ്ക്കു ഒരു കമ്മിററിയെ ഏർപ്പെടുത്തിയിട്ടുണ്ടെന്നു്. ഇങ്ങനെ സാധാരണക്കാരായ നാട്ടുകാരെ ചവുട്ടിമെതിച്ചും അതേ അവസരത്തിൽ ജന്മിമാരേയും ധനികന്മാരേയും കൂടുതൽ ധനികന്മാരാക്കിയും ഗവണ്മെൻറു മുമ്പോട്ടുപോകുകയാണു്. സർ, ഗവണ്മെൻറിൻെറ ഈ മുമ്പോട്ടുള്ളപോക്കു് അപകടത്തിലേയ്ക്കാണു്. ഓരോ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചും വിശദമായ ഒരു പ്രതിപാദ

[ശ്രീ. കെ. കെ. കുമാരപിള്ള]

നാവിന് ഞാൻ മുതിരുന്നില്ല. ഒരു കാര്യം ഞാൻ പറയാം. വളരെ തൃപ്തികരമായല്ലെങ്കിലും നമ്മുടെ പൊതുമരാമത്തു പണികൾ മുമ്പോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നുണ്ടു്. പക്ഷെ അതിൽ പലതും രാമേശ്വരത്തെ ക്ഷൗരംപോലെകിടക്കുകയാണു്. മുഴുവനാക്കുന്ന ഏർപ്പാട് ഈ രാജ്യത്തു ഒന്നിലും ഇല്ല. ഇറിഗേഷൻ പദ്ധതികളായാലും ശരി മറേറതൊരു പദ്ധതികളായാലും ശരി മുഴുമിപ്പിക്കുകയില്ല. ഇതു് നമ്മുടെ ഒരു മഹാശാപമായി തീർന്നിട്ടുണ്ടു്. ഫെഡറൽ ഫൈനാൻസ് കാർപ്പറേഷന്റെ നയത്തെപ്പററി വളരെ ദുഃഖത്തോടുകൂടി ധനകാര്യമന്ത്രി പറയുകയുണ്ടായി. സർ, അദ്ദേഹം കൂടി അംഗമായിരുന്ന അക്കാലത്തെ മന്ത്രിസഭ ഇൻറഗ്രേഷൻ ഉണ്ടായ സന്ദർഭത്തിൽ ഇൻഡ്യാ ഗവർമ്മെൻറിന്റെ മുമ്പാകെ എല്ലാം അടിയറവെച്ചു. അങ്ങനെ അദ്ദേഹം കൂടി പങ്കാളിയായിനിന്നു് നമ്മുടെ തലയ്ക്കു മുകളിൽ കെട്ടിവെച്ച വിനകളിൽ ഒന്നാണു് ഇതു്. നമ്മുടെ ഡ്രാഫ്റ്റ് കാൺസ്റ്റിററ്യൂഷൻ പ്രകാരം ൮-ാം വകുപ്പനുസരിച്ചു് നമുക്കവകാശമായിരുന്ന സൗകര്യങ്ങൾപോലും നമുക്കു കിട്ടാത്ത രീതിയിൽ അന്നു ഇൻഡ്യാ ഗവർമ്മെൻറുമായി കരാറിൽ ഏർപ്പെടുന്നതിനു ഉദ്യമിച്ച അതേ മന്ത്രിതന്നെ ഇന്നു അതിൽനിന്നും ശരിയായരീതിയിൽ സാമ്പത്തികസൗകര്യങ്ങൾ കിട്ടുന്നില്ലെന്നുപറഞ്ഞു് കേന്ദ്രഗവർമ്മെൻറിന്റെ പടിവാതുക്കൽ കിടക്കുന്നതുകാണുമ്പോൾ എന്നെപ്പോലെയുള്ളവർക്കു് അനുകമ്പയാണു തോന്നുന്നതു്.

4 P. M.]

ഈ മന്ത്രിമാർ ഡെൽഹിയിൽപോയി നമ്മുടെ സ്റ്റേററിന്റെ സകല അവകാശങ്ങളും ഒഴിഞ്ഞുകൊടുത്തിട്ടു ഇന്നു വെറും യാചനയാണു നടത്തുന്നതു്. നമ്മുടെ നാട്ടിന്റെ വരുമാനം മുഴുവനും അതായതു് സാമ്പത്തികമായ സകല സൗകര്യങ്ങളും കേന്ദ്രത്തിനു അടിയറവെച്ചതു് ഏതോ സ്വകാര്യതാല്പര്യത്തിന്റെ ഒരു സ്വപ്നം ഇവരുടെ മനസ്സിൽക്കൂടി അന്നു കടന്നുപോയിട്ടുള്ളതുകൊണ്ടായിരിക്കണം. ഞാൻ ഈ അവസരത്തിൽ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. ഇങ്ങനെ കേന്ദ്രഗവർമ്മെൻറിന്റെ പടിക്കൽ പോയി കിടക്കാതെ, നമ്മുടെ സംസ്ഥാനത്തിനു് നഷ്ടപ്പെട്ടുപോയ സകല സാമ്പത്തിക വരുമാനങ്ങൾക്കുംവേണ്ടി ധീരമായിട്ടു ഒരു പോരാട്ടംതന്നെ നടത്തുകയും അതിനുവേണ്ടി സർവ്വ കഴിവുകളും പ്രയോഗിച്ചു സാധിതപ്രായമാക്കുകയുമാണു വേണ്ടതു്. അധഃപതിച്ചുകിടക്കുന്ന വ്യവസായങ്ങളും വളരെ ക്ഷീണതയിൽ കിടക്കുന്ന കൈത്തൊഴിൽ മുതലായവയും പുനരുദ്ധാരണം ചെയ്തു പുരോഗമിപ്പിക്കുന്നതിനുള്ള ഒരഭിവാഞ്ഛ ഇന്നത്തെ മന്ത്രിസഭയിൽ ഞാൻ കാണുന്നില്ല. ഭരണപരമായി ഒരു സമൂലപരിവർത്തനം വരുത്തി രാഷ്ട്രത്തെ പുനരുദ്ധരിപ്പിക്കേണ്ട സമയം കഴിഞ്ഞിരിക്കുകയാണു്. സർ, എനിക്കു സമയം അധികമില്ല, കൂടുതൽ കൂടുതൽ ശാസ്ത്രീയമായ രീതിയിൽ കൃഷിസമ്പ്രദായങ്ങൾ പ്രചരിപ്പിക്കുക, വ്യവസായങ്ങളിൽ പ്രോത്സാഹനം കൊടുത്തു പുരോഗമിപ്പിക്കുക തുടങ്ങി പല ആഗ്രഹങ്ങളും എന്റെ മനസ്സിൽ ഉള്ളതിനെ ഇവിടെ പറയുന്നതിനു ഒരു പരിമിതമായ സമയമേ എനിക്കു അനുവദിച്ചിട്ടുള്ളു. അതിനിടയിൽ മററു പല കാര്യങ്ങളും എനിക്കു പറയുവാനുണ്ടെങ്കിലും അവയൊന്നും ഇപ്പോൾ പറയണമെന്നു വിചാരിക്കുന്നില്ല. സർ, കൃഷി കൂടുതൽ ഫലപ്രദമായ രീതിയിൽ നടത്തുന്നതിലേക്കു്, അതു

യത്ത് നിലമുഴുക, വിത്തു വിതയ്ക്കുക മുതലായ കാര്യങ്ങളിൽ ലാഭത്തിനു വേണ്ടി ട്രാക്ടറർ വരുത്തി പ്രവർത്തിക്കണമെന്നു പറയുന്നു. ഒരു കാര്യം ഞാൻ പറയാം. നമ്മുടെ നാട്ടിൽ ഈ സമ്പ്രദായം നടപ്പിൽ വരുന്തോറും കാർഷികമായി തൊഴിലില്ലായ്മ വർദ്ധിക്കുകയാണു ചെയ്യുന്നത്. നാട്ടിൽ പണിയെടുക്കുന്ന വിഭാഗക്കാർക്ക് ഈ സമ്പ്രദായം നിമിത്തം പട്ടിണിയും ക്ലേശവും വർദ്ധിക്കുകയാണു ചെയ്യുന്നതെന്നു ഞാൻ ഈ അവസരത്തിൽ ഗവൺമെൻറിനെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ. പരിഷ്കൃതരീതിയിലുള്ള ഈ കൃഷിസമ്പ്രദായം തൊഴിലില്ലായ്മയ്ക്കു ഒരു പരിഹാരവും നൽകുന്നില്ല. ശ്രീ. ദേശ്മുഖിൻെറ ക്യാപിററലിസ്റ്റിക് ഔട്ട്ലുക്കുകൊണ്ട് പാവപ്പെട്ട കർഷകനു യാതൊരാശ്വാസവും ഉണ്ടാകുന്നില്ല. നമ്മുടെ അടിയന്തിരപ്രശ്നം തൊഴിലില്ലായ്മയാണ്. കൃഷിയിൽ യന്ത്രവൽക്കരണം നടപ്പാക്കുന്നതോടുകൂടി കാർഷികരംഗത്തു് തൊഴിലില്ലാതെ വരുന്നവർക്ക് തൊഴിൽ നൽകുവാൻ വേണ്ടത്ര വ്യവസായങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അങ്ങിനെ കൃഷിയും, വ്യവസായവും, ഒന്നുപോലെ hand-in hand വികസിച്ചെങ്കിൽ മാത്രമേ നാട്ടിനു ക്ഷേമം ഉണ്ടാകുകയുള്ളു. അതിനുള്ള ഒരു പദ്ധതി ഈ ബഡ്ജററിലോ, അതിനടിസ്ഥാനമായ പഞ്ചവത്സരപദ്ധതിയിലോ ഇല്ലതന്നെ. തൊഴിലില്ലാതെ നിത്യപട്ടിണിയിൽ കിടന്നു വരളുന്ന ജനതതയ്ക്ക് ആശ്വാസം നൽകുന്നതിനുവേണ്ടിയുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയാണു നമുക്കാവശ്യം. ആ കാര്യത്തിൽ ഈ ബഡ്ജററ് ഒരിക്കലും അനുകൂലപ്രദമല്ല. അതുകൊണ്ട് ഈ ബഡ്ജററിനെ എൻെറ ബഹുമാന്യ സ്നേഹിതന്മാർ സ്വീകരിക്കരുതെന്നപേക്ഷിക്കുന്നു.

ശ്രീ. കെ. ഭാന: സർ, പുതിയ നികുതിയൊന്നും ഏർപ്പെടുത്താതെ തന്നെ പഞ്ചവത്സരപദ്ധതിയുൾപ്പെടെ ജനക്ഷേമപരമായ പ്രവർത്തനങ്ങൾക്കായി കഴിയുന്നത്ര തുക നീക്കിവച്ചിട്ടുള്ള ഒരു ബഡ്ജററ് അവതരിപ്പിച്ചതിൽ ധനകാര്യമന്ത്രി അഭിനന്ദനാർഹനാണ്. നമ്മുടെ സംസ്ഥാനത്തിൻെറ വിസ്താരവും ജനസംഖ്യയും ജനങ്ങളുടെ അനുഭവത്തിലുള്ള ഭൂമിയുമായി താരതമ്യപ്പെടുത്തിനോക്കിയാൽ മറേറതു സംസ്ഥാനത്തെയും അപേക്ഷിച്ചു ഏററവും കൂടുതൽ വരവും ചെലവുമുള്ള ഒരു സംസ്ഥാനമാണു നമ്മുടേതെന്നു കാണാവുന്നതാണ്. പതിനേഴുകോടി പതിമൂന്നുലക്ഷത്തി ഒൻപത്തേഴായിരം രൂപ വരവും, പതിനേഴുകോടി ഇരുപത്തേഴുലക്ഷത്തി തൊണ്ണൂററിനാലായിരം രൂപ ചെലവുമുള്ള ഒരു ബഡ്ജററാണു ൧൯൫൫–൫൬–ലേയ്ക്കു് ധനകാര്യമന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. ഇതനുസരിച്ചു പതിനാലുലക്ഷത്തി ഏഴായിരം രൂപയുടെ കമ്മിയാണു തന്നാണ്ടിൽ പ്രതീക്ഷിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിൻെറ സാമ്പത്തികഭദ്രതയിൽ യാതൊരാശങ്കയ്ക്കും വകയുണ്ടെന്നു തോന്നുന്നില്ല. ൪൯൮൨ ലക്ഷം രൂപയുടെ ആസ്തിയും, ൨൭൭൫ ലക്ഷം രൂപ മാത്രം ബാദ്ധ്യതയുമായിട്ടാണു ആസ്തിബാദ്ധ്യതകൾ നിലകൊള്ളുന്നത്. അതായതു കടം കഴിച്ചു പത്തു കോടി രൂപ മുടക്കുമുതൽ കൂടുതലുണ്ട്.

തിരുവിതാംകൂർ–കൊച്ചിയുടെ സംയോജനത്തോടുകൂടി വരുമാനവിനങ്ങൾ പലതും നിറുത്തലാക്കുകയും കേന്ദ്രത്തിനാവുകയും ചെയ്തു. അവയ്ക്കു പരിഹാരമായി ഇൻഡ്യാഗവൺമെൻറ തരുന്ന ഗ്രാൻറുകൾ

[ശ്രീ. കെ. ഭാനു]

വളരെ പരിമിതവും കേവലം അപര്യാപ്തവുമത്രെ. ആഭ്യന്തരച്ചുങ്കം പിരിക്കുന്നതിനുള്ള അവകാശം പല സംസ്ഥാനങ്ങൾക്കും ഇൻഡ്യാഗവർമ്മെൻറ അനുവദിച്ചിട്ടുണ്ട്. ഫെഡറൽ സാമ്പത്തികസംയോജനംമൂലം ഈ സംസ്ഥാനത്തിനു സാരമായ നഷ്ടം നേരിട്ടിട്ടുണ്ട്. അതിനൊരു പരിഹാരം കാണാൻ കേന്ദ്രഗവർമ്മെൻറ ഇതുവരെ മുതിർന്നിട്ടില്ല. എന്നാൽ അതേ അവസരത്തിൽ ആസ്സാമിനും, ഒറീസ്സായ്ക്കും, ബീഹാറിനും, പശ്ചിമബംഗാളിനും ചണത്തിന്മേലും ചണത്തിൽനിന്നുള്ള ഉൽപ്പാദനത്തിന്മേലും കയററുമതിച്ചുങ്കം ഇനത്തിൽ പ്രതിവർഷം ഒരു നല്ല തുക കേന്ദ്രത്തിൽനിന്നും സഹായമായി ലഭിക്കുന്നുണ്ട്. അതിനൊരുറപ്പു ഭരണഘടനയിൽ വരുത്തുവാൻ പോലും ആ സംസ്ഥാനങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ചണം പോലെയൊ, അതിനെക്കാൾ കൂടുതലൊ കേന്ദ്രത്തിനു ഡാളർ സമ്പാദിച്ചുകൊടുക്കുന്ന ഈ സംസ്ഥാനത്തേയും ഈ സംസ്ഥാനത്തെ അമൂല്യങ്ങളായ കയർ, കൊപ്രാ, വെളിച്ചെണ്ണ, കുരുമുളക്, റബ്ബർ, തേയില, ഇഞ്ചി, ഏലം മുതലായ സാധനങ്ങളേയും കേന്ദ്രഗവർമ്മെൻറ് വിസ്മരിച്ചുവെന്നു പറയാതെ തരമില്ല. ഈ ഉൽപ്പന്നങ്ങളുടെ കയററുമതിച്ചുങ്കത്തിൻെറ ന്യായമായ ഒരു ഓഹരി ഈ സംസ്ഥാനത്തിനു കിട്ടേണ്ടതല്ലേ? സർ, ഈ വക കാര്യങ്ങൾക്കുവേണ്ടി നമ്മുടെ ഗവർമ്മെൻറ് സകല യത്നങ്ങളും ചെയ്യേണ്ടതാണ്.

ഇക്കൊല്ലം ആയിരത്തി അറുനൂററി മുപ്പത്തിയൊന്നു ലക്ഷം രൂപ (൧൬൩൧) വരവും ൧൬൩൮ ലക്ഷം രൂപ ചെലവും പ്രതീക്ഷിച്ചിരുന്നെങ്കിലും യഥാർത്ഥത്തിൽ ൧൬൭൫ ലക്ഷവും ൧൬൯൫ ലക്ഷവുമായി വർദ്ധിക്കുമെന്നു ഇപ്പോൾ കരുതുന്നു. ആ വർദ്ധനവ് നികുതി വരുമാനത്തിൻെറയോ യഥാർത്ഥ റവന്യൂവിൽനിന്നുള്ള ചെലവിൻെറയോ അല്ല. പ്രധാന നികുതിയിനങ്ങളായ എക്സൈസും വില്പനനികുതിയും ഇക്കൊല്ലം കുറഞ്ഞു. അടുത്ത കൊല്ലം അവയും കാർഷികാദായനികുതിയും, ഇനിയും കുറയും. ആ കുറവു ഇക്കൊല്ലം പരിഹരിക്കുന്നതും അടുത്ത കൊല്ലം പരിഹരിക്കാമെന്നു ആശിക്കുന്നതും വാണിജ്യസംഘങ്ങളുടെ അല്പമായ വരുമാനക്കൂടുതൽകൊണ്ടും കേന്ദ്രത്തിൽനിന്നു ഫൈനാൻസ്കമ്മീഷൻെറ പുതിയ ശുപാർശപ്രകാരം കിട്ടുന്ന നിസ്സാരമായ ൪൩,൦൦,൦൦൦ രൂപ വ്യവസായത്തൊഴിലാളികൾക്കുള്ള ഭവനനിർമ്മാണഗ്രാൻറ്, കമ്മ്യൂണിററി പ്രോജക്ററ് ഗ്രാൻറ് മുതലായവ കൊണ്ടുമാണ്. എന്നിട്ടും ഇക്കൊല്ലത്തെക്കാൾ കൂടുതലായി ൪൧ ലക്ഷം രൂപ വരവും ൪൩ ലക്ഷം രൂപ ചെലവുമേ അടുത്ത കൊല്ലം വർദ്ധിക്കുന്നുള്ളുവെങ്കിലും വൈദ്യസഹായം, ആരോഗ്യം, പൊതുമരാമത്ത്, കൃഷി, ജലസേചനം, വിദ്യാഭ്യാസം, കമ്മ്യൂണിററിപ്രോജക്ററുകൾ, ഭവനനിർമ്മാണം മുതലായ രാഷ്ട്രനിർമ്മാണപദ്ധതികൾക്കായി ഒന്നരക്കോടിയിലധികം രൂപ ഇക്കൊല്ലത്തേക്കാൾ കൂടുതലായി അടുത്ത കൊല്ലം ചെലവു ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. അതായത്, നികുതിവരുമാനം കുറയുന്നെങ്കിലും രാഷ്ട്രനിർമ്മാണസംരംഭങ്ങളുടെ പുരോഗതി പുലർത്തി വരുന്നു. അതു വളരെ അഭിനന്ദനാർഹമായ ഒരു നയംതന്നെ.

ജനകീയഭരണം വന്നതിനു ശേഷം രാഷ്ട്രനിർമ്മാണപുരോഗതിയിൽ കാൺഗ്രസ്സ്ഗവർമ്മെൻറിനു നമ്മുടെ സ്റ്റേററിൽ അവകാശപ്പെടാവുന്ന നേട്ടങ്ങൾ ഒട്ടും നിസ്സാരമല്ല. എന്തെന്നാൽ സംയോജനത്തിനുമുമ്പ്

൧൯൪൮-൪൯-ൽ ൮൪൩ ലക്ഷം രൂപ രാഷ്ട്രനിർമ്മാണപദ്ധതികൾക്ക ചെലവാക്കിയ നമ്മുടെ സംസ്ഥാനം, സംയോജനത്തിനുശേഷം ൧൯൫൧-൫൨-ൽ ആയിനങ്ങൾക്ക ചെലവാക്കിയതു പണ്ടത്തേതിന്റെ പകുതി കൂടിയായ ൧൨൨൯ ലക്ഷം രൂപയായിരുന്നു. പഞ്ചവത്സരപദ്ധതിയുടെ പ്രഥമവർഷമായ ൧൯൫൧-൫൨ മുതൽ ൧൩൮൨ ലക്ഷം, ൧൩൦൭ ലക്ഷം എന്നീവിധം പ്രതിവർഷം പുരോഗമിച്ചുകൊണ്ടാണിരിക്കുന്നതു്.

൧൯൪൮-൪൯-ലെ ൨൩൮ ലക്ഷം രൂപയുടെ വിദ്യാഭ്യാസച്ചെലവു് അടുത്ത കൊല്ലം അന്നത്തേതിന്റെ അറുപതു ശതമാനമായ ൩൮൧ ലക്ഷമാകുന്നു. നിർബന്ധിതവിദ്യാഭ്യാസം സാർവത്രികമാക്കാതെതന്നെ പ്രാഥമികവിദ്യാഭ്യാസപ്രായത്തിലുള്ള കുട്ടികളിൽ ഏകദേശം ൯൯ ശതമാനം പള്ളിക്കൂടങ്ങളിൽ പഠിക്കുന്നു. വിദ്യുച്ഛക്തി ഉല്പാദനച്ചെലവു ൧൯൪൮-൪൯-ൽ ൧൮൦ ലക്ഷമായിരുന്നതു ഇന്നു ൨൮൮ ലക്ഷം രൂപയായിരിക്കുന്നു. അതുപോലെതന്നെ അന്നു ൧൭൩ ലക്ഷം രൂപയായിരുന്ന പൊതുമരാമത്തു ചെലവു അന്നത്തേതിന്റെ ൭൫ ശതമാനം വർദ്ധിച്ചിട്ടുണ്ടു്. അതായതു് ൩൦൨ ലക്ഷമായിട്ടുണ്ടു്. ചുരുക്കിപ്പറഞ്ഞാൽ രണ്ടു മൂന്നു വർഷങ്ങൾക്കിടയ്ക്കു ഇത്ര വൻപിച്ച ഒരു പുരോഗതി നമ്മുടെ സ്റ്റേറ്റിനു മുൻപൊരിക്കലും ഉണ്ടായിട്ടില്ലെന്നുതന്നെ പറയാം.

ഈ അവസരത്തിൽ ഒരു വ്യവസായ ധനസഹായ കാർപ്പൊറേഷൻ ഗവണ്മെന്റു ആരംഭിക്കുവാൻ നിശ്ചയിച്ചതു അഭിനന്ദനാർഹമാണു്. ഇപ്പോൾ പൂട്ടിയിട്ടിരിക്കുന്ന കുണ്ടറ കളിമൺ ഫാക്ടറിക്കും, ടൈറ്റാനിയം ഫാക്ടറിക്കും ഈ കാർപ്പൊറേഷൻ വളരെ സഹായകമായിത്തീരുന്നതും അതിന്റെ ഭാവിപ്രവർത്തനത്തിനുതകുന്നതുമായിരിക്കും. ക്രെഡിറ്റ ബാങ്കു കൃഷിക്കാർക്കു കൂടുതൽ പ്രയോജനകരമാക്കുവാൻ ഗവണ്മെന്റു കാര്യമായി ശ്രദ്ധിക്കേണ്ടതാണു്. മുതൽ മുടക്കുവാനുള്ള പ്രയാസംമൂലം തകച്ച അനുഭവിക്കുന്ന അനേകം വ്യവസായികൾക്കു് ഈ കാർപ്പൊറേഷൻ ശരിയായ പ്രവർത്തനം നടത്തുന്നപക്ഷം വളരെ അധികം പ്രോത്സാഹനം നൽകാൻ കഴിയുമെന്നുള്ളതു് നിരാക്ഷേപമാണു്. കയർവ്യവസായ പദ്ധതിയെപ്പറ്റി ധനകാര്യമന്ത്രി വിശദമായി പ്രതിപാദിക്കുകയുണ്ടായി. കയർവ്യവസായസ്തംഭനംമൂലം ദുരിതമനുഭവിക്കുന്നവർക്കു് രക്ഷാനടപടികൾ കൈക്കൊള്ളാൻ ചില ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. കയർ വ്യവസായം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാനുള്ള വ്യവസ്ഥകളും ആരംഭിച്ചുകഴിഞ്ഞു. പക്ഷെ ഇതു് ഈ പ്രശ്നത്തിന്റെ ഒരു വശം മാത്രമാണു്. കയറിനു് ശരിയായ മാർക്കറ്റില്ലെന്നുള്ള പ്രശ്നം പിന്നെയും അവശേഷിക്കുന്നു. അതിനൊരു പരിഹാരം ഉണ്ടാക്കുന്ന കാര്യത്തിൽ സംസ്ഥാനഗവണ്മെന്റു കേന്ദ്രഗവണ്മെന്റിൽ ശക്തിയായ സമ്മർദ്ദം ചെലുത്തേണ്ടതായിട്ടാണിരിക്കുന്നതു്. ഇതിനു പ്രത്യേകമൊരു ട്രെയിഡ് ഏജന്റിനെ നിയമിക്കുന്നതിനെപ്പറ്റി ഗവണ്മെന്റു അഗാധമായി ആലോചിക്കേണ്ടതാണു്.

ശമ്പളക്കുറവുമൂലം ക്ലേശമനുഭവിക്കുന്ന എൻ. ജി. ഓ. മാരുടെ സന്താനങ്ങൾക്കു് മിഡിൽസ്കൂളിൽ ഫീസുസൗജന്യവും ഹൈസ്കൂളിൽ പകുതി ഫീസുസൗജന്യവും നൽകാൻ ഗവണ്മെന്റു തീരുമാനിക്കുകയും ചെയ്തിരിക്കുന്നതായി ധനകാര്യമന്ത്രി പ്രസ്താവിക്കുകയുണ്ടായി. ശമ്പളക്കുറവുമൂലം വിഷമം അനുഭവിക്കുന്ന എൻ. ജി. ഓ. മാർക്കു ഈ സൗജന്യം

[ശ്രീ. കെ. ഭാസ്കരൻ]

അല്പം ആശ്വാസം അതുളുകതന്നെ ചെയ്യും. ഡീയർനസ് അലവൻസ് 50 ശതമാനം ശമ്പളത്തിൽ ചേർക്കുമെന്നുള്ള വ്യവസ്ഥ പെൻഷൻപററുമ്പോഴും അല്പം ഗുണമുണ്ടാകുമെന്നുള്ളതിൽക്കവിഞ്ഞു് തൽക്കാലക്ലേശങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഉപകരിക്കുകയില്ല.

പബ്ലിസിററിവകുപ്പിനു് പറയത്തക്ക യാതൊരു സംഖ്യയും അനുവദിച്ചിട്ടില്ലെന്നു കാണുന്നതു പരിതാപകരമായിരിക്കുന്നു. കാൺഗ്രസ്സുഭരണം ആരംഭിച്ചതിനുശേഷം ജനക്ഷേമകരങ്ങളും രാജ്യത്തിനു ശ്രേയസ്കരങ്ങളുമായ പല പദ്ധതികളും ഇവിടെ നടപ്പിലാക്കിയിട്ടുണ്ടു്. എന്നാൽ അവയ്ക്കു വേണ്ടവിധത്തിൽ പ്രസിദ്ധീകരണം നൽകുകയെന്നുള്ളതു ഇതുവരെ ഉണ്ടായിട്ടില്ല. അതുകൊണ്ടു ഈ കാര്യങ്ങളിൽ ഗവൺമെന്റിന്റെ സത്വരശ്രദ്ധ പതിയണമെന്നും, ഇവിടത്തെ പത്രങ്ങൾക്കു കൂടുതൽ പ്രോത്സാഹനം നൽകണമെന്നും ഉദ്ബോധിപ്പിച്ചുകൊണ്ടു് ബഡ്ജററിനെ ഞാൻ സ്വാഗതംചെയ്യുന്നു.

ഇനി ഒരു കാര്യം എനിക്കു പറയുവാനുള്ളതു പാർലമെന്റിൽ വിവിധകക്ഷികളും അംഗീകരിച്ച പഞ്ചവത്സരപദ്ധതിയെപ്പററിയാണു്. നമ്മുടെ ഭാവി ശ്രേയസ്സിനും അഭിവൃദ്ധിക്കുംവേണ്ടി ശാസ്ത്രീയമായി രൂപവൽക്കരിച്ചിട്ടുള്ള പ്രസ്തുത പദ്ധതി പരിപൂർണ്ണവിജയത്തിലെത്തിക്കേണ്ടതു ഓരോ പൗരന്റേയും കർത്തവ്യംതന്നെ. ഇന്നു ഇവിടെ ഭൂമിശാസ്ത്രപരമായും, വർഗ്ഗീയമായും ഉള്ള പരിഗണനകളാണു രാഷ്ട്രീയലക്ഷ്യത്തേക്കാൾ കൂടുതൽ കാര്യമായി കണ്ടുവരുന്നതു്. ഒരു യുദ്ധകാലപരിതഃസ്ഥിതിയിലെപ്പോലെയോ ഒരടിയന്തിരപരിതഃസ്ഥിതിയിലെപ്പോലെയോ നാം ഇതു ഒട്ടത്തെ പരിഗണിക്കേണ്ടതാണു്. സകല സങ്കുചിത പരിഗണനകളും തൽക്കാലത്തേയ്ക്കു വിസ്മരിച്ചു് എല്ലാ കക്ഷികളും ഒരുപോലെ ആത്മാർത്ഥമായി പരിശ്രമിച്ചു് പഞ്ചവത്സരപദ്ധതി പരിപൂർണ്ണവിജയത്തിൽ എത്തിക്കണമെന്നു് ഞാൻ എല്ലാ അംഗങ്ങളോടും സവിനയം അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും ഗതാഗതവുംവകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ): സർ, സാധാരണയായി ബഡ്ജററു് അവതരിപ്പിക്കുമ്പോൾ ബഡ്ജററിൽ ചേർത്തിരിക്കുന്ന തുകകളുടെ ഔചിത്യത്തെപ്പററിയും ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെപ്പററിയും വിമർശനങ്ങൾ ഉണ്ടാകാറുണ്ടു്. അങ്ങിനെ ഉണ്ടായിട്ടുള്ള വിമർശനങ്ങൾ കഴിഞ്ഞ കൊല്ലത്തേക്കാൾ ഇക്കൊല്ലം അൽപ്പം രൂക്ഷത കുറഞ്ഞവയാണെന്നു ഞാൻ വിചാരിക്കുന്നു. ബഡ്ജററു വിമർശിച്ചുകൊണ്ടു് ഉണ്ടായിട്ടുള്ള പല പ്രസംഗങ്ങളിലും ഗവൺമെന്റിന്റെ അടുത്ത കാലത്തെ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള പല ആക്ഷേപങ്ങളും പുറപ്പെടുവിച്ചിട്ടുണ്ടു്. കഴിഞ്ഞ കൊല്ലങ്ങളെപ്പോലെ തന്നെ ഇത്തവണത്തെ ബഡ്ജററും ഒരു വരവു ചെലവു കണക്കു മാത്രമാണെങ്കിലും പ്രധാനമായ പല കാര്യങ്ങളേയും സ്പർശിക്കുന്ന വിധത്തിൽ തുകകൾ ചേർത്തിട്ടുള്ള ഒന്നാണു് ഇതെന്നു് പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ ബഡ്ജററു് അവതരിപ്പിച്ചതിനുശേഷം—

ശ്രീമതി കെ. ആർ. ഗൌരി: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നതു് മന്ത്രിസഭയിലെ ഒരംഗം എന്ന നിലയിലോ കാൺഗ്രസ്സ് പാർട്ടിയിലെ ഒരംഗം എന്ന നിലയിലോ എന്നറിഞ്ഞാൽ കൊള്ളാം.

Mr. Speaker : I am just attempting to develop a healthy Parliamentary convention by calling upon a Minister at the end of a day's general discussion to reply to the points raised concerning his portfolio.

ശ്രീ. കളത്തിൽ വേലായുധൻനായർ: ഞാൻ എൻെറ പ്രസംഗത്തിൽ മുഖ്യമായി പറയുവാൻ ഉദ്ദേശിച്ചിട്ടുള്ള കാര്യം ഈ തവണത്തെ ബഡ്ജററിൽ പൊതുമരാമത്തുവകുപ്പിനെ സംബന്ധിച്ചിടത്തോളം തുകകൾ സംവിധാനം ചെയ്തിട്ടുള്ളതു് എങ്ങിനെയൊക്കെയാണെന്നും എന്തടിസ്ഥാനത്തിലാണു് ആ തുകകൾ കൊള്ളിച്ചിട്ടുള്ളതെന്നും ഉള്ള വിവരങ്ങളെപ്പററിയാണു്. ഇവിടെ പൊതുമരാമത്തുവകുപ്പിനെ സംബന്ധിച്ചു് ചില ആക്ഷേപങ്ങൾ ഉണ്ടായതുകൊണ്ടാണു് ഞാൻ അതിനെപ്പററി പ്രധാനമായി പറയുവാൻ ഉദ്ദേശിക്കുന്നതു്. നമ്മുടെ രാജ്യത്തു് പൊതുമരാമത്തുവകുപ്പിലെ ജോലികൾക്കു് മിക്കവാറും ഇൻഡ്യയിലെ മററു രാജ്യങ്ങളെ അപേക്ഷിച്ചു് അൽപ്പംകൂടി കൂടുതലായി ചെലവു ചെയ്യുന്നുണ്ടു്. കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിനേക്കാൾ ഇക്കൊല്ലത്തെ ബഡ്ജററിൽ കൂടുതൽ സംഖ്യ ചെലവിനത്തിൽ ചേർത്തിട്ടുണ്ടു് എന്നു കാണുവാൻ കഴിയും. ഇറിഗേഷൻ വർക്സിനു് ഇക്കൊല്ലത്തെ ബഡ്ജററിൽ ചേർത്തിട്ടുള്ളതു് ആകെയുള്ള അലാട്ടുമെൻറിൻെറ ൫൨·൭ ശതമാനമാണു്. ഈ തുക കഴിഞ്ഞ കൊല്ലത്തേക്കാൾ കൂടുതലാണു്. വരുന്ന കൊല്ലത്തിൽതന്നെ ഇറിഗേഷൻ ജോലികൾ ഉൾപ്പെടുത്തിയിട്ടുള്ളതു് എല്ലാം നടത്തണമെന്നു തീരുമാനിച്ചിട്ടുള്ളതാണു്. മററു ചില ജോലികൾക്കായി ഇതിലും കൂടുതൽ തുക എന്തുകൊണ്ടു് കൊള്ളിച്ചില്ല എന്നു ചോദിക്കുകയാണെങ്കിൽ ഈ രാജ്യത്തെ വരവുകൾ വച്ചുകൊണ്ടു് അത്യാവശ്യമായി വേണ്ടിവരുന്ന ചെലവുകൾക്കു മുഴുവൻ സംഖ്യയും മാററിവച്ചു് പണം ചെലവു ചെയ്യുന്ന ഒരു സമ്പ്രദായമാണു് ഗവണ്മെൻറു് ഈ ബഡ്ജററു് സംവിധാനത്തിൽ കൈക്കൊണ്ടിരിക്കുന്നതു് എന്നുള്ളതുകൊണ്ടാണു്. ഈ രാജ്യത്തെ വരവുവച്ചുകൊണ്ടു നോക്കിയാൽ ഇതിൽ വളരെ കൂടുതലായി പൊതുമരാമത്തുവകുപ്പിലേയ്ക്കു ചെലവു ചെയ്യുവാൻ കഴിയുകയില്ല എന്നു കാണാവുന്നതാണു്. പൊതുമരാമത്തുവകുപ്പിൽ മരാമത്തുവേലകൾക്കും ഇറിഗേഷൻവർക്കുകൾക്കും വച്ചിരിക്കുന്നതു കൂടാതെ ഔട്ട്സൈഡ് വർക്കുകൾക്കും വളരെ കൂടുതൽ ചെലവു വരുന്നതാണു്.

ശ്രീ. സി. അച്യുതമേനോൻ: സർ, ഈ പ്രസംഗം ബഹുമാനപ്പെട്ട മരാമത്തുവകുപ്പുമന്ത്രിക്കു് സിവിൽവർക്സിൻെറ ബഡ്ജററു് അവതരിപ്പിക്കുമ്പോൾ ചെയ്യാവുന്നതാണു്. ഈ സമയം വെറുതെ കളയുന്നതു് എന്തിനാണു്? എനിക്കു് ആപ്പോസിഷനെ പ്രതിനിധീകരിച്ചു സ്പീക്കറുടെയും ഈ സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുവാനുള്ളതു് പ്രതിപക്ഷ മെംബറന്മാർക്കു് എല്ലാ പാർലിമെൻറിലും ബഡ്ജററിനെ സംബന്ധിച്ചു് വിമർശിക്കുവാൻ കൂടുതൽ സമയം കൊടുക്കുകയാണു് പതിവു് എന്നുള്ളതാണു്. നേരെമറിച്ചു് ഇവിടെ ആപ്പോസിഷനിൽനിന്നു് മൂന്നുപേർ മാത്രവും കാൺഗ്രസ്സുപാർട്ടിയിൽനിന്നു് നാലുപേരും സംസാരിച്ചു. ഇപ്പോൾ ഒരു മന്ത്രി സംസാരിക്കുന്നു. ഇങ്ങനെയാണെങ്കിൽ ഞങ്ങൾക്കു് ഈ ബഡ്ജററിനെ സംബന്ധിച്ചു് വിമർശിക്കുവാനുള്ള സമയം കുറച്ചേ കിട്ടുകയുള്ളൂ, മാത്രമല്ല, ഞങ്ങൾക്കു് ഈ ബഡ്ജററു വിമർശനത്തിൽ സംബന്ധിക്കുവാൻ തന്നെ സാദ്ധ്യമല്ലാതെയും വരും.

Mr. Speaker : The Chair will protect the interests of all parties in the House. I have been giving ample opportunities to the Members of the Opposition. To-day five members of the Opposition and three Members of the Congress Party spoke. The Congress Party is fifty four in number, and I am bound to allow members of that Party to speak in proportion to their strength.

As I stated already, in order that the debate may proceed on more useful lines, I have, in accordance with Parliamentary convention, allowed one of the Ministers to answer some of the points that have been raised during the debate to-day so that the same points may not be repeated from the Opposition side to-morrow also. I thought hon. Members would appreciate this change.

Shri C. Achyutha Menon: In spite of the healthy convention that the Speaker proposes to introduce, I may say that we are at a disadvantage.

Mr. Speaker : The opposition is certainly not at a disadvantage. Proportionate to your number, you are at an advantage.

Shri C. Achyutha Menon : I bow to your Ruling.

ശ്രീ. കളത്തിൽ വേലായുധൻ നായർ : സർ, ഞാൻ പറഞ്ഞുവന്നതു് ഈ രാജ്യത്തെ മരാമത്തു പ്രവർത്തികൾക്കും ഇറിഗേഷൻ പ്രവൃത്തികൾക്കും ആവശ്യമായ സംഖ്യ ചെലവാക്കുവാൻ ഗവണ്മെൻറിനു് കഴിവില്ലാതെ വന്നതിനെ സംബന്ധിച്ചാണു്. ഇത്തവണത്തെ ഭരണറിപ്പോർട്ട് നോക്കിയാൽ ഏതു തരത്തിലാണു് ഈ രാജ്യത്തെ പൊതുമരാമത്തുവകുപ്പിൽ പ്രവർത്തികൾ വർദ്ധിച്ചു വരുന്നതെന്നു് കാണാവുന്നതാണു്. മുൻകൊല്ലങ്ങളെ അപേക്ഷിച്ചു് വലിയൊരു സംഖ്യ അടുത്ത കൊല്ലത്തെ മരാമത്തുവേലകൾക്കുവേണ്ടി നീക്കിവച്ചിട്ടുണ്ടു്. പ്രത്യക്ഷത്തിൽ നോക്കിയാൽ പൊതുമരാമത്തുവകുപ്പിലേയ്ക്കു്. ഉദ്ദേശം ൨൫൦ ലക്ഷം രൂപയാണു് മാററിവച്ചിരിക്കുന്നതെന്നു് തോന്നും. യഥാർത്ഥത്തിൽ മൂന്നരക്കോടി രൂപയോളം ഈ രാജ്യത്തെ പൊതുമരാമത്തു പ്രവൃത്തികൾക്കുവേണ്ടി അടുത്ത കൊല്ലം ചെലവഴിക്കുവാൻ പോകുന്നതായി ബഡ്ജററിൽനിന്നു കാണാം. അതിൽപ്പരം ഒരു സംഖ്യ ചെലവുചെയ്യുവാൻ സാധിക്കാതെവന്നതിൽ ഗവണ്മെൻറു ഖേദിക്കുകയാണു് ചെയ്യുന്നതു്. ഇതിൽ കമ്മ്യൂണിക്കേഷൻ ഇനത്തിൽ ൧൫൦ ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടു്. എന്നാൽ ഇതിൽ വലിയൊരു സംഖ്യ ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും എസ്റ്റാബ്ലിഷ്മെൻറും സംബന്ധിച്ചാണു് ചെലവാക്കുന്നതു് എന്നിവിടെ പറഞ്ഞുകേട്ടു. ഇൻഡ്യയിലെ മററു പല സ്റ്റേററുകളേയും അപേക്ഷിച്ചു് ഉദ്യോഗസ്ഥന്മാരുടെ ശമ്പളവും എസ്റ്റാബ്ലിഷ്മെൻറും സംബന്ധിച്ചു് ഏററവും കുറവായി ചെലവുചെയ്യുന്ന ഒരു രാജ്യമാണു് ഇതു്. ഏതാണ്ടു് ൨൫ ശതമാനമാണു് ഈ രാജ്യത്തു് അതിനുവേണ്ടി ചെലവു ചെയ്തുകൊണ്ടിരിക്കുന്നതു്.

ഇനി മറ്റൊരു ആക്ഷേപം പ്രധാനമായി ഈ സഭയിൽ പൊതുമരാമത്തുവകുപ്പിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് ചൂണ്ടിക്കാണിച്ചത് കഴിഞ്ഞ വർഷത്തിൽ ബഡ്ജറ്റിൽപെടുത്തിയിരുന്ന സംഖ്യ മുഴവൻ ചെലവുചെയ്യുവാൻ സാധിക്കാത്ത തരത്തിൽ ജോലികൾ എല്ലാം ആണ്ടിന്റെ അവസാനത്തിൽ ചെയ്യുന്നതിന് മാററിവച്ചിരിക്കുന്നുവെന്നും പല ജോലികളും സാങ്ഷൻ കൊടുക്കാഞ്ഞതു കാരണം ജോലി ചെയ്യുവാൻ കഴിയാതെ വന്നിരിക്കുന്നുവെന്നും ആണ്. ബഹുമാനപ്പെട്ട പറവൂർ മെമ്പർ ഈ ആണ്ടിൽ ബഡ്ജറ്റിൽ കൊള്ളിച്ചിരുന്ന തുകകൊണ്ട് കുറെ ജോലി ചെയ്തിട്ട് പൂർത്തിയാക്കാതെ പല ജോലികളും നിറുത്തി വച്ചിരിക്കുന്നു എന്നു പറഞ്ഞു. ഈ വർഷത്തിൽ ഇതേവരെയുള്ള മരാമത്തുവകുപ്പിന്റെ പ്രവർത്തനം നോക്കുകയാണെങ്കിൽ മെഷ്യനറി ആർഡർ ചെയ്യുന്നതിലും ലാൻറ അക്വയർ ചെയ്തു കിട്ടുവാൻ താമസം നേരിട്ടതുകൊണ്ടും ചില ജോലികൾ പൂർത്തിയാക്കുവാൻ സാധിക്കാതെ വന്നിട്ടുണ്ട്. എന്നാൽ ആ ജോലികൾ എല്ലാം ഈ വർഷംതന്നെ ചെയ്തുതീർക്കുവാൻ കഴിയുമെന്നാണ് ഗവണ്മെൻറിന് ഇപ്പോഴും വിശ്വാസമുള്ളത്.

നമ്മുടെ രാജ്യത്തെ ചില റോഡുകൾ തോടുകളായി കിടക്കുന്നതിനെ സംബന്ധിച്ച് ചില മെമ്പറന്മാർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് എനിക്കു ഒരു സംഗതിയാണ് ഈ സഭയെ അറിയിക്കുവാനുള്ളത്. നമ്മുടെ കഴിവനുസരിച്ചുള്ള പണം ഇവിടെ ചെലവുചെയ്യുന്നുണ്ട്. ഇൻഡ്യയിലുള്ള ഇതര പ്രദേശങ്ങളുമായി താരതമ്യപ്പെടുത്തിനോക്കിയാൽ ഒരു മൈൽ റോഡിൽ ഈ രാജ്യത്തു ചെലവു ചെയ്യുവാൻ കഴിയുന്ന തുക വളരെ കുറവാണ്. മദ്രാസിൽ ശരാശരി ൩൭൫൦ രൂപ ഒരു മൈൽ റോഡിന് ചെലവാക്കുമ്പോൾ യു. പി.-യിൽ ൧൬൭൭ രൂപ ഒരു മൈൽ റോഡിന് ചെലവാക്കുന്നുണ്ട്. അതുപോലെ തന്നെയാണ് ബംഗാളിലേയും ബോംബെയിലേയും സ്ഥിതി. എന്നാൽ ഈ രാജ്യത്തു ഒരു മൈൽ റോഡിന് ൬൩൦ രൂപ മാത്രമാണ് ശരാശരി ചെലവാക്കുന്നതു്. ഇങ്ങനെ ചെലവു കുറവു് ചെയ്യുന്നതിനുള്ള ഒരു കാരണം—

ശ്രീമതി കെ. ആർ. ഗൗരി: ഈ തുക ചെലവാക്കുന്നതു് റോഡു മെയിൻറനൻസിനോ റോഡ് ഉണ്ടാക്കുന്നതിനോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മെയിൻറനൻസിന്റെ കാര്യമാണ് ഞാൻ പറഞ്ഞതു്. ഇൻഡ്യയിലെ മററു രാജ്യങ്ങളെ അപേക്ഷിച്ച് ഈ രാജ്യത്തു് റോഡു് വളരെ കൂടുതലായതുകൊണ്ടാണ് ഇവിടെ റോഡ് മെയിൻറനൻസിനുള്ള തുക കുറയുവാൻ കാരണമായിട്ടുള്ളതു് ബോംബെയിൽ ൦.൨൭, ബംഗാളിൽ ൦.൧൯, യു. പി.-യിൽ ൦.൩൨, സ്ക്വയർമൈൽസ് റോഡുകളാണ് ഉള്ളതു്. ഇൻഡ്യ മുഴുവൻ കൂടി എടുത്താൽ അതു് ൦.൨൩ മാത്രമേയുള്ളു. എന്നാൽ തിരുവിതാംകൂർ-കൊച്ചിയിൽ ൦.൭ സ്ക്വയർമൈൽസ് റോഡുകളാണുള്ളതു്. അതുകൊണ്ടാണ് മെയിൻറനൻസിനുവേണ്ടി കൂടുതൽ ചെലവുചെയ്യുവാൻ ഈ രാജ്യത്തു് കഴിവില്ലാതെ പോയതു്. മറ്റൊരാക്ഷേപം പൊതുമരാമത്തുവകുപ്പിനെ സംബന്ധിച്ചു് പറഞ്ഞതു് ഈ വകുപ്പിൽ കൊള്ളിച്ചിട്ടുള്ള തുകകളെല്ലാം വർഷത്തിന്റെ അവസാനത്തിൽ ചെലവുചെയ്യുവാൻ

[ശ്രീ. കളത്തിൽ വേലായുധൻ നായർ.]

മുതിരുന്നതു് കരുതിക്കൂട്ടി ചെയ്യുന്ന ഒരു ഏർപ്പാടു് ആണെന്നാണു്. അതേ മാതിരി, പി. ഡബ്ളിയു. ഡി. യിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാരും കൈക്കൂലിക്കാരാണെന്നു് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പി. ഡബ്ളിയു. ഡി. യിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാരേയും അടക്കി ഇങ്ങനെ ഒരു ആരോപണം ഉന്നയിച്ചതു് വളരെ നിർഭാഗ്യകരമായിപ്പോയി. പി. ഡബ്ളിയു. ഡി. യിൽ അഴിമതിക്കാരും കൈക്കൂലിക്കാരും ആയ ഉദ്യോഗസ്ഥന്മാർ ഇല്ലെന്നു ഞാൻ പറയുന്നില്ല. മററു തുറകളിലുള്ളതു പോലെ അല്ലെങ്കിൽ, ലോകത്തിൽ മററ പല സ്ഥലങ്ങളിലും ഉള്ളതു പോലെ ചില ആളുകഠം കൈക്കൂലി വാങ്ങുന്നവരായിട്ടു് ഉണ്ടായിരിക്കാം. എന്നാൽ പി. ഡബ്ളിയു. ഡി. യിലെ എല്ലാ ഉദ്യോഗസ്ഥന്മാരും കൈക്കൂലിക്കാരാണെന്നു പറഞ്ഞതു് വളരെ നിർഭാഗ്യകരമായിപ്പോയി. ജോലി താമസിപ്പിച്ചു് ചെയ്യുന്നതു് ഉദ്യോഗസ്ഥന്മാക്കു് കൈക്കൂലിവാങ്ങുവാനാണെന്നു് പറഞ്ഞതു് ശരിയല്ല. വക്ക് തുടങ്ങുന്നതു് എസ്റ്റിമേററ സാങ്ഷൻകഴിഞ്ഞു അതു് ടെൻഡർ വിളിച്ചു കൊടുത്തതിനുശേഷമാണു്. ബഡ്ജററ് പാസാകുന്നതു് മാർച്ചു് അവസാനത്തിലാണു്. അപ്പോഠം എസ്റ്റിമേററ് സാങ്ഷൻചെയ്തു ടെൻഡർ വിളിച്ചു് പണിക്കു അനുവാദം കൊടുത്തു കഴിഞ്ഞാൽ—മിക്കവാറും ഈ രാജ്യത്തു് മഴക്കാലമാണു്, മഴക്കാലം കഴിഞ്ഞാലെ അതായതു് ചിങ്ങം, കന്നി മാസത്തോടുകൂടിയെ പണി തുടങ്ങുവാൻ സാദ്ധ്യമുള്ളു. ഈ മാസങ്ങളിൽ ജോലി ആരംഭിച്ചാൽ—വർഷാവസാനത്തോടുകൂടിയെ ആ ജോലികഠം പൂർത്തിയാകയുള്ളു. ജനവരി, ഫെബ്രുവരി, മാർച്ചു്, ഏപ്രിൽ ഈ മാസങ്ങളിലാണു് ജോലി ചെയ്യുവാൻ സൌകര്യമുള്ളതു്. അതുകൊണ്ടാണു് വർഷാവസാനത്തിൽ ജോലികഠം ചെയ്തു കാണുന്നതു്. അല്ലാതെ കൈക്കൂലി വാങ്ങുവാനുള്ള ഉദ്ദേശം കൊണ്ടല്ല. ഓരോ മാസത്തിലും പി. ഡബ്ളിയു. ഡി. യിൽ പണം ചെലവാകുന്നതു നോക്കിയാലും ഫെബ്രുവരി, മാർച്ചു് ഈ മാസങ്ങളിലാണു് കൂടുതൽ ചെലവാകുന്നതു് എന്നു കാണാം. ഈ മാസങ്ങളിൽ കൂടുതൽ ജോലി നടക്കുന്നതുകൊണ്ടും ഇതിനുമുമ്പു് ചെയ്ത ജോലികളുടെ ബില്ലു് ഈ മാസങ്ങളിൽ പാസാക്കികൊടുക്കുന്നതുകൊണ്ടുമാണു് ഇങ്ങനെ കൂടുതൽ സംഖ്യ ചെലവാകുന്നതു്.

ശ്രീ. എം. കെ. മത്തായി: റോഡു് മെററൽ ചെയ്യുവാൻ പററിയതു് ഏതു കാലത്തിലാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതിനു് നല്ലതു് വർഷകാലമാണു്. ആ കാലങ്ങളിലാണു് റോഡു് മെററൽ ചെയ്യുന്നതു്.

പിന്നീടു ചില ബഹുമാനപ്പെട്ട മെംബറന്മാർ പറഞ്ഞ ഒരാക്ഷേപം പൊതുമരാമത്തു വകുപ്പിലെ ജോലികഠം വളരെ മന്ദഗതിയിലാണു പോകുന്നതെന്നു്, അതായതു രാമേശ്വരത്തെ ക്ഷൌരംപോലെയാണു ജോലികഠം എല്ലാം നടക്കുന്നതെന്നാണു്. ആ ഉദാഹരണം ഇതിനു് ഒരിക്കലും പററിയതല്ലെന്നാണു എനിക്കു പറയുവാനുള്ളതു്. ജോലികഠം കുറേശ്ശെ ഏതെങ്കിലും നടത്തുന്നതു രാമേശ്വരത്തെ ക്ഷൌരം പോലെയാകും എന്നാണെങ്കിൽ ആ ഉദാഹരണം കൊള്ളാം. എന്നാൽ ഈ ജോലികളെല്ലാം

കുറേശ്ശെ എടുത്തു നടത്തുവാനെ സാധിക്കുകയുള്ളു. ഈ രാജ്യത്തെ പൊതുമരാമത്തു വേലകൾക്കു കൊള്ളിച്ചിട്ടുള്ള സംഖ്യകൊണ്ടു ഒന്നോ രണ്ടോ ജോലികൾ രാജ്യത്തിന്റെ ഏതെങ്കിലും ഒരു ഭാഗത്തു നടത്തിക്കൊണ്ടിരുന്നാൽമാത്രം മതിയാകാത്തതുകൊണ്ടു്, എത്രയും കൂടുതൽ ജോലികൾ രാജ്യത്തു ചെയ്യാമൊ അത്ര രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നടത്തുവാൻവേണ്ടി പൊതുമരാമത്തു വകുപ്പിൽനിന്നു ജോലി ചെയ്യുന്ന കാര്യത്തിൽ ചില തത്വങ്ങൾ സ്വീകരിച്ചിട്ടുണ്ടു്. ആ തത്വമനുസരിച്ചാണു ഇന്നു രാജ്യത്തെ വേലകളെല്ലാം നടന്നു കൊണ്ടിരിക്കുന്നതു്. ഇന്നു ഇവിടത്തെ പൊതുമരാമത്തു വേലകൾക്കു ഗവണ്മെന്റു സംഖ്യ പ്രൊവൈഡു ചെയ്യുന്നതു ഏതു തരത്തിലാണെന്നു ആലോചിച്ചു നോക്കുകയാണെങ്കിൽ, ഈ രാജ്യത്തെ പ്രതിനിധികളടങ്ങിയ ഒരു സബ് ഡിവിഷൻ കമ്മിററിയിൽനിന്നാണു ഇപ്രകാരം ഉള്ള വേലകളെല്ലാം പാസ്സാക്കുന്നതു എന്നു കാണാം. അതുപോലെ എസ്റ്റിമേററുണ്ടാക്കാതെ ജോലികൾ തുടങ്ങുന്നതിനെപ്പററിയും ഒരാക്ഷേപം ഇവിടെ പറയുകയുണ്ടായി. ഈ സംഗതിയെപ്പററിയും എസ്റ്റിമേററ കമ്മിററി നിർബ്ബന്ധം ചെലുത്തിയിട്ടുണ്ടു്. ഈ വർഷം പല ജോലികളും അത്യാവശ്യമായി എടുക്കേണ്ടതാണെന്നു സഭയിലെ അംഗങ്ങൾക്കും നാട്ടുകാർക്കും ബോദ്ധ്യമായതുകൊണ്ടാണു് ആ ജോലികളെല്ലാം എസ്റ്റിമേററ തയ്യാറായിട്ടില്ലെങ്കിലും എസ്റ്റിമേററ തയ്യാറാക്കാതെ ഈ ബഡ്ജററിൽ ഉൾപ്പെടുത്തുവാൻ ഇടയായതു്. ഇങ്ങനെയാണു ചില ജോലികൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെങ്കിലും ഈ ജോലികൾക്കെല്ലാം എസ്റ്റിമേററ തയ്യാറാക്കുകയും ഈ ജോലികളെല്ലാം ഈ വർഷം തന്നെ എടുക്കുകയും ചെയ്യും. ഏതെങ്കിലും കാരണവശാൽ ലാന്റു അക്വിസിഷനു് വല്ല കാലതാമസവും വന്നാലെ ഈ ജോലി മുടങ്ങുകയുള്ളു. വേറെ ഒരാക്ഷേപം ഇവിടെ പറഞ്ഞതു്, പൊതുമരാമത്തു വേലകളെ സംബന്ധിച്ചിടത്തോളം ചില പ്രദേശങ്ങൾ അവഗണിക്കപ്പെട്ടിരിക്കുന്നുവെന്നാണു്. അതും ശരിയല്ല. പൊതുമരാമത്തു വകുപ്പിന്റെ ബഡ്ജററിനെക്കുറിച്ചുള്ള വിമർശനവേളയിൽ ഈ കാര്യം സഭയെ ബോദ്ധ്യപ്പെടുത്തുന്നതിനു ഞാൻ തയ്യാറാണു്. ഗവണ്മെന്റിനു കഴിവുള്ളതനുസരിച്ചു് രാജ്യത്തിന്റെ എല്ലാ ഭാഗത്തും ജോലികൾ നടത്തിയിട്ടുണ്ടെന്നുള്ളതു് ഈ സഭയെ ബോദ്ധ്യപ്പെടുത്തുന്നതിനു ഞാൻ തയ്യാറാണു്. ഈ അവസരത്തിൽ ഇത്ര മാത്രമേ സമാധാനമായി പറയണമെന്നു് ഞാൻ വിചാരിക്കുന്നുള്ളു.

Mr. Speaker : The House will now adjourn and meet again at 11 o' clock tomarrow.

The Assembly adjourned at 4 35 P. M. to meet again at 11 A. M. on Saturday, the 14th March 1953.

APPENDIX I

[*Please see answer to question No.* * 356 (13)]

Failure of crop in South Travancore and the relief measures taken by Government.

The following are the relief measures taken by the Government :

(i) The families who were getting wages in kind and who were not in possession of ration cards were issued fresh ration cards. These families were allowed to draw ration till the next harvest. Arrangements have also been made for the issue of ratiions to agriculturists who were in need of rations by revalidating cancelled portons in the paddy cards issued to them. Concessions in the matter of measuring the levy due to Government were given in all deserving cases. A total quantity of 3,70,000 paras of paddy was thus remitted. New ration depots were also opened in all the taluks wherever found necessary.

(ii) The Agriculture Department attended to the supply of seeds to ryots in the drought affected areas and all requisitions for seeds were satisfied. Manures like Bone-meal and Groundnut oil cake etc., were sold to cultivators at a subsidised rate of 50% of the cost price, on ready cash, as well as on crop loan basis. The cultivators availed themselves of these facilities. It may be noted in this connection that the manures were sold in other areas only with a subsidy of 25%. The special concession of 50% was accorded only to the drought affected areas of South Travancore.

(iii) The Food Production Board issued instructions to the Revenue Tahsildars and the G. P. Tahsildars of Thovala, Agastheeswaram, Kalkulam and Vilavancode to give wide publicity to the scheme of G. M. F. loans. The information that the Food Production Board will consider liberally the Grow More Food loan applications from persons in the affected areas was also communicated to the Tahsildars.

(iv) Steps are in progress for the remission of water-cess in all deserving cases.

(v) The P. W. D. has already taken up two major items of public works in the affected area *viz.*,

(1) Improvements to the Thickanamcode channel ;

(2) Concreting the road from Nagercoil to Aramboly, costing about 8.26 lakhs. These works are expected to absorb a large number of workmen. The Vilathura Lift Irrigation Scheme is proposed to be taken up soon. The question of starting new minor irrigation works and improvements to tanks is under consideration.

Further, Government have sanctioned a sum of Rs. 2,10,000 for pumping out water lying below the sill level at the Pechippara reservoir and pumping operation is being carried on. This has saved the present crop.

Appendix II

[Please see answer to question No. 194 (12)]

List of plantations owned by foreigners.

ക്രമ നമ്പർ	തോട്ടത്തിന്റെ പേര്	ഇനം	വിസ്തീർണ്ണം ഏ.	സെ.	ഡിസ്ട്രിക്ട്	റിമാർക്ക്
൧.	മഹേന്ദ്രഗിരി	കാപ്പി	൨൫	....	തിരുവന-	
൨.	കണ്ണിമൂട്ടചാല	,,	൧൮൬	൭൨	ന്തപുരം	
൩.	മെക്കിസ്റ്റൻ	,,	൭	....	,,	
൪.	പൊൻമുടി	തേയില	൬൨൧	...	,,	
൫.	ബോണക്കാർഡ്	,,	൯൮൧	൫൦	,,	
൬.	മുണ്ടവിള	റബ്ബർ	൨൪	൭.൫	,,	
൭.	ഗ്രീൻഹാം	,,	൨൫൦	...	,,	
൮.	വൈകുണ്ഠം	,,	൭൫൩	൨	,,	
൯.	മോഹിനി (൧)	,,	൧൦൦	...	,,	
൧൦.	,, (൨)	,,	൭൦	...	,,	
൧൧.	ബാറിമോർ	തേയില	൨൩൮	൫൪	,,	
൧൨.	മേരിഗോൾഡ്	,,	൧൨൦	൭൫	,,	
൧൩.	ഇൻവെർകാൾഡ്	,,	൩൩൮	൧൮	,,	
൧൪.	മെർച്ചിസ്റ്റൻ	,,	൪൮൭	൯൦	,,	
൧൫.	പൊൻമുടി	റബ്ബർ	൨൨൦	൯൭	,,	
൧൬.	ബോണക്കാർഡ്	,,	൮൩	൩൦	,,	
൧൭.	ബാരിമോർ	,,	൩൮൩	൨൫	,,	
൧൮.	മേരിഗോൾഡ്	,,	൯൩	...	,,	
൧൯.	അരിക്കൂർ	,,	൧൨൫	൮൩	,,	
൨൦.	അമ്പനാട്	,,	൭൧൨	൯൯	കൊല്ലം	
൨൧.	നാഗമല	,,	൧൩൬൨	൬൬	,,	
൨൨.	കോന്നി	,,	൭൩൭	൯൨	,,	
൨൩.	കുമ്പഴ	,,	൧൩൮൧	൫൦	,,	
൨൪.	ലാഹ	,,	൨൧൧൩	൭൦	,,	
൨൫.	വെൻചർ	,,	൨൬൬	൨൦	,,	
൨൬.	അമ്പനാട്	തേയില	൧൦൩൦	൭൯	,,	
൨൭.	നാഗമല	,,	൬൧൮	൮൮	,,	
൨൮.	ഇസ്സ്ഫീൽഡ്	,,	൪൦൮	.൬	,,	
൨൯.	ഷെൻഡുർണി	,,	൨൮൪	൪൯	,,	
൩൦.	ഛിൻവുഡ്	,,	൧൭൬	൧൧	,,	
൩൧.	കോന്നി	,,	൯൭൯	൫൬	,,	
൩൨.	കുമ്പഴ	,,	൧൦൩൧	൮൮	,,	
൩൩.	വെൻഞ്ചുവർ	,,	൩൮൬	൩൧	,,	
൩൪.	അച്ചൻകോവിൽ	,,	൩൭൪	൫൩	,,	
൩൫.	വെള്ളാൻറി എസ്റ്റേററ്	റബ്ബർ	൬൬൫	...	കോട്ടയം	
൩൬.	മുണ്ടക്കയം വാലി	,,	൨൭൩൫	....	,,	

Appendix II—(*Contd.*)

ക്രമ നമ്പർ	തോട്ടത്തിന്റെ പേര്	ഇനം	വിസ്തീർണ്ണം ഏ.	സെ.	ഡിസ്ട്രിക്ട്	റിമാർക്ക്
൩൭.	മണിക്കൽ	റബ്ബർ	൨൧൯൫	....	കോട്ടയം	
൩൮.	കല്പ്പക്കയം	,,	൧൩൬൩	....	,,	
൩൯.	എൽഡൊറാഡൊ	,,	൧൦൦൫	....	,,	
൪൦	പാലൂർവാലി	,,	൨൭൯	....	,,	
൪൧.	മുണ്ടക്കയംവാലി	,,	൪൫൦	....	,,	
൪൨.	മലയാളം പ്ലാന്റേഴ്സ് സൻസ്		൧൫൦൦	....	,,	
൪൩.	കെ. ഡി. എച്ച്. പി. കമ്പനി തോട്ടം തേയില					കെ. ഡി. എച്ച്. പി. എസ്റ്റേറ്റ് വക ൩൨ തോട്ടങ്ങൾ.
൪൪						
൪൫.						
൪൬.						
൪൭.						
൪൮.						
൪൯.						
൫൦.						
൫൧.						
൫൨.						
൫൩.						
൫൪.						
൫൫.						
൫൬.						
൫൭.		,,	൩,൮൮൮	....	,,	
൫൮.						
൫൯.						
൬൦.						
൬൧.						
൬൨.						
൬൩.						
൬൪.						
൬൫.						
൬൬.						
൬൭.						
൬൮.						
൬൯.						
൭൦.						
൭൧.						
൭൨.						
൭൩.						
൭൪.						

Appendix II—(*Contd.*)

ക്രമ നമ്പർ	തോട്ടത്തിന്റെ പേരു്	ഇനം	വിസ്തീർണ്ണം ഏ.	സെ.	ഡിസ്ട്രിക്ട്	റിമാർക്ക്
൭൫.	മലയാളം പ്ലാന്റേഷൻസ്	തേയില	൫൨൬൬	....	കോട്ടയം	ഈ പേരിലും ൪ തോട്ടങ്ങളുണ്ട്
൭൬.	,,	,,				
൭൭.	,,	,,				
൭൮.	,,	,,				
൭൯.	വെണ്ടയാർ	,,	൧൨൬൦	....	,,	
൮൦.	ചെറുവാലി	,,	൨൧൪൧	....	,,	
൮൧.	ബൊനാമി	,,	൧൦൫൭	....	,,	
൮൨.	ചീനതള്ളർ	,,	൨൭൯൨	....	,,	
൮൩.	ചെങ്കര	,,	൧൧൮൨	....	,,	
൮൪.	ഡൈമൊക്ക്	,,	൨൦൩൭	....	,,	
൮൫.	ഗ്ലെൻമേരി	,,	൧൧൫൨	....	,,	
൮൬.	ഗ്രാംപി	,,	൧൦൩൪	....	,,	
൮൭.	കോടകരണം	,,	൧൦൬൦	....	,,	
൮൮.	കോഴികാണം	,,	൧൨൦൨	....	,,	
൮൯.	കോട്ടമല	,,	൨൭൨൩	....	,,	
൯൦.	ലാഡ്രം	,,	൧൩൮൫	....	,,	
൯൧.	മഞ്ചുമല	,,	൧൫൧	....	,,	
൯൨.	മൂങ്കലാർ	,,	൧൧൨൯	....	,,	
൯൩.	മൗണ്ട്	,,	൮൬൧	....	,,	
൯൪.	നെല്ലിക്കാരി	,,	൬൫൪	....	,,	
൯൫.	ഉറക്കട്ടൺ	,,	൧൦൨൬	....	,,	
൯൬.	പാമ്പനാർ	,,	൧൧൬൬	—	,,	
൯൭.	പച്ചുമല	,,	൮൪൭	....	,,	
൯൮.	സ്റ്റാഗ്ബ്രൂക്ക്	,,	൧൧൧൬	....	,,	
൯൯.	പട്ടുമല	,,	൭൪൨	....	,,	
൧൦൦.	തെങ്ങക്കൽ	,,	൧൦൩൬	....	,,	
൧൦൧.	തങ്കമല	,,	൧൩൭൧	....	,,	
൧൦൨.	വംശമൺ	,,	൨൭൮൧	....	,,	
൧൦൩.	വലിയന്റ്	,,	൧൧൦൦	....	,,	
൧൦൪.	വെലിയാമ്നി	,,	൧൧൪൫	....	,,	
൧൦൫.	വല്ലർഡി	,,	൨൪൫൮	....	,,	
൧൦൬.	വുഡ്‌ലൻസ്	,,	൬൦൬	....	,,	
൧൦൭.	ഇ. എഫ്. ഗ്രൂം. നോർമണി എസ്റ്റേററ്	റബ്ബർ	൧൪൮	൨൪	തൃശ്ശൂർ	
൧൦൮.	മൈനഗ്ലോർഡ്	ഏലം	൯൩൭	൩൪	,,	

Appendix III

[Please see answer to question No. 200 (20)]

Adult Education Centres.

൧. നെടുംകുന്നം
൨. ഏനാദിമംഗലം
൩. മുളക്കുളം
൪. കടപ്ര
൫. വീയപുരം
൬. പുളിംകുന്ന്
൭. കവിയൂർ
൮. ആനിക്കാട്
൯. വാരാച്ചുതേക്കം
൧൦. ചെറുതന
൧൧. തൃക്കുന്നപ്പുഴ
൧൨. ആറ്റിപ്ര
൧൩. കണ്ടല്ലൂർ
൧൪. പന്മന
൧൫. കീഴ്‌വായ്പൂർ
൧൬. തിരുവല്ലം
൧൭. മാവേലിക്കര
൧൮. കഴക്കൂട്ടം
൧൯. ശൂരനാട്
൨൦. ഒറ്റശേഖരമംഗലം
൨൧. അടൂർ
൨൨. വടക്കേക്കര
൨൩. മാടപ്പള്ളി
൨൪. [illegible]
൨൫. പള്ളിക്കൽ
൨൬. മേൽതോന്നയ്ക്കൽ
൨൭. ചെങ്ങഴശ്ശേരി
൨൮. [illegible]
൨൯. വള്ളിക്കോട്
൩൦. ആല
൩൧. മാണിക്കൽ
൩൨. വാഴൂർ
൩൩. തിരുകോവിൽവട്ടം
൩൪. കുറൂർ
൩൫. മൈലം
൩൬. വെള്ളനാട്
൩൭. പാങ്ങോട്
൩൮. കല്ലുപ്പാറ
൩൯. വെളിയം
൪൦. പറവൂർ
൪൧. ആറുദേശം
൪൨. പന്തളം[illegible]
൪൩. ചിറയിൻകീഴ്
൪൪. തിരുവല്ലം-പാച്ചല്ലൂർ
൪൫. പന്തളം തെക്കേക്കര
൪൬. ചെറുവക്കൽ
൪൭. കരവാരം
൪൮. കുമാരപുരം
൪൯. പുറനാട്ടുകര
൫൦. കൊല്ലം
൫൧. പായിപ്പാട്
൫൨. തലവടി
൫൩. ആറൂർ
൫൪. പുത്തൻകാവ്
൫൫. തിരുപുറം
൫൬. ആനന്തപുരം
൫൭. അഴീക്കോട്
൫൮. ആറന്മുള
൫൯. ഭരണിക്കാവ്
൬൦. വിളക്കുടി
൬൧. മേലൂർ
൬൨. കീരിക്കാട്
൬൩. ആറാട്ടുപുഴ
൬൪. എഴുപുന്ന
൬൫. അമ്പലപ്പുഴ
൬൬. ചെങ്ങന്നൂർ
൬൭. വടശ്ശേരി
൬൮. മീനാട്
൬൯. ചെട്ടിവിളാകം
൭൦. പള്ളിച്ചൽ
൭൧. നീണ്ടകര
൭൨. വിളവംകോട്
൭൩. മടവൂർവിളാകം
൭൪. കോട്ടുകാൽ
൭൫. കുമ്പഴ
൭൬. നെടുമ്പന
൭൭. വിജയപുരം
൭൮. രണ്ടാമട
൭൯. പോരുവഴി
൮൦. മങ്കൂർ
൮൧. ഇരവിപേരൂർ
൮൨. ഹരിപ്പാട്
൮൩. കുന്നത്തൂർ
൮൪. അതിയന്നൂർ

PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

First Session-1953.

Saturday, The 14th March 1953.

Vol. VIII OFFICIAL REPORT No. 14

The Assembly met in the Assembly Chamber, Trivandrum at Eleven of the Clock on Saturday, the 14th March 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

Oral Answers.

കയർവ്യവസായം.

* ൩൩൧. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കയർവ്യവസായത്തെ സഹകരണാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കാനുള്ള പദ്ധതിയും, കയറിനും കയർ ഉൽപ്പന്നങ്ങൾക്കും വിദേശ വിപണികൾ കണ്ടുപിടിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളും എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്;

(ബി) ഇതിലേയ്ക്ക് കേന്ദ്രഗവണ്മെന്റിന്റെ ധനസഹായം എന്താണ്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ:)

(എ) ഇതിനെ സംബന്ധിച്ച ഒരു സ്റ്റേറ്റുമെന്റ് മേശപ്പുറത്തു വച്ചിട്ടുണ്ട്. *.

(ബി) പദ്ധതിയുടെ മൊത്തം ചെലവായ ൩൪ ലക്ഷം രൂപയുടെ ചെലവിൽ പകുതിഭാഗം കേന്ദ്രഗവണ്മെന്റ് വഹിക്കുന്നതാണ്.

ശ്രീ. ആർ. ഗംഗാധരൻ: സഹകരണസംഘങ്ങളുടെ എണ്ണംകൂടി പറയാമോ?

*Please see Appendix

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സ്റ്റേറ്റുമെന്റിൽ ആ വിവരങ്ങൾ പറഞ്ഞിട്ടുണ്ട്. പദ്ധതിപ്രകാരമുള്ളതിൽ രണ്ടു തൊണ്ടു വ്യവസായസഹകരണസംഘങ്ങളും, ൫൦ പ്രാഥമിക കയർസഹകരണസംഘങ്ങളും, ഒരു കേന്ദ്രകയർമാർക്കറ്റിംഗ് സഹകരണസംഘവും ഇപ്പോൾ പ്രവർത്തനം നടത്തുന്നുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: ഈ സംഘങ്ങൾ സ്ഥാപിച്ചിട്ട് ഇപ്പോൾ ഒരു കൊല്ലത്തിനുമേലായില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആയിരിക്കും.

ശ്രീ. ആർ. ഗംഗാധരൻ: ആ ഒരു കൊല്ല കാലത്തിനുശേഷം സംഘങ്ങളുടെ എണ്ണം കൂട്ടാൻ ശ്രമിക്കാതിരുന്നതു എന്തുകൊണ്ടാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിനെപ്പററി ഞാൻ ഒന്നിലധികം അവസരങ്ങളിൽ ഈ മീററിംഗിൽ തന്നെ പ്രസ്താവിച്ചു കഴിഞ്ഞിട്ടുണ്ട്.

ശ്രീ. ആർ. ഗംഗാധരൻ: ഇപ്പോഴുള്ള സംഘങ്ങളെക്കൊണ്ടു് കയറിന്റെ മുഴുവൻ സംഭരണവും നടത്താമെന്നു ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഉദ്ദേശിക്കുന്നില്ല. അതിലേയ്ക്കു് ഇനിയും സംഘങ്ങൾ വികസിക്കേണ്ടതാണു്.

ശ്രീ. ആർ. ഗംഗാധരൻ: ഇപ്പോഴുള്ള സംഘം സെക്രട്ടറിമാരുടെ ക്ലിപ്തിക ശമ്പളം കൊടുക്കാൻ ഗവണ്മെന്റുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ഗവണ്മെന്റല്ല കൊടുക്കേണ്ടതു്.

ശ്രീ. ആർ. ഗംഗാധരൻ: സെക്രട്ടറിമാരെ നിയമിച്ചതു് ഗവണ്മെന്റല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. ആർ. ഗംഗാധരൻ: ൧൯൫൧-൫൨-ൽ കയർ സഹകരണ സംഘങ്ങളെ സഹായിക്കുന്നതിനു ൫൦ ലക്ഷം രൂപയാണോ അനുവദിച്ചിരുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു നോക്കാതെ ഇപ്പോൾ പറയാൻ സാദ്ധ്യമല്ല.

ശ്രീ. ആർ. ഗംഗാധരൻ: വിദേശവിപണികളിൽ എത്ര രൂപായുടെ ചരക്കു് കയററി അയയ്ക്കാൻ കേന്ദ്രഗവണ്മെന്റിനു കഴിയുമെന്നു പറയാമോ?

Mr. Speaker: Mr. Gangadharan, detailed answers were given to this question several times. This Government have no responsibility in this matter. The Central Government have entered into agreements with foreign countries for this purpose.

ശ്രീ. പി. വി. അവിരാത്തരകൻ: സഹകരണസംഘം മൂലം കയറിന്റെ പ്രൊഡക്ഷൻ കൺട്രോൾ ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സഹകരണസംഘങ്ങളുടെ സ്കീം എല്ലാവർക്കും അറിയാമെന്നുള്ളവയാണ്. അതനുസരിച്ചു പ്രവർത്തിക്കും.

ശ്രീ. പി. വി. അവിരാത്തരകൻ: കഴിഞ്ഞ തവണ നടന്ന കയർ കോൺഫറൻസിൽ കയറിന്റെ ക്വാളിറ്റിയും പ്രൊഡക്ഷനും കൺട്രോൾ ചെയ്യുമെന്നു മന്ത്രി പറഞ്ഞതു് ഓർക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൺട്രോൾ ചെയ്യുമെന്നു പറഞ്ഞില്ല. ഗവണ്മെന്റു എന്തെങ്കിലും തീരുമാനം എടുക്കുന്നതിനേക്കാൾ വ്യവസായവുമായി ബന്ധമുള്ള ഒരു സ്റ്റാട്യൂട്ടറി ബോർഡ് ആവക കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതായിരിക്കും നല്ലതെന്നാണ് ഗവണ്മെന്റിന്റെ അഭിപ്രായം.

ശ്രീ. പരീതുറാവുത്തർ: കയറു ഇവിടെയും ആവശ്യമുള്ള ഒരു സാധനമായതുകൊണ്ട് മുഴുവനും കയററി അയക്കാതെയിരിക്കുന്നതിനു ഗവണ്മെന്റു ശ്രദ്ധിക്കുമോ?

Mr. Speaker : Order, order, please. Next Question.

Minimum wages for Agricultural labour.

* 368. [2] **Shri K. Bhanu** : Will the Minister for Labour be pleased to state :

(*a*) whether the Government have taken any steps to fix minimum wages for agricultural labour; and

(*b*) if so, when the proposal will be finalised and orders issued?

Minister for Finance & Civil Supplies **(Shri Panampilli Govinda Menon)**:

(*a*) Government have taken steps to fix minimum wages for agricultural labour.

(*b*) The proposals will be finalised as soon as possible.

Shri K. Bhanu : Are there any statistics with the Government to show the number of agricultural labourers in the State?

Shri Panampilli Govinda Menon: Some preliminary enquiries were conducted. Those enquiries were not made throughout the State, but only in selected places.

Shri K. Bhanu : Are the Government aware that these labourers are experiencing difficulties since their minimum wage has not been so far fixed?

Shri Panampilli Govinda Menon: That is quite evident, Sir.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: കൃഷിതൊഴിലാളികളെ കമ്മിററിയിൽ പ്രതിനിധാനം ചെയ്യുന്നത് ഏതു മെംബറാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ കമ്മിററി രൂപീകരിച്ചിട്ടില്ല. അടുത്തുതന്നെ രൂപീകരിക്കും.

ശ്രീമതി കെ. ആർ. ഗൗരി: മിനിമം വേജസ് തിട്ടപ്പെടുത്തണമെന്നു കാണിച്ച് ഏതെങ്കിലും സംഘടനകൾ ഗവണ്മെന്റിൽ മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മിനിമം വേജസ് തിട്ടപ്പെടുത്തണമെന്നുള്ളതിലേക്കു മിനിമം വേജസ് ആക്ടിൽ തന്നെ നിബന്ധന ചെയ്തിട്ടുള്ളതാണ്. അതുകൊണ്ടു ഒരു മെമ്മോറാണ്ടം സമർപ്പിക്കേണ്ട ആവശ്യം തന്നെ ആ വിഷയത്തിലുണ്ടാകുന്നില്ല.

ശ്രീമതി കെ. ആർ. ഗൗരി: കാർഷികതൊഴിലാളി യൂണിയൻ ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഒരു മെമ്മോറാണ്ടം സമർപ്പിക്കേണ്ട ആവശ്യമേ വരുന്നില്ല. കമ്മിററി രൂപീകരിക്കുന്ന കാര്യം നേരത്തെ തീരുമാനിച്ചിട്ടുള്ളതാണ്.

ശ്രീമതി കെ. ആർ. ഗൗരി: ആ മെമ്മോറാണ്ടം എന്നാണു കിട്ടിയതെന്നു പറയാമോ?

Mr. Speaker: There is no necessity for a memorandum. Even without the memorandum Government have taken the decision to fix the minimum wages, that is the answer.

Shrimati K. R. Gouri: When did the Government take the decision, before or after the receipt of the memorandum?

Shri Panampilli Govinda Menon: This matter is contained in the Minimum Wages Act, which is already in force for the last five years.

ശ്രീ. കെ. കെ. കുമാരപിള്ള: കൃഷിചെയ്യുന്നതിനു യന്ത്രങ്ങൾ യാതൊരു ക്രമീകരണവും കൂടാതെ ഉപയോഗിക്കുന്നുണ്ട്. അതുമൂലം ഉണ്ടാകുന്ന തൊഴിലില്ലായ്മയെ പരിഗണിച്ച് തൊഴിലാളികൾക്ക് എന്തെങ്കിലും സൗജന്യം കൊടുക്കുന്നതിനു വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും തൊഴിലില്ലായ്മയെന്ന സാമാന്യപ്രശ്നത്തിന്റെ ഒരുവശമാണ്.

ശ്രീ. ടി. വി. താമസ്: മിനിമം വേജസ് തിട്ടപ്പെടുത്തുന്നതിനു ഒരു കമ്മിററിയുണ്ടാക്കണമെന്ന് പറഞ്ഞിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിലേക്ക് രണ്ടുമാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. കമ്മിററിയുണ്ടാക്കാം. അല്ലെങ്കിൽ ഗവണ്മെന്റ് മിനിമം വേജ് നിശ്ചയിച്ച് പൊതുജനങ്ങൾക്ക് ആക്ഷേപമുണ്ടെങ്കിൽ അറിയിക്കുന്നതിനായി നോട്ടിഫൈ ചെയ്യാം.

ശ്രീ. ടി. വി. താമസ്സ്: ഇതിൽ ഏതെങ്കിലും മാറ്റങ്ങൾ സ്വീകരിച്ച് ഗവണ്മെന്റ് ഇതുവരെ എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: കമ്മിററി രൂപീകരിക്കുന്നതിന് പേരുകൾ നിർദ്ദേശിച്ചുകൊണ്ട് ലേബർ കമ്മീഷണർ ഗവണ്മെന്റിലേക്കു എഴുതിയിട്ടുണ്ട്. ബഡ്ജററ് സെഷന്റെ തിരക്കു മൂലം ഇതുവരെ അതു നോക്കാൻ കഴിഞ്ഞില്ലെന്നേയുള്ളു.

ശ്രീ. ടി. വി. താമസ്സ്: മിനിമം വേജസ് കമ്മിററി കൂലി തീരുമാനിക്കുന്നതിനുമുമ്പായി അതുസംബന്ധിച്ച് അഭിപ്രായവ്യത്യാസമുണ്ടാകാതിരിക്കാൻ ഒരു ത്രികക്ഷി സമ്മേളനം വിളിച്ചുകൂട്ടണമെന്ന ഏതെങ്കിലും തൊഴിലാളി സംഘടന ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അങ്ങനെ ആവശ്യപ്പെട്ടിട്ടുള്ളതായി ഞാൻ ഓർമ്മിക്കുന്നില്ല.

ശ്രീ. ടി. വി. താമസ്സ്: ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ ഞാൻ തന്നെ നേരിട്ട് ഇക്കാര്യത്തിൽ നിവേദനം നടത്തിയിട്ടുണ്ടെന്നു അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: തീർച്ചയായും അതു ഞാൻ വിശ്വസിക്കാം. ബഹുമാനപ്പെട്ട മെംബർ പല നല്ല കാര്യങ്ങളെ സംബന്ധിച്ചും എന്നോടു പറഞ്ഞിട്ടുണ്ട്. അക്കൂട്ടത്തിൽ ഇതും ഉണ്ടാകാം.

ശ്രീ. ടി. വി. താമസ്സ്: തിരുവിതാംകൂർ കർഷകതൊഴിലാളി സംഘം പ്രസിഡണ്ടും, സെക്രട്ടറിയും ഈ വിഷയത്തെപ്പററി ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പിൽ നിവേദനം നടത്തിയിട്ടുള്ളതായി ഓർക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അങ്ങനെ നിവേദനം നടത്തിയിരിക്കാം. നടത്തിയിട്ടില്ലെന്നു ഞാൻ പറഞ്ഞില്ല. ഏതായാലും ആ കാര്യം ഗവണ്മെന്റുതന്നെ ചെയ്യേണ്ടതാകകൊണ്ട് അതു അത്രത്തോളം മനസ്സിൽ പതിഞ്ഞില്ല.

ശ്രീ. ടി. വി. താമസ്സ്: ഒരു ത്രികക്ഷി സമ്മേളനം വിളിച്ചുകൂട്ടണമെന്നു തീരുമാനിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: ഇല്ല.

ശ്രീ. ടി. വി. താമസ്സ്: മിനിമം വേജസ് കമ്മിററി രൂപീകരിക്കുന്നതിന് താമസംവരുന്നതുകൊണ്ട് ഒരു ത്രികക്ഷി സമ്മേളനം വിളിച്ചുകൂട്ടിയാൽ താൽക്കാലികമായി ഈ വിഷയത്തിൽ ഒരു ശമനമുണ്ടാകുമെന്നു ബഹുമാനപ്പെട്ട മന്ത്രി വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: കമ്മിററി രൂപീകരിക്കുന്നതിന് താമസംവരികയില്ല.

Arrest by Thuckalai Police.

*369 (3) **Shri T. S. Ramaswami:** Will the Minister for Home Affairs be pleased to state:

(*a*) whether complaints were received by the Government regarding alleged arrest by the Thuckalai Station Police of some persons and complete shaving of the heads of the arrested persons;

(*b*) if so, whether any action was taken against the offenders ; and

(*c*) if so, what action ?

Minister for Home Affairs (**Shri T. M. Varghese**):

(*a*) Yes. Complaints have been received.

(*b*) Yes.

(*c*) Enquiry was instituted. Head Constable No. 898 Madhavan Pillai and Police Constable No. 1278 Ramaswami Aiyar were found guilty. The Head Constable was suspended for one month and warned for reduction. The Police Constable was suspended for one month.

Shri Nedumangad R. Kesavan Nair:- Do these arrested persons belong to any political party?

Shri T. M. Varghese: That question does not arise. Their affiliation to a political party, being irrelevant for this purpose, was not enquired into.

Mr. Speaker : The hon. Minister may give whatever relevant information he has regarding the subject.

Shri T. M. Varghese : All relevant items of information available with me, I shall place before the House. Six persons were arrested at 6 A. M. that day. They were taken to the Police Station by the Police Inspector . The Inspector went out for the usual firing practice leaving the Head Constable in charge of the Station. There was also in the Station the Station writer, a constable by name Ramaswami Aiyar. It was a Sunday and as usual the barber came and the inmates of the lockup were taken out for shaving. There were seven or eight persons including the newly arrested men to undergo the privilege of getting a free shave. One of them, as the evidence goes, protested against being comoulsorily shaved, but, it appears, he was not allowed to decline the privilege. Enquiries were conducted and the Head Constable and Constable were found guilty. Hence the punishments awarded to them.

Shri M. Gopalan Nair : The information is that only one half of their heads were shaved. Is it correct ?

Shri T. M. Varghese : No. Heads were fully shaved.

Shri Nedumangad R. Kesavan Nair : Do the enquiries show that the Police went out of their way ?

Shri T. M. Varghese : There are many allegations about the matter. But enquiries show that they are all unfounded.

Shri Nedumangad R. Kesavan Nair : Is it a fact that the arrested persons were opposed to the Tamilnad Congress ?

Shri T. M. Varghese : The Government have nothing to do with that. These persons were arrested for certain irregularities. Things that happened were only as usual.

ശ്രീ. എ. കെ. ചെല്ലയ്യാ: തെക്കൻതിരുവിതാംകൂറിലുള്ള എല്ലാ ലാക്കപ്പുകളിലും തിരുവിതാംകൂർ തമിഴ്നാടുകാൺഗ്രസ്സിനു എതിരായി സജീവമായി പങ്കെടുത്തിട്ടുള്ള ആളുകളെ ഈമാതിരി ഷേവുചെയ്യുവരുന്നതായി പരാതിയുണ്ടെന്നറിയാമോ?

Mr. Speaker : That question is disallowed.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ ഷേവുചെയ്ത ആൾ ഏതു പാർട്ടിയിൽപ്പെട്ട ആളാണു്?

ശ്രീ. ടി. എം. വർഗ്ഗീസ്: ഷേവുചെയ്തതു് ബാർബറാണു്. അയാൾക്കു് പാർട്ടി ഉണ്ടോ എന്നും, ഉണ്ടെങ്കിൽ ഏതെന്നും നിശ്ചയമില്ല. ഹെഡ്കാൺസ്റ്റബിളും കാൺസ്റ്റബിളും ഒരു പാർട്ടിയിലും ഉൾപ്പെട്ടിട്ടുള്ളവരല്ല.

Shri A. Thanu Pillai: Was the barber paid for the work?

Shri T. M. Varghese: I understand that the practice is that the barber is not paid by the persons concerned, but from the police station. I have not got it ascertained how, if at all, the payment was made in this instance.

Shri A. Thanu Pillai: How was this extra expenditure met? Shaving seven persons means at least Rs. 7. Who met this expenditure? Was it realized from the Sub-Inspector of Police?

Shri T. M. Varghese: I think the barber may be getting a monthly or weekly payment in which case the number of heads will not count.

ശ്രീ. ടി. കെ ദിവാകരൻ: ലാക്കപ്പുകളിൽ കിടക്കുന്ന പ്രതികളുടെ തലമുടി വടിച്ചുകളയണമെന്നുണ്ടോ? അതോ ക്രാപ്പു ചെയ്യാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ക്രാപ്പുചെയ്യേണ്ടവർക്കു് അങ്ങനെ ആകാമെന്നാണു തോന്നുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: പല ലാക്കപ്പുകളിലും പ്രതികളെ നിർബന്ധമായി പിടിച്ചു തലമുടി വടിച്ചുകളയുന്നതായി അറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെ അറിവില്ല. ചിലപ്പോൾ ക്രാപ്പുചെയ്യാതെ വടിച്ചുകളയുന്നതു് കൂടുതൽ സുഖകരമെന്നു പ്രതികൾക്കു തന്നെ തോന്നിയിരിക്കാം.

ശ്രീ. എൻ. രാഘവക്കുറുപ്പ്: തല മുണ്ഡനം ചെയ്യുന്നതു് പോലീസുകാരുടെ ഒരു ശിക്ഷാസമ്പ്രദായമായി അനുവർത്തിച്ചു വരുന്ന എന്നുള്ളതു് ഗവൺമെന്റിനറിയാമോ? പ്രത്യേകിച്ചും കോട്ടയം ലോക്കപ്പിൽ ഇപ്പോഴും നടക്കുന്നതെന്നറിയാമോ?

Mr. Speaker: That is a very dangerous experiment. (*Laughter.*) The question is disallowed.

ശ്രീ. ജെ. രാഘവൻപിള്ള: സെൻട്രൽ ജയിലിൽ ശിക്ഷിച്ചുകൊണ്ടു വരുന്ന പ്രതികളുടെ തല മുണ്ഡനം ചെയ്യുന്ന ഒരു പതിവുണ്ടെന്നറിയാമോ?

Mr. Speaker: That is not pertinent to the question under issue. Please put a relevant question.

ശ്രീ. ടി. വി. താമസ്: ഈ ഷേവുചെയ്യുന്നതാരാണു്? പേപ്പറിൽ കണ്ടതു് ഹെഡ്കാൺസ്റ്റബിൾതന്നെ ഷേവുചെയ്തു എന്നാണു്.

ശ്രീ. ടി. എം. വർഗ്ഗീസ്: അതു ശരിയല്ല. അങ്ങനെ പേപ്പറിൽ തന്നെയും കണ്ടതായി ഓർക്കുന്നില്ല.

Industrial Disputes.

*370 [4] **Shri T. S. Ramaswami :** Will the Minister for Finance and Civil Supplies be pleased to state:

(*a*) the number of industrial disputes in the State during 1952-53;

(*b*) the number of workers involved;

(*c*) industries involved;

(*d*) nature of the disputes;

(*e*) whether settled or not ; and

(*f*) if settled, how?

Minister for Finance & Civil Supplies (**Shri Panampilli Govinda Menon**) :

(*a*) The number of industrial disputes in the State durign 1952-53; on the date of preparation of this answer is 3,380.

(*b*) the number of workers involved is 36,743.

(*c*) 23 industries, such as coir, cashew, plantation, transport by land and water, textiles, rubber workers, engineering works, etc., are the industries involved.

(*d*) The disputes mainly related to bonus, enhancement of wages, retrenchment of workers, etc.,

(*e*) 2,706 disputes were settled.

(*f*) The settlement was effected by departmental intervention in most cases, by direct negotiation in some cases, and by adjudication in the rest.

Shri T. S. Ramaswami: May I know the number of disputes referred to adjudication?

Shri Panampilli Govinda Menon: Out of 2,706 disputes settled, 230 were settled by negotiation between the parties, and 2,476 were settled by departmental intervention. The rest were sent for adjudication.

Shri T. S. Ramaswami: May I know whether the Government have got the statistics of man-days lost?

Shri Panampilli Govinda Menon: The statistics can be prepared if a separate question is put.

ശ്രീ. കെ. കരുണാകരൻ: ഈ തീരുമാനങ്ങളും വിധികളും ഇതുവരെ നടപ്പിലാക്കാതെ ഇരുന്നിട്ടുള്ള സംഗതി ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയുള്ള ചില കേസ്സുകൾ ഗവണ്മെന്റിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. കരുണാകരൻ: അങ്ങനെയുള്ള കേസ്സുകളിൽ ഗവണ്മെന്റ നടപടി നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചില കേസ്സുകളിൽ നടപടി നടത്തിയിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ഇൻഡസ്ട്രീയൽ ഡിസ്പ്യൂട്ട്സ് സെററിൽ ചെയ്യുന്നതിന കൺസിലിയേഷൻ ആഫീസറന്മാരുടെ കറവു മൂലം അവ തീരുമാനിക്കുന്നതിന വളരെ കാലതാമസം നേരിടുന്നുണ്ടെന്നുള്ള സംഗതി ഗവണ്മെന്റിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അക്കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ വന്നിട്ടില്ല.

Payment for Works.

*371 [5] **Shri T. S. Ramaswami:** Will the Minister for Works and Transport be pleased to state:

(*a*) whether complaints were received from South Travancore regarding the sanctioning of bills without carrying out the requisite work of maintenance and other works in the Public Works Department;

(*b*) if so, from which place;

(*c*) was any enquiry made;

(*d*) what was the result of the enquinry; and

(*e*) what action was taken on the deliquents, if any?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) Yes;

(*b*) Thovala and Aramboly.

(*c*) Yes;

(*d*) The allegations were found to be baseless;

(*e*) Does not arise in view of answer to (*d*).

Shri T. S. Ramaswami: Who made the enquiries;

Shri Kalathil Velayudhan Nair: The Executive Engineer, Nagercoil.

Shri T. S. Ramaswami: This is a matter which was personally enquired into by the questioner. So, may I know whether the Government are prepared to make another enquiry into this matter?

Shri Kalathil Velayudhan Nair : Certainly, Sir, if the Member is prepared to give relevant information.

Shri T. S. Ramaswami: May I know whether the Minister for Works is aware of an offer of a personal report about this matter to the hon. Minister?

Shri Kalathil Velayudhan Nair: Yes, Sir. The Minister is aware.

ട്രാൻസ്പോർട്ട് ജീവനക്കാർ.

* ൩൭൦. [൧] ശ്രീ. വി. ശ്രീധരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സമയം മറുപടി നൽകുമോ:

(എ) ട്രാൻസ്പോർട്ട് ജീവനക്കാരെ പെൻഷനബിൾ ആക്കുന്ന പദ്ധതി നടപ്പിൽ വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

Minister for Works and Transport (**Shri Kalathil Velayudhan Nair) :** The question was already answered during this Session of the Assembly. If necessary, I shall repeat the answer.

Mr. Speaker : Yes, if the hon. Member wants it. I remember the answer. (*Laughter*)

Shri V. Sridharan : I do not want the answer.

സൗജന്യറേഷൻ.

* ൩൭൯. [൮] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സമയം മറുപടി നൽകുമോ:

കയർ, കൈത്തറിനെയ്ത്ത് എന്നീ വ്യവസായസ്തംഭനംമൂലം തൊഴിലില്ലാതായി തീർന്നിട്ടുള്ള തൊഴിലാളികൾക്ക് ഒരു താൽക്കാലികാശ്വാസ

നടപടി എന്നവണ്ണം സൗജന്യറേഷൻ അനുവദിക്കുവാൻ ഗവണ്മെൻറ സന്നദ്ധമാകുമോ ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ :) സൗജന്യറേഷൻ അനുവദിക്കാനുദ്ദേശിക്കുന്നില്ല. എന്നാൽ ഒരു താൽക്കാലിക ആശ്വാസനടപടി എന്നവണ്ണം അമ്പലപ്പുഴ, ചേർത്തല, ചിറയിൻകീഴ്, കൊല്ലം, കരുനാഗപ്പള്ളി, വൈക്കം, പറവൂർ മുതലായ സ്ഥലങ്ങളിൽ പാവപ്പെട്ട സ്കൂൾകുട്ടികൾക്ക് സൗജന്യമായി ഉച്ചഭക്ഷണം കൊടുക്കുന്നുണ്ട്.

ശ്രീ. വി. ശ്രീധരൻ : കയർ, കൈത്തറിനെയ്ത്ത് എന്നീ വ്യവസായസ്തംഭനംമൂലം എത്ര തൊഴിലാളികൾക്കു തൊഴിലില്ലാതായിട്ടുണ്ടെന്നുള്ളതിനു വല്ല കണക്കും ഉണ്ടോ ?

ശ്രീ. ഏ. ജെ. ജാൺ : കൃത്യമായ കണക്കെടുത്തിട്ടില്ല.

ശ്രീ. വി. ശ്രീധരൻ : സൗജന്യറേഷൻ ഈ തൊഴിലാളികൾക്കു കൊടുക്കണമെന്നു വല്ല യൂണിയനുകളും ആവശ്യപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഏ. ജെ. ജാൺ : ചില യൂണിയനുകൾ ഇതുകുറിച്ചു നിവേദനം നടത്തിയിട്ടുണ്ട്. അതു് സാദ്ധ്യമല്ല എന്നവരെ അറിയിച്ചിട്ടുമുണ്ട്.

ശ്രീ. വി. ശ്രീധരൻ : സൗജന്യമായി. അൻപതുശതമാനം ഇളവു ചെയ്തു കൊടുക്കുന്നതിനെന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ ?

ശ്രീ. ഏ. ജെ. ജാൺ : അതും നടപ്പുള്ള സംഗതിയല്ല.

ബഹുമുഖവില്പനനികുതി.

* നം. ൧൪. [൩] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തിലെ പ്രധാനപ്പെട്ട കാർഷികോല്പന്നമായ കുരുമുളകിൻെറ മേൽ ഇപ്പോൾ ഗവണ്മെൻറ ചുമത്തിയിരിക്കുന്ന ബഹുമുഖവില്പനനികുതി കാരണം കുരുമുളകിൻെറ വില ഗണ്യമായ തോതിൽ ഇടിഞ്ഞിട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ബഹുമുഖവില്പനനികുതി സമ്പ്രദായം പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു ഗവണ്മെൻറിലേയ്ക്കു വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഗവണ്മെൻറ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) കുരുമുളകിൻെറ വില വില്പനനികുതി മൂലം കുറഞ്ഞിട്ടുള്ളതായി ഗവണ്മെൻറിനറിവില്ല.

(ബി) ഈ ബഹുമുഖവിൽപ്പനനികുതി സമ്പ്രദായം പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു ഗവണ്മെൻറിലേക്കു നിവേദനങ്ങൾ ലഭിക്കയുണ്ടായി.

(സി) നിലവിലിരിക്കുന്ന സമ്പ്രദായമനുസരിച്ചു ഈ ടാക്സ് വളരെ അധികം വിഷമങ്ങൾക്കിടയുണ്ടെന്നു കണ്ടിട്ടാണു ചില ഭേദഗതികൾ വരുത്തിയതു്. നിവേദനങ്ങൾ കിട്ടിയപ്പോൾതന്നെ നിവേദകന്മാരുമായി ആലോചന നടത്തുകയും വിഷമങ്ങൾ ഇല്ലാതാക്കുന്നതിനു തക്കതായ മാറ്റങ്ങൾ നിർദ്ദേശിക്കുന്നതിനു അവർക്കു സാധിക്കാതെ വരികയും ചെയ്തു. അതുകൊണ്ടു് ഈ വിൽപ്പനനികുതി അഡ്മിനിസ്റ്റർ ചെയ്യുന്ന കാര്യത്തിൽ നികുതിദായകന്മാർക്കും മററു ജനങ്ങൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്താണെന്നന്വേഷിക്കുവാനും ആ ബുദ്ധിമുട്ടുകൾക്കു ഒരു പരിഹാരം നിർദ്ദേശിക്കാനും ഒരു കമ്മിററിയെ ഗവണ്മെൻറ് നിയമിച്ചിട്ടുണ്ടു്. അടുത്തുതന്നെ ആ കമ്മിററിയുടെ റിപ്പോർട്ടു കിട്ടും. അപ്പോൾ ഈ ബുദ്ധിമുട്ടുകൾ തീർക്കാൻ സാധിക്കുമെന്നാണു ഗവണ്മെൻറിൻെറ പ്രതീക്ഷ.

(ഡി) സി-യുടെ ഉത്തരംമൂലം ഡി-ക്കു് ഉത്തരം ആവശ്യമില്ല.

ശ്രീ. വി. ശ്രീധരൻ: ബഹുമുഖവിൽപ്പനനികുതിമൂലം കുരുമുളകിൻെറ വില വളരെ അധികം ഇടിഞ്ഞുപോയിട്ടുണ്ടെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല.

തൊഴിലാളികൾക്കു് റേഷൻ കാർഡു്.

* നം. ൧൫. [൨൦] ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ലേബർവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തോട്ടം തൊഴിലാളികൾക്കു മററുള്ളവരെപ്പോലെ റേഷൻ കാർഡുനൽകണമെന്നാവശ്യപ്പെട്ടു വല്ല നിവേദനവും സർക്കാരിനു കിട്ടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): അങ്ങിനെ നിവേദനങ്ങൾ ഒന്നും കിട്ടിയിട്ടില്ല.

ശ്രീ. പ്രാക്കുളം ഭാസി: അങ്ങിനെ നിവേദനങ്ങൾ കിട്ടിയാൽ അതിനു വല്ല നടപടിയും നടത്താൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കിട്ടുമ്പോൾ നോക്കാം.

ശ്രീ. കെ. കരുണാകരൻ: തോട്ടം തൊഴിലാളികൾക്കു റേഷൻ വിതരണം ചെയ്യുന്നതിനു വല്ല സംഘടനകളുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ റേഷൻ വിതരണം നടത്തുന്നതു അസോഷിയേററഡ് പ്ലാൻറേഷൻസു മുഖാന്തിരമാണു്.

ശ്രീ. കെ. കരുണാകരൻ : സാധാരണതൊഴിലാളികൾക്ക കൊടുക്കുന്ന റേഷൻ തോട്ടം തൊഴിലാളികൾക്ക കൊടുക്കുന്നില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ബോദ്ധ്യപ്പെട്ടിട്ടില്ല.

ശ്രീ. കെ. കരുണാകരൻ : സാധാരണ തൊഴിലാളികൾക്ക ന്നു ഔൺസ് റേഷൻ കിട്ടിക്കൊണ്ടിരിക്കുമ്പോൾ തോട്ടംതൊഴിലാളികൾക്ക അതിൽ കുറവായിട്ടാണ കൊടുക്കുന്നതെന്നു പറഞ്ഞാൽ അതു വിശ്വസിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് വിശ്വസിക്കാം. എന്തുകൊണ്ടെന്നാൽ ഒരു ബഹുമാനപ്പെട്ട മെംബറാണല്ലോ ഇതു പറഞ്ഞതു എന്നുള്ളതുകൊണ്ടാണ്.

ശ്രീ. കെ. കരുണാകരൻ : ഈ വിഷമം പരിഹരിക്കുന്നതിനു ഗവണ്മെൻറ വല്ല നടപടിയും സ്വീകരിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സ്വീകരിക്കാം.

ശ്രീ. സി. അച്യുതമേനോൻ : ഈ അസോഷിയേററഡ് പ്ലാൻറേഴ്സാണോ എല്ലാ തോട്ടം തൊഴിലാളികൾക്കും റേഷൻ വിതരണം ചെയ്യുന്നതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേ. അൻപതേക്കറും അതിൽ കൂടുതലുമുള്ള തോട്ടങ്ങളിൽ പ്ലാൻറേഷൻസു മുഖാന്തിരമാണ വിതരണം ചെയ്യുന്നതു്.

ശ്രീ. സി. അച്യുതമേനോൻ : അപ്പോൾ അൻപതേക്കറിൽ കുറവുള്ള തോട്ടങ്ങളിൽ തൊഴിലാളികൾക്ക റേഷൻ കൊടുക്കുന്ന ഏർപ്പാടില്ലെന്നാണോ മനസ്സിലാക്കേണ്ടതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവക്ക് സാധാരണ റേഷൻകാർഡിൻെറ വ്യവസ്ഥ അനുസരിച്ചുകിട്ടും.

ശ്രീ. സി. അച്യുതമേനോൻ : അതിനു സൗകര്യമായി റേഷൻ ഷാപ്പുകൾ ഇല്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റേഷൻ ഷാപ്പുകൾ ഇല്ലാതെ വരികയില്ല.

ശ്രീ. സി. അച്യുതമേനോൻ : അസോഷിയേററഡ് പ്ലാൻറേഷൻമുഖാന്തിരം വിതരണംനടത്തുന്ന സ്ഥലങ്ങളിൽ അല്ലാതെ മററ സ്ഥലങ്ങളിൽ റേഷൻ ഷാപ്പുകൾ ഇല്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെയുള്ള സ്ഥലങ്ങൾ ഉണ്ടെങ്കിൽ തീർച്ചയായും അതേപ്പററി ആലോചിക്കുന്നതാണ്.

ശ്രീ. ഗണപതി : തോട്ടങ്ങളിൽ തൊഴിലാളികൾക്ക് നാലര ഔൺസ് റേഷൻ മാത്രമേ കൊടുക്കുന്നുള്ളു എന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ധരിച്ചിട്ടില്ല.

ശ്രീ. ഗണപതി: മദ്രാസിൽ എന്തു ഔൺസ് വീതം കൊടുക്കുന്നതായറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ മദ്രാസിൽ റേഷൻ കൊടുക്കുന്നില്ലെന്നാണു അറിവ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അസോഷിയേറ്റഡ് പ്ലാന്റേഷൻസ് വിതരണം ചെയ്യുന്ന അരിയും കുറവായിട്ടാണോ കൊടുക്കുന്നത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ ഡിറ്റെയിൽസ് ഇപ്പോൾ അറിയാൻ സാധിക്കുകയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അങ്ങിനെ കുറവായിട്ടാണു കൊടുക്കുന്നതെന്നു പരാതി ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പരാതി ലഭിച്ചിട്ടുള്ളതായി ഓർക്കുന്നില്ല. അങ്ങിനെ വല്ലതുമുണ്ടെങ്കിൽ ഞാൻ അതിനെക്കുറിച്ചന്വേഷിക്കാം.

ஸ்ரீ. எஸ். ஜி. தேவியப்பன்: ஜனங்களின் கணக்கனுசரித்தா கொடுக்கிறது?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവിടത്തെ സ്റ്റേറ്റു അനുസരിച്ചുള്ള കണക്കു പ്രകാരമാണു കൊടുക്കുന്നതു്.

ஸ்ரீ. எஸ். ஜி. தேவியப்பன்: ரேஷன் கொடுக்கப்படுவது ஜனத்தொகை அனுசரித்தா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവിടെയുള്ള ജനങ്ങളുടെ കണക്കനുസരിച്ച്.

Industrial concerns closed down in the State.

* 376. [11] **Shri A. Kunjan Nadar:** Will the Minister for Industries be pleased to state: the number of industrial and other business concerns closed down in the State in the years 1950, 1951 and 1952 respectively:

(i) due to labour strikes; and

(ii) due to other causes.

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

(i) No. factory was closed down permanently due to labour strike. That is my information.

(ii) Particulars of factories closed down due to other reasons are as below:

1950 - 27
1951 - 39
1952 - 25

ശ്രീ. എ. കുഞ്ഞൻ നാടാർ: പ്രധാനമായിട്ടുള്ള കാരണങ്ങൾ എന്തെല്ലാമാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രധാനമായിട്ട് അവരോടന്വേഷിച്ചതിൽ ചില ദിക്കുകളിൽ ഒന്നുരണ്ടു സ്ഥലത്തു തൊഴിലാളികളുടെ ഉപദ്രവംമൂലം പൂട്ടിയിട്ടുതായി അറിഞ്ഞിട്ടുണ്ട്. വേറെ സ്ഥലങ്ങളിൽ വർക്കിംഗ് ക്യാപ്പിറ്റൽ ഇല്ലാത്തതുകൊണ്ടാണു പൂട്ടിയിട്ടിരിക്കുന്നതു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: അതു് പുനരുദ്ധരിക്കുന്നതിനു വല്ല മാർഗ്ഗങ്ങളും ആലോചിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പറ്റിയാണു ബഡ്ജററ സ്പീച്ചിൽ പറഞ്ഞിട്ടുള്ളതു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: വർക്കിംഗ് ക്യാപ്പിറ്റൽ ഇല്ലാതെ വരുന്നതിനു കാരണങ്ങൾ എന്താണെന്നു അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അന്വേഷണങ്ങൾ നടത്തിയതിൽ വ്യവസായനടത്തിപ്പിനു പണമില്ല എന്നുള്ളതാണു കാരണം.

ശ്രീ. കെ. കരുണാകരൻ: പല സ്ഥലങ്ങളിലും മിസ് മാനേജ്മെൻറുള്ളതായി അറിവുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പണമില്ലാത്തതുതന്നെ മിസ്സ്മാനേജ്മെൻറിന്റെ ലക്ഷണമല്ലേ?

ശ്രീ. കെ. കരുണാകരൻ: അങ്ങനെയുള്ള വ്യവസായങ്ങൾ ഗവണ്മെൻറിനു ഏറ്റെടുക്കരുതോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. കെ. കരുണാകരൻ: അങ്ങിനെ ചെയ്യുന്നതിനു ഗവണ്മെൻറു ശ്രമിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു ശ്രമിക്കാം.

ശ്രീ. കെ. കരുണാകരൻ: ഇങ്ങനെ അടച്ചുപൂട്ടിയിട്ടുന്നതു പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുന്നതാണോ?

Mr. Speaker: That question is disallowed. When a frivolous question is put I will naturally pass on to the next question.

ശ്രീ. ടി. വി. താമസ്: ആരെങ്കിലും അങ്ങനെ frivolous ക്വസ്റ്റ്യൻസ് ചോദിക്കാതിരിക്കുമ്പോൾ മററുള്ളവർ ക്വസ്റ്റ്യൻസ് ചോദിക്കുന്നതിനെ അനുവദിക്കാതിരിക്കുന്നതു ശരിയാണോ?

Mr. Speaker: When I feel that all reasonable questions are exhausted by the member concerned, I will call the next question.

തഴപ്പാവ്യവസായം.

*൩൭൭. [൧൩] ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്ക്രൂപൈൻ വ്യവസായം (തഴപ്പാവ്യവസായം) പുനരുദ്ധരിക്കുവാൻ ഗവണ്മെന്റിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ എന്ത്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): തഴപ്പാവ്യവസായം പുനരുദ്ധരിക്കുന്നതിനു സഹകരണ സംഘാടിസ്ഥാനത്തിൽ പായ നെയ്ത്തു നടത്തിക്കുന്നതിനു തിരുവനന്തപുരത്തും തൃശ്ശൂരുമുള്ള കുടിൽവ്യവസായ സഹകരണസംഘങ്ങൾക്കു ധനസഹായം ചെയ്യുന്നുണ്ട്. പായ് വില്പന ത്വരിതപ്പെടുത്തുന്നതിനു ഒരു പദ്ധതി ഗവണ്മെന്റു അനുവദിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ: ശ്രീ. പി. ജെ. താമസ് പ്രസിഡന്റായിട്ടുള്ള കുടിൽവ്യവസായക്കമ്മറ്റി അഭ്യന്തരമായി ഈ വ്യവസായത്തെ വികസിപ്പിക്കുന്നതിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: രണ്ടു സെൻട്രൽ കോഓപ്പറേറ്റീവ് സൊസൈററീസ് ഉണ്ട്. ഒന്നു തിരുവനന്തപുരത്തും മറെറാന്നു തൃശ്ശൂരും. അവയിൽ തഴപ്പാ വ്യവസായോൽപ്പന്നങ്ങളെ രാജ്യത്തിനകത്തും പുറത്തും കച്ചവടം ചെയ്യുന്നതിനു വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. അതിനും പുറമെ തഴപ്പാവ്യവസായത്തിനു കരുനാഗപ്പള്ളി താലൂക്ക ഒരു യൂണിററായി സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനും വേണ്ട നടപടി എടുത്തിട്ടുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: കേന്ദ്ര സഹകരണസംഘങ്ങൾക്കു ധനസഹായം ചെയ്തതു എത്രയാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിപ്പോൾ ഓർമ്മയില്ല, അതിനു ആവശ്യമായ സംഖ്യ സഹായം ചെയ്തിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: അതെപ്പോഴാണു സഹായം ചെയ്തതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു മാസമായി.

ശ്രീ. ആർ. കേശവപിള്ള: ഈ പായ്ക്കു തിരുവിതാംകൂർ-കൊച്ചിക്കു വെളിയിൽ ചെലവുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചെലവുണ്ട്.

Factories Act.

*378. [14] Shri O. C. Ninan: Will the Minister for Finance and Civil Supplies be pleased to state:

(a) is there any factory with more than 500 employees which has not appointed a Welfare Officer; and

(*b*) will the Government take steps for implementing the provisions of the Factories Act in respect of this matter ?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**) :

(*a*) Yes. There are 17 factories having more than 500 employees without any Welfare Officer.

(*b*) Yes. And it is on account of Government's drive in the matter that the number has been reduced to 17.

ശ്രീ. ഒ. സി. നൈനാൻ: ഈ ഫാക്ടറി ആക്ട് നടപ്പിലാക്കിയിട്ടു എത്ര കാലമായി എന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കുറച്ചുകാലമായി.

ശ്രീ. ഒ. സി. നൈനാൻ: ഇത്ര താമസിച്ചതെന്തുകൊണ്ടാണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതേസംബന്ധിച്ചു ഗവണ്മെന്റിനു ചെയ്യാൻ സാധിക്കുന്നതു ഈ ആക്ട് ഇംപ്ലിമെന്റു ചെയ്യാത്താരെ പ്രാസിക്യൂട്ടു ചെയ്യുക എന്നുള്ളതാണ്. അതിന്റെ ഫലമായിട്ടു ഇപ്പോൾ ഫാക്ടറികൾ കുറഞ്ഞുവരികയാണ്. ഫാക്ടറി ആക്ടിലെ നിബന്ധനയനുസരിച്ചു ഫാക്ടറികൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. എന്നാൽ അങ്ങനെയുള്ള മാനേജുമെന്റുകൾക്കു വെൽഫെയർ ആഫീസറന്മാരെ നിയമിക്കുന്നതിനുള്ള സാമ്പത്തിക കഴിവില്ലാതെ വന്നിരിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: അംഗങ്ങൾ എത്ര വേണമെന്നു ഫാക്ടറി ആക്ടിൽ വ്യവസ്ഥയില്ല എന്നുള്ളതറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെയുണ്ടെന്നോ ഇല്ലെന്നോ ഞാൻ പറഞ്ഞില്ല.

ശ്രീ. ടി. കെ. ദിവാകരൻ: എത്ര അംഗങ്ങൾ ഉണ്ടായിരിക്കണമെന്നു വ്യവസ്ഥ ഇല്ലെന്നാണു പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ വ്യവസ്ഥ ഇല്ലെങ്കിൽതന്നെ യഥാർത്ഥമായ ഫാക്ടറികൾ എല്ലാം വെൽഫെയർ ആഫീസറന്മാരെ നിയമിച്ചിട്ടില്ലായിരിക്കാം.

ശ്രീ. കെ. കരുണാകരൻ: ഈ വെൽഫെയർ ആഫീസറന്മാരെ നിയമിക്കുന്നതു് കമ്പനി മാനേജുമെന്റാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേ.

ശ്രീ. കെ. കരുണാകരൻ: അവരുടെ നിർദ്ദേശങ്ങൾ മാനേജുമെന്റുകൾ വകവയ്ക്കുന്നില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഗവണ്മെന്റിനറിവില്ല. അങ്ങിനെ പ്രത്യേകമായ കേസുകൾ ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ല.

ശ്രീ. സി. അച്യുതമേനോൻ: ഗവണ്മെൻറുവക ഫാക്ടറികളിൽ വെൽഫെയർ ആഫീസറന്മാരെ നിയമിക്കാതെയുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉള്ളതായി അറിവില്ല.

ശ്രീ സി. അച്യുതമേനോൻ: ചവറ മിനറൽകമ്പനിയിലും സെറാമിക്ക് ഫാക്ടറിയിലും നിയമിച്ചിട്ടില്ലെന്നറിയാമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓർമ്മയില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: അഞ്ഞൂറു അംഗങ്ങളിൽ കൂടുതലുള്ള ഫാക്ടറികളിൽ വെൽഫെയർ ആഫീസറന്മാരെ നിയമിപ്പിക്കുന്നതിന് ഗവണ്മെൻറ് എന്തു നടപടികൾ എടുത്തിട്ടുണ്ട്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറ് അതിലേക്കാവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

Thommenkuthu Scheme.

* 379 [15] **Shri M. V. Cheriyan:** Will the Minister for Works and Transport be pleased to state:

(*a*) whether there is any investigation going on in the proposed Thommenkuthu Scheme in Thodupuzha; and

(*b*) has it reached a stage so as to explain its prospects in this house ?

Minister for Works and Transport **(Shri Kalathil Velayudhan Nair):** (*a*) Yes;

(*b*) Not yet.

ശ്രീ. എം. വി. ചെറിയാൻ: ഇപ്പോഴും അന്വേഷണം നടത്തിക്കൊണ്ടിരിക്കയാണോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതേ.

ശ്രീ. എം. വി. ചെറിയാൻ: ആരാണ് അന്വേഷണം നടത്തുന്നത്.

ശ്രീ. കളത്തിൽ വേലായുധൻനായർ: നാർത്തേൺസർക്കിളിലാണ് അന്വേഷണം നടത്തുന്നത്?

ശ്രീ. എം. വി. ചെറിയാൻ: അത് ഏതു ഘട്ടത്തിലിരിക്കുന്നു?

ശ്രീ. കളത്തിൽ വേലായുധൻനായർ: അത് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. വി. ചെറിയാൻ: അതിൻെറ റിപ്പോർട്ട് സബ്മിററു ചെയ്തിട്ടുണ്ടോ ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ആദ്യത്തെ റിപ്പോർട്ട് കിട്ടി. രണ്ടാമത്തെ റിപ്പോർട്ട് കിട്ടിയില്ല.

വ്യവസായസ്ഥാപനങ്ങൾക്കു ലോൺ

*൯൩൦ [൮൬] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഈ മസ്റ്ററിൽനിന്ന് ഇൻഡസ്ട്രിയൽ ഫിനാൻസ് കോർപ്പറേഷനോട് ഏതെല്ലാം വ്യവസായസ്ഥാപനങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ ലോൺ ആവശ്യപ്പെട്ടു;

(ബി) ഏതിനെല്ലാം കിട്ടി;

(സി) എന്തു തുകവീതം?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ൧. ഫർട്ടിലൈസേഴ്സ് ആൻറ കെമിക്കൽസ്, തിരുവിതാംകൂർ.

(൨) ഒഗെയിൽഗ്ലാസ് ഫാക്ടറി.

(൩) ടൈററാനിയം ഫാക്ടറി.

(ബി), (സി) ഫെർട്ടിലൈസേഴ്സ് ആൻറ കെമിക്കൽസിന് ൫൦ ലക്ഷം രൂപയും ഒഗയിൽ ഫാക്ടറിക്ക് ൬ ലക്ഷം രൂപയും അനുവദിച്ചതായി അറിയുന്നുണ്ട്.

ശ്രീ. ടി. കെ. ദിവാകരൻ: ടൈററാനിയം ഫാക്ടറിക്ക് ലോൺ അപേക്ഷിച്ചിട്ട് എന്തായി?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പത്രങ്ങളിൽ കണ്ടതല്ലാതെ അതേ സംബന്ധിച്ച് ഔദ്യോഗികമായി അറിവൊന്നുമില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഇൻഡ്യാഗവണ്മെൻറിൽനിന്നും ടാരിഫ് കമ്മീഷൻ വന്ന അന്വേഷണം നടത്തിയിട്ട് അവരുടെ റിപ്പോർട്ടിൻെറ ഫലമായി ലോൺ കൊടുക്കയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ടാരിഫ് കമ്മീഷൻ അടുത്ത കാലത്തു അതായതു് അടുത്ത ഏതാനും ദിവസങ്ങൾക്കുമുമ്പു ചില പരിശോധനകൾ നടത്തുകയും അതിനെപ്പററി ഞാനുമായി സംസാരിക്കുകയും ചെയ്തിട്ടുണ്ട്. അടുത്തുതന്നെ അവരുടെ റിപ്പോർട്ടു പ്രതീക്ഷിക്കുന്നുമുണ്ട്.

കൊല്ലം—എറണാകുളം റയിൽവെ.

*൯൩൮ [൮൭] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം—എറണാകുളം റയിൽവെ മീററർ ഗേജായിട്ടാണോ പണിയാൻ തീരുമാനിച്ചിരിക്കുന്നത്;

(ബി) ഇതിനെപ്പററി തിരുവിതാംകൂർ–കൊച്ചി ഗവണ്മെൻറ് കേന്ദ്രഗവണ്മെൻറിൻെറ അടുത്തു വല്ല നിവേദനവും നടത്തുകയുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ്;

(സി) അതിനുലഭിച്ച മറുപടി എന്തു്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ):

(എ) അതെ.
(ബി) ഉണ്ടു്. ബ്രാഡ്ഗേജാക്കേണ്ടതാണെന്നു്
(സി) മീററർഗേജാക്കണമെന്നാണു തീരുമാനിച്ചിരിക്കുന്നതെന്നു മറുപടി ലഭിച്ചു.

ശ്രീ. സി. അച്യുതമേനോൻ: അതിനുള്ള കാരണങ്ങൾ എന്താണു അവർ പറഞ്ഞതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: പല കാരണങ്ങളും പറഞ്ഞിട്ടുണ്ടു്.

The cost of construction will be less by about Rs. 2 crores. The working expenses will also be considerably less. It will not interfere so largely with the coastal traffic which at present is being carried on satisfactorily, thus causing as little unemployment there as possible. It will avoid B. G. M. G. trans-shipment at Quilon of traffic toward and from south of the Indian peninsula originating from or terminating at the port of Cochin. And, examination has established that all the traffic offiering from thisnew railway line can be adequatly carried by a metre gauge line.

ശ്രീ. സി. അച്യുതമേനോൻ: കൊല്ലത്തു ട്രാൻസ്ഷിപ്പുമെൻറ അവായിഡുചെയ്യുവാൻ ആണെന്നു പറഞ്ഞു. അപ്പോൾ എറണാകുളത്തു ട്രാൻസ്ഷിപ്പുമെൻറിൻെറ ആവശ്യം വരികയില്ലേ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൊച്ചിൻ ഹാർബറിൻെറ ആവശ്യത്തെ പരിഗണിച്ചും, തെക്കെ ഇൻഡ്യയിൽനിന്നും വന്നുചേരുന്നതിനു അതു സൗകര്യപ്രദമായിരിക്കും എന്നു കരുതിയുമാണു്. ഹാർബറിലെ ട്രാൻസ്ഷിപ്പുമെൻറാണു പ്രധാനമായി ഉദ്ദേശിക്കുന്നതു്.

ശ്രീ. സി. അച്യുതമേനോൻ: ബ്രാഡ്ഗേജിനു കൂടുതൽ എത്ര രൂപാ ചെലവാകുമെന്നാണു ഉദ്ദേശിച്ചതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: രണ്ടുകോടിരൂപായോളം വരും.

ശ്രീ. എ. താണുപിള്ള: ബ്രാഡ്ഗേജു വേണ്ടാ എന്നു തീരുമാനിച്ചതു എന്തുകാരണം കൊണ്ടാണു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു ഞാൻ പറഞ്ഞുകഴിഞ്ഞു.

ശ്രീ. എ. താണുപിള്ള: ബ്രാഡ്ഗേജു വേണ്ടാ എന്നു തീരുമാനിച്ചതു് എഴുതി അറിയിച്ചപ്പോൾ, മീററർഗേജു ആവശ്യമില്ലെന്നു വീണ്ടും എഴുതി അയച്ചോ

ശ്രീ. കളത്തിൽ വേലായുധൻ നായർ: ബ്രാഡ്ഗേജാണു സൗകര്യമെന്നു ഈ ഗവണ്മെൻറ ശുപാർശ അയച്ചിരുന്നു.

ശ്രീ. എൻ. പി. വർഗ്ഗീസ്: ഇനി വേറെ പുതിയ ലൈൻ എവിടെയെങ്കിലും തുടങ്ങാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അന്വേഷിച്ചു പറയാം.

ശ്രീ. എ. കെ. ചെല്ലയ്യാ: ചെലവു കൂടുമെന്നു വിചാരിച്ചാണോ മീററർഗേജു മതിയെന്നു നിശ്ചയിച്ചതു്?

ശ്രീ. കളത്തിൽ വേലായുധൻ നായർ: മീററർഗേജിനു് രണ്ടു കോടിയോളം രൂപാ ചെലവുകുറവുവരും. അതുമാത്രം ഉദ്ദേശിച്ചല്ല മീററർഗേജു മതിയെന്നു സമ്മതിച്ചതു്.

ശ്രീ. കൃഷ്ണമാചാരിയുടെ കയർവ്യവസായാന്വേഷണം.

* 1913 [82] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) യൂണിയൻമന്ത്രി ശ്രീ. ടി. ടി. കൃഷ്ണമാചാരി കയർവ്യവസായത്തെക്കുറിച്ചും മററും അന്വേഷിക്കാൻ സ്റ്റേററിൽ വന്നുപോയതിനു് ഈ ഗവണ്മെൻറിനു് എന്തു ചെലവായിട്ടുണ്ടു്;

(ബി) അന്വേഷണത്തിൻെറ സ്വഭാവമെന്തായിരുന്നു; ഫലമെന്തായി;

(സി) നമ്മുടെ കയർവ്യവസായസംഘങ്ങളെ സംബന്ധിച്ചും അവയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഗവണ്മെൻറ് അദ്ദേഹത്തെ വേണ്ടവണ്ണം ധരിപ്പിച്ചിട്ടുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ)

(എ) 41 രൂപാ 12 അണ.

(ബി) ഇവിടെയുള്ള വ്യവസായങ്ങളെപ്പററി പഠനം നടത്തുന്നതിനുവേണ്ടിയാണു അന്വേഷണത്തിൻെറ സ്വഭാവം എന്നു പറയുന്നു.

(സി) ഉണ്ടു്.

ശ്രീ. കെ. പി. പ്രഭാകരൻ: അദ്ദേഹം ഇവിടെ വന്നു നടത്തിയ കയർ കോൺഫ്രൻസിൽ വല്ല തീരുമാനങ്ങളും ചെയ്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇവിടെ അദ്ദേഹത്തിൻെറ സാന്നിദ്ധ്യത്തിൽ കയർ കോൺഫ്രൻസു നടത്തിയിട്ടില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: ഏതെല്ലാം വ്യവസായങ്ങളെപ്പററി അദ്ദേഹം അന്വേഷണം നടത്തിയെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെനിക്കു അറിവില്ല.

ശ്രീ. കെ. പി. പ്രഭാകരൻ: ഗവണ്മെൻറിൻെറ അറിവുകൂടാതെയാണോ അന്വേഷണം നടത്തിയതു്?

ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ചെയ്യാൻ വിരോധമില്ല.

ശ്രീ കെ. കെ. കുമാരപിള്ള: കയർവ്യവസായത്തിൻെറ കാര്യത്തെപ്പററി മാത്രം അന്വേഷിക്കാനാണോ അദ്ദേഹം ഇവിടെ വന്നിരുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും അദ്ദേഹത്തിൻെറ അന്വേഷണത്തിൽപ്പെട്ട ഒരു സംഗതിയാണു്.

ശ്രീ. കെ. കെ. കുമാരപിള്ള: കയർവ്യവസായത്തിൻെറ കാര്യത്തിനല്ല അദ്ദേഹം ഇവിടെ വന്നതെന്നു് പ്രസ്സിനോടു് പറഞ്ഞിട്ടുള്ളതായി അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അതു തെററാണു്.

സെയിൽസ്ടാക്സ്.

* ൩൨൩. [൧൯] ശ്രീ. കെ. പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിനു ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർവ്യവസായസംഘങ്ങളെ സെയിൽസ്ടാക്സിൽ നിന്നു ഒരു നിശ്ചിതകാലംവരെക്കെങ്കിലും ഒഴിവാക്കാൻ ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): കയറിനേയും കയറുൽപ്പന്നങ്ങളേയും വിൽപ്പന നികുതിയിൽ നിന്നും ൩൧–൩–൫൩ വരെ ഒഴിവാക്കിയിട്ടുണ്ടു്. കൂടുതൽ മുൻകൊല്ലങ്ങളിലെ കുടിശ്ശിക വസൂലാക്കുന്നതു തൽക്കാലത്തേക്കു നിറുത്തിവച്ചിട്ടുണ്ടു്.

ശ്രീ. കെ. പി. പ്രഭാകരൻ: ഇനി എത്ര കാലത്തേക്കുകൂടി വിൽപ്പന നികുതിയിൽ നിന്നും ഈ വക ഉൽപ്പന്നങ്ങൾ ഒഴിവാക്കാൻ നിശ്ചയിച്ചിട്ടുണ്ടു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ൧൯൫൩ ജൂലൈ അവസാനംവരെ ഒഴിവാക്കണമെന്നാണുദ്ദേശിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: തൊഴിലാളികളുടെ കൂലിയിൽ യാതൊരു കുറവും വരുത്തരുതെന്നുകൂടി നിർബന്ധിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കയറിനേയും കയറുൽപ്പന്നങ്ങളേയും വിൽപ്പന നികുതിയിൽ നിന്നും ഒഴിക്കുമ്പോൾ വേറൊരു കാര്യംകൂടി നിർബന്ധിക്കുന്നതു യുക്തമല്ല.

ശ്രീ. ടി. കെ. ദിവാകരൻ: കൂലി കുറയ്ക്കാത്തതുകൊണ്ടു് വ്യവസായികൾക്കു് ഗുണം ഉണ്ടാകുമെന്നു വിചാരമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗുണമുണ്ടാകുമെന്നുതന്നെയാണു വിചാരിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ: നിലവിലിരിക്കുന്ന കൂലിയിൽ അല്പമെങ്കിലും കുറവു ചെയ്യാൻ വല്ല വ്യവസ്ഥയും നടപ്പാക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എന്തു വ്യവസ്ഥയാണു വേണ്ടതെന്നു ഒരന്വേഷണം നടത്തിയെങ്കിലേ മനസ്സിലാകുകയുള്ളു.

ശ്രീ. സി. അച്യുതമേനോൻ: ൧൯൫൫ മാർച്ച് അവസാനം വരെ കയറുൽപ്പന്നങ്ങളെ സെയിൽസ്ടാക്സിൽ നിന്നും ഒഴിച്ചാൽ മതിയെന്നു തീരുമാനിച്ചതു് ഒരു കമ്മറ്റി മുഖാന്തിരമല്ലേ? അതോ ഗവൺമെൻറാ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിലേക്കു നിയുക്തമായിട്ടുള്ള ഒരു കമ്മറ്റിയുടെ ശുപാർശപ്രകാരമാണു് ഈ തീരുമാനമുണ്ടായതു്. വിൽപ്പന നികുതിയെപ്പറ്റി വിശദമായി അന്വേഷിച്ചു റിപ്പോർട്ടു ചെയ്യാൻ നിയമിക്കപ്പെട്ടിരിക്കുന്ന ഈ കമ്മിറ്റിയെ ൩ മാസത്തേക്കു കൂടി തുടരാൻ അനുവദിച്ചിരിക്കുകയാണു്.

ശ്രീ. സി. അച്യുതമേനോൻ: മാർച്ച് അവസാനംവരെ മതിയെന്നുവയ്ക്കാൻ വല്ല പ്രത്യേകകാരണവുമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഒരു താൽക്കാലികാശ്വാസത്തിനുവേണ്ടിയാണു ഇപ്രകാരം നിശ്ചയിച്ചിട്ടുള്ളതു്.

Motor Vehicles Rules.

✻ 384 [20] **Shri O. C. Ninan:** Will the Minister for Works and Transport be pleased to state:

(*a*) is there any qualification prescribed for motor drivers in the State Transport;

(*b*) is drinking habit a disqualification for the post;

(*c*) is there any agency for checking whether the drivers drive the vehicles after being drunk;

(*d*) how many cases of misbehaviour have been reported due to drinking;

(*e*) will the Government direct some C. I. D. to find out and purge people with drinking habits from the posts of drivers; and

(*f*) how many cases of accidents have been reported as due to the drunkenness of the drivers?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) Yes.

(*b*) Not as such.

(*c*) Yes.

(*d*) Three cases.

(*e*) Such a direction is not really necessary, in view of the statutory provision in the Motor Vehicles Act and Rules preventing the drivers from such indulgence.

(*f*) Nil.

Shri O. C. Ninan: With reference to part (a) of the question, may I know the qualifications that are fixed?

Shri Kalathil Velayudhan Nair: In the G. P. T. 2-7626/49- P. W. C. dated 9-1950 the following qualifications are prescribed:

1. Literacy in Malayalam.
2. Seven years' experience in driving public vehicles without any serious blemish in record.
3. Knowledge of motor mechanism.

The upper age limit for candidates will be 35 years.

Shri O. C. Ninan: May I know whether any change has been made in the rules?

Shri Kalathil Velayudhan Nair: No change appears to have been made after this.

ശ്രീ. എ. കെ. ചെല്ലപ്പാ: ഉത്തരം (ഡി) യിൽ മൂന്നു കേസുകൾ എന്നു പറയുന്നു. ഈ കേസിൽ ഉൾപ്പെട്ടിട്ടുള്ളവർ ഏതു സ്ഥലത്തുള്ളവരാണെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അതു പ്രത്യേകം ഒരു ചോദ്യമായി ചോദിച്ചാൽ പറയാം.

ശ്രീ. എ. കെ. ചെല്ലപ്പാ: പ്രോഹിബിഷൻ ഏരിയായിൽ കള്ളും ചാരായവും ധാരാളമായിട്ടു കിട്ടുന്നു എന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അറിയാൻ പാടില്ല.

ശ്രീ. എ. കെ. ചെല്ലപ്പാ: ചെക്കിംഗ് ഇൻസ്പെക്ടറന്മാർ ചെക്കു ചെയ്യാൻപോകുമ്പോൾ മദ്യം ഉപയോഗിച്ചുകൊണ്ടാണോ പോകുന്നതെന്നറിയാൻ വല്ല വ്യവസ്ഥയും ചെയ്യുന്നുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അവർ കുടിച്ചുകൊണ്ടു പോയാൽ അതുംകൂടി ചെക്കുചെയ്യാൻ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

സി. ഐ. ഡി. ഷോർട്ടുഹാൻഡ് റിപ്പോർട്ടറന്മാർ.

✻ ൩൮൭. [൨൧] ശ്രീ. സി. അച്ചുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് അഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ വിഭാഗത്തിൽ സി. ഐ. ഡി. ഷോർട്ട് ഹാൻഡ് റിപ്പോർട്ടറന്മാർ എത്രയുണ്ടു്:

(ബി) അവയിൽ എത്ര ഗ്രേഡുണ്ടു്; ഓരോ ഗ്രേഡിന്റെയും ശമ്പള സ്കെയിൽ എന്തു്; ഓരോ ഗ്രേഡിലും എത്ര പേർവീതം ഉണ്ടു്;

(സി) ഹെഡാഫീസിനോടു ബന്ധപ്പെട്ട് ഒരു പ്രത്യേകവിഭാഗം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എത്രപേർ; അവരുടെ ജോലി എന്തു്?

അഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വറഗീസ്): (എ) ൯ പേർ.

(ബി) ൨ ഗ്രേഡ്. ഒന്നാമത്തെ ഗ്രേഡിന് ൪൫-൫-൭൨൦. രണ്ടാമത്തേതു് ൪൫-൫-൭൦൦ രൂപ. ഒന്നാം ഗ്രേഡിൽ ൨ പേർ. രണ്ടാം ഗ്രേഡിൽ ൭ പേർ.

(സി) ഇല്ല.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: ആകെ എത്രപേർ ഉണ്ടെന്നു പറയാമോ?

ശ്രീ. ടി. എം. വർഗീസ്: ആകെ ൯ പേരാണുള്ളതു്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: കൊച്ചിയിൽ എത്ര റിപ്പോർട്ടർമാർ ഉണ്ടു്?

ശ്രീ. ടി. എം. വർഗീസ്: കൊച്ചിയിൽ ൩൦-൧൫ രൂപ സ്കെയിലിൽ ഒരാളുണ്ടു്.

ശ്രീ. കെ. പി. പ്രഭാകരൻ: ഇവരുടെ മിനിമം പരീക്ഷായോഗ്യതയെന്താണു്?

ശ്രീ. ടി. എം. വർഗ്ഗീസ്: ഷാർട്ടുഹാൻഡ് പരീക്ഷ പാസ്സായിരിക്കേണ്ടതാണു്.

ശ്രീ. കെ. പി. പ്രഭാകരൻ: അതിനുംപുറമെ സ്കൂൾഫൈനൽ പരീക്ഷായോഗ്യതയുംകൂടി വേണമെന്നു നിർബന്ധമില്ലേ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെ നിർബന്ധമുള്ളതായിട്ടു തോന്നുന്നില്ല.

ശ്രീ. പി. രവീന്ദ്രൻ: ഷാർട്ടുഹാൻഡ് റിപ്പോർട്ടറന്മാരുടെ ശമ്പളത്തെ സംബന്ധിച്ചു് പേ കമ്മീഷന്റെ ശുപാർശ വല്ലതും ഉണ്ടായിരുന്നോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെ ഉള്ളതായി അറിവില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: മുൻപറഞ്ഞ ഷാർട്ടുഹാൻഡ് റിപ്പോർട്ടറന്മാരാണോ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും ഉണ്ടാകുന്ന മീററിംഗുകളിൽ അററൻഡ് ചെയ്യുന്നതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും ഇവർ പോയി ജോലി ചെയ്യുന്നുണ്ട്. ചില സമയത്തു് ഷാർട്ട് ഹാൻഡ് യോഗ്യതയും പരിശീലനവുമുള്ള ചില കാൺസ്റ്റബിൾമാരേയും ഹെഡ് കാൺസ്റ്റബിൾമാരേയുംകൂടി മീററിംഗുകളിൽ അറൻഡുചെയ്യാൻ നിയോഗിക്കുന്നുണ്ട്.

ശ്രീ. എൻ. രാജഗോപാലൻനായർ: നമ്മുടെ സംസ്ഥാനത്തിന്റെ നാനാഭാഗങ്ങളിലും നിയമലംഘനമായും മററും പ്രസംഗങ്ങൾ നടക്കുന്നതിനെ ശരിയായ വിധത്തിൽ റിപ്പോർട്ടുചെയ്യുകയല്ലേ അവരുടെ ജോലി.

ശ്രീ. ടി. എം. വർഗ്ഗീസ്: പ്രസംഗങ്ങളുടെ ശരിയായ റിപ്പോർട്ടെടുക്കുകയാണു് ഇവരുടെ ജോലി.

ശ്രീ. എൻ. രാജഗോപാലൻ നായർ: അങ്ങനെയാണെങ്കിൽ ഈ അസംബ്ളി നടക്കുന്ന അവസരത്തിൽ സംസ്ഥാനത്തു മറെറങ്ങും ഈ റിപ്പോർട്ടറന്മാക്കു് ജോലിയില്ലെന്നാണോ പറയുന്നതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: ഈ സമയത്തു മറെറവിടെയെങ്കിലും മീററിംഗുകൾ ഉണ്ടാകുകയാണെങ്കിൽ അവിടങ്ങളിലേയ്ക്കു് പോകുന്നതിലേയ്ക്കുവേണ്ടി ഈ ജോലിയിൽ പരിശീലനം ഉള്ള കാൺസ്റ്റബിളന്മാരേയും ഹെഡ്കാൺസ്റ്റബിളന്മാരേയും നിയോഗിക്കാറുണ്ട്.

ശ്രീ. എൻ. രാജഗോപാലൻനായർ: ഷാർട്ടുഹാൻഡ് റിപ്പോർട്ടറന്മാരെല്ലാവരും അസംബ്ളിയിലെ വിസിറേറഴ്സിന്റെ കൂട്ടത്തിൽ ഇരിക്കുകയല്ലേ ചെയ്യുന്നതു്?

ശ്രീ. ടി. എം. വർഗ്ഗീസ്: വിസിറേറഴ്സിന്റെ കൂട്ടത്തിലുള്ളതായി അറിവില്ല.

അരി റേഷൻ.

*നമ്പ്ര. [ച.ന.] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ൧൨ ഔൺസുവീതം റേഷൻ നൽകുന്നതിനു് ഈ വർഷത്തിലേയ്ക്കു് എത്ര ടൺ അരി ആവശ്യമുണ്ട്;

(ബി) അതിൽ ഇൻഡ്യാഗവൺമെൻറിൽനിന്നും ക്വോട്ടാപ്രകാരം എത്ര ടൺ കിട്ടുമെന്നു പ്രതീക്ഷിക്കുന്നു;

(സി) കേന്ദ്രത്തിൽനിന്നു കിട്ടുന്ന അരിക്കു് മന്നിനു് എന്തു വില വരും;

(ഡി) ഇവിടെനിന്നു എത്ര ടൺ സംഭരിക്കാമെന്നു പ്രതീക്ഷിക്കുന്നു;

(ഇ) നാട്ടിൽനിന്നു സംഭരിക്കുന്ന അരിക്കു് മന്നിനെന്തു വിലവരും;

(എഫ്) ഈ വർഷത്തിൽ എത്ര ഔൺസു് റേഷൻവീതം നൽകാമെന്നാണു് പ്രതീക്ഷിക്കപ്പെടുന്നതു്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ :

(എ) ൧൨ ഔൺസ് റേഷൻ മുഴുവനും അരിയായിട്ടു നൽകണമെങ്കിൽ ഈ വർഷത്തിലേയ്ക്കു ൩൬൫൦൦൦ ടൺ അരി വേണം.

(ബി) ഇൻഡ്യാഗവർമ്മെൻറിൽനിന്നും ൩ ലക്ഷം ടൺ അരിയും ആവശ്യമുള്ള ഗോതമ്പും കിട്ടും. ഇതാണു് കേന്ദ്രത്തിൽനിന്നും കിട്ടുന്ന അരിയും ഗോതമ്പും.

(സി) ഇൻഡ്യയ്ക്കു പുറമെനിന്നും കിട്ടുന്ന അരിക്കു് മന്നിനു് ൩൦ മുതൽ ൩൩ രൂപവരെയും ഇൻഡ്യയ്ക്കകത്തുനിന്നും കിട്ടുന്ന അരിക്കു മന്നിനു് ൧൪ രൂപ ൬ അണ മുതൽ ൨൩ രൂപ ൯ അണ ൨ പൈസ വരെയും വില വരുന്നുണ്ടു്.

(ഡി) ഇവിടെനിന്നും ൪൦൦൦൦ ടൺ അരിവരെ സംഭരിക്കാമെന്നു പ്രതീക്ഷിക്കുന്നു.

(ഇ) നാട്ടിൽനിന്നും സംഭരിക്കുന്ന അരിക്കു് മന്നിനു് ഏകദേശം ൧൭ രൂപവരെ വിലവരും.

(എഫ്) ൧൨ ഔൺസ് (൬ ഔൺസ് അരിയും ൬ ഔൺസ് ഗോതമ്പും)

ശ്രീ. സി. കെ. വിശ്വനാഥൻ : ൧൨ ഔൺസ് റേഷൻ കൊടുക്കാമെന്നു പ്രതീക്ഷിക്കുന്നതു് അരിയും ഗോതമ്പും കൂടിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

ശ്രീ. സി. കെ. വിശ്വനാഥൻ : ഈ സംസ്ഥാനത്തിന്റെ അയൽ സംസ്ഥാനത്തു എത്ര ഔൺസ് റേഷനാണു കൊടുക്കുന്നതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അയൽ സംസ്ഥാനത്തു ഇപ്പോഴും റേഷൻ നിറുത്തിയിരിക്കുകയാണു്.

ശ്രീ. സി. കെ. വിശ്വനാഥൻ : അവിടെ റേഷൻ നിറുത്തുന്നതിനു മുമ്പു് എത്രയായിരുന്നുവെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇത്രയുണ്ടായിരുന്നില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ : ദിവസവും പണിയെടുക്കുന്ന ഒരാളിനു് ഒരാഴ്ചയിൽ എത്ര റേഷൻ വേണമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് പണിയുടെ സ്വഭാവമനുസരിച്ചാണു പറയേണ്ടതു്.

ശ്രീ. സി. കെ. വിശ്വനാഥൻ : ദിവസവും അദ്ധ്വാനിക്കുന്ന ഒരാളിനാണെങ്കിൽ സാധാരണ റേഷൻ അളവിൽനിന്നും കൂടുതലായി ആവശ്യം വരുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ വരാം.

ശ്രീ. സി. കെ. വിശ്വനാഥൻ: ഒരാഴ്ച മുഴുവൻ പണി എടുക്കുന്ന ഒരാളിന് ഇത്ര ഔൺസുവീതം റേഷൻ കൊടുക്കണമെന്ന് വ്യവസ്ഥയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: വ്യവസ്ഥയൊന്നുമില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: അദ്ധ്വാനിക്കുന്ന ആളുകൾക്ക് ൧൬ ഔൺസുവീതം റേഷൻ കൊടുക്കണമെന്ന് വ്യവസ്ഥയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിൽ അഭിപ്രായവ്യത്യാസമുണ്ട്.

ശ്രീ. സി. കെ. വിശ്വനാഥൻ: വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ റേഷൻ വിതരണത്തെ സംബന്ധിച്ചിടത്തോളം അദ്ധ്വാനിക്കുന്നവർക്ക് കൂടുതൽ കൊടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവരുടെ വ്യവസ്ഥയെന്താണെന്ന് നോക്കിയിട്ടില്ല.

Shri M. William: Is the hon. Minister aware of the fact that only 30% of the grain is distributed in Viavancode Taluk ?

Shri Panampilli Govinda Menon : I am not aware of it. I shall look into it.

ശ്രീ. ടി. കെ. ദിവാകരൻ: ഇവിടെനിന്നും കൊടുക്കുന്ന അരിക്ക് മന്നിന് ൧൭ രൂപ വിലയുണ്ടെന്ന് പറയുന്നു. പ്രൊക്യൂവർമെന്റ് ചാർജ്ജും കൂടി ഉൾപ്പെടുത്തിയാണോ ഈ ൧൭ രൂപ വിലയുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അല്ല.

ശ്രീ. ടി. കെ. ദിവാകരൻ: പ്രൊക്യൂവർമെന്റിനുവേണ്ടി എന്തു തുകയാണ് ഒരു ആണ്ടിൽ ചെലവാകുന്നതെന്ന് പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ബഡ്ജറ്റു നോക്കണം.

ശ്രീ. ടി. കെ. ദിവാകരൻ: അദ്ധ്വാനിക്കുന്നവർക്ക് കൂടുതൽ റേഷൻ അടുത്ത സംസ്ഥാനത്തു കൊടുത്തുവരുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അടുത്ത സംസ്ഥാനത്തു റേഷൻ ഏർപ്പാടു നിറുത്തിയിരിക്കയാണ്.

ശ്രീ. ടി. കെ. ദിവാകരൻ: കഠിനാദ്ധ്വാനം ചെയ്യുന്നവർക്ക് കൂടുതൽ അരി കൊടുക്കണമെന്ന് ഡബ്ലിയു. എച്ച്. ഓ. യിൽനിന്നും ശുപാർശ ചെയ്തിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കഠിനാദ്ധ്വാനം ചെയ്യുന്നവർക്ക് റേഷൻ കൂടുതൽ കൊടുക്കുന്നതു അരിയായിട്ടു മാത്രമേ പാടുള്ളു എന്ന് പറഞ്ഞിരിക്കയില്ല.

ശ്രീ. എ. താണുപിള്ള: അരിയും ഗോതമ്പും കൂടി ഒരാഴ്ചയിൽ ഒരാളിന് ഇത്ര വീതമാണെന്ന് കണക്കാക്കിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ കണക്കാക്കിയിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ : ഉദ്ദേശം എത്രയാണെന്നു ഇപ്പോൾ പറയാൻ സാധിക്കുമോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കണക്കു നോക്കാതെ പറയാൻ സാദ്ധ്യമല്ല.

ശ്രീമതി കെ. ആർ. ഗൗരി : കഴിഞ്ഞ കൊല്ലത്തെക്കാൾ സംഭരണം ഇക്കൊല്ലം കുറയാനുണ്ടായ കാരണം എന്താണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഇതിനെപ്പറ്റി നടന്ന വാദപ്രതിവാദത്തിൽ ഉണ്ടായ തീരുമാനമനുസരിച്ചു ലെവി സിസ്റ്റത്തിൽ ചില ഭേദഗതികൾ വരുത്തിയതുകൊണ്ടാണ് കുറയാനിടയായതു്.

ശ്രീമതി കെ. ആർ. ഗൗരി : അങ്ങനെ ഭേദഗതികൾ വരുത്തിയതിനുശേഷം എത്ര ടൺ അരി നാട്ടിൽനിന്നും സംഭരിക്കാൻ സാധിക്കും.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ . ഒന്ന-ഒർ-ലക്ഷ് നാൽപ്പതിനായിരം ടൺ അരി എടുക്കാൻ സാധിക്കും.

ശ്രീമതി കെ. ആർ. ഗൗരി : കഴിഞ്ഞ കൊല്ലം എത്ര ടൺ അരിയായിരുന്നു സംഭരിച്ചതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അൻപതിനായിരം ടൺ വരെ സംഭരണം നടത്തിയിട്ടുണ്ടു്.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : കഴിഞ്ഞ ആണ്ടിനെ അപേക്ഷിച്ചു് ഈയാണ്ടിൽ ഗോതമ്പിനു അൽപം വില കൂടിയിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്.

WRITTEN ANSWER

Rowdies

*387 [24] **Shri O. C. Ninan :** Will the Minister for Home Affairs be pleased to state:

(a) whether a list of rowdies is kept in each police station;

(b) whether the police are regularly observing their movements and unlawful acts; and

(c) whether the number of rowdies is on the increase in 1952 compared to the three years previous to that?

Minister for Home Affairs **(Shri T. M. Varghese)**:

(a) Yes.

(b) Yes.

(c) The number of rowdies is on the decrease in 1952 when compared to the three years previous to that.

UNSTARRED QUESTIONS.

Extension of electricity.

202 [2] **Shri K. Bhanu :** Will the Minister for Public Works be pleased to state when the extension of electricity system to Karthikapalli taluk will be put into operation?

Answer.

Electricity system has been extended to Karthikapalli already.

പാട്ടം വർദ്ധനവ്.

൨൦൩. [൪] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരകാര്യ മന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കൻപറവൂർ താലൂക്കിൽ ൫൨൫ ൦-ലെ വൃശ്ചികം ൩൦-നു ശേഷം പാട്ടം വർദ്ധിപ്പിച്ചു കിട്ടണമെന്നപേരിൽ എത്ര കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്.

(ബി) പാട്ടം വർദ്ധിപ്പിച്ചു കൊണ്ടുതന്നെ എത്ര വിധികൾ ഉണ്ടായിട്ടുണ്ട് ?

ഉത്തരം.

(എ) ൫൩൩.
(ബി) ൧൪.

Pendency of Cases.

204 [5] **Shri C. Sanker :** Will the Minister for Home Affairs be pleased to state:

(*a*) the number of cases pending before the First Class Magistrate's Court of Nagercoil at the beginning and close of the year 1952 respectively; and

(*b*) the number of cases disposed of during the same year?

Answer.

(*a*) Cases at the beginning of 1952.

	P. E.	*C. C.*	*Mis.*	*Total*
	36	1263	82	1381
(*b*) Cases pending at the end of 1952.				
	31	1916	98	2045
	18	1379	26	1423

Under-trial prisoners.

205. [6] **Shri C. Sankar :** Will the Minister for Home Affairs be pleased to state :

(*a*) the total number of under-trial prisoners kept in custody in the Kottar Police Lock-up on the 31st December 1952; and

(*b*) the number of cells in which the prisoners are kept and the dimensions and the number of persons kept in each cell?

Answer.

(*a*) Fifty-two under-trial prisoners kept in custody in Kottar Police lock-up on 31-12-1952.

(*b*) Number of cells—4.

	Dimension of each cell.		*Number of persons kept in each cell.*
1.	9' x 7'	..	9
2.	10' x 9'	..	12
3.	9' x 7'	..	9
4.	18' x 9'	..	22

ചേർത്തല—ആലപ്പുഴ തോട്.

൨൦൩. [൪] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ചേർത്തല—ആലപ്പുഴതോട് എന്നാണ് ആദ്യമായി ആരംഭിച്ചത്;

(ബി) കോൺഗ്രസ്സ് ഗവർമെന്റ് വന്നതിനുശേഷം എത്രമൈൽ തോട് വെട്ടിയിട്ടുണ്ട്;

(സി) ഇനി എത്രമൈൽ തോട് വെട്ടുവാനുണ്ട്;

(ഡി) ഇതു് ഈ കൊല്ലം വെട്ടി പൂർത്തിയാക്കുമോ?

ഉത്തരം.

(എ) കൊല്ലവർഷം ൧൦൯൧-ൽ ആരംഭിച്ചു.
(ബി) ഏകദേശം ഒന്നരമൈൽ.
(സി) ആറര മൈൽ.
(ഡി) ഇല്ല.

തൊഴിലില്ലായ്മ.

൨൦൪. [൫] ശ്രീ. സി. ജി. സദാശിവൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കന്നിട്ട, ഓയിൽമില്ലുകൾ എന്നിവകളിലെ തൊഴിലില്ലായ്മക്ക് കാരണം ഗവർമെന്റ് അന്വേഷിച്ചിട്ടുണ്ടോ;

(ബി) അമ്പലപ്പുഴ ചേർത്തല താലൂക്കുകളിലെ കന്നിട്ടകളിലും ഓയിൽമില്ലുകളിലും മാത്രമായി എത്രപേർ തൊഴിലില്ലാത്തവരായി തീർന്നിട്ടുണ്ട്;

(സി) ഈ തൊഴിലില്ലായ്മയുടെ പരിഹാരത്തിനായി എന്തെങ്കിലും നടപടികൾ ഇതേവരെ ഗവർമെന്റ് കൈക്കൊണ്ടിട്ടുണ്ടോ?

ഉത്തരം.

(എ) ഉണ്ട്, മില്ലുകളുടെ എണ്ണം വളരെ വർദ്ധിക്കുകയും എല്ലാ മില്ലുകളിലും ആവശ്യമായത്ര കൊപ്രാ കിട്ടാതിരിക്കുകയുമാണ് തൊഴിലില്ലായ്മക്കു പ്രധാന കാരണം.

(ബി) ഏകദേശം ൧൩൦൦ ആളുകൾ.

(സി) അമ്പലപ്പുഴ ചേർത്തല താലൂക്കുകളിലെ സാമാന്യമായ തൊഴിലില്ലായ്മ പ്രശ്നത്തിന്റെ പരിഹാരത്തിനായി പല പദ്ധതികളും ഗവൺമെന്റ് കൈക്കൊണ്ടിട്ടുണ്ട്.

ജലവിതരണപദ്ധതി.

൨൦൭. [൧൦] ശ്രീ. എം. പി. വറുഗീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ൧൯൪൭ മുതൽ ആരംഭിച്ചിട്ടുള്ള പ്രധാനപ്പെട്ട ജലവിതരണ പദ്ധതികളുടെ ഓരോന്നിന്റേയും ചെലവെത്ര;

(ബി) ഈ പദ്ധതികളുടെ പണി എന്നു പൂർത്തിയാകും;

(സി) ഇവയിൽ ഏതിലെങ്കിലുംനിന്ന് വിദ്യുച്ഛക്തി സംഭരണംകൂടി സാധിക്കുമോ.

(ഡി) ഉണ്ടെങ്കിൽ അപ്രകാരം സംഭരിക്കാവുന്ന വിദ്യുച്ഛക്തി എത്ര മാത്രം.

ഉത്തരം.

(എ) ൧ വാഴാനി, ൫൭·൫ ലക്ഷം രൂപാ
൨. ചാലക്കുടി ൨൧൦·൦൦ ,,
൩. പീച്ചി ൨൩൫·൦൦ ,,
൪. കുട്ടനാട്ട വികസനപദ്ധതി ൧൪൦·൦൦
൫ നെയ്യാർ, ൨൨൧·൦൦ ,,

(ബി) പീച്ചി, ചാലക്കുടി-വാഴാനി: ഇവ ൧൯൫൫-ൽ പൂർത്തിയാക്കണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്.

കുട്ടനാട്ട വികസനപദ്ധതി: ഇതിൽ മൂന്നു വേലകൾ ഉൾപ്പെടുന്നു.

(൧) ആലപ്പുഴ—ചങ്ങനാശേരി—റോഡും തോടും.

൨) തോട്ടപ്പള്ളി ചീപ്പും പാലവും.

(൩) തണ്ണീർമുക്കം ബണ്ട്—ഇവയിൽ ഒന്നും രണ്ടും പണികൾ ൧൯൫൪ ഡിസംബർമാസത്തിലും മൂന്നാമത്തേത് ൧൯൫൬ ഡിസംബർ മാസത്തിലും തീരുമെന്ന് ഉദ്ദേശിക്കുന്നു.

നെയ്യാർ പദ്ധതി. ൧൯൫൬ അവസാനത്തിൽ തീർക്കണമെന്നാണ് വച്ചിട്ടുള്ളത്.

(സി) ഇല്ല.

(ഡി) ഉദിക്കുന്നില്ല.

ബോണസ്സ്.

൨൦൯. [൧൫] ശ്രീ. പി. വി. അബ്രഹാം തരകൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്കിൽ കമ്മറ്റിയുടെ തീരുമാനമനുസരിച്ച് ൧൯൫൮ മുതൽ ൫൯ വരെ ബോണസ് കൊടുക്കാത്ത എത്ര കയർ ഫാക്ടറി ഉടമസ്ഥരുണ്ട്.

(ബി) അങ്ങനെ ബോണസു കൊടുക്കാത്തവരുടെ പേരിൽ എന്തു നടപടി എടുത്തിട്ടുണ്ട്.

(സി) ബോണസ് കൊടുക്കാത്തതുകൊണ്ട് എത്ര ഫാക്ടറിയിൽ തൊഴിൽ കുഴപ്പം ഉണ്ടായിട്ടുണ്ട് ?

ഉത്തരം.

(എ) ൯൩

(ബി) നടപടികൾ എടുത്തു വരുന്നുണ്ട്.

(സി) ൩൯

Magistrate's Court

210 [16] **Shri E. Krishnan Nair :** Will the Minister for Home Affairs be pleased to state:

(*a*) whether the Government have received any representation from the people of Kottarakkara for a First Class Magistrate's Court at Kottarakkara; and

(*b*) if so what action the Government have taken in the matter?

Answer.

(*a*) No representation has been received from the people of Kottarakkara. A representation has been received from the Bar Association, Kottarakkara.

(*b*) The Government are examining the question.

Lift Irrigation.

211 [17] **Shri E. Krishnan Nair :** Will the Minister for Works and Transport be pleased to state:

(*a*) whether the Government have received representations from the people for the introduction of lift irrigation in Karimpinpuzha, Pangode, Kulakkada and Mannadi forming parts of the Pakuthies of Ezhucone, Kulakkada and Kunnathoor; and

(*b*) if so, what action has been taken in the matter?

Answer.

(*a*) Yes.
(*b*) Necessary investigation is being made.

Electric Lights.

212 (19) **Shri E. Krishnan Nair:** Will the Minister for Works and Transport be pleased to state:

(*a*) whether representations have been received from the people for the supply of electric lights along all the roads and important lanes in the Kottarakkara town; and

(*b*) what action has been taken in the matter?

Answer.

(*a*) Yes.

(*b*) All the remunerative extensions have been sanctioned as far as funds allocated would permit.

ഇലക്‌ട്രിസിററി.

൨൧൩. [൨൨] ശ്രീ. പരീതു റാവുത്തർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട താലൂക്കിൽ ഇലന്തൂർ പകുതിയിൽ ഇലക്‌ട്രിസിററി നീട്ടുന്നതിന് ഗവണ്മെൻറ് അനുവാദം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻെറ ജോലി എത്രമാത്രം പുരോഗമിച്ചിട്ടുണ്ട്;

(സി) ഏററവും വേഗം അതിൻെറ പണി പൂർത്തിയാക്കുന്നതിന് വേണ്ട നടപടി കൈക്കൊള്ളുമോ;

(ഡി) പ്രസ്തുത ജോലി പൂർത്തിയാക്കുന്നതിന് എത്ര നാൾ വേണ്ടി വരും?

ഉത്തരം

(എ) ഉണ്ട്.

(ബി) ലൈനിൻെറ സർവ്വേ പൂർത്തിയായിക്കഴിഞ്ഞു. ജോലിക്ക് ആവശ്യമുള്ള ഉപകരണങ്ങൾ ശേഖരിച്ചു വരുന്നുണ്ട്.

(സി) കൈക്കൊള്ളാം.

(ഡി) ആവശ്യമുള്ള ഉപകരണങ്ങൾ ശേഖരിച്ചശേഷം പ്രസ്തുത ജോലി രണ്ടു മാസത്തിനകം പൂർത്തിയാക്കാവുന്നതാണ്.

മന്ദം–തത്തപ്പള്ളി റോഡ്.

൨൧൪. [൨൩] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മന്ദം–തത്തപ്പള്ളി റോഡിൻെറ പണി പൂർത്തിയായിട്ടുണ്ടോ;

(ബി) റോഡിനുവേണ്ടി ൧൯൬൨–൬൩ ബഡ്ജററ് വർഷത്തിലേയ്ക്കു് വച്ചിരുന്ന തുകയിൽ എത്ര തുക ചെലവാക്കീട്ടുണ്ടു്;

(സി) ടി റോഡിന്റെ തെക്കുഭാഗത്തുനിന്നും പുഴവരെ റോഡു നീട്ടുന്നതിനെപ്പററി നിവേദനം കിട്ടിയിട്ടുണ്ടോ; എന്തു നടപടി നടത്തി?

ഉത്തരം

(എ) ഇല്ല.

(ബി) ഒന്നും ചെലവായിട്ടില്ല. പണി തുടങ്ങുവാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. ഇയ്യാണ്ടിൽ കൊള്ളിച്ചിട്ടുള്ള സംഖ്യ മുഴുവനും ചെലവാക്കുന്നതാണു്.

(സി) ഉണ്ടു്. ഇതിനാവശ്യമുള്ള സ്ഥലം സൌജന്യമായി വിട്ടുതരുവാൻ തൽപ്പരകക്ഷികൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. സ്ഥലം കിട്ടിയതിനുശേഷം എസ്റ്റിമേററ് തയ്യാറാക്കി വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണു്.

General Discussion of the Budget (Contd.)

Mr. Speaker : Order, Order. Question time is over, the House will now continue the General Discussion of the Budget.

12 NOON]

ശ്രീ. ബേബി ജാൺ : സർ, ബഡ്ജററ് അവതരിപ്പിച്ചുകൊണ്ടു് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ചില പ്രധാനസംഗതികൾ ചൂണ്ടിക്കാണിച്ചു് ഇവിടെ പ്രസംഗിക്കുകയുണ്ടായി. പുതിയ നികുതികൾ യാതൊന്നും ഏർപ്പെടുത്തിയിട്ടില്ലെന്നും അദ്ദേഹം പ്രസ്താവിച്ചിട്ടുണ്ടെങ്കിലും പരോക്ഷമായി നികുതി വർദ്ധിപ്പിച്ചിട്ടുണ്ടെന്നു് മനസ്സിലാക്കുവാൻ പ്രയാസമില്ല. ഏതെങ്കിലും ഒരു പ്രദേശത്തു് ഒരു പാലം പണിയണം എന്നുണ്ടെങ്കിൽ ആ പ്രദേശത്തുള്ള ആളുകളെല്ലാം ചേർന്നു പണം പിരിച്ചെടുത്തു് ചെലവു ചെയ്യുന്ന ഒരവസ്ഥയാണു് മിക്കവാറും കണ്ടുവരുന്നതു്. ഗ്രാമങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്രകാരം ഉള്ള പണികൾ മിക്കതിനും നാട്ടുകാരാണു് പരിശ്രമിക്കുകയും പണം ചെലവു ചെയ്യുകയും ചെയ്യുന്നതു്. വാസ്തവത്തിൽ ഇതു് ആ ഗ്രാമങ്ങളിലെ ജനങ്ങൾക്കു് ഒരു കുട്ടപ്പിഴയാണു് നൽകുന്നതു് എന്നു് പറയേണ്ടിയിരിക്കുന്നു. ജനങ്ങൾ പണം ചെലവിട്ടു് ഒരു പാലം ഉണ്ടാക്കുക എന്നുവച്ചാൽ അതൊരു നികുതിയല്ല, നികുതിയുടെ നിലയിൽ കണക്കാക്കേണ്ടതല്ല എന്നാണു് പറയുന്നതു്. പക്ഷേ സാധാരണക്കാരായ പൊതുജനങ്ങളെ സംബന്ധിച്ചിടത്തോളം യഥാർത്ഥത്തിൽ അതൊരു നികുതിതന്നെയാണു്. അതുപോലെതന്നെ ഒരു ആശുപത്രി വേണമെന്നുണ്ടെങ്കിൽ നാട്ടുകാർ തന്നെ പണം പിരിച്ചു്, കെട്ടിടം കെട്ടുവാൻ സ്ഥലവും കൊടുത്തു്, കെട്ടിടവും കെട്ടിക്കൊടുത്താൽ മാത്രമേ ഒരു ആശുപത്രി നടത്തുവാൻ സാധിക്കുകയുള്ളു. ഒരു സ്ഥലത്തു് ഒരു സ്കൂൾ തുടങ്ങണമെങ്കിൽ പണം ചെലവാക്കി കെട്ടിടം കെട്ടുകയും ആവശ്യമുള്ള മററുപകരണങ്ങൾ നൽകുകയും ചെയ്താൽ മാത്രമേ സാദ്ധ്യമാകയുള്ളു. ഇതൊന്നും ഒരു നികുതിയല്ല എന്നാണു് പറയുന്നതു്. വാസ്തവത്തിൽ ഇതെല്ലാംതന്നെ പരോക്ഷമായ നികുതിയാണു്. അതേ സമ

യത്തു് കേന്ദ്രീകരിച്ചുറൽ ഇങ്കംടാക്സ് കൊടുക്കാതെ പലരും ഒഴിഞ്ഞു മാറുന്നുണ്ടു്. അതിന്റെ ഒരു സ്ഥിതിവിവരക്കണക്ക് ഉണ്ടോ എന്നു നോക്കിയാൽ അങ്ങിനെയൊരു കണക്കേയില്ല. കാർഷികാദായം തിട്ടപ്പെടുത്തുന്നതിനുള്ള ഒരു കണക്കുണ്ടായിരുന്നുവെങ്കിൽ ഇന്നു ലഭിച്ചുവരുന്ന ആദായം വർദ്ധിപ്പിക്കുവാൻ സാധിക്കുമായിരുന്നു. അതിനു ചുമതലപ്പെട്ട ആളുകളെ ആ വക ജോലികളിൽനിന്നും ഒഴിച്ചു നിറുത്തിയിരിക്കയാണു് ചെയ്യുന്നതു്. സ്ഥിതിവിവരക്കണക്ക് എടുത്തു കാർഷികാദായനികുതി പിരിക്കുന്നതു് കാര്യക്ഷമമാക്കണം. പുതിയ നികുതി ചുമത്തുന്നതിൽ ഞങ്ങൾ എതിരാണെന്നു് പലപ്പോഴും പറഞ്ഞുകേൾക്കുന്നുണ്ടു്. സാധാരണക്കാരായ ബഹുജനങ്ങളെ കാര്യമായി ബാധിക്കുന്ന ഒരു നികുതി ചുമത്തലാണു് ഞങ്ങൾ എതിർക്കുന്നതു്. ഭൂമിക്കുതന്നെ ഗ്രേഡഡു് നികുതി ഏർപ്പെടുത്തണം. പ്രോഗ്രസിവ് ആയിട്ടുള്ള നിലയിൽ ഒരു ടാക്സേഷൻ ഇതുവരെ നടപ്പിൽ വരുത്തിയിട്ടില്ലാത്തതിൽനിന്നു് അതു് ചെയ്യുവാനുള്ള ധൈര്യം ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്കു് ഇല്ലെന്നുവേണം പറയുവാൻ. പക്ഷേ അങ്ങനെ ചെയ്യുവാൻ അദ്ദേഹം പുറപ്പെട്ടാൽ ഇന്നദ്ദേഹത്തിനു് ധനകാര്യവകുപ്പുമന്ത്രി ആയിരിക്കുവാൻ സാധിക്കുകയില്ല സർ. സ്ഥാപിത താൽപ്പര്യക്കാരെ സാരമായി ബാധിക്കുന്ന നികുതി ചുമത്തുവാൻ അദ്ദേഹത്തിനു് സാധിക്കാതെയാണിരിക്കുന്നതു്. അദ്ദേഹം മുതലാളിത്തവിഗ്രഹത്തിന്റെ മുമ്പിലെ ഒരു പൂജാരിയാണു്.

അതുപോലെതന്നെ ആഹാരത്തിന്റെ കാര്യത്തിലും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ഒരു ഭാഗത്തു് പറയുകയുണ്ടായി:

"For the first time during the last several years 'food' ceased to be a matter of complaint among the people."

ഇതിൽനിന്നും മനസ്സിലാകുന്നതെന്താണു്? ഈ നാട്ടിലെ ബഹുജനങ്ങൾ ൧൨ ഔൺസ് അരികൊണ്ടു് തൃപ്തിപ്പെട്ടിരിക്കുന്നുവെന്നാണു്. മുമ്പു് ബംഗാളിൽ ൧൬ ഔൺസ് ലഭിച്ചിരുന്നപ്പോൾ തിരുവിതാംകൂർ-കൊച്ചിയിൽ ൧൦ ഔൺസ് മാത്രമാണു് ലഭിച്ചിരുന്നതു്. അങ്ങിനെയിരിക്കെ ഈ ൧൨ ഔൺസ് അരികൊണ്ടു് ഈ നാട്ടിലെ ആളുകൾ തൃപ്തിപ്പെട്ടുകൊള്ളണമെന്നു് പറഞ്ഞാൽ അതിന്റെ പ്രത്യാഘാതം എന്തായിരിക്കും സർ. ഈ നാട്ടിലെ ബഹുജനങ്ങൾ ഒരിക്കലും ൧൨ ഔൺസ് അരികൊണ്ടു് തൃപ്തരാകുകയില്ല. നാട്ടുമ്പുറങ്ങളിലെ പട്ടിണികിടക്കുന്ന ആളുകളുടെ ആഹാരക്ഷാമം എത്രമാത്രമുണ്ടെന്നു് നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കു് കാണുവാൻ സാധിക്കും. എന്നിട്ടും അദ്ദേഹം കണ്ണടച്ചുകൊണ്ടു് ഇരുട്ടാക്കുന്ന സമ്പ്രദായമാണു് എടുത്തിരിക്കുന്നതു്. അതുകൊണ്ടു് ഈ നാട്ടിൽ ഭക്ഷണക്ഷാമം ഇല്ല എന്നു പറയുന്നതിനോടു് യോജിക്കുവാൻ എനിക്കു് നിവൃത്തിയില്ല. അതുപോലെതന്നെ ഭക്ഷ്യസംഭരണ വിതരണ കാര്യത്തിൽ കേന്ദ്രവും സംസ്ഥാനഗവണ്മെന്റുകളും ആയുള്ള ഇടപാടുകളെപ്പററിയും അദ്ദേഹം പ്രതിപാദിച്ചു. വാസ്തവത്തിൽ ആ വിഷയത്തിൽ കേന്ദ്രം സംസ്ഥാനഗവണ്മെന്റുകളോടു് ഒരു ചിററമ്മനയമാണു് സ്വീകരിച്ചിരിക്കുന്നതു് എന്നു കാണുവാൻ പ്രയാസമില്ല. ഭക്ഷണസാധനങ്ങളുടെ കാര്യത്തിൽ കേന്ദ്രത്തിന്റെ തീരുമാനത്തിനു് വിധേയനായിട്ടാണു് നമ്മുടെ ധനകാര്യമന്ത്രി നിലകൊള്ളുന്നതു്. അതു

കൊണ്ടു് ഇന്നത്തെ ഭക്ഷ്യവിതരണകാര്യത്തിൽ കുറവുണ്ടായിട്ടുള്ളതിനു് അദ്ദേഹം ഉത്തരവാദിയല്ലെന്നു പറഞ്ഞു് അദ്ദേഹത്തിനു ഒഴിയുവാൻ സാദ്ധ്യമല്ല. നമ്മുടെ ധനകാര്യമന്ത്രികൂടി ഉൾക്കൊള്ളുന്ന കാൺഗ്രസ്സു് കക്ഷിയാണു് ഇന്നു് ഭരണത്തിൽ ഏർപ്പെട്ടിരിക്കുന്നതു്. ആ സ്ഥിതിക്കു് ഈ സംസ്ഥാനത്തിന്റെ അവകാശങ്ങൾക്കു വേണ്ടി, വാദിക്കുന്നതിനു പകരം കേന്ദ്രത്തിന്റെ സഹായം പുലർത്തിക്കൊണ്ടുപോകുന്നതിനു മാത്രമല്ലാതെ, ശക്തിയായി വാദിക്കുവാനോ, മറ്റൊന്നും ചെയ്യുവാനോ അദ്ദേഹത്തിനു നിവൃത്തിയില്ല. കേന്ദ്രത്തിന്റെ സഹായം ഒന്നുമാത്രംകൊണ്ടു നാം കേന്ദ്രത്തെ ആശ്രയിച്ചു ഭരിക്കുന്ന കാലത്തോളം നമുക്കു് ഒരു കു്ഞ്ഞു കാലത്തേക്കു് നഷ്ടപ്പെട്ട നമ്മുടെ റവന്യൂ പരിഹരിക്കുവാൻ കുറെ സംഖ്യ നൽകുന്നുണ്ടു് എന്നുള്ളതിനെ സംബന്ധിച്ചു് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ പ്രസ്താവിക്കുകയുണ്ടായി.

> "In these circumstances it would have been fair if a grant had been given to this State, at least for a limited period, by way of compensation for the loss of revenue above-mentioned."

പക്ഷേ അതനുസരിച്ചു് നമുക്കു് ഒന്നുംതന്നെ ലഭിച്ചിട്ടില്ലാത്തതുകൊണ്ടു് എന്തുകൊണ്ടാണു് അതു ലഭിക്കുവാൻ വേണ്ടി പരിശ്രമിക്കാത്തതെന്നു ഞാൻ ചോദിക്കുന്നു. ബഹുജനങ്ങളുടെ ആവശ്യം നമ്മുടെ ആവശ്യമാണെന്നും അവരുടെ താൽപര്യം നമ്മുടെ താല്പര്യമാണെന്നും മനസ്സിലാക്കി തന്റേടത്തോടുകൂടി നിന്നു് വാദിക്കുവാനുള്ള കഴിവു് നമ്മുടെ ഗവൺമെൻറിനു് ഉണ്ടായിരിക്കണമെന്നാണു് ഞാൻ പറയുന്നതു്. അതുപോലെതന്നെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി.....

ശ്രീ. കെ. കരുണാകരൻ: കേന്ദ്രത്തിൽ ഈ നാട്ടിലെ പ്രതിനിധികളുംകൂടി ഉൾക്കൊള്ളുന്നില്ലേ?

ശ്രീ. ബേബി ജാൺ: കാൺഗ്രസ്സു് ഗവൺമെൻറിന്റെ പ്രതിനിധികളും കൂടി ഉൾപ്പെടുന്നതാണു്.

ഇവിടെ പല കാര്യങ്ങളെ സംബന്ധിച്ചും ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സൂചിപ്പിക്കുകയുണ്ടായി. സാമ്പ്രതികമായ തൊഴിലില്ലായ്മ ഇന്നു വിദ്യാസമ്പന്നരായ ആളുകളുടെയിടയിലും ഉണ്ടു്. അതിനു അദ്ദേഹം കാണുന്ന ഒരു പരിഹാരം പഞ്ചവത്സരപദ്ധതിയാണു്. ഈ സർക്കാരിന്റെ ഉടമസ്ഥതയിൽ തുടങ്ങിയ പല വ്യവസായശാലകളും ഇന്നു പ്രവർത്തനരഹിതമായി കിടക്കുകയാണു്. ഗവൺമെൻറിന്റെ ഉടമസ്ഥതയിലുള്ളതും ഗവൺമെൻറിനു പ്രത്യേകം താൽപര്യമുള്ളതുമായ വ്യവസായശാലകൾ അടച്ചു പൂട്ടിയിട്ടിരിക്കുകയാണു്. ടൈറ്റാനിയം പ്രോഡക്റ്റിനെ സംബന്ധിച്ചു് കഴിഞ്ഞ നിയമസഭയിൽ വാദപ്രതിവാദമുണ്ടായി ഗവൺമെൻറിന്റെ അധീനതയിലുള്ള ആ കമ്പനി അടച്ചുപൂട്ടിയിട്ടിരിക്കുകയാണു്. ഇതുവരെയും ആ കാര്യത്തിൽ യാതൊന്നും ചെയ്തിട്ടില്ല. കുണ്ടറയിലുള്ള കളിമൺ ഫാക്ടറിയും പൂട്ടിയിട്ടിരിക്കുകയാണു്. ഇപ്രകാരം ഫാക്ടറികളിൽ ഒരാഴ്ചയിൽ രണ്ടോ മൂന്നോ ദിവസമാണു് തൊഴിലാളികൾക്കു് ജോലിയുള്ളതു്. വ്യവസായശാലകൾ കേന്ദ്രസർക്കാരിനോടു യോജിച്ചു നടത്തുവാൻ

ഉള്ള ഒരു പഞ്ചവത്സരപദ്ധതി ആണു് ഇപ്പോൾ ഗവണ്മെന്റ് സ്വീകരിച്ചു കാണുന്നതു്. എന്നാൽ അതേസമയംതന്നെ കാർഷികരംഗത്തു് ആവശ്യമായ പദ്ധതികൾ നടപ്പാക്കുന്നതിനും അങ്ങിനെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും ഈ സക്കാർ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല എന്നാണു് ഞാൻ പറയുന്നതു്.

ഇതിനും പുറമെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ എൻ. ജി. ഓ. മാക്ക് ഡിയർനസ് അലവൻസിന്റെ പത്തുശതമാനം അവരുടെ ശമ്പളത്തിൽ വദ്ധിപ്പിച്ചിട്ടുള്ളതായി പറയുന്നുണ്ടു്. അതിലും കൂടുതൽ കൊടുക്കണമെന്നുള്ളതാണു് ഞങ്ങളുടെ അഭിപ്രായം. ഒരാളുടെ ഏററവും കുറഞ്ഞ ശമ്പളം ൩൦ രൂപായെങ്കിലും ലഭിക്കത്തക്കവിധം ഉള്ള ഒരു നടപടി ഈ ഗവണ്മെന്റ് സ്വീകരിക്കണമെന്നാണു് ഞങ്ങളുടെ അഭിപ്രായം. അതോടുകൂടിത്തന്നെ മറെറാരു കാര്യവും ഈ ഗവണ്മെന്റിന്റെ ശ്രദ്ധയിലും ധനകാര്യമന്ത്രിയുടെ ശ്രദ്ധയിലും പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഗവണ്മെന്റിൽ സേവനം അനുഷ്ഠിക്കുന്ന ആളുകളാണു് ഈ എൻ. ജി. ഒ. മാർ. അതുപോലെ ഗവണ്മെന്റ് സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരായി വേറെയും ആളുകളുണ്ടു്. പി. ഡബ്ലിയു. ഡി. വക്ക്ഷാപ്പിലും, എൻജിനീയറിംഗ് സ്ഥാപനങ്ങളിലും ജോലിയെടുക്കുന്ന ആളുകൾക്കുംകൂടി ഈ ആനുകൂല്യങ്ങൾ നൽകേണ്ടതാണു്. ചില ഡിപ്പാർട്ടുമെന്റുകളിൽ പ്രാവിഡൻറഫണ്ടു് ഇല്ല. അതു് ഏർപ്പെടുത്തണം. അതുപോലെ ഗവണ്മെന്റുവക വ്യവസായശാലകളിൽ ജോലിചെയ്യുന്ന ആളുകളുടെ കുഞ്ഞുങ്ങൾക്കും സൗജന്യവിദ്യാഭ്യാസം നൽകണം. ഈ നിലയിൽ ഈ രാജ്യത്തെ ഗവണ്മെന്റുദ്യോഗസ്ഥന്മാക്കു ലഭിക്കുന്ന ആനുകൂല്യങ്ങൾ കുറെക്കൂടി വർദ്ധിപ്പിക്കുകയും, ഗവണ്മെന്റിനു് ആദായം ഉണ്ടാക്കുന്ന ഡിപ്പാർട്ടുമെന്റുകളിലും മററു സ്ഥാപനങ്ങളിലും പണിയെടുക്കുന്ന ആളുകളുടെ കാര്യത്തിലും ആ വക സൗജന്യങ്ങൾ നൽകുകയും ചെയ്യണം. ഒരു കർഷകരാജ്യമായ ഈ സംസ്ഥാനത്തു് കാർഷികരംഗത്തിൽ ഇറങ്ങി പ്രവത്തിക്കുന്ന ആളുകൾക്കു് കൃഷിഭൂമിയുടെ ഉടമാവകാശം ഉണ്ടാകത്തക്ക പരിഷ്കാരം വരാതെ യാതൊരു പ്രയോജനവും ഇല്ല. അങ്ങിനെ ചെയ്യില്ലെങ്കിൽ ഈ നാട്ടിലെ ഒരു വലിയ വിഭാഗം വരവു് പാഴ്ചിലവുകളിലേക്കായി പോകേണ്ടിവരുമെന്നാണു് എനിക്കു് ധനകാര്യമന്ത്രിയോടു പറയുവാനുള്ളതു്. ഭൂമിയിൽ പണിയെടുക്കുന്നവക്കെല്ലാം ഭൂമിയിൽ അവകാശമുണ്ടെന്നു് ഉള്ള ഒരു പരിഷ്കാരം ഉണ്ടായിരിക്കണം. (ബെൽ)

ഇങ്ങിനെയാണു് കൃഷിസംബന്ധമായ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകേണ്ടതു്. പ്രധാനമായി ഭൂഉടമ സമ്പ്രദായത്തിൽ പരിപൂർണ്ണമായ പരിഷ്കാരം അത്യാവശ്യമാണു്. വേറൊരു കാര്യവുംകൂടി ഈ അവസരത്തിൽ ഞാൻ പറയുവാൻ ആഗ്രഹിക്കുന്നു. ഫാക്ടറികളെല്ലാം അടച്ചുപൂട്ടിയിട്ടിരിക്കുന്ന ഈ സന്ദർഭത്തിൽ ഒരു റിസർച്ചു് ഇൻസ്റ്റിട്യൂഷൻ നമുക്കു് ആവശ്യമാണു്. ആവശ്യമായ വളം ശേഖരിക്കേണ്ടതാണു്. മണ്ണിന്റെ ഗുണം നോക്കിവേണം വളം ചേക്കുവാൻ. എല്ലാ മണ്ണിനും ഒരുപോലെയുള്ള വളമിടുന്നതു ശരിയല്ല. ഇത്രയും പറഞ്ഞുകൊണ്ടു് ഈ ബഡ്ജററിനെ പയ്യാലോചിക്കണമെന്നു് ഞാൻ ഈ സഭയോടു അഭ്യത്ഥിക്കുന്നു.

Shri N. A. Noor Muhammad : Sir, the Budget speech of the Hon'ble Finance Minister has evoked sharply opposite and bipolar reactions. One section of the House hails it as the best budget possible with the available resources in the best interests of the people in the context of the present set of circumstances. But there is another section which would say that the budget speech of the Finance Minister is more a catalogue of the achievements of the Congress Government than a real budget speech and that the real budget part of the same contains nothing but platitudes and solatiums which do not carry the State anywhere near the achievement of the cherished goal of a welfare state.

But a careful scrutiny of the Budget proposals would convince anyone about the earnestness of the Finance Minister and the Government that he has the privilege to represent, to do the utmost good to the people of the country at this particular juncture. All the Finance Ministers in the whole of India have been confronted with the inevitable and unpalatable phenomenon of dwindling resources and increasing expenditure. Travancore-Cochin is not only not an exception to the rule but the problem here is more aggravated because of the peculiar conditions prevailing here.

The general buoyancy of revenues that was experienced during the war boom has all gone; and the trends in the post war period have intensified the gap between income and expenditure. Coupled with this is the rising tempo of expenditure in conformity with the third phase of development envisaged by the Five Year Plan. We have surrendered to the centre all the elastic sources of revenue. The income from main head of our state revenues remain either static or register a fall.

But because of the Federal Financial Integration we are entitled to get revenue gap grant from the Centre to the extent of 280 lakhs. But loss resulting from the immediate abolition of internal customs duties in Travancore must be borne by the State and would not be compensated. The Finance Commission has recommended that Travancore-Cochin is to receive 2.5 per cent of the divisible pool of Income Tax and 2.68 per cent. of the divisible pool of Union duties on Excise, on tobacco, matches and vegetable products. Under Article 275 (1) we are getting an annual grant of 45 lakhs. The revenue gap grant and the special grant put together are not sufficient to meet our urgent needs. Clause 7 of the Federal Integration Agreement provides that the scheme does not preclude the Government from approaching the Government of India for financial assistance on the merits of the case, with reference to the initial difficulties. The Finance Commissions has laid down the following conditions for the issue of special grant-in-aid.

(*a*) deficiencies of state revenues.

(*b*) importance of augmenting of welfare services and development projects.

(*c*) developing some activities which reduce unemployment and increase other social service measures etc.

(*d*) the needs of Financial Integration, and

(*e*) Primary Education.

Judging from each of these factors, it is but legitimate to expect enough special grant-in-aid to augment our revenues.

Under Article 273, Part A States like Assam, Bihar, Orissa and West Bengal are allowed grant-in-aid in lieu of their shares of export duty on jute and jute products. Likewise it is but just and proper on our part also to expect a share on the export duty on our monopoly products like pepper, ginger, cardamom, etc.

The hon. Finance Minister has explained how his attempts to convince the Centre to give us special grants-in-aid in view of the dire need to augment our expenses. His cry has proved to be a cry in the wilderness. Now it is the term of the 109 Members of the House to cry hoarse, so that it may be reverberated to the Centre so as to awaken them to the imperative necessity of speedily augmenting our resources so as to enable us to keep pace with the rest of India in the onward march of progress.

The Finance Minister has given due prominence to the food problem. Not only that our State is a grossly deficit State but a big slice of the revenue of our State we have to spend to keep the price of food-stuffs at a reasonably low level. If only we can step up local production to that extent, we can reduce our dependence on outside help but also divert the subsidy amount for urgent nation-building activities. We have therefore to resort to both intensive and extensive cultivation. Nanjinad is one of the rice-producing areas in the State. The problem that is confronting the agriculturists there is not one of intensive or extensive cultivation but one of keeping up the present level of cultivation, of fighting against the vagaries of nature and of securing adequate supply of water for cultivation.

The people of the south are grateful to the Government for the timely help that they rendered by installing the pumping system at Pechipara at a cost of Rs. 120,000. I cannot for a moment agree with the view expressed by the Member for Nagercoil that not a single grain of paddy was saved or produced consequent on this experiment.

The statement by the hon. Member from Nagercoil, to say the least is simply preposterous. Either that would have been prompted by malice or would have been born out of ignorance of the real conditions obtaining there. On the other hand, thousands of acres have been benefitted by this scheme. The people of the south feel this pumping system should form a permanent feature and that from 6 pumps the number has to be raised to 12. If this is done, it is possible to provide much needed help to the agriculturists in times of drought. There is about 42 feet of water below sill level in Pechipara and the quantity available is 242 million cub. feet of water. If 12 pumps work, it would be possible to give 3 ft. of water in L. P. C. That means it would be possible to give 2 ft. of water on all the 4 channels. Thus it would be possible for us to avert conditions of drought.

Sir, now I wish to refer to the minor irrigation works in South Travancore. There are a few minor irrigation works which our Government would do well to investigate and complete so as to give relief to the Pechipara scheme. Poikai scheme near Aramboli, Mambazhathanayar and Pannivaikal near Veli Malai, Pamboorivaikal, have all been investigatedalong with the Kodayar project. If only these are proceeded with, people of those localities need not depend much upon Pechipara water. Government may also investigate the possibility of harnessing the waters that go waste in the Valliyur and Kuzhithuraiyar by lift system.

In the Thengamputhur Pakuthy there are about 10,000 acres of sandy tract extending from Manakudi to Dharmapuram. The water there is brakish and during summer even that water is not available. Cocoanut garden will have to be watered at heavy cost and during seasons of drought cocoanut trees die out. For the last 35 years they have been representing to Government to extend the Champakakolam channel to Thengamputhur. The channel has already been cut. It covers 8 miles and 3 furlongs. Water is supplied up to 5 miles. If the Athikadai and Thengamputhur channels are extended to meet the Chempakulam channel there would be adequate supply of water. I would therefore urge upon the Government to devote more attention to this scheme.

A word has to be mentioned about the deepening of the tanks in South Travancore. Much has already been said here regarding the necessity of deepening of tanks. Even before the inauguration of the Kodayar project the fields in the South depended entirely on these tanks. I heard the Chief Minister say the other day that there was a scheme for deepening these tanks and the work in some was completed. The work so far done is far from satisfactory. What is done is that the mud taken from the bed is put on the bund

[Shri A. N. Noor Mohamed.]

and during the next rainy season it would be washed into the bed again. Nobody except the contractor is benefited. No permanent benefit accrues to the ryots. Therefore there is the urgent necessity for improving on the present system.

I regret to note that our Government have not attempted to explore a potential source of revenue, *viz.*, the encouragement of tourist traffic. There are a good number of countries in the world which derive a big slice of revenue from tourist traffic. We would simply marvel at the convenience and comfort the tourists get in other countries. People who travel would be tempted to go there over and over again. In Travancore-Cochin too there is a good prospect for organising tourist traffic. Our State is rich in natural bounties and it has its magnificient historical and religious places of importance. Our backwaters and pilgrim centres are world famous. If only we could provide the necessary amenities much money would flow into our State. It is true that we have a Tourist Bureau. I do not think that works properly. The convenience that we get is far from satisfactory. Any foreigner travelling in our buses would resolve to travel in it no longer.

I would like to say a word about our Coach Service. When the ordinary fare between Trivandrum and Nagercoil is Rs. 1—6—0 by the express it is Rs. 2—1—0. The fare by the coach is Rs. 3—1—0 Naturally we would expect much more convenience in the coach. But that is an old rickety bus worse than the ordinary one. I asked the minister for Transport about it. He told me that it was intended for the big Gujaratis and Marvaris. He asked me whether I would be satisfied if a bus hostess was provided in the coach as we have in the planes to distribute sweets to the travellers. We would not be satisfied by providing one hostess in the coach. The entire State and the public should act as a hostess to the tourists so that more and more of them may come to our State bringing in more and more money into our coffers.

A condition precedent for the development of toursit traffic is the extension of railways in the State. It is a matter for gratification that our Government has succeeded in getting sanction for having a railway link between Quilon and Ernakulam. The railway extension in our State would not be complete unless Railway link is effected between Trivandrum and Nagercoil. The people in the South would stand to gain a lot if Trivandrum is connected with Nagercoil and Nagercoil with Tinnevelly by railway. Travancore is industrially undeveloped and such a railway link would give a fillip to the industrial and commercial regeneration of South Travancore.

Railway budget shows a good surplus income and it is time that attention is diverted to South India. There is a general complaint that the needs of South India have not been paid heed to by the Railway Ministry. Members of South Travancore expect and hope that our Government would constantly urge on the Railway Ministry to see that early steps are taken to effect the link between Nagercoil and Trivandrum.

Shri E. P. Varghese : The hon. Finance Minister has presented a deficit Budget to the extent of over Rs. 14 lakhs. Last year he presented a surplus budget of over Rs. 4 lakhs. But the expected surplus Budget was turned into a deficit Budget of Rs. 9 lakhs. Perhaps this deficit Budget will turn out to be a surplus budget at the end of the year. Anyhow, it matters very little, whether it is a surplus or a deficit budget. A surplus budget is not a consumation to be devoutly wished for in budgeting. The question is whether the provisions made in the budget are spent for the creation of a welfare State. Sir, the introduction of this budget has disclosed one thing : that among the vernacular papers there are budget prophets. One of our Malayalam dailies, with very great accuracy, prophesied that it will be a deficit budget to the extent of 14 lakhs. We are proud to have budget prophets along with weather prophets. Probably the Editor is a descendant of the Prophet. The Finance Minister's Budget speech introducing the budget for this year was a deviation from the ordinary budget speeches. It has shown that he is a Parliamentarian, a demagogue and an advocate. He has marshalled the facts like an advocate to win his purpose, to carry conviction to this House. He has first dealt with a non-controversial subject, that is food production and food problem in our State. He has canvassed our sympathy by saying that our resources are being drained by buying the food grains at heavy price and selling them at low price. He has appealed to do our best to increase food production ; and until and unless we strive our best to increase the food production there will be a constant drain on our resources and most of the money which should be utilised for the development of our country will be diverted to supply the essential food grains.

He has also suggested means for increasing the food production. There are many irrigation schemes which the Government have planned and started. By improvement of agriculture, also by improved seeds and supply of manure they hope to increase food production. Then he has dealt with the industrial situation especially the depression in the coir industry and measures to relieve that industry. There is a proposal to aid industries this year by setting apart Rs. 7 lakhs and through the Industrial Financial Corporation. Then he goes on to

[Shri E. P. Varghese.]

the ways and means by which all these schemes have to be worked. There is very little of additional taxation except betterment tax to the extent of Rs. 6 lakhs. Even this has been condemned by some of the hon. Members of the House. We cannot have democracy and a Welfare State without resources. One of the ways and means of finance is taxation. There is also grants-in-aid and subsidies from the Centre. I, for one, am reluctant about receiving subsidies from the Centre for that will curtail our freedom. We are after all a unit in a Republic and we should be reluctant to go in for loans and subsidies from the Centre. One thing I find is that our dependance on the Centre has not in any way diminished though we are an independent State. When Viceroys ruled, from New Delhi they used to dictate. There is that feeling of subordination even now. There is a feeling of inferiority complex. We feel that we are dependant. To get over that we must become self-sufficient as far as possible. We must remind the Centre that we are a unit in a Federation and not a Dependant State. We have not advanced much in food production. There have been many schemes. There is the Grow-More-Food Campaign. But I do not find any appreciable increase in food production. Last year we budgeted for more than 2 crores of rupees for food supplies. This year the amount is not in any way less, but a little more. In spite of the large amount of money that we are spending for grow-more-food campaign we have not appreciably advanced in that direction. There is something wrong somewhere. There is some wastage, some leakage or mismanagement somewhere. This must be found out. There is no use of pouring water in a leaky vessel.

When I come to the scheme of irrigation which is primarily meant for the development of agriculture which affects our food problem, I find that there is one remarkable feature. There are six major schemes ; 3 in the North, 2 in the South and 1 in the Centre. This is an indication of the administration that we are having in this country. The Party in Power has to keep the North and the South in good humour. Otherwise they will find it difficult to get on. We hear a lot of complaints from the North and the South. When I say North I mean the Cochin area, and by South the Tamil Nad area. We in the centre are in a buffer state. We get nothing. The middle man generally ought to get a good profit. But we in the middle get very little. Out of the 6 schemes 3 are in the North and 2 in the South. If you go into other things also you find the same thing. Government have to keep people of these places in good humour so that they may not break. The Medical

Practitioners' Bill before this House was an indication of the same. It was argued by the Tamil Nad members with all their weight that there should be a separate council for the Siddha system of treatment. This House rejected it. But the Cochin representatives moved for a very unreasonable amendment which many of us opposed as it was quite unreasonable. But still the Government agreed to the amendment and voted and passed. That shows that weightage is with Cochin though much is said about Tamil Nad. I think Tamil Nad is more sinned against than sinning. Weightage still remains with the Cochin area. They can have any unreasonable demand acceded to by the Government. Sir, it is said that sometimes Travancore officers do not get justice. But in spite of that we do not make any complaint. "Patience is the badge of all our tribe." But all the complaints come from the Cochin area and the Tamil Nad. Perhaps this is an adoption of the policy that offensive is the best form of defence. We must be fair to all. We are living in Democracy. Every one must have equal opportunity. Public money should not be spent in particular areas alone. I do not say that it should not be spent in particular places. Out of the 6 schemes 3 are in the North and 2 on the South. Still there is complaint.

ശ്രീ. കെ. ബാലകൃഷ്ണ മേനോൻ: കൊച്ചിയിലുള്ള ഈ മൂന്നു സ്കീമുകളും ഏതുകാലത്തെല്ലാം ആണ് നടപ്പിൽ വന്നതെന്നു പറയാമോ?

Shri E. P. Varghese : Still the money that is now spent for these schemes are of this integrated State. I have hardly 15 minutes. There are other instances also. I have been pointing out only two instances, they are, the Medical Practioners' Bill and the Irrigation Scheme. I have pointed out these to show that the Ministry has to bend this side and that side to avoid a break. It may be said that when Cochin members catch cold the Chief Minister develops a bronchitis and heruns to the dry South for relief. The Tamil Nad does not let go this opportunity. The Tamil Nad people take advantage of the situation, they make hay while the sunshines. There are groups like this and in between comes the people in the centre who get nothing. If this sort of parochalism is allowed to continue we of this State with all our talents, educational advancement and industrial resources will not be able to take a foremost place among the Indian States ; a place we rightly deserve.

The hon. Finance Minister has pointed out that the Financial agreement entered into with the Centre is not satisfactory. He seems to lodge a complaint. We lost the land customs, we do not get concession for our monopoly products such as pepper, ginger, cardamom, etc., while Assam, Bihar, Orissa and West Bengal are compensated for the jute they export. We heard a lot of complaints from other members also on this matter.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഇന്നത്തെ ധനകാര്യ മന്ത്രിയും, പ്രധാനമന്ത്രിയുംകൂടിയാണു് ഈ കരാറുകൾക്കു വേണ്ട നടപടികൾ നടത്തിയിട്ടുള്ളതെന്നു അറിയാമോ?

ശ്രീ. ഈ. പി. വർഗ്ഗീസ്: നല്ല നിശ്ചയമില്ല.

The other day one of the hon. Members in the Parliament submitted a memorandum to the Prime Minister of India. He was condemning the integration of the States. He even predicts that by 1960 this State will disappear, will perish. That is the sort of propaganda that our representatives are having in the Centre. They say that nothing good can come out of Travancore. Instead of pulling together, they are pulling in opposite directions. After all India is going through a revolutionary change. We are having a great experiment. Many of the Indian States have vanished, they have been grouped together. Travancore and Cochin have also been merged. Neither State wanted this integration ; but the makers of New India planned it and we have been yoked together by the architects of our nation. Let us plough the field of our State into prosperity.

Sir, another thing I want to mention about the administration. Why not the able Ministers exercise some control over the administration ? How is it that they cannot enforce some kind of discipline over the rank and file. Let me just examine the talents that compose the Ministry. I have already stated that the hon. Finance Minister is a combination of a demagogue, a parliamentarian and an advocate. On his right is the fiery Minister for Forest and Revenue. As if to counteract this there is on the left the calm, cool,collected, calculating Home Minister. Behind is the gentle Medical Minister, slow and steady as the Ayurveda. There is the Minister for Local Self Government, very anxious nay in a hurry to establish that a Harijan's hands too "the rod of Empire might sway." There is the Minister for Works, a rare combination of diplomacy and straight-talking. This talented team is co-ordinated and led by honest John. Why not such a Ministry enforce a better control over the Party; a stricter enforcement of discipline over the service and a more expeditious disposal of things. The Finance Minister has stated that the Government are trying to direct their activities with the ideal of a Welfare State in view. I find that he has attempted to budget towards this ideal within the resources of our State. That is why I support the Budget. I congratulate you the hon. Minister for Finance. It is said that the panacea for all the evils is a re-election. They are saying that they have won in the Municipal elections. Have they studied facts? In the last Municipal elections the Congress Party has secured only 47.7 per cent of the seats. Even if Tamil Nad too is counted the Government got only 51 per cent.

One word more, Sir ; let us realise that we are the members of the Legislature of a Republic, not the old legislators under a monarchy. We are the chief factor or unit in the administration of this State. We have a very great responsibility in the welfare of the State. When we criticise the Government it should not be taken that we do so for the sake of pleasure of criticising. It is not enough to meet our criticisms by false arguments and refuse to respond under a false sense of prestige. We are all human beings ; we are liable to err. There is nothing demeaning in correcting our mistakes. I, for one, will have greater respect for those who correct their mistakes than for those who justify everything under a false sense of prestige. This Ministry has begun well. It is hoped that you will do better. May God grant us light and strength to guide our State from prosperity to prosperity.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സർ, ബഹുമാനപ്പെട്ട ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ള എല്ലാ കാര്യങ്ങളെപ്പററിയും പരാമർശിക്കാനുള്ള സമയം എനിക്കില്ല. വികസനപദ്ധതികളുടെ അത്ഭുതകരമായ വളർച്ചയെപ്പററി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററുപ്രസംഗത്തിൽ വിസ്തരിച്ചിരിക്കുന്നു. ഇത് വികസനപദ്ധതികൾക്കെല്ലാം നിദാനമായി ആ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത് പഞ്ചവത്സരപദ്ധതിയാണ്. പഞ്ചവത്സരപദ്ധതിയെപ്പററി മററു ചില മെംബറന്മാർ ഇവിടെ പരാമർശിക്കയുണ്ടായി. ആ അവസരത്തിൽ കാൺഗ്രസ്സ് ഇത്തരം നിർമ്മാണപരമായ പദ്ധതികളെ സംബന്ധിച്ചു ഞങ്ങളിൽനിന്നും പ്രതീക്ഷിക്കുന്നതു വിമർശനമല്ലെന്നും പ്രത്യുത നന്ദിയാണെന്നും പ്രസ്താവിക്കയുണ്ടായി. അതുകൊണ്ട് ഈയവസരത്തിൽ ഞാൻ ആ പദ്ധതി തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം എത്രമാത്രം പ്രയോജനപ്രദമാണെന്നു പരിശോധിക്കുന്നതിനു മാത്രമെ തുനിയുന്നുള്ളു. പഞ്ചവത്സരപദ്ധതിയെപ്പററി പൊതുവെ ഞങ്ങൾക്ക് ചില ആക്ഷേപങ്ങളുണ്ട്. അതായത് നമ്മുടെ പൊതുവായതും മൗലികമായതുമായ സാമ്പത്തിക പ്രശ്നങ്ങളെ സംബന്ധിച്ചിടത്തോളം ഈ പദ്ധതി മൗനം അവലംബിച്ചിരിക്കുന്നുവെന്നുള്ളതാണ് ഞങ്ങളുടെ പ്രധാന ആക്ഷേപം. ഒരു ശരിയായ ഭൂവുടമപരിഷ്കരണംമൂലം വ്യവ. ശതമാനത്തോളംവരുന്ന കൃഷിക്കാരെ മോചിപ്പിക്കാനുള്ള യാതൊരു സംരംഭവുംതന്നെ ഈ പദ്ധതിയിലില്ല. നാട്ടിനെ വ്യവസായീകരിക്കുന്നതിനുള്ള യാതൊരു പദ്ധതിയും ഇതിൽ കൊള്ളിച്ചിട്ടില്ല. അതുപോലെതന്നെ വിദേശമൂലധനത്തിന്റെ പിടിപാടുകളിൽനിന്നും രാജ്യത്തെ രക്ഷിക്കാനുള്ള പദ്ധതിയും ഇതിൽ കാണുന്നില്ല. അതെയവസരത്തിൽ സാമാന്യജനങ്ങളെ സംബന്ധിച്ചിടത്തോളം കൂടുതൽ നികുതിഭാരം ഈ പദ്ധതിയുടെ ഒരു അനിവാര്യഫലമാണെന്നു ഇതിന്റെ ഉടമക്കാർതന്നെ പറയുകയുണ്ടായി. അതുപോലെതന്നെ ഇൻഫ്ളേഷൻ ഒഴിവാക്കാൻ കഴിയാത്തതുകൊണ്ട് വിലക്കൂടുതൽ ഉണ്ടാകുമെന്നും ഇതിന്റെ ഉടമക്കാർ സമ്മതിക്കുന്നുണ്ട്. തൊഴിലാളികളെ സംബന്ധി

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ.]

ച്ചിടത്തോളം കൂലിയും ബോണസ്സും നിയന്ത്രിക്കൽ ഈ പദ്ധതിയുടെ ഒരു ഭാഗമാണ്. ഇങ്ങനെ സാമാന്യജനങ്ങളെ സംബന്ധിച്ചിടത്തോളം വിലക്കൂടുതലും നികുതിവർദ്ധനവും, തൊഴിലാളികളെ സംബന്ധിച്ചിടത്തോളം കൂലിയും ബോണസ്സുമൊക്കെ നിയന്ത്രിക്കലും അനുഭവപ്പെടുന്ന ഈ പദ്ധതിക്ക് ൨,൦൬൯ കോടി രൂപ ൫ കൊല്ലംകൊണ്ട് ചിലവിടുമ്പോഴും സാമാന്യജനങ്ങളുടെ പ്രതിദിനവരുമാനത്തിൽ ൩ പൈസയുടെ വർദ്ധനവുണ്ടാകുമെന്നു മാത്രമേ ഈ പദ്ധതി അവകാശപ്പെടുന്നുള്ളു. ഈ പറഞ്ഞ കാര്യങ്ങളിലേക്ക് മാത്രമല്ല ഞാൻ സഭയുടെ ശ്രദ്ധയെ ആകർഷിക്കാൻ ആഗ്രഹിക്കുന്നതു്. രണ്ടായിരത്തി അറുപത്തൊൻപതുകോടി രൂപ ചിലവിടുന്ന ഒരു അഖിലേന്ത്യാപദ്ധതിയിൽ തിരുവിതാംകൂർ-കൊച്ചിക്ക് ന്യായമായി ലഭിക്കേണ്ടതു് ലഭിച്ചിട്ടുണ്ടോയെന്നുള്ള വസ്തുതയിലേക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയെ ആകർഷിക്കുന്നതു്. പല കാരണങ്ങളാലും പ്രത്യേക പരിഗണന അർഹിക്കുന്ന ഒരു സ്റ്റേറ്റാണ നമ്മുടെ സ്റ്റേറ്റ് എന്നുള്ളതിനു സംശയമില്ല. സാമ്പത്തികസംയോജനം നടക്കുന്നതിനുമുമ്പ് പല വികസനപരമായ പ്രവർത്തനങ്ങളും ഈ സ്റ്റേറ്റിന്റെ വരുമാനംകൊണ്ടുതന്നെ ഇവിടെ നടത്തിവന്നിരുന്നു എന്നുള്ള വസ്തുത ധനകാര്യമന്ത്രി നിഷേധിക്കയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. വിദ്യാഭ്യാസം, ഗതാഗതം, വൈദ്യസഹായം എന്നീ കാര്യങ്ങളിലെല്ലാം ഈ സ്റ്റേറ്റ് ഇൻഡ്യയിലെ മറ്റേതു ഭാഗത്തെക്കാളും മുന്നണിയിലാണു നിന്നിരുന്നതു്. സാമ്പത്തികസംയോജനത്തോടുകൂടി നമ്മുടെ വർദ്ധിച്ചുകൊണ്ടിരുന്ന വരുമാനങ്ങളെല്ലാം കേന്ദ്രത്തിനു് അടിയറവയ്ക്കേണ്ടിവന്നു. ആ നിലയിൽ കേന്ദ്രത്തിന്റെ പ്രത്യേക പരിഗണനകൾ നമുക്കു കിട്ടണമെന്നുള്ളതു് ഒരു വെറും ന്യായം മാത്രമാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഏതെല്ലാം വരുമാനങ്ങളാണ്?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ഇൻകംടാക്സും, കസ്റ്റംസും.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു വർദ്ധിച്ചുകൊണ്ടിരുന്ന വരുമാനമാണോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അതെ.

ഇൻഡ്യയിൽനിന്നു കയറ്റുമതിചെയ്യുന്ന ചരക്കുകളിൽ എട്ടിൽ ഒന്ന് ഇവിടെയുള്ള ചരക്കുകളാണ്. ആ നിലയിൽ ഇൻഡ്യയ്ക്കു ഡാളർ സമ്പാദിച്ചുകൊടുക്കുന്ന ഒരു സ്റ്റേറ്റ് എന്ന തരത്തിൽ നാം പ്രത്യേക പരിഗണനകൾ അർഹിക്കുന്നുണ്ട്. ധനകാര്യമന്ത്രി പറഞ്ഞിട്ടുള്ള ചില കാര്യങ്ങളുടെ അടിസ്ഥാനത്തിൽ നോക്കിയാൽതന്നെയും, അതായതു് ജനസംഖ്യയുടെ വലിപ്പത്തെയും കൃഷിഭൂമിയുടെ കുറവിനെയും അടിസ്ഥാനപ്പെടുത്തി നോക്കിയാൽതന്നെയും ഒരു പദ്ധതി രൂപീകരിക്കുമ്പോൾ തിരുവിതാംകൂർ-കൊച്ചിക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ്. അതെല്ലാം പോകട്ടെ, ൩൫ കോടിയോളം ജനസംഖ്യയുള്ള ഇൻഡ്യയുടെ ഒരു ഭാഗമായ ൯൫ ലക്ഷത്തോളം ജനസംഖ്യയുള്ള നമുക്ക് ന്യായമായി കിട്ടാനുള്ളതു് കിട്ടിയിട്ടുണ്ടോയെന്നാണു ഞാൻ ചോദിക്കുന്നതു്. അങ്ങനെ ജനസംഖ്യയെ ആധാരമാക്കി നോക്കുമ്പോൾ അൻപത്തിമൂന്നരക്കോടി രൂപ തിരുവിതാംകൂർ-കൊച്ചിക്ക് പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെട

വേണ്ടിയിരുന്നുവെന്നാണ് എന്റെ വാദം. അതിനു പകരം ഇരുപത്തിയേഴുകോടി മുപ്പത്തൊന്നുലക്ഷം രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതായത് നമുക്കു ന്യായമായി കിട്ടേണ്ടതിന്റെ [illegible] ശതമാനം മാത്രമാണ് ഇന്നു നീക്കിവച്ചിട്ടുള്ളത്. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്നു നാം ആലോചിക്കേണ്ടതുണ്ട്. ആ റിപ്പോർട്ടിൽതന്നെ പറഞ്ഞിട്ടുണ്ട്:

"Planning in a democratic state is a social process in which, in some part every citizen should have the opportunity to participate."

ആ അടിസ്ഥാനത്തിലാണ് ഇതിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കി പ്രചരിപ്പിച്ചത്. ആ റിപ്പോർട്ടിൽതന്നെ പറയുന്നുണ്ട് പാർലമെന്റും സ്റ്റേറ്റുകളിലുള്ള പല നിയമസഭകളും പദ്ധതി ചർച്ചയ്ക്കു വിഷയമാക്കിയിട്ടുണ്ടെന്ന്. എന്നാൽ ഈ നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനോ ഇവിടെയുള്ള ജനങ്ങളുടെ അഭിപ്രായം ഉൾക്കൊള്ളാനോ ആ പദ്ധതിയിൽ ആവശ്യമായ വ്യതിയാനങ്ങൾ വരുത്തുന്നതിനോ ഇവിടത്തെ ഭരണകക്ഷി ശ്രമിച്ചിട്ടില്ല. അങ്ങനെ ശ്രമിച്ചിട്ടില്ലെന്നു മാത്രമല്ല, നമ്മുടെ താല്പര്യങ്ങളെല്ലാം വിസ്മരിച്ചുകൊണ്ട് കേന്ദ്രത്തിൽനിന്നു പറഞ്ഞതിനു ഏറ്റുമൂളുകയാണു ചെയ്തിട്ടുള്ളത്. ഈ പദ്ധതിയുടെ ഏറ്റവും വലിയ ബലഹീനതയായി ചൂണ്ടിക്കാണിക്കാനുള്ളത് വ്യവസായീകരണത്തിനുവേണ്ടി ആകെയുള്ളതിൽ എട്ടേകാൽ ശതമാനമാണു നീക്കിവച്ചിട്ടുള്ളതെന്നാണ്.. നമ്മുടെ സ്റ്റേറ്റിനെ സംബന്ധിച്ചിടത്തോളം നോക്കുമ്പോൾ അതിലേറെ ദയനീയമായ ഒരു ചിത്രമാണ് നമുക്കു കാണാൻ കഴിയുന്നത്. നൂറ്റിനാൽപതുകോടി മുപ്പത്തിമൂന്നുലക്ഷം രൂപ മൊത്തത്തിൽ നീക്കിവച്ചിട്ടുള്ളതിൽ നമുക്കു ന്യായമായി കിട്ടേണ്ടത് മൂന്നരക്കോടിരൂപയാണ്. എന്നാൽ കുടിൽവ്യവസായം ഒഴിച്ചുള്ള വ്യവസായങ്ങൾക്കായി നീക്കിവച്ചിട്ടുള്ളത് പതിനഞ്ചുലക്ഷത്തിഎൺപതിനായിരം രൂപയാണ്. ബഡ്ജറ്റ് പരിശോധിച്ചപ്പോൾ ഈ തുകയും പുതിയ വ്യവസായം തുടങ്ങാനല്ല നീക്കിവച്ചിട്ടുള്ളതെന്നു മനസ്സിലാക്കാൻ കഴിയുന്നു. കുണ്ടറയുള്ള സെറാമിക് ഫാക്ടറിയിൽ ഒരു ഇലക്ട്രിക്ക് ചൂളയുണ്ടാക്കുന്നതിനുവേണ്ടിയാണു ഈ തുക വച്ചിരിക്കുന്നത്. ഇവിടെ പദ്ധതിയനുസരിച്ചു തുടങ്ങുന്ന ഒരു പുതിയ വ്യവസായമായി essential oil extract ചെയ്യുന്നതിനുവേണ്ടി എൺപതിനായിരം രൂപ പദ്ധതിയിൽ കൊള്ളിച്ചിട്ടുണ്ട്. ഇതു എന്തു വ്യവസായമാണെന്നുതന്നെ എനിക്കു ശരിക്ക് മനസ്സിലായിട്ടില്ല. ഈ നാട്ടിലെ വ്യവസായീകരണത്തിന്റെ അത്യാവശ്യകതയെപ്പറ്റി ധനകാര്യമന്ത്രിതന്നെ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പ്രതിപാദിക്കുന്നുണ്ട്. അതേയവസരത്തിൽ വ്യവസായീകരണത്തിനു എന്തെങ്കിലും ഒരു തുക ഉൾക്കൊള്ളിക്കുന്ന കാര്യം വിസ്മരിച്ചിരിക്കുകയും ചെയ്യുന്നു എന്നു പറയാതെയിരിക്കാൻ നിവൃത്തിയില്ല. എന്റെ ഓർമ്മ ശരിയാണെങ്കിൽ ഹൈദ്രബാദിൽ രണ്ടുകോടി അറുപത്തെട്ടുലക്ഷം രൂപ വ്യവസായീകരണത്തിന് നീക്കിവച്ചിട്ടുണ്ടെന്നു പറയാൻ കഴിയും. നമ്മുടെ നാട്ടിൽ കോൺഗ്രസ്സ് ഭരണം തുടങ്ങിയശേഷം കേന്ദ്രത്തിലെ ആളുകളും ഇവരുമായിട്ടുള്ള നിത്യസമ്പർക്കംമൂലം ഇവിടെ തുടങ്ങേണ്ടതും പ്രോത്സാഹിപ്പിക്കേണ്ടതും കളിമൺ വ്യവസായമാണെന്നു തോന്നിയതുകൊണ്ടായിരിക്കാം.

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ]

൫൦ ലക്ഷം രൂപ അതിലേയ്ക്കുമാത്രം നീക്കിവച്ചതെന്നു ഞാൻ വിചാരിക്കുന്നു. കുടിൽവ്യവസായങ്ങൾക്കായി ൨൯ ലക്ഷം രൂപയാണു നീക്കിവച്ചിട്ടുള്ളതു്. ഈ ൨൯ ലക്ഷം രൂപകൊണ്ടു ഇവിടത്തെ കുടിൽവ്യവസായങ്ങളുടെ സ്ഥിതി ഒരുതരത്തിലും നന്നാക്കാൻ പര്യാപ്തമല്ലെന്നു ആൎക്കും മനസ്സിലാക്കാൻ കഴിയും. ഈ ൨൯ ലക്ഷം രൂപയിൽ ൰൮ ലക്ഷം രൂപ തകർന്നുകിടക്കുന്ന കയർവ്യവസായത്തെ പഴയപോലെ ഉദ്ധരിക്കുന്നതിനാണു്. കുടിൽവ്യവസായങ്ങളെപ്പററി പറയുമ്പോൾ അതിനെയററം ആക്ഷേപകരമായ ഒരു വസ്തുത ഇവിടെ കൈത്തറിനെയ്ത്തിനുവേണ്ടി ഒററക്കാശുപോലും നീക്കിവച്ചിട്ടില്ലാ എന്നുള്ളതാണു്. ഇൻഡ്യ ഒട്ടാകെ കൈത്തറി നെയ്ത്തിന്റെ ഉൽപ്പാദനം ഇന്നുള്ളതിന്റെ ഇരട്ടിയാക്കാനുള്ള ഒരു പദ്ധതിയാണു് പഞ്ചവത്സരപദ്ധതിയിൽ ആസൂത്രണം ചെയ്തിരിക്കുന്നതു്.

The House adjourned for lunch at 1 p. m. and reassembled at 2 p. m.

ശ്രീ എം. എൻ. ഗോവിന്ദൻനായർ: (തുടൎച്ച) സർ, കുടിൽവ്യവസായത്തിനുവേണ്ടി പഞ്ചവത്സരപദ്ധതിയിൽ നീക്കിവച്ചിട്ടുള്ള തുകയെപ്പററിയാണു് ഞാൻ സംസാരിച്ചുകൊണ്ടിരുന്നതു്. ആകെ നീക്കിവച്ചിട്ടുള്ള തുക ൨൯ ലക്ഷം രൂപയാണു്. അതിൽ ൰൮ ലക്ഷം കയർ വ്യവസായത്തിനുവേണ്ടിയാണെന്നു പറഞ്ഞു. പ്രതിവൎഷം ൯ കോടി രൂപയ്ക്കു വ്യാപാരം കയർ സംബന്ധമായി നടന്നുവരുന്ന അപ്പോൾ ൰൮ ലക്ഷം രൂപയിൽ ഈ വൎഷത്തേയ്ക്കു ൫൩ ലക്ഷം രൂപയുടെ സഹായംകൊണ്ടാണു് ഇന്നു സ്തംഭിച്ചിരിക്കുന്ന കയർവ്യവസായം പുനരുദ്ധരിക്കുന്നതിനു ശ്രമിക്കുന്നതു്. ഇതു ഈ പ്രശ്നത്തിനു പരിഹാരമുണ്ടാക്കാൻ ഒട്ടും മതിയാകുന്ന തുക അല്ലെന്നുള്ളതു വ്യക്തമാണു്.

മറെറാന്നു, കൈത്തറിവ്യവസായത്തെ സംബന്ധിച്ചിടത്തോളം പഞ്ചവത്സരപദ്ധതിയിൽ ഇന്നുള്ള ഉൽപ്പാദനം ഇരട്ടിപ്പിക്കുവാനാണു് പ്ലാൻ ചെയ്തിട്ടുള്ളതു്. അതിനനുസരണമായ സഹായങ്ങളും അതിനുവേണ്ടി കൈത്തറിനെയ്ത്തുകാൎക്കു ചെയ്തുകൊടുക്കുവാൻ പ്ലാനിൽ വ്യവസ്ഥയുണ്ടു്. എന്നാൽ ഇവിടത്തെ നെയ്ത്തുകാരെ സംബന്ധിച്ചിടത്തോളം അതിലേയ്ക്കു ഒരു പൈപോലും നീക്കിവച്ചിട്ടില്ല എന്നുള്ളതു വ്യക്തമായി കാണാവുന്നതാണു്. ബഡ്ജററിൽ കൈത്തറിനെയ്ത്തുകാൎക്കായി നീക്കിവച്ചിട്ടുള്ളതു് അൻപതിനായിരം രൂപയാണു്.

ഇനിയും നമ്മുടെ മുഖ്യമന്ത്രി പറഞ്ഞിട്ടുള്ളതു പഞ്ചവത്സരപദ്ധതിയിൽ കൃഷിക്കാരുടെ ആവശ്യത്തിനായി കൂടുതൽ സംഖ്യ നീക്കിവച്ചിട്ടുണ്ടെന്നാണു്. ഭക്ഷ്യക്ഷാമം കൂടുതൽ ബാധിച്ചിട്ടുള്ള സ്റ്റേററ് ഇതാണു്. ഈ രാജ്യത്തെ സ്വയംപൎയ്യാപ്തതയിലാക്കാൻ ആണു് ഉദ്ദേശിച്ചിരിക്കുന്നതെന്നു് അദ്ദേഹം പറയുകയുണ്ടായി. ഈ സ്റ്റേററിനെ സംബന്ധിച്ചാണു് അദ്ദേഹം ഈ സ്വയംപൎയ്യാപ്തതയുടെ കാൎയ്യം പറഞ്ഞതെങ്കിൽ അതു നിശ്ചയമായും തെററാണു്. ധനകാൎയ്യമന്ത്രിയുടെ കണക്കിൽനിന്നുതന്നെ കാണുന്നതു് ഇവിടെ ആകെ ആവശ്യമുള്ള എട്ടുലക്ഷത്തിഇരുപത്തയ്യായിരം

ടൺ അരിയാണെന്നാണ്. എന്നാൽ ഈ പദ്ധതി അനുസരിച്ചു ഒരുലക്ഷത്തി മുപ്പതിനായിരം ടൺ ആണ് ഇവിടെ കൂടുതലായി ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതു്. അതേയവസരത്തിൽ ൫ വർഷം കൊണ്ടുണ്ടാകുന്ന ജനസംഖ്യയിലുള്ള വർദ്ധനവും പരിഗണിക്കേണ്ടതായുണ്ടു്. ഇതെല്ലാം വച്ചു നോക്കുമ്പോൾ, നമ്മുടെ ആവശ്യത്തിന്റെ പകുതിപോലും ഉൽപ്പാദിപ്പിക്കാൻ സാദ്ധ്യമാകുന്നതല്ല എന്നുള്ളതാണു പരമാർത്ഥം.

പിന്നെ പഞ്ചവത്സരപദ്ധതിപ്രകാരം അഖിലേന്ത്യായടിസ്ഥാനത്തിൽ ൧൪ ഔൺസ് അരി വീതം വിതരണംചെയ്യാൻ സാദ്ധ്യതയുള്ളതായി പറയുന്നുണ്ടു്. എങ്ങിനെ വന്നാലും ഈ സ്റ്റേറ്റിനു യാതൊരു പ്രയോജനവുമില്ല എന്നും ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽനിന്നും വ്യക്തമാക്കീട്ടുണ്ടു്. കാരണം ഇൻഡ്യയുടെ പല ഭാഗങ്ങളിൽനിന്നു വില ക്കൂടുകന്നതിനാക്കാൾ അഭിപ്രായമാണ് വിദേശകമ്പോളങ്ങൾ എന്നു് അദ്ദേഹം സ്ഥാപിക്കുന്നുണ്ടു്. ഇതിനു കാരണങ്ങൾ എല്ലാം വിശദീകരിച്ചിട്ടുള്ളതുകൊണ്ടു് ഞാൻ എടുത്തു പറയുന്നില്ല. ഇപ്പോൾ പഞ്ചവത്സര പദ്ധതിയിൽ ഏററവും പ്രാധാന്യമർഹിക്കുന്നതു കൃഷിയാണു്. നമുക്കു ഏററവും പ്രധാനമായ ആഹാരകാര്യത്തെ സംബന്ധിച്ചിടത്തോളം ഇതു നമുക്കു പ്രയോജനപ്പെടുന്നില്ല എന്നുള്ളതാണു നേരു്. പഞ്ചവത്സരപദ്ധതിയുടെ രണ്ടുവർഷം കഴിഞ്ഞു. ഇതിനകം ഉൽപ്പാദനത്തിൽ എത്ര വർദ്ധനവുണ്ടായി. വർദ്ധനവിനു പകരം ഉൽപ്പാദനക്കുറവാണുണ്ടായിട്ടുള്ളതെന്നു കാണാവുന്നതാണു്. ഇതിനുള്ള കാരണങ്ങൾ ആരായുകയും പരിഹാരം കാണുകയും ചെയ്യാതിരുന്നാൽ പഞ്ചവത്സരപദ്ധതിപ്രകാരമുള്ള ടാർജററിൽ എത്തിച്ചേരുന്നതിൽ പരാജയപ്പെടുകയേയുള്ളു. ഇതേപ്പററി പറയുമ്പോൾ ഭക്ഷ്യകാര്യമന്ത്രി ഒരു വിശദീകരണം നൽകുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. അദ്ദേഹം പറഞ്ഞു ഇവിടത്തെ പ്രൊക്യൂർമെൻറുകൊണ്ടു ൩൦൦൦൦ ടണ്ണും കേന്ദ്രത്തിൽനിന്നും നാലുലക്ഷത്തി ഇരുപത്തിരായിരം ടണ്ണും കിട്ടിയപ്പോൾ നാലര ഔൺസ് റേഷൻ ഏൻ ൫ ഫ—ൽ കൊടുത്തു എന്നു്. എന്നാൽ ഇവിടെ നിന്നു പ്രൊക്യൂർ ചെയ്ത ൫൦൦൦൦ ടണ്ണും കേന്ദ്രത്തിൽനിന്നുള്ള സഹായമായി ലഭിക്കുന്ന നാലു ലക്ഷത്തിൽനിന്നും രണ്ടുലക്ഷത്തിതൊണ്ണൂററിമൂവായിരം ടണ്ണ് ആയി കുറഞ്ഞപ്പോൾ ൬ ഔൺസു കൊടുക്കാൻ സാധിച്ചു എന്നും പറയുന്നു. അതെങ്ങിനെയാണെന്നു പറഞ്ഞാൽ കൊള്ളാമായിരുന്നു.

അതുപോലെതന്നെ ഡെൽഹിയിൽനിന്നും തിരിച്ചുവന്നപ്പോൾ ധനകാര്യമന്ത്രി പോയകാര്യങ്ങൾ ഏറക്കുറെ വിജയമായിരുന്നു എന്നു പത്രങ്ങളിൽ വായിച്ചു. കഴിഞ്ഞവർഷംവരെ ൫.൭൭ കോടി നമുക്കു് സബ്സിഡി കിട്ടിയിരുന്നതു ഈ വർഷം രണ്ടു കോടിയായി എന്നുള്ളതു വ്യക്തമാണു്. ഈ ൫.൭൭ കോടിയും രണ്ടു കോടിയും തമ്മിൽയാതൊരു വ്യത്യാസവുമില്ലെന്നു അദ്ദേഹം പറയുമോ എന്നെനിക്കു നിശ്ചയമില്ല. അതുപോലെ ഇങ്ങനെ വ്യത്യാസം വന്നാൽതന്നെ ഈ ആഹാരസാധനങ്ങളുടെ വില കൂടുകയില്ലെന്നും നികുതി കൂടുകയില്ലെന്നും പറഞ്ഞാൽ കേന്ദ്രത്തിൽ നിന്നും ൪ കോടി രൂപ കുറവു വന്നിരിക്കുന്ന നിലയ്ക്കു നികുതി കൂട്ടാതിരിക്കാൻ സാദ്ധ്യമല്ലെന്നുള്ള വാസ്തവം ഞാൻ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. പഞ്ചവത്സരപദ്ധതിപ്രകാരം ഭവനനിർമ്മാണ പദ്ധതിയ്ക്കു് ൪൭ കോടി ൭൫ ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടു്. അതിൽ

[ശ്രീ. എം. എൻ. ഗോവിന്ദൻ നായർ]

നമുക്കു ന്യായമായി കിട്ടേണ്ടതാണെങ്കിൽ ഒന്നേകാൽക്കോടി രൂപ കിട്ടണം. എന്നാൽ നമുക്കനുവദിച്ചിട്ടുള്ളതു പ [illegible] ലക്ഷം രൂപയാണ്. ധനകാര്യമന്ത്രിയുടെ പ്രസംഗത്തിൽത്തന്നെ ജനപ്പെരുപ്പത്തെപ്പററിയും മററും പരാമർശിച്ചിട്ടുണ്ട്. ഹൗസിംഗ് ഇവിടത്തെ ഒരു പ്രധാന പ്രാബ്ലമാണ്.

പിന്നെ ലേബർ വെൽഫെയറിനുവേണ്ടി ൩ കോടി ൯൫ ലക്ഷം രൂപ നീക്കിവച്ചിട്ടുള്ളതിൽ ഒരു പൈപോലും ഈ സ്റ്റേററിനുവേണ്ടി നീക്കിവച്ചിട്ടില്ല. പ്രാജക്ടുകളെ സംബന്ധിച്ചു് അല്പംമുൻപു നടന്ന വാദപ്രതിവാദങ്ങളിൽ നിന്നും ചില കാര്യങ്ങൾ വ്യക്തമായിട്ടുണ്ട്. പഞ്ചവത്സരപദ്ധതിപ്രകാരം ഇപ്പോൾ ഉൾക്കൊള്ളിച്ചിരിക്കുന്ന പദ്ധതികൾ തിരുവിതാംകൂർ തിരുവിതാംകൂർ ആയിരുന്നപ്പോഴും കൊച്ചി കൊച്ചിയായിരുന്നപ്പോഴും ആവിഷ്കരിച്ചിട്ടുള്ള ചില പദ്ധതികളാണ്. അല്ലാതെ പുതിയതായി യാതൊന്നുമില്ല. അന്നു ആ ഗവണ്മെൻറുകൾ തന്നെ അവരുടെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അവ . യുടെ പണി പൂർത്തിയാക്കി എന്നുള്ള ധാരണയിൽ അവിടങ്ങളിൽ സംവിധാനംചെയ്തിട്ടുള്ള പദ്ധതികളാണ് ഇതു്. ഇങ്ങിനെ നോക്കുകയാണെങ്കിൽ ഈ പഞ്ചവത്സരപദ്ധതികൊണ്ടു നമുക്കുണ്ടാകുമെന്നു പറയുന്ന ഗുണങ്ങൾ ഉണ്ടാകുവാൻ പോകുന്നില്ലെന്നുള്ളതു നേരാണ്. അതേ അവസരത്തിൽ അതിന്റെ ഭാരം നാം താങ്ങുകയും വേണം. ൨൭ കോടി രൂപ ഇതിലേയ്ക്കു നീക്കിവച്ചിട്ടുള്ളതിൽ ൭ കോടിയാണ് കേന്ദ്രത്തിൽ നിന്നും കടമായി നമുക്കു ലഭിക്കുന്നതു്. ബാക്കി നാം ഉണ്ടാക്കേണ്ടതാണല്ലോ. അതിന്റെ ഭാരം നാം താങ്ങണം. അപ്പോൾ ഈ പഞ്ചവത്സരപദ്ധതികൊണ്ടു് കാര്യമായ ഗുണം നമുക്കു ഉണ്ടാകുമെന്നു തോന്നുന്നില്ല. സർ, ഇതു് ഒരു ഒററപ്പെട്ട സംഭവമല്ല.

ഈ ഗവണ്മെൻറ് അധികാരത്തിൽ വരുന്നതിനു മുൻപു് ഈ സംസ്ഥാനത്തെ വിദ്യാഭ്യാസം ഗതാഗതം മുതലായവ എല്ലാം ഇവിടത്തെ വരുമാനം കൊണ്ടുതന്നെയാണ് നിർവ്വഹിച്ചുപോന്നിരുന്നതെന്നുള്ളതു് എല്ലാവർക്കും അറിയാവുന്ന സംഗതിയാണ്. എന്നാൽ ഇപ്പോൾ അതു മതിയാകാതെ വരുന്നതു് എന്തുകൊണ്ടെന്നാൽ ഇന്നീ വരുമാനങ്ങൾ എല്ലാംതന്നെ കേന്ദ്രത്തിനു അടിയറവച്ചതുകൊണ്ടുമാത്രമാണ്. അതിനു ഉത്തരവാദികൾ ഇന്നിരിക്കുന്ന പ്രധാനമന്ത്രിയും ഇപ്പോഴത്തെ ധനകാര്യമന്ത്രിയും ഇപ്പോൾ സ്വസ്ഥമായിരിക്കുന്ന ശ്രീ. മാക്കോസുമാണ്. ഇവർ മൂന്നുപേരുമാണ് അതിലേയ്ക്കു കേന്ദ്രവുമായി ഇടപാടുകൾ നടത്തിയതു്. അതുപോലെതന്നെ കോൺസ്റ്റിററ്യൂഷനിൽ ഇതൊരു ബി. സ്റ്റേററാക്കിയതും ൩൭൧-ാം വകുപ്പിന്റെ പരിധിയിൽ ഈ രാജ്യത്തെ കൊണ്ടുവരുന്നതിനുമുള്ള ഉത്തരവാദിത്വവും ഇവർക്കു തന്നെയാണ്. പഞ്ചവത്സരപദ്ധതിയനുസരിച്ചു് നമുക്കു ന്യായമായി കിട്ടേണ്ട പ്രാതിനിധ്യം ലഭിക്കാതിരുന്നതിന്റെയും ഉത്തരവാദിത്വവും ഈ കാൺഗ്രസ്സ്മന്ത്രിമാർക്കുതന്നെയാണ്. പഴയകാലത്തു ദിവാൻജിമാരായ മി. വാട്ട്സും, മാധവറാവുവും മററും ഈ നാട്ടിനുവേണ്ടി ചെയ്തിട്ടുള്ള കാര്യങ്ങൾ നാം ഓർത്തുനോക്കുമ്പോൾ ഇവർ ചെയ്യുന്നതിനെപ്പററി എന്തു പറയാനാണ്? ഒന്നും പറയാതിരിക്കുകയാണ് നല്ലതു്. ഇവർ അധികാരത്തിൽ തുടർന്നുകൊണ്ടുപോകുന്നതു് രാജ്യത്തിനാപത്താണ്. ഇവരുടെ ഈ ബഡ്ജററ് അംഗീകരിക്കരുതെന്നു് ഈ സഭയോടു അപേക്ഷിച്ചുകൊണ്ടു ഞാൻ എന്റെ പ്രസംഗം നിറുത്തുന്നു.

<u>ശ്രീ. എൻ. രാജഗോപാലൻ നായർ</u>: സർ, ഈ വർഷവും നമ്മുടെ ധനകാര്യമന്ത്രി ബഡ്ജററ അവതരിപ്പിച്ചിട്ടുണ്ട്. ഒരു പ്രത്യേക അന്തരീക്ഷത്തിലാണ് ഈ വർഷം ബഡ്ജററ അവതരണംതന്നെ നടന്നതെന്നു എനിക്കു തോന്നിപ്പോകുന്നു. ഈ രംഗത്തിൽ ഒരു ബഡ്ജററ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ അദ്ദേഹത്തിനുതന്നെ വളരെ ചാരിതാർത്ഥ്യമുണ്ട്. കാൺഗ്രസ്സുപാർട്ടിയിലെ അംഗങ്ങൾ എല്ലാം അതിൽ ചാരിതാർത്ഥ്യം കാണിച്ചിട്ടുണ്ട്. കാൺഗ്രസ്സിന്റെ പത്രങ്ങൾതന്നെ ഈ ബഡ്ജററ വളരെ ചാരിതാർത്ഥ്യജനകമാണെന്നും ഇതിനെ വിമർശിക്കാൻ ആരെങ്കിലും കാണുമോ എന്നുംകൂടി സംശയം കാണിച്ചിട്ടുണ്ട്. ഈ ബഡ്ജററ ഇവിടെ അവതരിപ്പിച്ചതു ഒരു വലിയ നേട്ടമായിപ്പോയെന്നും പറയുന്നുണ്ട്. ഇതു ഇവിടത്തെ കാൺഗ്രസ്സുഭരണത്തിന്റെ ഒരു തുറപ്പുചീട്ടായി നമ്മുടെ മുൻപിൽ നില്ക്കുകയാണെന്നാണ്. നമ്മുടെ ബഹുമാനപ്പെട്ട ധനകാര്യമന്ത്രിക്കും, കാൺഗ്രസ്സ്കക്ഷി അംഗങ്ങൾക്കും ഇതിൽ ചാരിതാർത്ഥ്യമുണ്ടെങ്കിൽ എനിക്കും അതിൽ സന്തോഷമാണുള്ളതു്. പ്രതിപക്ഷകക്ഷിയിൽപ്പെട്ട ഒരംഗം ഇതേപ്പററി പറയുമ്പോൾ സന്തോഷമുണ്ടെന്നു പറയുന്നതിനു് കുറെ കാര്യങ്ങളുണ്ട്. ഈ ബഡ്ജററ അവതരിപ്പിക്കുന്നതിനു മുൻപു കുറെക്കാലമായി, അതായതു കഴിഞ്ഞ നിയമസഭാസമ്മേളനത്തിനുശേഷം, നമ്മുടെ നാട്ടിൽ കുറെ സംഭവങ്ങൾ നടന്നു. ഇവിടത്തെ രാഷ്ട്രീയകക്ഷികൾ തമ്മിലുള്ള ചില ബലപരീക്ഷണങ്ങളും, പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പും മററും നടത്തുകയുണ്ടായി. അവിടെയൊക്കെ വർഗ്ഗീയമായ വിഷം ചെലുത്തി കുറെ ആളുകളെ കൊള്ളിയെടുക്കുന്നതിനു് ഇന്നു ഭരിക്കുന്ന കക്ഷിക്കു കഴിഞ്ഞിട്ടുണ്ട്. അങ്ങനെ ബഹുജനങ്ങളുടെയിടയിലുള്ള സ്ഥാനം വർദ്ധിച്ചെന്നുള്ള വ്യാമോഹത്തോടുകൂടി കാൺഗ്രസ്സുഭരണത്തിന്റെ "ഒന്നാംതരം ബഡ്ജററ്" ആയി അവതരിപ്പിച്ചിരിക്കുകയാണ്. ഈ ബഡ്ജററ ജനങ്ങൾക്കു വളരെ പ്രയോജനകരമാണെന്നു വിശ്വസിച്ചുകൊള്ളും എന്നു പറയുന്നതിലാണു എനിക്കു സന്തോഷമുള്ളതു്. എന്തെന്നാൽ ഇതല്ലേ ഇവരുടെ കയ്യിലുള്ള എന്നോർത്തുള്ള സന്തോഷമാണ്. ഇതാണല്ലോ അവരുടെ തുറപ്പുചീട്ട്. ഈ ബഡ്ജററിനെ സ്വയം പുകഴ്ത്തുന്നതിൽക്കൂടി കാൺഗ്രസ്സ്ഭരണത്തിന്റെ ഗുണമെന്താണുള്ളതു് എന്നു നാട്ടുകാർക്കു് വിധിയെഴുതുവാൻ ഒരു അവസരം കിട്ടിയതുകൊണ്ടാണ് ഞാൻ പ്രധാനമായും സന്തോഷിക്കുന്നതെന്നു പറഞ്ഞതു്.

ഇവിടെ ഒരു പതിനാലു ലക്ഷം രൂപയുടെ കമ്മിബഡ്ജററ അവതരിപ്പിച്ചിരിക്കുകയാണ്. അതുതന്നെ ഒരു വിശേഷതയായി അവകാശപ്പെടുന്നു. അതിനു കാരണമായി പറയുന്നതു ഇപ്പോൾ നിർമ്മാണപ്രവർത്തനങ്ങൾക്കായി ധാരാളം പണം വിനിയോഗിക്കുന്നതുകൊണ്ടാണെന്നാണ്. കമ്മിബഡ്ജററ നമ്മുടെ നാട്ടിൽ ഒരു പുത്തരിയല്ല. ഒരു സർപ്ലസ്സ ബഡ്ജററായതുകൊണ്ടും നമുക്കു വലിയ മെച്ചമൊന്നുമില്ല. ഏതായാലും ഞാൻ അതിലേയ്ക്കു കടക്കുന്നില്ല.

സർ, തിരുവിതാംകൂറിൽ കഴിഞ്ഞ ൧൫ കൊല്ലത്തിനകം ഒൻപതു തവണ കമ്മിബഡ്ജററ അവതരിപ്പിച്ചിട്ടുണ്ട്. കൊച്ചിയിലും അതുപോലെ തന്നെ ൧൫ വർഷത്തിനകം മൂന്നു തവണ കമ്മിബഡ്ജററ അവതരിപ്പിച്ചിട്ടുണ്ട്. ഇതു ഒരു ൭ ലക്ഷം രൂപയുടെ കമ്മിബഡ്ജററാണെങ്കിൽ

[ശ്രീ. എൻ. രാജഗോപാലൻ നായർ]

അതിൽനിന്നും നാം മനസ്സിലാക്കേണ്ടതു ഇവിടെ യാതൊരു പുരോഗതിയും സാമ്പത്തികമായി ഉണ്ടായിട്ടില്ലെന്നാണ്. കഴിഞ്ഞ ബഡ്ജററ അവതരിപ്പിച്ചപ്പോൾ പ്രതീക്ഷയനുസരിച്ച വരവുണ്ടാകയില്ലെന്നു ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ആ പ്രവചനം സഫലമാകുകയുംചെയ്തു. ഈ ഒരു കൊല്ലത്തെ ഭരണത്തിന്റെ ഫലമായി ഈ രാജ്യത്തിനുണ്ടായിട്ടുള്ള പുരോഗതി എന്തെല്ലാമാണെന്നു നമുക്കൊന്നു പരിശോധിക്കാം.

കഴിഞ്ഞതവണ ബഡ്ജററ അവതരിപ്പിച്ച സന്ദർഭത്തിൽ പ്രതിപക്ഷത്തുനിന്നും പ്രതീക്ഷിച്ച അനുഭവങ്ങൾതന്നെയാണുണ്ടായിട്ടുള്ളതെന്നു ഇത്തവണത്തെ ബഡ്ജററ പരിശോധിച്ചാൽ കാണാവുന്നതാണ്. ൭൧൫ ലക്ഷം രൂപയാണ് ഇത്തവണ പ്രിൻസിപ്പൽ ഹെഡ്സിൽനിന്നും പ്രതീക്ഷിക്കുന്നതു്. മററ പ്രധാന വരവുകൾ ഇൻഡസ്ട്രീസ് ആൻറ സപ്ലൈസ് ഇനത്തിൽ നിന്നുമാണ്. ഇത്തവണ ൩൫ ലക്ഷം രൂപ എസ്റ്റിമേററ ചെയ്തതിൽനിന്നും കുറവായി കാണുന്നു. അതിനു ഒരു വിശദീകരണം ധനകാര്യമന്ത്രി പറയുന്നുണ്ട്. റായൽററീസ് ആൻ മിനറൽസ് എന്ന ഇനത്തിലുള്ള ൪൫ ലക്ഷം വരവ് മററ ഇനത്തിൽ കൊള്ളിച്ചതുകൊണ്ടാണ് ഈ കുറവെന്നു അദ്ദേഹം പറയുന്നു. എന്നാൽ ഇതിനിടയിലുള്ള ൨൦ ലക്ഷം രൂപ ഏതു നിലയിലാണു കുറവുവന്നതെന്നു അറിഞ്ഞുകൂടാ. കഴിഞ്ഞ ബഡ്ജററവർഷത്തിൽ നാല്പതു ലക്ഷം രൂപയോളം ഗവണ്മെൻറിന്റെ ഉടമസ്ഥതയിലുള്ള വ്യവസായശാലകളിൽ മുടക്കിയതിനുശേഷവും, ഗവണ്മെൻറ നേരിട്ടുനടത്തുന്ന ഈ വ്യവസായശാലകൾ വളരെ മോശമായ നിലയിലാണു നടക്കുന്നതെന്നു കണ്ടിട്ടു അതിനെ പുനഃസംഘടിപ്പിക്കുന്നതിനുവേണ്ടി നാല്പതുലക്ഷം രൂപ ചെലവാക്കിയതിനുശേഷവും വീണ്ടും ഇരുപത്തഞ്ചുലക്ഷം രൂപ കുറവുകാണുന്നു. അപ്പോൾ എവിടെയാണ് തകരാറെന്നു കണ്ടുപിടിക്കേണ്ടതായിരിക്കുന്നു.

മറെറാന്നുനോക്കാം. ഗവണ്മെൻറിന്റെ വ്യഗ്രത, ഗവണ്മെൻറ പണം മുടക്കി നടത്തുന്ന സ്വന്തമായ വ്യവസായശാലകളെ നന്നാക്കാനും അഭിവൃദ്ധിപ്പെടുത്താനുമല്ല മററ കമ്പനികളിൽ ഷെയർ എടുക്കുന്നതിലാണ് കൂടുതലായി കാണുന്നതു്. മുടക്കിയിരിക്കുന്ന തുകയ്ക്കു ന്യായമായ ആദായം കിട്ടത്തക്കനിലയിൽ ഗവണ്മെൻറിന്റെ സ്വന്തവ്യവസായശാലകളെ നന്നാക്കാനും വരവു വർദ്ധിപ്പിക്കാനും ഗവണ്മെൻറ ശ്രദ്ധിക്കുന്നില്ല. ൭൭ ലക്ഷം രൂപയാണ് മററ കമ്പനികളിൽ ഇങ്ങനെ ഷെയർ എടുക്കുവാനായി ഗവണ്മെൻറ ബഡ്ജററിൽ കൊള്ളിച്ചിരിക്കുന്നതു്. മററ കമ്പനികളിൽ ഷെയർ എടുത്തു ലാഭമുണ്ടാക്കുവാനുള്ള ഒരാഗ്രഹംകൊണ്ടാണോ ഇതു്? അതോ, നമ്മുടെ കഴിവുകളെ നന്നാക്കണമെന്നു ഗവണ്മെൻറിനു ഉദ്ദേശമില്ലേ? ഏതായാലും ധനകാര്യമന്ത്രി ഇതേ സംബന്ധിച്ച ഒരു ഒരു വിശദീകരണം നൽകേണ്ടതാണ്.

ഇനി നമുക്കു ഗവണ്മെൻറിന്റെ ഇൻഡസ്ട്രിയൽ ലോൺസു ആൻറ അഡ്വാൻസസ് എന്ന കാര്യത്തിലേയ്ക്കു കടക്കാം. ൧൧൨൫-൨൬ മുതൽ ക്രമേണ അതു കുറഞ്ഞുവരുന്നതായി കാണുന്നു. ൧൧൨൬-൨൭-ൽ ഈയിനത്തിൽ ൨൪ ലക്ഷം രൂപ ഉണ്ടായിരുന്നതു, ൧൧൨൭-൨൮-ലെ ബഡ്ജററ എസ്റ്റിമേററംപ്രകാരം ൪൫ ലക്ഷം രൂപയും, റിവൈസ്ഡ് എസ്റ്റിമേററംപ്രകാരം ൪൮ ലക്ഷം രൂപയും ഇത്തവണത്തെ ബഡ്ജററ എസ്റ്റിമേ

ററിൻപ്രകാരം ൫൨ ലക്ഷം രൂപയും ആയിരിക്കുകയാണ്. ഈ പലിശ ഇങ്ങനെ ക്രമേണ കുറഞ്ഞുവരുവാനുള്ള കാരണം കഴിഞ്ഞ തവണത്തെ ബഡ്ജററ്സമ്മേളനത്തിൽനിന്നെ ആവശ്യത്തപ്പെട്ടിരുന്നതാണ്. കടം കൊടുത്തിരുന്ന പണം മടക്കിത്തന്നതുകൊണ്ടാണ് പലിശ കുറഞ്ഞുവരുന്നതെന്നു പറയാമെങ്കിലും അതിൻെറ സൂക്ഷ്മവശത്തിലേയ്ക്കു ഇത്തവണയെങ്കിലും ധനകാര്യമന്ത്രി കടക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അവർകൾ അദ്ദേഹത്തിൻെറ ബഡ്ജററ അവതരിപ്പിച്ചുകൊണ്ടുചെയ്ത പ്രസംഗത്തിൽ, അതു അവതരിപ്പിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായ വളരെയേറെ പാടും പരാധീനതയും വിവരിക്കുകയുണ്ടായി. ആഹാരകാര്യത്തിൽ വളരെ ബുദ്ധിമുട്ടുകയുണ്ടായി എന്നും, വെളിയിലുള്ളവരെ ആശ്രയിച്ചാണു അതിലേറെ കേന്ദ്രഗവണ്മെൻറിൻെറ സഹായത്തെ ആശ്രയിച്ചാണ് അവിടത്തെ മന്ത്രിമാരുടെ ദയവുകൊണ്ടാണ് ഇന്നത്തെ റേഷൻ നിലനിറുത്തിക്കൊണ്ടു പോരുന്നതെന്നും അദ്ദേഹം പറഞ്ഞു. സർ നമ്മുടെ നാട്ടിലെ ആഹാരസാധനങ്ങൾ കഴിവുള്ളതു മുഴുവൻ വിളയിപ്പിക്കുന്നില്ല എന്നാണു എൻെറ പരാതി. നമ്മുടെ നാട്ടിൽ വയലുകളില്ലാഞ്ഞിട്ടല്ല. സ്ഥലങ്ങളില്ലാഞ്ഞിട്ടല്ല, കൃഷിക്കാരില്ലാഞ്ഞിട്ടുമല്ല. പിന്നെ എന്തുകൊണ്ടാണു ഇവിടെ വേണ്ടത്ര വിളവു വർദ്ധിക്കാതിരിക്കുന്നതു? കരി നിലങ്ങളും, കാടുകളും, കായലുകളുമൊക്കെ ഗവണ്മെൻറ പതിച്ചുകൊടുക്കാറുണ്ടു്. എന്നിട്ടും എന്തുകൊണ്ടു കൂടുതൽ വിളവു ഉണ്ടാക്കുവാൻ കഴിയുന്നില്ല? ഈ നാട്ടിലുള്ള എല്ലാവർക്കും ഒരു വർഷത്തേയ്ക്കു കൊടുക്കുവാൻ ആവശ്യമായ ആഹാരസാധനങ്ങൾ ഇവിടെ വിളയിച്ചെടുക്കാമെന്നു ഞാൻ പറയുന്നില്ല. പക്ഷെ, ആ ലക്ഷ്യം മുന്നിൽവച്ചുകൊണ്ടു പടിപടിയായി വിളവിൻെറ അഭിവൃദ്ധി കൈവരുത്തുവാൻ നമുക്കു സാധിക്കുന്നതാണ്. ഇവിടത്തെ ആഹാരകാര്യത്തിൽ ക്രമോന്നതമായ അഭിവൃദ്ധി സമ്പാദിക്കുവാൻ പര്യാപ്തമായ കാര്യമായ ശ്രമങ്ങൾ ഗവണ്മെൻറ ഇതുവരെ കൈക്കൊണ്ടിട്ടില്ലെന്നു പറയാതെ തരമില്ല. അതുതന്നെയാണു നമ്മുടെ ആഹാരകാര്യത്തിൽ വന്നിട്ടുള്ള തകരാറുകൾ. ഏതുകാര്യത്തിലായാലും അനുകരണവിഷയത്തിൽ നമ്മുടെ ഗവണ്മെൻറ വളരെയേറെ വിജയിച്ചിരിക്കുകയാണ്. മദ്രാസ്സിൽ എൻ. ജി. ഓ. മാർക്ക് ചില സൗജന്യങ്ങൾ ചെയ്തു. ഇവിടെയും ചില സൗജന്യങ്ങളൊക്കെ ചെയ്തുകൊടുക്കുവാൻ തയ്യാറായി. മദ്രാസിൽ ൫൦ രൂപയായിരുന്ന പരീക്ഷാഫീസ് ൭൦ രൂപയാക്കി വർദ്ധിപ്പിച്ചു. ഇവിടെയും വർദ്ധിപ്പിച്ചു. ഇവിടെ പരീക്ഷാഫീസു എന്തുകൊണ്ടു വർദ്ധിപ്പിച്ചു. അതിനുള്ള കാരണം എന്താണെന്നു ചോദിച്ചപ്പോൾ മദ്രാസ്സിൽ ൭൫ രൂപയാക്കി വർദ്ധിപ്പിച്ചുവെന്നാണു മറുപടി. എന്നാൽ മററ ചില സംസ്ഥാനങ്ങളിൽ ൫൦ രൂപയിലും കുറഞ്ഞ പരീക്ഷാഫീസു ഏർപ്പെടുത്തിയിട്ടുണ്ടു്. അതുനോക്കുവാൻ ഗവണ്മെൻറിനു സൗകര്യമില്ല. ഈ നാട്ടിലെ സാമാന്യജനങ്ങളുടെ കഷ്ടപ്പാടുകളെപ്പററി ആരായുവാനല്ല ഗവണ്മെൻറ വ്യഗ്രതകാണിക്കുന്നതു്. നേരെമറിച്ചു ഇവിടത്തെ ജന്മിമാരുടെയും മുതലാളിമാരുടെയും നാടുവാഴിയുടെയും ഒരു എക്സിക്യൂട്ടീവു കമ്മിററിയായിട്ടാണ് ഗവണ്മെൻറ പ്രവർത്തിക്കുന്നതു്. ബഡ്ജററിലെ ഓരോ ഇനവും പരിശോധിക്കുകയാണെങ്കിൽ, സാമാന്യജനങ്ങളുടെ ദുരിതവും കഷ്ടപ്പാടും തീർക്കുവാനുള്ള വിപുലവും സമഗ്രവുമായ സംരംഭത്തിൽ ഒരു പിൻതിരിപ്പൻ മനോഭാവമാണു ഗവണ്മെൻറ കാണിക്കുന്നതെന്നു കാണാൻ കഴിയും.

[ശ്രീ. എൻ. രാജഗോപാലൻ നായർ]

ഇവിടത്തെ വിദ്യാഭ്യാസത്തിന്റെ സ്ഥിതിതന്നെ എടുക്കാം. പ്രൈമറി വിദ്യാഭ്യാസംതന്നെ നോക്കുക. അതിലേയ്ക്കു ഇവിടെ മൂന്നുതരം പള്ളിക്കൂടങ്ങളുണ്ടു്. ഗവണ്മെന്റു പ്രൈമറിസ്കൂളുകൾ, പ്രൈവററുസ്കൂളുകൾ, അതിൽത്തന്നെ ഡിനാമിനേഷൻസ്കൂളുകൾ. സെക്കൻഡറി പള്ളിക്കൂടങ്ങളും പലതരത്തിലുണ്ടു്. ഇവിടെ പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കണമെന്നുള്ള ഒരു പദ്ധതി സർ സി. പി. യുടെ കാലത്തു നടപ്പാക്കുകയും ചില താലൂക്കുകളിൽ അതു പ്രയോഗത്തിൽ വരുത്തുകയും ചെയ്തു. കമ്പൽസറി എഡ്യൂക്കേഷൻ നടപ്പിലാക്കിയ താലൂക്കുകളിലെങ്കിലും അതു ശരിയായി വർക്കൌട്ടു ചെയ്യുവാൻ ഗവണ്മെന്റു ഇതുവരെ ഒരു ഏജൻസിയെ നിയമിച്ചിട്ടില്ല. അങ്ങനെയുള്ള സ്ഥലങ്ങളിൽ എല്ലാ കുട്ടികളും സ്കൂളുകളിൽ പോകുന്നുണ്ടോ, കുട്ടികളെ അയയ്ക്കാത്തവരായി വല്ല രക്ഷാകർത്താക്കളുമുണ്ടോ എന്നെല്ലാം അന്വേഷിക്കുവാനുള്ള യാതൊരു ഏർപ്പാടും ഗവണ്മെന്റു ചെയ്തിട്ടില്ല. ഇതെല്ലാം നോക്കുമ്പോൾ ഈ പദ്ധതിയുടെ പാപ്പരത്വം വളരെ എളുപ്പത്തിൽ മനസിലാക്കുവാൻ കഴിയും. സെക്കൻഡറി എഡ്യൂക്കേഷനെപ്പററി പറയുകയാണെങ്കിൽ അവിടത്തെ അദ്ധ്യാപകന്മാരുടെ പ്രശ്നം മറെറാരു പ്രശ്നമാണു്. സെക്കൻഡറി എഡ്യൂക്കേഷൻ പുനഃസംഘടിപ്പിക്കുന്നതിനായി, സർ. സി. പി. യുടെ കാലത്താണെന്നു തോന്നുന്നു ശ്രീ. കൈനിക്കര പത്മനാഭപിള്ള സെക്രട്ടറിയായി ഒരു സെക്കൻഡറി ആർഗനൈസേഷൻ കമ്മിററിയുണ്ടാക്കി. ആ കമ്മിററി ചില ശുപാർശകൾ ഗവണ്മെന്റിലേയ്ക്കു ചെയ്തിട്ടുമുണ്ടു്. കമ്മിററിയുടെ ശുപാർശപ്രകാരം തേഡ്ഫാറംവരെ ഒന്നരരൂപ ഫീസു മതിയെന്നാണു നിശ്ചയിച്ചതു്. ഫസ്റ്റ്ഫാറത്തിലും, സെക്കൻറ ഫാറത്തിലും ഫീസു ഒന്നരരൂപ മതിയെന്നു നിശ്ചയിച്ചു. എന്നാൽ തേഡ്ഫാറത്തിലെ ഫീസ് കുറയ്ക്കുന്നതിനുമുൻപു് സർ സി. പി. രാമസ്വാമി അയ്യർ ഇവിടെനിന്നു പോയി. ഒരുപക്ഷെ, ഈ വിവരങ്ങൾ ഒക്കെ മറവശത്തുള്ള ആളുകൾക്കു അറിവുണ്ടായിരിക്കുകയില്ല. പണ്ടു സ്റ്റേററകോൺഗ്രസ്സു ഇവിടെ ഉണ്ടായിരിക്കുന്നുവെന്നു അറിവില്ലാത്തവർപോലും ഇപ്പോൾ മറവശത്തു കാണുന്നുണ്ടു്. തേഡ്ഫാറത്തിലെ ഫീസു കുറയ്ക്കുന്നതിനുമുൻപു സർ സി. പി. സ്ഥലംവിട്ടു. കാൺഗ്രസ്സുമന്ത്രിസഭ അധികാരത്തിൽ വരികയുംചെയ്തു. അവർ തേഡ്ഫാറത്തിലെ ഫീസു കുറച്ചില്ലെന്നുമാത്രമല്ല, ഹൈസ്കൂൾ ക്ലാസുകളിലെ ഫീസു അഞ്ചേകാൽരൂപയായിരുന്നതു് ആറുരൂപയാക്കണമെന്നു കമ്മിററി ചെയ്തിരുന്ന ശുപാർശ അതേപടി നടപ്പിൽവരുത്തുകയും ചെയ്തു ഇവിടത്തെ സെക്കൻഡറി വിദ്യാഭ്യാസം .. പലവിധത്തിൽ താറുമാറാക്കിയിരിക്കയാണു്. അക്സീഡഡു സ്കൂളുകളെന്നും നാൺ അക്സീഡഡ് സ്കൂളെന്നും മററും പലവിഭാഗങ്ങൾ അതിലുണ്ടു്. മലയാളഭാഷയെ പ്രോൽസാഹിപ്പിക്കുന്നു എന്ന പേരിൽ ഇപ്പോൾ 'പരീക്ഷണനാളികളും' 'പൂരിത ലായിനികളും' ഒക്കെ പഠിപ്പിക്കുകയാണു്. ഈ വാക്കുകളുടെ അർത്ഥമെന്താണെന്നു ഇവിടെയിരിക്കുന്ന മെമ്പറന്മാർക്കു ആർക്കെങ്കിലും അറിയാമോ എന്നു ഞാൻ ചോദിക്കുന്നു. ഈ സ്കൂൾ അഭ്യസനംകഴിഞ്ഞു വിദ്യാർത്ഥികൾ കാളേജിൽ പ്രവേശിക്കുമ്പോൾ അവിടെ സർവ്വവും ഇംഗ്ലീഷിലാണു്. ഈ പുതിയ ലായിനിയും, കഥനാങ്കവും ഒക്കെ പഠിച്ചു പോകുന്ന വിദ്യാർത്ഥികൾ പിന്നെ അതെല്ലാം ഇംഗ്ലീഷിൽവേണം പഠിക്കുവാൻ. കുട്ടികളുടെ ബുദ്ധിശക്തി തലമുറതലമുറയായി കുറഞ്ഞുവരിക

യാണെന്നു ചില വിദ്യാഭ്യാസ വിദഗ്ദ്ധന്മാർ അഭിപ്രായപ്പെടുന്നു. കുറഞ്ഞുവരാതെന്തുചെയ്യും? മുൻപും വിദ്യാർത്ഥികൾ ഉണ്ടായിരുന്നില്ലേ? അന്നുള്ളവർക്ക് ബുദ്ധിശക്തി ഉണ്ടായിരുന്നു. കാൺഗ്രസ്സുഭരണം വന്നതിനു ശേഷമാണോ തലതിരിഞ്ഞുപോയതു്? സർ, ഞാൻ ഇതേപ്പറ്റി കൂടുതൽ പറയുന്നില്ല.

ഇവിടെ ടെക്ക്നിക്കൽ എഡ്യൂക്കേഷൻ വിപുലപ്പെടുത്തണമെന്നു പറയുകയുണ്ടായി. ഞാൻ ഈയിടെ ഇതിനെപ്പററി യൂണിവേഴ്സിററി അധികൃതന്മാരുമായി സംസാരിച്ചു. അവരിൽനിന്നും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞതു ഇപ്പോൾ ഉള്ള സ്ഥാപനങ്ങളിൽതന്നെ വിദ്യാർത്ഥികൾ കുറഞ്ഞുവരികയാണെന്നാണു്. ഫൻ ഒ ഠ — ഒ ഫ —ൽ പതിനാറായിരം വിദ്യാർത്ഥികൾ യൂണിവേഴ്സിററി എഡ്യൂക്കേഷൻ നടത്തിയിട്ടുണ്ടെങ്കിൽ, അതിൽ ടെക്ക്നിക്കൽ എഡ്യൂക്കേഷൻ നടത്തിയവർ എണ്ണൂറു പേരാണു് എന്നാൽ ഫൻ ഒ ഫ — ഒ വ —ൽ എഴുനൂറുപേർ മാത്രമേ ടെക്ക്നിക്കൽ എഡ്യൂക്കേഷൻ നടത്തിയിട്ടുള്ളൂ. ഈ വർഷം അതിനെക്കാൾ കുറഞ്ഞുവരാനെ തരമുള്ളൂ. നമ്മുടെ ധനകാര്യമന്ത്രി അവർകൾ ഈയിടെ ചാത്തന്നൂർവച്ചുചെയ്ത ഒരു പ്രസംഗത്തിൽ എല്ലാ വിഭാഗത്തിലുമുള്ള ടെക്ക്നിക്കൽ എഡ്യൂക്കേഷൻ വർദ്ധിപ്പിക്കണമെന്നു ജനങ്ങളെ ഉദ്ബോധിപ്പിക്കയുണ്ടായി. ഇവിടെ കമ്മ്യൂണിസ്ററുകാർ അധികാരത്തിൽ വന്നാലും അവർക്കു ഡാക്ടർമാരും എൻജിനീയർമാരും ആവശ്യമില്ലേ എന്ന് ദ്ദേഹം ചോദിച്ചു? പക്ഷെ, സാങ്കേതിക വിദ്യാഭ്യാസം നാൾക്കുനാൾ കുറഞ്ഞാണു് വരുന്നതു്. ഇവിടത്തെ പ്രൈവററ കാളേജുകളിൽ ഫന്മൽ രൂപ ആണു് ഫീസ്. ഗവണ്മെൻറ കാളേജുകളിലാകട്ടെ ഫഠൽ രൂപയും. പ്രൈവററ കാളേജുകളിലും ഗവണ്മെൻറ കാളേജുകളെപ്പോലെ ഫഠൽ രൂപയാക്കി ഫീസു കുറയ്ക്കണമെന്നു ഗവണ്മെൻറിൽ പരാതിപ്പെട്ടപ്പോൾ ഗവണ്മെൻറ പറഞ്ഞതു് അതുകൊണ്ടു വിഷമിക്കേണ്ട, ഗവണ്മെൻറ കാളേജുകളിലെ ഫീസു് താമസിയാതെ ഫന്മൽ രൂപയാക്കി കൂട്ടിക്കൊള്ളാമെന്നാണു്. ഹോസ്റ്റലിലെഫീസും കൂട്ടി. ഇങ്ങനെ ഗവണ്മെൻറ എല്ലാ സ്ഥലത്തും അരിപ്പകൾ വച്ചുകൊണ്ടുപോകുകയാണു്. ഓരോ സ്ഥലത്തും ഏററവും കുറച്ചാളുകൾ മാത്രമേ വിദ്യാഭ്യാസംചെയ്തു പുറത്തു വരാവൂ എന്ന നയമാണു ഗവണ്മെൻറ സ്വീകരിച്ചിരിക്കുന്നതെന്നു എനിക്കു തോന്നുന്നു.

നോക്കുക നമ്മുടെ സംസ്കാരം പോകുന്നപോക്കു്. ഇവിടത്തെ ഏതെങ്കിലും ഒരു കക്ഷിക്കു് എതിരായി ഇവിടെ ഒരു നാടകം നടത്തിയാൽ കാൺഗ്രസ്സു് പാർട്ടി നശിച്ചുപോകുമോ? കലയേയും സംസ്കാരത്തേയും രാഷ്ട്രീയമായ അഭിപ്രായങ്ങൾക്കും അഭിരുചികൾക്കും അടിയറവയ്ക്കുവാൻ ഒരുമ്പെടാതെ സ്വതന്ത്രമായി വിടുവാനുള്ള സൽബുദ്ധി പോലും ഇന്നു അധികാരത്തിലിരിക്കുന്നവർക്കില്ല. അതിനെതിരായി പ്രവർത്തിക്കുന്നവരുടെ തല മൊട്ടയടിച്ചു വിടുന്ന ഒരു പുതിയ വിദ്യ ഇപ്പോൾ കണ്ടുപിടിച്ചിരിക്കുകയാണു്.

സർ, കുറച്ചുമുമ്പു് കോട്ടയത്തു് ഒരു സംഭവമുണ്ടായി. ലാക്കപ്പിൽ കിടന്ന ഒരു പ്രതിയെ മദ്യം കുടിപ്പിച്ചു ഇങ്ങനെ മദ്യം കുടിപ്പിച്ചും തല മൊട്ടയടിച്ചും മററും പോലീസു് ഡിപ്പാർട്ടുമെൻറുകാർ കാൺഗ്രസ്സു് നയം നടപ്പിൽ വരുത്തുമ്പോൾ, കലയുടെയും സംസ്കാരത്തിൻെറയും കാര്യം

[ശ്രീ. എൻ. രാജഗോപാലൻ നായർ.]

അവരെത്തന്നെ ഇവർ എല്പിച്ചതിൽ അതിശയമില്ല. സംസ്കാരമോ, മനുഷ്യത്വമോ ഇല്ലാത്ത പ്രവൃത്തിയാണു ഇവർ ചെയ്യുന്നതു്. അതുപോലെ തന്നെ ചില അവസരങ്ങളിൽ "അവന്മാർ" "ഇവന്മാർ" എന്നും മററുമുള്ള പദങ്ങൾ മന്ത്രിമാർ ഉപയോഗിക്കുന്നതു് കേട്ടിട്ടുണ്ടു്.

Mr. Speaker : All these things took [place outside the House. Is the Member justified in referring to those things here?

ശ്രീ. എൻ. രാജഗോപാലൻനായർ: സർ, വളരെ വേദനയോടുകൂടിയാണു ഞാനിതു പറയുന്നതു്. നിയമസഭാസാമാജികന്മാർ കാൺഗ്രസ്സ് പാർട്ടിയിലുള്ളവരായാലും ശരി, കമ്മ്യൂണിസ്ററപാർട്ടിയിലുള്ളവരായാലും ശരി, മന്ത്രിമാർ സംസാരിക്കുമ്പോൾ ഒരു പ്രതിപക്ഷബഹുമാനത്തോടുകൂടിയായിരിക്കണം സംസാരിക്കേണ്ടതെന്നു മനസ്സിലാക്കേണ്ടതായിട്ടുണ്ടു്. സംസ്കാരമുണ്ടെന്നഭിമാനിക്കുന്നവർ സംസ്കാരമില്ലാത്ത ഇത്തരം പദങ്ങൾ പ്രയോഗിക്കുന്നതു കേൾക്കുമ്പോഴാണു് അഡൽട്ടു് എഡ്യൂക്കേഷന്റെ ആവശ്യം നാട്ടിനുണ്ടെന്നു തോന്നുന്നതു്. നമ്മുടെ നാട്ടിനു ഒരു അഡൽട്ടു് എഡ്യൂക്കേഷൻ കൂടിയേ കഴിയൂ. സർ, ഇവിടെ അഡൽട്ടു് എഡ്യൂക്കേഷൻ നടപ്പാക്കിയിട്ടുണ്ടു്. പക്ഷേ എത്ര കാലത്തും വിദ്യാഭ്യാസമില്ലാത്ത പ്രയോജനങ്ങൾ ഉണ്ടായിരിക്കാത്തവെണ്ണമാണു് ഇവരുടെ പദ്ധതി. ഇതു് എതുവിധമാണു് പ്രയോഗിക്കേണ്ടതെന്നും എത്രകൊല്ലംകൊണ്ടു് പൂത്തിയാക്കണമെന്നും മററും പദ്ധതിയിലില്ല. ഒരു പുതിയ ജീവിതം ആഗ്രഹിക്കുന്ന ജനതതിയെ അടിച്ചമർത്തുന്നതിനും ഇപ്പോൾ ഭരണത്തിലിരിക്കുന്നവരുടെ പദ്ധതി നടപ്പാക്കാൻ വേണ്ടിയുള്ള ഒരു പരിസരം സൃഷ്ടിക്കയുമാണു് ചെയ്തിരിക്കുന്നതു്. എനിക്കവസാനമായി പറയാനുള്ളതു് ഈ വിധത്തിലുള്ള ഒരു മന്ത്രിസഭ നാട്ടിൽ തുടരുന്നതു് വളരെ ആപത്താണു്. ഇവർ ജന്മി-മുതലാളിമാരുടെ ഒരു എക്സിക്യൂട്ടീവു് കമ്മിററിയാണു്. ഒരു കാരണവശാലും ഈ മന്ത്രിസഭ തുടർന്നുകൊണ്ടുപോകാൻ പാടില്ലെന്നഭിപ്രായപ്പെട്ടുകൊണ്ടു് ബഡ്ജററിനെ എന്റെ മാന്യസ്നേഹിതന്മാർ അനുകൂലിക്കരുതെന്നു് അപേക്ഷിക്കുന്നു.

ശ്രീ. എം. വി. ചെറിയാൻ: സർ, ധനകാര്യമന്ത്രി ഇവിടെ അവതരിപ്പിച്ച ബഡ്ജററിൽ രാഷ്ട്രനിർമ്മാണപരിപാടികൾക്കായി ഒരു വൻപിച്ച സംഖ്യ ബഡ്ജററിൽ കൊള്ളിച്ചിട്ടുള്ളതിനെപ്പററി ഞാൻ അദ്ദേഹത്തെ അനുമോദിക്കുന്നു. ഇംഗ്ലീഷിൽ ഒരു ആപ്തവാക്യമുണ്ടു്. "നിങ്ങൾ ഒരു കൊല്ലത്തേക്കാണു് ഒരു പ്ലാൻ ഉണ്ടാക്കുന്നതെങ്കിൽ നെൽകൃഷി ചെയ്യൂ. നൂറു കൊല്ലത്തേക്കാണെങ്കിൽ വൃക്ഷങ്ങൾ നട്ടു പിടിപ്പിക്കുക. അതല്ല ആയിരം കൊല്ലത്തേക്കാണെങ്കിൽ നിങ്ങൾ അവിടത്തെ കുഞ്ഞുങ്ങൾക്കു വിദ്യാഭ്യാസം നൽകുക എന്നു്". സർ, നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസപരമായ കാര്യങ്ങൾ നോക്കുകയാണെങ്കിൽ സാരമായ ഒരു വീക്ഷണഗതിയും ബഡ്ജററിലുണ്ടെന്നു തോന്നുന്നില്ല. ഈ രാജ്യത്തെ പള്ളിക്കൂടങ്ങൾക്കും കാളേജുകൾക്കും എന്നുവേണ്ട അഡൽട്ടു എഡ്യൂക്കേഷനുവേണ്ടിയും ചില നന്മകൾ ചെയ്തിട്ടുണ്ടെന്നും അവകൾ സാപ്തികമാ

മായി വർദ്ധിച്ചുവർദ്ധിച്ചു വരുന്നു എന്നും മനസ്സിലാക്കാം. എന്നാൽ നമ്മുടെ ഭാരതത്തെ സംബന്ധിച്ചിടത്തോളം ഒരു പുതിയ വീക്ഷണകോണത്തിൽ കൂടിയാണ് നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തെ ദർശിക്കാൻ സാധിക്കുന്നതു്. ഇപ്പോഴും ഇംഗ്ലീഷുകാരുടെ പുരാതനരീതി അനുഷ്ഠിച്ചുവരുന്നു എന്നല്ലാതെ ഭാരതത്തിന് അനുയോജ്യമായ വിദ്യാഭ്യാസം ഇനിയും ഉണ്ടാകേണ്ടതായിട്ടാണിരിക്കുന്നതു്. മഹാത്മാഗാന്ധി നമ്മുടെ രാജ്യത്തിനനുയോജ്യമായ ഒരു വിദ്യാഭ്യാസസമ്പ്രദായം വിഭാവനം ചെയ്തിട്ടുണ്ടായിരുന്നു. ബേസിക് എഡ്യൂക്കേഷൻ എന്ന നാമധേയത്തിൽ രൂപമെടുത്തിട്ടുള്ള ഈ വിദ്യാഭ്യാസസമ്പ്രദായം പല സ്ഥലങ്ങളിലും ഇതിനകം ആരംഭിച്ചിട്ടുണ്ടു്. എന്തുകൊണ്ടാണ് ഇത്രമാത്രം വമ്പിച്ച ഒരു സംഖ്യ സംസ്ഥാനത്തെ വിദ്യാഭ്യാസത്തിനുവേണ്ടി ചെലവാക്കുന്നതെന്നു നാം ആലോചിക്കേണ്ടതാണ്. വിദ്യാഭ്യാസത്തെ സംബന്ധിച്ചിടത്തോളം മൗലികമായി ചില ലക്ഷ്യങ്ങളുണ്ടു്. ജനായത്ത ഭരണസമ്പ്രദായം നടപ്പിൽ വന്നിരിക്കുന്ന ഈ സന്ദർഭത്തിൽ അതിനനുയോജ്യമായി നമ്മുടെ കുഞ്ഞുങ്ങളെ എങ്ങനെയാണ് വളർത്തുകയും വിദ്യാഭ്യാസം ചെയ്യിക്കുകയും മറ്റും ചെയ്യേണ്ടതെന്നു ശ്രദ്ധിക്കണം. ഭാരതനിവാസികളായ നമ്മൾക്കു അതനുസരിച്ചുള്ള സംസ്കാരം സൃഷ്ടിക്കാൻ പര്യാപ്തമായ വിധത്തിൽ ഉള്ള വിദ്യാഭ്യാസമായിരിക്കണം ഉണ്ടാകേണ്ടതു്. ഇന്നു എവിടെച്ചെന്നാലും വിദ്യാഭ്യാസകാര്യത്തിൽ താല്പര്യമുള്ളവർ, പത്രപ്രവർത്തകന്മാർ തുടങ്ങിയവർ അഭിപ്രായപ്പെടുന്നതു് നമ്മുടെ വിദ്യാഭ്യാസസമ്പ്രദായത്തിൽ മൗലികമായ കുറവുകൾ ധാരാളമുണ്ടെന്നാണ്. ഇപ്പോൾതന്നെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള തുക തീരെ അപര്യാപ്തമല്ലെങ്കിലും പര്യാപ്തമാണെന്നു പറയുവാൻ നിവൃത്തിയില്ല. വിദ്യാഭ്യാസവിഷയം ഇവിടെ നിൽക്കട്ടെ. എന്നാൽ ഇതിനുള്ളിൽ കിടന്നു കഷ്ടപ്പെടുന്ന കുറെ ആളുകളെ നമുക്കു കാണാം. അവരാണ് അദ്ധ്യാപകന്മാർ എന്നൊരു കൂട്ടം ആളുകൾ. നിത്യജീവിതത്തിനുപോലും മതിയാകാത്തവണ്ണം ഒരു വേതനം കിട്ടാതെ ദിവസവും അദ്ധ്വാനിക്കുന്ന, വിശന്നുകൊണ്ടദ്ധ്വാനിക്കുന്ന ഇക്കൂട്ടരിൽ നിന്നും എന്തു സംസ്കാരമാണ് നമ്മുടെ കുഞ്ഞുങ്ങൾക്കു് കിട്ടുന്നതു്? ഞാനീ കാര്യമെല്ലാം പറയുമ്പോൾ ഇതിനൊക്കെ പണമെവിടെ എന്നു ചോദിച്ചേക്കാം. സർ, എന്തുതന്നെയായാലും ഭാവിപൗരന്മാരാകാൻ പോകുന്ന നമ്മുടെ കുട്ടികളുടെ സാംസ്കാരികമായ നിലയെ പുരോഗമിപ്പിക്കുന്ന ഈ സാധുക്കളുടെ കാര്യം അനുഭാവപൂർവ്വം വീക്ഷിക്കണമെന്നു എനിക്കൊരപേക്ഷയുണ്ടു്. വിദ്യാഭ്യാസപരമായി ഒരുപക്ഷെ വിപ്ലവകരമായ മാറ്റങ്ങൾപോലും വരുത്തേണ്ടതായിവരും. മുൻകൊല്ലങ്ങളെപ്പോലെ മിഡിൽ സ്കൂൾ, ഹൈസ്കൂൾ, അതുകഴിഞ്ഞു് കാളേജ് ഈ സ്ഥാപനങ്ങളിലെല്ലാം പഴയ സമ്പ്രദായത്തിലുള്ള ലിബറൽ എഡ്യൂക്കേഷനുപകരം ജീവിതായോധനത്തിനു ഉതകുന്ന വിദ്യാഭ്യാസസമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്. വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസത്തിനിടയിൽക്കൂടി അവരവരുടെ വാസനക്കനുരൂപമായ തൊഴിൽ കൂടി അഭ്യസിക്കുന്നതിനുതകുന്ന വിദ്യാഭ്യാസമാണ് നമുക്കാവശ്യം. നിലവിലിരിക്കുന്ന വിദ്യാഭ്യാസസമ്പ്രദായംകൊണ്ടു് ഭാരതത്തിൽ മഹാന്മാരുണ്ടായിട്ടില്ലെന്നല്ല എന്റെ വാദം. പക്ഷെ നമുക്കു് ഒരു നവീന വിദ്യാഭ്യാസസമ്പ്രദായമാണ് വേണ്ടതു്. ഞാൻ മുൻപു പറഞ്ഞ ബേസിക് എഡ്യൂക്കേഷനെ സംബന്ധിച്ചിടത്തോളം അതർഹിക്കുന്ന പ്രോത്സാഹനം കൊടുത്തു രാജ്യവ്യാപകമാക്കിത്തീർക്കുന്ന പക്ഷം

[ശ്രീ. എം. വി. ചെറിയാൻ]

നമ്മുടെ സാമ്പത്തികനിലയ്ക്കുതന്നെ സാരമായ പുരോഗമനം ഉണ്ടാകുമെന്നുള്ളതു നിശ്ചയമാണ്. എന്നാൽ ഈ വിദ്യാഭ്യാസത്തിന്റെ ചുമതല മുഴുവനും ഗവണ്മെന്റുതന്നെ ഏറ്റെടുക്കണമെന്നു വിചാരിക്കുന്നതു് മൗഢ്യമല്ലേ എന്നുംകൂടി ഞാൻ സംശയിക്കുന്നു. ബേസിക്ക് എഡ്യൂക്കേഷൻ പ്രചരിപ്പിക്കുന്നതിൽ പ്രൈവററ് ഏജൻസികളെയാണു പ്രോത്സാഹിപ്പിക്കേണ്ടതു്. പ്രൈവററ് ഏജൻസികൾ മുഖാന്തിരം ബേസിക്ക് എഡ്യൂക്കേഷൻ നടത്തുന്നതിൽ ഗവണ്മെന്റിനു വളരെ ചിലവു കുറയുകയും അതേസമയം ഈവക കാര്യങ്ങളെപ്പററിയുള്ള ചുമതലകൾക്കുള്ളിൽനിന്നും മാറിനിൽക്കുകയും ചെയ്യാം. പക്ഷെ അപേക്ഷാവശ്യമുള്ള അല്ലെങ്കിൽ അർഹിക്കുന്ന ധനസഹായം ചെയ്യേ തീരൂ. അല്പസ്വല്പം ധനസഹായം ഈ വിഷയത്തിൽ ഗവണ്മെന്റ് ചെയ്യാൻ തയാറായാൽ പ്രൈവററ് ഏജൻസികൾ ഈ വിദ്യാഭ്യാസം വളരെ ഭംഗിയായ വിധത്തിൽ നിർവ്വഹിക്കുകയും നമ്മുടെ പ്രതീക്ഷയിൽ കവിഞ്ഞ മേന്മ ഉണ്ടാകുകയും ചെയ്യും. കൊച്ചുകുട്ടികൾക്കു്, പായ്, വട്ടി, തേനീച്ച വളർത്തൽ മുതലായവ പഠിപ്പിച്ചുകൊടുക്കുകയും പ്രായോഗികമാക്കാനുള്ള മാർഗ്ഗങ്ങൾ ഉപദേശിച്ചുകൊടുക്കുകയുമാണ് ഈ സ്ഥാപനങ്ങൾമൂലം ഉണ്ടാകുന്നതു്. മാത്രമല്ല നെയ്ത്തിനെ സംബന്ധിച്ചിടത്തോളം നമ്മുടെ നാട്ടിൽ വിളയുന്ന പഞ്ഞി എങ്ങനെ ഉപയോഗപ്പെടുത്തണമെന്നു ഈ സ്ഥാപനങ്ങൾ കുട്ടികളെ പഠിപ്പിക്കുന്നു. അങ്ങനെ തൊഴിൽപരമായും അതോടൊപ്പം ബുദ്ധിപരമായും മാത്രമല്ല ധനപരമായും ശാസ്ത്രീയമായ വിധത്തിൽ ഉള്ള ഒരു വിദ്യാഭ്യാസസമ്പ്രദായമാണു ഞാൻ വിവക്ഷിക്കുന്ന Vocational Bias Liberal എഡ്യൂക്കേഷൻ. ഈ മാതിരി വിദ്യാഭ്യാസ സമ്പ്രദായംകൊണ്ടു നമ്മുടെ നാട്ടിനു മേന്മയുണ്ടാകുകയുള്ളു. കുട്ടികളാൽ നിർമ്മിക്കപ്പെടുന്ന പല സാധനങ്ങളും വിററഴിക്കാനുള്ള മാർക്കററുകൾ കൂടി നമുക്കാവശ്യമാണ്. നമ്മുടെ സംസ്ഥാനത്തു മാത്രമല്ല ലോകത്തു പല സ്ഥലങ്ങളിലും ഈവിധ വിദ്യാഭ്യാസ വ്യവസ്ഥകൾ ചെയ്തിട്ടുണ്ട്. ഈ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ നിലയെപ്പററിയാണെങ്കിൽ സർ. സി. പി. യുടെ കാലത്തു ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളുള്ള പള്ളിക്കൂടങ്ങളിൽ പെട്ടെന്നു അഞ്ചാംക്ലാസ്സ് ഏർപ്പെടുത്തിക്കൊടുത്തു. കുട്ടികൾ ആണ്ടോടാണ്ടു വർദ്ധിച്ചുവരുകയും ചെയ്തു. സംസ്ഥാനത്തിന്റെ വടക്കേഅററംമുതൽ തെക്കേഅററംവരെ ഉള്ള പള്ളിക്കൂടങ്ങളിൽ കുട്ടികൾ സ്ഥലമില്ലാതെ വിഷമിക്കുന്നതായിട്ടാണു വന്നതു്. അദ്ദേഹം ഇതിനൊരു പരിഹാരമെന്നോണം ഫാക്ടറികളിൽ ഏർപ്പെടുത്തിയിട്ടുള്ള ഷിഫ്ററ സിസ്റ്റം പള്ളിക്കൂടങ്ങളിലും ഏർപ്പെടുത്തുകയാണു ചെയ്തതു്. വിദ്യാഭ്യാസ സമ്പ്രദായത്തിൽ അനുഭവമുള്ളവരും സംസ്ഥാനത്തെ എല്ലാ പത്രപ്രവർത്തകന്മാരും ഷിഫ്ററ സമ്പ്രദായത്തെ അപലപിച്ചു. അതിനു് ഗവണ്മെന്റിൽനിന്നും പറയുന്ന മറുപടി പണമില്ല, സ്ഥലമില്ല, എന്നുള്ളതാണ്. ഈവക കാര്യങ്ങൾക്കു ആവശ്യമുള്ള പണത്തിന്റെ ഒരു ഭാഗം നമ്മുടെ വിദ്യാഭ്യാസത്തിൽ ഏർപ്പെട്ടിരിക്കുന്ന കൊച്ചുകുട്ടികളുടെ പ്രവർത്തനത്തിൽനിന്നും ലഭിക്കാൻ സാധിക്കും. പക്ഷെ അന്തരത്തിലുള്ള വിദ്യാഭ്യാസമായിരിക്കണം നാം കൈക്കൊള്ളേണ്ടതു്. നമ്മുടെ മിഡിൽസ്കൂളുകളും, ഹൈസ്കൂളുകളും ഇന്നും പണ്ടത്തെ രീതി തന്നെയാണ് അനുകരിച്ചുവരുന്നതു്. മാത്രമല്ല പണ്ടു് മെട്രിക്കുലേഷൻ എന്നൊരു പരീക്ഷ ഉണ്ടാ

യിരുന്നതിൽ പല വിഷയങ്ങളും പഠിപ്പിച്ചിരുന്നു. ഇന്നാകട്ടെ അതിനെക്കാൾ വിഷമമുള്ള പല പല വിഷയങ്ങളാണു കൊച്ചുകുട്ടികളെ പഠിപ്പിക്കാൻ ഒരുങ്ങുന്നതു്. ഇന്നു മെട്രിക്കുലേഷൻ ക്ലാസ്സിൽ അതായതു സ്കൂൾ ഫൈനൽക്ലാസ്സിൽ പഠിക്കുന്ന ഒരു കുട്ടിക്കു ഇപ്പോഴത്തെ സമ്പ്രദായമനുസരിച്ചു ഇംഗ്ലീഷിലോ മലയാളത്തിലോ നല്ലതുപോലെ എഴുതുന്നതിനോ വായിക്കുന്നതിനോ കൂടി സാധിക്കുമോ എന്നു സംശയമാണു (Bell.)

കാളേജുകളെ സംബന്ധിച്ചു പറയുകയാണെങ്കിൽ നമ്മുടെ രാജ്യത്തു ഗവണ്മെൻറു് ചെയ്തിട്ടുള്ള പ്രവർത്തനങ്ങളെപ്പററി അനുമോദിക്കാതിരിക്കുവാൻ തരമില്ല. ഒരു കോടി രൂപായോളം ചിലവു ചെയ്തു ഇവിടെ ഒരു മെഡിക്കൽകാളേജ് സ്ഥാപിക്കുവാൻ സാധിച്ചതു് ഈ ഗവണ്മെൻറിൻെറ ഒരു വിധേയ ലക്ഷണം തന്നെയാണു്.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : ഈ ഗവണ്മെൻറിൻെറ തന്നെയാണോ ?

ശ്രീ. എം. വി. ചെറിയാൻ : കാൺഗ്രസ്സ് ഗവണ്മെൻറിൻെറ പൊതുവെ നോക്കിയാൽ നമ്മുടെ രാജ്യത്തു് വിദ്യാഭ്യാസത്തിൻെറ സ്റ്റാൻേറട് അധ:പതിച്ചുകൊണ്ടാണു് വരുന്നതു്. സെക്കണ്ടറിസ്കൂളുകളിൽ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനു്—

Mr. Speaker : The hon. Member's time is up. He will conclude soon.

ശ്രീ. എം. വി. ചെറിയാൻ : ഈ രാജ്യത്തെ താഴ്ന്ന ശമ്പളക്കാരായ ആളുകൾ.—

Mr. Speaker : You were talking on a particular subject, Education. You are now coming to another subject.

ശ്രീ. എം. വി. ചെറിയാൻ : ഈ രാജ്യത്തെ താഴ്ന്ന ശമ്പളക്കാരായ എൻ. ജി. ഒ. മാക്കു് ഗവണ്മെൻറിൽനിന്നും സൗജന്യങ്ങൾ ചെയ്യുന്നതുപോലെ നമ്മുടെ കുഞ്ഞുകുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്ന അദ്ധ്യാപകന്മാരുടെ കാര്യത്തിലും അനുഭാവപൂർവ്വമായ ശമ്പളപരിഷ്ക്കാരം ചെയ്തുകൊടുക്കേണ്ടതു് ആവശ്യമാണു്. വിദ്യാഭ്യാസ വിഷയത്തിൽ നമ്മുടെ കുട്ടികളെ പഠിപ്പിക്കേണ്ടതായ വിഷയങ്ങളെപ്പററിയെല്ലാം ഭംഗിയായി അന്വേഷിച്ചു് കണ്ടുപിടിക്കുവാൻ കഴിവുള്ള ഒരു വിദഗ്ദ്ധകമ്മിററിയെ നിയമിച്ചു് വിദ്യാഭ്യാസത്തിൻെറ പുരോഗതി പരിപൂർണ്ണമാക്കുവാൻ വേണ്ടി ആവശ്യമായ തുക അടുത്തകൊല്ലത്തെ ബഡ്ജററിലെങ്കിലും ചേർക്കണമെന്നു ഞാൻ വിനീതനായി അപേക്ഷിച്ചുകൊള്ളുന്നു.

ശ്രീ. സി. അച്യുതമേനോൻ : സർ, ധനകാര്യമന്ത്രിയുടെ ബഡ്ജററപ്രസംഗത്തിൽ ഒരു രാഷ്ട്രത്തിൻെറ ബഡ്ജററാണു് ഇതു് എന്നു അവകാശപ്പെടുകയുണ്ടായി. ഈ ബഡ്ജററു് വാസ്തവത്തിൽ ഒരു ക്ഷേമരാഷ്ട്രത്തിൻെറ ലക്ഷണം ഉൾക്കൊള്ളുന്ന ഒന്നാണു് എന്ന അഭിപ്രായം എനിക്കില്ല. ഇവിടെ നാം സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്തിരുന്ന കാലത്തു്, സർ. സി. പി. യുടേയും സർ. ഷൺമുഖം ചെട്ടിയുടേയും കാലത്തു് പല അവകാശവാദങ്ങളും ഉന്നയിക്കുകയുണ്ടായിട്ടുണ്ടു്. എന്നാൽ അന്നു് ഈ രാജ്യത്തെ കാൺഗ്രസ്സ് നേതൃത്വത്തിനും പുരോഗമന

[ശ്രീ. സി. അച്യുതമേനോൻ.]

വാദികളായ മററാളുകൾക്കും വ്യക്തിപരമായി ഇവർ പോയി വേറെ ആളുകൾ വരണം എന്നുള്ള അഭിപ്രായമല്ല ഉണ്ടായിരുന്നതു്. മുമ്പുണ്ടായിരുന്ന സാമൂഹ്യപരിതഃസ്ഥിതികൾ മാറി, സമൂഹത്തിൻെറ അടിത്തറ പുതുക്കി പണിയണമെന്നുള്ള ആഗ്രഹമാണു് പൊതുവേ ഉണ്ടായിരുന്നതു്. സ്വേച്ഛാധിപത്യം പോയി പുതിയ ജനകീയ ഭരണം വന്നുകയറിയിരിക്കുന്ന ഈ കാലഘട്ടത്തിൽ അതിനു അനുരൂപമായ ഒരു സംവിധാനം ഈ ബഡ്ജററ് രൂപീകരണത്തിലെങ്കിലും കാണിച്ചിട്ടുണ്ടോ എന്നാണു് നോക്കേണ്ടതു്. അതു സംബന്ധമായ കണക്കുകൾ വിശദമായി എടുത്തുകാണിക്കുവാൻ എനിക്കു് അനുവദിച്ചിട്ടുള്ള സമയം മതിയാകുമെന്നു് തോന്നുന്നില്ല. അതുകൊണ്ടു് മൗലികമായ ഒന്നു രണ്ടു കാര്യങ്ങൾ മാത്രം ഇവിടെ പറയാം. സർ. സി. പി. യുടേയും സർ. ഷൺമുഖം ചെട്ടിയുടേയും കാലത്തുണ്ടായിട്ടുള്ള ബഡ്ജററിൽനിന്നും വ്യത്യസ്ഥമായ യാതൊരു സാമൂഹ്യവീക്ഷണവും ഈ ബഡ്ജററിൽ ഇല്ലെന്നാണു് എൻെറ ആക്ഷേപം. ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിൻെറ ബഡ്ജററു പ്രസംഗത്തിൽ വളരെ സമർത്ഥമായി ചില കണക്കുകൾ നിരത്തിയിട്ടുണ്ടു്. ൧൧൨൪ മുതൽ ൧൧൨൮ വരെ ഉള്ള ബഡ്ജററുകളിൽ വികസന പദ്ധതികൾക്കുള്ള തുകകൾ ചേർത്തിട്ടുള്ളവയെ എടുത്തു കാണിച്ചുകൊണ്ടു് ഇപ്പോൾ അതു് അൻപതു ശതമാനം വർദ്ധിച്ചിട്ടുണ്ടെന്ന വസ്തുത അദ്ദേഹം ചൂണ്ടി കാണിക്കുകയുണ്ടായി. നമ്മുടെ രാജ്യം വിജയത്തിൽ നിന്നു് വിജയത്തിലേക്കു് പോയികൊണ്ടിരിക്കുകയാണെന്നും, പുരോഗമനപരമായ പദ്ധതികളിൽക്കൂടി തൃപ്തികരമായ പന്ഥാവിലേക്കു നീങ്ങികൊണ്ടിരിക്കുകയാണെന്നും, യാതൊരു വിധത്തിലുള്ള അശുഭ വീക്ഷണത്തിനും അവകാശമില്ലെന്നും അദ്ദേഹം പറയുകയുണ്ടായി. ഇതൽ വാസ്തവത്തിൽ ഒരു ചെറിയ കാര്യം ഉള്ളതു് മറച്ചുവച്ചുകൊണ്ടാണു് ഇപ്രകാരം ഒരു പ്രതീതി നൽകുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുള്ളതു്. ൧൧൨൪ മുതൽ ൧൧൨൮ വരെ ഉള്ള ബഡ്ജററുകളിലെ ആകെ ചെലവു ചെയ്ത സംഖ്യയും വിദ്യാഭ്യാസം, മരാമത്തു്, പബ്ളിക്ക് ഹെൽത്തു്, ഇറിഗേഷൻ, എന്നീ ഓരോ ഇനങ്ങളിലും പ്രത്യേകം പ്രത്യേകം ചിലവാക്കിയിട്ടുള്ള തുകകളും, എടുത്തു അവയുടെ അനുപാതം നോക്കുകയാണെങ്കിൽ ഈ ൧൧൨൮-൨൯-ലെ ബഡ്ജററിലെ തുകയുമായി താരതമ്യപ്പെടുത്തുമ്പോൾ മേൽപ്പറഞ്ഞ വകുപ്പുകളിലേക്കു് നീക്കിവച്ചിട്ടുള്ള തുകകളുടെ അനുപാതക്രമത്തിൽ യാതൊരു വ്യത്യാസവും വന്നിട്ടില്ലെന്നു കാണുവാൻ കഴിയും. വല്ലതും ഒരു ശതമാനം അങ്ങോട്ടോ ഒരു ശതമാനം ഇങ്ങോട്ടോ മാറിയിട്ടുള്ളതല്ലാതെ മൗലികമായ യാതൊരു വ്യത്യാസവും ഇല്ല. സർ. സി പി. ഭരിച്ചിരുന്ന കാലത്തുണ്ടായിരുന്ന അതേ അനുപാതക്രമമാണു് ക്ഷേമരാഷ്ട്രത്തിൻെറ അടിത്തറ എന്ന നിലയിൽ ഈ ബഡ്ജററു കൊണ്ടുവന്നിട്ടുള്ളതു് എന്നുവരികിൽ എന്താണു് നമുക്കിതിൽ അഭിമാനിക്കാനുള്ളതു് ? ഒരു ക്ഷേമരാഷ്ട്രത്തെ ഞങ്ങൾ വിഭാവനം ചെയ്തിട്ടുള്ളതു ഈ രീതിയിൽ അല്ല. ജനങ്ങളുടെ മേൽ ഉള്ള ഭാരം കുറച്ചുതരികയും അതോടൊപ്പം സാമൂഹ്യ രക്ഷാപദ്ധതികൾക്കു് ആഹാരം, വസ്ത്രം, പാർപ്പിടം, മുതലായ മുഖ്യപ്രശ്നങ്ങൾക്കു് ആവശ്യമായ സാമൂഹ്യ ഉറപ്പു്. നൽകുകയും ചെയ്യുന്ന ഒരു ബഡ്ജററാണൊ ഇതു്, അത്തരമൊരു സാമൂഹ്യവ്യവസ്ഥിതിക്കു അടിത്തറ പാകുവാനുള്ള ശ്രമമാണൊ ഇതു എന്നു

നോക്കുന്നപക്ഷം നിരാശയ്ക്കു വഴി കാണുന്നുള്ളു. വികസനപദ്ധതികൾക്കായി കൂടുതൽ കൂടുതൽ തുകകൾ നീക്കിവെക്കുന്നുണ്ടെന്നു അവകാശപ്പെടുന്ന ധനകാര്യമന്ത്രി ഇവിടെ എടുത്തുകാണിച്ചിട്ടില്ലാത്ത മറെറാരു സംഗതിയുണ്ട്. അതായതു് സാധാരണക്കാരന്റെയും പാവപ്പെട്ടവന്റെയും സമുദായത്തിന്റെ അടിത്തട്ടിൽ കിടക്കുന്നവരുടെയും മേൽ നികുതി ഭാരം വർദ്ധമാനമായ തോതിൽ കുന്നുകൂടുന്നുണ്ട്. ൧൯൫൮ – ൧൯൫൯-ൽ വില്പനനികുതി ഉണ്ടായിരുന്നില്ല. ഇപ്പോൾ ജനങ്ങളെ ഏററവും കൂടുതൽ ഞെക്കിപ്പിഴിയുന്ന ഒരു ഇനമായിട്ടാണ് ബഡ്ജററിൽ വില്പനനികുതി ഉൾക്കൊള്ളിച്ചിരിക്കുന്നതു്. എനിക്കു് ഈ അവസരത്തിൽ ഒരു സംഗതി കൂടി എടുത്തു പറയേണ്ടതായിട്ടുണ്ട്. കഷ്ടപ്പെടുന്നവരുടെയും അദ്ധ്വാനിക്കുന്നവരുടെയും അഭിലാഷങ്ങൾക്കു രൂപം കൊടുക്കാൻ ശ്രമിക്കുന്ന ഞങ്ങൾ വലിയ മനോവേദനയോടുകൂടിയാണ് ഈ ബഡ്ജററിനെ വീക്ഷിക്കുന്നതു്. അവരുടെ യാതനകളിൽ അശേഷം അലിവില്ലാത്ത ഒരു മന്ത്രിസഭയുടേതാണിതെന്നു ബഡ്ജററ് വിളിച്ചു പറയുകയാണ്.

അടുത്ത കാലത്തൊന്നും ഉണ്ടായിട്ടില്ലാത്ത മാതിരി അത്ര കഠിനമായ ഉണക്കാണ് ഇക്കൊല്ലം സംഭവിച്ചിട്ടുള്ളതു്. കൊച്ചിയെ സംബന്ധിച്ചു ഞാൻ പറയുമ്പോൾ എന്നെ ഒരു വടക്കനാണെന്നു ആരും വിചാരിച്ചു പോകരുതു്. ചിററൂർതാലൂക്കിലേയും തലപ്പിള്ളിതാലൂക്കിലേയും കൃഷി ഭൂമികളിൽ വിളവുമുഴുവൻ കരിഞ്ഞുപോയിട്ടുള്ളതായി എല്ലാവർക്കുമറിയാം. അങ്ങിനെ വിളവു നശിച്ചു നെല്പാടങ്ങളെത്രയാണെന്നു കണക്കാക്കുവാൻ സാദ്ധ്യമല്ല. അത്രയും ഭയങ്കരമായ ഉണക്കു ബാധിച്ചു വിളവു മുഴുവൻ നഷ്ടപ്പെട്ടിരിയ്ക്കുന്ന കൃഷിക്കാരുടെ നികുതിയിൽ ഒന്നും ഇളവു ചെയ്യുവാനുള്ള യാതൊരു പദ്ധതിയും ഈ ബഡ്ജററിലില്ല. അവർക്കു ഒരു ഒററ പൈപോലും ലാൻറ് റെവന്യൂ ഇനത്തിൽ ഇളവു ചെയ്തു കൊടുത്തിട്ടില്ല. ആയിരക്കണക്കിനു ഏക്കർ സ്ഥലങ്ങളിൽ കൃഷി കരിഞ്ഞുപോയിട്ടുള്ളതു് ചോദ്യോത്തരവേളയിൽതന്നെ ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സമ്മതിക്കുകയുണ്ടായി. അങ്ങിനെ തെക്കൻതിരുവിതാംകൂറിലും, ചിററൂർ താലൂക്കിലും തലപ്പിള്ളി താലൂക്കിലും മററുമായി നാടൊട്ടാകെ ഉണക്കം ബാധിച്ചു ഭൂമികൾക്കു് പാട്ടം കൊടുക്കാത്തവരുടെ മേൽ കേസ്സു കൊടുത്തുവരുന്നുണ്ട്. ഇന്നലെ രാത്രി എനിക്കൊരു കമ്പി കിട്ടി. നെന്മാറയിലെ കുറെ കൃഷിക്കാരെ പാട്ടം ഇളവുചെയ്തുകിട്ടാൻ നടത്തിയ പ്രക്ഷോഭണ ഫലമായി അറസ്ററു ചെയ്തിട്ടുള്ളതായി അറിയുന്നു. അങ്ങനെ പാട്ടം അളക്കാത്ത കാരണം പറഞ്ഞുകൊണ്ടു് അവരെ വസ്തുവിൽ നിന്നു ഒഴിപ്പിക്കുവാൻ ജന്മിമാർ കേസുകൾ കൊടുത്തുവരുന്നുണ്ട്. ഇത്ര ദാരുണമായ ഒരവസ്ഥ നാട്ടിൽ ഉണ്ടായിട്ടും അതിലേക്കു ഗവണ്മെൻറു യാതൊന്നും ചെയ്യുന്നില്ലെങ്കിൽ, ഒരൊററ പൈപോലും അവർ നികുതി ഇളച്ചു കൊടുക്കുവാൻ പോകുന്നില്ലെങ്കിൽ, അത്തരമൊരു ബഡ്ജററാണോ ക്ഷേമരാഷ്ട്രബഡ്ജറെറന്നു് ഞാൻ ചോദിക്കുന്നു. ഇതെല്ലാം ഈ രാജ്യത്തെ അദ്ധ്വാനിക്കുന്ന ജനങ്ങളുടെ നേർക്കുള്ള ഒരു വെല്ലുവിളിയാണെന്നല്ലാതെ മറെറന്താണെന്നു ഞാൻ ചോദിക്കുന്നു.

സർ, എനിക്കു മറെറാരു സംഗതിയെപ്പററിയാണ് കുറച്ചുകൂടി പറയുവാനുള്ളതു്. ഫിനാൻഷ്യൽ ഇൻറഗ്രേഷനെ സംബന്ധിച്ചാണ്.

[ശ്രീ. സി. അച്യുതമേനോൻ.]

ഇതിനെസംബന്ധിച്ചുള്ള ചില പ്രസ്താവനകൾ ബഹുമാനപ്പെട്ട ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററു പ്രസംഗത്തിൽ പുറപ്പെടുവിക്കയുണ്ടായി. കഴിഞ്ഞതയാണ്ടത്തെ ബഡ്ജററു പ്രസംഗത്തിൽ ഞാൻ തന്നെ ഒരാക്ഷേപം മന്ത്രിസഭയുടെ മുമ്പിൽ കൊണ്ടുവരികയും അന്നു ഇവിടെ ചില സിംഹഗർജ്ജനങ്ങൾ ഉണ്ടാകുകയും ചെയ്തു. ശ്രീമാൻ നാരായണൻ പിള്ളയാണ് ആ ഗർജ്ജനം മുഴക്കുകയുണ്ടായതു്. അന്നത്തെ ഗർജ്ജനങ്ങൾ ഒന്നും ഇന്നത്തെ ബഡ്ജററിന്റെ പ്രതിപാദനവേളയിൽ ഉണ്ടാകാതെ ഒരു പതിഞ്ഞ സ്വരത്തിൽ ശബ്ദം പുറപ്പെടുവിച്ചു കാണുന്നതിൽ കുറച്ചൊരു ആശ്വാസം ഇല്ലായ്കയില്ല. വിവേകം ഉദിക്കുന്നതു് കുറച്ചു വൈകിട്ടാണെങ്കിലും വിവേകം തന്നെയാണല്ലോ എന്നാണു എന്റെ സമാധാനം. ധനകാര്യമന്ത്രിയുടെ ബഡ്ജററുപ്രസംഗത്തിൽ ഫിനാൻസു് കമ്മിഷനെ സംബന്ധിച്ചു ചെയ്തിട്ടുള്ള പ്രസ്താവനയിലേക്കു് ഞാനും ഒന്നു ഇറങ്ങി നോക്കുകയുണ്ടായി. ഫിനാൻസ് കമ്മിഷന്റെ റെക്കമെന്റേഷൻ നമ്മുടെ രാജ്യത്തോടു് നീതി പ്രവർത്തിച്ചിട്ടില്ലെന്നു അദ്ദേഹം പറയുകയുണ്ടായി. എനിക്കും വളരെ യോജിപ്പുള്ള ഒരു കാര്യമാണതു്. ഭരണഘടനയിലെ ആർട്ടിക്കിൾ ൨൭൩ പ്രകാരം ബംഗാളിനും, ബീഹാറിനും, ഒറീസ്സയ്ക്കും, ആസ്സാമിനും ചണം കയററുമതി ചുങ്കത്തിന്റെ ഓഹരിയായി ഓരോ സംഖ്യ കൊടുക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടു്. എന്നാൽ അതുപോലെ തിരുവിതാംകൂർ—കൊച്ചിയ്ക്കും ഏലം, കുരുമുളകു്, റബ്ബർ മുതലായവയുടെ കയററുമതി ഡ്യൂട്ടിയിൽനിന്നു ഒരോഹരി കിട്ടുവാൻ ഫിനാൻസു കമ്മിഷൻ ശിപാർശ ചെയ്യാത്തതിൽ അദ്ദേഹം പരിതപിച്ചു. അതിലും ഞാൻ പൂർണ്ണമായി യോജിക്കുന്നു. അതുപോലെ തന്നെ ഈ രാജ്യത്തെ കരച്ചുങ്ക വർഷത്തെ പരിഗണിച്ചു നമുക്കു ചില പ്രത്യേക സഹായങ്ങൾക്കവകാശമുണ്ടായിരുന്നുവെന്നു അദ്ദേഹം പറഞ്ഞു.

ഈ കാര്യത്തിൽ എല്ലാം അദ്ദേഹത്തിന്റെ അഭിപ്രായത്തോടു് ൧൦൦ ശതമാനവും എനിക്കു് യോജിക്കുവാൻ കഴിയും. എന്നാൽ ഈവക കാര്യങ്ങൾക്കു് പ്രസക്തമായ ഒരു ചോദ്യം ഇവിടെ

3 P. M. യുണ്ടു്. ആ ചോദ്യം ഞാൻ അദ്ദേഹത്തിനുവേണ്ടി ചോദിക്കുകയാണു്. സർ, ഇതൊക്കെ എങ്ങിനെ സംഭവിച്ചു? നിങ്ങൾ ഈ പരാതിയുമായിട്ടു് ഇവിടെ വരുവാനുള്ള അവസരം എങ്ങനെ വന്നു? നമ്മുടെ താല്പര്യങ്ങൾ രക്ഷിക്കാൻ വേണ്ടി, വേണ്ടകാലത്തു വേണ്ട സ്ഥലത്തു വേണ്ട അവസരത്തിൽ നമ്മുടെ അവകാശവാദം നിങ്ങൾ നടത്തിയോ? ഇതാണു് എനിക്കു് ചോദിക്കുവാനുള്ളതു്. ഇന്നു് നമ്മുടെ രാജ്യത്തിന്റെ സാമ്പത്തികകാര്യങ്ങൾ മുന്നോട്ടു് കൊണ്ടുപോകുവാനുള്ള സാദ്ധ്യത ഇല്ലാതെയാണു് വന്നിരിക്കുന്നതു്. ഇവിടെ പല മെംബറന്മാരും പറഞ്ഞു കഴിഞ്ഞതുപോലെ ഇന്നു് ട്രഷറി ബെഞ്ചിൽ ഇരിക്കുന്ന മുഖ്യമന്ത്രിയും അദ്ദേഹത്തിന്റെ കൂട്ടുകാരും ഈ രാജ്യത്തിന്റെ സകല അവകാശങ്ങളും കേന്ദ്രത്തിനു് അടിയറവച്ചിരിക്കുകയാണു്. ഈ രാജ്യത്തെ സംരക്ഷിക്കുവാൻ സാദ്ധ്യമല്ലാത്തവിധത്തിൽ ഈ രാജ്യത്തിന്റെ ആദായമാർഗ്ഗങ്ങളെയെല്ലാം ശോഷിപ്പിച്ചിരിക്കയാണെന്നു പറയാതെ നിവൃത്തിയില്ല. സർ, എക്സ്പോർട്ടു് ഡ്യൂട്ടിയെ സംബന്ധിച്ചു് ഇവിടെ പറയുന്നു. ഫൈനാൻസ് കമ്മിഷന്റെ റക്കമെന്റേഷനിൽ ജൂട്ടിന്റെ എക്സ്പോർട്ടു് ഡ്യൂട്ടിയിൽ

നിന്ന് ഒരു അംശം ബംഗാളിനും, ബീഹാറിനും, ആസാമിനും, ഒറീസ്സായ്ക്കും കൊടുക്കുവാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. എന്നാൽ നമ്മെ സംബന്ധിച്ച് യാതൊരു വ്യവസ്ഥയും ഫൈനാൻസ് കമ്മിഷന്റെ റിപ്പോർട്ടിൽ ചെയ്യുന്നില്ല. അതിന് ഫൈനാൻസ് കമ്മിഷനെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. ഫൈനാൻസ് കമ്മിഷനു നമുക്കുവേണ്ടി ഒരു ആനുകൂല്യം ചെയ്യുവാൻ അധികാരമില്ല. ഫൈനാൻസ് കമ്മിഷന്റെ ടേംസ് ആഫ് റഫറൻസിൽ അതു് പെടുന്നില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ ൨൭൩-ൽ ഈ സംസ്ഥാനങ്ങൾക്ക് ജൂട്ടിന്റെ എക്സ്പോർട്ട് ഡ്യൂട്ടിയിൽ ഒരു വീതം കൊടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിന്റെ തുക എന്തായിരിക്കണമെന്ന് നിശ്ചയിക്കുവാനുള്ള അധികാരമേ ഫൈനാൻസ് കമ്മിഷനുള്ളു. അതു് അവർ ചെയ്തിട്ടുണ്ട്. പക്ഷെ നമ്മുടെ രാജ്യത്തു ഉണ്ടാകുന്നതായ കുരുമുളക്, ഏലം, റബ്ബർ മുതലായവയെ സംബന്ധിച്ചിടത്തോളം ഈ സാധനങ്ങളുടെ ഡ്യൂട്ടിയിൽ ഒരു ഭാഗം നമുക്ക് കിട്ടുവാൻ അവകാശപ്പെടേണ്ടതായിരുന്നു. ന്യായമായി നമുക്കു കിട്ടേണ്ട ആ അവകാശത്തെപ്പററി നിർബ്ബന്ധിക്കുവാൻ നമുക്ക് അവസരമുണ്ടായിരുന്നു. നാം അന്ന് അതിന് നിർബ്ബന്ധിച്ചിരുന്നുവെങ്കിൽ കേന്ദ്രഗവണ്മെന്റിൽനിന്ന് അതു് നമുക്ക് വകവച്ചു കിട്ടുവാനും ഒരു അവസരം ഉണ്ടായിരുന്നു. എന്നാൽ ആ അവസരം, നമുക്കു ന്യായമായി കിട്ടേണ്ട അവകാശം നിബ്ബന്ധിച്ച് വാങ്ങുന്നതിനുണ്ടായിരുന്ന ആ അവസരം, ഗവണ്മെന്റ് ശരിക്കു് വിനിയോഗിക്കുകയുണ്ടായില്ല എന്നു പറയാതെ തരമില്ല. അതു് മറച്ചു വയ്ക്കുവാനാണ് ധനകാര്യമന്ത്രി അദ്ദേഹത്തിന്റെ ബഡ്ജററ്പ്രസംഗത്തിൽ വട്ടമേശസമ്മേളനത്തിന്റെ കാര്യവും മററും ഇവിടെ പറഞ്ഞതു് എന്നു് വ്യക്തമായി മനസ്സിലാക്കാൻ സാധിക്കുന്നുണ്ട്. ബങ്കാളിനും, ആസാമിനും, ബീഹാറിനും, ഒറീസ്സായ്ക്കും ചണത്തിന്റെ കയററുമതിച്ചുങ്കത്തിൽ ഒരു വീതം കിട്ടണമെന്ന് ൧൯൩൦-ലും, ൧൯൩൧-ലും നടന്ന വട്ടമേശസമ്മേളനങ്ങളിൽ അവർ ശക്തിയായി വാദിച്ചു. അതു് ൧൯൩൫-ലെ ഇൻഡ്യാ ആക്ടിൽ ഉൾക്കൊള്ളിച്ചു. അന്നു് തിരുവിതാംകൂറിനേയും കൊച്ചിയേയും സംബന്ധിച്ചിടത്തോളം ഒരു വ്യവസ്ഥ ചെയ്യേണ്ട ആവശ്യമില്ലായിരുന്നു; കാരണം എക്സ്പോർട്ട് ഡ്യൂട്ടിയും കസ്റ്റംസും മററും നമ്മുടെ വരവിനങ്ങളായിരുന്നു; അവ വിട്ടുകൊടുത്തിരുന്നില്ല. എന്നാൽ ആ ഭരണഘടന പോയി ൧൯൫൦-ൽ പുതിയ ഭരണഘടന ഉണ്ടാക്കിയിട്ടുണ്ട്. ഈ പുതിയ ഭരണഘടനയിൽ പണ്ടു് ഇവിടെയുണ്ടായിരുന്ന നാട്ടുരാജ്യങ്ങളെയെല്ലാം ബി. സ്റ്റേററുകളാക്കുന്ന അവസരത്തിൽ, ഈ കാര്യങ്ങൾക്ക് ഒരു പുതിയ വ്യവസ്ഥ ഉണ്ടാക്കുന്ന അവസരത്തിൽ, നമുക്കു സ്വന്തമായി ഡ്യൂട്ടി ചുമത്തുവാൻ അധികാരമുണ്ടായിരുന്നതെല്ലാം വിട്ടുകൊടുക്കാൻ പോകുന്ന അവസരത്തിൽ ഒരക്ഷരംപോലും ഈ ഗവണ്മെന്റ് ഇതിനെ സംബന്ധിച്ച് പറഞ്ഞിട്ടില്ല. അങ്ങനെയുള്ള സന്ദർഭത്തിൽ ഈ മന്ത്രിസഭ ഈ രാജ്യത്തിന്റെ താല്പര്യസംരക്ഷണത്തിനുവേണ്ടി വാദിച്ചിട്ടുള്ളതിന് യാതൊരു രിക്കാർഡുമില്ല. സ്റ്റേററ് ഫൈനാൻസ്കമ്മിഷൻ റിപ്പോർട്ടിലൊ മററു റിക്കാർട്ടുകളിലൊ അങ്ങിനെ വാദിച്ചിട്ടുള്ളതായി യാതൊരുരേഖയുമില്ല. അതുപോലെതന്നെയാണ് ലാൻറ് കസ്റ്റംസിന്റെ കാര്യത്തിലും ഉണ്ടായിട്ടുള്ള ചരിത്രം. ലാൻറ് കസ്റ്റംസിനെക്കുറിച്ച് അന്വേഷണം നടത്തുന്ന അവസരത്തിൽ ഭരണഘടന ആർട്ടിക്കിൾ ൨൭൮ പ്രകാരം സംസ്ഥാനങ്ങളും സ്റ്റേററുകളും തമ്മിൽ കച്ചവടം നടത്താൻ പ്രതി

[ശ്രീ. സി. അച്യുതമേനോൻ]

ബന്ധമുണ്ടായിരുന്ന വ്യവസ്ഥകൾ എടുത്തുകളയണമെന്നു പറഞ്ഞു. എന്നാൽ പല സ്റ്റേറ്റുകളുടേയും വരവിനത്തിൽ ഒരു പ്രധാന ഭാഗമായതുകൊണ്ട് കരച്ചുങ്കത്തെ പെട്ടെന്നു എടുത്തുകളയൽ അസാദ്ധ്യമാണെന്നും അതു കുറേശ്ശെ കുറേശ്ശെയായി ഒരു പത്തു കൊല്ലംകൊണ്ട് എടുത്തു കളഞ്ഞാൽ മതിയെന്നും കൃഷ്ണമാചാരികമ്മിററി തന്നെ അഭിപ്രായപ്പെട്ടു. എന്നാൽ തിരുവിതാംകൂർ-കൊച്ചിയെ സംബന്ധിച്ചിടത്തോളം പത്തു കൊല്ലത്തെ ഒരു സമയം കൊടുക്കാതെ പെട്ടെന്നുതന്നെ ൧൦൦ ലക്ഷത്തോളം വരവുണ്ടായിരുന്ന ഒരിനം നിറുത്തേണ്ടി വന്നു. ഒരു രാജ്യത്തിനും ഇങ്ങനെയുള്ള പരിതഃസ്ഥിതി വരികയുണ്ടായില്ല. രാജ്യത്തെങ്ങുമില്ലാത്ത ഒരു പരിതഃസ്ഥിതി നമ്മുടെ രാജ്യത്തിന് വന്ന ഘട്ടത്തിൽ അതിന്റെ അടിസ്ഥാനത്തിൽ നമുക്കു പ്രത്യേക സഹായത്തിന് അവകാശപ്പെടാമായിരുന്നു. കേന്ദ്രഗവമെന്റിൽനിന്നും ഇതു നിറുത്തലാക്കിയപ്പോൾ നമുക്കു ന്യായമായി കിട്ടുവാൻ അർഹതയുണ്ടായിരുന്ന അവകാശത്തെപ്പററി ഒരു വാദം ശക്തിയായ രീതിയിൽ ഉന്നയിക്കാമായിരുന്നില്ലേ എന്നു ഞാൻ ചോദിക്കുന്നു. അങ്ങനെ അവസരമുണ്ടായിരുന്നപ്പോൾ നമ്മുടെ അവകാശത്തിനുവേണ്ടി വാദിക്കുകയോ ആ അവകാശം വാങ്ങുകയോ ഇവിടത്തെ മന്ത്രിസഭ ചെയ്തിട്ടില്ല എന്നുള്ളതു് വളരെ വ്യക്തമായ ഒരു കാര്യമാണ്. സാമ്പത്തിക കമ്മിഷൻ റിപ്പോർട്ടിന്റെ ൧൪-ാം ഭാഗത്തു് അതിനെപ്പററി പറയുന്നുണ്ട്. ആ ഭാഗത്തു് കരച്ചുങ്കം എടുത്തു കളഞ്ഞതിന് പകരമായി തിരുവിതാംകൂർ-കൊച്ചിക്ക് പ്രത്യേകമൊന്നും കൊടുക്കേണ്ടതില്ലെന്നാണ് പറയുന്നതു്. അതിനു ഈ ഗവമെന്റിന്റെ പ്രതിനിധികൾ സമ്മതിച്ചുകൊടുത്തു എന്നാണ് അതിൽ പറഞ്ഞിരിക്കുന്നതു്. കൊച്ചിയും തിരുവിതാംകൂറും പ്രതിനിധികൾ സമ്മതിച്ചുകൊടുത്തു എന്നാണ് പറയുന്നതു്.

ഇൻഡ്യൻ സ്റ്റേററ്സ് ഫിനാൻസസ് എൻക്വയറി കമ്മീററി റിപ്പോർട്ടു ൧൪-ാം ഭാഗത്തിൽ ഇങ്ങനെ പറയുന്നു:

> "As this suggestion was accepted by the representatives of the two Governments, it is, in our view, clearly necessary to make federal financial integration effective in this case at least from 17th August 1949 under the present Government of India Act itself."

ഇതിൽ പറയുന്നതു് ശ്രദ്ധിച്ചുനോക്കുക. രണ്ടു ഗവമെന്റുകളുടെയും പ്രതിനിധികൾ, അതായതു് തിരുവിതാംകൂറിന്റെയും കൊച്ചിയുടെയും അതു സമ്മതിച്ചു എന്നാണ് പറയുന്നതു്. എന്നിട്ടു കരച്ചുങ്കം പോയതുകൊണ്ടുണ്ടായ നഷ്ടം പരിഹരിക്കാൻ ഒരു സൂത്രം പറഞ്ഞു കൊടുക്കുന്നു. ഫൈനാൻസ് ഇൻറിഗ്രേഷൻ എല്ലാ സ്റ്റേററിലും നടപ്പാക്കിയതു ഇൻഡ്യൻ ഭരണഘടന നടപ്പിലാകുന്നതോടുകൂടിയാണ്. എന്നാൽ അതു തിരുവിതാംകൂർ-കൊച്ചിയിൽ ൧൯൪൯ ആഗസ്റ്റ് മുതൽ തന്നെ അതു നടപ്പിലാക്കിയാൽ നന്നായിരിക്കുമെന്നു നിശ്ചയിച്ചു. ഇതാണ് നമുക്കു ന്യായമായി കിട്ടുവാനുള്ള ചില ആനുകൂല്യങ്ങൾ കിട്ടാത്തതുകൊണ്ടുള്ള നഷ്ടം നീക്കുവാൻ ചെയ്തിരിക്കുന്ന വ്യവസ്ഥ. ഇതിന്റെ ഫലമായി സംയോജനതീയതിവരെ നമുക്കു ൩൦ ശതമാനം മാത്രമുണ്ടായി

രുന്ന ഭക്ഷ്യധാന്യസബ്സിഡി ആഗസ്റ്റമുതൽ ൭൫ ശതമാനമാക്കി ഉയർത്തിക്കിട്ടുമെന്നാണ് പറയുന്നത്. ഇതു വാസ്തവത്തിൽ ന്യായമാണോ എന്നു നിങ്ങൾ ആലോചിക്കണം. നമ്മുടെ നികുതി ജനങ്ങളെ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും നമ്മുടെ സാമ്പത്തികതാൽപര്യങ്ങളെ സംരക്ഷിക്കുവാൻ വേണ്ടിയും ഭരണഘടനയിൽ ഉറപ്പു മേടിക്കുന്നതിനുപകരം ചില പ്രതീക്ഷകളെ മാത്രം അവലംബമാക്കിയതു ശരിയാണോ എന്നു ഞാൻ ചോദിക്കുന്നു. ഫുഡ് സബ്സിഡി നമുക്കു ന്യായമായി എപ്പോഴും കിട്ടുമെന്നു ഉദ്ദേശിക്കുവാൻ സാദ്ധ്യമാണോ? പല സംസ്ഥാനങ്ങൾക്കും ഫുഡ് സബ്സിഡി കൊടുത്തിരുന്നതു നിറുത്തൽ ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ-കൊച്ചിക്കുമാത്രം അതു നിറുത്തി വച്ചിട്ടില്ല. ഫുഡ് സബ്സിഡി ഇപ്പോൾ കിട്ടിവരുന്നതുപോലെ എപ്പോഴും കിട്ടുമെന്നു വിശ്വസിക്കുവാൻ യാതൊരു ന്യായവും കാണുന്നില്ല. കഴിഞ്ഞ കൊല്ലം മൂന്നു കോടി രൂപ നമുക്കു ഫുഡ് സബ്സിഡി തന്നിരുന്നതു ഇക്കൊല്ലം രണ്ടുകോടി രൂപായാക്കി. അതുകൊണ്ടു ഇൻഡ്യാ ഗവണ്മെൻറിൻെറ ഈ കാരുണ്യം വളരെ നാൾ നമുക്കു ലഭിക്കുമെന്നു ആശിക്കുവാൻ വഴിയില്ല. അതിനു ഭരണഘടനയിൽ യാതൊരു ഉറപ്പും ഇല്ല. അതുകൊണ്ടു രാജ്യത്തിൻെറ താൽപര്യങ്ങൾ നിങ്ങൾ ബലി കഴിക്കയാണു ചെയ്തിട്ടുള്ളതു എന്നാണു ഞാൻ വിശ്വസിക്കുന്നതു.

സർ, കഴിഞ്ഞ കാര്യങ്ങളെല്ലാം കഴിഞ്ഞ കാര്യങ്ങളായിട്ടു കണക്കാക്കുവാനും ഒരു പുതിയ അദ്ധ്യായം തുറക്കുവാനും ഇവിടത്തെ മന്ത്രി സഭയും ഇവിടത്തെ ഭരണകക്ഷിയും ഉദ്ദേശിക്കുന്നുണ്ടെങ്കിൽ തീർച്ചയായും അതിനുള്ള നടപടികളോടു ഞങ്ങൾ തയ്യാറാണ്. തീർച്ചയായും മറ്റെന്തു അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നാലും കൊള്ളാം കേന്ദ്രത്തിൽനിന്നു നമ്മുടെ സംസ്ഥാനത്തിൻെറ നില അഭിവൃദ്ധിപ്പെടുത്തുന്നതിനു, നമ്മുടെ ന്യായമായ അവകാശങ്ങൾ സമ്പാദിക്കുന്നതിനുവേണ്ടി ഈ രാജ്യത്തെ എല്ലാ കക്ഷികളും ഒററക്കെട്ടായിനിന്നു ശക്തിയുക്തം കേന്ദ്രഗവണ്മെൻറിൻെറ അടുത്തു സമ്മർദ്ദം ചെലുത്തുന്നതിനു തയ്യാറാകും എന്നുള്ളതിനു ഉറപ്പു പറയാൻ എനിക്കു കഴിയും. ഈ അവസരത്തിലെങ്കിലും നമ്മുടെ കാര്യങ്ങൾ നോക്കുവാൻ, നമ്മുടെ അവകാശങ്ങൾ സംരക്ഷിക്കുവാൻ ഉള്ള എല്ലാ പരിശ്രമവും കൈകാര്യം ചെയ്യുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. ഏതായാലും ഈ കാര്യം സാധിക്കുന്നതിനാവശ്യമായ ഏതു നടപടികളോടും ഈ സഭയിലെ എല്ലാ കക്ഷികളും യോജിക്കുവാൻ സാദ്ധ്യതയുണ്ട്. ഈ അടിസ്ഥാനത്തിൽ നിങ്ങൾ മുന്നോട്ടു വരികയാണെങ്കിൽ തീർച്ചയായും അതിനു ഫലമുണ്ടാകും.

ഇവിടെ നമ്മുടെ ഗവണ്മെൻറു പ്രോത്സാഹിപ്പിക്കുന്ന ഒരു ബാങ്കുണ്ട്. അതായതു ട്രാവൻകൂർ ബാങ്ക്. ഈ ട്രാവൻകൂർ ബാങ്കിനെപ്പററിയും രണ്ടുവാക്കു എനിക്കു പറയുവാനുണ്ട്. സർ, ഇവിടത്തെ ഗവണ്മെൻറു വളരെ അധികം താലോലിച്ചു വളർത്തിക്കൊണ്ടുവരുന്ന ഒരു ബാങ്കാണിതു. സാമ്പത്തികസംയോജനക്കരാറിൽ ഇൻകംടാക്സിൽനിന്നു ഈ ബാങ്കിനെ ഒഴിവാക്കാൻ വേണ്ട ഏർപ്പാടു ചെയ്തിട്ടുണ്ട്. ഈ ബാങ്കിൻെറ ഓഹരികളിൽ ൫൧ ശതമാനത്തിൽ അധികവും ഈ ഗവണ്മെൻറു എടുത്തിരിക്കുകയാണ്. ഒരു കോടി രൂപായുടെ കറൻറ് ഡിപ്പാസിററും ഒരു കോടി രൂപയുടെ ഫിക്സഡ് ഡെപ്പോസിററും ഈ ഗവണ്മെൻറിൽനിന്നു

[ശ്രീ. സി. അച്യുതമേനോൻ]

ഈ ബാങ്കിൽ വച്ചിട്ടുണ്ടെന്നു പറഞ്ഞു. അടുത്ത അവസരത്തിൽ റിസർവ്വ് ബാങ്കിന്റെ ഏജന്റായി ഈ രാജ്യത്തു് നിയമിക്കുവാൻ പോകുന്നതു് ഈ ബാങ്കിനെയാണെന്നും ധനകാര്യമന്ത്രി പറഞ്ഞു. അതുകൊണ്ടു് ഈ ബാങ്കിൽ അത്യധികം താൽപര്യം നമുക്കു ഉണ്ടാകേണ്ടതാണു്. ഇപ്പോൾ ഈ ബാങ്കിന്റെ ഭരണം കൈവശം വച്ചുകൊണ്ടിരിക്കുന്നവർ ശരിയായിട്ടാണോ അതിന്റെ ഭരണം നടത്തുന്നതു് എന്നു നാം നോക്കേണ്ടതാണു്. നമ്മുടെ ഫൈനാൻസ് സിക്രട്ടറി ബാങ്കിന്റെ ഡയറക്ടർ ബോർഡിൽ ഒരംഗമാണു്. അദ്ദേഹം ഈ രാജ്യത്തിന്റെ കാര്യങ്ങൾ ഈ ബാങ്കിൽ സുരക്ഷിതമാക്കുന്നതിനുവേണ്ടി ബാങ്കിന്റെ ഭരണത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നുണ്ടോ എന്നു സംശയം തോന്നത്തക്കവിധത്തിൽ ഗൌരവതരമായ ചില കാര്യങ്ങൾ അവിടെ നടക്കുന്നുണ്ടു്. ബാങ്കിന്റെ ഭരണം മുഴുവൻ നിലനിൽക്കുന്നതു ഒരു മാനേജിംഗ് ഡയറക്ടറിലാണു്. മി. വിഷ്വാട്ടിന്റെ കൈയ്യിലാണു് ബാങ്കിന്റെ ഭരണം മുഴുവൻ നിൽക്കുന്നതു്. വളരെ അധികം രൂപ ശമ്പളം കൊടുത്തുകൊണ്ടാണു്, പ്രതിവർഷം ൫൫,൦൦൦ രൂപായോളം ശമ്പളമായും ആദായമായും കൊടുത്തുകൊണ്ടാണു് ഈ മാനേജിംഗ് ഡയറക്ടറെ അവിടെ നിറുത്തിയിട്ടുള്ളതു്. ഇത്രയും രൂപ അദ്ദേഹത്തിനു കൊടുത്തു് അദ്ദേഹത്തെ അവിടെ നിറുത്തത്തക്കവിധത്തിൽ അത്രമാത്രം സാമർത്ഥ്യമോ, കാര്യശേഷിയോ ഒന്നും ബാങ്കിന്റെ പ്രവർത്തനത്തിൽ അദ്ദേഹം ചെലുത്തുന്നതായിട്ടു ഒന്നും കാണുന്നില്ല. ബാങ്കിന്റെ ദൈനംദിന പ്രവർത്തനം നോക്കുകയാണെങ്കിൽ ഇതേവരെ ഡിവിഡണ്ടു കൊടുത്തതായിട്ടു കാണുന്നില്ല. അദ്ദേഹം ഇമ്പീരിയൽ ബാങ്കിന്റെ ബ്രാഞ്ചുകളിൽ ഒരു ചെറിയ ബ്രാഞ്ചായ കൊച്ചിയിൽവന്നു് ശരണം പ്രാപിച്ച ആളാണു്. അവിടെനിന്നു പെൻഷൻ പറ്റിയപ്പോഴാണു് ഇവിടെ കൊണ്ടുവന്നു പ്രതിഷ്ഠിച്ചതു് അദ്ദേഹത്തെ കൂടാതെ ഒരു ജനറൽ മാനേജരേയും വച്ചു് മാസംപ്രതി രണ്ടായിരത്തിഅഞ്ഞൂറോളം രൂപ ശമ്പളം കൊടുക്കുന്നുണ്ടു്. അദ്ദേഹവും ഇമ്പീരിയൽ ബാങ്കിൽനിന്നു പുറം തള്ളപ്പെട്ട ആളാണു്. ഇങ്ങനെ പുറംതള്ളപ്പെട്ടവരും ആപ്താപ്തന്മാരുമായ ആളുകളെ തന്നെ നിയമിച്ചുകൊള്ളണമെന്നു നിർബന്ധമുള്ളതായിട്ടാണു് കാണുന്നതു്. ഈ മാനേജിംഗ് ഡയറക്ടരുടെ ഉദ്യോഗകാലാവധി അവസാനിച്ചു് പുതിയ ഒരു മാനേജിംഗ് ഡയറക്ടറെ നിയമിക്കേണ്ട അവസരത്തിൽ ഗവണ്മെന്റുതന്നെ അദ്ദേഹത്തെ അവിടെനിന്നു മാററുവാൻ പാടില്ല എന്നു പറഞ്ഞതായി അറിയുന്നു. എന്തു കാരണംകൊണ്ടാണു് ഈ സംഭവം ഉണ്ടായതു് എന്നു എനിക്കറിഞ്ഞുകൂടാ. ഏതായാലും ഏററവും പ്രധാനപ്പെട്ട നമ്മുടെ ധനപരമായ കാര്യങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു ബാങ്കിന്റെ പ്രവർത്തനം വളരെ ശോഭനമായിട്ടുള്ള രീതിയിലല്ല മുന്നോട്ടു പോകുന്നതെന്നു പറയാതെ നിവൃത്തിയില്ല. ഈ ഗവണ്മെന്റിൽനിന്നു ൫൧ ശതമാനത്തോളം ഓഹരി എടുത്തിട്ടുള്ള ഈ ബാങ്കിന്റെ കണക്കുകൾ ഇതേവരെ ഗവണ്മെന്റിൽനിന്നും ഒരാൾ ആഡിററ് ചെയ്തിട്ടില്ല. ഇതിൽപരം ഉത്തരവാദിത്വബോധമില്ലാത്ത പ്രവർത്തനം വേറെയുണ്ടോ എന്നു ഞാൻ ചോദിക്കുന്നു. ഈ അവസ്ഥയ്ക്കു ഈ ബാങ്കിന്റെ കണക്കുകൾ നിഷ്കർഷമായ ഒരു പരിശോധനയ്ക്കു വിഷയമാക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്.

ஸ்ரீ. ஸி. சங்கர்: இந்த சபையின் முன் சமர்ப்பிக்கப்பட்டிருக்கும் பட்ஜெட் கழிந்த ஐந்துவருடகாலம் தொடர்ந்து ஆட்சி பீடத்திலிருந்து வருகிற ஒரு கட்சியைச் சேர்ந்த ஒரு மந்திரிசபை சமர்ப்பித்திருக்கிற பட்ஜெட்டாகும். இது கம்மி பட்ஜெட்டா, அல்லது மிச்சபட்ஜெட்டா என்பது அவ்வளவு முக்கியமான விஷயமல்ல. ஒரு கம்மிபட்ஜெட்டை மிச்ச பட்ஜெட்டாகவோ, மிச்சபட்ஜெட்டை கம்மி பட்ஜெட்டாகவோ மாற்றுவது அவ்வளவு பிரமாதமான காரியமல்ல. இன்று நமது நாட்டையும், நாட்டுமக்களையும் மிகவும் கடுமையாக பாதித்துக்கொண்டிருக்கிற பல பெரிய பிரச்னைகளையும் தீர்க்க இந்தப் பட்ஜெட்டில் ஏதாவது வழி வகைகள் செய்யப்பட்டிருக்கிறதா? ஜனத்தொகையில் பெரும்பான்மையராக இருக்கிற சாதாரண ஜனங்களின் வாழ்க்கைத் தரத்தை உயர்த்த ஏதாவது அம்சங்கள் இந்த பட்ஜெட்டில் இருக்கிறதா என்பவற்றைப் பொறுத்துத்தான் இதன் சிறப்புகளையும் குறைபாடுகளையும் மதிப்பிட முடியும். இன்று நாடுமுழுவதும் பொருளாதார நெருக்கடியும், வியாபார மந்தமும் பெருகியுள்ளது. மக்கள் உணவுப்பஞ்சம், பட்டினி, வறுமை, வேலையில்லாத்திண்டாட்டம், சரிக்கட்ட முடியாத வாழ்க்கைச் செலவு, கடன் பழு முதலியவற்றால் மிகவும் பாதிக்கப்பட்டிருக்கின்றனர். மேற் குறிப்பிட்டவற்றிற்கு பரிகாரம் தேட எந்த அளவுக்கு இந்த பட்ஜெட் உதவிகரமாயிருக்கிறது என்பதை கவனிக்கவேண்டும். இந்திய அரசியல் அமைப்பில் நான்காவது பாகத்தில், (இராஜ்ய கொள்கையை நிர்ணயிக்கிற தத்துவங்கள் என்பதில்) ஆர்ட்டிக்கிள் 39 உபபிரிவு (எ) யில் ஆண் பெண், எல்லா பிரஜைகளும் சமமாக வாழ்வதற்குத் தேவையான வசதிகளுக்கு உரிமைப்பட்டவர்கள் என்று வரையறுக்கப்பட்டிருக்கிறது. இந்த உரிமைக்கு, உத்தரவாதமளித்து, தத்துவத்தை நடைமுறையில் கொண்டுவருவதற்கு இந்த பட்ஜெட்டில் எந்தவித ஏற்பாடும் செய்யவில்லை. நமது நாட்டில் வேலை செய்ய சக்தியும், விருப்பமும் உள்ள ஆயிரக்கணக்கானவர்கள் வேலையில்லாமல் தவித்துக்கொண்டிருக்கிறார்கள். அவர்களுக்கு வேலையோ, உணவோ கொடுக்கும் கடமை இந்த சர்க்காருக்கு உண்டு. நாகரீக அரசியல் முறை அமுலிலிருக்கும் எல்லா நாடுகளிலும் அரசாங்கம் இந்தப் பொறுப்பை நிறைவேற்றுகிறது. இங்கிலாந்தில் வேலை அற்றோருக்கு அரசாங்கம் (unemployment toll) வேலையில்லா அலவன்ஸ் கொடுக்கிறது. ஆனால் நமது அரசாங்கம் தனது பட்ஜெட்டில் இதற்கு ஏற்பாடு செய்யவில்லை. கடமை தவறுகிற சர்க்காருக்கு பிரஜைகளின் மேல் அதிகாரஞ் செலுத்த உரிமை கிடையாது. இன்று நமது மக்களைப் பிடித்திருக்கிற பஞ்சம், பட்டினி, வறுமை, வேலையில்லாத் திண்டாட்டம் பொருளாதார நெருக்கடி எல்லா நோய்களுக்கும் காங்கிரஸ் மந்திரிகள் வைத்திருக்கும் ஒரு சர்வரோக நிவாரணி ஐந்து வருடத் திட்டமாகும். நமது சர்க்கார் நடத்துகிற பல ஆஸ்பத்திரிகளிலும் சில டாக்டர்கள் எல்லா நோய்களுக்கும் சர்வரோக நிவாரணியாக 'பச்சத்தண்ணீர்' கொடுக்கிறார்கள். நாங்கள் இங்குள்ள மத்திய சிறையிலிருந்தபோது கிடைத்த

[ஸ்ரீ. ஸி. சங்கர்]

சொந்த அனுபவமாகும் இது. வயிற்றுவலி, வாயுவலி, கால்வலி, தலைவலி எல்லாவற்றிற்கும் பச்சைநிறமுடைய பச்சைத் தண்ணீராகும் கொடுப்பது.

Mr. Speaker: Is it not Eucalyptus?

ஸ்ரீ. ஸி. சங்கர்: பட்டினியால் வாடிக்கொண்டிருக்கிற மக்கள் ஐந்து வருடத்திட்டம் நிறைவேறுவதுவரை காத்துக்கொண்டிருக்க வேண்டியதுதான்போலும். இந்த ஐந்து வருட திட்டத்தை திட்டக் கமிஷன் காகிதத்தில் தீட்டுவதற்கு இரண்டேமுக்கால்வருடம் ஆகியிருக்கிறது. நிறைவேற்றுவதற்கு எத்தனை வருடங்கள் ஆகுமோ?

1949-ல் நமது மதிப்புக்குரிய மத்திய சர்க்கார் மந்திரி ஸ்ரீ. ஜவஹர்லால் நேரு 'உணவு சுயதேவைப்பூர்த்தித்திட்டம்' என்ற ஒன்றை வகுத்தார். அதன்படி 1951-க்குப்பின் வெளிநாடுகளிலிருந்து நமது நாட்டுக்கு ஒரு மணி தானியங்கூட வரவழைக்கப்போவதில்லை என்று உறுதி கூறப்பட்டது. ஆனால் 1953-ல் என்ன நடக்கிறது? கழிந்த பெப்ரவரி 17-ம் தேதி டில்லி மேல் சபையில் மந்திரி டாக்டர் தேஷ்முக் பேசும்போது இவ்வருடம் வெளிநாடுகளிலிருந்து 27 லட்சம் டன் உணவு தானியம் வரவழைக்கப்போவதாகக் கூறியிருக்கிறார். 1949 திட்டப்படி ஒரு மணி தானியமும் இறக்குமதி செய்யாமலிருந்தால் என்னவாகும்? நம்மில் பலரும் எமபுரிக்கு பிரயாணஞ் செய்யவேண்டியதுதான். இந்திய சர்க்காரின் திட்டம் இவ்விதமிருக்க திருவிதாங்கூர்-கொச்சி சர்க்கார் இதற்குமுன் போட்ட திட்டங்கள் என்னவாயின? கொச்சிக்கும் திருவிதாங்கூருக்கும் இணைப்பு ஏற்பட்டு மூன்றேமுக்கால் வருடங்கள் ஆய்விட்டது. இன்னும் இலாகாக்களின் இணைப்புவேலை பூர்த்தியாகவில்லை. திட்டம் நிறைவேற்றுவதில் இன்னும் தாமதம் இருக்கிறது. யுத்தம் முடிவுற்று ஏழு வருடங்களாகியும், பெட்ரோல்ரேஷன் தொலைந்து மோட்டார் இறக்குமதி தாராளமாகியும்கூட நமது சர்க்கார் நடத்துகிற டிரான்ஸ்போர்ட் பஸ்களில் பணிதர்களை மாடுகளிலும் கேவலமாக திணித்து அடைத்து நிற்க வைக்கும் வழக்கத்திற்கு முற்றுப்புள்ளி வைக்கமுடியவில்லை. நாடு முழுவதும் மதுவிலக்கு ஏற்படுத்தப்போவதாக திட்டம் வகுத்தார்கள் காந்தி சீடர்கள். ஆனால் ஐந்து வருடம் தொடர்ந்து ஆட்சிபீடத்திலிருந்தும் பன்னிரண்டு தாலுகாக்களில் மட்டும் மதுவிலக்கு கொண்டுவந்து, அதுவும் சீரழிந்து சந்தி சிரிக்கிற கேலிக்கூத்தாக நடக்கிறது. முன்பு குறைந்த விலையில் சுத்தமான கள்ளும், சுத்தமான சாராயமும் குடித்துக் கொண்டிருந்தவர்கள் இன்று அமிதமான விலை கொடுத்து சாராயங்கலந்த எஸன்ஸ்கள் தாராளம் குடித்து குடலையும் அவித்து, ஆரோக்கியத்தையும் கெடுத்து, பணத்தையும் இழந்துகொண்டிருக்கிறார்கள். இதுதான் காங்கிரஸ் மதுவிலக்கு திட்டத்தினாலேற்பட்ட பலன். இந்த பன்னிரண்டு தாலுகாக்களுக்குமேல் வடக்கேயும்

போகமுடியாமல் தெற்கேயும் போக முடியாமல், மெல்லவும் முடியாமல், விழுங்கவும் முடியாமல் சர்க்கார் தவித்துக்கொண்டிருக்கிறது. இத்தகைய திறமையுள்ள அரசாங்கம் எவ்வாறு ஐந்து வருடத் திட்டத்தை நிறைவேற்றி வைக்கப்போகிறதோ? 1951–ல் நாலரை அவுன்ஸாக இருந்து அரிசி ரேஷனை 1952–ல் 6 அவுன்ஸாக உயர்த்தியிருப்பதாக நிதிமந்திரி தனது பிரசங்கத்தில் குறிப்பிட்டிருக்கிறார். என்ன உயர்ந்தாலும் கழிந்த ஆறு ஏழு வருடங்களாக பல கோடிக்கணக்கான ரூபாயை ஆற்றிலும், குளத்திலும், காயலிலும், காடுகளிலும் கொண்டு கொட்டியும் உள்நாட்டில் உணவு உற்பத்தி எவ்வளவு பெருகியுள்ளது என்று எந்த விதமான கணக்குந்தரப் படாததோடு இந்த நடமுறை வருடத்திற்கு இந்திய சர்க்காரின் 3 லக்ஷம் டண் அரிசியை எதிர்பார்த்துக் கொண்டிருக்கும் நிலைமையிலிருக்கிறோம். வெளியிலிருந்து வரவழைக்கும் அரிசியின் விலை அமிதமாக விலை ஏறிவிட்டதின் காரணமாக இவ்வருட அரிசி வியாபாரத்தில் 8 கோடி 8 லக்ஷம் ரூபாய் நஷ்டப்படவும் போகிறோம். வெளிநாட்டு அரிசிக்கு அமித விலை கொடுத்து வாங்கும் சர்க்காருக்கு உள்நாட்டிலுள்ள ஏழை விவசாயிகள் தங்கள் இரத்தத்தையும், வியர்வையும் வார்த்து உற்பத்தி செய்த நெல்லை குறைந்த விலைக்கு விற்றாலும் அவர்களுக்கு ஆபத்துக்காலத்தில் இந்த சர்க்கார் உதவவில்லை. கழிந்த இரண்டு பூவிலும் தென் திருவிதாங்கூரில் ஏற்பட்ட கரிவினால் பெரும் நஷ்டம் அடைந்த விவசாயிகளுக்கு ஒரு பைசாவும் வட்டியில்லாக் கடனாக கொடுத்துதவவில்லை. ஏதோ நிலமுள்ள காங்கிரஸ்காரர்கள் பாண்டவத்து சங்கரப்பிள்ளை போன்ற ஒரு சிலருக்கு ரூபாய் 5000, 3000 என்று கடன் கொடுத்திருப்பதாக இச்சபையில் ஒரு கேள்விக்குப் பதிலளிக்கும்போது கூறப்பட்டது. கடன் வாங்கவேண்டுமானால் சொத்து ஜாமீன் கொடுக்க வேண்டுமாம். நமது நாட்டிலுள்ள விவசாயிகளின் பெரும்பகுதி நிலமில்லாதவர்கள். இவர்களுக்கு வேறு யார் கடன் கொடுத்து உதவி செய்வார்கள். சொத்திருக்குமானால் சர்க்கார் உதவியை எதிர்பாராமலே வேறு கடன் வாங்கிக்கொள்ள முடியும். ஆகவே இந்த சர்க்கார் சொத்து உள்ளவர்களுக்கு மேலும் மேலும் வசதிகள் செய்து கொடுப்பதும், இல்லாதவர்களை அலட்சியம் செய்வதுமான தனது கொள்கையை மாற்றிக்கொள்ளவேண்டும் எல்லா விவசாயிகளுக்கும் வட்டியில்லாக் கடன் கொடுத்து உதவ முன்வர வேண்டும். இந்த பட்ஜெட்டில் மற்றொரு சிறப்பு இவ்வருடம் இருக்கிற வரியை அதிகரிக்கவோ, புதிய வரி விதிக்கவோ செய்யவில்லை என்று சுட்டிக்காட்டப்படுகிறது. யார் புதிய வரி விதிக்க வேண்டாமென்று கூறியது? நாங்கள் புதிய வரி விதிக்க வேண்டாமென்று கூறவில்லை. யார் கூடுதல் வரி கொடுக்க சக்தியுள்ளவர்களாக இருக்கிறார்களோ அவர்களுக்கு வரியைக் கூட்டுங்கள். வெண்டர் கிருஷ்ணபிள்ளையைப் போலிருக்கிற பணக்கார புதிய காங்கிரஸ்காரர்களுக்கு வரியை உயர்த்துங்கள். ஆண்டுதோறும் புதிய மாடல் மோட்டார் மாற்றிக்கொண்டிருக்கிறவர்களுக்கும், குன்றுவதற்கு குடிசைகூட இல்லாமல் ஆயிரக்கணக்கானவர்கள் இருக்கும்போது ஒரு லட்சம், இரண்டு லட்சம் செலவழித்து வீடு கட்டு

[ஸ்ரீ. ஸி. சங்கர்]

கிறவர்களுக்கு வரி கூடுதல் சுமத்துங்கள். வருடா வருடம் மேலும் சொத்து வாங்குபவர்கள் மேல் கூடுதல் வரி போடலாம். அதல்லாமல் கள், சாராயம், கஞ்சா, எஸன்ஸ் முதலிய இனத்தில் இரண்டரை லட்சம் ரூபாயும், விற்பனை வரி மூலம் இரண்டே அரைக்கால் லட்சம் ரூபாயும் ஆக நாலரை அரைக்கால் லட்சரூபாய் கொடுத்து வரும் சாதாரண மக்கள் வரிப் பளுவினால் நசுங்கிக்கொண்டிருக்கிறார்கள். அவர்களின் வரிப் பளுவை குறைக்கும் திட்டம் எதுவும் இந்தப் பட்ஜெட்டில் இல்லை என்பதுதான் ஞங்கள் வருத்தம். நிதி மந்திரியின் பட்ஜெட்டில் பெரிய இயந்திரத்தொழில்களைப் பற்றிக் குறிப்பிட்டிருக்கிறார். ஆனால் நாட்டில் பெருவாரியான மக்களுக்கு வாழ்வளித்துவரும் குடிசைக்கைத்தொழில்களில்கயிற்றுத்தொழிலைத் தவிர வேறு ஒரு தொழிலைப்பற்றியும் குறிப்பிடவேயில்லை. இங்குள்ள குடிசைத்தொழில்களெல்லாம் நசித்து, ஆயிரக்கணக்கான மக்கள் வேலையில்லாமல் தவித்துக்கொண்டிருக்கிறார்கள். குடிசைக் கைத்தொழிலைப் பாதுகாப்பது காந்தீயப் பொருளாதாரத் திட்டத்தின் ஜீவநாடியாக இருந்தது. ஆனால் காந்தியின் சிஷ்யர்கள் நடத்துகிற ஆட்சியில் அவற்றிற்கு ஆதரவு இல்லை. என்ன விசித்திரம்! கைத்தறி நெசவுத்தொழில் இந்நாட்டிலுள்ள ஒரு முக்கிய குடிசைத் தொழிலாகும். இது ஆயிரக்கணக்கான ஏழைக் குடும்பங்களுக்கு வாழ்வளித்துக்கொண்டிருக்கிறது. 1950-ல் திருவிதாங்கூர்-கொச்சி சர்க்கார் எடுத்த ஒரு கணக்குப்படி 82 ஆயிரம் தறிகள் இருந்தன. இப்பொழுது நமது இந்திய மாகாண சர்க்கார்கள் அனுஷ்டிக்கும் கொள்கையினால் இத்தொழில் மிகவும் க்ஷீண நிலை அடைந்து ஆயிரக்கணக்கான குடும்பங்கள் நெசவுத் தொழிலிலீடுபட்டிருந்தவர்கள் பிச்சைக் காரர்களாக தெருவில் அலைந்து திரிகிறார்கள். கொச்சி திருவிதாங்கூரில் சுமார் நான்கு முதல் ஐந்து லட்சம் ஜீவன்கள் இத்தொழிலினால் பிழைத்துக்கொண்டிருக்கிறது. இதைப்பாதுகாக்க இந்த சர்க்கார் என்ன நடவடிக்கை எடுத்திருக்கிறது. சென்னை மாகாண சர்க்கார் கழிந்த சட்டசபைக் கூட்டத்தில் சிலரகத் துணித்தரங்களின் உற்பத்தியை கைத்தறிக்கு மட்டும் ஒதுக்கவேண்டுமென்று இந்திய சர்க்காரை வேண்டி ஓர் தீர்மானம்கூட சட்டசபையில் கொண்டு வர முன்னவராத்து மிகவும் வருந்தத்தக்கது. சென்னைமாகாண சர்க்காரின் முயற்சியின் மேல் ரிசர்வ்பாங்கி சென்னை மாகாண கைத்தறியாளர் மத்திய கூட்டுறவு சங்கத்துக்கு 50 லட்சம் ரூபாய் மூன்று சதமானம் வட்டிக்கு கடன் கொடுத்து உதவியிருக்கிறது. ஆனால் இங்கு நடப்பது என்ன? திருவனந்தபுரம் ஸ்ரீமூலம் கைத்தறி மத்திய கூட்டுறவு சங்கத்தில் மட்டும் ஒரு லட்ச ரூபாய் பெருமான கைத்தறித்துணி முடங்கிக் கிடக்கிறது. இதுபோலவே லக்ஷக்கணக்கான ரூபாய் பெறுமான கைத்தறித்துணி உற்பத்தியாளர்களிடமும், கூட்டுறவுச் சங்கங்களிடமும் முடங்கி, தொழிலில் ஸ்தம்பித நிலைமை ஏற்பட்டிருக்கிறது. நமது சர்க்கார் யானைப்பசிக்கு பொரிபோட்டது போல திருவனந்தபுரம் கூட்டுறவு சங்கத்திற்கு

75,000 ரூபாயும், கொச்சின் மார்க்கட்டிங் கூட்டுறவு சங்கத்துக்கு 25,000 ரூபாயும் கொடுத்துதவி இருப்பதாக கழிந்த சட்டசபைக் கூட்டத்தின்போது மந்திரி அவர்கள் கூறினார்கள். ஆனால் உண்மையில் இன்றுவரையிலும் ஒரு பைசா கூட கொடுக்கவில்லை. சென்னை மாகாணத்தில் அங்குள்ள சர்க்கார் கைத்தறித்துணியின்மேல் ரூபாய்க்கு ஒன்றரை பைசா விற்பனைவரி ஈடாக்கும்போது நமது காருண்ய சர்க்கார் அதே கைத்தறித் துணியின்மேல் ரூபாய்க்கு மூன்று பைசா வசூலித்து வருகிறது. இந்த மூன்று பைசாவையும ஈடாக்காமல் கைத்தறித்துணிக்கு விற்பனைவரியிலிருந்து விதிவிலக்கு அளித்து விட்டால் குடிமூழ்கிப்போய்விடாது. மிகச் சிறிய தொகை தான் மொத்த விற்பனைவரி வருமானத்தில் குறையும். இதைச் செய்ய நமது சர்க்கார் முன்வருமா? நமது அரசாங்கம் தொழிலாளிகள் பால் அனுஷ்டிக்கும் கொள்கை மிகவும் விசித்திரமானது. நமது சர்க்கார் டிரான்ஸ்போர்ட் இலாகாவில் 2770 பென்ஷனில்லாத் தொழிலாளர்கள் இருக்கிறார்கள். இவர்களுக்கு பென்ஷன் கொடுக்கப்போவதாக டிரான்ஸ்போர்ட் இலாகா மந்திரி அவர்கள் வாக்களித்து ஆறு மாதங்களுக்கு மேலாகியும், அதை நிறைவேற்ற எந்தவிதமான நடவடிக்கையும் எடுக்கவில்லை. பத்தும் பன்னிரண்டும் வருடங்கள் 20 ரூபாய் அடிப்படைச் சம்பளம், 20 ரூபாய் அலவன்சும் வாங்கிக்கொண்டு வேலை ஸ்திரமாகாமலிருக்கிற கண்டின்ஜன்ஸி கிளீனர்கள், தினச் சம்பளக்காரர்கள், மற்ற குறைந்த சம்பளம் வாங்கும் ஒர்க்ஷாப் தொழிலாளர்கள் இவர்களின் சம்பளத்தைக் கூட்டப்போவதாகவும், ஒரு Reorganisation scheme நடைமுறையில் கையாண்டுவரப் போவதாகவும் மந்திரி கூறி ஒரு வருடமாகியும் இன்னும் ஒன்றும் செய்யவில்லை. கழிந்த ஓணத்தின் போது டிரான்ஸ்போர்ட் தொழிலாளர்கள் போனஸ் கூடுதல் வேண்டுமென்று கிளர்ச்சி செய்தபோது கம்யூனிஸ்டுகள் தொழிலாளர்களைத் தூண்டிவிடுகிறார்கள். அவர்கள் சொல்வதைக் கேட்கக்கூடாது, ஆபத்து ஏற்பட்டுவிடும் என்று கூறினார்கள் நமது மந்திரிகள். இப்பொழுது கிளர்ச்சி இல்லை. கம்யூனிஸ்டுகள் தூபம் போடவில்லை. ஆயினும் என்ன நடக்கிறது? 1951–க்குள்ள போனஸ் முழுவதும் இன்னும் தொழிலாளர்களுக்கு கிடைக்கவில்லை. கம்யூனிஸ்டுகள் சொல்வதினால் கொடுக்கவேண்டாமய்யா! மத நம்பிக்கை மிகுந்த நல்ல கத்தோலிக்க கிருஸ்தவரான நமது முதன் மந்திரி ஸ்ரீ ஜான் அவர்கள் ஏசுநாதர் கூறுவதற்கிணங்கவாவது நடத்தக்கூடாதா? ஒரு தொழிலாளியின் கூலிக்காசை அன்றையப்பொழுது கழிவதற்கு முன் கொடுத்து விடுதல் வேண்டுமென்று ஏசுநாதர் கூறியிருக்கிறார். அதன் படியாவது நமது சர்க்கார் நடக்குமாக. பொதுவில் இந்தப் பட்ஜெட் ஏழைகளின் வாழ்வை செம்மைப்படுத்தும் எந்தவித அம்சமும் அடங்கியிருக்காததால் நான் இதை எதிர்க்கிறேன்.

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): സർ, കഴിഞ്ഞ മൂന്നു ദിവസമായി ഞാൻ അവതരിപ്പിച്ച ബഡ്ജറ്റിനെപ്പറ്റിയും, ഇങ്ങനെയുള്ള ബഡ്ജററ വിമർശന

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

വേളകളിൽ ഒരു വഴക്കമായി തീൎന്നിരിക്കുന്നതനുസരിച്ച് മററു കാൎയ്യങ്ങളെപ്പററിയും ഗവൎമ്മെൻറിനു സഹായകമാകത്തക്കവിധത്തിൽ പല വിമൎശനങ്ങളും നിർദ്ദേശങ്ങളും, ഉപദേശങ്ങളും നൽകി സഹായിച്ച ഈ സഭയിലെ നാനാഭാഗങ്ങളിലുമുള്ള അംഗങ്ങളോടു എനിക്കുള്ള അപാരമായ കൃതജ്ഞത ഞാൻ ആദ്യമായി പ്രദർശിപ്പിച്ചുകൊള്ളട്ടെ.

ഈ വിമർശനങ്ങളുടെ ഇടയിൽ ബഡ്ജററിനെ സംബന്ധിച്ചും നമ്മുടെ സാമ്പത്തികകാൎയ്യങ്ങളെ സംബന്ധിച്ചും പ്രത്യേകമായി പല ബഹുമാനപ്പെട്ട അംഗങ്ങളും പ്രസ്താവിക്കുകയുണ്ടായിട്ടുണ്ട്. സ്വാഭാവികമായി ആവക വിഷയങ്ങളെപ്പററിയല്ലാതെ മററു വിഷയങ്ങളെക്കുറിച്ചു അധികം സംസാരിക്കാൻ എനിക്കു സമയമുണ്ടാകുമെന്നു തോന്നുന്നില്ല. എന്നുതന്നെയല്ല, അനന്തരം ഈ സഭയിൽതന്നെ വരാനിരിക്കുന്ന മററു സന്ദർഭങ്ങളിൽ അവയെപ്പററിയെല്ലാം പറയുന്നതിനു ഗവൎമ്മെൻറു ഭാഗത്തേക്കു അവസരം കിട്ടുമെന്നു ഞാൻ കരുതുന്നു. സഭയിൽ നടന്ന വിമർശനങ്ങളെല്ലാം ഗവൎമ്മെൻറിൻെറ വരുന്ന ഒരു കൊല്ലത്തെയും ഭാവിയിലുള്ളതുമായ ചെയ്തികളെ നന്നാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചെയ്തിട്ടുള്ളതാണെന്നു ഞാൻ വിശ്വസിക്കുന്നു. ആ നിലയിൽതന്നെ അവയെ സ്വീകരിക്കുവാനും ഞങ്ങൾ ഉദ്ദേശിക്കുന്നു. ഗവൎമ്മെൻറു ചെയ്തിട്ടുള്ള പ്രവൎത്തനങ്ങൾക്കു പുറമെയും ചെയ്യാനുദ്ദേശിക്കുന്ന പ്രവൎത്തനങ്ങൾക്കു പുറമെയും കുറച്ചുകൂടി കാൎയ്യങ്ങൾ നടന്നാൽകൊള്ളാമെന്നും അവ ഭംഗിയായിത്തന്നെ നടന്നാൽകൊള്ളാമെന്നുമുള്ള വിചാരത്തോടുകൂടി വളരെയേറെ അഭിപ്രായങ്ങൾ ഇന്നും, ഇന്നലെയും, മിനിഞ്ഞാന്നുമായി എനിക്കു കേൾക്കാൻ കഴിഞ്ഞിട്ടുണ്ട്. ആ അഭിപ്രായങ്ങളിൽ സ്വീകരിക്കാവുന്ന എല്ലാംതന്നെ സ്വീകരിച്ചു പ്രവൎത്തിക്കാൻ ഒരുക്കമാണെന്നു പ്രസ്താവിച്ചുകൊള്ളുന്നു. ചില ബഹുമാനപ്പെട്ട അംഗങ്ങൾ അറിഞ്ഞോ അറിയാതെയോ വേറെ വിധത്തിലും ചില വിമർശനങ്ങൾ നടത്തിയതായി എനിക്കു സംശയമുണ്ട്. അവയ്ക്കു മറുപടി പറയാതെ തള്ളിക്കളയാനാണു ഞാനുദ്ദേശിക്കുന്നതു്. കാരണം, അവയെല്ലാം ഒന്നിലധികം തവണ മറുപടി പറഞ്ഞിട്ടുള്ളവയാണ്.

സർ, ഞാൻ അവതരിപ്പിച്ച ബഡ്ജററിലും അതിനു അവതാരികയായി ചെയ്ത പ്രസംഗത്തിലും നമ്മുടെ സ്റ്റേററിലെ സാമ്പത്തികമായ കാൎയ്യങ്ങളെപ്പററി ആത്മാൎത്ഥമായ ഒരു വിശദീകരണം നൽകാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. അങ്ങനെ വിശദീകരണം ചെയ്തകൂട്ടത്തിൽ കേന്ദ്രവുമായുള്ള നമ്മുടെ സാമ്പത്തികബന്ധത്തിൽ നമുക്കു ഇനിയും കിട്ടേണ്ടതുണ്ടെന്നു ഞാൻ വിശ്വസിക്കുന്ന ചില കാൎയ്യങ്ങളേയും എടുത്തു പ്രതിപാദിച്ചിട്ടുണ്ട്. അതു ഈ നിയമസഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളെയും രാജ്യത്തെയും അറിയിക്കണമെന്നും അതനുസരിച്ചു പ്രവൎത്തിക്കണമെന്നുമുള്ള ഉദ്ദേശത്തോടുകൂടി ചെയ്തതാണ്. എന്നാൽ ഇവിടെ പല ബഹുമാനപ്പെട്ട അംഗങ്ങളും ആ വിഷയത്തെപ്പററി പ്രതിപാദിച്ച സന്ദർഭത്തിൽ മുഴുവൻ കാൎയ്യങ്ങൾ ഗ്രഹിക്കാതെ ശരിയല്ലാത്ത ചില പ്രസ്താവനകൾ ചെയ്യുകയുണ്ടായി എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. വളരെ പ്രതിപക്ഷ ബഹുമാനത്തോടുകൂടി പറയാൻ ആഗ്രഹിക്കുന്നതുകൊണ്ടു മാത്രമാണ് 'അബദ്ധപ്രസ്താവന' ചെയ്തുവെന്നു പറയാതിരിക്കുന്നതു്.

എന്തായാലും ശരിയല്ലാത്ത പല പ്രസ്താവനകളും അതിൽ അടങ്ങിയിട്ടുണ്ട്. പ്രത്യേകിച്ചും തൃശ്ശിവപേരൂർ മെംബർ ശ്രീ. അച്യുതമേനോൻ വളരെ നിഷ്കർഷയോടുകൂടി ഈ വിഷയങ്ങളെപ്പററി ചില വിമർശനങ്ങൾ ഇവിടെ നടത്തുകയുണ്ടായി. പ്രതിപക്ഷത്തിന്റെ നേതാവു ശ്രീ. ടി. വി. തോമസും, നേമം മെംബർ ശ്രീ. ഗോപാലൻനായരും, ഭരണിക്കാവു മെംബർ ശ്രീ. ഗോവിന്ദൻനായരും, അമ്പലപ്പുഴ മെംബർ ശ്രീ. കുമാരപിള്ളയും, പെരിനാടുമെംബർ ശ്രീ. ബേബി ജാണും, ശ്രീ. ഭാനു തുടങ്ങിയ മററു ചില മെംബറന്മാരും ഈ വിഷയത്തെ സ്പർശിച്ചിട്ടുണ്ട്. എന്റെ ബഡ്ജററു പ്രസംഗത്തിൽ ഉന്നയിച്ച പ്രശ്നം ഈ സഭയുടെ നാനാഭാഗങ്ങളിലും കൗതുകം ഉളവാക്കിയിട്ടുണ്ടെന്നും, ബഹുമാനപ്പെട്ട മെംബറന്മാരുടെ ചിന്തയെ ഉദ്ദീപിപ്പിച്ചിട്ടുണ്ടെന്നും അറിയുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്. ഈ വിഷയങ്ങളെപ്പററി പ്രതിപാദിച്ചിരുന്ന സന്ദർഭത്തിൽ അതു എത്ര ഗൗരവത്തോടും, ആത്മാർത്ഥതയോടും ആണോ ഉന്നയിക്കപ്പെട്ടതു അതിനെ അതേപടി സ്വീകരിക്കുന്നതിനു പുറമെ ആ അവസരം ചില ബഹുമാനപ്പെട്ട സ്നേഹിതന്മാർ ഒരു കല്ലറ നടത്തുന്നതിനുകൂടി ഉപയോഗിച്ചിട്ടുണ്ട്. അതു കുറെ സാഹസമായിപ്പോയി. പ്രത്യേകിച്ചും വളരെ ശാന്തമായി യുക്തിയുക്തമായും പ്രസംഗിക്കാറുള്ള എന്റെ ബഹുമാന്യസ്നേഹിതൻ ശ്രീ. അച്യുതമേനോൻ വളരെ ഉദ്വേഗത്തോടുകൂടി ഇതിനെപ്പററി സംസാരിക്കയുണ്ടായി. സാമ്പത്തികകാര്യങ്ങളെപ്പററി പ്രത്യേകിച്ചും കാൺസ്റ്റിററ്യൂഷൻസംബന്ധിച്ചകാര്യങ്ങളെപ്പററി പ്രസംഗിക്കുമ്പോൾ ഉദ്വേഗം പലപ്പോഴും നമ്മെ ആപത്തിൽ കൊണ്ടു ചാടിക്കും. അതുകൊണ്ടു ശാന്തമായി ഈ വിഷയത്തിലേയ്ക്കു നമുക്കൊന്നു പ്രവേശിക്കാൻ ശ്രമിക്കാം.

ഞാൻ മൂന്നു കാര്യങ്ങളാണു ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിരുന്നതു്. ആ മൂന്നു കാര്യങ്ങളും സാമ്പത്തിക സംയോജനക്കരാർ ഒപ്പിട്ട സന്ദർഭത്തിൽ ആലോചിക്കേണ്ട കാര്യങ്ങളായിരുന്നു. അന്നു പല അബദ്ധങ്ങളും ചെയ്തു. ഇന്നു അതു മാററാൻ ശ്രമിക്കുകയാണെന്നു പറയുകയുണ്ടായി. രണ്ടുമൂന്നു മെംബർമാർ മിക്കവാറും ഒരു കമ്മട്ടത്തിൽ ഉണ്ടാക്കിയ ഒരു പദം ഇതിനുവേണ്ടി ഉപയോഗിക്കയുണ്ടായി. അതായതു് നമ്മുടെ വരുമാനങ്ങളെയെല്ലാം കേന്ദ്രത്തിനു അടിയറവെച്ചുവെന്നു്. ബഹുമാനപ്പെട്ട ആലപ്പുഴമെംബർ എടുത്തു പുറത്തേയ്ക്കുവിട്ട ആ കള്ളനാണയം മാറിമാറി പല മെംബർമാരുടെ കയ്യിൽ ചെന്നുചേരുന്നതായി ഞാൻ കാണുകയുണ്ടായി. അതു ശരിയായിട്ടുള്ള ഒരു കാര്യമല്ല. പ്രാദേശികമായ മനോഭാവങ്ങൾ ഉദ്ദീപിപ്പിച്ചു ഇൻഡ്യയിൽ ഛിദ്രവാസനകൾ ഉണ്ടാക്കണമെന്നുള്ളതു ഒരു പക്ഷെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഉദ്ദേശമായിരിക്കാം. പക്ഷെ, ആ വിധത്തിലുള്ള ഛിദ്രവാസനകൾ ഉണ്ടാക്കാതെതന്നെ നമ്മുടെ രാജ്യത്തിന്റെ കാര്യങ്ങളെപ്പററി നമുക്കു വാദിക്കാൻ കഴിയും. ബഹുമാനപ്പെട്ട തൃശ്ശിവപേരൂർ മെംബർ ഈ വിഷയത്തെപ്പററി ഒടുവിൽ പ്രസംഗിച്ച മെംബറായതുകൊണ്ടു അദ്ദേഹം പ്രത്യേകമായി എടുത്തുപറഞ്ഞ കാര്യങ്ങളെപ്പററി ഓരോന്നായി ഞാനിവിടെ പ്രതിപാദിക്കാം. ജൂട്ടിന്റെ എക്സ്പോർട്ടുഡ്യൂട്ടി ബംഗാളിലും ആസാമിലും കിട്ടുന്നമാതിരി പേപ്പർ മുതലായ സാധനങ്ങൾക്കു നമുക്കും ഡ്യൂട്ടി കിട്ടണമെന്നു പറഞ്ഞു ഞാൻ പ്രസംഗത്തിൽ ഉപയോഗിച്ച വാചകം ഒന്നുകൂടി പരിശോധിച്ചുനോക്കു

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

കയും അതിനു ബാധകമായി ഇൻഡ്യാ ഗവണ്മെൻറ ആക്റ്റിലും കാൺസ്റ്റിറ്റ്യൂഷനിലും ഫിനാൻസ് കമ്മിഷൻെറ റിപ്പോർട്ടിലുമുള്ള വകുപ്പുകൾ ഒന്നുകൂടി സൂക്ഷ്മമായി പരിശോധിക്കുകയും ചെയ്താൽ ബഹുമാനപ്പെട്ട മെംബറന്മാർക്കു എവിടെയാണ് പിശകുപററിയതെന്നു കാണാൻ കഴിയും. ൧൯൩൫-ലെ കാൺസ്റ്റിറ്റ്യൂഷനിൽ ൧൪൦ എന്ന വകുപ്പിൽ മുൻപറഞ്ഞ സംസ്ഥാനങ്ങൾക്കു ജൂട്ടു എക്സ്പോർട്ടു ഡ്യൂട്ടിയുടെ പകുതിയിൽ കുറയാത്ത സംഖ്യ കൊടുത്തുകൊള്ളണമെന്നു നിബന്ധനയുണ്ട്. അതു ഒരു നിർബന്ധമാണ്. ജൂട്ടു എക്സ്പോർട്ടു ഡ്യൂട്ടിയുടെ പകുതിയോ അതിൽ കൂടുതലോ വരുന്ന സംഖ്യ ഇൻഡ്യാഗവണ്മെൻറിൻെറ വരുമാനമല്ല. അതു ആ സംസ്ഥാനങ്ങൾക്കുള്ള വരുമാനമാണ്. അങ്ങനെ കിട്ടുന്നതു ഒരു ഗ്രാൻറ-ഇൻ-എയിഡ് ആയിട്ടുമല്ല. അങ്ങനെ കിട്ടാൻവേണ്ടി ഒരു റൗണ്ട്ടേബിൾ കാൺഫറൻസിൽ ബംഗാളിനെ പ്രതിനിധീകരിച്ചു സർ പി. സി. മിററർ മുതലായ പ്രമുഖന്മാരായ ആളുകൾ വാദിക്കയുണ്ടായി. അങ്ങനെ വാദിച്ചതിൻെറ ഫലമായിട്ടാണു ൧൯൩൫-ലെ ആക്റ്റിൽ ഇപ്രകാരം ഒരു അവകാശം ആ സംസ്ഥാനങ്ങൾക്കു നൽകിയിട്ടുള്ളതു. ഞാൻ എൻെറ പ്രസംഗത്തിൽ പറഞ്ഞതു തിരുവിതാംകൂറിനും കൊച്ചിക്കും അങ്ങനെയൊരു അവകാശത്തിനുവേണ്ടി അന്നു വാദിക്കാൻ സന്ദർഭം ഉണ്ടായില്ലായെന്നായിരുന്നു. കാരണം അതുകൂടാതെ തന്നെ ഈ രാജ്യങ്ങൾക്കു അതു കിട്ടുമായിരുന്നു. ൧൯൩൫-ലെ കാൺസ്റ്റിറ്റ്യൂഷൻ വന്ന സന്ദർഭത്തിൽ ഈ രാജ്യങ്ങൾക്കു നികുതി കിട്ടാനുള്ള അവകാശമുണ്ടായിരുന്നു.

ഈ കാൺസ്റ്റിറ്റ്യൂഷൻ ൨൭൩-ാംവകുപ്പിൽ പറഞ്ഞിട്ടുള്ളതനുസരിച്ചു ബഹുമാനപ്പെട്ട തൃശ്ശിവപേരൂർ മെംബർ വിചാരിച്ചതു ആ അവകാശം പുനഃസ്ഥാപിക്കുകയാണെന്നാണ്. നേരെമറിച്ചു ൨൭൩-ാം വകുപ്പു ബഹുമാനപ്പെട്ട മെംബറന്മാർ ഒന്നുകൂടി സൂക്ഷ്മമായി നോക്കാമെന്നുണ്ടെങ്കിൽ ആ വകുപ്പു അനുസരിച്ചു ഇനി നമുക്കു അതിനു അവകാശമില്ലെന്നാണ്. എക്സ്പോർട്ടു ഡ്യൂട്ടി ആൺ ജൂട്ടു ഇനി നമുക്കു അവകാശപ്പെട്ടതുകകൾ അല്ല എന്നാണു കാൺസ്റ്റിറ്റ്യൂഷൻ ൨൭൩-ാംവകുപ്പിൽ പറഞ്ഞിരിക്കുന്നതു. ൧൯൩൫-ലെ ഗവണ്മെൻറ് ഓഫ് ഇൻഡ്യാ ആക്ട് അനുസരിച്ചു രാജ്യത്തിൻെറ അവകാശമായി നിന്നിരുന്ന സംഖ്യകൾ ഇനി മേലാൽ അവർക്കു കിട്ടുകയില്ല. അതായതു, ഇത്രനാളും കിട്ടിക്കൊണ്ടിരുന്ന വരുമാനം പിന്നീടു ഇല്ലാതായതുകൊണ്ടു ആ രാജ്യത്തിലെ ബഡ്ജററിനു ഡിസ്റ്റർബൻസുയുണ്ടായി. ആ കുറവു പരിഹരിക്കാൻ വേണ്ടി പത്തുകൊല്ലക്കാലത്തേക്കു ഈ നികുതി ചുമത്തുന്നിടത്തോളം സംഖ്യം ഒരു ഗ്രാൻറായി കൊടുക്കുന്നതിനു വിരോധമില്ല, എന്നാണു ൨൭൩-ാംവകുപ്പിൽ പറയുന്നതു. അങ്ങനെ ഒരു വകുപ്പു ഇവിടെ ഇല്ലാതിരുന്നെങ്കിൽ ഈ സംഖ്യകൾ നമുക്കു ഇത്രയും കാലത്തേക്കു ലഭിക്കാൻ അവകാശമുണ്ടായിരിക്കുകയില്ലായിരുന്നു. അതിനുവേണ്ടിയാണു ൨൭൩-ാംവകുപ്പു കൊള്ളിച്ചിരിക്കുന്നതു. കാൺസ്റ്റിറ്റ്യൂഷൻ ൨൭൩-ാം വകുപ്പു അനുസരിച്ചു മുമ്പു സംസ്ഥാനങ്ങൾക്കു ജൂട്ടു എക്സ്പോർട്ടു ഡ്യൂട്ടി ഈടാക്കുന്നതിനുള്ള അവകാശം ഉണ്ടായിരുന്നതു ഇപ്പോൾ എടുത്തിരിക്കുകയാണ്. അതായതു എക്സ്പോർട്ടു ഡ്യൂട്ടിക്കുള്ള അവകാശം ഇല്ലാതാക്കുകയാണു ചെയ്തതു.

അതിനു ബദലായി സ്വീകരിച്ചിട്ടുള്ള നിബന്ധനകൾ ൨൭൮-ാം വകുപ്പിലാണു കൊള്ളിച്ചിട്ടുള്ളതു്. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിനും അതുപോലെയുള്ള മററു സംസ്ഥാനങ്ങൾക്കും, ഈ കാൺസ്റ്റിററ്യൂഷൻ വരുന്നതിനുമുമ്പു് സ്വതന്ത്രമായി നിന്നുകൊണ്ടു് കാൺസ്റ്റിററ്യൂഷൻ അംഗീകരിച്ച ഇൻഡ്യയുടെ മററുഭാഗങ്ങളായ തിരുവിതാംകൂറിനും കൊച്ചിയെപ്പോലുള്ള രാജ്യങ്ങൾക്കും കാൺസ്റ്റിററ്യൂഷൻ സ്വീകരിച്ചതുകൊണ്ടു നഷ്ടപ്പെട്ട തുകകൾ നമ്മെ സംബന്ധിച്ചിടത്തോളം മൂന്നിനത്തിലുള്ള തുകകളാണു്. അതായതു് ഇൻകംടാക്സ്, എക്സ്പോർട്ടു ഡ്യൂട്ടി, കസ്റ്റംസ് റവന്യൂ ഇവയാണു്. കരച്ചുങ്കത്തെപ്പററി വഴിയെ പറയാം. വെസ്റ്റ് ബംഗാളിലെ ജൂട്ടു എക്സ്പോർട്ടു ഡ്യൂട്ടി നഷ്ടപ്പെട്ടതുപോലെ ഇൻകംടാക്സും എക്സ്പോർട്ടു ഡ്യൂട്ടിയും നഷ്ടപ്പെട്ടതിനു ആ സംഖ്യകൾ പത്തുകൊല്ലക്കാലത്തേക്കു് മടക്കിത്തരുന്നതിനു് ഒരു എഗ്രിമെൻറുണ്ടാക്കുകയും അതു സമ്മതിക്കുകയും ചെയ്തു. ഇതാണു് ൨൭൮-ാംവകുപ്പിൽ പറഞ്ഞിരിക്കുന്നതു്. ഇതിനെസംബന്ധിച്ചു് ഉണ്ടാക്കിയ എഗ്രിമെൻറു് ഒരു വിലയുമില്ലാത്ത കടലാസല്ലായിരുന്നു. കാൺസ്റ്റിററ്യൂഷനിൽ ൨൭൮-ാംവകുപ്പു പറയുന്നതു് ആദായനികുതിയും കസ്റ്റംസ് ഡ്യൂട്ടിയും എക്സ്പോർട്ടു ഡ്യൂട്ടിയും സെൻട്രൽ ഗവണ്മെൻറിന്റെ വരുമാനമായിരിക്കുമെന്നാണു്. അതിൽ ആദായനികുതിയും എക്സൈസ് ഡ്യൂട്ടിയും സെൻററിനും സ്റ്റേററുകൾക്കും തമ്മിൽ ഭാഗിച്ചുകൊള്ളണമെന്നും പറയുന്നുണ്ടു്. ഫെഡറൽ ഗവണ്മെൻറു് ചുമത്തുന്നതും സ്റ്റേററുഗവണ്മെൻറു് ചുമത്തുന്നതും ആയ നികുതി സ്റ്റേററുഗവണ്മെൻറിനു കൊടുക്കുന്നതാണു്. ഇൻകംടാക്സ്, എക്സൈസ് മുതലായ വരവിനങ്ങൾ ഫെഡറൽ ഫൈനാൻഷ്യൽ എഗ്രിമെൻറു് ഇല്ലെങ്കിൽ നമ്മുടെ രാജ്യത്തേയ്ക്കു അതിന്റെ പങ്കുമാത്രമെ കിട്ടുകയുള്ളു. അതിനെസംബന്ധിച്ചു ബഹുമാനപ്പെട്ട ആലപ്പുഴമെംബറും ബഹുമാനപ്പെട്ട ഭരണിക്കാവു മെംബറും ബഹുമാനപ്പെട്ട തൃശ്ശിവപേരൂർ മെംബറും വളരെ ഏറെ അപലപിക്കുകയും ആക്ഷേപിക്കുകയും ഉണ്ടായി.

ഈ സ്റ്റേററിലെ പ്രതിനിധികൾ ഇതുസംബന്ധിച്ചു എന്താണു ചെയ്തതു് എന്നുകൂടി ഒന്നു ഞാൻ വിശദീകരിക്കാം. ൧൯൪൭-ലും ൪൮-ലും അതായതു് സംയോജനത്തിനു മുമ്പുള്ള രണ്ടു വർഷങ്ങളിൽ ഈ ഇനത്തിൽ ഈ ഗവണ്മെൻറുകൾക്കു എത്ര സംഖ്യ വരുമാനമുണ്ടായിരുന്നോ ആ സംഖ്യയിൽ ഒരു പൈപോലും കുറവില്ലാതെ അഞ്ചുകൊല്ലക്കാലത്തേയ്ക്കു ഈ ഗവണ്മെൻറിനു മടക്കിത്തരണമെന്നൊരു എഗ്രിമെൻറുണ്ടാക്കി. എഗ്രിമെൻറു കാൺസ്റ്റിററ്യൂഷൻ ൨൭൮-ാംവകുപ്പു് അനുസരിച്ചുള്ള ഒരു എഗ്രിമെൻറാണു്. അങ്ങിനെ ഒരു എഗ്രിമെൻറുണ്ടാക്കിയിരുന്നില്ലെങ്കിൽ ഫൈനാൻസ് കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളതായ ൫൫ ശതമാനത്തിന്റെ വീതം മാത്രമെ നമുക്കു കിട്ടുകയുണ്ടായിരുന്നുള്ളു. നേരെ മറിച്ചു് ഈ ഗവണ്മെൻറിന്റെ പ്രതിനിധികൾ അന്നു ഇക്കാര്യത്തെപ്പററി കാര്യക്ഷമമായും ആത്മാർത്ഥമായും ഉത്തരവാദബോധത്തോടുംകൂടി പ്രവർത്തിച്ചതിന്റെ ഫലമായി ൧൯൪൭-ലെയും ൪൮-ലെയും നെററു് ഇൻകം കണക്കാക്കി അതു കൂടി ഉൾപ്പെടുത്തിയാണു് ഫെഡറൽ ഫൈനാൻഷ്യൽ ഇൻറിഗ്രേഷൻ എഗ്രിമെൻറു് ഉണ്ടാക്കിയിട്ടുള്ളതു്. അങ്ങനെ ഫെഡറൽ ഫൈനാൻഷ്യൽ ഇൻറിഗ്രേഷൻമൂലം ആദായനികു

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

തിയെ സംബന്ധിച്ചിടത്തോളം നമുക്കു ലാഭമാണുണ്ടായിട്ടുള്ളതു്. ൧൧൨൮-ൽ മററു വർഷങ്ങളെ അപേക്ഷിച്ചു് വലിയ സംഖ്യ കളക്ട് ചെയ്തിട്ടുണ്ടായിരുന്നു.

ശ്രീ. ടി. കെ. ദിവാകരൻ: അതുവരെ കളക്ട് ചെയ്യാതിരുന്ന പല നികുതികളും ഉണ്ടായിരുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പക്ഷെ അതുവളരെ കുറച്ചു സംഖ്യമാത്രമെ ഉണ്ടായിരുന്നുള്ളു. മററു വർഷങ്ങളിൽ ഉള്ള വരവുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ വളരെ വലിയ ഒരു സംഖ്യയാണു ൧൧൨൮-ൽ പിരിച്ചിരുന്നതു്. അതായതു്, ആവറേജിൽനിന്നും ഏകദേശം ൨൫ ലക്ഷം രൂപ കൂടുതലായിരുന്നതുകൊണ്ടാണു ബഡ്ജററിൽ പറഞ്ഞിട്ടുള്ളതുപോലെ മൂന്നുകൊല്ലക്കാലത്തേക്കുകൂടി ഈ സംഖ്യകൂട്ടി മടക്കിത്തരാമെന്നു സമ്മതിച്ചിട്ടുള്ളതു്. അതുകൊണ്ടു് ഫെഡറൽ ഫൈനാൻഷ്യൽ ഇൻറിഗ്രേഷൻകൊണ്ടു യാതൊരു നഷ്ടവും ഉണ്ടായിട്ടില്ല എന്നു ബഹുമാനപ്പെട്ട മെംബറന്മാരെ ഞാൻ അറിയിച്ചുകൊള്ളുന്നു. ൧൧൨൬—൨൮ ഈ കൊല്ലങ്ങളിൽ കിട്ടിയ വരുമാനത്തിൻെറ തോതനുസരിച്ചുതന്നെ അതേമാതിരി അഞ്ചുകൊല്ലത്തേക്കുകൂടി തരാമെന്നും അതിനുശേഷം ഒരു ടേപ്പറിംഗ് അറേഞ്ചുമെൻറ് മാതിരി കിട്ടുമെന്നുമാണു് ഈ എഗ്രിമെൻറിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്. ഇങ്ങനെ ഇവിടത്തെ പ്രതിനിധികൾ പ്രവർത്തിച്ചിട്ടില്ലായിരുന്നുവെങ്കിൽ അതായതു് ഈ എഗ്രിമെൻറിൽ ആവശ്യമായ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചില്ലായിരുന്നുവെങ്കിൽ നമ്മുടെ ൫൫ ശതമാനമെന്നുള്ളതു് വെറം രണ്ടര ശതമാനം മാത്രമായി മാറിപ്പോകും. അതുകൊണ്ടാണു് ഞാൻ എൻെറ പ്രസംഗത്തിൽ പാർട്ട് (ബി) സംസ്ഥാനങ്ങൾക്കു് ഗവൺമെൻറ് ഓഫ് ഇൻഡ്യയ്ക്കു ലഭിക്കുന്ന വരുമാനത്തിൻെറ വിഭജിച്ചുകിട്ടുന്ന വീതത്തിനു പകരമാണു് ഈ എഗ്രിമെൻറനുസരിച്ചു തിരുവിതാംകൂർ-കൊച്ചി ഗവൺമെൻറിനു കിട്ടുന്നതു് എന്നു്.

ശ്രീ. എ. താണുപിള്ള: എക്സ്പോർട്ടു ഡ്യൂട്ടി വർദ്ധിപ്പിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്; അതാതു സമയത്തെ വില അനുസരിച്ചു വർദ്ധിപ്പിച്ചിരിക്കണം.

ശ്രീ. എ. താണുപിള്ള: ജൂട്ടിൻെറ എക്സ്പോർട്ടു ഡ്യൂട്ടി വെസ്റ്റ് ബംഗാളിലും ആസാമിലും ഒരു നൂറുമടങ്ങു കൂട്ടിയാലും യാതൊന്നും കിട്ടാൻ സാദ്ധ്യമല്ലെന്നാണോ പറയുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ജൂട്ടിൻെറ എക്സ്പോർട്ടു ഡ്യൂട്ടി ഇതിനു മുമ്പു് അവർക്കു കിട്ടിയിരുന്നു. എന്നാൽ ഇപ്പോൾ അവർക്കു അന്നു കിട്ടിയിരുന്നതിനേക്കാൾ കൂടുതലൊന്നും കിട്ടുന്നില്ല. അതുപോലെ പേപ്പറിൻെറ എക്സ്പോർട്ടുഡ്യൂട്ടി നാം കളക്ട് ചെയ്തിരുന്നതു് ഫെഡറൽ കാൺസ്റ്റിററ്യൂഷനനുസരിച്ചു് ഇപ്പോൾ നമുക്കു് പിരിക്കുന്നതിനു അവകാശമില്ല.

ശ്രീ. എ. താണുപിള്ള : പേപ്പറിനു പതിനഞ്ചുരൂപ എക്സ്പോർട്ടു ഡ്യൂട്ടിയായിരുന്നതു് അഞ്ഞൂറും ആയിരവും രൂപയാകുമ്പോൾ അതനുസരിച്ചു നമുക്കു് വരുമാനം കൂട്ടിത്തരുന്നില്ലെങ്കിൽ അതു നമ്മുടെ നാട്ടിന്റെ സാമ്പത്തികസ്ഥിതിയെ ബാധിക്കുന്നതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് ബാധിക്കുന്നില്ല. അതേപ്പററി ഞാൻ ഇപ്പോൾ പ്രതിപാദിക്കുന്നില്ല. കിട്ടുന്ന വിലയുടെ പ്രപ്പോർഷൻ അനുസരിച്ചാണു ഡ്യൂട്ടി. അതു് എല്ലാ ടാക്സിനുമുള്ള ഒരു ദോഷമാണു്. അല്ലെങ്കിൽ ഒരു പോരായ്മയാണു്. അതേപ്പററി ഇപ്പോൾ പ്രതിപാദിക്കുന്നില്ല. പത്തുകൊല്ലക്കാലത്തേയ്ക്കു് ഈ എക്സ്പോർട്ടു ഡ്യൂട്ടി മററു സ്റ്റേററുകൾക്കു കൊടുക്കുന്നതുപോലെ നമുക്കും തരുന്നതിനായി ഫൈനാൻസുകമ്മിഷൻ വിധിച്ചു അതിനു നമ്മുടെ ഗവണ്മെന്റു കാര്യമായി വാദിച്ചു എങ്കിലും ഉദ്ദേശിച്ച ഫലം ഉണ്ടായില്ല. അതേപ്പററി ബഹുമാനപ്പെട്ട അംഗങ്ങളുടെ അടുത്തു് ബഡ്ജററിനെപ്പററി പ്രസംഗം ചെയ്തപ്പോൾ ഞാൻ ഒരു വിശദീകരണം ചെയ്യുകയുണ്ടായി. ഈ കാര്യത്തെ സംബന്ധിച്ചു് എനിക്കു് ഈ ബഹുമാനപ്പെട്ട സഭയോടു പറയാനുള്ളതു് ഈ സഭയിലെ അംഗങ്ങളും ഇതിനു ആവശ്യമായ പിൻതുണ നൽകണമെന്നുള്ളതാണു്. ഈവക കാര്യങ്ങളിൽ നമുക്കു് കൂടുതൽ ഗുണം കിട്ടാനുള്ള എല്ലാവിധ സംരംഭങ്ങളും നടത്തണം. അതിനു എല്ലാവിധ സഹായങ്ങളും നൽകാമെന്നു തൃക്കിവപേരൂർ മെമ്പർ പറഞ്ഞതിൽ ഞാൻ അദ്ദേഹത്തോടു നന്ദി പ്രകടിപ്പിച്ചുകൊള്ളുന്നു. എന്നാൽ അതോടുകൂടി അദ്ദേഹം തലയ്ക്കു ഒരു കിഴുക്കുംകൂടി കൊള്ളണമെന്നു പറഞ്ഞാൽ അതിനു തല കാണിച്ചുകൊടുക്കാൻ ഒരുക്കമില്ല എന്നാണെനിക്കു അദ്ദേഹത്തെ അറിയിക്കാനുള്ളതു്.

പിന്നെ കരച്ചുങ്കത്തിന്റെ കാര്യമാണു്. കരച്ചുങ്കം നമ്മുടെ രാജ്യത്തു് ഇല്ലാതായതുകൊണ്ടു് ഒരു നൂറു ലക്ഷം രൂപാ നഷ്ടം വന്നുപോയിട്ടുണ്ടു്. അതു നമ്മുടെ ഗവണ്മെന്റു് സമ്മതിച്ചുകൊടുത്തതുകൊണ്ടാണെന്നു ബഹുമാനപ്പെട്ട തൃക്കിവപേരൂർ മെമ്പർ ഇവിടെ പറയുകയുണ്ടായി. ആ സംശയം തീർക്കുന്നതിനായി ഒരു ഭാഗം ഞാൻ വായിക്കാം. ഈ വിഷയത്തെപ്പററി ഇത്രയും പ്രതിപാദം ഉണ്ടായ സ്ഥിതിക്കു് ഈ റിപ്പോർട്ടിൽ അടങ്ങിയിട്ടുള്ള വിവരങ്ങൾ ഞാൻ വായിക്കാം.

"The abolition of internal customs duties is a consequence, not so much of the integration of the federal finances of States and Union with those of the Government of India as of the very fundamental principles of the Constitution itself as embodied in Article 16 of the Draft Constitution."

അതു് ഫെഡറൽ ഫൈനാൻഷ്യൽ ഇൻറഗ്രേഷൻ സംബന്ധിച്ചുള്ളതല്ല. ഇൻഡ്യയിൽ അങ്ങിനെ ഒരു Barrier പാടില്ല എന്നതു കൊണ്ടാണു്.

"Moreover, under Article 244, a period of ten years is permissible for the complete abolition of those duties. This is undoubtedly intended to enable the States concerned to

[Shri Panampilli Govinda Menon]

stagger the resultant loss and to recoup it by developing alternative sources of revenue over a considerable period. For these reasons, as also because the abolition of these duties would confer no corresponding direct benefit (by way of addition revenue) upon the Central Government, the loss arising in this way must clearly be borne by the State concerned. It may be added that any proposal requiring the Government of India directly to render substantial assistance in this respect, would be financially impracticable having due regard to the very large amount of revenue derived by several States from such duties throughout India."

"On the other hand, the representatives of the Travancore Cochin Government emphasised that while the immediate abolition of these duties had become imperative in connection with the proposed formation of the Union of the two States, it would be altogether impossible for the new Union to bear the resultant loss of revenue except under a scheme of financial assistance from the Central Government. [It may be mentioned here that the chief consideration requiring the immediate abolition of these duties (on the Constitution of the Travancore-Cochin Union) instead of their gradual lifting as permitted by Article 244 of the Draft Constitution is that such duties exist at present only in the Travancore State. And since it would be difficult to justify their extension so as to embrace the Cochin State also, the obvious course is to abolish them, if some means could be found of cushioning the financial shock involved by such a measure.] As to this, we pointed out that if the Travancore-Cochin Union would agree to our scheme of federal financial integration becoming effective simultaneously with the Constitution of the Union itself, or from some other conveniently early date, for example, from the commencement of their next financial year, [17th August 1949 corresponding to the 1st day of 1125 M. E.] the contribution of the Government of India towards food subsidies would automatically go up from 50 per cent to 75 per cent of the total loss on the sale of imported food grains, the latter being the percentage applicable to provinces."

ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ഇപ്പോഠം ഓ.ന്നം യിരിക്കും, എൻ. വി. വരെ തിരുവിതാംകൂർ കൊച്ചിക്ക് ഇവിടെ

ഫുഡ്സബ്സിഡി കിട്ടുക പതിവില്ല എന്ന് ൧൯൫൨ ഒക്ടോബർ വരെയാണ് ഇവിടത്തെ ഗവൺമെൻറിന്, വിശേഷിച്ചും ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ പട്ടം താണുപിള്ള ഉൾപ്പെടെയുള്ള പല മഹാന്മാരുടെയും നിർബന്ധം മൂലം ഒരു തൽക്കാലഏർപ്പാടായി ൫൦ ശതമാനം ഫുഡ്സബ്സിഡി തരുവാൻ ഇൻഡ്യാഗവൺമെൻറ തീരുമാനിച്ചതു്. എന്നാൽ അതു് പിന്നീട് ൨൫ ശതമാനമായി കുറക്കുകയാണ് ചെയ്തതു്.

"Such an increase in the amount of food subsidy would mean that the Travancore-Cochin Union would be provided with additional resources on a gradually diminishing scale over a period of years so that they might develop alternative sources of revenue for the same period to cover the loss on account of abolition of land customs."

4. P. M.

ഇതാണ് എഗ്രിമെൻറ്. ബഹുമാനപ്പെട്ട തൃശ്ശൂർ മെംബർ ചോദിക്കുകയാണ്, ൨൭൮-ാം വകുപ്പുപ്രകാരം ഒരു എഗ്രിമെൻറ് ഉണ്ടാക്കുവാനുള്ള തന്റേടം ഈ രാജ്യത്തെ ഇന്നത്തെ ഭരണാധികാരികൾക്ക് ഉണ്ടായില്ലല്ലോ എന്ന്. എനിക്കു എന്റെ ബഹുമാനപ്പെട്ട മെംബറോടു ഇതിനെപ്പററി പറയുവാനുള്ളതു്. A little knowledge is a dangerous thing. അല്പം മാത്രം വല്ലതും വായിച്ചിട്ട് ഇത്ര നിശിതമായ വിമർശനം നടത്തുന്നതു ശരിയല്ലെന്നുമാത്രമാണ്. അധികാരത്തിലിരിക്കുന്നവരെപ്പററി അവർ രാജ്യത്തിന്റെ വരുമാനത്തെ ചൂഷണം ചെയ്യുന്നുവെന്നും രാജ്യത്തിന്റെ താൽപ്പര്യത്തെ ബലികഴിച്ചുവെന്നും, രാജ്യത്തിന്റെ വിഭവങ്ങളെ അടിയറവച്ചുവെന്നും പറയാൻ തുടങ്ങുമ്പോൾ, ഞങ്ങളെക്കാൾ എത്ര മേന്മക്കാരെപ്പററിപ്പോലും പറയാൻ തുടങ്ങുമ്പോൾ അതു വളരെ സൂക്ഷിച്ചു പറയേണ്ട ഒരു കാര്യമാണെന്നാണ് എനിക്കു ബഹുമാനപ്പെട്ട തൃശ്ശൂർ മെംബറെ ഓർമ്മിപ്പിക്കുവാനുള്ളതു്. അദ്ദേഹം ആ റിപ്പോർട്ടു ഒന്നുകൂടി സൂക്ഷിച്ചു വായിക്കേണ്ടതായിരുന്നു. റിപ്പോർട്ടിൽതന്നെ പറഞ്ഞിട്ടുണ്ട്; അതു് എഗ്രിമെൻറിന്റെ ഒരു ഭാഗമായിരിക്കുമെന്നു്.

"The report of the Federal Finance Enquiry Committee will form part of this agreement."

അതുകൊണ്ടു് സർ, ഈ കാര്യത്തിൽ യാതൊരു പിശകും ഉണ്ടായിട്ടില്ല. ഞാൻ എന്റെ ബഡ്ജററ പ്രസംഗത്തിൽ പറയുകയുണ്ടായി, ൧൯൫൧-ലും ൫൨-ലും കൂടി ൫·൨൨ കോടി രൂപാ സെൻട്രൽ ഗവൺമെൻറിൽ നിന്നും ഫുഡ്ഗ്രാൻറായി ഈ സ്റ്റേററിനു കിട്ടിയിട്ടുണ്ടെന്നു്. ൧൯൫൨-ൽ മൂന്നുകോടി രൂപാ സബ്സിഡിയായി നമുക്കു കിട്ടിയതു ഇൻഡ്യയിലെ മററു സ്റ്റേററുകളിലെങ്ങും കിട്ടാത്ത സന്ദർഭത്തിലാണ്. മററു സ്റ്റേററുകളിൽ സബ്സിഡിയായി ഒരു പൈസപോലും കൊടുക്കാതിരുന്ന ഘട്ടത്തിൽ ഈ സ്റ്റേററിനുമാത്രം ഇത്രയും തുക ലഭിച്ചതു ഇവിടത്തെ 'കൊള്ളരുതാത്ത മന്ത്രിമാർ' ഈ വിധത്തിലുള്ള ഒരു നിശ്ചയം ഈ എഗ്രിമെൻറിൽ കൊള്ളിച്ചിരുന്നതുകൊണ്ടാണ് അല്ലായിരുന്നുവെങ്കിൽ ഈ മൂന്നു കോടി രൂപാ ൧൯൫൨-ൽ നമുക്കു ഗ്രാൻറു ചെയ്യുമായിരുന്നില്ല.

ശ്രീ. എ. താണുപിള്ള : ഇതുവരെ ഗവണ്മെൻറിനു് ൧൦ ശതമാനം സബ്സിഡി കിട്ടിയോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആകെ കൂടി കിട്ടിയിട്ടുണ്ടു്.

ശ്രീ. സി. അച്യുതമേനോൻ : സർ, എൻെറ വാദമുഖം അതല്ല. ൧൦ ശതമാനം സബ്സിഡിയായി ഈ സംസ്ഥാനത്തിനു മാത്രം ലഭിച്ചു എന്നു പറയുന്നതിൽ വലിയ അർത്ഥമില്ലെന്നു ഞാൻ പറഞ്ഞതു് മററുള്ള സംസ്ഥാനങ്ങളിൽ ഗവണ്മെൻറ്, കരച്ചുങ്കത്തിനും അതുപോലുള്ള ചുങ്കങ്ങൾക്കും ബദലമായി മററുവിധത്തിലുള്ള നികുതികൾ കൊടുക്കേണ്ടന്നും എന്നാൽ ആയിനത്തിൽ നമ്മുടെ സംസ്ഥാനത്തിനു് യാതൊന്നും ലഭിക്കുന്നില്ലാ എന്നും ഉള്ള അടിസ്ഥാനത്തിലാണു സെൻട്രൽ ഗവണ്മെൻറ ഈ സബ്സിഡി തരുന്നതു എന്നാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മററുള്ള സംസ്ഥാനങ്ങൾക്കു് ഫുഡ് സബ്സിഡി കിട്ടാതിരുന്ന സന്ദർഭത്തിലാണു് നമുക്കു കിട്ടിയതു്.

ശ്രീ. സി. അച്യുതമേനോൻ : മററ സംസ്ഥാനങ്ങളിൽ ഇൻഡ്യാ ഗവണ്മെൻറ കൊടുത്തുകൊണ്ടിരിക്കുന്ന ഗ്രാൻറുകൾ നമുക്കും കിട്ടുമായിരുന്നെങ്കിൽ ഈ സബ്സിഡി കിട്ടുവാൻ അവകാശം ഉണ്ടായിരുന്നുവോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : മററുള്ള സംസ്ഥാനങ്ങളുമായി നമ്മുടെ സ്റ്റേററിനു് തുല്യത കിട്ടുമ്പോൾ ആ വിധത്തിലുള്ള ഗ്രാൻറുകളും കിട്ടുവാൻ അവകാശം ഉണ്ടായിരിക്കുന്നതാണു്.

ശ്രീ. കെ. കരുണാകരൻ : പാർട്ടു ബി. സ്റ്റേററിൽ ൧൦ ശതമാനം സബ്സിഡി കിട്ടുവാൻ അവകാശമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇപ്പോൾ ഒരു സ്റ്റേററിനും അവകാശമില്ല. നമ്മുടെ സ്റ്റേററിനെ സംബന്ധിച്ചിടത്തോളം മററുള്ള പ്രോവിൻസുകളെക്കാൾ ഒരു പരിഗണന നൽകിയതുകൊണ്ടാണു് ഇത്രയും തുക ഫുഡ് സബ്സിഡിയായി അനുവദിച്ചതു്.

ബഹുമാനപ്പെട്ട തൃശ്ശൂർ മെംബറും, ഭരണിക്കാവു മെംബറും ൧൨൮-ലേക്കു് ഇൻഡ്യാഗവണ്മെൻറിൽ നിന്നും രണ്ടുകോടി രൂപാ ഫുഡ്സബ്സിഡിയായി കിട്ടുമെന്നു പറയുകയായി. അതു മനഃപൂർവ്വമായിട്ടല്ല പറഞ്ഞതെങ്കിൽ എൻെറ പ്രസംഗം ഒന്നുകൂടി വായിച്ചുനോക്കണമെന്നു എനിക്കപേക്ഷയുണ്ടു്. ബഡ്ജററു പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതു് ൩. ൦൩ കോടി രൂപാ ഈയിനത്തിൽ നഷ്ടം വരാൻ ഇടയുണ്ടെന്നും അതിലേയ്ക്കു സ്റ്റേററിനു് രണ്ടുകോടി രൂപാ ചെലവു വരുമെന്നും അതിൽ കൂടുതൽ നഷ്ടം വരാത്ത തരത്തിൽ അരിയുടെ വില കൂട്ടാതെ തന്നെ ഈ കച്ചവടം നടത്തിക്കൊണ്ടുപോയ്ക്കൊള്ളാമെന്നു ഇൻഡ്യാഗവണ്മെൻറ സമ്മതിച്ചിട്ടുണ്ടു്. അങ്ങനെ പ്രസംഗത്തിൽ വ്യക്തമായി പറഞ്ഞിട്ടുണ്ടായിരിക്കെ, ൧൨൮-ൽ രണ്ടുകോടി രൂപയാണു നമുക്കു

സബ്സിഡിയായി കിട്ടാൻ ഇടയുള്ളതെന്നു ബഹുമാനപ്പെട്ട തൃശ്ശൂർ മെമ്പറും ഇരണിക്കാവു മെമ്പറും പറഞ്ഞതു ഏതു ഫിലാസഫിവച്ചു നോക്കിയാലും ന്യായമാണെന്നു എനിക്കു തോന്നുന്നില്ല.

ശ്രീ. സി. അച്യുതമേനോൻ: യഥാർത്ഥത്തിൽ എത്ര കോടി രൂപാ കിട്ടുമെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു കണക്കുകൂട്ടി പറയേണ്ട കാര്യമാണ്. കഴിഞ്ഞകൊല്ലം കിട്ടിയ തോതനുസരിച്ചു, ഇക്കൊല്ലവും കിട്ടുകയാണെങ്കിൽ, ൫. ൦൫ കോടി രൂപാ നഷ്ടം വരുമെന്നും അതിൽ രണ്ടുകോടി നീക്കിബാക്കിയുള്ള തുക സബ്സിഡിയായി ലഭിക്കുമെന്നുമാണ് പറഞ്ഞിരിക്കുന്നതു്.

സർ, 'കഴിഞ്ഞ പല വർഷങ്ങൾക്കിടയിൽ, ആദ്യത്തെ പ്രാവശ്യമായി മാത്രമാണ് ഭക്ഷ്യസാധനം ജനങ്ങൾക്ക് ഒരു പരാതി വിഷയം ആകാതായിത്തീർന്നതു്" എന്നൊരു വാചകം ഞാൻ എന്റെ ബഡ്ജററു പ്രസംഗത്തിൽ ഉപയോഗിച്ചിട്ടുണ്ടു്. അങ്ങനെ ഉപയോഗിച്ചതിന്റെ അർത്ഥം എന്താണെന്നു സന്ദർഭംകൊണ്ടും ഉപയോഗത്തിന്റെ സ്വഭാവംകൊണ്ടും വളരെ എളുപ്പം മനസ്സിലാക്കാൻ കഴിയുമെന്നാണു എന്റെ വിശ്വാസം. ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്ന കാര്യത്തിലും അവ കൈകാര്യം ചെയ്യുന്ന ഡിപ്പാർട്ടുമെന്റുകളുടെ കാര്യത്തിലും പറയത്തക്ക കുഴപ്പങ്ങൾ ഉണ്ടായിട്ടില്ല എന്നാണ് അതിന്റെ അർത്ഥം. ഈ വാചകം കണ്ടു് ബഹുമാനപ്പെട്ട അമ്പലപ്പുഴ മെമ്പർ ശ്രീ. കുമാരപിള്ളയും, ബഹുമാനപ്പെട്ട പെരിനാട്ടുമെമ്പറും വളരെയധികം പരിഭ്രമിക്കുന്നതു കണ്ടു! ഇവിടെ സുഭിക്ഷത വന്നോ, അരിയുടെ ക്ഷാമം തീർന്നോ, അത്ര സുഭിക്ഷത ഉണ്ടായിട്ടാണോ അവശതാനിവാരണാർത്ഥം നമ്മുടെ ചീഫ് മിനിസ്റ്റർ തന്നെ ഒരു ഫണ്ടു തുടങ്ങിയിട്ടുള്ളതു് ബഡ്ജററിൽ മറ്റൊരു ഭാഗത്തു അതിനെപ്പററി പറയുന്നതുകൊണ്ടു ഈ പ്രസ്താവന തന്നെ പരസ്പരവിരുദ്ധമായിരിക്കുന്നില്ലേ? എന്നും മററും അവർ ചോദിക്കുന്നതു കേട്ടു. ഈ രാജ്യത്തു ദാരിദ്ര്യമില്ലന്നോ, കഷ്ടപ്പാടു തീർന്നുവെന്നോ ഉള്ള അർത്ഥത്തിലല്ല ആ വാചകം ഉപയോഗിച്ചിരിക്കുന്നതു്. സാധാരണ കിട്ടിക്കൊണ്ടിരുന്നമാതിരി ചീത്ത അരിയാണ്, അതും സമയത്തിനു കിട്ടുന്നില്ല എന്നും മററുമുള്ള ആക്ഷേപങ്ങൾ അധികം ഇക്കൊല്ലം ഉണ്ടായില്ല എന്നു കണ്ടതിൽ ആ വാചകം ഉപയോഗിച്ചു ഒന്നു് ആശ്വസിച്ചുപോയതാണ്. അങ്ങനെയുള്ള ആശ്വാസത്തിനു എങ്കിലും സമ്മതിക്കുന്നില്ലെങ്കിൽ അതു് ക്രൂരതയാണ്. ഫഡ്ഡിനെപ്പററി വേറെ ചില മെമ്പറന്മാർ പറഞ്ഞു, ഇവിടെ ൬ ഔൺസു അരിയാണ് റേഷൻ കൊടുക്കുന്നതെന്നുള്ളതിൽ ധനകാര്യമന്ത്രി സന്തോഷിക്കുന്നുണ്ടെങ്കിൽ അദ്ദേഹം മൂഢസ്വർഗ്ഗത്തിൽ കഴിയുകയാണ് എന്നും മററും. ഇന്നത്തെ റേഷൻ ൬ ഔൺസല്ല, ൧൨ ഔൺസാണ്. പക്ഷെ അരിമാത്രം ൬ ഔൺസേ കൊടുക്കുന്നുള്ളു. അതിൽ കൂടുതൽ കൊടുക്കുവാൻ ഇന്നത്തെ സ്ഥിതിക്ക് സാദ്ധ്യമല്ല. യുദ്ധകാലത്തു് ഫർ ൪൨-ലും ൪൩-ലും മററും ഉണ്ടായിരുന്ന അവസ്ഥയല്ല ഇപ്പോൾ, എന്തു കാരണമെന്നാലോ ബർമ്മയിൽനിന്നും, ചൈനയിൽ നിന്നും വന്നുകൊണ്ടിരിക്കുന്ന അരിക്കു് വളരെ വിലക്കൂടുതൽ കൊടുക്കേണ്ടതായുണ്ടു്: അന്നു് ഇത്രത്തോളം വില കൊടുക്കേണ്ടതായുണ്ടായിരുന്നില്ല;

ശ്രീ. കെ. കെ. കുമാരപിള്ള: അരിയുടെ നില വളരെ അഭിവൃദ്ധിപ്പെട്ടിട്ടുണ്ടെന്നു പറയുന്നുണ്ടല്ലോ. അതനുസരിച്ചു സംഭരണത്തിന്റെ നിലയും അഭിവൃദ്ധിപ്പെടേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സംഭരണവും അഭിവൃദ്ധിപ്പെട്ടുകൊണ്ടാണിരിക്കുന്നതു്.

ശ്രീ. കെ. കെ. കുമാരപിള്ള: എന്നിട്ടാണോ. കഴിഞ്ഞയാണ്ടിൽ അറുപതിനായിരം പറ ആയിരുന്നതു ഈയാണ്ടിൽ അൻപതിനായിരം പറയായതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനുള്ള കാരണവും പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ടു്. സാമാന്യജനങ്ങളുടെയും ഇടനിലക്കാരുടേയും കയ്യിൽനിന്നു ലഭിക്കുമായിരുന്നതെല്ലാം ഇപ്പോൾ free-sale-നായി ഉപയോഗിക്കാം. ഇതേപ്പററി ബഹുമാനപ്പെട്ട നേമം മെംബറും, ബഹുമാനപ്പെട്ട അമ്പലപ്പുഴ മെംബറും വളരെ നിർബ്ബന്ധമായ വിധത്തിൽ ആരോപണം ചെയ്യുകയുണ്ടായി. സർ, കഴിഞ്ഞ ബഡ്ജററ സെഷനിൽ ഭക്ഷ്യത്തെപ്പററി ഇവിടെ ശക്തിയായ വാദപ്രതിവാദം ഉണ്ടായി. ഈ സഭയിൽ പ്രതിപക്ഷത്തിലിരിക്കുന്ന ഓരോ ബഹുമാനപ്പെട്ട അംഗവും അന്നു ഈ വിഷയത്തെപ്പററി പറഞ്ഞതെന്താണെന്നു, ഞാൻ സംഗ്രഹിച്ചുവച്ചിട്ടുണ്ടു്. അന്നു ഞാൻ മറുപടി പ്രസംഗത്തിൽ, ഈ വിഷയത്തിൽ ഇത്ര ഏറെ ഐകരൂപ്യം കാണാൻ ഇടയായതിൽ സന്തോഷമുണ്ടെന്നു പറഞ്ഞു. അന്നു എന്താണു് തീരുമാനിച്ചതു്? പാവപ്പെട്ട ആളുകളെ ഒഴിവാക്കണമെന്നും, വലിയ ആളുകളിൽ നിന്നും കൂടുതൽ സംഭരണം നടത്തണമെന്നും ഉള്ള അർത്ഥത്തിലാണു് അന്നത്തെ വാദപ്രതിവാദം നടന്നതു്. ഇപ്പോൾ പറയുന്നു അന്നത്തെ അഭിപ്രായമനുസരിച്ചു ഏർപ്പെടുത്തിയ ലെവി സമ്പ്രദായം ജന്മിമാർക്കും നാട്ടിലെ വലിയ പ്രമാണികൾക്കും മാത്രം ഗുണകരമായിട്ടുള്ളതാണെന്നും, അങ്ങനെ ഈ മന്ത്രിസഭ ജന്മിമാരുടെയും പണക്കാരുടെയും ഒരു എക്സിക്യൂട്ടീവു കമ്മിററിയായി വർത്തിക്കുകയാണെന്നും. അങ്ങനെ ഒരർത്ഥം വരത്തക്കവണ്ണം ആകെക്കൂടി ഒരു ധ്വനിയാണു ഇന്നത്തെ പ്രസംഗത്തിൽ നിന്നു കേട്ടതു്. എന്നാൽ വസ്തുതയെന്താണു്? തിരുവിതാംകൂറിലെ കണക്കെടുക്കുകയാണെങ്കിൽ നൂറേക്കറിൽ കൂടുതൽ വസ്തുക്കളുള്ളവർ ൮൪൬ ആണു്. അതിൽ താഴെ വസ്തുക്കളുള്ളവരുടെ എണ്ണം ൫൩,൮൬൩, ൬൫൬ ആണു്.

ശ്രീമതി കെ. ആർ. ഗൗരി: ഇവരുടെ കയ്യിൽ ആകെ എത്ര ഏക്കർ സ്ഥലം ഉണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ കണക്കു ഞാൻ എടുത്തിട്ടില്ല.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ പറയുന്നതു് ബഹുമാനപ്പെട്ട മെംബർ വസ്തുത കാണുമ്പോൾ പരിഭ്രമിച്ചുപോകരുതു് എന്നാണു്. ചില ഇംപ്രഷനിൽനിന്നു് ചിലപ്പോൾ പറഞ്ഞുപോകുന്നതാണു്. ഞാൻ കളക്ററു ചെയ്ത കണക്കുകളിൽനിന്നു് എടുത്തു പറയുന്നതു് ൧,൩൧,൦൦൦-ൽ ചില്വാനം ആളുകൾ ൫൦൦ ഏക്കറിനു് താഴെയുള്ളവരും ൮൪൬ പേർ ൫൦൦ ഏക്കറിൽ കൂടുതൽ ഭൂമി കൈ

വശംവച്ചുകൊണ്ടിരിക്കുന്നവരും ആകുന്നു എന്നാണ്. ൫൦ ഏക്കറിനു താഴെ ഭൂമി കൈവശമുള്ളവർ ൧,൩൯,൪൩൫ പേരും ൫൦ ഏക്കറിൽ കൂടുതൽ ഉള്ളവർ ൨,൩൧൦ പേരുമാണ്.

കഴിഞ്ഞ നിയമസഭയിൽ ഭക്ഷ്യകാര്യത്തെപ്പററിയുള്ള വാദപ്രതിവാദം നടന്ന സന്ദർഭത്തിൽ പ്രകടിപ്പിച്ച അഭിപ്രായങ്ങൾക്കു് അനുകൂലമായ അഭിപ്രായങ്ങളാണ് ഈ തവണ പ്രകടിപ്പിച്ചു കണ്ടതു്. ബഹുമാനപ്പെട്ട മെംബർമാരുടെ അഭിപ്രായങ്ങൾ ഗവണ്മെൻറ സ്വീകരിച്ചു് ചെറുകിട കൃഷിക്കാരെ പ്രൊക്യൂർമെൻറിൽനിന്നു് ഒഴിവാക്കുകയും വലിയ കൃഷിക്കാരുടെ കയ്യിൽനിന്നു് ഒരു ലവീസിസ്റ്റം അനുസരിച്ചു്, നെല്ലു് കിട്ടത്തക്കവിധത്തിൽ ഒരു പ്രൊക്യൂർമെൻറ സിസ്റ്റം ഏർപ്പെടുത്തുകയും ചെയ്തു. വലിയ കൃഷിക്കാരിൽനിന്നു് സ്ലാബ്ബ് സിസ്റ്റം അനുസരിച്ചു് എക്കറേജ് കൂടുന്തോറും ഒരേക്കറിനു് ഇത്ര നെല്ലു് കണക്കിനു് കിട്ടത്തക്ക വിധത്തിലാണ് പ്രൊക്യൂർമെൻറ സിസ്റ്റം ഗവണ്മെൻറ ഏർപ്പെടുത്തീട്ടുള്ളതു്. അതിനെപ്പററി ഇന്നലെയും മിനിഞ്ഞാന്നുംവരെ പ്രതിപക്ഷത്തുനിന്നോ അല്ലെങ്കിൽ രാജ്യത്തിൻെറ ഏതൊരു ഭാഗത്തുനിന്നോ ചില ചില്ലറ കാര്യങ്ങൾക്കല്ലാതെ സാമാന്യമായി ആക്ഷേപം ഉണ്ടായിട്ടില്ല.

ശ്രീമതി കെ. ആർ. ഗൗരി : സർ, ഒരു ചോദ്യം. കഴിഞ്ഞ പ്രാവശ്യം ഫുഡ്ഡിനെപ്പററി ഡിസ്കഷൻ നടന്നപ്പോൾ വലിയ ജന്മികളിൽനിന്നു് കൂടുതൽ നെല്ലു് എടുക്കണമെന്നല്ലേ ആവശ്യപ്പെട്ടതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയല്ല.

ഇങ്ങനെ യാതൊരു ആക്ഷേപവും ഇല്ലാതെ കാര്യങ്ങൾ നടക്കുകയാണ്. അതിനെപ്പററി ആക്ഷേപിക്കുവാൻ രാജപ്രമുഖൻെറ അഡ്രസ്സിനെ കുറിച്ചുള്ള വാദപ്രതിവാദത്തിലോ അതിനുമുമ്പുള്ള എന്തെങ്കിലും സന്ദർഭത്തിലോ ബഹുമാനപ്പെട്ട സ്നേഹിതൻ ഒരുങ്ങാതെ ഇതൊക്കെ ശരിയായി നടക്കുന്നു എന്നു ഞാൻ പറഞ്ഞപ്പോൾ അതിനെപ്പററി എന്താണ് പറയാനുള്ളതു് എന്നു് ആലോചിച്ചു് വേണ്ടിടത്തോളം ഈ വക കാര്യങ്ങളിൽ തന്ത്രങ്ങൾ മനസ്സിലാക്കി കഴിഞ്ഞിട്ടുള്ള ബഹുമാനപ്പെട്ട അമ്പലപ്പുഴ മെംബർ അബദ്ധത്തിൽ അതു പറയുകയാണ് ചെയ്തതു്.

ശ്രീ. കെ. കെ. കുമാരപിള്ള : ഇപ്പോൾ അതു് സുബദ്ധമാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സുബദ്ധമല്ല.

ബഹുമാനപ്പെട്ട തിരുവൾപ്പു മെംബർ കഴിഞ്ഞ തവണ പറഞ്ഞു ൫൦൦ ഏക്കറിൽ കൂടുതൽ ഭൂമി കൈവശമുള്ളവരെ പ്രൊക്യൂർമെൻറിൽനിന്നു ഒഴിവാക്കണമെന്നു്.

ശ്രീ. എൻ. രാഘവക്കുറുപ്പ് : അതു ശരിയല്ല. അഞ്ചേക്കറിനു് താഴെയുള്ളവരെ ഒഴിവാക്കണമെന്നാണ് ഞാൻ പറഞ്ഞതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ബഹുമാനപ്പെട്ട പറവൂർ മെംബർ ശ്രീ. ശ്രീവല്ലഭമേനോൻ അദ്ദേഹത്തിൻെറ പ്രസംഗത്തിൽ പറ

[പനമ്പിള്ളി ഗോവിന്ദമേനോൻ]

യുന്ന അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ഏർപ്പെടുത്തിയതുമൂലം കൃഷിക്കാർക്ക് വളരെ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും ഉണ്ടായിട്ടുണ്ടെന്നു്. ഞാൻ ഇതിൽ എത്ര മെമ്പർമാരെ? ഒരു റിപ്രസന്റേറ്റീവ് ഇൻസ്റ്റിറ്റ്യൂഷൻ നടത്തുന്ന ഒരാൾ എന്ന നിലയിൽ നിങ്ങൾ പറയുന്നതു അനുസരിച്ച് റിയാക്ട് ചെയ്തു കാര്യങ്ങൾ നടത്തിയാൽ കൊള്ളാമെന്നുണ്ട്. എന്തു ചെയ്താലും കുറ്റം പറയണമെന്ന വിചാരത്തിനു കഴിഞ്ഞവർഷത്തെക്കാൾ ഭേദമുണ്ടെന്നു എനിക്കറിയാം. ആ വിചാരം നിങ്ങൾ കളയണം. ഞാൻ എന്നെ സംബന്ധിച്ചും എന്റെ സ്നേഹിതൻ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള സ്നേഹിതന്മാർക്കു വേണ്ടിയും പറയുകയാണെങ്കിൽ ഗവണ്മെന്റിന് അപ്രമാദിത്വം വരികയില്ലെന്നോ ചെയ്യേണ്ടതെല്ലാം ചെയ്തു കഴിഞ്ഞുവെന്നോ ഒരിക്കലും വിചാരിക്കുന്നില്ല. ആരോഗ്യമുള്ള ശരീരത്തിനു വിശപ്പു ഏതുവിധത്തിൽ ആവശ്യമാണോ—ഒരു ഡാക്ടർ ഒരാളുടെ ശരീരം പരിശോധിക്കുമ്പോൾ ആദ്യം വിശപ്പു നല്ലവണ്ണം ഉണ്ടോ എന്നു ചോദിക്കും. വിശപ്പു നല്ലവണ്ണം ഉണ്ടാകുന്നതു് ശരീരത്തിന്റെ ആരോഗ്യത്തിനു ആവശ്യമാണ്—അതുപോലെ ആരോഗ്യകരമായ ഒരു എതിർപ്പ് രാജ്യത്തിന്റെ പുരോഗതിക്ക് ആവശ്യമാണ്. ആരോഗ്യകരമായ എതിർപ്പിന്റെ സൂചനയായി ഐക്യമുന്നണികക്ഷിയും സോഷ്യലിസ്റ്റ് പാർട്ടിയും സ്വതന്ത്രന്മാരും പല അഭിപ്രായങ്ങളും ഈ വാദപ്രതിവാദ വേളയിൽ പറയുകയുണ്ടായിട്ടുണ്ട്. ആ അഭിപ്രായങ്ങളിൽ സൂചിപ്പിച്ചവിധമുള്ള അതൃപ്തി ഗവണ്മെന്റിനും ഉണ്ടെന്നു ഈ സഭയെ അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതായതു് ഈ ബഡ്ജറ്റ് കൊണ്ടുവന്നതുകൊണ്ട് എല്ലാം ആയി എന്ന തൃപ്തിയോടുകൂടി ഗവണ്മെന്റ് ഇരിക്കുന്നില്ല. ഇനിയും പലതും ഇവിടെ ചെയ്യുവാനുണ്ട്. പ്രത്യേകിച്ചും സ്വാതന്ത്ര്യം വന്നതിനുശേഷം ജനങ്ങളുടെ ഇടയിൽ പൂവിടുന്ന അഭിലാഷങ്ങൾ അനുസരിച്ചു ഗവണ്മെന്റിനു നിൽക്കുവാനോ അതനുസരിച്ചു പ്രവർത്തിക്കുവാനോ പലപ്പോഴും സാദ്ധ്യമല്ലാതെ വരുന്നുണ്ട്. അതു് ഒരു കുറവായിട്ടു ഞാൻ കണക്കാക്കുന്നു. ആ കുറവുകളെയും പോരായ്മകളെയും പരിഹരിക്കുന്നതിനു നമുക്കു കിട്ടുന്ന സമയം കൊണ്ടു വളരെയേറെ കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അങ്ങനെ ചെയ്യേണ്ട കാര്യങ്ങളെപ്പറ്റി ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞിട്ടുള്ളതെല്ലാം പര്യാലോചിക്കുവാനും സ്വീകരിക്കുവാനും ഗവണ്മെന്റ് ഒരുക്കമാണ്. അങ്ങിനെ പറഞ്ഞ പല കാര്യങ്ങളുടേയും കൂട്ടത്തിൽ പഞ്ചവത്സരപദ്ധതിയെപ്പറ്റിയും ആക്ഷേപങ്ങൾ ഉണ്ടായി. പഞ്ചവത്സരപദ്ധതിയെപ്പറ്റിയുള്ള ആക്ഷേപങ്ങളുടെ കൂട്ടത്തിൽ ബഹുമാനപ്പെട്ട ഒരണിക്കാവു മെമ്പർ ചില ആക്ഷേപങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. അദ്ദേഹം പറഞ്ഞ എല്ലാ ആക്ഷേപങ്ങൾക്കും മറുപടി പറയണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. പഞ്ചവത്സരപദ്ധതിയെപ്പറ്റിയും അതിന്റെ പ്ലാനിംഗിനെ സംബന്ധിച്ചും അദ്ദേഹം പറഞ്ഞ ആക്ഷേപങ്ങൾക്കു സമഗ്രമായ ഒരു മറുപടി പറയേണ്ട സന്ദർഭം ഇതല്ല. ഇപ്പോൾ മറുപടി പറയത്തക്ക ഒരു രൂപത്തിലല്ലായിരുന്നു അദ്ദേഹത്തിന്റെ ആക്ഷേപങ്ങൾ. അദ്ദേഹത്തിനു ഒരു കാര്യത്തിൽ വലിയൊരു തെറ്റിദ്ധാരണയുണ്ട്. ഒട്ടാകെ ൨,൦൬൯ കോടി രൂപ പഞ്ചവത്സരപദ്ധതിയുടെ പ്രവർത്തനത്തിനു നീക്കിവച്ചിരിക്കുന്നതിൽ

൨൭൯൨ കോടിരൂപാ മാത്രമാണ് തിരുവിതാംകൂർ-കൊച്ചിയിൽ പഞ്ചവത്സരപദ്ധതിയുടെ പ്രവൃത്തനത്തിനു നീക്കിവച്ചിരിക്കുന്നത് എന്നു അദ്ദേഹം പറഞ്ഞു. മൊത്തു കേൾക്കുമ്പോൾ ഈ സംഖ്യ ഇൻഡ്യാ ഗവണ്മെൻറ പഞ്ചവത്സരപദ്ധതിക്കുവേണ്ടി നീക്കിവച്ചിരിക്കുന്ന തുക യിൽനിന്നു നമുക്കു അലോട്ടു ചെയ്തിരിക്കുന്നതായിട്ടാണ് അദ്ദേഹം ധരിച്ചിരിക്കുന്നതെന്നു തോന്നുന്നു. അങ്ങനെ ഒരു ധാരണ അദ്ദേ ഹത്തിനു ഉണ്ടെങ്കിൽ അതു തെററാണ്. നമ്മുടെ രാജ്യത്തിലെ പഞ്ചവത്സരപദ്ധതിയുടെ പ്രവൃത്തനത്തിനു വർഷംപ്രതി അഞ്ചിൽ ചില്വാനംകോടി രൂപ നമ്മുടെ റവന്യൂവിൽനിന്നു ചെലവാക്കണം. ഇൻഡ്യാഗവണ്മെൻറ് ൨,൦നൂറ് കോടി രൂപ നീക്കിവച്ചു, അതു എല്ലാ രാജ്യങ്ങൾക്കും പങ്കിട്ടു കൊടുക്കുകയായിരുന്നെങ്കിൽ അദ്ദേഹം പറയുന്നതു ശരിയാകുമായിരുന്നു. ഇവിടെയുള്ള പ്രശ്നം ൫ കൊല്ലത്തേയ്ക്കു ൫ കോടി രൂപ വീതം വർഷംപ്രതി പഞ്ചവത്സരപദ്ധതിയുടെ പ്രവൃത്ത നത്തിനായി നീക്കിവച്ചാൽ അതു നമുക്കു താങ്ങുവാൻ സാധിക്കുമോ എന്നുള്ളതാണ്. പഞ്ചവത്സരപദ്ധതിയുടെ പ്രവൃത്തനങ്ങൾക്കുവേണ്ടി വർഷംപ്രതി നമ്മുടെ റവന്യൂവിൽനിന്നു ൫ കോടി രൂപവീതം നീക്കി വയ്ക്കാൻ സാധിക്കുമെങ്കിൽ നാം അതു ചെയ്യുന്നതിൽ യാതൊരു തെററ മില്ല. പഞ്ചവത്സരപദ്ധതിയിൽപ്പെടാത്ത പ്രവൃത്തനങ്ങൾ നമ്മുടെ ബഡ്ജററ അനുവദിക്കുന്നുണ്ടെങ്കിൽ അതുചെയ്യുന്നതിൽ തെററില്ല. പക്ഷെ നമുക്കു അതിനു പണംവേണം. ഈ നിയമസഭയിൽ അറിഞ്ഞോ അറിയാതെയൊ ഉണ്ടായ ചില ആക്ഷേപങ്ങളിൽ——

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: സ്റ്റേററിൽനിന്നു എടുക്കേ ണ്ടതു് വർഷംപ്രതി ൫ കോടിരൂപവീതമാണ്. ബാക്കിയുള്ളതു് സെൻട്ര ലിൽനിന്നു ലോൺ ആയിട്ടു കിട്ടുമൊ, ഗ്രാൻറായിട്ടു കിട്ടുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലോൺ എടുക്കും ഗ്രാൻറും കിട്ടുന്നുണ്ട്. ഇക്കൊല്ലം ൧൫൦ ലക്ഷം രൂപായാണ് സെൻട്രലിൽ നിന്നു കിട്ടിട്ടുള്ളതു്. പഞ്ചവത്സരപദ്ധതിയിൽ അധികവും കൃഷിവികസനത്തി നുള്ള പദ്ധതികളാണ്. ആ പദ്ധതികളെല്ലാം പണ്ടേതന്നെ ഇവിടെ തുടങ്ങിയിട്ടുള്ള പദ്ധതികളാണ്. അതിൽ പുതുതായി ഒന്നുമില്ല എന്നു ചില മെംബർ ഇവിടെ പറഞ്ഞു. അതു കുറെയൊക്കെ ശരിയാണ്. വ്യവസായാഭിവൃദ്ധിക്കുവേണ്ടി ഗവണ്മെൻറ ഒന്നും പ്രവൃത്തിക്കുന്നില്ല; അതിനു ഗവണ്മെൻറിനു യാതൊരു ഉദ്ദേശവുമില്ല എന്നു ഇവിടെ ആക്ഷേ പിക്കുകയുണ്ടായി; പക്ഷെ ഇന്നത്തെ നിലയിൽ ബഹുമാനപ്പെട്ട മെംബർ മാർ ഒന്നാലോചിക്കേണ്ടതുണ്ട്. അതായതു് ൫൬ പദ്ധതികളുടെ കാര്യം ഞാൻ ഇവിടെ പറഞ്ഞുവല്ലോ. അതിൽ ഏതെങ്കിലും ഒന്നു അനാവശ്യ മാണെന്നു ബഹുമാനപ്പെട്ട മെംബർമാരിൽ ആർക്കെങ്കിലും അഭിപ്രായ മുണ്ടോ? നമുക്കു താത്വികമായ ഡിസ്കഷൻ മാററിവച്ചു് പെരിഞ്ചാണി, പീച്ചി, നെയ്യാർ, ചാലക്കുടി, വാഴാണി, കുട്ടനാടൻ പദ്ധതി, ഇവയിൽ ഏതെങ്കിലും ഒന്നു് ഈ രാജ്യത്തെ സാമാന്യജനങ്ങൾക്കു പററിയതായിട്ടു കാണുന്നില്ലെന്നു ഈ ബഹുമാനപ്പെട്ട മെംബർമാരിൽ ആർക്കെങ്കിലും പറയു വാൻ സാധിക്കുമോ എന്നു ഞാൻ ചോദിക്കുന്നു. ഒരു മെംബർ പറഞ്ഞു, ആരാണെന്നു ഞാൻ ഓർമ്മിക്കുന്നില്ല, ഇതൊക്കെ ജന്മികളെ സഹായിക്കുവാ നുള്ള പദ്ധതികളാണെന്നു്. അതാണ് ഈ രാജ്യത്തെ ജന്മികളുടെ ഫോറം

[പനമ്പിള്ളി ഗോവിന്ദമേനോൻ]

ഡിംഗ്സ് എത്രയുണ്ടെന്നു ഒരു കണക്കെടുത്തു ഞാൻ കാണിച്ചു. ചെറിയ ചെറിയ കൃഷിക്കാർ ഏതാനും ഏക്കർ ഭൂമി കൈവശമുള്ളവർ, ഏതാനും ഏക്കർ സ്ഥലം വെറും പാട്ടമായി എടുത്തു കൃഷിചെയ്യുന്നവർ, ഇങ്ങനെയുള്ളവർക്കു കൂടുതൽ ഉൽപാദനം ഉണ്ടാക്കുവാൻ പഞ്ചവത്സര പദ്ധതിയുടെ പ്രവർത്തനങ്ങൾകൊണ്ടു് സാധിക്കുമോ, അതുകൊണ്ടു് പഞ്ചവത്സരപദ്ധതി പരാജയപ്പെടുകയേ ഉള്ളുവെന്നു് ബഹുമാനപ്പെട്ട ഭരണിക്കാവു മെംബർ ശപിച്ചപ്പോൾ അദ്ദേഹം വാസ്തവത്തിൽ ശപിച്ചതു് അദ്ദേഹത്തിനു് പരിചയമില്ലാത്ത ഈ നാട്ടിലെ പരസഹസ്രം കർഷകരെയാണു്. ഈ രാജ്യത്തു വെള്ളം കിട്ടുവാൻ നിവൃത്തിയില്ലാതെ കൃഷിയുണങ്ങുന്നു എന്ന മുറവിളി നാം കേട്ടുകൊണ്ടിരിക്കുന്നു. അങ്ങനെയുള്ള കൃഷിക്കാരെ അനുഗ്രഹിക്കുവാൻവേണ്ടി പഞ്ചവത്സരപദ്ധതിയിൽ ചില പദ്ധതികൾ പ്രവർത്തിക്കുമ്പോൾ ബഹുമാനപ്പെട്ട ഭരണിക്കാവു മെംബർ മിക്കവാറും മെഫിസ്റ്റോഫിലിസിനു സഹജമായ വിനോദത്തോടുകൂടി അതിനെ ശപിക്കുകയാണു ചെയ്യുന്നതു്. അദ്ദേഹത്തിന്റെ ശാപം ഫലിക്കുകയില്ല. ഈ നാട്ടിലെ സാമാന്യജനങ്ങളുടെ പ്രവർത്തിമൂലം അതു വിജയകരമാകുമെന്നും അതുമൂലം ഈ രാജ്യത്തിനു ക്ഷേമം ഉണ്ടാകുമെന്നും ഞാൻ വിശ്വസിക്കുന്നു.

<u>ശ്രീ. എ. താണുപിള്ള</u>: ഇറിഗേഷൻ പദ്ധതികളുടെ പ്രവർത്തനങ്ങൾ മൂലം ഉണ്ടായിട്ടുള്ള പ്രൊഡക്ഷനെ സംബന്ധിച്ചു് എന്തെങ്കിലും ഒരു കണക്കുണ്ടോ? ഒരു ടൺ അരി വിളയിക്കുന്നതിനു് എന്തു ചെലവാകുമെന്നു് ഒരു കണക്കെടുത്തിട്ടുണ്ടോ?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: കണക്കെടുത്തിട്ടുണ്ടു്. അങ്ങനെയുള്ള കണക്കുകൾ പരിശോധിച്ചു് അതു് എക്കണോമിക്കാണെന്നു പ്ലാനിംഗ് കമ്മിററിയിലെ വിദഗ്ദ്ധന്മാർ അഭിപ്രായപ്പെട്ടതിന്റെ ഫലമായിട്ടാണു് ഇതെല്ലാം ചെയ്യുന്നതു്.

<u>ശ്രീ. എം. എൻ. ഗോവിന്ദൻനായർ</u>: രണ്ടുകൊല്ലത്തെ പ്രവർത്തനംകൊണ്ടു് ശരാശരി എത്രത്തോളം വിളവു് വർദ്ധിച്ചിട്ടുണ്ടു്?

<u>ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ</u>: ശരാശരി ചോദിക്കുമ്പോൾ എനിക്കു ഒരു കഥയാണു് ഓർമ്മവരുന്നതു്. അതു് പണ്ടൊരു സ്കൂൾകുട്ടി ശരാശരി ആഴം കണക്കാക്കി വെള്ളത്തിൽ ഇറങ്ങിയതു പോലെയാണു്. ആദ്യം ഇറങ്ങുമ്പോൾ ൨ അടി ആഴം; പിന്നീടു ചെല്ലുമ്പോൾ ൪ അടി ആഴം; അവസാനം ൧൦ അടി; ഇതിന്റെ ആവറേജു് കണക്കാക്കിയപ്പോൾ ഏതാണ്ടു് ൪ അടിയാണു്. എന്നാൽ പുഴ കടന്നുകളയാമെന്നു വിചാരിച്ചിറങ്ങിയിട്ടു മുങ്ങിച്ചത്തു. അതുപോലെ ൫ കൊല്ലത്തെ പദ്ധതിയിൽ രണ്ടുകൊല്ലത്തെ പ്രവർത്തനംകൊണ്ടു് ശരാശരി എന്തു കിട്ടി എന്നു ചോദിക്കുന്നതിനു അദ്ദേഹത്തിനുണ്ടായ ബുദ്ധി അബദ്ധമാണെന്നു അദ്ദേഹത്തെ അനുസ്മരിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

<u>ശ്രീ. കെ. കെ. കുമാരപിള്ള</u>: ഈ നാട്ടിലെ സാധാരണക്കാർക്കു ക്രയശക്തി ഇല്ലാത്തതുകൊണ്ടു് ഡിപ്പോകളിൽ നെല്ലും അരിയും കൂടിക്കിടക്കുന്നു എന്നു പറഞ്ഞു. ആ പ്രശ്നത്തിന്റെ പരിഹാരത്തിനു വല്ല മാർഗ്ഗവും ഇതിലുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട പ്രതിപക്ഷത്തിലെ മെംബർമാർ പറയുന്നതിൽ ഞാൻ എതിരുപറയുകയല്ല. കയർ വ്യവസായത്തിന്റെ കുഴപ്പം തീർക്കണം, കൂടുതൽ വ്യവസായങ്ങൾ ഇവിടെ വേണം, കൂടുതൽ വൻകിടവ്യവസായങ്ങൾ ഇവിടെ വേണം, അതു വേണമെന്നുള്ള വാദത്തിനു ഒരു പദ്ധതി എങ്ങിനെ എതിരാകും?

ശ്രീ. കെ. കെ. കുമാരപിള്ള: അതെല്ലാംകൂടി ഒന്നിച്ചുചെയ്യുവാനാണ് വളരെ കാലമായി വിദഗ്ദ്ധന്മാർ ആലോചിക്കുന്നതു്; അതു രണ്ടും ഒന്നിച്ചുപോകേണ്ടേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്കു പറയുവാനുള്ളതു് ഇതിൽ രണ്ടിലും ഏതിനാണ് പ്രാഥമ്യം കൊടുക്കേണ്ടതു് എന്നുള്ള കാര്യം പ്ലാനിംഗ്കമ്മിററിയിലെ വിദഗ്ദ്ധന്മാർ ആലോചിച്ചതിനു ശേഷം ബഹുമാനപ്പെട്ട അമ്പലപ്പുഴ മെംബറുടെ അഭിപ്രായത്തിനു എതിരായി ഇതിനാണ് പ്രാഥമ്യം കൊടുത്തതു് എന്നാണ്. ഇതു ആദ്യത്തെ പഞ്ചവത്സരപദ്ധതിയാണ്. രണ്ടാമത്തെ പദ്ധതിക്കുവേണ്ടി അന്വേഷണങ്ങൾ നടക്കുന്നുണ്ടു്. ബഹുമാനപ്പെട്ട മെംബർ വേറെ ചില പദ്ധതി എടുക്കണമെന്നു പറഞ്ഞു. വേറെ ചില ബഹുമാനപ്പെട്ട മെംബറന്മാർ പട്ടണക്കാവ് പദ്ധതി എടുക്കണമെന്നു പറഞ്ഞു. ചില അംഗങ്ങൾ തൊമ്മൻകുത്തുപദ്ധതിയുടെ കാര്യം പറഞ്ഞു. ചിലർ ഭൂതത്താൻകെട്ടു പദ്ധതിയുടെ കാര്യം എടുക്കണമെന്നു പറഞ്ഞു.

കൂടുതൽ ഇലക്ട്രിസിററി ഉൽപ്പാദിപ്പിക്കാൻവേണ്ടി പള്ളിവാസലിൽതന്നെ വേറൊരു സ്റ്റേജ് എടുക്കുന്നതിനു അന്വേഷണങ്ങൾ നടത്താൻ ആർഡർ കൊടുത്തിട്ടുണ്ടു്. ഒരു പദ്ധതിയുടെ മദ്ധ്യത്തിൽവച്ചു അതു ശരിയല്ലെന്നും ഇങ്ങനെയല്ല അങ്ങനെയാണു നടത്തേണ്ടതെന്നും മറ്റും പറയുന്നതു കുറെയൊക്കെ ശരിയാണെങ്കിൽകൂടി അതു പ്രയോജനരഹിതമല്ലേ എന്നാണു ഞാൻ ചോദിക്കുന്നതു്. നമുക്കു ഇപ്പോൾ ഈ പദ്ധതി ഉപേക്ഷിക്കാൻ സാധിക്കുമോ? ഈ പദ്ധതി പുരോഗമിക്കുന്നതുകൊണ്ടു് ഗുണമല്ലാതെ ദോഷം എന്തെങ്കിലും ഉണ്ടാകുന്നുണ്ടോ? ഈ രാജ്യത്തെ ഭക്ഷ്യക്കമ്മി മുഴുവൻ നികത്തു കിട്ടുകയില്ലെന്നാണ് ആക്ഷേപമെങ്കിൽ കുറെയെങ്കിലും നികത്തു കിട്ടുകയില്ലയെന്നാണു ഞാൻ ചോദിക്കുന്നതു്.

ശ്രീ. പി. ഗോവിന്ദപ്പിള്ള: പ്ലാനിംഗിൽ പ്രയാറിററി നിശ്ചയിക്കുന്നതിൽ അല്ലേ പ്രാധാന്യം സ്ഥിതിചെയ്യുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെംബറുടെ ഉപദേശം ഞാൻ സ്വീകരിക്കുന്നു. പ്ലാനിംഗിൽ പ്രയാറിററിക്കു പ്രാധാന്യമുണ്ടു്. പക്ഷെ, ഇപ്പോൾ പ്ലാനിംഗ്ചെയ്തവർ ഇതിനാണ് പ്രയാറിററി കൊടുത്തതു്. ഇപ്പോൾ സ്വീകരിച്ച പദ്ധതികൾ വിജയപ്പെടുത്തുകയും രണ്ടാമത്തെ പദ്ധതിയുണ്ടാകുന്ന സന്ദർഭത്തിൽ കൂടുതൽ ശരിയായ വിധത്തിൽ പ്രയാറിററി നൽകി മററു ഏർപ്പാടുകൾ ചെയ്യാൻ വേണ്ട സൗകര്യങ്ങൾ നൽകുകയുമാണു വേണ്ടതു്. ഏതു തുടങ്ങിയാലും പരാജയപ്പെടുമെന്നുള്ള ഒരു മനഃസ്ഥിതിയോടുകൂടിയുള്ള സമീപനം രാജ്യസ്നേഹികളിൽനിന്നു ആഗ്രഹിക്കാൻ പാടുള്ളതല്ല. അതിനെപ്പററി

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

എനിക്കു ഇതാണു് പറയാനുള്ളതു്. പഞ്ചവത്സരപദ്ധതി പരിമിതമായിട്ടുള്ള ഒന്നാണു്. രാജ്യത്തിന്റെ എല്ലാ വിധത്തിലുമുള്ള പ്രശ്നങ്ങൾക്കും അതു ഒരു പരിഹാരമായി ഉദ്ദേശിച്ചിട്ടില്ല. പക്ഷെ, അതിൽ നിന്നു ചില ഗുണങ്ങൾ ഉണ്ടാകും. ഞാൻ മുൻപു പറഞ്ഞതുപോലെ പദ്ധതികളും രാജ്യത്തിന്റെ നാനാഭാഗങ്ങൾക്കും ഗുണമുള്ളതാണെന്നു ആർക്കും കാണാൻ കഴിയും. ബഹുമാനപ്പെട്ട തൃശ്ശൂർ മെംബർക്കു പീച്ചിപദ്ധതി ആ സ്ഥലത്തിനു ഗുണമുണ്ടാക്കുകയില്ലെന്നു പറയാൻ കഴിയുമോ എന്നു ഞാൻ ചോദിക്കുന്നു. അതുപോലെതന്നെ വാഴാനിപദ്ധതിയെപ്പററി വടക്കാഞ്ചേരി മെംബറോടും ഞാൻ ചോദിച്ചുകൊള്ളുന്നു. ചാലക്കുടി പദ്ധതിയെപ്പററി അറിയാവുന്നവർക്കു അതു രാജ്യത്തിനു ഗുണമല്ലെന്നു പറയാൻ സാധിക്കുകയില്ല. തോട്ടപ്പള്ളി സ്കീം ഗുണകരമല്ലെന്നു ആലപ്പുഴ മെംബർ പറയുമെന്നു ഞാൻ വിചാരിക്കുന്നില്ല. അദ്ദേഹം പറയുന്നതു വേറെ ചില കാര്യങ്ങൾ കൂടി വേണമെന്നാണു്. ബഹുമാനപ്പെട്ട അമ്പലപ്പുഴമെംബർ ആണല്ലോ രാമേശ്വരം ക്ഷേത്രത്തിന്റെ കാര്യം ഇവിടെ പറഞ്ഞതു്. അതുമാതിരി ഇപ്പോൾ തുടങ്ങിയിട്ടുള്ള ബണ്ടുകളുടെയും മററും ജോലി പകുതിയാക്കിയ ശേഷം വേറെ കാര്യങ്ങളിലേക്കു പോകാൻ കഴിയുമോ എന്നാണു് ഞാൻ ചോദിക്കുന്നതു്.

ശ്രീ. കെ. കെ. കുമാരപിള്ള: തുടങ്ങിയിട്ടുള്ളതൊന്നും നിറുത്തണമെന്നല്ല ഞാൻ പറഞ്ഞതു്. അതുകൊണ്ടു ഉണ്ടാകണമെന്നു ആഗ്രഹിക്കുന്ന പ്രയോജനങ്ങൾ ഉണ്ടാകണമെങ്കിൽ മററുള്ളതുകൂടി ഒരേ സമയത്തു് ഉണ്ടാകണമെന്നാണു പറയുന്നതു്.

Mr. Speaker: The contradiction is between Members of the same party. Mr. Govinda Pillai wants the principle of priority to be recognised.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്ലാനിംഗിൽ എനിക്കു ബഹുമാനപ്പെട്ട പെരുമ്പാവൂർ മെംബറെപ്പോലെ വൈദഗ്ദ്ധ്യമില്ല. കുറെ ഒക്കെ പരാജയപ്പെട്ട ഒരു നാലഞ്ചുതവണ നടക്കണം. എങ്കിലേ വൈദഗ്ദ്ധ്യം സിദ്ധിക്കുകയുള്ളു. എനിക്കിതു ആദ്യത്തെതവണയാണു്. ഒരു മറുപടി പറഞ്ഞു തോല്പിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയല്ല ഞാൻ ഇതെല്ലാം പറയുന്നതു്. പഞ്ചവത്സരപദ്ധതിയെപ്പററി ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളിൽ നിന്നു കേട്ട വിമർശനങ്ങൾ എന്നെ കുറെയേറെ നിരാശപ്പെടുത്തി. കയറുവ്യവസായം നടക്കണം. വേറെ വ്യവസായങ്ങൾ നടത്തണം. അതിലേക്കു ചില ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്. കയറിന്റെ കാര്യത്തിൽ ചെയ്തിട്ടുള്ള കാര്യങ്ങൾ ഒരു നൂറായിരംതവണ ഞാൻ നിയമസഭയിൽ പറഞ്ഞു കഴിഞ്ഞതാണു്. അതു വേണ്ടിടത്തോളം ആയില്ലെന്നുള്ള ആക്ഷേപം സ്വീകരിക്കാനും ഞാൻ ഒരുക്കമാണു്. ആ ആക്ഷേപങ്ങൾ കേട്ട കുറേക്കൂടി ആ വിഷയത്തിൽ എന്തെങ്കിലും ചെയ്യുന്നതിനു സൗകര്യമുണ്ടോയെന്നു നോക്കാനും ഞാൻ ഒരുക്കമാണു്. പക്ഷെ, ചെയ്തുവരുന്ന കാര്യങ്ങളെപ്പററി ഒരു അപ്രിയസിദ്ധാന്തം ഇല്ലാത്തവിധത്തിലുള്ള വിമർശനങ്ങൾ ഉണ്ടാകുകയാണെങ്കിൽ എനിക്കുപോലും ബഹുമാനപ്പെട്ട മെംബർമാരുടെ വിമർശനങ്ങൾ സ്വീകരിക്കാൻ നിവൃത്തിയില്ലാതെവരും. എന്തുപറഞ്ഞാലും കുററ

മാണെങ്കിൽ എങ്ങനെയാണു ഒരു ധനകാര്യമന്ത്രിയോ ഗവണ്മേന്റോ മുമ്പോട്ടുപോകുക. സർവ്വത്ര കുററമായിരുന്നു ഇവിടെ കേട്ടതു്. എനിക്കു മിക്കവാറും ഒരു കഥകളിസദസ്സിന്റെ ഓർമ്മയാണു വരുന്നതു്. കഥകളിയിൽ പ്രതിനായകൻ വന്നു നായകനെ "ഗോ ഗോ" എന്നു പോരിനു വിളിക്കുകയാണു ചെയ്യുന്നതു്. ഞാൻ ഈ ബഡ്ജററ തള്ളിക്കളയുന്നതിനായി എഴുന്നേററുനിൽക്കുന്നു. ഇങ്ങനെ നമുക്കു പരാജയപ്പെടുത്തണം, ഇതിൽ യാതൊന്നുമില്ല, ഇതു ജനങ്ങളോടു ഒരു വെല്ലുവിളിയാണു എന്നൊക്കെ പറയുകയാണെങ്കിൽ അവരോടു വളരെയധികം ബഹുമാനം കാണിക്കാൻ സന്നദ്ധത പ്രകടിപ്പിച്ചാലും എങ്ങനെയാണു ബഹുമാനം കാണിക്കാൻ കഴിയുന്നതെന്നു ഞാൻ ചോദിച്ചുപോകുന്നു.

മറുപടി അർഹിക്കുന്ന ചില അഭിപ്രായങ്ങൾക്കു ഞാൻ മറുപടി പറയാം. വടക്കാഞ്ചേരി മെമ്പർ അഗ്രികൾച്ചറൽ ക്രെഡിററിനുള്ള സൗകര്യം എത്രയുണ്ടെന്നും ഇൻഡസ്ട്രിയൽ ഫിനാൻസു കോർപ്പറേഷനിൽ അതുകൂടി ഉൾപ്പെടുമോയെന്നും ചോദിക്കുകയുണ്ടായി. ബഡ്ജററ നം. ൯-ാം പേജിലേക്കു അദ്ദേഹത്തിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിച്ചുകൊള്ളുന്നു. കോവപ്പറേററീവ് സൊസൈററികൾക്കു ലോൺ കൊടുക്കുന്നതിനു പതിനൊന്നരലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. കൊച്ചി ലാൻഡ മോർട്ടുഗേജു ബാങ്കിനു ൫ ലക്ഷം രൂപയുടെ ഓവർഡ്രാഫ്ററു് അനുവദിച്ചിട്ടുണ്ടു്. തിരുവിതാംകൂർ ക്രെഡിററുബാങ്കിനു ലോൺ ഫ്ളോട്ടുചെയ്യുന്നതിനു ൨൦ ലക്ഷം രൂപയ്ക്കു ഗാറന്റി ചെയ്തിട്ടുണ്ടു്. കൃഷിക്കാരെ സഹായിക്കുന്നതിനുവേണ്ടി ഒരു അപ്പെക്സ് കോവാപ്പറേറീവ് ബാങ്ക് ഉണ്ടാക്കുന്നതിനുള്ള ആലോചനകൾ ദ്രുതഗതിയിൽ നടക്കുന്നുണ്ടു്.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ: മോർട്ടുഗേജു ബാങ്കിൽ ലാൻഡ പ്രാപ്പർട്ടി സെക്യൂറിററി കൊടുത്താൽ അല്ലേ പണം കിട്ടുകയുള്ളു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ: അതിനു വലിയ വിഷമമുണ്ടല്ലോ? അതിന്റെ ഡീറെറയിൽസ് ഒന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൊച്ചി ലാൻഡ മോർട്ടുഗേജു ബാങ്കു ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർക്കു ഹിതമല്ലെന്നു ഞാൻ വിശ്വസിക്കുന്നു.

വടക്കാഞ്ചേരിമെമ്പറും തിരുവനന്തപുരം മെമ്പറും നടരാജപിള്ളയും ഇൻറഗ്രേഷനെപ്പററി കുറെയധികം ഉൽക്കണ്ഠ പ്രകടിപ്പിക്കുകയുണ്ടായി. അതിനെപ്പററി രണ്ടു മിനിട്ടു സംസാരിച്ചുകൊള്ളാമെന്നു ഞാൻ ആഗ്രഹിക്കുന്നു. ഇതുവരെയായി പതിനാലു ഡിപ്പാർട്ടുമെൻറുകളുടെ ഇൻറഗ്രേഷൻ കല്പനകൾ അയച്ചുകഴിഞ്ഞിട്ടുണ്ടു്. ഏതാനും ആഴ്ചകൾക്കുള്ളിൽ ബാക്കിയുള്ള ഡിപ്പാർട്ടുമെൻറുകളുടെയും ഇൻറഗ്രേഷൻ പൂർത്തിയാകുന്നതാണു്. അതിനുവേണ്ടി ക്യാബിനററ ഒരു സബ് കമ്മിററി ഉണ്ടാക്കിയിട്ടുണ്ടു്. ആ സബ്കമ്മിററിയാണു ഓരോ ഡിപ്പാർട്ടുമെൻറിന്റെയും പരിതഃസ്ഥിതികളെ സൂക്ഷ്മമായി പരിശോധിച്ചു ഏതു വിധത്തിലാണു തിരുവിതാംകൂറിലും കൊച്ചിയിലുമുള്ള ഉദ്യോഗസ്ഥന്മാർ

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

ദോഷമല്ലാത്തവിധത്തിൽ ഇൻറഗ്രേഷൻ നടത്തുന്നതിനു ഡിപ്പാർട്ടുമെൻറൽ ഹെഡ്സുമായി ആലോചനകൾ നടത്തി ഉത്തരവുകൾ അയയ്ക്കുന്നു്.

ശ്രീ. പ്രാക്കുളം ഭാസി: എൻ. ജി. ഒ. മാരുടെ പ്രതിനിധികളെ കൂടി വിളിച്ചു ആലോചിക്കുന്നതുകൊണ്ടു ദോഷമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ഉദ്ദേശിക്കുന്നില്ല ഏതു ഡിപ്പാർട്ടുമെൻറിൻെറ ഇൻറഗ്രേഷനാണോ നടന്നിട്ടുള്ളതു്, ആ ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാക്കു സാമാന്യമായി തൃപ്തിയുണ്ടായിട്ടുണ്ടെന്നാണു ഗവൺമെൻറിൻെറ അറിവു്. ചില വ്യത്യാസങ്ങളും ഉണ്ടാകാം. ചില വ്യക്തികൾക്കു അവർ വിചാരിക്കുന്നതരത്തിലുള്ള ഗുണം ഇൻറഗ്രേഷൻമൂലം കിട്ടാത്തതുകൊണ്ടു അവർ അതൃപ്തി പ്രകടിപ്പിക്കുന്നുണ്ടാവാം. അങ്ങനെ അതൃപ്തി പ്രകടിപ്പിക്കുന്നവരുടെ അതൃപ്തിയാണു നാം കേൾക്കുന്നതു്. ഏതെങ്കിലും ഒരു വ്യക്തിക്കു വിചാരിച്ചിരുന്ന തരത്തിലുള്ള ആനുകൂല്യം കിട്ടിയില്ലെങ്കിൽ അതൊരു ആക്ഷേപമായി പറഞ്ഞേക്കും. അങ്ങനെയുള്ള ആക്ഷേപങ്ങളാണു വെളിയിൽ കേൾക്കുന്നതു്. ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബരോടും വടക്കാഞ്ചേരി മെംബരോടും ഒന്നുരണ്ടു തവണ ഇക്കാര്യത്തിൽ ഉൽക്കണ്ഠ പ്രദർശിപ്പിച്ച ബഹുമാനപ്പെട്ട ചവറമെംബരോടും എനിക്കൊരു അപേക്ഷയുണ്ടു്. അതായതു് ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെൻറിൻെറ ഇൻറഗ്രേഷൻ ആർഡർ എടുത്തുനോക്കി നീതിയായി ന്യായമായി ചെയ്തിട്ടില്ലേയെന്നു പരിശോധിക്കണം, അങ്ങനെ പരിശോധിച്ചശേഷം ഏതെങ്കിലും ഒരു ഒരു വ്യക്തിയുടെ കേസ്സിൽ കുഴപ്പമുണ്ടെന്നു കാണുന്നപക്ഷം കൂടുതൽ കുഴപ്പമുണ്ടാക്കാൻ നോക്കാതെ അതിനെപ്പററി ഒരു ഉപദേശം തന്നാൽ അതു സ്വീകരിക്കുന്നതിനു തയാറാണു്.

Shri P. S. Nataraja Pillai: May I know whether it is not the recognised associations that were protesting against integration?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല ഇല്ല. ഈ ഉത്തരവുകൾ വന്നതിനുശേഷമില്ല. പതിനാലു ഡിപ്പാർട്ടുമെൻറിലും കാര്യമായി ഒന്നും ഉണ്ടായിട്ടില്ല.

Shri P. S. Nataraja Pillai: Had not the N. G. O's Association in their Convention at Ernakulam last month protested against that?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉവ്വ്. അതിനു മറുപടിയും പറഞ്ഞു. അതു ഇതു മനസ്സിലാക്കാതെ ഉണ്ടായിട്ടുള്ളതാണു്. അദ്ദേഹം പറയുന്നതു മുഴുവൻ ഞാൻ ശ്രദ്ധയോടുകൂടി കേൾക്കാറുണ്ടു്. ഇതിൽ കുറെ മിസ്ചീഫ് വരുത്തിയാൽ കൊള്ളാമെന്നു ആഗ്രഹിച്ചുള്ള പോലെ എനിക്കു തോന്നുന്നു, കൊച്ചി മഹാരാജാവിൻെറ അഭിപ്രായം പറഞ്ഞു, വി. പി. മേനോൻെറ അഭിപ്രായം പറഞ്ഞു. ഇതെല്ലാം പറഞ്ഞിട്ടു തിരുവിതാംകൂർകാരോടു അനീതി ചെയ്യുന്നുവെന്നും പറയുകയുണ്ടായി.

Shri P. S. Nataraja Pillai: I said that there was genuine feeling in the Travancore Section. I never said that Government is discriminating against one section.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ ജെനുവിൻ ഫീലിംഗ് ഉണ്ടെങ്കിൽ അതു തീർക്കാനുള്ള ചുമതല ഈ നിയമസഭയിലെ എല്ലാം സ്നേഹിതന്മാർക്കും ഉണ്ടെന്നു ഞാൻ അറിയിച്ചുകൊള്ളുന്നു.

ഈ കാര്യം സംബന്ധിച്ചു് ഒരു കാര്യംകൂടി ചെയ്യുന്നതിനു് ഗവൺമെൻറ തീരുമാനിച്ചിട്ടുണ്ടു്. ഓരോ ഡിപ്പാർട്ടുമെൻറിലും ചെന്നു് ആ ഡിപ്പാർട്ടുമെൻറിലുള്ള ഉദ്യോഗസ്ഥന്മാരുടെ എണ്ണമെടുത്തു് ഈ പുതിയ സാമ്പത്തികവർഷം തുടങ്ങി മൂന്നുമാസത്തിനകം അതായതു് ജൂൺ ൩൦-ാംനു-ക്കകത്തു് തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തെ ഉദ്യോഗസ്ഥന്മാരുടെ ഒരു സിവിൽ ലിസ്റ്റും ഗ്രഡേഷൻ ലിസ്റ്റും പൂർത്തിയാക്കുന്നതിനുവേണ്ടി ഉയർന്ന മൂന്നു ഉദ്യോഗസ്ഥന്മാർ അടങ്ങിയ ഒരു കമ്മിററിയേയും ഇന്നു നിയമിച്ചിട്ടുണ്ടു്. അങ്ങനെ ഗവൺമെൻറു് ഉത്തരവു പുറപ്പെടുവിച്ചിട്ടുള്ളതും ഏതാനും ആഴ്ചകൾക്കുള്ളിൽ ഉത്തരവു പുറപ്പെടുവിക്കുന്നതുമായ എല്ലാ ഡിപ്പാർട്ടുമെൻറുകളിലെയും പരിതഃസ്ഥിതി മനസ്സിലാക്കി നാമിനേഷൻ നടത്തി മൂന്നുമാസത്തിനകം ഈ കാര്യങ്ങൾ അവസാനിക്കുന്നതിനു വേണ്ട എല്ലാ നടപടികളും ഗവൺമെൻറ എടുത്തിട്ടുണ്ടു്. ആ നടപടികൾ വിജയിക്കാനുള്ള ഒരന്തരീക്ഷം സംജാതമാക്കണമെന്നു ഞാൻ ബഹുമാനപ്പെട്ട മെംബറന്മാരോടു് അപേക്ഷിച്ചുകൊള്ളുന്നു.

ബഹുമാനപ്പെട്ട ആലപ്പുഴ മെംബർ ശ്രീ. താമസ്, പ്രതിപക്ഷനേതാവു്, ഈ സമയത്തു് ഇവിടെയില്ലാത്തതിൽ എനിക്കു സങ്കടമുണ്ടു്. കാരണം അദ്ദേഹം പറയുകയുണ്ടായി ഈ ബഡ്ജററു് തിരുവിതാംകൂർ-കൊച്ചിയിലുള്ള ജനങ്ങളോടുള്ള ഒരു വെല്ലുവിളിയാണെന്നു്. ആ വാക്കു അദ്ദേഹം വേണമെന്നു വിചാരിച്ചു ഉപയോഗിച്ചതല്ലെന്നു തോന്നുന്നു. ന്നത്തമാണെങ്കിൽ അവിടെയൊരു കലാശംചവിട്ടൽ കാണും. അങ്ങനെ അദ്ദേഹത്തിന്റെ പ്രസംഗത്തിനുള്ള ഒരു കലാശംചവിട്ടിലായിട്ടാണു ഈ വെല്ലുവിളിയെന്നുള്ളതു് അദ്ദേഹം ഉപയോഗിച്ചിരിക്കുന്നതു്. പാർലമെൻറിൽ നടന്ന പ്രസിഡൻറിന്റെ പ്രസംഗത്തെ സംബന്ധിച്ചുള്ള ചർച്ചാവേളയിൽ അവിടെയുള്ള യുണൈററഡ് ഫ്രണ്ടു് നേതാവു് "This is a challenge to India" എന്നു പ്രസ്താവിക്കയുണ്ടായി. അതു ശ്രീ. താമസ് ഇവിടെ ഉപയോഗിച്ചുവെന്നുമാത്രമേയുള്ളു. മാത്രമല്ല പോലീസിലേക്കുള്ള ചിലവു് വളരെ വർദ്ധിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ബഡ്ജററിൽ പോലീസ് ഡിപ്പാർട്ടുമെൻറിലേക്കു് പത്തുലക്ഷമൊ, പന്ത്രണ്ടുലക്ഷമൊ ഇക്കൊല്ലം കൂടുതലായി തുക കൊള്ളിച്ചിട്ടുണ്ടു്. അതു പോലീസ് ഡിപ്പാർട്ടുമെൻറിലേക്കു് ജീപ്പു വാങ്ങിയ്ക്കുവാനും അവിടത്തെ ഉദ്യോഗസ്ഥന്മാർക്കു് യൂണിഫാറം കൊടുക്കുവാനുംവേണ്ടി കൊള്ളിച്ചിട്ടുള്ള തുകയാണു്. കുറേക്കാലമായി അവർക്കു യൂണിഫാറം കൊടുക്കുന്ന കാര്യം അമാന്തത്തിലായിരുന്നു. സർ, അഥവാ കുറച്ചു തുക കൂടുതലായി പോലീസ് ഡിപ്പാർട്ടുമെൻറിലേക്കു് അനുവദിച്ചാൽതന്നെയും അതിൽ, ഒരു ദോഷവും ഉണ്ടെന്നു് ഗവൺമെൻറു് വിചാരിക്കുന്നില്ല.

Shri P. S. Nataraja Pillai: Is there not provision for increasing the personnel as well?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനുവേണ്ടി വളരെ കുറച്ചു തുകയേ കൊള്ളിച്ചിട്ടുള്ളു. ചില ഡിഷറികളിലും, ഔട്ടുപോസ്റ്റുകളിലും കൂടുതൽ പോലീസുകാരെ നിയമിക്കുവാനുള്ള പ്രൊവിഷനും അതിലുണ്ട്. ഇത്രയും തുക പോലീസ് ഡിപ്പാർട്ടുമെന്റിലേക്ക് കൊള്ളിച്ചിട്ടുള്ളതു് ഒരു പോരായ്മയായി ഞാൻ കരുതുന്നില്ല. ഇവിടെ പോലീസ് കൂടുതൽ ഉണ്ടെന്നും ഈ സ്റ്റേറ്റ് ഒരു പോലീസ് സ്റ്റേറ്റാണെന്നും ചിലർ ആക്ഷേപിക്കുകയുണ്ടായി. ഈ സ്റ്റേറ്റ് പരിപൂർണ്ണമായി 'പിതർ' ചെയ്യുന്നതുവരെ ഇവിടത്തെ പബ്ലിക്കിനു പോലീസു വേണം. അതിനുവേണ്ടി പണം ചിലവാക്കുന്നതിൽ യാതൊരക്രമവും ഞാൻ കാണുന്നില്ല.

സർ, എന്നാൽ ഇവിടത്തെ പോലീസ് ചിലവു് മററുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ചു് വളരെ കുറവാണെന്നു ഞാൻ ചില കണക്കുകൾകൊണ്ടു് തെളിയിക്കാം. 1950—51-ലെ കണക്കനുസരിച്ചു് ഈ സ്റ്റേറ്റിൽ ഒരാളിനു് ഒരു രൂപ വീതം ആണു് ചെലവാക്കുന്നതു്. മററുള്ള സ്റ്റേറ്റുകളിലെ കണക്ക ഇതാണു്.

		രൂ.	ണ.	സ.
ബോംബെ	ഒരാളിനു് (ജനസംഖ്യയനുസരിച്ചു്)	2	6	0
പെപ്സു	,,	2	4	0
വെസ്റ്റ് ബംഗാൾ	,,	2	4	0
ഹൈദരബാദ്	,,	2	0	0
ഈസ്റ്റ് പഞ്ചാബ്	,,	2	2	0
മദ്ധ്യഭാരത്	,,	2	0	0
രാജസ്ഥാൻ	,,	1	8	0
ആസാം	,,	1	2	0
മൈസൂർ	,,	1	2	0
ഉത്തരപ്രദേശ്	,,	1	1	0
ബീഹാർ	,,	1	0	0
തിരുവിതാംകൂർ-കൊച്ചി	,,	1	0	0

ശ്രീ. ടി. കെ. ദിവാകരൻ: അവിടെ പോലീസുകാർക്കുള്ള ശമ്പളം എന്താണെന്നു പറയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്റെ കണക്ക് എന്റെ കൈവശമില്ല.

ശ്രീ. എ. താണുപിള്ള: ഇതിൽനിന്നും ബഹുമാനപ്പെട്ട മന്ത്രി സമർത്ഥിക്കുന്നതു് അവിടെയൊക്കെ ചിലവു കൂടുതലാണെന്നോ, അതോ ഇവിടെ കുറവാണെന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനെപ്പററി പറയുവാൻ ഇപ്പോൾ സമയവും സൗകര്യവും ഇല്ല. ഇൻഡ്യയിൽ ആകപ്പാടെ നോക്കുന്നപക്ഷം പോലീസിനുവേണ്ടി ഇവിടെ കൂടുതൽ തുക ചിലവാക്കുന്നില്ലെന്നു കാണാമെന്നു മാത്രമേ ഞാൻ പറയുന്നുള്ളു. വിദ്യാഭ്യാസത്തിനും

നേഷൻ ബിൽഡിംഗ് സ്കീമുകൾക്കും മററുമായി ഇത്രയേറെ പണം ചിലവാക്കുന്നതു് നിങ്ങളുടെയൊക്കെ സാമർത്ഥ്യംകൊണ്ടാണോ എന്നു ബഹുമാനപ്പെട്ട തിരുവനന്തപുരം മെംബർ ചോദിക്കുകയുണ്ടായി. ഞാൻ അങ്ങനെ അവകാശപ്പെട്ടില്ല. എന്റെ മുൻഗാമികൾ എനിക്കു മുൻപു് ഈ സ്ഥാനത്തു വന്നപ്പോൾ അവർ ദിവാൻജിമാരായിരുന്നാലും, മററു മന്ത്രിമാരായിരുന്നാലും അവർ ചെയ്തിട്ടുള്ളതെല്ലാം കൊള്ളരുതായ്മയാണെന്നും, രാജദ്രോഹമാണെന്നും ആ പദ്ധതിയൊക്കെ ഞങ്ങൾ മാററിയിരിക്കുന്നു എന്നും ഞങ്ങൾ അഭിമാനിക്കുന്നുമില്ല. ആദ്യം ഇതു് ഒരു പോലീസ് സ്റ്റേററാണെന്നുള്ള ആക്ഷേപം പുറപ്പെടുവിക്കുന്നവർ ഈ ഗവണ്മെൻറ് ജനക്ഷേമത്തിനുവേണ്ടി ചെലവാക്കുന്ന തുകയുടെ ഒരു കണക്കു കൂടി അറിഞ്ഞിരിക്കുന്നതു് നന്നായിരിക്കും. വിദ്യാഭ്യാസത്തിനു് ജനസംഖ്യക്കണക്കനുസരിച്ചു് ആളൊന്നുക്കു് ൧൧ രൂപയും, സിവിൽവർക്സിനും ഇറിഗേഷനുംവേണ്ടി ൪·൫൯ രൂപയും, മെഡിക്കലിനും പബ്ളിക് ഹെൽത്തിനുംവേണ്ടി ൧.൩.൮ രൂപയും, ഭക്ഷ്യത്തിനുവേണ്ടി, ഈ സ്റ്റേററിൽനിന്നു ചിലവാക്കുന്നതും ഇൻഡ്യാ ഗവണ്മെൻറിൽനിന്നു സബ്സിഡിയായി തരുന്നതുൾപ്പെടെ കണക്കാക്കുന്നപക്ഷം ജനസംഖ്യയനുസരിച്ചു് ആളൊന്നുക്കു ൮.൭൦ രൂപയും ഈ ഗവണ്മെൻറ് ചിലവാക്കുന്നുണ്ടെന്നു കാണാൻ സാധിക്കും.

ശ്രീ. എ. താണുപിള്ള: ജനങ്ങളിൽനിന്നും ഈടാക്കുന്നതിന്റെ കണക്കു് ബഹുമാനപ്പെട്ട മന്ത്രിയുടെ കൈവശമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു് എനിക്കു പറയുവാനുള്ള ഉത്തരം ഇതാണു്. ഈ തുകയൊന്നും എന്റെ കയ്യിൽനിന്നും എടുത്തു ചിലവാക്കുന്നതല്ല. ജനങ്ങളിൽനിന്നും നികുതി പിരിച്ചു് ലഭിക്കുന്ന തുകയിൽനിന്നുമാണു് ഇതൊക്കെ ചിലവാക്കുന്നതു്. അങ്ങനെ നികുതി പിരിക്കുന്നതു് തെററുമല്ല.

ശ്രീ. എ. താണുപിള്ള: അങ്ങനെ ഉദ്ദേശിച്ചല്ല ഞാൻ ചോദിച്ചതു്. ചിലവാക്കുന്നതിനെപ്പററി പറഞ്ഞപ്പോൾ അതുപോലെ ജനങ്ങളിൽനിന്നും പിരിക്കുന്നുണ്ടെന്നുംകൂടി അറിയണം എന്നു കരുതിയാണു്. രണ്ടു വശവും ഓർമ്മിക്കണം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നികുതി കൂടുതലായി പിരിക്കരുതെന്നു എല്ലാവരും അഭിപ്രായപ്പെടുന്നുണ്ടു്. എന്നാൽ ചിലവു ചെയ്യുന്നതു് കൂടുതലാക്കുകയും വേണം. രണ്ടുംകൂടി സാദ്ധ്യമല്ല.

ബഡ്ജററു പ്രസംഗത്തിൽ ഈയാണ്ടിൽ കൂടുതൽ നികുതിയൊന്നും പിരിക്കുന്നില്ലെന്നു പ്രസ്താവിച്ചിരുന്നതിനെപ്പററിയും ചില ആക്ഷേപങ്ങൾ ഇവിടെയുണ്ടായി. ആ വാചകം ഉപയോഗിച്ചതു ഒരഭിമാനമായിട്ടു ഉപയോഗിച്ചതല്ല. ബഡ്ജററു ഫിഗേഴ്സു ഉണ്ടാക്കുന്ന അവസരത്തിൽ അടുത്ത ബഡ്ജററു വർഷത്തിൽ ഇന്നത്തെ നികുതി വർദ്ധിപ്പിക്കുവാനോ പുതിയനികുതി ചുമത്തുവാനോ ഗവണ്മെൻറു ഉദ്ദേശിക്കുന്നില്ല എന്നു പറഞ്ഞുവെന്നേയുള്ളു. അങ്ങനെ ഉദ്ദേശം ഇല്ലാതെ പുതിയ നികുതി പിരിക്കുന്നു എന്നു പറയണമോ? ആ ഒരു വാചകം ബഡ്ജററു പ്രസംഗത്തിൽ കണ്ടപ്പോൾ പ്രതിപക്ഷത്തു ചില അംഗങ്ങൾക്കു ഇത്രമാത്രം വെമ്പൽ ഉണ്ടായതു എന്തുകൊണ്ടാണെന്നു എനിക്കു മനസ്സിലാകുന്നില്ല.

[ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ]

പ്രതിപക്ഷത്തുള്ള ചില അംഗങ്ങൾക്ക ഗവണ്മെൻറ ഭാഗത്തുനിന്നും എന്തു പറഞ്ഞാലും കുററം പറയണമെന്നുള്ള വാസന അവശേഷിക്കുന്നുണ്ട്. കുറെയൊക്കെപോയി. സാവേജ് സർവൈവൽ എന്നൊരു അവസ്ഥാവിശേഷം ഉണ്ട്. ജന്തുശാസ്ത്രജ്ഞന്മാർ പറയുന്നതു പണ്ടുകാലത്തെ വളരെ ഉപയോഗത്തിലിരുന്ന ജന്തുക്കളുടെ ചില അവയവങ്ങൾ പിന്നീടു വളരെക്കാലം നിരുപയോഗമാക്കപ്പെട്ടാലും അവശിഷ്ടമായി ആ അവയവം കാണപ്പെടുമെന്നും, അതിൻെറ പ്രത്യേക സ്വഭാവം അതു വെളിവാക്കുമെന്നുമാണ്. അങ്ങനെ ആ അവയവം പിന്നെയും അവശേഷിക്കും. അങ്ങനെയുള്ള ഒരു അവയവമാണ് ഉദരത്തിലുള്ള അപ്പെൻഡിക്സ്. മുൻപു അതുകൊണ്ടു വളരെ ഉപയോഗമുണ്ടായിരുന്നു. ഇപ്പോൾ ഉപയോഗവുമില്ല. എങ്കിലും ആ അവയവം അവശേഷിച്ചുകിടക്കുകയാണ്. ആ നിലയിൽ നികുതി പിരിക്കുവാൻ ഗവണ്മെൻറ ഉദ്ദേശിക്കുന്നില്ല എന്നു പറയുന്നതുപോലും അപകടകരമായതും, ആക്ഷേപകരമായതും ആയ ഒരു പ്രസ്താവനയാണെന്നുവന്നാൽ ഞാൻ പിന്നെ എന്തു പ്രസ്താവിക്കാനാണ്? ഞങ്ങൾ പ്രതിപക്ഷത്തുനിന്നും ഉണ്ടാകുന്ന എത്ര വിമർശനങ്ങളേയും അഭിമുഖീകരിക്കുവാൻ തയ്യാറാണ്. പക്ഷെ നിരുപദ്രവകരങ്ങളായ ഇത്തരം പ്രസ്താവനകളെപ്പററി ഉണ്ടാകുന്ന വിമർശനങ്ങൾ തീർച്ചയായും ഉപദ്രവകരങ്ങൾതന്നെയാണ്. ഇതു ജനങ്ങളോടുള്ള ഒരു വെല്ലുവിളിയാണെന്നു പറയുന്നതിൽ യാതൊരർത്ഥവുമില്ല.

മദ്രാസിൽ ൧൨ ഔൺസറി റേഷൻ കൊടുക്കുന്നുണ്ടെന്നു ചിലർ പറഞ്ഞു. വാസ്തവത്തിൽ സ്റ്റാററ്യൂട്ടറി റേഷൻ തിരുവിതാംകൂർ-കൊച്ചിയിൽ മാത്രമേയുള്ളു. ഇവിടെ ൬ ഔൺസ് അരിയുണ്ട്. ഇതിനുംപുറമേ ൬ ഔൺസു ഗോതമ്പും ഉണ്ട്. ഇവിടെയുണ്ടാകുന്ന മരച്ചീനിയ്ക്കും പുറമേയാണിതു്. ൪,൨൫,൦൦൦ ടൺ അരി ലഭിച്ചപ്പോൾ ൬ ഔൺസു റേഷൻകൊടുത്തു. ആ നിലയ്ക്കു മൂന്നുലക്ഷം ടൺ കിട്ടുമ്പോൾ, എങ്ങനെ ആ കണക്കനുസരിച്ചു റേഷൻ കൊടുക്കുമെന്നു ഒരു മെംബർ ചോദിക്കുകയുണ്ടായി. അദ്ദേഹം ആ കണക്കു ഒന്നുകൂടി വായിച്ചുനോക്കേണ്ടതാണ്. ൪,൨൫,൦൦൦ ടൺ എന്നു പറഞ്ഞിരിക്കുന്നതു അരിയും ഗോതമ്പും കൂടിയാണ്.

സർ, പരിമിതമായ കഴിവുകൾവച്ചു് ഈ രാജ്യത്തെ ജനങ്ങൾക്കു നൽകുവാൻ സാദ്ധ്യമാകുന്ന എല്ലാവിധസൗകര്യങ്ങളും ഗുണങ്ങളും പ്രദാനം ചെയ്യുവാൻ കഴിയുന്ന ഒരു ബഡ്ജററാണു ഇവിടെ അവതരിപ്പിച്ചിട്ടുള്ളതെന്നു ഞാൻ വിശ്വസിക്കുന്നു. ബഹുമാനപ്പെട്ട ചില മെംബറന്മാർ ബഡ്ജററ പ്രസംഗത്തിൽ പറയാത്ത ചില കാര്യങ്ങളെക്കൂടി ഇവിടെ പറഞ്ഞു. അതിലൊന്നാണ് ലാൻറ റിഫാംസ് ആക്ടിൻെറ കാര്യം. അതിനെപ്പററി ബഡ്ജററ പ്രസംഗത്തിൽ പറയാതിരുന്നതു് പ്രസക്തമല്ലാതിരുന്നതുകൊണ്ടാണ്. ആ പ്രസംഗം ൧൫ മിനിട്ടുകൊണ്ടാണു വായിച്ചുതീർത്തു്. പല കാര്യങ്ങളെപ്പററിയും അതിൽ പറഞ്ഞിട്ടില്ല. ലാൻറ റിഫാംസ് ആക്ടിനെപ്പററി പറയാനുള്ളതെല്ലാം വേറെ സന്ദർഭത്തിൽ പറഞ്ഞിട്ടുണ്ട്. ഇനിയും വേണമെങ്കിൽ പറയാനുള്ള സന്ദർഭങ്ങളുണ്ടാകുകയും ചെയ്യും. അതിവിടെ പറയാതിരുന്നതു അതു കാൺഗ്രസ്സ് പാർട്ടിക്കോ, ഗവണ്മെൻറിനോ അസ്വീകാര്യമായതുകൊണ്ടല്ല.

സർ, ഞാൻ ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ള നിർമ്മാണാത്മകമായ വിമർശനങ്ങളെ സ്വീകരിക്കുന്നു. എല്ലാററിനും ഞാൻ മറുപടി പറഞ്ഞില്ലെങ്കിൽ അതു സമയക്കുറവുകൊണ്ടുമാത്രമാണ്. നന്നാകണമെന്നുള്ള ഉദ്ദേശത്തോടുകൂടി ചെയ്തിട്ടുള്ള വിമർശനങ്ങൾ ആ നിലയിൽതന്നെ സ്വീകരിക്കുവാൻ ഞാൻ ഒരുക്കമാണ്. അങ്ങനെയുള്ള നിർദ്ദേശങ്ങൾ തന്നിട്ടുള്ള എല്ലാ ബഹുമാനപ്പെട്ട മെമ്പറന്മാരോടും ഞാൻ ഒന്നുകൂടി നന്ദിപറഞ്ഞുകൊണ്ടു വിരമിക്കുന്നു.

The Assembly adjourned at 4-55 P. M. to meet again at 11 A. M. on Monday, the 16th March 1953.

APPENDIX

[*Please see answer to Question No.* *367(1)]

Statement showing the steps taken for the resuscitation of the Coir industry on a co-operative basis.

പദ്ധതിപ്രകാരമുള്ളതിൽ രണ്ടു തൊണ്ടുവ്യവസായ സഹകരണസംഘങ്ങളും ൨൮ പ്രാഥമിക കയർ സഹകരണസംഘങ്ങളും ഒരു കേന്ദ്ര കയർ മാർക്കറ്റിംഗ് സഹകരണസംഘവും ഇപ്പോൾ പ്രവർത്തനം നടത്തുന്നുണ്ട്. മറേറ കേന്ദ്ര സഹകരണസംഘം രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ആറു തൊണ്ടു വ്യവസായ സംഘങ്ങളും ൧൫ പ്രാഥമിക സംഘങ്ങളുംകൂടി സംഘടിപ്പിക്കുകയും അവയെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. വേറെ ഏതാനും തൊണ്ടുവ്യവസായസംഘങ്ങളും രണ്ടു പ്രാഥമികസംഘങ്ങളുംകൂടി സംഘടിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇപ്പോഴുള്ള സംഘങ്ങൾക്കെല്ലാംകൂടി ൧൯൫൩ ജനവരി അവസാനംവരെ ൩൫൮൩ മെമ്പറന്മാരും, ൨൭൫൫൧ ഓഹരിയും ൯൦൧൭൦ രൂപ ഓഹരി മൂലധനവും ഉണ്ടായിട്ടുണ്ട്. ൨൧ പ്രാഥമിക സംഘങ്ങൾക്ക് ആദ്യവർഷ ഗ്രാൻറായി ൨൦൦൦ രൂപാ വീതം ൪൨൦൦൦ രൂപാ ഗ്രാൻറ കൊടുത്തിട്ടുണ്ട്. കൂടാതെ തന്നാണ്ടത്തെ ബഡ്ജറ്റിൽ കൊള്ളിച്ചിട്ടുള്ള ൬൮൫൦൦ രൂപ പ്രാഥമിക സംഘങ്ങൾക്കും രജിസ്റ്റർ ചെയ്ത കേന്ദ്രസംഘത്തിനുമായി പദ്ധതിപ്രകാരം വീതിച്ചുകൊടുക്കാൻ ഉത്തരവയച്ചുകഴിഞ്ഞു. മട്ടാഞ്ചേരിയിലുള്ള കേന്ദ്രസംഘത്തിന് ഗവണ്മെൻറിൽനിന്നും മാസംതോറും ൬൪൮ രൂപാ ൩ അണ ഗ്രാൻറ് ഇപ്പോൾ കൊടുത്തുവരികയാണ്. ഈ ഗവണ്മെൻറിൻെറ നിരന്തരമായ നിവേദനങ്ങളുടെയും എഴുത്തുകുത്തുകളുടെയും ഫലമായി പദ്ധതിയെ ഇൻഡ്യൻ പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംഘങ്ങൾക്ക് വായ്പ കൊടുക്കുന്നതു് ഏതു കർറിൽ വേണമെന്നതു് ഇൻഡ്യാ ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണ്. ഇതു് നിശ്ചയിച്ചു കഴിഞ്ഞാൽ വായ്പയും നൽകുന്നതാണ്. പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുവേണ്ടി ഉദ്ദേശിച്ചു പുറപ്പെടുവിച്ചിട്ടുള്ള തിരുവിതാംകൂർ-കൊച്ചി തൊണ്ടു നിയന്ത്രണ ഉത്തരവും കയർ റാട്ടു ലൈസൻസിംഗ് ഉത്തരവും അനുസരിച്ച് ൨൩൫ പേർക്ക് തൊണ്ടുകച്ചവടം ചെയ്യാൻ ലൈസൻസു കൊടുക്കുകയും ൩൨൯൦ കയർറാട്ടുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തു മൂന്നോ അതിൽകൂടുതലോ രജിസ്റ്റർ ചെയ്ത കയർറാട്ടുകൾ ഉള്ളവർക്കു ലൈസൻസ് കൊടുക്കുന്ന ജോലിയും ആരംഭിച്ചിട്ടുണ്ട്. പൊതുവേ പദ്ധതിയുടെ പ്രവർത്തനം ആശാവഹമായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

കയറും കയറുൽപ്പന്നങ്ങളും വിദേശവിപണികളിൽ കൂടുതലായി ചെലവാകാൻ വേണ്ട നടപടികൾ കൈക്കൊള്ളണമെന്നു കേന്ദ്രഗവണ്മെൻറിനോട് ആവശ്യപ്പെടുകയും അവർ വിദേശ രാജ്യങ്ങളിലെ ഇൻഡ്യൻ ട്രേയിഡ് റെപ്രസൻേററീവ്സ് മുഖേന വേണ്ടതു ചെയ്യുകയും അതു നിമിത്തം കയറിനും കയറുൽപ്പന്നങ്ങൾക്കും വിദേശ രാജ്യങ്ങളിൽ ഇപ്പോൾ കൂടുതലായി ആവശ്യമുണ്ടായിക്കൊണ്ടിരിക്കുകയുമാണ്. കൂടാതെ ഇററലി, ഫിൻലൻഡ്, നോർവേ, ആസ്ട്രിയ, ജർമ്മനി, ബർമ്മ, ഹംഗറി, മുതലായ വിദേശീയ രാജ്യങ്ങളുമായുള്ള വാണിജ്യഉടമ്പടികളിൽ കയറും കയറുൽപ്പന്നങ്ങളുംകൂടി ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അടുത്തു നടക്കാൻപോകുന്ന കനേഡിയൻ ഇൻറർനാഷനൽഫെയർ മുഖേന ഇവയ്ക്കു് വിദേശ രാജ്യങ്ങളിൽ കൂടുതൽ പ്രചരണം നൽകാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരികയാണ്.

acc: 51587
Proceedings of Travancore Cochin Legislative Assembly
vol: 8 yea: 1953

p569 Mar 5, 1953-Questions and Answers
p612 Mar 5, 1953-Travancore Cochin Appropriation Bill 1953-Legislative Business
p614 Mar 5, 1953-Travancore Cochin Public Service Commission Regulations 1952-Legislative Business
p625 Mar 5, 1953-Travancore Cochin Medical Practitioners Bill-Legislative Business
p639 Mar 5, 1953-Travancore Cochin His Highness the Maharaja's Ayurveda College-Legislative Business
p669 Mar 6, 1953-Questions and Answers
p715 Mar 6, 1953-Ex-state Employees of Income Tax Department-Adjournment Motion
p716 Mar 6, 1953-Message from His Highness the Rajpramukh
p717 Mar 6, 1953-Matters of General Public Interest-Resolutions-Legislative Business
p718 Mar 6, 1953-Communal Organisation-Resolutions-Legislative Business
p756 Appendix
p761 Mar 7, 1953-Questions and Answers
p808 Appendix
p811 Mar 9, 1953-Questions and Answers
p841 Mar 9, 1953-Unstarred Questions
p846 Mar 9, 1953-Holdings Bill-Legislative Business
p846 Mar 9, 1953-Travancore Cochin Medical Practitioners Bill-Legislative Business
p849 Mar 9, 1953-Municipal Bill-Legislative Business
p852 Mar 9, 1953-Travancore Cochin Nurses and Midwives Bill-Legislative Business
p864 Mar 9, 1953-Aid to Industries-Legislative Business
p865 Mar 9, 1953-Five Year Plan-Legislative Business
p869 Mar 9, 1953-Finance Commission-Legislative Business
p873 Mar 9, 1953-Budget Estimates-Legislative Business
p875 Mar 9, 1953-Advancement of Backward Communities-Legislative Business
p877 Mar 9, 1953-Ways and Means Position-Legislative Business
p879 Mar 9, 1953-Budget Discussion-Legislative Business
p881 Appendix
p891 Mar 12, 1953-Quesions and Answers
p931 Mar 12, 1953-Unstarred Questions
p939 Mar 12, 1953-General Discussion of the Budget 1953-54-Legislative Business
p939 Mar 12, 1953-Rise in the Price of Tapioca-Adjournment Motion
p993 Mar 13, 1953-Questions and Answers
p1031 Mar 13, 1953-General Discussion of the Budget-Legislative Business
p1078 Appendix
p1083 Mar 14, 1953-Questions and Answers
p1117 Mar 14, 1953-General Discussion of the Budget-Legislative Business
p1180 Appendix